# മംഗളോദയം.

## ൧൦൯൩

പുസ്തകം ൰ | വൃശ്ചികമാസം | ലക്കം ൧

# വിഷയാനുക്രമണിക.


൧ അക്കവൂർ ചാത്തൻ ൨൫൬

൨ അന്യം നിന്നു ൨൬൭
പി. എസ്സ്. എൻ.

൩ അഭിജ്ഞാനശാകുന്തളം (പരിഷ്കരിച്ച പതിപ്പ്) ൩൬൨

൪ അയനാചലനം ൧൮,൪൮
കെ. വി.

൫ ആദിദർശനം ൨൩൭
എം. എൻ. എൻ.

൬ ആരോഗ്യം—മനഃശുദ്ധി ൩൨൯
കുന്നത്തു ജനാർദ്ദനമേനോൻ.

൭ ഇൻസ്പെക്ടർ ഗോപാലമേനോൻ ൧൬൫
ആർ. പി.

൮ ഇരട്ടപെറ്റ കുട്ടികൾ ൧൨൯
മിസ്സ്. എ. എൻ. പി.

൯ ഉപനിഷത്തുകളുടെ ഉൽപത്തി ൨൧൯
വള്ളിയിൽ കൃഷ്ണമേനോൻ ബി. എ. എൽ, ടി.

൧൦ ഐശ്ചര്യസംഭവം ൧൮൬
കെ. ചപ്പാത്തു നാരായണനമ്പി.

൧൧ ഒരു കഥ ൨൬
എ. കെ. പി.

൧൨ കമ്പിത്തപാലും, രാജകീയരഹസ്യവും ൩൫൫

൧൩ കാമദഹനം ൧൩,൫൦,൯൯,൧൧൩

൧൪ കേരളീയഭാഷാശാകുന്തളം ൧൦൦,൧൧൯,൧൬൦
കെ. രാമകൃഷ്ണപിള്ള ബി. എ.

൧൫ കേളികെട്ട നമ്പൂതിരിമാർ ൪൨
കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

൧൬ കൊച്ചി വലിയ ശക്തൻതമ്പുരാൻ ൩൮൬
പി. കെ. നാരായണൻനമ്പീശൻ.

൧൭ ചരിത്രസാമഗ്രികൾ ൫൨,൧൦൮
കെ. എം.

൧൮ ചില നാട്ടുരാജാക്കന്മാർ ൧൫൫

൧൯ ചില ന്യായങ്ങൾ ൬൨

൨൦ ചില പുണ്യക്ഷേത്രങ്ങൾ ൧൬

൨൧ ജൈനസിദ്ധാന്തം (അനേകാന്തവാദം) ൧൧൬
കെ. വി. എം.

൨൨ ഞങ്ങളുടെ വായനശാല ൬൬, ൧൩൬,൨൦൨,൨൯൮,൩൩൧

൨൩ തത്ത്വാവബോധസമ്പത്തി ൮൬, ൧൨൩, ൧൫൮
എം. രാജരാജവർമ്മ തമ്പുരാൻ എം. എ. ബി. എൽ.

൨൪ ഇക്കിസ്ത്രീകളുടെ കാലക്ഷേപം ൩൧൧
വി. എം. എൻ.

൨൫ ധർമ്മവ്യാധൻ ൨൮൨
എ. എസ്സ്.

൨൬ നമ്പൂതിരിയോഗക്ഷേമസഭ ൩൩

൨൭ നാണയസാഹായികസംഘം ൧൩൯, ൧൭൭

൨൮ നാരായണാഷ്ടകം ൩൧൩
വള്ളത്തോൾ നാരായണമേനോൻ

൨൯ നാലാശ്രമങ്ങൾ ൨൭൮
കെ. വി. എം.

൩൦ പരിണാമം ൧൦൫
എ. കൃഷ്ണൻ എമ്പ്രാന്തിരി

൩൧ പലവക ൧൦൩,൩൬൫,൩൯൭

൩൨ പഴയ ഭാഷ ൧൭൨

൩൩ പുനർജ്ജന്മം ൩൭൪
എ. ബി.

൩൪ പ്രസ്താവന ൧

൩൫ ഫലസിദ്ധി ൨൩൨
ചെറുകന്നത്തു നീലകണ്ഠൻനമ്പൂതിരി

൩൬ ബാണയുദ്ധം ൧൫൦,൧൯൫,൨൨൧,൨൮൫

൩൭ ബൊംബായിലെ കമ്മിട്ടം ൨൮൮
ആർ. പി.

൩൮ ബ്രഹ്മരക്ഷസ്സ് ൨൪
കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ

൩൯ ഭാവന ൬൯
എ. കെ. പി

൪൦ ഭാഷാശാകുന്തളം ൨൬൯
കേരളവർമ്മാ സി. എസ്സ്. ഐ. വലിയ കോയിത്തമ്പുരാൻ

൪൧ മലയാളനിഘണ്ടു ൨൦൫,൨൪൨
കെ. എം.

൪൨ മലയാളഭാഷ ൩

൪൩ മഹാമഹോപാദ്ധ്യായന്മാർ ൭൩, ൧൨൪

൪൪ മാമലക്കൊററന്റെ പഴമ്പോര് ൩൧൪
എ. നാരായണപ്പൊതുവാൾ

൪൫ യുവജനം ൩൫
വി. കോമൻമേനോൻ

൪൬ യൂറോപ്പിന്റെ അകാലമരണം ൨൪൬
കെ. സി. വീരരായൻ രാജാ

൪൭ യോഗശാസ്ത്രം ൩൩൫

൪൮ യോഗിയാതിരിപ്പാട് ൫

൪൯ രസകരമായ ഒരു മതവിശ്വാസം ൧൯൮
ജെ. പി. എം

൫൦ രൂപാവലി ൩൮൪
ടി. സി. പരമേശ്വരൻ മൂസ്സത്

൫൧ രോഗകാരണങ്ങളായ ജീവികൾ ൩൫൧
എ. രാമപ്പൊതുവാൾ ബി. എ. എൽ. എം. എസ്സ്

൫൨ ലക്ഷണശാസ്ത്രം ൧൪൪
മ. ര.

൫൩ ലണ്ടൻ പട്ടണത്തിന്റെ ദാഹനിവൃത്തി ൧൮൧
ആർ. പി.

൫൪ ലോകഗതി ൩൮൮
എ. രാമപ്പൊതുവാൾ ബി. എ. എൽ, എം. എസ്സ്.

൫൫ ലോകരഹസ്യം ൭
കെ. കുഞ്ഞുണ്ണിനായർ ബി. എ, ബി. എൽ.

൫൬ വട്ടത്തലെ നായർ ൩൪൯
കണ്ണൂർ നാരായണമേനോൻ ബി. എ.

൫൭ വിദ്യുത്സംഭാവനാബിൽ ൯൭
ചെറുകന്നത്ത് നീലകണ്ഠൻ നമ്പൂതിരി

൫൮ വിശ്വനാഥനായകൻ ൩൫൭,൩൯൨
കെ. കുഞ്ഞുണ്ണിനായർ ബി. എ, ബി. എൽ.

൫൯ വെള്ള ൩൦൬,൩൪൧,൩൫
കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

൬൦ ശകാരം ൨൧൨
കാവിൽ അവിഞ്ഞിക്കാട്ട് മഹദാസൻ ഭട്ടതിരിപ്പാട്

൬൧ ശനി ൩൨൫

൬൨ ശബ്ദാർത്ഥസംബന്ധം ൩൦൧

൬൩ ശോകശൈലം ൭
കെ. സി. വീരരായൻ രാജാ

൬൪ സമാജപാല ൨൯൧
അമ്പലപ്പുഴ മഹാദേവശർമ്മാ

൬൫ സസ്യവർഗ്ഗങ്ങളുടെ ബുദ്ധിശക്തി ൨൧൫

൬൬ സുദർശനം ൨൨൪
കെ. ഗോവിന്ദമേനോൻ

൬൭ സുന്ദരി ൮൮
വി. എം. എൻ

൬൮ ഹിന്ദുക്കളുടെ സത്യനിഷ്ഠ ൩൪൭
കെ. എൻ

൬൯ ഹിന്ദുമതത്തിന്റെ ആധുനികാവസ്ഥ ൧൯,൬൦
ശിരവള്ളി വി. നാരായണൻ നമ്പൂതിരി

൭൦ റബ്ബർകൃഷി ൩൬൯

## संस्कृतलेखनविषयाः ।

१ आङ्गलेयानां लौकिकाचारः १७

२ ऋग्वेदप्राथम्यम् २०३

३ गुरुवायुपुरेशाष्टकम् ४००

४ गुरुवायुपुरेशभुजङ्गस्तोत्रम् ६७

५ ग्रन्थनिरूपणम् २९८

६ तप्तमुद्राधारणम् १०४

७ बौद्धवस्तुवादः ३३२

८ भावैकीकरणम् ३९८

९ मङ्गलपत्रार्पणम् ३४

१० रसिकरत्नम् २३५

११ विद्वच्छिरोमणिविरुदे ३६६

१२ सामवेदप्राथम्यम् १३७

१३ सौत्रान्तिकमतम् २९९

# മംഗളോദയം.

## ൧൦൮൩

പുസ്തകം ൨ | വൃശ്ചികമാസം | ലക്കം ൧


### മംഗളം.

പൃത്ഥുവിനിന്നാപുരുഹൂതപുരാംഗനാനാം
കോൽത്തേനടപ്പിറവികോലിനപാട്ടുകേട്ട്
കാൽത്താളരമ്യരുചികാളിയമൂർദ്ധരംഗേ
കൂത്താട്ടമായർകുലദൈവതമാശ്രയാമഃ.

ലീലാതിലകം.

# പ്രസ്താവന.

ഇളകിക്കിടക്കുന്ന പൂഴി പറപ്പിക്കുവാൻ ഒരു മന്ദമാരുതനുണ്ടെങ്കിൽ മതി. കൂടിക്കിടക്കുന്ന കുന്നു കൊടുങ്കാററുകൊണ്ടും കുലുങ്ങുന്നതല്ല. ഒററപ്പെട്ടാൽ സമുദായമില്ല; ജാതിയുമില്ല. തമ്മിൽ തമ്മിൽ ഇണക്കമില്ലെങ്കിൽ ലോകവുമില്ല. തുച്ഛങ്ങളായ തേനീച്ചകളുടെ പ്രയത്നത്തിന്റെ ഫലമാണ് നാം അനുഭവിക്കുന്ന തേൻ. ഭഗീരഥൻ ഒരു ദിവസം കൊണ്ടല്ല ആകാശഗംഗയെ ഭൂതലത്തിൽ കൊണ്ടുവന്നിട്ടുള്ളത്. യോഗബലം, ഉത്സാഹശക്തി, സ്ഥിരപ്രയത്നം ഇവയുടെ യോഗമാണ് വിജയത്തിന്റെ ബീജം. ഈ തത്വം അറിയാതെ യാ അറിഞ്ഞുകൊണ്ടല്ലെങ്കിലും അനുഷ്ഠാതെയോ ചെയ്യുന്ന ഉദ്യമങ്ങൾ ഫലങ്ങളായിത്തീരുന്നതല്ല.

പ്രയത്നങ്ങൾ തന്നെ ഉദ്ദേശത്തിന്റെ വ്യത്യാസംപോലെ പല വിധത്തിലുമുണ്ട്— സ്വാർത്ഥം, സ്വാർത്ഥപാരാർത്ഥം, പരാർത്ഥസ്വാർത്ഥം, പരാർത്ഥം. ഇതിൽ ഒന്നാമത്തേതു നികൃഷ്ടവും സുലഭവും നാലാമത്തേത് ഉൽകൃഷ്ടവും ദുർല്ലഭവുമാകുന്നു. സ്വാർത്ഥത്തെ മുൻനിർത്തി പരാർത്ഥമായി യത്നിക്കുന്നവരുടെ ആകത്തുക അവരെക്കൊണ്ടുണ്ടാകാവുന്ന ഉപകാരത്തിന്റെ ശക്തിയിൽ കവിഞ്ഞതാണ് നില്ക്കുന്നത്. പരാർത്ഥം പ്രധാനമാക്കി പ്രയത്നിച്ച സ്വാർത്ഥവും കൂടി കരസ്ഥമാക്കുന്നവനെയാണ് ലോകത്തിൽ ഗുണവാൻ എന്ന പേരിന്ന് അർഹനായി ഗണിച്ചു പോരുന്നത്. സാധാരണ ലോകത്തിൽ സകല ഗുണങ്ങളും തികഞ്ഞിട്ട് ഏതെങ്കിലും ഒന്നുണ്ടെങ്കിൽ അതു ഇതുവരെ

പ്രത്യക്ഷപ്പെട്ടു കഴിഞ്ഞിട്ടില്ല. പ്രാണനെ ഉപേക്ഷിച്ചു പാമ്പിനെ രക്ഷിച്ച ജീമൂതവാഹനനെ നാടകത്തിൽ കേട്ടിട്ടുള്ളതല്ലാതെ നാട്ടകത്തിൽ കണ്ടിട്ടില്ല. കാഷായവസ്ത്രം ധരിച്ചു മോഷണം ചെയ്യുന്ന വകക്കാരെ കാട്ടിൽ കടന്നാലും കണ്ടു കിട്ടുന്നതാണ്. യശസ്സിൻേറയോ മററു വല്ലതിൻേറയോ ലാഭത്തിലുള്ള ലോഭമാത്രംകൊണ്ട്, അന്യന് ഉപകാരമായേയ്ക്കാമെന്ന നിലയിൽ നൊറിച്ചളിച്ചു ധനവ്യയം ചെയ്യുന്ന കൂട്ടരാണ് ചേതമില്ലാത്ത ഉപകാരം ചെയ്തു ധാടികൊണ്ടു ധർമ്മിഷ്ഠന്മാരായിത്തീരുന്നത്. അന്നം കൊടുത്തു പുണ്യം സമ്പാദിയ്ക്കുന്ന സജ്ജനങ്ങൾക്ക് അറിയാതെകണ്ട് ഒരാദായമുണ്ടാകുന്നതുകൊണ്ട് അവരുടെ ഗുണത്തിൽ കൂടുതലല്ലാതെ കുറവൊന്നും വരുന്നതല്ല. എല്ലാ കച്ചവടവും കച്ചകപടമായിക്കൊള്ളേണമെന്നില്ല. സദുദ്ദേശത്തോടു കൂടി തുടങ്ങുന്ന അപ്രകാരമുള്ള ഒരേപ്പാട് ജനങ്ങൾക്ക് ഉപകാരത്തെ ചെയ്തുകൊണ്ടു വല്ല ആദായവും അനുഭവിയ്ക്കുന്നുണ്ടെങ്കിൽ അതും ധർമ്മവിഷയത്തിലേയ്ക്കു ധനശേഖരം ചെയ്യുന്ന കൂട്ടത്തിലായിരിയ്ക്കും. ഈ വാസ്തവം മനസ്സിൽ കരുതി, മലയാളഭാഷാഭിവൃദ്ധിയേയും മലയാളികളായ സംസ്കൃതപണ്ഡിതന്മാരുടെ നഷ്ടപ്രായമായി കിടക്കുന്ന വൈദുഷ്യഫലത്തിൻെറ പ്രതിഷ്ഠയേയും പുരസ്കരിച്ചുകൊണ്ടു കേരളത്തിൽ കേളികേട്ട 'കേരളകല്പദ്രുമ'മുദ്രാലയം കയ്യേററു നടത്തിവരുന്ന 'മംഗളോദയം' കമ്പനി 'മംഗളോദയ'മാസികയുടെ കൈകാര്യകർത്തൃത്വം വഹിച്ചിരിയ്ക്കുന്ന ഈ അവസരത്തിൽ ഒരു മാസികയുടെ ശ്രേയസ്സിനും ശാശ്വതപ്രചാരത്തിനും വേണ്ടുന്ന സാമഗ്രികൾ, ഒന്നൊഴികെ മററു സകലതും തികഞ്ഞിട്ടുണ്ട്. ഈ സാമഗ്രികളെല്ലാം പത്രപ്രവർത്തകന്മാർക്കു സ്വാധീനവുമാകുന്നു. എന്നാൽ ലേഖകന്മാരുടെ സഹായത്തോടു കൂടാത്ത മാസിക പ്രണവത്തോടു കൂടാത്ത മന്ത്രോച്ചാരണംപോലെ എറെക്കുറെ നിഷ്ഫലമായിത്തീരുകയേ ഉള്ളൂ. മുട്ടു ശാന്തി നിവൃത്തിപ്പാനുള്ള ലേഖനങ്ങൾ നിറഞ്ഞ മാസികകൊണ്ടുള്ള ഫലപ്രാപ്തിയും അധികാരിഭേദംപോലെ ഭേദപ്പെടുന്നതാണ്.

ആൾഭേദം കൂടാതെ അഭിരുചി ജനിപ്പിയ്ക്കത്തക്ക വിഷയങ്ങൾ നിറഞ്ഞ ഒരു മാസിക, എന്നെന്നേയ്ക്കും നിലനിൽക്കേണമെങ്കിൽ ലേഖകന്മാർക്ക് അടിമപ്പെടാതെ യാതൊരു നിവൃത്തിയും കാണുന്നില്ല. എടുക്കുന്ന വേല ഉപജീവനമാർഗ്ഗമായാലേ അതൊരു തൊഴിലായിത്തീരുകയുള്ളൂ. തൊഴിലായിത്തീർന്നാലേ വൃത്തിയും വെടിപ്പും വേലയ്ക്കു വരികയുമുള്ളൂ. മലയാളമാസികകളിലേയ്ക്കും പത്രങ്ങളിലേയ്ക്കും ഗദ്യപദ്യങ്ങൾ എഴുതുന്നതു മററുള്ള തൊഴിലുകളെപ്പോലെ ഒരു നല്ല തൊഴിലായി വരുന്നതുവരെ ലേഖനങ്ങളുടെ വറുതിയ്ക്കൊരു പൊറുതിയും ഉണ്ടാകുന്നതല്ല.

'മംഗളോദയം'കമ്പനി, മലയാളത്തിൽ ഉത്തമമായ ഒരു മാസിക നടത്തി നല്ല പേർ സമ്പാദിയ്ക്കേണമെന്നല്ലാതെ മാസികാപ്രവർത്തനത്തിൽനിന്ന് ഒരാദായവും ഇച്ഛിയ്ക്കുന്നില്ല. മാസികയുടെ ഈ മൂന്നാമത്തെ വയസ്സിൽ അതിൻെറ ഉടുപ്പും നടപ്പും നന്നാക്കുവാൻ ചെയ്യുന്ന ചിലവുകളിൽ ഒന്നാമതായി ഗണിച്ചിട്ടുള്ളത് ഉത്തമങ്ങളായ ലേഖനങ്ങൾക്കു പ്രതിഫലം നിശ്ചയിയ്ക്കുകയാണ്. വിഷയത്തിനു വെടിപ്പും അർത്ഥത്തിനു തികവും വാചകത്തിനു വടിവും കൂടിയിണങ്ങിട്ടുള്ള ലേഖനങ്ങൾക്കു തക്കതായ സംഭാവന ലേഖനങ്ങളുടെ അവസ്ഥയറിഞ്ഞു കൊടുക്കുന്നതാകുന്നു. അതുകൊണ്ടു വരുവാൻപോകുന്ന ഫലം കാലഗതിയു ഗബലവും അനുസരിച്ചിരിയ്ക്കട്ടെ.

# മലയാളഭാഷ.



അടുത്ത ചില കാലങ്ങളായിട്ട മലയാളഭാഷയ്ക്കു പല മാററങ്ങളും അതിവേഗത്തിൽ തുടരെത്തുടരെ വരുന്നുണ്ടെന്നു ഭാഷാഭിമാനികൾക്കു പരക്കെ അറിയാവുന്നതാണ്. എന്നാൽ ഇപ്പോഴം അഭിവൃദ്ധി എന്നു വിചാരിച്ചു വരുന്നതു മുഴുവനും വാസ്തവത്തിൽ അഭിവൃദ്ധിയാണോ എന്നും ന്യൂനതകൾ എന്നു വെച്ചു തള്ളിക്കളയുന്നതു മുഴുവനും ന്യൂനതകളാണോ എന്നും പരിഷ്കരണമാർഗ്ഗങ്ങൾ വല്ലതും കാട്ടകെട്ടിക്കിടക്കുന്നുണ്ടോ എന്നും ഈ ഭാഷാപോഷണത്തിരക്കിൽ കക്ഷി പിടിയ്ക്കാതെ ക്ഷമയോട കൂടി ആലോചിച്ചു നോക്കുന്നവർ വളരെ ആളുകൾ ഉണ്ടാകുമോ ആവോ. ഭാഷാവിഷയത്തിലെന്നു മാത്രമല്ല എല്ലാ വിഷയത്തിലും ബഹളത്തിൽ നിന്നു് ഒഴിഞ്ഞു നിർബ്ബാധമായി ആലോചിച്ചു് അഭിപ്രായങ്ങളെ അറിഞ്ഞു പുറപ്പെടവിയ്ക്കുന്നവരാണു് ശാശ്വതമായ ഗുണം ചെയ്തു കാണുന്നത്. പരിഷ്കാരബീജങ്ങളും അവരിൽ നിന്നാണ് പുറപ്പെടുന്നത്. ആ വക അഭിപ്രായങ്ങളേ കാലാന്തരത്തിൽ നിലനില്ക്കുകയുമുള്ളു.

മലയാളഭാഷയിൽ വാചകരീതികൾ ദിനംപ്രതി മാറിക്കൊണ്ടാണിരിയ്ക്കുന്നത്. പല പുതിയ വാക്കുകളും ഭാഷയിൽ കടന്നുകൂടുന്നുണ്ട്. കടത്തിക്കൂട്ടുന്നതുമുണ്ട്. ഭാഷയ്ക്കു വരുന്ന ഈ മാററങ്ങൾ മിക്കതും ഇംഗ്ലീഷുഭാഷാപരിജ്ഞാനമുള്ള ഭാഷാഭിമാനികളിൽനിന്നാണെന്നു വളരെ സംശയമില്ലാത്ത ഒരു സംഗതിയുമാണ്. ഇതിൽ പച്ചമലയാളികൾ പങ്കു കൊള്ളുന്നുണ്ടെന്നു പറവാൻ തരമില്ല. നഗരഭാഷ നാട്ടുഭാഷയായിത്തീരുന്നുവെങ്കിൽ അന്നു നാടു മുഴുവൻ നഗരമാകാതെ നിവൃത്തിയുമുള്ളതല്ല. അന്യദിക്കുകളിൽ നാട്ടുഭാഷയും നഗരഭാഷയും ഇണങ്ങിച്ചേൎന്നു നാട്ടുഭാഷയുടെ പരിണാമമായിട്ടാണ് കാലത്തിന്നനുസരിച്ച് ഒരു പരിഷ്കൃതഭാഷാസമ്പ്രദായം ഉണ്ടാകുന്നത്. എന്നാൽ മലയാളത്തിൽ ഇതിന്ന് ഒരു വ്യത്യാസം ഉണ്ട്. നഗരഭാഷ നാട്ടുഭാഷയുടെ പരിണാമമായിട്ടല്ല. മുക്കാലും ഇംഗ്ലീഷു ഭാഷയുടെ പകൎപ്പും സംസ്കൃതഭാഷയുടെ ചവൎപ്പും ആയിട്ടാണ് കണ്ടു വരുന്നത്. പുതിയ വാക്കുകളുടെ ആവിർഭാവവും അങ്ങിനെതന്നെ. ഈ പകൎപ്പുഭാഷ അസ്സൽഭാഷയെ മുഴുവനും വിഴുങ്ങുന്നതിന്നു മുമ്പായി ഇപ്പോഴം മലയാളഭാഷയ്ക്കു വരുന്ന മാററത്തിന്നൊരു മാററം ഉണ്ടായാൽ കൊള്ളാമെന്നു ഞങ്ങൾക്കു് ആഗ്രഹമുണ്ട്.

പഴയ മലയാളഭാഷയിൽ വാക്കിലും വാചകരീതിയിലും സ്വീകരിയ്ക്കാമെന്നു തോന്നുന്ന ഭാഗങ്ങൾ കൈക്കൊണ്ടതു കഴിച്ചു പോരാതെ വരുന്നതു കടം വാങ്ങുകയോ സൃഷ്ടിയ്ക്കുകയോ ചെയ്യുന്നത് അധികം നന്നായിരിയ്ക്കും. ഇതു തീൎച്ചപ്പെടുത്തുവാൻ വേണ്ട അറിവും പ്രയത്നിയ്ക്കുവാൻ വേണ്ട ക്ഷമയും ഇല്ലായ്കകൊണ്ടോ പരിഷ്കാരഭ്രമത്തിൽ അധികം മുങ്ങിപ്പോയതുകൊണ്ടോ വളരെ ആളുകൾ ഈ വിഷയത്തിൽ പ്രവേശിച്ചു കാണുന്നില്ല. അതു നിമിത്തം അനേകം പഴയ കവിതകളുടെ സ്വാരസ്യവും വാചകങ്ങളുടെ പുഷ്ടിയും കാണാതെ പോകുന്നുണ്ട്. വേലുത്തമ്പിദളവയുടെ വിളംബരത്തിന്റെ

ഊൎജ്ജിതം ഇക്കാലത്തു കണികാണ്മാൻപോലും ഇല്ല. കൃഷ്ണപ്പാട്ട്, ഉണ്ണുനീലിസന്ദേശം മുതലായവയുടെ സ്വാരസ്യം ആരും കാണാതായിത്തുടങ്ങി. ഈററില്ലവും മാറെറാലിയും പോയി ഗദ്ഗദവും പ്രതിബിംബശബ്ദവുമായിത്തുടങ്ങി. എന്നു മാത്രമല്ല ഈ വകയിൽ അഭിരുചിയും കൂടിത്തുടങ്ങി. അനേകം ഗുണങ്ങളും പല ദോഷങ്ങളും ഉള്ള പഴയ ഭാഷയെ ക്ഷമയോടു കൂടി ഒന്നു പരിശോധിച്ചു നോക്കുന്നതായാൽ ഇതിന്റെ വാസ്തവം എല്ലാവൎക്കും അറിവാൻ കഴിയുന്നതാണ്.

സാഹിത്യവിഷയത്തിൽ പ്രാചീനഭാഷാകവിതകളിൽ കണ്ടുവരുന്ന പ്രയോഗഭംഗികളും അൎത്ഥപുഷ്ടിയും സ്വാരസ്യവും നവീനകവിതകളിൽ ദുൎല്ലഭമാണെന്നു സഹൃദയന്മാർ പരക്കെ പറഞ്ഞുവരുന്നുണ്ട്. ഇതു വെറും പാഴ്വാക്കോ പേമൊഴിയോ അല്ലെന്ന് അന്നും ഇന്നും ഉള്ള കവിതകളിൽ കടന്നു ചുഴിഞ്ഞു നോക്കിയാൽ അറിയാവുന്നതാണ്. ആശയത്തെ ഏററക്കുറവു കൂടാതെ വെളിവാക്കുന്നതും സൂക്ഷ്മങ്ങളായ മനോവൃത്തിഭേദങ്ങളെ വേർതിരിച്ചു കാണിക്കുന്നതും സന്ദൎഭത്തിന്നു യോജിക്കുന്നതും ആയ ചില പദങ്ങളും പ്രത്യയങ്ങളും വേണ്ടേദിക്കിൽ വേണ്ടതുപോലെ പ്രയോഗിക്കുന്ന കാൎയ്യത്തിലുള്ള നിഷ്കൎഷ് അന്നും ഇന്നും വളരെ വ്യത്യാസം കാണുന്നുണ്ട്.

'കളിച്ചുകുന്തൽപുറയുംതുവൎത്തി-
ക്കുളൂർക്കെനോക്കിപ്പുനരെന്നുള്ളോരേ
ഒരുത്തിപോനാളധുനാമണന്മേ-
ലവൾക്കപോലങ്ങിനിയെങ്ങൾചേതഃ.'

നോട്ടം തട്ടുമ്പോൾ കോൾമയിർ കൊള്ളത്തക്കവിധത്തിലുള്ള ഈ സാകൂതാവലോകനത്തെ 'ഉള്ളിൽ തട്ടുന്ന മട്ടിൽ കടമിഴി കളിയാടിച്ചു മന്ദം നടന്നു' എന്നു കൺ കളിയാടി നടന്നോ 'സാഭിപ്രായം സ്മരാജ്ഞേക്ഷണസാസകടാക്ഷത്തിൽ വീക്ഷിച്ചിതെന്നോ' എന്നു കണ്ണിൽ കടാക്ഷിച്ചോ വൎണ്ണിക്കുന്നതായാൽ 'കുളൂർക്കെ നോക്കി'യാലത്തെ സുഖവിശേഷം കിട്ടുന്നതല്ല.

'മാരാഗ്നിജ്വാലദഗ്ധമദരസികരതാർ
വെച്ചു മന്ദം മരന്ദം
ചോരും വാചാ മരാത്മേശ്വര! മതി മതി സ-
ന്താപമെന്നാലപന്തീ
പൂരേ പൂരേ പുണൎന്നാമരത്തു മധുമണിവാ-
തന്നു പീയൂഷവാപീ-
പൂരേ മുക്കിത്തെളിച്ചാവളു വിവശതമേ
സാമ്പ്രതം പ്രേയസീസാ.'

ഇതിലുള്ള മാതിരി പ്രത്യയപ്രയോഗങ്ങൾ ഇപ്പോൾ കാണുന്നതേ ഇല്ല. 'ഇഷ്ടസ്ത്രൈത്തവിധം പുണൎന്നു സുഖമായ് മേളിച്ചു മേവീടുമോ' എന്നതുകൊണ്ട് ആ അൎത്ഥവും ആ രസവും ഉണ്ടാകുന്നതുമല്ല. 'മാൎവ്വാരെപ്പുണ്ടുകൊൾവൻ' എന്നു തുടങ്ങി വ്യാമഗ്രഹസമാശ്ലേഷാദിപദങ്ങൾക്കെതിരായി അൎത്ഥപുഷ്ടി വരുത്തുന്ന മലയാളപദങ്ങളും, ഇംഗ്ലീഷിൽ സൈന്യങ്ങളുടെ ഭക്ഷണത്തിന്നുള്ള കലവറസ്സാമാനം എന്നൎത്ഥത്തിലുള്ള 'മിലിറററി പ്രൊവിഷൻസ്' മുതലായ വാക്കുകൾക്കു തക്കതായി 'കൊററും കോളും' എന്നു തുടങ്ങിയുള്ള മററു പദങ്ങളും ഇക്കാലത്ത് ഏറെ നടപ്പില്ലാതായിത്തീൎന്നിരിക്കുന്നു.

വെൽവുതാക, വല്ലേൻ, പുണൎന്നുതാവൂ, കാണ്മനോ, താരാനോ, വാരായ്മോ മുതലായി പ്രാൎത്ഥന, ഉൽകടേച്ഛ തുടങ്ങിയ ഭാവവിശേഷങ്ങളെ കാണിക്കുന്ന ക്രിയാപദങ്ങളും, അല്ലീ, വല്ലീ, ആയോ മുതലായ സാഭിലാഷപ്രശ്നത്തിന്റെ രൂപഭേദങ്ങളും, ചെണ്ടാർ,[1] വെണ്ടാർ,[2] ചെന്നിക്കൊടി,[3] ഈററില്ലം, മാറെറാലി, പുടപുഴ

1 ബന്ധു. 2 ശത്രു. 3 ജയക്കൊടി.

ങ്ങം മുതലായ യൌഗികശബ്ദങ്ങളും, മറുവൽ,[4] കൊട[5] മുതലായ നാമവിശേഷങ്ങളും തള്ളിക്കളയുന്നതുകൊണ്ടല്ലേ കയ്യിലുള്ളതു കളഞ്ഞു കടം വാങ്ങേണ്ടിവരുന്നത്. പരിചൊട്, അഴകൊട്, വിരവൊട്, നലമൊട്, വടിവൊട്, തരമൊട്, തിറമൊട്, ചിതമൊട് ഈ വക സാർത്ഥകപദങ്ങൾ അസ്ഥാനത്തിലുപയോഗിച്ചു നിരർത്ഥകങ്ങളായിത്തീർന്നു പാദപൂരണത്തിന്നു മാത്രമായി ശേഷിച്ചിരിക്കുന്നു. ഈ സ്ഥാനഭ്രംശം നിമിത്തം ഒരു കാലത്തു നല്ല സ്ഥിതിയിൽ നല്ലവരോടു കൂടി സഹവാസം ചെയ്തു പ്രസിദ്ധി നേടിയ ഈ ജാതി പദങ്ങളെ ദുഷ്ടസംസർഗ്ഗംകൊണ്ടു ദോഷപ്പെടുകയാൽ മലയാളഭാഷാലോകത്തിൽ നിന്ന് ആട്ടിപ്പായിച്ചു തുടങ്ങിയിരിക്കുന്നു. ആർകണ്ടു വിധി ദുശ്ശീലം, കണ്ടവരാർ വിധി ദുശ്ശീലം; കണ്ടു സീതയെ, സീതയെക്കണ്ടു; പററി, പററിപ്പോയി; കണ്ടു, കണ്ടുമുട്ടി; ഇങ്ങിനെയുള്ള വാചകങ്ങളിലും വാക്കുകളിലും ഗൂഢങ്ങളായിക്കിടക്കുന്ന ഭാവഭേദങ്ങളെ സൂക്ഷ്മമായി ആലോചിക്കാതെ ഗദ്യങ്ങളും പദ്യങ്ങളും വാരിക്കോരിച്ചൊരിഞ്ഞു നാടൊക്കെ കലങ്ങിയിരിക്കുന്നു.

രസത്തിന്ന് അനുഗുണങ്ങളായ അലങ്കാരങ്ങളുടെ ശുദ്ധിയും സ്ഥാനത്തിന്നനുസരിച്ച വിന്യാസക്രമവും കല്പനാശക്തിയുടെ പുഷ്ടമയും സ്വാധീനവും ആധുനികകവിതകളിൽ അപൂർവ്വം ചിലതിൽ മാത്രമേ നിഷ്കർഷിച്ചുകാണുന്നുള്ളു.

'മമ്മാകാണായിൽപ്പോളൊരുപൊടിപടലീ
    ഭൂതലാൽപൊങ്ങിമേൽപ്പൊ-
ട്ടുല്ലാനംവ്യോമ്നിപാകിക്കിരണനികരമാ-
    വൃണ്വതീചണ്ഡഭാനോഃ
നിർമ്മായംവൈരിസേനാംഗ്രസിതുമരിയവാം-
    യുംപിളർന്നാത്തകോപം
വക്ത്രാടെത്തുംകൃതാന്തശ്വസിതനിവഹധൂ-
    മംപരക്കുന്നപോലെ.'

'നീർത്താനിവ്വുപലമിവതെളിഞ്ഞൊത്താമ്പൽ
    പോലേചിരിച്ചു.
നാത്താൻവണ്ടിൻകുലമിവവളർന്നാൻ
    പയോരാശിപോലേ
പീതംത്രപാവൃതമിളകിനാനേഷ
    ചേപ്പ്പോത്തുപോലേ
കൂറാന്താൻകാമീമദനനിവപോ-
    ന്നാഗതേവീരചന്ദ്രേ.'

ഇങ്ങിനെ യുദ്ധയാത്രയും സന്ദേശഹരദർശനവും അലങ്കരിക്കേണ്ടുന്ന ഘട്ടത്തെ—

അടിവഴിപടയാളിക്കൂട്ടർതട്ടിപ്പടത്തും
പൊടിനിരഗഗനത്തിൽതിങ്ങിവിങ്ങിപ്പരന്നു
ചൊട്ടികെട്ടമഴലേറ്റുംപാന്ഥനാരീജനത്തിൻ
കൊടിയവിരഹവഹ്നിസ്തോമധൂമംകണക്കെ.
മുന്നിൽകണ്ടൊരുനേരംവെയിലിലുരുകിട്ടും
    വെണ്ണപോലൊന്നലിഞ്ഞാൻ
പിന്നെപ്പാരംതെളിഞ്ഞാൻതരുണിമണിതുട-
    ച്ചോരുകണ്ണാടിപോലെ
എന്നല്ലാരാൽപിണംകണ്ടിളകിനകഴുവെ-
    പ്പോലെചാരത്തണഞ്ഞാ-
നൊന്നല്ലാസാൽചിരിച്ചാനഥകലികലരും
    കോമരംപോലെയാത്താൻ.

ഇങ്ങിനെ അണിയിച്ചാൽ അതിലുള്ള രസം ബഹുരസം തന്നെ.

രസഭാവങ്ങളെ അനുഭാവാദികളെക്കൊണ്ടു കണ്ടപോലെ അനുഭവപ്പെടുത്തുന്ന കാര്യത്തിൽ പണ്ടത്തെ കവികൾ സ്വീകരിച്ചിരുന്ന വഴി ഇക്കാലത്തുള്ള കവിലോകത്തിൽ മിക്കതും പുറംപോക്കായിട്ടാണ് കിടക്കുന്നത്,

'നീരാടമ്മേനിവസനമിടംചാർത്തുഭേവാച്ചനായം-
മെപ്പോഴുംനീകൃതമതിരമ്യംമുട്ടുമാറായിതല്ലോ
എന്നീവണ്ണംനിജപരിജനപ്രാർത്ഥനംകേട്ടു കാമാ-
ർക്കഴന്തീവാരഹസിവിരഹവ്യാകുലാവല്ലഭാമേ.'

എന്നു വർണ്ണിച്ചിട്ടുള്ള 'അരതി' എന്ന വിരഹിണീദശാവിശേഷത്തെ—

4 പുഞ്ചിരി, 5 ദാനം.

ചിന്നിപ്പാറേടചിതറിനമൃടിക്കെട്ടുപൊൻകുണ്ഡലച്ചാ-
ൎത്തന്ന്യഭസ്മക്കുറിയുമൊരുനന്മാലയുംചേന്നവേഷം
എന്നല്ലാററംവ്യസനനിലയുംപൂണ്ടുമോടിപ്പകിട്ടി-
ന്നൊന്നുംനോക്കാതവറ്റംചിലമനോരാജ്യമായിട്ടിരി
(പ്പൂം.

എന്നു വൎണ്ണിയ്ക്കുന്നതായാൽ ആ കവിയുടെ കവിതയിൽ മാത്രമേ സഹൃദയന്മാൎക്ക് അരതി അനുഭവപ്പെടുകയുള്ളു. വിരഹിണിയുടെ ദശയിലേയ്ക്ക് അതു തിരിഞ്ഞുനോക്കുന്നതേ ഇല്ല.

'മുള്ളുമുരട്ടുമൂൎക്കൻപാമ്പും കല്ലുകരടുകാഞ്ഞിരക്കുററിയും' ഇപ്പോഴുള്ള ആധാരങ്ങളിൽ കടന്നുകൂടേണ്ടുന്ന ആവശ്യമില്ലെങ്കിലും 'ആറം പോകും വഴിയും നീർ പോകും ചാലു'മായിട്ട് അതിരു തിരിയ്ക്കുന്നതിൻെറ ഭംഗി ഇന്നും കുറയേണമെന്നില്ല. 'അങ്കത്തട്ടി അങ്കമാടിക്കരയേറുമ്പോ'ളുണ്ടാകുന്ന ഉത്സാഹം തുടയിന്മേൽ തല്ലി യുദ്ധക്കളത്തിലേയ്ക്കു ചെല്ലുമ്പോൾ ഉണ്ടാകുന്നതല്ല. നീട്ടി വളച്ചു സംബന്ധമില്ലാതെ എഴുതുന്ന പഴയ ഭാഷ അങ്ങിനെതന്നെ പകൎത്തേണമെന്നല്ല ഞങ്ങൾ പറയുന്നത്. ആ വാചകത്തിൻെറ ജീവൻ കളയുന്നതു യുക്തമല്ലെന്നു മാത്രമേ ഇവിടെ അഭിപ്രായപ്പെടുന്നുള്ളു. ജോടി കപ്പിച്ചു ചില വാക്കുകളും തൂക്കം കപ്പിച്ചു ചില വാചകങ്ങളും സ്തോഭം പുറപ്പെടുവിയ്ക്കുന്ന ചില പൊടിക്കയ്യുകളും ഇപ്പോൾ ഉള്ള വാചകങ്ങളിൽ മുങ്ങിത്തപ്പിയാൽ കൂടി കണ്ടുകിട്ടുമോ എന്നു സംശയമാണ്. മലയാളഭാഷയുടെ മൎമ്മം നോക്കാതെ നിംബന്ധ മലത്തിവെച്ചു ഭാഷാന്തരപ്പെടുത്തിയാൽ ഇംഗ്ലീഷ് വാചകങ്ങളുടെ ജീവൻ ഒരു കാലത്തും സ്വയമേവ വരുന്നതല്ല. 'എം. ഒ. പാൎത്ഥസാരഥി അയ്യങ്കാരുടെ അഗ്രാസനത്തിൻെറ ചോട്ടിൽ ഒരു പ്ലേഗ് സഭ കൂട്ട'ന്നതു നല്ല ഭാഷയല്ല. 'അടക്കം ആചാരവും നീതിയും നിലയും കലഭേദവും മൎയ്യാദയും എല്ലിലും വീഥിയും തീണ്ടലും കളിയും കഴിവരഞ്ഞു നീർകോരുവാനും കലം വരഞ്ഞു വെച്ചുണ്മാനും അവരവൎക്ക് ഓരോ പ്രവൃത്തികളും ആചാരങ്ങളും ഭാഷകളും വേഷങ്ങളും അതാതു കലത്തിനു തക്കവണ്ണം കല്പിച്ചിരിപ്പു' എന്ന് ആചാൎയ്യസ്വാമികൾ വിധിച്ചിട്ടുള്ളതിന്നു വിരോധമായി ഭാഷകളും വേഷങ്ങളും, കാലവും കോലവും നോക്കാതെ അനാവശ്യമായി മാററി മറിച്ച് എഴുതുകൂട്ടുന്നതു വഴിപോലെ ആലോചിച്ചു വേണ്ട ഒരു സംഗതിയാണ്. 'നെടുങ്ങനാട്ടു പടനായരുമായി ഏററിടച്ചലുണ്ടായാൽ ഓങ്ങല്ലൂര മാടിന്മേൽ വില്ലു കുത്തി കേരളമൊട്ടുക്ക് അഞ്ചു കണ്ണ് ഉറപ്പിയ്ക്കണം' എന്ന് ഒരു ഗ്രന്ഥവരിയിൽ കാണുന്നുണ്ട്. ആ സ്ഥിതിയ്ക്കു നാട്ടുഭാഷയും നഗരഭാഷയും തമ്മിൽ ഏററിടച്ചലുണ്ടായാൽ ഒരു കണ്ണെങ്കിലും വേണ്ടെന്നുവരുമോ? വില്ലു കുത്തേണ്ടത് ഏതു മാടന്മേലാണെന്നു മാത്രമേ ആലോചിയ്ക്കേണ്ടതുള്ളു. കേരളഭാഷാലോകത്തിൽ കലാപം കൊഴുത്തുതുടങ്ങി. ഗദ്യപദ്യപ്രവാഹങ്ങൾ കലങ്ങിവശായി.

'മണ്ടന്തി, പടിബന്ധപേട്ട്യാ, കേഴന്തി' ഈ വക ചേരിപ്പിഴകളും തീൎത്ത്, 'സമയത്തെക്കൊന്നു, സഹായം കൊടുത്തു, ശ്രദ്ധയെത്തരിക, കണ്ണുകൊണ്ടു കുടിയ്ക്കുക' മുതലായ ശത്രുക്കളേയും അമൎത്തി, അങ്കവും ചുങ്കവും വിരുതും വാദ്യവും നാട്ടുകം നടപ്പാക്കി, ആഴിചൂഴുമൂഴിയിങ്കൽ കുമാരി ഗോകൎണ്ണപൎയ്യന്തം കേരളഭാഷാരാജ്ഞി കേടും പഴകളും പോക്കി പേരും പൊരുളും പുലൎത്തി അടിവാണുകൊള്ളട്ടെ.

# ശോകശൈലം

(ഇംഗ്ലീഷിൽ നിന്നെടുത്തത്)

'ഈ ലോകത്തിലുള്ള മനുഷ്യരുടെ സങ്കടങ്ങളെല്ലാം കൂടി ഒരുമിച്ചു കൂട്ടി പിന്നെ ശരാശരിക്കുത് അവരുടെ ഇടയിൽ തന്നെ വിഭജിച്ചുകൊടുക്കുന്നതായാൽ ഓരോരുത്തൎക്ക് മുമ്പുണ്ടായിരുന്നതിലധികമുണ്ടാകു'മെന്നാണ് സോക്രെട്ടിസ്സ് എന്നു പ്രസിദ്ധനായ ജ്ഞാനിയുടെ അഭിപ്രായം. ഇക്കാൎയ്യത്തിൽ ഹോറെസ്സ് എന്ന വിദ്വന്മണിയുടെ അഭിപ്രായവും ഇതു തന്നെയാണ്; എങ്കിലും ആയാൾ ഒരു പടവു കയറിട്ടാണ് നില്ക്കുന്നത്. 'നാം ഇപ്പോൾ നിവൃത്തിയില്ലാതെ അനേകം സങ്കടങ്ങളനുഭവിച്ചു വരുന്നുണ്ടെങ്കിലും ഒരുവന്റെ സ്ഥിതിയും മറെറാരുവന്റെ സ്ഥിതിയും തമ്മിൽ മാററം ചെയ്യുന്നതായാൽ ഇവൎക്ക് മുമ്പുണ്ടായിരുന്നതു തന്നെയാണ് തമ്മിൽ ഭേദമെന്നു രണ്ടാൾക്കും വേഗത്തിൽ ബോദ്ധ്യമാകും' എന്നാകുന്നു ആയാൾ പറയുന്നത്. ഈ രണ്ടഭിപ്രായങ്ങളേയുംപ്പററി ഓരോ മനോരാജ്യം വിചാരിച്ചുകൊണ്ട് ഒരു ദിവസം ഞാനെന്റെ കസേലമേൽ ഇരിക്കുന്നതിന്നിടയിൽ അറിയാതെ ഒന്നു മയങ്ങിപ്പോയി. ഈ മയക്കത്തിൽ ഞാൻ താഴെ വിവരിക്കുംപ്രകാരം ഒരു സ്വപ്നം കാണുകയും ചെയ്തു.



'ഭൂമിയിലുള്ള എല്ലാ ജനങ്ങളും അവരവൎക്കുള്ള സങ്കടങ്ങളെല്ലാം ഒരു ദിക്കിൽ കൊണ്ടുവന്നു കൂട്ടട്ടെ' എന്നു സ്വൎഗ്ഗലോകത്തുനിന്നു ദേവേന്ദ്രന്റെ ഒരു വിളംബരം. ഈ ആവശ്യത്തിലേക്കു ഒരു വലിയ മൈതാനം അവിടുന്നു തന്നെ കല്പിച്ചു നിശ്ചയിച്ചിരിക്കുന്നു. ഞാൻ ഈ മൈതാനത്തിന്റെ നടുവിലാണ് നില്ക്കുന്നത് എന്നാണ് എനിക്കു തോന്നിയത്. മനുഷ്യരെല്ലാം അവരവർ വളരെ കാലമായി സഞ്ചയിച്ചു വെച്ചിട്ടുള്ള ദുഃഖങ്ങളെല്ലാം കെട്ടി മാറാപ്പാക്കിയെടുത്തുകൊണ്ടുവന്ന് ആ മൈതാനത്തിൽ ഒരു ദിക്കിൽ കൊണ്ടങ്ങിനെ കൂട്ടിത്തുടങ്ങി. ഈ ശോകരാശി പിന്നെപ്പിന്നെ വൎദ്ധിച്ചു മേഘമാൎഗ്ഗം കവിയുമാറുയരമുള്ള ഒരു വലിയ കുന്നായിത്തീൎന്നു.

അവിടെ കൂടിയിരുന്ന ആളുകളുടെ കൂട്ടത്തിൽ ജനങ്ങളെക്കൊണ്ട് അവരവരുടെ സങ്കടങ്ങളെല്ലാം ആ മൈതാനത്തിൽ കൊണ്ടുകൂട്ടിക്കുന്ന കാൎയ്യത്തിൽ വളരെ ഉത്സാഹിച്ചുകൊണ്ട് ഒരു സ്ത്രീയുണ്ടായിരുന്നു. ഇവൾ വളരെ മെലിഞ്ഞിട്ടാണ്. വളരെ ഉലഞ്ഞിട്ടൊരു വസ്ത്രമാണ് ധരിച്ചിരിക്കുന്നത്. ഈ വസ്ത്രത്തിന്മേൽ അനേകം ഭൂതപ്രേതപിശാചങ്ങളുടെ ചിത്രം നെയ്തുചേൎത്തിട്ടുണ്ട്. വസ്ത്രം കാററുകൊണ്ടൊന്നിളകുന്ന സമയം ഈ ഭയങ്കരരൂപങ്ങളെല്ലാം ജനങ്ങൾക്കു കാണുമാറാകുന്നു. അവളുടെ കയ്യിൽ ചെറിയ സാധനങ്ങളെ വളരെ വലുതാക്കിക്കാട്ടുന്ന ഒരു ഭൂതക്കണ്ണാടിയും ഉണ്ടായിരുന്നു. അവളുടെ മുഖഭാവം ഒട്ടും പ്രസന്നമായിട്ടല്ല തോന്നിയത്. അന്വേഷണത്തിൽ അവളുടെ പേര് 'മായ'യെന്നാണെന്നെനിക്കു മനസ്സിലായി. 'ഇവളാണ്' മുമ്പിൽ ചാടിവീണ് എല്ലാവരുടേയും അരികെച്ചെന്ന്, അവരവരുടെ ഭാണ്ഡമെല്ലാം കെട്ടുന്നതിൽ സഹായിച്ച്, അതെല്ലാം അ

വരവരെക്കൊണ്ടുതന്നെ ഭേസിപ്പിച്ചു നിശ്ചയിച്ച സ്ഥലത്തു കൊണ്ടുകൂട്ടിയ്ക്കുന്നത്.

ഈ അവസരത്തിൽ ഓരോ ഭാണ്ഡങ്ങളേയും അതെടുത്തു കൊണ്ടുവരുന്ന ആളുകളേയും കണ്ടിട്ട് എനിയ്ക്കു വളരെ നേരംപോക്കു തോന്നി. ഒരാൾ ആരും അറിയരുതെന്നു ഭാവിച്ച് ഒരു വലിയ കസവുറുമാലിൽ പൊതിഞ്ഞ് ഒരു ഭാരം കൊണ്ടുവന്ന് ആ കൂട്ടത്തിലിട്ടു. ആയാൾ അത്ര ഗൂഢമായി വെച്ചിട്ടുള്ള ആ ഭാരം എന്തായിരുന്നു? ആയാളുടെ ദാരിദ്ര്യം തന്നെ. വേറെയൊരാൾ കലശലായി കിതച്ചുകൊണ്ടും ദീൎഘമായി നിശ്വസിച്ചുകൊണ്ടും ഒരു ഭാണ്ഡം അവിടെ കൊണ്ടിട്ടു. നോക്കിയപ്പോൾ അതെന്താണെന്നോ? ആയാളുടെ ഭാൎയ്യ.

പിന്നെ അവിടെ വന്നിരുന്ന കൂട്ടത്തിൽ അസംഖ്യം കാമുകന്മാരുണ്ടായിരുന്നു. ഇവർ അവരവരെ വല്ലാതെ കഷ്ടത്തിലാക്കുന്ന ഓരോ കാമിനിമാരുടെ തീക്ഷ്ണങ്ങളായ കടാക്ഷങ്ങളെക്കൊണ്ടും ഓരോരൊ വിലാസങ്ങളെക്കൊണ്ടും അഞ്ചമ്പന്റെ അഞ്ചമ്പുകളെക്കൊണ്ടും തിക്കി നിറച്ചിട്ടുള്ള വലിയ ഭാണ്ഡങ്ങളെടുത്തുകൊണ്ടാണ് വന്നിരുന്നത്. എന്നാൽ ഇവരുടെ കാൎയ്യത്തിൽ എനിയ്ക്കത്ഭുതം തോന്നിയതു മറ്റൊന്നുമല്ല. എന്തെന്നുവെച്ചാൽ ഇവരുടെ ദീൎഘശ്വാസവും മുഖഭാവവും കണ്ടാൽ ഈ ഭാരംകൊണ്ടിവരുടെ ഹൃദയം പെട്ടെന്നു പൊട്ടിപ്പോകുമെന്നു തോന്നുമെങ്കിലും ഈ വൎഗ്ഗത്തിലൊരാൾക്കെങ്കിലും തന്റെ ഭാരം ആ കൂട്ടത്തിലേയ്ക്കു വലിച്ചെറിഞ്ഞു കളയാമെന്നു തോന്നിയില്ല. അതിന്നായി ഇവർ വളരെ ശ്രമിച്ചുവെങ്കിലും ഒടുവിൽ ഒട്ടും സമ്മതമില്ലാത്ത നിലയ്ക്കു തലയും കുടഞ്ഞ് അവരവർ കൊണ്ടുവന്ന ഭാരമെടുത്തും കൊണ്ടു വന്നവ

ഴിയ്ക്കു തന്നെ മടങ്ങിപ്പോകയും ചെയ്തു.
കൂട്ടം വൃദ്ധസ്ത്രീകൾ വന്നു തങ്ങളുടെ
ല്ലാം വലിച്ചെറിഞ്ഞു; തരുണികൾ
കം വന്നു വെയിൽകൊണ്ടു നിറം
തങ്ങളുടെ തോല് അവിടെ അഴിച്ചു
യി. രക്തവൎണ്ണമായ മൂക്കു വളരെ;
ചുണ്ട് അസംഖ്യം; കെട്ടുപോയ പല്ല്
ഖ്യയില്ലാതോളം; ഇതെല്ലാം അവിടെ
റിയ കുന്നുകളോളം കൂടിക്കഴിഞ്ഞു. ഒ
പുറത്തു വലിയൊരു മാറാപ്പു കൊണ്ടു
രുന്നു. നല്ലവണ്ണം നോക്കിയപ്പോൾ
വന്റെ കൂനായിരുന്നു. ഇതവൻ വള
ന്തോഷത്തോടുകൂടി അവിടെ കൊണ്ടു
ങ്ങിനെ അന്നവിടെക്കൂടിയ പൎവ്വതത്ത
മുക്കാൽ ഭാഗവും മനുഷ്യരുടെ ദൈഹി
ളായ ദോഷങ്ങളായിരുന്നുവെന്നു പരി
നയിൽ സ്പഷ്ടമായി. അനേകം വ്യാധി
ജനങ്ങൾ ഈ കൂട്ടത്തിൽ ഉപേക്ഷിച്ചി
കണ്ടില്ലെന്നില്ല. എന്നാൽ അവയിൽ
ധികവും മനുഷ്യർ ആലോചിച്ചുണ്ടാ
തല്ലാതെ അവർ വാസ്തവത്തിൽ അനു
ച്ചിരുന്നവയായിരുന്നില്ല. പിന്നെ ഒരു
ഒരേതരത്തിലുള്ള കെട്ടുകൾ എടുത്തു
വന്നിട്ടുണ്ടായിരുന്നു. ഇവരെല്ലാം
സൌന്ദൎയ്യവും ദീക്ഷിയ്ക്കുന്ന രസികന്മാ
ന്നതിനാൽ അവരുടെ മാറാപ്പെറ
യുന്നതിൽ എനിയ്ക്കു കുറെ അധികം
മുണ്ടായി നോക്കിയപ്പോൾ അവർ
ഷ്യക്കെന്തെല്ലാം സുഖക്കേടുകളുണ്ടു
തരമുണ്ടോ അതെല്ലാംകൂടി കെട്ടി
കൊണ്ടുവന്നിരിയ്ക്കയാണെന്നാണ്
ഞ്ഞത്. ഈ അവസരത്തിൽ എല്ലാ
ങ്ങളും താന്താങ്ങൾക്കുപദ്രവകരങ്ങളാ
പകൎമ്മങ്ങളേയും രാഗദ്വേഷാദിമനോ
രങ്ങളേയും എല്ലാം ഉപേക്ഷിയ്ക്കുമെന്നു
ന്നു ഞാൻ വിചാരിച്ചിരുന്നത്. എ

ഒരാളെങ്കിലും ഒരു പാപകൎമ്മംപോലും ആ
ക്കൂട്ടത്തിൽ ഉപേക്ഷിച്ചിട്ടില്ലെന്നു കണ്ടതിൽ
എനിക്കതിയായ ആശ്ചൎയ്യം തോന്നി.

മഹാപാപിയായ ഒരുവൻ ഒരു ഭാ
ണ്ഡവും എടുത്തുകൊണ്ടവിടെ ഹരികയു
ണ്ടായി. അവൻ തന്റെ പാപകൎമ്മമെ
ല്ലാം കെട്ടിയെടുത്തു പശ്ചാത്താപത്തോടെ
അവിടെ കൊണ്ടിടുവാൻ വന്നിരിക്കയാ
ണെന്നാണ് ഞാൻ വിചാരിച്ചത്. എ
ന്നാൽ പരിശോധനയിൽ അവൻ തന്റെ
ഒന്നടപ്പൊന്നും ഉപേക്ഷിപ്പാൻ തയ്യാറില്ലെ
ന്നും അതുകൾക്കു പകരം അവയെ പററി
യുള്ള പശ്ചാത്താപത്തെ മാത്രമാണ് ഭാ
ണ്ഡം കെട്ടികൊണ്ടു വന്നിരിക്കുന്നതെന്നും
ഞാൻ കണ്ടു. ഒരു മൂഢൻ വന്നു തനിക്കുള്ള
സങ്കടത്തിന്നെല്ലാം കാരണം തനിക്കു അ
ല്പമുണ്ടായിരുന്ന വിനയമാണെന്നു കരുതി
അതവിടെ ഇടുകയും സത്യമായും സങ്കട
കാരണമായ തന്റെ മൂഢതയെ മടക്കി
ക്കൊണ്ടു പോകയും ചെയ്തു.

മേൽപറഞ്ഞപ്രകാരം മനുഷ്യരെല്ലാം
അവരവരുടെ ഭാണ്ഡം നിശ്ചയിച്ച ദിക്കിൽ
കൊണ്ടുപോയി കൂട്ടിക്കഴിഞ്ഞപ്പോൾ ഇക്കാ
ൎയ്യത്തിൽ ആദ്യംമുതൽ അത്യുത്സാഹമായി
നടന്നിരുന്ന 'മായ'യെന്ന പിശാചി ഞാൻ
കേവലം ഒരു കാണിയുടെ ിലയിൽ ഉദാ
സീനനായി നില്ക്കുന്നതു കണ്ടിട്ട് എന്റെ
അരികെ എത്തി. അവൾ അടുത്തെത്തിയ
പ്പോഴേക്കു തന്നെ എനിക്കു വലിയ സുഖക്കേ
ടായി. എങ്കിലും അവൾ യാതൊരു കൂസ
ലും കൂടാതെ അവളുടെ കയ്യിലുണ്ടായിരുന്ന
ഭൂതക്കണ്ണാടി എന്റെ മുഖത്തിന്നു നേരെ
പിടിച്ചു. എന്റെ മുഖം അതിൽ പ്രതി
ബിംബിച്ചപ്പോഴേക്ക് ഈ മുഖം വളരെ നീ
ളം കുറഞ്ഞു വീതി ഏറികൊണ്ടൊന്നാണെ
ന്ന് എനിക്കു തോന്നി. ഇതു കണ്ടപ്പോൾ

എനിക്കു നന്നെ മുഷിഞ്ഞു; വേഷക്ക
ങ്ങളുടെ വേഷം അഴിച്ചിടുംപോലെ
നെന്റെ മുഖഭാവം അഴിച്ചു വലി
യും ചെയ്തു. ഭാഗ്യവശാൽ ഒരാൾ എ
അരികെത്തന്നെ നിന്നിരുന്നു. ആ
ആയാളുടെ മുഖത്തിന്നു നീളം അല്പ
കയാണെന്നുവെച്ച് അല്പസമയം മു
താ ശോകശൈലത്തിന്മേലെക്കു വലി
ഞ്ഞിട്ടെ ഉണ്ടായിരുന്നുള്ളു. വാസ്തവ
കയാണെങ്കിൽ ആ മുഖത്തിന്റെ നീ
ണ്ടാൽ കുറച്ചു ലജ്ജ തോന്നുകയും ഒ
എന്തെന്നാൽ ആ താടി തന്നെ എ
മുഖമെല്ലാം കൂടിയേടത്തോളം നീ
ണ്ടായിരുന്നു. ഞങ്ങൾക്കിരുവൎക്കും ഞ
ടെ സങ്കടത്തിന്നു പ്രതിവിധിചെയ്യുവ
സരം കിട്ടിയെന്നു മാത്രമല്ല; സകലാ
ങ്ങളുടേയും സങ്കടമെല്ലാം അവിടെ ക്യ
ശേഖരിച്ചതുകൊണ്ട് എല്ലാവൎക്കും ഒ
മെങ്കിൽ തന്റെ സങ്കടത്തിന്നു പകര
റൊ ആരുടെതെങ്കിലും മാററിയെടുക്കാ
ടിക്കു വന്നു.

ഇങ്ങിനെ സകല ജനങ്ങളേയും
ളനുഭവിച്ചിരുന്ന സങ്കടങ്ങളിൽ നിന്നു
ചനം വന്നു കണ്ടതിൽ എനിക്കു
സന്തോഷം തോന്നി. എല്ലാവരും അ
കശൈലത്തിന്റെ നാലുപുറവും നിന്ന്
ശൈലമായിത്തീൎന്ന പദാൎത്ഥങ്ങളെ
ന്നും നോക്കിക്കാണ്മാൻ തുടങ്ങി. ആ
യത്ത് എല്ലാവരും അതുവരെക്കും ഭാ
ണെന്നും സുഖമാണെന്നും കരുതി
ച്ചിരുന്ന സകല വസ്തുക്കളും അതാത
ച്ചിട്ടുള്ളവരാൽ ശോകങ്ങളുടെ നില
നിരസ്തങ്ങളായി ആ ശോകശൈലത്തി
കൂട്ടത്തിൽ കിടക്കുന്നതു കണ്ടു. എന്നാ
തുകൾ ഇവയെ അനുഭവിച്ചിരുന്നവ
ങ്ങിനെ ദുഃഖഹേതുക്കളായിത്തീൎന്ന
ആൎക്കും മനസ്സിലായില്ലതാനും.

അനന്തരം ഞങ്ങൾ അവിടെ കൂടിയിരുന്ന സങ്കടസഞ്ചയത്തെപ്പററിയുള്ള ഓരോ മനോരാജ്യങ്ങളിൽ തീരെ മഗ്നന്മാരായി നിൽപ്പായപ്പോൾ ദേവേന്ദ്രന്റെ രണ്ടാമതൊരു കല്പന വന്നു. 'എല്ലാവരും വേണമെങ്കിൽ അവരവർ അവിടെ കൊണ്ടിട്ട നിർഭാഗ്യത്തിന്നുപകരം വേറെ ഏതെങ്കിലും ഒരു നിർഭാഗ്യം തിരഞ്ഞെടുത്തുകൊണ്ടു പോയിക്കൊട്ടെ' എന്നായിരുന്നു ഈ കല്പന. പിന്നയും മായയുടെ പുറപ്പാടായി. അവൾ ബഹു ജാഗ്രതയായി സങ്കടങ്ങളെല്ലാം ഒന്നൊന്നായി വേറെടുത്ത് ഓരോരോന്നോരോരുത്തക്കു ശിപാശിചെയ്തു തുടങ്ങി. ആ സമയമുണ്ടായ തിരക്കു വർണ്ണിയ്ക്കുവാൻ പ്രയാസം. എന്നാൽ ഞാൻ കണ്ടതു ഞാൻ പറയാം. ഒരു വയോവൃദ്ധൻ തനിയ്ക്കുണ്ടായിരുന്ന ഒരു ശൂലവേദന ആ ശോകങ്ങളുടെ കൂട്ടത്തിൽ കൊണ്ടിട്ടിരുന്നു. മറെറാരുവൻ തനിയ്ക്കു കീഴടങ്ങാത്ത ഒരു മകനേയും ആ കൂട്ടത്തിൽ ഉപേക്ഷിച്ചിരുന്നു. ശൂലവേദനക്കാരന്നു സന്തതിയൊന്നുണ്ടായാൽ കൊള്ളാമെന്നാണു മോഹം. ഇവൻ മററവൻ ഉപേക്ഷിച്ച മകനെ തിരഞ്ഞെടുത്തു. ഈ കരുത്തംകെട്ട ചെറുക്കൻ ആ വയസ്സന്റെ താടിപിടിച്ചു വലിച്ചു വേദനപ്പെടുത്തിത്തുടങ്ങിയെന്നു മാത്രമല്ല വൃദ്ധന്റെ തല തന്നെ അടിച്ചുപൊളിച്ചു കളയുവാനുള്ള ഭാവമായി. ഇപ്രകാരം കുടുക്കിൽപ്പെട്ട വൃദ്ധൻ നാലുപുറവും മിഴിച്ചു നോക്കുമ്പോൾ ആ കുട്ടിയുടെ അച്ഛൻ ശൂലവേദന സഹിപ്പാൻവയ്യാതെ വയറും പിടിച്ചുകൊണ്ടു നേരെത്തന്നെ വരുന്നതു കണ്ടു. 'തന്റെ മകനെ താൻ തന്നെ എടുത്തുകൊള്ളു. എന്റെ ശൂലവേദന എനിയ്ക്കു തന്നെ തന്നേയ്ക്കു. എന്നാൽ മതി' എന്നായി വയസ്സർ മററവനോട്- എന്നാൽ രണ്ടാൾക്കും അവനവൻ മനഃപൂർവ്വമായി തിരഞ്ഞെടുത്ത ബുദ്ധിമുട്ടിൽ നിന്നു പിൻവലിയ്ക്കുവാൻ തരമില്ലാതാവുകയും ചെയ്തു. ഇതുപോലെ അന്ത്യന്ത് അടിമയായിരുന്ന വേറെ ഒരുവൻ തന്റെ അടിമസ്ഥാനം ത്യജിച്ച് അതിന്നുപകരം മറെറാരുത്തന്റെ രക്തവാതം തിരഞ്ഞെടുത്തു. എന്നാൽ അതിന്നുശേഷം അവന്റെ മുഖത്തുണ്ടായ വൈകൃതം കണ്ടാൽ തന്നെ അവൻ ചെയ്ത മാററംകൊണ്ട് അവന്നു വലിയ ലാഭമൊന്നും ഉണ്ടായിട്ടില്ലെന്നു ബോദ്ധ്യപ്പെടും. ഒരുവൻ മഹാവ്യാധി കളഞ്ഞു ദാരിദ്ര്യം തിരഞ്ഞെടുത്തു; മറെറാരുവൻ അതിയായ ബുഭുക്ഷയുപേക്ഷിച്ച് അരോചകം സ്വീകരിച്ചു; മൂന്നാമതൊരുവൻ മെയ്യേദന വെടിഞ്ഞു മനോവേദന കൈക്കൊണ്ടു. ഈ വക കൈമാററങ്ങളെല്ലാം കണ്ടിട്ടെനിയ്ക്കു ബഹുരസമായിത്തീന്നു.

അവിടെയുണ്ടായിരുന്ന സ്ത്രീകളും താന്താങ്ങൾക്കു സൌന്ദര്യഹാനിയ്ക്കു കാരണമായിത്തീന്ന അനേകം എണ്ണങ്ങൾ ആ അവസരത്തിൽ കൈമാററം ചെയ്യുകയുണ്ടായി. ഒരുവൾ ധാരാളം കരുപ്രസാദമുള്ളവളായിരുന്നു. മേലെല്ലാം കരുവുണ്ടാവുന്നതിലും ഭേദമാണ് നരയെന്നു വിചാരിച്ച് അവൾ വേറൊരുത്തിയുപേക്ഷിച്ച നരച്ച തലമുടിയെടുത്തു തലയണിഞ്ഞുതുടങ്ങി. മറെറാരുവൾക്കു തന്റെ മദ്ധ്യത്തിന്നു വണ്ണം അല്പം അധികമാണെന്നു തോന്നി. അവൾ അതു വലിച്ചെറിഞ്ഞു വേറെയൊരുവൾ കളഞ്ഞതായ വളഞ്ഞ ചുമലെടുത്തു. മൂന്നാമതൊരുത്തി തന്റെ വിരൂപമായ മുഖം കളഞ്ഞുപകരം വേശ്യാവൃത്തിയംഗീകരിച്ചു. എന്നാൽ വളരെ താമസംകൂടാതെ ഇവക്കെല്ലാവക്കും അവരവർ മനസ്സായി തിരഞ്ഞെടുത്ത ദോഷത്തേക്കാൾ ഭേദം മുമ്പുണ്ടായിരുന്നവതന്നെയാണെന്നു നല്ലവണ്ണം ബോദ്ധ്യ

പ്പെട്ടു. ഇതുപോലെ തന്നെയാണ് അന്ന
വിടെവെച്ച് ഒരു ദോഷം വിട്ടു മറ്റൊരുദോ
ഷം സ്വീകരിച്ചിട്ടുള്ള സകല ജനങ്ങൾക്കും
ഉണ്ടായ അനുഭവമെന്നാണെനിക്കു തോ
ന്നിയത്. എന്നാൽ അതങ്ങിനെയായതു
ദൈവകല്പനയാൽ നമുക്കു സംഭവിക്കുന്ന
കഷ്ടതകൾ ഒരിക്കലും നമ്മുടെ ശക്തിയെ
അതിക്രമിക്കുന്നില്ലെന്നുള്ളതുകൊണ്ടോ, അ
തല്ലെങ്കിൽ പരിചയംകൊണ്ടെല്ലാ സങ്കട
ങ്ങളും നമുക്കു സുസഹ്യമായിത്തീരുമെന്നുള്ള
തുകൊണ്ടോ എന്ന് എനിക്കിനിയും തീച്ച
യായിട്ടില്ല.

ഞാൻ മുമ്പു പറഞ്ഞ കുബ്ജൻ തന്റെ
കൂനുപേക്ഷിച്ച് അതിനുപകരം അശ്ശരിയെ
ന്ന ദീനമാണ് കൈക്കൊണ്ടത്. എന്നാൽ
കൂനു പോയപ്പോൾ അവൻ പൂർവ്വാധികം
സുന്ദരനായി എങ്കിലും പിന്നത്തെ അവ
ന്റെ നിലയാലോചിക്കുമ്പോൾ എനിക്കവ
ന്റെ നേരെ കഷ്ടം തോന്നാതിരിക്കുന്നില്ല.
ആ കൂനുപേക്ഷിച്ച കൂന് സ്വതവേ ശൃം
ഗാരിയായിരുന്ന ഒരുവനാണെടുത്തത്. ഇ
വൻ ആ കൂനും തലയേക്കാൾ പൊന്തിനി
ല്ക്കുന്ന ചുമലുകളുംകൊണ്ടു മുമ്പുതന്നെ കല
ശ്ശലായി ഭ്രമിച്ചിരുന്ന ഒരു കൂട്ടം പെണ്ണുങ്ങ
ളുടെ ഇടയിൽ പോയി നടന്ന നടത്തം
വിചാരിക്കുമ്പോൾ അവന്റെ നേരെയും
എനിക്കു ദയ തോന്നാതിരിക്കുന്നില്ല.

ഇതിന്നിടയിൽ എനിക്കുണ്ടായ അ
നുഭവവും പറയാതിരിപ്പാൻ പാടില്ലെ
ല്ലൊ. ദീൎഘവക്ത്രനായ എന്റെ ചങ്ങാതി
എന്റെ ഹ്രസ്വമുഖം തിരഞ്ഞെടുത്തു. അ
തിന്റെ ശേഷം അവന്റെ വേഷം കണ്ട
പ്പോൾ ആ മുഖം മുമ്പ് എന്റേതായിരുന്നു
വല്ലൊ എന്നു വിചാരിച്ച് എനിക്കു തന്നെ
ലജ്ജസഹിപ്പാൻ വയ്യാതായി. കാൎയ്യം ക
റെ ചീത്തയായി എന്ന് ആയാൾക്കും വി
ശ്വാസം വന്നു എന്നു മാത്രമല്ല ലജ്ജകൊ
ണ്ട് ആയാൾക്ക് ആരുടേയും മുഖത്തു നോ
ക്കുവാൻ വയ്യാതാവുകയും ചെയ്തു. ആയാ
ളുടെ ദീൎഘമുഖമാണെല്ലൊ ഞാൻ തിര
ഞ്ഞെടുത്തത്. അതുകൊണ്ട് എനിക്കും പ
റയത്തക്ക മെച്ചമൊന്നും ഉണ്ടായില്ല. എന്തെ
ന്നാൽ ഞാൻ വല്ലപ്പൊഴും എന്റെ നെ
റ്റി തൊടുവാനായി പണ്ടത്തെപ്പോലെ എ
ന്റെ കയ്യുകത്തിയാൽ അതെന്റെ ച
ണ്ടോളമേ എത്തുന്നുള്ളു. എന്നു തന്നെയല്ല
എന്റെ മൂക്കു മുമ്പെത്തെക്കാൾ വളരെ അ
ധികം തുറിച്ചു വശമായതുകൊണ്ടു ഞാൻ
എപ്പൊഴെങ്കിലും വല്ല ആവശ്യത്തിനും
കൈ മുഖത്തു വ്യാപരിപ്പിക്കുവാൻ തുടങ്ങി
യാൽ അപ്പോഴൊക്കെയും അതു മൂക്കത്തു ത
ട്ടി വേദനപ്പെടുക എന്നായി. ഇതുപോലെ
തന്നെ കുടുക്കിൽപ്പെട്ട രണ്ടാളുകൾ എ
ന്റെ അരികെത്തന്നെ നിന്നിരുന്നു. ഇതി
ലൊരുവനു ബ്രഹ്മസൃഷ്ടിയിൽ വളരെ മെ
ലിഞ്ഞു നീണ്ടു ജംഘകളശേഷമില്ലാത്ത ഒരു
ജോടി കാലുകളും മറ്റേവനു നന്നെ തടി
ച്ചു പുറത്തോട്ടു വളഞ്ഞ ഒരു ജോടി കാലുക
ളുമാണുണ്ടായിരുന്നത്. ഇവർ ഇതു തമ്മിൽ
മാററം ചെയ്തു. അതിന്റശേഷം ഈ ഒട്ട
വിൽ പറഞ്ഞവനെ കണ്ടാൽ ഒരു കൂട്ടം
പൈക്കാലിന്മേൽ കയറി നടക്കുകയാണെ
ന്നാണ് തോന്നുക. അവന്റെ കാലെകരം
കൊണ്ടു തന്റെ അടിയിലേക്കു നോക്കു
മ്പോൾ അവനു തന്നെ തല തിരിഞ്ഞുതുട
ങ്ങി. മറ്റേവനു വളഞ്ഞ കാലുകൊണ്ടു ന
ടക്കുവാൻ ശീലമില്ല. വിചാരിച്ചാൽ ആ
വിചാരിച്ച ദിക്കിലെത്താഞ്ഞിട്ട് അവൻ
കിടന്നു വട്ടംചുററിത്തുടങ്ങി. അവൻ ഒരു
നേരമ്പോക്കുകാരനായിരുന്നു. അതുകൊണ്ടു
ഞാൻ എന്റെ കയ്യിലുണ്ടായിരുന്ന ഒരു ചൂ
രൽ കുറെ ദൂരത്തൊരു ദിക്കിൽ നിലത്തു ത

റച്ചിട്ട് ആയാളോട് ആ നില്ക്കുന്ന ദിക്കിൽ നിന്നു ഞാൻ വരച്ച ഒരു വരയിൽ ക്കൂടി ഒട്ടും വളയാതെ പോയി ആ ചൂരലെടുത്തു കൊണ്ടുവന്നാൽ ആയാൾക്ക് ഒരു കുപ്പി ഒന്നാന്തരം കത്തിച്ചാൽ കത്തുന്നതു വാങ്ങിക്കൊടുക്കാമെന്നു വീരവാദം പറക തന്നെ ഉണ്ടായി.

എന്തിനു വളരെ പറയുന്നു? ആ ശോകശൈലം മുഴുവൻ അന്നവിടെ കൂടിയിരുന്ന ആളുകൾ തമ്മിൽ വിഭജിച്ചെടുത്തു എന്നു പറഞ്ഞാൽ മതിയല്ലൊ. അതിന്റെ ശേഷം കുറെ നേരത്തെയ്ക്കു അവരവർ തന്നെ തിരഞ്ഞെടുത്ത ഓരൊ ഭാരം പൊറുപ്പാൻ വയ്യാഞ്ഞിട്ട് ഓരോരുത്തർ കാട്ടിയിരുന്ന വൈകൃതങ്ങളും പ്രാകൃതാവസ്ഥയും ആലോചിച്ചാൽ 'കഷ്ടമേ' എന്നു മാത്രം പറയുവാനേ തോന്നുന്നുള്ളു. ആ മൈതാനത്തിൽ എവിടെ നോക്കിയാലും പിറുപിറുക്കലും ആവലാധിയും നിലവിളിയും പശ്ചാത്താപവും അല്ലാതെ വേറെയൊന്നുമില്ല. ഇതു കണ്ടു ദയതോന്നി ഒടുവിൽ ദേവേന്ദ്രൻ 'എല്ലാവരും അവരവരുടെ പുതിയ ഭാരങ്ങൾ മുമ്പേത്തെ ദിക്കിൽതന്നെ കൊണ്ടുപോയി കൂട്ടിക്കോട്ടെ' എന്നു കല്പിച്ചു. എല്ലാവരും അവരവക്കു ജന്മസിദ്ധങ്ങളായ ഭാരങ്ങൾ തന്നെ വീണ്ടും എടുത്തുകൊള്ളട്ടെ എന്നു വിചാരിച്ചിട്ടാണങ്ങിനെയൊരു കല്പനയുണ്ടായത്. ഈ കല്പന സകലരും പറയുവാൻ വയ്യാത്ത സന്തോഷത്തോടെ അനുസരിച്ചു. അതിന്റെശേഷം മനുഷ്യരെയെല്ലാം ഇങ്ങിനെ കഷ്ടതയിൽ ചാടിച്ച മായയോട് അവിടെനിന്നു പോകുവാൻ കല്പനയായി. ആ സ്ഥാനത്തെയ്ക്കു ആകൃതിയിലും പ്രകൃതിയിലും അവളിൽനിന്നു ഭേദപ്പെട്ട വേറെയൊരു ഭഗവതിയെയാണ് നിശ്ചയിച്ചതു്. ഈ ഭഗവതിയുടെ മുഖഭാവം എല്ലായ്പോഴും ഗൌരവവും പ്രസന്ന ഉള്ളതും വ്യാപാരങ്ങൾ എല്ലാം ഒട്ടു ചപല്യമില്ലാത്തവയും ആയിരുന്നു. ഇ സ്സ് ഈ ഭഗവതിയുടെ കണ്ണ് എത്രയു ഭക്തികളോടുകൂടി ദേവേന്ദ്രന്റെ നേരെ രിഞ്ഞിരുന്നു. 'ക്ഷമ'യെന്നാകുന്നു ഈ തിയുടെ പേർ എന്നു ഞാൻ ൻ റിഞ്ഞു. ഇവൾ ആ ശോകക്കുന്നിന്റെ രികിൽ പോയി നിന്നപ്പോഴയ്ക്കു എ ത്ഭുതമാണ്! ആ വങ്കുന്നങ്ങിനെ ചെ യിത്തുടങ്ങി. ചുരുങ്ങിച്ചുരുങ്ങി അതു ണ്ടായിരുന്നതിൽ മൂന്നിലൊന്നു മാത്ര ത്തീൎന്നു. അതിന്റെ ശേഷം അവ രോരുത്തക്കായി മുമ്പുണ്ടായിരുന്ന പ്ര തന്നെ എടുത്തു കൊടുത്തുതുടങ്ങി. പ്രാരബ്ധം അതാതാളുകൾക്കു കൊടുക്കു നോടുകൂടി തന്നെ അതെങ്ങിനെയാ ഴ്മയോടുകൂടി സഹിക്കേണ്ടതെന്ന് അ ന്നെ ഉപദേശിക്കുകയും ചെയ്തിരുന്നു. വിൽ എല്ലാവരും തങ്ങൾ തിരഞ്ഞെ ആപത്തുകൾ ദൈവം തങ്ങൾക്കു സാ ക്കിയില്ലല്ലൊ എന്നു വിചാരിച്ചു സാ നിച്ചു സന്തോഷതൃപ്തന്മാരായി സ്വന്ത നങ്ങളിലേയ്ക്കു തന്നെ മടങ്ങിപ്പോ ചെയ്തു.

ഈ സ്വപ്നത്തിൽ നിന്നെനിയ്ക്കു കസ്വഭാവത്തെപ്പററി പലതും ഗ്രഹി നിടവന്നു. എനിയ്ക്കു എന്റെ നിർ ളെപ്പററി വലിയ നിർവ്വേദത്തിന്നു യ വകാശവും ഇല്ലെന്നു നല്ല ബോദ്ധ്യ ഒരാൾക്കു മററൊരാളുടെ സങ്കടങ്ങളെ ശരിയായ യാതൊരു ജ്ഞാനവും വാൻ തരമില്ലാത്തതിനാൽ യാതൊ ക്കും അന്യന്റെ സുഖത്തെപ്പററി അ തോന്നേണ്ടതില്ലെന്നും ഇതിൽനിന്നു മനസ്സിലാക്കി. ഇനിമേലാൽ ഞാൻ ഒ രുവന്റെ സങ്കടങ്ങളെ ഒരിക്കലും മാക്കാതെ അവയെ എന്നും ദ ... വിചാരിച്ചുകൊള്ളാമെന്നു മന നുറയ്ക്കുകയും ചെയ്തു.

കെ. സി. വീരരായൻരാ

ണ്ഡപത്തിൻെറ മുകളിൽനിന്ന ബിംബത്തിന്മേൽ സച്ഛമം വെള്ളം ഇററിററു വീണുകൊണ്ടിരിക്കും.

5 കൈലാസം — 20226 അടി ഉയരത്തിൽ ഹിമവാൻെറ മുകളിൽ ഉള്ള ഒരു പുണ്യസ്ഥലം. അകലം വിചാരിച്ച സാധാരണ തീൎത്ഥയാത്രക്കാർ ഇവിടെക്ക വളരെ പോവാറില്ല. എന്നാൽ അനേകം ഭിക്ഷുക്കൾ കൈലാസത്തിങ്കൽ ഈശ്വരനെ സേവിച്ചുകൊണ്ട കാലം കഴിച്ചുകൂട്ടുന്നുണ്ട്. മാനസസരസ്സും അവിടെയടുത്താണ്.

6 കോനരക്ക് — ജഗന്നാഥത്തുനിന്ന 19 മൈൽ വടക്കപടിഞ്ഞാറ് ഒരു ദിവാകരക്ഷേത്രം. സാംബൻ, ശ്രീകൃഷ്ണൻെറ പതിനാറായിരത്തെട്ട ഭാൎയ്യമാരെയും കാമിച്ചു. അതുനിമിത്തം നാരദൻ സാംബനെ 'കുഷ്ഠരോഗിയായിപ്പോട്ടെ' എന്ന ശപിച്ചു. അതിൻെറ ശേഷം ശാപമോക്ഷത്തിനായി സൂൎയ്യപ്രതിഷ്ഠ കഴിച്ചു പ്രത്യക്ഷനമസ്കാരംകൊണ്ട് അരോഗിയായി തീൎന്ന പുണ്യസ്ഥലമാണിത്. സൂൎയ്യബിംബം വിശ്വകൎമ്മാവാണ് ഉണ്ടാക്കിക്കൊടുത്തത്.

7 കൃഷ്ണമധുര — ഈ പട്ടണം യമുനാനദിയുടെ വലത്തുഭാഗത്താണ്. കൃഷ്ണമധുരയിൽ വ്രജമണ്ഡലം എന്ന പറയുന്ന പ്രദേശമാണ് മുഖ്യമായിട്ടുള്ളത്. യമുനയുടെ ആറു മൈൽ താഴത്തു മഹാവനമെന്ന ഒരു സ്ഥലമുണ്ട്. ഇവിടെ വെച്ചാണ് ശ്രീകൃഷ്ണനെ കൈമാററം ചെയ്തതെന്ന വിശ്വസിച്ചുപോരുന്നു. നന്ദഗൃഹം ഇന്നും കാണാവുന്നതാണ്. അവിടെ പാൽക്കടവും കടകോലും ഗോപസ്ത്രീകൾ ഓടക്കുഴൽ കളിയായിട്ട ഭിത്തിയിൽ ഒളിച്ചുവെക്കുന്ന പഴുതും ഇന്നും ഹിന്തുക്കൾ വന്ദിച്ചുപോരുന്നുണ്ട്. കൃഷ്ണമധുരയിൽ കുട്ടിയുണ്ടായാൽ മുമ്പിൽ നന്ദഗൃഹത്തിലേയ്ക്കാണ് കൊണ്ടുപോവുക. മധുരയിൽനിന്ന 5 മൈൽ വടക്കാണ് വൃന്ദാവനം. അവിടെ അനേകം ക്ഷേത്രങ്ങളുമുണ്ട്. ഹരിദ്വാരം കഴിഞ്ഞാൽ പിന്നെ കൃഷ്ണമധുരയാണ് വൈഷ്ണവരുടെ പ്രധാന പുണ്യസ്ഥലം. 'എക്ക' എന്നു പറയുന്ന ഒററക്കുതിരയെ പൂട്ടിയ കുട്ടിരഥങ്ങൾ ആണ് അവിടങ്ങളിൽ സാധാരണയായ വാഹനങ്ങൾ.

8 ഗംഗോത്തരി — ഉത്തരദേശത്തു ഭാഗീരഥിയുടെ ഒക്കത്തിങ്കൽ ഒരു മലമുകളിലുള്ള ക്ഷേത്രത്തിനാണ് ഗംഗോത്തരി എന്നു പറയുന്നത്. ഗംഗയുടെ മുഖമായ 'ഗംഗാസാഗര'വും ഗംഗയുടെ ഉൽപ്പത്തിസ്ഥാനമായ 'ഗംഗോത്തരി'യും ഏററവും പുണ്യപ്പെട്ട സ്ഥലങ്ങളാണ്. ഹിന്തുക്കളായ തീൎത്ഥയാത്രക്കാൎക്ക 'ഗംഗോത്തരി'യാണ് യാത്രയുടെ പരമാവധി. ഇവിടെ അടുത്തു ഭവനങ്ങളൊന്നുമില്ല. അതുകൊണ്ട ഗംഗാജലം എടുത്തുകൊണ്ട് ഉടനെ തിരിച്ചുപോരുന്നതല്ലാതെ ആരും അവിടെ താമസിയ്ക്കാറില്ല.

9 ബദരീനാഥം — ഹിമവാൻെറ ഒരു കൊടുമുടിയാണിത്. 23210 അടി ഉയരമുണ്ട്. റെയിൽവഴി പോകുന്നതായാൽ ഉത്തരദേശികൾക്ക ഹരിദ്വാരമാണ് അടുത്ത സ്റ്റേഷൻ. ദാക്ഷിണാത്യന്മാൎക്ക 'കാത്തഗോട' സ്റ്റേഷനുമാണ്. അവിടെനിന്ന മുകളിലേക്ക് ഒന്നിലോ എടുത്തുകൊണ്ടുപോണം അല്ലെങ്കിൽ നടന്നുപോണം. ബദരീനാഥക്ഷേത്രത്തിൽ വിഷ്ണുവാണ് മൂൎത്തി. ബിംബം നദിയുടെ അടിയിൽനി

ന്ന് എടുത്തു കൊണ്ടുവന്നു സാക്ഷാൽ പരമശിവൻ തന്നെ പ്രതിഷ്ഠിച്ചിട്ടുള്ളതാണ്. ക്ഷേത്രത്തിന്റെ അടുത്തു താഴത്ത് ഒരു കുളമുണ്ട്. അതിലേക്ക് എല്ലാകാലത്തും ഒരു വ്യാഘ്രമുഖത്തിൽനിന്നു ചുട്ടവെള്ളം ഒലിച്ചുകൊണ്ടിരിക്കും. ഇവിടുത്തെ ശാന്തിക്കാരനു 'റാവാൻ' എന്നാണ് പറയുക. ഇവിടെ സത്രങ്ങൾ അനേകമുണ്ട്.

10
ഭദ്രാചലം | ശ്രീരാമഭഗവാൻ ഗോദാവരി കടന്നത് ഇവിടെയാണ്. മദിരാശിസംസ്ഥാനത്തു ഗോദാവരി ഡിസ്ട്രിക്ടിലാണിത്. രാജമഹേന്ദ്രത്തുനിന്നു 104 മൈലുണ്ട്. ഇവിടെ രാമചന്ദ്രക്ഷേത്രത്തിൽ ഋഷിപ്രതിഷ്ഠയാണ്. ശ്രീരാമനവമിമഹോത്സവം കേമമവുമാണ്.

ഭാരതവർഷത്തിൽ ഉത്തരഖണ്ഡത്തിലുള്ള ചില പുണ്യസ്ഥലങ്ങളും ദക്ഷിണഖണ്ഡത്തിൽ ഒരു പുണ്യക്ഷേത്രവും മാത്രമേ ഇതിനുമേൽ ചുരുക്കി വിവരിച്ചിട്ടുള്ളു. കാശി മുതലായി പരക്കെ പരിചയമുള്ള പുണ്യക്ഷേത്രങ്ങളും ഹരിദ്വാരത്തിനു സമീപം ശകുന്തളയുടെ ജന്മഭൂമിയായ കണ്വാശ്രമം തുടങ്ങിയ അനേകം വിശേഷദിക്കുകളും ദക്ഷിണ ഖണ്ഡത്തിലുള്ള മററു പുണ്യസ്ഥലങ്ങളും വർണ്ണിക്കുന്നതായാൽ അവസാനമില്ല.

---

# അയനചലനം

ആര്യന്മാരുടെ ശാസ്ത്രങ്ങളിൽവെച്ചു പ്രധാനമായി ഒന്നായ ജ്യോതിശ്ശാസ്ത്രം വളരെ വിപുലമായും ഗഹനമായും ഇരിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രധാന ഭാഗങ്ങൾ ഇന്നിന്നതാണെന്നു തീർച്ചപ്പെടുത്തുവാൻ നമുക്കു കഴികയില്ല.



എന്നാൽ ഇതിൽനിന്ന് എത്രയോ ലളിതമായ ഒരു ഭാഗമാകുന്ന ജാതകം പ്രശ്നം മുഹൂർത്തം ഈ വകയിൽ കുറഞ്ഞൊരു ജ്ഞാനമുണ്ടാക്കി ഉദരപൂരണാർത്ഥം ജ്യോത്സ്യന്മാരെന്നു അഭിധാനത്തോടുകൂടി നടക്കുന്നവർ ദുർല്ലഭം ചിലരല്ല. ഈ സമ്പ്രദായക്കാർ കേരളത്തിലും അഗണ്യമായുണ്ട്. ഇവരാൽ നിർദ്ദേശിക്കപ്പെടുന്ന കാര്യങ്ങളിൽ സ്ഥൈര്യം അപരിഹാര്യമായി വരുന്നതുകൊണ്ടു നവീനന്മാരായ പാശ്ചാത്യപണ്ഡിതന്മാരും അവരുടെ സഹജീവികളും യുക്തിയുക്തങ്ങളായി ഗ്രഹഗോളങ്ങളെക്കുറിച്ചു ചില അറിവിനെ പറയുന്നതിൽ ഭ്രമിച്ചു സാരമായ ശാസ്ത്രത്തെ പര്യാലോചന ചെയ്യാതെ വിമുഖന്മാരായി പല വിദ്വാന്മാരും വിസ്മരിച്ചുകളയുന്നതിനാൽ ആ ഭാഗങ്ങളെപ്പററി കുറെ ആലോചിച്ച് ഒരു ഗ്രന്ഥം എഴുതുവാൻ ശ്രമിക്കുന്നത് അബദ്ധമാവില്ല. ഈ വിശ്വാസത്തിന്മേൽ നാം ശ്രമിക്കുകയുംവേണം. അതിനു മുമ്പ് എന്താനും ചില ഭാഗങ്ങൾ എഴുതി പത്രികാമുഖേന പ്രസിദ്ധപ്പെടുത്തിയാൽ അതിൽ ജനങ്ങൾക്കുള്ള അഭിരുചിയും വാദപ്രതിവാദങ്ങളും അറിയാമെന്നു വിചാരിച്ചു ചില ഭാഗങ്ങളെ പ്രതിപാദിക്കുന്നു.

പാശ്ചാത്യപണ്ഡിതന്മാർ സൂര്യൻ സൌര്യനിബന്ധന ഗ്രഹസ്ഥലത്തിന്റെ

മദ്ധ്യവൎത്തിയാണെന്നും ശുക്രൻ, ബുധൻ, കുജൻ, ഗുരു, മന്ദൻ മുതലായ ഗ്രഹങ്ങളും ഭൂമിയും സൂൎയ്യനെ ചുററി സഞ്ചരിക്കയാണെന്നും ചന്ദ്രൻ ഭൂമിയുടെ ഉപഗ്രഹമാണെന്നും അതു ഭൂമിയെ ചുററുന്നു എന്നും ഭൂമി പമ്പരംപോലെ തിരിയുന്നുണ്ടെന്നും മററും യുക്തിയുക്തമായി പറകയും, ആൎയ്യന്മാർ ഭൂമി നിശ്ചലയാണെന്നും സൂൎയ്യാദിഗ്രഹങ്ങൾ ഭപഞ്ജരത്തിൽ പൂൎവ്വഗത്യാ പൊയ്ക്കൊണ്ടിരിക്കുന്നു എന്നും ഭപഞ്ജരത്തെ പ്രവഹവായു നിയതം പശ്ചിമാഭിമുഖമായി തിരിച്ചുകൊണ്ടിരിക്കുന്നു എന്നും മററും പറകയും ചെയ്യുന്നു. പാശ്ചാത്യപണ്ഡിതന്മാരോടു മിക്കതും യോജിച്ചും ചില ആൎയ്യപണ്ഡിതന്മാർ പറഞ്ഞിട്ടുണ്ടു്. എന്നാൽ നാം ആലോചിച്ചാൽ ഈ കാൎയ്യത്തിൽ വളരെ വിഷമിപ്പാനില്ലെന്നും ഗ്രഹങ്ങളുടെ ഗതികളും സ്ഥിതികളും സൂക്ഷ്മമായി അറിയത്തക്ക സൂത്രങ്ങൾ നമ്മുടെ കയ്യിൽ ഇരിക്കെ അതുകളിൽ അന്തൎഭവിച്ചു കിടക്കുന്ന മുമ്പറഞ്ഞ തത്വങ്ങളെ കണ്ടെത്തുവാൻ സാധിക്കാതെ ഇത്രവിഷമിച്ചു കിടക്കുന്ന ആധുനികജ്യോത്സ്യന്മാരുടെ ബുദ്ധിശക്തിയെ മാത്രം ഒന്നു തൂക്കിനോക്കേണ്ടതില്ലെന്നാണ് തോന്നുന്നതു്. പാശ്ചാത്യപണ്ഡിതന്മാർ ഗ്രഹസ്ഥിതികളെ സൂക്ഷ്മപ്പെടുത്തുന്ന സമ്പ്രദായങ്ങളെക്കുറിച്ചു് എത്രേത്തോളം ഉപയോഗിക്കുന്നു എന്നു നിശ്ചയമില്ല. എന്നാൽ ആൎയ്യന്മാരായ നാം ഗ്രഹങ്ങൾക്കു മദ്ധ്യമഗതിയെ കണ്ടെത്തി അതുപ്രകാരമുള്ള മദ്ധ്യമങ്ങളെ വരുത്തി ജ്യാക്കളെവെച്ചു സ്ഫുടിക്കുന്നു. ഇതിൽ മന്ദോച്ചമെന്നു മാത്രം സൂൎയ്യചന്ദ്രന്മാൎക്കും ബാക്കി ഗ്രഹങ്ങൾക്കു ശീഘ്രോച്ചമെന്നും കൂടി ചില ഉച്ചന്മാരെയും സ്വീകരിക്കുന്നു. മൌഢ്യാദിഗണിതത്തിൽ വേറെയും ചിലതു് ഉപയോഗിക്കുന്നു. കുജാദിഗ്രഹങ്ങൾക്കു വക്രഗതിയെ കണക്കാക്കുന്നു. ഈവക ഭാഗങ്ങളെ ഒരോന്നു സൂക്ഷ്മമായി പൎയ്യാലോചിക്കുന്നതായാൽ മുമ്പറഞ്ഞ ഭ്രമങ്ങൾ തീരുമെന്നാണ് എന്റെ വിശ്വാസം.

കെ. വി.

(തുടരും)

# ഹിന്ദുമതത്തിന്റെ

## ആ ധു നി കാ വ സ്ഥ.



യൂറോപ്പു മുതലായ ഭൂഖണ്ഡങ്ങളിലെ പൂൎവ്വനിവാസികൾ കാട്ടാളനിൎവ്വിശേഷം വില്ലും അമ്പും ധരിച്ചു ഘോരാരണ്യങ്ങളിൽ ഇരതേടി നടന്നു വന്യമൃഗങ്ങളേയും ഫലമൂലങ്ങളേയും ഭക്ഷിച്ചു ജീവധാരണം ചെയ്തിരുന്ന പുരാതനകാലത്തുതന്നെ ഇൻഡ്യയിലെ ആൎയ്യന്മാരായിരുന്ന നമ്മുടെ പൂൎവ്വികന്മാർ മാനസികപരിഷ്കാരം നിമിത്തം എവരാലും സ്തുത്യൎഹന്മാരായിരുന്നു. ജനനമരണരൂപഭയങ്കരമായിരിക്കുന്ന ഈ പ്രപഞ്ചത്തിന്റെ സ്ഥൂലമായും സൂക്ഷ്മമായും ഇരിക്കുന്ന തത്വം ഏതു്? ആ തത്വം ബാഹ്യമായും ആന്തരമായും ഏതൊരു ശക്തിയുടെ ആശ്രയത്തിൽ ഇരിക്കുന്നു? ആ ശക്തിയും മനുഷ്യരുമായി വല്ല സംബന്ധവും

ഉണ്ടോ? മനുഷ്യരുടെ ജീവിതംകൊണ്ടുള്ള പ്രയോജനം എന്ത്? ജീവിതത്തെ സുഗമമായി കഴിച്ചുകൂട്ടുന്നതിനുള്ള ഉത്തമമായ മാർഗ്ഗം ഏത്? ഈ വിധം അത്യഗാധങ്ങളായിരിക്കുന്ന വിഷയങ്ങളുടെ തത്വത്തെ കണ്ടുപിടിക്കുന്നതിൽ സദാസമയവും അവരുടെ ബുദ്ധിയെ ഉപയോഗിച്ചുകൊണ്ടിരുന്നു. പ്രകൃതിയുടെ കൃത്രിമമായ രാമണീയകത്താൽ വശീകൃതന്മാരായിരുന്ന ആ പ്രാചീന ആര്യന്മാർ, വളരെക്കാലത്തോളം അവരുടെ തലച്ചോറു പുണ്ണാക്കിക്കൊണ്ടിരുന്നതിന്റെ ശേഷം; ചരാചരാത്മകമായിരിക്കുന്ന ഈ പ്രപഞ്ചം സൂക്ഷ്മാവസ്ഥയിൽ അനിത്യമാണെന്നും, നിത്യമായും നിർവ്വികാരമായും ഇരിക്കുന്ന ഒരു പരമാത്മാവിന്റെ ഇച്ഛാമാത്രത്തിന്മേലാണ് ഈ പ്രപഞ്ചം സ്ഥിതിചെയ്യുന്നതെന്നും, ആ പരമാത്മാവിന്റെ ചൈതന്യം ബ്രഹ്മാദിപിപീലികാപര്യന്തമുള്ള സകലജീവികളിലും ഉണ്ടെന്നും, ആനന്ദമാത്രമായ ആ ബ്രഹ്മചൈതന്യത്തിൽ ജീവാത്മാവിനെ ലയിപ്പിക്കുന്നതിനു ശ്രമിക്ക, എന്നുള്ളതാണ് ജീവിതോദ്ദേശ്യം എന്നും, ആ ഉദ്ദേശത്തെ നിറവേറുന്നതിനുള്ള മാർഗ്ഗം വിശ്വാസം ആണെന്നും അവർ അറിഞ്ഞു. വിശ്വാസത്തെ പ്രബലപ്പെടുത്തുന്നതിനും നമ്മുടെ ജീവിതയാത്ര ആ ദൈവവിശ്വാസത്തിൽ നിന്നും തെററിത്തിരിഞ്ഞുപോകാതെയിരിക്കുന്നതിനും പ്രത്യേകമായി ചില നിബന്ധനകളെ അവർ ഏർപ്പെടുത്തി. നമ്മുടെ വിശ്വാസത്തിനും കർമ്മങ്ങൾക്കും അടിസ്ഥാനമായി നിൽക്കുന്ന ആ നിബന്ധനകളത്രെ മതം. എന്നാൽ മതം എന്നതു ലോകമെങ്ങും വ്യാപിച്ചു കാണപ്പെടുന്നു. നാം അധിവസിച്ചുവരുന്ന ഈ ഭൂഖണ്ഡത്തിൽ അനേകരാജ്യങ്ങളും അവിടെയെല്ലാം ജനങ്ങളും ഉണ്ട്. ഏതെങ്കിലും ഒരു മതത്തിൽ ഉൾപ്പെട്ടവരായിട്ടല്ലാതെ ഒരുത്തരേയും കാണുകയില്ല. അതിനാൽ മതം എന്നതു ലോകവൃത്തിയെ ആശ്രയിച്ചിരിക്കുന്നു എന്നു ഊഹിക്കുവാൻ ചില ന്യായങ്ങൾ ഉണ്ട്. വൃത്തി രണ്ടു പ്രകാരമാകുന്നു. ഒന്നു മാനസികവും മറെറാന്നു കായികവും അത്രെ. കായികവൃത്തി ബാഹ്യമായും സ്ഥൂലമായും ഇരിക്കുന്നതാകയാൽ അതിന്റെ അന്യോന്യഗ്രഹണം അത്ര ദുസ്സാദ്ധ്യമല്ല. മാനസികവൃത്തി അന്യോന്യഗ്രഹണത്തിനു സാധാരണയായി വിഷയീഭവിക്കുന്നില്ല. അഥവാ ഭവിക്കുന്നുവെങ്കിൽ അതു കായികവൃത്തിയിൽ നിന്നുള്ള അനുമാനം മാത്രമേ ആകുന്നുള്ളു. ഒരു ഭൂഖണ്ഡത്തിലോ ഒരു സമുദായത്തിലോ കായികവൃത്തിക്കു പരസ്പരസാദൃശ്യം ഇല്ലാതെ വരുമ്പോൾ അവിടത്തെയോ അവരുടേയോ മാനസികവൃത്തിയേയോ, മതവിശ്വാസത്തെയോ സംബന്ധിച്ച് ഐകരൂപ്യത്തെ കല്പിക്കുന്നതിൽ സംശയം വരാം. എന്നാൽ ഹിന്ദുമതസ്ഥന്മാരായ ഇൻഡ്യാനിവാസികളുടെ കായികവൃത്തിയും പുരാതനകാലത്തെ അപേക്ഷിച്ചു പരസ്പരസാദൃശ്യമില്ലാതെ വിവിധങ്ങളായ മാററങ്ങളിൽ അകപ്പെട്ടുകൊണ്ടിരിക്കുന്നു. അതുനിമിത്തം മതജീവിതത്തിന്റെ കേന്ദ്രസ്ഥാനമായ വിശ്വാസം എന്ന
യത്തിലും പരസ്പരവിശ്വാസത്തിനു മാർഗ്ഗമില്ലാത്ത നിലയിൽ വന്നു കൂടിയിരിക്കുന്നു. ഏതാനും സംവത്സരങ്ങൾക്കു മുമ്പിൽ ഭസ്മം, രുദ്രാക്ഷം, കാഷായവസ്ത്രം, ജട മുതലായവയെ ധരിച്ചു സഞ്ചരിക്കുന്ന ഒരാളെ ഹിന്ദുമതത്തിൽ ഉൾപ്പെട്ട പരമഭക്തൻ എന്നും, ഒരു ഷർട്ടും, കോട്ടും, ബൂട്ട്സും, മുഖക്ഷൌരവും മുറിച്ച തലമുടിയും ഉള്ള ഒരാളെ ഒരു ക്രിസ്ത്യൻ എന്നും വിശ്വസിക്കാമായിരുന്നു. ഇക്കാലത്ത് അതിനെ വിശ്വസി

ളുന്നതു പാരമാമ്പര്യമായി വന്നേയ്ക്കാം. 'ഉദരനിമിത്തം ബഹുകൃതവേഷം' എന്നു ഒരു രസികൻ പറഞ്ഞിട്ടുള്ളതുപോലെ, ഭസ്മരുദ്രാക്ഷകാഷായവസ്ത്രാദികളെ ധരിച്ചവരിൽ ചിലർ ഉദരപൂരണാൎത്ഥം വേഷമാത്രഭക്തന്മാരായി സഞ്ചരിക്കുന്നവരായും ഷർട്ടു മുതലായവയെ ധരിച്ചവരിൽ ചിലർ ഹിന്ദുമതത്തിന്റെ സൂക്ഷ്മമായ തത്വത്തെ പൂൎണ്ണമായി ധരിച്ചു തന്റെ ജീവിതത്തെ അതേപ്രകാരം കഴിച്ചുകൂട്ടുന്നവരായും ഇരിക്കാം. ഇത് എന്റെ അനുഭവത്തിൽ വന്നിട്ടുള്ള ഒരു വാസ്തവമാകുന്നു. അതുകൊണ്ടു പ്രധാനമായി മാനസികവൃത്തിയെത്തന്നെ ആശ്രയിച്ചിരിക്കുന്ന മതാചാരത്തിന്റെ താല്ക്കാലികസ്ഥിതിയുടെ തത്വത്തേക്കുറിച്ചു യഥാൎത്ഥത്തിൽ നിന്നും സ്വല്പംപോലും തെറ്റാതെ ഉപന്യസിക്കു എന്നുള്ളത് അശക്യമായിട്ടുള്ളതാണ്. എങ്കിലും 'യഥാശക്തി മഹാഫലം' എന്നുള്ള പ്രമാണത്തെ അനുസരിച്ചു സ്വല്പമായ ചില വിവരണങ്ങളെ മാത്രം താഴെ എഴുതിക്കൊള്ളുന്നു.

മതം എന്നുവെച്ചാൽ എന്താണ്? മതവും മനുഷ്യരും തമ്മിൽ വല്ല സംബന്ധവും ഉണ്ടോ? ഇതുകൊണ്ടു നമുക്കുള്ള പ്രയോജനം എന്ത്? എന്നുള്ളതിനെക്കുറിച്ചു സ്വല്പം ആലോചിക്കാം. നമ്മുടെ ജീവിതയാത്രയിൽ പുരോഗാമിയായി നിന്നു സുഖകരമായ മാൎഗ്ഗത്തേയും അതിൽക്കൂടിയുള്ള സഞ്ചാരസമ്പ്രദായത്തേയും ആ സഞ്ചാരവൃത്തി നിമിത്തം താല്ക്കാലികമായി നമുക്കുണ്ടാകുന്ന സമാധാനസമ്പത്തിനേയും ഈ മാൎഗ്ഗമദ്ധ്യേ നൈസൎഗ്ഗികമായി വന്നുകൂടാവുന്നവയും സൂക്ഷ്മവിവേചനാശക്തിയാൽ ലംഘിക്കപ്പെടാവുന്നവയും സുഖസഞ്ചാരത്തിനു പ്രതികൂലികളും ആയ നാനാവിധവിഷമസ്ഥാനങ്ങളേയും അവയുടെ സാമീപ്യത്താൽ ആകസ്മികമായി നമ്മെ ബാധിക്കുന്നവയായ ആപത്തുകളേയും സ്വാഭാവികദോഷത്താൽ ആ വിഷമസ്ഥാനങ്ങളിൽ അകപ്പെട്ടിരിക്കുന്നവൎക്ക് അവയിൽ നിന്നും വിട്ടുമാറി സുഖപ്രദേശമായിൽ പ്രവേശിക്കുന്നതിനുള്ള രക്ഷാമാൎഗ്ഗത്തേയും ഈ യാത്രയുടെ ഉദ്ദേശം എന്തെന്നും, ഉദ്ദിഷ്ടസ്ഥാനം ഏതെന്നും, അതിന്റെ ഉൽകൃഷ്ട്യം എത്രമാത്രം എന്നും അതിനെ പ്രാപിച്ചാൽ ഉണ്ടാകുന്ന ഗുണം ഇന്നതെന്നും ആ ഗുണം സനാതനമോ നശ്വരമോ എന്നും നമ്മോട് ഉപദേശിച്ചുകൊണ്ടിരിക്കുന്ന ഒരു ഉപദേഷ്ടാവാകുന്നു 'മതം മതം' എന്നു വ്യവഹരിക്കപ്പെട്ടുവരുന്നത്. അതുനിമിത്തം മനുഷ്യവൎഗ്ഗത്തോടുകൂടി മതധ്വനിയും ഇടവിടാതെ സിദ്ധിച്ചുകൊണ്ടിരിക്കുന്നു.

മതം എന്ന പദത്തിന്റെ രൂഢിയായ അൎത്ഥം ഇപ്പോൾ പറയപ്പെട്ടപ്രകാരമാണെങ്കിലും ഒരു രാഗത്തെ പല ഭാഗവതന്മാർ എന്നപോലെ ആ അൎത്ഥത്തേത്തന്നെ വിവിധപ്രകാരേണ രൂപാന്തരപ്പെടുത്തി ഓരോ വൎഗ്ഗക്കാർ ഘോഷിച്ചുവരുന്നതു നിമിത്തം ലോകത്തിൽ ഇപ്പോൾ അനവധി മതങ്ങൾ ഉള്ളതായി വ്യവഹരിച്ചും അപ്രകാരം ആചരിച്ചും വരുന്നു എന്നുമാത്രമല്ല, അവരവരാൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന മതം തന്നെയാണ് ശ്രേഷ്ഠം എന്നും സത്യം എന്നും വിശ്വസിക്കുകയും, അന്യമതം നികൃഷ്ടവും അസത്യവും ആകുന്നു എന്നു മുറവിളികൂട്ടുകയും ചെയ്യുന്നു. 'നിങ്ങളുടെ മതത്തെ ഉപേക്ഷിച്ചു ഞങ്ങളുടെ മതത്തെ സ്വീകരിക്കുവിൻ' എന്നുള്ള പാതിരിമാരുടെ ഉപദേശം തന്നെ മേല്പറഞ്ഞ സംഗതിക്കു ദൃഷ്ടാന്തമാണ്. അവർ ഇതിനും പുറമേ ദ്രവ്യവ്യയം കൂടി ചെയ്തുവരുന്നുണ്ട്. എന്നാൽ ഹിന്ദുക്കൾ അപ്രകാരം ഉപദേശം ന

ടത്തുകയോ ധനവ്യയം ചെയ്കയോ ചെയ്യുന്നില്ല. എന്നാൽ അവക്കും മതാഭിമാനം ഉണ്ടെന്നു പറയാം. മനുഷ്യരുടെ ഈ ചാപല്യം എപ്പോൾ ഉത്ഭവിച്ചുവെന്നും എപ്പോൾ അവസാനിക്കുമെന്നും അറിഞ്ഞുകൂട. ഇത്രയും പറഞ്ഞതുകൊണ്ടു മതവും മനുഷ്യജീവിതവും തമ്മിൽ നൈസൎഗ്ഗികമായ ഒരു സംബന്ധം ഉണ്ടെന്നും മതം മനുഷ്യരുടെ രക്ഷാമാൎഗ്ഗദൎശിയാണെന്നും ആത്മസംസ്കാരവിഷയോപയോഗിയായ തത്വവിജ്ഞാനമാൎഗ്ഗേണ സൂക്ഷ്മാന്വേഷണം ചെയ്യുന്ന പക്ഷം എല്ലാ മതങ്ങൾക്കും സാമാന്യേന ഐകരൂപ്യം സിദ്ധിക്കുമെന്നും, തത്വവിജ്ഞാനഘട്ടത്തിൽ എത്തുന്നതുവരെയും മതാഭിമാനികൾ തമ്മിൽ ഐകമത്യം ലഭിക്കയില്ലെന്നും സാധിക്കുന്നുണ്ടല്ലൊ. എന്നാൽ പ്രകൃതം അനുസരിച്ചു ഹിന്ദുമതത്തെ സംബന്ധിച്ചിടത്തോളം മേല്പറയപ്പെട്ട ഗുണസംബന്ധാദികൾ ഏതുവിധം ഇരിക്കുന്നു എന്നാലോചിക്കാം.

ഹിന്ദുക്കളുടെ ഐഹികപാരത്രികങ്ങളായ സകല സുഖങ്ങൾക്കും കാരണഭൂതവും പ്രപഞ്ചസൃഷ്ടി, സ്ഥിതി, നാശം, കൎമ്മകാണ്ഡം, ജ്ഞാനകാണ്ഡം, ഭക്തിമാൎഗ്ഗം എന്നു തുടങ്ങിയുള്ള അഗാധങ്ങളായ വിഷയങ്ങളെപ്പററി പ്രതിപാദിക്കുന്നതുമായ ഗ്രന്ഥം വേദം ആകുന്നു. ഋക്, യജുസ്സ്, സാമം, അഥൎവ്വം ഇങ്ങിനെ വേദത്തെ നാലായി നാം അറിയുന്നതു വ്യാസൻ എന്ന തപോധനന്റെ കാലം മുതല്ക്കാണെന്നും വേദത്തെനാലായി തിരിച്ചതു മുതലാണ് വേദവ്യാസൻ എന്നുള്ള നാമധേയം അദ്ദേഹത്തിനുണ്ടായതെന്നും ഈ അവസരത്തിൽ സ്മരണീയമാണ്. സൃഷ്ടികാലത്തിൽ ശുദ്ധചൈതന്യമായ ആ നിൎവ്വികാരബ്രഹ്മത്തിൽ നിന്നു പ്രണവസ്വരൂപമായി ഒരു നാദം ഉത്ഭവിച്ചുവെന്നും സകല ശ്രുതികളും പഞ്ചഭൂതങ്ങളും ആ നാദത്തിൽനിന്നു പ്രകാശിച്ചുവെന്നും സനാതനധൎമ്മപ്രതിപാദകങ്ങളായ ആ ശ്രുതികൾതന്നെ അംഗോപാംഗങ്ങളോടു കൂടി ചതുൎദ്ദശവിദ്യാസ്ഥാനങ്ങളായും ഹിന്ദുമതത്തിന്റെ അല്ലെങ്കിൽ സനാതനധൎമ്മത്തിന്റെ ആശ്രയഭൂതങ്ങളായും തീൎന്നിരിക്കുന്നുവെന്നും മേല്പറഞ്ഞ ശ്രുതികൾ ഘോഷിക്കുന്നു. ആ സനാതനധൎമ്മത്തിനു പ്രവൃത്തി എന്നും നിവൃത്തി എന്നും രണ്ടു ലക്ഷണങ്ങൾ ഉണ്ട്. അവ രണ്ടും വേദാദികളായ ചതുൎദ്ദശവിദ്യകളിൽനിന്നും ഗ്രാഹ്യങ്ങളാകുന്നു. യാഗഹോമാദികൎമ്മാനുഷ്ഠാനം പ്രവൃത്തിലക്ഷണവും വിഷയവൈരാഗ്യത്തോടു കൂടി ആത്മവിചാരം ചെയ്ക എന്നുള്ളതു നിവൃത്തിലക്ഷണവും ആകുന്നു. ഋക്, യജുസ്സ്, സാമം, അഥൎവ്വം ഇങ്ങിനെ നാലു വേദങ്ങളും ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ജ്യോതിഷം, ഛന്ദസ്സ് ഇങ്ങിനെ ആറ് അംഗങ്ങളും ന്യായശാസ്ത്രം, ധൎമ്മശാസ്ത്രം, അഷ്ടാദശപുരാണം മീമാംസാശാസ്ത്രം ഇങ്ങിനെ നാല് ഉപാംഗങ്ങളും കൂടി ചതുൎദ്ദശവിദ്യാസ്ഥാനങ്ങളായി തീൎന്നിരിക്കുന്നു. ഋഗ്വേദം മുതൽ മീമാംസാശാസ്ത്രത്തിന്റെ പൂൎവ്വകാണ്ഡം വരെയുമുള്ള പതിമ്മൂന്നു വിദ്യകളും പ്രവൃത്തിലക്ഷണധൎമ്മത്തെയും ഉത്തരമീമാംസയാകുന്ന (ബ്രഹ്മകാണ്ഡം) ഉപനിഷത്തു നിവൃത്തിലക്ഷണധൎമ്മത്തെയും നമ്മെ പഠിപ്പിക്കുന്നു. ഇവയിൽ പ്രവൃത്തിലക്ഷണധൎമ്മം നമ്മുടെ പൂൎവ്വികാൎയ്യന്മാരുടെ പ്രകൃതിസിദ്ധമായ രുചിഭേദം അനുസരിച്ച് അവരാൽ അനുഷ്ഠിക്കപ്പെട്ടുവന്നിരുന്ന കൎമ്മങ്ങളുടെ പ്രകാരാന്തരത്തിന്റെ അതിവ്യാപ്തി നിമിത്തം വൈഷ്ണവം, ശൈവം, ശാക്തേയം മുതലായി അനേകശാഖാഭേദങ്ങളോടു കൂടി നടന്നുകൊണ്ടിരിക്കുന്നു എങ്കിലും നിവൃത്തിലക്ഷണമായ സനാതന

ധർമ്മത്തിന്റെ അനുഷ്ഠേയപന്ഥാവിന് ഇതേവരെ യാതൊരു മാററവും പററിയിട്ടില്ല; പററുന്നതുമല്ല. എന്നാൽ പ്രകൃതിയുടെ ചാപല്യത്തിന് അധീനന്മാരായി ലോകവ്യാപാരദശയിൽപ്പെട്ടിരിക്കുന്ന മനുഷ്യജീവികൾക്ക് മേൽപ്പെട്ട പ്രവൃത്തിലക്ഷണധർമ്മം തന്നെയാണ് അവരുടെ രക്ഷാമാർഗ്ഗമായി ഉപയോഗിക്കപ്പെട്ടു വരുന്നത്.

'നഹി കശ്ചിൽക്ഷണമപി
ജാതു തിഷ്ഠത്യകർമ്മകൃൽ
കാര്യതേഹ്യവശഃ കർമ്മ
സർവ്വഃ പ്രകൃതിജൈർഗ്ഗുണൈഃ (ഭ. ഗീ)

എന്നുള്ള ന്യായേന പ്രവൃത്തി ലക്ഷണധർമ്മത്തിൽ നിന്നും തെററിയാൽ രക്ഷാമാർഗ്ഗം ലഭിക്കയില്ലെന്നു സാധിക്കുന്നു. മനുഷ്യരിൽ സൂക്ഷ്മജ്ഞാനികൾ വളരെ കുറവാകുന്നുവല്ലോ. അതുകൊണ്ടു പ്രവൃത്തി ലക്ഷണധർമ്മത്തിന്റെ പ്രയോജനശക്തിയേയും പ്രകൃതത്തിനു വിഷയമായിരിക്കുന്ന ഹിന്ദുമതത്തിന്റെ ആ ശക്തിക്കുള്ള പരിമാണത്തേയും കുറിച്ച് ആലോചിക്കാം.

പ്രവൃത്തി ലക്ഷണധർമ്മത്തെ കർമ്മകാണ്ഡം എന്നു വ്യാഖ്യാനിക്കാം. കർമ്മം നിഷ്കാമമെന്നും സകാമമെന്നും രണ്ടു പ്രകാരമാകുന്നു. സകാമകർമ്മം മുമുക്ഷുക്കളാൽ ആദരണീയമല്ലെന്നു ഹൈന്ദവശാസ്ത്രപുരാണേതിഹാസങ്ങൾ ബലമായി പറയുന്നു. നിഷ്കാമകർമ്മം ആരാലും സ്വീകാര്യമാണെന്നും മേല്പറഞ്ഞ പ്രമാണങ്ങൾ ഘോഷിക്കുന്നു. എന്നാൽ ഇദാനീന്തനന്മാരായ പാശ്ചാത്യവിദ്യാഭ്യാസപരിഷ്കാരികൾക്ക്, ഈ നിഷ്കാമശബ്ദവും കൃഷി, കച്ചവടം, കൈത്തൊഴിൽ മുതലായ ലൗകികവിഷയങ്ങളിലെ പരിശ്രമബുദ്ധിയും തമ്മിൽ വലുതായ അന്തരമുണ്ടെന്നും നിഷ്കാമകർമ്മത്തെ ആശ്രയിച്ചിരിക്കുന്ന യാവനൊരുത്തനും മുൻപറഞ്ഞ വ്യവസായാദിവൃത്തികളെ ലോകത്തിൽ വർദ്ധിപ്പിച്ച് ഒരു സമുദായത്തെ പരിഷ്കൃതരീതിയിൽ അഭിവൃദ്ധ്യുന്മുഖമാക്കി ജീവിപ്പിക്കുന്നതു പ്രയാസസാദ്ധ്യമല്ലയോ എന്നും സമുദായാഭിവൃദ്ധിയെ ആഗ്രഹിക്കുന്നവർ സകാമകർമ്മാനുഷ്ഠാനത്തിൽതന്നെയല്ലേ ജീവിക്കേണ്ടതെന്നും സംശയം ജനിച്ചു എന്നു വരാം. നിഷ്കാമസകാമകർമ്മങ്ങളുടെ അനുഷ്ഠാനക്രമത്തിന്റെ സൂക്ഷ്മാവസ്ഥയെ മനസ്സിലാക്കുന്നതുവരെയും അവർക്ക് ആ സന്ദേഹം ജനിക്കുന്നത് അബദ്ധമല്ല. മനുഷ്യരുടെ സകല പ്രവൃത്തികളും മനോബലത്തെ ആശ്രയിച്ചിരിക്കുന്നു; ആ മനസ്സു ജീവാത്മചൈതന്യത്താൽ ജീവിക്കുന്നു; ജീവശക്തി ശരീരവിയോഗകാലം വരെ അതിനെ ആശ്രയിക്കുന്നു; ശരീരം ആഹാരനീഹാരാദികളെ ആശ്രയിക്കുന്നു; ആഹാരാദികൾ ധാന്യാദിവസ്തുക്കളെ ആശ്രയിക്കുന്നു; വസ്തുക്കൾ കൃഷി, കച്ചവടം, കൈത്തൊഴിൽ മുതലായ വ്യവസായവൃത്തികളെ ആശ്രയിക്കുന്നു; ആ വൃത്തി വിദ്യാഭ്യാസത്തെ ആശ്രയിക്കുന്നു; വിദ്യാഭ്യാസം നിമിത്തം ഈശ്വരതത്വവിജ്ഞാനവും മതപ്രതിപത്തിയും പ്രവൃത്തികളുടെ അവസ്ഥാഭേദബുദ്ധിയും നമുക്ക് ഉണ്ടാകുന്നു; അപ്പോൾ വൈദികധർമ്മാനുസാരേണ ലോകാവശ്യങ്ങൾക്ക് ഉപയുക്തമായ വിധത്തിൽ കർമ്മാനുഷ്ഠാനവും ഈശ്വരോപാസനയും ചെയ്യുന്നതിനുള്ള ശക്തി നമുക്കു സിദ്ധിക്കുന്നു; വിധിനിഷേധങ്ങളെ അറിയുന്നു; വിധിയെ സ്വീകരിക്കുകയും നിഷേധത്തെ ത്യജിക്കുകയും ചെയ്യുന്നു; അതു നിമിത്തം നമ്മുടെ കർമ്മാനുഷ്ഠാനം നിഷ്കാമപരമായി പര്യവസാനിക്കുന്നു; നിഷ്കാമകർമ്മത്താൽ മനഃശുദ്ധി ഉണ്ടാകുന്നു; മനഃശുദ്ധിയാൽ ജ്ഞാനം ലഭിക്കുന്നു; ജ്ഞാനം ഹേതുവായിട്ടു ബ്രഹ്മോപാസന ചെയ്യുന്നു; ആ ബ്രഹ്മോപാസന അനശ്വരമായ

പരമാനന്ദത്തെ പ്രദാനം ചെയ്യുന്നു; അപ്പോൾ നാം മനുഷ്യജീവിതോദ്ദേശം സാധിച്ചവരായിത്തീരുന്നു; അതുകൊണ്ടു സനാതനധൎമ്മമാകുന്ന വേദവിധി പ്രകാരം നമ്മുടെ ജീവിതയാത്രയെ കഴിച്ചുകൂട്ടുന്നതിന് ഉപയുക്തമായ നിഷ്കാമകൎമ്മത്തിന്റെ അനുഷ്ഠാനത്തിനു പാശ്ചാത്യവിദ്യാഭ്യാസം ഒരിക്കലും വിരോധമായി തീരുന്നതല്ല.

(തുടരും)

ശീരവള്ളി വി. നാരായണൻനമ്പൂരി.

# ബ്രഹ്മരക്ഷസ്സ്

ധൂൎത്താന്റിട്ടംവൈരികളെജ്ജയിച്ച
മാൎത്താണ്ഡവൎമ്മപ്രഭുവഞ്ചിരാജൻ
പാൎത്തായിടസ്സ്വാദിയിലുത്ഭവിച്ച
വാൎത്താവിശേഷങ്ങളിലൊന്നുചൊല്ലാം. ൧

വീരാതിവീരൻപരിപന്ഥിവൎഗ്ഗം
പോരാടിയൊട്ടുക്കമുടിച്ചപോതും
ഘോരാകൃതിബ്രാഹ്മണരാക്ഷസാൎത്തി
തീരാതെയായ് ത്തീൎന്നിതുനാഞ്ചനാട്ടിൽ. ൨

അന്നാട്ടിലുൾപ്പെട്ടകുറച്ചുഭാഗ-
മൊന്നായ്വനമ്പോലെകിടന്നിരുന്നു
അന്നാവഴിക്കുള്ളഗതാഗതങ്ങൾ-
ക്കൊന്നായ്ജനംകൂട്ടുകയാണുചട്ടം. ൩

അന്നെത്രയോദുൎഘടമാസ്ഥലത്തു
വന്നെത്തിപോൽബ്രാഹ്മണരാക്ഷസേന്ദ്രൻ
പിൻനോട്ടമില്ലാതവനാവഴിക്കു
ചെന്നോരെയൊട്ടുക്കടലോടെതിന്നും. ൪

ഇത്യുഗ്രമീബ്ബാധകൾപാതിരക്കു
ചെയ്യുള്ളുവെന്നുള്ളൊരുമട്ടുമാററി
കയ്യുണ്ടുമൂവന്തിയിലുംനമുക്കെ
ന്നയ്യോകടുപ്പംപകലുംതുടങ്ങീ. ൫

രാജാവിനുംബ്രാഹ്മണനുംപരക്കെ
ബ്ബജാതരായീടിനമററുപേൎക്കും
വൈജാത്യമില്ലീദ്ദ്വിജരാക്ഷസൌഘ
രാജാവിനാരാകിലുമൊന്നുപോലെ. ൬

തോവാളകാപ്പാൻനൃപനാക്കിവിട്ട
കൈവാളുമായ്പ്പോമൊരുകൊത്തുവാളെ
രാവായിടുംമുമ്പുവഴിക്കുവെച്ചു
ജീവാന്തമേല്പിച്ചിതുഘോരരൂപൻ. ൭

ശാന്തിക്ഷമാശാലിമഠംശുചീന്ദ്രം
ശാന്തിക്കുപോമ്പോൾതലതച്ചുകീറി
ചീന്തിക്കുടിപ്പംശിവനേതലച്ചോർ
മാന്തിക്കുടിച്ചിട്ടുമന്നിവൻതാൻ. ൮

തഞ്ചപ്പെടുംകച്ചവടത്തിനായി-
ട്ടഞ്ചെട്ടുപേർചെട്ടികൾപോയിടുമ്പോൾ
തൻചച്ചരുദ്രാക്ഷവിഭൂതിമട്ടായ്
മുൻചെന്നിതിബ്രാഹ്മണരാക്ഷസേന്ദ്രൻ. ൯

വേദംജപിക്കുംശിവനെസ്തുതിക്കും
ഖേദംജനിക്കുംപടിവാപൊളിക്കും
സാദംനടിക്കുംനരരെപ്പിടിക്കും
പാദംകടിക്കുംരുധിരംകുടിക്കും. ൧൦

ഇക്കുററനിൎമ്മാതിരിയെത്തിടുന്ന
തക്കുട്ടർകണ്ടേവരുമൊന്നുപോലെ
വെക്കംഭയപ്പെട്ടുമറിഞ്ഞുവീഴും
തക്കംപിടിച്ചാശരനാശുതിന്നും. ൧൧

വീരസ്യമേറുംപലമന്ത്രവാദി
വീരൎക്കുമീബ്രാഹ്മണരാക്ഷസേന്ദ്രൻ
നേരിട്ടമാത്രക്കുടനന്ത്യകാലം
നേരിട്ടതിൽഭൂപനുമൊന്നുഴന്നു. ൧൨

ചെന്നാസ്സുനമ്പൂതിരിമാരിൽവെച്ച
മൂന്നാമനാം മാധവഭൂമിദേവൻ
ഞാനാഴ്ചോൾസേതുവിലേയ്ക്കുപോയി
വന്നാപ്രദേശത്തിലണഞ്ഞുപോലും. ൧൩

പാട്ടിൽദ്വിജൻബ്രാഹ്മണരാക്ഷസന്റെ
കാട്ടിൽകടന്നൊട്ടിടചെന്നനേരം
ഊട്ടിപ്പകഴ്ത്തുംശിവനാമഘോഷം
കേട്ടിത്തിരിസ്ഥൈര്യമൊന്നതെളിഞ്ഞുനിന്നു. ൧൪

കാണായിനാൽക്കോലുയരംകലന്നു
ചെണ്ണാന്നശൈവദ്വിജവേഷമോടും
ആണായൊരാളങ്ങിൽവരുന്നതപ്പോ-
ളാണാദ്വിജൻകണ്ടതുഭൂതഭാവം. ൧൫

പന്തീരടിപ്പാടകലത്തുനിന്നു
പൊന്തീയെതിക്കണ്ണനവൻപറഞ്ഞു
'എന്തിപ്പുറപ്പാടെവിടുന്നുധൈര്യം
മുന്തീടുമങ്ങെന്റെവിരുന്നിനായി.' ൧൬

നമ്പൂതിരിപ്പാടുരചെയ്തു 'കൊള്ളാം
വൻപൂജിതപ്പെട്ടഭവാന്റെഭാവം
മുൻപൂക്കകാണിച്ചതുപോലെയല്ലീ
നമ്പൂരിയോടാവുകയില്ലകാര്യം.' ൧൭

രക്ഷസ്സുചൊല്ലീ 'കുലധർമ്മകർമ്മ-
രക്ഷയ്ക്കുനോന്തമ്മിലിടഞ്ഞുനിന്നാൽ
ശിക്ഷയ്ക്കൊരാളാസ്പദമാകുമെന്റെ
പക്ഷംഫലംഭക്ഷകഭക്ഷ്യഭാവം.' ൧൮

'എന്നമ്പൂരിപ്പാൻകൊതിയോതനിയ്ക്കു
നന്നേവമെന്നാലിനിമേലൊരാളിൽ
ചെന്നേല്ക്കുവാൻസംഗതിയായിടാതെ
വന്നേയ്ക്കു'മെന്നാൻചിരിപൂണ്ടുവിപ്രൻ. ൧൯

'മുൻകേൾവികേൾപ്പാനിടയുള്ളൊരെന്റെ
സങ്കേതഭൂവേറിയതെന്തിനായ്നീ?'
'സങ്കേതമോ ഭൂമിമനുഷ്യലോകം
നിൻകേറാനേതോതിനെന്തുന്യായം.' ൨൦

'മർത്ത്യാശനർക്കുള്ളപുരപ്രദേശം
മർത്ത്യാലയംകേറുകവയ്യയെന്നോ?'
'വ്യത്യാസമുണ്ടാംചിലതാന്തന്നക്കീ-
ക്കൃത്യാശരോച്ചാടനശക്തിയുണ്ടാം.' ൨൧

'ഞാനന്തണൻരാക്ഷസനായതാണു
താനന്തരംകണ്ടുകളിച്ചിടേണ്ടാ'
'സ്ഥാനാന്തരംമാറുമറിഞ്ഞമന്ത്ര-
ധ്യാനാന്തരത്തിൽഫലിയാതെയാമോ?' ൨൨

'എന്നാൽനമുക്കൊന്നുപിടിച്ചുനോക്കാ'-
മെന്നായിരണ്ടാളുമിടഞ്ഞുവാദം
ഒന്നാഞ്ഞുകേറീദ്വിജരാക്ഷസേന്ദ്രൻ
നിന്നാൻനിലപ്പാടിനമാന്ത്രികേന്ദ്രൻ. ൨൩

ആവാഹനംമുന്നുരചെയ്തുഭൂമീ
ദേവാഗ്ര്യനപ്പോൾദ്വിജരാക്ഷസാംഗം
ഹാവാച്ചുമങ്ങിപ്പുകപോലെചിന്നി
ട്ടാവാനിടത്താശുമറഞ്ഞുപോയി. ൨൪

ഏവംബ്രാഹ്മണരാക്ഷസാന്തിശമനം
ചെയ്തോരുനമ്പൂരിപ്പാട്-
ഭാവംകാട്ടിവഴിയ്ക്കുനന്ദശയന-
ത്തെത്തുന്നതിൻമുന്നമേ
ദേവബ്രാഹ്മണഭക്തനോറമെതിരേ
റ്റെച്ചിച്ചുരാജാവക-
ത്താവമ്പിച്ചകിരാതരുദ്രനടിമ-
പ്പാടാക്കിരക്ഷസ്സിനെ. ൨൫

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

# ഒരു കഥ

'ഏററംവന്നാലിത്രവരാമോ
കാററുംമഴയുംകാണമാറില്ല.'

ഭാഗ്യാധിപൻ ഉച്ചത്തിലായപ്പോൾ എങ്ങിനെ ഒരു മഹാ ധനികനായിത്തീൎന്ന മൂലശ്ശേരി മൂത്ത പണിക്കർ നാലഞ്ചുകൊല്ലത്തിനുള്ളിൽ നാട്ടിൽ പ്രമാണിയായി, നല്ല കീൎത്തിയും ജാതിയോഗ്യം മഹാധൎമ്മിഷ്ഠനെന്ന പേരും സമ്പാദിച്ചു. കൂടക്കൂടെ പല മാന്യന്മാരെയും രാജധാനിപോലെയുള്ള തന്റെ പുതിയ ബങ്കളാവിലേയ്ക്കു ക്ഷണിക്കുന്നു; വിരുന്നു കഴിക്കുന്നു; പൊടിപൂരം.

വീട്ടുകാരോടു തമ്മിൽ പിണങ്ങി ഭാഗം തിരിച്ചുവാങ്ങി ഭാൎയ്യയും മക്കളും കൊട്ടും ഢീക്കടിച്ചു പൊടിപൊടിച്ചും ഉതിപതിയപത്തെ വയസ്സിനകത്തു ദാരിദ്ര്യദേവതയുടെ പൂൎണ്ണമാഹാത്മ്യം അറിഞ്ഞു പിച്ചതെണ്ടിയും തറവാടിയായ അരിമ്പൂർ താമരക്കാരപ്പിന്റെ ഭാൎയ്യവീട്ടിൽ ദാസ്യപ്രവൃത്തിയെടുത്തും കഴിച്ചുകൂട്ടിയിരുന്ന മൂലശ്ശേരി കിട്ടുണ്ണിയാണിത്. ഏതാനും ഒരു ചെറിയ നാളികേരമോഷണക്കേസ്സിൽ നാട്ടുവിട്ടു ചാടിപ്പോയി നാലഞ്ചു കൊല്ലം തിരിച്ചു വന്നപ്പോൾ ഉദ്ധാരത്തിന്റെ ഭാവം തീരെ മാറി എന്നേ പറയേണ്ടൂ.

ശ്രീമാനായ കിട്ടുണ്ണിപ്പണിക്കരുടെ അല്പകാലത്തിനുള്ളിൽ അതിരാശ്ചൎയ്യമായ അഭിവൃദ്ധിയുടെ കാരണം അന്വേഷിച്ചറിയുവാൻ അരിമ്പൂർ കാരപ്പു മുതലായ പല പ്രമാണികളും ആദ്യകാലത്തിൽ ശ്രമിച്ചിരുന്നുവെങ്കിലും അതെല്ലാം പണിക്കരുടെ ഉദരത്തിന്റെ ഗാംഭീൎയ്യത്തിലടങ്ങി തീരെ ലയിച്ചു പോയിരിക്കുന്നു. എന്നാൽ ക്രമത്തിൽ കിട്ടുണ്ണിപ്പണിക്കരുടെ യശസ്സാദികളൊക്കെ ശിഷ്ടന്മാരെക്കാൾ ധനവാന്മാരേക്കാൾ അധികം പൊങ്ങിത്തുടങ്ങുന്നു. ആഭിജാത്യംകൊണ്ടുയൎന്ന ചില ജാതിതലവന്മാരും ഇടക്കിടക്കു പണിക്കരുടെ അതിഥിസൽക്കാരത്തിനും സൽസുഖാദികളുടെ പ്രവാഹത്തിനും പാത്രമായിത്തീരുന്നു. ഈ വ്യത്യാസനിമിത്തം കഷ്ടിച്ചു കഴിഞ്ഞിരുന്നമാത്രം കാണാനിലയുള്ള കനകത്തു വീട്ടിലെ കാരണവരും കൊലക്കിലപ്പിം മടിയനും കണ്ടാൽതന്നെ മടയനുമായ കണ്ണതിക്കേളമേനോൻ കട്ടിലിന്മേൽ കിടന്നു പിറുപിറുക്കുന്ന കൂട്ടത്തിൽ ഒരോഹരി പണിക്കൎക്കും ഉണ്ടാകാറില്ലെന്നില്ല. ചില പ്രത്യേകന്മാർ വഴിയ്ക്കു ഈ വൎത്തമാനം പണിക്കരറിയുന്നുമുണ്ടു. പക്ഷേ കണ്ണതിക്കേളമേനോന്റെ പ്രകൃതിയും പ്രവൃത്തിയും നല്ല നിശ്ചയമുള്ള പണിക്കരോ കൊമ്മാമോനാന്റെ മരുമകൾ ദാക്ഷായണിക്കുട്ടിയെ കാന്തികയിൽ കുന്ന പൂൎവ്വസ്വന്തക്കാരൊണ്ട ധീരനും കൃതജ്ഞനുമെന്നു പേരുകേട്ട പണിക്കർ അത്ര വകവെക്കാറില്ല. കനകത്തു വീട്ടിൽ ഇങ്ങിനെയൊരു കാരണവരും പെൺകുട്ടിയുമല്ലാതെ പ്രാപ്തിയായി ഒരാളും ഇല്ലായ്കയാൽ സാധുക്കളായ അവരോട് ഇണങ്ങുന്നതും പിണങ്ങുന്നതും പണിക്കരുടെ സ്ഥിതിയ്ക്കു ചേരാത്തതാണെന്നും ഒരു പക്ഷമുണ്ടു. എന്തായാലും അരിമ്പൂർ കാരപ്പും ഭാൎയ്യയും മരിച്ചു പോയതിനുശേഷം കാരപ്പിന്റെ ഏകസന്താനമായ ദാക്ഷായണിക്കുട്ടിയെയും അനാഥപ്രായമായ കനകത്തു തറവാടിനെയും നാട്ടുപ്രമാണിയുടെ നിലയിലെങ്കിലും കിട്ടുണ്ണിപ്പണിക്കർ നോക്കി രക്ഷിക്കാതിരിപ്പാൻ കാരണം കണ്ണതിക്കേളമേനോന്റെ ബുദ്ധിയുടെ അപകടത്തരമാണെന്നുള്ളതിന്നു സംശയമില്ല. വാസ്തവത്തിൽ പണിക്കരെപ്പോലെ ഒരു രക്ഷാകൎത്താവുണ്ടായിരുന്നുവെങ്കിൽ ആ പെൺകുട്ടി അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്കു എത്ര ഭേദം വരുമായിരുന്നു. എന്തിനധികം പറയുന്നു! അന്നന്നു സമ്പാദിച്ചു കൂട്ടിച്ചു മെഴുകുക, ഭക്ഷണത്തിനുവേണ്ട സാമാനങ്ങൾ തയ്യാറാക്കുക, പാത്രം തേച്ചു ശുദ്ധി വരുത്തുക, പശുവിനെക്കറക്കുക പാചകപ്രവൃത്തി ചെയ്യുക മുതലായി ഒരു ഗൃഹത്തിൽ വേണ്ട സകല പ്രവൃത്തികളും പത്തുപതിനഞ്ചു വയസ്സായ ആ കുട്ടിതന്നെ എടുക്കണം; കൂലിക്കാരെക്കൊണ്ടു വേലയെടുപ്പിക്കണം, നെല്ലു പിരിക്കണം, വെക്കണം, കറി അരിയാക്കണം, കാരണവരെ ശുശ്രൂഷിക്കണം, കാരണവരുടെ കൂടാതെ കാരണവർ പറയുന്ന കഠിനവാക്കുകൾ കേട്ടുകൊള്ളുകയും വേണം. ഇങ്ങിനെ ദിനം നാഴിക പോലും അനാദ്യായമോ വൈപരീത്യമോ ഇല്ലാതെ വേലയെടുത്തു വലയുന്ന ഈ സാധുപ്പെൺകുട്ടി മുമ്പു കഴിഞ്ഞിരുന്നതും ഇപ്പോൾ കഴിയുന്നതും കൂടി കണ്ടാൽ ഏതു ക്രൂരഹൃദയനും കഷ്ടം തോന്നാതിരിക്കില്ല. ആക്കൂട്ടരെ കൎമ്മബന്ധുതുല്യനായ കിട്ടുണ്ണിപ്പണിക്കൎക്കും ഈ പെൺകുട്ടിയ്ക്കും പറ്റുകൊള്ളത്തിന്നിടയ്ക്കു വന്നു കൂടിയ മാററം ഏററവും അത്ഭുതകരമായിരിക്കുന്നു വെന്നേ പറവാനുള്ളു.

മേടമാസം ഒന്നാം തിയ്യതി കണികണ്ടു കണി കഴിഞ്ഞു നേരമായപ്പോൾ കൊട്ടിപ്പാടി വന്ന മൂത്ത ... ക്കൾ ഒരുപോലെ മധുരം വിളമ്പി അ...

നേരം ഇരിയ്ക്കേണ്ടി വന്നതിനാൽ അടിവയററിൽ അല്പം സുഖക്കേടു തോന്നി. വൈദ്യൻ വേലപ്പനെ വരുത്തി വിവരം പറഞ്ഞപ്പോൾ വ്യായാമം വേണ്ടതായി വന്നതുകൊണ്ടു വയിന്നേരം അഞ്ചുമണിക്കു കാൽനടയായിത്തന്നെ സഞ്ചരിപ്പാൻ നിശ്ചയിച്ചു. കുതിരക്കാരൻ പരമേശ്വരനു ശകാരം കൂടാതെ കഴിഞ്ഞതിനാൽ വിഷുക്കണി അധികം തരുകേയില്ലെന്നോൎത്തു വളരെ സന്തോഷമുണ്ടായി. മൂത്ത പണിക്കർ ലാത്തുവാൻ പോകുമ്പോൾ അവസ്ഥയ്ക്കു കുറവു വരരുതെന്നു വെച്ചു കാൎയ്യസ്ഥൻ ഗോപാലമേനോനെത്തന്നെയാണ് ഭൃത്യനാക്കിക്കൊണ്ടുപോയിരുന്നത്. എങ്കിലും വിളക്കുംകൊണ്ടു വിരിപ്പൻകളത്തിന്റെ വടക്കേവശം വെട്ടുവഴിയിൽ ചെല്ലുവാൻ പരമേശ്വരനു കല്പനയുണ്ടായിരുന്നു. അസ്തമിപ്പാൻ ഏകദേശം ഒരു നാഴികയുള്ളപ്പോൾ മാളികയിലെ വരാന്തപ്പടിയിന്മേൽ വിളക്കു തുടച്ചു വെടിപ്പാക്കിക്കൊണ്ടിരിയ്ക്കുന്ന പരമേശ്വരൻ ഒരിക്കെ മതിലിന്റെ പട്ടിത്തറെ അററത്തുനിന്നു ആരോ ഉപായത്തിൽ പലവെണ്ണയും വളപ്പിലേക്കു എത്തിനോക്കുന്നതു കണ്ടു. പ്രായത്തിന്നുതക്കതിലധികം ബുദ്ധിവിവേകമുള്ള ആ വാലിയക്കാരൻ അല്പനേരം അന്യന്റെ ഗതി സൂക്ഷിച്ചപ്പോൾ അത് ഒരു ചെറുപ്പക്കാരത്തി പെണ്ണാണെന്നും പശു വെങ്കളാവുവളപ്പിൽ കടക്കുകനിമിത്തം അബദ്ധം പററി പണിക്കരുദ്ദേഹത്തിന്റെ പ്രകൃതത്തെ പേടിച്ചു പരുങ്ങുകയാണെന്നും മനസ്സിലായി. ഉടനെ താഴത്തിറങ്ങി പശുവിനെ ആട്ടിപ്പിടിച്ചു മതിൽക്കെട്ടിന്റെ പുറത്തു കൊണ്ടുചെന്നു. പശുവിനെ ആട്ടിക്കൊണ്ടു വരുന്ന പരമേശ്വരന്റെ മുഖത്തുള്ള സൌമ്യഭാവം കണ്ടപ്പോൾ അപരാധിനിയായ ആ സ്ത്രീക്കു പരുഷവാക്കിലുള്ള പേടിയ്ക്കു പകരം സന്തോഷവും വിശ്വാസവുമാണു മനസ്സിൽ നിഴലാടിയത്.

പരമേശ്വരൻ— ഇതു നിങ്ങടെ പശുവാണെങ്കിൽ കൊണ്ടുപൊയ്ക്കോളൂ. എജമാനൻ ഇവിടെ ഇല്ലാഞ്ഞതും ഞാനുണ്ടായതും നിങ്ങടെ ഭാഗ്യം.

സ്ത്രീ അല്പം പരുങ്ങിക്കൊണ്ട് 'മേലിൽ ഇവിടെ കടക്കാതെ ഭദ്രമാക്കിക്കൊള്ളാം' എന്നു പറഞ്ഞ് ഒരു പുഞ്ചിരികൊണ്ടു കൃതജ്ഞതയെ സൂചിപ്പിച്ചിട്ട് 'മൂത്ത പണിക്കർ എവിടെയാണ്.'

പര— ലാത്താനോ മറേറാ പുറത്തേയ്ക്കു പോയി. ഇനി നേരം വൈകിയ്ക്കേണ്ട! വേഗം പൊയ്ക്കോളൂ! പശുവിനെ വീട്ടിൽ കൊണ്ടുവന്നാക്കിത്തരാമായിരുന്നു. പക്ഷെ ആ വൎത്തമാനമെങ്ങാനും എജമാൻ അറിഞ്ഞാൽ പിന്നെ ഇരിയ്ക്കേണ്ട.

സ്ത്രീ— ഇതു തന്നെ നിങ്ങടെ കരുണയെ ധാരാളം വെളിപ്പെടുത്തിയിരിയ്ക്കുന്നു. ഭാഗ്യവും ഭാഗ്യക്കേടും ദൈവം വരുത്തുന്നതാകയാൽ പണിക്കരുദ്ദേഹത്തിന്നു ഞങ്ങടെ പേരിൽ നീരസമുണ്ടെങ്കിൽ എനിയ്ക്കതിൽ പശ്ചാത്താപമില്ല.

ഈ അവസരത്തിൽ പണിയ്ക്കരുടെ മൂന്നാമത്തെ മകൻ കുഞ്ഞപ്പന്റെ കരച്ചിലും ഇട്ടിത്തായമ്മയുടെ 'പരമേശ്വരാ!, പരമേശ്വരാ!' എന്ന വിളിയും ഒന്നായി കേട്ടു.

പര— 'ഓ! ഞാനങ്ങോട്ടു ചെല്ലട്ടെ' എന്നുപറഞ്ഞു തിരിയെ പൊന്നു വേഗത്തിൽ വെങ്കളാവിൽ ചെന്നു. കുഞ്ഞപ്പന്റെ കയ്യിലുണ്ടായിരുന്ന പപ്പടം കാക്ക കൊത്തിക്കൊണ്ടുപോയതുകൊണ്ടുള്ള സങ്കടമാണെന്നറിഞ്ഞപ്പോൾ അല്പം കുണ്ഠിതമുണ്ടായി. എങ്കിലും അതു പുറത്തു ശോഭിക്കാതെ കുഞ്ഞപ്പനെ സമാധാനപ്പെടുത്തി വിളക്കെടുപ്പാൻ മുകളിലേയ്ക്കു നടന്നു. പോകുന്ന സമയം എന്തോ ഒരു ശക്തി അയാളുടെ മനസ്സിനെ സ്വാധീനപ്പെടുത്തിയതുപോലെ തോന്നി. എന്നാൽ വാസ്തവത്തിൽ അതു നിമിത്തം ആനന്ദമോ അസഹ്യതയോ ഉണ്ടാകുന്നതെന്ന് അയാൾക്കു തന്നെ നിശ്ചയമുണ്ടായിരുന്നില്ല- ശ്രദ്ധയില്ലാതെ പിന്നാക്കം കെട്ടിവെച്ച തലമുടി, പ്രസന്നമായ മുഖം, ഇഷ്ടക്കട്ടിയണിഞ്ഞ ചെറിയ കാതുകൾ, സന്തോഷവും സംഭ്രമവും വിശ്വാസവും ഇടകലൎന്നു പ്രകാശിക്കുന്ന കണ്ണുകൾ, ഭംഗിയിൽ പുതച്ചിരിക്കുന്ന ചെറിയ മുണ്ടിനുള്ളിൽ അവ്യക്തമായി കാണുന്നതും ഒതുക്കവും ചൊരുക്കും ചേൎന്നിണങ്ങിയതുമായ ശരീരം, ചില പച്ചിലകൾ പൊട്ടിച്ചു നുള്ളിക്കൊണ്ടിരിക്കുന്ന കുരുന്നുകൈകൾ, ഇടക്കിടക്കു പിണച്ചു വെക്കുന്ന കാലടികൾ, ഏകദേശം പതിന്നാലു വയസ്സു പ്രായം, വിനയമധുരങ്ങളായ ചില വാക്കുകൾ ഇവയാണ് വെവ്വേറെയും ഒന്നിച്ചും ആ ചെറുപ്പക്കാരന്റെ മനസ്സിൽ പ്രതിഫലിച്ചിരുന്നത്. ഒടുവിൽ നല്ല സ്വഭാവം; സാധുപെൺകുട്ടി എന്നു തന്നെത്താൻ മന്ത്രിച്ചു. കോണി കയറി വിളക്കിരിക്കുന്നിടത്തെത്തുവാൻ വളരെ നേരം വേണ്ടിവന്നു. എന്താവശ്യത്തിന്നാണ് മുകളിലേക്കു വന്നതെന്നുതന്നെ കുറച്ചാലോചിച്ചപ്പോഴെ ഓൎമ്മയുണ്ടായുള്ളു. ഉടനെ ചെറുതായൊരു പുഞ്ചിരിയിട്ടു 'നല്ല കമ്പം അവരുടെ സ്ഥിതി എവിടെ ഞാനെവിടെ' എന്നു വായയ്ക്കുള്ളിൽ പിറുപിറുത്തു വിളക്കെടുത്ത് ഇറങ്ങിപ്പോകയും ചെയ്തു.

ഈ സംഭവം നടന്നിട്ട് അധികകാലം കഴിയുന്നതിന്നു മുമ്പിൽ ഒരു ദിവസം (മിഥുനം വ-ാംനു-യാ

ണെന്നാണു തോന്നുന്നത്) പറമ്പനാട്ട് അങ്ങാടിയിലേക്കു പടിഞ്ഞാറുനിന്ന് ഒരു ജട്കവണ്ടി വരുന്നുണ്ടായിരുന്നു. വണ്ടിയിലിരിക്കുന്ന ആൾക്ക് അറുപതു വയസ്സിൽ കുറവല്ല. മോടി വിശേഷിച്ചൊന്നുമില്ലെങ്കിലും മുഖം കണ്ടാൽ വലിയ പ്രഭുവാണെന്നു തോന്നും. എന്തോ ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കുന്ന ഇദ്ദേഹത്തിന്റെ ശ്രദ്ധ ലേശംപോലും കുതിരയുടെ ഗതിയിലില്ലായ്കയാൽ വണ്ടി വളരെ സാവധാനത്തിലാണു പോകുന്നത്. അങ്ങാടിയുടെ പടിഞ്ഞാറെ തലയ്ക്കലെത്തിയപ്പോൾ അവിടെ അങ്ങാടിപ്പിള്ളർ നാട്ടിയിരിക്കുന്ന കൊടി കണ്ടു പേടിച്ചു കുതിര പെട്ടെന്നു വിലങ്ങത്തിൽ ചാടുകയും വണ്ടി മറിവാൻ തുടങ്ങുകയും ഒരു ചെറുപ്പക്കാരൻ കുതിരയെ ച്ചാടാനയക്കാതെ കടിഞ്ഞാൺ പിടിച്ചു നിർത്തുകയും ഒരു ക്ഷണത്തിൽ കഴിഞ്ഞു. വണ്ടിയിലിരിക്കുന്ന ആൾ വണ്ടി പെട്ടെന്നിളകിയതും നിന്നതും മാത്രമേ അറിഞ്ഞുള്ളു. നോക്കിയപ്പോൾ കുതിരയെ പിടിച്ചു നിർത്തിയിരിക്കുന്ന ഏതോ ഒരു ചെറുപ്പക്കാരനെ കണ്ടു.

പ്രഭു— വേണ്ടാത്ത അപകടത്തിനൊക്കെ ചാടി പുറപ്പെട്ടലോ. എന്താണാവശ്യം, ആൎക്കെങ്കിലും രസക്കേടുണ്ടാകുമോ, വല്ല ആപത്തും വരുന്നുണ്ടോ എന്നും ആലോചിക്കില്ല. അതു ചില വികൃതിക്കുട്ടികളുടെ സ്വഭാവമാണ്.

ചെറുപ്പക്കാരൻ— (താഴ്മയോടുകൂടി) കുതിര ഈ കൊടി കണ്ടു പേടിച്ചു ചാടുവാൻ ഭാവിച്ചതുകൊണ്ടാണു ഞാൻ പിടിച്ചു നിർത്തിയത്.

പ്രഭു— അഹാ! എന്ന് അനുസാസികമായി പറഞ്ഞിട്ട് ആട്ടേ! കുതിരയെ തെളിപ്പാൻ ശീലമുണ്ടോ നോക്കട്ടേ! കേറിയിരുന്നു തെളിക്കു.

അതുവരെ വല്ലാതെ വാടിത്തളൎന്നിരുന്ന ആ ചെറുപ്പക്കാരന്റെ മുഖം ഈ കല്പന കേട്ടപ്പോൾ തെളിഞ്ഞു പ്രകാശിച്ചു. ഉത്സാഹത്തോടെ വണ്ടിയിൽ കയറി തെളിക്കുന്ന ആ കുട്ടിയുടെ സാമൎത്ഥ്യവും വിനയവും കണ്ടിട്ടു പ്രഭുവിന് അത്ഭുതവും സന്തോഷവുമുണ്ടായി.

പ്രഭു— കുട്ടിയുടെ നാട് ഏതാണ്?

കുട്ടി— എടപ്പുറം ദേശമാണ്. ഇവിടന്ന് ഏകദേശം ഇരുപതു കാതം വടക്ക്.

പ്രഭു— എവിടേയ്ക്കാണ് പോകുന്നത്?

കുട്ടി— ഇന്ന ദിക്കിലേയ്ക്കെന്നില്ല. ഭാഗ്യക്കേടിന്റെ ശക്തികൊണ്ടു നാടുവിട്ടു പോന്നു.

പ്രഭു — വെളിവായിപ്പറയൂ! എന്തു ഭാഗ്യക്കേടുകൊണ്ടാണ് പോന്നത്? ചെറുപ്പമല്ലേ മാതുരാന്മാ തേന്നിയിരിക്കും.

കുട്ടി— അമ്മയും അച്ഛനും മരിച്ചു. രക്ഷിപ്പാൻ ആരുമില്ലാതായി. ബുദ്ധിമുട്ടുകൊണ്ടു വീട്ടിൽ താമസിപ്പാൻ നിവൃത്തിയും ഇല്ലാതായിത്തീൎന്നു.

പ്രഭു— എന്നാൽ എന്റെ കൂടെ താമസിപ്പാൻ മനസ്സുണ്ടെങ്കിൽ താമസിച്ചോളു. പേരെന്താണ്?

കുട്ടി— (അല്പം സംശയിച്ചിട്ട്) അവിടേയ്ക്ക് ഇങ്ങിനെ ദയ തോന്നിയതുകൊണ്ട് എന്റെ ഭാഗ്യം മുഴുവനും നശിച്ചിട്ടില്ല. രാമൻകുട്ടിയാണ്.

ഈ സംഭാഷണം കഴിഞ്ഞപ്പോഴേയ്ക്കും വണ്ടി അങ്ങാടിയിൽനിന്നു രണ്ടു നാഴിക കിഴക്കുപുറത്തുള്ള നെല്ലിക്കുളം ദേശത്തെത്തി. പ്രഭു നെല്ലിക്കുളം ദേശത്തെ വലിയ ധനികനായ പൊന്നിച്ചിറക്കയ്മളായിരുന്നു. സത്യം, ധൎമ്മം, ദയ മുതലായ സൽഗുണങ്ങളിൽ സഹജമായ പ്രതിപത്തിയും കാൎയ്യപ്രാപ്തിയും ഉള്ള ഇദ്ദേഹത്തിന്നു പല പുറംനാടുകളിലും അനേകം സ്വത്തുണ്ട്. എങ്കിലും അതു രക്ഷിപ്പാൻ വേറെ ആരുമില്ലെന്നു മാത്രമല്ല തറവാട്ടിൽ സന്തതിതന്നെയില്ല. എന്തോ കാരണത്താൽ ദ്വിതീയപുരുഷാൎത്ഥത്തിൽ തീരെ വിരക്തനായിത്തീൎന്നതുകൊണ്ടു വിവാഹവും ചെയ്തിട്ടില്ല. മരണാനന്തരം തന്റെ സ്വത്തു മുഴുവനും ധൎമ്മവിഷയങ്ങളിലേയ്ക്കു വിനിയോഗിപ്പാൻ വേണ്ട ഏൎപ്പാട് ചെയ്യുന്നതിനായിട്ടാണ് ഇദ്ദേഹം തീൎച്ചപ്പെടുത്തിയിരിക്കുന്നത്. ഈ സ്ഥിതിക്കു നിരാധാരനായി നടക്കുന്ന ആ ചെറുപ്പക്കാരന്റെ മേൽ ഇദ്ദേഹത്തിന്നു ദയ തോന്നിയതിൽ അത്ഭുതമില്ലല്ലോ. കയ്മളുടെ ഗൃഹത്തിലെത്തിയതിന്നു ശേഷം ഓരോ പ്രവൃത്തികളിൽ രാമൻകുട്ടിക്കുള്ള വകതിരിവും ബുദ്ധിസാമൎത്ഥ്യവും സ്വഭാവഗുണവും കണ്ടിട്ടു കയ്മൾക്കു മാത്രമല്ല നാട്ടുകാൎക്കും അയാളുടെ പേരിൽ സ്നേഹവും വിശ്വാസവും ക്രമത്തിൽ വൎദ്ധിച്ചുവന്നു. പുതിയ സമ്പ്രദായപ്രകാരമുള്ള രാമൻകുട്ടിയുടെ മോടി ആദ്യത്തിൽ അത്ര പിടിച്ചിട്ടില്ലാത്തവരും കൂടി അയാളുടെ മററു ഗുണങ്ങളാൽ അധീനന്മാരായിത്തീരുക നിമിത്തം ആ മോടി തന്നെ സ്വീകരിച്ചുതുടങ്ങി. സകല കാൎയ്യങ്ങളും രാമൻകുട്ടി നടത്തിയാൽ അധികം നന്നാകുമെന്നു കയ്മൾക്കു ബോദ്ധ്യവും വന്നു.

കനകത്തുവീട്ടിൽ കാരണവർ കുഞ്ഞിക്കേളുമേനോന്റെ പുതിയ വിവാഹം കഴിഞ്ഞിട്ട് ഇപ്പോൾ നാലു മാസമേ ആയിട്ടുള്ളു. ഇതിന്നിടയ്ക്കു തന്നെ വൃദ്ധസ്യ തരുണീഭാൎയ്യാ പ്രാണേഭ്യോപി ഗരീ

യസി' എന്ന ആപ്തവാക്യം മേനോനെയും കുഞ്ഞിക്കാളിയമ്മയേയും അറിയുന്നവർക്കെല്ലാം മനഃപാഠമായി. ദാക്ഷായണിക്കുട്ടി നാടുവിട്ടു പോയതുകൊണ്ടാണു് ഇത്ര പരന്നതെന്നു തോന്നുന്നു. ആ പെൺകുട്ടി പോവാനുള്ള കാരണം ഇങ്ങിനെയാണ്: പുതിയ അമ്മായിഅമ്മയുടെ ആഗമനം മുതൽ ആ കുട്ടിയ്ക്കു ശകാരവും ശുശ്രൂഷയും മുന്നിരട്ടിച്ചു. എന്നു മാത്രമല്ല എപ്പോഴും പിടിച്ചു തിരുമ്മും നുള്ളും. ചിലപ്പോൾ അടിയുംകൂടി കിട്ടിത്തുടങ്ങി. എന്തിനു പറയുന്നു. ഒരു ദിവസം പശുവിനെ ആട്ടിക്കൊണ്ടു വരാൻ പുഴവക്കത്തേയ്ക്കു പോയി എന്ന് ആരോ പറഞ്ഞറിയുകയാൽ അത് ആഭിജാത്യത്തിനു കുറവാണെന്ന കാരണത്തിന്മേൽ കുഞ്ഞിക്കാളിഅമ്മ ചൂലുകൊണ്ടും വടികൊണ്ടും ആ കുട്ടിയെ കഠിനമായി അടിച്ചു പരിക്കേല്പിച്ചു. അമ്മായിഅമ്മ ഉപദ്രവിയ്ക്കുന്നതു പല തവണയും അമ്മാമനറിഞ്ഞിട്ടും യാതൊരു നിവൃത്തിയും ഉണ്ടാകാറില്ലെന്നു നിശ്ചയമുണ്ടെങ്കിലും സങ്കടവും വേദനയും സഹിപ്പാൻ വയ്യാതായിട്ട് ആ സാധുക്കുട്ടി കുഞ്ഞിക്കേളുമേനോന്റെ സമീപത്തു ചെന്നു കരഞ്ഞു പറഞ്ഞു. ആ മടയൻ ഇതെല്ലാംകണ്ടിട്ടും കേട്ടിട്ടും മരുമകളായ കുട്ടിയെ സമാധാനപ്പെടുത്താൻ ഒരു വാക്കു പറയുകപോലും ഉണ്ടായില്ലെന്നു കണ്ടപ്പോൾ മർദ്ദിക്കപ്പെടുന്ന പ്രശാന്തഗംഭീരമായ ആ ജീവചൈതന്യത്തിൽ കോപവും വിവേകവും വിരക്തിയും ക്ഷണനേരം മത്സരിച്ചു കളിയാടിയെങ്കിലും മനസ്വിനിയായ അവൾ അതൊന്നും പ്രകാശിപ്പിയ്ക്കാതെ തിരിയെ പോന്നു പിന്നെയും വീട്ടുവേല എടുത്തുതുടങ്ങി. അന്നു രാത്രിയിൽ ജനസഞ്ചാരം ഒതുങ്ങിയപ്പോൾ 'ഈവക സങ്കടം അനുഭവിച്ചുകൊണ്ടു് ഇവിടെ താമസിയ്ക്കുന്നതു് അസാദ്ധ്യമാണെ'ന്നു കരുതി നിരാധാരയായ ആ പെൺകുട്ടി നാടുവിട്ടു പോകയും ചെയ്തു. ഈ വർത്തമാനം നാടെല്ലാം പ്രസിദ്ധമായതോടുകൂടിയാണ് മേൽപറഞ്ഞ ഗാഥയും എല്ലാവരും ചൊല്ലിത്തുടങ്ങിയത്. എന്നാൽ നാട്ടിൽ പ്രമാണിയായ മൂത്തപണിക്കർ ഈ സംഗതിയെല്ലാം അറിഞ്ഞിട്ടും മുമ്പെ നിസ്സാരനെന്നു കരുതിയിരുന്ന കുഞ്ഞിക്കേളുമേനോനെ കുറച്ചുനാളായി വിരുന്നിനു ക്ഷണിയ്ക്കുകയും സാധാരണയിലധികം ആദരിയ്ക്കുകയും ചെയ്യുകാണുന്നുണ്ട്. കാര്യത്തിന്റെ സൂക്ഷ്മവും ഗൌരവവും പണിക്കരെപ്പോലെയുള്ള മഹാപുരുഷന്മാരറിയുന്നതുപോലെ സാധാരണക്കാരറിയുന്നതല്ലല്ലോ. മരിച്ചുപോയ അരിമ്പൂർ രാമക്കുറുപ്പ് അദ്ദേഹത്തിന്റെ മക്കളുടെ പേരിൽ ചാർത്തി വാങ്ങിട്ടുള്ള വിരിപ്പൻകളം മേച്ചാർത്തു കിട്ടേണ്ടതിന്നു വേണ്ടി പണമ്പിള്ളി നമ്പൂതിരിയെ കാണുവാൻ കാര്യസ്ഥൻ ഗോപാലമേനവനെ അയച്ചിരുന്നുവെന്നും നമ്പൂതിരി സമ്മതിച്ചിട്ടില്ലെന്നും ഒരു ധ്വനി കേൾക്കുന്നതല്ലാതെ സൂക്ഷ്മമായി ആരും പറയുന്നില്ല. നമ്പൂതിരിയുടെ വക ആനക്കോടൻ മലയിലെ മരങ്ങൾ മുറിച്ചു ശേഖരിയ്ക്കുന്നതിന്നും കൃഷിയ്ക്കുപയോഗിച്ചുവരുന്ന ചിറകൾ കെട്ടിനന്നാക്കുന്നതിന്നും പണിക്കരുടെ ആളായ പരമേശ്വരനെ അയച്ചിട്ടുള്ളതു, മേൽചാർത്തു നമ്പൂതിരി സമ്മതിച്ചിട്ടില്ലെന്നു ഊഹിപ്പാനല്ല വഴികാണുന്നത്. ഗോപാലമേനവനെ അയയ്ക്കാഞ്ഞതു അയാൾക്കു മലമ്പനിയിൽ പേടിയുള്ളതുകൊണ്ടായിരിയ്ക്കാം. ഉടമസ്ഥനില്ലാത്ത കുതിരക്കാരൻ പരമേശ്വരൻ മരിച്ചാൽതന്നെ ആർക്കും ഒന്നും വരാനില്ലല്ലോ. പക്ഷെ മൂത്ത പണിക്കർ രണ്ടുകൊല്ലത്തോളമായി മേനവനു ശമ്പളം കൊടുക്കാത്തതിനാൽ അയാൾ പോവാൻ കൂട്ടാക്കാഞ്ഞിട്ടാണെന്നുള്ള ഗൂഢസംസാരമാണ് സത്യമെന്നും വന്നേക്കാം. ഏതായാലും കുഞ്ഞിക്കേളുമേനവനും കുഞ്ഞിക്കാളി അമ്മയ്ക്കും ശുക്രദശതന്നെ.

ആനക്കോടൻ മലയും അവിടെയുള്ള കൃഷിസ്ഥലങ്ങളും അട്ടപ്പാടിയോടു ചേർന്നുകിടക്കുന്നതും ഈ കഥ നടന്ന കാലത്തു വളരെ പ്രസിദ്ധിയുള്ളതും ആണ്. ആ പ്രദേശത്തിൽ മിക്ക ഭാഗങ്ങളും പണമ്പിള്ളി നമ്പൂതിരി, ചേണങ്ങാട്ടു നമ്പ്യാർ, പൊന്നിഞ്ചിറെ കുറുപ്പ് ഇങ്ങിനെ മൂന്നു പ്രമാണികളുടെ അധീനത്തിലും ഏതാനും ഭാഗം പണ്ടാരവകയുമായിരുന്നു. കൃഷിക്കാർ മിക്കതും മലയരും നായാടികളുമാണ്. മലമ്പനി നിമിത്തം നാട്ടുകാർ സ്ഥിരമായി പാർക്കുക പതിവുണ്ടായിരുന്നില്ലെങ്കിലും നാലഞ്ചു കൊല്ലമായി നമ്പ്യാരുടെ സ്ഥലത്തു ഒന്നുരണ്ടു വീട്ടുകാർ താമസം തുടങ്ങീട്ടുണ്ട്. അധികാരനും മറ്റുള്ളവരുടെ ആളുകൾ വരുന്ന കാലങ്ങളിൽ അവരും ആ വീടുകളിൽ തന്നെയാണ് താമസിയ്ക്കുക പതിവ്. മൂലച്ചേരിപ്പണിക്കരുടെ കല്പനപ്രകാരം നമ്പൂതിരിയുടെ ആളായി വന്ന പരമേശ്വരൻ ഒരു വീട്ടിൽ കയറി ചെന്നപ്പോൾ പുറത്തു തിണ്ണയിന്മേൽ ഒരു സ്ത്രീയും ഒരു പുരുഷനും ഇരിയ്ക്കുന്നുണ്ടായിരുന്നു. രണ്ടാൾക്കും പതിനാറു വയസ്സിലധികം പ്രായം തോന്നില്ല. പരമേശ്വരനെ കണ്ടപ്പോൾ പുരുഷന്റെ മുഖം പെട്ടെന്നു പ്രസന്നമായി. ആ പ്രസന്നത വാസ്തവത്തിൽ അയാൾ അറിയാതെ പുറപ്പെട്ടതാണെങ്കിലും അതിഥിയെ ആദരിയ്ക്കുന്നതിനുള്ളതായിത്തീർന്നു. പുരുഷനെ കണ്ടപ്പോൾ പരമേശ്വരനും പരിചയം തോന്നി.

പക്ഷെ ആലോചിച്ചിട്ടും ആളെയറിഞ്ഞില്ല. അന്യോന്യം വർത്തമാനങ്ങൾ ചോദിച്ച കൂട്ടത്തിൽ പൊന്നിഞ്ചിറ കയ്മളുടെ ആളായ രാമൻകുട്ടിയാണെന്ന മനസ്സിലായതിനാൽ മുഖപരിചയം തോന്നിയതു ശരിയല്ലെന്ന പരമേശ്വരനു ബോദ്ധ്യമായിയെങ്കിലും ആ മുഖത്തിൽ വീണ്ടും ഒരു പ്രതിപത്തി അയാളുടെ മനസ്സിൽ മങ്ങി പ്രകാശിച്ചിരുന്നു. ഒന്നുരണ്ടു ദിവസത്തെ നാളിൽ ആ യുവാക്കന്മാർ വളരെ കാലപ്പഴക്കമുള്ള സ്നേഹിതന്മാരുടെ നിലയിലായി. എന്നുതന്നെയല്ല ഭക്ഷണവും വിശ്രമവും വിനോദവും ഒരുമിച്ചല്ലാതെ പാടില്ലെന്ന നിശ്ചയവും ചെയ്തു. എന്നാൽ ഇവരുടെ വിനോദങ്ങളിൽ പലപ്പോഴും ആ വീട്ടിലെ ചെറുപ്പക്കാരത്തിയായ ചിത്രദേവിയും പങ്കുകൊള്ളാതിരുന്നില്ല. അവൾ വിനോദങ്ങൾക്കിടയിലും ദുർല്ലഭം മാറ്റ ചില സമയത്തും അനേകം മനോവികാരചേഷ്ടകൾ കാണിച്ച രാമൻകുട്ടിയുടെ നിരീക്ഷണപാത്രമായിത്തീർന്നു. പരിഷ്കൃതസമ്പ്രദായത്തിലുള്ള പുരുഷന്മാരെ മുമ്പു കണ്ടിട്ടില്ലാത്തതു നിമിത്തമോ ഇവരുടെ അസാധരണസൌന്ദര്യം നിമിത്തമോ എന്ന അവൾക്ക മാത്രമേ നിശ്ചയമുള്ളു. ഒരു ദിവസം ഉച്ചയ്ക്കു ഭക്ഷണം കഴിഞ്ഞു രാമൻകുട്ടിയും പരമേശ്വരനും ഉറയത്തിരിക്കുമ്പോൾ ചിത്രദേവിയും അടുത്തു വന്നിരുന്നു.

ചിത്രദേവി- നിങ്ങൾക്കിവിടെ എത്ര ദിവസം താമസമുണ്ട്?

രാമൻകുട്ടി— അതിപ്പോൾ തീർച്ചയായിട്ടില്ല. പിരിവു കഴിയുന്നതുവരെ.

പര—ം. എന്താണ് ഇതു ചോദിപ്പാൻ കാരണം?

ചിത്ര—ഒന്നുമില്ല. എന്തിനാണ് നിങ്ങളിങ്ങിനെ വെറുതെ താമസിക്കുന്നത് എന്നറിവാൻ തന്നെ. എന്നു പറഞ്ഞു പരമേശ്വരനെ നോക്കി ഒന്നു പുഞ്ചിരിയിട്ടു.

രാമൻ— ഇടപാടി മാരോന്ന്.

പര — ഞങ്ങൾ വെറുതെയാണോ താമസിക്കുന്നതു; കാര്യങ്ങൾ നടക്കുന്നില്ലേ?

ചിത്ര— അതല്ലാ ഞാൻ പറഞ്ഞത്. വേറേയും ചിലതില്ലേ?

രാമൻ— പോവു കടന്ന്. നിങ്ങടെ വേറെച്ചിലത്.

ചിത്ര— ഞാൻ നിങ്ങളോടല്ല പറയുന്നത്. ഇദ്ദേഹത്തിനോടാണ്.

രാമൻ— ഞാനുള്ളപ്പോൾ ഇദ്ദേഹത്തിനോടും പറവാൻ പാടില്ല.

ചിത്ര—(ചിരിച്ചുംകൊണ്ട്) എന്താ നിങ്ങൾ ഇദ്ദേഹത്തിന്റെ ഭാര്യയാണോ?

രാമൻ—സ്ത്രീകളായാൽ കുറച്ചു നാണവും മാനവും വേണം. എന്നു പറഞ്ഞ് ചിത്രദേവിയെ പതുക്കെ ഒന്നു കിഴുക്കി.

പര— രാമൻകുട്ടിക്കിത്ര കഥയില്ലേ?

ഇതു കേട്ടപ്പോൾ രാമൻകുട്ടി കുറച്ചു വിഡ്ഢിയായി. എങ്കിലും അയാളോടു മുഷിഞ്ഞുപോയി വാതലിന്നുള്ളിൽ പകുതി മറിഞ്ഞുനില്ക്കുന്ന ചിത്രദേവി പരമേശ്വരന്റെ നേരെ പുഞ്ചിരിയിട്ടു കടാക്ഷിച്ചതും രാമൻകുട്ടി അവളെ കൊഞ്ഞനം കാട്ടിയതും ഒപ്പംതന്നെയായിരുന്നു. അല്പം കഴിഞ്ഞപ്പോൾ യുവാക്കന്മാർ അവരവരുടെ പ്രവൃത്തിക്കു പോകയും ചെയ്തു.

അന്നു വൈകുന്നേരം മലയിലെ വിശേഷങ്ങൾ കാണാൻപോയിരുന്ന പരമേശ്വരനും രാമൻകുട്ടിയും ഓരോ സംഗതികളെക്കുറിച്ചു പറയുന്നതിന്നിടയിൽ ചിത്രദേവിയെ തൊട്ടുപദ്രവിച്ചതു കുറെ അവിവേകമായിയെന്നും മറ്റും പരമേശ്വരൻ രാമൻകുട്ടിയോടു ഗുണദോഷം പറഞ്ഞു. ബുദ്ധിമാനായ രാമൻകുട്ടി 'ആട്ടെ നിങ്ങളുടെ മനസ്സിന്ന് ഏററവും യോജിച്ചതായി വല്ല സ്ത്രീയേയും നിങ്ങൾ കണ്ടിട്ടുണ്ടോ? എന്നു ചോദിച്ചപ്പോൾ പരമേശ്വരന്റെ മുഖഭാവം മാറി. രാമൻകുട്ടിയുടെ അന്തരംഗത്തിൽ ആശയും കരുണയും പടപൊരുതിത്തുടങ്ങി. വീണ്ടും നിർബന്ധിച്ചു. പരമേശ്വരന്റെ മനസ്സു കനകദാക്ഷായണി എന്ന കന്യകയ്ക്കാണ് വശപ്പെട്ടിരിക്കുന്നത് എന്നു രാമൻകുട്ടി മനസ്സിലാക്കി. സ്ത്രീകളിൽ സാധാരണയായി ഉണ്ടാകുന്ന പല ദോഷങ്ങളേയും പ്രസ്താവിച്ചു പരമേശ്വരന്റെ മനസ്സിന്ന് ആ കന്യകയിൽ വിരക്തിവരുത്തുവാൻ നോക്കിയെങ്കിലും ദാക്ഷായണിക്കുട്ടിയെപ്പററിയേടത്തോളം ദോഷങ്ങളൊന്നും അയാൾക്കു ബോദ്ധ്യമായില്ല. ഈ സമയം കൊണ്ട് ഇവർ ഏററവും അത്ഭുതകരമായ ഒരു മലയിറമ്പിൽ എത്തിയിരിക്കുന്നു. ഏകദേശം ഇരുപത്തഞ്ചു കോൽ ഉയരവും നൂറു കോലിൽ ചുററളവോടെ വിസ്തൃതിയുമുള്ള ഒരു മഹാശിലയാണ് അവിടെയുള്ള അത്ഭുതങ്ങളിൽ പ്രധാനമായി കണ്ടത്. ശിലയുടെ ആകൃതിയും അതിന്റെ അടിയിൽക്കൂടി ഒഴുകുന്ന ചോലയുടെ ഗംഭീരശബ്ദവും ഇവർക്ക വളരെ വിസ്മയമുണ്ടാക്കി. അതിന്റെ അടുത്തു ചെന്നു നോക്കിയപ്പോൾ ആ മഹാശിലയുടെ മദ്ധ്യത്തിൽ ഒരു വിള്ളലും അതിൽക്കൂടി മുളച്ചിട്ടുള്ള ചില ചെടികളും ഒരു ചെറിയ മരത്തിൽ അതിവിശേഷമായ രണ്ടു പുഷ്പങ്ങളും കണ്ട് ആശ്ചര്യപ്പെട്ടുനിന്നു. ആ പുഷ്പങ്ങൾ ഏതുവിധമെങ്കിലും കയ്യിലാക്കണമെന്നു രാമൻകുട്ടിക്കു

തോന്നി. പക്ഷെ ആ പാറയുടെ മുനമ്പു പിടിച്ചു കയറുന്നതു വലിയ അഭ്യാസികൾക്കുകൂടി ദുസ്സാദ്ധ്യമായിരുന്നതിനാൽ കയറുവാൻ തുടങ്ങിയ രാമൻകുട്ടിയെ വിരോധിച്ചു പരമേശ്വരൻ അതിന്നു തുനിഞ്ഞതിനെ രാമൻകുട്ടിയും തടഞ്ഞു നിറുത്തുകയാണുണ്ടായത്. പരമേശ്വരൻ എങ്ങിനെയെങ്കിലും പുഷ്പങ്ങൾ കയ്യിലാക്കണമെന്നു തീർച്ചപ്പെടുത്തിയിരുന്നുവെങ്കിലും അതു പുറത്തു പറഞ്ഞില്ല. രണ്ടാളും തിരിയെ പോന്നു ഭക്ഷണം കഴിച്ചു കിടപ്പായി. രാമൻകുട്ടി ഇടക്ക് ഉണർന്നു നോക്കിയപ്പോൾ പരമേശ്വരനെ കാണാഞ്ഞു പരിഭ്രമിച്ചെഴുന്നേറ്റു പകൽ കണ്ട പാറയുടെ സമീപത്തു ചെന്നു. പാറയുടെ അടിയിൽ ചോലവെള്ളത്തിന്നരികെ ചോരയണിഞ്ഞു തന്റേടമില്ലാതെ കിടക്കുന്ന പരമേശ്വരനെ കണ്ടപ്പോൾ 'അയ്യോ!' എന്നു തന്നെത്താൻ നിലവിളിച്ചുപോയി. ധൈര്യവും വിവേകവും തികഞ്ഞ ആ ചെറുപ്പക്കാരൻ മനശ്ശക്തിയെ അതിക്രമിച്ചു തള്ളിപ്പുറപ്പെടുന്ന വികാരത്തെ പ്രയാസപ്പെട്ട് അടക്കി ഇടനെഞ്ഞു മുട്ടിക്കൊണ്ടു കുറച്ചുനേരം പരമേശ്വരന്റെ മേൽ കൈ വെച്ചുകൊണ്ടിരുന്നു. ചോലവെള്ളം രണ്ടുമൂന്നു പ്രാവശ്യം മുഖത്തു തളിച്ചു. പതുക്കെ കണ്ണുമിഴിച്ചു പരമേശ്വരൻ അരികെയിരിക്കുന്ന സ്നേഹിതനെ കണ്ടപ്പോൾ പൊട്ടിക്കരഞ്ഞു. ആപത്തിലകപ്പെട്ട മിത്രത്തെ ആശ്വസിപ്പിച്ചു രാമൻകുട്ടി ചോലവെള്ളംകൊണ്ടു ചോരയെല്ലാം കഴുകിക്കളഞ്ഞ് ഒരു വിധം താങ്ങിപ്പിടിച്ചു വീട്ടിലെത്തിക്കുകയും ചെയ്തു. രാമൻകുട്ടിയുടെ ശുശ്രൂഷാസാമർത്ഥ്യം നിമിത്തം പരമേശ്വരൻ പതിനഞ്ചു ദിവസത്തിന്നകത്തു സ്വസ്ഥനായിത്തീർന്നു. തന്റെ പേരിൽ ഇത്രയും സ്നേഹത്തിന്നുള്ള കാരണമെന്തെന്നു പലതവണയും ചോദിച്ചതിന്നു സഹജീവികളിൽ ദയ മനുഷ്യധർമ്മമാണെന്നു മാത്രമായിരുന്നു രാമൻകുട്ടിയുടെ ഉത്തരം.

മലവാരം പിരിവു കഴിഞ്ഞു പൊന്നിഞ്ചിറ കയ്മളുടെ സമീപത്തിൽ രാമൻകുട്ടി എത്തീട്ടു പത്തു ദിവസം കഴിഞ്ഞപ്പോഴേക്കും പരമേശ്വരനും നെല്ലിക്കുളത്തെത്തി. പൊന്നിഞ്ചിറ കയ്മൾ രണ്ടുമൂന്നു തവണ രാമൻകുട്ടിയുടെ കൂടെ പരമേശ്വരനെ കണ്ട് അയാളെപ്പറ്റി രാമൻകുട്ടിയോടു ചോദിച്ചതിൽ ഒരു സ്നേഹിതനാണെന്നു മാത്രമേ അറിഞ്ഞുള്ളു. കയ്മളുടെ കല്പനയെ അനുസരിച്ചു പരമേശ്വരൻ അദ്ദേഹത്തിന്റെ മുമ്പിൽ ചെന്നു. കയ്മൾക്ക് ആ ചെറുപ്പക്കാരന്റെ പേരിൽ ഒരു പ്രത്യേക വാത്സല്യവും മുഖപരിചയവും തോന്നി.

കയ്മൾ— നിങ്ങൾ എവിടുന്നാണ് വന്നത്?

പര— എടപ്പുറത്തുനിന്ന്

കയ്മൾ— അതുതന്നെയാണോ സ്വന്തം നാട്?

പര— സ്വന്തം നാടാണെന്നു പറവാൻ എനിക്കു കുഡുംബമോ വീടോ ഇല്ല. ഈ നെല്ലിക്കുളത്താണ് ജനിച്ചിട്ടുള്ളതെന്നു ചെറുപ്പത്തിൽ കേട്ട ഓർമ്മ മാത്രം ഉണ്ട്.

ഈ വാക്കു കേട്ടപ്പോൾ കയ്മൾ കുറെ നേരം ചിന്താമഗ്നനായിരുന്നു. പരമേശ്വരന്റെ ഓരോ അംഗങ്ങളും സൂക്ഷിച്ചു നോക്കി. ധീരനായ അദ്ദേഹം ഏതൊരുവളെ ദൈവഗത്യാ തനിക്കു ലഭിക്കായ്ക നിമിത്തം വിവാഹത്തിൽ തീരെ വിരക്തനായി തീർന്നുവോ, അന്യാധീനയായതിന്നു ശേഷവും ഏതൊരുവളുടെ ക്ഷേമത്തിലും സുഖത്തിലും സദാപി ശ്രദ്ധയും സന്തോഷവും അദ്ദേഹത്തിന്നുണ്ടായിരുന്നുവോ ആ സ്ത്രീയുടെ ഛായ പരമേശ്വരന്റെ എല്ലാ അംഗങ്ങളിലും പ്രതിഫലിച്ചു കണ്ടു. ഉടനെ കാര്യം മനസ്സിലായി. കണ്ണിൽ വെള്ളം നിറഞ്ഞു തുടച്ചു. അല്പം കഴിഞ്ഞതിൽപിന്നെ പരമേശ്വരന്റെ അതുവരെയുള്ള യോഗക്ഷേമത്തെ കുറിച്ചു ചോദിച്ചു. മൂലഞ്ചേരിപ്പണിക്കരുടെ കുതിരക്കാരനാണെന്നറിഞ്ഞപ്പോൾ 'കഷ്ടം' എന്നു മാത്രം പറഞ്ഞു. ഈ സംഭാഷണം കേട്ടു നിന്നിരുന്ന രാമൻകുട്ടി 'ഞങ്ങൾ രണ്ടാളും എടപ്പുറത്തുനിന്നു വന്നവരാണെന്ന് ഇദ്ദേഹം അറിഞ്ഞതിനാൽ ഇപ്പോൾത്തന്നെ വാസ്തവം വെളിപ്പെടുത്തുകയാണ് ഉത്തമം' എന്നു കരുതി 'എന്റെ തെറ്റ് ദയാലുവായ ഇവിടുന്നു ക്ഷമിക്കണം.' എന്നു പറഞ്ഞുകൊണ്ടു കയ്മളുടെ കാക്കൽ വീണു. സത്യസ്ഥിതി മുഴുവനും അദ്ദേഹത്തെ അറിയിച്ചു. രാമൻകുട്ടി രാമക്കുറുപ്പിന്റെ കുട്ടിയായ ദാക്ഷായണിക്കുട്ടിയായിത്തീർന്നപ്പോൾ കയ്മൾക്ക് ആ കുട്ടിയുടെ സാമർത്ഥ്യത്താൽ അത്യാശ്ചര്യമുണ്ടായി. പരമേശ്വരന് എന്തെല്ലാമാണുണ്ടായത് എന്നു പറയുന്നതിനേക്കാൾ ഊഹിക്കുന്നതാണ് നല്ലത.

മൂത്തപണിക്കർ തീറുവാങ്ങിയ വിരിപ്പൻ കളത്തിൽ പുതുതായി എടുപ്പിക്കുന്ന മരാമത്തുകൾ നിമിത്തം എടപ്പുറം ദേശത്തുള്ള പണിക്കാർക്കും കൂലിക്കാർക്കും പത്തു ദിവസമായി പരമാനന്ദം തന്നെ. നാടുവിട്ടുപോയ ദാക്ഷായണിക്കുട്ടിയുടെ പേരിലുള്ള കളം എങ്ങിനെയാണു തീറുവാങ്ങിയത് എന്ന് ആരും ആലോചിക്കുന്നതേ ഇല്ല. കുതിരക്കാരൻ പരമേശ്വരനെ മലയിലേക്കയച്ചതു നമ്പൂതിരിയുടെ ആവശ്യപ്രകാരമല്ലെന്നും നമ്പൂരിയെ തോല്പിപ്പാൻ ആരോ കള്ളയെഴുത്തുണ്ടാക്കി അയച്ചതാ

ണെന്നും ഒരു വൎത്തമാനം കേൾക്കുന്നതു രഹസ്യമായിട്ടുള്ളതാണെന്നാണ് പലരുടേയും പക്ഷം. പരമേശ്വരനെ നെല്ലിക്കളത്തേക്കു പിരിവിന്നയച്ചിട്ടു രണ്ടു മാസമായിട്ടും ഇയാൾ മടങ്ങിവരാത്തതിന്റെ കാരണം എന്താണാവോ. 'നെല്ലിക്കളത്തു പണിക്കരദ്ദേഹത്തിന്നു വസ്തുവോ എടവാടൊ ഉള്ള' വൎത്തമാനം ഇതുവരെ ഞങ്ങളാരും അറിഞ്ഞിട്ടില്ല. പണിക്കരുടെ ഭാൎയ്യ ഇട്ടിത്തായമ്മ പറഞ്ഞതും പരമേശ്വരൻ പോയ ദിവസം രാത്രിയിൽ ചില മാപ്പിളമാർ പണിക്കരെ കാണ്മാൻ വന്നിരുന്നതും കാൎയ്യം സാധിക്കായ്കയാൽ അവൎക്കു പ്രതിഫലം കൊടുക്കാതിരുന്നതും ഗോപാലമേനവൻ മാത്രമേ അറിഞ്ഞിട്ടുള്ളു. കാൎയ്യസ്വഭാവം ഈ സ്ഥിതിയിൽ ഇരിക്കുന്ന ധനുമാസം അഞ്ചാം തിയ്യതി കാലത്തെ കാപ്പി കഴിഞ്ഞു ചാരുകസേലയിന്മേൽ കിടക്കുന്ന നമ്മുടെ മൂത്തപണിക്കർ അദ്ദേഹം ക്ഷണിക്കാതെ തന്നെ ചില വിരുന്നുകാർ വെങ്കളാവിലേക്കു വരുന്നതു കണ്ടു. മൂന്നു മഞ്ചലും അതിന്നു വേണ്ട മഞ്ചക്കാരും വേറെ പത്തിരുപതു പ്രമാണികളും ഉണ്ട്. ധൎമ്മിഷ്ഠനായ പണിക്കൎക്കു വളരെ ആളുകളുണ്ടെന്ന സംഗതിയിൽ ലേശം അപ്രിയം തോന്നിയില്ലെങ്കിലും മഞ്ചലിൽ കേറി അദ്ദേഹത്തിന്റെ വെങ്കളാവിലേക്കു വരുന്നതുകൊണ്ടു കുറച്ചു നീരസമുണ്ടാവാമെന്ന് അവർ ആലോചിക്കേണ്ടതായിരുന്നു. മഞ്ചൽ മുറ്റത്തെത്തുന്നതിന്നു മുമ്പുതന്നെ നാട്ടുകാരെല്ലാം എങ്ങിനെയോ കേട്ടു കേൾപ്പിച്ചു വെങ്കളാവിലെത്തിക്കഴിഞ്ഞു. മഞ്ചലിൽ നിന്നിറങ്ങിയവർ പൊന്നിഞ്ചിറെക്കുറുപ്പും മൂത്ത പണിക്കരുടെ കാൎയ്യക്കാരൻ പരമേശ്വരനും കനകത്തു വീട്ടിൽ ദാക്ഷായണിക്കുട്ടിയുമായിരുന്നു. ഈ കാഴ്ച കണ്ടപ്പോൾ കിട്ടുണ്ണിപ്പണിക്കർ പെട്ടെന്ന് സ്തംഭിച്ചുനിന്നുപോയി. ജനങ്ങളെല്ലാം ഇതെന്തൊരു കഥയാണെന്നറിവാനുള്ള തിടുക്കംകൊണ്ടു തിക്കിത്തിരക്കിത്തുടങ്ങി. ലഹള ഒരു വിധം അവസാനിച്ചപ്പോൾ കുറുപ്പ് കൈപ്പെട്ടി തുറന്ന് ഒരു കടലാസ്സ് നീർത്തിപ്പിടിച്ചുകൊണ്ട് ഇങ്ങിനെ പറഞ്ഞു. 'ചില സംഗതികൾ ഈ നാട്ടുകാരായ മഹാജനങ്ങളെ അറിയിപ്പാനുണ്ടായതുകൊണ്ടാണ് വയസ്സുകാലത്ത ഇത്ര വഴി ദൂരത്തേക്കു ഞാൻ വന്നിരിക്കുന്നത്. എന്റെ നാടു നെല്ലിക്കളമാണ്, പൊന്നിഞ്ചിറെ കുഞ്ഞിക്കുറുപ്പ് എന്നാണ് പേർ. ആ നാട്ടിൽ 'പൂമംഗലത്തു നായർ' എന്ന ഒരാളുണ്ടായിരുന്നു. അദ്ദേഹം വലിയ ധനികനും പരോപകാരിയുമായിരുന്നുവെന്ന് ഇന്നും ആ ദിക്കിലെല്ലാം പ്രസിദ്ധമാണ്. അദ്ദേഹത്തിന്റെ എല്ലാ സ്വത്തുക്കൾക്കും ഏകാവകാശിയാണ് ഈ പരമേശ്വരൻ. ഈ കുട്ടിക്ക് ഒരു വയസ്സു തികയുംമുമ്പു തന്നെ അമ്മ മരിച്ചുപോയി. അമ്മാമനായ നായർ കുറെ മുമ്പുതന്നെ കാലധൎമ്മം പ്രാപിച്ചതുകൊണ്ട് അച്ഛനാണ് കാൎയ്യം നോക്കിയിരുന്നത്. ഭാൎയ്യയുടെ വേർപാടു നിമിത്തം അദ്ദേഹവും രോഗിയായിത്തീൎന്നു. അക്കാലത്ത് ഈ കിട്ടുണ്ണിപ്പണിക്കർ അവിടെ വന്നു കൂടി പല കളവുകളും ചതികളും പ്രയോഗിച്ചു രോഗിയും മനസ്സിന്നു സ്വാസ്ഥ്യമില്ലാത്തവനുമായ അദ്ദേഹത്തെ സ്വാധീനപ്പെടുത്തി കാൎയ്യസ്ഥനായിത്തീൎന്നു. രണ്ടു കൊല്ലത്തിന്നുള്ളിൽ അദ്ദേഹത്തെ കടക്കാരനാക്കി, കടം വീട്ടുന്നതിന്നുവേണ്ടിയാണെന്നു പറഞ്ഞു രക്ഷിതാവിന്റെ നിലയിൽ സകല സ്വാതന്ത്ര്യവും കിട്ടത്തക്ക വിധത്തിൽ മൂന്നു കൊല്ലത്തെ അവധിവെച്ച് ഒരു കരാറും എഴുതിവാങ്ങി. ഇതാണ് ആ കരാറ്. ദൈവത്തിന്റെ വിപരീതഗതികൊണ്ടു ഞങ്ങളുടെ വാക്ക് ആ അവസരത്തിൽ ഫലിച്ചില്ല. കുട്ടിക്കു മൂന്നു വയസ്സു തികയുന്നതിന്നു മുമ്പിൽ അച്ഛനും മരിച്ചു. കിട്ടുണ്ണിപ്പണിക്കർ ആ കാലത്തിന്നുള്ളിൽ വസ്തു മുതലെല്ലാം എടവാടാക്കി കൈവശപ്പെടുത്തി. ഇയാൾക്കു മുമ്പു വല്ല സ്വത്തുമുണ്ടെങ്കിൽ അതൊഴികെ ശേഷം കാണുന്ന സകല സ്വത്തിന്നും അധികാരിയായ കുട്ടിയെയാണ് ഈ കൃതഘ്നൻ കുതിരക്കാരനാക്കിയിരിക്കുന്നതു. ഈ കുട്ടിയെ കൊല്ലുന്നതിന്നു തന്നെ ഒന്നുരണ്ടു തവണ ഉത്സാഹിച്ചിട്ടുണ്ട്. അതു ഫലിക്കാതിരുന്നതു ആയുസ്സിന്റെ ബലമാണെന്നെ പറവാൻ കാണുന്നുള്ളു. ഗോപാലമേനവൻ ഇയ്യിടയിൽ സത്യസ്ഥിതി അറിയുകകൊണ്ടാണ് ഇപ്പോഴെങ്കിലും ഇതു വെളിപ്പെട്ടത്. ഈ സംഗതിക്കു പുറമെ ദാക്ഷായണിക്കുട്ടിയുടെ വക സ്വത്തുക്കളും കള്ളാധാരവഴിക്കാണ് കിട്ടുണ്ണിപ്പണിക്കർ കൈവശപ്പെടുത്തിയിരിക്കുന്നത്. ഇനി നിങ്ങളെ അറിയിപ്പാനുള്ളതു ദാക്ഷായണിക്കുട്ടിയെ ഞാൻ ദത്തായി സ്വീകരിച്ചതിനാൽ അഞ്ചുലക്ഷം ഉറുപ്പികയിൽ കുറയാത്ത സംഖ്യക്കുള്ള എന്റെ സകല മുതലിന്നും ഈ കുട്ടി അവകാശിയാണെന്നും പരമേശ്വരനും ദാക്ഷായണിക്കുട്ടിയും ദമ്പതിമാരായിത്തീൎന്നിരിക്കുന്നുവെന്നും മാത്രമാണ്.

കുറുപ്പിന്റെ ഈ പ്രസംഗം അവസാനിക്കയും അദ്ദേഹം മുൻകൂട്ടിത്തന്നെ ചെയ്തിരുന്ന ഏൎപ്പാടുകൾ പ്രകാരം കിട്ടുണ്ണിപ്പണിക്കർ പോലീസ്സുകാരുടെ അധീനത്തിലാകയും ഒന്നായിക്കഴിഞ്ഞു. കരാറു കുറുപ്പിന്റെ കയ്യിലെത്തിയതു കാൎയ്യസ്ഥൻ വഴിക്കാണെന്നും വെളിവായി. കള്ളാധാരത്തിൽ ഒപ്പിട്ട കുഞ്ഞിക്കാളിയമ്മയും അതിന്നു സഹായിച്ച കുഞ്ഞിക്കേളുമേനവനും കുറ്റക്കാരാണെന്നു തെളിവാൻ പ്രയാസമുണ്ടായില്ല. മൂലഞ്ചേരി കിട്ടുണ്ണി പിന്നേയും മൂലഞ്ചേരി കിട്ടുണ്ണിയായി പോലീസ്സുകാരുടെ കയ്യിൽനിന്നു ചാടിപ്പോയിയെന്നാണ് കേട്ടത്. ഇനിയത്തെ വരവിലുള്ള കോലാഹലം അപ്പോൾ കാണാം.

എ. കെ. പി.

# മംഗളോദയം

ഫാവ്യന്ന

| പുസ്തകം ൩ | ധനുമാസം | ലക്കം ൨ |
|---|---|---|


## മംഗളം.

വൃദ്ധന്മാരിൽവിവൃദ്ധമായ്‌വിവിധമാംവിജ്ഞാനമോരോവഴി-
സ്സിദ്ധപ്രാഭവമാത്തമോദായനിലയിൽക്കണ്ടുകൊണ്ടങ്ങിനെ
സിദ്ധപ്രക്രമമെപ്പൊഴുംയുവജനംനാട്ടിൽഗ്ഗുണംകൂട്ടുവാൻ
ബദ്ധശ്രദ്ധമിണങ്ങുമാറുഭഗവാൻദൈവംതുണക്കേണമേ.

# യുവജനം

ലോകത്തിലുള്ള മറെറല്ലാ ജീവികളെക്കാൾ ശ്രേഷ്ഠത മനുഷ്യനുണ്ടെന്നു, നിൎവ്വിവാദമാണല്ലോ. വിശേഷബുദ്ധി മുതലായ അനൎഘ്യഗുണങ്ങളെ ദൈവം സൃഷ്ടിയിൽ തന്നെ മനുഷ്യന്നു കൊടുത്തിട്ടുള്ളത്, സ്വോദരപൂരണത്തെക്കാൾ മഹത്തായ കാൎയ്യം ഇവരാൽ കൎത്തവ്യമായിട്ടുണ്ടെന്നുള്ളതിലേക്ക്, ഒരു നല്ല തെളിവാകുന്നു. ഈ ഉൽകൃഷ്ടജീവിതത്തിന്നാവശ്യമായ എല്ലാ ഉപകരണങ്ങളുടേയും പൂൎത്തിവരുന്ന കാലമാണ് യുവദശ.

മനുഷ്യൎക്ക് ഇതരജീവികളെക്കാൾ ശ്രേഷ്ഠതയുണ്ടെന്നും, ആ ശ്രേഷ്ഠതക്കു കാരണം ബുദ്ധിവൈചിത്ര്യമാണെന്നും വരുന്നതുകൊണ്ടു തന്നെ, മനുഷ്യരുടെ ബുദ്ധിശക്തിയെ അപേക്ഷിച്ചതാണ് ലോകത്തിന്റെ അഭിവൃദ്ധിയും, സുഭിക്ഷവുമിരിക്കുന്നതെന്നും, മനുഷ്യസൃഷ്ടിയിൽ ജഗൽകൎത്താവിന്നുള്ള മുഖ്യോദ്ദേശ്യങ്ങൾ ഇവയാണെന്നും, സ്പഷ്ടമാവുന്നുണ്ട്.

ഏതുകാൎയ്യവും, പ്രത്യേകിച്ച മഹൽകാൎയ്യങ്ങളും സാധിക്കുന്നതിന്നു, ബുദ്ധിശക്തി പ്രധാനാവശ്യമാണെന്നു തീൎച്ചതന്നെ. ആ ശക്തി ഏറെക്കുറെ കായികശക്തിയെ അനുസരിച്ചാണിരിക്കുക. ഇങ്ങിനെ ഒന്നോടൊന്നു സംബന്ധിച്ചിരിക്കുന്ന കായികമാനസികശക്തികളെ ആശ്രയിച്ചുള്ള ഉത്സാഹശക്തി മാത്രമേ ഉൽകൎഷഹേതുവായിതീരുന്നുള്ളു. മേൽകാണിച്ച ശക്തിത്രയത്തിന്റെ സഹായമില്ലാതെയുള്ള ഉൽകൎഷേച്ഛ മിക്കസമയവും മനോരാജ്യത്തിൽ തന്നെ പൎയ്യവസാനിക്കാനേ നിവൃത്തിയുള്ളു.

ഈ വിഷയത്തിൽ ഓരോ മനുഷ്യന്റെ

യും ജീവിതത്തെ, ഒരു രാജാവിൻേറതിനോ ടുപമിയ്ക്കാം. ഒരു രാജാവിന്നു സ്വരാജ്യക്ഷേമത്തിന്നും, രക്ഷയ്ക്കും മുഖ്യാവശ്യമായത്— പ്രഭുശക്തി— (ധനം, സൈന്യം, ബന്ധുബലം, ആജ്ഞാശക്തി മുതലായത്) മന്ത്രശക്തി— (ഉത്തമമന്ത്രികൾ, കാൎയ്യബോധം, ആലോചനശക്തി മുതലായവ) ഉത്സാഹശക്തി— (ആപദൈധൎയ്യം, കൃത്യനിഷ്ഠ, സഹനശീലം, സ്ഥൈൎയ്യം മുതലായവ) എന്നീ ശക്തിത്രയമാകുന്നു. ഇവയെ ആസ്പദമാക്കി പ്രവൃത്തിക്കുന്ന നയം, രാജ്യത്തിന്നും, തനിക്കും ഉൽകൎഷഹേതുവായിതീരുന്നു. അതുപോലെ തന്നെ മുൻപറഞ്ഞ കായികം, മാനസികം, ഉത്സാഹം എന്ന ശക്തിത്രയത്തിൻെറ അവിരുദ്ധസമ്മേളനമാകുന്നു ഒരു ഗൃഹത്തിൻേറയൊ, ജനസമുദായത്തിൻേറയൊ, ഒരു രാജ്യത്തിൻേറയൊ ഉന്നതിയ്ക്കു നിദാനം.

ഈ ഗുണങ്ങളുടെ യോജിപ്പും, പൂൎണ്ണതയും ഉണ്ടാവേണ്ടതും ഉണ്ടാവാവുന്നതും പ്രായേണ യുവജനങ്ങളിലാണെന്നും, നിരാക്ഷേപമാകുന്നു. അതിനാൽ അവരാകുന്ന ഭാവിയായ ഉൽകൎഷത്തിൻേറയും, സമുദായക്ഷേമത്തിൻേറയും, ലൌകികപരിഷ്കാരങ്ങളുടേയും 'ഉത്തമബീജം' എന്നൊ 'വിളഭൂമി' എന്നോ പറയുന്നതു വാസ്തവവും ഉചിതവുമായിരിക്കും.

യുവജനങ്ങളെന്നോ ചെറുപ്പക്കാർ എന്നൊ കേൾക്കുമ്പോൾ, പ്രായം ചെന്നവർ പ്രായേണ ഒരു പുച്ഛരസത്തോടെ നെററി ചുളിക്കുന്നതു കാണാം. എന്നാൽ തങ്ങളുടെ കഴിഞ്ഞുപോയ ചെറുപ്പത്തെ ഓൎത്തു വ്യസനിയ്ക്കുകയും, ആ കാലത്തെ ഓരോ കൌതുകാവസ്ഥകളെ ഓൎത്തു രസിയ്ക്കുകയും ചെയ്യാത്ത ഒരൊററ വയോധികനെയെങ്കിലും കാണ്മാൻ ഞെരുക്കമാണെന്നുള്ള സംഗതി തന്നെ, യുവദശയ്ക്കു് ഒരു പ്രത്യേകമാഹാത്മ്യമുണ്ടെന്നുള്ളതിന്ന് ഒരു നല്ല തെളിവാകുന്നു.

ഇത്രയും പറഞ്ഞതുകൊണ്ടു മനുഷ്യജീവിതത്തിൽ യുവജനങ്ങൾ ശ്രേഷ്ഠമായ ഒരു സ്ഥാനത്തെയാണഹിയ്ക്കുന്നതെന്ന് ഇവിടെ ചുരുക്കത്തിൽ വിവരിച്ചിട്ടുണ്ടെന്നു വിചാരിയ്ക്കുന്നു.

ഇനി ചെറുപ്പക്കാർ തങ്ങളുടെ ഈ സ്ഥാനത്തെ ഉചിതമായിത്തന്നെയാണൊ ഉപയോഗിയ്ക്കുന്നതെന്നും അല്പം ആലോചിയ്ക്കുന്നത് അപ്രകൃതമാവാൻ തരമില്ല.

ഈ വിഷയത്തിലേപ്പെടുന്നവർ പ്രായേണ ഈ ഘട്ടത്തിലെത്തുമ്പോൾ, ഇച്ഛാഭംഗത്തോടും വ്യസനത്തോടുംകൂടി, അവരുടെ വിവരണം മററുള്ളവരുടെ മൎമ്മഭേദകമായും ദുഷ്യപ്രസ്താവമായും തീരാതിരിക്കുന്നതിന്നുവേണ്ടി, കഴിയുന്നതും ചുരുക്കിക്കളയുവാൻ നിർബ്ബന്ധിതന്മാരാകുന്നുണ്ടെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. പൊതുജനങ്ങളുടെ ഇടയിൽ തങ്ങളെപ്പററി ഒരു ദുരഭിപ്രായം തോന്നിച്ചു വെച്ചിട്ടുള്ള യുവജനങ്ങൾ തന്നെയാണു് ഇതിന്നുത്തരവാദികൾ.

ഈ വിഷയത്തിൽ പ്രായേണ യുവജനങ്ങളെ കുററപ്പെടുത്തുന്ന സംഗതികൾ പ്രധാനമായി താഴെ പറയുന്നവയാകുന്നു.

ഒന്നാമത്- ആലസ്യം- (സ്വകൃത്യനിൎവ്വഹണത്തിലുള്ള ശ്രദ്ധാവൈരള്യം.) ഇതു നിമിത്തം അതാതു കൃത്യങ്ങളെ അതാതവസരത്തിൽ നിറവേററാൻ സാധിക്കാതെയും, ക്രമേണ യാതൊരു കൃത്യങ്ങളിലും ശ്രദ്ധയും നിൎവ്വഹണശക്തിയും ഇല്ലാതെയും ആയിത്തീരുന്നു. അവരുടെ ആയുഷ്കാലം ഒരു ഭാരമായി തോന്നുന്നു.

'വാസരത്തിങ്കൽപ്രവൃത്തിക്കിലേതാതൊന്നുമപിന്നെ
വാസംചെയ്യീടാവിതുസുഖമായെന്നതുനം;
എട്ടുമാസവുംപ്രവൃത്തിക്കിലേവുനരവി

വൃഷ്ടിമാസങ്ങൾനാലുംസുഖമായ്ക്കഴിക്കാവൂ;
യൌവനത്തിങ്കൽപ്രവൃത്തിച്ചർത്ഥമാർജ്ജിക്കിലെ
ചൊവ്വോടെവാർദ്ധക്യത്തിൽസുഖമായ്വസിക്കാവൂ;
ജീവപര്യന്തംപ്രവൃത്തിക്കിലെപുനരപി
ദേവലോകാദികളിൽസുഖമായ്വസിക്കാവൂ.'

എന്നുള്ള വാക്യങ്ങളിലടങ്ങിയ തത്വമൊത്ത ലേശവും ആലോചിക്കാതെ താല്ക്കാലികസുഖത്തിന്നും അലധാനച്ച്യുതക്കത്തിന്നും വേണ്ടി അലസന്മാരായി കഴിച്ചു കൂട്ടുന്ന ഇവർക്കാണ് വാർദ്ധക്യദശയിൽ ചെറുപ്പം വേഗത്തിൽ കഴിഞ്ഞു പോയതിനെ ഓർത്ത് വ്യസനിപ്പാനിട വരുന്നത്. പ്രത്യുത—യൌവനത്തിൽ കൃത്യനിഷ്ഠയോടും ശ്രദ്ധയോടും കൂടി, നേരിടുന്ന എല്ലാ തടസ്ഥങ്ങളോടും മല്ലിട്ടു ജയിച്ച്, സ്വകൃത്യങ്ങളെ ഉത്തമരീതിയിൽ നിർവ്വഹിക്കുന്നവർ, വാർദ്ധക്യത്തിൽ തൃപ്തിയേയും ആനന്ദത്തേയും അനുഭവിച്ചുകൊണ്ടും, തങ്ങളുടെ ആയുഷ്കാലത്തെ കഴിയുന്നതും ലോകോപകാരകമാക്കിത്തീർത്തിട്ടുണ്ടെന്നു സമാധാനപ്പെട്ടും, പ്രകൃതി വിലാസങ്ങളെ കണ്ടു സുഖിക്കുന്നതിനല്ലാതെ, ഒരിക്കലും പശ്ചാത്താപത്തിന്നിടയാവുന്നതല്ല. വാർദ്ധക്യത്തിന്നനുസരിച്ചുള്ള ക്ഷീണമോ ഉത്സാഹക്കുറവോ അവരെ ക്രമത്തിലധികം ബാധിച്ച്, ജീവിതം ഒരു ഭാരമാണെന്നുള്ള വിചാരത്തിന്നു വഴിയാക്കുന്നില്ല.

രണ്ടാമത്— മേൽപറഞ്ഞ ദോഷത്തിന്നു സഹായമായും വാസ്തവത്തിൽ അതിനെക്കാൾ ദോഷകരമായുമിരിക്കുന്ന ദുരഭിമാനം —അല്ലെങ്കിൽ തന്റെ ജ്ഞാനം, സ്ഥിതി ഇവയെ ഉള്ളതിലധികമായി വിചാരിച്ച് ഉന്മദിക്കുന്ന സ്വഭാവം ആകുന്നു. ഇത് അഹംഭാവത്തിന്റെ ഒരു വകഭേദം മാത്രമാണ്. ഇതു ചെയ്യുന്ന അനർത്ഥത്തിന്നു കണക്കില്ല. മാറുള്ള ദോഷങ്ങൾ എത്രതന്നെ ഉണ്ടായാലും കുറെ ക്ലേശിച്ചാൽ ഒരുവനെ നന്നാക്കിത്തീർക്കാൻ സാധിക്കും. അഹംഭാവികൾ നേരെയാവാനാണ് പ്രയാസം. അവരവരുടെ അറിവും വിചാരവും തന്നെയാണ് ശരി എന്നുള്ള ബോധം ഇവരെ ഒരിക്കലും വിടുന്നില്ല. അതു നിമിത്തം,

അജ്ഞഃ സുഖമാരാധ്യഃ,
സുഖതരമാരാധ്യതേ വിശേഷജ്ഞഃ,
ജ്ഞാനലവദുർവ്വിദഗ്ദ്ധം
ബ്രഹ്മാപി നരം ന രഞ്ജയതി.'

എന്നുള്ള നീതി വാക്യത്തെ ആലോചിക്കാതെ, ഇത്തരക്കാരോടുപദേശിക്കുവാൻ പുറപ്പെടുന്നവരുടെ യത്നം പലപ്പോഴും കുടംകമഴ്ത്തി വെച്ചു വെള്ളം ഒഴിക്കുന്നതുപോലെ നിഷ്ഫലമായിത്തീരുന്നതിൽ അത്ര ആശ്ചര്യപ്പെടുവാനില്ലെങ്കിലും ധാരാളം വ്യസനിക്കുവാനവകാശമുണ്ട്.

മൂന്നാമത്— അല്ലെങ്കിൽ അവസ്ഥയിൽ കവിഞ്ഞുള്ള ആഡംബരപ്രസക്തി— ഇതിനെ ഈ ദുരഭിമാനത്തിന്ന് ഒരു നല്ല വളമായും, അതിന്റെ ഒരു ബാഹ്യചിഹ്നമായും വിചാരിക്കാം. ചെറുപ്പക്കാരുടെ മേലുള്ള ദുഷ്യപ്രസ്താവത്തിന്ന് ഇതു സാമാന്യത്തിലധികം പുഷ്ടി വരുത്തുന്നുണ്ട്.

യുവജനങ്ങളെ പലപ്പോഴും ആക്ഷേപപാത്രങ്ങളാക്കിത്തീർക്കുന്ന സ്വഭാവങ്ങളിൽ ഒട്ടും നിസ്സാരമല്ലാത്തതാകുന്നു പരിഷ്കാരഭ്രമം— ഇത് ഒരു ഭ്രമം തന്നെയെന്നാണ് പറയേണ്ടത്. കാലത്തിന്നും സ്ഥിതിക്കും അനുസരിച്ച് ആകൃതിക്കും ചില ഭേദഗതി വരുത്തേണ്ടത് അത്യാവശ്യം തന്നെ. അത് അവരവരുടെ സൌകര്യത്തെ അപേക്ഷിച്ച് ഓരോരുത്തൎക്കും പല വിധത്തിലായിരിക്കാവുന്നതുമാകുന്നു. അതിൽ ആരേയും കലശലായി കുററപ്പെടുത്തുവാനുണ്ടെന്നും തോന്നുന്നില്ല. എന്നാൽ— ആ ആകൃതിഭേദം കൊണ്ടുമാത്രം പരിഷ്കൃതമ്മാന്യന്മാരായി നടക്കുന്ന പല ചെറുപ്പക്കാരേയും കാണമാ

നിടവരാറുണ്ടെന്നു പ്രസ്താവിക്കാതിരിപ്പാൻ നിവൃത്തിയില്ല. വാസ്തവത്തിൽ— പരിഷ്കാരം എന്നുവെച്ചാൽ വിദ്യാഭ്യാസം മുതലായതുകൊണ്ടു സിദ്ധിക്കുന്ന മാനസിക പരിഷ്കാരമാണെന്നും, ബാഹ്യങ്ങളായ പരിഷ്കാരങ്ങൾ അതിനെ മോടി പിടിപ്പിക്കുവാൻ മാത്രമേ ഉപകരിക്കുന്നുള്ളുവെന്നും, മാത്രമാണ് ഈ മാതിരിക്കാരോടുപദേശിക്കുവാനുള്ളത്. മാനസികപരിഷ്കാരം കേവലം സിദ്ധിക്കാത്ത ഒരുവന്റെ പരിഷ്കാരമോടികൾ വിരൂപമായ ദേഹത്തിൽ അണിഞ്ഞ ആഭരണങ്ങളെപ്പോലെയോ, വെറും മുക്കുപണ്ടങ്ങളെപ്പോലെയോ അകന്നു നില്ക്കുന്നവരെ പകിട്ടിയേക്കാമെങ്കിലും, അടുത്തു സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ചെമ്പു പുറത്തായിപ്പോവുന്നതിന്നെളുപ്പമാണ്. അപ്പോൾ ഇവർ പരിഷ്കൃതന്മാരുടേയും സാധാരണന്മാരുടേയും പരിഹാസത്തിന്ന് ഒരുപോലെ പാത്രമായി തീരുന്നതും അസാധാരണമല്ല.

ഈ ലോകം നശ്വരവും സുഖദുഃഖമിശ്രവുമാകുന്നു. അതിന്റെ ഗതി ഗഹനമായിരിക്കുന്നു. ഇതിൽ മനുഷ്യജന്മം സുകൃതമാത്രസിദ്ധവും കൃത്യബഹുലവുമാകുന്നു. സമയം ക്ഷണപ്രഭാസദൃശവും, ജീവകാലം ക്ഷണഭംഗുരവുമാണ്. ഇന്നു യുവാവായി ബാഹ്യാഡംബരങ്ങളിലും ഐഹികങ്ങളായ താൽകാലിക സുഖങ്ങളിലും ഭ്രമിച്ചു ലോലനായി കഴിഞ്ഞുകൂടുന്നവനെ, നാളെ വാൎദ്ധക്യഗ്രസ്തനായും നിരുത്സാഹനായും കാണാം. ഈ ചുരുങ്ങിയ കാലത്തിന്നിടയ്ക്ക് ഒരുവനുണ്ടായേക്കാവുന്ന സുഖദുഃഖങ്ങൾ ആയാളുടെ പ്രവൃത്തികളെ ആശ്രയിച്ചു തന്നെ ഉണ്ടാവുന്നവയാകുന്നു. ലോകത്തിൽ നടക്കുന്ന യാതൊരു കാൎയ്യവും കാൎയ്യകാരണബന്ധത്തെ അതിക്രമിക്കുന്നില്ലെന്നുള്ളതുകൊണ്ടുതന്നെ, ഒരുവനു വൎത്തമാനകാലത്തിലുണ്ടാവുന്ന സുഖദുഃഖാവസ്ഥകൾ ഭൂതകാലത്തിലെ പ്രവൃത്തികളുടെ ഫലമാണെന്നും, അപ്പോഴത്തെ കൎമ്മങ്ങളുടെ ഫലമാണ് ഭാവികാലത്തിൽ അനുഭവിക്കാനിടവരുന്നതെന്നും സ്പഷ്ടമാവുന്നുണ്ടല്ലോ. ജീവിതകാലത്തെ ദുഃഖഭൂയിഷ്ഠമായി കഴിച്ചുകൂട്ടുന്നതിൽ ആൎക്കും ആഗ്രഹമുണ്ടാവാൻ തരമില്ല എന്നതുകൊണ്ടുതന്നെ സുഖജീവിതത്തിന്നാണെല്ലാവരും ശ്രമിക്കേണ്ടതെന്നും വരുന്നു. സുഖം എന്നത്, സ്വകൃത്യങ്ങളെ ശരിയായി നിൎവ്വഹിച്ചിട്ടുണ്ടെന്നുള്ള കൃതകൃത്യതയും, തൽഫലങ്ങളെ അനുഭവിക്കുന്നതിൽ നിന്നു മനസ്സിനുണ്ടാവുന്ന ആഹ്ലാദവും തന്നെ.

പ്രധാനമായി അസംതൃപ്തി, അസൂയ എന്നീ ദുൎഗ്ഗുണങ്ങളാകുന്നു ഇതിന്റെ വിരോധികൾ. മേൽപറഞ്ഞ ദുൎഗ്ഗുണപിശാചികളുടെ അധീനത്തിൽ പെടാതെ സുഖമനുഭവിക്കാനുള്ള മാൎഗ്ഗമാലോചിക്കേണ്ടുന്ന മുഖ്യാവസരമാകുന്നു യൌവനദശ.

ഈ ലോകം മുഴുവൻ ഒരു രംഗഭൂമിയാണെന്നും, ഇതിലെ നിവാസികൾ അതിൽ ഓരോവിധ നാടകങ്ങളഭിനയിക്കുന്ന വിവിധ നടന്മാരാണെന്നും വിചാരിക്കാം. അല്ലെങ്കിൽ— ഈ ലോകത്തെ ഒരു യുദ്ധഭൂമിയായും, ലോകയാത്രയെ പലതരത്തിലുള്ള അനവധി ആപൽസൈന്യങ്ങളോടു നേരിടേണ്ടി വരുന്ന ഒരു ഭയങ്കര യുദ്ധമായും സങ്കല്പിക്കാം. യുവജനത്തെ ആ നാടകത്തിൽ പല വേഷവുമെടുത്തു പല ഭാഗവും രസവും നടിക്കാൻ അഭ്യസിക്കുന്ന നടന്മാരാണെന്നോ, ലോകയാത്രായുദ്ധത്തിലേക്കു കച്ച കെട്ടുന്ന ഭടന്മാരാണെന്നോ വിചാരിക്കാം.

ഭാവിയിലിരിക്കുന്ന അവരുടെ അഭിനയം കാണികൾക്കു രസപ്രദമായും ലോകയാത്ര ജയമായും കലാശിക്കുന്നത്, ആദ്യ

ത്തെ അഭ്യാസത്തിന്നനുസരിച്ച മാത്രമാണ്. ഈ ലോകനാടകത്തിൽ കിട്ടുന്ന നല്ല പേരും, ലോകയാത്രയിൽ കിട്ടുന്ന ജയവും തന്നെയാണ് 'സംതൃപ്തി' എന്നും 'സുഖം' എന്നും മററും പറയുന്നത്. ഇതിന്റെ പരമാവസ്ഥയിലുള്ള ഒരു വികാരം തന്നെയാകുന്നു വേദാന്തികൾ 'മോക്ഷം മോക്ഷം' എന്നു വ്യവഹരിച്ചു വരുന്നതും. അതിനാൽ ഇതിനെയെല്ലാമുള്ള ആയുഷ്കാലത്തെ സുഖകരമാക്കിത്തീർക്കാൻ ശ്രമിക്കേണ്ടുന്ന മുഖ്യാവസരവും യൌവനദശയാകുന്നു എന്നു വെളിപ്പെടുന്നു.

ഇനി ആലോചിപ്പാനുള്ളത്, യുവജനങ്ങൾ ജീവിതത്തെ സുഖകരവും ലോകോപകാര്യമാക്കിത്തീർക്കേണമെങ്കിൽ ഏതു വിധമാണ് വർത്തിക്കേണ്ടത് എന്നതിനെപ്പററിയാണ്.

ഒരു രാജാവിന്നു പ്രഭുശക്തി മുതലായവയുടെ ഫലം പൂർണ്ണമായും നിസ്സപത്നമായും അനുഭവിക്കേണമെങ്കിൽ സന്ധി, വിഗ്രഹം മുതലായ ചില ഗുണങ്ങളുടെ ആവശ്യം കഴിച്ചുകൂടാതിരിക്കുന്നു. എന്നതുപോലെ തന്നെ ഒരുവന്റെ കായികശക്തി മുതലായ ശക്തിത്രയത്തിന്റെ ഫലവും പൂർണ്ണമായും നിർബ്ബാധമായും അനുഭവിക്കേണമെങ്കിൽ ചില ഗുണങ്ങൾ അവശ്യം ഉണ്ടായിരിക്കണം.

അവയിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നതാകുന്നു ക്ഷമ. ഒരു ശാന്തശീലൻ അവൻ ഏർപ്പെടുന്ന കാര്യങ്ങളിൽ വരാവുന്ന ദുർഘടങ്ങളെ തടുക്കുന്നതിന്നുള്ള ഉപായങ്ങളെ കൂടി ആലോചിക്കുകയും, അതിനെ ആ കൃത്യത്തിൽ വരാവുന്ന തടസ്ഥങ്ങളെയെല്ലാം നീക്കിയതിന്നു ശേഷം അധികാലധ്യാനം കൂടാതെ സാധിക്കാമെന്നു കണ്ടാൽ ഉത്സാഹത്തോടെ യത്നിച്ചു ഫലം നേടുകയും ചെയ്യുന്നു. എന്നാൽ ഈ ഗുണം അത്ര ഇല്ലാത്തവൻ ഓരോ കാര്യങ്ങളിൽ സാഹസമായി ഏർപ്പെടുകയും, ഉപായത്തോടുകൂടിത്തന്നെ അപായവും ചിന്തിക്കാത്തതു നിമിത്തം, ഇഷ്ടഭംഗത്തോടുകൂടി പിന്മാറേണ്ടി വരികയും, അതു നിമിത്തം മേലിൽ പല കാര്യങ്ങളിലും ഏർപ്പെടുന്നതിന്ന് അധീരനായി പോകയും ചെയ്യുന്നു. എന്നു തന്നെയല്ല ഒരു സാഹസികൻ ആലോചന കൂടാതെ പലതിലും ഏർപ്പെടുകയും, അപായചിന്ത ചെയ്യാത്തതിനാൽ ഒരിക്കലും ധൈര്യവും മനസ്സമാധാനവും ഇല്ലാതെ ഉഴലുകയും ചെയ്യുമ്പോൾ, ക്ഷാന്തിശീലൻ തന്റെ കാര്യത്തിലേക്കുള്ള ദുർഘടങ്ങൾക്കു പ്രതിവിധി കരുതിയിരിക്കയാൽ സാധിക്കുമെന്നുള്ള ഉറപ്പോടും, തന്മൂലം എപ്പോഴും ധൈര്യത്തോടും, മനസ്സമാധാനത്തോടും കൂടിയിരിക്കുന്നു.

ക്ഷമാഗുണത്തെ ആശ്രയിച്ചിരിക്കുന്നതും, ലൌകിക കാര്യങ്ങളിൽ ഏർപ്പെടുന്നവൎക്കു മുഖ്യമായി വേണ്ടുന്നതുമായ ഒരു ഗുണമാകുന്നു സഹനശീലം. ഈ ഒരു ഗുണത്തിന്റെ അഭാവം നിമിത്തം പലരും പല കാര്യങ്ങളിലും ഏർപ്പെടാതെ തന്നെ കഴിക്കാറുണ്ട്. ഇവർ ഓരോന്നിന്നു ശ്രമിക്കുന്നതിന്നു മുമ്പേ തന്നെ അതിൽ വരാവുന്ന ആപത്തുകളെപ്പററി ആവശ്യത്തിലധികം ശങ്കിക്കുകയും, അവയെലേശമെങ്കിലും സഹിക്കുന്നതിന്നു ശക്തിയില്ലാതെ അല്ലെങ്കിൽ ശക്തിയില്ലെന്നു വിചാരിച്ച്, മനോരാജ്യത്തിൽ തന്നെ പിന്മാറുകയും ചെയ്യുന്നു. ഈ സ്വഭാവം അലസത എന്ന നാശികരവസ്തുവിന്നു നല്ല ഒരു പോഷകദ്രവ്യമായി തീരുന്നതു സാധാരണയാണ്. എന്നാൽ ഈ സഹനശീലമുള്ളവനാകട്ടെ—

'ക്വചിൽപൃത്ഥ്വീശയ്യഃ, ക്വചിദപിചപര്യങ്കശയനഃ,
ക്വചിച്ഛാകാഹാരീ, ക്വചിദപിചശാല്യോദനരുചിഃ;
ക്വചിൽകന്ഥാധാരീ, ക്വചിദപിചദിവ്യാംബര-
ധരോ
മനസ്വീകാര്യാർത്ഥീനഗണയതിദുഃഖം, നചസുഖം.'

എന്നു പറഞ്ഞ മാതിരി ക്ലേശങ്ങളെ ഗണ്യമാക്കാതെ കാര്യം നേടുന്നു.

സ്വാർത്ഥരാഹിത്യം ഇവയേക്കാൾ ഒട്ടും അപ്രധാനമല്ലാത്തതാകുന്നു. ഏതൊരുദ്യമത്തിലും സ്വാർത്ഥവിചാരം കടന്നു കൂടീട്ടുണ്ടെങ്കിൽ അവന്നു ക്ഷമയും, സഹനശീലവും തീരെ ഉണ്ടാവാൻ തരമില്ല. അതു നിമിത്തം കാര്യസാദ്ധ്യത്തിന്നും പല ദുർഘടങ്ങളും സംഭവിക്കുന്നതുമാകുന്നു. എന്നു തന്നെയല്ല ആ ഉദ്യമത്തിന്റെ ഫലം പൂർണ്ണരസമുള്ളതായി തീരുവാനും പ്രയാസം. ആ രസത്തിൽ പങ്കു കൊള്ളുവാനോ, അതിനെ കൊണ്ടാടുവാനോ, ആളുകളും ചുരുങ്ങും. ലോകം മുഴുവൻ തന്റെ ശത്രുക്കളാണെന്നായിരിക്കും ഈ അവസ്ഥയിൽ അവന്റെ വിചാരം. ഈ സ്വാർത്ഥവിചാരത്തിന്റെ ഒരു പരിണാമമോ പരമാവസ്ഥയോ ആകുന്നു 'അസൂയ' എന്നു പറയുന്നതായാൽ ശരിയായിരിക്കും.

മേൽപറഞ്ഞ സ്വാർത്ഥരാഹിത്യത്തിനെ നില നിർത്തുന്നതും, എല്ലാവിധ ദുർഘടങ്ങളേയും ക്ഷമയോടെ സഹിക്കത്തക്ക സഹനശീലവും മനസ്സുശക്തിയും നൽകി നമ്മുടെ ഉദ്യമങ്ങളിൽ സഹായിക്കുന്നതുമായ മറ്റൊരു പ്രധാനഗുണമാകുന്നു സമഭാവന.

ഈ ഗുണത്തിന്റെ ശക്തിയാൽ ഒരുവന് തന്നെയോ അന്യരേയോ സംബന്ധിച്ച് ഏതുദ്യമങ്ങളിലും ഏർപ്പെടത്തക്ക ധൈര്യവും, അതിന്നു വേണ്ടിവരുന്ന ഏതുവിധം വൈഷമ്യങ്ങളേയും സഹിക്കത്തക്ക സഹനശീലവും, ക്ഷമയുമുണ്ടാകയും, ഉദ്ദിഷ്ടഫലം അനായാസേന കരസ്ഥമാകയും, ലോകബന്ധുവായി ജീവിക്കാനിടവരികയും ചെയ്യുന്നതാകുന്നു.

ഈ വക ഗുണങ്ങളെ സമ്പാദിക്കാൻ ശ്രമിക്കയാകുന്നു ഒരു ബാലന്റെ കൃത്യം. ഇവയെ സമ്പാദിച്ച് നിലനിർത്തി, പോഷിപ്പിച്ച്, ലോകോപകാരമാക്കി തീർക്കുകയാകുന്നു ഒരു യുവാവിന്റെ കർത്തവ്യകർമ്മം.

ഈ കർത്തവ്യ കർമ്മജ്ഞാനവും, അതിനെ നിർവ്വഹിക്കുന്നതിലുള്ള ശ്രദ്ധയും, ശക്തിയും, ഉൽകൃഷ്ടവിദ്യാഭ്യാസം കൊണ്ടുണ്ടാവേണ്ടതാകുന്നു. എന്നു പറഞ്ഞതുകൊണ്ടുതന്നെ 'വിദ്യാഭ്യാസ'മെന്നോ അതിന്റെ 'ഉദ്ദിഷ്ടഫല'മെന്നോ പറയുന്നതു മേൽപ്പറഞ്ഞ ഗുണങ്ങളുടേയും കർത്തവ്യകർമ്മജ്ഞാനത്തിന്റേയും സമ്പാദനമാണെന്നും പറഞ്ഞു കഴിഞ്ഞു.

അല്ലാതെ കേവലം ഒന്നോ അധികമോ ഭാഷകളുള്ള ചില ബുക്കുകളേയോ, പലശാസ്ത്രങ്ങളെത്തന്നെയുമൊ പഠിച്ചതുകൊണ്ടുമാത്രം ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ചിരിക്കുന്നതായി വിചാരിപ്പാൻ പാടില്ല.

പലഭാഷകളുള്ള ഗ്രന്ഥങ്ങളിൽനിന്നു കിട്ടുന്ന അറിവു നിസ്സാരമെന്നല്ലപറയുന്നത്. അവ ഓരോ വിഷയങ്ങളിൽ ശാസ്ത്രീയമായി ഉണ്ടാവേണ്ടുന്ന ജ്ഞാനത്തെ തരുന്നു. അതു മുഖ്യാവശ്യംതന്നെ. പക്ഷെ അതുകൊണ്ടു തൃപ്തിപ്പെടരുത്.

'ആചാര്യഃ സർവ്വ ചേഷ്ടാസു
ലോക ഏവഹി ധീമതഃ
അനുകുര്യാത്തമേ വാതോ
ലൌകികാർത്ഥേ പരീക്ഷകഃ'

എന്നാണ് ലോകതന്ത്രനിപുണനായ ഒരുമഹാൻ പറഞ്ഞിരിക്കുന്നത്. ലോകം ഗു

ന്ഥങ്ങളിൽ നിന്നു കിട്ടിയ ജ്ഞാനരത്നത്തിൻെറ ഗുണദോഷപരീക്ഷാസ്ഥാനമാണ്. അവിടെയാണ് അതിൻെറ വില മതിക്കപ്പെടുന്നത്. ശാസ്ത്രീയമായ ജ്ഞാനത്തെ ലൌകികമായ ജ്ഞാനത്തോടും, നിത്യാനുഭവത്തോടും സംഘടിപ്പിക്കുന്നതിലാണ് അതു കാന്തി നുശോഭിക്കുന്നതും; പുതിയ ഓരോ തത്വങ്ങളുടെ ജ്ഞാനം ഉദിക്കുന്നതും. ലോകത്തിലുള്ളതിൽ ഏററവും വലിയ ഉപദേഷ്ടാവു പ്രകൃതിതന്നെയാണ്.

ഈ ലോകത്തിലെ ചരാചരങ്ങളും, നിത്യാനുഭവത്തിൽ വരുന്ന സംഗതികളും തന്നെയാണ് പ്രകൃതി എന്നുവെച്ചാൽ.

ഈശ്വരൻെറ മഹിമാവിലാസമായ ഈ പ്രകൃതിയുടെ ദിവ്യോപദേശം നിമിത്തമാണ്, വിദ്യുച്ഛക്തി മുതലായ ഓരോ ദിവ്യശക്തികൾ മനുഷ്യരുടെ കൃത്യനിർവ്വഹണത്തിനു ചകിരിക്കാററായതെന്നാലോചിക്കുമ്പോൾ പ്രകൃതിയുടെ മാഹാത്മ്യം വെളിപ്പെടും.

ആകാശത്തിൽ നിന്ന് ഒരുതുള്ളി വെള്ളം വീഴുന്നതായി നാം കാണുന്നു. അത് അങ്ങിനെതന്നെ ഒരു പുല്ലിൽ പോയ് വീണു എന്നു വിചാരിക്കുക. അതുകണ്ടാൽ ഒരു പ്രകൃതിശാസ്ത്രജ്ഞൻ- ഭൂമിയുടെ ആകർഷണശക്തിമുതലായ തത്വങ്ങളെ പററി ആലോചിക്കാൻ തുടങ്ങുന്നു. ഒരു വേദാന്തി- അതിൻെറ അവിടുത്തെ ശാശ്വതമല്ലാത്ത സ്ഥിതിയെക്കണ്ട് അതിനെ മനുഷ്യജീവിതത്തിൻെറ നിസ്സാരതയെ ഉപപാദിക്കുന്നതിനായി ഉപയോഗപ്പെടുത്തും. അല്ലെങ്കിൽ ഒരിക്കൽ നീരാവിയായിരുന്ന അതു ജലമായി പരിണമിച്ചു മററു ജലാംശത്തോടു ചേൎന്നു വ ൎദ്ധിക്കുകയും, വീണ്ടും നീരാവിയായി മാറുകയും ചെയ്യുന്നതിനെ പററി ആലോചിച്ച്, പ്രാപഞ്ചികാവസ്ഥയെ ആത്മപരാത്മ ഭാവത്തെയൊ ഊഹിക്കാൻതുടങ്ങും. ഒരു കവി പച്ചപ്പട്ടിൽവെച്ച മുത്തുമണിയാണെന്നോ മററോ ഉൽപ്രേക്ഷിച്ചു അലങ്കാരസാമത്ഥ്യത്തെ കാണിക്കാൻ നോക്കും. ഇങ്ങിനെ ഓരോവിഷയത്തിൽ അഭിനിവേശമുള്ളവർ അതാതിനനുസരിച്ച ജ്ഞാനത്തെ, മേൽപറഞ്ഞ ഒരു തുള്ളിവെള്ളം കൊണ്ടു സമ്പാദിക്കാൻ ശ്രമിക്കുന്നു. എന്നാൽ ഒരു സ്വസ്ഥനായ കുട്ടി അല്ലെങ്കിൽ ഒരു നിരക്ഷരകുക്ഷി അതിൽ യാതൊന്നും തന്നെ കാണുന്നില്ല. എല്ലാതത്വജ്ഞാനികളും കവികളും എന്നുവേണ്ട അതാതുവിഷയത്തിൽ പ്രസിദ്ധി നേടീട്ടുള്ള എല്ലാവരും ഈ പ്രകൃതിവിലാസത്തിൻെറ സഹായം നിമിത്തമാണ് ആ നിലയിലെത്തീട്ടുള്ളതെന്നു നിരാക്ഷേപമാകുന്നു.

പുസ്തകങ്ങളിൽ നിന്നു കിട്ടുന്ന ശാസ്ത്രീയമായ അറിവിനെക്കാൾ പലപ്പോഴും പ്രകൃതിയെ സംബന്ധിച്ചുള്ള ഊഹങ്ങൾക്കു ശക്തികൂടിക്കാണുമാറുണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

പണ്ടും ഇപ്പോഴും ഉൽകൃഷ്ടനിലയിൽ എത്തീട്ടുള്ളവരുടെ ഇടയിൽ, ശാസ്ത്രീയമായവിദ്യാഭ്യാസത്തിനു പുറമെ ദേശസഞ്ചാരം മുതലായവയെക്കൊണ്ടു ലൌകികമായ ജ്ഞാനം സമ്പാദിക്കുവാൻ ശ്രമിക്കുക ഒരു പ്രധാനകൃത്യമായിട്ടാണ് വെച്ചിട്ടുള്ളതെന്നും പറയേണ്ടതില്ലല്ലൊ.

പൌരാണികകാലത്തെ തീൎത്ഥയാത്രകളുടെയും മററും പ്രധാനോദ്ദേശ്യവും ലൌകിക ജ്ഞാനസമ്പാദനമായിരിക്കേണമെന്നു വിചാരിക്കുന്നതിൽ വല്ലതെ അബദ്ധമുണ്ടെന്നു തോന്നുന്നില്ല.

അതിനാൽ ശാസ്ത്രീയമായും ലൌകികമായും ഉള്ള വിദ്യാഭ്യാസം കൊണ്ടു കൃത്യകൎമ്മജ്ഞാനം സിദ്ധിച്ച ജീവിതത്തെ

അവരവക്കും മററുള്ളവക്കും ഉപകാരക്ഷമമാക്കിത്തീക്കുന്നതാണ് യുവജനങ്ങളുടെ കത്തവ്യകമ്മം. ഈ കത്തവ്യകമ്മജ്ഞാനത്തോടുകൂടികഴിഞ്ഞവക്കു വാദ്ധക്യത്തിൽ യൌവ്വനക്ഷയത്തെപ്പററി പശ്ചാത്താപത്തിന്നും കുണ്ഠിതത്തിന്നും ഇടവരുന്നതല്ല. അവരവക്കും താന്താങ്ങളുടെ സമുദായത്തിന്നും സ്വരാജ്യക്കാക്കും ഉൽകഷത്തിന്നും, അഭിമാനത്തിന്നും ഹേതുവായിത്തീരുകയുംചെയ്യും.

ഈ വിഷയത്തെപ്പററി ഇത്രയും പറഞ്ഞ് ഒരു ഇംഗ്ലീഷുകവി ഒരവസരത്തിൽ ഒരു യുവാവിന്നു കൊടുത്ത ഏതാനും ഉപദേശശ്ലോകങ്ങളെക്കൂടി ചേത്ത ഈ ഉപന്യാസത്തെ ഉപസംഹരിക്കാം.

'മിണ്ടൊല്ലാനീവിചാരംപരനൊടു, ചിത
മരോരാത്തുംചെയ്യുചൊല്കെ-
ല്ലുണ്ടാകേണംപരംലൌകികമതുപരിഷ്കാര-
മറ്റായ്യരെല്ലാ
വീണ്ടുംസൂക്ഷിച്ചെടുക്കുംസഖികളെഹൃദയ
ത്തോടുകോത്തിട്ടുകെട്ടു
വെണ്ടാതേകണ്ടുപുത്തൻസഖികളിലിളകി
ക്കൈത്തഴമ്പാക്കിടൊല്ലാ.

ആലോചിച്ചിട്ടുവേണംപരനൊടിടയുവാൻ
വൈരമായ്ത്തീൎന്നുപോയെ-
ന്നാലൊന്നിന്നോമ്മനിന്നീടണമരിവരനമ്മടു
നീകാട്ടിടേണം
മാലോകക്കൊക്കെയോതുന്നതിന്നുചെവികൊടു
ക്കേണമല്പംചിലക്കേ
ചേലോടോഷിക്കൊടാവൂ, പലരുടെമതവും
കേൾക്കതന്റേതൊതുക്കൂ.

വി. കോമൻമേനോൻ.

# കേളികേട്ട നമ്പൂതിരിമാർ

ഈ തലവാചകത്തിൽ കവികൾ, ഫലിതക്കാർ, അഭ്യാസികൾ, രാജ്യതന്ത്രജ്ഞന്മാർ, മന്ത്രവാദികൾ, ഓത്തന്മാർ, ശാസ്ത്രജ്ഞന്മാർ, തപസ്വികൾ, പരമഭക്തന്മാർ ഇങ്ങിനെ പലവിധത്തിലും പ്രസിദ്ധി നേടിയ നമ്പൂതിരിമാരുടെ ചുരുങ്ങിയ വിവരമെങ്കിലും കഴിയുന്നേടത്തോളം ശേഖരിച്ചു പ്രസിദ്ധം ചെയ്യേണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഇതിൽ പറയുന്ന പല സംഗതികളും പ്രസിദ്ധങ്ങളാണെങ്കിലും അവയെ രേഖപ്പെടുത്തി വെയ്ക്കുന്നതു ഞങ്ങളുടെ ഉദ്ദേശങ്ങളിൽ ഒന്നാണ്. ഈ വിഷയത്തിൽ അറിവുള്ളവരെല്ലാം അതാതു വിവരങ്ങൾ അറിവു തന്നു ഞങ്ങളെ സഹായിപ്പാൻ അപേക്ഷിക്കുന്നു. ഇതിൽ ചേത്ത കവികളുടെ വിവരം അയച്ചുതന്ന കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ ഞങ്ങൾ കൃതജ്ഞതാപൂവ്വം അഭിനന്ദിക്കുകയും ചെയ്യുന്നു.

മം. പ.

൧ കവികൾ.

പട്ടത്തു വാസുദേവഭട്ടതിരി } ഇദ്ദേഹത്തെ വരകവിയെന്നും കവിവരനെന്നും തിരിച്ചുമറിച്ചും പറയാം. പെരുമനത്തു തിരുവല്ലക്കാവിൽ ശാസ്താവിന്റെ വരം കൊണ്ടു കവിവരനായിത്തീൎന്ന ഇദ്ദേഹം ചേരമാൻ പെരുമാളുടെ സദസ്യനായിരുന്നു. പാണിനിസൂത്രങ്ങൾക്കെല്ലാം ഉദാഹരണമായി 'വാസുദേവീയം' എന്നൊരു കാവ്യവും അതിന്റെ വ്യാഖ്യാനവും ഉണ്ടാക്കീട്ടുണ്ട്. എ

ന്നുമാത്രമല്ല 'യുധിഷ്ഠിരവിജയം' എന്നു പ്രസിദ്ധമായ യമകകാവ്യം നിർമ്മിച്ചതും ഇദ്ദേഹമാണ്. ഈ നമ്പൂതിരിയുടെ ഗ്രന്ഥങ്ങൾക്കു പണ്ടേതന്നെ കാശ്മീരരാജ്യത്തുപോലും പ്രചാരം സിദ്ധിച്ചിരിക്കുന്നു എന്നു 'കാവ്യമാല' തെളിയിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ വംശക്കാർ അന്നേമുതൽ ഇന്നേവരെ തിരുവള്ളക്കാവിൽ ശാന്തിക്കാരാണ്.

* താലൻ എന്നു പ്രസിദ്ധനായ നീലകണ്ഠൻ നമ്പൂതിരി

ഇദ്ദേഹത്തിന്റെ ഇല്ലം കൊച്ചിശ്ശീമയിൽ അടുക്കുടുത്ത 'കൊണ്ടൊഴിഞ്ഞാറ്' എന്ന ദേശത്തായിരുന്നു. ചേരമാൻ പെരുമാളുടെ നർമ്മമിത്രമായിരുന്ന ഈ സരസൻ അന്നുള്ള കവികളുടെ യമകഭ്രമത്തെപ്പററി പരിഹസിച്ചുംകൊണ്ട്—

"ഘപ്രഘനംഭാനന്ദം
പഭേപയംനാത്രജനിതനന്ദാനന്ദം
തനയംവന്ദേവക്ത്യാ-
നിരപായംഭളിതഭാനവന്ദേവക്ത്യാഃ"

എന്നും, ദൂരാന്വയത്തേയും നിരർത്ഥകപദപ്രയോഗത്തേയും കളിയാക്കിക്കൊണ്ട്—

"ഉത്തിഷ്ഠോത്തിഷ്ഠരാജേന്ദ്ര
മുഖംപ്രക്ഷാളയസ്വ ടഃ
ഏഷആഗച്ഛയതേകക്ക
ചവൈതുഹിചവൈതുഹി"

എന്നും, മററും ചില ശ്ലോകങ്ങളുണ്ടാക്കീട്ടുള്ളതു സുപ്രസിദ്ധമാകുന്നു. ഈ കവിവീരൻ 'തോലകാവ്യം' എന്നൊരു മഹാകാവ്യമുണ്ടാക്കീട്ടുണ്ട്. അതിൽ എല്ലാ ശ്ലോകങ്ങളും അന്വയക്രമേണ സംഘടിപ്പിച്ചിട്ടുണ്ടെന്നു മാത്രമല്ല ഒരൊററ നിരർത്ഥകപദംപോലും പ്രയോഗിച്ചിട്ടുമില്ല. ഉദാഹരണത്തിന്ന് ഒരു ശ്ലോകം കാണിക്കാം.

"യത്രാംഗനാഃപ്രാവൃഷിശുഷ്കകണ്ഠാൻ
കേളീചകോരാനതിലംഘിതാഭ്രം
സൌധാഗ്രമാനീയസമീപഭാജാ
താരാപരാണ്യാഃസഹയോജയന്തി"

ഈ കവിയുടെ സാമർത്ഥ്യം സംസ്കൃതകവിതയിലെന്നപോലെ ഭാഷാകവിതയിലും അവ്യാഹതമായി പ്രകാശിക്കുന്നുണ്ട്. ചാക്യാന്മാർ കൂടിയാട്ടങ്ങളിൽ ഉപയോഗിച്ചുവരുന്ന സരസഭാഷാശ്ലോകങ്ങളിൽ അധികവും തോലന്റെ പൊടിക്കൈകളാണ്. കൂത്തു പരിഷ്കരിക്കുന്നതിലേക്കു വേണ്ടി ഇദ്ദേഹം ഹാസ്യരസപ്രധാനങ്ങളായ പദ്യങ്ങൾ കുറച്ചൊന്നുമല്ല നിർമ്മിച്ചിട്ടുള്ളത്. നാഗാനന്ദം, സുഭദ്രാധനഞ്ജയം, തപതീസംവരണം മുതലായി മലയാളത്തിൽ കൂടിയാട്ടത്തിൽ നടിച്ചുവരുന്ന പ്രാചീനനാടകങ്ങളിലെല്ലാം നായകന്റെ സരസശൃംഗാരശ്ലോകങ്ങൾക്കു പ്രതിശ്ലോകങ്ങളെന്നപോലെ വിദൂഷകന്റെ വകക്കു ചില ഹാസ്യശ്ലോകങ്ങൾ കൊടുത്തിട്ടുണ്ട്.

സൌന്ദര്യംസുകുമാരതാമധുരതാ
കാന്തിർമ്മനോഹാരിതാ
ശ്രീമത്താമഹിമേതിസദ്ഗ്വിഭവാൻ
നിശ്ശേഷനാരീഗുണാൻ
ഏതസ്യാമുപയുജ്യദഗ്ദ്ധവിധയാ
ദീനഃപരാമാത്മഭൂഃ
സ്രഷ്ടുംവാഞ്ഛതിചേൽകരോതുപുനര-
പ്യത്രൈവഭിക്ഷാടനം.

എന്നതിന്നു പകരം

ഡാനാററംകവർനാററവുംവളസവും
പൈശൂന്യവുംപീളയും
ചേനംകക്ക് കൊതിസ്സ് യെന്നുമുതലാം
നിശ്ശേഷചക്കീഗുണാൻ
ഇച്ചക്ക്യാമുപയുജ്യപത്മജനഹോ
കെല്പററചക്കീതരം
സൃഷ്ടിപ്പാൻതുടരുന്നുവെങ്കിലിഹ
വന്നെല്ലാമിരന്നീടണം.

പ്രാകൃതചൂർണ്ണികകൾക്കു തർജ്ജമയായിട്ടും പല ഭാഷാശ്ലോകങ്ങളുണ്ടാക്കീട്ടുണ്ട്.

അത്രവരുന്നിതുവേഗാൽ
മിത്രാവസുവെന്നസിദ്ധയുവരാജൻ

അവരവക്കും മററുള്ളവക്കും ഉപകാരക്ഷമമാക്കിത്തീക്കുന്നതാണ് യുവജനങ്ങളുടെ കത്തവ്യകമ്മം. ഈ കത്തവ്യകമ്മജ്ഞാനത്തോടുകൂടി കഴിഞ്ഞവക്ക വാദ്ധക്യത്തിൽ യൌവ്വനക്ഷയത്തെപ്പററി പശ്ചാത്താപത്തിന്നും കുണ്ഠിതത്തിന്നും ഇടവരുന്നതല്ല. അവരവക്കും താന്താങ്ങളുടെ സമുദായത്തിന്നും സ്വരാജ്യക്കാക്കും ഉൽകഷത്തിന്നും, അഭിമാനത്തിന്നും ഹേതുവായിത്തീരുകയും ചെയ്യും.

ഈ വിഷയത്തെപ്പററി ഇത്രയും പറഞ്ഞ് ഒരു ഇംഗ്ലീഷുകവി ഒരവസരത്തിൽ ഒരു യുവാവിന്നു കൊടുത്ത ഏതാനും ഉപദേശശ്ലോകങ്ങളെക്കൂടി ചേത്ത ഈ ഉപന്യാസത്തെ ഉപസംഹരിക്കാം.

'മിണ്ടൊല്ലാനീവിചാരംപരനൊടു, ചിത
മററോരാൾക്കുംപ്രയോഗംചെയ്കൊ-
ല്ലുണ്ടാകേണം പരം ലൌകികമതു പരിഷ്കാര-
മട്ടാസ്സരൊല്ലാ
വീണ്ടുംസൂക്ഷിച്ചുചേക്കുംസഖികളെ ഹൃദയ
ത്തോടുചേത്തിട്ടുകെട്ടു
വെണ്ടാതേകണ്ടുപുത്തൻസഖികളിലിളകി
ക്കൈത്തഴമ്പാക്കിടൊല്ലാ.

ആലോചിച്ചിട്ടുവേണം പരനൊടിടയുവാൻ
വൈരമായ്ത്തീന്നുപോയെ-
ന്നാലോനിന്നോമ്മനിന്നീടണമരിവരനമ്മട്ടു
നീകാട്ടിടേണം
മാലോകക്കൊക്കെയോജ്യന്നിരുചെവികൊടു
ക്കേണമല്പം വിലക്കേ
ച്ചേലോടോഷിക്കൊടാവു, പലരുടെമതവും
കേൾക്കതന്റേതൊതുക്കു.

വി. കോമൻമേനോൻ.

# കേളികേട്ട നമ്പൂതിരിമാർ

ഈ തലവാചകത്തിൽ കവികൾ, ഫലിതക്കാർ, അഭ്യാസികൾ, രാജ്യതന്ത്രജ്ഞന്മാർ, മന്ത്രവാദികൾ, ഓത്തന്മാർ, ശാസ്ത്രജ്ഞന്മാർ, തപസ്വികൾ, പരമഭക്തന്മാർ ഇങ്ങിനെ പലവിധത്തിലും പ്രസിദ്ധി നേടിയ നമ്പൂതിരിമാരുടെ ചുരുങ്ങിയ വിവരമെങ്കിലും കഴിയുന്നേടത്തോളം ശേഖരിച്ചു പ്രസിദ്ധം ചെയ്യേണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഇതിൽ പറയുന്ന പല സംഗതികളും പ്രസിദ്ധങ്ങളാണെങ്കിലും അവയെ രേഖപ്പെടുത്തി വെയ്ക്കുന്നതു ഞങ്ങളുടെ ഉദ്ദേശങ്ങളിൽ ഒന്നാണ്. ഈ വിഷയത്തിൽ അറിവുള്ളവരെല്ലാം അതാതു വിവരങ്ങൾ അറിവു തന്നു ഞങ്ങളെ സഹായിപ്പാൻ അപേക്ഷിക്കുന്നു. ഇതിൽ ചേത്ത കവികളുടെ വിവരം അയച്ചുതന്ന കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ ഞങ്ങൾ കൃതജ്ഞതാപൂവ്വം അഭിനന്ദിക്കുകയും ചെയ്യുന്നു.

മം. പ.

## ൧ കവികൾ.

പട്ടത്തു വാസുദേവഭട്ടതിരി — ഇദ്ദേഹത്തെ വരകവിയെന്നും കവിവരനെന്നും തിരിച്ചും മറിച്ചും പറയാം. പെരുമനത്തു തിരുവല്ലക്കാവിൽ ശാസ്താവിന്റെ വരം കൊണ്ടു കവിവരനായിത്തീന്ന ഇദ്ദേഹം ചേരമാൻ പെരുമാളുടെ സദസ്യനായിരുന്നു. പാണിനിസൂത്രങ്ങൾക്കെല്ലാം ഉദാഹരണമായി 'വാസുദേവീയം' എന്നൊരു കാവ്യവും അതിന്റെ വ്യാഖ്യാനവും ഉണ്ടാക്കീട്ടുണ്ട്. എ

ന്നുമാത്രമല്ല 'യുധിഷ്ഠിരവിജയം' എന്ന പ്രസിദ്ധമായ യമകകാവ്യം നിർമ്മിച്ചതും ഇദ്ദേഹമാണ്. ഈ നമ്പൂതിരിയുടെ ഗ്രന്ഥങ്ങൾക്ക പണ്ടേതന്നെ കാശ്മീരരാജ്യത്തുപോലും പ്രചാരം സിദ്ധിച്ചിരിക്കുന്നു എന്നു 'കാവ്യമാല' തെളിയിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ വംശക്കാർ അന്നുമുതൽ ഇന്നുവരെ തിരുവള്ളക്കാവിൽ ശാന്തിക്കാരാണ്.

തോലൻ എന്ന പ്രസിദ്ധനായ നീലകണ്ഠൻ നമ്പൂതിരി

ഇദ്ദേഹത്തിന്റെ ഇല്ലം കൊച്ചിശ്ശീമയിൽ അട്ടക്കൂട്ടത്ത 'കൊണ്ടൊഴിഞ്ഞാറ്' എന്ന ദേശത്തായിരുന്നു. ചേരമാൻ പെരുമാളുടെ നർമ്മമിത്രമായിരുന്ന ഈ സരസൻ അന്നുള്ള കവികളുടെ യമകഭ്രമത്തെപ്പററി പരിഹസിച്ചുംകൊണ്ട് —

> “ഹപ്രഹനംദാനന്ദം
> പദദാന്വയംനാത്രജനിതനന്ദാനന്ദം
> തനയംവന്ദേവക്യാ-
> നിരന്വയംദളിതദാനവന്ദേവക്യാഃ”

എന്നും, ദൂരാന്വയത്തേയും നിരത്ഥകപദപ്രയോഗത്തേയും കളിയാക്കിക്കൊണ്ട് —

> “ഉത്തിഷ്ഠോത്തിഷ്ഠരാജേന്ദ്ര
> മുഖംപ്രക്ഷാളയസ്വ ടഃ
> ഏഷആഹചയതേകക്ക
> ച്ഛവൈതുഹിചവൈതുഹി”

എന്നും, മററും ചില ശ്ലോകങ്ങളുണ്ടാക്കീട്ടുള്ളതു സുപ്രസിദ്ധമാകുന്നു. ഈ കവിവീരൻ 'തോലകാവ്യം' എന്നൊരു മഹാകാവ്യമുണ്ടാക്കീട്ടുണ്ട്. അതിൽ എല്ലാ ശ്ലോകങ്ങളും അന്വയക്രമേണ സംഘടിപ്പിച്ചിട്ടുണ്ടെന്നു മാത്രമല്ല ഒരൊററ നിരത്ഥകപദംപോലും പ്രയോഗിച്ചിട്ടുമില്ല. ഉദാഹരണത്തിന്ന് ഒരു ശ്ലോകം കാണിക്കാം.

> “യത്രാംഗനാഃപ്രാവൃഷിശുഷ്കകണ്ഠാൻ
> കേളീചകോരാനതിലംഘിതാജ്ഞം
> സൌധാഗ്രമാനീയസമീപഭാജാ
> താരാപഥജ്യോത്സ്നാസഹയോജയന്തി”

ഈ കവിയുടെ സാമർത്ഥ്യം സംസ്കൃതകവിതയിലെന്നപോലെ ഭാഷാകവിതയിലും അവ്യാഹതമായി പ്രകാശിക്കുന്നുണ്ട്. ചാക്യാന്മാർ കൂടിയാട്ടങ്ങളിൽ ഉപയോഗിച്ചുവരുന്ന സരസഭാഷാശ്ലോകങ്ങളിൽ അധികവും തോലന്റെ ചൊടിക്കയ്ക്കുകളാണ്. കൂത്തു പരിഷ്കരിക്കുന്നതിലേക്കു വേണ്ടി ഇദ്ദേഹം ഹാസ്യരസപ്രധാനങ്ങളായ പദ്യങ്ങൾ കുറച്ചൊന്നുമല്ല നിർമ്മിച്ചിട്ടുള്ളത്. നാഗാനന്ദം, സുഭദ്രാധനഞ്ജയം, തപതീസംവരണം മുതലായി മലയാളത്തിൽ കൂടിയാട്ടത്തിൽ നടിച്ചുവരുന്ന പ്രാചീനനാടകങ്ങളിലെല്ലാം നായകന്റെ സരസശൃംഗാരശ്ലോകങ്ങൾക്ക പ്രതിശ്ലോകങ്ങളെന്നപോലെ വിദൂഷകന്റെ വകയ്ക്കു ചില ഹാസ്യശ്ലോകങ്ങൾ കൊടുത്തിട്ടുണ്ട്.

> സൌന്ദര്യംസുകുമാരതാമധുരതാ
> കാന്തിർമ്മനോഹാരിതാ
> ശ്രീമത്താമഹിമേതിസദ്ഗുണവിഭവാൻ
> നിശ്ശേഷനാരീഗുണാൻ
> ഏതസ്യാമുപയുജ്യദഗ്ദ്ധവിധയാ
> ദീനാഃപരാമാത്മഭൂഃ
> സ്രഷ്ടുംവാഞ്ഛതിചേൽകരോതുപുനര-
> പ്യത്രൈവഭിക്ഷാടനം.

എന്നതിന്നു പകരം

> വാനാററംകവർന്നാററവുംവളസവും
> പൈശുന്യവുംപീളയും
> പേനുംകക്ക്കൊതിസ്സ്യെന്നുമുതലാം
> നിശ്ശേഷചക്കീഗുണാൻ
> ഇച്ചക്ക്യാമുപയുജ്യപത്മജനഹോ
> കെല്പററചക്കീതരം
> സൃഷ്ടിപ്പാൻതുടരുന്നുവെങ്കിലിഹ
> വന്നെല്ലാമിരന്നീടണം.

പ്രാകൃതചൂർണ്ണികകൾക്ക തർജ്ജമയായിട്ടും പല ഭാഷാശ്ലോകങ്ങളുണ്ടാക്കീട്ടുണ്ട്.

> അത്രവരുന്നിതുവേഗാൽ
> മിത്രാവസുവെന്നസിദ്ധയുവരാജൻ,

പത്രംകൊണ്ടിനിയുടനേ
ചിത്രപ്പെൺകൊടിയെനീമറയ്ക്കേണം.

അശനത്തിന്നു വേണ്ടുന്ന എല്ലാ ഉപകരണങ്ങളെക്കുറിച്ചും വെവ്വേറെയുള്ള ശ്ലോകങ്ങൾ ഈ വിരുതന്റെ വകയാണ്.

'ഏണാങ്കമണ്ഡലംപോലെ
വേണാന്നീടിനപപ്പടം
ഊണിന്നു കാലമാകുമ്പോൾ
വേണംകാച്ചിവിളമ്പുവാൻ.'

ഈ വക മിക്ക ഭാഷാശ്ലോകങ്ങളും ഇന്നത്തെക്കവികൾ ഉപയോഗിച്ചുവരുന്ന ഭാഷാരീതിയിലാണ് നിർമ്മിച്ചിട്ടുള്ളത്. അതിലാശ്ചര്യമില്ലതാനും. തോലന്റെ ഭാഷ അന്നത്തെ നഗര (കൊടുങ്ങല്ലൂർ) ഭാഷയാണ്. അതു ക്രമേണ നാട്ടുഭാഷയായിത്തീർന്നു. തുഞ്ചൻ, കുഞ്ചൻ തുടങ്ങിയുള്ള പ്രസിദ്ധഭാഷാകവികൾക്ക് ഈ തോലനാണ് മാർഗ്ഗപ്രദർശകൻ. അവരാരും ഒരു പുതിയ ഭാഷാരീതി കണ്ടുപിടിച്ചിട്ടില്ലെന്നുള്ള വാസ്തവം കൂടിയാട്ടം കണ്ടിട്ടുള്ളവർക്കെല്ലാം അറിയാവുന്നതാണ്.

ശക്തിഭദ്രൻ — ഇദ്ദേഹം ചെങ്ങന്നൂർ ഗ്രാമത്തിലെ ഒരു പോററിയാണ്. തിരുവാപ്പിൽ സമുദായവുമായിരുന്നു. പൂജകൾക്കും മററ് അടിയന്തരങ്ങൾക്കും എന്തു വന്നാലും നേരനീക്കം വരുത്താറില്ലാത്ത ആ ക്ഷേത്രത്തിൽ ഗ്രഹണസമയത്തുപോലും ഉച്ചപ്പൂജയ്ക്കു നമസ്കാരമുണ്ണണമെന്നൊരു പതിവുണ്ട്. അതിന്നു മടിച്ച പുലാപ്പിള്ളി നമ്പൂരിയെ ശപിച്ച് അധഃപതനം വരുത്തി അമ്പലവാസിയാക്കിത്തീർത്തതുകൊണ്ട് ഇദ്ദേഹം നല്ല തപശ്ശക്തിയുള്ള ബ്രാഹ്മണനാണെന്നുള്ളത് ഇരിക്കട്ടെ. ശ്രീശങ്കരാചാര്യസ്വാമികളുടെ ശിഷ്യനാകയാൽ അദ്ദേഹത്തിന്റെ പണ്ഡിതനുമാണെന്നുള്ളതും നിൽക്കട്ടെ. 'ഉന്മാദവാസവദത്ത' (മന്ത്രാങ്കം മുതലായത് അടങ്ങിയ ഒരു ദൃശ്യകാവ്യം), 'ആശ്ചര്യചൂഡാമണി' നാടകം എന്നിവയുണ്ടാക്കിയ ഒരു മഹാകവിയാണ്. ഇദ്ദേഹത്തിന്റെ ഈ നാടകത്തെ ആചാര്യസ്വാമികൾപോലും 'ഭുവനഭൂതി' എന്നു പ്രശംസിച്ചിരിക്കുന്നു. ഇദ്ദേഹം ഉണ്ടാക്കിയ ദൃശ്യകാവ്യങ്ങളെല്ലാം ഇന്നും ക്ഷേത്രങ്ങളിൽ പലേടത്തും ചാക്യാന്മാർ അഭിനയിച്ചുവരുന്നുണ്ട്.

പുനം അല്ലെങ്കിൽ ചെറുശ്ശേരി ശങ്കരൻ നമ്പൂതിരി — സാമൂതിരി മഹാരാജാവിന്റെ സദസ്യന്മാരായ പതിനെട്ടര കവികളിൽ അരക്കവിയാണ് ഈ പുനംനമ്പൂരി. ഭാഷാകവികളെ പുച്ഛിച്ചിരുന്ന ഉദ്ദണ്ഡശാസ്ത്രികൾക്കുപോലും 'പുനമേവപുനഃ പുനരാസ്തമഹേ' എന്നു പ്രശംസിക്കത്തക്കവിധം ബഹുമാനം തോന്നാൻവേണ്ട കവിത്വം ഇദ്ദേഹത്തിനുണ്ടായിരുന്നു എന്ന് 'താരിത്തന്വി കടാക്ഷാഞ്ചല' എന്ന ശ്ലോകം തന്നെ തെളിയിക്കുന്നുണ്ട്. ഇദ്ദേഹത്തിന്റെ കൃഷ്ണപ്പാട്ടിലുള്ള കവിതാരീതി മേൽപറഞ്ഞ പദ്യത്തിന്റെ രീതിയിൽ നിന്നു വിലക്ഷണമാണ്. ഗാഥയിൽ അക്കാലത്തെ കോലത്തുനാട്ടുഭാഷയാണ് അധികം ഉപയോഗിച്ചിട്ടുള്ളത്. അതുകൊണ്ട് ഇപ്പോൾ നടപ്പില്ലാത്ത ചില വാക്കുകൾ അതിൽ കാണും എങ്കിലും ഇത്ര അലങ്കാരശുദ്ധിയും സരസതയും ഉള്ള ഒരു കവിത മലയാളഭാഷയിൽ വേറെ കാണുവാൻ പ്രയാസം. പരിശുദ്ധഭക്തി കവിഹൃദയത്തിൽ നിന്നു കൃതിയിലേക്കു പ്രതിഫലിച്ചിട്ടുണ്ടെന്ന് അതു വായിക്കുന്നവർക്കെല്ലാം അനുഭവപ്പെടുന്നതാണ്. തളിപ്പറമ്പത്തു വെച്ചു പാഠകം പറയുന്ന സമ്പ്രദായം ആരംഭിച്ച കാലത്തു 'ചെല്ലൂർ മാഹാത്മ്യം' മുതലായ ഭാഷാപ്രബന്ധങ്ങളുണ്ടാക്കിയതും ഇദ്ദേഹമാണെന്നു ചിലരുടെ പക്ഷമുണ്ട്. ആ വക ഗ്രന്ഥങ്ങൾ 'വേലാതീതപ്രഥിതവചസശ്ശങ്കരാദ്യാഃ കവീന്ദ്രാഃ'

എന്ന് ഉദ്ദണ്ഡൻ പറഞ്ഞിട്ടുള്ള ശങ്കരകവിയുടെയാണെന്നു 'മററു ചിലർ പറയുന്നു. ശങ്കരകവിയും പുനവും ഒന്നാണെന്നു വേറെ ചിലരും സിദ്ധാന്തിക്കുന്നു. ഏതെങ്കിലും കവിനാമം പുറത്തുകാണിക്കാത്ത ആ വക ഗ്രന്ഥങ്ങൾ കേളികേട്ട ചില നമ്പൂരിക്കവികളുടെ കൃതികളാണെന്നു തീർച്ചതന്നെ.

മഴമംഗലത്തു ശങ്കരൻനമ്പൂരി — ഭാഷാപ്രബന്ധനിർമ്മാണവിഷയത്തിൽ ഏററവും കേളികേട്ട കവിയാണ് ഇദ്ദേഹം. ഭാഷാനൈഷധചമ്പു, രാജരത്നാവലീയം, ബാണയുദ്ധം മുതലായ പ്രശസ്തപ്രബന്ധങ്ങളുടെ കവി ഇദ്ദേഹമാണ്. ഈ പ്രബന്ധങ്ങളിലെ ഗദ്യരീതി പിടിച്ചുതന്നെ പൂഷ്പിണിപ്പാട്ടുണ്ടാക്കിത്തീർത്തതും മററാരുമല്ല. മഴമംഗലഭാണം, കൊടിയവിരഹം മുതലായ സംസ്കൃതകൃതികളുണ്ടാക്കിയതും ഈ നമ്പൂരിതന്നെ. മതില്ക്കു പുറത്ത് ആൽത്തറയ്ക്കൽ വെച്ചു മറുക്കിക്കൊണ്ടു സൌന്ദര്യലഹരി ചൊല്ലി ഊരകത്ത് അമ്മതിരുവടിയുടെ തിരുവുടയാടയിൽ തുപ്പൽ കാണിച്ചതും ഭക്തനായ ഈ മഹാകവിയാണ്. ഇദ്ദേഹത്തിന്റെ ഗദ്യമയഗാഥ, പുനംനമ്പൂരിയുടെ കൃഷ്ണഗാഥ, തുഞ്ചന്റെ കിളിപ്പാട്ട് ഇവയുടെ വൃത്തരീതികളിലെ കാലക്രമം പിടിച്ചാണ് കുഞ്ചൻ തുള്ളപ്പാട്ടുകളിലേ ശീലുകളുണ്ടാക്കീട്ടുള്ളത്.

മേപ്പത്തൂർ നാരായണഭട്ടതിരി — ഇദ്ദേഹം 'നാരായണീയം' എന്ന ഭാഗവതസംഗ്രഹസ്തോത്രം നിർമ്മിച്ചു ഗുരുവായൂരപ്പന്റെ അനുഗ്രഹം കൊണ്ടു ദുസ്സാദ്ധ്യമായ രോഗശമനം വരുത്തിയതുമുതൽക്കാണ് കേളികേട്ടുതുടങ്ങിയത്. ചാക്ക്യാന്മാർക്കു പ്രബന്ധം പറയുവാൻ തക്കവണ്ണം അനേകം കഥാപ്രബന്ധങ്ങൾ ഇദ്ദേഹം ഉണ്ടാക്കീട്ടുണ്ട്. അധികവും ഭാരതഭാഗവതസംബന്ധകഥകളെയാണ് ഈ കവി ലഘുചമ്പുക്കളാക്കീട്ടുള്ളത്. ഇവയുടെ സാരസ്യം അന്യാദൃശം തന്നെയാണ്. വൃകോദരോക്തമായ ധാതുപാഠം അനുസരിച്ച് ഇദ്ദേഹം 'ധാതുകാവ്യം' എന്നൊരു കാവ്യമുണ്ടാക്കീട്ടുണ്ട്.

> ഉദാഹൃതം പാണിനിസൂത്രമണ്ഡലം
> പ്രാഗ്വാസുദേവേന തദേകദേശതഃ
> ഉദാഹരത്യദ്യ വൃകോദരോദിതാൻ
> ധാതൂൻ ക്രമേണൈവ ഹി മാധവാശ്രയാൻ,

എന്നാണ് ഇതിലെ പ്രതിജ്ഞ. വാസുദേവീയത്തിൽ പറഞ്ഞ ശ്രീകൃഷ്ണകഥയുടെ ശേഷമാണ് ഈ കാവ്യത്തിലെ കഥ. പൂരാടം പിറന്ന പുരുഷൻ എന്നു പ്രസിദ്ധനായ അമ്പലപ്പുഴ രാജാവിന്റെ ആജ്ഞപ്രകാരം ഭാരതം വായിപ്പാൻ കുട്ടികൊണ്ടു പോയപ്പോൾ കുട്ടിവായന ശീലമുണ്ടോ എന്നു ചോദിച്ചതിന്നുത്തരമായി—

> 'ഭീമസേനഗദാത്രസ്തം ദുര്യോധനവരൂഥിനീ
> ശിഖാഖണ്ഡികസ്യേവ കണ്ഠമൂലമുപാശ്രിതം'

എന്നു രാജാവിന്റെ കഷണ്ടിയേയും കൂട്ടിച്ചേർത്തു കുട്ടിവായിച്ചു ബഹുമതനായിത്തീർന്നതും പിന്നീടു രാജകല്പനപ്രകാരം തന്നെ അറുപതു ദിവസംകൊണ്ടു 'പ്രക്രിയാസർവ്വസ്വം' എന്ന ഗംഭീരമായ വ്യാകരണഗ്രന്ഥം നിർമ്മിച്ചതും ഈ കവി തന്നെയാകുന്നു. ഇദ്ദേഹത്തിന്നു ചെറുപ്പം മുതൽക്കേ പരൽപ്പേരിടുവാനുള്ള സാമർത്ഥ്യം വേറെയായിരുന്നു. തൃക്കണ്ടിയൂർ അച്യുതപ്പിഷാരടിയുടെ അടുക്കൽ ചില കുട്ടികൾ ഗണിക്കുമ്പോൾ ഒരു സംഖ്യയ്ക്കു സ്വാനുഭവം പ്രമാണിച്ചു 'ബാലകളത്രം സൌഖ്യം' എന്നും, 'ലിംഗവ്യാധി ദുസ്സഹ്യാ' എന്നും പേരിട്ടതു പിഷാരടിയുടെ ശകാരം കേട്ടു പിന്നീടു പിഷാരടിയുടെ അടുക്കൽ തന്നെ പഠിച്ചു വിദ്വാനായിത്തീർന്നതും നാരായണീയാവസാനത്തിൽ

കലിദിനസംഖ്യ 'ആയുരാരോഗ്യസൌഖ്യം' എന്നൊപ്പിച്ചതും പ്രക്രിയാസർവ്വസ്വത്തിന്റെ പ്രാരംഭാവസാന ദിവസങ്ങൾ രണ്ടും കണക്കാക്കി പ്രകൃതത്തിനു യോജിപ്പിച്ച് 'യതഃ ഫലപ്രസൂസ്സ്യാൽ, കൃതരാഗരസോദ്ധ്യ, ശബ്ദമാർഗ്ഗജൂഷാം' എന്നു പ്രതിജ്ഞ ചെയ്തതും, മാമാങ്കത്തിലെ വെള്ളപ്പൊക്കത്തെക്കുറിച്ച് എന്നെന്നും സ്മാരകമായിട്ട് 'നദീപുഷ്ടിരസഹ്യാനു നഹ്യസാരം പയോജനിന്ജാൽ കുടീരാൽ സായാഹ്നേ നഷ്ടാർത്ഥാഃ പ്രയയുജ്ജനാഃ' എന്നിങ്ങിനെ പാദംതോറും മേൽപോട്ടും കീഴ്പ്പോട്ടും ചേരിട്ട കലിദിനസംഖ്യകൊണ്ടു തന്നെ ശ്ലോകം പൂരിപ്പിച്ചതും അച്ചിപ്പുറെ എടക്കോട്ടെ അമ്പലത്തിൽ വാരത്തിന്നു കൂടിയിരുന്ന ഓത്തന്മാർ പരിഹസിച്ചതു നിമിത്തം ചൊടിച്ചു തന്റെ ഓത്തിലുള്ള ഉറപ്പു വെളിപ്പെടുത്തിക്കൊണ്ട് ഋഗ്വേദത്തിലെ അഷ്ടംതോറുമുള്ള സൂക്തങ്ങളുടെ കണക്കു കാണിക്കുന്ന പരൽപേരുമാത്രമായ 'സൂക്തശ്ലോകങ്ങൾ' മൂക്കോലബ്ഭഗവതിയുടെ സ്തോത്രമായി നിർമ്മിച്ചതും മറ്റും ഇദ്ദേഹത്തിന്റെ ഈ വാസനാബലം നിമിത്തമാകുന്നു. ഇദ്ദേഹം വിഷ്ണുഭക്തിമൂത്തു ശിവദ്വേഷിയാവാൻ ഭാവിക്കുകയോ എന്നു തോന്നുമാറു 'ഭസ്മനിഷേധം' എന്നൊരു ഗ്രന്ഥമുണ്ടാക്കിയെന്നും പയ്യൂർ ഭട്ടതിരിമാരിൽ ഒരു വിദ്വാൻ 'ഇന്നു നാരായണന്റെ ഭസ്മനിഷേധം ഖണ്ഡിച്ചു ഗ്രന്ഥം ചുട്ടിട്ടാണ് ഭസ്മക്കുറി' എന്നു പ്രതിജ്ഞ ചെയ്തു കാര്യം നടത്തിയെന്നും ഒരൈതിഹ്യമുണ്ട്. ഏതെങ്കിലും ഈ മഹാകവി വലിയ വിഷ്ണുഭക്തനായിരുന്നു നിശ്ചയം തന്നെ. 'കൂട്ടപ്പാഠകം' എന്ന ഹാസ്യരസപ്രധാനമായ ഒരു ഭാഷാകവിത ഇദ്ദേഹം ഉണ്ടാക്കീട്ടുണ്ടത്രേ. ഋഗ്വേദത്തിലെ താണ്ടവും ഇദ്ദേഹത്തിന്റെയാണെന്നു പറയുന്നു.

പുറയന്നൂർ ഭാസ്കരൻ നമ്പൂതിരിപ്പാട് — ഈ സരസകവിയാണ് ദശമം കിളിപ്പാട്ടുണ്ടാക്കിയത്. ഇദ്ദേഹത്തിന്റെ കവിതാരീതി തുഞ്ചനേക്കാൾ കുഞ്ചനെയാണ് അധികം അനുകരിക്കുന്നത്.

'സരസിജനയനന്റെ നല്ലലീലാവിലാസം
സരസിജമുഖിമാർക്കും ബാലകൾക്കും ഗ്രഹിപ്പാൻ
സരസമധുരഭാഷാഗാനമായിട്ടിവണ്ണം
പരിചൊടുപുറയന്നൂരന്തണേന്ദ്രൻ ചമച്ചാൻ.'

എന്നുള്ള ഉപസംഹാരശ്ലോകംകൊണ്ട് ഈ നമ്പൂതിരിപ്പാട്ടിലെ സദുദ്ദേശ്യം വെളിപ്പെടുന്നു. മലയാളത്തിന്റെ മദ്ധ്യഭാഗത്തുള്ള ഇല്ലങ്ങളിലെല്ലാം ഈ ദശമത്തിനു നല്ല പ്രചാരമുണ്ട്.

ചേലപ്പറമ്പു വാസുദേവൻ നമ്പൂരി — ഇദ്ദേഹത്തിന്റെ സരസങ്ങളായ ചില ഒറ്റശ്ലോകങ്ങളാണ് സഹൃദയന്മാരെ ആകർഷിച്ചു കാണുന്നത്. കോഴിക്കോട്ടു തളിയിൽ 'സ്വർഗ്ഗത്തിൽ' എന്ന അമ്പലവാസിഭവനത്തിൽ താമസിച്ചുവരുന്ന ദിവസങ്ങളിൽ ഇന്ദ്രലോകത്തെ കഥയും സാമൂതിരിപ്പാട്ടിലെ സ്തുതിയുമായ ഓരോ ശ്ലോകങ്ങൾ ഇദ്ദേഹം സാമൂതിരിപ്പാട്ടിലെയ്ക്കു സമർപ്പിച്ചുവന്നിരുന്നു

'ജംഭപ്രദ്വേഷിമുൻപിൽ ത്രിദശസദസി നിൻ-
കീർത്തിപൂരങ്ങൾ വീണാ-
ശുംഭൽപാണൌ മുനൌ ഗായതി സുരസുദൃശാം
വിഭ്രമം ചൊല്ലവല്ലേൻ
കമ്പിട്ടാളുർവ്വശി പെണ്ണുകമിളകിയലി-
ഞ്ഞെക്കണ്ണാക്കത്തഴിഞ്ഞൂ
രംഭയ്ക്കഞ്ചാറുവട്ടം കബരി തിരുകിനാൾ
മേനകാ മാനവേദ!'

സൂത്രാമാവിന്നുവന്നവസ്ഥ ചിരിയാം നിൻ-
വിക്രമാലോകനേ
ശത്രൂണാം പടവീടു ചുട്ടുപുകവേ പോ-
യെത്തീ നഭോമണ്ഡലേ
പത്താം നേത്രശതങ്ങളപ്പൊഴുതിലേ-
പ്പൊത്തീട്ടവാനാശയാ-
ലെത്തീ ശക്രനു കാർത്തവീര്യഭുജസമ്പ-
ത്തിങ്കലാത്യാഗ്രഹം.'

ഈ വക രാജവർണ്ണനശ്ലോകങ്ങൾക്കു പുറമെ പിന്നെയും അനവധി ഒറ്റശ്ലോകങ്ങൾ ഇദ്ദേഹം ഉണ്ടാക്കിട്ടുണ്ട്.

'ആഴിക്കുട്ടിന്നകത്തിങ്ങധികഗുണഗണം
 തേടുമക്കുന്നലേശൻ
വാഴുംനാടങ്ങനേകംപകലിരവവിടെ-
 പ്പണ്ടുപോയിട്ടില്ലവേണ്ട
കോഴിക്കോട്ടുംനടപ്പാനിതുപൊഴുതെളുത-
 ല്ലങ്ങുപൂങ്കാവിൽനിന്നാ-
മാഴക്കണ്ണാൾപറിക്കുന്നിതുയുവഹൃദയം
 കാരണങ്ങൾക്കോ കാലഭേദം.'

(എടവട്ടിക്കാട്ടു വിഷ്ണു നമ്പൂരി) ഈ നമ്പൂരിയുടെ രുഗ്മിണീസ്വയംവരം പ്രബന്ധത്തിനേക്കാൾ അധികം രസികജനാഹ്ലാദകങ്ങളും പ്രസിദ്ധങ്ങളുമായിട്ടുള്ളത് ഒററശ്ലോകങ്ങളാണ്.

സുമധുരമധരനിപീഡ്യം
സുഖനിദ്രാസാദകൃച്ചസംഭോക്തുഃ
മൃദുബഹിരന്തഃകഠിനം
കമനീകമനീയമേതദാമ്രഫലം.

എന്ന ശ്ലോകംകൊണ്ട് ഉണ്ണിനമ്പൂതിരിമാരെക്കൊണ്ടു മാങ്ങ പെറുക്കിച്ചിട്ടും,

'ശീതാർത്താ ഇവ സങ്കുചന്തിദിവസാഃ
 കിഞ്ചാംബരംശർവ്വരീ
ശീഘ്രംമുഞ്ചതിനസ്വയംചഹുതഭുക്കോണം
 ഗതോഭാനുമാൻ
തച്ചാന്തഃഗൃഹ്ണതാംശരാജിഹൃദയേ
 മുഗ്ദ്ധാംഗനാനാംസ്ഥിതോ
രാജൻ! കിംകരവാമഹേഭൃശമഹോ
 ശീതാഭിഭൂതാവയം.'

എന്നു ഹേമന്തം വർണ്ണിച്ചു കുലശേഖരപ്പെരുമാളോടു സാലു വാങ്ങീട്ടും,

'കംസീകൃത്യദിവംഭുവംതുലിതവാനാ-
 ധായവേധാസ്തയോ
സ്ഥാമിന്ദുംചപരീക്ഷിതുംലഘിമനിദ്യൌ-
 സ്സാവൂർദ്ധ്വംഗതാ
ദേവാനപ്യുരസഞ്ചകല്പകതരൂൻനി-
 ക്ഷിപ്യതത്രാനരാ-
വദ്യക്ഷ്മാരമണോബഭൂൻസുകൃതിനോപ്യ-
 ന്നീയവി; ന്യസ്യതി.'

എന്നു രാജമഹിമാവിന്റെ ഗൌരവം ക്ഷുണ്ണപ്പെടുത്താതെ തന്നെ രണ്ടു കൈക്കും വീരശൃംഖല വാങ്ങിട്ടും കേളികേട്ട കവിവീരൻ ഇദ്ദേഹമാണ്.

(ലക്ഷ്മീദാസൻ. കരിങ്ങമ്പിള്ളി നമ്പൂതിരിപ്പാട്) ഈ കവിപുംഗവന്റെ ശുകസന്ദേശമെന്ന കാവ്യം വളരെ പ്രസിദ്ധമാണ്. കലിവർഷം മൂവായിരത്തിരുനൂററി പതിമ്മൂന്നാം വത്സരത്തിൽ പെരുമാക്കന്മാരുടെ വാഴ്ചക്കാലത്തുണ്ടായിരുന്ന ഒരു കാമുകന്റെ കഥയാണ് ഇതിലെ വിഷയം. ഇദ്ദേഹം നല്ല പണ്ഡിതനുമാണ്. ശാസ്ത്രം പഠിക്കുന്ന കാലത്തു മനസ്സിരുത്താൻ വകയില്ലാത്ത ഒരു വിഷയമായപ്പോൾ ഇദ്ദേഹം ഉറക്കം തൂങ്ങിയതിനാൽ തല നിലത്തു മുട്ടിപ്പോയി. ഉടനെ ഗുരുനാഥന്റെ ഭാവഭേദം കണ്ടിട്ട്—

'വിദ്യാഭിലാഷകലിതംനിജബാലസഖ്യം
തന്ത്ര്യാകഥഞ്ചിദനനീയസമീപനീതാം
ചേതോഹരാംപ്രണയിനീംസകലേന്ദ്രിയഘ്നാം
നിദ്രാംപ്രസാദയിതുമേഷനമസ്കരോമി.'

എന്നു മറുപടി പറഞ്ഞതിനാൽ പിന്നീടു വിദ്യാഭ്യാസം വേണ്ടിവന്നില്ല എന്നു പ്രസിദ്ധിയുണ്ട്.

പൂന്തോട്ടത്തു നമ്പൂതിരി, വെണ്മണി അച്ഛൻനമ്പൂതിരിപ്പാട്, മഹൻനമ്പൂതിരിപ്പാട് മുതലായി അടുത്തകാലത്തുണ്ടായിരുന്ന കവികളെപ്പററി അധികജനങ്ങൾക്കും സ്മരണ വിട്ടിട്ടില്ലാത്തതിനാൽ പ്രത്യേകിച്ചു എടുത്തു പറയുന്നില്ല.

(പൂന്താനത്തു ബ്രഹ്മദത്തൻ നമ്പൂരി) സന്താനഗോപാലം പാന, ജ്ഞാനപ്പാന മുതലായ ചില കൃതികളുണ്ടാക്കിയ ഇദ്ദേഹത്തെപ്പററി പല കഥകളും കേട്ടിട്ടുണ്ട്. ഭക്തിയിൽ മേപ്പത്തൂർ ഭട്ടതിരിപോലും ഇദ്ദേഹത്തെ ബഹുമാനിച്ചിരുന്നു.

(തിരുവെഗപ്പുറെ നാരായണ ഭട്ടതിരി) ഇദ്ദേഹം 'സുഭദ്രാഹരണം' എന്നൊരു മഹാകാവ്യമുണ്ടാക്കീട്ടുണ്ട്. ഭട്ടികാവ്യം പോലെ വ്യാകരണസൂത്രോദാഹരണപ്രായവും അതിസരസവുമായ ഒരു ശാസ്ത്രകാവ്യമാണ് അത്. ഈ ഗ്രന്ഥകാരൻ പതിനെട്ടരക്കവികളിൽ ഉൾപ്പെട്ട ഒരു യോഗ്യനാണ്.

വസുമതീമാനവിക്രമം, ലക്ഷ്മീമാനവേദം മുതലായ നാടകങ്ങളുണ്ടാക്കിയ പല സംസ്കൃതകവികളുടേയും ഉണ്ണുനീലീസന്ദേശം, ചന്ദ്രോത്സവം, കാമദഹനം മുതലായ പ്രബന്ധങ്ങൾ ഇവയുണ്ടാക്കിയ ഭാഷാകവികളുടേയും പേരുവിവരം തിരിച്ചറിയുന്നില്ല.

(വില്വമംഗലത്തു ചെറിയ സ്വാമിയാർ) ഇദ്ദേഹം 'സിരിചിണ്ഹം' (ശ്രീചിഹ്നം) എന്നൊരു പ്രാകൃതകാവ്യമുണ്ടാക്കീട്ടുണ്ട്. വിഷയം ശ്രീകൃഷ്ണകഥയാണ്. പ്രാകൃതസൂത്രങ്ങൾക്കും ഗണപാഠങ്ങൾക്കും ക്രമം തെററാതെ ഉദാഹരണം കൊടുത്തുകൊണ്ടും രസപുഷ്ടി വിടാതെകണ്ടും കഥ കൊണ്ടുപോയ ഈ കാവ്യം വളരെ വിശേഷപ്പെട്ടതാണ്.

(ശ്രീശങ്കരാചാര്യസ്വാമികൾ) ആചാര്യസ്വാമികളുടെ കവിതകൾ മിക്കതും ഭക്തിരസപ്രധാനങ്ങളായ സ്തോത്രങ്ങളാണ്. ശൃംഗാരാദിനവരസങ്ങളും അംഗങ്ങളായി വിളങ്ങിക്കൊണ്ടും ഭക്തിരസം പ്രവഹിച്ചുകൊണ്ടും അർത്ഥാലങ്കാരങ്ങളും ശബ്ദാലങ്കാരങ്ങളും നിറഞ്ഞു പ്രകാശിച്ചുകൊണ്ടും കവിതകൾ തന്നെത്താൻ ഉദിച്ചിട്ടുള്ള കവികളിൽ ആചാര്യസ്വാമികൾ അദ്വിതീയനാണെന്നല്ലാതെ മറെറാന്നും പറവാൻ തോന്നുന്നില്ല. ചർച്ചാസ്തവത്തിൽ ദേവിയുടെ മാഹാത്മ്യം പറഞ്ഞുപറഞ്ഞ്—

'അജ്ഞാതസംഭവമനാകലിതാന്വവായം
ഭിക്ഷുംകപാലിനമവാസസമദ്വിതീയം
പൂർവ്വംകരഗ്രഹണമംഗളതോഭവത്യാഃ-
ശംഭുംകഏവബുബുധേഗിരിരാജകന്യേ.' എന്നായി.

രാമഭുജംഗത്തിൽ ശ്രീരാമഭക്തി കവിഞ്ഞൊലിച്ചു കുത്തിച്ചാടുന്ന കൂട്ടത്തിൽ ഹനൂമാനുള്ളത്—

സദാരാമരാമേതിനാമാമൃതംതേ
സദാരാമമാനന്ദനിഷ്യന്ദകന്ദം
പിബന്തംനമന്തംസുദന്തംഹസന്തം
ഹനൂമന്തമന്തർഭജേതംനിതാന്തം.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

# അയനചലനം

സാധാരണയായി ഇപ്പോൾ അതിസൂക്ഷ്മങ്ങളായ ദിനരാത്രിപ്രമാണങ്ങൾ വരുത്തുന്നതിലും ഗ്രഹണം, മൌഢ്യം മുതലായ ഗണിതങ്ങളിലും പ്രത്യേകമായി ഉപയോഗിച്ചു വരുന്നതായ അയനചലനം കേരളത്തിൽ 'ദൃക്ക്' എന്നും 'പരഹിത'മെന്നും രണ്ടുവിധത്തിൽ വ്യത്യാസപ്പെട്ട പഞ്ചാംഗങ്ങളിൽ എഴുതിക്കാണുന്നുണ്ടല്ലോ. എന്നാൽ ഇതുകളെ വരുത്തുന്ന സമ്പ്രദായഭേദങ്ങളും ക്രമങ്ങളും ആലോചിച്ചാൽ ദൃക്കിന്റെ സമ്പ്രദായം ഏവനേയും ആശ്ചര്യപ്പെടുത്താതിരിക്കയില്ല. അയനചലനത്തിനു ദിഗ്ഭേദമുണ്ടെന്നും മററും പ്രത്യക്ഷമായി സമ്മതിക്കേണ്ടിവരുന്ന ഇപ്പോഴത്തെ പഞ്ചാംഗഗണിതക്കാർ കൊല്ലംതോറും നാല്പത്തെട്ടു വിലി വർദ്ധിപ്പിച്ചു കൂട്ടുന്നു. ഈ ദൃഗയനചലന

ത്തിന്ന് ഇവർ യാതൊരു ദിഗ്ഭേദവും ചെയ്യാത്ത സ്ഥിതിയ്ക്ക് ഇങ്ങിനെ വൎദ്ധിപ്പിച്ചുകൂട്ടിയാൽ കാലാന്തരത്തിൽ പലതുള്ളി പെരുവെള്ളമെന്നപോലെ വല്ലാതെ വൎദ്ധിച്ചു വളരെ അസംബന്ധമായിപ്പോകുമെന്നും ഇങ്ങിനെ കുറെ കഴിയുമ്പോൾ സൂൎയ്യഗതി തന്നെ ദക്ഷിണോത്തരമായിത്തീരുന്നതാണെന്നും വിചാരിച്ചിട്ടെങ്കിലും ഇതിന്റെ കാരണത്തെപ്പററി വിചിന്തനം ചെയ്യുന്നതിന്നു സംഗതിയുള്ളതാണ്. അയനചലനം സംസ്കരിച്ചു സൂൎയ്യൻ ഗോളാന്തത്തിൽ എത്തുന്ന ദിവസം വിഷുവദ്ദിനമാണെന്നും, അന്നു ദിനരാത്രികൾ സമങ്ങളായി വരുമെന്നും നിരക്ഷവൃത്തത്തിൽ മദ്ധ്യാഹ്നച്ഛായ ശങ്കുവിൽ ലയിയ്ക്കുന്നതും, ഓരോ ധ്രുവങ്ങളിലെ ദൂരംപോലെ മദ്ധ്യാഹ്നച്ഛായ ഓരോ ദിക്കിലേയ്ക്കു വൎദ്ധിച്ചുവരുമെന്നും നമുക്ക് അറിവുള്ള ഒരവസ്ഥയാണെല്ലൊ. ഈ ആലോചനയിൽ ദിനരാത്രികൾ ഉണ്ടാവുന്നത് എങ്ങിനെ എന്നും ഇതിന്റെ ഭേദങ്ങൾ ഉണ്ടാകുന്നത് എങ്ങിനെ എന്നും ഇത് എത്രത്തോളം വരുമെന്നും ആണ് അറിയേണ്ടത്. ഇതിൽ ദിനരാത്രികൾ ഉണ്ടാകുന്ന തത്വത്തെ ഈ അവസരത്തിൽ ലേഖനദൈൎഘ്യം ശങ്കിച്ചു നിൎത്തിവെയ്ക്കുന്നു. അപക്രമമണ്ഡലത്തിന്റെ സ്ഥിതി നിരക്ഷവൃത്തത്തിൽ നിന്നു ഭേദിച്ചതുകൊണ്ടാണ് രണ്ടയനങ്ങളിലും ദിനരാത്രികൾ ഭേദിച്ചുവരുന്നത് എന്നു സാമാന്യം ജ്യോത്സ്യന്മാർ സമ്മതിയ്ക്കുന്നു. അപക്രമമെന്നതു സൂൎയ്യസഞ്ചാരവൃത്തമാണ്, നിരക്ഷവൃത്തമെന്നതു ഭൂമദ്ധ്യമാണ്. ഈ രണ്ടു വൃത്തങ്ങളുടേയും സമ്പാതം ക്രമണഭേദേന ആദികാലത്തു കന്ന്യാന്ത്യവും മീനാന്ത്യവുമായിട്ടാണ് വന്നിട്ടുള്ളത്. ഭൂമി സൂൎയ്യനെ ചുററുന്നതിൽ ഉണ്ടാവുന്ന വൃത്തഭേദത്താലും ആകൎഷണഭേദത്താലും ഈ നിരക്ഷവൃത്തത്തിൽ നിന്നു രണ്ടു ധ്രുവങ്ങളിലേയ്ക്കും ഈ അപക്രമം ദൂരവ്യത്യാസം പോലെ ചെരിഞ്ഞു കിടക്കുന്നതിനാൽ രണ്ടു ധ്രുവങ്ങളിലും രണ്ടയനങ്ങളായി വരുന്നതും, ഒരു ധ്രുവത്തിലെ ദിനവൎദ്ധനത്തിൽ മററെ ധ്രുവത്തിൽ രാത്രിവൎദ്ധനമായും ഇവ ദൂരംപോലെ വ്യത്യാസപ്പെട്ടും വരുന്നു. കന്ന്യാന്ത്യത്തിലും മീനാന്ത്യത്തിലും സമ്പാതം ചെയ്തുവന്നിരുന്ന നിരക്ഷാപക്രമവൃത്തങ്ങൾ ക്രമേണ ഭേദപ്പെട്ട് ഇപ്പോൾ ഇരുപത്തിരണ്ടു തിയ്യതിയോളം കീഴ്പ്പട്ടു നീങ്ങിയിരിയ്ക്കുന്നു. ഇത് എന്തൊരു ഗതിയാലാണ് സംഭവിച്ചത്. ഇത് എത്രത്തോളം സംഭവിയ്ക്കും? ഇതു സൂൎയ്യന്റെ ഗതിയാലാണ്. സൂൎയ്യൻ നിശ്ചലനാണെന്നു സ്ഥാപിച്ച നാം സൂൎയ്യന്റെ ഗതിയാലെന്നു പറയുമ്പോൾ വായനക്കാർ ശങ്കിച്ചേയ്ക്കാം. പക്ഷേ ഭൂമിയും ഗ്രഹഗോളങ്ങളും സൂൎയ്യനെ ചുററുന്നു എന്നു പറഞ്ഞ മാതിരിതന്നെ സൂൎയ്യനും മറെറാരു ആധാരത്തെ ചുററിക്കൊണ്ടിരിയ്ക്കുന്നു എന്നാണ് സൂക്ഷ്മം. ഈ സൂക്ഷ്മത്തെ കണ്ടുപിടിച്ച നമ്മുടെ പൂൎവ്വികന്മാരുടെ ബുദ്ധിയ്ക്കുള്ള ഘനം ആശ്ചൎയ്യജനകമെന്നേ പറവാനുള്ളു. ഇതുകൾ വരുത്തുന്ന കണക്കുകൾ വഴിയെ മറെറാരവസരത്തിൽ.

കെ. വി.

# കാമദഹനം

തൃക്കണ്ണൊക്കമിഴിച്ചോരളവിൽ ചെങ്ക
നൽപൊട്ടിച്ചിന്നിച്ചിതറീ ലോകമെരിഞ്ഞു
പൊരിഞ്ഞു സഹസാ മിന്നലുമായിമേരോ
ർമ്മൂർദ്ധ്നി മുരരിപുരൂപെട്ടന്നൊന്നുനടുങ്ങി മ
ലർമകൾപെട്ടന്നാശ്ലേഷിച്ചു ശേഷനുമീഷൽ
സ്തബ്ധതപൂണ്ടു ദിഗ്ഗജമെല്ലാംദിഗ്ഗതമായീ മേ
ഘച്ചാർത്തുകരിഞ്ഞുമറിഞ്ഞു സുരമുനിചാരണ
ഗന്ധർവ്വാദികളോ ടിയൊളിച്ചുവിറച്ചുതുടങ്ങീ
ശതമഖനച്ചോശവമായ്പോയീ ദഹനനുദ
ഹനഞ്ജാരേവീണു കാലനുകാൽപോരാ
ഞ്ഞുപായപ്പാൻ നിരൃതേഃകേസ്വതികളൊന്നി
ല്ലപ്പോൾ വരുണനുനിയതംകരുണാവിഷ
യോ വായോരയുസ്സില്ലെന്നോർത്തു ധനദനു
ധനവുംവേണ്ടിലേതും ബ്രഹ്മാകർമ്മംജഗതാ
മെന്തു മധുമാസാദികൾനക്ഷത്രാദികൾ നി
ഖിലമുതിന്റുമേരുധരാധരമൊന്നുകുലുങ്ങീ മാ
രുതമണ്ഡലമെങ്ങുമിരച്ചു ദിവസാധീശസ്യ
ന്ദനവാജികൾ കയറുമുറിച്ചുപറന്നുതുടങ്ങി
ഗഗനേ ദിനകരദേവനിരുട്ടന്വേഷിച്ചാവതു
മണ്ടീസഹസാ ജലനിധിഘോരംതിരയുംത
ല്ലി ഘൂഘൂഘൂമിന്നെന്നുകലങ്ങിമറിഞ്ഞു ശിഖ
രികളൊക്കച്ചുവടുകലുങ്ങിക്കാനമിരച്ചു വിറ
ച്ചുന്നേരം കിമിദമിതെന്നുഭയപ്പെട്ടൊക്ക കാ
ട്ടാനപ്പടപടലിൽചാടി പ്പായുന്നതുകണ്ടോ
ടിയടുക്കുംകേസരിയൂഥം വാവിട്ടലറുംഘോഷം
കേട്ടിട്ടെട്ടടിമാനും കൂട്ടവുമെത്തിപ്പെത്തുംനുറു
മടിച്ചുപിടിച്ചു നറുക്കന്നേരംതീക്കൊണ്ടോ
ക്കവരണ്ടു തിരണ്ടുടനുരിലിറങ്ങിപ്പായുന്നതു
കണ്ടയ്യോപാപം മകനേമകളേനാരായണ
നമ നാരായണനമ നാട്ടനശിച്ചു വീടനശി
ച്ചു കാലേഴെട്ടളലങ്ങതപോയീ മാനത്തൊ
ക്കത്തീയാപെണ്ണെ മുറയിട്ടേനീപിരവേകാ
ത്തേ മരമതവെന്തുമാടംവെന്തു നിലവിളി
യോകേളലകനശിച്ചു കാലംകലിയുഗമെന്നു
വയോധികർ മുറയിട്ടൊക്കഘോഷംകൊണ്ടു
പശുമൃഗപക്ഷികളൊക്കവെരിണ്ടു മുനിജന
മാരുംവല്ലീലേതും മുറവിളിയായീഭുവനത്രിത
യം കഷ്ടംവന്നതുവരികെന്നൾ ത്താപംപൂ
ണ്ടോക്കന്നേരം ഭഗവദ്ഗിരിപിനേകത്തിക്കാള
ക്കാനമുയന്നൊരു തീക്കാണായി പുരഹരനി
ടിലവിലോചനവഹ്നിജ്വാലാജാലേ കാമോ
ദഗ്ദ്ധഃകാമോദഗ്ദ്ധഃ കിമിദമിതയ്യോമഹതാം
നിനവെന്തെന്നറിയാമല്ലയ്യോ ഝടിതിചതു
ർദ്ദശഭുവനേ ഹാഹാകാരസ്സുമഹാനാസിൽ.

കനദപ്പേദസ്മശേഷകളികളിൽമരവും
കാമിനീകാമുകാനാം
ചിന്താവൈകല്യമേശീമനതളിരിലുദി-
ച്ചീലകേളീപ്രസംഗം
ചിന്തുരച്ചോരിവാതൊട്ടൊരുവനുകൊതിയു-
ണ്ടായിതില്ലേത്തുമഹേ
മന്ത്രംമാനോഭവംമാലൊരുകുറികണിക-
ണ്ടീലെടോവിപ്രയോഗേ.
താലിപ്പെണ്ണുങ്ങളെല്ലാംമെഴമെഴമഴല-
ക്കണ്ണുമായമ്പരന്നു-
പ്പീലിപ്പൂഞ്ചായൽതൂക്കിപ്പെരുവഴിനടവേ-
ത്തങ്ങളേപോയ്ത്തുടങ്ങി
ചീലിപ്പീലൊട്ടുമേത്തുമറുവൽനെറിവരു-
ത്തിട്ടവാനാടകൊൾവീ
ലോലക്കംചേന്നൊത്രുഷതവുമൊരുപൊഴു
തുണ്ടായതില്ലംഗഭാജാം.
ചൂതൊക്കകൊങ്കപൂണ്മാനൊരുവനുനിനവി
ല്ലെന്നുമെന്നാചമഞ്ഞു
ചോദിപ്പീലംഗനാനാം ചരിതമതിർകട-
ന്നാരുമേചാരിലെങ്ങും.

ദൂതന്മാരങ്ങുമിങ്ങും പരിചിനൊടു നട-
പ്പീല സന്ധ്യാസു ചാന്താ
പാതിപ്പെട്ടു ചകോരാക്ഷികളൊടകമഴി-
ഞ്ഞീലനൽകാമുകന്മാർ
മൂഢാത്മാം പാകാന്താമൃടുപുടവനശി-
ച്ചു വശിപ്പീല വാചാ
കോടക്കാർവേണിമാർ മാന്മഥകരണവി
ധൌമാനസംമാനഭാജാം.
ഗാഢാശ്ലേഷംമതിന്നീലൊരുപൊഴുതൊരു
വർമ്മാനിനീസന്നിധൌതീ-
യാടില്ലത്തെന്നപോലെ ചമയമൊരുവനും
കണ്ടതില്ലംഗനാനാം.
ചുറ്റംവേണ്ടീല കറ്റക്കുഴലികളൊടൊരു
ത്തനുനേടിത്തുടങ്ങീ
ചിറ്റപ്പന്മാർവിശേഷിച്ചൊരുപണമുതകീ-
ലെണ്ണകൊൾവാൻ വധൂനാം
വിറ്റൂൺകാൽപാടകംകൈവളതളകടകം
മെല്ലെമെല്ലെന്നുകണ്ണേ
മുറ്റുംമിന്നുണ്ടുശേഷിച്ചൊരുപരമധനം
വാരസീമന്തിനീനാം.
താലിപ്പെട്ടികളൊക്കെനൽകളഗിരാ-
മശ്ശോകളിസ്സംവിധൌ
താളിത്തട്ടുകളായ് ചമഞ്ഞിതു ചമ-
ഞ്ഞീലാരുമോരോതരം
ചേലപ്പെട്ടകമന്നുമന്പൊടുതകീ
നിൾക്കണ്ണിമാക്കേത്രയും
വേലപ്പെട്ടകൊഴിച്ചുകുഴമിടുവാൻ
കട്ടിൽക്കകിട്ടീപണം.
പുത്തൻമേലാപ്പൊരോരോപണികളിൽനടു
വേകീറിനന്നായ്നനച്ചി-
ട്ടുത്ത്യൽസ്നേഹംപുതച്ചാർപലരുമറിക-
യില്ലെന്നുകണ്ടർദ്ധരാത്രേ
മദ്ധ്യേതല്പംകിടന്നാർമഴലമിഴികളു-
ണ്ണൊന്നുപണ്ടേവിശേഷം
ചിത്തേനീളക്കരികൊണ്ടിടയിടനെടുവീ-
ർപ്പിട്ടുജാതാനുതാപം.

പണ്ടുംനന്നായ്ചുവപ്പിച്ചവർചുവരരികേ
ചെന്നുനിന്നാലുമേത്തും
മിണ്ടാർപണ്ടേതശേഷംകളവുമുഴുവനേ
വെച്ചുവിശ്വാസപൂർവ്വം
തണ്ടിൽപാരുതപമേശാതെത്താരുകറികരയേ
റാഞ്ഞുതനാപംഗിതാനേ
തെണ്ടിച്ചെന്നാൾതദാനീന്തരുണസചി-
ധമെന്തോഴനന്നോഢിനോദം.
എല്ലാരോടുമനർത്ഥമേകരുതിനാ-
ലെല്ലാവനോടുംതഥാ
വല്ലാതെ ചമയുംവിധൌമറുപുറേ
നിൽക്കുന്നനാൾതിണ്ണയും
ചൊല്ലിക്കൊണ്ടുപണംപറിച്ചുസുദൃശാം
നല്ലോരിടിത്തീപ്പിടി-
ച്ചുള്ളിൽത്തട്ടിയെരിഞ്ഞുവന്നനിലകേ-
ടെന്നുമഹാലോകരും.
നഷ്ടാശങ്കമൊരഷ്ടമശ്ശനിയകം
പുള്ളുകവീനാംതഥാ
ദുഷ്ടാന്നംപുനരസ്തമിച്ചിതഖിലം
ശേഷേചകോരീദൃശാം
ഹൃഷ്ടാതോഴസരസ്വതീഭഗവതി
ജിഹ്വാഗ്രരംഗേസതാം
പുഷ്ടാനന്ദമിരുന്നുകൊണ്ടുസുഖമേ
കാലംകഴിച്ചീടിനാൾ.
കൊമ്പാൽകിളത്തിനമഹീരജസാവൃതാംഗ
വമ്പാർന്നകണ്ഠമണിനാദമകന്നവീഥ്യാം
വമ്പോടെടുത്തു ചിലരിൽഭയമാദധാനം
സംഭാവയേവൃഷഭനായകമായിതെല്ലാം.
വിശ്വത്തിലമ്മന്ത്രവാദികൾക്കം
വശ്യപ്രണാശാൽവയറുംകറഞ്ഞു
നിശ്ശേഷഭൂദേവനികേതമെല്ലാ-
മച്ചോസമൃദ്ധംധനധാന്യപൂർണ്ണം.
അറ്റംകൂടാതൊരർത്ഥംപലവഴിയിൽമഹാ-
ലോകരോടായതെല്ലാം
പറ്റിക്കൊണ്ടൊരുകറ്റക്കുഴലികൾകഴിവി-
ല്ലാഞ്ഞിരന്നുംതുടങ്ങീ

കഷ്ടംകഷ്ടംവിശന്നന്വഹമഗതികൾചുററ-
ങ്ങൾഭാവിച്ചുചെന്നാ-
ലൊററപ്പൈസ്സമാത്രംപോലുംകനിവിനൊടു
കൊടാൎക്കാണ്കെടോ!ദൈവദോഷം.

പല്ലുംതേച്ചൊരുമുഷ്ക്കരത്തിലതുകാൺ-
പോകുന്നതെന്തെന്തെടോ!
നില്ലെന്നോടുപറഞ്ഞുപോപുരുഷനി-
ന്നാരുള്ളതോടാസ്സുനീ
അല്ലേപണ്ടുപറഞ്ഞതിന്നുതരമു-
ണ്ടിപ്പോൾവിശേഷിച്ചുമ-
ററില്ലല്ലോതവകാന്തനെന്നതുചില-
കിച്ചാനടിന്നോയ്യപാ.

ഞാനൊഞ്ചൊല്ലാവന്നുനമ്മോടൊരുപൊഴുതുപു
രാനീചതിച്ചെന്നെനന്നായ്
മിഞ്ചിച്ചാക്കൂട്ടുപോരേണ്ടുകിലിടുപണമി-
ല്ലേത്തുമേസംശയംമേ
വഞ്ചിക്കുന്നോരെവഞ്ചിച്ചിടയിൽനെറികെ
ട്ടുകേണമത്രേവധൂനാം
നെഞ്ചിൽതങ്ങേണമിപ്പോളിടനിലമുല
കൊണ്ടെന്തിദാനീംപ്രയോഗം.

ഹാകഷ്ടം!കാമിനീനാമിളമുലകൊതികൊ-
ണ്ടിത്രനാളുംനടന്നു
രാകാശീതാംശുബിംബത്തൊടുസദൃശമഹോ
വക്ത്രമെന്നേപുകണ്ണേൻ
മൂകത്വംകാങ്കമാംസാസ്ഥികൾമുഴുവനിതെ
ന്നേതുമോത്തീലയെന്നും
പോകട്ടേകീഴിലേടംമതിമതിമനമേ
ചന്ദ്രചൂഡംഭജേഹം.
ലപ്പോകുന്നവളാരെടോ!മണിനിലാ-
വാവാൻകണക്കെത്രയും
കൾഭ്യഃപണ്ടുഫലിച്ചിതായിതധുനാ-
ലക്കയ്യിലെന്തെന്തെടോ!
ഉപ്പല്ലോപുനരെന്നുമേതലയിലേ
താഹന്തമത്സ്യച്ചുടാ
കല്പിക്കാമിതുകയ്യിലേതവരുമോ
തോഴാവിളിച്ചീടിനാൽ.
താരംതരാംവരികയെന്നരികത്തുപെണ്ണേ
ചാരുസ്മിതേകിമപിചിങ്കുകളിച്ചുപോനീ
ഊരുദ്വയംപെരികനന്നുതെളിഞ്ഞുകാ
(ണാ-
ന്നാരാരുരാവരുവതാരതുചൊല്ലുമെല്ലെ.

# ചരിത്രസാമഗ്രികൾ

(ഇന്ത്യാ)

ഇന്ത്യാചരിത്രസംബന്ധമായ വിഷയങ്ങളെ സമ്പാദിക്കേണ്ട മാൎഗ്ഗങ്ങളെപ്പററിയാണ് ഈ സന്ദൎഭത്തിൽ നിരൂപിക്കുന്നത്. അവയെയെല്ലാം സാമാന്യേന താഴെ കാണിക്കുംപ്രകാരം വിഭാഗം ചെയ്തുകൊണ്ടു വിവരിക്കുന്നു.

1 ലിഖിതങ്ങൾ—(1) ശിലാസ്തംഭങ്ങൾ, സ്തൂപങ്ങൾ, ക്ഷേത്രങ്ങൾ, പാറ കുഴിച്ചുണ്ടാക്കീട്ടുള്ള ചില വിഹാരങ്ങൾ, വലിയ വിഗ്രഹങ്ങളുടെ പീഠങ്ങൾ എന്നിവയിന്മേൽ കൊത്തീട്ടുള്ള എഴുത്തുകൾ (2) മൺപാത്രത്തിന്മേലും ഇഷ്ടക മുതലായതിന്മേലുമുള്ള എഴുത്തുകൾ. (3) ചെമ്പ്, വെള്ളി, ഇരിമ്പ്, പിച്ചള, സ്വൎണ്ണം എന്നീ ലോഹങ്ങളെക്കൊണ്ടുള്ള തകിടുകളിൽ കൊത്തീട്ടുള്ള എഴുത്തുകൾ. (4) രാജാക്കന്മാരുടേയുംവേറെ പ്രഭുകുഡുംബക്കാരുടേയും വംശാവലികൾ, സന്ന്യാസിമാരുടേയുമുള്ള പട്ടാവലികൾ.

(5) രേഖപ്പെടുത്തീട്ടുള്ള ഐതിഹ്യങ്ങൾ. (6) ഓരോ ഗ്രന്ഥകാരന്മാർ തങ്ങളുടെ ഗ്രന്ഥങ്ങടെ ആദിയിൽ കൊടുത്തിട്ടുള്ള അവതാരികകൾ, അവയുടെ അവസാനത്തിൽ കൊടുത്തിട്ടുള്ള ചില വിവരങ്ങൾ, എന്നിവയെന്നെല്ലാം ഈ വിഭാഗത്തിൽ ഉൾപ്പെടുത്താം. ഹിമവത്സേതുപൎയ്യന്തമുള്ള ഭാരതഖണ്ഡത്തിൽ പല പ്രദേശങ്ങളിലായി കിടക്കുന്ന ഇവയെല്ലാം പല ഭാഷകളിലായിരിക്കുമല്ലോ എഴുതപ്പെട്ടിട്ടുള്ളത്. എന്നാൽ ആ വക രേഖകളെ ആസകലം വായിച്ചു താല്പൎയ്യം മനസ്സിലാക്കി അവയെ ഭാഷാന്തരം ചെയ്യുന്നതിനു സമൎത്ഥന്മാരായ വിദ്വാന്മാരുണ്ട്. അങ്ങിനെയുള്ള റിക്കാർട്ടുകളെ സമ്പാദിച്ചു ഭാഷാന്തരം ചെയ്തു ക്രമപ്പെടുത്തുന്നതിന് ഇന്ത്യാ ഗവമ്മേണ്ട് ഓരോ സംസ്ഥാനങ്ങളിൽ ആ വിഷയത്തിൽ നിപുണന്മാരായവരുടെ അദ്ധ്യക്ഷത്തിൽ ഓരോ ഡിപ്പാർട്ടുമേണ്ടുകൾ ഏൎപ്പെടുത്തീട്ടുണ്ട്. അവരവർ തങ്ങളുടെ വൎഷന്തോറുമുള്ള പ്രയത്നങ്ങളെ ഓരോ വാൎഷികറിപ്പോർട്ടു മുഖേന പ്രസിദ്ധപ്പെടുത്തി റിക്കാട്ടായി വെക്കുന്നു. ഗ്രന്ഥങ്ങളായിട്ടുള്ളവയെ എല്ലാം അവിടവിടങ്ങളിലുള്ള ഗ്രന്ഥശാലകളിൽ സൂക്ഷിച്ചു ഗവമ്മേണ്ടു ചിലവിന്മേൽ അവയെ പണ്ഡിതന്മാരെക്കൊണ്ട് ഇംഗ്ലീഷിലേക്കു തൎജ്ജമ ചെയ്യിച്ചു പ്രസിദ്ധപ്പെടുത്തുന്നു. മേൽപറഞ്ഞ ശിലാലിഖിതങ്ങളുടെ പകൎപ്പുകളും അനേകം താമ്രശാസനങ്ങളും വേദശാസ്ത്രപുരാണേതിഹാസാദിഗ്രന്ഥങ്ങളും മററും ഇപ്പോൾ ഇംഗ്ലണ്ട്, ഫ്രാൻസ്, ജൎമ്മനി, റഷ്യ, ഇററലി മുതലായ യൂറോപ്പുരാജ്യങ്ങളിലെ പ്രധാനനഗരങ്ങളിൽ ഉള്ള മ്യൂസിയങ്ങളിൽ പലവകയായി ശേഖരിക്കപ്പെട്ടിട്ടുണ്ട്. അവിടങ്ങളിൽ ഇപ്പോൾ ധാരാളമായിത്തീൎന്നിരിക്കുന്ന സംസ്കൃതപണ്ഡിതന്മാർ അതാതു ഗവൎമ്മണ്ടിന്റെ ആവശ്യപ്രകാരവും, പിന്നെ സ്വകാൎയ്യമായിട്ടും, ആ വക റിക്കാർട്ടുകളെ പരിശോധിച്ച് അതാതു ഭാഷയിൽ തൎജ്ജമ ചെയ്ത് ഇന്ത്യാചരിത്രസംബന്ധമായ പല സംഗതികളേയും വെളിപ്പെടുത്തി വരുന്നു. ആ വക സംഗതികളെ അവർ മാസികകൾ വഴിക്കും ഗ്രന്ഥങ്ങൾ മുഖേനയും പ്രസിദ്ധം ചെയ്തും വരുന്നു. അതിനാൽ അവൎക്ക് അധികം വിലമതിക്കുന്നതു പാശ്ചാത്യപണ്ഡിതന്മാരാണെന്നും, അവയെ വേണ്ടപോലെ ഉപയോഗിക്കുന്നതിനുള്ള സാമൎത്ഥ്യം അവൎക്കാണ് അധികമെന്നും ഇതുകൊണ്ടു തെളിയുന്നുണ്ട്. ഇപ്പോൾ നോക്കുന്നതായാൽ മേൽപറഞ്ഞ യൂറോപ്യഭാഷകളിലേക്കു തൎജ്ജമ ചെയ്യപ്പെടാതെകണ്ട് നമ്മുടെ വിലപിടിച്ച ഗ്രന്ഥങ്ങൾ ഒന്നും തന്നെയില്ല എന്നു പറവാൻ പാടില്ലെങ്കിലും വളരെ ചുരുക്കമാണ് എന്നു ധാരാളം പറയാവുന്നതാണ്. അതുകൊണ്ടു നമ്മുടേതായി അഭിമാനിക്കുന്ന ആ വക ഗ്രന്ഥങ്ങളേയും മററു റിക്കാർട്ടുകളേയും യൂറോപ്യന്മാർ സ്വസ്വരാജ്യങ്ങളിലേക്കു കടത്തിട്ടുള്ളതിനെപ്പററി പരിഭവിക്കുന്നതിനു പകരം അവർ അവയുടെ മാഹാത്മ്യത്തെ അറിഞ്ഞ് ഓരോ സംഗതികളെ എല്ലാവൎക്കും അറിയുന്നതിനായി പ്രസിദ്ധം ചെയ്യുന്ന കാൎയ്യത്തിൽ നാം അവരോടു കൃതജ്ഞന്മാരായിരിക്കുകയാണ് വേണ്ടത്.

2. നമ്മുടെ ഇന്ത്യാരാജ്യത്തു പല ദിക്കുകളിലായി ജീൎണ്ണമായിട്ടും അല്ലാതേയും കിടക്കുന്ന ഗംഭീരങ്ങളും വിചിത്രപ്പണിയോടു കൂടിയവയുമായ ക്ഷേത്രാദികൾ, ബുദ്ധമതത്തിന് ഉൽക്കൎഷം വന്ന കാലത്തു പല മഹാന്മാരുടേയും പല സംഭവങ്ങളുടേയും സ്മാരകമായി പണി ചെയ്യപ്പെട്ടിട്ടുള്ള സ്തൂപവിഹാരാദികൾ എന്നിങ്ങിനെയുള്ള ഓ-

രോമക കെട്ടിടങ്ങളുടെ പുറഭാഗങ്ങളിൽ വേല ചെയ്യപ്പെട്ടിട്ടുള്ള വിചിത്രങ്ങളായ കൊത്തുപണികൾ, ചിത്രമെഴുത്തുകൾ, ലോഹംകൊണ്ടും ശിലകൊണ്ടും ഉണ്ടാക്കപ്പെട്ടിട്ടുള്ള വിഗ്രഹങ്ങൾ—ഇവയെയെല്ലാം വേറൊരു തരമായി വിഭജിക്കാവുന്നതാണ്. ചില പാശ്ചാത്യപണ്ഡിതന്മാർ അവരുടെ ആയുസ്സു മുഴുവനും ഈ വക വിഷയങ്ങളിലാണ പരിശ്രമിച്ചു വരുന്നത്. മേൽപറഞ്ഞ കെട്ടിടങ്ങളിൽ ചിലത് അധികം ജീർണ്ണമായതു നിമിത്തം ഛിന്നഭിന്നമായി അവിടവിടങ്ങളിൽ കിടക്കുന്നവയും നീക്കാതെ ചെയ്യാവുന്നവയുമായ കൊത്തുപണി വേലകൾ ചെയ്യപ്പെട്ടിട്ടുള്ള ശിലകൾ, വിഗ്രഹങ്ങൾ, എന്നിവയെല്ലാം, കണ്ടുകിട്ടിയേടത്തോളം, യൂറോപ്പു രാജ്യങ്ങളിലെ മ്യൂസിയങ്ങളിലും ഇന്ത്യയിലെ പ്രധാനനഗരങ്ങളിലുള്ള മ്യൂസിയങ്ങളിലും കലാവിദ്യാശാലകളിലും മററുമായി സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. കൊത്തുപണി ചിത്രമെഴുത്തു മുതലായ വിദ്യകളിൽ നിപുണന്മാരും ചരിത്രവിഷയത്തിൽ വാസനയുള്ളവരുമായ പാശ്ചാത്യകലാഭിജ്ഞന്മാർ, പണ്ട് ഇന്ത്യയിലുണ്ടായിരുന്ന ശില്പികളുടെ പ്രയോഗങ്ങളായ മേൽപറഞ്ഞ വിചിത്രങ്ങളായ പണിത്തരങ്ങളെ ആസകലം കാലദേശങ്ങളെ അനുസരിച്ചു തരംതിരിച്ചു ക്രമപ്പെടുത്തി പരിശോധിക്കുന്നതിന്നായി ഇന്ത്യാരാജ്യത്തെ ഉത്തരഖണ്ഡം, മദ്ധ്യഖണ്ഡം, ദക്ഷിണഖണ്ഡം എന്നിങ്ങിനെ സൌകൎയ്യാർത്ഥം മൂന്നാക്കി വിഭജിച്ചിരിക്കുന്നു. [ഇന്ത്യാചരിത്രസംബന്ധമായ വിഷയങ്ങളെ അന്വേഷണം ചെയ്തു സമ്പാദിക്കുന്ന കാൎയ്യത്തിൽ പ്രയത്നം ചെയ്യുന്ന എല്ലാ വിദ്വാന്മാരും സ്വസ്വവിഷയങ്ങളെ ക്രമപ്പെടുത്തുന്നതിൽ ഈവിധം തന്നെയാണ് പ്രവൃത്തിച്ചു വരുന്നത്]. അതിന്റെ ശേഷം ഓരോ ഖണ്ഡത്തിലുമുള്ള പണിത്തരങ്ങളെ വേർതിരിക്കുന്നു. പിന്നെ 'അതാതിലുള്ളവയെ കാലാനുസരണം തരം തിരിക്കുന്നു. ഈ മൂന്നു ഖണ്ഡങ്ങളിൽ ഓരോ കാലങ്ങളിലായി പണി ചെയ്യപ്പെട്ടിട്ടുള്ള നാനാവിധ ശില്പവേലകൾക്കു തത്തൽക്കാലങ്ങളിൽ വൃദ്ധിക്ഷയങ്ങൾ എത്രത്തോളമുണ്ടായിട്ടുണ്ടെന്നറിയുന്നു. തദനന്തരം മൂന്നു ഖണ്ഡങ്ങളിലും ഒരേ കാലത്തുണ്ടായ വേലകളെ താരതമ്യപ്പെടുത്തി നോക്കിയതിന്റെ ശേഷം അവയ്ക്കുള്ള പരസ്പരസംബന്ധത്തെ കണ്ടുപിടിക്കുന്നു. ഇററലി, ഗ്രീസ്, പൎഷ്യ എന്നീ 'മറുരാജ്യങ്ങളിൽ അതാതു കാലത്തുണ്ടായിട്ടുള്ള ശില്പവേലകൾക്കും ഇന്ത്യയിലെ ശില്പവേലകൾക്കും തമ്മിൽ എന്തൊരു സംബന്ധമാണുള്ളത് എന്നും, ഇതരദേശീയന്മാരുടെ സഹായം ഈ വിഷയത്തിൽ ഇന്ത്യാക്കാൎക്കെത്രത്തോളമുണ്ടായിട്ടുണ്ടെന്നും, അപ്രകാരം തന്നെ ഇവരുടെ സഹായം അവൎക്കെത്രത്തോളമുണ്ടായിട്ടുണ്ടെന്നും മററുമുള്ള സംഗതികളേയും അവർ ചുഴിഞ്ഞു നോക്കികാണുന്നു. ഇപ്രകാരം നിഷ്കൎഷയോടു കൂടി പരിശോധിച്ചു കണ്ടുപിടിച്ചിട്ടുള്ള സംഗതികളെ മുൻപ്രസ്താവിച്ച പ്രകാരം തന്നെ മാസിക മുഖേനയും ഗ്രന്ഥങ്ങൾ മൂലമായും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു.

3 നാണ്യങ്ങൾ—ചില കേമന്മാർ ഇന്ത്യയിൽ പലേടങ്ങളിലായി ചിന്നിച്ചിതറി കിടക്കുന്ന വിവിധനാണ്യവിശേഷങ്ങളെ വളരെ പണിപ്പെട്ടു സമ്പാദിക്കുന്നു. അവയെ മുകളിൽ പ്രസ്താവിച്ച പ്രകാരം തന്നെ, കാലദേശങ്ങളെ അനുസരിച്ചു തരം തിരിക്കുന്നു. ഏതെല്ലാം രാജാക്കന്മാരുടെ കാലത്താണ് അവയ്ക്കോരോന്നിന്നും പ്രചാരമുണ്ടായിരുന്നത് എന്ന് അവയിലുള്ള എഴുത്തുകളെക്കൊണ്ടും മുദ്രകളെക്കൊണ്ടും മററുമറിയുന്നു.

നാണ്യങ്ങൾ എന്തെല്ലാം ലോഹങ്ങളെക്കൊണ്ട്, ഏതേതു തൂക്കത്തിൽ, ഏതെല്ലാം ആകൃതികളിൽ, എന്തെല്ലാം മുദ്രകളോടും അക്ഷരങ്ങളോടും കൂടി, ആണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത് എന്ന സംഗതികളെ ധരിക്കുന്നു. അവയിൽനിന്ന് അനേകം ചരിത്രസംബന്ധമായ തത്വങ്ങളേയും അവർ കണ്ടുപിടിക്കുന്നു. ഇന്ത്യയിൽനിന്നു സമ്പാദിക്കപ്പെട്ടിട്ടുള്ള തങ്ങളുടെ നാണ്യശേഖരിപ്പിൽ അന്യരാജ്യക്കാരുടെ നാണ്യങ്ങളേതെല്ലാമാണെന്ന് അവർ വേർതിരിച്ചറിയുന്നു. ആ അന്യരാജ്യക്കാരായിട്ട് ഇന്ത്യക്കാർ വ്യാപാരം നടത്തിയിരുന്നുവെന്ന് അവർ അതിൽനിന്നൂഹിക്കുന്നു. അവരുടെ ചരിത്രങ്ങളിൽനിന്നു കിട്ടുന്ന തെളിവുകളെക്കൊണ്ട് ആ വക ഊഹങ്ങളെ സ്ഥാപിക്കുകയും ചെയ്യുന്നു. അതിന്നുംപുറമെ, പലവിധത്തിലുമുള്ള നാണ്യങ്ങളുടെ നിർമ്മാണത്തിൽ പുരാതന ഇന്ത്യയിലെ കലാഭിജ്ഞന്മാർ പ്രയോഗിച്ചിട്ടുള്ള കലാകൌശലത്തെ സൂക്ഷ്മമായി പരിശോധിക്കുന്നതിൽനിന്ന് ഓരോ ലോഹങ്ങളെക്കൊണ്ടു വിശേഷമായ പണിത്തരങ്ങളെ ചെയ്യുന്നതിൽ അവക്കെത്രത്തോളം സാമർത്ഥ്യമുണ്ടായിരുന്നുവെന്ന തത്വത്തെ കണ്ടറിയുന്നതിന്നും ഇടവരുന്നു. ഇങ്ങിനെ അസംഖ്യതത്വങ്ങൾ നാണ്യപരിശോധനത്തിൽനിന്ന് ആ വിഷയത്തിൽ കുശലന്മാരായിട്ടുള്ളവർ കണ്ടുപിടിക്കുന്നുണ്ട്. അവരും തങ്ങളുടെ പ്രയത്നഫലത്തെ മാസികകളിലേക്കു ലേഖനമെഴുതീട്ടും, പുസ്തകമെഴുതീട്ടും, പ്രസിദ്ധം ചെയ്തുവരുന്നു.

4 ഇന്ത്യയിൽ പുരാതനകാലം മുതൽക്ക് ഓരോ കാലങ്ങളിലായി പണി ചെയ്യപ്പെട്ടിട്ടുള്ള, അത്ഭുതകരങ്ങളായും മനോഹരങ്ങളായും അതിശയിക്കത്തക്ക കല്പനാശക്തിയെ പ്രയോഗിച്ചിട്ടുള്ളതായുമിരിക്കുന്ന ഓരോ മരാമത്തു വേലകൾ-അതായതു, ഹിന്തുക്കളുടെ ക്ഷേത്രാദികൾ, ബുദ്ധമതക്കാരുടേയും ജിനമതക്കാരുടെയും ക്ഷേത്രസ്തൂപവിഹാരചൈത്യാദികൾ, ഒററപ്പാറ കഴിച്ചു വിചിത്രവേലകളോടുകൂടി പണിചെയ്യപ്പെട്ടിട്ടുള്ള ക്ഷേത്രവിഹാരാദികൾ, പിന്നെ ഏറെക്കുറെ ആധുനികമായ കാലങ്ങളിൽ മുസൽമാന്മാരുടെ ഉൽക്കർഷകാലത്തു പല ദിക്കുകളിലായി പണിചെയ്യപ്പെട്ടിട്ടുള്ള പള്ളികൾ, കൊട്ടാരങ്ങൾ, കോട്ടകൾ, ശവകുടീരങ്ങൾ-ഇവയെല്ലാം ഈ എനത്തിൽ ഉൾപ്പെടുന്നു. മേൽകാണിച്ചിട്ടുള്ള ഒന്നും രണ്ടും വിഭാഗങ്ങളിൽ ആ വക കെട്ടിടങ്ങളുടെ പുറഭാഗങ്ങളിൽ കൊത്തീട്ടുള്ള വിചിത്രങ്ങളായ പലവക രൂപങ്ങളെപ്പററിയും, ചിത്രങ്ങളെപ്പററിയും മാത്രമാണ് നിരൂപിച്ചിട്ടുള്ളത്. ഈ ഖണ്ഡത്തിൽ ആ വക കെട്ടിടങ്ങളെപ്പററിത്തന്നെയാണ് പറയുവാൻ പോകുന്നത്. പാന്ഥന്മാരുടെ ഉള്ളിൽ ചരിത്രവിഷയമായിട്ടു പലവിധ സംബന്ധജ്ഞാനത്തെ ഉദിപ്പിക്കുന്നതായും, ദർശനമാത്രത്തിൽ അവരുടെ ചിത്തത്തിന്നു വിസ്മയത്തേയും ആനന്ദത്തേയും ആഹ്ലാദത്തേയും ഔന്നത്യത്തേയും പിന്നേയും അനേകം ഉൽകൃഷ്ടവികാരങ്ങളേയുമുണ്ടാക്കുന്നതായുമുള്ള നാനാപ്രകാരമായിരിക്കുന്ന ആ വക മരാമത്തുവേലകൾ ഇന്ത്യയിൽ പല ദിക്കുകളിലുമായി ഇപ്പോഴും നിൽക്കുന്നതു കാണാവുന്നതാണ്. അവക്കു പുറമെ വേറെ അനേകം കെട്ടിടങ്ങൾ പകുതി ജീർണ്ണപ്പെട്ടുകിടക്കുന്നതായിട്ടും കാണാം. മററു ചിലത് ഒട്ടു മുക്കാലും ജീർണ്ണാവസ്ഥയെ പ്രാപിച്ചുകിടക്കുന്നതായിട്ടും കാണുന്നുണ്ട്. ഇവക്കുംപുറമേ, വേറെ അനവധി ജീർണ്ണപ്പെട്ട കെട്ടിടങ്ങളേയും, ചിലപ്പോൾ ഒരു പട്ടണം തന്നെയും, സംഗതിവശാൽ ചില പ്രദേശം കിളയ്ക്കുന്ന സമയത്തു ജനങ്ങൾ ക

ണ്ടുമുട്ടുന്നതായും, ആ വക ഘട്ടങ്ങളിൽ ഗവൎമ്മെണ്ടു ചിലവിന്മേൽ അവ മൂടിക്കിടക്കുന്ന മണ്ണുനീക്കി അവയെ വേണ്ടപോലെ സൂക്ഷിക്കുന്നതായുമുള്ള സംഗതികളും ധാരാളമാകുന്നു. എന്നുതന്നെയല്ല ഇന്ത്യാഗവൎമ്മെണ്ട് ഈ ആവശ്യത്തിലേക്ക് 'ആൎക്യാലോജിക്കൽ ഡിപ്പാർട്ടുമെണ്ട്' എന്നൊന്നു നിയമിക്കുകതന്നെ ചെയ്തിട്ടുണ്ടു്. അങ്ങിനെയുള്ള ഡിപ്പാർട്ടുമെണ്ടുകൾ ഇപ്പോൾ ഇന്ത്യയിൽ ഒട്ടു മിക്ക പ്രധാനസംസ്ഥാനങ്ങളിലും ഏൎപ്പെടുത്തപ്പെട്ടിട്ടുണ്ടു്. ആ വക ഡിപ്പാർട്ടുമെണ്ടുകളുടെ അദ്ധ്യക്ഷത്തിൽ പുരാതനകാലംമുതൽക്ക് ഓരോ കാലങ്ങളിലായി പണിചെയ്യപ്പെട്ടിട്ടുള്ളവയും ഇന്നും നിലനിന്നു പോരുന്നവയുമായ കെട്ടിടങ്ങളേയും സ്തംഭങ്ങളേയും സ്തൂപങ്ങളേയും കേടു വരാതെ നിൎത്തുന്നതിൽ വേണ്ടുംവണ്ണം നിഷ്കൎഷിക്കുകയും, ഏതാനും ജീൎണ്ണാവസ്ഥയിൽ കിടക്കുന്നവയെ കേടുപാടുകൾ തീൎത്തു സൂക്ഷിക്കുകയും, പിന്നെ കാലാന്തരംകൊണ്ടു നശിച്ച മണ്ണു മുതലായതു വന്നു മൂടിക്കിടക്കുന്ന ചിലതിനെ കിളച്ചു മണ്ണുനീക്കി കണ്ടപടി സൂക്ഷിക്കുകയും, ചെയ്തുവരുന്നു. ലാർഡ് കർസൻ വൈസ്രായിയായിരുന്ന കാലത്താണ് ഈ കാൎയ്യത്തിൽ കുറെ അധികം നിഷ്കൎഷയുണ്ടായിട്ടുള്ളതു്. അതിനാൽ, അദ്ദേഹത്തിന്റെ രാജ്യഭാരത്തെപ്പറ്റി ഇന്ത്യയിലുള്ള വൎത്തമാനപത്രങ്ങൾ പലതരത്തിലും പറയുന്നുണ്ടെങ്കിലും ഈ ഒരു കാൎയ്യത്തിൽ ഇന്ത്യാക്കാരായ നാമെല്ലാവരും കർസൻപ്രഭുവിനോടു നിശ്ചയമായിട്ടും കൃതജ്ഞന്മാരായിരിക്കേണ്ടതാകുന്നു. കുറച്ചുവൎഷങ്ങൾക്കു മുമ്പ് ഫർഗ്ഗുസൻ എന്നു പേരായ മഹാൻ 'ഇന്ത്യയിലെ മരാമത്തുവേലകൾ' എന്നു തലവാചകംവെച്ച് അസംഖ്യം ചിത്രങ്ങളോടുകൂടി ഒരു വലിയ പുസ്തകമെഴുതി പ്രസിദ്ധപ്പെടുത്തുകയുണ്ടായിട്ടുണ്ടു്. (അതിന്റെ രണ്ടാംപതിപ്പിന്റെ റവ്യു ഇയ്യിടെ ലണ്ടൻ ടൈംസിൽ കാണുകയുണ്ടായി.) അതിൽ അദ്ദേഹം വളരെ പരന്നുകിടക്കുന്ന ഈ വിഷയത്തെ വേണ്ടപോലെ വിഭാഗം ചെയ്ത് ശാസ്ത്രരീതിയിൽ യുക്തിയുക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ബുദ്ധമതക്കാരുടെ ഉൽക്കൎഷകാലത്ത് ഓരോ രാജാക്കന്മാർ അവരുടെ ആചാൎയ്യന്മാരുടെ ഓൎമ്മക്കായിട്ടും അല്ലെങ്കിൽ ഓരോ സംഭവങ്ങളുടെ സ്മാരകമായിട്ടും മററും പണിചെയ്യിച്ചിട്ടുള്ള, കൃഷ്ണാനദീതീരത്തുള്ള 'അമരാവതീ' സ്തൂപം, മദ്ധ്യഇന്ത്യയിൽ ബോപാലുരാജ്യത്തുള്ള പ്രസിദ്ധമായ 'സാഞ്ചി' സ്തൂപം, പ്രയാഗയിൽനിന്നു വളരെ അകലെയല്ലാത്ത 'ഭാർഹൂട്ട്' സ്തൂപം, കാശിയ്ക്കു സമീപമുള്ള 'സാർനാഥ്' സ്തൂപം എന്നിവയേയും, ഹൈദ്രാബാദ് രാജ്യത്തുള്ള 'അജംട', 'എല്ലോറ' എന്നിങ്ങിനെയുള്ള ഗുഹകളിൽ പണിചെയ്യപ്പെട്ടിട്ടുള്ള വിഹാരങ്ങളേയും ചൈത്യങ്ങളേയും, ഹിന്തുരാജാക്കന്മാരുടെ ഉൽക്കൎഷകാലത്തുണ്ടായിട്ടുള്ള കാശി, ജഗന്നാഥപുരി, മഹാബലിപുരം, ശ്രാവണബൽഗോള, ശ്രീരംഗം, മധുര, രാമേശ്വരം, എന്നീ സ്ഥലങ്ങളിലുള്ള മഹാക്ഷേത്രങ്ങളേയും, മദ്ധ്യഇന്ത്യയിൽ രജപുത്രരാജാക്കന്മാരുടേയും സിക്കുരാജാക്കന്മാരുടേയും കാലത്തു കെട്ടപ്പെട്ടിട്ടുള്ള 'ജെയിപ്പൂർ', 'അജ്മിർ', 'അമ്രിത്സർ' മുതലായ രാജ്യങ്ങളിൽ കാണപ്പെടുന്ന രാജധാനികളേയും, പിന്നെ മുസൽമാൻ രാജാക്കന്മാരുടെ കാലത്ത് ഡൽഹി, ആഗ്ര, ബീജപ്പൂർ, ശ്രീരംഗപട്ടണം മുതലായ പല പട്ടണങ്ങളിലും കെട്ടപ്പെട്ടിട്ടുള്ളതായി കാണുന്ന രാജധാനികൾ, പള്ളികൾ, ശവകുടീരങ്ങൾ മുതലായവയേയും— ഇങ്ങിനെ തെക്കുവടക്ക് ഉദ്ദേശം ആയിരത്തഞ്ഞൂറു നാ

ഴിക നീളവും വടക്കേ അററംകൊണ്ടു കിഴക്കപടിഞ്ഞാററ് ഏകദേശം അത്രതന്നെ വിസ്താരവുമുള്ള ഇന്ത്യാഖണ്ഡത്തിൽ പല രാജ്യങ്ങളിലായി കാണപ്പെടുന്ന പലവിധ മരാമത്തുവേലകളേയും—മേൽപറഞ്ഞ ഫർഗ്ഗൂസൻ എന്ന മഹാൻ അദ്ദേഹത്തിന്റെ പുസ്തകത്തിൽ കാലദേശങ്ങളെ അനുസരിച്ചു തരംതിരിച്ചു ക്രമപ്പെടുത്തുകയും, അവയെ ഓരോന്നിനേയും പരിശോധിച്ചിട്ട് ഇന്ത്യയിൽ അതാതു കാലത്ത് അതാതു രാജ്യത്തുള്ള ശില്പികൾ ഏതെല്ലാം തച്ചുശാസ്ത്രസമ്പ്രദായങ്ങളെയാണ് അനുവർത്തിച്ചിട്ടുള്ളതെന്നും, പണ്ടു വളരെ ഔന്നത്യം പ്രാപിച്ചിട്ടുള്ള പർഷ്യ, ഗ്രീസ്, ഇററലി എന്നീ രാജ്യങ്ങളിലുള്ള ശില്പശാസ്ത്രസമ്പ്രദായത്തെ ഇന്ത്യാക്കാർ ഏതെല്ലാം കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ടെന്നും, ഇന്ത്യാക്കാരുടെ മരാമത്തുരീതിയും മേൽപറഞ്ഞ അന്യരാജ്യങ്ങളിലുള്ളവരുടെ മരാമത്തുരീതിയും തമ്മിൽ ഏതെല്ലാം കാര്യത്തിലാണ് സാമ്യമുള്ളതെന്നും, ഏതെല്ലാത്തിലാണ് വ്യത്യാസമുള്ളതെന്നും, ഇന്ത്യയിൽ പല രാജ്യങ്ങളിൽ പല കാലത്തായിട്ടുണ്ടായിട്ടുള്ള കെട്ടിടങ്ങൾ ഏതെല്ലാം രാജാക്കന്മാരുടെ കാലത്താണ് പണിചെയ്യപ്പെട്ടിട്ടുള്ളതെന്നും, അവയുടെ നിർമ്മാണത്തിൽ തത്തൽക്കാലങ്ങളിലുള്ള പലതരം ശില്പികൾ സ്വസ്വവിദ്യകളിൽ എത്രത്തോളമാണ് ഉന്നതിയെ പ്രാപിച്ചിട്ടുള്ളതെന്നും മററുമുള്ള പലവിധ സംഗതികളെ നിരൂപിക്കുകയും, ചെയ്തിട്ടുണ്ട്. അതിൽ പിന്നെ ഈ വിഷയത്തിൽത്തന്നെ പരിശ്രമിക്കുന്ന പല ആധുനികപണ്ഡിതന്മാരും തത്സംബന്ധമായി വേറേയും അനേകം സംഗതികളെ കണ്ടുപിടിച്ചു പ്രസിദ്ധം ചെയ്തിട്ടുള്ളതായി കാണുന്നു.

(തുടരും)

കെ. എം.

# യോഗിയാതിരിപ്പാട്

കായൽചൂഴ്ന്നവിലസുംവൃഷശൈല
പ്രായമാംശിവപുരംരമണീയം
ആയതിന്നുകളിലാംഹരിക്കൂട്ടായ്
മായയുംമകനുമൊത്തമഹേശൻ.

ഭൂരിയോഗബലശാലിയൊരുല്ലാ-
ശ്ശേരിയോഗിവരനീശ്ശിവപൂരിൻ
ച്ചുറിയന്നൊരവരോധവഴിക്കായ്
പ്പേറിപണ്ടുപെരിയോരധികാരം.

ദേവദേവനെനിദാനവുമേററം
സേവചെയ്തുശിവഭക്തരിൽമുമ്പൻ
ദേവതായതനഭൂമിനിലയ്ക്കും
കേവലംമഹിമനേടിതനിയ്ക്കും.

തൻകരത്തിലവനൊത്തിതുലോഹ-
ത്തിങ്കലൊന്നുരസിയാലതശേഷം
തങ്കമാംഗവിളിവാൽമുറിസാക്ഷാൽ
ശങ്കരന്റെവരമാംനിധിബീജം.

ഏവമത്ഭുതധനാഗമയന്ത്രം
കൈവരുത്തിയൊരുയോഗിവരിഷ്ഠൻ
ആവതുംപുതുമചേർത്തിതുമററും
ദേവദേവനിലയത്തിനുചുററും

അമ്പലംപണിതുചുററിനകത്താ
മുമ്പടുത്തുനിലപോലെപുറത്തും.
കമ്പമററമതിൽഗോപുരമുച്ചം
വമ്പനപ്പടിയിൽനാലുപുറത്തും.

ചോടുചുററുമൊരുമാതിരിതേക്ക-
ങ്കാടുനട്ടിതടവായഴകോടെ.
കേടുചെററുമണയാതവസാന-
പ്പാട്ടുവൃത്തമൊടുതീൎത്തിതുമാൎഗ്ഗം.
നാലുപാടുമഴകാമ്പടിമാൎഗ്ഗ-
ച്ചാലുമിട്ടുമുകളിൽക്കരയേറാൻ
നാലുദിക്കുകളിലുംചിറകെട്ടി-
ച്ചേലുചേൎത്തുജലപുഷ്ടിപുലൎത്തി.
നാട്ടുകാൎക്കുഭവനംപണിതെങ്ങും
കൂട്ടുചേൎന്നുകുടിപാൎക്കുവതിന്നും
കേട്ടുവേണ്ടപടിദേവഗൃഹത്തിൻ
വീട്ടുവാങ്ങണമിതുംനിയമിച്ചു-
ഏകശാസനയിലിങ്ങിനെപാൎക്കാൻ
പാകമാമ്പടിവനാചലഭാഗം
ലോകരമ്യപുരമാക്കിയുദാരാ-
ലോകനത്തിൽവിരുതേറിനയോഗി.
ഇത്തരംശിവപുരത്തിനുമേന്മേ-
ലുത്തരംഗുണമേറിയയോഗ്യൻ
സത്വരംകലശമാടുവതിന്നും
സത്വരമ്യമതിയുള്ളിലുറച്ചു
തന്ത്രശാസ്ത്രമുറപോലെശിവന്നാ-
മന്ത്രപൂതകലശാമൃതമാടാൻ
മന്ത്രമാമ്പൊഴുതതിൽച്ചിലവിപ്രൻ
തന്ത്രമൊച്ചൎചിലരങ്ങുതുടങ്ങി.
മൃത്തതാൎണ്യമിടവാടിനബദ്ധം
മൃത്തതാതുവികടംതുടരുമ്പോൾ
ധൂൎത്തവംശമതുയോഗിയകററി-
ച്ചേൎത്തണച്ചപൊതുവാൾക്കവകാശം
നീളവേച്ചിലതടസ്ഥമെടുത്തു-
രാളരന്തണർമതിന്നുബലിഷ്ഠർ
താളമൊന്നുപിഴതീൎത്തുപിടിക്കു-
മ്പോളതിൽശ്രുതിപിഴക്കിലസഹ്യം.
ഞാൻപ്രമാണമിഹതാൻജളനെന്നും
താൻപുറത്തിവിടെഞാൻപ്രബലനെന്നും
സാമ്പ്രതംകലശമേകഴിയില്ലാ
താൻപുറപ്പെടുകിലില്ലിവനെന്നും.

തങ്ങളിൽക്കശപിശസ്സമതിന്നാ-
മംഗലക്രിയമുടങ്ങിനമട്ടിൽ
തിങ്ങലായുടവുതട്ടിനടപ്പി-
ന്നംഗഭംഗമൊരുഭഞ്ജനമല്ലൊ.
"ചേൎത്തുനോക്കിയവരെപ്രബലവാദം
തീൎത്തുകിട്ടുവതിനാപ്പണികൊണ്ടും
പേൎത്തുമേകലഹമേറിയമൂലം
നേൎത്തുയോഗിവരനുള്ളൊരുധൈൎയ്യം
യോഗിയാൎനിലയിലിങ്ങിനെമിഥ്യാ-
ഭാഗിയാമ്പടിയിരിപ്പതിനേക്കാൾ
ത്യാഗിയായൊഴികയാണുഗുണംവൈ-
രാഗിയായുലകചുററിനടക്കാം.
എന്നുയോഗിയകതാരിലുറച്ചി-
ട്ടൊന്നുമാരുമറിയാതൊരുരാവിൽ
മന്ദമത്തനിലവിട്ടുനടന്നു
സുന്ദരേന്ദുവിതറുന്നനിലാവിൽ.
മാലകത്തുപിടിപെട്ടവടക്കെ-
പ്പാലമെത്തുവതിനിത്തിരിമുമ്പിൽ
കാലയഞ്ഞുനടകൊൾവൊരുവൃദ്ധൻ
മേലലസ്സുമൊരുമട്ടിലടുത്തു.
ആരതെന്നുടനെയൊപ്പമുരച്ച-
ന്നേരമങ്ങിരുവർതങ്ങളിൽനോക്കി
നേരറിഞ്ഞുകിഴവൻകഥയെന്തെ-
ന്നാരണേന്ദ്രനൊടുചെയ്തിതുചോദ്യം.
പണ്ടുകണ്ടറിയുമെന്നൊരുഭാവം
കൊണ്ടുകാൎയ്യഗതിയുള്ളതുയോഗി
ഇണ്ടൽകൊണ്ടവശനായിവെറുത്തു-
ങ്കൊണ്ടഘോകരൾതുറന്നറിയിച്ചു.
ഉമ്പർകോനുടയനാട്ടിലെഴുംനാൽ-
ക്കൊമ്പനാനയെവരുത്തുകപോലും
കമ്പമല്പകലശോത്സവപുഷ്ടി-
സ്ത്ഥിമ്പമോടിഹനടത്തിയവൻഞാൻ.
എന്തിനേറെവളരെപ്പറയുന്നു
മുന്തിനില്ക്കുമുടയോൎകലഹിച്ചു
വന്തിരക്കിലിവനാശനശിച്ചു
പിന്തിരിച്ചൊഴികയാണധുനാഞാൻ.

സ്വാർത്ഥനാശജവിരക്തിനിമിത്തം
തീർത്ഥയാത്രയുമുറച്ചുതിരിച്ചേൻ
യാത്രമംഗളനിലസ്സഫലിപ്പാൻ
മാത്രമേകിടുകനുഗ്രഹമിപ്പോൾ
എന്നുയോഗിവരനോതിയനേര-
ത്തൊന്നുപുഞ്ചിരിനിലാവിലിണക്കി
നന്നുനന്നുജളഭാവമിതെന്നാ-
യൊന്നുരച്ചരുളിവൃദ്ധനിവണ്ണം
'സന്നിധേഹിതവഭാരമമുഷ്മിൻ
മാതരീവതനയസ്സനപായീ
വേത്ത്യസൗതവഹിതംനതഥാതാ
തൽപരസ്സ്വഹിതകൃത്ത്വമശക്യം".
നിന്റെഭാരമിവനാക്കമുലപ്പാ-
ലുണ്ണുമുണ്ണിയുടെയമ്മകണക്കെ
നിർണ്ണയിവനാണറിവാൻനീ-
യല്പതൻപരനുസാദ്ധ്യവുമില്ല.
പാട്ടിലാഗ്ഗിവനുനേക്ഷ്വലകൈ
നീട്ടിയിങ്ങനെപറഞ്ഞൊരുവൃദ്ധൻ
കാട്ടിലേറിമറവായിത്തുധൈര്യം
കൂട്ടിയോഗിവരനീയുപദേശം.
പ്രീതിരമ്യമുഖനിങ്ങുതിരിച്ചാ-
പ്പാതിരസ്സുഗൃഹമെത്തിനയോഗി
ഭൂതിയോത്തുനിജകർമ്മമശേഷം
ഭൂതിഭൂഷനുസമർപ്പണമെന്നാൻ.
ഗർവ്വസാരമുളവായതുനീങ്ങി-
സ്സർവ്വഭാരവുമുമേശനിലാക്കി
ശർവ്വഭക്തനുടനേപുലർകാലം
നിർവ്വഹിച്ചുശിവപൂജവിശേഷാൽ.
നാഥനുത്തടയവക്ഷ്വവടക്കേ-
ന്നാഥനെത്തൊഴുവതിന്നൊരുവമ്പൻ
ജാതബോധമഥചെന്നുവണങ്ങി
പ്രീതഭാവമൊടുയോഗിയൊടോതീ.
ദേവനുള്ളകലശത്തിനുവിഘ്നം
കൈകവരത്തിടുകയില്ലവിഭോഞാൻ.

കേവലംപരനുയച്ചുകൊടുക്കാൻ
ഭാവമില്ലിതിനിനിക്കൊരുശാഠ്യം.
താന്ത്രികോത്തമനുക്കുറകൊടുപ്പാൻ
മാന്ത്രികേശപരഭവാൻമതിയെങ്കിൽ.
ഞാൻതികച്ചുതുണയുണ്ടുവിവാദ-
ഭ്രാന്തിലെന്തുമെവനുംപറയില്ലേ.?
എന്നുകക്ഷിയിലൊരാളനുകൂലം
നിന്നുസമ്മതമുരച്ചുതിരിച്ചു.
വന്നുപിന്നെമറുകക്ഷിയിൽമുമ്പൻ
നന്നുയോഗമിതിനന്ദിപറഞ്ഞു.
ഇന്നലെക്കഠിനവാശിവഴക്കിൽ
ച്ചെന്നലച്ചുപലതുംവഴിപോന്നേൻ.
ഒന്നുസാരമറിയിപ്പനിതാഞാൻ
തന്നടങ്ങിയവിടസ്സധികാരം.
കുറനാൾകവതിനുള്ളതിരക്കിൽ-
ക്കൂടൊഞ്ഞൊരിരുകക്ഷിവഴക്കും
തീരയറുകലശംശുഭമായി-
ത്തീരവേസകലയോഗവുമൊത്തു.
നിശ്ചയിച്ചദിവസത്തിൽനടന്നു
വിശ്വവിശ്രുതനിലസ്സഭിഷേകം
കാഴ്ചകാട്ടിടുമൊരുത്സവവുംമേ-
ലീശപാദാർപ്പണവഴിസ്സുകഴിഞ്ഞു.
യോഗിഭക്തമണിതുഗ്ഗിവപേത്രർ
യോഗിയാതിരികളിൽപ്പരമാദ്യൻ
ത്യാഗിയിഗ്ഗുരുശിവാർപ്പണവിദ്യാ-
ഭാഗിയായൊടുവിൽമോക്ഷവുമേറ്റു.
ത്ര്യക്ഷനെപ്പരമഭക്തിവശാൽപ്ര-
ത്യക്ഷനാക്കിയൊരുയോഗിവരന്റെ
ശിക്ഷയായശിവപൂജനടപ്പ-
ങ്ങിക്ഷമാസുരഗൃഹങ്ങളിലിന്നും.
വിസ്മയംപുലയിലുംനിലതെറ്റാ
ദസ്മധാരണമിതീക്കലധർമ്മം
ഇസ്സമാചരണമാസ്സുരണത്തോ-
ന്നസ്സലാണുശിവഭക്തിവിലാസം.

# ഹിന്തുമതത്തിന്റെ

## ആധുനികാവസ്ഥ

ഇനി ആലോചിപ്പാനുള്ളതു പാശ്ചാത്യവിദ്യാഭ്യാസം ചെയ്തവരാകട്ടെ, അല്ലാത്തവരാകട്ടെ, മേൽപറഞ്ഞ സനാതനധൎമ്മമാൎഗ്ഗത്തെ എത്രമാത്രം അനുസരിക്കുന്നു എന്നുള്ളതിനെക്കുറിച്ചാകുന്നു.

കാശ്യപൻ, വസിഷ്ഠൻ, വേദവ്യാസൻ തുടങ്ങിയുള്ള പൂജ്യപാദന്മാരുടെ ജന്മഭൂമിയായ ഇന്ത്യാരാജ്യത്തെയാണ് ഹിന്ദുമതസ്ഥന്മാരുടെ പ്രധാനസ്ഥാനമായി ഗണിച്ചുവരുന്നത്. ഈ ഭൂഖണ്ഡത്തിൽ അനേക രാജ്യങ്ങളും അവിടെ ഒക്കെയും ഹിന്ദുമതസ്ഥന്മാരും ഉണ്ട്. അവരിൽ ആകപ്പാടെയുള്ള സനാതനധൎമ്മപ്രകടനത്തിന്റെ താൽകാലികസ്ഥിതിയെപ്പററി സാൎവ്വത്രികമായ ഒരു പൎയ്യാലോചനചെയ്യുന്നതിനു, ഞാൻ ഇപ്പോൾ ശ്രമിക്കുന്നില്ല. കേരളത്തിൽ അധിവസിച്ചുപോരുന്ന ഹിന്തുക്കളെയും സനാതനധൎമ്മമാൎഗ്ഗത്തിൽ അവൎക്കുള്ള അനുവൎത്തനത്തിന്റെ ന്യൂനാധികസ്ഥിതിയേയും കാരണങ്ങളേയും കുറിച്ചു മാത്രം സ്വല്പം ആലോചിക്കാം.

കേരളത്തിൽ ഹിന്ദുമതസ്ഥന്മാർ എന്നു പറയപ്പെടാവുന്നവരായി അനേകവൎഗ്ഗക്കാർ അധിവസിച്ചുവരുന്നുണ്ട്. ചുരുക്കം ചില മഹാശയന്മാരൊഴികെ മററുള്ളവരിൽ സ്വകീയരക്ഷാധനമായി കല്പിക്കപ്പെട്ടിരിക്കുന്ന ആ സനാതനധൎമ്മത്തിന്റെ പ്രകടനം എത്രത്തോളമുണ്ടെന്നു തീൎച്ചപ്പെടുത്തുവാൻ ശ്രമിക്കുന്നതിനേക്കാൾ സൌകൎയ്യമുള്ളതും വാസ്തവവും ആയിരിക്കുന്നതു് ആ പ്രകടനം വളരെക്കുറവായി ഇരിക്കുന്നു എന്നു പറയുന്നതാണ്. അത്യുൽകൃഷ്ടമായ നമ്മുടെ സനാതനധൎമ്മത്തിന്റെ സൂക്ഷ്മതത്വപ്രകാരം ആലോചിക്കുമ്പോൾ സൎവ്വാന്തൎയ്യാമിയായിരിക്കുന്ന ഈശ്വരൻ ലോകത്തിന്റെ ആശ്രയസ്ഥാനവും മനുഷ്യർ സമഭാവനയോടും ഐകമത്യത്തോടും സഹോദരസ്നേഹത്തോടും അനുവൎത്തിക്കേണ്ടവരും ആണെന്നു സ്പഷ്ടമാകുന്നു. എന്നാൽ നമ്മുടെ അനുഭവം അപ്രകാരമല്ലെന്നു മാത്രമല്ല അതിന്റെ വിപൎയ്യയങ്ങളായ സ്വാൎത്ഥതല്പരതയേയും അനൈകമത്യത്തേയും ശത്രുബുദ്ധിപൂൎവ്വമായ മാത്സൎയ്യത്തേയും ആണ് നാം അനുവൎത്തിച്ചുവരുന്നത്. ഇതു വാസ്തവം തന്നെയോ എന്നു സംശയിക്കുന്നുവെങ്കിൽ നമ്മുടെ പബ്ളിക്ക് ആപ്പീസ്സുകളേയും, തെരുവീഥികളേയും, സന്മാൎഗ്ഗികഭാവനയോടുകൂടി നടത്തുന്ന ചില സദസ്സുകളേയും, മലയാളിസമുദായത്തേയും, പരദേശികസമൂഹത്തേയും, മലബാറിലെ മിക്ക വൎത്തമാനപത്രങ്ങളേയും, ചില ഗൃഹസ്ഥന്മാരുടെ പുറന്തിണ്ണകളേയും, ഈശ്വരനാമോച്ചാരണത്തിന്നെന്ന നാട്യത്തിൽ നടത്തപ്പെടുന്ന ഭജനസ്ഥലങ്ങളേയും, ദേവീദേവാരാധനമെന്നുദ്ദേശിച്ചു നടത്തപ്പെട്ടുവരുന്ന കൊട്ട്, കാഴ്ച, എതിരേൽപ്പ് മുതലായവയേയും ഒന്നു നോക്കുക! ഈ സ്ഥലങ്ങളിലും വിഷയങ്ങളിലും പ്രാധാന്യേന അങ്കുരിച്ചുകൊണ്ടിരിക്കുന്നതു് അനൈകമത്യം, മത്സരം, പരദ്രോഹചിന്തനം, കക്ഷിപിണക്കം, അസത്യം, പരാക്ഷേപം, ദുരഭിമാനം, സ്വാൎത്ഥപ്രതിപത്തി മുതലായ ദുൎഗ്ഗുണസമൂഹം തന്നെയായിരിക്കും. ഇതു നിമിത്തം സനാതനധൎമ്മത്തിന്റെ സൂക്ഷ്മതത്വം എന്നല്ല സ്ഥൂലമായ ത

ത്വംപോലും ഗ്രഹിയ്ക്കുക എന്നുളള നമ്മുടെ ആളുകളിൽ കുറവായിരിയ്ക്കുന്നുവെന്നു സ്പഷ്ടമായി കാണാവുന്നതാണ്.

എന്നാൽ ഇനിയും മേൽപറയപ്പെട്ട ദുർഗ്ഗുണപന്ഥാവിൽ സഞ്ചാരം ചെയ്യാതെ സ്വസ്ഥചിത്തന്മാരായിരിയ്ക്കുന്ന ചിലരും ഇല്ലെന്നില്ല. പക്ഷേ അവരിലും സനാതനധർമ്മത്തിൻെറ ആദിമപാഠമായ പ്രവൃത്തിലക്ഷണത്തിൻെറ അല്പാംശമെങ്കിലും പ്രകാശിയ്ക്കുന്നില്ലെന്നുതന്നെ പറയാം. എന്തെന്നാൽ മതഗ്രന്ഥപാരായണമോ വിധിത്രപങ്ങളായ വ്രതാനുഷ്ഠാനങ്ങളോ ധർമ്മാസക്തിയോ ഈശ്വരവിശ്വാസമോ പരോപകാരതൽപരതയോ സാധാരണയായി അവരിലും കാണപ്പെടുന്നില്ല. ഇപ്രകാരം വന്നുകൂടുവാനുള്ള കാരണം എന്താണെന്നുള്ളതിനെക്കുറിച്ചു കൂടി സ്വല്പം ആലോചിയ്ക്കാം.

ആദ്യം പറയപ്പെട്ട സാംഗോപാംഗവേദങ്ങളായ പതിന്നാലു വിദ്യാസ്ഥാനങ്ങളും അവയുടെ ഉൾപിരിവുകളും ശാഖോപശാഖകളും കൂടിയുള്ള മതഗ്രന്ഥങ്ങൾ അസംഖ്യേയങ്ങളായിട്ടുണ്ട്. ഇവയൊക്കയും ആദികാലത്തിൽ സമഗ്രമായി എഴുതപ്പെട്ടിരിയ്ക്കുന്നതു സംസ്കൃതഭാഷയിലാണ്. പിന്നീട് അല്പാല്പമായി തമിൾ, തെലുങ്ക്, കന്നടം, ഇംഗ്ലീഷ് എന്നീ ഭാഷകളിലും പകർത്തപ്പെട്ടിട്ടുണ്ട്. മലയാളഭാഷയിൽ സനാതനധർമ്മപ്രതിപാദകങ്ങളായ പ്രൌഢഗ്രന്ഥങ്ങൾ ധാരാളമായി എഴുതപ്പെട്ടിട്ടില്ല എന്നല്ല മിക്കവാറും ഇല്ലെന്നുതന്നെ വ്യസനപൂർവ്വം പറയേണ്ടിയിരിയ്ക്കുന്നു.

കേരളീയന്മാർ എതാനും ശതവർഷങ്ങൾക്കിപ്പുറം മുതൽ സംസ്കൃതഭാഷാഭ്യസനത്തിൽ വിമുഖന്മാരോ അലസന്മാരോ ആയിട്ടാണ് തീർന്നിരിയ്ക്കുന്നത്. ഇതരഭാഷയിൽ പാണ്ഡിത്യം ഉണ്ടായിരുന്നാലും അതുകൊണ്ടുമാത്രം നമ്മുടെ മതഗ്രന്ഥങ്ങളെ സംബന്ധിച്ച സമഗ്രമായിട്ടെന്നല്ല സാമാന്യമായിട്ടെങ്കിലും ഒരു ജ്ഞാനം സമ്പാദിയ്ക്കുന്നത് അശക്യമാകുന്നു. അതുനിമിത്തം നമ്മുടെ മതഗ്രന്ഥങ്ങളെ ശേഖരിയ്ക്കുന്നതിനും സൂക്ഷിയ്ക്കുന്നതിനും അവയിലടങ്ങിയിരിയ്ക്കുന്ന സാരഭാഗങ്ങളെ ഗ്രഹിയ്ക്കുന്നതിനും ആ വിഷയത്തിൽ അല്പമായ ആശപോലും നമുക്കുണ്ടാകുന്നതിനും മാർഗ്ഗമില്ലാതെ തീർന്നിരിയ്ക്കുന്നു. മറിച്ച് ഗ്രന്ഥപരിജ്ഞാനം ഒരുവിധം സമ്പാദിച്ചുവെന്നിരിയ്ക്കട്ടെ; എന്നാൽതന്നെ ആ ജ്ഞാനത്തെ സൂക്ഷ്മദൃഷ്ട്യാ ഉപയോഗപ്പെടുത്തി സനാതനധർമ്മപന്ഥാവിൽ കൂടി ജീവിതയാത്ര ചെയ്ക എന്നുള്ളത് ഏററവും കൃച്ഛ്രസാദ്ധ്യമായിട്ടാണ് ഇരിയ്ക്കുന്നത്. എന്തെന്നാൽ നമ്മുടെ ഹിന്ദുമതത്തിൽ തന്നെ വൈഷ്ണവം, ശൈവം, ശാക്തേയം, അദ്വൈതം, വിശിഷ്ടാദ്വൈതം, സാംഖ്യം എന്നിങ്ങിനെ അനേകപിരിവുകൾ കല്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു. സനാതനധർമ്മത്തിൻെറ സൂക്ഷ്മച്ഛായയായകുന്ന വേദാന്തമതത്തെ ഒഴിച്ചു നോക്കിയാൽ മററുള്ളവയെല്ലാം ആത്മാഭിമാനത്തോടുകൂടി അതാതിനെ ഉൽകൃഷ്ടമാക്കിയും മററുള്ളവയെ നികൃഷ്ടങ്ങളാക്കിയും പ്രലപിച്ചുകൊണ്ടിരിയ്ക്കുന്നു എന്നു തോന്നിപ്പോകും. തന്നിമിത്തം സാധാരണ മനുഷ്യബുദ്ധിയ്ക്ക് ഒരുമാർഗ്ഗത്തിലും സ്ഥായിയായ ഒരു വിശ്വാസം ജനിയ്ക്കാതെ വരുന്നു. ആര്യന്മാർ ഇപ്രകാരമുള്ള ശാഖാഭേദങ്ങളെ കല്പിയ്ക്കുവാനുണ്ടായ കാരണവും അവരുടെ ഉദ്ദേശവും ഒരിയ്ക്കലും അബദ്ധമായിട്ടില്ലെന്നുള്ള പരമാർത്ഥം സൂക്ഷ്മജ്ഞാനികളായ മതാചാര്യന്മാരിൽ നിന്നു ഗ്രഹിച്ചുവെങ്കിൽ മാത്രമേ ഈ വിഷയത്തിൽ സാമാന്യബുദ്ധിയ്ക്കു സ്വസ്ഥതയും പ്രവൃത്തിയും ലഭിയ്ക്കുയുള്ളൂ.

നമുക്കാകട്ടെ അപ്രകാരമുള്ള മതാചാൎയ്യന്മാരോ ഉപദേഷ്ടാക്കളോ സ്ഥിരപ്രവൎത്തകന്മാരായി ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. സനാതന ധൎമ്മത്തിന്റെ കൎമ്മകാണ്ഡത്തിൽ ഉപജീവിക്കേണ്ടവരായ സാധാരണമനുഷ്യർ തങ്ങളുടെ മതഗ്രന്ഥങ്ങളിൽ ഏതിനെയാണ് വിശ്വസിക്കേണ്ടതെന്നും അഭ്യസിക്കേണ്ടതെന്നും നിശ്ചയമില്ലാതെ അസ്ഥിരബുദ്ധികളായി തീൎന്നിരിക്കുന്നു. എന്നുമാത്രമല്ല ഉപദേഷ്ടാക്കളും നിരന്തരപരിശ്രമികളും ആയ ഇതരമതസ്ഥന്മാരുടെ വാഗ്ജാലത്തിൽ അകപ്പെട്ടു സ്വന്തമതത്തെ ഉപേക്ഷിക്കുന്നതിനും അന്യമതത്തിനു വശംവദന്മാരായിത്തീരുന്നതിനും സംഗതി വരികൂടി ചെയ്യുന്നു. ഈ ന്യൂനത കേവലം ബ്രാഹ്മണാദിവൎണ്ണങ്ങളുമായി സംസൎഗ്ഗവും അക്ഷരാഭ്യാസവും ഇല്ലാതെ അകന്നുകിടക്കുന്നവരായ പുലയർ, പറയർ, കാടർ, മുതലായ ചില നിരാധാരന്മാരെയാണ് അധികം ബാധിച്ചുകൊണ്ടിരിക്കുന്നത്. ഇതിനു ദൃഷ്ടാന്തം ഈ മലയാളത്തിലെ സെൻസസ്റിപ്പോൎട്ടു (ജനസംഖ്യ റിപ്പോൎട്ട്) തന്നെ മതി. മുമ്പിൽ എടുത്ത സെൻസസ്സിലെ ഹിന്ദുക്കളുടെ സംഖ്യയിൽനിന്നു ഒടുവിൽ എടുത്ത സെൻസസ്സു പ്രകാരം 64000 ആളുകൾ ഹിന്ദുമതത്തിൽനിന്നു ക്രിസ്തുമതത്തിൽ ചേൎന്നിട്ടുള്ളതായിക്കാണാം.

മദ്രാസിൽ അനേകം സി. എം. എസ്സ്. കോളേജുകളും ഹൈസ്കൂളുകളും മിഡിൽസ്കൂളുകളും ഏൎപ്പെടുത്തിട്ടുണ്ട്. അവിടെ ഒക്കയും ക്രിസ്തുമതഗ്രന്ഥങ്ങളെക്കൂടി പാഠപുസ്തകമായി വെക്കുകയും വിദ്യാൎത്ഥികളെ പഠിപ്പിക്കുകയും ചെയ്തുവരുന്നു. ഹിന്ദുനേതാക്കന്മാരുടെ ഭരണത്തിലുൾപ്പെട്ട യാതൊരുസ്കൂളുകളിലും ഹിന്ദുമതത്തിന്റെ സൂക്ഷ്മസ്ഥാൎത്ഥഗ്രഹണത്തിന്നുപയുക്തമായ ഏതെങ്കിലും ഒരു പുസ്തകത്തെ, പാഠവിഷയമാക്കുകയോ പഠിപ്പിക്കുകയോ ചെയ്തുവരുന്നില്ലെന്നുള്ളത് നമ്മെ അധികമായി വ്യസനിപ്പിക്കുന്നു. സനാതനധൎമ്മത്തിന്റെ സൂക്ഷ്മാൎത്ഥബോധമോ ചിരസ്ഥായിയായ വിശ്വാസമോ ജനിച്ചിട്ടില്ലാത്തവൎക്ക് ആ ധൎമ്മത്തിൽ ആസക്തിയും പ്രവേശനവും അതിനായിട്ടുള്ള പരിശ്രമവും ലഭിക്കാതിരിക്കുന്നതു കൂടാതെ സാമാന്യജ്ഞാനികളുടെ ഹൃദയസ്ഥിതിയെക്കൂടിയും കലക്കി ഒഴുക്കിക്കളയുന്നതിന് അവൎക്ക് കഴിയുന്നതുമാണ്. അതിനു കാരണം അന്ധപരമ്പരാജന്യങ്ങളായ മൂഢവിശ്വാസവൃക്ഷങ്ങളും അവയേ ആശ്രയിക്കുന്ന നാനാവിധദുൎമ്മാൎഗ്ഗച്ചെടികളും ഉത്ഭവിച്ച് അനേകകാലമായി വേരുപിടിച്ച് ഉറച്ചുകിടക്കുന്ന അവരുടെ ഹൃദയക്ഷേത്രം അത്രത്തോളം മലിനപ്പെട്ടിരിക്കുന്നതാണ്.

മനുഷ്യരുടെ സകല ശ്രേയസ്സുകൾക്കും അധോഗതിക്കു കാരണമായിത്തീരുന്നതു വിധിനിഷേധകൎമ്മങ്ങളിൽ അപരിശ്രമത്വപേണയുള്ള പ്രവൃത്തിയാകുന്നു. ഈ തത്വത്തെ മനസ്സിലാക്കാതെ വിധിപോലെ ഭുജിക്കും, ഈശ്വരൻ വെച്ചതുപോലെനടക്കും, എന്നിങ്ങിനെയുള്ള അലസബുദ്ധിയോടുകൂടി അനേകം ആളുകളും ജീവിതയാത്ര ചെയ്യുന്നു. അശ്രേയസോന്മുഖമായ വിലക്ഷണം ഇതിലധികമായി മറ്റെന്താണുള്ളത്? "ഉദ്ധരേദാത്മനാത്മാനം" എന്നുള്ള ഭഗവദ്വാക്യപ്രകാരം തന്നിൽ അടങ്ങിയിരിക്കുന്ന ധൎമ്മത്തിന്നനുസരിച്ചു യതിച്ചാൽ സ്വയം സനാതനധൎമ്മത്തിൽ ഉപജീവിക്കാമെന്നുള്ളതു സകല മനുഷ്യൎക്കും സാദ്ധ്യമായിട്ടുള്ളതുതന്നെയാണ്.

നമ്മുടെ മതാചാൎയ്യന്മാരായി വല്ലവരും ഉണ്ടെങ്കിൽ അവരും മതോപജീവിക

ളും തമ്മിൽ വലുതായ ഒരു അകലച്ചവന്നുകൂടിയിരിക്കുന്നു. എന്തെന്നാൽ ആചാൎയ്യന്മാരുടെ ബുദ്ധി പുരാതനസമ്പ്രദായത്തിൽതന്നെ ഇരിക്കുന്നു. മതോപജീവികളുടെ ബുദ്ധി മിക്കവാറും പാശ്ചാത്യവിദ്യാഭ്യാസം മുതലായവയിൽ നിന്നും ഒരു പുതിയ സമ്പ്രദായത്തിൽ വളൎന്നു വരുന്നു. എന്നാൽ ആ വളൎച്ച് സനാതനധൎമ്മത്തിനോട് അല്പമെങ്കിലും യോജിക്കാതെയാണിരിക്കുന്നത്. ഇപ്രകാരം സനാതനധൎമ്മത്തിന്റെ ന്യൂനതയ്ക്കുള്ള കാരണങ്ങൾ പറഞ്ഞുതീൎക്കത്തക്കവിധമല്ലാതെ അത്ര അധികമായിരിക്കുന്നു.

സമുദായാഭ്യുദയത്തെ മുൻനിൎത്തിപ്പുറപ്പെട്ടിരിക്കുന്ന സഭകൾ ഈ വിഷയത്തിൽ പ്രത്യേകം ദൃഷ്ടിവെയ്ക്കേണ്ടതാണ്. ഈ മലയാളത്തിൽ ഹിന്ദുമതസ്ഥന്മാരായി അനേകവൎഗ്ഗക്കാരുണ്ടെങ്കിലും സകലത്തിനും നേതൃസ്ഥാനം മലയാളബ്രാഹ്മണരിൽ അടങ്ങിയിരിക്കുന്നു. വിശിഷ്യ മററുള്ളവരെ അപേക്ഷിച്ച് മതവിശ്വാസത്തിൽ നമ്പൂതിരിസമുദായം മുന്നണിയിൽ നിന്നു സകലകാൎയ്യങ്ങളും പ്രവൎത്തിക്കുന്നുവെങ്കിൽ സാമുദായികമായി നമുക്കുണ്ടായിരിക്കുന്ന ഈ ന്യൂനതയെ പരിഹരിക്കുന്നതിന്നു വളരെ എളുപ്പമുള്ളതാകുന്നു.

ശീരവള്ളി വി. നാരായണൻ നമ്പൂതിരി.

# ചില ന്യായങ്ങൾ

1 അന്ധഗോലാംഗൂലന്യായം } ഒരു വികൃതിയുടെ ഉപദേശം കേട്ട ബാഹളിയുള്ള കാളക്കൂറ്റന്റെ വാൽ പിടിച്ച് വഴിയറിവാൻ ശ്രമിച്ച കുരുടനു വളരെ അനൎത്ഥം അനുഭവിക്കേണ്ടിവന്നു എന്ന സംഭവത്തെ ദൃഷ്ടാന്തപ്പെടുത്തിക്കൊണ്ടുള്ള ഈ ന്യായം, കണ്ണടച്ച് കാൎയ്യങ്ങളിൽ പ്രവേശിച്ച് ആപത്തനുഭവിക്കുന്ന സമ്പ്രദായത്തെയാണ് കാണിക്കുന്നത്.

2 അന്ധപംഗുന്യായം } കുരുടനും അവന്റെ തോളിൽ ഇരിക്കുന്ന മുടന്തനും നടപ്പാനും വഴികാണ്മാനും പരസ്പരം സഹായികളായിത്തീരുന്നു. അപ്രകാരം പ്രത്യേകമായി സാധിപ്പാൻ കഴിയാത്ത കാൎയ്യങ്ങളെ യോജിച്ചു സാധിക്കുന്ന സമ്പ്രദായത്തെയാണ് ഈ ന്യായം കാണിക്കുന്നത്.

3 അന്ധഹസ്തിന്യായം } നാലു കുരുടന്മാർ കൂടി ആനയുടെ ആകൃതി അറിവാൻ പുറപ്പെട്ടു. ഒരാൾ കാലും മറെറാരാൾ വാലും വേറെയൊരാൾ തുമ്പിക്കയ്യും നാലാമൻ ചെവിയും മാത്രം തൊട്ടുനോക്കീട്ട് ആന തൂണുപോലെയെന്നും, കയറുപോലെയെന്നും, പാമ്പുപോലെയെന്നും, മുറംപോലെയെന്നും ഓരോരുത്തർ തീൎച്ചയാക്കി. ഇപ്രകാരം ഒരു വസ്തുവിന്റെ അല്പം ഭാഗം മാത്രം ഗ്രഹിച്ച് അതിന്റെ പൂൎണ്ണസ്വഭാവം ഗ്രഹിച്ചുവെന്ന് അഭിമാനിക്കുന്ന സമ്പ്രദായത്തെയാണ് ഈ ന്യായം കാണിച്ചു കളിയാക്കുന്നത്.

4 അശോകവനികാന്യായം } അശോകവനികയോടു തുല്യങ്ങളായി വേറെയും ഉദ്യാനങ്ങൾ ലങ്കയിലുണ്ടായിരുന്നുവെങ്കിലും അശോകവനികയിലാണ് രാവണൻ സീതയെ കൊണ്ടുവെച്ചിരുന്നത്. അപ്രകാരം തുല്യഗുണങ്ങളിൽ ഒന്നു തിരഞ്ഞെടുക്കുന്നതിന്നു സ്വേച്ഛയാണ് പ്രമാണം. ആ വിഷയ

ത്തിൽ ചോദ്യത്തിന്നവകാശമില്ല എന്ന സമ്പ്രദായത്തെ ഈ ന്യായം കാണിക്കുന്നു.

5 ഉഷ്ട്രകണ്ടകഭോജനന്യായം — ഒട്ടകം വളരെ പ്രയാസപ്പെട്ടു മുള്ളു തിന്നുന്നു. അതുകൊണ്ടു ഫലമോ വളരെ സ്വല്പം. ഉപയോഗത്തിന്റെ സന്ദർഭം സ്പഷ്ടം.

6 കദംബഗോളകന്യായം — കദംബമരത്തിന്മേൽ എല്ലാ ഭാഗത്തും ഒപ്പമാണ് പൂവുണ്ടാകുന്നത്. ഒരുമിച്ചേ ഉണ്ടാവുള്ളു എന്ന സംഗതികളിൽ ഈ ന്യായം പ്രവൎത്തിക്കുന്നു.

7 കരകങ്കണന്യായം — കങ്കണമെന്നതിന്നു തന്നെ കൈവള എന്നൎത്ഥമുണ്ടായിരിക്കേ കരകങ്കണം എന്നു പ്രയോഗിക്കുന്നതുകൊണ്ടു കയ്യിന്മേൽ കിടക്കുന്ന കൈവള എന്നൎത്ഥം കാണിക്കുന്നു. ഈ ന്യായത്തിന്റെ ഉപയോഗം പ്രായേണ ബോധവിഷയത്തിലായിരിക്കും.

8 കാകാക്ഷിന്യായം — കാക്കയ്ക്കു രണ്ടു കണ്ണിന്നും കൂടി ദൃഷ്ടി ഒന്നേ ഉള്ളൂ. അതിനെ ആവശ്യംപോലെ ഓരോ പുറത്തെ ചക്ഷുൎഗ്ഗോളത്തിലേക്കാക്കുന്നു. ഒരു പുറം കാണുമ്പോൾ മറ്റെപ്പുറം കാണില്ല. അപ്രകാരം ഒരു വസ്തു ആവശ്യംപോലെ മാറി രണ്ടു പദാൎത്ഥങ്ങളിലും ചേരുന്നുവെന്നു കാണിക്കുന്നതിൽ ഈ ന്യായം പ്രവൎത്തിക്കുന്നു. മദ്ധ്യമണിന്യായം രണ്ടുപുറത്തുള്ളതിനോടും ഒരു സമയത്തുതന്നെ ചേരുന്ന സമ്പ്രദായമാണ്. പ്രകൃതന്യായപ്രകാരം ഒരുപുറത്തുള്ളതിനോടു ചേരുമ്പോൾ മറുപുറത്തുള്ളതിനോടു ചേരുന്നില്ല. ഇതാണ് ഭേദം.

9 കൂൎമ്മാംഗന്യായം — ആമയ്ക്കു അതിന്റെ തല മുതലായ അംഗങ്ങൾ ആവശ്യംപോലെ നീട്ടുവാനും ചുരുക്കുവാനും (ഉള്ളിലേക്കു വലിപ്പാനും പുറത്താക്കുവാനും) കഴിയും. സന്ദർഭം സ്പഷ്ടം.

10 കൈമുതികന്യായം — സ്പഷ്ടമായിപ്പറയാതെതന്നെ അറിയാവുന്നതാണ് എന്നിങ്ങിനെ അൎത്ഥസിദ്ധതയെ കാണിക്കുന്നതാണ് ഈ ന്യായം. പിന്നെപ്പറയണൊ, പിന്നെയെന്ത്? ഇത്യാദി ശബ്ദങ്ങളെക്കൊണ്ടാണ് ഇതിനെ മലയാളത്തിൽ പ്രതിപാദിക്കുന്നത്. ഉദാഹരണം:—

കാളാംബുദോഗ്രധ്വനിഞാണലച്ച
കാളുംരുഷാരാമനണഞ്ഞുവെന്നാൽ
ചീളെന്നെതുപ്പാനിഹമൃത്യുതാനു-
മാളായിടാരാക്ഷസരെന്തുപിന്നെ?

11 ഖളേകപോതന്യായം — നെല്ലുണക്കുന്ന കളമുറ്റത്തു പ്രാവുകളെല്ലാം ഒന്നായി ഒരേസമയത്തുതന്നെ വന്നുചേരുന്നു. അപ്രകാരം ഏകകാലത്തിൽ തന്നെ അനേകവസ്തുക്കൾ ഒരു വസ്തുവിൽ ചേരുന്നുവെന്ന സംഗതികളിൽ ഈ ന്യായം പ്രവൎത്തിക്കുന്നു. കദംബഗോളകന്യായപ്രകാരം അനേകവസ്തുക്കളിൽ ഒരു കാൎയ്യം ഏകകാലത്തുണ്ടാവുകയാണ്. പ്രകൃതന്യായപ്രകാരം ഒരു വസ്തുവിനെ അനേകവസ്തുക്കൾ ഏകകാലത്ത് ആശ്രയിക്കുകയാകുന്നു.

12 ഗുഡജിഹ്വികാന്യായം — ശൎക്കരയും നാവും കൂടിച്ചേൎന്നാൽ മധുരരസമാണല്ലൊ ഫലം. അപ്രകാരം ഉചിതസംമേളനംകൊണ്ടുണ്ടാകുന്ന സൽഫലങ്ങളെ കാണിക്കുന്നതിലാണ് ഈ ന്യായത്തിന്റെ പ്രവൃത്തി.

13 ചാലിനീന്യായം — അരി മുതലായതു മുറത്തിൽ ഇട്ടു ചേറുമ്പോൾ ഒരിടത്തുള്ളതു മറ്റൊരിടത്തേക്കും അവിടെയുള്ളതു ഇങ്ങോട്ടും നീങ്ങുന്നു. എങ്ങോട്ടെങ്കിലും മാറ്റാമെന്നൎത്ഥം. സന്ദർഭം സ്പഷ്ടം.

14 ദഗ്ധപത്രന്യായം — പിലാവില മുതലായതു കത്തിക്കരിഞ്ഞാലും ആ കരി അതാതിന്റെ ആകൃതിയിൽ

തന്നെ ഇരിക്കുന്നു. എന്നാൽ അപ്പോൾ ഇല യാണെന്നല്ല കരിയാണെന്നാണ് അറിയുന്നത്. ഇതിനെ ദൃഷ്ടാന്തപ്പെടുത്തിക്കൊണ്ടുള്ള ഈ ന്യായം ആകാരം മാറിയില്ലെങ്കിലും ഗുണം മാറുവാൻ വിരോധമില്ലെന്നു കാണിക്കുന്നു.

15 ദണ്ഡചക്രാദിന്യായം — ഘടം എന്ന ഒരു വസ്തുവിനെക്കുറിച്ച് കുശവൻ, കൊട്ടി, വടി, ചക്രം മുതലായതെല്ലാം കാരണങ്ങളാണ്. ഈ ന്യായം മിക്കതും കാൎയ്യകാരണഭാവത്തെപ്പററി വിവരിക്കുന്ന സന്ദൎഭങ്ങളിലേ പ്രവൎത്തിക്കയുള്ളൂ.

16 ദണ്ഡാപൂപന്യായം — ഒരു കോലിന്മേൽ തന്നെ കുന്നിലധികം അപ്പം ഒന്നായി കുത്തിഎടുക്കുന്നതിനെ ദൃഷ്ടാന്തപ്പെടുത്തിക്കൊണ്ട് ഒരു പ്രവൃത്തികൊണ്ടു തന്നെ അനേകം സമാനകാൎയ്യങ്ങളെ ഓരോന്നോരോന്നായി ക്രമത്തിൽ നിൎവ്വഹിക്കുന്ന സമ്പ്രദായത്തെ ഈ ന്യായം കാണിക്കുന്നു. അല്ലെങ്കിൽ അപ്പം കോൎത്തു വെച്ചിരിക്കുന്ന കോലിന്റെ തല എലി കടിച്ചതു കണ്ടിട്ട് അപ്പം കൊണ്ടുപോയതും എലിയാണെന്നൂഹിക്കുന്നപ്രകാരം വിശേഷലക്ഷണംകൊണ്ട് സാമാന്യത്തെ വേൎതിരിച്ചറിയുന്ന സമ്പ്രദായത്തെ ഈ ന്യായം കാണിക്കുന്നു. രണ്ടുവിധം സന്ദൎഭങ്ങളിലും പ്രയോഗമുണ്ട്.

17 പങ്കപ്രക്ഷാളനന്യായം — 'പ്രക്ഷാളനാദ്ധിപങ്കസ്യ ദൂരാദസ്പൎശനംവരം' മേൽ ചളിയാക്കീട്ടു കഴുകിക്കളവാൻ പുറപ്പെടുന്നതിനെക്കാൾ നല്ലതു ആദ്യം തന്നെ ചളിയാക്കാതിരിക്കുന്നതാണ്. സന്ദൎഭം സ്പഷ്ടം.

18 ലൂതാതന്തുന്യായം — എട്ടുകാലൻ താൻ തന്നെ നൂലുണ്ടാക്കുന്നു; താൻ തന്നെ വല കെട്ടുന്നു; താൻ തന്നെ ആ വല നശിപ്പിക്കുന്നു. ഈസമ്പ്രദായം ദൃഷ്ടാന്തമായിട്ടുള്ള സംഭവങ്ങളിൽ ഈ ന്യായം പ്രയോഗിക്കാം.

19 ബീജാങ്കുരന്യായം — അണ്ടിയോ മൂത്തത് മാവോ മൂത്തത് എന്നു തീൎച്ചപ്പെടുത്തുവാൻ സാധിക്കാഞ്ഞതിനാൽ അതിന്നു പ്രവാഹരൂപമായി അനാദിത്വം കല്പിച്ചിരിക്കുന്നു. അപ്രകാരം പരസ്പരസാപേക്ഷങ്ങളിൽ ഈ ന്യായം പ്രവൎത്തിക്കുന്നു.

20 ശംഖവേലാന്യായം — എന്റെ അമരപ്പന്തലിന്റെ ചോട്ടിൽ പോയാലേ നക്ഷത്രം അറിയുള്ളൂ എന്ന നമ്മുടെ മലയാളിയുടെ ചങ്ങാതിയായിട്ടു ശംഖു വിളി കേട്ടാൽ മാത്രമേ നേരം അറിയുള്ളൂ എന്ന സ്ഥിതിയിൽ ഒരു സംസ്കൃതക്കാരനുണ്ടായിരുന്നു. അയാളാണ് ഈ ന്യായത്തിലെ ദൃഷ്ടാന്തത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.

21 സ്ഥവിരലഗുഡന്യായം — വൃദ്ധന്റെ കയ്യിലുള്ള വടി നിലത്തു കുത്തുമ്പോൾ ചില സമയം വിചാരിച്ചേടത്തു തന്നെ കുത്താം. ചില സമയം തെററിപ്പോകും. സന്ദൎഭം സ്പഷ്ടം.

22 സൂചീകടാഹന്യായം — കുറച്ചുമാത്രം പണിയുള്ള സൂചി ഉണ്ടാക്കിയതിന്നുശേഷമാണ് അധികം പണിയുള്ള കടാഹം (കിടാരം) ഉണ്ടാക്കുവാൻ ശ്രമിക്കുന്നത്. അപ്രകാരം എളുപ്പമുള്ളതു മുമ്പിൽ ചെയ്യേണമെന്ന സംഗതിയിൽ ഈ ന്യായം പ്രവൎത്തിക്കുന്നു.

# ഞങ്ങളുടെ വായനശാല.

### തിരുവിതാംകൂർ മഹാരാജവംശാവലി

മാററം മടിയന്മാക്കുകൂടി മനസ്സിന്നുദ്വേഷം കൊടുക്കുന്നതാണെന്നിരിക്കെ ലോകസ്ഥിതിയുടെ മാററം മഹാന്മാരെ രസിപ്പിക്കുമെന്നു പറയേണ്ടതില്ലല്ലൊ. ലോകപരിവൎത്തനശാസ്ത്രമായ ചരിത്രം അറിയുന്തോറുമാണ് അറിവു വൎദ്ധിക്കുന്നത്. ചരിത്രയന്ത്രത്തിന്റെ സൂത്രകാരന്മാർ അതാതു കാലത്തെ മഹാവീരന്മാരാണ്. വീരത്വം വിവിധമാണെങ്കിലും അതു വിശേഷിച്ചും രാജിക്കുന്നതു രാജാക്കന്മാരിൽതന്നെ. കേരളത്തിലെ ഓരോ രാജാക്കന്മാരുടെ വംശാവലിയെങ്കിലും സമ്പാദിച്ചാൽ നന്നായിരിക്കുമെന്ന് ഞങ്ങൾക്കുണ്ടായിരുന്ന ആഗ്രഹത്തെ ആദ്യമായി അനുകൂലിച്ചു സഹായിച്ചു രംഗയ്യർ അവർകളുടെ ഈ പുസ്തകം എല്ലാംകൊണ്ടും നമ്മുടെ ആവശ്യത്തിന്നു അഗ്രഗണ്യമായ ഒരുപകരണമായിത്തീരുമെന്നുള്ളതിന്നു സംശയമില്ല. കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ ചിരന്തനമൈത്രരായ ഇദ്ദേഹം കേരളചരിത്രത്തിന്നു ഇത്രയും സഹായിച്ചത് ഏററവും ഉചിതമായി. തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ വംശാവലി ഈ വിഷയത്തിൽ എല്ലാംകൊണ്ടും ഒന്നാമതായി നില്ക്കേണ്ടതുമാണല്ലൊ.

### കഥാരത്നമാല

### ദ്വിതീയഗുച്ഛകം

മനുഷ്യൎക്കു ബാല്യവും യൌവനവും വാൎദ്ധക്യവും മററും ദേഹത്തിന്നൊപ്പം ജ്ഞാനത്തിന്നുമുണ്ടാവുന്നതാണല്ലൊ. വിദ്യാൎത്ഥിത്വം ബാല്യപ്രഭൃതിവാൎദ്ധക്യാന്തം മനുഷ്യരെ എന്നും വ്യാപിച്ചുനില്ക്കുന്ന ഒരുപാധിയാണെന്നുള്ളതിന്നും സംശയമില്ല. നാമറിയാതെ നമ്മെപ്പലപല തത്വങ്ങളേയും പഠിപ്പിക്കുന്ന ഒരു വിദ്യാശാലയാണ് ലോകം. സ്കൂൾ കുട്ടിയുടെ നിലവിട്ടുകേറിയ യുവവിദ്യാൎത്ഥികൾ മററുചില വിഷയങ്ങൾ പഠിക്കുന്നു എന്നേ ഭേദമുള്ളു. ഇത്തരത്തിലുള്ളവരെ രസിപ്പിച്ചുപഠിപ്പിക്കുന്ന ചില വിഷയങ്ങളാണ് കഥാരത്നമാലയുടെ ദ്വിതീയഗുച്ഛകത്തിലുള്ളത്. മലയാളത്തിലെ പ്രശസ്തമാസികകളിൽ നിന്നെടുത്ത വിവിധകഥാഗദ്യപ്രബന്ധങ്ങൾ തന്നെയാണ് ഈ ദ്വിതീയഗുച്ഛകത്തിലും ക്രമപ്പെടുത്തി നിരത്തീട്ടുള്ളത്. ബി. വി. ബുക്കുഡിപ്പോ പ്രവൎത്തകന്മാരുടെ പ്രയത്നഫലത്തെയാണിതും എന്നു പറഞ്ഞാൽ ഇതിന്റെ ഗുണദോഷസംഗ്രഹമായി.

### പദ്യപാഠാവലി.


ചെറിയ ചെറിയ കുട്ടികൾക്ക് അറിഞ്ഞു വായിച്ചു രസിക്കുവാൻ തക്കതാണിത്. പല കവികളും പല രീതിയിൽ പാട്ടുകളും ചെറുപദ്യങ്ങളുമായി ലളിതപദങ്ങളായി നിൎമ്മിച്ചിട്ടുള്ള കവിതകളാണിതിലുള്ളത്. ഈ തരത്തിൽ നാലു പുസ്തകമാണ് ഞങ്ങൾക്കു കിട്ടീട്ടുള്ളത്. ഇതിൽ ചില കൃതികളുണ്ടാക്കിയ കവികൾ ഒന്നുകൂടി സങ്കല്പവിദ്യകൊണ്ടു കുട്ടിത്വം സ്വീകരിച്ചാൽ അധികം നന്നായിരുന്നു എന്നു ചിലർ പറയുമായിരിക്കാം. 'രാമനന്തിങ്കൾക്കിടാവു്' വീട്ടിൽനിന്നു സ്കൂളിലേക്കു കടക്കേണ്ടി വന്നപ്പോൾ ഉണ്ടായ ആദ്യത്തെ വീഴ്ചകളാണെന്നു മററു ചിലരും പറഞ്ഞേക്കാം.

# गुरुवायुपुरेशभुजंगस्तोत्रम्


मरुन्मन्दिरावास मांगल्यमूर्ते
जगन्नाथ गोविन्द विष्णो मुरारे।
भवद्भक्तिरन्तःस्फुरन्ती नराणां
परानन्दपीयूषयूषं ददाति ॥ १
इयं भक्तिरेका त्वहो कामधेनु-
श्चतुर्धा विभज्यानुगृह्णाति लोकान्।
यया पायितास्त्वत्परप्रेमदुग्धं
मनुष्याः पुनर्दैवभूयं लभन्ते ॥ २
जगत्यार्तलोकैस्तथाऽर्थार्थिभिर्वा
विजिज्ञासुभिर्ज्ञानिभिश्चाच्युतस्त्वम्।
चतुर्धा जनैर्नित्यमाराध्यसेऽन्त-
र्भवन्तं नृणां भावयत्येव भक्तिः॥ ३
ननु प्रत्यहं वातरोगातुरांगा-
स्तथाऽन्ये जना वायुगेहेश विष्णो।
भवन्तं भजन्तो लभन्ते किलान्ते
स्वरोगाच्च संसाररोगाच्च मुक्तिम् ॥ ४
कविर्भट्टनारायणोऽग्रे भजंस्त्वां
मरुन्नाथ निर्माय नारायणीयम्।
विरुग्णः कला'वायुरारोग्यसौख्यं'
प्रपेदे किलान्ते च संसारमुक्तिम् ॥ ५
चलच्चन्द्रकोन्नद्धकेशं विराज-
न्मणीकुण्डलोद्भासिगण्डप्रदेशम्।
स्मितार्द्रं सिताक्षं मुखं सम्मुखं ते
भजन्तो रुजं रोगिणो विस्मरन्ति ॥ ६
श्रिया कौस्तुभेनापि वत्सेन हार-
श्रिया चाऽश्रितोदारदोरन्तरालम्।
गदाशंखचक्राब्जहस्तं वपुस्ते
भजन्तोऽर्थमर्थार्थिनोऽर्घ्यं लभन्ते ॥ ७
नवाश्वत्थपत्रोपमाल्पोदरान्त-
र्निविष्टोरुविश्वाण्डषण्डं त्वदंगम्।
स्फुरत्पीतकौशेयमन्तश्चिरन्त-
द्विचिन्त्यैव जिज्ञासवोऽन्ते रमन्ते ॥८
नमद्देवदैत्यर्षिशीर्षैर्विमृष्टं
समस्तागमश्रौतशीर्षे निविष्टम्।
समं ज्ञानिनो युग्मरूपं पदन्ते
समन्तात् समालोक्य हृष्यन्ति सिद्धाः॥९
घनश्यामळं कोमळं ते स्वरूपं
मनःकल्पितं भावयन्तो हि भक्ताः।
पुरो वीक्ष्य भूयो नमन्त स्तुवन्त-
श्चिरोद्दिष्टमानन्दमाम्रेडयन्ति ॥ १०
हरे कृष्ण वातालयेशाच्युत त्वां
परेऽपि स्मरन्त्येव मध्यास्थिताश्च।
चिरेणाऽऽत्तभक्तिप्रसंगाः पुनः किं
परेणेदृशी ते महिम्नां समृद्धिः॥ ११
भवक्लेशदा साऽरिषड्वर्गबाधा
भवद्योजिता चेत् परा योगविद्या।
तथा ह्याश्रितास्त्वत्गतां लोकयात्रा-
मनेके जनाश्शाश्वतीं सिद्धिमापुः॥ १२
शिशुप्रीणनं दुग्धचौर्यादिवृत्तं
विटप्रीणनं गोपिकाजारताद्यम्।
भटप्रीणनं मल्लयुद्धादि भूम-
न्नहो सर्वमावर्जनं लौकिकानाम् ॥ १३
विधिज्ञप्रियं राजसूयादिवृत्तं
नयज्ञप्रियं दौत्यकृत्यादि यच्चत्।
प्रियो योगिनां विश्वरूपादियुक्त-
स्स योगात्मकः पार्थगीतोपदेशः ॥ १४
अहो कृष्ण या या विचित्रा कथा ते
जगन्नाथ सेयं जगत्तत्वविद्या।
इमां स्मारयंस्तत्तदंशोचितानां
गुरुस्त्वं मरुत्गेहवासी विभासि ॥ १५
जगत्प्राणरूपी गुरुर्मारुतो यो
जनानां जगत्यत्र चेष्टान्तरेषु।
तमास्थाय भो तत्वमस्यन्तरात्मा
स्फुटं मारुतागारवासी विभासि ॥ १६
गुरुस्त्वं मरुन्नाथ सर्वस्य सर्व-
प्रसंगेषु सर्वज्ञ सर्वस्वरूपी।
यदेवं जगच्चेष्टयंश्चेतनात्मा
बहिश्चान्तरप्येकभावो विभासि॥ १७

स्वयं निर्गुणो निर्विकारो निरीहो
नियन्त्र्याऽऽत्मनाऽऽत्मानमानन्दकन्दम् ।
मरुन्मन्दिराधीश मायामयस्त्वं
गुरुर्विश्वलीलाविलासी विभासि ॥ १८
प्रपञ्चेऽत्र मायामयस्वीयतन्त्रे
त्रिमूर्तिस्त्रिभिस्त्वं गुणैर्जीवजालम् ।
वितत्य स्वयं वर्तसे मारुतेश
व्यवस्थस्त्रिधामासि तत्वं विभासि ॥ १९
सुषुप्तिं शिलादिष्वनुस्यूतवृत्तिः
पुनः स्वप्नरूपाञ्च वृक्षादिकेषु ।
चिरं जाग्रतीं मानुषादिष्ववस्थां
वितन्वंस्त्रिधा वायुगस्त्वं विभासि ॥ २०
भवानेकतन्त्रे विना त्वां न किञ्चित्
भवानेव सर्वत्र सर्वात्मनाऽऽस्ते ।
भवत्तत्वबोधाय वातेश योगै-
र्भवन्तं भजन्ते वितन्द्रा मुनीन्द्राः ॥ २१
अरूपस्सरूपोऽस्यकर्मा सकर्मा-
स्यनेकोऽसि चैकोऽसि नैकोऽसि कोऽसि ।
मरुन्नाथ स त्वं मरुद्भिर्विशेषो
जगद्व्याप्य तिष्ठन्नदृश्योऽसि चित्रम् ॥ २२
शरीरेण वाचा धिया वा यथावत्
सपर्यां न ते कोऽपि कर्तुं समर्थः ।
तथापि त्वदीयानुभावानुभूतिं
विना वायुगेहेश कः स्थातुमीष्टे ॥ २३
परन्तु त्वदीयात्ममञ्चं प्रपञ्चं
न पश्यन्ति लोकेऽत्र सन्तोऽप्यसन्तः ।
जगत्प्राणनाथ त्वमेवात्र हेतु-
स्त्वया मायया मोहितास्मोवयं यत् ॥ २४
भवत्तत्वचिन्तानुसन्धानकर्त्री
मरुन्नाथ भक्तिस्त्वयि प्रस्तुता चेत् ।
न तस्यास्ति मायामयाज्ञानबाधा
स वै कल्पते तत्वबोधोदयाय ॥ २५
विपत्तिर्ममाऽस्तां भवत्पादसेवा-
प्रसंगे गुरुस्सा हि वातालयेश ।
भवत्सेवयोद्वास्य दूरं विपत्तिं
भवेयं भवद्भक्तिलेशांशभागी ॥ २६
मुरारे पुनर्मां दुराशापिशाची
दुनोतु स्वयं दूरविस्तारघोरा ।
ततश्च त्वदभ्यर्चनापूरिताश-
श्चरेयं चिरं हन्त सिद्धार्थकल्पः ॥ २७
अभीष्टाप्तिकर्तुर्विभो ते महत्त्वं
मुहुश्चिन्तयन्नेत्य जिज्ञासुभावम् ।
पठेयं गुरुभ्यो भवत्तत्वलेश-
श्चरेय श्चचर्यां विरक्तिप्रसक्ताम् ॥ २८
विषक्तिं विधूयैहिकेभ्यस्सुखेभ्यो
विनाशप्रसंगेन दुःखप्रदेभ्यः ।
विमुक्तो विमुक्तः क्रमानुक्रमेण
स्थिरात्मैवा निर्द्वन्द्वभावोभवेयम् ॥ २९
भवत्तत्वनिष्णातबुद्धिर्मुरारे
मरुन्नायक प्रायशोऽहं यदा स्याम् ।
तदा मे विशुद्धे मनस्यव्यळीका
भवद्भक्तिरुद्बुद्धसत्त्वा भवित्री ॥ ३०
मदीयं समस्तं त्वदीयं विवृण्वन्
विकीर्यैव सर्वत्र नद्धं ममत्वम् ।
तवास्मीति हि त्वन्ममत्वे निबद्ध-
स्त्वदीयो विदूरेऽप्यदूरे चरेयम् ॥ ३१
जगत्यत्र सर्वत्र पश्यन् विभो त्वां
त्वयीदञ्च पश्यन् जगत् सर्वमेव ।
त्वमेवाहमस्मीति संभाव्य भूयः
स्थिरात्मा भजेयं परां भक्तिसिद्धिम् ॥ ३२
यथा काळनेमिर्यथा पौण्ड्रको वा
यथा नारदश्श्रीशुकश्शंकरो वा ।
यथा नन्दचण्डालको वा तथाऽहं
भवद्भावसाम्राज्यभागी भवेयम् ॥ ३३
जगत्प्राणनाथस्त्वयं विष्णुरस्मी-
त्यहं भावयन्नास्मि मुक्तोऽस्मि सोऽहम् ।
सदानन्दसंविन्मयज्योतिरात्मा
विलीये परं निष्कळब्रह्मण्यस्मि ॥ ३४

समाप्तम्



മഹാമഹോപാദ്ധ്യായ ശ്രീ കിള്ളിമംഗലത്തു നടുവത്തു
നാരായണൻ നമ്പൂതിരിപ്പാട്



മഹാമഹോപാദ്ധ്യായ ശ്രീ കൊടുങ്ങല്ലൂർ വലിയ
ഗോദവൎമ്മ തമ്പുരാൻ

# മംഗളോദയം
## ഫാവ്യന്ന

| പുസ്തകം ൩ | മകരമാസം | ലക്കം ൩. |
|---|---|---|

### മംഗളം

നാനാശാസ്ത്രേതിഹാസാദികളൊരുനിലയെത്തന്നെനാനാപ്രകാരം
മാനിച്ചോതിപ്പുകൾത്തുംനിഖിലഗുണമിണങ്ങുന്നവിശ്വൈകരൂപം
മാനാംസംസ്ഥാനമെന്നീവകയിലനിയതംഭാവനാഗമ്യമായോ-
രാനന്ദാദ്വൈതഭാവംമമമനസിതെളിഞ്ഞെപ്പൊഴുംതോന്നിടേണം.

—ഠ—

# ഭാവന



പ്രത്യക്ഷമായിക്കാണുന്ന ലോകമെല്ലാം മിത്ഥ്യയാണെന്നു വേദാന്തികൾ യുക്തിവാദംകൊണ്ടു വ്യവസ്ഥാപിക്കുന്നു. ജ്യോതിശ്ശാസ്ത്രക്കാർ, പലവിധം പ്രത്യക്ഷങ്ങളേയും യുക്തികൊണ്ടു ശരിപ്പെടുത്തുന്നു. കർമ്മങ്ങൾക്കു പ്രാധാന്യം കല്പിക്കുന്ന മീമാംസകന്മാർ, കർമ്മചോദനയുടെ പ്രാബല്യംകൊണ്ടു ലോകത്തെ നിലനിർത്തി വരുന്നു. ശബ്ദപ്രാമാണ്യവാദികളായ വൈയാകരണന്മാരാകട്ടെ ശബ്ദസ്ഫോടത്തിന്റെ വൈലക്ഷണ്യം അവലംബിച്ചുകൊണ്ടു തങ്ങളുടെ സിദ്ധാന്തത്തിന്നു അടിസ്ഥാനമിടുന്നു. അനുമാനപ്രാമാണ്യത്തെ പരീക്ഷിച്ചറിയുന്ന നൈയായികന്മാർ, പലഘട്ടങ്ങളിലും ജ്ഞാനലക്ഷണാവ്യാപാരത്തിന്നു അവർ കൊടുത്തിട്ടുള്ള ശക്തികൊണ്ടു ജയിച്ചുപോരുന്നു. സാഹിത്യശാസ്ത്രക്കാർ ഭാവകത്വവ്യാപാരംകൊണ്ടു അവരുടെ പരമപുരുഷാത്ഥമായ രസാസ്വാദം അനുഭവിപ്പാൻ സാംഗതിയാക്കിത്തീക്കുന്നു. ഇങ്ങിനെ സാംഖ്യന്മാർ, പാതഞ്ജലന്മാർ, പൌരാണികന്മാർ, മാന്ത്രികന്മാർ, വൈദ്യന്മാർ മുതലായ പല ശാസ്ത്രകർത്താക്കന്മാരും അവരവരുടെ സിദ്ധാന്തം സ്ഥാപിക്കുന്നതിൽ ഓരോ വിധം വ്യാപാരങ്ങൾക്കാണു പ്രാധാന്യം കല്പിച്ചിട്ടുള്ളതു എങ്കിലും സൂക്ഷ്മമായ പര്യാലോചിച്ചാൽ അവയെല്ലാം ഒന്നാണെന്നു കാണാം.

ശാസ്ത്രീയവിഷയങ്ങളെന്നല്ല ലൌകികവിഷയങ്ങളും യുക്തിയുക്തങ്ങളാണെങ്കിൽ

മാത്രമേ ഹൃദയംഗമങ്ങളായിത്തീരുള്ളു എന്ന സംഗതി ആരും ഗ്രഹിയ്ക്കാത്തതല്ല. അതിനാൽ ഏതു മാതിരി സിദ്ധാന്തവും നിലനിൽക്കേണമെങ്കിൽ അതിന്നുള്ള യുക്തി സൎവ്വഥാ അപരിഹാൎയ്യമായിരിക്കേണമെന്നുള്ളതു നിൎവ്വിവാദമാണല്ലൊ. ലോകശാസ്ത്രാന്തഗതങ്ങളായ ഓരോ യുക്തികളുടേയും സ്വരൂപത്തെപ്പററി നല്ലവണ്ണം ചുഴിഞ്ഞു നോക്കുന്നതായാൽ അവ അസംഖ്യേയങ്ങളാണെന്നും ചില യുക്തികൾ നേർവഴിയ്ക്കും ചിലതു വളഞ്ഞ വഴിയ്ക്കും വ്യാപരിച്ചുകൊണ്ടു കാൎയ്യം നേടുന്നവയാണെന്നും അനുഭവപ്പെടുന്നതാണ്. എന്നാൽ ഈ വിധയുക്തികൾ പലതുമുണ്ടാവാം പല വഴിയ്ക്കുമുണ്ടാവാമെന്നല്ലാതെ പലവിധത്തിൽ ഉണ്ടാകുന്നതല്ലെന്നുള്ള വാസ്തവം വെളിപ്പെടുമ്പോൾ മാത്രമാണ് അവയ്ക്കെല്ലാം ഐകരൂപ്യമുണ്ടെന്നും അനുമാപകഹേതുവിന്ന് അല്ലെങ്കിൽ അനുമാനത്തിന്നു തന്നെയാണ് യുക്തിയെന്നു പറയുന്നതെന്നും അറിവാൻ സാധിയ്ക്കുന്നത്. അപ്പോൾ സൎവ്വശാസ്ത്രസിദ്ധാന്തങ്ങളിലും അനുമാനമാണ് പ്രധാനമായി നില്ക്കുന്നതെന്നും ബോദ്ധ്യമായിത്തീരും. അനുഭവസ്ഥിതി നോക്കിയാൽ പ്രത്യക്ഷത്തേക്കാൾ പ്രാമാണ്യവും ദാൎഢ്യവും കുറഞ്ഞതായിട്ടുള്ള ഈ അനുമാനം ശാസ്ത്രസിദ്ധാന്തപ്രകാരം പ്രത്യക്ഷത്തെ ദുൎബ്ബലപ്പെടുത്തുതിന്നോ ബലപ്പെടുത്തുന്നതിന്നോ മതിയാകുന്നത് എങ്ങിനെയാണെന്നാണ് ഇനി ആലോചിക്കേണ്ടത്. വസ്തുസ്വഭാവത്തെ അനുസരിച്ച് ആദ്യത്തിൽ അനുമാനം കൊണ്ടുണ്ടാകുന്ന ജ്ഞാനത്തിന്നു പ്രത്യക്ഷജ്ഞാനത്തേക്കാൾ പ്രാബല്യം വളരെ കുറവു തന്നെയാണ്. ഈ ശക്തിക്കുറവു കണ്ടു ക്ഷമയില്ലാത്തിട്ടാണ് വസ്തുവിചാരശീലന്മാരുടെ നിലയിലിരിയ്ക്കുന്ന ചില നവീനപണ്ഡിതന്മാർ അനുമാനത്തെ പലവിധത്തിലും തരം തിരിച്ചു ചിലതിന്നു പ്രാമാണ്യം തന്നെ വാദഗ്രസ്തമാണെന്നു വാദിയ്ക്കുന്നത്. പക്ഷേ അല്പം ക്ഷമയോടുകൂടി ആലോചിയ്ക്കുന്നതായാൽ ആദ്യത്തിലുള്ള ശക്തിക്കുറവു തന്നെ വീണ്ടും ജിജ്ഞാസയെ വൎദ്ധിപ്പിയ്ക്കുന്നുവെന്നും അപ്പോൾ, ഊഹിച്ചറിഞ്ഞ വസ്തുവിന്റെ ഓരോ അംശങ്ങളിലുമുള്ള വിശേഷങ്ങളേയും ആ വക വിശേഷങ്ങളിൽ അന്തൎഭവിച്ചു കിടക്കുന്ന അവാന്തരഭേദങ്ങളേയും ഓരോന്നായി ഗ്രഹിപ്പാനും അതു നിമിത്തം പിന്നെയും ജിജ്ഞാസ വൎദ്ധിപ്പാനും സംഗതി വരുന്നുവെന്നും അവ്യക്തമായ ജ്ഞാനം കൊണ്ടു തൃപ്തിപ്പെടുന്നതു മന്ദതയുടെ ലക്ഷണമാകയാൽ അതിനെ അടിസ്ഥാനപ്പെടുത്തി തരം തിരിയ്ക്കുന്നതു ശരിയല്ലെന്നും ഉള്ള തത്വം വെളിപ്പെടുന്നതാണ്. ഇങ്ങിനെ പ്രത്യക്ഷംകൊണ്ട് അറിയാത്തതായ അനേകവിശേഷങ്ങളേയും അനുമാനം കൊണ്ടു ക്രമത്തിൽ ഗ്രഹിയ്ക്കുമ്പോൾ അതിന്നു ശക്തി വൎദ്ധിയ്ക്കുകയും ആ വക ശക്തികൾ പ്രത്യക്ഷത്തിൽകൂടി വ്യാപിച്ചു തുടങ്ങുകയും പ്രത്യക്ഷജ്ഞാനം ആ ശക്തിയ്ക്കു കീഴടങ്ങി അവ തമ്മിൽ ഉണ്ടായിരുന്ന ഭേദം തീരെ ഇല്ലാതാകുകയും ചെയ്യുന്നു. ലൌകികവ്യവഹാരത്തിൽ മാത്രം പരിചയമുള്ള ഒരുവൻ ഒരു പുസ്തകം കാണുമ്പോൾ കടലാസ്സുകൾ, ലിപികൾ മുതലായി അതിലടങ്ങിയ അല്പം ചിലതിനെ മാത്രമാണ് വേർതിരിച്ചു ഗ്രഹിയ്ക്കുന്നത്. ആ പുസ്തകം തന്നെ ഒരു ശാസ്ത്രപരിചിതന്റെ ദൃഷ്ടിയിൽ പെടുമ്പോൾ പുസ്തകം, രൂപം, രൂപത്വം, പുസ്തകത്വം, ലിപി, ലിപിത്വം, ലിപിരൂപം ഇവ തമ്മിലുള്ള സംബന്ധങ്ങൾ, അവയുടെ ഭേദങ്ങൾ, ജ്ഞാനം പ്രയത്നം മുതലായതിന്റെ പല മാതിരി വിഷയതകൾ തുടങ്ങി

ഷ്ട്രയോ സാമാന്യധൎമ്മങ്ങളേയും അപ്രകാരം അനേകം വിശേഷധൎമ്മങ്ങളേയും വേർതിരിച്ചു കാണുവാനിടയാകുന്നു. ഈ യുക്തികൊണ്ടുതന്നെയാണ് അനുമാനസ്വരൂപമായ മനനവും അനുമിതാൎത്ഥത്തിന്റെ വീണ്ടുമുള്ള പൎയ്യാലോചന എന്ന നിദിദ്ധ്യാസനവും പ്രത്യക്ഷകാരണമാണെന്നു വേദശാസ്ത്രങ്ങൾ വ്യവസ്ഥാപിച്ചിരിക്കുന്നത്. ചുരുക്കിപ്പറകയാണെങ്കിൽ ഏതെങ്കിലും ഒരു വിഷയത്തെ നാം ആദ്യമായി ഗ്രഹിക്കുമ്പോഴും അന്യനെ ഗ്രഹിപ്പിക്കുമ്പോഴും അതിനെപ്പററി പ്രസംഗിക്കുകയൊ പ്രബന്ധം എഴുതുകയോ ചെയ്യുമ്പോഴും നമുക്ക് ആ വിഷയത്തിലുള്ള ജ്ഞാനത്തിന്റെ ശക്തി ക്രമത്തിൽ കൂടിവരികയും മുമ്പു കാണാത്തതായ അനേകം തത്വങ്ങൾ അതിൽ അടങ്ങീട്ടുണ്ടെന്ന് ഒടുവിൽ കണ്ടനുഭവം വരികയും ചെയ്യുന്നതു തന്നെ ഇതിന്നു ദൃഷ്ടാന്തമാണ്. ഇപ്രകാരം ഒരു വിഷയത്തെപ്പററി വീണ്ടുംവീണ്ടുമുള്ള ജ്ഞാനം അല്ലെങ്കിൽ നിദിദ്ധ്യാസനം എന്നു പറയുന്നതു തന്നെയാണ് ഭാവന. ഈ ഭാവനയിലുൾപ്പെട്ട ജ്ഞാനങ്ങൾക്കു ക്രമത്തിൽ ദൃഢത കൂടിവരുമെന്നതുകൊണ്ടുതന്നെ മുമ്പുമുമ്പുണ്ടായിട്ടുള്ള ജ്ഞാനങ്ങളിൽ സംശയസ്പൎശം അധികമധികം ഉണ്ടായിരിക്കുമെന്നും ആ സംശയസ്പൎശമാണ് ജിജ്ഞാസയെ വൎദ്ധിപ്പിക്കുന്നതെന്നും സംശയസ്പൎശം കുറയുംതോറും ഭാവനയ്ക്കു ശക്തിയും തന്നിമിത്തം മനസ്സന്തൃപ്തിയും വൎദ്ധിക്കുമെന്നും സിദ്ധമായല്ലൊ. ഈ തത്വത്തെയാണ്—

*‘നാസ്തി ബുദ്ധിരയുക്തസ്യ ന ചായുക്തസ്യ ഭാവനാ
ന ചാഭാവയതശ്ശാന്തിരശാന്തസ്യ കുതസ്സുഖം.’

എന്നു ഗീതയിൽ പ്രതിപാദിച്ചിട്ടുള്ളത്.

സകല സംസാരവ്യവഹാരങ്ങൾക്കും കാരണങ്ങളായിത്തീരുന്ന രാഗം, ദ്വേഷം, കോപം, അഹങ്കാരം മുതലായ മനോവൃത്തികളും ഓരോ വിധത്തിലുള്ള പ്രവൃത്തികളും മമത, മദ്ധ്യസ്ഥത തുടങ്ങിയ ഗുണങ്ങളും എന്നു വേണ്ട പ്രപഞ്ചം മുഴുവനും ഉണ്ടാക്കിത്തീൎക്കുന്നതും ഇല്ലാതാക്കുന്നതും ഭാവന ഒന്നു മാത്രമാണെന്നു ലോകരീതിയിൽ നിന്നു തന്നെ ഗ്രഹിക്കാവുന്നതാകയാൽ വേദാന്തികൾ പ്രപഞ്ചത്തിന്നും മുക്തിക്കും കാരണമാണെന്നു സ്ഥാപിച്ചുകൊണ്ടു മായയെന്നും വിദ്യയെന്നും തരംതിരിച്ചിരിക്കുന്ന ചിത്ത് ഈ ഭാവനയാണെന്നു പറയുന്നതു യുക്തിയുക്തമാണല്ലൊ. ജ്യോതിഷികളുടെ മാനശക്തി ഭാവനയാണെന്ന് അതിന്റെ സ്വരൂപവിവരണംകൊണ്ടു തന്നെ സ്പഷ്ടമായതിനാൽ വേറെ പറയേണ്ടതില്ല. ‘ചോദനാലക്ഷണോൎത്ഥോ ധൎമ്മഃ’ എന്ന ജൈമിനിസൂത്രത്തിലെ ചോദനാപദാൎത്ഥം ഭാവനാവിശേഷമാണെന്നും ലോകത്തെ നിലനിൎത്തുന്നതായ സകലധൎമ്മവും അതിലുൾപ്പെട്ടിരിക്കുന്നുവെന്നും മീമാംസകന്മാർ തന്നെ പറഞ്ഞിട്ടുണ്ട്. ഇങ്ങിനെ ഓരോ ശാസ്ത്രങ്ങളെയും അനുസരിച്ചു പ്രത്യേകം വിവരിക്കുന്നതായാൽ വിസ്താരം അധികമായിത്തീരുന്നതുകൊണ്ടു ചുരുക്കത്തിൽ മറെറാരു വഴിക്ക് ആലോചിക്കാം.

* അയുക്തസ്യബുദ്ധിൎന്നാസ്തി=വിചാരശീലമില്ലാത്തവന്നു ബുദ്ധിയില്ല. അവ്യക്തജ്ഞാനംകൊണ്ടു തൃപ്തിപ്പെടുന്നതു മന്ദതയുടെ ലക്ഷണമാണെന്നൎത്ഥം. അയുക്തസ്യ ചഭാവനാന=വിചാരശീലമില്ലാത്തവന്നു ഭാവനയില്ലാത്തത്. വിചാരശീലം ഭാവനതന്നെയാണെന്നു താല്പൎയ്യം. അഭാവയതഃ ചശാന്തിൎന=ഭാവനയില്ലാത്തവന്നു സംശയനിവൃത്തിസ്വരൂപമായ ശമം ഉണ്ടാകയില്ല. അശാന്തസ്യസുഖം കുതഃ=സംശയനിവൃത്തിയില്ലാത്തവന്നു സുഖം എവിടുന്നുണ്ടാകും? സംശയം ദുഃഖകാരണമാകയാൽ സംശയനിവൃത്തിയില്ലാത്തവന്നു സുഖമുണ്ടാകുന്നതല്ലെന്നു ഭാവം.

സൎവ്വശാസ്ത്രങ്ങളേയും വിവൎത്തവാദം, ഉല്പാദവാദം, പരിണാമവാദം ഇങ്ങിനെ മൂന്നു തരത്തിൽ ഉൾപ്പെടുത്താവുന്നതാണ്. മായാശക്തിനിമിത്തം ആത്മാവു തന്നെ മിത്ഥ്യാരൂപമായ പ്രപഞ്ചത്തിന്റെ ആകൃതിയിൽ തോന്നുകയാണെന്നു പറയുന്ന വേദാന്തികൾ വിവൎത്തവാദികളാകുന്നു. പ്രപഞ്ചമെല്ലാം, ഓരോ കൎത്തൃവ്യാപാരംകൊണ്ടുണ്ടായതാണെന്നും ആ കൎത്താവാണ് ആത്മാവെന്നും പറയുന്ന മീമാംസകന്മാരും നൈയായികന്മാരും ഉല്പാദവാദികളാണ്. ഇവരുടെ പക്ഷത്തിലും ലോകവ്യവഹാരങ്ങളെന്നു പറഞ്ഞുവരുന്ന വ്യാപാരങ്ങളും അതിന്നു കാരണങ്ങളായ രാഗദ്വേഷലോഭാദിഗുണങ്ങളും വ്യാപൃതപ്രപഞ്ചവും ഭാവനകൊണ്ടു തന്നെയാണുണ്ടാകുന്നത്. ലോകമെല്ലാം പ്രകൃതി എന്ന ഒരു ശക്തിയുടെ പരിണാമമാണെന്നു വാദിക്കുന്ന സാംഖ്യന്മാരും, യോഗശാസ്ത്രക്കാരും, ശൈവന്മാരും, പാശുപതന്മാർ മുതലായ ശൈവൈകദേശികളും, ലോകം ആത്മപരിണാമമാണെന്നു വാദിക്കുന്ന വൈഷ്ണവന്മാരും, രാമാനുജാദികളായ വൈഷ്ണവൈകദേശികളും പരിണാമവാദികളുടെ കൂട്ടത്തിൽ പെട്ടവരാണ്. ഇവരെല്ലാവരും പ്രകൃതിഗുണമെന്നോ ആത്മഗുണമെന്നോ പറയുന്ന വാസനാവിശേഷമായ ഭാവനയെത്തന്നെയാണ് പരിണാമകാരണമായി പരിഗണിച്ചിട്ടുള്ളത്. വൈയാകരണന്മാർ, സാഹിത്യകാരന്മാർ, വൈദ്യന്മാർ മുതലായവർ വേദാന്താനുസാരികളും മാന്ത്രികന്മാർ പ്രായേണ സാംഖ്യവേദാന്തപാതഞ്ജലങ്ങളെ അനുസരിക്കുന്നവരും ആകയാൽ അവൎക്കും ഭാവന തന്നെയാണ് ശരണം.

ഇത്രയും പറഞ്ഞതുകൊണ്ടു ശാസ്ത്രസിദ്ധാന്തങ്ങളെല്ലാം ഭാവന എന്ന ഒന്നിനെത്തന്നെയാണ് അവലംബിച്ചിരിക്കുന്നതെന്നായല്ലൊ. ഇനി ലൌകികവ്യവഹാരത്തെക്കുറിച്ചും അല്പം ആലോചിച്ചുനോക്കാം. ഒരാളെപ്പററിയോ ഒരു സംഗതിയെപ്പററിയോ നാം ഏതെങ്കിലും ഒരു സ്ഥിതിയിൽ എത്രത്തോളം വിചാരിക്കുന്നുവോ ആ ആളേയോ സംഗതിയേയോ അത്രത്തോളം ആ സ്ഥിതിയിൽ അധികമധികം ചേൎന്നുകൊണ്ടു തന്നെ നമുക്കു കാണ്മാനിടയാകുന്നു. നമ്മുടെ വിചാരത്തിന്റെ സംഖ്യയേയും ശക്തിയേയും അനുസരിച്ചു സ്നേഹം മുതലായതു വൎദ്ധിച്ചുകാണുമെന്നു ചുരുക്കം. ലോകത്തിന്റെ ഭിന്നരുചിത്വമുള്ള കാരണം പ്രധാനമായി ഇതു തന്നെയാണ്. അനിഷ്ടവസ്തുക്കളിൽ ദോഷാധിക്യവും ഇഷ്ടവസ്തുക്കളിൽ ഗുണാധിക്യവും ഉദാസീനങ്ങളിൽ സമതയും എന്നുവേണ്ട ഇന്നതു ഗുണമെന്നും ഇന്നതു ദോഷമെന്നും ഉള്ള ഭേദത്തെത്തന്നെയും ഈ ഭാവനയാണ് കാട്ടിത്തരുന്നത്. ആനയെ പടലാക്കുന്നതും പടലിനെ ആനയാക്കുന്നതും ഇതുതന്നെയാണ്. ഇതില്ലെങ്കിൽ അച്ഛനും അമ്മയും മക്കളും ബന്ധുക്കളും ശത്രുക്കളും സ്വാമിയും ഭൃത്യനും എല്ലാം ഒരു നിലയിൽ തന്നെ. അതുകൊണ്ടു സകലവസ്തുസ്വരൂപങ്ങളും ഭാവനയെ ആശ്രയിച്ചുകൊണ്ടാണിരിക്കുന്നതെന്നാണ് സൎവ്വശാസ്ത്രങ്ങളും ലോകങ്ങളും നമ്മെ ഗ്രഹിപ്പിക്കുന്നത്. പോരെങ്കിൽ ഈ വിഷ്ണുപുരാണവചനം നോക്കുക—

'ത്രിവിധാ ഭാവനാ വിപ്ര വിശ്വമേതന്നിബോധമേ
ബ്രഹ്മാഖ്യാ കൎമ്മസംജ്ഞാ ച തഥാ ചൈവോഭയാത്മികാ
ബ്രഹ്മഭാവാത്മികാ ഹ്യേകാ കൎമ്മഭാവാത്മികാപരാ
ഉഭയാത്മികാ തഥൈവാന്യാ ത്രിവിധാ ഭാവഭാവനാ'

എ. കെ. പി.

# മഹാമഹോപാദ്ധ്യായന്മാർ

പുതിയ വർഷാരംഭത്തിലോ ഇന്ത്യാചക്രവൎത്തിയുടെ തിരുനാൾദിവസമോ രാജ്യത്തിന്നു ചെയ്തിട്ടുള്ള ഉപകാരത്തേയും ഓരോരോ വിഷയങ്ങളിലുള്ള പാണ്ഡിത്യത്തേയും അടിസ്ഥാനപ്പെടുത്തി അനേകം സ്ഥാനമാനങ്ങൾ പലൎക്കും കൊടുത്തുവരുന്നുണ്ട്. ഇതിൽ അധികപക്ഷം ആളുകളുടേയും പ്രധാനഗുണഗണങ്ങൾ മിക്കവരും അറിഞ്ഞിരിക്കും. ഈവക മാന്യതക്ക് ഇവർ അൎഹന്മാരാവാനുള്ള കാരണങ്ങളും ആലോചിക്കാവുന്നതായിരിക്കും. എന്നാൽ ഇതിൽ അപൂൎവ്വം ചിലരെ അവരുടെ നാടുവിട്ടു പുറമെയുള്ളവർ അത്ര അറിഞ്ഞിരിക്കയില്ല. അങ്ങിനെ വരുന്നതു നിറകുടം തുളുമ്പാത്തതുകൊണ്ടൊ അല്ലെങ്കിൽ അവരുടെ പ്രവൃത്തികൾ ലോകസാമാന്യം അറിയത്തക്കവണ്ണമുള്ളതല്ലാത്തതുകൊണ്ടോ ആയിരിക്കണം:

'ന ശൃണ്വതേ യാനിഹ തേ മനസ്വിനോ
വസന്തി ഗൂഢം വചസാമഗോചരാഃ
പയോനിധേരന്തരമേവ കേവലം
ഭജന്ത്യമൂല്യാ മണയോ മഹാൎഘ്യഃ.'

ഇന്ത്യാചക്രവൎത്തിയുടെ അടുത്തുകഴിഞ്ഞ തിരുനാളുവസരത്തിൽ മഹാമഹോപാദ്ധ്യായസ്ഥാനത്തിന്ന് അൎഹന്മാരായിത്തീൎന്നിട്ടുള്ള കിള്ളിമംഗലത്തു നടുവത്തു നാരായണൻ നമ്പൂതിരിപ്പാടും, കൊടുങ്ങല്ലൂർ വലിയ ഗോദവൎമ്മ (ഭട്ടൻ) തമ്പുരാനും അപ്രകാരമുള്ള അമൂല്യരത്നങ്ങളിൽ ഒട്ടും അപ്രധാനങ്ങളല്ല. ഈ അവതാരികയോടുകൂടി അവരുടെ ജീവചരിത്രത്തിന്റെ ഒരു ചുരുക്കം പ്രത്യേകം പ്രത്യേകം താഴെ ചേൎക്കുന്നു.

## കിള്ളിമംഗലത്തു നടുവത്തു നാരായണൻ നമ്പൂതിരിപ്പാട്.

ഇദ്ദേഹത്തിന്റെ ജനനം ൧൦൩൦-ാമാണ്ട് മീനമാസത്തിലാണ്. കൊച്ചിരാജ്യത്തു പ്രധാനമായൊരു ബ്രാഹ്മണകുലത്തിൽപെട്ട ഒരാളുമാണ്. ഇദ്ദേഹം ഉണ്ടായപ്പോൾ അച്ഛന്നു നാല്പത്തേഴ വയസ്സായി. അദ്ദേഹം സംസ്കൃതത്തിൽ നല്ല പണ്ഡിതനായിരുന്നു. ശബ്ദേന്ദുശേഖരം എന്ന വ്യാകരണഗ്രന്ഥം മലയാളത്തിൽ അക്കാലത്തു നടപ്പായതേ ഉള്ളു. അതുനിമിത്തം വ്യാകരണപാഠത്തിൽ ആളുകൾക്ക് ഒരാവേശമുണ്ടായിരുന്നു. തൃശ്ശിവപേരൂർ ജില്ലാക്കോടതി ജഡ്ജിയായിരുന്നു വ്യാകരണാചാൎയ്യർ എന്നു പ്രസിദ്ധനായ ഗുരുവിന്റെ ആദ്യത്തെ ശിഷ്യന്മാരിൽ ഒരാളായിരുന്നു അച്ഛൻനമ്പൂതിരിപ്പാട്. അദ്ദേഹം വ്യാകരണത്തിൽ നല്ല നൈപുണ്യവും സമ്പാദിച്ചു. മഹൻനമ്പൂതിരിപ്പാട്ടിലെ വിദ്യാഭ്യാസകാൎയ്യത്തിൽ പിതാക്കന്മാർ സാധാരണ ശ്രദ്ധവെക്കുന്ന കൂട്ടത്തിലല്ല അച്ഛൻനമ്പൂതിരിപ്പാടു മനസ്സിരുത്തിയിരുന്നത്. അച്ഛനിൽനിന്നു മകനു പാരമ്പൎയ്യവഴിക്കുകൂടി ഈ വ്യാകരണവാസന സിദ്ധിച്ചിട്ടുണ്ട്.

സാധാരണ നാട്ടുനടപ്പുപ്രകാരം നമ്പൂതിരിമാരുടെ ഇടയിൽ അഞ്ചു വയസ്സുപ്രായമായാൽ എഴുത്തിനു വെച്ച് അക്ഷരജ്ഞാനം ഉണ്ടായി അമരേശവും, സിദ്ധരൂപവും, ഒന്നോ രണ്ടോ സൎഗ്ഗം കാവ്യവും പഠിച്ചുകഴിയുമ്പോഴെക്കും ഉപനയനത്തിന്റെ കാലമായി. ഉപനയനംകഴിഞ്ഞാൽ പിന്നെ വേദാദ്ധ്യയനം തുടങ്ങും. സമാവൎത്തനംകഴിയുന്നതുവരെ വേദാദ്ധ്യയനമേ

ഉള്ളു. അതു കഴിഞ്ഞാൽ ഉപരിപാഠത്തിന്ന മോഹമുള്ളവർ പണ്ഡിതന്മാരായ ഗുരുക്കന്മാരുടെ അടുക്കൽ ചെന്നു പഠിച്ചു താമസിക്കും. നമ്മുടെ മഹാമഹോപാദ്ധ്യായന്റെ ആദ്യകാലങ്ങളിൽ വിദ്വാന്മാരായ ഗുരുക്കന്മാരും പഠിപ്പാൻ മോഹമുള്ള ശിഷ്യന്മാരും ഒട്ടും അപൂൎവ്വമായിരുന്നില്ല.

ഇദ്ദേഹത്തിന്ന വിദ്യയിലുള്ള തൃഷ്ണ വൎദ്ധിക്കുവാൻ ചില അസാധാരണകാരണങ്ങളുണ്ടായിരുന്നു. അച്ഛന്റെ വൈദുഷ്യത്തെപ്പററി മുൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ആദ്യപാഠങ്ങൾ എളുപ്പത്തിലും വേഗത്തിലും കഴിഞ്ഞുകൂടി. എറണാകുളം കോളേജ് മലയാളപണ്ഡിതനായ കുഞ്ഞൻവാരിയരുടെ അമ്മാമൻ ശങ്കുവാരിയരാണ് ഇദ്ദേഹത്തിന്റെ ആദ്യത്തെ ഗുരു. എട്ടു വയസ്സിൽ ഉപനയനം കഴിഞ്ഞു വേദാദ്ധ്യയനം തുടങ്ങി. അതോടുകൂടിത്തന്നെ കാവ്യപാഠവും നടന്നിരുന്നു. പതിന്നാലാമത്തെ വയസ്സോടുകൂടി വേദാദ്ധ്യയനവും സമാവൎത്തനവും കഴിഞ്ഞു. ഇദ്ദേഹത്തെ ഓത്തു ചൊല്ലിച്ചിട്ടുള്ളതു പിന്നീടു തെക്കേ മഠത്തിലേക്കു സന്യസിച്ച വെണ്മലത്തൂർ നമ്പൂതിരിയാണ്. നമ്പൂതിരിപ്പാട്ടിലേക്കു കാവ്യപാഠത്തിൽനിന്നുണ്ടായ സംസ്കൃതജ്ഞാനം ഉപരിപാഠത്തിൽ പ്രതിപത്തിജനിപ്പിച്ചു. സംസ്കൃതംപഠിക്കുവാനുള്ള മോഹംകൊണ്ട് അദ്ദേഹം കൂടല്ലൂർ മനക്കൽ താമസം തുടങ്ങി. കൂടല്ലൂർമന വിദ്വാന്മാൎക്കു കേളികേട്ടിട്ടുള്ള ഒരു വംശമാണെന്നു മലയാളം ഒട്ടുക്ക് സുപ്രസിദ്ധമാണല്ലോ, ഇന്നും ആ ഗൃഹം വൈദുഷ്യത്തിന്റെ ഇരിപ്പിടമാണ്. അന്നത്തെക്കാലത്തു സംസ്കൃതംപഠിക്കുവാൻ ആഗ്രഹമുള്ളവർ കൂടല്ലൂർ മനക്കൽ ചെന്നു താമസിക്കുകയാണ് പതിവ്. എത്രതന്നെ ആളുകൾ അവിടെ ചെന്നാലും അവൎക്കൊക്കെ ഭക്ഷണം, തേച്ചുകുളി മുതലായി അത്യാവശ്യം വേണ്ട ചിലവുകളെല്ലാം കൊടുത്തു പഠിപ്പിക്കുക പതിവായിരുന്നു. അറിവിന്റെ അവസ്ഥപോലെ വിദ്യാൎത്ഥികളിൽ പല കിടക്കാരും പല മാതിരി വിദ്യകൾ പഠിക്കുന്നവരും ഉണ്ടായിരുന്നു.

൫. നമ്മുടെ മഹാമഹോപാദ്ധ്യായൻ ആദ്യം വാസുദേവൻ നമ്പൂതിരിപ്പാട്ടിലെ ശിഷ്യനായിട്ടാണ് കൂടിയത്. അദ്ദേഹത്തിന്റെ അടുക്കൽ നൈഷധം ഒരു സൎഗ്ഗം പഠിച്ചു. എന്നാൽ ആദ്യത്തിൽ തന്നെ വ്യാകരണമാണ് തന്റെ പ്രത്യേകപാഠവിഷയമായിട്ടു സ്വീകരിച്ചത്. കൌമുദി, മനോരമ, പരിഭാഷേന്ദുശേഖരം ഏതാനും ഭാഗം ഇത്രയും കുഞ്ചുനമ്പൂതിരിപ്പാട്ടിലേയും, കാവുനമ്പൂതിരിപ്പാട്ടിലേയും, കുഞ്ഞിക്കാവുനമ്പൂതിരിപ്പാട്ടിലേയും അടുക്കൽ പഠിച്ചതിത്തു. കുറേക്കൊല്ലം കൂടല്ലൂർ താമസിച്ച് അവിടെ താമസം മതിയാക്കുന്നതിന്നു മുമ്പു വ്യാകരണത്തിൽ നൈപുണ്യം നേടി. കോഴിക്കോട്ടു തളിയിൽ താനത്തിന്ന് അൎഹനായിത്തീൎന്നു. ഇതിന്റെ ശേഷം തൃശ്ശിവപേരൂർ താമസം തുടങ്ങി, കൂടല്ലൂർ കുഞ്ഞിക്കാവുനമ്പൂതിരിപ്പാട്ടിലെ അടുക്കൽ പരിഭാഷേന്ദുശേഖരപാഠം മുഴുവനാക്കി. കുഞ്ഞിക്കാവുനമ്പൂതിരിപ്പാട് അന്നു ബ്രഹ്മസ്വം മഠത്തിൽ പഠിപ്പിച്ചുതാമസിക്കുകയായിരുന്നു. രണ്ടു കൊല്ലംകൊണ്ട് അദ്ദേഹത്തിന്റെ അടുക്കൽ ശബ്ദേന്ദുശേഖരം പഠിച്ചു വൈയാകരണനെന്നു സൎവ്വസമ്മതനായിത്തീൎന്നു. അതിന്റെ ശേഷം കുറേക്കാലം തൎക്കം പഠിച്ചു. എന്നാൽ അതുനിമിത്തം വ്യാകരണപരിശ്രമത്തിന്നു സമയം മതിയാകുന്നില്ലെന്നു കണ്ടു രണ്ടാമതും ആ ശാസ്ത്രം തന്നെ സ്വീകരിച്ചു വ്യാകരണഭാഷ്യം

നിഷ്കൃഷ്ടയായിട്ട നോക്കിത്തുടങ്ങി. അക്കാലത്ത് അദ്ദേഹത്തിന്ന് അന്യചിന്തയുണ്ടായിരുന്നില്ല. വ്യാകരണഭാഷ്യം പഠിച്ചതിന്ന ഉടനെ ചൊവ്വന്നൂർ സഭാമഠത്തിൽ അദ്ദേഹത്തിനെ വ്യാകരണഭട്ടതിരിയായി നിശ്ചയിച്ചു.

ചൊവ്വന്നൂർ എന്നു പറയുന്ന സ്ഥലം കുന്നംകുളങ്ങരെ നിന്ന മൂന്നു നാഴിക വടക്കുകിഴക്കാണ്. അവിടെ യാതൊരു ബഹളവും ഇല്ലാത്തതുകൊണ്ട വിദ്യാഭ്യാസത്തിന്ന് ഇത്ര നന്നായിട്ട വേറെയൊരു സ്ഥലവുമില്ല. ഇവിടെ ബ്രാഹ്മണയുവാക്കൾക്ക ചിലവിന്നു കൊടുത്തു പഠിപ്പിക്കുന്ന ഒരു മഠം ഉണ്ട്. കുറേക്കാലമായി ക്ഷയിച്ചുകിടന്നിരുന്ന ഈ പുരാതനസഭാമഠം ൧൦൨൯-ാമാണ്ടിൽ ദിവാൻ ശങ്കരവാരിയരുടേയും കോട്ടക്കൽ സാമൂതിരിപ്പാട്ടിലേയും സഹായംകൊണ്ട കൂടല്ലൂരുമനക്കൽ ഒരു നമ്പൂതിരിപ്പാട്ടിലെ ഉത്സാഹത്തിന്മേൽ വീണ്ടും ഉൽകൃഷ്ടസ്ഥിതിയെ പ്രാപിച്ചു. മഠത്തോട സംബന്ധിച്ച സ്വത്തുക്കൾ എല്ലാം തേടിപ്പിടിച്ചുവഴിപ്പെടുത്തുകയും കാര്യങ്ങൾ വഴിപോലെ നോക്കിച്ചുതുടങ്ങുകയും ചെയ്തു. സാമൂതിരിപ്പാട്ട കൊല്ലത്താൽ ൩൦൦ ഉറുപ്പിക ചിലവിലെയ്ക്കു വകകൊടുക്കുവാൻ സമ്മതിച്ചു. കൊച്ചി രാജാവിന്റെ തീട്ടൂരപ്രകാരമാണ് പഠിപ്പിക്കുവാനുള്ള ആളുകളെ തീർച്ചയാക്കിയിരുന്നത്. ആറു ശാസ്ത്രങ്ങൾ പഠിപ്പിക്കുവാൻ ആറു വിദ്വാന്മാരെ നിയമിച്ചിരുന്നു. മുപ്പതു കൊല്ലത്തോളം ഈ മഠം നല്ല നിലയിൽ നടന്നു. വിദ്യാർത്ഥികളും ധാരാളം ഉണ്ടായിരുന്നു. പഠിപ്പിക്കുന്നവരെ ഏല്പ്പെടുത്തുന്ന കാര്യത്തിൽ എന്തോ ചില വ്യവഹാരങ്ങൾ നിമിത്തം സാമൂതിരിപ്പാട്ട കൊടുക്കാറുള്ള പണം നിൎത്തൽചെയ്തു. ൧൦൫൯-ാമാണ്ടോ അതിന്നടുത്തോ കൊച്ചിസർക്കാരിൽ നിന്നും മഠംവക കാര്യങ്ങളിൽ പ്രവേശിച്ചു തൃപ്തികരമാകുംവണ്ണം കരേപ്പാടചെയ്തു. മഠംവകയായിട്ട് ഇപ്പോൾ കൊല്ലത്താൽ രണ്ടായിരം ഉറുപ്പികയോളം മുതലെടുപ്പുള്ളതായ സ്വത്തുക്കളുണ്ട്. ഇതു മുഴവനും ഗുരുക്കന്മാരുടേയും ശിഷ്യന്മാരുടേയും ചിലവിലെക്കു വകനിൎത്തിയിരിക്കയാണ്. പ്രധാനാദ്ധ്യാപകനാണ് കാര്യം നോക്കുന്നത്. അദ്ദേഹം വരവുചിലവുകൾക്കു കൊല്ലംതോറും കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ അടുക്കൽ കണക്കു ഹാജരാക്കേണ്ടതുമുണ്ട്.

## കൊടുങ്ങല്ലൂർ വലിയ ഗോദവൎമ്മ (ഭട്ടൻ) തമ്പുരാൻ.

ഇദ്ദേഹത്തിന്റെ ജനനം ൧൦൩൪-ാമാണ്ടിലാണ്. കൊടുങ്ങല്ലൂർ രാജ്യം മൈസൂർസുൽത്താന്മാരുടെ കാലങ്ങളിലും സാമൂതിരി വാഴ്ചക്കാലത്തും എന്നു മാത്രമല്ല അതിനെത്രയോ കാലം മുമ്പു തന്നെ ചരിത്രപ്രസിദ്ധമാകുന്നു. കൊടുങ്ങല്ലൂർ രാജവംശം വൈദുഷ്യത്തിന്റെ വാസസ്ഥലവുമാണ്. അതുകൊണ്ട് ഇപ്പോൾ മഹാമഹോപാദ്ധ്യായസ്ഥാനം വഹിക്കുന്ന വലിയ ഗോദവൎമ്മതമ്പുരാന കോവിലകത്തുതന്നെ വിദ്യാഭ്യാസത്തിന്നു വേണ്ടുന്ന സകല സൌകൎയ്യങ്ങളും ഉണ്ടായിരുന്നു. ഇന്നും വിദ്യ അഭ്യസിപ്പിക്കുന്നതിൽ തൽപരന്മാരും വിദ്വാന്മാരുമായ കാരണവന്മാരെ അനുസരിച്ചു പ്രവൎത്തിക്കേണ്ടുന്ന ഭാരം മാത്രമേ അദ്ദേഹത്തിന്നുണ്ടായിരുന്നുള്ളു. കൂടല്ലൂർ മനക്കലുള്ളതുപോലെ കൊടുങ്ങല്ലൂർ കോവിലകത്തും വിദ്യാൎത്ഥികളെ ചിലവിന്നുകൊടുത്തു താമസിപ്പിക്കുന്നുണ്ട്. ഈ ജീവചരിത്രത്തിലെ നായകനായ ബാലവിദ്യാൎത്ഥിയുടെ ബുദ്ധിവൈഭവം ചെറുപ്പത്തിൽ തന്നെ പ്രകാശിച്ചിരുന്നു. കോവിലകത്ത് അന്നു തൎക്കത്തിനെക്കാൾ വ്യാകരണത്തിന്നായിരുന്നു

പ്രാധാന്യമുണ്ടായിരുന്നത്. കോവിലകത്തു താമസിച്ചു പഠിപ്പിച്ചിരുന്ന കുംഭകോണം കൃഷ്ണശാസ്ത്രികൾ ഒരു കേമനായ വൈയാകരണനായിരുന്നു. ഗോദവമ്മതമ്പുരാൻ അദ്ദേഹത്തിന്റെ ഇഷ്ടശിഷ്യന്മായിരുന്നു. ഇദ്ദേഹം വ്യാകരണത്തിലും സംസ്കൃതസാഹിത്യസാമാന്യത്തിലും അല്പകാലംകൊണ്ടുതന്നെ നൈപുണ്യം സമ്പാദിച്ചു. അതിന്റെ ശേഷം ആജീവനാന്തം ഒരു വിദ്യാൎത്ഥിയുടെ നിലയിൽ ഏററവും ഉൽകൃഷ്ടമായ ഒരു വിദ്യയിൽ ദൃഢമായ അറിവു സമ്പാദിച്ചുകൊണ്ടു ശാന്തമായിത്തന്നെ കാലം കഴിച്ചുകൂട്ടേണമെന്ന ഒരാഗ്രഹം അദ്ദേഹത്തിൽ ചെറുപ്പകാലത്തുതന്നെ അങ്കുരിച്ചു. വിദ്യാഭ്യാസത്തിനു കോവിലകത്തുള്ള സൌകൎയ്യങ്ങൾക്കു പുറമേ തൃപ്പൂണിത്തുറെ കൊല്ലംതോറും നടത്തിവരുന്ന "സദസ്സ്" നിമിത്തം പല പണ്ഡിതന്മാരോടുമുള്ള സഹവാസത്തിനും സംഗതിയായി. തൃപ്പൂണിത്തുറയ്ക്കു സദസ്സിനു പോകുന്ന ശാസ്ത്രജ്ഞന്മാരിൽ പലരും പോകുംവഴി കൊടുങ്ങല്ലൂർ കയറിപ്പോവുക പതിവായിരുന്നു. സത്സംഗംകൊണ്ടു ബുദ്ധിവികാസം വരുന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലൊ. ഈ ഗുണം ഗോദവമ്മതമ്പുരാനു നല്ലവണ്ണം സിദ്ധിച്ചിട്ടുണ്ട്. നിൎഭാഗ്യവശാൽ ഇദ്ദേഹം പ്രകൃത്യാ അശക്തനും വാതരോഗിയുമായതുകൊണ്ട് ഇഷ്ടംപോലെ പഠിക്കുന്നതിൽ പലപ്പോഴും തടസ്ഥങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ ഇതൊന്നും കൂസാതെ തൃപ്പൂണിത്തുറെച്ചെന്നു, തക്കത്തിൽ അതിനിപുണനായിരുന്ന തീപ്പെട്ട ഏളയതമ്പുരാൻ തിരുമനസ്സിലേയും തക്കത്തിലും വ്യാകരണത്തിലും ഒരുപോലെ നിപുണനായ ഇപ്പോഴത്തെ വലിയതമ്പുരാൻ തിരുമനസ്സിലേയും അടുക്കെ താമസിച്ചുവന്നിരുന്നു. ഈ തമ്പുരാക്കന്മാർ ഇദ്ദേഹത്തെ കേവലം ഗുരുശിഷ്യഭാവേന മാത്രമല്ല മിത്രഭാവേന കൂടെ ആദരിച്ചു പോന്നിരുന്നു. ഇദ്ദേഹം കൊടുങ്ങല്ലൂർ താമസിക്കുന്ന കാലത്തുതന്നെ വ്യാകരണം ഉപരിപാഠമെല്ലാം കഴിച്ചിട്ടുണ്ട്. എങ്കിലും തക്കത്തിൽ ഇദ്ദേഹത്തിനുള്ള ഒരു പ്രതിപത്തി വേറെയായിരുന്നു. അതു കണ്ടിട്ടു തമ്പുരാക്കന്മാർ തക്കത്തിലുള്ള ആദ്യപാഠമെല്ലാം കഴിച്ചുകൊടുത്തു. അതിന്റെ ശേഷം മരിച്ചുപോയ മഹാമഹോപാദ്ധ്യായൻ ശാകോപാചാൎയ്യരുടെ അടുക്കൽ പഠിക്കുവാനാക്കി. ഇദ്ദേഹത്തിനെപ്പോലെ അടുത്ത കാലത്തിലെങ്ങും ഒരു നൈയായികൻ ഉണ്ടായിട്ടില്ലെന്നു തീച്ചു പറയാം. ശാകോപാചാൎയ്യർ പിന്നീടു കൊടുങ്ങല്ലൂർ താമസമാക്കി അവിടെയുള്ള തമ്പുരാക്കന്മാരെ പഠിപ്പിക്കുവാൻതുടങ്ങി. മുപ്പതു വയസ്സാകുന്നതുവരെ ഗോദവമ്മ തമ്പുരാൻ തക്കത്തിൽ വഴിപോലെ പരിശ്രമിച്ച് അസാധാരണമായ നൈപുണ്യം സമ്പാദിച്ചു. അതിന്റെ ശേഷം വേദാന്തത്തിലും ധമ്മശാസ്ത്രങ്ങളിലും ഹിന്തുക്കളുടെ മതസംബന്ധമായ മററു വിഷയങ്ങളിലും അദ്ദേഹം സമ്പാദിച്ചിട്ടുള്ള അറിവെല്ലാം തനിച്ചുണ്ടാക്കീട്ടുള്ളതാണ്. എന്നാൽ തക്കമാണ് അദ്ദേഹത്തിന്റെ സ്വന്തം ശാസ്ത്രമായി വെച്ചിട്ടുള്ളത്. ഇദ്ദേഹവും കിള്ളിമംഗലത്തു നാരായണൻനമ്പൂതിരിപ്പാടുമാണ് ധമ്മശാസ്ത്രസംബന്ധമായ വല്ല സംശയവും വന്നാൽ മഹാരാജാവിനുകൂടി ആലോചിക്കുവാനുള്ള പണ്ഡിതന്മാർ.

ഗോദവമ്മ തമ്പുരാന് ഇപ്പോൾ അമ്പത്തൊന്നു വയസ്സായി. ഗ്രന്ഥങ്ങളാണ് ഇദ്ദേഹത്തിന്റെ ഉററ ബന്ധുക്കൾ. ഗ്രന്ഥങ്ങളെ വ്യാഖ്യാനിച്ചുകൊണ്ടും എഴുതിക്കൊണ്ടും ശിഷ്യരെ പഠിപ്പിച്ചുകൊണ്ടുമാണു കാലക്ഷേപം. ഇദ്ദേഹത്തിന്ന് അനേകം ശിഷ്യരുണ്ട്. അവരിൽ ചിലർ പഠിക്കുകകഴിഞ്ഞു സക്കാർ സ്കൂളുകളിലും സ്വകാൎയ്യസ്കൂളുകളിലും പണ്ഡിതന്മാരായിത്തീൎന്നിട്ടുണ്ട്.

(തുടരും)

# ലോകരഹസ്യം*

കാലം എന്നു പറയുന്നത് അനിൎവ്വൎണ്ണനീയവും സ്വാതന്ത്ര്യവും ആയ ഒരു കൎത്താവാണല്ലോ. കാലം എന്തെന്തിനെയാണു ചെയ്യിക്കാത്തത്. എന്തെന്തിനെയാണു കേൾപ്പിക്കാത്തത്. എന്തെന്തിനെയാണ് ചെയ്യാത്തത്?

സുന്ദരവനം എന്നു പേരായ ഒരു കാട്ടുണ്ടായിരുന്നു. ആ കാട്ടിന്റെ പ്രസിദ്ധി നാട്ടിലെല്ലാം പരന്നിരുന്നു. ആ കാട്ടിൽ പരമ്പരയായിട്ട് അനേകം നരികൾ കുടികൊണ്ടുപോന്നിരുന്നു. കാലവൈഭവത്താൽ എല്ലാദിക്കിലും നാഗരികത്വത്തിന്റെ ആവിർഭാവം ഉണ്ടായതോടുകൂടി ആ കാട്ടിലുള്ള യോഗ്യരായ നരികളും തങ്ങളുടെ ഉത്തരോത്തരാഭിവൃദ്ധിക്കുവേണ്ടി അശ്രാന്തമായ പരിശ്രമം ചെയ്തുവന്നു. ഗതാനുഗതികത്വം ലോകസ്വഭാവമാണല്ലോ. സമുദായത്തിന്റെ ഉന്നതിക്കുവേണ്ടി ഈ കാലത്തു മുഖ്യമായി ചെയ്തുവരുന്നതു സഭക്കൂടുകയും സഭകളിൽ ഉപന്യാസങ്ങൾ എഴുതി വായിക്കുകയും പ്രസംഗങ്ങൾ ചെയ്യുകയും ആണല്ലോ. അതുപ്രകാരം നരികളും ആ കാട്ടിൽ വലുതായ ഒരു സഭ കൂടുവാൻ നിശ്ചയിച്ചു. സഭ കൂടുവാൻ നിശ്ചയിച്ച സമയത്തു തന്നെ എല്ലാവരും വന്നുചേൎന്നു. ഈ സംഗതിയിൽ അവർ ഭാരതീയന്മാരുടെ രീതിയെ അനുസരിച്ചില്ല. തങ്ങളുടെ കൃത്യങ്ങളെല്ലാം അവർ നിശ്ചിതസമയങ്ങളിൽ തന്നെ ചെയ്തിരുന്നു. ഇടതിങ്ങിനില്ക്കുന്ന അനേകവിധവൃക്ഷങ്ങളെക്കൊണ്ടു പ്രശോഭിതമായ ആ സുന്ദരവനത്തിന്റെ മദ്ധ്യത്തിങ്കൽ സമനിരപ്പായ ഒരു വിശേഷസ്ഥലത്തു ഭയങ്കരത്വാചികളായ അനേകം മാതിരിയിലുള്ള നരികൾ തങ്ങളുടെ ദംഷ്ട്രങ്ങളുടെ പ്രഭകളാൽ ആ വനം മുഴുവനും പ്രകാശിപ്പിച്ചുംകൊണ്ടു കൂട്ടംകൂട്ടമായി വന്നിരുന്നു. എല്ലാവരും ഐകമത്യത്തോടുകൂടി തങ്ങളുടെ ജാതിയിൽ വെച്ച് ഏററവും ശ്രേഷ്ഠനും വയോവൃദ്ധനും ആയ അമിതോദരൻ എന്നവനെ സഭാനാഥനായി അഗ്രാസനത്തിൽ ഇരുത്തി. അവൻ സഭ്യന്മാരോടു നന്ദിപറഞ്ഞു വാലു ചുരുട്ടി അതിന്മേൽ ഇരുന്നു സഭാകൃത്യങ്ങൾ ആരംഭിച്ചു. ആദ്യമായിട്ടു സഭ്യന്മാരുടെ നേരെ നോക്കി അവൻ ഇപ്രകാരം പറഞ്ഞു:—

'വ്യാഘ്രവംശത്തിന്ന് അലങ്കാരഭൂതന്മാരും മഹാശയന്മാരും ആയ മാന്യസദസ്യരേ! ഇന്നു നമുക്ക് ഒരു സുദിനമാണ്. കാട്ടിൽ വസിക്കുന്നവരും മാംസം രക്തം മുതലായതു ഭക്ഷിക്കുന്നവരും വ്യാഘ്രമഹർഷിയുടെ വംശത്തിൽ ജനിച്ചവരും ആയ നാം നമ്മുടെ വംശത്തിന്റെ അഭിവൃദ്ധിക്കു വേണ്ടതക്കതായ ഏൎപ്പാടുകളെപ്പററി ആലോചിപ്പാൻ വേണ്ടിയാണല്ലോ ഇവിടെ ഇന്നു സഭ കൂടിയിരിക്കുന്നത്. ദുസ്സ്വഭാവികളും വിരൂപന്മാരും ആയ മററെല്ലാ ജന്തുക്കളും നമുക്കു ഐകമത്യമില്ലെന്നും നമ്മൾ സ്വാൎത്ഥതല്പരന്മാരും ഏകാന്തവാസികളും സ്വജാതിയിലെ അംഗങ്ങളുമായി കൂടിക്കഴിവാൻ താല്പൎയ്യമില്ലാത്തവരും ആണെന്നും നമ്മെ

* ബാങ്കിമചന്ദ്രചട്ടോപാദ്ധ്യായൻ എന്ന മഹാൻ ബംഗാളഭാഷയിൽ എഴുതീട്ടുള്ള 'ലോകരഹസ്യം' എന്ന കൃതിയുടെ ഏതാനും ഭാഗത്തിന്റെ തൎജ്ജിമയാണ് പ്രസ്തുതലേഖനം.

അപവദിക്കുന്നു. ഈ അപവാദത്തിന്നു ലേശമെങ്കിലും അടിസ്ഥാനമില്ലാത്തതും അത് അന്യായമായിട്ടുള്ളതും ആണെന്നു ഞാൻ നിസ്സംശയം പറയുന്നു. ഇതു ഭാരതവർഷത്തിൽ താമസിക്കുന്ന മനുഷ്യരുടെ ഒരു മുഖ്യസ്വഭാവമാണ്. ഇത് ഒരിക്കലും നമ്മുടെ സ്വഭാവമല്ല. അവർ അതിനെ നമ്മുടെ മേൽ ചുമത്തുന്നു. അതല്ലാതെ അവർ വേറെ എന്തു ചെയ്യും? അവരുടെ സകല പ്രവൃത്തികളിലും പ്രകാശിച്ചുകാണുന്ന ഈ സ്വഭാവത്തെ മാററാൻ അവർക്ക് അസാദ്ധ്യമായിട്ടുള്ളതാണ്. ഇതെങ്ങിനെയെങ്കിലും ആവട്ടെ. നമ്മുടെ മേൽ ആരോപിക്കപ്പെടുന്ന ദോഷം നമ്മളിൽ ഉണ്ടെങ്കിലാവട്ടെ ഇല്ലെങ്കിലാവട്ടെ, പലരും അതിനെപ്പററി പറയുമ്പോൾ പ്രവാഹന്യായമനുസരിച്ച് ആ അപവാദം വർദ്ധിക്കുന്നതാണല്ലോ. അതിന്റെ പരിഹാരനിവൃത്തിക്കുള്ള മാർഗ്ഗങ്ങൾ ബുദ്ധിമാന്മാരാൽ അവശ്യം ആലോചിക്കപ്പെടേണ്ടതാണ്. അടിസ്ഥാനമില്ലാത്തതാണെങ്കിലും ഈ അപവാദത്തിനെ തീരെ ഇല്ലായ്മചെയ്വാൻ വേണ്ടിയാണു നാം ഈ സഭ കൂടിയിരിക്കുന്നത്. നമ്മുടെ ശത്രുക്കളുടെ ഇടയിൽ കൂടി ഈ അപവാദത്തിന്നു പ്രചാരം ഇല്ലാതാക്കുവാൻ വേണ്ടുന്ന ഏർപ്പാടുകൾ നാം ചെയ്യണം. നമ്മുടെ ശ്രേയോഭിവൃദ്ധിക്കുവേണ്ടി നാം നിരന്തരം പ്രയത്നം ചെയ്യുന്നതായാൽ നമ്മെപ്പോലെ ഐകമത്യവും യോഗ്യതയും ഉള്ളവർ ഭൂമിയിലുണ്ടാവില്ലെന്നാണ് എന്റെ വിശ്വാസം. ഈ സംഗതിയിൽ നിങ്ങൾക്കു ലേശം പോലും സംശയം വേണ്ട. ദിവസംതോറും സ്വജാതിഗുണത്തെ ഉദ്ദേശിച്ചു പ്രവർത്തിച്ചുവരുന്നവരും പരമസുഖത്തോടുകൂടി പലമാതിരി ജന്തുക്കളേയും കൊന്ന് അഹോവൃത്തി കഴിച്ചുവരുന്നവരും സത്സ്വഭാവത്തോടും സദ്വൃത്തിയോടും കൂടി കാലംകഴിച്ചുവരുന്നവരും ആയ നമ്മുടെ മനോരഥസിദ്ധി വരുത്തി നമ്മെ അനുഗ്രഹിക്കേണമെന്നു ഞാൻ ജഗത്സൃഷ്ടികർത്താവും പരമദയാലുവുമായ പരമേശ്വരനെ പ്രാർത്ഥിക്കുന്നു. (സഭയിലുള്ള നരികളുടെ വാലുകളുടെ പടപടശബ്ദംകൊണ്ട് ആ കാടു മുഴുവനും മുഴങ്ങി)

അല്ലയോ സഭ്യന്മാരേ! നാം ഇപ്പോൾ സഭ കൂടിയിരിക്കുന്നതിന്റെ ഉദ്ദേശത്തെപ്പററി ഞാൻ അല്പം പ്രസ്താവിക്കാം. ഈ സുന്ദരവനത്തിൽ നിവസിക്കുന്ന നരികളുടെ ഇടയിൽ കുറെ കാലമായി വിദ്യാഭ്യാസം തീരെ ഇല്ലാതായിപ്പോയിരിക്കുന്നു എന്നു നിങ്ങൾക്കു എല്ലാവർക്കും അറിയാവുന്ന സംഗതിയാണല്ലോ. നാം എല്ലാവരും നല്ല വിദ്വാന്മാരായി തീരേണമെന്ന് എനിക്കു വളരെ ആഗ്രഹമുണ്ട്. ഇക്കാലത്തു മററെല്ലാവരും വിദ്വാന്മാരായി ഭവിച്ചിരിക്കുന്നു. അപ്രകാരം എന്തുകൊണ്ടു നമുക്കും വിദ്വാന്മാരായി തീർന്നുകൂടാ? വിദ്യാഭിവൃദ്ധിയെപ്പററി ചിന്തിപ്പാൻ വേണ്ടിയാണ് ഈ സഭ കൂടിയിരിക്കുന്നത്. ഇതിന്നു നിങ്ങൾ എല്ലാവരും അനുകൂലിക്കേണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു.'

സഭാനാഥൻ ഇങ്ങിനെ പറഞ്ഞു തന്റെ സ്ഥാനത്ത് ഇരുന്നപ്പോൾ സഭാവാസികളെല്ലാവരും 'ഹാ ഊ മാ ഊ' എന്നിങ്ങിനെ ശബ്ദം പുറപ്പെടീച്ച് ആ അംശത്തെ അനുമോദനംചെയ്തു. അതിന്നു ശേഷം യഥാക്രമം ചിലർ പ്രബന്ധങ്ങളെ സഭയിൽ വായിക്കുകയും സഭ്യന്മാർ അവരെ അനുമോദിച്ച് അവരുടെ പ്രബന്ധങ്ങളെ സ്വീകരിക്കുകയും ചെയ്തു. സഭ്യന്മാർ അനുമോദിക്കുന്തോറും അവരുടെ പ്രസംഗങ്ങളും ദീർഘിച്ചുതുടങ്ങി. അവരുടെ വാക്കുകൾക്കു വ്യാകരണശുദ്ധിയും അലങ്കാരഭംഗിയും

ളുണ്ടായിരുന്നു. അവരുടെ ശബ്ദം ഏററവും ഭയങ്കരമായിരുന്നു. അവരുടെ ഒച്ചകൊണ്ട് ആ വനം മുഴവനും നടുങ്ങി.

സഭയുടെ മററുള്ള കൃത്യങ്ങൾ അവസാനിച്ചതിന്റെ ശേഷം സഭാദ്ധ്യക്ഷൻ പിന്നെയും ഇങ്ങിനെപറഞ്ഞു—'സോദരന്മാരേ! ഈ സുന്ദരവനത്തിൽ ബ്രഹല്പാംഗുലൻ എന്ന പേരുള്ള ഒരു പ്രസിദ്ധപണ്ഡിതനായ വ്യാഘ്രാചാര്യൻ അധിവസിക്കുന്നുണ്ടെന്നു നിങ്ങൾക്ക മുമ്പുതന്നെ അറിവുള്ള സംഗതിയാണല്ലൊ. ആ മഹാൻ എന്റെ പ്രാർത്ഥനയനുസരിച്ച് ഈ സദസ്സിൽ ഈ രാത്രിയിൽ മനുഷ്യചരിത്രസംബന്ധമായ ഒരു പ്രബന്ധം വായിക്കുന്നതാണ്.' മനുഷ്യൻ എന്ന പേരു കേട്ട മാത്രയിൽ സഭാവാസികളിൽ ചിലക്ക കലശലായ വിശപ്പു തോന്നി എങ്കിലും അവിടെ ഭക്ഷണത്തിന്റെ വട്ടം ഒന്നും കാണാഞ്ഞതിനാൽ അവരെല്ലാവരും വിശപ്പ് അടക്കി ശാന്തന്മാരായി ഇരുന്നു. പിന്നെ സഭാദ്ധ്യക്ഷൻ ബഹുമാനപൂർവ്വം ബ്രഹല്പാംഗുലാചാര്യനോട പ്രബന്ധം വായിക്കാൻ പറഞ്ഞു. അദ്ദേഹം ഉപന്യാസകപീഠത്തിൽ കയറി അതിഭയങ്കരമായ സ്വരത്തിൽ പ്രബന്ധം വായിക്കാൻ തുടങ്ങി.

'മഹാനായ സഭാനാഥാ! മാന്യസദസ്യരെ! സ്വകുലോന്നതിയെ കാംക്ഷിക്കുന്ന വനം മഹാന്മാരായ നമ്മുടെ സഭാദ്ധ്യക്ഷന്റെ കല്പനപ്രകാരം ദൈവസൃഷ്ടികളായ ജന്തുക്കളെ തരംതിരിച്ചു ഞാൻ എഴുതീട്ടുള്ള ഒരു പ്രബന്ധത്തെയാണ് ഇപ്പോൾ വായിക്കാൻ തുടങ്ങുന്നത്. ദൈവത്താൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ജന്തുക്കളെ നാല്ക്കാലികളായിട്ടും രണ്ടു കാലുള്ളവയായിട്ടും ഇങ്ങിനെ രണ്ടു തരമായി വിഭജിക്കാം. മനുഷ്യര രണ്ടു കാലുള്ള ജന്തുക്കളിൽ പെട്ടവരാണ്. അവക്ക ചിറകുകൾ ഇല്ലാത്തതിനാൽ അവരെ പക്ഷിവർഗ്ഗത്തിൽനിന്നു വേർതിരിക്കാവുന്നതാണ്. വിശേഷിച്ച നാല്ക്കാലിജന്തുക്കൾക്കും മനുഷ്യൎക്കും തമ്മിൽ വളരെ സാമ്യമുള്ളതായി കാണുന്നുണ്ട്.

നാല്ക്കാലിജന്തുക്കൾക്ക് ഉള്ളതുപോലെ തന്നെ മനുഷ്യൎക്കും അവയവങ്ങളും സന്ധുബന്ധങ്ങളും ഉണ്ട്. മനുഷ്യൎക്കും നാല്ക്കാലികൾക്കും തമ്മിലുള്ള സാധൎമ്മ്യം ഹേതുവായിട്ട് അവരേയും പശു എന്ന ശബ്ദംകൊണ്ടു നിർദ്ദേശിക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. മനുഷ്യരും നാല്ക്കാലികളും തമ്മിൽ അല്പാല്പമായ ഭേദമില്ലെന്നില്ല.

നാല്ക്കാലികളിൽ വെച്ചു വാനരന്മാൎക്കാണ് മനുഷ്യരോട് ഏററവും സാമ്യമുള്ളതായി കാണുന്നത്. ഓരോ ജാതി ജന്തുക്കളുടെ അവയവങ്ങൾ ക്രമേണ ഉൽകൎഷത്തെ പ്രാപിച്ച് കാലാന്തരത്തിൽ ആ ജാതി ജന്തുക്കൾ വേറെ ഒരു ജാതി ജന്തുക്കളായി തീരുന്നു എന്നു വിദ്വാന്മാർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായം അനുസരിച്ച മനുഷ്യജന്തുക്കളും കാലത്തിന്റെ മഹത്തായ വൈഭവംകൊണ്ടു വാലുള്ളവരായിത്തീൎന്നു ക്രമേണ വാനരന്മാരായി തീരുമെന്നാണ് എന്റെ ബലമായ വിശ്വാസം.

മനുഷ്യപശുവാണ് ഭക്ഷിപ്പാൻ എളുപ്പമുള്ളതും ഏററവും സ്വാദോടു കൂടിയതും എന്നു നിങ്ങൾക്ക് അറിവുള്ളതാണല്ലൊ. (ഈ വാക്കുകൾ കേട്ട മാത്രയിൽ തന്നെ അവരെല്ലാവരുടേയും നാവുകളിൽ വെള്ളംനിറയുകയും മനഃകല്പിതമായ ആ വിശേഷഭക്ഷണത്തിന്റെ സ്വാദ് അവർ അനുഭവിക്കുകയും ചെയ്തു) അവയെ എളുപ്പത്തിൽ പിടിച്ചു കൊന്നുതിന്നാൻ നമുക്ക സാധിക്കുന്നതാണ്. മൃഗങ്ങളെപ്പോലെ ഓടുവാൻ ഇവക്കു സാമൎത്ഥ്യമില്ല. പോത്തുകൾ മുതലായ ജന്തുക്കളെപ്പോലെ ഇവക്കു കൊമ്പു

കളോ, ശക്തിയോ ഇല്ല. ജഗദീശ്വരൻ ഈ പ്രപഞ്ചം സൃഷ്ടിച്ചിരിയ്ക്കുന്നതു വ്യാഘ്രജാതിയുടെ സുഖാനുഭവത്തിന്നു വേണ്ടിയാണെന്നുള്ളതിന്നു ലേശം സംശയമില്ല. പിടിക്കാൻ ഏററവും എളുപ്പമുള്ളതും ഏററവും രുചികരവുമായ മനുഷ്യപശുവിന്നു വേഗത്തിൽ ഓടുവാനുള്ള ശക്തിയും ആത്മരക്ഷയ്ക്കുള്ള സാമർത്ഥ്യവും ദൈവം കൊടുക്കാതിരുന്നതു നമ്മുടെ സൌകര്യത്തിന്നു വേണ്ടിയാണ്. നഖം, കൊമ്പു, ദംഷ്ട്രം മുതലായതുകൾ കൂടാതെയും വേഗത്തിൽ ഓടുവാനുള്ള ശക്തി ഇല്ലാതെയും അത്ഭുതമായും കോമളമായുമുള്ള ശരീരത്തോടും കൂടി ഈ മനുഷ്യജാതിയെ ദൈവം സൃഷ്ടിച്ചതു വ്യാഘ്രജാതിയുടെ ഭക്ഷണാർത്ഥം മാത്രമാണെന്നു സ്പഷ്ടമാണ്. വളരെ സൂക്ഷ്മമായി ആലോചിച്ചിട്ടും ഈ ഒരു കാര്യമൊഴിച്ചു മനുഷ്യജാതിയെക്കൊണ്ടു വേറെ ഒരു പ്രയോജനവും ഞാൻ കാണുന്നില്ല.

ഇങ്ങിനെയുള്ള കാരണങ്ങൾകൊണ്ടും വിശേഷിച്ചു മനുഷ്യജാതിയുടെ മാംസത്തിന്റെ മാർദ്ദവവിശേഷംകൊണ്ടും ആസ്വാദ്യതകൊണ്ടും മനുഷ്യജാതി നമ്മുടെ പ്രേമഭാജനമായി ഭവിച്ചതിൽ ആശ്ചര്യമില്ലല്ലൊ. എന്നാൽ മനുഷ്യജാതിയ്ക്കും നമ്മുടെ നേരെയുള്ള ഭക്തിബഹുമാനാദരങ്ങൾ ക്രമേണ വർദ്ധിച്ചുവരുന്നതിന്നുള്ള സംഗതി വളരെ അത്ഭുതകരമായിരിയ്ക്കുന്നു.

ഞാൻ പറയുന്നതിൽ നിങ്ങൾക്കു വിശ്വാസം വരുന്നില്ലെങ്കിൽ എനിയ്ക്കു അനുഭവസിദ്ധമായ ഒരു സംഗതി ഞാൻ ഇവിടെ പ്രസ്താവിക്കാം. ഞാൻ വളരെക്കാലം ഓരോ ദിക്കുകളിൽ സഞ്ചരിച്ചു വളരെ അറിവു സമ്പാദിച്ചിട്ടുണ്ടെന്നുള്ള സംഗതി നിങ്ങൾക്കു അറിയാമല്ലൊ. 'യസ്തു സഞ്ചരതേ ദേശാൻ.........തസ്യ വിസ്താരിതാ ബുദ്ധിഃ തൈലബിന്ദുരിവാംഭസി.' (ദേശസഞ്ചാരം ചെയ്തിട്ടുള്ളവന്റെ ബുദ്ധി വെള്ളത്തിൽ വീണ എണ്ണത്തുള്ളിപോലെ വിശാലതയെ പ്രാപിയ്ക്കുന്നു) എന്നുള്ള തത്വം ശരിയാണെന്ന് എനിയ്ക്കു അനുഭവസിദ്ധമായിരിയ്ക്കുന്നു. ഈ സുന്ദരവനത്തിന്റെ വടക്കോട്ടുള്ള ദേശങ്ങളിലാണ് ഞാൻ സഞ്ചരിച്ചിട്ടുള്ളത്. അവിടെ പശുക്കൾ മനുഷ്യർ മുതലായ സാധു ജന്തുക്കളാണ് താമസിച്ചുവരുന്നത്. അവിടെ താമസിയ്ക്കുന്ന മനുഷ്യർ രണ്ടു വിധത്തിലുള്ളവരാണ്. ഒരു കൂട്ടർ കറുത്ത മനുഷ്യരും മററുള്ളവർ വെളുത്ത മനുഷ്യരും ആണ്. ഒരിയ്ക്കൽ ഞാൻ ആ ദിക്കിലേയ്ക്കു വിഷയകർമ്മത്തിന്നുവേണ്ടി പോയി.'

ഗർവിഷ്ഠനായ മഹാദംഷ്ട്രൻ എന്നുപേരായ ഒരു വ്യാഘ്രം ഇതു കേട്ടപ്പോൾ 'ഈ വിഷയകർമ്മം എന്നത് എന്താണ്' എന്നു ചോദിച്ചു. അതിന്ന് ഉപന്യാസകൻ ഇപ്രകാരം ഉത്തരം പറഞ്ഞു—'വിഷയകർമ്മം എന്നത് ആഹാരാന്വേഷണമാകുന്നു. ഇപ്പോഴത്തെ പരിഷ്കാരികളും യോഗ്യരുമായ ആളുകൾ ഭക്ഷണസമ്പാദനത്തെ വിഷയകർമ്മം എന്നു പറഞ്ഞുവരുന്നു. എന്നാൽ എല്ലാമാതിരിയിലുള്ള ഭക്ഷണസമ്പാദനങ്ങൾക്കും വിഷയകർമ്മം എന്നു പേർ പറഞ്ഞുകൂടാ. യോഗ്യരാലും പരിഷ്കാരികളാലും സഭ്യന്മാരാലും ചെയ്യപ്പെടുന്ന ആഹാരാന്വേഷണത്തിന്നു മാത്രമെ 'വിഷയകർമ്മം' എന്നു പറവാൻ പാടുള്ളൂ. പ്രാകൃതന്മാർ, നാടന്മാർ തുടങ്ങിയുള്ളവർ ചെയ്യുന്ന ആഹാരാന്വേഷണത്തിന്ന് ഉഞ്ഛവൃത്തി എന്നൊ ഭിക്ഷ എന്നൊ പറവാനെ പാടുള്ളൂ. ധൂർത്തന്മാർ ചെയ്യുന്ന ആഹാരാന്വേഷണത്തിന്നു 'മോഷണ'മെന്നും പ്രബലന്മാർ ചെയ്യുന്നതിന്ന് 'അപഹരണ'മെന്നും പറയപ്പെടുന്നു.

എന്നാൽ മനുഷ്യരെപ്പററി പറയുമ്പോൾ അപഹരണം എന്ന വാക്ക് ഉപയോഗിക്കപ്പെടുന്നില്ല. അതിന്റെ സ്ഥാനത്തു വീഴ്ച എന്ന വാക്ക് ഉപയോഗിക്കപ്പെടുന്നു. മേലധികാരിയുള്ള ഒരുവന്റെ കൃത്യത്തിന്ന് അപഹരണമെന്നും യാവനൊരുത്തനു മേലധികാരി ഇല്ലയോ അവന്റെ കമ്മത്തിന്നു വീഴ്ചമെന്നും പറയപ്പെടുന്നു. സത്യന്മാരുമായി സംസർഗ്ഗം ചെയ്യാൻ നാം ആഗ്രഹിക്കുന്ന പക്ഷം മേൽപ്പറഞ്ഞ രണ്ട് അഭിധാനങ്ങളുടേയും വ്യത്യാസം നമുക്ക് ഒരിക്കലും മറന്നു കളവാൻ പാടുള്ളതല്ല. സൂക്ഷ്മം ആലോചിക്കുന്നതായാൽ ഈ വ്യപദേശഭേദം കൊണ്ട് ഒരു പ്രയോജനവും ഇല്ലെന്നാണ് എന്റെ അഭിപ്രായം. ഉദരപൂരം എന്ന ഒരൊററവാക്കുകൊണ്ടു വീഴ്ചം തുടങ്ങിയുള്ള സകല ഗുണങ്ങളേയും നിർദ്ദേശിക്കാവുന്നതാണ്.

ഇത് എങ്ങിനെയെങ്കിലുമാവട്ടെ. ഞാൻ പറയുന്നതു നിങ്ങൾ കേട്ടാലും. മനുഷ്യൻ വ്യാഘ്രജാതിയിൽ വളരെ ഭക്തിയുള്ളവനാണ്. ഞാൻ ഒരിക്കൽ മനുഷ്യർ താമസിക്കുന്ന പ്രദേശങ്ങളിൽ വിഷയകമ്മപ്രാപ്തിക്കു വേണ്ടി സഞ്ചരിക്കയുണ്ടായി. കുറെ കാലം മുമ്പ് ഈ സുന്ദരവനത്തിൽ 'പോട്ടക്യാനിങ്ങ്' എന്നു പേരായ ഒരു കൂട്ടർ താമസിച്ചിരുന്നതായി ഞാൻ പണ്ടുതന്നെ കേട്ടിട്ടുണ്ട്.'

പിന്നെയും മഹാദംഷ്ട്രൻ പ്രബന്ധവായനയെ തടസ്ഥം ചെയ്തു 'പോട്ടക്യാനിങ്ങ്' എന്നു പറയപ്പെടുന്ന ജന്തു എതു മാതിരിയിലുള്ളതാണ് എന്നു ചോദിച്ചു. ഉപന്യാസകൻ ഇങ്ങിനെ ഉത്തരം പറഞ്ഞു. 'ഇതിനെപ്പററി എനിക്കും നല്ല അറിവില്ല. ഈ ജന്തുവിന്നു കയ്യോ കാലോ മററൊ ഉള്ളതായിട്ട് എനിക്ക് അറിവില്ല. ഈ ജന്തുവിനെ ഉണ്ടാക്കിയതു മനുഷ്യനാണെന്നും അതു മനുഷ്യന്റെ ചോര യഥേഷ്ടം കുടിച്ചു എന്നും അങ്ങിനെ ചോര കുടിച്ചു തടിച്ചുവശായി ഒട്ടക്കം മരിച്ചു എന്നും ഞാൻ കേട്ടിട്ടുണ്ട്. മനുഷ്യർ ലേശംപോലും ദീർഘാലോചനയില്ലാത്തവരാണ്. തങ്ങളെ കൊല്ലാനുള്ള ഉപായങ്ങൾ അവർ തന്നെ ഉണ്ടാക്കിത്തീക്കുന്നു. അവർ ഉപയോഗിക്കുന്ന ആയുധങ്ങൾ തന്നെ ഇതിന്ന് ഉദാഹരണമാണ്. ഈ ആയുധങ്ങളുടെ മുഖ്യപ്രയോജനം മനുഷ്യവധം തന്നെയാകുന്നു. ഓരൊ ദിക്കുകളിൽ അനേകായിരം മനുഷ്യർ ഒന്നിച്ചുചേന്ന് ഈവക ആയുധങ്ങൾ ഉപയോഗിച്ചു തങ്ങളെത്തന്നെ കൊന്നുകളയുന്നു എന്നു ഞാൻ കേട്ടിട്ടുണ്ട്. തങ്ങളുടെ നാശത്തിന്നു വേണ്ടി മനുഷ്യർ പലതും ഉണ്ടാക്കീട്ടുള്ള കൂട്ടത്തിൽ ഈ ജന്തുവിനേയും നിമ്മിച്ചിട്ടുള്ളതാണ് എന്നാണ് എന്റെ അഭിപ്രായം. ഇത് എങ്ങിനെയെങ്കിലുമാവട്ടെ. നിങ്ങൾ മനുഷ്യരുടെ ചരിത്രം കേട്ടാലും. പ്രസംഗിച്ച് ഇടക്കിടെക്ക് ഇങ്ങനെ ഓരോ ചോദ്യം ചെയ്തു 'ഉസക്കയറു' മുറിക്കുന്നതായാൽ പ്രബന്ധം ഒരിക്കലും അവസാനിക്കുന്നതല്ല. സഭ്യജാതിക്കാരുടെ ഇടയിൽ ഈ മാതിരി പ്രവൃത്തി കാണുന്നതല്ല. നാം ഇപ്പോൾ സഭ്യന്മാരാണല്ലൊ. എല്ലാ കാര്യങ്ങളിലും സഭ്യജനങ്ങളുടെ നിയമങ്ങളെ അനുസരിച്ചു നടക്കുന്നതാണ് ഉത്തമം. 'മഹാജനോ യെന ഗതസ്സ പന്ഥാ' എന്നാണല്ലൊ ഋഷീശ്വരന്മാരുടെ മതം. ഉപന്യാസകൻ ഇപ്രകാരം പറഞ്ഞു പിന്നെയും പ്രബന്ധം വായിക്കുവാൻ തുടങ്ങി.

പോർട്ടക്യാനിങ്ങ് എന്ന കൂട്ടരുടെ വാസസ്ഥാനമായിരുന്ന മാതളാ എന്നു പേരായ ഗ്രാമത്തിലെക്കു ഞാൻ ഒരിക്കൽ വിഷയകമ്മപ്രാപ്തിക്കായി പോകയുണ്ടായി. അ

വിടെ മുളകൾ കൊണ്ട് ഉണ്ടാക്കപ്പെട്ടതായ ഒരു മണ്ഡപം ഞാൻ കണ്ടു. അതിന്റെ ഉള്ളിൽ അതിമനോഹരവും സുകുമാരമായ മാംസശോഭയോടു കൂടിയതും ആയ ഒരു ആട്ടിൻകുട്ടി തുള്ളിക്കളിക്കുന്നതും കണ്ടു. അതിനെ കൊന്നു തിന്നുവാനുള്ള അത്യാശ കൊണ്ടു ഞാൻ വേഗത്തിൽ ആ മണ്ഡപത്തിന്റെ ഉള്ളിലേക്കു കടന്നുചെന്നു. അപ്പോൾ ആ മണ്ഡപം മനുഷ്യനിർമ്മിതമാണെന്ന് എനിക്കു മനസ്സിലായി. മനുഷ്യർ അതിനെ 'നരിക്കൂട്' എന്നു വിളിച്ചുവരുന്നു. ഞാൻ ആ മണ്ഡപത്തിൽ പ്രവേശിച്ചു മാത്രയിൽ തന്നെ അതിന്റെ വാതിൽ തന്നെത്താൻ അടഞ്ഞു. പിന്നെ കുറെ ആളുകൾ അവിടെ വന്നുകൂടി, അവർക്കെല്ലാവർക്കും എന്നെ കണ്ടപ്പോൾ അതിയായ ആനന്ദം ഉണ്ടായി. അവർ ആഹ്ലാദസൂചകങ്ങളായ ഓരോ ശബ്ദങ്ങൾ പുറപ്പെടുവിക്കുകയും പലപ്രകാരത്തിലും എന്നെ പ്രശംസിക്കുകയും ചെയ്തു. ചിലർ എന്റെ ആകൃതിയെ വർണ്ണിച്ചു. ചിലർ എന്റെ പല്ലുകളെ ശ്ലോകത്തിൽ വർണ്ണിച്ചു. മററു ചിലർ എന്റെ നഖങ്ങളെ വർണ്ണിച്ചു. വേറെ ചിലർ എന്റെ വാലിനെ ശ്ലാഘിച്ചു. മററു ചിലർക്ക് എന്റെ പേരിൽ ഏററവും സന്തോഷം തോന്നീട്ട് അവർ എന്നെ ജ്യേഷ്ഠാ! എന്നു വിളിച്ചു.

അതിന്നു ശേഷം അവരെല്ലാവരും വളരെ ഭക്തിയോടുകൂടി മണ്ഡപത്തോടുകൂടി എന്നെ എടുത്ത് ഒരു വണ്ടിയിൽ കയററി. ആ വണ്ടിയിൽ രണ്ടു നല്ല വെളുത്ത കാളകളെ പൂട്ടിക്കെട്ടിയിരുന്നു. ആ കാളകളെ കണ്ടപ്പോൾ തന്നെ എനിക്കു കലശലായ വിശപ്പു തോന്നി. എങ്കിലും ഈ കൂട്ടിൽ നിന്നു പുറത്തേക്കു പോകാൻ ഉപായം കാണാതെ ആ ആട്ടിൻകുട്ടിയുടെ മാംസം കൊണ്ടു തന്നെ ഞാൻ ഒരുവിധം വിശപ്പ് അടക്കി. ഇപ്രകാരം വലിയ കാളകളെ പൂട്ടീട്ടുള്ള ആ വണ്ടിയിൽ സുഖമായിരുന്ന് ആട്ടിൻകുട്ടിയുടെ മാംസം ഭക്ഷിച്ചുംകൊണ്ട് ഒരു യോഗ്യനായ വെളുത്ത മനുഷ്യന്റെ ഭവനത്തിൽ ഞാൻ എത്തിച്ചേർന്നു. അയാൾ മുററത്തുനിന്നു തന്നെ ഗൌരവത്തോടുകൂടി എന്നെ എതിരേററു വേണ്ടവിധത്തിൽ ബഹുമാനിച്ച് ഇരിമ്പുകമ്പികൾകൊണ്ടും മററും നിർമ്മിച്ചതായ ഒരു വലിയ വിശേഷമായ സ്ഥലത്ത് എന്നെ താമസിപ്പിച്ചു. ജീവനോടുകൂടിയുള്ള ആടു മുതലായവയോ അല്ലെങ്കിൽ അന്നന്നു വെട്ടീട്ടുള്ള ആടു മുതലായവയുടെ മാംസമോ ആയിരുന്നു എന്റെ ദിവസേനയുള്ള ഭക്ഷണം. നാനാദിക്കുകളിൽനിന്നും പലമാതിരിയിലുള്ളവരും പലമാതിരി ഭാഷ സംസാരിക്കുന്നവരും പലവേഷക്കാരും ആയ ജനങ്ങൾ ദിവസംപ്രതി എന്നെ കാണ്മാൻ വരികയും എന്നെ കണ്ടു കൃതകൃത്യന്മാരായി അവരെല്ലാവരും പരമാനന്ദത്തോടുകൂടി മടങ്ങിപ്പോവുകയും ചെയ്തു. ഇവർക്ക് ഏററവും പ്രിയമായിട്ടുള്ളത് എന്റെ ദർശനമാണെന്ന് എനിക്കു മനസ്സിലായി. ലോഹനിർമ്മിതമായ ആ ഗൃഹത്തിൽ തന്നെ ഞാൻ കുറെ കാലം താമസിച്ചു. ഈ നിരതിശയമായ സൌഖ്യം ഉപേക്ഷിച്ച് ഈ ദിക്കിലേക്കു മടങ്ങിവരുവാൻ എനിക്കു ലേശം ആഗ്രഹം ഉണ്ടായില്ല. എങ്കിലും സ്വദേശവാത്സല്യം നിമിത്തം എനിക്ക് ഈ ഗൃഹത്തിൽ താമസിക്കാനുള്ള ആഗ്രഹം കുറഞ്ഞുവശായി. ജന്മഭൂമിയുടെ സ്മരണ എന്റെ മനസ്സിലുദിച്ചപ്പോൾ ഞാൻ പലപ്പോഴും ഹാ ഹാ എന്ന് ഉച്ചരിച്ചു. ഹേ! മാതാവായ സുന്ദരവനമേ! ഞാൻ ഭവതിയെ എങ്ങിനെ വിസ്മരിക്കും? ഭവതിയുടെ സ്മരണ ഉണ്ടായതോടുകൂടി ഞാൻ ആട്ടു

മാംസം മുതലായത് ഉപേക്ഷിക്കാൻ തീച്ച്യാക്കി (എല്ലും തോലും മാത്രമെ ഞാൻ ഉപേക്ഷിക്കുള്ളൂ. മാംസം ഒരു എള്ളുപോലും ഉപേക്ഷിക്കുന്നതല്ല). എല്ലായ്പ്പോഴുമുള്ള എൻെറ വാലിൻെറ അടികൊണ്ട് എൻെറ മനോഗതത്തെ ഞാൻ എല്ലാവരേയും അറിയിക്കും. അല്ലയോ ജന്മഭൂമി! ഞാൻ ഭവതിയെ കാണുന്നതുവരെ എനിക്കു വിശപ്പില്ലെങ്കിൽ ഞാൻ ഭക്ഷിക്കുകയില്ല, ഉറക്കമില്ലെങ്കിൽ ഞാൻ ഉറങ്ങുകയില്ല. എൻെറ വ്യസനത്തെക്കുറിച്ച് ഇതിലധികം ഞാൻ എന്താണ് പറയേണ്ടത്? എൻെറ വയററിൽ കൊള്ളുന്നേടത്തോളം മാത്രമെ എനിയ്ക്ക് ആഹാരം വേണ്ടു ഇനിമേലിൽ ഞാൻ ഇപ്പോൾ കഴിക്കുന്നതിൽ പകുതി മാംസം മാത്രമേ കഴിക്കുകയുള്ളു. അതിൽ ഒട്ടും അധികം കഴിക്കുന്നതല്ല.'

പ്രസംഗവശാൽ പ്രാപ്തമായ ജന്മഭൂമിസ്നേഹംകൊണ്ടു പരവശനായ ആ ബൃഹല്ലാംഗുലാചാര്യൻ കുറെനേരം മിണ്ടാൻവയ്യാതെ സ്തബ്ധനായിനിന്നു. അയാളുടെ കണ്ണുകൾ രണ്ടിലും വെള്ളം നിറഞ്ഞതായും അതിൽനിന്നു രണ്ടു തുള്ളികൾ നിലത്തു വീണപോലെയും കാണപ്പെട്ടു. ചെറുപ്പക്കാരായ ചില വ്യാഘ്രപണ്ഡിതന്മാർ കണ്ണീർ തുള്ളികൾ വീണതിൻെറ അടയാളമൊന്നും കാണുന്നില്ലെന്നു വ്യവഹരിച്ചു. മനുഷ്യരുടെ വാസസ്ഥലത്തു താമസിച്ചിരുന്ന കാലത്തു തനിക്കു കിട്ടിയിരുന്ന ഏററവും സ്വാദുള്ള ആഹാരങ്ങളുടെ ഓമ്മ വന്നപ്പോൾ അയാളുടെ മുഖത്തു നല്ല രക്തപ്രസാദം ഉണ്ടായി. ക്ഷണനേരംകൊണ്ട് ഉപന്യാസകൻ ധൈര്യം അവലംബിച്ചു പ്രബന്ധം വായിക്കാൻ തുടങ്ങി. 'ഞാൻ ആ സ്ഥലം വിട്ട് ഇവിടെ എത്തിയത് എങ്ങിനെ എന്നു വിസ്തരിച്ചു പറയേണ്ട ആവശ്യം ഇപ്പോൾ ഇല്ല. എൻെറ ഗൃഹം ദിവസംപ്രതി അടിച്ചു നേരാക്കിയിരുന്ന ഭൃത്യൻ എൻെറ അഭിപ്രായം അറിഞ്ഞിട്ടോ അതല്ലെങ്കിൽ മറവികൊണ്ടോ എൻെറ ഗൃഹം വെടിപ്പാക്കിയതിൻെറ ശേഷം അതിൻെറ വാതിൽ അടക്കാതെ പോയി. ആ അവസരത്തിൽ ഞാൻ പ്രയാസംകൂടാതെ ആ ഗൃഹത്തിൽനിന്നു പുറത്തേക്കു വന്ന് എൻെറ മുമ്പിൽ കണ്ട ഉദ്യാനപാലകനേയും എടുത്തുകൊണ്ടു ഞാൻ ഈ ദിക്കിലേക്കു പോരികയും ചെയ്തു.

ഈ വൃത്താന്തങ്ങളെല്ലാം ഞാൻ വിവരിച്ചുപറഞ്ഞതിൻെറ ഉദ്ദേശം എനിക്കു മനുഷ്യരുടെ വാസസ്ഥലങ്ങളെപ്പററി നല്ല പരിചയമുണ്ടെന്നും അവരുടെ ചരിത്രങ്ങളെപ്പററി എനിക്കു നല്ലപോലെ അറിവുണ്ടെന്നും നിങ്ങളെ ബോദ്ധ്യപ്പെടുത്താൻ വേണ്ടിയാണ്. അതിനാൽ ഞാൻ പറയുന്നതിനെ നിങ്ങൾ ശ്രദ്ധവെച്ചു കേൾക്കുമെന്നുള്ളതിന് എനിക്കു ലേശം സംശയമില്ല. നിങ്ങൾക്ക് എൻെറ വാക്കിൽ വിശ്വാസം വരാൻവേണ്ടി ഞാൻ കണ്ടതിനെ യഥാർത്ഥമായി വർണ്ണിക്കാം. ഇതരന്മാരായ അന്യദേശസഞ്ചാരികളെപ്പോലെ അടിസ്ഥാനമില്ലാത്ത ഉപന്യാസങ്ങൾ എഴുതുവാൻ ഞാൻ ശീലിച്ചിട്ടില്ല. മനുഷ്യരെ സംബന്ധിച്ച പല കഥകളും ഞാൻ മുമ്പുതന്നെ കേട്ടിട്ടുണ്ട്. എന്നാൽ അതൊന്നും ഞാൻ വിശ്വസിക്കുന്നില്ല. ക്ഷുദ്രജന്തുക്കളായ മനുഷ്യർ വിചിത്രങ്ങളും പവ്വതങ്ങൾപോലെ വലുതും ആയ ഭവനങ്ങൾ ഉണ്ടാക്കുന്നു എന്നു പണ്ടെയ്ക്കുപണ്ടെ ഒരു കേൾവിയുണ്ട്. ഈ മാതിരി ഗൃഹങ്ങളിൽ അവർ താമസിച്ചുവരുന്നു എന്നുള്ളതു വാസ്തവമായ സംഗതിയാണ്, എന്നാൽ ആ മാതിരി ഗൃഹങ്ങൾ അവർ ഉണ്ടാക്കുന്നതു ഞാൻ ഒരിക്കലും കണ്ടി

ട്ടില്ല. ഞാൻ വളരെ അന്വേഷിച്ചു നോക്കീട്ടും മനുഷ്യർ തന്നെയാണ് ഈ മാതിരി ഭവനങ്ങൾ ഉണ്ടാക്കീട്ടുള്ളത് എന്നതിന്ന് ഒരു ലക്ഷ്യവും കണ്ടുകിട്ടീട്ടില്ല. ഞാൻ ആലോചിച്ചുനോക്കിയതിൽ മനുഷ്യർ താമസിക്കുന്ന എല്ലാ സ്ഥലങ്ങളും പർവ്വതങ്ങളെപ്പോലെത്തന്നെ സ്വതെ ഉണ്ടായിട്ടുള്ളതാണെന്നാണ് എന്റെ അഭിപ്രായം. ബുദ്ധിശാലികളായ മനുഷ്യപശുക്കൾ അനേകം ഗുഹകളോടുകൂടിയ പർവ്വതങ്ങളിൽ ചെന്ന് സ്വയമേവ താമസംതുടങ്ങി എന്നാണ് എനിക്കു തോന്നുന്നത്.

മനുഷ്യർ മാംസവും ഫലമൂലങ്ങളും ഭക്ഷിക്കുന്നു. വലിയ വൃക്ഷങ്ങളെ ഭക്ഷിപ്പാൻ അവർ ശക്തരാകുന്നില്ല. ചെറിയ ചെടികളെ അവർ സമൂലം ഭക്ഷിക്കുന്നു. മനുഷ്യർക്കു ചെറിയ ചെടികളിലാണ് ഏറ്റവും താല്പര്യം കാണുന്നത്. പ്രയത്നപ്പെട്ട് ചെടികളെ നട്ടുണ്ടാക്കി വേലിവളച്ച് മനുഷ്യർ അവയെ രക്ഷിക്കുന്നു. ഇങ്ങിനെ വേലിവളച്ചുകെട്ടിയ സ്ഥലങ്ങൾക്കു കണ്ടങ്ങളെന്നും തോട്ടങ്ങളെന്നും പറയപ്പെടുന്നു. ഒരുവന്റെ സ്ഥലത്തു കടന്നുചെന്ന് അതിലുള്ള സാധനങ്ങളെ അന്യനു ഭക്ഷിച്ചുകൂടാ.

മനുഷ്യർ ഫലമൂലാദികളെ ഭക്ഷിക്കുന്നു എന്നുള്ളതു സത്യമായ സംഗതിയാണ്. എന്നാൽ അവർ പുല്ലുതിന്നുന്നുണ്ടോ ഇല്ലയോ എന്നു തീർച്ചയായി പറവാൻ എനിക്കു സാധിക്കുന്നതല്ല. ഞാൻ ഒരിക്കലും മനുഷ്യൻ പുല്ലുതിന്നുന്നതു പ്രത്യക്ഷമായി കണ്ടിട്ടില്ല. എങ്കിലും ഈ സംഗതിയെപ്പറ്റി വളരെ കാലമായി എന്റെ മനസ്സിൽ ഒരു സംശയം കടന്നുകൂടീട്ടുണ്ട്. വെളുത്ത മനുഷ്യരിൽ എല്ലാവരും കറുത്ത മനുഷ്യരുടെ കൂട്ടത്തിൽ ധനികന്മാരും താന്താങ്ങളുടെ പൂന്തോട്ടങ്ങളിൽ വളരെ പ്രയത്നപ്പെട്ടു പുല്ലുകളെ നട്ടുണ്ടാക്കുന്നു. അവയെ അവർ ഭക്ഷിക്കുന്നുണ്ടെന്നാണ് എന്റെ അഭിപ്രായം. അതല്ലെങ്കിൽ അവർ എന്തിനാണ് ഇത്ര ചിലവും പ്രയത്നവും ചെയ്തു തങ്ങളുടെ തോട്ടങ്ങളിൽ പുല്ലുകൾ ഉണ്ടാക്കുന്നത്? ഏതൊരു മനുഷ്യനും ദ്വേഷ്യം വന്നാൽ അവൻ 'ഞാൻ പുല്ലാണോ തിന്നുന്നത്' എന്നു സാധാരണ പറയാറുണ്ടെന്നു ഞാൻ ഒരു കറുത്ത മനുഷ്യന്റെ മുഖത്തു നിന്നു തന്നെ കേട്ടിട്ടുണ്ട്. താൻ എന്തു പ്രവൃത്തികൾ ചെയ്താലും അവയെ മറ്റുള്ളവരിൽനിന്നു മറച്ചുവെക്കുന്നതു മനുഷ്യന്റെ ജാതിസ്വഭാവമാണ്. കോപവശനായ മനുഷ്യൻ തന്നെത്താൻ മറന്നു പുല്ലു തിന്നുന്ന സംഗതിയെ വെളിപ്പെടുത്തുന്നത് ഓർക്കുമ്പോൾ മനുഷ്യർ പുല്ലുതിന്നുന്നവരാണെന്നു സിദ്ധാന്തിക്കേണ്ടിയിരിക്കുന്നു.

മനുഷ്യർ പശുക്കളെ പൂജിക്കുന്നു. അവർ എന്നെ എങ്ങിനെയാണ് സബഹുമാനം പൂജിച്ചത് എന്നു ഞാൻ മുമ്പുതന്നെ പ്രസ്താവിച്ചുവല്ലോ. അവർ കുതിരകളേയും പൂജിക്കുന്നു. കുതിരകളുടെ താമസത്തിന്നായി അവർ ഗൃഹങ്ങൾ ഉണ്ടാക്കുന്നു. അവയ്ക്കു നിശ്ചിതസമയങ്ങളിൽ ഭക്ഷണം കൊടുക്കുകയും അവയെ തിരുമ്മി കഴുകുകയും ചെയ്യുന്നു. കുതിരകൾ മനുഷ്യരെക്കാൾ ശ്രേഷ്ഠജന്തുക്കളായതുകൊണ്ടായിരിക്കണം മനുഷ്യർ അവയെ പൂജിക്കുന്നത് എന്നു ഞാൻ വിചാരിക്കുന്നു. ഇപ്രകാരം മനുഷ്യർ കഴുതകളേയും പൂജിക്കുന്നു. കഴുതകളെ പൂജിക്കുമ്പോൾ അവർ ഉപയോഗിക്കുന്ന മന്ത്രങ്ങൾ വേറെ ഭാഷയിലായതുകൊണ്ട് അവയെ ഞാൻ നമ്മുടെ ഭാഷയിലേക്കു തർജ്ജിമ ചെയ്ത് വേറെ ഒരു അവസരത്തിൽ നിങ്ങളെ കേൾപ്പിച്ചുകൊള്ളാം.

മനുഷ്യർ ആടു, മാടു, മുതലായ മൃഗ

ങ്ങളെ വളരെ ആദരവോടുകൂടി വളൎത്തിവരുന്നു. പശുക്കളുടെ നേരെയുള്ള മനുഷ്യരുടെ നടവടി ഏററവും ആശ്ചൎയ്യകരമായിട്ടുള്ളതാണ്. അവർ പശുക്കളുടെ പാൽ കുടിക്കുന്നു. അതുകൊണ്ട് ഇവർ ആദ്യം പശുക്കുട്ടികളായിരുന്നു എന്നു ചിലർ സിദ്ധാന്തിക്കുന്നുണ്ട്. അത്രത്തോളം പറവാൻ ഞാൻ ഒരുങ്ങുന്നില്ലെങ്കിലും മനുഷ്യരുടെയും പശുക്കളുടെയും ബുദ്ധിക്കു സാദൃശ്യം ധാരാളമുണ്ടെന്നു പറവാൻ ഞാൻ സന്നദ്ധനാണ്.

അത് എങ്ങിനെ എങ്കിലുമാവട്ടെ. മനുഷ്യർ ആടുകൾ മുതലായവയെ വളൎത്തിവരുന്നതു തങ്ങളുടെ ഭക്ഷണസൌകൎയ്യത്തിന്നുവേണ്ടി മാത്രമാണ്. ഇത് ഏററവും നല്ല ഒരു നടവടിയാണെന്നുള്ളതിന്നു സംശയമില്ല. അതുപോലെ കോട്ടകൾ മുതലായതു നിൎമ്മിച്ചു നമ്മളും മനുഷ്യരെ രക്ഷിക്കേണ്ടതാണെന്നുള്ള വിഷയത്തെപ്പററി ഒരു പ്രബന്ധം എഴുതി ഇനിയൊരവസരത്തിൽ സഭ കൂടുമ്പോൾ ഞാൻ നിങ്ങളെ കേൾപ്പിക്കാം.

പശുക്കൾ, കുതിരകൾ, ആടുകൾ, കഴുതകൾ, മുതലായവയെക്കുറിച്ചു ഞാൻ മുമ്പു പ്രസ്താവിച്ചുവല്ലൊ. ഇപ്രകാരം തന്നെ മനുഷ്യർ ആന, ഒട്ടകം, നായ, പൂച്ച മുതലായവയേയും ചില പക്ഷികളേയും ബഹുമാനിച്ചുവരുന്നു. അതുകൊണ്ടു മനുഷ്യൻ സകലജന്തുക്കളുടേയും ഭൃത്യനാണെന്നു പ്രതിപാദിക്കപ്പെടാവുന്നതാണ്. മനുഷ്യരുടെ വീടുകളിൽ ഞാൻ അനേകം കുരങ്ങന്മാരെ കണ്ടു. അവയിൽ ചിലതു വാലുള്ളവയും മററുള്ളവ വാലില്ലാത്തവയും ആകുന്നു. വാലുള്ള വാനരന്മാർ ഭവനങ്ങളുടെ മേൽഭാഗങ്ങളിലും വൃക്ഷങ്ങളിലും ആണ് സാധാരണ കാണപ്പെടുന്നത്. അധോഭാഗങ്ങളിലും വളരെ വാനരന്മാർ താമസിക്കുന്നുണ്ട്. അവരിൽ അധികംപേരും ഉയൎന്ന സ്ഥാനങ്ങളിലാണു താമസിക്കുന്നത്. ഇതിന്നു കാരണം അവരുടെ വംശമൎയ്യാദ മാത്രമാണ് എന്നു ഞാൻ വിചാരിക്കുന്നു.

മനുഷ്യരുടെ ചരിത്രം വളരെ അത്ഭുതമായിട്ടുള്ളതാണ്. അവരുടെ വിവാഹരീതി ആശ്ചൎയ്യകരവും കൌതുകമുള്ളതും അവരുടെ രാജ്യഭരണതന്ത്രം മനോഹരമായിട്ടുള്ളതും ആകുന്നു. ആ വിഷയങ്ങളെപ്പററി ഞാൻ കുറഞ്ഞൊന്ന് ഇവിടെ പ്രസ്താവിക്കാം.'

പ്രബന്ധവായന ഇത്രത്തോളമായപ്പോൾ സഭാനാഥനായ അമിതോദരനെന്ന മഹാൻ വളരെ ദൂരത്തിൽ ഒരു മാൻകുട്ടിയെ കാണുകയും തന്റെ ഇരിപ്പിടത്തിൽനിന്നു ചാടി എഴുനീററ് അതിന്റെ പിന്നാലെ ഓടുകയും ചെയ്തു. ഈ മാതിരിയിലുള്ള ദൂരദൎശിത്വം കൊണ്ടാണ് അമിതോദരൻ സഭാദ്ധ്യക്ഷസ്ഥാനത്തിന്ന് അൎഹനായത്. സഭാനാഥൻ ഇപ്രകാരം പെട്ടെന്നു കാണിച്ച വിദ്യാവൈമുഖ്യം ഉപന്യാസകന്നു വ്യസനകാരണമായിത്തീൎന്നു. ഉപന്യാസകന്റെ മനോഗതം അറിഞ്ഞ ഒരു സഭ്യൻ "നിങ്ങൾ വ്യസനിക്കേണ്ട. സഭാനാഥൻ വിഷയകൎമ്മത്തിന്നായിട്ടോണ്ടു പോയതാണ്. മാൻകുട്ടിയുടെ മണം വരുന്നു." എന്നു പറഞ്ഞ് അയാളെ ആശ്വസിപ്പിച്ചു.

ഈ വാക്കുകൾ കേട്ടമാത്രയിൽ മഹാന്മാരായ എല്ലാ സഭാവാസികളും വാലുകൾ പൊക്കി വിഷയകൎമ്മത്തിന്നായിക്കൊണ്ട് ഓടിപ്പോയി. യോഗ്യനായ ഉപന്യാസകനും സഭാവാസികളുടെ നടവടിയെത്തന്നെ അനുസരിച്ചു. ഇങ്ങിനെ നരികളുടെ ആ ന്നത്തെ മഹാസഭ അകാലത്തിൽ തന്നെ പിരിഞ്ഞുപോയി.

പിന്നെ അവർ എല്ലാവരും കൂടി വേണ്ടപോലെ ആലോചിച്ചു വേറെ ഒരു ദിവ

സം സഭക്കൂടുകയും അതിൽ സഭാകൃത്യങ്ങളെല്ലാം വിഘ്നംകൂടാതെ നിർവ്വഹിക്കപ്പെടുകയും ചെയ്തു. പ്രബന്ധത്തിന്റെ അവശിഷ്ട ഭാഗം ആ സഭയിൽ ഉപന്യാസകൻ വായിച്ചു. അതു രണ്ടാമത്തെ പ്രബന്ധത്തിന്റെ വിഷയമായി ഭവിക്കുന്നതാണ്.

കെ. കുഞ്ഞുണ്ണിനായർ ബി.എ; ബി.എൽ

# തത്ത്വാവബോധസമ്പത്തി

ആനന്ദമേകിയകതാരിലെനിക്കുമുന്നം
കാനനങ്ങളും,കുളിരുകാവുകളും,തടാകം
മീനങ്ങളോടൊലിയെഴുംനദിയും,സുഗന്ധ-
സൂനങ്ങളാർന്നതരുവൃന്ദവുമൊന്നുപോലെ.
എന്നല്ലമന്നുമതിലുള്ളപദാർത്ഥമെല്ലാ-
മെന്നുള്ളിലന്നുപുതുതായ്പുതുതായ്കിനാവിൽ
മിന്നുന്നമാതിരിമനോജ്ഞതയോടുകൂടി-
ത്താന്നേവിളങ്ങിപരമത്ഭുതദിവ്യകാന്ത്യാ.
ഇന്നിങ്ങിതൊക്കെയിരുളാർന്നമരുന്നപോലെ
തോന്നുന്നതിന്നുബത!കാരണമെന്തുതാനോ?
മുന്നംമനസ്സിലലിവേകിയസാധനങ്ങ-
ളിന്നേതുമേമുദമെനിക്കുതരുന്നതില്ല.
ഒരുനാളിലെന്നുടെമനസ്സിനിളക്കമേററം
തന്നോരുകാഴ്ചകളിതാ!വിലസുന്നുവിന്നും:—
കുന്നിന്നുമേലതിമനോഹരമിന്ദ്രചാപം
ചേർന്നുള്ളമാമുകിലിരുണ്ടുനിരന്നിടുന്നു;
ചെന്താമരച്ചിറചിരിച്ചുവിരിഞ്ഞിടുന്നു;
സന്തോഷമോടുമുകിലൊററുമാനമാർന്ന്
സന്താപമാകവെയകററിമനോഭവന്നു
പന്താംകൊളുത്തിവിലസുന്നുശശാങ്കനിന്നും
താരാഗണംപ്രതിഫലിച്ചുജലാശയങ്ങ-
ളോരായിരംനയനമാർന്നുതെളിഞ്ഞിടുന്നു;
നീരാർന്നമുത്തുമണിമാലകളൊട്ടനേകം
നേരായ്നിരന്നുവെളിവായരുളുന്നപോലെ
ആശാമുഖങ്ങളിലശേഷവുമംശുമാലീ
നൈശംതമസ്സിനെയകററിവിളങ്ങിടുന്നു;
വീശുന്നമന്ദമലയാനിലനാതപത്തിൻ-
ക്ലേശങ്ങളാകെയകലത്തുപറത്തിടുന്നു;
ഈവണ്ണമായ്സകലതുംപതിവിൻപടിക്കു
മേവുന്നുവെങ്കിലുമെനിക്കുമനക്കുരുന്നിൽ
ചൊവ്വൊന്നുവിട്ടവയിലൊന്നിലുമില്ലജീവ-
നേവംവിചാരമുളവാവതിനെന്തുബന്ധം?
ഗാനാമൃതംഗഗനമാർന്നുകുയിൽകിടാങ്ങ-
ളാനന്ദമോടുചൊരിയുന്നുമനംതെളിഞ്ഞു;
മാനംമെതിച്ചുകലയോടൊരുമിച്ചുതാള-
മൂനംവരാതെപലനർത്തനമാടിടുന്നു-
ഉൾത്താരിലത്തലതിമാത്രമെനിക്കുമാത്ര-
മെത്തിത്തുളുമ്പിമറിയുന്നദശാന്തരത്തിൽ
തത്ത്വംമനസ്സിലുളവാക്കിയബോധമാർന്നു
മത്താപമാകവെയകന്നുമനംതെളിഞ്ഞു.
ഊക്കൻമഹീധ്രനുടെനാവുകണക്കുനീണ്ടു
തൂക്കായിവീഴുമരുവിത്തലവന്റെശബ്ദം
വീക്കുന്നവന്മലകളിൽപ്രതിനാദമോറു
വക്കാണമോടുഗുഹതന്നിൽമുഴങ്ങിടുന്നു;
കുന്നാലികൾക്കുവിളയാട്ടിനുചേർന്നകുന്നിൽ
കുന്നിച്ചുമാറെറാലിചെവിക്കമൃതായിടുന്നു;
പൊന്നിൻനിറംകവരുമക്കതിർകൊണ്ടുക-
മെന്നേരവുംനയനകൌതുകമേകിടുന്നു;(ണ്ടു-
ഉല്ലാസമോടുമരുവുന്നചരാചരങ്ങ-
ളെല്ലാംവസന്തസമയത്തിനുചേർന്നവണ്ണം;
ഇല്ലാതെയാക്കിമരുവില്ലപരാധിയായ്ഞാ
(ൻ
കില്ലാന്നിവററയുടെയുത്സവഘോഷമിപ്പോ
(ൾ

ഗോപാലരേ!തെളിവിനോടുവിളിച്ചുകൂട്ടിൻ
കൊമ്പുതിമാടുകളെയന്തിയണഞ്ഞിടുമ്പോ
ഇമ്പംമതീയമന്തതാരിലമന്ദമായി- (ൾ
ട്ടമ്പോടുയന്നിടുമതിങ്ങിഹകേട്ടിടുമ്പോൾ
ഓണംവിളിച്ചുപറയുന്നമൃഗങ്ങൾതമ്മിൽ
ക്ഷീണിച്ചിടാതെചെറുപക്ഷികൾപാടിടുന്നു
പ്രാണിപ്രപഞ്ചമൊരുപോലെരമിച്ചിടു
മ്പോൾ
ചേണാൎന്നവാനമിഹപുഞ്ചിരിതൂകിടുന്നു.
ചാട്ടത്തിലൊട്ടുപിഴപറ്റിയചൊക്കനൊപ്പം
കൂട്ടത്തെവിട്ടമരുവിപ്പുനിയല്ലലോടെ
മട്ടിന്നുമാറിയരയുംതലയുംമുറുക്കി-
ട്ടൊട്ടേറെനിങ്ങളൊടുകൂടിരമിച്ചിടാഞ്ഞാൻ.
ഇക്കണ്ടതൊക്കെയുലകിൽപ്പുതുമോടിയാൎന്നു
നില്ക്കുന്നപുഷ്പസമയത്തിനുചേൎന്നവണ്ണം;
നോക്കുന്നദിക്കുകളിലൊക്കെവിരിഞ്ഞിടുന്ന
പൂക്കൊത്തുകട്ടികൾപറിച്ചണിയുന്നുചെമ്മേ
തുള്ളുന്നതള്ളയുടെകയ്യിലിരുന്നുപൈത-
ലുള്ളംതെളിഞ്ഞു;സുദിനങ്ങളുമിങ്ങുവന്നു;
കൊള്ളാമിതെങ്കിലുമിതാമരുവുംമരംമേ
കൊള്ളാത്തചിന്തയുളവാക്കിവിളങ്ങിടുന്നു.
ഇമ്മൂപ്പുംനിലവുമിന്നിഹകണ്ടിടുമ്പോൾ
നിൎമ്മായമന്നിവയിലാൎന്നമനോഹരത്വം
വന്മായമോടെവിടെയോടിയൊളിച്ചുവെന്നു
മന്മാനസത്തിലതിചിന്തജനിച്ചിടുന്നു-
ഭ്രാന്തോ,?കിനാവിലിഹകണ്ടതുപോയതാ
(ണോ?
സന്തോഷമേകിയൊരുബന്ധുപിരിഞ്ഞതാ
(ണോ?
എന്തോകളഞ്ഞതുതിരഞ്ഞുനടപ്പതാണോ
ഹന്തേദൃശംവിലസിടുന്നവികാരമുള്ളിൽ.
ഇജ്ജന്മമേമറവിയാൎന്നമയക്കമത്രേ-
യജ്ഞാനമൂലമിതുലോകമനശ്വരംതാൻ
മുജ്ജന്മവാസനയുമാൎന്നുജനിച്ചജീവ-
നാൎജ്ജിച്ചകൎമ്മഫലവുംപുനരസ്തമിക്കും (യി-
ഉണ്ടായതിങ്ങെവിടെനിന്നൊവിടേക്കുപോ
പ്പുണ്ടതിലാണിതുലയിച്ചുകിടന്നതെന്നും,
വേണ്ടുംവിധത്തിലതിചിന്തനചെയ്യുവെന്നാ
(ൽ

കണ്ടിടുമപ്പോഴതുചിന്മയവിശ്വരൂപം.
ആനന്ദരൂപമഥസൽപദമാത്രവേദ്യം,
മാനാതിഗംമനമതിന്നു,മനന്ത,മാദ്യം,
നാനാത്വമറ്റപരചിൽപരിപൂൎണ്ണ,മേകം-
താനാണുമൂലമൊരുതത്വ,മതാണുസത്യം.
മായംകലൎന്നമുകിൽനിൎമ്മലമാംവിയത്തിൽ
വായുപ്രകോപമുളവായുയരുന്നമട്ടിൽ
മായാവിലാസമതിനാലിഹജീവരുണ്ടായ്
ഭൂയോപിതത്വമതിലങ്ങുലയിച്ചുമന്തേ.
മന്നിൽപിറന്നശിശുവിന്നുമനക്കരുന്നിൽ
മിന്നുന്നചിന്മയവിലാസവിശേഷമെന്നും;
തെന്നുന്നുപിന്നെയതുമേനിവളൎന്നബാല്യം
വന്നീടുമന്നുപലലീലകളാടിടുമ്പോൾ.
പൊയ്യേതുമേമനമതിൽപിരളാതെയുള്ള
പയ്യൻകളിച്ചസുഖമായരുളുംദശായാം
പയ്യെതെളിഞ്ഞിടുമവന്നുകദാചിദേവ
മെയ്യായതത്വമൊരുമൂടലിനുള്ളിലായി.
പാറാപ്പുരസ്കമതിങ്കലെഴുംതമസ്സി-
ലേറുന്നവാറുമാവായിടുമങ്ങുദീപം
മാറിക്കുമാരദശയുംവളരുംയുവാവി-
നാറുംമനസ്സിലറിവുംമറവാംസ്വബോധം.
ഓരോനിമേഷവുമതീതമതായിടുമ്പോൾ
ദൂരത്തുപാകമുദയാദ്രിയിൽനിന്നുസൂൎയ്യൻ,
ചാരത്തുവന്നിടുമതിൻപടിയസ്തശൈലം,
നേരായിതാണുഗതിജീവരുമിന്നുപാരിൽ.
എന്നാലുമച്ചതിരിയുന്നവരുള്ളയച്ച
വന്നിടുമെന്നൊരുഗുണംഗണനീയമത്രേ
കുന്നിച്ചിടുംമഹിമയേറിയമോഹജാല-
മെന്നുംയുവാവിനുമനസ്സിനുയച്ചനല്കും.
പ്രായത്തികഞ്ഞുവരുമപ്പൊഴതാമനുഷ്യൻ
മായാപ്രപഞ്ചജലധൌമുഴകീട്ടുബോധം
സ്വീയംവെടിഞ്ഞഹഹ!ലൌകികചിന്തയി
(ൽതാൻ
പേയാൎന്നുതാപഭരമേറുദിനാകഴിച്ചും.

(തുടരും)

എം. രാജരാജവൎമ്മതമ്പുരാൻ
എം. എ; ബി. എൽ.

# സുന്ദരി

കാഴ്ചയും കോൾപ്പണിയും ജോലിയും കയറുവലിയും തിട്ടക്കവും തിരുവാതിരയും എല്ലാം കൂടിയ തിരക്കിന്നിടയിൽ അച്ചുകൂടക്കാരോടു പല തവണയും വഴക്കടിച്ചു 'കേരളകോലാഹലം' മാസികയുടെ ധനുലക്കം ഒരുവിധം പ്രസിദ്ധപ്പെടുത്തി. പകുതി കൃതാർത്ഥനായ പത്രാധിപർ മാസിക വരിക്കാർക്കയപ്പാൻ ശട്ടംചെയ്തുകൊണ്ടിരിക്കുമ്പോൾ ഡാക്ടർ ശിവറാം ഇംഗ്ലീഷ് ഉടുപ്പു ധരിച്ചു ചുരുട്ടും വലിച്ചുകൊണ്ടു പത്രാധിപരുടെ അടുത്തു ചെന്നു 'ആനന്ദപുരത്തേക്കുണ്ടോ' എന്നു ചോദിച്ചു. ശിവറാം ചെറുപ്പംമുതൽക്കു പത്രാധിപരുടെ സ്നേഹിതനാണ്. ഇവർ ഇരുവരും ഒന്നിച്ചു താമസിച്ച് ഒരേ ക്ലാസ്സിൽ പഠിച്ചു വളൎന്നവരാണ്. എപ്പോഴും സഹചാരികളായ ഇവരെ മാസ്റ്റർ അശ്വിനീദേവകൾ എന്നാണ് പറഞ്ഞുവന്നിരുന്നത്. എഫ്. എ. ജയിച്ചു ജയന്തപട്ടണത്തേക്കു പോയതും ഇവർ ഒന്നിച്ചുതന്നെയാണ്. അവിടെ ചെന്നുകൂടിയതു മുതൽ ഇവരുടെ സ്വഭാവത്തിന്നു ചില വ്യത്യാസങ്ങൾ വന്നുതുടങ്ങി. ശിവറാം എല്ലാ നടവടികളിലും യൂറോപ്യന്മാരുടെ സമ്പ്രദായം സ്വീകരിച്ചു പോന്നു. പത്രാധിപർ അത്രയ്യത്ര മാതൃഭാഷയായ മലയാളത്തെത്തന്നെ ആദരിച്ചും വന്നു. എല്ലായ്പോഴും മലയാളം തന്നെ വായിച്ചുകൊണ്ടും എഴുതിക്കൊണ്ടും ഇരിക്കുന്നതിനെപ്പറ്റി ശിവറാം പരിഹസിക്കാറുണ്ട്. യൂറോപ്യവേഷം കെട്ടുന്നതിനെപ്പറ്റി പത്രാധിപർ അങ്ങോട്ടും ശകാരിക്കാതെ വിടാറില്ല. അധികം താമസിക്കാതെ ശിവറാം ഇംഗ്ലണ്ടിൽ പോയി ആംഗലേയാചാരത്തെ പൂർണ്ണമായി സ്വീകരിച്ചു ഡാക്ടരായി മടങ്ങിവന്നു. അതുമുതൽ പത്രാധിപരും ഡാക്ടരും മുമ്പിലത്തെപ്പോലെ യോജിപ്പായിരുന്നില്ല. എങ്കിലും ഇവരുടെ നടവടിയിൽ യാതൊരു വ്യത്യാസവും ഭാവിക്കാറില്ല. 'ആനന്ദപുരത്തേക്കുണ്ടോ' എന്നു സ്നേഹിതൻ ചോദിച്ചപ്പോൾ താൻ എന്നാണു പോകുന്നത് എന്നു പത്രാധിപർ ചോദിച്ചു.

ഡാക്ടർ—'ഇന്നു തന്നെ.'

പത്രാ—'വിഡ്ഢി! നേരം ഇല്ലല്ലോ.'

ശിവറാം വാച്ചെടുത്തു നോക്കി ചുരുട്ടു പല്ലുകളുടെ ഇടയിൽ ഇടുക്കിക്കൊണ്ടു 'ഇപ്പോൾ ഒരു മണിയേ ആയിട്ടുള്ളു. വണ്ടി നാലു മണിക്കാണ് പുറപ്പെടുന്നത്. ഇനിയും മൂന്നു മണിക്കൂറ് അതായതു ൧൮൦ മിനുട്ട് ഉണ്ടല്ലോ.'

പത്രാ—എടോ! താൻ ദൊരയായിപ്പോയി. ഞാൻ ഒരു കറുത്ത മനുഷ്യൻ. തന്നെപ്പോലെ വേഗത്തിൽ ജോലികൾ ഒതുക്കുവാൻ എന്നെക്കൊണ്ടു സാധിക്കുമോ? എന്റെ കുളിയും ഭക്ഷണവും കഴിയുമ്പോൾ പന്ത്രണ്ടു മണിയാവും. പിന്നെ കുറച്ചു വിശ്രമി—

ഡാക്ടർ—നൊൺസെൻസ്. ആ ഉപായങ്ങളൊന്നും ഞാൻ കേൾക്കില്ല.

പത്രാ—താൻ ആനന്ദപുരത്തേക്കു പോകുന്നുണ്ടെങ്കിൽ അതു രണ്ടുദിവസം മുമ്പ് എന്നോടു പറയായിരുന്നില്ലേ?

ഡാക്ടർ—ഇന്നു കാലത്താണ് പേഷ്ക്കാരവർകളുടെ ക്ഷണക്കത്തു കിട്ടിയത്.

പത്രാ—'എന്ത് പേഷ്ക്കാർ കുഡുംബത്തോടു കൂടി ആനന്ദപുരത്ത് എത്തീട്ടുണ്ടോ?' എന്ന് ആശ്ചര്യത്തോടേ ചോദിച്ചു. 'നിശ്ച

ഷമായും' എന്നു പറഞ്ഞു ശിവറാം ഒരു മന്ദഹാസം ചെയ്തു. രാമൻപിള്ള പേഷ്ക്കാർ സരസ്വതിയെക്കൂടി അതിശയിപ്പിക്കത്തക്ക പഠിപ്പുള്ള സുന്ദരി എന്നു പേരായ ഒരു മകളുണ്ട്. ഡാക്ടർ അവളുടെ മോഹനവലയിൽ പെട്ടിരിക്കുന്നു എന്ന ഗൂഢവർത്തമാനം പത്രാധിപർക്കല്ല പലർക്കും അറിയാം.

'എന്ത്! കഷ്ടം! നാലു മണിവരെ നമ്മൾ കാത്തിരിക്കണോ? അതിന്നു മുമ്പു പുറപ്പെടുന്ന വണ്ടി ഒന്നും ഇല്ല അല്ലെ?' എന്നു പത്രാധിപർ ചോദിച്ചപ്പോൾ ഡാക്ടർ ശിവറാം നാടകത്തിലെ വേഷക്കാരെപ്പോലെ ഒന്നു ദീർഘശ്വാസം വിട്ടുകൊണ്ട് 'ഇല്ല' എന്നു പറഞ്ഞു. പത്രാധിപർ ഒരിക്കലും ഒരു സ്ത്രീയെക്കണ്ടു മോഹിച്ചിട്ടില്ലെങ്കിലും ആ വിഷയത്തിൽ കുറച്ചു പരിചയം ഉള്ള ആളാണ്. നാളെപ്പോവാമെന്നു സ്നേഹിതനോടു പറയുന്നതു പുലിയോടു മാംസഭക്ഷണം നിർത്തണമെന്നു പറയുന്നതിനോടു തുല്യമാണെന്നു മനസ്സിലാക്കിയിരുന്നതിനാൽ അന്നുതന്നെ പുറപ്പെടുവാൻ സമ്മതിച്ചു. തങ്ങൾക്കു വേണ്ടുന്ന സാമാനങ്ങളെല്ലാം വേഗത്തിൽ ഒരുക്കി നാലുമണിവണ്ടിക്കു പുറപ്പെടുകയും ചെയ്തു.

പിറ്റന്നാൾ കാലത്ത് എട്ടു മണിക്കു വണ്ടി ആനന്ദപുരം സ്റ്റേഷനിലെത്തിയപ്പോൾ പേഷ്ക്കാരവർകൾ ഭാര്യയോടും മകളോടും കൂടി പ്ലാറ്റുഫാറത്തിൽ നില്ക്കുന്നുണ്ടായിരുന്നു. മലയാളസ്ത്രീകൾ സ്റ്റാക്കിംഗ്സും ബൂട്ട്സും ധരിച്ച് ഇങ്ങിനെ കൂസൽകൂടാതെ പുരുഷന്മാരെപ്പോലെ നില്ക്കുന്നതു കണ്ടപ്പോൾ—വിശേഷിച്ചും സ്നേഹിതന്റെ ഭാര്യയും ഭാര്യയുടെ അമ്മയും ആകാൻ പോകുന്നവരെ ഈ മാതിരി കണ്ടപ്പോൾ പത്രാധിപർക്ക് അദ്ദേഹം വിചാരിക്കാത്തതായ ഒരു വ്യസനമുണ്ടായി. സ്ത്രീവിദ്യാഭ്യാസവിഷയത്തിൽ അദ്ദേഹം വളരെ അനുകൂലിയായിരുന്നുവെങ്കിലും സ്ത്രീകളുടെ ചട്ടവട്ടങ്ങളെ ഉപേക്ഷിച്ച് ഇങ്ങിനെ നടക്കുന്നത് അദ്ദേഹത്തിന്ന് ഒട്ടും സമ്മതമല്ല. ഈ വിഷയത്തെപ്പറ്റി കുറച്ചു ദിവസം മുമ്പു 'കോലാഹല'ത്തിൽ ഒരു ഉപന്യാസം തന്നെ അദ്ദേഹം പ്രസിദ്ധപ്പെടുത്തിട്ടുണ്ടായിരുന്നു. ഇനിയും അതേ വിഷയത്തെപ്പറ്റി എഴുതണമെന്ന് ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണ് മേല്പറഞ്ഞ കാഴ്ച കണ്ടത്. വണ്ടിയിൽനിന്ന് ഇറങ്ങിയ ഉടൻ തന്നെ ഡാക്ടർ ശിവറാം പത്രാധിപരെ തന്റെ സ്നേഹിതന്മാരുടെ അടുക്കൽ കൊണ്ടുപോയി പരിചയമാക്കി. അങ്ങിനെയുള്ള സ്ത്രീകളോട് അദ്ദേഹം അതുവരെ സംസാരിച്ചു പരിചയിക്കാത്തതുകൊണ്ട് ആ നിലയിൽ ഇന്ന വിധമാണു വേണ്ടതെന്നറിയാത്തതിനാൽ മേശയുടെ അടുക്കൽ ഉണ്ടായിരുന്ന ചില ചെടികളുടെ കൂട്ടത്തിൽ പത്രാധിപർ ഒരു പാവപോലെ നിന്നതേയുള്ളൂ. സുന്ദരി അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു പുഞ്ചിരിയോടുകൂടി 'നാരായണപ്പണിക്കരെ! നിങ്ങളുടെ മാസിക ഞാൻ ശരിയായി വായിക്കാറുണ്ട്' എന്നു പറഞ്ഞു. പിന്നെ എന്തോ പറവാൻ ഭാവിക്കുന്നതുപോലെ തോന്നി. അപ്പോഴേക്കും സുന്ദരിയുടെ അമ്മ 'കേരളകോലാഹല'ത്തിന്റെ ധനുവിലെ ലക്കം എപ്പോൾ പുറത്താവും എന്നു ചോദിച്ചു.

പത്രാധിപർ— ഇന്നലെ പുറത്തായി.

കല്യാണിയമ്മ— സുന്ദരീ! നിനക്കു മാസിക കിട്ടിയോ?

സുന്ദരി— ഇനിയും വന്നിട്ടില്ല.

പത്രാധി— പുറത്തായത് ഇന്നലെയാണല്ലൊ. നിങ്ങൾക്കു കിട്ടാറായിട്ടില്ല. എ

ല്ലാം ഒന്നിച്ച് ഒരുദിവസം അയപ്പാൻ സാധിക്കുന്നതല്ലല്ലോ.

സുന്ദരി—എനിക്കുള്ള മാസിക മാനനെല്ലൂർ പോയി മടങ്ങിവരണം. നിങ്ങളുടെ വക ഒരു പ്രതിയും ഇല്ലേ? സുന്ദരിക്കു കോലാഹലത്തിലുള്ള ശ്രദ്ധ കണ്ടപ്പോൾ പണിക്കരുടെ പത്രാധിപമനസ്സിന്നുണ്ടായ സന്തോഷം ഇന്നവിധമെന്നില്ല. അദ്ദേഹം ഉടനെ 'എന്റെ പക്കൽ പ്രതികൾ ഉണ്ട്. നാളെ നിങ്ങൾക്ക് ഒന്ന് അയച്ചുതരാം.'

സുന്ദരി— അതിന്നുവേണ്ടി നിങ്ങൾ ബുദ്ധിമുട്ടേണ്ട. സൌകൎയ്യംപോലെ അയച്ചാൽ മതി.

കല്യാണിയമ്മ— നാരായണപ്പണിക്കരേ! നിങ്ങൾ ദയചെയ്തു വൈകുന്നേരം ഞങ്ങൾ ഒന്നിച്ചു കാപ്പികുടിപ്പാൻ വരണം, മറക്കാതെ വരില്ലേ? എന്നു പറഞ്ഞു. അവർ പരിഷ്കാരസമ്പ്രദായത്തിൽ പത്രാധിപരോടു യാത്ര പറഞ്ഞുപോകയും ചെയ്തു.

'പാപ്പുതന്നെയാണ് വലുത്. അതുകൊണ്ടല്ലേ നമ്മുടെ സ്ത്രീകൾ കൂസൽകൂടാതെ പരപുരുഷന്മാരോടു സംസാരിക്കുന്നത്.' എന്നു വിചാരിച്ചുകൊണ്ടു പണിക്കർ തനിക്കു താമസിപ്പാൻ ഏൎപ്പെടുത്തിയിരുന്ന മഠത്തിലേക്കു പോയി. സ്നാനഭോജനാദികൾ കഴിച്ചു വഴിയാത്രകൊണ്ടുണ്ടായിരുന്ന ക്ഷീണം നിമിത്തം കുറച്ചൊന്നു കിടന്നു. പിന്നെ ജനസമുദായാചാരവിഷയമായി പലവിധം ആലോചനതുടങ്ങി. ഈ യൂറോപ്യക്രമംകൊണ്ട് ഒടുവിൽ എന്തു ഫലമാണുണ്ടാവാൻ പോവുന്നത് ആവോ! എന്നാണ് തുടങ്ങിയത് എങ്കിലും അധികം ആലോചിക്കുന്നതിന്നുമുമ്പു കുംഭകൎണ്ണൻ കണ്ണിട്ടെഴുന്നള്ളുകയാണുണ്ടായത്. കുറെ കഴിഞ്ഞ് എഴുന്നേറ്റിരുന്നു കാലത്തു നടന്ന സംഗതിയെ തുടൎന്നു വീണ്ടും ആലോചനതുടങ്ങി. സ്ത്രീപുരുഷന്മാർ വ്യത്യാസമില്ലാതെ പരിചരിക്കുന്നതുകൊണ്ടു പല ദോഷങ്ങളും ഉണ്ടാവാനിടയുണ്ടെന്നു പത്രാധിപൎക്കു തോന്നി. കാപ്പിക്കു പോകേണ്ട കാൎയ്യം തന്നെ സംശയത്തിലായി. ഇന്നു പോവാതിരിക്കുന്നതു ഭംഗിയല്ലെന്നും മേലിൽ ഈ വക സംഗതികളിൽ പ്രത്യേകിച്ചും മനസ്സിരുത്തണമെന്നും തീൎച്ചയാക്കി. അദ്ദേഹം ചെല്ലുന്ന ദിക്കിൽ നാഗരികതയുള്ള സ്ത്രീകളുള്ളതുകൊണ്ടു വസ്ത്രാലങ്കാരങ്ങളിൽ ചില വ്യത്യാസങ്ങൾ വരുത്തീട്ടാണ് പുറപ്പെട്ടത്. ആനന്ദപുരത്തു പലപ്പോഴും പോയി പരിചയമുള്ളതുകൊണ്ടു വഴികളെല്ലാം നല്ലവണ്ണം അറിയാമായിരുന്നു. നാലുമണിക്കു പത്തു മിനിട്ടുള്ളപ്പോൾ പേഷ്കാരുടെ വീട്ടിലെത്തി. ക്ഷണിച്ചിരുന്ന സമയം നാലുമണിക്കായിരുന്നു, ഇവർ ഇംഗ്ലീഷുമോടിക്കാരായതുകൊണ്ടു നിശ്ചിതസമയത്തിന്നു മുമ്പു ചെന്നാൽ താൻ പരിഷ്കാരമില്ലാത്ത നാട്ടുപുറക്കാരനാണെന്നു വിചാരിക്കുമെന്നു സംശയിച്ചുകൊണ്ടു കുറച്ചു നേരം പുറത്തു ലാത്തി. നാലടിച്ചപ്പോൾ താൻ കാലപരിഷ്കാരപ്രകാരം തന്റെ പേർ അച്ചടിച്ച ഒരു കടലാസ്സുതുണ്ട് അകത്തേക്കു കൊടുത്തയച്ചു. ഉടനെ എല്ലാവരും പണിക്കരെ സന്തോഷത്തോടുകൂടി അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. അപ്പോൾ സുന്ദരിയെ സ്റ്റേഷനിൽ കണ്ടതിലധികം സുന്ദരിയായിട്ടാണ് പണിക്കൎക്കു തോന്നിയത്. പച്ചവില്ലീസ്സുകൊണ്ടുണ്ടാക്കിയ സ്വദേശിസിൽവറും മധുരനാരങ്ങനിറത്തിലുള്ള പട്ടുധാവണിയും ഉഡ്യാണവും പ്ലാനൽകൊണ്ടുള്ള ജാക്ക

ററും ഇരുന്നു് അവൾ ധരിച്ചിരുന്നത്. കാതിൽ കമ്മലിട്ടു കറുത്ത തലമുടി വാരിക്കെട്ടി പിച്ചകമാലയും ചൂടീട്ടുണ്ടായിരുന്നു. സുന്ദരി ലാവണ്യംകൊണ്ടു രതിദേവിയെക്കൂടി തോല്പിക്കുന്ന സുന്ദരി തന്നെ. ആദ്യം ആ കൂട്ടത്തിൽ സ്നേഹിതൻ ഡാക്ടരെ കണ്ടില്ല. അയാളെ തനിച്ചു കണ്ടാൽ അയാളുടെ കാമദേവതയെപ്പററി നേരംപോക്കായി സംസാരിക്കാമായിരുന്നു എന്നു പണിക്കർ വിചാരിച്ചു. അപ്പോഴയ്ക്കും അദ്ദേഹവും വന്നുചേൎന്നു. കാപ്പികഴിച്ച് എല്ലാവരും കൂടി കുറച്ചു സംസാരിച്ചു കൊണ്ടിരുന്നതിന്നുശേഷം ലാത്താനുള്ള പുറപ്പാടായി. പത്രാധിപർ അവരോടു യാത്രപറഞ്ഞു. അപ്പോൾ കല്യാണിയമ്മ 'നാളെയും നിങ്ങൾ കാപ്പിക്ക് ഇങ്ങോട്ടു വന്നാൽ നമുക്കൊന്നിച്ചു നടക്കാൻ പോവാം' എന്നു പറഞ്ഞു. ഈ ക്ഷണം സ്വീകരിക്കാതിരിപ്പാൻ ഇതാണ് തരം എന്നു പണിക്കൎക്കു തോന്നി. അതിന്നുള്ള കാരണം അവരോടു പറയണോ? 'നിങ്ങൾ വന്നാൽ' എന്നല്ലേ പറഞ്ഞുള്ളൂ. അതൊരു ക്ഷണമാകുമോ? ഇങ്ങിനെ മനസ്സിൽ തന്നെത്താൻ തൎക്കിച്ചുകൊണ്ട് ഒരുത്തരവും പറയാതെ പണിക്കർ നിൽക്കുമ്പോൾ; മററുള്ളവർ മാത്രം 'പോയിവരട്ടെ' എന്നു വന്ദനം പറഞ്ഞു പോയി.

പിറേറന്നാൾ കാലത്തു പത്തുമണിക്കു ഡാക്ടർ ശിവറാം പത്രാധിപരുടെ മഠത്തിൽ ചെന്നു.

പണിക്കർ—സുന്ദരിയെ വിട്ടു താൻ എങ്ങിനെയാണ് ഇങ്ങോട്ടു പോന്നത്?

ശിവറാം—നിങ്ങൾ അവൾക്കൊരു മാസിക കൊടുത്തില്ലേ? അതിന്റെ പേര് എന്താണ്. മലയാളബഹളമോ? അല്ല കേരളകോലാഹലമോ? എന്തോ? അവളതിൽ മുങ്ങിയിരിക്കുന്നു. എനിക്കതിൽ അത്ര രസമില്ലാത്തതുകൊണ്ടു പോന്നതാണ്.

ഇതു കേട്ടപ്പോൾ പത്രാധിപൎക്ക് അതിയായ സന്തോഷമുണ്ടായി. സുന്ദരിക്കു പഠിപ്പിൽ അത്ര ശ്രദ്ധയുണ്ടോ? അവൾ എന്തെങ്കിലും എഴുതിയാൽ അതു തെററുതീൎത്ത് എന്റെ മാസികയിൽ പ്രസിദ്ധപ്പെടുത്തണം എന്നും ആലോചിച്ചു. ഈ അനുരാഗികൾ പണിക്കരുടെ മനസ്സിൽ വീണ്ടും ഒരു ഉണൎച്ചയുണ്ടാക്കിത്തീൎത്തു.

ഡാക്ടർ—ഞാൻ പോണു. കാപ്പിയ്ക്കു വരില്ലേ?

പണിക്കർ—കാപ്പിയ്ക്കോ? ഇന്നില്ല. പേഷ്കാരവർകളുടെ ഭാൎയ്യ എന്നെ ക്ഷണിച്ചിട്ടില്ല.

ഡാക്ടർ—അവർതന്നെയാണ് ക്ഷണിച്ചത്. ഞാൻ അടുക്കെ ഉണ്ടായിരുന്നുവല്ലോ.

പണി—അതെങ്ങിനെയാണ്? 'നിങ്ങൾ വന്നാൽ' എന്നല്ലേ പറഞ്ഞുള്ളൂ?

ഡാക്ടർ—അതെ അതുതന്നേയാണ് മൎയ്യാദ. നിങ്ങളെ ക്ഷണിക്കണമെങ്കിൽ ശാസ്ത്രോത്തരപ്രകാരം അഷ്ടമംഗല്യവും കൊണ്ടു നിങ്ങൾ ഇരിക്കുന്ന സ്ഥലത്തെക്കു വരണോ? പഴയ കമ്പിളിതന്നെ.

പണി—താനങ്ങിനെയൊന്നും പറയണ്ട. എനിക്ക് ഇന്ന് അങ്ങോട്ടും ഇങ്ങോട്ടും ഒന്നും നടക്കാൻ വയ്യ. ഞാൻ ചെന്നില്ലെങ്കിൽ വലിയ മൎയ്യാദക്കുറവാണെന്നു വിചാരിക്കുമോ? നിങ്ങളുടെ ഇംഗ്ലീഷുസമ്പ്രദായങ്ങളൊന്നും എനിക്കറിഞ്ഞുകൂട.

ഡാക്ടർ—ചോദിപ്പാനുണ്ടോ? വളരെ മൎയ്യാദക്കുറവുതന്നെ.

ഇതു കേട്ടപ്പോൾ പണിക്കൎക്കു തന്റെ നേരത്തന്നെ ഒരു നീരസം തോന്നി. ഞാൻ

അപ്പോൾത്തന്നെ വേലക്കാരുടെ ഭാര്യയോട് 'എനിക്കിന്ന ജോലിത്തിരക്കുള്ളതുകൊണ്ടു വരാൻ സാധിക്കില്ലെ'ന്ന പറഞ്ഞിരുന്നുവെങ്കിൽ ഇപ്പോൾ ഈ ഉപദ്രവമുണ്ടായിരുന്നില്ല.

ഡാക്കർ—ഓ. അത്ര കലശലായ മര്യാദക്കേറൊന്നുമില്ല. 'അതിനെപ്പറ്റി എന്താ ഇത്ര വിചാരം. പിന്നെ കാണുമ്പോൾ മാപ്പുചോദിച്ചാൽ മതി. എന്നാൽ നിങ്ങൾക്കെന്താ വരാൻ വെയ്യായ. വരൂ. നിങ്ങൾ നല്ല ആളാണ്.' എന്ന ചിരിച്ചുംകൊണ്ടു പറഞ്ഞു.

പണിക്കർ പോവാൻ മടിക്കുന്നതിനുള്ള ശരിയായ കാരണം ഡാക്കരോടു പറവാൻ വയ്യാത്തതുകൊണ്ടു 'കുറച്ചു ഗൌരവമായ ജോലിയുണ്ട്' എന്നു പറഞ്ഞു.

ഡാക്കർ—'ആ ജോലി നാളെയാവാം. ഇന്നു വരാതെ കഴികയില്ല. എങ്ങിനെയെങ്കിലും വരാൻ നോക്കണം.' എന്നു പറഞ്ഞു പോയി.

താൻ എന്തെങ്കിലും പറഞ്ഞോട്ടെ. ഞാൻ വരില്ല എന്നു പറഞ്ഞു പത്രാധിപർ ഇരുന്നു. എന്നാൽ കുറെ കഴിഞ്ഞപ്പോൾ അവിടെ തനിച്ചിരുന്നു മുഷിഞ്ഞു. പിന്നെ 'കോലാഹല'ത്തിന്റെ ആ ലക്കത്തെപ്പററി സുന്ദരിയുടെ അഭിപ്രായം എന്തെന്നറിവാൻ ആഗ്രഹവും ഉണ്ടായിരുന്നു. മുഖ്യമായി 'ഉത്തമസ്ത്രീധർമ്മം' എന്ന വിഷയത്തെപ്പററി അവൾ എന്തു വിചാരിക്കുന്നു എന്നും ആ ഉപന്യാസം വായിച്ചതിന്നു ശേഷം അവളുടെ വിചാരം എതുമാതിരിയായിരിക്കുമെന്നും തനിക്കറിയേണമെന്ന് ആഗ്രഹമുണ്ടായിരുന്നതുകൊണ്ടു പത്രാധിപർ അവരുടെ വീട്ടിലേക്കു പോവാൻ തീർച്ചയാക്കി. അദ്ദേഹം അവിടെ ചെന്നപ്പോൾ ഡ്രായിങ്ങ്റൂമിൽ ആരും ഉണ്ടായിരുന്നില്ല. കുറച്ചു കഴിഞ്ഞപ്പോൾ സുന്ദരി അവിടേക്കു കടന്നുചെന്നു. പുഞ്ചിരിയോടു കൂടി വന്ദനം പറഞ്ഞിട്ടു 'നിങ്ങളെ കണ്ടതു വളരെ സന്തോഷം. നിങ്ങൾ വരില്ലെന്നാണ് വിചാരിച്ചിരുന്നത്. അച്ഛനും അമ്മയും ഒരു തോട്ടം നോക്കുവാൻ പോയിരിക്കയാണ്. നിങ്ങൾ വരില്ലെന്നും നിങ്ങൾക്കു വളരെ ജോലിയുണ്ടെന്നും ഡാക്കർ ശിവറാം പറഞ്ഞു. പുതിയ ഉപന്യാസം വല്ലതും ആയിരിക്കും അല്ലേ?'

പണി—അതെ. ഇല്ലെന്നു ഞാൻ വിചാരിച്ചു. ജോലി ഉണ്ടായിരുന്നതുകൊണ്ട്—

സുന്ദ—ശരി. മനസ്സിലായി. ഞാൻ നിങ്ങളോടൊന്നു ചോദിക്കട്ടെ. 'കേരളകോലാഹല'ത്തിന്നു വേണ്ടി നിങ്ങൾ ഒരു ദിവസം എത്ര സമയം ചിലവാക്കാറുണ്ട്?

പണി—എന്റെ എല്ലാസ്സമയവും ചിലവാക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്നതു തന്നെ അതിന്നുവേണ്ടീട്ടാണ്.

സുന്ദ—അതല്ലെ സുഖം. അതുപോലെ ഞാനും രാവും പകലും ലേഖനമെഴുതുന്നതിൽ ചിലവാക്കിയാലൊ എന്നാഗ്രഹിക്കുന്നു. എന്നാൽ നിങ്ങളോടങ്ങിനെ പറയുന്നതു സാഹസമല്ലെ?

പണി—എന്താ?

സുന്ദ—നിങ്ങൾ എഴുതീട്ടുള്ള 'ഉത്തമസ്ത്രീധർമ്മം' എന്ന ഉപന്യാസത്തിൽ ഗൃഹഭരണം നടത്തുന്നതു സ്ത്രീകളുടെ പ്രധാനകടമയാകുന്നെന്നും ഗൃഹത്തിലുള്ള ബന്ധുക്കളോടു ചേൎന്നു സ്വാൎത്ഥം നോക്കാതെ ഭൎത്താവ്, രോഗികൾ മുതലായവരെ സഹായിക്കുന്നതും സ്ത്രീകളുടെ ഉത്തമകൃത്യമാണെന്നും നിങ്ങൾ അഭിപ്രായപ്പെട്ടതുപോലെ തോന്നുന്നു.

പണി—നിങ്ങൾ ആ ഉപന്യാസം മുഴുവൻ വായിച്ചു അല്ലേ?

സുന്ദ—ആക്ഷേപമുണ്ടോ? ആ പത്രം ഒക്

വൻ വായിച്ചു. ഇന്നലെ രാത്രി അതു വായിച്ചുകൊണ്ടങ്ങിനെ ഉറങ്ങിപ്പോയി. ഞാൻ ഉണൎന്നപ്പോൾ മെഴുതിരി കത്തി അവസാനിക്കുന്നതിന്നു മുമ്പു പടൎന്നുകണ്ടു വല്ലാതെ ഭയപ്പെട്ടുപോയി.

പണി—ഒന്നും തീപ്പിടിച്ചില്ലല്ലൊ?

സുന്ദ—അപ്പോൾ കട്ടിലിന്നു തീപ്പിടിച്ചു ഞാൻ ദഹിച്ചുപോയിരുന്നുവെങ്കിൽ പല വൎത്തമാനപത്രങ്ങളിലും പ്രസിദ്ധമാവുന്ന എന്റെ മരണവൎത്തമാനം നിങ്ങളുടെ 'കോലാഹല'ത്തിന്ന് ഒരു നല്ല പരസ്യമായി ഉപകരിക്കുമായിരുന്നു.

ആദ്യം ഇതിന്നു തക്കതായ മറുവടിയൊന്നും പത്രാധിപൎക്കു തോന്നിയില്ല. അല്പം ആലോചിച്ചപ്പോൾ ഒരു ഉപമ തോന്നി. അവൾ പ്രസ്താവിച്ച മെഴുതിരിയിലെ മെഴുപോലെ സൌകുമാൎയ്യവും അതിന്റെ പ്രകാശംപോലെ ശോഭയുമുള്ളവളാണ് അവളെന്നു പറവാൻ വിചാരിച്ചു. പക്ഷേ വെറുതെ കുറെ ചിരിച്ച് 'മലയാളലേഖനങ്ങളിൽ നിങ്ങൾക്ക് അത്ര പ്രതിപത്തിയുണ്ടെങ്കിൽ ഒന്നും എഴുതാത്തതെന്താണ്?' എന്നു ചോദിക്കുകയാണുണ്ടായത്.

സുന്ദ— ഞാൻ എഴുതിയാൽ ആർ വായിക്കും. ആദ്യം തന്നെ അത് അച്ചടിക്കുന്നതാരാണ്?

സുന്ദരി ഗൂഢമായി എഴുതിയിരുന്നുവോ എന്നു പത്രാധിപൎക്കു സംശയമുണ്ടായിരുന്നു. എന്നാൽ അതു നേരിട്ടു ചോദിക്കുവാൻ ധൈൎയ്യമുണ്ടായിരുന്നില്ല. പിന്നെ അവരുടെ സംഭാഷണം മാസികകളിൽ പ്രസിദ്ധംചെയ്യുന്ന ചെറുകഥകളെപ്പറ്റിയായിരുന്നു.

പണിക്കർ— നിശ്ചയപ്രകാരം എല്ലാമാസങ്ങളിലും ഓരോ ചെറിയ കഥകൾ പ്രസിദ്ധപ്പെടുത്തുന്നതിന്നു നല്ല കഥകൾ കിട്ടുന്നത് അപൂൎവ്വമാകയാൽ പത്രാധിപൎക്കു വളരെ കഷ്ടപ്പാടുണ്ടാകാറുണ്ട്.

സുന്ദ— എന്റെ ഒരു സ്നേഹിതൻ കഥകൾ എഴുതാറുണ്ട്. അദ്ദേഹം എഴുതീട്ടുള്ള കഥകളിൽ ഒന്ന് ഇപ്പോൾ എന്റെ കൈവശമുണ്ട്. അതു വേണമെങ്കിൽ നോക്കാം.

ഇങ്ങിനെയുള്ള ആപത്തു വരുമെന്നു പത്രാധിപർ മുമ്പ് അറിഞ്ഞിരുന്നുവെങ്കിൽ കഥകളുടെ പ്രസ്താവംകൂടി ഉണ്ടാവില്ലായിരുന്നു. 'പത്രാധിപയന്ത്രം തിരിച്ചുകൊണ്ടു വരുമ്പോൾ നൂതനഗ്രന്ഥകൎത്താക്കന്മാരെഴുതുന്ന പല ചെറുകഥകളും എനിക്കു വായിക്കേണ്ടിവരാറുണ്ട്. ഇപ്പോൾ ഒരു മാസത്തെ അവധിയെടുത്തിട്ടല്ലെ ഞാൻ ആനന്ദപുരത്തേക്കു വന്നിരിക്കുന്നത്. ഇപ്പോഴും ഈ ഉപദ്രവം തന്നെയോ? 'എങ്ങിനെയായാലും ഒഴിച്ചു വിടുവാൻ നിവൃത്തിയില്ലല്ലോ.' എന്നിങ്ങിനെ പിറുപിറുത്തുകൊണ്ടു 'നിങ്ങൾ എന്തു തന്നാലും നോക്കാം' എന്ന് അദ്ദേഹം പറഞ്ഞു.

സുന്ദ – അതിനെപ്പറ്റി ആന്തരമായ അഭിപ്രായം എന്നോടു പറയണം.

പണി— ഓ അങ്ങിനെ തന്നെ.

സുന്ദ— എഴുതിയ ആൾ എന്റെ സ്നേഹിതനാണെന്നു വിചാരിച്ചു നിങ്ങൾ ഒന്നും ഒളിച്ചു വെക്കരുത്.

പണി— അത് അറിയേണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ എന്റെ വാസ്തവമായ അഭിപ്രായം പറയാം.

സുന്ദരി ഉടനെ ആ കഥ എടുത്തുകൊണ്ടു വരുവാൻ പോയി. കുറച്ചു കഴിഞ്ഞപ്പോൾ ഭംഗിയിൽ വരയിട്ടിട്ടുള്ള വെള്ളക്കടലാസ്സിൽ എടുത്തു ഭാഗത്ത് ഒന്നും എഴുതാതെ മറെറ ഭാഗത്തു മാത്രം നേൎമ്മയായി എഴുതി മൂലയിൽ ചുവന്ന പട്ടുനൂൽ

കൊണ്ടു തുന്നിക്കെട്ടീട്ടുള്ള ഒരു കയ്യെഴുത്തു പുസ്തകം കൊണ്ടുവന്നു പണിക്കർക്കു കൊടുത്തു. അതു കണ്ടപ്പോൾ 'നൂതനഗ്രന്ഥകർത്താവോ' എന്നു പണിക്കർ ചോദിച്ചു.

സുന്ദ— അതെ. അതു നിങ്ങൾ എങ്ങിനെ അറിഞ്ഞു?

പണി— പുതുതായി എഴുതുന്നവർ തങ്ങൾ എഴുതുന്നതെല്ലാം വളരെ ബുദ്ധിമുട്ടി ജാഗ്രതയായി എഴുതിത്തീർക്കും. പേർ സമ്പാദിച്ചിട്ടുള്ളവരുടെ കയ്യെഴുത്തു സാധാരണയായി തെളിഞ്ഞിരിക്കുകയില്ല.

ഇങ്ങിനെ പറഞ്ഞുകൊണ്ടു പത്രാധിപന്മാർ സാധാരണയായി നോക്കുന്നതുപോലെ എഴുതിയ ആളുടെ പേരറിവാൻ വേണ്ടി ഒടുവിലത്തെ ഭാഗം നോക്കി അവിടെ യാതൊരു പേരും കണ്ടില്ല. കഥയിലുള്ള അനുരാഗികൾ തങ്ങളുടെ ജീവനെ കളഞ്ഞിട്ടുണ്ടൊ എന്ന് ആ ഭാഗത്തെ കുറച്ചു നോക്കി. എന്തെന്നാൽ നൂതനലേഖകന്മാർ പലരും തങ്ങളുടെ നായികാനായകന്മാരെ ജീവിച്ചിരിപ്പാൻ സമ്മതിക്കാറില്ല. എന്നാൽ ഈ കഥയിലെ അനുരാഗികൾ ജീവിച്ചിരിക്കുന്നതായി കല്പിച്ചിട്ടുള്ളതുകൊണ്ടു പത്രാധിപക്ക് അതിൽ ആഗ്രഹംതോന്നി. ഒരു സമയം സുന്ദരിയാണോ എഴുതീട്ടുള്ളതെന്നു സംശയവുമുണ്ടായി. ക്രസ്തുവുള്ള എഴുത്തുകാർ പലരും തങ്ങളുടെ ആദ്യത്തെ ലേഖനം ഒരു വിശപ്പന്മാർ എഴുതിയതാണെന്ന നിലയിൽ പ്രസിദ്ധപ്പെടുത്താറുണ്ട്. ഇങ്ങിനെ ആലോചിച്ച് 'ഇത് ഇന്നു ഞാൻ മഠത്തിലേക്കു കൊണ്ടുപോയി എനിക്കുതോന്നുന്ന അഭിപ്രായം നാളെ പറയാം' എന്നു പറഞ്ഞു. പലവിധത്തിലും അതു സുന്ദരി എഴുതിയതാണെന്നു തന്നെ അദ്ദേഹത്തിന്നു തോന്നി. അദ്ദേഹത്തിന്റെ അഭിപ്രായം എടുത്തു പറവാൻ വേണ്ട പദങ്ങൾ ആ ലേഖനത്തിൽ ധാരാളമുണ്ടായിരുന്നു. 'സ്നേഹിതന്മാർ എഴുതുന്നതിനെപ്പററി അഭിപ്രായം പറയുന്നതു നിത്യകർമ്മമായല്ലൊ' എന്നു പുഞ്ചിരിക്കൊണ്ടു പറഞ്ഞു. പിന്നെ പ്രേഷ്ഠാർ മുതലായവർ ഓരോരുത്തരായി വന്നുചേർന്നു. ചായകഴിഞ്ഞു നേരംപോക്കു പറവാൻ തുടങ്ങി. പുറത്തേക്കു പോവേണ്ട പ്രസ്താവമേ ഉണ്ടായില്ല.

പത്രാധിപർ മഠത്തിൽ ചെന്നു ഉടനെ കഥ വായിച്ചു. വായിച്ചുതുടങ്ങിയപ്പോൾ വലുതായ ഒരു തെററിദ്ധാരണ വന്നുപോയെന്ന് അദ്ദേഹത്തിന്നു തോന്നി. അത് അദ്ദേഹം ആദ്യം വിചാരിച്ചതുപോലെ പുതുതായി എഴുതുവാൻ തുടങ്ങീട്ടുള്ളതല്ല. പഴകിത്തെളിഞ്ഞിട്ടുള്ള ലേഖകന്റെ വാക്ചാതുര്യം നല്ലവണ്ണം അറിഞ്ഞു. എഴുതീട്ടുള്ളതു സുന്ദരിയല്ലെന്നു തീർച്ചയായി. ഇതെഴുതിയ ആളെ അറിവാൻകൂടി സാധിച്ചില്ലെങ്കിൽ ഇത്രകാലം പത്രാധിപരായിരുന്നിട്ട് എന്തു ഫലമാണെന്നു പണിക്കർക്കു തോന്നി. എന്നാൽ ആളുടെ പേർ ഊഹിച്ചറിവാൻ വളരെ പ്രയാസം വേണ്ടിവന്നില്ല. ശങ്കരനാരായണവൈദ്യൻ എന്ന ആളാണെന്നു മനസ്സിലാക്കി. പത്രാധിപർ ആയാളെക്കണ്ടിട്ടില്ല. ബാലനെല്ലരാണ് താമസമെന്നു കേട്ടിട്ടുണ്ട്. അയാളുടെ പുസ്തകങ്ങൾ പലതും വായിച്ചിട്ടുമുണ്ട്. ഇംഗ്ലീഷു പഠിച്ചിട്ടുള്ള നല്ല ലേഖകന്മാരിൽ ഒരാളാണെന്നും അറിയാം. ആൾ ചെറുപ്പക്കാരനായതുകൊണ്ട് എഴുത്തിൽ പല കുറവും ഇല്ലെന്നില്ല. കാലക്രമംകൊണ്ട് ഒരു നല്ല ലേഖകനാവും. എന്നിങ്ങിനെ വിചാരിച്ചു സമാധാനപ്പെട്ടുകൊണ്ടിരുന്നു.

പിറെറ ദിവസം ആ കഥയെപ്പററി സുന്ദരിയോടു സ്തുതിച്ചു പറഞ്ഞു. ഒന്നു രണ്ടു ദിക്കിൽ ചില തെററുകൾ എടുത്തു കാണി

ച്ചവെങ്കിലും ആകപ്പാടെ വളരെ സ്തുതിച്ചു. പിന്നെ—

പണി—ലേഖകൻ വളരെ ചെറുപ്പമാണോ?

സുന്ദ—അതെ. എന്നെക്കാൾ കുറച്ചു പ്രായം കൂടും.

പണി—അയാൾ നിങ്ങളുടെ ഏററവും അടുത്ത സ്നേഹിതനെന്നു വിചാരിക്കുന്നു.

സുന്ദ—അതെ.

ഈ മറുവടി പണിക്കർക്കു പിടിച്ചില്ല. ഒരു ചെറുപ്പക്കാരത്തിസ്ത്രീയും ചെറുപ്പക്കാരനും തമ്മിൽ അടുത്ത സ്നേഹം എന്താ ഉണ്ടാവാൻ എന്നായിരുന്നു അദ്ദേഹത്തിന്റെ വിചാരം.

പണി—അയാളെ എഴുതീട്ടുള്ള ഒന്നുരണ്ടു പ്രബന്ധം കൂടി കിട്ടുമോ?

സുന്ദ—എന്താ അതു നിങ്ങൾക്കത്ര മനോഹരമായിട്ടുണ്ടോ?

പണി—മനോഹരമായിരിക്കുന്നു എന്നുതന്നെ പറയാം.

സുന്ദ—ശരി. ഇതുകൂടാതെ ഒന്നോ രണ്ടോ പുസ്തകങ്ങൾകൂടി ഉണ്ടോ എന്നു നോക്കാം.

പണി—അയാളുടെ പുസ്തകങ്ങൾ നിങ്ങളുടെ പക്കൽ അധികം ഇരിപ്പുണ്ടോ?

സുന്ദ—ഉവ്വ്. എന്റെ പക്കൽ വളരെ ഉണ്ട്. അദ്ദേഹം പുതുതായി ഒരു പ്രബന്ധം എഴുതിയാൽ അതു് എനിക്കു വായിപ്പാൻ അയയ്ക്കാറുണ്ട്.

ഇവർ ഇങ്ങിനെ സ്നേഹമായിരിക്കുന്നതു് ഒട്ടും ശരിയല്ലെന്നു പണിക്കർ വിചാരിച്ചു. പിന്നെ—അയാൾ എഴുതുന്നതാണ് നിങ്ങൾ പ്രധാനമായി വായിക്കാറുള്ളത്?

സുന്ദ—അങ്ങിനെയല്ലെങ്കിലും അദ്ദേഹം എഴുതുന്ന പ്രബന്ധങ്ങൾ ഞാനാണ് മുമ്പിൽ വായിക്കാറുള്ളത്. അദ്ദേഹത്തിന്റെ പ്രബന്ധങ്ങളെ എന്നേക്കാൾ അധികം വേറെ ആരും സ്തുതിക്കില്ലെന്നാണ് വിചാരിക്കുന്നത്.

പണി—അയാളുടെ പേർ എനിക്കു കേൾക്കാമോ?

സുന്ദരി അല്പം ആലോചിച്ച് "ശങ്കരനാരായണവൈദ്യൻ" എന്നുപറഞ്ഞു. അതുപറഞ്ഞപ്പോൾ അവളുടെ മുഖം ലജ്ജകൊണ്ടു ചുമന്നു. പത്രാധിപർ തന്റെ സ്നേഹിതനെ ഓർത്തു വ്യസനിച്ചു. പിന്നെ അവർ—വൈദ്യൻ എഴുതി പ്രസിദ്ധപ്പെടുത്തീട്ടുള്ള പ്രബന്ധങ്ങളുടെ ഗുണദോഷങ്ങളെപ്പററി പറഞ്ഞുതുടങ്ങി. അപ്പോൾ അയാൾ പുതിയതായി പ്രസിദ്ധപ്പെടുത്തിയ 'ഭാരതീഭായി' എന്ന കഥ അഭിപ്രായത്തിന്നായി ഞങ്ങൾക്കു വന്നിട്ടുണ്ടെന്നു പത്രാധിപർ പറഞ്ഞു. അതുമുതൽ പിന്നെ പലപ്പോഴും വൈദ്യന്റെ പ്രബന്ധങ്ങളെപ്പററി പത്രാധിപർ സുന്ദരിയോടു ധാരാളമായി തർക്കിച്ചുവന്നു. അവൾ ആ ശങ്കരനാരായണവൈദ്യനെ ദൈവത്തെപ്പോലെ വിചാരിക്കുന്നുവെന്നു പണിക്കർ ധരിച്ചു. അപ്പോൾത്തുടങ്ങി ആ വൈദ്യന്റെ പേരിൽ പണിക്കർക്കു കലശലായ ദേഷ്യവും എന്തുനിമിത്തമോ ഉണ്ടായിത്തീർന്നു.

"സുന്ദരിയെ തനിക്കു വിവാഹം ചെയ്താൽ കൊള്ളാമെന്നു് അവളുടെ അച്ഛനമ്മമാരോടു ഡാക്ടർ ശിവറാം ഇതുവരെ ആവശ്യപ്പെട്ടിട്ടില്ല. ആവശ്യപ്പെട്ടാൽ പേഷ്കാരവർകളും മുതലായവർ സംശയം കൂടാതെ അനുവദിക്കും. ഈ സംഗതി കുറച്ചുദിവസത്തിനിടയ്ക്കു ധാരാളം വെളിവായിട്ടുണ്ട്." എന്നെല്ലാം പണിക്കർ വിശ്വസിച്ചിരുന്നുവെങ്കിലും ശങ്കരനാരായണവൈദ്യനെപ്പററിയുള്ള മേൽപ്പറഞ്ഞ സംഗതി അദ്ദേഹത്തിന്നു വലിയ മനസ്താപമുണ്ടാക്കി. ഈ

അത്യന്തസ്നേഹം ഇന്നതുകൊണ്ടാണെന്നറിയാത്ത പണിക്കർ ഇങ്ങിനെ ആലോചിച്ചു—'ഡാക്ടർ ശിവറാം സുന്ദരിയെ ഭാൎയ്യയായി സ്വീകരിപ്പാൻ തുടങ്ങുന്നു. അവൾ മലയാളപ്രബന്ധങ്ങളിൽ വളരെ താല്പൎയ്യമുള്ളവൾ. ശിവറാം മലയാളമെന്നു കേട്ടാൽ ശുണ്ഠി എടുത്ത് ഓടും. ഇതിന്റെ മദ്ധ്യത്തിൽ വളരെ നല്ല എഴുത്തുകാരനായ വൈദ്യൻ ലോകത്തിലുള്ള സ്ത്രീകളിൽ നിന്നു സുന്ദരിയെ ലേഖനവിഷയത്തിൽ തന്റെ ഉററ ബന്ധുവായി സ്വീകരിച്ചിരിക്കുന്നു. സുന്ദരിക്ക് അയാളുടെ പേരിൽ എന്തെന്നില്ലാത്ത താല്പൎയ്യവും കാണുന്നു. ഇത് ആരും അറിയാത്ത ഒരു പുതിയ വിദ്യയാണ്. ഇതെങ്ങിനെ കലാശിക്കുമെന്ന് ആൎക്കറിയാം? ഈ കാൎയ്യം ഇങ്ങിനെ വിടുവാൻ ഞാൻ സമ്മതിക്കില്ല. എന്റെ സ്നേഹിതനെ സങ്കടപ്പെടുത്തുന്ന ഈ ശല്യം ഞാൻ ഏതുവിധമെങ്കിലും എടുത്തുകളയും. ശങ്കരനാരായണവൈദ്യനെ ആരാധിപ്പാൻ സുന്ദരി തന്റെ മനസ്സിൽ കരുതിവെച്ച ശുദ്ധസ്ഥലത്തെ എന്റെ ചീത്ത അഭിപ്രായംകൊണ്ടു മലിനപ്പെടുത്തി ദുഷിപ്പിച്ചു തീരെ നശിപ്പിക്കും. എന്റെ അഭിപ്രായത്തെ വൈദ്യനെക്കാൾ വിദ്വാന്മാരായിട്ടുള്ളവരും കൂടി വിലവെക്കുന്നുണ്ട്. പുതിയ ഗ്രന്ഥകൎത്താക്കന്മാരുടെ ഇടയിൽ ശങ്കരനാരായണവൈദ്യനേക്കാൾ സമൎത്ഥന്മാർ എത്രയോ പേർ ഉണ്ടെന്നു തെളിയിക്കും. വൈദ്യന്റെ പ്രബന്ധങ്ങളിലെ തെററുകൾ നിൎദ്ദാക്ഷിണ്യമായി എടുത്തു കാണിക്കും' ഇങ്ങിനെയുള്ള വിചാരങ്ങളോടുകൂടി 'ഭാരതീഭായി'യെ ഖണ്ഡിച്ച് അതിനെപ്പററി തീക്ഷ്ണമായ അഭിപ്രായം എഴുതി 'കോലാഹല'ത്തിന്റെ മകരലക്കത്തിൽ പ്രസിദ്ധപ്പെടുത്തുവാൻ തപാൽവഴിക്കയച്ചു. തക്കസമയത്തു പ്രൂഫ് കിട്ടി. അതിൽ പലഭാഗങ്ങളിലും ശകാരത്തിൽ അധികം ശക്തി കൂട്ടി. അന്നു പകൽ ഡാക്ടർ ശിവറാം പത്രാധിപരുടെ അടുക്കൽ ചെന്നു. മേശപ്പുറത്ത് ഇരുന്നിരുന്ന 'ഭാരതീഭായി' പുസ്തകം കണ്ട് അതു കയ്യിലെടുത്തു. പത്രാധിപർ ധൃതിയോടെ 'അതു തൊടരുത്; അതു തൊടരുത്. അതു സാധാരണയായ വെറും മലയാളപുസ്തകം' എന്നു പറഞ്ഞു.

ഡാക്ടർ—നിങ്ങൾ ഈ ഉപയോഗമില്ലാത്ത അക്ഷരങ്ങൾക്കുവേണ്ടിയല്ലേ ജീവനെക്കൂടി കളഞ്ഞുകൊണ്ട് ഒരാഴ്ചയായി ഞങ്ങളെ കാണ്മാൻ വരാതെ ഇരുന്നത്. ഞാൻ ഇവിടെ വരുമ്പോഴെല്ലാം ഈ പുസ്തകത്തെപ്പററി എഴുതിക്കൊണ്ടിരിക്കുയാണല്ലൊ. അതുകൊണ്ട് ഇതെടുത്തുകൊണ്ടുപോവാനാണ് ഇപ്പോൾ വന്നിട്ടുള്ളത്.

പണി—ഞാൻ അതിന്റെ അഭിപ്രായം എഴുതുകയായിരുന്നു. ഇപ്പോൾ അതു മുഴുവനായതുകൊണ്ട് ഇഷ്ടംപോലെ കൊണ്ടുപോവാം.

ഡാക്ടർ—അഭിപ്രായംഎഴുതിക്കഴിഞ്ഞുവോ?

പണി—ഓ. ഇപ്പോൾത്തന്നെയാണ് പ്രൂഫ് ശരിയാക്കി അയച്ചത്.

മലയാളലേഖനത്തിൽ സ്നേഹിതന് ഇത്ര ജാഗ്രതകണ്ടപ്പോൾ എന്താ ഉണ്ടാവാൻ പോകുന്നത് എന്നു പത്രാധിപർക്ക് ആലോചന തുടങ്ങി. ഡാക്ടർ ശിവറാം പത്രാധിപരെ നോക്കിച്ചിരിയും തുടങ്ങി.

പത്രാ—എന്താ അത്?

ഡാക്ടർ—എന്നെപ്പററി ഒരു രഹസ്യം നിങ്ങളോടു പറയാം. അഭിപ്രായം നിങ്ങളുടെ മാസികയിൽ പുറത്താവുന്നതുവരെ അങ്ങിനെ വേണമെന്നാണ് വിചാരിച്ചിരുന്നത്.

ഇതു കേട്ടപ്പോൾ പത്രാധിപക്ക് ആശ്ചര്യമുണ്ടായി.

പത്രാ:—'ഭാരതീഭായി'യുടെ അഭിപ്രായമോ? ശൈതിന്നും നിങ്ങളെപ്പററിയ രഹസ്യത്തിന്നും എന്താ ബന്ധം?

ഡാക്ടർ—വളരെ അടുത്ത ബന്ധം. ഞാൻതന്നെയാണ് ശങ്കരനാരായണവൈദ്യർ.

ഇതു കേട്ടപ്പോൾ പത്രാധിപർ ആകാശത്തുനിന്നു താഴത്തെക്കു വീണതുപോലെയായി. 'നിങ്ങളോ?' എന്നു ചോദിച്ചു.

ഡാക്ടർ—അതെ. ഞാൻതന്നെ നിങ്ങൾക്കറിഞ്ഞുകൂടെ ശങ്കരൻ ശിവനാണെന്നും, നാരായണനും രാമനും, വൈദ്യനും ഡാക്ടരും ഒന്നാണെന്നും.

പത്രാധിപർ—സ്നേഹിതനായ നിങ്ങളാണോ? എന്നു വീണ്ടും ആശ്ചര്യത്തോടേ പറഞ്ഞു വാലിയക്കാരനെ വിളിക്കുന്ന മണി അടിച്ചു. അവൻ വന്നപ്പോൾ കമ്പിഫാറം കൊണ്ടുവരുവാൻ പറഞ്ഞു. ശിവരാം ഇങ്ഗ്ലണ്ടിൽ താമസിച്ച കാലത്തു ബ്രിട്ടീഷ് മ്യൂസിയത്തിൽ പോയി അവിടെയുള്ള അനേകം പഴയ മലയാളപുസ്തകങ്ങൾ വളരെ ശ്രദ്ധയോടുകൂടി വായിച്ചുവെന്നും പിന്നെ പുസ്തകങ്ങൾ എഴുതിത്തുടങ്ങി എന്നും തൻെറ ആദ്യത്തെ പുസ്തകത്തിൻെറ അഭിപ്രായം 'കേരളകോലാഹല'ത്തിൽ പ്രസിദ്ധമാവുന്നതിന്നു മുമ്പ് ഈ വൎത്തമാനം നിങ്ങൾ അറിഞ്ഞാൽ സ്നേഹിതനാണെന്നുള്ള സംഗതി ആ അഭിപ്രായത്തെ ബാധിച്ചെങ്കിലോ എന്നു ഭയപ്പെട്ടിട്ടാണ് ഇതുവരെ പറയാഞ്ഞതെന്നും പത്രാധിപരോടു പറഞ്ഞു. ശിഷ്യൻ കമ്പിഫാറം കൊണ്ടുവന്നു. തപാലിൽ അയച്ച പ്രൂഫ് അച്ചടിപ്പാൻ പാടില്ലെന്നും അതിന്നുപകരം വേറെ ഒരു വിഷയം പ്രസിദ്ധപ്പെടുത്തണമെന്നും പത്രാധിപർ മാനേജൎക്കു കമ്പിയടിച്ചു. സുന്ദരിയേയും മററും കണ്ടപ്പോൾ പത്രാധിപൎക്കാച്ച് അനബദ്ധമായില്ലെന്നില്ല.

വി. എം. എൻ.

---

# വിദ്യാസംഭാവനാബിൽ

(പൊതുജനാഭിപ്രായത്തിന്ന്.)

ഒരു സമുദായം തൻെറ അംഗങ്ങൾക്കു വിദ്യാഭിവൃദ്ധിയുണ്ടാവാനാഗ്രഹിക്കുന്നുവെങ്കിൽ വിദ്വാന്മാൎക്കു പ്രശംസാമൂലമായ യശസ്സും, ഉപജീവനത്തിന്നു വേണ്ടുന്ന ധനലാഭവുമുണ്ടാവാനാണ ശ്രമിക്കേണ്ടത്. അതുകൊണ്ടാകുന്നു വിദ്യകളിൽ ആഗ്രഹമുണ്ടാകുന്നത്. ആഗ്രഹമാണ വിദ്യയ്ക്കു പ്രധാനകാരണമായിട്ടുള്ളത്. അഭ്യാസനൈകശ്യം ചെയ്യേണ്ട ആവശ്യം ആഗ്രഹമുണ്ടായതിന്നു ശേഷമേ കാണുന്നുള്ളു. അതുകൊണ്ടു വിദ്വാന്മാൎക്കു വിദ്യയിൽ ആഗ്രഹമുണ്ടാവാനുള്ള ഒരു മാൎഗ്ഗത്തെ താഴെ വിവരിക്കുന്നു.

൧. സംഭാവനാൎഹവിദ്യകൾ— മൂന്നു വേദങ്ങൾ, ശ്രൌതം, സ്മാൎത്തം, തൎക്കം, വ്യാകരണം, മീമാംസ, വേദാന്തം, സാഹി

ത്യശാസ്ത്രം, തന്ത്രം, മന്ത്രവാദം, ജ്യോതിഷം, വൈദ്യം ഈ പറഞ്ഞ വിഷയങ്ങൾക്കാണു സംഭാവന കൊടുക്കേണ്ടതു്.

൨. വിദ്യാതല്പരന്മാർ രണ്ടുവിധമാണ് — വിദ്യാസിദ്ധന്മാരും വിദ്യാർത്ഥികളും. വലുതായൊരു പേർ സിദ്ധിക്കത്തക്ക വിദ്യയെ സമ്പാദിച്ചവരാകുന്നു വിദ്യാസിദ്ധന്മാർ. അവർ അഭ്യാസത്തിന്നു ബലവും അതിൽ ആഗ്രഹവും അവസാനിച്ചുകഴിഞ്ഞവരായിരിക്കും. അഭ്യാസത്തിന്നു വേണ്ടുന്ന ബലവും ആഗ്രഹവും ഉണ്ടാവുന്ന പ്രായക്കാരാണ് വിദ്യാർത്ഥികൾ. ഈ രണ്ടു വകക്കാക്കു യശസ്സും ധനലാഭവും സിദ്ധിക്കത്തക്കവിധത്തിൽ പ്രശംസാപൂർവ്വമായി ഒരു സംഭാവനയും സർട്ടിഫിക്കറ്റും യോഗക്ഷേമസഭ കൊടുക്കേണ്ടതാണ്. അതിൽ വിദ്യാസിദ്ധന്മാർ പരീക്ഷായോഗ്യന്മാരല്ലാത്തതുകൊണ്ട് അവരെ തിരഞ്ഞെടുത്ത് ഓരോ വിദ്യകളിൽ അത്യുത്തമനായ ഒരുവനു മാത്രം അഗ്രഗണ്യത വരുത്തേണ്ടതിന്നു പതിപ്പത്തു കൊല്ലം കൂടുമ്പോൾ ഒരു സംഭാവന കൊടുക്കേണ്ടതാണ്. വിദ്യാർത്ഥികൾ പരീക്ഷാർഹന്മാരാകകൊണ്ട് അവക്കു കൊല്ലംതോറും പരീക്ഷിച്ചു യഥാവിധി സർട്ടിഫിക്കറ്റുമാത്രം അതാതു വിഷയങ്ങളിൽ നിപുണന്മാരായിരിക്കുന്നവരെക്കൊണ്ടു കൊടുപ്പിക്കേണ്ട ഭാരം യോഗക്ഷേമസഭ വഹിക്കേണ്ടതാകുന്നു. നമ്പൂതിരിമാരല്ലാത്ത അന്യജാതിക്കാരും സംഭാവനക്കും പരീക്ഷക്കും യോഗ്യന്മാരാണെന്നു നിശ്ചയിക്കേണ്ടതാകുന്നു.

൩. ഇപ്രകാരം വിദ്വാന്മാരെ തിരഞ്ഞെടുക്കേണ്ടതിലേക്ക് അഞ്ചിൽ കുറയാതെ അംഗങ്ങളോടുകൂടി ഒരു സംഘം ഏർപ്പെടുത്തേണ്ടതാണ്. അതു കൊല്ലംതോറും മാറുകയും വേണം; അതിൽ ഒരുവൻ സംഘം കൂട്ടുവാനും സംഘത്തിൽ അനുവദിച്ച കാര്യം നടത്തുവാനും ഉള്ള അധികാരത്തോടുകൂടിയ ഏജണ്ടായിരിക്കേണ്ടതാണ്. ടി സംഘത്തിന്നു വിദ്യാപരിക്ഷകസംഘം എന്നു പേർ നിശ്ചയിക്കണം. ടി സംഘത്തിന്നു ചില വിദ്യകളെ പരീക്ഷിപ്പാൻ ശക്തി പോരാത്ത പക്ഷം അപ്രകാരമുള്ള ശക്തി പരിപൂർണ്ണമായി പ്രത്യേകസംഘം ഏർപ്പെടുത്താനുള്ള അധികാരം കൊടുക്കേണ്ടതാണ്. ടി സംഘത്തിന്നു നിരാക്ഷേപമായി തിരഞ്ഞെടുത്തു സംഭാവന നടത്തുന്നതിന്നു വേണ്ടുന്ന മര്യാദയും അറിവും പുറമെ നല്ല പേരും ഉള്ള അംഗങ്ങളായിരിക്കണം. ടി സംഘത്തിൽ നമ്പൂതിരിമാരല്ലാതെ അന്യജാതിക്കാരെ ചേർക്കുന്നതിന്നു വിരോധമുണ്ടാവരുത്! ടി സംഘത്തിന്റെ നടവടിനിയമം നിർമ്മിപ്പാനുള്ള അധികാരം സംഘത്തിന്നു കൊടുക്കേണ്ടതാണ്. ഏജണ്ടിന്ന് ഒരു സംഖ്യ പ്രതിഫലമായും കൊടുക്കേണ്ടതാണ്. ടി സംഘം ദൈവഗത്യാ നശിച്ചുപോയി എങ്കിൽ അതിനെ ഏർപ്പെടുത്തേണ്ട അധികാരം ഭരണസഭക്കു കൊടുക്കേണ്ടതാണ്.

൪. സംഘനടവടി — മകരമാസത്തിൽ ഒരു യോഗം കൂടുക. അതിൽവെച്ചു പാസ്സാക്കേണ്ടതു് — പരീക്ഷയുടെ ദേശകാലങ്ങളേയും നീതിയേയും അതാതു വിദ്യകളുടെ പരിക്ഷകന്മാരെയും തീർച്ചപ്പെടുത്തുക. വിദ്യാർത്ഥികൾ ചെയ്യേണ്ടതും താഴെ വിവരിക്കുന്നതും ആയ നടവടിയേയും തീർച്ചപ്പെടുത്തുക. വിദ്യാർത്ഥികൾ ഇന്ന വിഷയത്തിൽ പരീക്ഷക്കു തന്നെ ചേർക്കണമെന്നുള്ള അപേക്ഷയും ഒരുറുപ്പിക പരീക്ഷഫീസ്സും കൂടി മീനം മുപ്പതാംതിയ്യതിക്കുള്ളിൽ ഏജണ്ടിന്ന് എത്തിച്ചുകൊടുത്താൽ അതുപ്രകാരം പാസ്സാക്കി ഉടനെ പ്രസിദ്ധപ്പെടുത്തുക.

൭. മേടത്തിൽ ചോദ്യക്കടലാസ്സു തെയ്യാറാക്കുകയും മിഥുനം മുപ്പതാം തീയതിക്കുള്ളിൽ പരീക്ഷാസ്ഥലം മുതലായ വിവരം പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

൮. കർക്കിടകം മുപ്പതാം തീയതിക്കുള്ളിൽ പരീക്ഷായോഗ്യന്മാരായ വിദ്യാർത്ഥികളെ പരിക്ഷിച്ച് രണ്ടോ മൂന്നോ ക്ലാസ്സാക്കി തിരിച്ചു സർട്ടിഫിക്കറ്റു കൊടുക്കുകയും വിദ്യാസിദ്ധന്മാരെ തിരഞ്ഞെടുക്കേണ്ട കാലമാണെങ്കിൽ തിരഞ്ഞെടുത്തു ഭരണസഭക്കു റിപ്പോർട്ടു ചെയ്കയും ആ വിവരം ചിങ്ങം മുപ്പതാംതീയതിക്കുള്ളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

ചെറുകുന്നത്തു നീലകണ്ഠർനമ്പൂതിരി.

# കാമദഹനം

ഹരഹരശിവകഷ്ടമമ്മട്ടലർചഞ്ചരൻ പെട്ടതിൻമൂലമമ്മട്ടേഴംവാണിമാർ പെട്ടഴൽപാടവാൾത്തിടുവാൻ വേലനാൽപൃതകം ക്ഷുന്തലുംചാന്തേഴംകൊങ്കയും കാന്തികെട്ടകനംതാലിയുംതോടയും താവടംറാല്പപൃവാടയുംചാർത്തി മേളംകലൻനുള്ള റിലേക്ഷണനാനാമൊരാണങ്ങൾ ചൊല്ലാഞ്ഞൂനാണംകലന്നുമേ തങ്ങളേപോകവല്ലാഞ്ഞു ചെന്നുംപാർത്തും കന കെട്ടിരിന്നും മടിക്കുന്നു തില്ലിന്നി മാരപ്പടയ്യെന്നു മാലിംഗനത്തിങ്കലൻപുന്നുതുണ്ടെന്നു മാച്ചുംബനം ചെറാരിക്കുന്നതില്ലെന്നു മാരോടുമേ ചെന്നിണങ്ങുന്നതില്ലെന്നു മാവോളമേവേണ്ടതത്ഥംനമുക്കെന്നു മില്ലാസ്ഥിലേത്തും തരേണ്ടിചമരാറന്നു മേതേനു മൊട്ടോട്ടുനാൽ കാംറിനക്കെന്നു മെല്ലാരൊടുംചെന്നിരന്നും കരഞ്ഞും കനംകെട്ടപിൻവാങ്ങി വിറ്റുണ്ടിരിന്നും തദാ താലിവിറ്റീടിനാൾ ചേലകൊണ്ടിടിനാൾ മാലരീമാലികാതാവടം വിറ്റുപൃവാടകൊണ്ടീടിനാൾ കാപികശ്രാംഗികഞ്ഞത്കരീക്കണ്ടു മഞ്ജുകപണൽകങ്കണംവിറ്റും കുറവുണ്ടോ തദാ പൊന്നരഞ്ഞാൺ കെട്ടത്തെന്നുകൊണ്ടീടിനാൾ കാപികന്നൂടിവിറങ്ങു പിന്നാക്കകൊണ്ടീടിനാൾ കട്ടിൽവിറ്റീടിനാൾ മെത്തവിറ്റീടിനാൾ ഏതുമില്ലാഞ്ഞിരന്നാകനാ വേലചെയ്തും തദാ കണ്ടവസ്തുക്കളൊക്കച്ചുമന്നും തുകിൽപ്പെട്ടകത്തിൽ തനിക്കുള്ളമിട്ടേറിയാൾ വട്ടവാർകൊങ്കയും ചുട്ടവോ കട്ടിതെന്നാതാക്കുട്ടനിന്ദിക്കമപ്പെൺകലം മോരുവിൽക്കുന്നതും ചോറിരക്കുന്നതും വട്ടികെട്ടുന്നതും കൊട്ടതീകുന്നതും നന്നുവാൾപെട്ടവാരെന്നു നല്ലാർകലത്തെപ്പഴിച്ചും മഹാലോകർ പല്ലെന്നുതേച്ചുതടിച്ചിമുലഭ്രന്നു മൂന്നങ്ങുകാച്ചീടിലാം പറ്റുനിന്നോടിരന്നിട്ടുകല്ലാഞ്ഞ തിന്നിന്നടോകാലമുണ്ടോ വെള്ളത്തോരു പല്ലും ചുവന്നോരുചുണ്ടും പുഴപ്പാൻതുടങ്ങുന്ന പുൺപാട്ടപോലെ വെറുക്കനിതങ്ങൾക്കവോ വോ വെളിച്ചത്തു നിന്നെന്നിവണ്ണം വെടിഞ്ഞെന്നുവേണ്ടാ വശംകെട്ടതാമല്ലചൊല്ലീടുവാൻ.

സാരസ്യത്തിനു ചേർന്നൊരുത്തമമിരി-
　　പ്പിലാരുമമ്മേനകാ-
ഗാരേനാലുമണിപ്രവാളമുയരെ-
　　ച്ചൊല്ലുത്തമില്ലാരുമേ
പാരിൽകീർത്തിമികത്തമന്നവർമരി-
　　ച്ചാഹന്തചെല്ലാപിയെ
നാരീണാംകഥപോലുമില്ലവാലോ-
　　കാധീശശൃംഗാരകേ.

# കേരളീയഭാഷാശാകുന്തളം*

## പരിഷ്കരിച്ച ഒന്നാം പതിപ്പ്

☞ പേരുവെച്ചെഴുതുന്ന ലേഖനങ്ങളിൽ ദേശഭേദംകൊണ്ടുണ്ടാകുന്ന ഭാഷാഭേദങ്ങൾ മംഗളോദയഭാഷയ്ക്കു യോജിക്കത്തക്കവിധത്തിൽ മാററം ചെയ്യുന്നതിൽ പത്രാധിപരുടെ സ്വാതന്ത്ര്യം ഞങ്ങൾ കാണിക്കുവാൻ വിചാരിക്കുന്നില്ല. ഇതിന്നുള്ളകാരണം ഈ വക ഭാഷാഭേദങ്ങൾ ഈ മാസികാമുഖേന തന്നെ താരതമ്യപ്പെടുത്തി ക്രമപ്പെടുത്തുവാൻ വായനക്കാൎക്കു അവകാശം കൊടുക്കണമെന്നുള്ള വിചാരമാകുന്നു.

മം—പ—

എനിക്കു, കേരളസാഹിത്യവിഷയത്തിൽ ഗുണദോഷനിരൂപണം ചെയ്വാൻ അവകാശവും അനുവാദവും ലഭ്യമാണെന്നും, കേരളഭാഷാസാഹിത്യസാമ്രാജ്യത്തിന്റെ അതിൎത്തികളിൽ നിന്നു എന്നെ ബഹിഷ്കരിപ്പാൻ യാതൊരാൾക്കും യാതൊരു അധികാരവും ഇല്ലാ എന്നും വിചാരിച്ചിട്ടായിരിക്കാം, തിരുവനന്തപുരം ബി. വി. ബുക്കഡിപ്പോ ഉടമസ്ഥനായ ശങ്കരമേനോൻ അവർകൾ 'കേരളീയഭാഷാശാകുന്തള'ത്തിന്റെ 'പരിഷ്കരിച്ച ഒന്നാം പതിപ്പ്' എന്റെ അഭിപ്രായത്തിന്നായി സദയം അയച്ചു തന്നിരിക്കുന്നത്. മലയാളഭാഷയിൽ അമൂല്യങ്ങളായ പല ഗ്രന്ഥങ്ങളെ പ്രസിദ്ധീകരിച്ചു മലയാളവായനക്കാരുടെ പൊതുവെയും, അദ്ധ്യേതാക്കളുടെ പ്രത്യേകിച്ചും, കൃതജ്ഞതയെ സമ്പാദിച്ചിരിക്കുന്ന മേല്പടി ബുക്കഡിപ്പോപ്രവൎത്തകന്റെ ഈ ദയക്കു, ഞാൻ, പത്രാധിപന്മാർ പറയാറുള്ള ഔപചാരികമായ നന്ദിയെ പ്രസ്താവിക്കുന്നതിനു പകരം, യഥാൎത്ഥമായ ഉപകാരസ്മരണയെ പ്രദൎശിപ്പിക്കുവാൻ ഈ അവസരത്തെ വിനിയോഗിച്ചുകൊള്ളുന്നു. എന്നാൽ, ധൎമ്മരാജ്യകാൎയ്യങ്ങളിൽ ഗുണദോഷനിരൂപണം ചെയ്തതു 'മംഗളോദയ'ത്തിലല്ലാ പരിണമിച്ചതെന്നിരുന്നാലും, സാഹിത്യസാമ്രാജ്യകാൎയ്യങ്ങളിൽ ഗുണദോഷനിരൂപണം ചെയ്യുന്നതു ഒരു 'സ്വദേശാഭിമാനി'യിൽ അകൃത്യകാരിതയെ ആരോപിപ്പിക്കയില്ലെന്നു സമാധാനപ്പെടുന്നതിനാൽ, പ്രകൃതകൃതിയെക്കുറിച്ചു എനിക്കു തോന്നുന്ന അഭിപ്രായത്തെ പറയാമെന്നുതന്നെ ഉറയ്ക്കുന്നു. വിശേഷിച്ചും, ഈ 'പരിഷ്കരിച്ച പതിപ്പിനെ'പ്പററി ഗുണദോഷവിമൎശനം ചെയ്വാൻ ചെറുതായൊരു കടമ ഉണ്ടെന്നും ഞാൻ വിചാരിക്കുന്നുണ്ട്. ഏകദേശം ആറു കൊല്ലം മുമ്പു, കേരളവൎമ്മാ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ ഷഷ്ടിപൂൎത്തിമഹോത്സവവേളയിൽ, തിരുവനന്തപുരത്തു ഒരു സഭായോഗത്തിൽ വെച്ചു, തിരുമനസ്സിലെ സാഹിത്യപ്രവൃത്തിയെപ്പററി പ്രസംഗിച്ചിരുന്ന അവസരത്തിൽ, അപ്പോൾ പുറപ്പെടുവിക്കപ്പെട്ടു് ഏറെയായിട്ടില്ലായിരുന്ന പി. ജി. രാമയ്യരവർകളുടെ 'ഭാഷാശാകുന്തള'വും തിരുമനസ്സിലെ ശാകുന്തളതൎജ്ജമയും തമ്മിൽ തുലനംചെയ്യവേ, തിരുമനസ്സിലെ തൎജ്ജമ 'സംസ്കൃതമയ'മായിപ്പോയി എന്ന ആക്ഷേപത്തെ പരിഹരിച്ചു കാണ്മാൻ പ്രാൎത്ഥിച്ചിരുന്നതായി ഞാൻ ഓൎക്കുന്നുണ്ടു്. തിരുമനസ്സുകൊണ്ടുതന്നെ തൎജ്ജമയെ പരിഷ്കരിക്കേണമെന്നായിരുന്നു പ്രാൎത്ഥനയുടെ

* ശാകുന്തളം പുതിയ പരിഷ്കരിച്ച പതിപ്പിനെപ്പററി ഞങ്ങളുടെ അഭിപ്രായം ആ വിഷയത്തെപ്പററി ഈ മാസികയിൽ പ്രസിദ്ധം ചെയ്യുന്ന മൂന്നു ലേഖനങ്ങൾക്കു ശേഷം പറയുന്നതാകുന്നു.

ഗതി എന്നു കൂടി ഞാൻ ഓൎക്കുന്നു. ബി. വി. ബുക്കുഡിപ്പോ പ്രവൎത്തകൻ ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന 'പരിഷ്കരിച്ച പതിപ്പ്' തിരുമനസ്സിലെ പശ്ചാത്താപേക്ഷയിൽ തീൎത്തതാണെന്നു പറഞ്ഞുകാണുന്ന സ്ഥിതിക്കു, പ്രാൎത്ഥനയുടെ ഫലം ഏതു വിധത്തിലുള്ളതാണെന്നു ശോധന ചെയ്യാൻ എനിക്കുള്ള കടമയെ നിരസിക്കുന്നില്ല.

'ശാകുന്തളത്തിന്റെ ഇപ്പോഴത്തെ പുറപ്പാടു വേഷം മാറീട്ടാണ്. അച്ചടിച്ച സ്ഥലം, അച്ചുകൂടം, പ്രകടനാധികൃതൻ, വ്യാഖ്യാനം ഇത്യാദി മാത്രമല്ല മാറീട്ടുള്ളത്; പാഠങ്ങളിലും ഗണ്യങ്ങളായ ഭേദഗതികൾ ചെയ്തിട്ടുണ്ട്. ആകപ്പാടെ ശാകുന്തളതജ്ജ്ഞന്മാർ കണ്ടാലറിയാത്ത വിധം ഭേദപ്പെട്ടിട്ടുണ്ടെന്നു സമ്മതിച്ചേ തീരൂ'—ഇത്യാദി മുഖവുരയോടു കൂടിയാണ് പ്രസാധകനായ ഗുരുഭൂതൻ ഈ പുതിയ രൂപത്തെ അവതരിപ്പിച്ചിരിക്കുന്നത്. ഈ പ്രസ്താവനയിൽ, ഗുരുശിഷ്യന്മാർ യോജിക്കുന്നു എന്നു നിസ്സംശയം പറയാം. എന്നാൽ, ശ്ലോകങ്ങളെ മാററിയ കാൎയ്യത്തിൽ മാത്രമേ യോജിപ്പാൻ സാധിക്കായ്കയുള്ളു എന്ന് ആദ്യമെ പറഞ്ഞുകൊള്ളട്ടെ. 'പാമ്പായാലും പഴകിയതു വേണ്" എന്ന അഭിപ്രായപ്രകാരം പഴയ ശ്ലോകങ്ങൾ ഒക്കെ തന്നെയേ സ്വീകാൎയ്യങ്ങൾ ആകുന്നുള്ളു എന്ന് എനിക്ക് അഭിപ്രായമില്ല എന്നുള്ള വസ്തുത മുമ്പു സൂചിപ്പിച്ചു പോയിട്ടുള്ളതിനാൽ, ഈ പരിഷ്കാരത്തിൽ ഗുരുശിഷ്യന്മാർ തമ്മിൽ ഭേദിക്കുന്ന ഘട്ടങ്ങൾ പരിമിതമാണെന്നും വ്യക്തമാണ്. ഈ ഭിന്നിപ്പു രുചിഭേദത്താൽ വരുന്നതായിരിക്കാം എന്നു സമാധാനപ്പെടാമെങ്കിലും, പല ഘട്ടങ്ങളിലും പുതിയ പരിഷ്കാരം സാഹസമായിപ്പോയിട്ടുണ്ടെന്നു വ്യസനിക്കാതിരിപ്പാൻ നിവൃത്തിയില്ല. ഏറെ സംസ്കൃതബഹുലമായിരുന്നിട്ടുള്ള ശ്ലോകങ്ങളെ അടിച്ചുടച്ചു വാൎത്തതിനെക്കുറിച്ചു പറഞ്ഞില്ലെന്നാലും, മാററം കൂടാതെ തന്നെ നിറുത്തീട്ടുള്ള ചില ശ്ലോകങ്ങളോടൊപ്പം വിചാരിക്കപ്പെടാവുന്ന മററു ചില ശ്ലോകങ്ങളെ പദവും പാദവും മാററി വേഷപ്പകൎച്ച വരുത്തിയതിന്ന് എന്തെങ്കിലും സമാധാനം വിശേഷിച്ചു പറഞ്ഞിരുന്നു എങ്കിൽ, ഉചിതമായിരുന്നേനെ. പക്ഷേ, രുചിഭേദത്തിന്നു കാരണം ആവശ്യപ്പെടുന്നത് അയുക്തമായിരിക്കാം. ഡിക്കെൻസിന്റെ പ്രഖ്യാതയായ പാല്ലൂരത്തി കഴുതയെ ചുംബനം ചെയ്തപ്പോൾ പറഞ്ഞതുപോലെ മാത്രം ആണ് രുചി ഭേദിച്ചിരിക്കുന്നത് എന്നു സമാധാനപ്പെട്ടു കൊണ്ടാൽ മതിയാകുമെന്നു കരുതുന്നു. അതു മാത്രമല്ല, ഈ പതിപ്പിന്റെ വേഷമാററത്തിൽ, തൎജ്ജമകൎത്താവിനു പുറമെ, പ്രസാധകനും, അദ്ദേഹത്തിന്നും പുറമെ ഒരു അന്തിമപ്രൂഫ്പ്രസാധകനും ഉൾപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞിരിക്കുന്നതിനാൽ, ഈ യോഗപാകഭേദങ്ങൾക്കു ചുമതലക്കാർ, ഇന്നതിന്ന് ഇന്ന ആൾ എന്നു, വേൎതിരിച്ചറിയാത്തതു രുചിഭേദത്തിന്നു കാരണം കണ്ടുപിടിപ്പാൻ മിക്കവാറും ദുസ്സാധ്യവും ആയിരിക്കുന്നു. എങ്ങനെയായാലും പാചകന്മാർ ക്രമത്തിലധികമാകുമ്പോൾ ഉണ്ടാകുന്ന ദൂഷ്യം, ഈ പതിപ്പിൽ നന്നെ പതിഞ്ഞു കാണുന്നുണ്ട്. അതിന്നു ലക്ഷ്യമായി ചില പുറങ്ങളിൽ, പാഠഭേദങ്ങളെ ഗുണാഗുണനിരൂപണം ചെയ്തും, ശുദ്ധി ചെയ്തും, ചില കടലാസുതുണ്ടുകൾ പറക്കുന്നതുമുണ്ട്.

വശ്യവാക്കുകളായ കവികളുടെ ശ്ലോകങ്ങളിൽ വല്ല മാററവും വരുത്തുന്നതു സുശകമായ കാൎയ്യമല്ലെന്ന് ആരും സമ്മതിക്കുന്നതാണല്ലോ. മഹാകവികളുടെ കൃതിക-

ളെ പരിഷ്കരിച്ച വേഷം മാററുന്നതു, വിദഗ്ദ്ധന്മാരായ രത്നകാരന്മാർ പണിചെയ്തിട്ടുള്ള നവരത്നഖചിതങ്ങളായ പൊൻപണ്ടങ്ങളെ അഴിച്ചു പണിവാൻ ഉദ്യമിക്കുന്നതിനൊപ്പമാണെന്നു പറയാവുന്നതാണ്. രത്നം എത്ര ചെറുതായിരിക്കട്ടെ; അതിന്റെ തേപ്പും പട്ടവും എങ്ങനെയുമിരിക്കട്ടെ: അതിനെ ഒരു പൊൻപണ്ടത്തിൽ ഏതു സ്ഥാനത്ത് അമൎത്തിയിരിക്കുന്നുവോ, ആ സ്ഥാനത്ത് അത് ഏറിയൊരു ചരിത്രത്തെ വഹിച്ചുകൊണ്ടിരിക്കുന്നു എന്ന സൂക്ഷ്മം ആലോചിച്ചാൽ അറിയാം. രത്നകാരന്റെ ജീവിതവൃത്തി മുഴുവൻ അതിലടങ്ങിയിരിക്കുന്നു എന്നു, വേണമെങ്കിൽ, പറയാം. അവന്റെ വളരെക്കാലത്തെ പഴമപരിചയം, കയ്യ്ശേഷി, ബുദ്ധിസാമൎത്ഥ്യം മുതലായവ, മഷിനോട്ടക്കാരന്റെ മഷിയിൽ പ്രതിഫലിച്ചു കാണുന്ന ഭവിഷ്യൽചരിതങ്ങളെപ്പോലെ, ആ രത്നത്തിന്റെ ആ സ്ഥാനത്തു നിഴലിച്ചു കാണുന്നതാണ്. രത്നകാരൻ ഏതു കാരണത്താലാണ് ആ രത്നത്തെ അതേ സ്ഥാനത്തു പതിച്ചതു്, ആ രത്നത്തിന്റെ വശം മറിച്ചു പതിക്കാഞ്ഞതിനു കാരണമെന്ത്, അതിന്നു പകരം മറെറാന്നിനെ അവിടെ മാററി വയ്ക്കാത്തതെന്തു, ചെമപ്പുകല്ലിരിക്കുന്നേടത്തു എന്തുകൊണ്ടാണ് വജ്രത്തെ പതിക്കാത്തത്, എന്നും മററും പലേ ചോദ്യങ്ങൾ സ്വാഭാവികമായി ഉളവാകുന്നതാണ്. അങ്ങനെയിരിക്കെ, ആ രത്നങ്ങളെ പറിച്ചെടുത്തു പൊൻപണ്ടത്തെ അഴിച്ചു പണിയുന്നതിനു പുറപ്പെടുന്ന ആൾ അതിന്റെ ആദ്യകൎത്താവു തന്നെ ആകുന്നു എങ്കിൽ, തന്റെ ശില്പകലാകുശലതയെ അഭംഗമാകുംവിധം തന്നെ പുതിയ പണ്ടത്തിൽ പ്രദൎശിപ്പിക്കാൻ സംഗതി വരുന്നതാണ്. എന്നാൽ, രത്നങ്ങളെ പതിക്കുന്നതു മററു പലരും, പല രുചി അനുസരിച്ചുമായിരുന്നാൽ, ആദ്യകൎത്താവു എത്രതന്നെ മേൽനോട്ടം വെച്ചിരുന്നാലും, അതു തന്റെ സ്വകൃതിക്കൊപ്പമാകയില്ലാ എന്നതു നിസ്സന്ദേഹം തന്നെയാകുന്നു. മഹാകവികളുടെ കൃതികളെ അഴിച്ചു പണിയുന്നതും ഇപ്രകാരം അത്രെ. ഒരു ശ്ലോകത്തിൽ നിബന്ധിച്ചിരിക്കുന്ന പദങ്ങളുടേയും വാചകങ്ങളുടേയും സ്ഥാനാദിസംഗതികളിൽ ആ കവികളുടെ സാഹിത്യകലാവിദഗ്ദ്ധതയുടെ എത്ര മഹത്തായ ചരിതങ്ങൾ അതിസംക്ഷിപ്തമായി നിഗൂഹനം ചെയ്യപ്പെട്ടിരിക്കുന്നു! അതിനെ താദാത്മ്യത്തോടു കൂടി അറിവാനും ഭാവിപ്പാനും കഴിയുന്നുവെങ്കിലല്ലാതെ, മറെറാരാൾ അതിൽ എന്തെങ്കിലും മാററം ചെയ്യുന്നതു, മെച്ചമുണ്ടാക്കുന്നതായി തന്നെയിരിക്കുമെന്ന് ഉറപ്പു പറവാൻ കഴിയുന്നതല്ലാ. 'ഭക്ത്യാസേവിക്കപൂജ്യാൻ'—എന്ന് എഴുതിയാൽ 'ഭക്ത്യാ' എന്ന പദത്തെ പതിച്ചതുലികയും മഷിയും ഏതു ചരിത്രവിശേഷത്തെ അഭിവ്യഞ്ജിപ്പിക്കുന്നുവോ, ആ ചരിത്രവിശേഷമല്ലാ, 'പൂജ്യാൻ സേവിക്ക ഭക്ത്യാ' എന്നെഴുതുമ്പോൾ, മറെറാരു സ്ഥാനത്ത്, അതേ പദത്തെ, പതിക്കുന്ന തുലികയും മഷിയും, നിഗൂഹനം ചെയ്യുന്നതെന്നു ചിലൎക്ക് എളുപ്പം മനസ്സിലാകുന്നില്ലെന്നു വരാം. എന്നാൽ, വസ്തുത അതാണുതാനും. കേരളവൎമ്മാ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു രചിച്ചു കേരളഭാഷായോഷയെ അണിയിച്ചിട്ടുള്ള നവരത്നഖചിതമായ ഈ ശാകുന്തളഭൂഷണത്തെ, പുതിയ പരിഷ്കാരമോടിക്കു യോജിക്കുമാറ്, 'അഴിച്ചു പണിവാൻ' ചെയ്ത ഈ ശ്രമത്തിൽ, രത്നങ്ങളിൽ ചിലതിനെ ഇളക്കി സ്ഥാനം മാററി വെച്ചതിലാകട്ടെ, മററു ചിലതിനെ പറിച്ചുകളഞ്ഞിട്ടു തത്സ്ഥാനത്തിൽ വേറെ കൊണ്ടുവന്നു നിബന്ധിച്ചതിലാകട്ടെ; കേവണത്തിലാകട്ടെ, തേപ്പിലാകട്ടെ, മിനുക്കിലാകട്ടെ, സാഹിത്യകലയിൽ ഭിന്നരുചിക്കാരായും ഭിന്നപരിശീലനക്കാരായും ഉള്ള മ

ററു ചിലർ കൂടെ 'കൈവെച്ചതു' നിമിത്തം പുതിയ ഭൂഷണത്തിന്ന് ആകപ്പാടെ നോക്കിയാൽ ഭംഗിയും മാനവും കുറഞ്ഞു എന്നാണ് എനിയ്ക്കു തോന്നുന്നത്. 'ആകപ്പാടെ നോക്കിയാൽ,' എന്ന വാചകത്തെ വായനക്കാർ പ്രത്യേകിച്ചറിയേണമെന്നു ഞാൻ അപേക്ഷിയ്ക്കുന്നു. എന്തെന്നാൽ, ചില ശ്ലോകങ്ങൾ പല സംഗതികളിലും പുതിയ വേഷത്തിൽ തിളങ്ങിയും, മററു പലതും അതേപ്രകാരം മങ്ങിയും പോയിട്ടുണ്ടെന്നു സൂക്ഷ്മദൃഷ്ടിയ്ക്കു മനസ്സിലാകുന്നതാണ്.

സ്റ്റൌട്ട് (Stout) എന്ന മാനസശാസ്ത്രജ്ഞൻ, തന്റെ ഒരു പുസ്തകത്തിൽ, മാനസികമായ കല്പനാസൃഷ്ടിയെപ്പററി പ്രതിപാദിക്കുന്ന ഘട്ടത്തിൽ, രണ്ടുമാതിരി സൃഷ്ടികളെ ഉദാഹരിപ്പാനായി സ്ക്രൈബ് (Scribe) എന്നും ലെഗ്ഗുവെ (Legouve) എന്നും പേരായ രണ്ടു നാടകകർത്താക്കന്മാരുടെ സമ്പ്രദായത്തെപ്പററി പറയുന്നുണ്ട്. ചാക്ഷുഷവും (Visual) ശ്രൌത്രവും (Adud-itive) ആയ ഈ രണ്ടു മാതിരി കല്പനാസൃഷ്ടികളും, ഇവർ ഒന്നുചേന്നു നാടകമെഴുതുന്ന സമയം, പ്രയോഗിക്കാറുണ്ടായിരുന്നു. ലെഗ്ഗുവെ തന്റെ ചങ്ങാതിയോടു പറഞ്ഞതാവിതു:— 'ഞാൻ ഒരു രംഗമെഴുതുമ്പോൾ കേൾക്കുന്നതു ഞാനും, കാണുന്നതു താങ്കളും ആണ്. ഞാൻ ഓരോ പദമെഴുതുമ്പോഴും ആ വാക്ക് ഏതൊരു നാടകപാത്രത്തിന്റേതോ അയാൾ സംസാരിക്കുന്നതുപോലെ എന്റെ ചെവിയിൽ പതിയ്ക്കുന്നു. എന്റെ തൂലികാഗ്രം കടലാസ്സിൽ പതിയുമ്പോഴുണ്ടായിത്തീരുന്ന നാടകപാത്രങ്ങളുടെ വാക്യങ്ങളുടെ പല വിധത്തിലുള്ള സ്വരങ്ങൾ തൂലികാഗ്രത്തിൻകീഴ് തന്നെ മുഴങ്ങുന്നു. താങ്കളോ, രംഗസ്ഥിതജനങ്ങൾ തന്നെയാണ്. താങ്കളുടെ നടന്മാർ താങ്കളുടെ കണ്ണിനു മുമ്പിൽ, നടക്കുന്നു; രംഗത്തിൽ പലതരം വ്യാപരിക്കുന്നു. ഞാൻ ശ്രോതാവും, താങ്കൾ ദ്രഷ്ടാവും ആണ്.' ഇതിന്നു മറുവടിയായി സ്ക്രൈബ് പറഞ്ഞു:— 'ഞാൻ എഴുതുമ്പോൾ ഞാൻ എവിടെയാണെന്നു താങ്കൾക്കറിവുണ്ടോ? സദസ്യരിരിക്കുന്ന ശാലയുടെ മദ്ധ്യത്തിലാണ്'— ഒരു നാടകഗ്രന്ഥത്തെ 'അഴിച്ചു പണിവാൻ' പുറപ്പെടുന്നവർ ഈ രണ്ടു ചങ്ങാതിമാരും പ്രകടിപ്പിച്ച കല്പനാസൃഷ്ടികളെ പ്രയോഗിപ്പാൻ സമർത്ഥന്മാരും സന്നദ്ധന്മാരുമായിരിക്കണമെന്നാണ് എനിക്കു പറവാനുള്ളത്. നാടകം ശ്രാവ്യകാവ്യമല്ലാ, ദൃശ്യകാവ്യമാണ്. ആ സ്ഥിതിക്കു, നാടകത്തിലെ ശ്ലോകങ്ങളേയും മററും വേഷം മാററിച്ചേർക്കുമ്പോൾ, മനസ്സുകൊണ്ടു തന്നെ, നടന്റെയും സദസ്യരുടേയും നിലകളിൽ നിന്ന് അതിനെ ഗുണാഗുണനിർണ്ണയം ചെയ്യേണ്ടതാവശ്യമാണ്. ഇതു കുറെയേറെ ശ്രമാവഹവും, പരിചയത്താലല്ലാതെ സുലഭമല്ലാത്തതുമായ കാര്യമാകുന്നു. എന്നാൽ, ഇതു ചെയ്തേ മതിയാവൂതാനും. ഈ നിർണ്ണയം ചെയ്തു നോക്കുമ്പോൾ ഈ പുതിയ വേഷത്തിൽ പലേ ഭാഗവും എങ്ങിനെ തോന്നുന്നതാണെന്നു വഴിയേ പ്രതിപാദിക്കാം.

(തുടരും)

കെ. രാമകൃഷ്ണപിള്ള ബി. ഏ.

—∞∞—

# പലവക

ഈ ധനു ൧൦ാംനു- തൃശ്ശിവപേരൂർ സക്കാർ ഹൈസ്കൂളിൽ വെച്ചു ഡർബാർ മുഖാന്തരം കിള്ളിമംഗലത്തു നടവത്തു നാരായണൻ നമ്പൂതിരിപ്പാടിലെക്കും കൊടുങ്ങല്ലൂർ വലിയ ഗോദവർമ്മ (ഭട്ടൻ) തമ്പുരാനും ബ്രിട്ടീഷ് പ്രതിനിധിയിൽനിന്നു മഹാമഹോപാദ്ധ്യായ സന്നതും മുദ്രയും ലഭിച്ചിരിക്കുന്നു

ഖ. കൊല്ലംതോറും തൃശ്ശിവപേരൂർ വെച്ചു നടത്തിവരുന്ന പ്രദർശനവും സ്കൂൾകുട്ടികളുടെ കായികാഭ്യാസപരീക്ഷയും ഇക്കൊല്ലവും ശരിയായി നിർവ്വഹിച്ചിരിയ്ക്കുന്നു.

# तप्तमुद्राधारणम्।

निर्णयसिन्धौ तप्तमुद्राधारणमुक्तम् ।
यथा— रामार्चनचन्द्रिकायां भविष्ये—
"शयन्याश्चैव बौधिन्यां चक्रतीर्थे तथैव च ।
शंखचक्रविधानेन वन्हिपूतो भवेन्नरः" ॥ इति ।
"अग्निहोत्रं यथा नित्यं वेदस्याध्यायनं यथा ।
ब्राह्मणस्य तथैवेदं तप्तमुद्रादिधारणम्" ॥
इति पाद्मपुराणे च । तत्प्रकारस्तु रामार्चनचन्द्रिकातो ज्ञेयः ।
पृथ्वीचन्द्रोदयादयस्तु—
"यस्तु सन्तप्तशंखारिलिंगाचिन्हतनुर्नरः ।
स सर्वयातनाभोगी चण्डालो जन्मकोटिषु ॥
द्विजं तु तप्तशंखारिलिंगांकिततनुं नरः ।
संभाष्य रौरवं याति यावच्चन्द्राश्चतुर्दश" ॥
इति बृहन्नारदीयोक्तेः
"शंखचक्राद्यंकनं च नृत्तगीतादिकं तथा ।
एकजातेरयं धर्मो न जातु स्यात् द्विजन्मनः ॥
शंखं चक्रं मृदा यस्तु कुर्यात्तप्तायसेन वा ।
स शूद्रवत् बहिष्कार्यस्सर्वस्मात् द्विजकर्मणः ॥
यथा श्मशानजं काष्ठमनर्हंसककर्मसु ।
तथा चक्रांकितो विप्रस्सर्वकर्मसु गर्हितः" ॥
तथा—
"शिवकेशवयोरंकान् शूलचक्रादिकान्द्विजः ।
न धारयेत मतिमान् वैदिके वर्त्मनि स्थितः" ॥
इति विष्ण्वाश्वलायनादिवचनात् ऋग्वेदादिश्रुतीनामेतदर्थकत्वाभावादन्यासां च श्रुतीनामसत्वाच्च चक्रादिधारणं शूद्रविषयमित्यूचुः । नित्यं चोदनार्थे निषिद्धमिति श्रीधरस्वामी । यद्यपि निषेधस्य प्राप्तिपूर्वकत्वात् विधिं विनाऽपि तदयोगात् उपजीव्यविरोधेन तौ पशौ करोतीतिवत् विकल्पोऽयुक्तः तथापि 'एकजातेरयं धर्म' इत्यनेन सामान्यवाक्येनोपसंहारात् द्विजातिनिषेधो नित्यानुवाद इति तदाशयः । अत्र शिष्टाचार एव सकलपाशनिस्सरणसृणिरिति संक्षेपः ।
हेमाद्रौ प्रायश्चित्ताध्याये तप्तमुद्राधारिणस्तत्प्रतिगृहीतुश्च प्रायश्चित्तमुक्तम् ।
वायुपुराणे—
"ब्राह्मणो यदि मोहात्मा तापयेद्वन्हिमुद्रया ।
न कर्मार्हो भवेदत्र स वै पाषाण्डसंज्ञितः" ॥
नारदीये—
"ब्राह्मणस्य तनुर्ज्ञेया सर्वदेवमयी यतः ।
सा चेत् सन्तापिता येन किं वक्ष्यामि महैनसम्"
ब्रह्माण्डे—
"चक्रांकिततनुन्दृष्ट्वा लिंगांकिततनुं तथा ।
जपेच्च पौरुषं सूक्तमन्यथा रौरवं व्रजेत्" ॥
लिंगपुराणे—
"चक्रशंखौ तापयित्वा यत्र देहे प्रदृश्यते ।
स जीवत्कुणपस्त्याज्यः सर्वधर्मबहिष्कृतः" ॥
आदित्यपुराणे—
"वेदेषु यज्ञभागेषु यस्य नास्त्यधिकारिता ।
स तापयित्वा चक्रादीन् धारयेत् स्वभुजद्वये" ॥
नृसिंहपुराणे—
"ब्राह्मणो मोहमापन्नो धारयेद्यदि मुद्रिकाः ।
तस्य दर्शनमात्रेण कुर्यात् सूर्यावलोकनम्" ॥
अग्निपुराणे—
"पूर्वजस्वतनुन्दग्ध्वा शंखचक्रादिभिः पृथक् ।
तस्यैव निष्कृतिर्नास्ति स्नानदानजपादिभिः ॥
केशानां वपनं कृत्वा पुनस्संस्कारमाचरेत् ।
गर्भगोळात् समुद्धृत्य गर्भाधानादिपूर्वकम् ॥
षोढाऽत्रैव कृच्छ्राणां प्रायश्चित्तमुदीरितम् ।
अज्ञात्वा मुखजो यत्र मुद्रां दग्धेभ्य आदरात् ॥
सुवर्णमात्रसंग्राही प्राजापत्यं समाचरेत् ।
तदर्धेर्धं पुनः कृत्वा ह्यन्नमात्र उपोषणम् ॥
कृत्वा शुद्धिमवाप्नोति शुद्धिर्नान्यत्र दृश्यते" ।
हारीतस्मृतौ—
"देवानां च मनुष्याणां तथान्येषां च लाञ्छनम् ।
न कुर्यान्मोहतो वाऽपि यदि कुर्यात् पतत्यधः" ।
इत्यादि ।

इति कस्मिंश्चित् पुरातनग्रन्थे सन्दृश्यते ।

# മംഗളോദയം

ഫാവ്യന്ന

പുസ്തകം ൩ | കുംഭമാസം | ലക്കം ൪


## മംഗളം

അഞ്ചായ് ഭൂതങ്ങൾ നിൎമ്മിച്ചവയുടെ ഗുണസംയോഗഭേദക്രമത്താ-
ലഞ്ചു ചേൎന്നുള്ള ദേഹോദവസിതമതിലെപ്പന്തിരണ്ടാംനിലക്കൽ
അഞ്ചാണെന്നുള്ള ബോധം നിജവികൃതികളാൽ തന്നെയാപ്പൂൎത്ത്യ സാക്ഷാ-
ലഞ്ചും താനായ് വിളങ്ങും പരിണതപരമാത്മാവിനെക്കൈതൊഴുന്നേൻ.

# പരിണാമം



ജ്ഞാനം, ക്രിയ, ഫലം എന്നിങ്ങിനെ മൂന്നു വിധം വിഷയവ്യവഹാരങ്ങളെ സ്വീകരിക്കാതെ ഒരു മതവുമില്ല ശാസ്ത്രവുമില്ല. ജ്ഞാനക്രിയാഫലങ്ങൾ ഇല്ലെന്നു പറഞ്ഞാൽ ആ സിദ്ധാന്തം നിലനില്ക്കുന്നതുമല്ല. മതങ്ങളും ശാസ്ത്രങ്ങളും അനേകമുണ്ടെങ്കിലും അവയെല്ലാം ദ്വൈതം, അദ്വൈതം എന്ന രണ്ടു വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. ദ്വൈതമതത്തിൽ കൎത്തൃവ്യാപാരത്തിന്നു പ്രാധാന്യം കല്പിക്കുന്നവരും പരിണാമവാദികളുമാണ് പ്രമാണികളായി നില്ക്കുന്നത്. എന്നാൽ വാസ്തവത്തിൽ ഈ രണ്ടു സിദ്ധാന്തങ്ങളും ദ്വൈതമതത്തെ ആശ്രയിക്കുന്ന കാൎയ്യത്തിലെന്നതുപോലെ വസ്തുസ്വരൂപത്തെ പറയുന്ന കാൎയ്യത്തിലും വലിയ വ്യത്യാസമൊന്നും സ്വീകരിച്ചിട്ടില്ല. ഈ സംഗതിയെത്തന്നെ അല്പം വിശദമായി കാണിക്കാം;—

കൎത്തൃവ്യാപാരമെന്നതിന്നു കൎത്താവു ചെയ്യുന്ന ക്രിയ എന്നാണല്ലോ യഥാശ്രുതമായ അൎത്ഥം. ക്രിയയെന്നത് ഒരു ചേഷ്ട അല്ലെങ്കിൽ ചലനം മാത്രമാകുന്നു. പൂൎവ്വസ്ഥാനത്തിൽനിന്നു വിഭാഗവും പരസ്ഥാനത്തിൽ സംയോഗവും ഉണ്ടാകാതെ യാതൊരു ചലനവും സംഭവിക്കുന്നതല്ല. ഗുണങ്ങളെല്ലാം ഓരോരോ വസ്തുക്കളെ ആശ്രയിച്ചുകൊണ്ടിരിക്കുമ്പോൾ അതാതു വസ്തുക്കളിലുള്ള ഗുണങ്ങൾക്കും അതാതു ഗുണങ്ങളോ

ട കൂടിയ വസ്തുക്കൾക്കും തമ്മിൽ ഭേദമില്ലെന്നുള്ളതുകൊണ്ട് ഏതൊരു വസ്തുവിന്റെ ചലനവും പരിണാമസ്വരൂപമായിട്ടല്ലാതെ പര്യവസിക്കുന്നതുമല്ല. അതിനാൽ കർത്തൃവ്യാപാരം എന്നു പറയുന്ന ചലനത്തെത്തന്നെയാണ് പരിണാമവാദികൾ പരിണാമമെന്നു പറയുന്നത്. പ്രകൃതിയുടേയോ ആത്മാവിന്റേയോ ഗുണങ്ങളാണെന്നു പറയുന്ന ജ്ഞാനം, രാഗം, ദ്വേഷം മുതലായതിനെപ്പററി പറയുമ്പോൾ ഈ ചലനത്തിന്നു പ്രകാശമെന്നാണ് സാധാരണ വ്യവഹാരം എന്നല്ലാതെ വസ്തുസ്വരൂപത്തിൽ യാതൊരു വ്യത്യാസവുമില്ല. പ്രകൃതിശാസ്ത്രപണ്ഡിതന്മാർ മൂർത്തങ്ങളായ വായു മുതലായതിന്റെ ചലനവിശേഷം തന്നെയാണ് പ്രകാശമെന്നു വ്യവസ്ഥാപിച്ചിട്ടുള്ളതും ഈ സംഗതിയിൽ യോജിച്ചിരിക്കുന്നുണ്ടല്ലോ. അതുകൊണ്ടു ബീജം അങ്കുരമാകുന്നതും ലതയാകുന്നതും വളരുന്നതും പൂക്കുന്നതും കായ്ക്കുന്നതും കായ മൂക്കുന്നതും പഴുക്കുന്നതും ഭൂമി കടലാകുന്നതും കടൽ ഭൂമിയാകുന്നതും കാടു നാടാകുന്നതും നാടു കാടാകുന്നതും മററ് ഏതുപ്രകാരത്തിലുള്ള മാററവും ഏതൊരു വ്യാപാരംകൊണ്ടുണ്ടാകുന്നുവെന്നു കർത്തൃവ്യാപാരവാദികൾ സിദ്ധാന്തിക്കുന്നുവോ ആ വ്യാപാരത്തെത്തന്നെയാണ് പരിണാമവാദികൾ പരിണാമമെന്നു പറയുന്നത്.

ഈ പരിണാമം ഈശ്വരന്റെ ചേഷ്ടയാണെന്നു വന്നാൽ പരിണമിക്കുന്ന വസ്തു ഈശ്വരനിൽനിന്നു പുറമേയുള്ളതാണെന്നും അതിനെ ഈശ്വരൻ ചലിപ്പിക്കുന്നുവെന്നും ഉള്ള തത്വം അധികം ആലോചിക്കാതെ തന്നെ അറിയാവുന്നതാകുന്നു. അതുകൊണ്ടു കർത്തൃവ്യാപാരവാദികൾ ദ്വൈതമതത്തെ അവലംബിച്ചിട്ടുള്ളവരാണെന്നും തീർച്ചപ്പെട്ടുകഴിഞ്ഞു. പരിണാമവാദികളെന്നു പ്രസിദ്ധന്മാരായ സാംഖ്യന്മാർ മുതലായവർ പ്രകൃതി എന്നൊരു പദാർത്ഥമുണ്ടെന്നും അതിന്റെ പരിണാമമാണ് ഈ ലോകമെന്നും ആത്മാവ് എപ്പോഴും നിഷ്ക്രിയനാണെന്നും പറയുന്നു. ഈ പക്ഷത്തിൽ ഈശ്വരനിൽനിന്നു പുറമെ ഒരു ശക്തിയുണ്ടെന്നു സ്വീകരിച്ചിരിക്കയാൽ ഇവരും ദ്വൈതികൾതന്നെ. വിവർത്തവാദികളാണെന്നു പറയുന്ന വേദാന്തികളാണ് അദ്വൈതികളായിട്ടുള്ളത്. പക്ഷെ വിവർത്തത്തിന്റെ സ്വരൂപവും പരിണാമം തന്നെയാകയാൽ സൂക്ഷ്മത്തിൽ ഇവരേയും ദ്വൈതികളെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. വിവർത്തപരിണാമങ്ങൾ ഒന്നായിത്തീരുന്നതിന്റെ സമ്പ്രദായം വിവരിക്കുന്നതുകൊണ്ടുതന്നെ ഈ വേദാന്തികളും ദ്വൈതികളാണെന്ന സംഗതി സ്പഷ്ടമാകുന്നതിനാൽ ആ സമ്പ്രദായത്തെയാണ് ഇനി കാണിക്കുന്നത്.

എങ്ങും പരന്നുകിടക്കുന്ന വെള്ളത്തിൽ തിരയും നുരയും, ഒഴുക്കും ഓളവും, ഉണ്ടാകുന്നുണ്ടെങ്കിലും അവയെല്ലാം വെള്ളത്തിൽനിന്നു വേറെയല്ലായ്കയാൽ വെള്ളം മാത്രമാണല്ലൊ. അതുപോലെ ലോകവും ജ്ഞാനസ്വരൂപമായ ബ്രഹ്മത്തിൽനിന്നു വേറെയാകാതെതന്നെ സ്ഫുരിക്കുന്നുവെന്നും തിരയും നുരയുമെല്ലാം വെള്ളത്തിന്റെ വിവർത്തമായതുപോലെ ലോകവും ബ്രഹ്മത്തിന്റെ വിവർത്തമാണെന്നും ഇവർ പറഞ്ഞുവരുന്നു. എന്നാൽ വായുവിന്റെ സഹായം കൂടാതെ കേവലം വെള്ളത്തിൽ തിരയുണ്ടാകുവാൻ തരമില്ലല്ലൊ. അതുപോലെ ബ്രഹ്മത്തിൽ ലോകസ്വരൂപമായ വിവർത്തം ഉണ്ടാകുന്നതിന്ന് ഏതിന്റെ സഹായമാണെന്നുള്ള ചോദ്യത്തിന്ന് ഇവർതന്നെ മായ എന്നൊരു ശക്തി ബ്രഹ്മത്തിലുണ്ടെന്നും അത് അനിർവ്വചനീയമാണെന്നും സമാധാ

നം പറയുന്നു. ഇങ്ങിനെ പിന്നെയും അവിടെ എത്തിയപ്പോൾ തോന്നി മുമ്പിലത്തെ കരയ്ക്കു തന്നെ അണഞ്ഞതുകൊണ്ടാണ് ഇവരും ദ്വൈതികളാണെന്നു പറയേണ്ടിവരുന്നത്. ഇവർ അദ്വൈതികളാണെങ്കിൽ അങ്ങിനെ ആയിക്കൊള്ളട്ടെ. വിവർത്തമെന്നുള്ളതു പരിണാമം തന്നെയാണെന്നു സമ്മതിക്കാതെ കഴിയുന്നതല്ല. എന്തുകൊണ്ടെന്നാൽ വെള്ളം ചലിക്കാതെ, അതിന്റെ വിവർത്തം ഒരിക്കലും ഉണ്ടാകുന്നില്ല. ചലനം തന്നെയാണ് പരിണാമമെന്നു മുമ്പു തീർച്ചപ്പെട്ടിട്ടുമുണ്ട്. അതുമാത്രമല്ല—

'വിശുദ്ധം ജ്ഞാനമേകൈവ കംമായയാ ഭാസതേ ത്രിധാ
ഗ്രാഹകം ഗ്രഹണം ഗ്രാഹ്യം യത്ര സംവിൽക്രിയാഫലം'

എന്നു മുതലായ പ്രമാണങ്ങൾകൊണ്ടു സംവിത്ത്, ക്രിയ, ഫലം എന്നിങ്ങിനെ മൂന്നായി സ്ഫുരിക്കുന്നത് ഒരേ ജ്ഞാനമാണെന്നും അതിനെത്തന്നെയാണ് 'ഗ്രാഹകഗ്രഹണഗ്രാഹ്യങ്ങ'ളെന്നോ 'ജ്ഞാതൃജ്ഞാനജ്ഞേയങ്ങ'ളെന്നോ 'സംവിൽക്രിയാഫലങ്ങ'ളെന്നോ ഏതു വിധത്തിലെങ്കിലും മൂന്നായി വ്യവഹരിക്കുന്നതെന്നും ഈ വേദാന്തികൾ സിദ്ധാന്തിക്കുന്നു. സംവിത്ത് എന്നതു ജ്ഞാനസ്വരൂപമായ ചൈതന്യമാണ്. ചൈതന്യത്തിന്നു പരിണാമം വരുന്നതല്ല. വിവർത്തമെന്നതു തോന്നൽ മാത്രമാണ്. അതിനെ പരിണാമമെന്നു പറയുവാനേ പാടില്ല എന്നും മറ്റും അവർ വാദിക്കുന്നില്ലെന്നില്ല. പക്ഷേ അത് ആചാരം പറയുന്ന കൂട്ടത്തിൽ കൂട്ടുവാനേ തരം കാണുന്നുള്ളൂ. തമ്പുരാൻ അരുളിച്ചെയ്തുവെന്നും മറ്റുള്ളവർ പറഞ്ഞുവെന്നും ശബ്ദത്തിൽ വ്യത്യാസപ്പെടുത്തുന്നതുപോലെയല്ലാതെ അർത്ഥത്തിൽ യാതൊരു വ്യത്യാസവുമില്ല. അദ്വൈതിയായ വൃത്തിപ്രഭാകരകാരൻ— ചൈതന്യപ്രകാശപരിണാമത്തെ പരിണാമമെന്നു പറയരുത്. വൃത്തി എന്നു പറയണം. ജഡങ്ങളായ ആകാശാദിഭൂതങ്ങളുടെ പരിണാമത്തെയാണ് പരിണാമമെന്നു പറയേണ്ടത്. ഇങ്ങിനെ വിവരിച്ചിട്ടുണ്ട്. അപ്പോഴും പഴയരി, കരിക്കാടി എന്നുള്ള ഭേദം മാത്രമാണ്. കാര്യം ഒന്നുതന്നെ. അതുകൊണ്ടു ദ്വൈതവ്യവഹാരമാകട്ടെ അദ്വൈതവ്യവഹാരമാകട്ടെ വ്യവഹാരം ഉണ്ടെങ്കിൽ അതെല്ലാം ജ്ഞാനക്രിയാഫലങ്ങളെ അവലംബിക്കാതെ നിവൃത്തിയില്ലാത്തതുപോലെ ജ്ഞാനക്രിയാഫലങ്ങളെന്നു മൂന്നുവിഭാഗവും ജ്ഞാനസ്വരൂപമായ സംവിത്തിന്റെ വൃത്തിയെന്നോ വിവർത്തമെന്നോ പരിണാമമെന്നോ പറയാതെ നിർവ്വാഹവുമില്ല. ആ ശബ്ദങ്ങൾക്കു സൂക്ഷ്മവിചാരത്തിൽ ഒരേ അർത്ഥമായിരിക്കുകയും ചെയ്യുന്നു. എങ്ങിനെയെന്നാൽ—' വിവർത്തവാദി എന്നു പറയുന്ന അദ്വൈതിയുടെ മതത്തിലും ജ്ഞാനശക്തി, ഇച്ഛാശക്തി, ക്രിയാശക്തി എന്നിങ്ങിനെ മൂന്നുവിധം പരിണാമവും ഒരേ ശക്തിയാണെന്ന് അവർ പറയുന്നുണ്ട്. ജ്ഞാനശക്തി എന്നതിന്റെ ഒന്നാമത്തെ പരിണാമം ഇച്ഛാശക്തിയാണെന്നും രണ്ടാമത്തെ പരിണാമം ക്രിയാശക്തിയാണെന്നും അവർ വ്യവഹരിക്കുന്നു. എന്നു തന്നെയല്ല ഇച്ഛയുടെ സ്വരൂപം ഫലത്തെപ്പറ്റിയുള്ള ഭാവനയും, ഫലമെന്നത് ആ ഭാവനയ്ക്കു വിഷയമായ പദാർത്ഥവുമാണെന്നും ആ പ്രകാരമുള്ള ഫലത്തെ പ്രത്യക്ഷാനുഭവത്തിൽ വരുത്തുന്ന വ്യാപാരം തന്നെയാണ് ക്രിയാശക്തിയായതെന്നും വിവരിക്കുന്നുണ്ട്. പരമാത്മാവെന്നു പറയുന്ന ബ്രഹ്മത്തിൽ പരിണാമത്തിന്റെ ഗന്ധംപോലുമില്ലെന്നും ജ്ഞാനശക്തി ആ ബ്രഹ്മത്തിൽ നിന്നു വേറെയല്ലെന്നും ഉറപ്പിച്ചുവെച്ചിട്ടു പിന്നെ ജ്ഞാനശക്തിക്കു പരിണാമമുണ്ടെ

ന്നു സമ്മതിച്ചാൽ ജ്ഞാനശക്തിസ്വരൂപമായ ബ്രഹ്മത്തിന്നും പരിണാമം വന്നേയ്ക്കുമോ എന്നു ഭയപ്പെട്ടിട്ടായിരിക്കാം ഇവർ ജ്ഞാനശക്തിയുടെ പരിണാമത്തിന്ന് വൃത്തി എന്നു നാമകരണം ചെയ്തിരിക്കുന്നത്. അതുകൊണ്ടു പേരുമാററിയാൽ അർത്ഥം മാറുമെങ്കിൽ വൃത്തിയും പരിണാമവും രണ്ടായി വന്നേക്കാം. ഇപ്പോൾ സ്പഷ്ടമായല്ലോ. ഇങ്ങിനെ വൃത്തിയും വിവർത്തവും കർത്തൃവ്യാപാരവും വാസ്തവത്തിൽ പരിണാമത്തിൽ തന്നെ അന്തർഭൂതമായിട്ടാണിരിക്കുന്നത്. പരിണാമത്തിന്റെ വകഭേദമാണെന്നു വേണമെങ്കിൽ സമ്മതിക്കാം. പരിണമിക്കുന്ന വസ്തുക്കളുടെ സ്വഭാവത്തെ അനുസരിച്ച് പരിണാമത്തിന്നു ഭേദം വരുന്നത് അനുഭവസിദ്ധമാണല്ലോ. വായു അഗ്നിയാകുമ്പോഴും പരുത്തി നൂലാകുമ്പോഴും മണ്ണു കുടമാകുമ്പോഴും പരിണാമസ്വരൂപം ഒരുപോലെയല്ലെങ്കിലും രണ്ടും പരിണാമമാണെന്നു സമ്മതിക്കാതെ കഴിയുന്നതല്ല. വസ്തുസ്ഥിതി ഇപ്രകാരമാകയാൽ ഓരോ ശാസ്ത്രകർത്താക്കന്മാരായ ആചാര്യന്മാർ മനുഷ്യർക്കു വിചാരശീലമുണ്ടാക്കേണ്ടതിന്നു വേണ്ടി ഓരോ മതങ്ങളും ശാസ്ത്രസിദ്ധാന്തങ്ങളും വിചാരത്തിന്റെ സോപാനസ്ഥാനങ്ങളാക്കി വെച്ചിരിക്കുന്നുവെന്നല്ലാതെ വിവർത്തവാദിയെന്നോ ആരംഭവാദിയെന്നോ പരിണാമവാദിയെന്നോ ഉള്ള അംശത്തിൽ അവർക്കു വലിയ സിദ്ധാന്തമുണ്ടെന്നു തോന്നുന്നില്ല. അതിനാൽ ദ്വൈതമെന്നും അദ്വൈതമെന്നും ഉള്ള വ്യവഹാരവും ഈ വിചാരസ്ഥാനഭേദങ്ങളെ മാത്രമാണ് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്. ശേഷം ചിന്ത്യം.

എ. കൃഷ്ണൻ എമ്പ്രാന്തിരി,

# ചരിത്രസാമഗ്രികൾ

(ഇന്ത്യാ)

തുടർച്ച

5. സംസ്കൃതഭാഷയിലുള്ള ഗ്രന്ഥസമൂഹങ്ങൾ—(1) വേദങ്ങൾ, വേദാംഗങ്ങൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ എന്നിങ്ങിനെയുള്ള വൈദികമായ ഗ്രന്ഥങ്ങളുടെ സമൂഹം; (2) വിവിധധർമ്മങ്ങളെപ്പററി പ്രതിപാദിക്കുന്ന സ്മൃതിഗ്രന്ഥങ്ങളുടെ സമൂഹം; (3) ഇതിഹാസപുരാണഗ്രന്ഥങ്ങളുടെ സമൂഹം; (4) പിന്നെ ജ്യോതിഷം, വൈദ്യം, തർക്കം, വ്യാകരണം, വേദാന്തം, സാംഖ്യം, യോഗം, മന്ത്രം എന്നീ ശാസ്ത്രങ്ങളിൽ ഓരോന്നിലുമുള്ള ഗ്രന്ഥസമൂഹങ്ങൾ; (5) അവസ്സും പുറമെ കാവ്യനാടകാലങ്കാരങ്ങൾ, സംഗീതം, ഇതരസുകുമാരകലാവിദ്യകൾ, തച്ചുശാസ്ത്രം മുതലായവയിലോരോന്നിലുമുള്ള ഗ്രന്ഥസമൂഹങ്ങൾ—ഇങ്ങിനെ സംസ്കൃതഭാഷയിലുള്ള ഗ്രന്ഥങ്ങളെ പല സമൂഹങ്ങളായി വിഭജിക്കാവുന്നതാണ്. ഇവയിൽ ഓരോ എണ്ണത്തിലും അസംഖ്യം ഗ്രന്ഥങ്ങൾ നശിച്ചു പോയിട്ടുള്ളതായി അറിയുന്നുണ്ട്. രണ്ടായിരത്തിച്ചില്വാനം സംവത്സരങ്ങൾക്കു മുമ്പ് അലക്സാണ്ടർ എന്നു പേരായ പ്രസിദ്ധ യവനരാജാവ് ഇന്ത്യ

ൌയ ആക്രമിച്ച കാലത്ത് അദ്ദേഹം ഇവിടെനിന്ന് അസംഖ്യം ഗ്രന്ഥങ്ങൾ കൊണ്ടുപോയി ഈജിപ്തിൽ 'അലക്സാണ്ഡ്രിയ' എന്ന നഗരത്തിൽ സൂക്ഷിച്ചതായും, പിന്നിട് അനവധി കാലം കഴിഞ്ഞതിന്റെ ശേഷം മുസൽമാന്മാരുടെ ആക്രമണകാലത്ത് ആ നഗരം നശിപ്പിച്ചതോടുകൂടി ആവക ഗ്രന്ഥങ്ങളേയും അവർ ചുട്ടുപൊടിച്ചതായുമുള്ള കഥകൾ ഇതരദേശീയന്മാരുടെ ചരിത്രഗ്രന്ഥങ്ങളിൽനിന്നു കാണുന്നുണ്ട്. ഉദ്ദേശം നാനൂറിച്ചില്വാനം വൎഷങ്ങൾക്കു മുമ്പു മുതൽ ഓരോ കാലങ്ങളിലായി പറങ്കി, ലന്ത, പരന്തിരീസ്സ്, ഇംഗ്ലീഷ് എന്നീ യൂറോപ്യദേശീയന്മാർ ഇന്ത്യയിലേക്കു ആദ്യം കച്ചവടത്തിന്നായിട്ടു വരികയും, പിന്നിട്ടു ക്രമേണ ഓരോ രാജ്യങ്ങളെയായി കൈക്കലാക്കുകയും, അപ്പോഴെല്ലാം പലവിധത്തിലുമുള്ള നാശങ്ങൾ അവിടവിടെ വരുത്തിക്കൂട്ടുകയും, ചെയ്തിരുന്നുവെങ്കിലും അവർ (പ്രധാനമായിട്ടു പരന്തിരീസ്സുകാരും ഇംഗ്ലീഷുകാരും) അതാതു ദിക്കുകളിലുണ്ടായിരുന്ന ഗ്രന്ഥശാലകളെ സൂക്ഷിക്കുന്നതിൽ മനസ്സിരുത്തുക പതിവായിരുന്നു. മുസൽമാൻചക്രവൎത്തിമാരിൽ പലരും ഇന്ത്യയിലുള്ള വിദ്വാന്മാരെ യഥോചിതം പൂജിക്കുകയും, ഹിന്തുക്കളുടെ വേദശാസ്ത്രപുരാണേതിഹാസാദിഗ്രന്ഥങ്ങളെ ആദരിക്കുകയും ചെയ്തിരുന്നു. ഈ വക കാരണങ്ങളേക്കൊണ്ടു നമ്മുടെ പൂൎവ്വന്മാർ ഓരോ വിഷയത്തിലും സമ്പാദിച്ചുവെച്ചിട്ടുള്ള ഗ്രന്ഥങ്ങൾ തീരേ നശിച്ചുപോവാതിരിപ്പാനിടയായിത്തീൎന്നു. ആ വക ഗ്രന്ഥങ്ങളാസകലവും മുൻപറഞ്ഞ യൂറോപ്യരാജ്യങ്ങളിലെ പ്രധാനനഗരങ്ങളിലുള്ള മ്യൂസിയങ്ങളിൽ ശേഖരിക്കപ്പെട്ടിട്ടുണ്ട് എന്നു മുമ്പു പ്രസ്താവിച്ചുവല്ലൊ. ബ്രിട്ടീഷ് ഗവൎമ്മെണ്ടിന്റെ ആദ്ധ്യവസാനത്തിൽ അവയിൽ പലതും ഇന്ത്യയിൽ പലേടത്തുമായി സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും ലണ്ടൻ, പാരീസ്, ബർലിൻ എന്നീ നഗരങ്ങളിലെ മ്യൂസിയങ്ങളിലുള്ള ശേഖരിപ്പുപോലെ ഇവിടങ്ങളിൽ കാണുമോ എന്നു സംശയമാണ്. എന്നാലും നമുക്ക് അവരോടു പരിഭവത്തിന്നവകാശമില്ല. എന്തെന്നാൽ നമ്മുടെ ഗ്രന്ഥസമൂഹങ്ങളെ പൊതുജനങ്ങൾക്കുപകാരപ്രദങ്ങളാക്കിത്തീൎക്കുന്നതിന്ന് അവർ വളരെ ശ്രമം ചെയ്യുന്നുണ്ട് എന്ന കാൎയ്യത്തിൽ ആൎക്കും വാദമില്ല. ഏകദേശം ഒരു നൂറു സംവത്സരങ്ങൾക്കു മുമ്പു മുതൽ ഇങ്ങോട്ട് അതാതു തലമുറയിലായി സംസ്കൃതഭാഷാപണ്ഡിതന്മാരായ അസംഖ്യം പാശ്ചാത്യവിദ്വാന്മാർ അവരവരുടെ രാജ്യങ്ങളിൽ ശേഖരിക്കപ്പെട്ടിട്ടുള്ള സംസ്കൃതഗ്രന്ഥങ്ങളെ — പല അക്ഷരങ്ങളിൽ എഴുതപ്പെട്ടിട്ടുള്ളവയും, ഏടുകൾ ചെതലുപിടിച്ചുപോയിട്ടുള്ളവയും, അക്ഷരവ്യക്തിയില്ലാത്തവയുമായ ഗ്രന്ഥങ്ങളെ — വളരെ ബുദ്ധിമുട്ടി വായിച്ചു മനസ്സിലാക്കുകയും, ഓരോന്നിന്റെയും പല പാഠഭേദങ്ങളെ നോക്കി പരിശോധിക്കുകയും, അതിന്റെ ശേഷം അവയെ നാഗരാക്ഷരത്തിൽ അച്ചടിക്കുകയും, ചെയ്തുപോരുന്നുണ്ട്. അച്ചടിക്കുകമാത്രമല്ല, അവയെ ഓരോന്നായി സ്വസ്വഭാഷകളിലേക്കു തൎജ്ജമചെയ്തും വരുന്നു. പ്രൊഫെസർ മാക്സ്മുള്ളർ എന്ന മഹാനാണ് ശീമരാജ്യത്തു വെച്ച് ഋഗ്വേദത്തെ മേൽപറഞ്ഞപ്രകാരം പരിശോധിച്ചു നാഗരാക്ഷരത്തിൽ ഒന്നാമതായി അച്ചടിച്ചത്. പുസ്തകം ആദ്യമായിട്ടിന്ത്യയിൽ വന്നപ്പോൾ അന്നത്തെ വൈദികന്മാൎക്കുണ്ടായ ആശ്ചൎയ്യം ഇന്ന പ്രകാരമായിരുന്നുവെന്നു പറഞ്ഞറിയിക്കുവാൻ തരമില്ല. 'ഒരു മ്ലേച്ഛൻ അന്യരാജ്യത്തു വെച്ചു നമ്മുടെ വേദത്തെ അ

ച്ചിട്ടിരിക്കുന്നു! ചിത്രം!! അതൊരിക്കലും ശരിയായിട്ടു വരുവാൻ പാടില്ല നിശ്ചയം. അബദ്ധമയമായിരിക്കും.' എങ്കിലും അവരുടെ തൽക്കാലമനഃക്ഷോഭമൊന്നാറിയതിന്റെ ശേഷം ആ പുസ്തകത്തെ സാവധാനത്തിൽ പരിശോധിച്ചുനോക്കിയപ്പോൾ ഇത്ര പിഴ കുറഞ്ഞതായ ഒരു ഗ്രന്ഥം അവരിൽ ആരുടെ കയ്യിലുമില്ല എന്ന് എല്ലാവരും സമ്മതിക്കേണ്ടിവന്നു. അതിന്റെ ശേഷം പ്രൊഫെസർ മാക്സമൂള്ളർ ഋഗ്വേദത്തെ ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തു. പിന്നീടു സായണഭാഷ്യത്തോടുകൂടി ഋഗ്വേദത്തെ അച്ചടിക്കുകയും, ഉടനെ ഭാഷ്യത്തെ കൂടി ഇംഗ്ലീഷിലേക്കു ഭാഷാന്തരപ്പെടുത്തുകയും ചെയ്തു. ശാങ്കരഭാഷ്യസഹിതം ഉപനിഷത്തും അദ്ദേഹം തന്നെ തർജ്ജമ ചെയ്കയുണ്ടായിട്ടുണ്ട്. സംസ്കൃതഭാഷയിൽ അദ്ദേഹം നോക്കാത്ത ഗ്രന്ഥങ്ങൾ വളരെ കുറച്ചു മാത്രമേ കാണുകയുള്ളു. ഹിന്തുക്കളുടെ സംഗീതശാസ്ത്രം മാത്രം തന്റെ ബുദ്ധിക്കു ഗോചരമാകുന്നില്ല എന്ന് അദ്ദേഹം പറഞ്ഞിട്ടുള്ളതായി കേട്ടിട്ടുണ്ട്. അദ്ദേഹം ഇന്ത്യാരാജ്യത്തു വന്നിട്ടില്ല. എങ്കിലും നമ്മുടെ വേദങ്ങളേയും സ്മൃതികളേയും ശാസ്ത്രങ്ങളേയും പുരാണങ്ങളേയും മററും പരിശോധിച്ചു ഗുണദോഷവിവേചനം ചെയ്തിട്ടുള്ളതു വായിച്ചുനോക്കിയാൽ ഏവനും അതിയായിട്ടാശ്ചര്യപ്പെടാതെയിരിക്കുന്നതല്ല. പാണ്ഡിത്യംകൊണ്ടു പ്രൊഫെസർ മാക്സമൂള്ളർ എന്ന മഹാനോടു തുല്യന്മാരായിട്ടുള്ളവരും, പിന്നെ അതിൽ അല്പം താണു നിൽക്കുന്നവരുമായ അസംഖ്യം പാശ്ചാത്യവിദ്വാന്മാർ ഇപ്പോഴും നമ്മുടെ ഓരോ ഗ്രന്ഥങ്ങളെ ഭാഷാന്തരം ചെയ്തും, അവയെ നിഷ്കർഷയോടുകൂടി പരിശോധിച്ചു ചരിത്രസംബന്ധമായ ഓരോ തത്വങ്ങളെ അവയിൽനിന്നു കണ്ടുപിടിച്ചും, വരുന്നുണ്ട്. ആകപ്പാടെ ഇപ്പോൾ നോക്കുന്നതായാൽ ഇംഗ്ലീഷിലേക്കു ഭാഷാന്തരപ്പെടുത്താതെ കണ്ടുള്ള സംസ്കൃതഗ്രന്ഥങ്ങൾ വളരെ കുറച്ചു മാത്രമേ ശേഷിച്ചിട്ടുള്ളുവെന്നു കാണാവുന്നതാണ്. ഉത്സാഹശാലികളും പണ്ഡിതന്മാരുമായ ഇന്ത്യാക്കാരും ഇപ്പോൾ ഈ കാര്യത്തിൽ വളരെ ശ്രമം ചെയ്തുവരുന്നുണ്ട്. അവരിൽ രമേശചന്ദ്രദത്തൻ, രാജേന്ദ്രലാലാമിത്രൻ എന്നീ ബെങ്കാളിമഹാന്മാരേയും, ഗംഗാധരടിലാക്ക്, ഡാക്ടർ ഭണ്ഡാർക്കർ എന്നീ മഹാരാഷ്ട്രദേശീയന്മാരേയും പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. രമേശചന്ദ്രദത്തന്റെ 'പ്രാചീനാര്യാവർത്തം' എന്ന ഗ്രന്ഥത്തെ ഒന്നു ചുരുക്കി മലയാളഭാഷയിലേക്കു തർജ്ജമ ചെയ്തു പ്രസിദ്ധം ചെയ്തിട്ടുള്ള കഥ മിക്ക വായനക്കാർക്കും അറിയാമല്ലോ. ഗംഗാധരടിലാക്ക് എന്ന പ്രസിദ്ധപുരുഷൻ 'ഓറിയൺ' എന്ന പേരോടു കൂടി ഒരു ഗ്രന്ഥവും, പിന്നെ പുരാതന ആര്യന്മാരുടെ ആദികാലത്തുള്ള വാസസ്ഥാനം ഇപ്പോൾ മഞ്ഞു കട്ടിപിടിച്ചു കിടക്കുന്ന (ആറുമാസം രാത്രിയും ആറുമാസം പകലുമായിരിക്കുന്ന) ഉത്തരധ്രുവപ്രദേശങ്ങളിലായിരുന്നുവെന്നുള്ള സംഗതിയെ തെളിയിക്കുന്നതായ ഒരു ഗ്രന്ഥവും പ്രധാനമായിട്ടെഴുതീട്ടുണ്ട്. 'ഓറിയൺ' എന്ന ഗ്രന്ഥത്തിൽ വേദം ഇപ്പോഴത്തെ ആകൃതിയിൽ രചിക്കപ്പെട്ടിട്ടുള്ളതെന്നാണ് എന്ന സംഗതിയെ വേദത്തിൽത്തന്നെയുള്ള ജ്യോതിശ്ശാസ്ത്രസംബന്ധമായ ചില തത്വങ്ങളെക്കൊണ്ടു തെളിയിക്കുകയാകുന്നു. മറെറാ ഗ്രന്ഥത്തിൽ അദ്ദേഹം വേദത്തിൽനിന്നുതന്നെ ഓരോ ഭാഗങ്ങളെ പ്രമാണമായി

ഏടത്ത് ആ വിഷയത്തെ യുക്തിയുക്ത*മായി പ്രതിപാദിച്ചിട്ടുള്ളതിനെ വായിച്ചുനോക്കുമ്പോൾ യൂറോപ്യപണ്ഡിതന്മാർ ഇത്രയം സ്പഷ്ടമായ സംഗതിയെ ഇതേവരെ കാണാതിരുന്നതു കുറെ ആശ്ചര്യം തന്നെയാണ് എന്നു തോന്നിപ്പോകുന്നു. അത്ര അനുഭവപ്പെടുത്തിക്കൊണ്ടാണ് അദ്ദേഹം ആ വിഷയത്തെ പ്രതിപാദിച്ചിട്ടുള്ളത്. ആ ഗ്രന്ഥത്തിന്റെ സാംക്ഷേപമായിട്ടെങ്കിലുമുള്ള സചത്രപാജതൊന്നും വായനക്കാർക്കുണ്ടാകണമെങ്കിൽ അതിനെപ്പററി ഒരു പ്രത്യേകലേഖനം തന്നെ വേണ്ടിവരുന്നതാണ്.

ഗ്രന്ഥങ്ങളിൽനിന്നു ചരിത്രവിഷയമായ സംഗതികളെ വേർതിരിച്ചെടുക്കുന്നതിന്നും മററുമായി ഇന്ത്യയിലും യൂറോപ്പിലുമുള്ള വിദ്വാന്മാരുടെ ഉത്സാഹത്തിന്മേൽ പല സഭകൾ ഏർപ്പെടുത്തപ്പെട്ടിട്ടുണ്ട്. ആ വക സഭകളുടെ അദ്ധ്യക്ഷത്തിൽ ഈ പ്രത്യേകാവശ്യത്തിന്നായി പല മാസികപുസ്തകങ്ങളും പ്രസിദ്ധപ്പെടുത്തിവരുന്നു. അങ്ങിനെയുള്ള മാസികകൾമൂലമാണ് വിദ്വാന്മാർ തങ്ങളുടെ പ്രയത്നങ്ങളുടെ ഫലത്തെ അപ്പപ്പോൾ പരസ്പരം മനസ്സിലാക്കുന്നത്.

ചിലർ വേദങ്ങളെ പരിശോധിച്ച് അവയുടെ രചനാവൈചിത്ര്യത്തെയും ഛന്ദസ്സുകളുടെ രീതിയെയും മററും കണ്ട് അവയുടെ നിർമ്മാണത്തിന്നുള്ള കാലത്തെ നിർണ്ണയിക്കുന്നു. പിന്നെ അവയിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള വിഷയങ്ങളിൽ നിന്ന് ഏററവും പുരാതനമായ വൈദികകാലത്തുള്ള ജനങ്ങളുടെ ഭക്ഷണവസ്ത്രധാരണ ആചരണാദികാര്യങ്ങൾ ഏപ്രകാരമായിരുന്നുവെന്നും, ഈശ്വരനെപ്പററിയ അവരുടെ വിശ്വാസമെപ്രകാരമായിരുന്നുവെന്നും, വൈദികവൃത്തികൾ ഏപ്രകാരമെന്നും, അവരുടെ സമുദായത്തിന്റെ കെട്ടുപാട് ഏപ്രകാരമെന്നും, കൃഷിവാണിജ്യാദി വ്യവഹാരങ്ങളെങ്ങിനെയായിരുന്നുവെന്നും മററുമുള്ള സംഗതികളെ മനസ്സിലാക്കുന്നു. ഈ രീതിയിൽത്തന്നെ വേറെ ചിലർ സ്മൃതിപുരാണേതിഹാസാദിഗ്രന്ഥങ്ങളെയും പരിശോധിച്ച് അവയിൽ നിന്നു മേൽപ്പറഞ്ഞപ്രകാരമുള്ള സംഗതികളെ കണ്ടുപിടിക്കുന്നു. ഇതിഹാസപുരാണാദിഗ്രന്ഥങ്ങളിൽ കാണപ്പെടുന്ന ഐതിഹ്യങ്ങളെല്ലാം ചരിത്രയോഗ്യങ്ങളായ സംഭവങ്ങളായിട്ടവർ എടുക്കുന്നില്ല. അവയിൽ കാണുന്ന ഓരോ ഐതിഹ്യങ്ങൾക്കു തെളിവായിട്ടു മേൽപ്പറഞ്ഞ വിഭാഗങ്ങളിൽപ്പെട്ട എന്തെങ്കിലും റിക്കാർട്ടുകളുണ്ടോ എന്നു നോക്കുന്നു. ഉണ്ടെങ്കിൽ ആ സംഗതിയെ ചരിത്രയോഗ്യമായിട്ടു സ്വീകരിക്കുന്നു. റിക്കാർട്ടില്ലാത്തവയെ സംശയസ്ഥാനത്തു വെക്കുകയേ ഉള്ളൂ. എന്നാൽ വാസ്തവത്തിൽ അനേകം ഐതിഹ്യങ്ങൾ ചരിത്രവിഷയാന്വേഷണത്തിൽ സഹായമായിത്തീർന്നിട്ടുണ്ട്. ഒരു ചെറിയ പഴങ്കഥയ്ക്കു യോജിപ്പായിട്ടു ബാഹ്യമായ എന്തെങ്കിലും ഒരു റിക്കാർട്ടു കണ്ടുകിട്ടുക എന്ന സംഭവം ഓരോ വഴി മൂടിക്കിടന്നിരുന്ന ഏററവും മുഖ്യങ്ങ

* ഇദ്ദേഹം ഇപ്പോൾ നാടു കടത്തപ്പെട്ടിട്ടു ബർമ്മാരാജ്യത്തു തടവിൽ താമസിക്കുകയാണ് എന്ന വിവരം വായനക്കാരിൽ പലരും ധരിച്ചിട്ടുണ്ടായിരിക്കുമല്ലോ. ഇദ്ദേഹത്തിന്റെ 'ഓറിയൻ' എന്ന ഗ്രന്ഥത്തിൽ ജ്യോതിശ്ശാസ്ത്രസംബന്ധമായ ചില ന്യായങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടു വേദകാലത്തെ നിർണ്ണയിക്കയാണ് ചെയ്തിട്ടുള്ളത്. എന്നാൽ എന്തെല്ലാം യുക്തികളെക്കൊണ്ടാണ് അതു സാധിച്ചിട്ടുള്ളത് എന്ന സംഗതി വായനക്കാരെ അറിയിക്കുന്നതിന്നു വേണ്ടി, ആ വിഷയത്തിൽ അപാരപാണ്ഡിത്യം സിദ്ധിച്ചിട്ടുള്ള മഹാരാജമാന്യരാജശ്രീ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ എം. എ. അവർകൾ അതിനെപ്പററി ഒരു ലേഖനമെഴുതിയയക്കണമെന്ന് ഈ ലേഖകൻ അദ്ദേഹത്തോട് സവിനയം അപേക്ഷിച്ചുകൊള്ളുന്നു.

ളായ ചരിത്രവിഷയങ്ങളെ വെളിപ്പെടുത്തുന്നതിനു പലപ്പോഴും കാരണമായിത്തീൎന്നിട്ടുണ്ടെന്നു ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. അതിനാൽ ചരിത്രവിഷയാന്വേഷണകാൎയ്യത്തിൽ ഐതിഹ്യങ്ങൾക്ക് ഒരു മാന്യസ്ഥാനം കൊടുക്കണമെന്നതിനു വാദമില്ല. മേൽക്കാണിച്ച സമ്പ്രദായത്തിൽത്തന്നെ വിവിധശാസ്ത്രഗ്രന്ഥങ്ങളേയും കാവ്യനാടകാലങ്കാരാദിഗ്രന്ഥങ്ങളേയും വേറെ വിഷയങ്ങളിലുള്ള ഗ്രന്ഥങ്ങളേയും മററു ചില വിദ്വാന്മാർ പരിശോധിയ്ക്കുന്നു. അവ ഇന്നിന്ന കാലങ്ങളിൽ ഇന്നിന്ന മഹാന്മാരാലാണ് എഴുതപ്പെട്ടിട്ടുള്ളതെന്നും, തന്നതൽകാലങ്ങളിൽ അതതു വിഷയങ്ങൾക്ക് എത്രത്തോളം ഉൽകൎഷം വന്നിട്ടുണ്ടായിരുന്നുവെന്നും, അവയോരോന്നിലും അന്യരാജ്യത്തുള്ള മഹാന്മാരുടെ സഹായം ഇന്ത്യാക്കാൎക്ക് എത്രത്തോളമുണ്ടായിട്ടുണ്ടെന്നും, അതുപോലെതന്നെ, ഇതരദേശിയന്മാൎക്ക് ആ വക വിഷയങ്ങളിൽ ഇന്ത്യാക്കാരുടെ സഹായമെത്രയുണ്ടായിട്ടുണ്ടെന്നും മററുമുള്ള പല സംഗതികളെ ആവക ഗ്രന്ഥങ്ങളിൽ നിന്ന് അവർ കണ്ടുപിടിയ്ക്കുന്നു.

പാലി എന്ന പ്രാകൃതഭാഷയിൽ ബുദ്ധമതസിദ്ധാന്തങ്ങൾ എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളും, ബുദ്ധമതത്തിലുള്ള ആചാൎയ്യന്മാരുടെ ശാസ്ത്രവിഷയമായിട്ടുള്ള അനാവധി ഗ്രന്ഥങ്ങളും, പിന്നെ ദക്ഷിണഖണ്ഡത്തിലുള്ള തമിഴ്, തെലുങ്ക്, കൎണ്ണാടകം, മലയാളം മുതലായ ദ്രാവിഡഭാഷകളിലുള്ള ഗ്രന്ഥങ്ങളും ചരിത്രവിഷയാന്വേഷണത്തിനു പലവിധത്തിലും സഹായമായിത്തീൎന്നിട്ടുണ്ട്. എന്നുതന്നെയല്ല ബുദ്ധമതക്കാരുടെ ഗ്രന്ഥങ്ങളാണ് ഹിന്തുക്കളുടെ ഗ്രന്ഥങ്ങളെക്കാൾ ഈ കാൎയ്യത്തിൽ അധികം സഹായിയ്ക്കുന്നത് എന്നാണ് പാശ്ചാത്യപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്.

6. ഭാഷാശാസ്ത്രം.— സംസ്കൃതം, ഗ്രീക്ക്, ലത്തിൻ മുതലായ അനേകം ആൎയ്യപ്രധാനഭാഷകളുടെ നിഷ്കൃഷ്ടജ്ഞാനവും അവയിൽ താഴെ നിൽക്കുന്ന വേറെ എത്രയോ ഭാഷകളിൽ സാമാന്യവ്യുല്പത്തിയും സമ്പാദിച്ചിട്ടുള്ള പണ്ഡിതന്മാരാണ് ഈ ശാസ്ത്രത്തിന്നധികാരികൾ. അവർ വിവിധഭാഷകളിലുമുള്ള ശബ്ദങ്ങളുടെ പ്രയോഗവിശേഷങ്ങളേയും രൂപഭേദങ്ങളേയും പരിശോധിച്ചിട്ട് ആ വക ഭാഷകൾ ഓരോന്നിന്നുമുള്ള സംബന്ധത്തെക്കാണുന്നു; അവയിൽ ചില ഭാഷകൾ തമ്മിൽ കുറെ അധികം അടുപ്പമുള്ളതായിക്കാണുന്നു; ഇതിൽ നിന്ന് അവയെ ഉപയോഗിച്ചുവരുന്ന ജനങ്ങൾക്ക് അന്യോന്യം പണ്ടുണ്ടായിരുന്ന സംബന്ധത്തെക്കൂടി ഏറക്കുറെ മനസ്സിലാക്കുവാൻ അവൎക്ക് തരംവരുന്നു. ഇങ്ങിനെയുള്ള തത്വങ്ങളെ കണ്ടുപിടിയ്ക്കുന്നതിന്നു ശ്രമം ചെയ്യുന്ന മേൽപ്പറഞ്ഞ പണ്ഡിതവൎയ്യന്മാരുടെ യത്നങ്ങളും പ്രകൃതവിഷയത്തിലേയ്ക്കു സഹായമായി ഭവിയ്ക്കുന്നു.

7. ലിപിപരിശോധനം.—ഇതും കുറച്ചു കാലത്തിന്നിടയ്ക്ക് ഒരു ശാസ്ത്രമായിത്തീൎന്നിരിയ്ക്കുന്നു. പല ജാതി അക്ഷരങ്ങളുടെ ഉല്പത്തി, അവയുടെ ആകൃതിവിശേഷങ്ങൾ, അവയ്ക്കു കാലാന്തരത്തിൽ വന്നിട്ടുള്ള രൂപഭേദങ്ങൾ മുതലായ സംഗതികളാണ് അതിലെ പ്രതിപാദ്യവിഷയം. ചരിത്രസംബന്ധമായ അനവധി കാൎയ്യങ്ങൾ ഈ ശാസ്ത്രംകൊണ്ടും വെളിപ്പെടുന്നുണ്ട്.

8 അന്യരാജ്യക്കാരിൽ ചില മഹാന്മാർ പണ്ട് ഓരോ കാലങ്ങളിലായി ഇന്ത്യയിൽ വന്നു പല ദിക്കിലും സഞ്ചരിച്ചതിന്റെ ശേഷം തത്തൽകാലങ്ങളിൽ അ

വരവക്കു കണ്ടനുഭവമുള്ള ഇന്ത്യയിലെ ഓരോ രാജ്യങ്ങളേയും, തന്നിവാസികളേയും, രാജ്യഭരണസമ്പ്രദായങ്ങളേയും, ജനങ്ങളുടെ ആചാരവിശേഷങ്ങളേയും മററനേക സംഗതികളേയും വിസ്താരമായി വൎണ്ണിച്ചു കൊണ്ടു ഗ്രന്ഥങ്ങൾ എഴുതീട്ടുണ്ട്. അവയും ഒട്ടേറെ പ്രകൃതവിഷയത്തിലേയ്ക്കു മാൎഗ്ഗപ്രദൎശകങ്ങളാകുന്നു. യവനവിദ്വാനായ മഗസ്തനീസ്സ്, ചീനരാജ്യത്തെ പണ്ഡിതന്മാരായ ഫാഹിയാൻ, ഹ്യയൻസൻ എന്നവർ, റോമാക്കാരനായ പ്ലൈനി എന്ന മഹാൻ, പെരിപ്ലസ് എന്ന ഭൂമിശാസ്ത്രഗ്രന്ഥത്തെ എഴുതീട്ടുള്ള ആൾ, മുസൽമാൻകാരനായ ആൽബരൂനി എന്ന വിദ്വാൻ എന്നിങ്ങിനെ ഇതരദേശീയന്മാരായ അസംഖ്യം വിദ്വാന്മാർ പല കാലങ്ങളിലായി ഇന്ത്യയെപ്പററി ഗ്രന്ഥങ്ങൾ എഴുതീട്ടുണ്ട്. ആ വകക്കാരുടെ ഇടയിൽ ചരിത്രമെഴുതുക എന്ന സമ്പ്രദായമുണ്ടായിരുന്നതിനാലും, അവർ വൎണ്ണിച്ചിട്ടുള്ളതെല്ലാം അവൎക്കു പ്രത്യക്ഷമായിട്ടനുഭവമുള്ള സംഗതികളാകയാലും അവരുടെ ഗ്രന്ഥങ്ങൾ ഇന്ത്യാചരിത്രവിഷയത്തിൽ വിശ്വസനീയങ്ങളായിട്ടാണ് ചരിത്രകാരന്മാർ ഗണിച്ചിട്ടുള്ളത്. എന്നുതന്നെയല്ല, ഇന്ത്യയിൽ പുരാതനകാലങ്ങളിലെ ഓരോ സംഭവങ്ങളുടെ കാലം നിൎണ്ണയിക്കുന്നതിന്ന് അവയെയാണ് ഇന്ത്യാചരിത്രകാരന്മാർ പ്രമാണമായി സ്വീകരിച്ചിട്ടുള്ളത്. അവയെ അടിസ്ഥാനമാക്കീട്ടാണ് അവർ മറെറാരുവിധത്തിലും കണ്ടുപിടിയ്ക്കുവാൻ തരമില്ലാത്ത അനവധി ചരിത്രസംഭവങ്ങളുടെ കാലങ്ങളെ സ്ഥാപിച്ചിട്ടുള്ളത്.*

കേ. എം.

# കാമദഹനം

കേട്ടന്നതാരുപണമുൎവ്വശിയല്ലയോനീ
കട്ടിൽക്കുചൊല്ലുവിലവിൽക്കനിനക്കുനല്കു
വട്ടൊത്തകൊങ്കകൊതികൊണ്ടുവരുന്നതാർ (പോ-
ലിഷ്ടത്തിലിന്നിമതിവൈശികമസ്തുഭദ്രം.
തിലോത്തമേകേൾറവുരതത്തിനിപ്പോൾ
തിലോദകക്കാലമടുത്തുതെല്ലോ
തലോദരീണാംതിലകംപുരാനീ
വലാരിചേടിപ്പണിചെയ്തുപോരും.
രംഭേസ്വംഭോഗമെന്തെന്നയിഗുണവതിഹേ
മേനകേമീനകേതോ-
രമ്പല്ലീനീപുരാസമ്പ്രതിചെറുതുവഹി-
സ്സാവതെന്തുള്ളതോൎത്താൽ

വമ്പെല്ലാമെന്തുചെയ്തുതരുന്നരൊട്ടുംല്പതാ-
ചീനിനക്കസ്തുഭദ്രം
വൻപാൽനേർവാണിപഞ്ചായുധവിജയപ
കാഞ്ചലേപഞ്ചചൂഡേ. (താ-
ഇന്ദ്രാണികിംതവപുരന്ദരമന്ദിരേകേ-
ളിന്ദിവരാക്ഷിമതിയുണ്ടുകഴഞ്ഞതെല്ലാം
എന്തൊന്നുചെയ്യതിനിയെന്നുനിരൂപണീ
മന്ദാരമന്ദഹസിതേഗൃഹമേവയായാഃ. (യം
ഇത്ഥംനാനാപ്രകാരംപലരുമപവദി-
ച്ചംബരാലംബിനീനാം
മുഗ്ദ്ധാക്ഷീണാംതഴച്ചുമനസിപെരിയപോ-
രായ്മമാരാരിമൂലം

* Imperial Gazetteer of India. The Indian Empire Vol. II. ഈ പുസ്തകത്തിന്റെ സഹായംകൊണ്ടാണ് ഈ ലേഖനമെഴുതീട്ടുള്ളത്.

ഉദ്യാനേ പാരിജാതത്തണലിലൊരുദിനം
വൈകിനാലൊത്തുകൂടി
പ്രത്യേകം മന്ത്രമത്രേ രഹസി കഴിവുകാ-
ണാഞ്ഞു കാത്തൊരു പ്രഭാതം,
ഒക്കത്തക്കപ്പുറത്തെത്തൊരുദിനമമര-
സ്ത്രീകളെല്ലാരുമെത്തി
സൎവ്വാംഗം ഗായം കളിച്ചമ്പൊടു വിവശതയാ
ദേശപാദോധിതീരേ
ലക്ഷ്മീമക്ഷീണതോഷം പ്രതിനവവചസാ
കൈവണങ്ങി സ്തുതിച്ചു-
ന്നക്കാലം മുമ്പിലാമ്മാറവൾകിന്നൊടെഴുന്നെ-
ള്ളീ ഹരി പ്രാണനാഥാ.
തൃക്കാൽ ചെമ്പല്ലവാന്തം തെരുതെര വിമ്പു
സ്ത്രീകൾകമ്പിട്ടെഴുന്നീ. (ധി
റവൽ കണ്ണാമസ്തുതിയാം കമലമുഖിചെവി-
ക്കൊൾകയെന്നാലിരന്നാർ
മക്ഷാരാതേമ്മിഴിപ്പെങ്കനലിലെരിച്ചരൻ
വെന്തുപോയോരശേഷം
വ്യഗ്രാഃ പാന്നാവിരാസീദമരപുരവധൂ-
മാനസേ മാനഹീനം.
കണ്ടാലെൻപോരാമിന്ദ്രാദൊരുവരത്തുനടേ
ഖേദമാലിംഗനാദൌ
പണ്ടേതിൽക്കാളനാസ്ഥലാജഗതിതന്മതാം
തമ്പിനാളൊന്നു പാത്താൽ
തണ്ടിച്ചെന്നങ്ങുപേക്ഷിച്ചതുളകിലുമൊരു-
ത്തൎക്കനാവത്തുപോലും (ന്നയാ.
തണ്ടാർബാണോത്സവത്തിന്നൊരു കുറിതു-
യീലപാലാഴിമാതേ.
ഉടയോർ മടവാർക്കനീയൊഴിഞ്ഞി-
ങ്ങുടനാർമാറുമുകന്ദജീവനാഥേ
അടിമപ്പണി ചെയ്യുമെങ്ങളാരിൽ
തടവീടാശ്ശുക്രപാമപാംഗലോലാം.
ഇത്ഥം ഭ്രതം പ്രലാപം നളിനമകളപാ-
കണ്യ്യദേവാംഗനാനാ-
മന്തഃപാരഹ്ഗേടിയായ്ക്കെന്നഥ മുരരിപുശ-
യ്യാതലേ ചന്നിരുന്നാൾ

ഭക്ത്യാവന്ദിച്ചിരുന്നാൾ മലർവിശിഖസമൽ-
പത്നിമന്നേരമസ്യ
ദേഹാമന്ദസ്മിതം ചെന്നജനൊടിതറിയി-
ക്കെന്നിമാംവാചമൂചേ.
പൊൽത്താരിൽപ്പെൺതരാനീം ത്രിദശവര-
മദ്ധ്യമാഃസ്ഥായ പോയാ- (വധൂ
ളുദ്യോഗം പൂണ്ടുതണ്ടാർ ചരജനനവിധാ-
നായ ധാതുസ്സമീപം
വൃത്താന്തം ഭ്രതപൂൎവ്വം പരിചിനൊടറിയി-
ച്ചോരുനേരത്തു ധാതാ
ബുദ്ധ്വാമേലേടമേവാപുനരവദദീ-
നാന്തരാത്മാമഹാത്മാ.
എല്ലാക്കും ദൈവദോഷം വരുമളവിലൊരാ-
പത്തു പോന്നെത്തിടില്ലും
വല്ലാതെ ചെയ്തിൽനല്ലക്കസുമശരനറി-
ഞ്ഞാലുമെല്ലാമിതേവം
ചൊല്ലിക്കൊണ്ടിന്നതെന്നോ പരിചിനൊടു വി-
ഭോരതിചപലചാതാ (കം
മെല്ലന്നെങ്കൽ കലർന്നീമലർ ചരനതിനി-
ന്നുള്ളമൂലം പ്രബുദ്ധാ.
ഇന്നി ശ്രീചന്ദ്രചൂഡൻ തിരുമനമലിയി-
ച്ചാശു ശൈലേന്ദ്രകന്യാ-
കന്നൊക്കം കൊങ്കപൂണും പരിചൊരുതരമു-
ണ്ടാക്കകെല്ലാരുമിന്നോ
എന്നാലുണ്ടാമെനാംഗൻ ഉദ്ധമിതിനിതൊഴി-
ഞ്ഞില്ലപായാന്തരം മേ-
റെന്നും വൈകാതെനിത്യം പ്രണമത ജഗതാ-
ന്നാഥമാകാംക്ഷിതാപ്ത്യൈ.
കൃതപാതനൈസ്സൂനമസ്യാമമരപുരചകോ-
രാക്ഷിമാർമോദമുൾക്കൊ-
ണ്ടദ്രിശ്രേഷ്ഠം തുഷാരോൽകരശിശിരതടം
പ്രാപുരാതങ്കശാന്ത്യൈ
പുത്രീ തസ്യാഥ ബാലാമമിതപരിഭവാ-
ത്താമുപാസ്തയദ്ഭ്രദയാ
മുഗ്ദ്ധാംഗീമോമലിച്ചമ്പൊടു രഹസി പറ-
ഞ്ഞീടിനാരുദ്ധഖേദം.

ബാലേ കേൾക്കനമസ്സർഗിരമിതു മകളേ
മന്മഥൻ വെന്തശേഷം
മേലേവന്നു സുഖക്കേടഖിലവുമതു കൊ-
ണ്ടിന്നു ഞങ്ങൾക്കു ഖേദം
മാലാരുമ്മാറിതിന്നെന്തൊരു കഴിവു വരു-
ത്താവതെന്നങ്ങു മാരാ-
ഞ്ഞാലേ ലാഹന്തനാം വന്നിതു വിധിവച-
തനപി കാര്യം വിചാര്യം. (സ്രാ

എന്നാലെല്ലാംപ്രകാരത്തിലുമസുഖവിനാ-
ശായ ഞങ്ങൾക്കു വേണ്ടി-
ത്തന്നേ ധന്യേ തനിക്കാവതു ചെറുതു തുണ-
യ്ക്കേണമദ്രീന്ദ്രകന്യേ
ഇന്നിൻകണ്മുന്നിലുണ്ടായൊരു പരിഭവമ-
ത്രേ ഉദ്ധം ജാതിബന്ധം
നിന്നാണം പോലുമേ വാനുനിയതമിതിനു നി-
യെകലേദാഗിയുള്ളൂ.
അത്യന്ത... പതിഭഗവാ-
ന്നാ...നിഷേധം (ൻ
വൃത്താന്തന്നേപരത്താക്കകവിമലഗുണേ
ഭക്തിരാജ്യം വിധേയം
നിസ്സന്ദേഹം ജനിക്കും സുമവിശിഖനെ-
ന്നാലിതിന്നജ്ഞനാനാം
ഖിലപാസ്സത്രമമ വാക്യം ജനകനുമിതിനി-
ന്നില്ല സാക്ഷാൽ വിരോധം.

ജാതിസ്സവന്നൊരസ്വല്പംകളുമേണനേനീ
സാധിസ്സമിത്തൊഴിൽ നിനക്കനിന്നില്ലിലെ-
നീധിക്കരിസ്സുരു ഉദ്ദേഷ്ടരമെന്നമതാ (ന്നം
നീതിസ്സു ചന്ദ്രചിനന്നുഫലിസ്സുമല്ലോ. (ന്നാം
നലമൊടിതി ഗിരം കേട്ടിന്ദ്രലോകാംഗനാ
കലിതമൃദുലഹാസം പ്രേത്യുവാചാദ്രികന്യാ
അലമിഹ ബഹുവാക്യൈരേതദർത്ഥം യതി-
(ഷ്യേ
ഫലസമുദയമോർത്താലീശപരാധീനമെല്ലാം.

ഇതി ഹ കേട്ടമിതം ഗഭീരമഗജാ-
വാക്യം തെളിഞ്ഞു തുലോം;
ചിത്തം നാകമൃഗീദൃശാമതിചിരാ-
ന്മോദം വിളഞ്ഞു തുലോം
സിദ്ധിം മന്മഥജന്മനസ്സുനിയതാം
നിർദ്ധാര്യ പാർത്തീടിനാർ
ഭർത്താരം ഗിരിശം വിധാതുമമലാം
ചക്രേ മതിം പാർവ്വതീ.

ഇതി കാമദഹനം പ്രബന്ധം സമാപ്തം

'മൂർദ്ധാനാം മർമ്മവാചാം' എന്ന മുപ്പതാം ശ്ലോകത്തിന്റെ ടിപ്പണി:—

'മർമ്മവാചാം' എന്നേടത്ത്—

ഗാംഭീര്യം വ്യംഗ്യമവ്യംഗ്യം
വക്രാലീലാവിധം തഥാ
മർമ്മപഞ്ചവിധം പ്രോക്തം
മർമ്മതത്വവിചക്ഷണൈഃ

നേരിട്ടു ചൊല്ലാത്തതു ചൊന്നതായാൽ
ബോധം സഹൃദയന്മാരോടുകൂടെ
അനാസ്ഥയാ സൂക്ഷ്മമതുള്ളതോ ചൊന്നാൽ
ഗാംഭീര്യമെന്നാർ പ്രവദന്തി സന്തഃ.
താംബൂലചർവ്വണങ്ങൾ ഗണിക്കുമാറും
കോളാമ്പിനോക്കീട്ടു കണെങ്ങുമാറും
പുറത്തു നോക്കീട്ടു ചിരിക്കുമാറും
വ്യംഗ്യം തദേതൽ കഥയന്തി ധീരാഃ.

ചേരാ നിനക്കെന്നെയൊരിക്കലും കേൾ
സാരസ്യവും ഭംഗിയുമില്ലിതിന്നോ
എന്റെ വചനത്തിന്നൊരു കാമമില്ല-
ന്നവ്യംഗ്യമർമ്മം വിബുധാ വദന്തി.

ദയാവുമില്ലിന്നലെ വന്നവനു
നന്നെത്രയും നിന്നെയുലച്ചവാറ്
തേച്ചുകുളിക്കാവിതു നീയിദാനീം
വദന്തി വക്രാത്തദിദം ബുധേന്ദ്രാഃ.

എന്റെ മനസ്സിൽ കുടികൊണ്ടിരിപ്പൂ
എല്ലായ്പൊഴും നീയൊരുനാളുമേതൊൻ
നിന്നുള്ളിൽ വന്നീലതു നീ പൊറുത്തി-
ട്ടിത്യാദി ലീലാവിധമാമനന്തി.

'ജള്ളാനാം' എന്നേടത്ത്—
പ്രകൃതിപ്രഭഗംഭീര-
പ്രകീർണ്ണരൂപാജള്ളാശ്ചത്ഭേദാഃ
ഗണനാതീതമവാന്തര-
മന്തരമേഷാംവിശേഷാണാം
സ്തിമിതഃപുളകിതഗാത്ര-
സ്സംശ്രുതസൂരതോപചാരസന്തുഷ്ടഃ
പ്രത്യുഷസിപ്രകൃതിജള്ളോ
വേശ്യാഹാളിന്ദമദ്ധ്യാന്നേസ്ഥ.
ഉച്ചൈശ്ച്യാദ്ദ്യാസ്സൂർപ്പാഃ
സപർവ്വേശ്യാഃ അപ്യവശ്യമിഹവശ്യാഃ

അലമനയാപുംശ്ചല്യേ-
ത്യുദവസിതാൽപ്രഭുജള്ളോഥനിഷ്കാതി.
തത്രവയംകിമൂയാമോ
ഭവതാസമലംക്രിയേതദേശോയം
ഇതിപൃഷ്ടസ്തനപാംഗ്യാ
നോഭയമിത്യുത്തരംജള്ളോവദതി.
ഉചിതാനുചിതാജ്ഞത്വം
നിത്യമബുദ്ധേഃപ്രവൃത്തിപശ്യന്താ
അജ്ഞത്വമിംഗിതാനാം
ജളജനസാധാരണോധർമ്മഃ.

സമാപ്തം

# ജൈനസിദ്ധാന്തം

## (അനേകാന്തവാദം)

ആര്യന്മാരുടെ സാമ്രാജ്യകാലത്തുണ്ടായിരുന്ന പല പണ്ഡിതന്മാരും, ലോകത്തിലുള്ള സകല സാമാന്യവസ്തുക്കളേയും പററി നിഷ്കൃഷ്ടമായി നിരൂപണം ചെയ്തിട്ടുണ്ട്. അവരുടെ നിരൂപണം പഞ്ചഭൂതം തുടങ്ങിയുള്ള പല വസ്തുക്കളേയും ക്രോഡീകരിച്ചു പരമാത്മതത്വം വരെ വ്യാപിക്കുന്നവയാണ്. പ്രാചീനകാലത്തെ ആ വസ്തുനിരൂപണമാണ്, പിന്നീട തത്വശാസ്ത്രം അല്ലെങ്കിൽ ദർശനശാസ്ത്രം എന്ന പേരിൽ പ്രതിഷ്ഠയെ പ്രാപിച്ചത്. നിരൂപകന്മാരുടെ വിചാരഗതി വിഭിന്നരീതിയിലാകകൊണ്ടു നിരൂപണങ്ങളിൽ നാനാത്വം അപരിഹാര്യമായിത്തീൎന്നു. ഇതാണ് ബൌദ്ധദർശനം, ആർഹതദർശനം, ജൈമിനിദർശനം മുതലായി ദർശനങ്ങളിൽ പല വകഭേദങ്ങളും ഉണ്ടായതിന്നുള്ള കാരണം. ഇങ്ങിനെ ദർശനങ്ങൾ പല തരത്തിലായിത്തീൎന്നുവെങ്കിലും ദർശനകാരന്മാരുടെ വസ്തുനിരൂപണത്തിൽ ഒരു സംഗതി പ്രായേണ അഭിന്നമായിത്തന്നെ ഇരിക്കുന്നുണ്ട്. അത്, പദാൎത്ഥങ്ങളിൽ വിപരീതധർമ്മത്തെ അംഗീകരിക്കായ്കയത്രേ. ഏതെങ്കിലും ഒരു ദ്രവ്യം നിത്യമാണെന്നോ സാമാന്യരൂപമാണെന്നോ മററോ വ്യവസ്ഥാപിക്കുന്നതല്ലാതെ, വിപരീതമായ അനിത്യത്വം വിശേഷരൂപത്വം മുതലായ ധർമ്മങ്ങളും അതിന്നുണ്ടെന്ന് ആരും സിദ്ധാന്തിക്കുന്നില്ല. ആകാശം നിത്യമാണെന്നു വാദിക്കുന്ന നൈയായികന്മാൎക്ക്, അതിന്നു തന്നെ അനിത്യത്വം കൂടി ഉണ്ടെന്നുള്ളതു സമ്മതമല്ല. ഒരു വസ്തുവിന്ന് ഒരേ ധർമ്മത്തെ മാത്രം കല്പിച്ചുകൊണ്ടുള്ള ഈ സിദ്ധാന്തത്തെ 'ഏകാന്ത (ഏകാന്തം=ഏകവ്യവച്ഛിന്നം ആയ) വാദം' എന്നു നിർദ്ദേശിക്കാവുന്നതാണ്. മിക്ക ദർശനശാസ്ത്രങ്ങളിലും

സമാനമായ ഈ ഏകാന്തവാദത്തെ ജൈനതത്വജ്ഞാനികൾ മാത്രം സ്വീകരിക്കുന്നില്ല. അതിനാൽ ജൈനന്മാരെ അനേകാന്തവാദികൾ എന്നു പറഞ്ഞുവരുന്നു. ഈ വാദത്തിന്നു 'സ്യാദ്വാദം' എന്നും പേരു പറയാറുണ്ടു്. അനേകാന്തവാദികളായ ജൈനന്മാരുടെ പക്ഷത്തിൽ നിയമേന നിത്യമായിട്ടോ അനിത്യമായിട്ടോ ഒരു പദാൎത്ഥവും ഇല്ല. വസ്തുക്കളെല്ലാം നിത്യാനിത്യങ്ങളാണു്. ഈ വിധത്തിലുള്ള സിദ്ധാന്തം ജൈനശാസ്ത്രങ്ങളിൽ വളരെ പ്രധാനപ്പെട്ടു കാണുന്നു. അവർ ഇതിനെ സമൎത്ഥിക്കുന്ന രീതി സംക്ഷിപ്തമായി അറിയുന്നതു ശാസ്ത്രവിചാരശീലന്മാൎക്കു രസകരമായിരിക്കും.

ലോകത്തിലുള്ള സൎവ്വവസ്തുക്കളും ഉല്പത്തിവിനാശനിയമത്തിന്നു കീഴടങ്ങിയവയാണു്; ഉണ്ടാവുകയും നശിക്കുകയും ചെയ്യാതെ യാതൊരു പദാൎത്ഥവുമില്ല. ഈ നിലയിൽനിന്നു വ്യത്യാസപ്പെട്ടു വല്ലതും ഉണ്ടെങ്കിൽ അതു കേവലം കല്പിതമായിരിക്കും. ഉദാഹരണത്തിന്നു, പ്രസിദ്ധമായ ആകാശപുഷ്പത്തെത്തന്നെ എടുക്കുക. ആകാശപുഷ്പം വിരിയുകയോ കൂമ്പുകയോ (ഉണ്ടാകയോ നശിക്കയോ) ചെയ്യുന്നതായിട്ടു് ആൎക്കും അനുഭവമില്ല; അതു, ശാസ്ത്രങ്ങളിൽ വ്യവഹാരസൌകൎയ്യത്തിന്നായി കല്പിച്ചിട്ടുള്ള ഒരു പദം മാത്രമല്ലാതെ ഒരു വസ്തുവല്ല. 'ഉൽപാദവ്യയധ്രൌവ്യയുക്തം സൽ' (തീൎച്ചയായി ജനിക്കുകയും നശിക്കുകയും ചെയ്യുന്നതുമാത്രമേ ഉള്ളതാകയുള്ളു) എന്നാണു് നിയമം. ഉല്പത്തിയും വിനാശവും ഉള്ള വസ്തു നിത്യാനിത്യമായിട്ടല്ലാതെ വരുവാൻ തരമില്ല. എങ്ങിനെയെന്നാൽ ഉണ്ടാവുന്നതും വസ്തുതന്നെ, ഇല്ലാതാവുന്നതും വസ്തുതന്നെ; എന്നുവെച്ചാൽ വസ്തുരൂപം നശിക്കുന്നു, വസ്തു നശിക്കുന്നില്ല.

നൈയായികന്മാരും വൈശേഷികന്മാരും നിത്യമാണെന്നു വെച്ചിട്ടുള്ള ആകാശത്തെ ജൈനന്മാർ നിത്യാനിത്യമെന്നു നിൎണ്ണയിച്ചിരിക്കുന്നു. കാരണം ആകാശത്തിന്നു ഉല്പത്തിവിനാശങ്ങളുണ്ടാവുക തന്നെ.* 'അവകാശദമാകാശം' എന്ന ലക്ഷണത്താൽ ജീവശരീരങ്ങൾക്കു സഞ്ചരിക്കുവാൻ എടം കൊടുക്കുന്നതു് ആകാശമാണല്ലൊ. ജീവികൾ ഒരെടത്തുനിന്നു മറ്റൊരെടത്തേക്കു പോകുമ്പോൾ, ചെല്ലുന്ന ദിക്കിലെ ആകാശത്തിന്നു ശരീരത്തോടു സംയോഗവും പോകുന്ന ദിക്കിലേതിന്നു വിയോഗവും സംഭവിക്കുന്നു. സംയോഗവിയോഗങ്ങൾ പരസ്പരം ഭിന്നങ്ങളാകയാൽ തദാശ്രയങ്ങളായ ആകാശസ്ഥാനങ്ങൾക്കും ഭേദം സിദ്ധമാവുന്നു. അതുകൊണ്ടു, ആകാശത്തിന്റെ ഏതു സ്ഥാനത്തുനിന്നു ശരീരം പോകുന്നുവോ ആ സ്ഥാനത്തിന്നു, മുമ്പുണ്ടായിരുന്ന സംയോഗം നശിക്കുക എന്ന പരിണാമം വരുന്നതിനാൽ ആ സ്ഥാനം (ആകാശം) നശിച്ചുവെന്നും, ശരീരം ചെല്ലുന്ന സ്ഥാനത്തിന്നു സംയോഗമുണ്ടാവുക എന്ന പരിണാമത്താൽ അവിടെ ആകാശം ജനിച്ചുവെന്നും പറയുന്നു. വാസ്തവത്തിൽ ആകാശം നശിക്കുകയല്ലാ ചെയ്യുന്നതെങ്കിലും, അതിന്നു ശരീരസംയോഗമെന്ന അവസ്ഥ നശിക്കുന്നതുകൊണ്ടു ആകാശം തന്നെ നശിക്കുന്നുവെന്നു വ്യപദേശിക്കാവുന്നതാണു്. ആകാശത്തിന്നു, ശരീരസംയോഗാവസ്ഥയിൽ ഉണ്ടായിരുന്ന സ്വരൂപം വിയോഗാവസ്ഥയിൽ ഇല്ലാതാവുന്നുവല്ലൊ. ആമാവസ്ഥയിൽ ശ്യാമവൎണ്ണമായ ഘടം പാകാവസ്ഥയിൽ രക്തവൎണ്ണമായിത്തീരുമ്പോൾ—വാ

* ആകാശത്തിന്നു ഉൽപത്തിവിനാശങ്ങളുണ്ടെന്നു സാംഖ്യന്മാൎക്കും വേദാന്തികൾക്കും സമ്മതമാണു്.

സ്വഭാവത്തിൽ ഘടാന്തരം ഉണ്ടാവുന്നില്ലെങ്കിലും*—ആ വൎണ്ണഭേദത്തെ അടിസ്ഥാനപ്പെടുത്തി, 'ശ്യാമോ ഘടോ നഷ്ടഃ, രക്തോ ഘട ഉല്പന്നഃ' എന്നു പറയാറുണ്ടല്ലോ; ആ വിധത്തിലാണ് ഇവിടേയും വ്യവഹാരം. ഇങ്ങിനെ ആകാശത്തിന്ന് ഉല്പത്തിവിനാശങ്ങളുള്ളതിനാൽ അത് അനിത്യമാകുന്നു. എന്നാൽ, ശരീരസംയോഗം മുതലായ കാരണങ്ങളാൽ ആകാശത്തിന്നു വരുന്ന ഉല്പത്തിക്ഷയങ്ങൾ പ്രത്യേകസ്ഥാനത്തും പ്രത്യേകാവസ്ഥയിലും ആകയാൽ, സൎവ്വത്ര വ്യാപിച്ചുകിടക്കുന്ന ആകാശത്തിന്നാകമാനം അതു സംബന്ധിക്കാത്തതും ആകാശത്തിൻെറ നിത്യത്വത്തിന്നു ഭംഗം നേരിടാത്തതുമാണ്. 'തത്ഭാവാവ്യയം നിത്യം' എന്നതുകൊണ്ടു വസ്തുവിൻെറ സൽഭാവത്തിന്നു തീരെ വിച്ഛേദം വന്നാൽ മാത്രമേ നിത്യത്വത്തിന്നു ഹാനി വരികയുള്ളു; അതിനാൽ ആകാശം നിത്യാനിത്യമാണെന്നു സിദ്ധിക്കുന്നു.

ആകാശത്തിൻെറ ഈ നിൎവ്വചനംകൊണ്ടു മാത്രം വാദരീതി വ്യക്തമാകുന്നില്ലെങ്കിൽ അല്പം കൂടി വിവരിച്ചു കാണിക്കാം. ദീപം മുതലായ ജ്യോതിസ്സുകൾ ചില കാരണങ്ങളെക്കൊണ്ട് ഉണ്ടാവുകയും ഇല്ലാതാകയും ചെയ്യുന്നുണ്ടല്ലോ. ഇതുകൊണ്ട് അവ അനിത്യങ്ങളാണെന്നു പറഞ്ഞുകൂടാ. ദീപം എന്നതു ചില തൈജസപരമാണുക്കളുടെ സമവായമാണ്. ആ പരമാണുക്കൾ, പ്രകാശകാരണമായ സ്നേഹദ്രവ്യം ക്ഷയിച്ചിട്ടോ മറ്റോ ജ്യോതിസ്സ്വരൂപമായ ധൎമ്മം വിട്ടു തമോരൂപമായ ധൎമ്മത്തെ പ്രാപിക്കുമ്പോഴാണ് വിളക്കു കെട്ടുവെന്നുള്ള വ്യവഹാരം. സ്വൎണ്ണം എന്ന ദ്രവ്യം കടകം, കിരീടം മുതലായ ഏതവസ്ഥകളിലും സമന്വയിച്ചുനില്ക്കു, കടകത്വം മുതലായ ധൎമ്മാന്തരങ്ങളെക്കൊണ്ട് ആ സ്വൎണ്ണം സ്വൎണ്ണമല്ലാതെയാകുമോ? ഒരിക്കലും ഇല്ല. ദീപത്തിൻെറ കാൎയ്യത്തിലും ന്യായം ഇതു തന്നെ.

ആത്മസ്വരൂപത്തെപ്പററി ജൈനന്മാർ ഇങ്ങിനെ വാദിക്കുന്നു:— ആത്മാവു നിത്യമാത്രനാണെന്നു സമ്മതിക്കുന്നപക്ഷം സുഖം ദുഃഖം, പുണ്യം പാപം, ബന്ധം മോക്ഷം എന്നിവക്ക് ഉപപത്തിയില്ലാതെ വരും. നിത്യം എന്നതിന്നു സ്ഥിരം എന്നാണല്ലോ താല്പൎയ്യം. സ്ഥിരനാണെങ്കിൽ ആത്മാവ് ഒരിക്കൽ സുഖവും മറെറാരിക്കൽ ദുഃഖവും അനുഭവിക്കുന്നതെങ്ങിനെ? സുഖം പുണ്യത്തിൻേറയും ദുഃഖം പാപത്തിൻേറയും ഫലമായതുകൊണ്ട്, ആത്മാവു പുണ്യവാനോ പാപിയോ എന്നു നിശ്ചയിക്കുന്നതു സുഖദുഃഖങ്ങളുടെ അനുഭവംകൊണ്ടാണ്. ഈ സിദ്ധാന്തത്തെ ആരെങ്കിലും അപലപിക്കുവാൻ കഴിയുമോ? ആത്മാവു കേവലം സ്ഥിരനായാൽ പിന്നെ പുണ്യപാപങ്ങൾതന്നെ ഇല്ലെന്നുവരില്ലേ? ബന്ധമോക്ഷങ്ങൾക്കും ഉപപത്തി എന്ത്? ഈ വിധം അനേകം വൈഷമ്യങ്ങളുള്ളതുകൊണ്ട്, ആത്മാവു കേവലം നിത്യനാണെന്നു പറഞ്ഞുകൂട. എന്നാൽ തീരേ അനിത്യനെന്നു പറഞ്ഞാലും ഗതിയില്ല. അനിത്യത്വത്തിൻെറ മൂലം അത്യന്തോച്ഛേദമാണല്ലോ. ആത്മാവിന്ന് അത്യന്തോച്ഛേദം വന്നാൽ പുണ്യപാപങ്ങളെ ആർ അനുഭവിക്കുന്നു? സുഖദുഃഖങ്ങൾ ആൎക്കു സംഭവിക്കുന്നു? ബന്ധം എങ്ങിനെ ഘടിക്കുന്നു? ബന്ധംതന്നെ ഇല്ലെങ്കിൽ മോക്ഷം സിദ്ധിക്കുന്നത് എന്തിൽനിന്നാണ്? ഇനി അനിത്യ

* വൈശേഷികപക്ഷത്തിൽ ഘടാന്തരോല്പത്തിതന്നെ സമ്മതമാകുന്നു.

ത്വകാരണമായ അത്യന്താച്ഛേദംതന്നെയാണ് മോക്ഷം എന്നാണെങ്കിൽ ശാസ്ത്രങ്ങളിൽ മോക്ഷോപായങ്ങളുപദേശിച്ചിട്ടുള്ളതു നിഷ്ഫലമാണെന്നു വരില്ലേ? അതിനാൽ ആത്മാവും നിത്യാനിത്യത്വനിയമത്തിനു കീഴടങ്ങിത്തന്നെയാണിരിക്കുന്നത്.

ഇത്രയും പറഞ്ഞതുകൊണ്ട് അനേകാന്തവാദത്തിന്റെ ഒരു സ്വരൂപജ്ഞാനം സിദ്ധിക്കുമെന്നു വിശ്വസിക്കുന്നു. ഇതുപോലെ, സകലവസ്തുക്കൾക്കും കേവലം നിത്യത്വമോ അനിത്യത്വമോ കല്പിക്കുവാൻ പാടുള്ളതല്ലെന്നാണ് ജൈനസിദ്ധാന്തത്തിന്റെ ചുരുക്കം.

കെ. വി. എം.

# കേരളീയഭാഷാശാകുന്തളം

പരിഷ്കരിച്ച ഒന്നാം പതിപ്പ്.

(൨)

സ്റ്റൈനിന്റെയും ലെഗ്ഗുവെയുടേയും നിലകളിൽനിന്നു നാടകത്തെ പരിശോധിക്കുമ്പോൾ, ഒരു നാടകശാലയേയും, നടന്മാരേയും, അവരുടെ അഭിനയങ്ങളേയും, ഇവ കൂടാതെ, അവരേയും അവയേയും കണ്ടും അവരുടെ സംഭാഷണങ്ങളെ കേട്ടും സദസ്സിലിരിക്കുന്നവരായ പല മാതിരി ആളുകളേയും മനസ്സിൽ സങ്കല്പിക്കേണ്ടി വരുന്നതാണല്ലോ. 'നടതിലകൻ' ആയ തിരുവട്ടാർ നാരായണപിള്ള അവർകൾ ദുഷ്ഷന്തനായും, അതേപ്രകാരം യോഗ്യന്മാരായ മററു പല നടന്മാർ ശകുന്തളാദിപാത്രങ്ങളായും, വേഷം കെട്ടി അഭിനയിക്കുന്നതായ ഒരു നാട്യശാല എന്റെ മനോദൃഷ്ടിക്കു വിഷയമാക്കിയിരിക്കുന്നു. നാരായണപിള്ള അവർകളുടേയും മററും ആംഗ്യങ്ങളേയോ മുഖഭാവങ്ങളേയോ ശരീരചേഷ്ടകളേയോ ഞാൻ മനോദൃഷ്ടിയിൽ കാണുന്നുണ്ടെന്നിരുന്നാലും, അവയേയും, രംഗവിധാനങ്ങളേയും, അതിന്നങ്ങുമുള്ള മററു ചില സംഗതികളേയും, നടന്മാരുടെ അഭിനയവിദ്യയെ നിർണ്ണയിപ്പാനായിട്ടല്ലാതെ, നാടകകൃതിയുടെ ഗുണദോഷനിരൂപണത്തിൽ ചിന്തിപ്പാൻ ആവശ്യമില്ലായ്കയാൽ, അവയെ തല്ക്കാലം മനോദൃഷ്ടിക്കു അവിഷയം എന്നവണ്ണം വിട്ടുകളയുന്നു. എന്നാൽ, നടന്മാർ ചൊല്ലുന്ന ശ്ലോകങ്ങളും ഉച്ചരിക്കുന്ന വാക്കുകളും സദസ്യരുടെ കർണ്ണങ്ങളിൽ പതിച്ച് അവർക്കു തോന്നിക്കുന്ന മനോഗതങ്ങളേയും ഭാവങ്ങളേയും മാനസികമായ സങ്കല്പത്തിൽ വിട്ടുകളയുവാൻ പാടുള്ളതല്ലല്ലോ. സദസ്യരുടെ ഗണത്തിൽ ഉൾപ്പെട്ടിരിക്കുന്ന ആളുകൾ പല മാതിരിക്കാരാണെന്നുള്ളതിനെ വിസ്മരിക്കുന്നില്ല. അവരിൽ ചിലർ ശ്ലോകങ്ങളെ ഉറക്കെ കേൾക്കുന്നതു കവിതയുടെ ഗുണാഗുണങ്ങളെ നിർണ്ണയിപ്പാനായിട്ടാകുന്നു.

'കൊല്ലാണ്ടും....നല്ലോണം...
ചൊല്ലേറും...സ്വർല്ലോകേ...'

ഇപ്രകാരം ദ്വിതീയാക്ഷരപ്രാസത്തിൽ ദീക്ഷയോടു കൂടിയും, ശ്ലോകങ്ങൾ ആരു തോതിന്നു ഒത്തു വരുന്നുണ്ടോ എന്നു നോക്കിയും ഇരിക്കുന്ന ഒരുതരം കവികൾ സദസ്സിൽ ഉണ്ട്. അത്തരക്കാരിൽ തന്നെ, '......ചൊ

ല്ലുന്നു കില്ലെന്നിയേ……പോകുന്നിതാകുന്ന
പോൽ…… ച്ചോവരച്ചോമറച്ചോ…… 'ഇ
ങ്ങനെയുള്ള പ്രാസപ്രയോഗങ്ങൾ കൂടെ ഉ
ണ്ടോ എന്നറിവാൻ കൌതുകമുള്ളവരായും
ചിലരുണ്ടായിരിയ്ക്കാം. മററു ചിലർ, നട
ന്മാർ ഓരോ ശ്ലോകങ്ങളെ രാഗത്തിൽ ചൊ
ല്ലുമ്പോൾ ആ ശ്ലോകങ്ങളിലെ പദസമ്മേ
ളനം ആ രാഗത്തിന്നു യോജിപ്പായ വിധ
ത്തിലിരിയ്ക്കുന്നുണ്ടോ എന്നു 'ചെവി കൊട്ട
ത്തു' കേൾക്കുന്നവരായിരിയ്ക്കുന്നു. ഇനിയും
ചിലർ, നാടകത്തിലെ ആ ഘട്ടത്തിന്ന്
ആ ശ്ലോകത്തിന്റെ വൃത്തം ചേർച്ചയായിരി
യ്ക്കുന്നുണ്ടോ എന്നു ചിന്തിയ്ക്കുന്നവരായിരിയ്ക്കു
ന്നു. വേറെ ചിലരുണ്ട്: അവർ ശ്ലോക
ങ്ങൾ സുഗമാർത്ഥങ്ങളായിരിയ്ക്കുന്നുവോ എന്നു
ശ്രദ്ധ വെയ്ക്കുന്നു. മററു ചിലക്ക് ഇങ്ങനെ
വെവ്വേറെയുള്ള ചെറിയ കാര്യങ്ങളിൽ താ
ല്പര്യമില്ലാ. ശ്ലോകങ്ങൾ കേൾക്കുന്നതിന്നു മ
ധുരമായിരിയ്ക്കുന്നുണ്ടോ എന്നു സ്ഥൂലമായ
ഒരു വിചാരമേ ഉള്ളൂ. ദുല്ലഭം ചിലരുണ്ട്:
ഇവർ വിശിഷ്ടപണ്ഡിതന്മാരാണ്; ഇവരു
ടെ നോട്ടം, തർജ്ജമ മൂലത്തോടു യോജിയ്ക്കു
ന്നുണ്ടോ എന്നാണ്. നടന്മാരുടെ സംവാദ
ങ്ങളേയോ ശ്ലോകോച്ചാരണത്തേയോ കേൾ
ക്കുന്നതിൽ ലേശമാത്രം താല്പര്യമില്ലാതെ
യും, പക്ഷേ അവയെ കേൾക്കാതെ ത
ന്നെയും ഇരുന്ന്, അവരുടെ രംഗവ്യാപാര
ങ്ങളേയും ആംഗ്യങ്ങളേയും മററു ചേഷ്ടകളേ
യും കണ്ടുകൊണ്ടു മാത്രം ഇരിയ്ക്കുന്നവരും ഇ
ല്ലായ്കയില്ലാ. ഇക്കൂട്ടക്ക നാടകഗ്രന്ഥത്തെ
പററി ചർച്ചയൊന്നുമില്ലാ. ഇവരോടൊപ്പം
തന്നെ, നടന്മാരുടെ അഭിനയസാമർത്ഥ്യ
ത്തെ അകലെനിന്നു നോക്കി തെററുകൾ ക
ണ്ടുപിടിച്ച് അറിയിപ്പാനായിരിയ്ക്കുന്നവരേ
യും, സദസ്സിൽ കാണാം. ഇപ്രകാരം, പ
ലേ മാതിരിക്കാരായും പലേ രുചിക്കാരായും
പലേ നോട്ടക്കാരായും ഇരിയ്ക്കുന്ന സദസ്യരു
ടെ സംഘത്തിൽ ഒരേടത്തു, ഞാനും, സങ്ക
ല്പശക്തികൊണ്ടു, രംഗസ്ഥിതനായിരിയ്ക്കു
ന്നു. എന്നാൽ, ഞാൻ, ഈ കൃതിയുടെ ഗു
ണദോഷനിരൂപണം ചെയ്യുന്ന സംഗതി
യിൽ, മേല്പറഞ്ഞ പലേ തരക്കാരായ സദ
സ്യജനങ്ങളുടെ പ്രതിപുരുഷനായിട്ടല്ലാതെ
എന്റെ പ്രത്യേകമായ നിലയിൽ നില്ക്കുന്ന
വനായി എന്നെ സങ്കല്പിയ്ക്കുന്നില്ലാ. നാരാ
യണപിള്ള അവർകൾ തുടങ്ങിയ നടന്മാ
രുടെ വാക്കുകളും ശ്ലോകങ്ങളും എന്റെ മാ
നസികമായ കർണ്ണപുടത്തിൽ ഇതാ മുഴങ്ങു
ന്നു. അവർ അഭിനയിയ്ക്കുന്ന നാടകം പരി
ഷ്കരിച്ച ഒന്നാം പതിപ്പായ കേരളീയഭാഷാ
ശാകുന്തളം ആകുന്നുവെന്നുള്ളതു മറന്നു
പോവാതിരിപ്പാൻ വേണ്ടി ഇടയ്ക്ക് എടുത്തു
പറഞ്ഞുകൊള്ളട്ടെ. ഈ പുതിയ പതിപ്പി
ലെ ശ്ലോകങ്ങൾ, മുൻ വിവരിച്ചമാതിരിയി
ലുള്ള ഒരു സദസ്സിൽ പതിയ്ക്കുന്ന സമയം,
സദസ്യരിൽ പല തരക്കാക്കം ഉണ്ടാകുന്ന
അനുഭവത്തിന്റേയും അഭിപ്രായത്തിന്റേ
യും പ്രകാശനമാണ് എന്റെ ജോലി. എ
ന്നാൽ, ഇതിൽ, വളരെ സവിസ്തരമായിട്ടു
ള്ള നിരൂപണം ആവശ്യകമാണെന്നു തോ
ന്നുന്നെടത്തു അങ്ങനെ ചെയ്യുന്നതല്ലാതെ
സാമാന്യേന എല്ലാ സംഗതികളേയും തിര
യ്ക്കുത്തുവെച്ചു നിരൂപണം ചെയ്ത് ഉണ്ടാ
കുന്ന അഭിപ്രായത്തെ സംക്ഷേപിച്ചു പറയു
വാനേ വിചാരിയ്ക്കുന്നുള്ളൂ.

ഒരു നാടകഗ്രന്ഥത്തെപ്പററി വിചാര
ണ ചെയ്യുമ്പോൾ, മേൽപറഞ്ഞ വിധ
ത്തിൽ ഒരു ഭാവനാസൃഷ്ടമായ നാട്യശാല
യേയും, അതിൽ വേഷം കെട്ടി കളിയ്ക്കുന്ന
നടന്മാരേയും, അവരുടെ മുഖസരണികളി
ലൂടെയും ചേഷ്ടകൾ മുഖേനയും, ആ നാട
കഗ്രന്ഥം ബഹുജനസമക്ഷത്തിൽ എത്ര പ്ര

കാരം ദുഷ്ടമാകുന്നു എന്നതിനേയും ചിന്തിച്ചാൽ ശരിയാകുമായിരുന്നു. എന്നാൽ, ഈ പുസ്തകത്തെ സംബന്ധിച്ചേടത്തോളം, മറെറാരു അവസ്ഥ കൂടെ ആലോചിക്കേണ്ടതായിരിക്കുന്നു. കാവ്യങ്ങളെ ദൃശ്യം, ശ്രാവ്യം എന്നു വേറുതിരിച്ചിട്ടുണ്ടെങ്കിലും, ദൃശ്യകാവ്യം ശ്രാവ്യകാവ്യമായും ഭവിക്കുന്നുണ്ടെന്നു സ്പഷ്ടമാണല്ലൊ. ഇവ വായിച്ചു കേൾക്കുവാൻ മാത്രമല്ലാ, പാഠശാലകളിൽ ഉപയോഗത്തിനായി കൈക്കൊള്ളുക വഴിയായിട്ട്, പാഠ്യം എന്ന നിലയിലാകയും ചെയ്തിട്ടുണ്ട്. ആകയാൽ, ഇത്തരം പാഠ്യപുസ്തകങ്ങളായി തീൎന്നുപോയിട്ടുള്ള ഗ്രന്ഥങ്ങൾക്കു, വിദ്യാലയങ്ങളിലെ അദ്ധ്യേതാക്കളുടെ നിലയിൽനിന്നു കൂടെ ഗുണദോഷചിന്തനം ആവശ്യപ്പെടുന്നു. ഈ ഗുണദോഷനിരൂപണം ഗ്രന്ഥത്തിന്റെ സാഹിത്യവിഷയകമായ ഗുണദോഷങ്ങളെ ചിന്തിക്കുക എന്നതല്ലാ, അദ്ധ്യേതാക്കൾക്കു പഠിപ്പാൻ സുഗ്രഹമോ ദുൎഗ്രഹമോ എന്നു ചിന്തയാണ്. ഭാഷാശാകുന്തളത്തിന്റെ പുതിയ പതിപ്പിൽ ചെയ്തിട്ടുള്ള മാററങ്ങൾക്ക് ഇപ്പോൾ പറഞ്ഞ കോടിയിൽനിന്നും എന്തെങ്കിലും ആവേശം തട്ടീട്ടില്ലയോ എന്ന ചോദ്യത്തിന് അവകാശമില്ലായ്കയില്ലാ എന്നു തോന്നുന്നതിനാലാണ്, ഈ സംഗതി കൂടെ പ്രസ്താവിക്കുന്നത്. അപ്രകാരമൊരു ഗ്രഹാവേശം തട്ടീട്ടുണ്ടെന്നാണ് ഞാൻ അനുമിച്ചിരിക്കുന്നത് എന്ന് എല്ലാം കൂട്ടിപ്പിടിച്ചു പറയുവാനല്ലാതെ, ആ അനുമാനത്തിലേക്കു കണ്ടിട്ടുള്ള യുക്തിപാദങ്ങളെ വിവരിച്ചു പറവാൻ ഞാൻ ഉദ്ദേശിക്കുന്നില്ലാ.

പുതിയ പതിപ്പിന്റെ പരിഷ്കാരകൎമ്മത്തിങ്കൽ, പരിഭാഷാകൎത്താവിനു പുറമെ പ്രസാധകനും, അദ്ദേഹത്തിനും പുറമെ അന്തിമപ്രൂഫ് പരിശോധകനും ഭാഗഭാക്കുകളായിരുന്നിട്ടുണ്ടെന്നു പുസ്തകത്തിന്റെ മുഖവുരയിൽ പറയുന്നുണ്ടല്ലൊ. എന്നാൽ, മൂന്നാളും, കവിതാവിഷയത്തിൽ, വിശേഷിച്ചു ഭാഷാകവിതാവിഷയത്തിൽ, ഒരേ രുചിക്കാരും ഒരേ സമ്പ്രദായക്കാരും അല്ലായ്കയാൽ, ഈ പരിഷ്കാരത്തിന് ഐകരൂപ്യമില്ലാതെ വന്നിട്ടുണ്ടെന്നു മുമ്പു സൂചിപ്പിച്ചിട്ടുമുണ്ട്. മകരം ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയ ഒന്നാംലേഖനം എഴുതിയതിൽ പിന്നെ, ഈ പുതിയ പതിപ്പിന്റെ പരിഷ്കാരത്തെ സംബന്ധിച്ചു ചില വാദപ്രതിവാദങ്ങൾ അന്യത്ര കാണ്മാൻ സംഗതിയാകയും, ശ്ലോകങ്ങളുടെ പാഠഭേദങ്ങൾക്ക് ഉത്തരവാദി ആരാണെന്നുള്ളതിനെപ്പററി ചില രഹസ്യങ്ങൾ അറിവാനിടയാകയും ചെയ്തിരിക്കുന്നതുകൊണ്ടു, പ്രസാധകന്റെ സ്ഥാനം നാമമാത്രകമായിരുന്നു എന്നും പാഠഭേദങ്ങളെ സ്വീകരിക്കയോ ത്യജിക്കയോ ചെയ്ക വിഷയത്തിൽ അദ്ദേഹത്തിന്റെ അഭിമതത്തിനു സ്വപ്രാധാന്യം ഉണ്ടായിരുന്നില്ലാ എന്നും പറയേണ്ടി വന്നിരിക്കുന്നു. ഒരു ഗ്രന്ഥത്തെ തൽകൎത്താവിന്റെ തൂലികയിൽനിന്നു ലഭിച്ച രൂപത്തിൽ കൈയേററ്, അതിനെ ഗ്രന്ഥകൎത്താവിനോടു കൂടി ആലോചിച്ചിട്ടോ, അല്ലാതെയോ, വേണ്ടുംവിധത്തിൽ സംസ്കരിച്ചു, മുദ്രാശാലയിൽനിന്നു പുറപ്പെടുവിക്കുന്നതുവരെയുള്ള പ്രസാധനകൎമ്മം മുഴുവൻ പ്രസാധകന്റെ ചുമതലയിലാണെന്നുള്ള സാധാരണന്യായത്തിന്, ഈ പുസ്തകത്തിന്റെ കാൎയ്യത്തിൽ വ്യത്യാസം വന്നിട്ടുണ്ടെന്നു പറഞ്ഞു കാണുന്ന സ്ഥിതിക്കു, പ്രസാധകൻ ആ സ്ഥാനത്തെ സമ്മതിച്ചെഴുതിയത് അനാവശ്യമായ ദുശ്ശങ്കകൾക്കു ഹേതുവാകയാൽ യുക്തമായില്ലാ എന്നു പറഞ്ഞുകൊള്ളട്ടെ. എന്നാൽ, ഒരു സംഗതിയെ മാത്രം കളയുന്നി

ല്ലാ: അതാവിതു, ശ്ലോകങ്ങൾ പലതും പ്രസാധകൻ ഭേദപ്പെടുത്തി എന്ന വസ്തുത തന്നെ. പരിഭാഷാകൎത്താവാകട്ടെ, തന്റെ ശ്ലോകങ്ങൾക്ക് അൎത്ഥാലങ്കാരത്തിനൊപ്പം തന്നെ ശബ്ദഭംഗിയുമുണ്ടായിരിക്കേണമെന്ന നിഷ്ഠയുള്ള കവിയാണ്; പ്രസാധകനാകട്ടെ, ശബ്ദാഡംബരമായ കൃതിയേക്കാൾ അൎത്ഥഗൌരവമുള്ള കൃതിയെ അധികം താല്പൎയ്യപ്പെടുന്ന കവിയുമാണ്; ഈ പ്രതിപത്തി നിമിത്തം അദ്ദേഹം ശബ്ദഭംഗിയിൽ 'ഭ്രമക്കാരനു'മല്ലാ; ഇത് അദ്ദേഹം തന്റെ ഗ്രന്ഥങ്ങളിൽ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. അദ്ദേഹത്തിന്നു ശബ്ദഭംഗിയോടു കൂടിയ കൃതികൾ എഴുതുവാൻ ശക്തിയില്ലായ്കകൊണ്ടല്ലാ അങ്ങനെയുള്ള കൃതികൾ എഴുതാത്തത് എന്നും, അതിൽ താല്പൎയ്യം ഇല്ലായ്കയാണ് അതിന്നു കാരണം എന്നും പല ദൃഷ്ടാന്തങ്ങളാൽ വെളിപ്പെട്ടിട്ടുള്ളതാണ്. പരിഭാഷാകൎത്താവും പ്രസാധകനും ഇപ്രകാരം രണ്ടു വിപരീതകോടികളിൽ നില്ക്കുക കൊണ്ടാണ്, ഈ പാഠപരിഷ്കാരത്തിൽ, ഭിന്നിപ്പു കാണുന്നത്. അതു മാത്രമല്ലാ അന്തിമപ്രൂഫ് പരിശോധകനായ ആളോ, ഭാഷാകവിതാവിഷയത്തിൽ മറെറാരു പദ്ധതിയെ തുടരുന്ന കവിയാണ്. ഇദ്ദേഹം ദ്വിതീയാക്ഷരപ്രാസദീക്ഷയിൽ എറെ നിൎബ്ബന്ധവും, ഈയിടെയായി 'പച്ചമലയാള'ത്തിൽ താല്പൎയ്യവും വെച്ചിരിക്കുന്ന ആളാണ്. ഇദ്ദേഹവും അൎത്ഥകല്പനയെ അപ്രധാനമാക്കുന്ന ആളല്ല; പക്ഷേ, ശബ്ദാഡംബരത്തിൽ കാണിച്ചുവരുന്ന താല്പൎയ്യം—കലശലായ 'ഭ്രമം' എന്നു കൂടെ പറവാൻ തോന്നുന്നു— ഇദ്ദേഹത്തെ, പരിഭാഷാകൎത്താവിന്റെ പദ്ധതിയോടു അടുപ്പമാക്കുവാൻ സഹായിച്ചിട്ടുണ്ട്. പരിഭാഷകനും പ്രസാധകനും തമ്മിലും; പ്രസാധകനും പരിശോധകനും തമ്മിലും; പരിഭാഷകപരിശോധകന്മാരൊന്നായും പ്രസാധകനും തമ്മിലും, ഉള്ള രുചിഭേദം, രീതിഭേദം, പദ്ധതിഭേദം എന്നിങ്ങനെയുള്ള ഭേദങ്ങളാൽ മേൽപറഞ്ഞ ഭിന്നിപ്പു വളരെ പ്രകടമായും ഭവിച്ചിട്ടുണ്ട്. ഉള്ളിലുള്ള അഭിപ്രായം തുറന്നു പറയുന്നതുകൊണ്ട് ആൎക്കും പരിഭവം തോന്നേണ്ടാത്തതാകയാൽ, ഈ മൂന്നു കവികളുടേയും പല ശ്ലോകങ്ങളെ വായിച്ചു നോക്കീട്ടുള്ളേടത്തോളം അഭിപ്രായപ്പെടുന്നതായാൽ, ഇവരിൽ ഒരാളുടെ മാത്രം ശ്ലോകങ്ങളാകുന്നു നടന്മാർ രംഗത്തിൽ ചൊല്ലി അഭിനയിച്ചു സദസ്യരെ തൃപ്തിപ്പെടുത്തുന്നതിന്നു തക്കവണ്ണം ലാളിത്യവും മാധുൎയ്യവും ഉള്ളത്, എന്നു നിശ്ശങ്കം പറഞ്ഞുകൊള്ളുന്നു. ആ ഒരാൾ പരിഭാഷകൻ ആകുന്നതാണു. ഈ മഹാകവിയുടെ ശ്ലോകങ്ങൾക്കുള്ള ശയ്യ അനന്യസാമാന്യമാണെന്ന് ആരും സമ്മതിച്ചിട്ടുള്ളതുമാണല്ലോ. നാടകത്തെ പുരസ്കരിച്ചിട്ടാണ് ഞാൻ ഈ അഭിപ്രായം പറയുന്നതെന്നു പ്രത്യേകം അറിയിക്കുന്നു. മററു രണ്ടു കവികളും ശ്രവ്യകാവ്യങ്ങളിൽ തങ്ങളുടെ കവനവൈഭവത്തെ പ്രദൎശിപ്പിച്ചിട്ടില്ലാ എന്ന് ഇതുകൊണ്ട് അൎത്ഥമാകുന്നില്ലാ. ഒരു നടനശാലയിലെ സദസ്യരെ അപഹൃതചിത്തവൃത്തികളാക്കിത്തീൎക്കുന്നതായി അനിൎവ്വാച്യമായുള്ള മാധുൎയ്യം, ശ്രോത്രാഭിരാമത, അല്ലെങ്കിൽ സുഖശ്രവത, വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ സ്വന്തം കൃതിയായ ശ്ലോകങ്ങളിൽ അന്തൎല്ലീനമായിരുന്നു, നടന്മാരുടെ മുഖങ്ങളിൽനിന്ന് ആ ശ്ലോകങ്ങൾ നിൎഗ്ഗമിക്കുമ്പോൾ, രമണീയമായ വിധത്തിൽ പ്രവഹിക്കുന്നുണ്ടെന്നുള്ളതിനാലാണ് ശാകുന്തളത്തിന്റെ പരിഷ്കാരത്തിൽ അവിടുന്ന് എന്തു മാത്രം പങ്കെടുത്തിട്ടുണ്ടെന്നു നിൎണ്ണയി

പ്പാൻ മററുള്ളവർ കുതുകികളായിരിക്കുന്നത്. എന്നാൽ, ശ്ലോകകർത്താവിനെ തീരെ അറിഞ്ഞിട്ടില്ലാ ശ്ലോകങ്ങൾ നാടകത്തിൽ രമണീയമായിരിക്കുന്നുവോ എന്നു നിശ്ചയിക്കേണ്ടത്; ഇതു ശ്ലോകങ്ങളുടെ തന്നെ യോഗ്യതകൊണ്ടു വരേണ്ടതാകുന്നുവല്ലോ. ആകയാൽ, അവയുടെ യോഗ്യതയെ ചിന്തിക്കാം. (തുടരും)

കെ- രാമകൃഷ്ണപിള്ള, ബി- ഏ-

# തത്ത്വാവബോധസപ്തതി

സംസാരമായവലയിൽ ബത! വീണുകേണു
നിസ്സാരനായ മനുജൻ കുഴയുന്നനേരം
വാത്സല്യമോടു ധരണിസുതനിർവിശേഷ-
മുത്സാഹമേകിടുമവന്നു മഹാപ്രഭാവാ.

തൻപൈതലിന്നു സമമായി വളർത്തിടായ്കി-
ലിമ്പം വരുന്നതുചിതം നരധാത്രിയാൾക്കു
സമ്പാദ്യമേകമഹിതാംബ ഹ! മോഹനീയം
തൻപാടുതീർക്കുമവനീജനനീ ജനാനാം.

മാഹാത്മ്യമേറിയൊരു സൽപദമാണ്ടു പണ്ടു
മോഹാതിശംസുഖവുമാൻ വഴിച്ചതെല്ലാം
സ്വാഹാകരിപ്പതിനുതക്ക വിലാസമോടു
ഹാഹാ! മഹീ മനുജനാശ വളർത്തിടുന്നു.

കണ്ടാലുമമ്മയുടെ ലാളനയാൽ വിലാസം
പൂണ്ടുള്ള പയ്യനൊരു പഞ്ചവയസ്കനിപ്പോൾ
വീണ്ടും വരച്ചു മണലിൽ പല യക്ഷരങ്ങ- (൧൦
ളുണ്ടാക്കുമച്ഛനമനസ്സിലമന്ദമോദം.

ഏടും വെടിഞ്ഞവനുടൻ പരിപൂർണ്ണമോദം
മാടോടുകൊണ്ടു പലമാടവുമങ്ങുതീർത്തു
ആടുന്നു കൂട്ടരൊടു കൂടി മടിച്ചിടാതെ
പാടുന്നു നാവിൽ നുഴയുന്നൊരു കീർത്തനങ്ങൾ

കാര്യങ്ങളോർത്തുമഥ കാമകഥാപ്രപഞ്ചാ-
വീര്യങ്ങളും കലഹവാക്കുകളും ക്രമേണ
ഭാര്യാസമേതനഥ കുട്ടികളെപ്പുലർത്തും
പര്യായമായി വരുമിങ്ങനെ വൃദ്ധനാംമേൽ.

നേരായി നാടകമിതിൻ പടിയാടിടുമ്പോ-
ളോരോന്നിലും പരമവന്നു വരും രസങ്ങൾ
തീരാതിവണ്ണമണിയും പല കോലമെന്നും
പാരിൽപ്പിറന്നവനിതേതൊഴിയെന്നമട്ടിൽ

ഈനശ്വരസ്ഥിതിയിൽ നിന്നുമുയർന്നതത്ത്വ-
ജ്ഞാനാമനസ്സിലമരുന്ന ജനം ചുരുക്കം;
ഹീനാ മുനേ! തവ കളേബരമെങ്കിലെന്താ-
ണാനന്ദരൂപനകമേ വിലസുന്നതില്ലേ?

അല്ലേ മുനീശ്വര! ഭവാൻ പരമാത്മതത്ത്വ-
മെല്ലാം മറന്നു കളയാതെയിരിക്കമൂലം.
വല്ലായ്മയോടു വലയും കുരുടർക്കു കണ്ണാ-
യുല്ലാസമോടു മരുവുന്ന മഹാശയൻ നീ.

കേൾക്കുന്നതില്ലിഹ ഭവാൻ കുയിൽ ഗാനമേ-
(ള
വാക്കൊന്നുമിന്നു പറയുന്നതുമില്ല, യെന്നാൽ
ഇക്കണ്ടമർത്ത്യരുള്ളോർ മരിക്കുവോളം
നോക്കിത്തിരഞ്ഞതു ഭവാനിഹ കാണുമെന്നും

കുട്ടിക്കുമാരക! നിനക്കകമേ സ്വബോധം
വിട്ടില്ല, ലോകവലയിൽ ബത! ചാടിയില്ല,
കാട്ടിൽ കിടന്നു കളഭംകളിയാടിടുന്ന
മട്ടിൽ സ്വതന്ത്രഗതിപൂണ്ടു സുഖിച്ചിടുന്നു.

നല്ലോന്നിനില്ലിതു കളഞ്ഞിടുവാൻ വലിപ്പ-
മുല്ലന്നമാക്കിവിലസീടുവതെന്തിനയ്യോ!
അപ്പത്വമാണവലുതാകുവതിന്നു മോഹ-
മല്ലേതരം പുനരുദിപ്പതു ബാലകൾക്ക്.

കൊമ്പർകളിച്ചവളരുമ്പോഴുതുൾമയക്കി
കൊപ്പത്തിലാക്കിയിടയുംപുനരഞ്ജുമെയ്യും
നില്പിൽകൊളുത്തിവളർതോട്ടിയെടുത്തുമാര-
മേല്പിപ്പതിൻപടിയുവാവുമകപ്പെടുന്നു.
മുമ്പിൽജ്വലിച്ചുലകശേഷവുമേവെളിച്ചം
വമ്പോടുകാട്ടിമരുവീടിനവഹ്നിയിപ്പോൾ
ചാമ്പൽക്കുഴിക്കടിയിലൊട്ടിഹകെട്ടുപോകാ-
തമ്പിൽകിടപ്പതുനമുക്കൊരുഭാഗ്യമത്രേ.
ആരോഗ്യവുംപദവിയുംധനവുംവളർന്നു
പാരിൽസുഖിച്ചമരുവുന്നമനുഷ്യരാരും
സാരംനമുക്കിവയിലൊന്നിലുമല്ലയെന്നു
തീരെഗ്ഗണിച്ചിടുകയില്ലൊരുനാളുപോലും.
ക്ലേശങ്ങളിങ്ങുപലതുംവളരുന്നനേരം
കാശിന്നുപോലുമുതകില്ലവലിപ്പമൊന്നും;
ആശിക്കുമപ്പൊഴുതുമുന്നമിരുന്നബാല്യം
കാശിക്കുപോയതുതിരിച്ചുലഭിക്കുവാനായ്.
പൊയ്പ്പോയനാളുകളെയങ്ങുനിനച്ചിടുമ്പോ-
ളുല്പന്നമാകുമകതാരിലതീവഖേദം;
മുല്പാടുകെല്പൊടുനടന്നതശേഷവുംമേ
പില്പാടിലോർമ്മവരുമെന്നതനുഗ്രഹംതാൻ,
സ്വാതന്ത്ര്യമോടുകളിയാടിനടന്നുമോഹം
കാതര്യമേതിലുമുദിച്ചിഹബാലകന്മാർ
പ്രാർത്ഥിച്ചനല്ലവഴിപാടുകൾദേവകൾക്കും
സാധിച്ചമോഹവു,മിതൊക്കെയുമുത്തമങ്ങൾ.
എന്നാലിവറ്റകളിലൊന്നിലുമല്ലെനിക്കു
തോന്നുന്നതിന്നുബഹുമാനമകക്കുരുന്നിൽ
തന്നുള്ളിലുംവെളിയിലുംവിലസുംവിശേഷ-
മെന്തെന്നുചോദ്യമരുളുന്നതിലാണുസാരം.
കണ്ണെത്തുവോളമിഹപാർക്കിലുമന്തമില്ലെ-
ന്നെണ്ണീടുമാറുവിലസുന്നമഹാർണ്ണവങ്ങൾ
പൊണ്ണൻവരുന്നിതലയുംനിലയില്ലയെന്നാ-
തിണ്ണംമദിച്ചിടുകിലുംനിലയുണ്ടുതാനും. (ൽ

(തുടരും)

എം. രാജരാജവർമ്മ തമ്പുരാൻ
എം. എ; ബി. എൽ.

# മഹാമഹോപാദ്ധ്യായന്മാർ

## കിള്ളിമംഗലത്തു നമ്പൂതിരിപ്പാട്.

അസാമാന്യമായ സംസ്കൃതഭാഷാപരിജ്ഞാനം, വീണ്ടും വീണ്ടും ആ ഭാഷയിലുള്ള ഗ്രന്ഥങ്ങളെ നോക്കുവാൻ ഇദ്ദേഹത്തെ പ്രേരിപ്പിച്ചു. വ്യാകരണശാസ്ത്രത്തിൽ പടുതയും, സാഹിത്യത്തിലും തർക്കശാസ്ത്രത്തിലും സാമാന്യമായ പരിചയവും ഉണ്ടാകയാൽ ശ്രീമൽശങ്കരാചാര്യരുടെ ഭാഷ്യങ്ങൾ നോക്കുവാൻ തുടങ്ങി. കൂടല്ലൂർ കുഞ്ഞുണ്ണിനമ്പൂതിരിപ്പാട്ടിലെ സഹായത്താൽ ഇതു രണ്ടു കൊല്ലംകൊണ്ടു മുഴുവൻ ഹൃദിസ്ഥമാക്കി. ഇതിനിടയിൽ ധർമ്മശാസ്ത്രങ്ങളും നോക്കിത്തുടങ്ങി. ഇക്കാലത്താണു് തന്റെ അച്ഛന്റെ ജ്യേഷ്ഠൻ പരലോകം പ്രാപിച്ചതു്. അതു നിമിത്തം കുറെക്കാലത്തേയ്ക്കു പഠിപ്പിന്നു വിഘ്നം നേരിട്ടു.

ഉദ്ദേശം ൨൦-ാമത്തെ വയസ്സിൽ വിദ്യാർത്ഥികളെ വ്യാകരണം പഠിപ്പിക്കുവാനായി തൃശ്ശിവപേരൂർവന്നു താമസം തുടങ്ങി. ഇദ്ദേഹത്തിന്റെ സബ്രഹ്മചാരികളും, പഠിപ്പുകൊണ്ടു് ഇദ്ദേഹത്തിനോടു കിടപിടിപ്പാൻ വയ്യെങ്കിലും ഓരോരോ ശാസ്ത്രങ്ങളിൽ നൈപുണ്യം സമ്പാദിച്ചിട്ടുള്ളവരും ആയ ചിലരുടെ പേരുകൾ കൂടി ഇവിടെ പ്രസ്താവയോഗ്യമാണു്. ഇവരിൽ ഏറ്റവും

കൊമ്പര്‍കളിച്ചവളരുമ്പൊഴുതുള്‍മയക്കി
കൊപ്പത്തിലാക്കിയിടയുംപുനരങ്ങുമെയ്യും
നില്പില്‍കൊളുത്തിവളര്‍ത്തോട്ടിയെടുത്തു ഭാര-
മേല്പിപ്പതിന്‍പടിയുവാവുമകപ്പെടുന്നു.
മുമ്പില്‍ജ്വലിച്ചുലകശേഷവുമേവെളിച്ചം
വമ്പോടുകാട്ടിമരുവീടിനവഹനിയിപ്പോള്‍
ചാമ്പല്‍ക്കുഴിക്കടിയിലൊട്ടിഹകെട്ടുപോകാ-
തമ്പില്‍കിടപ്പതുനമുക്കൊരുഭാഗ്യമത്രേ.
ആരോഗ്യവുംപദവിയുംധനവുംവളര്‍ന്നു
പാരില്‍സുഖിച്ചമരുവുന്നമനുഷ്യരാരും
സാരംനമുക്കിവയിലൊന്നിലുമല്ലയെന്നു
തീരെഗ്ഗണിച്ചിടുകയില്ലൊരുനാളുപോലും.
ക്ലേശങ്ങളിങ്ങുപലതുംവളരുന്നനേരം
കാശിന്നുപോലുമുതകില്ലവലിപ്പമൊന്നും;
ആശിക്കമപ്പൊഴുതുമുന്നമിരുന്നബാല്യം
കാശിക്കുപോയതുതിരിച്ചുലഭിക്കുവാനായ്.
പൊയ്പ്പോയനാളുകളെയങ്ങുനിനച്ചിടുമ്പോ-
ളുള്ളുന്നമാകുമകതാരിലതീവഭക്തി;
മുല്ലാട്ടുകെല്ലാട്ടുനടന്നതശേഷവുംമേ
പില്ലാടിലോര്‍മ്മവരുമെന്നതനുഗ്രഹംതാന്‍,
സ്വാതന്ത്ര്യമോടുകളിയാടിനടന്നുമേറെ
കാതര്‍മേതിലുമുദിച്ചിഹബാലകന്മാര്‍
പ്രാര്‍ത്ഥിച്ചനല്പവഴിപാടുകള്‍ദേവകള്‍ക്കു
സാധിച്ചമോഹവു,മിതൊക്കയുമുത്തമങ്ങള്‍.
എന്നാലിവാറകളിലൊന്നിലുമല്ലെനിക്കു
തോന്നുന്നതിന്നു ബഹുമാനമകക്കുരുന്നില്‍
തന്നുള്ളിലും വെളിയിലും വിലസും വിശേഷ-
മെന്തെന്നു ചോദ്യമരുളുന്നതിലാണു സാരം.
കണ്ണെത്തുവോളമിഹ പാര്‍ക്കിലുമന്ത്യമില്ലെ-
ന്നെണ്ണിടുമാറു വിലസുന്നു മഹാര്‍ണ്ണവങ്ങള്‍
പൊണ്ണന്‍വരുന്നിതലയുംനിലയില്ലയെന്നു
തിണ്ണംമദിച്ചിടുകിലും നിലയുണ്ടുതാനും. (ൽ

(തുടരും)

എം. രാജരാജവര്‍മ്മ തമ്പുരാന്‍

എം. എ; ബി. എല്‍.

# മഹാമഹോപാദ്ധ്യായന്മാര്‍

## കിളളിമംഗലത്തു നമ്പൂതിരിപ്പാട്.

അസാമാന്യമായ സംസ്കൃതഭാഷാപാണ്ഡിത്യം, വീണ്ടും വീണ്ടും ആ ഭാഷയിലുള്ള ഗ്രന്ഥങ്ങളെ നോക്കുവാന്‍ ഇദ്ദേഹത്തെ പ്രേരിപ്പിച്ചു. വ്യാകരണശാസ്ത്രത്തില്‍ പടുത്വം, സാഹിത്യത്തിലും തര്‍ക്കശാസ്ത്രത്തിലും സാമാന്യമായ പരിചയവും ഉണ്ടാകയാല്‍ ശ്രീമല്‍ശങ്കരാചാര്യരുടെ ഭാഷ്യങ്ങള്‍ നോക്കുവാന്‍ തുടങ്ങി. കൂടല്ലൂര്‍ കുഞ്ഞുണ്ണിനമ്പൂതിരിപ്പാട്ടിലെ സഹായത്താല്‍ ഇതു രണ്ടു കൊല്ലംകൊണ്ടു മുഴുവന്‍ ഹൃദിസ്ഥമാക്കി. ഇതിന്നിടയില്‍ ധര്‍മ്മശാസ്ത്രങ്ങളും നോക്കിത്തുടങ്ങി. ഇക്കാലത്താണു തന്റെ അച്ഛന്റെ ജ്യേഷ്ഠന്‍ പരലോകം പ്രാപിച്ചത്. അതു നിമിത്തം കുറെക്കാലത്തേയ്ക്കു പഠിപ്പിന്നു വിഘ്നം നേരിട്ടു.

ഉദ്ദേശം പന്ത്രണ്ടാമത്തെ വയസ്സില്‍ വിദ്യാര്‍ത്ഥികളെ വ്യാകരണം പഠിപ്പിക്കുവാനായി തൃശ്ശിവപേരൂര്‍വന്നു താമസം തുടങ്ങി. ഇദ്ദേഹത്തിന്റെ സബ്രഹ്മചാരികളും, പഠിപ്പുകൊണ്ട് ഇദ്ദേഹത്തിനോടു കിടപിടിപ്പാന്‍ വയ്യെങ്കിലും ഓരോരോ ശാസ്ത്രങ്ങളില്‍ നൈപുണ്യം സമ്പാദിച്ചിട്ടുള്ളവരും ആയ ചിലരുടെ പേരുകള്‍ കൂടി ഇവിടെ പ്രസ്താവയോഗ്യമാണ്. ഇവരില്‍ ഏറ്റവും

പ്രധാനികളായിട്ടുള്ളവർ മൂത്തിരിങ്ങോട്ട ഭട്ടതിരിപ്പാട്, നെല്ലിക്കാട്ട മാമണ്ണനമ്പൂതിരി, ഒരുപുലാശ്ശേരി നമ്പൂതിരിപ്പാട് ഇവരായിരുന്നു. തന്റെ പ്രധാനഗുരുവും ഉപദേഷ്ടാവും ആയ കൂടല്ലൂര് കുഞ്ചുണ്ണി നമ്പൂതിരിപ്പാട്ടും ഇദ്ദേഹവും തമ്മിൽ വിദ്യാവിഷയത്തിൽ താരതമ്യപ്പെടുത്തി നോക്കിയാൽ വ്യാകരണശാസ്ത്രത്തിൽ ഗുരുവിനെ ശിഷ്യൻ കടത്തിവെച്ചുമെങ്കിലും ഗുരുവിന്നു ധൎമ്മശാസ്ത്രങ്ങളിൽ ഉള്ള നൈപുണ്യം, ഉൽകൃഷ്ടമായ ബുദ്ധിചാതുൎയ്യം ഇതുകൾ അനിതരസാധാരണം തന്നെയായിരുന്നു. അഞ്ചു കൊല്ലം തൃശ്ശിവപേരൂർ താമസിച്ചതിന്നു ശേഷം സഭാമഠത്തിലേയ്ക്കു ചെന്ന് അവിടെ ശിഷ്യരെ പഠിപ്പിയ്ക്കയും, വൈദികവും ശാസ്ത്രീയവും ആയ വിഷയങ്ങളിൽ പരിചയിയ്ക്കുകയും ചെയ്തുകൊണ്ട കാലം കഴിച്ചു വന്നിരുന്നു. ഇദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ സ്വന്തം അനുജൻ, പറന്നിപ്പാറ നമ്പൂതിരി, തെക്കെപ്പാട്ട നമ്പൂതിരി, മുണ്ടായനമ്പൂതിരിപ്പാട്ട, നടുവിൽക്കാട്ട നമ്പൂതിരി, ചിന്നക്കുട്ടി സ്വാമിയാർ, പൂഞ്ഞാററിൽ രാജാവു, വൈശ്രവണന്നമ്പൂതിരി, കൃഷ്ണത്തുനാരായണമംഗലത്തു നമ്പൂതിരി ഇവരാണ് മുഖ്യന്മാരായ വിദ്വാന്മാർ.

വ്യാകരണശാസ്ത്രത്തെയോ, അതു പഠിച്ചറിവുള്ളവരുടെ വൈദുഷ്യത്തെയോ പററി ഗുണദോഷജ്ഞാനം ഉണ്ടാകേണമെങ്കിൽ സംസ്കൃതഭാഷാസാഹിത്യജ്ഞാനം അത്യാവശ്യമാണ്. അതിലുള്ള ഏതൊരു സൂത്രങ്ങളും വ്യാഖ്യാനങ്ങളുടെ സഹായം കൂടാതെ മനസ്സിലാകുന്നതല്ല. എന്നു തന്നെയല്ല പഠിപ്പിന്റെ പരിപക്വത പ്രാപിച്ചിട്ടുള്ള വിദ്യാൎത്ഥികളുടെ ആവശ്യത്തിനെ മാത്രം ഉദ്ദേശിച്ചല്ലാതെ ആദ്യപാഠം വായിയ്ക്കുന്നവരുടെ ഉപയോഗത്തിന്നായിട്ടല്ലാ പാണിനി സൂത്രങ്ങൾ എഴുതീട്ടുള്ളതെന്നുതീൎച്ച തന്നെ. അദ്ദേഹം സംക്ഷിപ്തമായി എഴുതീട്ടുള്ള സൂത്രങ്ങളിൽ അന്തൎഭവിച്ചു കിടക്കുന്ന സാരങ്ങളെ ഗ്രഹിപ്പാൻ അതിബുദ്ധിശാലികളായ വിദ്യാൎത്ഥികൾക്കു മാത്രമേ സാധിയ്ക്കയുള്ളു. ഇതുകൾ പൂൎണ്ണമായി മനസ്സിലാകുന്ന കാൎയ്യം ഇത്തരം വിദ്യാൎത്ഥികൾക്കു കൂടി ക്ലേശസാദ്ധ്യമായിട്ടാണിരിയ്ക്കുന്നത്. ചുരുക്കി പറകയാണെങ്കിൽ 'വ്യാകരണ'ശാസ്ത്രത്തിൽ സാഹിത്യം മുഴുവനുമെന്നല്ല ഐഹികപാരത്രികങ്ങളായ സകല സംഗതികളും കുടുങ്ങീട്ടുണ്ട്. ഇത്രയും പറഞ്ഞതുകൊണ്ട വ്യാകരണസൂത്രങ്ങളെ പൎയ്യാലോചിച്ചു സൂക്ഷ്മം ഗ്രഹിപ്പാനും മററും ഒരുങ്ങുന്ന ഏതൊരുത്തനും അതിബുദ്ധിശാലിയാകുവാൻ കഴിയുമെന്നതുനിൎവ്വിവാദമാണെന്നായല്ലൊ. ഇത്തരമുള്ള വിദ്യയെ ബലപ്പെടുത്തിക്കൊണ്ട വരണമെന്ന് ഉദ്ദേശിച്ചു മാത്രമാണ് പുരാതനമായ രാജകുഡുംബങ്ങളിൽ വിദ്വൽസദസ്സ മുതലായ ഏൎപ്പാടുകൾ ഇന്നും നടത്തി വരുന്നത്.

നമ്മുടെ മഹാമഹോപാദ്ധ്യായൻ, വിശാഖം തിരുനാൾ മഹാരാജാവിന്റെ കാലത്ത് ഒരിയ്ക്കൽ തിരുവനന്തപുരത്തു പോകയുണ്ടായി. മഹാരാജാവ് ഇദ്ദേഹത്തിന്ന് ഉത്തമസംഭാവനയും വീരശൃംഖല മുതലായ സമ്മാനങ്ങളും കൊടുത്തിട്ടുണ്ട്. വേറെയൊരിയ്ക്കൽ ആ മഹാരാജാവിന്റെ തുലാഭാരഅടിയന്തരകാലത്ത് ഇദ്ദേഹം തിരുവനന്തപുരത്തു ചെല്ലുകയും പ്രസിദ്ധനായ സുന്ദരശാസ്ത്രികളുടെ മുമ്പാകെ തന്റെ വൈദുഷ്യത്തെ പ്രകടിപ്പിയ്ക്കയും മഹാരാജാവു മുതലായവർ ഇദ്ദേഹത്തിന്റെ യോഗ്യതയെപ്പററി വീണ്ടും ആശ്ചൎയ്യപ്പെടുകയും അസംഖ്യം വിലയേറിയ സമ്മാനങ്ങൾ കല്പിച്ചു കൊടുക്കയും ചെയ്തിട്ടുണ്ട്. ഇതിനെ

പ്പററി ഒരു കഥ കൂടി കേട്ടിട്ടുള്ളതു ചുരുക്കമായിട്ടെങ്കിലും പറയുന്നതു യുക്തമാണല്ലോ. സദസ്സിന്നു വന്നിട്ടുള്ള വിദ്വാന്മാരെല്ലാവരും ഒരു സ്ഥലത്തു കൂടി അവരവരുടെ യോഗ്യത എത്രത്തോളമുണ്ടെന്നറിവാനായി അന്യോന്യം ചില വാദപ്രതിവാദങ്ങൾ ചെയ്തുകൊണ്ടിരുന്നു. സദസ്സിൽ ഒരാൾ നമ്പൂതിരിപ്പാട്ടിലോടു വ്യാകരണത്തിൽ എന്തോ ചോദ്യം ചെയ്തു. എത്രയും ഭംഗിയിലും ധാടിയിലും സുഗ്രഹമാകുംവണ്ണവും ഇദ്ദേഹം പറഞ്ഞിരുന്ന മറുവടി സദസ്സിലേയ്ക്കു് എഴുന്നെള്ളുന്ന മഹാരാജാവു പുറത്തു മറഞ്ഞു നിന്നു വളരെ കൌതുകത്തോടു കൂടി കേട്ടു. പ്രസംഗം അവസാനിച്ചതിന്റെ ശേഷം മഹാരാജാവു് അകത്തേയ്ക്കെഴുന്നെള്ളി. വ്യാകരണശാസ്ത്രത്തിൽ ഇത്രയും മഹത്തരമായ ഒരു സമാധാനം താൻ ഇതിന്നു മുമ്പിൽ കേട്ടിട്ടില്ലെന്നു മഹാരാജാവു കല്പനയാകയും ചെയ്തുവത്രെ! പിന്നീടു് ആ തിരുമേനി നമ്മുടെ ഇദ്ദേഹത്തിനോടു തത്വജ്ഞാനസംബന്ധമായി ചില വിഷയങ്ങളെ പ്രതിപാദിപ്പാൻ ആവശ്യപ്പെട്ടു. ഇദ്ദേഹത്തിന്റെ ആ പ്രസംഗം കേട്ടിരുന്ന സദസ്യരെല്ലാവരും വളരെ ആശ്ചര്യപ്പെടുകയും ചെയ്തു.

തൃപ്പൂണിത്തുറെയുള്ള തിരുനാൾ സദസ്സിൽ ഇദ്ദേഹം ആദ്യമായി ചെന്നതു 1063 ലാണു്. അന്നുതന്നെ ഇദ്ദേഹം വിദ്വാനാണെന്നു് അഭിപ്രായപ്പെട്ടിട്ടുണ്ടു്. വൈദുഷ്യം നിർണ്ണയിപ്പാൻ അർഹന്മാരായ അധിപന്മാരുടെ ഇടയിൽ ഇദ്ദേഹത്തിനെ സംബന്ധിച്ച അഭിപ്രായം നാൾക്കുനാൾ വർദ്ധിക്കയും അതിന്നു് ഇന്നേവരെ യാതൊരു താഴ്ചയും വരാതെ നിലനിന്നു വരികയും ചെയ്യുന്നു. എന്നു തന്നെയല്ലാ വിദ്വത്സദസ്സിൽ പ്രമാണപ്പെട്ട ഒന്നാം സമ്മാനം അന്നു മുതൽ മററാർക്കും ലഭിക്കാറുമില്ലാത്തതിനാലാണു് നമ്മുടെ മഹാമഹോപാദ്ധ്യായന്റെ പരിപൂർണ്ണമായ യോഗ്യതകൾ വെളിപ്പെട്ടു കാണുന്നതു്. ദിനംപ്രതി കൂടിക്കൂടി വരുന്ന വാർദ്ധക്യം അദ്ദേഹത്തിന്റെ ബുദ്ധിശക്തിയെ കുറയ്ക്കുന്നില്ലാ. എന്നു തന്നെയല്ലാ അതു വിദ്യാഭ്യാസവിഷയത്തിൽ ആസക്തചിത്തന്മാരായ യൌവനയുക്തന്മാരുടെ മനശ്ശക്തിയെ ലോകപരിചയത്താൽ സിദ്ധിച്ച വിവേകത്തോടും കൂടിക്കാണിയ്ക്കുന്നതും ഉണ്ടു്.

കഴിഞ്ഞ കൊല്ലത്തിൽ ഇദ്ദേഹം കാലടിയിൽ ചെന്നു ശ്രീശങ്കരാചാര്യസ്വാമികളുടെ തൃക്കയ്യിൽനിന്നു് ഉത്തമസംഭാവന വാങ്ങുകയുണ്ടായി. നമ്മുടെ മഹാമഹോപാദ്ധ്യായന്റെ ചരിത്രത്തിൽ വിദ്യാവിഷയത്തെപ്പററി ഏതാണ്ടൊക്കെ പ്രസ്താവിച്ചു കഴിഞ്ഞു. ഇനി ഇദ്ദേഹത്തിന്റെ ആകൃതി, പ്രകൃതി ഇവയെക്കുറിച്ചാണു് പറയുന്നതു്. സ്വതേ ശാന്തശീലനും വളരെ ഒതുക്കമുള്ള ദേഹവുമാണു് ഇദ്ദേഹമെന്നു് അടുത്തു പെരുമാറി പരിചയിച്ചവർക്കെല്ലാം അറിയാവുന്നതാകുന്നു. പ്രകൃതിയും മററു സമ്പ്രദായങ്ങളും ഒരു [അപരിചിതന്റെ പ്രത്യേകദൃഷ്ടി കൊണ്ടു് അത്ര എളുപ്പത്തിൽ ഗ്രഹിയ്ക്കത്തക്കവയല്ല. വസ്ത്രാഡംബരത്തിൽ ശ്രദ്ധവെയ്ക്കാതെയും വേണ്ടതിലധികം സംസാരിയ്ക്കാതെയും ഒരു പഴയ സമ്പ്രദായത്തിലാണു് നടപടി. ആലോചനകളിൽ നിമഗ്നനായ ഇദ്ദേഹം അന്യന്മാരുടെ ദൃഷ്ടി പ്രത്യേകിച്ചു പതിയത്തക്ക ധാടിയിലോ മോടിയിലോ ലേശംപോലും മനസ്സു വെയ്ക്കാറില്ല. എററവും ജാഗരൂകതയോടെ ആലോചനയിൽ പ്രവേശിച്ചിരിയ്ക്കയാണെന്നു മുഖം വെളിപ്പെടുത്തും. ക്രൂരതയോ ശാന്തതയോ യാതൊന്നും മുഖത്തില്ല. തങ്ങളുടെ സ്വന്തം മാർഗ്ഗമനുസരിച്ചു നിഷ്കർഷയോടു കൂടി പരി

ചയിക്കുന്ന ഈ തരക്കാരുടെ സമ്പ്രദായം ഇന്നതാണെന്നു തോന്നത്തക്കവണ്ണം ചില പ്രത്യേകവികാരങ്ങളോ എതിരാളിയെ തോല്പിക്കുത്തക്കതെന്നു തോന്നിക്കുന്ന വല്ല ലക്ഷണങ്ങളുമോ ഇദ്ദേഹത്തിന്റെ മുഖത്തു കാണുകയില്ല. ബുദ്ധിയുടേയും പ്രകൃതിഗുണത്തിന്റേയും ശക്തി അറിഞ്ഞിട്ടുള്ളവൎക്കു മാത്രം ഇദ്ദേഹത്തിന്റെ വൈദുഷ്യം മുഖത്തു പ്രതിബിംബിച്ചു കാണാം. എന്നാൽ വ്യാകരണം, വേദാന്തം ഈ ശാസ്ത്രങ്ങളിൽ പ്രതിവാദികളായി ഇടപെടേണ്ടിവന്നാൽ തന്റെ വാദങ്ങൾക്കു ഉറപ്പു കൊടുക്കുന്നതും വാക്കുകളെ ഫലവത്താക്കിത്തീൎക്കുന്നതുമായ ആ രണ്ടു കണ്ണുകളെ കണ്ടവരാരും ഒരിക്കലും മറക്കുന്നതുമല്ല. അപജയം വന്നെങ്കിലോ എന്ന ശങ്കയില്ലായ്ക, നിഷ്പ്രയാസമായ വാക്കുകളുടെ പ്രവാഹം, സ്പഷ്ടത, ശക്തി, മാധുൎയ്യം തുടങ്ങിയുള്ള ഗുണങ്ങൾ അന്യാദൃശങ്ങളാണ്. പഠിപ്പിന്റെ ഘനംകൊണ്ടു ഇരുത്തം വന്നിട്ടുള്ള ഇദ്ദേഹം സദാപി ഘനമായിട്ടു മാത്രമേ ഇരിക്കയുള്ളൂ എന്നു വായനക്കാർ തെറ്റിദ്ധരിച്ചു പോകരുത്. തന്റെ ഉററ ചങ്ങാതിമാരുടെ യോഗത്തിൽ പെട്ടാൽ നേരംപോക്കും വെടിയും മറ്റും പറവാൻ നല്ല വാസനയും വശതയും ധാരാളം ഉണ്ട്. ഇത് അസാധാരണയല്ലതാനും.

വ്യാകരണശാസ്ത്രത്തിൽ 'അൎത്ഥവാദസൂത്രശതകോടി' എന്ന ഒരു മഹാഗ്രന്ഥം ഇദ്ദേഹം ഉണ്ടാക്കീട്ടുണ്ട്. അത് അച്ചടിപ്പിക്കുവാനുള്ള ഒരുക്കങ്ങൾ ചെയ്തുവരുന്നു. ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം നമ്മുടെ പിൻഗാമികളുടെ ഇടയിൽ ഇദ്ദേഹത്തിന്റെ പേർ എന്നെന്നും നിലനില്ക്കുന്നതിനു കാരണമായും ഈ മഹാപുരുഷന്റെ അതിരില്ലാത്ത വൈദുഷ്യത്തിന്റെ പ്രദൎശകമായും തീരാതിരിക്കയില്ല.

## കൊടുങ്ങല്ലൂർ വലിയ ഗോദവൎമ്മതമ്പുരാൻ

ഏതൊരു ബുദ്ധിമാനും അത്യാശ്ചൎയ്യം ഉണ്ടാക്കത്തക്ക വിധത്തിലുള്ള ധാരണാശക്തികൊണ്ടും വിഷയങ്ങളുടെ സൂക്ഷ്മജ്ഞാനം കൊണ്ടും ഓരോ അംശങ്ങളെയും ചേൎത്തിരിച്ചു കാണിച്ചുംകൊണ്ടു വിഷയങ്ങൾ വിവരിപ്പാനുള്ള സാമൎത്ഥ്യാതിശയംകൊണ്ടും ഈ തമ്പുരാനോടു തുല്യനായ ഒരാളെക്കാണ്മാൻ വളരെ പ്രയാസമാകുന്നു. നമ്പൂതിരിപ്പാട്ടിലെപ്പോലെ തന്നെ ഇദ്ദേഹവും വളരെ കുറുക്കമുള്ള ആളും യോഗ്യതാപ്രകടനത്തിൽ തീരെ വിമുഖനുമാണ്. പൊതുജനങ്ങൾക്കു ആശ്ചൎയ്യകരമായ വിധത്തിൽ പുറംദിക്കുകളിൽനിന്നു ഏതെങ്കിലും ഒരു വിരുതു സമ്പാദിക്കുന്നതിൽ പോലും അദ്ദേഹം ശ്രമിച്ചിട്ടില്ലെന്ന സംഗതിയിൽ നമ്പൂതിരിപ്പാട്ടിൽനിന്നും വ്യത്യാസപ്പെടുന്നു. തന്റെ ജീവിതകാലത്തിനു യാതൊരു ധാടിയും മോടിയും കൂടാതെ എപ്പോഴും ഗ്രന്ഥപാരായണം, ചിന്തനം ഇവയെ മാത്രമാണ് ഇദ്ദേഹം ആചരിച്ചുവരുന്നത്. ഈ ശാന്തശീലന്റെ മനോഗതി ഭക്തിമാൎഗ്ഗത്തിലേയ്ക്കാണ്. ഇദ്ദേഹത്തിന്റെ ആത്മാവിലുള്ള യഥാൎത്ഥമായ ഭക്തിയോടു യോജിച്ചിട്ടുതന്നെയാണ് വൈരാഗ്യസംയുതങ്ങളായ ഇദ്ദേഹത്തിന്റെ വിചാരങ്ങളും അഭിപ്രായങ്ങളും പൎയ്യവസിക്കുന്നത്. ഈ മാതിരിയിലുള്ള പരിശുദ്ധാത്മാക്കൾ പ്രായേണ കളങ്കരഹിതവും ശാന്തവുമായ വിജനസ്ഥലത്തിൽ സാഹിത്യരസികന്മാരായ സുഹൃത്തുക്കൾക്കു മാത്രം കാണത്തക്ക വിധത്തിലും ജനബാഹുല്യത്തിന്റെ ശ്രദ്ധയ്ക്കു വിഷയമാകാതെയും ഗൂഢമായിത്തന്നെ കാലംകഴിച്ചുകൂട്ടുന്നതിൽ തൽപരന്മാരായിരിക്കുന്നതാണല്ലോ. എങ്കിലും ലൌകികകാൎയ്യങ്ങളിൽ ഏററവും സമ

രതയുള്ള വിശേഷബുദ്ധിയും ഫലപ്രദങ്ങളായ അനേകം കല്പനാശക്തികളും ഉള്ള ഒരു വിദ്വാനാണ് നമ്മുടെ മഹാമഹോപാദ്ധ്യായൻ. സരളസ്വഭാവനായ ഇദ്ദേഹം സാരഗർഭങ്ങളായ ഫലിതങ്ങളും നേരംപോക്കുകളും പറഞ്ഞു തന്റെ ചങ്ങാതികളെ രസിപ്പിക്കാറുണ്ട്. പ്രാചീനശാസ്ത്രഗ്രന്ഥങ്ങളിലെ അഗാധങ്ങളായ ഭാഗങ്ങളെ സൂക്ഷ്മമായി അറിയുന്ന കാര്യത്തിൽ ആധുനികവിദ്വാന്മാരിൽവെച്ച് അദ്വിതീയനെന്നു സമ്മതനായ ഇദ്ദേഹവും കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ തിരുനാൾ വിദ്വത്സദസ്സിൽ ഒരു സ്ഥാനത്തിരിക്കുന്നതു കാണാം.

ഈ വിദ്വത്സദസ്സിൽ വാക്യാർത്ഥം പറയുന്നതിന്നോ വാദപ്രതിവാദത്തിന്നോ വേണ്ടി സാധാരണയായി തിരഞ്ഞെടുക്കുന്ന വിഷയം തർക്കശാസ്ത്രം, വ്യാകരണം, വേദാന്തം ഇവയിലേതെങ്കിലുമായിരിക്കും. ഗോദവർമ്മതമ്പുരാന്റെ പ്രത്യേകവിഷയമായ തർക്കശാസ്ത്രവും വേദാന്തവും കൂടിയാൽ ശാസ്ത്രസിദ്ധാന്തങ്ങളിൽ മിക്കതും അവയിലുൾപ്പെട്ടു കഴിഞ്ഞു. എന്നു മാത്രമല്ല, ഐഹികമോ പാരത്രികമോ ആയ യാതൊരു സംഗതിയും ഇതിൽനിന്നു പുറമെയായിട്ടില്ല. വസ്തുസ്വരൂപങ്ങളും അവയുടെ ലൗകികസംബന്ധങ്ങളും ദൈവികസംബന്ധങ്ങളുമാണ് മേൽപ്പറഞ്ഞ ശാസ്ത്രങ്ങളിലെ പ്രധാനവിഷയങ്ങളെന്നു പലർക്കും അറിവുള്ളതാണല്ലോ. കുറെക്കാലമായിട്ട് ഇദ്ദേഹത്തിന്റെയും നമ്പൂതിരിപ്പാട്ടിലെയും പ്രവൃത്തി, വാദപ്രതിവാദങ്ങളിൽ വിധി പറകയാണ്. സദസ്സിൽ കൊണ്ടുവരുന്ന ഏതു മാതിരി വിഷയത്തിലും ഇപ്രകാരം ഉള്ള ജ്ഞാനമാഹാത്മ്യത്താൽ സദസ്യന്മാർക്കു തൃപ്തികരമായിത്തീരുന്ന വിധം സ്ഥിരമായ ഒരു തീർപ്പു ചെയ്യുന്നതിൽ ഇദ്ദേഹത്തിനുള്ള ശക്തിവിശേഷം പലപ്പോഴും അനുഭവപ്പെട്ടിട്ടുള്ളതാണ്. സഹജീവികൾ ഇദ്ദേഹത്തെ 'ഭട്ടൻതമ്പുരാൻ' എന്നാണ് വിളിച്ചുവരാറുള്ളത്. പണ്ടും ഇപ്പോഴും 'ഭട്ടൻ' എന്ന പേർ ലഭിക്കണമെങ്കിൽ സംസ്കൃതസാഹിത്യത്തിൽ പ്രധാനവും പ്രയാസമേറിയതുമായ ഗ്രന്ഥങ്ങൾ വ്യാഖ്യാനിക്കുകയോ അപ്രകാരമുള്ള പുതിയ ഗ്രന്ഥങ്ങൾ നിർമ്മിക്കുകയോ ചെയ്തിരിക്കണം. മഹാമഹോപാദ്ധ്യായനായ ഭട്ടൻതമ്പുരാന്റെ കൃതികളിൽ ചിലതു കാണിക്കാം.— സിദ്ധാന്തമാലാ (വ്യുൽപത്തിവാദകാരികാ), ദത്തകമീമാംസാസംഗ്രഹം, പ്രാമാണ്യവാദഗദാധരീവ്യാഖ്യാനം, ഉപഹാരപ്രകാശികാവ്യാഖ്യാനം. ഇതിൽ സിദ്ധാന്തമാല അച്ചടിച്ചുകഴിഞ്ഞു. മററുള്ളതെല്ലാം അച്ചടിപ്പാൻ തയ്യാറായിരിക്കുന്നു.

രണ്ടു മഹാമഹോപാദ്ധ്യായന്മാരും, താർക്കികന്മാരും വൈയാകരണന്മാരും വേദാന്തികളുമാണ്. ഒരാൾക്കു വ്യാകരണത്തിൽ പരിപൂർണ്ണജ്ഞാനവും ധാരണയും വിജയവും ഉള്ളതുപോലെ തന്നെ മറേറ ആൾക്ക് തർക്കശാസ്ത്രത്തിലും അത്രത്തോളം ശ്രേഷ്ഠതയുണ്ട്. ഒരു മനുഷ്യനു യുക്തിബലം എത്രത്തോളം ഉണ്ടാകാമെന്നുള്ളതിന്ന് ഇവർ രണ്ടുപേരും ഉത്തമദൃഷ്ടാന്തങ്ങളാണ്. സൂക്ഷ്മത്തിൽ മേൽപ്പറഞ്ഞ രണ്ടു വിദ്യാശാഖകളും പരസ്പരം ഉപയുക്തങ്ങളും സിദ്ധാന്തജ്ഞാനത്തിൽ അന്യോന്യം അത്യാവശ്യകങ്ങളുമാണെന്ന സംഗതി കൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. എങ്ങിനെയായാലും തുല്യയോഗ്യന്മാരായ ഇവർക്കു ശാസ്ത്രസംബന്ധമായ ഒരു സഹോദരസ്ഥാനം കല്പിക്കാവുന്നതാണ്.

ഈ മഹാമഹോപാദ്ധ്യായസ്ഥാനം തങ്ങൾക്കു കിട്ടേണമെന്നു സ്വപ്നത്തിൽപ്പോ

ലും ഇവർ ആഗ്രഹിച്ചിരുന്നില്ല. വിജന സ്ഥലങ്ങളിൽ വിചാരമഗ്നന്മാരായി ദിവസം കഴിച്ചുകൂട്ടുന്നതിലേക്കാണ് ഇവരുടെ വാസനയുടെ ഗതി. എങ്കിലും ആരും അറിയാതെ ഗൂഢമായി കാലം കഴിച്ചു പോകാനിടയുണ്ടായിരുന്ന ഈ മഹാന്മാർ ഇന്ത്യാചക്രവർത്തിയുടെ ഉചിതജ്ഞതനിമിത്തം ഏററവും ഉന്നതമായ ഒരു സ്ഥാനത്തിൽ ഇരിക്കുന്നവരായിട്ട തന്നെ ലോകങ്ങളുടെ ദൃഷ്ടിയിൽ അകപ്പെട്ടിരിക്കുന്നു. ഇപ്പോഴും ഈ സ്ഥാനമാനങ്ങൾ കൊണ്ടുണ്ടായ കൌതുകമോ കൃതകൃത്യതയൊ യാതൊന്നും പ്രകാശിപ്പിക്കാതെ സൌമ്യതയോടു കൂടിയിരിക്കുന്ന ഇവരുടെ മുഖത്തിൽ വിനയം തന്നെയാണ് വെളിവായി കാണുന്നത്.

# ഇരട്ടപെററ കട്ടികൾ

"ഞാൻ മദ്രക്കാരനാണ്. രാമനാഥനെന്നാകുന്നു പേർ. തൊഴിൽ കച്ചവടമായിരുന്നു. പ്രാപ്തി വന്നപ്പോൾ വിവാഹം ചെയ്ത് ഒരുവിധം സുഖമായി തന്നെ കാലം കഴിച്ചുവന്നു. ഒരിക്കൽ കച്ചവടസംബന്ധമായ കാര്യത്തിന്നുവേണ്ടി എനിക്കു കൊളമ്പിലേക്കു പോകേണ്ടിവന്നു. ഒരു വത്സരത്തോളം അവിടെ താമസിക്കേണ്ടതായി വന്നതുകൊണ്ടും ഭാര്യ ഗർഭിണിയായതുകൊണ്ടും അവളെക്കൂടി ഒരുമിച്ചു കൊണ്ടുപോയി. കൊളമ്പിലെത്തി നാലു മാസം കഴിഞ്ഞപ്പോൾ അവൾ പ്രസവിച്ചു രണ്ടു കട്ടികളുണ്ടായി. എന്റെ കട്ടികൾ രണ്ടും തമ്മിൽ മാററത്തക്ക സാദൃശ്യമുള്ളവരായിരുന്നു. അവർ ജനിച്ചതിന്റെ പിറേറ ദിവസം തന്നെ ഞങ്ങളുടെ അയൽവക്കത്തു താമസിക്കുന്ന ഒരു സാധുസ്ത്രീയും ഇരട്ട പ്രസവിച്ചു. ആ കട്ടികൾക്കു എന്റെ മക്കളെപ്പോലെ തന്നെ അന്യോന്യം സാമ്യമുണ്ടായിരുന്നു. എന്നാൽ അവരുടെ പിതാവ് ആറുമാസം മുമ്പെയും, മാതാവ് പ്രസവിച്ചിട്ട് ഏഴാം ദിവസവും മരിച്ചുപോയതുകൊണ്ട് അവർ കേവലം അനാഥന്മാരായിത്തീന്നതിനാൽ ഞങ്ങൾ തന്നെ ആ കട്ടികളെയും രക്ഷിച്ചുവന്നു. എന്റെ മക്കൾ വളരെ സുന്ദരന്മാരായിരുന്നതുകൊണ്ടു ഭാര്യക്കു കാര്യഗൎഭാവം തന്നെ ഉണ്ടായിരുന്നില്ലെന്നില്ല. അവൾ ഴിവരസന സ്വദേശത്തേക്കു പോകാൻ വൈകി എന്നു പറഞ്ഞു എന്നെ അസഹ്യപ്പെടുത്തി. ഒടുവിൽ ഞാനും ഒരുവിധം സമ്മതിച്ചു ഒരു ദിവസം രാത്രി ഞങ്ങൾ കപ്പൽ കയറി. കപ്പൽ ലങ്കയിൽനിന്നു കഷ്ടിച്ചു മൂന്നുനാഴിക പോകുന്നതിന്നു മുമ്പു തന്നെ ഭയങ്കരമായ കോളിളകി. കാററടിച്ചു വഴിക്കു കപ്പലും പോയിത്തുടങ്ങി. കപ്പൽകാർ കപ്പലിലുണ്ടായിരുന്ന ബോട്ടുകളിൽ കയറി രക്ഷപ്പെട്ടു. ഉദ്യോഗസ്ഥാകാരായ കപ്പലിൽ ഞങ്ങൾ മാത്രം ശേഷിച്ചു. എനിക്കു മരിക്കുന്നതിൽ ലേശം ഭയമുണ്ടായിരുന്നില്ലെങ്കിലും ഭാര്യയുടെ കണ്ണുനീരും കട്ടികളുടെ ദയനീയമായ കരച്ചിലും എന്നെ വല്ലാതെ ആകലനാക്കിത്തീത്തു. എങ്ങിനെയാണ് ഇവരെ രക്ഷിക്കേണ്ടതെന്നുള്ള വിചാരമാണ് എന്നെ അധികം ക്ലേശിപ്പിച്ചതു. കപ്പൽയാത്രയിൽ സാധാരണ ശേഖരിച്ചുവെക്കാറുള്ള ഒരു ചെറിയ പാമരത്തിന്റെ ഒരു തലക്കൽ എന്റെ ഇളയമകനേയും മറേറതലക്കൽ അനാഥക്കട്ടികളിൽ ഇളയവനെയും ഞാൻ നല്ലവണ്ണം കെട്ടി. ഇതിന്നിടക്കു മറെറാരു പാമരത്തിന്മേൽ മററെ രണ്ടു കുട്ടികളേയും ഇപ്രകാരം കെട്ടുന്നതിന്നു ഞാൻ ഭാര്യയോടാവശ്യപ്പെട്ടു. ഇങ്ങിനെ മൂത്തകട്ടികൾ ഭാര്യയുടെ അധീനത്തിലും ഇളയവർ എന്റെ അധീനത്തിലും ആയി. ഞങ്ങൾ രണ്ടുപേരും അതാതു പാമരത്തിന്മേൽ തങ്ങളുടെ ദേഹവും ചേത്തുകെട്ടി. ഇങ്ങിനെ ഒരു സൂത്രം പ്രയോഗിച്ചില്ലായിരുന്നുവെങ്കിൽ അപ്പോൾ തന്നെ ഞങ്ങൾ എല്ലാവരും നശിച്ചുപോകുമായിരുന്നു. കപ്പൽ ഉടനെ ഒരു പാറമേലടിച്ചു തകൎന്നുപോയി. ഞങ്ങൾ പാമരത്തിന്മേലായതുകൊണ്ടു വെള്ളത്തിന്മീതെ പൊന്തിക്കിടന്നിരുന്നു. രണ്ടു കുട്ടികൾ എന്നെ ആശ്രയിച്ചിരുന്നതുകൊണ്ടു എനിക്കു ഭാര്യയെ സഹായിക്കുവാൻ സാധ്യ

ത്തിയില്ലാതായി. അവളും മറ്റെ കുട്ടികളും ക്ഷണത്തിൽ വേർതിരിഞ്ഞു പോയി. എങ്കിലും അവർ എന്റെ കണ്ണിൽനിന്നു മറയുന്നതിന്നു മുമ്പു ചില മുക്കുവന്മാർ അവരെ തോട്ടുകളിൽ കയറ്റി രക്ഷപ്പെടുത്തി. അവർ രക്ഷപ്പെട്ടു എന്നു കണ്ടപ്പോൾ എന്റെ അധീനത്തിലുള്ള കുട്ടികളെ രക്ഷിപ്പാൻവേണ്ടി ഞാനും തിരകളോടു പൊരുതിത്തുടങ്ങി. കുറെ കഴിഞ്ഞപ്പോൾ ചില കപ്പൽക്കാർ ഞങ്ങളെയും രക്ഷപ്പെടുത്തി. അവൎക്ക് എന്നെ പരിചയമുണ്ടായിരുന്നതുകൊണ്ടു ഞങ്ങളെ ആദരവോടുകൂടി സൽക്കരിച്ചു വേണ്ടുന്ന സഹായങ്ങളൊക്കെ ചെയ്തുതന്നു മധുരയിൽ കൊണ്ടെയാക്കി. കടലിൽ വെച്ചു പിരിഞ്ഞതിൽപ്പിന്നെ ഭാൎയ്യയുടെയോ മൂത്തമകന്റെയോ യാതൊരു വൎത്തമാനവുമില്ല. എന്റെ ആകെ ഉള്ള സന്താനമായിത്തീൎന്ന ഇളയ മകന്ന് ഏകദേശം പതിനെട്ടു വയസ്സായപ്പോൾ തന്നെ അയാൾ ജ്യേഷ്ഠന്റെയും അമ്മയുടെയും വൎത്തമാനത്തെപ്പറ്റിയുള്ള അന്വേഷണം തുടങ്ങി. ഭൃത്യനും അവന്റെ ജ്യേഷ്ഠനെ കാണ്മാനുള്ള ആഗ്രഹം നിമിത്തം അവരെ അന്വേഷിപ്പാൻ പുറപ്പെട്ടു. ഇങ്ങിനെ ആ മകനും എന്നെ പിരിഞ്ഞിട്ടു കൊല്ലം ഏഴായി. ഞാൻ അഞ്ചു കൊല്ലത്തോളമായി അയാളെ അന്വേഷിച്ചു നടക്കയാണ്. സിലോണിലും അതിന്നടുത്ത രാജ്യങ്ങളിലും മുഴുവൻ തിരഞ്ഞു. ഒരു വൎത്തമാനവും കേട്ടതില്ല. ഒടുക്കം ബുദ്ധി ക്ഷയിച്ചു സ്വരാജ്യത്തേക്കു മടങ്ങിപ്പോകും വഴിക്ക്, ഈ രാജ്യത്തും അന്വേഷിക്കാമെന്നുവെച്ച് ഇവിടെ വന്നതാണ്. ഇന്നത്തോടുകൂടി എന്റെ കഥയും അവസാനിക്കാറായി. ഭാൎയ്യയും മക്കളും ജീവിച്ചിരിക്കുന്നുണ്ടെന്നറിഞ്ഞാൽ എനിക്കു സമാധാനത്തോടുകൂടി മരിക്കാമായിരുന്നു. ദൈവേച്ഛപോലെ വരട്ടെ.”

ഇവിടെവെച്ചു രാമനാഥൻ തന്റെ വ്യസനകരമായ ജീവചരിത്രത്തെ അവസാനിപ്പിച്ചു. പുത്രസ്നേഹം നിമിത്തം ആപത്തിലകപ്പെട്ട പിതാവിങ്കൽ മാനപുരം രാജാവിന്നു വളരെ ദയതോന്നി. അയാൾക്കു മാപ്പുകൊടുക്കുന്നതു നിയമത്തിന്നു വിരോധമില്ലായിരുന്നുവെങ്കിൽ തനിക്കു വളരെ സന്തോഷമായിരുന്നുവെന്നും, ഒരു രാജാവിന്റെ നിലയിൽ ഞാൻ ചെയ്തിട്ടുള്ള സത്യത്തിന്നു വിരോധമായി യാതൊരു പ്രവൃത്തിയും തനിക്കൊരുകാലത്തും ചെയ്വാൻ പാടില്ലെന്നും രാജാവു കല്പിച്ചു. എങ്കിലും പിഴ അടക്കുന്നതിന്നു വൈകുന്നേരം വരെ അവധി കൊടുത്തു. മധുരയും മാനപുരവും രാജാക്കന്മാർ തമ്മിലുള്ള വൈരം നിമിത്തം മധുരാരാജ്യക്കാർ ആരെങ്കിലും മാനപുരത്തു ചെന്നാൽ ആയിരം വരാഹൻ പിഴ അടക്കേണമെന്നും അതു ചെയ്യാത്തപക്ഷം ജീവനാശത്തിനിടയാകുമെന്നും ഉള്ള നിശ്ചയം സാധുവായ രാമനാഥൻ അറിഞ്ഞിരുന്നുവെങ്കിൽ കൂനിന്മേൽ കുരുപോലെയുള്ള ഈ ആപത്തിൽ അകപ്പെടില്ലായിരുന്നു.

അന്നു വൈകുന്നേരം വരെ അവധി കിട്ടിയതുകൊണ്ടു രാമനാഥന്നു യാതൊരു സമാധാനവുമുണ്ടായില്ല. അയാൾക്കു മാനപുരത്തിൽ ആരായിട്ടും പരിചയമില്ലാതിരുന്നതിനാൽ പിഴയടക്കുന്നതിന്നുള്ള പണം കൊടുപ്പാൻ അവിടെ ഒരുവനുണ്ടാകുമെന്നു വിചാരിപ്പാൻ തരമില്ലല്ലോ. നിൎഭാഗ്യനായ അയാൾ ബുദ്ധിക്ഷയത്തോടുകൂടി ഒരു ജേലരുടെ പിന്നാലെ രാജസന്നിധിയിൽനിന്നു പോയി. തനിക്കു മാനപുരത്ത് ഒരാളായിട്ടും പരിചയമില്ലെന്നാണല്ലോ രാമനാഥൻ വിചാരിച്ചിരുന്നത്. പക്ഷെ അയാൾ അന്വേഷിച്ചിരുന്ന രണ്ടു മക്കളും ഭാൎയ്യയും അവിടെത്തന്നെ ഉണ്ടായിരുന്നു. രാമനാഥന്റെ മക്കൾ ആകൃതികൊണ്ടു മാത്രമല്ല യോജിച്ചിരുന്നുള്ളു. അവർ രണ്ടാളുടെയും പേരും രാമകൃഷ്ണൻ എന്നായിരുന്നു. ഭൃത്യന്മാരായ കുട്ടികൾ രാമദാസന്മാരായിരുന്നു. തന്റെ ഇളയ മകനെ അന്വേഷിപ്പാൻ രാമനാഥൻ മാനപുരത്തെത്തിയ ദിവസം തന്നെ ആ ഇളയ മകനും ഭൃത്യനായ രാമദാസനും അവിടെ എത്തീട്ടുണ്ട്. ഇവരും മധുരക്കാരായിരുന്നതുകൊണ്ടു രാമനാഥനെപ്പോലെ അപകടത്തിൽ പെട്ടുമായിരുന്നു. പക്ഷെ, രാമകൃഷ്ണൻ ഒരു സ്നേഹിതനെ കണ്ടെത്തി. മധുരക്കാരനും വൃദ്ധനുമായ ഒരു കച്ചവടക്കാരനു പററിയ കഷ്ടാവസ്ഥയെ ആ സ്നേഹിതൻ രാമകൃഷ്ണനെ ധരിപ്പിച്ചു മധുരക്കാരനാണെന്നു പുറത്തു പറയരുത് എന്നുപദേശിച്ചു. തന്റെ സ്വദേശീയനായ ഒരുവന്റെ കഷ്ടകാലത്തെപ്പററി രാമകൃഷ്ണന്നു വളരെ വ്യസനം തോന്നിയെങ്കിലും നിൎഭാഗ്യനായ ആ സാധു തന്റെ പിതാവാണെന്നു അയാൾ സ്വപ്നത്തിലുംകൂടി വിചാരിച്ചില്ല.

രാമനാഥന്റെ മൂത്തമകനായ മാനപുരം രാമകൃഷ്ണൻ (ജ്യേഷ്ഠാനുജന്മാർ തമ്മിൽ മാറാതിരിപ്പാനാണ് ഇങ്ങിനെ പറയുന്നത്.) മാനപുരത്തുതാമസമായിട്ട് ഇരുപതുകൊല്ലമായിരിക്കുന്നു. അയാൾ വലിയ ധനികനായിരുന്നതുകൊണ്ടു തന്റെ അച്ഛന്റെ പിഴ അടക്കുവാൻ ധാരാളം പ്രാപ്തനായിരുന്നു. പക്ഷെ അയാൾക്കു അച്ഛനെപ്പററി യാതൊരറിവും ഉണ്ടായിരുന്നില്ല. ഈ രാമകൃഷ്ണനും അമ്മയും കടലിൽനിന്നു രക്ഷപ്പെട്ട കാലത്ത് ഇയാൾ ന

ന്ന കുട്ടിയായിരുന്നതുനിമിത്തം താൻ കടലിൽനിന്നു രക്ഷപ്പെട്ടവനാണെന്നു മാത്രമല്ലാതെ മാതാപിതാക്കന്മാരെപ്പററി പിന്നീടും യാതൊരറിവുമില്ലാത്തവനായിരുന്നു. കടലിൽനിന്നു രക്ഷപ്പെട്ടെത്തിയ ഉടനെ തന്നെ മുക്കുവന്മാർ കുട്ടികളെ അമ്മയുടെ രക്ഷയിൽനിന്നു വേർപെടുത്തി. ആ സ്ത്രീയുടെ ആവലാതികളെ നിർദ്ദയന്മാരായ അവർ ലേശം വകവെച്ചില്ല. ഈ കുട്ടികളെ മാനാപുരം രാജാവിന്റെ അമാത്യനും മഹാപരാക്രമിയും ആയ വീരമാർത്താണ്ഡൻ എന്ന സാമന്തപ്രഭുവിനു വിററു. അദ്ദേഹം മരുമകനെക്കാണ്മാൻ വന്നപ്പോൾ കുട്ടികളെ അദ്ദേഹത്തിന്നു കാഴ്ച വെച്ചു. ശിശുവായ രാമകൃഷ്ണനിൽ രാജാവിന്നു വളരെ താല്പൎയ്യം തോന്നിയതുകൊണ്ടു നല്ലവണ്ണം വിദ്യ അഭ്യസിപ്പിച്ചു. പ്രാപ്തി വന്നപ്പോൾ സൈന്യത്തിൽ ഒരു ഉദ്യോഗസ്ഥനായി നിയമിച്ചു. യുദ്ധത്തിൽ പലപ്പോഴും പ്രകടിപ്പിച്ച സാമൎത്ഥ്യം നിമിത്തം രാമകൃഷ്ണൻ മഹാ പ്രബലനായിത്തീൎന്നു. ഒരിക്കൽ രാജാവിന്റെ ജീവനെക്കൂടി രക്ഷിക്കയുണ്ടായി. അതുനിമിത്തം രാജാവു തന്റെ ചാൎച്ചക്കാരത്തിയും അസംഖ്യം സ്വത്തിന്നവകാശിയുമായ 'ഭാനുമതി' എന്ന സ്ത്രീയെ രാമകൃഷ്ണനു വിവാഹം ചെയ്തുകൊടുത്തു. ഇപ്രകാരം ഭാൎയ്യയോടും ഭൃത്യനോടും കൂടി താമസിക്കുന്ന കാലത്താണ് അച്ഛനായ രാമനാഥൻ മാനാപുരത്തു ചെന്നത്.

മധുരക്കാരനാണെന്നു പുറത്തു പറയരുതെന്നുപദേശിച്ചു സ്നേഹിതനുമായി പിരിഞ്ഞതിന്റെ ശേഷം മധുരാ രാമകൃഷ്ണൻ ഒരു പണക്കിഴി ഭൃത്യന്റെ കൈവശം കൊടുത്തു് അയാൾ ആ പട്ടണം ഒന്നു ചുററി നടന്നുവരുന്നതുവരെ ഭൃത്യനോടു ആ സത്രത്തിൽ തന്നെ ഇരിക്കുവാൻ പറഞ്ഞു. രാമദാസൻ ഒരു നേരംപോക്കുകാരനായിരുന്നു. രാമകൃഷ്ണൻ ഓരോ മനോരാജ്യം വിചാരിച്ചു വ്യസനിക്കുമ്പോൾ ഇയാൾ പല ഫലിതങ്ങളും പറഞ്ഞ് അദ്ദേഹത്തെ രസിപ്പിക്ക പതിവായിരുന്നതുകൊണ്ട് അവർ കേവലം സ്വാമിഭൃത്യന്മാരുടെ നിലയിലല്ലാ കഴിഞ്ഞുവരുന്നത്. മധുരാരാമകൃഷ്ണൻ രാമദാസനോടു സത്രത്തിൽ തന്നെ ഇരിക്കുവാൻ പറഞ്ഞുപോന്നതിന്റെ ശേഷം താൻ ചെന്നേടത്തിലെങ്ങും യാതൊരു വൎത്തമാനവുമില്ലാത്ത അമ്മയേയും ജ്യേഷ്ഠനേയും അന്വേഷിച്ചുംകൊണ്ടുള്ള ഈ സഞ്ചാരത്താൽ ഒരു ഫലവുമില്ലെന്നും മററും വിചാരിച്ചു തന്നെത്താൻ ഇങ്ങിനെ പറഞ്ഞു. 'കടലിലെ വെള്ളത്തുള്ളിക്കും എനിക്കും ഒരു വ്യത്യാസവുമില്ല. അതു തന്റെ ചങ്ങാതിയെ അന്വേഷിച്ചു സമുദ്രത്തിൽ മറയുന്നതു പോലെ ഞാനും അമ്മയേയും ജ്യേഷ്ഠനേയും അന്വേഷിച്ചുംകൊണ്ടു എന്നെത്തന്നെ ഉപേക്ഷിക്കേണ്ടതായിത്തീരുന്നു.' ഇങ്ങിനെ വ്യസനിച്ചുകൊണ്ടിരിക്കുമ്പോൾ രാമദാസനെക്കണ്ടു. അയാൾ പണസ്സഞ്ചി കൂടാതെ ഇത്ര ക്ഷണത്തിൽ വന്നതെന്താണെന്നു ചോദിച്ചു. എന്നാൽ ഈ ചോദ്യം അദ്ദേഹത്തിന്റെ ഭൃത്യനായ രാമദാസനോടല്ലായിരുന്നു. ഈ രാമദാസൻ മാനാപുരം രാമകൃഷ്ണന്റെ ഭൃത്യനായിരുന്നു.

രാമദാസൻ— ഉണ്ണുകാലമായി. അവിടുന്നു വരാഞ്ഞതിനാൽ കൂട്ടിക്കൊണ്ടു ചെല്ലുവാൻ ഭാനുമതിയമ്മ പറഞ്ഞിട്ടാണ് ഞാൻ വന്നത്.

രാമകൃഷ്ണൻ— ഈ നേരംപോക്കുകൊണ്ടു കാൎയ്യമില്ല. പണം എവിടെ?

രാമദാ—(പിന്നെയും)- യജമാനത്തി പറഞ്ഞയച്ചിട്ടാണ് ഞാൻ വന്നത്.

രാമകൃഷ്ണൻ— (ദേഷ്യത്തോടെ) ഏതു ഭാനുമതിയമ്മ?

രാമദാസൻ— എന്ത്? അവിടുത്തെ ഭാൎയ്യ.

ഈ രാമദാസൻ വിവാഹം ചെയ്തിട്ടില്ലായിരുന്നതിനാൽ വീണ്ടും കോപത്തോടെ 'എന്നോടെന്തും പറയുന്നതിനുള്ള സ്വാതന്ത്ര്യം ഞാൻ നിനക്കു തന്നതിന്റെ ഫലമാണിത്. നിന്റെ നേരംപോക്കു കുറെ കടന്നു പോയി. അതു കേൾക്കുവാൻ ഞാനിപ്പോൾ വിചാരിക്കുന്നില്ല. സത്യം പറയൂ. പണം എവിടെ? നമുക്ക് ഇവിടെ ആരായിട്ടും പരിചയമില്ലാത്ത സ്ഥിതിക്ക് അന്യനെ വിശ്വസിച്ച് ആ പണക്കിഴി അവിടെ വെച്ചു പോരുവാൻ നിനക്കെന്തു ധൈൎയ്യമുണ്ടായിരിക്കുന്നു?'

മാനാപുരം രാമദാസൻ, തന്റെ യജമാനൻ ഇവിടെ ആരേയും അറികയില്ലെന്നു പറഞ്ഞതു കേട്ടപ്പോൾ അദ്ദേഹം തന്നെ കളിയാക്കുകയാണെന്നു വിചാരിച്ചു 'നേരംപോക്കു പറകയൊക്കെ ഉണ്ണാറിരിക്കുമ്പോൾ മതി. അവിടുത്തെ കൂട്ടിക്കൊണ്ടു ചെല്ലുവാൻ മാത്രമേ എന്നോടു പറഞ്ഞിട്ടുള്ളു.' എന്നു വളരെ താഴ്മയിൽ മറുപടി പറഞ്ഞു. ഇതു കേട്ടപ്പോൾ രാമകൃഷ്ണന്റെ ക്ഷമയെല്ലാം പൊയ്പോയി. അദ്ദേഹം രാമദാസനെ നല്ലവണ്ണം പ്രഹരിച്ചു. അയാൾ വേദന സഹിക്ക വയ്യാതെ ഗൃഹത്തിലേയ്ക്കോടി. യജമാനൻ അങ്ങോട്ടു വരികയില്ലെന്നും തനിക്കു ഭാൎയ്യ തന്നെ ഇല്ലെന്നും പറഞ്ഞ വിവരം ആ സ്ത്രീയെ ധരിപ്പിച്ചു. ഈ വൎത്തമാനം കേട്ടപ്പോൾ ഭാനുമതിക്കു വളരെ ദേഷ്യം വന്നു. അവൾ സ്വതേ തന്നെ ശുണ്ഠിക്കാരത്തിയാണ്. ഇങ്ങിനെ പറഞ്ഞയച്ചതിന്റെ താല്പൎയ്യം അദ്ദേഹം മ

റൊരു സ്ത്രീയെ സ്നേഹിക്കുന്നുണ്ടെന്നാണെന്നു തീർച്ചയാക്കി. രാമകൃഷ്ണനെ കഠിനമായി ആക്ഷേപിക്കുവാൻ തുടങ്ങി. അവളുടെ അനുജത്തിയായ സുശീല, ജ്യേഷ്ഠത്തിയുടെ അനാവശ്യശങ്കകൾക്ക് ഒരടിസ്ഥാനമില്ലെന്നു പറഞ്ഞു സമാധാനപ്പെടുത്തുവാൻ ചെയ്ത പ്രയത്നങ്ങളെല്ലാം നിഷ്ഫലമായതേ ഉള്ളൂ.

മധുരാരാമകൃഷ്ണൻ സത്രത്തിൽ ചെന്നപ്പോൾ പണക്കിഴി ഭദ്രമായി സൂക്ഷിച്ചുംകൊണ്ടിരിക്കുന്ന രാമദാസനെക്കണ്ടു. സ്വാതന്ത്ര്യം അധികമാകുന്നുവെന്നു പറഞ്ഞ് അയാളെ ശകാരിക്കാൻ തുടങ്ങുമ്പോഴേയ്ക്കും ഭാനുമതി (ഇയാൾ അവളുടെ ഭർത്താവാണെന്നു വിചാരിച്ച്) അടുത്തു ചെന്നു തന്നെ തീരെ പരിചയമില്ലാത്തതുപോലെ നോക്കുന്നതിനെപ്പറ്റി മുഷിഞ്ഞു പറഞ്ഞുതുടങ്ങി. ഇദ്ദേഹം ഈ ശൃംഗാരത്തിയെ മുമ്പിൽ കണ്ടിട്ടുണ്ടായിരിക്കയില്ലല്ലോ. വിവാഹം ചെയ്യുന്നതിനു മുമ്പ് അദ്ദേഹം അവളെ നല്ലവണ്ണം സ്നേഹിച്ചിരുന്നു. പക്ഷേ ഇപ്പോൾ സ്നേഹം മറ്റൊരു സ്ത്രീയെയാണെന്നും മറ്റും പറഞ്ഞ് അങ്ങേയ്ക്ക് എന്നെ സ്നേഹമില്ലാതാവാൻ കാരണമെന്താണെന്നു ഭാനുമതി ചോദിച്ചു. 'നിങ്ങൾ ആരോടാണോ ചോദിക്കുന്നത്' എന്നു വളരെ ആശ്ചര്യത്തോടുകൂടി ചോദിച്ചതിനെയാകട്ടെ അദ്ദേഹം ആ സ്ത്രീയുടെ ഭർത്താവല്ലെന്നും മാനപുരത്തു വന്നിട്ട് ഒന്നു രണ്ടു നാഴികയേ ആയിട്ടുള്ളു എന്നും മറ്റും പറഞ്ഞതിനെയാകട്ടെ അവൾ ലേശം വകവെച്ചില്ല. പിന്നെയും ഗൃഹത്തിലേക്കു പോരേണമെന്നു പറഞ്ഞു നിർബ്ബന്ധിച്ചു. ഈ ബാധ ഒഴിയാതെ പിടികൂടിയതുകൊണ്ട് അദ്ദേഹത്തിനു പോകാതെ നിവൃത്തിയില്ലാതായി. ഭാനുമതിയുടെ കൂടെ തന്റെ ജ്യേഷ്ഠന്റെ ഗൃഹത്തിലേക്കു പോയി. ഉണ്ണാനിരിക്കുമ്പോൾ ഒരുവൾ ഭർത്താവെന്നും മറ്റൊരുവൾ ജ്യേഷ്ഠനെന്നും ഉള്ള നിലയിൽ അദ്ദേഹത്തെ വിളിച്ചിരുന്നതുകൊണ്ടു രാമകൃഷ്ണൻ ആകപ്പാടെ നന്നേ പരിഭ്രമിച്ചു വശായി. ഞാൻ ഈ സ്ത്രീയെ വിവാഹം ചെയ്തത് ഉറക്കത്തിലായിരിക്കുമോ അതോ ഇപ്പോൾ സ്വപ്നം കാണുകയാണോ എന്നും മറ്റും സംശയം തുടങ്ങി. ഭൃത്യനായ രാമദാസനേയും അവളുടെ ജ്യേഷ്ഠന്റെ ഭാര്യയായ ദാസി ഭർത്താവെന്ന നിലയിൽ ബുദ്ധിമുട്ടിച്ചിരുന്നതുകൊണ്ട് അയാളും കുഴപ്പത്തിലായി. മധുരാരാമകൃഷ്ണൻ ഉണ്ണാനിരിക്കുമ്പോൾ അദ്ദേഹത്തിന്റെ ജ്യേഷ്ഠനും ഭാനുമതിയുടെ ഭർത്താവുമായ മാനപുരം രാമകൃഷ്ണൻ ഭൃത്യനോടുകൂടി ഗൃഹത്തിൽ ചെന്നു. ആരും അകത്തു കടക്കരുതെന്നു വെച്ചു പടി അടച്ചിട്ടുണ്ടായിരുന്നതുകൊണ്ടു വാതൽക്കൽ മുട്ടിവിളിച്ചു തുടങ്ങി. മുട്ടിമുട്ടി വാതിൽ പൊളിക്കാറാക്കി എങ്കിലും ആരും വാതൽ തുറന്നു കൊടുത്തില്ല. ഒടുക്കം ഏതോ ഒരുവൻ അകത്തുണ്ടെന്നു കരുതി വളരെ കോപത്തോടുകൂടി അവിടെ നിന്നു മടങ്ങി. എങ്കിലും അകത്തുള്ള ആൾ ആരെന്നറിയുവാൻ വളരെ ആഗ്രഹമുണ്ടായിരുന്നു.

മധുരാരാമകൃഷ്ണൻ ഊണു കഴിഞ്ഞ ഉടനേ തന്നെ, തന്നോടൊപ്പം കുഴക്കത്തിലകപ്പെട്ട ശിഷ്യനോടുകൂടി തരം കിട്ടിയപ്പോൾ ആ ഗൃഹത്തിൽ നിന്നു പുറത്തു ചാടി. അദ്ദേഹത്തിനു ഭാനുമതിയിൽ വെറുപ്പു തോന്നിയിരുന്നുവെങ്കിലും അവളുടെ അനുജത്തിയെപ്പറ്റി നല്ല അഭിപ്രായമായിരുന്നു. യജമാനനും ശിഷ്യനും തങ്ങളുടെ പുതിയ ഭാര്യമാരുടെ സമീപത്തിൽ നിന്നു വിട്ടുപോരുവാൻ തരം നോക്കിക്കൊണ്ടാണിരുന്നിരുന്നത്. പോന്ന ഉടനെ ഒരു തട്ടാൻ ഒരു പൊന്നുനൂലു കയ്യിൽ കൊടുത്തു. തനിക്കുള്ളതല്ലെന്നു പറഞ്ഞു രാമകൃഷ്ണൻ അതു തിരികെ കൊടുക്കുന്നതിനുമുമ്പായിത്തന്നെ അദ്ദേഹത്തിന്റെ കല്പനപ്രകാരം ആണ് താൻ തീർത്തു കൊണ്ടുവന്നിട്ടുള്ളതെന്നു പറഞ്ഞു തട്ടാൻ നൂലു വാങ്ങാതെ പോയി. രാമകൃഷ്ണൻ ഈ അത്ഭുതങ്ങളെല്ലാം വല്ല മന്ത്രവാദികളുടെയും വിദ്യയാണെന്നും അരനിമിഷംപോലും ഇനിയിവിടെ താമസിക്കേണ്ടതില്ലെന്നും തീർച്ചയാക്കി സാമാനങ്ങൾ വണ്ടിയിൽ കയറ്റുവാൻ രാമദാസനെ ഏല്പിച്ചു. നൂലുകൊടുത്ത തട്ടാൻ നാട്ടുകാരിൽ ഒരുവനു കുറെ പണം കൊടുപ്പാനുണ്ടായിരുന്നതുകൊണ്ട് അവനെ ഉടനെ വാറണ്ടു പിടിച്ചു. വാറണ്ടു പിടിക്കുന്ന സമയത്തു ഗൃഹസ്ഥനായ രാമകൃഷ്ണൻ അവിടെ ചെല്ലുവാനിടയായി. താൻ കുറച്ചു മുമ്പെ നൂലുകൊടുത്തത് അദ്ദേഹത്തിന്നാണെന്നു വിശ്വസിച്ചു തട്ടാൻ അവന്റെ കടം വീട്ടുന്നതിനുവേണ്ടി ആ നൂലിന്റെ വില കിട്ടിയാൽ കൊള്ളാമെന്നപേക്ഷിച്ചു. രാമകൃഷ്ണൻ നൂലുവാങ്ങീട്ടില്ലെന്നും തട്ടാൻ അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്തിട്ടു കുറച്ചു നേരമേ ആയിട്ടുള്ളു എന്നും പറഞ്ഞ് അന്യോന്യം തർക്കിച്ചു തുടങ്ങി. നൂലു തനിക്കു തന്നിട്ടില്ലെന്നു രാമകൃഷ്ണനു നല്ല നിശ്ചയമുണ്ടായിരുന്നതുപോലെ തന്നെ ഇദ്ദേഹത്തിന്നാണു നൂലു കൊടുത്തതെന്നു തട്ടാനും ദൃഢവിശ്വാസമുണ്ടായിരുന്നു. ഒടുക്കം ശിപായി തട്ടാനെ തടവിലേക്കു കൊണ്ടുപോകുമ്പോൾ അവൻ രാമകൃഷ്ണൻ തന്റെ കടം വീട്ടിട്ടില്ലെന്നു പറഞ്ഞ് അദ്ദേഹത്തെയും വാറണ്ടു പിടിപ്പിച്ചു. ശിപായി

രാമകൃഷ്ണനേയും തട്ടാനേയും ഒരുമിച്ചു തടവിലേയ്ക്കു കൊണ്ടുപോയി. രാമകൃഷ്ണൻ തടവിലേയ്ക്കു പോകുംവഴിയ്ക്ക് അനുജന്റെ ഭൃത്യനായ രാമദാസനെ കണ്ടു. തന്റെ ഭൃത്യനാണെന്നു വിചാരിച്ച് അയാളോടു ഭാര്യയുടെ അടുക്കൽ ചെന്നു തന്നെ വാറണ്ടിൽനിന്നു വിട്ടുപോരുവാൻ വേണ്ട പണം വാങ്ങിക്കൊണ്ടു വരുവാൻ പറഞ്ഞു. കുറച്ചുമുമ്പ് അവർ ഊണു കഴിച്ചു അത്ഭുതകരമായ ഗൃഹത്തിൽ നിന്നു പോരുവാൻ ഇത്ര ധൃതിപ്പെട്ടിരുന്ന യജമാനൻ, തന്നെ പിന്നേയും അങ്ങോട്ടയക്കുന്നതിനെപ്പറ്റി രാമദാസന് ആശ്ചര്യം തോന്നി. അവർക്ക് പോകുവാൻ വണ്ടി തയ്യാറായി എന്നു പറയുവാനായിരുന്നു അയാൾ അവിടെ ചെന്നത്. എങ്കിലും യജമാനന്റെ ദേഷ്യവും മറ്റും കണ്ടപ്പോൾ ഈ സമയത്തു അങ്ങോട്ടൊന്നും പറയാതിരിക്കയാണ് ഉത്തമം എന്നു വിചാരിച്ചു യാതൊന്നും മിണ്ടിയില്ല. ഗൃഹത്തിൽ ചെന്നാൽ വേലക്കാരത്തി ഭർത്താവെന്നും മറ്റും പറഞ്ഞു തന്നെ ബുദ്ധിമുട്ടിയ്ക്കും എന്നു വിചാരിച്ചു, പോരേണ്ട കാര്യത്തെപ്പറ്റി അല്പം സംശയിച്ചു. ഒടുക്കം യജമാനന്മാരുടെ കല്പന ഇഷ്ടമായാലും അനിഷ്ടമായാലും ഭൃത്യന്മാർ അനുസരിക്കേണ്ടതാണെന്നു തീർച്ചയാക്കി, പിറുപിറുത്തുകൊണ്ടു പോയി.

രാമദാസൻ, ഭാനുമതി കൊടുത്തയച്ച പണവും കൊണ്ടു മടങ്ങി വരുംവഴിയ്ക്കു മധുരാരാമകൃഷ്ണനെ കണ്ടു. ഈ രാമകൃഷ്ണന്റെ ജ്യേഷ്ഠൻ വലിയ പ്രമാണിയും വളരെ ജനസ്വാധീനമുള്ള ഒരാളുമായിരുന്നതുകൊണ്ട് ഒരു പഴയ പരിചയക്കാരനേപ്പോലെ സന്തോഷത്തോടെ വന്ദനം ചെയ്യാത്ത യാതൊരാളേയും ഇദ്ദേഹം കണ്ടില്ല. ചിലർ പണം കൊടുക്കാമെന്നു പറകയും, മറ്റു ചിലർ ഇദ്ദേഹം ചെയ്തുകൊടുത്ത ഉപകാരത്തെപ്പറ്റി നന്ദിപറകയും ചെയ്തിരുന്നു. മധുരാരാമകൃഷ്ണൻ താൻ ആഭിചാരക്കാരുടെ അധീനത്തിൽ പെട്ടിരിക്കുന്നു എന്നും മറ്റും വിചാരിച്ചുകൊണ്ടു നിൽക്കുമ്പോളാണു 'ശിപായികളുടെ അടുക്കൽ നിന്നു ചാടിപ്പോന്നതെങ്ങിനെയാണ്?' എന്നു ചോദിച്ചുംകൊണ്ടു രാമദാസൻ, ഭാനുമതി കൊടുത്തയച്ച പണക്കിഴി കയ്യിൽ കൊടുത്തത്. വാറണ്ടു, തടവു, ഭാനുമതി കൊടുത്തയച്ച പണം എന്നും മറ്റും രാമദാസൻ പറഞ്ഞതു കേട്ടപ്പോൾ രാമകൃഷ്ണൻ വല്ലാതെ പരിഭ്രമിച്ചു 'രാമദാസനും മന്ത്രവാദികളുടെ വലയിൽ പെട്ടു പോയി. എനിക്കിതൊക്കെ സ്വപ്നംപോലെ തോന്നുന്നു,' എന്നു തന്റെ സ്വന്തം വിചാരങ്ങളെത്തന്നെ ഭയപ്പെട്ടിട്ട് ഈശ്വരാ! ഈ സങ്കടത്തിൽ നിന്നു രക്ഷിക്കണേ! എന്ന് ഉറക്കെ പറഞ്ഞു.

ഈ സമയത്തു മുമ്പു പരിചയമില്ലാത്ത വേറെ ഒരാൾ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു. അത് ഒരു സ്ത്രീയായിരുന്നു. അവളും രാമകൃഷ്ണൻ അന്നു രാവിലെ തന്റെ ഗൃഹത്തിൽ ഭക്ഷണം കഴിച്ചപ്പോൾ തന്നിട്ടു തരാമെന്നു പറഞ്ഞ പൊന്നുനൂൽ കിട്ടിയാൽ കൊള്ളാമെന്ന് ആവശ്യപ്പെട്ടു. ഇതു കേട്ടപ്പോൾ രാമകൃഷ്ണനു കോപം സഹിക്കവയ്യാതായി. ആ സ്ത്രീയെ, 'ആഭിചാരക്കാരത്തീ!' എന്നു വിളിച്ചു. താൻ അവൾക്കു നൂലു കൊടുക്കാമെന്നു പറകയോ അവളുടെ ഗൃഹത്തിൽ ഭക്ഷണം കഴിക്കയോ ഉണ്ടായിട്ടില്ലെന്നും അവളെത്തന്നെ ഇതിനുമുമ്പിൽ കണ്ടിട്ടില്ലെന്നും പറഞ്ഞു. നൂല് തരാത്തപക്ഷം താൻ രാവിലെത്തന്ന മോതിരം തിരിയെ തരേണമെന്നു സ്ത്രീ നിർബ്ബന്ധിച്ചു. ഈ വർത്തമാനം കേട്ടപ്പോൾ രാമകൃഷ്ണൻ ദേഷ്യംകൊണ്ട് ഒരു ഭ്രാന്തനെപ്പോലെ 'ആഭിചാരക്കാരത്തി!' എന്നു വീണ്ടും മൂന്നാലുപ്രാവശ്യം ആ സ്ത്രീയെ വിളിച്ചിട്ട് താൻ അവളെക്കുറിച്ചോ, മോതിരത്തെക്കുറിച്ചോ യാതൊന്നും അറികയില്ലെന്നു പറഞ്ഞ് അവിടെനിന്നോടിപ്പോയി. ആ സ്ത്രീ അദ്ദേഹത്തിന്റെ വാക്കുകളെയും നോട്ടങ്ങളെയും മറ്റും കണ്ടപ്പോൾ അത്ഭുതപ്പെട്ടു. രാമകൃഷ്ണൻ അവളുടെ ഗൃഹത്തിൽ ഭക്ഷണം കഴിച്ചപ്പോൾ ഒരു നൂല് അവൾക്കു കൊടുക്കാമെന്നു പറഞ്ഞ് ഒരു മോതിരം അവരോടു പകരം വാങ്ങീട്ടുണ്ടായിരുന്നു. ജ്യേഷ്ഠാനുജന്മാർ തമ്മിലുള്ള സാദൃശ്യംനിമിത്തം മറ്റുള്ളവരേപ്പോലെ ഈ സ്ത്രീക്കും അബദ്ധം പിണഞ്ഞതാണ്. മന്നപുരം രാമകൃഷ്ണൻ ഗൃഹത്തിൽ ചെന്നപ്പോൾ വാതൽ തുറക്കാത്തതിനാൽ താൻ മറ്റു സ്ത്രീകളെ കാണ്മാൻ പോകാറുണ്ടെന്നു പറഞ്ഞ് വെറുതെ ആക്ഷേപിക്കാറുള്ളതിന്റേയും വാതൽ തുറക്കാതിരുന്നതിന്റേയും പക വീട്ടാൻ തക്കസമയം ഇതാണെന്നു കരുതി ആ സ്ത്രീയുടെ ഗൃഹത്തിൽ ചെന്ന് ഭക്ഷണം കഴിച്ചു. ആ സ്ത്രീ വളരെ ആദരവോടുകൂടി അദ്ദേഹത്തെ ബഹുമാനിച്ചതുകൊണ്ടു ഭാര്യയ്ക്കു കൊടുക്കാനുണ്ടാക്കിയ പൊന്നുനൂല് അവൾക്കു കൊടുക്കാമെന്ന് അദ്ദേഹം പറകയുണ്ടായി. ജ്യേഷ്ഠൻ മധുരാരാമകൃഷ്ണനു കൊടുത്തത് ഈ നൂലായിരുന്നു. നൂലു കിട്ടുമെന്നുള്ള സന്തോഷത്താൽ ആ സ്ത്രീ, മന്നപുരം രാമകൃഷ്ണന് ഒരു മോതിരം കൊടുത്തു. ഈ മോ

തിരുമാലെ ദിരിയെ തരണമെന്ന് അവൾ പറഞ്ഞത്. അദ്ദേഹം തനിക്കു യാതൊരു മോതിരവും തന്നിട്ടില്ലെന്നും ആ സ്ത്രീയെത്തന്നെ അറികയില്ലെന്നും പറഞ്ഞ് അവിടെനിന്ന് ഓടിയപ്പോൾ അവൾ രാമകൃഷ്ണനു ഭ്രാന്താണെന്നു തീൎച്ചയാക്കി, ഈ വിവരം ഭാനുമതിയെ അറിയിക്കണമെന്നു വിചാരിച്ചു ഭാനുമതിയുടെ ഗൃഹത്തിൽ പോയി. ഭാനുമതിയോടു സംസാരിച്ചു നില്ക്കുമ്പോൾ പണം വാങ്ങുന്നതിനായി രാമകൃഷ്ണൻ ഒരു ജൈലരുടെ കൂടെ ഗൃഹത്തിൽ ചെന്നു. ഭാനുമതി ആദ്യം കൊടുത്തയച്ച പണം മറ്റൊ രാമകൃഷ്ണനാണല്ലൊ കിട്ടിയത്.

രാമകൃഷ്ണനെ ഗൃഹത്തിൽനിന്നു പുറത്താക്കിയതിനെപ്പററി അയാൾ ഭാനുമതിയെ ശകാരിക്കുവാൻ തുടങ്ങിയപ്പോൾ പറഞ്ഞതു പോലെ ഭർത്താവിന്നു ഭ്രാന്തായിരിക്കുമോ എന്ന് അവളും സംശയിച്ചു. ഇതു കൊണ്ടാണ് ഉണ്ണാനിരിക്കുമ്പോൾ അദ്ദേഹം തനിക്കു ഭാര്യതന്നെയില്ലെന്നും താൻ മാനപുരത്തു വന്നിട്ടു തന്നെ രണ്ടുനാഴികയേ ആയിട്ടുള്ളു എന്നും മററും പറഞ്ഞതെന്ന് അവൾ തീൎച്ചയാക്കി. പണം കൊടുത്തു ജൈലരെ പറഞ്ഞയച്ചിട്ട്, രാമകൃഷ്ണനെ ഒരു മുറിയിലിട്ടു പൂട്ടുവാൻ ഭൃത്യന്മാൎക്കു കല്പന കൊടുത്തു. ഉടനെ വൈദ്യനെ ആളെ അയച്ചു. ഭൃത്യന്മാർ രാമകൃഷ്ണനെ പിടിപ്പാൻ ചെന്നപ്പോൾ അദ്ദേഹത്തിന്റെ അസാധാരണമായ കോപപ്പാടു മററും കണ്ടു തങ്ങളുടെ യജമാനനു ഭ്രാന്തുതന്നെയാണെന്നു വിശ്വസിച്ചു. രാമദാസനും ഭ്രാന്തനാണെന്നു തെളിയുകയാൽ അയാളെയും യജമാനനോടൊന്നിച്ചിട്ടു പൂട്ടി. ഭാനുമതി ഭർത്താവിനെ മുറിയിലിട്ടു പൂട്ടീട്ട് അല്പം കഴിഞ്ഞപ്പോൾ ഒരു ഭൃത്യൻ ഓടിക്കിതച്ചു വന്ന് 'രാമകൃഷ്ണനും രാമദാസനും മുറിയിൽനിന്നു ചാടിപ്പോയി വെട്ടുവഴിയിൽ സ്വാതന്ത്ര്യത്തോടുകൂടി നടക്കുന്നുണ്ട്' എന്ന് അവളെ അറിയിച്ചു ഈ വൎത്തമാനം കേട്ടപ്പോൾ ഭാനുമതി ചില ഭൃത്യന്മാരോടുകൂടി അദ്ദേഹത്തെ ഗൃഹത്തിലേക്കു കൊണ്ടുപോരുവാൻ പുറത്തേക്കോടി. അനുജത്തിയായ സുശീല അവരെ പിന്തുടൎന്നു. സമീപത്തുള്ള ക്ഷേത്രത്തിന്നരികെ രാമകൃഷ്ണനും രാമദാസനും നില്ക്കുന്നുണ്ടായിരുന്നു. ജ്യേഷ്ഠാനുജന്മാരുടെ സാദൃശ്യം പിന്നെയും അബദ്ധം പററിച്ചു. ഇവർ കണ്ടതു മധുരാരാമകൃഷ്ണനെയും ഭൃത്യനെയുമായിരുന്നു.

മധുരാരാമകൃഷ്ണൻ ഈ രാജ്യത്തു വന്നതിൽ പിന്നെ തനിക്കു പററിയ അപകടങ്ങളെയോൎത്തു വ്യസനിച്ചുംകൊണ്ടു നില്ക്കുകയായിരുന്നു. തട്ടാൻ കൊടുത്ത ആ മാല അദ്ദേഹത്തിന്റെ കഴുത്തിലുണ്ടായിരുന്നു കൊണ്ടു, നൂലു തന്നിട്ടില്ലെന്നു പറഞ്ഞ് ആദ്യം പണം കൊടുക്കാതിരുന്നതിനെപ്പററി തട്ടാൻ അദ്ദേഹത്തെ ആക്ഷേപിച്ചു തുടങ്ങി. തന്നാവശ്യപ്പെടാതെ നൂലു കഴുത്തിലിട്ടേച്ചുപോയതിൽ പിന്നെ അവനെ കണ്ടിട്ടില്ലെന്നു രാമകൃഷ്ണൻ സമാധാനം പറഞ്ഞു. ഈ സമയത്താണ് ഭാനുമതിയും ഭൃത്യന്മാരും ആ സ്ഥലത്തെത്തിയത്. 'ഭ്രാന്തനായ ഭർത്താവ് അതാ നില്ക്കുന്നു' എന്നു ഭാനുമതി പറഞ്ഞപ്പോൾ ഭൃത്യന്മാർ അദ്ദേഹത്തെ പിടിപ്പാനോടി. അദ്ദേഹം അടുക്കെയുള്ള ക്ഷേത്രത്തിനുള്ളിൽ കടന്ന് അവിടെ ഭജിച്ചുതാമസിക്കുന്ന ഒരു യോഗിനിയെ ശരണം പ്രാപിച്ചു. യോഗിനി ഈ ലഹള കേട്ടപ്പോൾ അതെന്താണെന്നറിയുവാനായിട്ടാണു പുറത്തേക്കു വന്നത്. ദൈവഭക്തിയും വണക്കവുമുള്ള ആ സ്ത്രീക്കു താൻ കണ്ട വസ്തുവിന്റെ സൂക്ഷ്മം ഗ്രഹിക്കുന്നതിന്നു നല്ല സാമൎത്ഥ്യമുണ്ടായിരുന്നു. തന്നെ ആശ്രയിച്ചവനെ ഒരിക്കലും ഉപേക്ഷിക്കയില്ലെന്നു കരുതിക്കൊണ്ട് ആ സ്ത്രീരത്നം രാമകൃഷ്ണന്റെ ദീനത്തെപ്പററി ഭാനുമതിയോടു ചോദിച്ചു തുടങ്ങി.

യോഗിനി— ബുദ്ധിഭ്രമമുണ്ടാകുവാനെന്താണു കാരണം? പണം നശിക്കയോ മറേറാ ഉണ്ടായിട്ടുണ്ടോ? അതോ വല്ല സ്നേഹിതന്റെയും വിയോഗമാണോ ഇദ്ദേഹത്തെ ഈ സ്ഥിതിയിലാക്കിയത്?

ഭാനുമതി— ഇങ്ങിനെ യാതൊന്നും ഉണ്ടായിട്ടില്ല.

യോഗിനി— ഒരു സമയം വേറെ ഒരു സ്ത്രീയെ നിന്നെക്കാളധികം സ്നേഹിക്കുന്നതുകൊണ്ടായിരിക്കാം.

ഭാനുമതി— ഇദ്ദേഹം പലപ്പോഴും ഗൃഹത്തിൽനിന്നു പുറത്തു പോകാറുള്ളതിന്റെ കാരണം ഇതാണെന്നു ഞാൻ സംശയിക്കാറുണ്ട്.

ഇതു കേട്ടപ്പോൾ രാമകൃഷ്ണൻ ഗൃഹത്തിൽനിന്നു പുറത്തു പോകാറുള്ളതു ഭാനുമതിയുടെ സ്വഭാവത്തിന്റെ വഷളത്തംകൊണ്ടാണെന്നു യോഗിനി ഊഹിച്ച്, 'ഇതൊന്നും നിനക്കു രസിക്കുന്നില്ലെന്ന് അദ്ദേഹത്തെ ഓൎമ്മപ്പെടുത്താറുണ്ടോ?'

ഭാനുമതി— ഞാൻ പലപ്പോഴും ഇതിനെപ്പററി സംസാരിക്കാറുണ്ട്.

യോഗിനി— ഉവ്വ്; പക്ഷെ അത്ര നിഷ്ഠുരതയോടുകൂടി പറഞ്ഞിട്ടുണ്ടായിരിക്കയില്ല.

ഭാനുമതി (ഇതിനെപ്പററി വളരെ പ്രാവശ്യം തന്റെ ഭർത്താവിനോടു പറഞ്ഞിട്ടുണ്ടെന്നു യോഗിനിയെ ധരിപ്പിപ്പാൻവേണ്ടി) 'ഇതിനെക്കുറിച്ചുണ്ട്

ഞങ്ങളുടെ സാധാരണയായ സംഭാഷണം. ഈ വർത്തമാനം പറഞ്ഞിട്ട ഞാൻ അദ്ദേഹത്തെ സൈ്വരമായി ഉണ്ണാനോ ഉറങ്ങാനോ അനുവദിക്കാറില്ല. ഞങ്ങൾ തനിച്ചുള്ളപ്പോൾ വേറെ ഒന്നിനെപ്പററിയും ഞാൻ സംസാരിക്കാറില്ല. വേറെ വല്ലവരും ഉള്ളപ്പോഴും ഈ കാര്യത്തെ കൂടക്കൂടെ ഓർമ്മപ്പെടുത്താറുണ്ട്. എന്റെ സംഭാഷണം എത്ര ചീത്തയായിരുന്നാലും വേണ്ടില്ല. ഇദ്ദേഹം അന്യസ്ത്രീയെ സ്നേഹിക്കുന്നതു വളരെ പോരാത്തതല്ലേ?' എന്നു പറഞ്ഞു.

ഇങ്ങിനെ ഭാനുമതിയുടെ സ്വഭാവത്തെ അവളെക്കൊണ്ടുതന്നെ പറയിച്ചിട്ട, യോഗിനി—അതുകൊണ്ടു നിന്റെ ഭർത്താവിന്നു ഭ്രാന്താണെന്നു തീർച്ചയായി ഇല്ലെ? ഒരു ദുസ്വഭാവമുള്ള സ്ത്രീയുടെ നിലവിളി ഭ്രാന്തന്നായയുടെ പല്ലിനേക്കാൾ വിഷമുള്ളതാണ്. നിന്റെ അട്ടഹാസംകൊണ്ട് അദ്ദേഹത്തെ ഉറങ്ങാൻപോലും നീ അനുവദിക്കാറില്ലെന്നല്ലേ പറഞ്ഞത്? അതുകൊണ്ട് അദ്ദേഹത്തിന്നു ഭ്രാന്തുണ്ടെന്നു പറഞ്ഞതിൽ അത്ഭുതപ്പെടുവാനില്ല. നിന്റെ ഗർവ്വോടുകൂടിയ ശകാരം അദ്ദേഹത്തിന്നു ഭക്ഷണത്തിൽ രുചിയില്ലാതാക്കിത്തീർത്തു. ധൃതിപ്പെട്ടിട്ടുള്ള ഭക്ഷണം ദീപനക്ഷയത്തിന്നു കാരണമാണ്. അദ്ദേഹത്തിന്റെ വിനോദങ്ങളെയും നീ മുടക്കാറുണ്ടെന്നുവന്നു. സാധാരണ ഗൃഹസ്ഥന്മാരുടെ സകല സുഖങ്ങളും അദ്ദേഹത്തിന്നു ദുഃഖമാക്കിത്തീർത്തു. അതിനാൽ ഭർത്താവിന്റെ ഭ്രാന്തിന്നുള്ള മുഖ്യകാരണം നിന്റെ സ്വഭാവത്തിന്റെ വഷളത്തം തന്നെയാണ്.

സുശീല, തന്റെ ജ്യേഷ്ഠത്തി അവളുടെ ഭർത്താവിനോട വളരെ വിനയത്തോടകൂടിയാണ് സംസാരിക്കാറുള്ളതെന്ന് ഒഴികഴിവു പറയുമായിരുന്നു. പക്ഷെ ഭാനുമതി മിണ്ടാതെ നിന്നിരുന്നതുകൊണ്ടു 'നിങ്ങളെന്താണ് ഉത്തരം പറയാതെ ഈ ആക്ഷേപങ്ങൾ കേട്ടുംകൊണ്ടു നിൽക്കുന്നത്?' എന്നു ഭാനുമതിയോട ചോദിച്ചപ്പോൾ യോഗിനി ഭാനുമതിയുടെ കുററങ്ങളെ ഇത്ര പറഞ്ഞ് അവളെ ബോദ്ധ്യപ്പെടുത്തിയതിനാൽ 'ഞാൻ ആക്ഷേപമായി പറഞ്ഞതിനെത്തന്നെ ഇവർ എന്റെ കുററമാക്കിത്തീർത്തു' എന്നു മാത്രമേ ഭാനുമതി ഉത്തരം പറഞ്ഞുള്ളു. അവൾക്ക തന്റെ സ്വഭാവത്തെപ്പററി വെറുപ്പു തോന്നി. എങ്കിലും ഭർത്താവിനെ തരികെ പറഞ്ഞയക്കണമെന്നു പിന്നെയും യോഗിനിയോട് അപേക്ഷിച്ചു. യോഗിനി ഇദ്ദേഹത്തിന്റെ ദീനം മാററുന്നതിന്നുള്ള ഔഷധം താൻതന്നെ ചെയ്തുകൊള്ളാമെന്നു കരുതി ക്ഷേത്രാധികാരികൾ തനിച്ചു താമസിപ്പാൻ തന്നിട്ടുള്ള മഠത്തിലേക്കു കൂട്ടിക്കൊണ്ടുപോകയും നിർഭാഗ്യനായ ഭർത്താവിനെ സമ്മതംകൂടാതെ ഭാര്യക്കു വിട്ടുകൊടുക്കയില്ലെന്നു പറഞ്ഞു മഠത്തിനുള്ളിൽ കടന്നു വാതലടക്കുകയും ചെയ്തു.

രണ്ടു ജ്യേഷ്ഠാനുജന്മാർ തമ്മിലുള്ള സാദൃശ്യനിമിത്തം പല അബദ്ധങ്ങളും സംഭവിച്ച ഈ ദിവസത്തിന്റെ അവസാനത്തോടുകൂടി രാമനാഥൻ അയാളുടെ ജീവനെ ഉപേക്ഷിക്കേണ്ട ഘട്ടത്തിലെത്തിയിരുന്നു. ഇദ്ദേഹത്തെ തൂക്കിക്കൊല്ലുവാനുള്ള സ്ഥലം യോഗിനീമഠത്തിൽനിന്നു വളരെ ദൂരത്തായിരുന്നില്ല. യോഗിനി അകത്തേക്കു പോയ ഉടനെ മാനപുരം രാജാവും പരിവാരങ്ങളും സാധുവായ രാമനാഥനും ആ മഠത്തിന്റെ പടിക്കലെത്തി. ആരെങ്കിലും പിഴ അടക്കാമെന്നു പറഞ്ഞാൽ ഉടനെ രാമനാഥനു മാപ്പു കൊടുക്കണമെന്നു കരുതീട്ടായിരുന്നു രാജാവും കൂടി എഴുന്നെള്ളിയിരുന്നത്.

വ്യസനകരമായ ഈ യാത്രയെ ഭാനുമതി അല്പം തടസ്ഥപ്പെടുത്തി. ഭ്രാന്തനായ ഭർത്താവിനെ ഗൃഹത്തിൽ കൊണ്ടുപോയി ചികിത്സിക്കുന്നതിന്നു ഭജനക്കാരത്തി യോഗിനി അനുവദിക്കുന്നില്ലെന്നു പറഞ്ഞ് അവൾ ഉറക്കെ നിലവിളിച്ചു. ഈ അവസരത്തിൽ മാനപുരം രാമകൃഷ്ണൻ അവിടെച്ചെന്നു തന്റെ ഭാര്യ തനിക്കു ഭ്രാന്താണെന്നുവെച്ച മുറിയിലിട്ടു പൂട്ടിയ വിവരവും കാവൽക്കാരുടെ കയ്യിൽനിന്നു ചാടിപ്പോന്ന വിവരവും രാജാവിനെ അറിയിച്ചു. യോഗിനീമഠത്തിലാണെന്നു വിചാരിച്ചിരുന്ന ഭർത്താവിനെ അവിടെക്കണ്ടപ്പോൾ ഭാനുമതി ആശ്ചര്യപ്പെട്ടു.

അമ്മയേയും ജ്യേഷ്ഠനേയും അന്വേഷിപ്പാൻ പോയ മകൻ ഇയ്യാളാണെന്നും ഇക്കുറി താൻ രക്ഷപ്പെട്ടുവെന്നും വിചാരിച്ചിട്ടുള്ള സന്തോഷംകൊണ്ടു രാമനാഥന്റെ കണ്ണിൽ വെള്ളം നിറഞ്ഞു. അദ്ദേഹം തൊണ്ട വിറച്ചുംകൊണ്ടു രാമകൃഷ്ണനെ വിളിച്ചു. ഈ രാമകൃഷ്ണൻ കൊച്ചുകാലത്തിൽനിന്നു വേർപെട്ടതിൽ പിന്നെ അച്ഛനെ കണ്ടിട്ടില്ലാതിരുന്നതിനാൽ രാമനാഥനെപ്പററി യാതൊരറിവും തനിക്കില്ലെന്നു തീർത്തു പറഞ്ഞു. ആ സാധുവൃദ്ധൻ രാമകൃഷ്ണൻ തന്റെ മകനാണെന്നു പറഞ്ഞ് അയാളെ ഓർമ്മപ്പെടുത്തുവാൻ കഴിയുന്നവിധം ശ്രമിച്ചുനോക്കി. പക്ഷേ ഫലിച്ചില്ല. ഈ പ്രാകൃതവേഷം കണ്ടിട്ട രാമകൃഷ്ണൻ തന്നെ മനസ്സിലാകാഞ്ഞിട്ടോ ദരിദ്രനായ ഇയ്യാൾ തന്റെ അച്ഛനാണെന്നു പറയുന്നതു ലജ്ജാ

വഹമാണെന്നു കരുതുവാൻ തക്കവണ്ണം ശ്രേഷ്ഠനായിത്തീൎന്നിട്ടോ ആയിരിക്കണം തന്നെ അറികയില്ലെന്നു പറഞ്ഞതെന്നു രാമനാഥൻ തീൎച്ചയാക്കി. ഈ സമയത്താണ് യോഗിനിയും മധുരാരാമകൃഷ്ണനും ഭൃത്യനും പുറത്തുവന്നത്. ഭാനുമതിയുടെ കഥയാണ് അപ്പോൾ അധികം പുതുങ്ങലായിത്തീൎന്നതെന്നു തോന്നുന്നു. അവൾ തന്റെ മുമ്പിൽ രണ്ടു ഭൎത്താക്കന്മാരും രണ്ടു രാമദാസന്മാരും നില്ക്കുന്നതു കണ്ടു. വളരെ ജനങ്ങൾക്കു കുഴങ്ങിനിന്നതിന്നു കാരണമായ നേരംപോക്കിന്റെ കാരണം നല്ലവണ്ണം അറിയാറായി. രാമനാഥൻ രാവിലെ പറഞ്ഞ കഥ രാജാവിന്നു നല്ലവണ്ണം ഓൎമ്മയുണ്ടായിരുന്നതിനാൽ കണ്ട ഉടനെ കാൎയ്യം മനസ്സിലായി. ഈ യുവാക്കന്മാർ രണ്ടുപേരും രാമനാഥന്റെ മക്കളും മറ്റവർ ഇവരുടെ ഭൃത്യന്മാരുമാണെന്ന് ആ തിരുമേനി വിളിച്ചുപറഞ്ഞു.

ഇങ്ങിനെ രാവിലെമരണത്തിന്നൊരുങ്ങിക്കൊണ്ടു വളരെ മനസ്താപത്തോടുകൂടിപ്പറഞ്ഞ കഥ വൈകുന്നേരത്തേക്കു രാമനാഥന്ന് ഏറ്റവും ആനന്ദകരമായിക്കലാശിപ്പിക്കുന്നതിന്നിടവന്നു. എത്രയും കാലമായി യാതൊരു വൎത്തമാനവും ഇല്ലാതിരുന്ന തന്റെ ഭാൎയ്യയും രാമകൃഷ്ണന്മാരുടെ അമ്മയും പരിശുദ്ധയുമായ ആ യോഗിനിയെ കണ്ടപ്പോൾ രാമനാഥന്റെ മനസ്സിന്നുണ്ടായ മാററം വായനക്കാർ ഊഹിച്ചുകൊള്ളട്ടെ.*

മിസ്സ് എ. എൻ. പി.

# ഞങ്ങളുടെ വായനശാല

## അന്യാപദേശശതകം.

കാൎയ്യകാരണങ്ങളുടെ സൂക്ഷ്മജ്ഞാനത്തിൽ കല്പനാശക്തിയേക്കാൾ ആലോചനാശക്തിക്കാണ് അധികം പ്രാബല്യവും പ്രാധാന്യവുമുള്ളതെങ്കിലും കവിതാവിഷയത്തിൽ ഇതു നേരെ മറിച്ചാണെന്നുള്ള തത്വം പലരും അറിഞ്ഞിരിക്കും. ഏതു സംഗതിയിലും പ്രത്യേകമായ വിജയം സമ്പാദിക്കേണമെങ്കിൽ അതാതിന്നുള്ള കാരണങ്ങളുടെ ഗുണങ്ങൾക്കു പരിപൂൎത്തിയുണ്ടായിരിക്കേണ്ടതാണെന്നുള്ള വാസ്തവവും പ്രസിദ്ധം തന്നെ. കൃത്രിമവിഷയങ്ങളെ കല്പിച്ചുണ്ടാക്കുന്നതിന്നുള്ള സാമൎത്ഥ്യം കവിക്കു് അത്യാവശ്യമായിട്ടുള്ളതാണെന്നും സമ്മതിക്കാതെ കഴിയുന്നതല്ല. എന്നാൽ ആ വക വിഷയങ്ങൾ പ്രഥമദൃഷ്ടിയിൽ അകൃത്രിമങ്ങളാണെന്നു തോന്നത്തക്കവിധം ഹൃദയംഗമങ്ങളായിത്തീൎന്നാൽ മാത്രമെ കവിതക്കു് ആസ്വാദ്യതയുണ്ടാവുള്ളൂ എന്നും, ഏച്ചുകൂട്ടി ഒപ്പിച്ച വിധത്തിൽ പലതും കല്പിക്കുന്നതു കവിതാജീവമായ കല്പനാശക്തിയാവില്ലെന്നും, ആലോചനപോലെ തന്നെ കല്പനയും വിഷയങ്ങളുടെ അകൃത്രിമതാപ്രതീതിയെ അനുസരിച്ചാണ് അതാതുകാൎയ്യം ശരിയായി നിൎവ്വഹിപ്പാൻ കഴിയുന്നതെന്നും, ഉള്ള പരമാൎത്ഥം ആ വിഷയത്തിലുണ്ടാകുന്ന ഉത്തമദൃഷ്ടാന്തങ്ങളെക്കൊണ്ടുമാത്രം വെളിപ്പെടുന്നതാണ്. ഇതുകൊണ്ടാണ് അപ്രസ്തുതപ്രശംസാപ്രധാനങ്ങളായ അന്യാപദേശങ്ങൾക്കുള്ള ഭംഗി അന്യാദൃശമാണെന്നു സഹൃദയന്മാർ പറഞ്ഞുവരുന്നത്. കടത്തനാട്ടു രവിവൎമ്മ തമ്പുരാൻ അവർകളുടെ അപൂൎവ്വകൃതിയായ 'അന്യാപദേശശതക'മെന്ന സംസ്കൃതകാവ്യം മേൽപറഞ്ഞ ദൃഷ്ടാന്തങ്ങളിൽ ഒന്നായി തീൎന്നിട്ടുണ്ട്. ഇതിലെ ശബ്ദാൎത്ഥങ്ങൾക്കുള്ള പ്രസാദസാരസ്യാദിഗുണങ്ങൾ വായിച്ചറിയേണ്ടവ തന്നെയാണ്.

* ഇംഗ്ലീഷിൽ നിന്നെടുത്തതു്.

# सामवेदप्राथम्यम्।

जयन्ति सकला वेदाः नानाविद्योपबृंहिताः ।
येषां योनित्वतः शंभुः सर्वज्ञ इति कल्प्यते ॥

सामवेद एव पूर्वं वारादौ प्रयोक्तव्यः भगवद्विभूतित्वेन अयज्ञत्वप्रयोजकाभावप्रतियोगित्वेन ब्राह्मणयोनित्वेन ब्रह्मलोकप्राप्तिसाधनत्वेन सहस्रशाखत्वेन च तस्याऽभ्यर्हितत्वात् । भगवद्विभूतित्वादिकञ्च तस्य "वेदानां सामवेदोऽस्मी"तिस्मृत्या अग्निहोत्रदर्शपूर्णमासादिर्यज्ञोऽपि सामहीनत्वादयज्ञो भवति ईदृशस्साम्नो महिमेत्यर्थकया "अयज्ञो वा एष योऽसाम" इति तैत्तिरीयकश्रुत्या "ऋग्भ्यो जातं वैश्यं वर्णमाहुः यजुर्वेदं क्षत्रियस्याऽऽहुर्योनिं सामवेदो ब्राह्मणानां प्रसूति"रिति तैत्तिरीयकश्रुत्या "स सामभिरुन्नीयते ब्रह्मलोक"मिति प्रश्नोपनिषदा "सहस्रवर्त्मा सामवेदः एकशतवर्त्मा यजुर्वेदः एकविंशतिवर्त्मा ऋग्वेद" इति स्मृत्या च सिद्धमिति न स्वरूपासिद्धिः । स सामभिरित्यादिवाक्यं, "निर्गुणं सगुणञ्च ब्रह्म ओंकार एव स हि प्रतिमेव विष्णोस्तस्य प्रतीकः तस्मात् प्रणवं ब्रह्मात्मना विद्वान् एतेनैवोंकारध्यानेन यथाध्यानं निर्गुणं सगुणञ्च प्राप्नोती"त्युक्त्वा अनन्तरं एकमात्रद्विमात्रोंकारयोर्ध्यानमृग्वेद यजुर्वेदाभ्यां मनुष्यलोकसोमलोकगमनरूपे तत्फले च प्रदर्श्य ततस्त्रिमात्रोंकारध्यानमुक्त्वा तत्फलप्रतिपादकम्। तथाच सः त्रिमात्रोंकारध्याता तद्विभूतित्वेन ध्यातैस्सामभिः ब्रह्मलोकं सत्याख्यमुन्नीयत इति तदर्थः । ऋग्वेदयजुर्वेदयोश्च भगवद्विभूतित्वादेरभावेन न सामवेदवदभ्यर्हितत्वमिति तदुत्तरमेव तौ प्रयोक्तव्यौ । एतेन ऋग्वेद एव सर्वत्र प्राथम्येनाऽऽम्नायते प्राथम्यञ्चाभ्यर्हितस्यैव युक्तं अभ्यर्हितं पूर्वमिति न्यायादिति तस्य प्राथम्येनाऽऽम्नातत्वादभ्यर्हितत्वसिध्या स एव पूर्वं प्रयोक्तव्य इति कस्यचिदुक्तिः परास्ता। उक्तयुक्त्या सामवेदस्य वेदान्तरादभ्यर्हितत्वस्य सिद्धतया प्राथम्येनाऽऽम्नातत्वस्य बाधेन सामवेदादृग्वेदाभ्यर्हितत्वासाधकत्वात्। ननु पाठक्रमस्यापि कर्मणां क्रमनियामकतायाः पूर्वमीमांसायां क्रमस्य पाठानुसारिताधिकरणे सिद्धान्तिततया अत्रापि पाठक्रमेणैव प्रयोगक्रमोऽभ्युपेयः । पाठश्च "ऋचस्सामानि जज्ञिरे छन्दांसि जज्ञिरे तस्मात् यजुस्तस्मादजायते"त्यादौ प्रथममृग्वेदस्य ततस्सामवेदस्य ततो यजुर्वेदस्येति प्रथममृग्वेदः प्रयोक्तव्यस्ततस्साम ततो यजुरिति ऋग्वेदोत्तरमेवाभ्यर्हितत्वेऽपि साम प्रयोक्तव्यमिति चेन्न । ऋचस्सामानि जज्ञिर इत्यादिपाठक्रमस्य वारादौ वेदानां प्रयोगक्रमनियामकत्वायोगात् । तथाहि यत्कर्मणां क्रमो नियम्यस्तत्कर्मबोधकानामेव वाक्यानां पाठक्रमस्य तत्कर्मक्रमनियामकत्वं न तु तदबोधकानां "समिधो यजति तनूनपातं यजती"त्यादिवाक्यानां समिद्यागादिबोधकानामेव पाठक्रमस्य समिद्यागादिक्रमनियामकताया उक्ताधिकरणे सिद्धान्तितत्वात् । अत्र च ऋच-

स्सामानि जज्ञिर इत्यादिवाक्यैः ऋगादिवेदानामुत्पत्तिरेव बोध्यते न तु वारादौ प्रयोग इति न तद्वाक्यानां प्रयोगक्रमनियामकत्वम् । किञ्च यादृशपाठक्रमस्य सर्वत्रैकरूप्यं तादृशस्यैव तस्य क्रमनियामकत्वम् । स्पष्टतरञ्चैतत् क्रमस्य क्वचिदनियमाधिकरणे । अत्र च न पाठक्रमस्य सर्वत्रैकरूप्यं ऋचस्सामानि जज्ञिर इत्यादौ ऋग्वेदोत्तरं सामवेदस्य "अस्य महतो भूतस्य निश्वसितमेतत् यदृग्वेदो यजुर्वेद" इत्यादौ च ऋग्वेदोत्तरं यजुर्वेदस्य पाठात् । अत एतत्पाठक्रमस्य क्रमनियामकत्वमेव नेति कथमप्यस्माद्वारादौ न वेदानां प्रयोगक्रमनियमसंभव इति ।

यत्तु "सामध्वनावृग्यजुषी नाधीयीत कदाचने"ति मनुस्मृत्या सामप्रयोगोत्तरमृग्यजुषोः प्रयोगस्य निषिद्धतया तत्पूर्वमेव तौ प्रयोक्तव्याविति । तन्न, तस्याः स्मृतेस्सामध्वनौ श्रूयमाणे ऋग्यजुषी नाधीयीतेत्यर्थकतया सामध्वनिश्रवणसमानकालीनाध्ययनस्यैव निषेधेन वारादौ सामप्रयोगोत्तरमृग्यजुषोः प्रयोगस्य सामध्वनिश्रवणसमानकालीनत्वगुरूच्चारणानूच्चारणस्वरूपाध्ययनत्वयोर्निषेध्यतावच्छेदकयोरभावेन निषेधाविषयत्वात् । एतच्च सामध्वनावित्यस्य ऋचो यजूंषि सामध्वनौ श्रूयमाणे नाधीयीतेत्यर्थवर्णनेन, अनध्यायप्रकरणात् अतस्सान्नि गीयमाने ऋग्यजुषोः प्रतिषेधो न यज्ञप्रयोग इति यज्ञप्रयोगस्याध्ययनत्वाभावेनैतन्निषेधाविषयत्ववर्णनेन च प्रदर्शितं मेधातिथ्यादिभिः । यदपरं सामवेदस्याशुचिध्वनिकत्वेन निकृष्टतया सर्ववेदपृष्ठभाग एव स निवेश्यः । अशुचिध्वनिकत्वञ्च मनुना दर्शितं "ऋग्वेदो देवदैवत्यो यजुर्वेदस्तु मानुषः । सामवेदः स्मृतः पित्र्यस्तस्मात्तस्याशुचिर्ध्वनि"रिति । तदप्यसमीचीनम् । सामवेदस्याशुचिध्वनीकत्वे मानाभावात् । तथाहि सामध्वनावित्यादिनिषेधार्थवादमात्रस्य तादृशमनुवचनस्य वेदान्तरध्वनेस्सामवेदानध्यायत्ववत् सामवेदध्वनेर्वेदान्तरानध्यायत्वमात्रे तात्पर्यं न तु तदशुचित्वे । तथासति वेदध्वनेरशुचित्वासंभवेन तद्वचनस्याप्रामाण्यप्रसंगात् । अत एवांगिरसा सामवेदध्वन्यशुचित्वप्रतिपादकस्य स्वकीयवचनस्य मुख्यार्थकत्वाभावो दर्शितः । स्पष्टञ्चैतत् हेमाद्रौ मनुस्मृतिव्याख्यातृभिर्मेधातिथ्यादिभिरपि नात्र तदीयध्वनेरशुचित्वं परमार्थतो विज्ञेयमित्यादिवदद्भिः तादृशमनुवचनस्य मुख्यार्थकत्वाभावः प्रदर्शितः । तथाच सामवेदस्य अशुचिध्वनिकत्वे प्रमाणाभावान्न तस्य तादृशध्वनिकत्वेनापकृष्टतेति बोध्यम् । एवमेतत्सामगायन्नास्त इत्यादितैत्तिरीयकश्रुत्यादिप्रदर्शितैः तत्वज्ञगेयत्वादिभिरप्यस्याभ्यर्हितत्वं सामवेदस्य । विस्तरभयात्तन्नेह प्रदर्श्यते इति शिवम् ॥

नमामि भूयो भूयोऽहं सर्वमानोत्तमोत्तमान् ।
सर्वान् वेदान् परं ब्रह्म येभ्य एवोपलभ्यते ॥
सामवेदात्मकात्मीयविभूत्युत्कर्षवर्णनात् ।
तस्मात् पार्थाय वेदार्थप्रवक्ता प्रीयतां हरिः ॥
शिवात्मकमहाभूतश्वसिताम्नायवैभवम् ।
भगवान् पद्मजन्माऽपि परिच्छेत्तुं न हि क्षमः ॥
अत आदिविहीना या शिष्टाचारपरंपरा ।
सैव वेदप्रयोगाणां पौर्वापर्यनियामिका ॥

इति ।

# മംഗളോദയം

## മാസിക

| പുസ്തകം ൩ | മീനമാസം | ലക്കം ൭ |
|---|---|---|


### മംഗളം.

ഒന്നിന്നും പരിപൂർത്തിയില്ലതു ജനിച്ചീടുമ്പൊ,ഴെന്നാലതാ-
ണൊന്നിന്നൊന്നു സഹായമായിഹ വളർന്നൊന്നാവതെന്നോർത്തുവാൻ
കുന്നിൻമങ്കയുമിന്ദുബിംബധരനും പപ്പാതിമെയ്യാണ്ടുക-
ന്നൊന്നിച്ചീശ്വരശക്തിപൂണ്ടമരുവും മൂർത്തേ! നമിക്കുന്നു ഞാൻ.

# നാണയസാഹായികസംഘം

:0:



കഴിഞ്ഞ അക്ടോബർ മാസത്തിൽ തൃശ്ശിവപേരൂർവെച്ചു കൂടിയ കൊച്ചിജന്മിസഭ, ഒരു നാണയസാഹായിക സംഘം തുടങ്ങേണ്ടതാണെന്നു സർവ്വസമ്മതമായി അഭിപ്രായപ്പെടുകയുണ്ടായി. അതുകൊണ്ടു കൊച്ചിരാജ്യത്തുള്ള മുഖ്യവ്യവസായങ്ങളിലും കൃഷിയിലും ഏർപ്പെട്ടിട്ടുള്ള ആളുകളുടെ യോഗക്ഷേമത്തെപ്പററി ചില പ്രധാനസംഗതികൾ ഇവിടെ എടുത്തുപറയുന്നതു് അനാവശ്യമോ അവസരാനുചിതമോ ആകുന്നതല്ല. അതായതു് — ഇങ്ങിനെയുള്ളവരുടെ കടപ്പാടുകളുടേയും അവരുടെ സ്വാധീനത്തിലുള്ള നാണയത്തിൻേറയും സ്വഭാവവും വലിപ്പവും കാണിക്കുകയും ധനികന്മാരും നിർധനന്മാരും അവരവരുടെ ധനവും മര്യാദയും മൂലം അവൎക്കുണ്ടായിട്ടുള്ള നാണയത്തെ അന്യോന്യസഹായത്തിന്നായി പെരുമാറുവാൻ ഏർപ്പാടു ചെയ്യുന്നതുകൊണ്ടു് ഇപ്പോൾ ഉള്ള പല അസൌകര്യങ്ങളും നീക്കി കൃഷിവ്യവസായവിഷയങ്ങളിൽ സാമാന്യേന ഉണ്ടാകാവുന്ന ഗുണങ്ങൾ കാണിക്കുകയും ചെയ്യുന്നതു് ഉപകാരപ്രദമാകാതിരിക്കയില്ല.

കൊച്ചിരാജ്യത്തു വസ്തു അനുഭവിച്ചുപോരുന്നതിൻെറ സമ്പ്രദായത്തെപ്പററിയുള്ള ചില വിവരണങ്ങൾ രസകരമായിരിക്കും. 489000 ഏക്ര അല്ലെങ്കിൽ 764 ചതുരശ്രമൈൽസ് ഭൂമി ആകെ ഇപ്പോൾ റജിസ്ത്രു ചെയ്തതായിട്ടുണ്ടു്. അതിൽ 206100 ഏക്ര (322 ചതുരശ്രമൈൽസ്) നിലവും, ബാക്കി 282900 ഏക്ര

(442 ചതുരശ്രമൈൽസ്) പറമ്പുകളും തോട്ടങ്ങളുമാകുന്നു. ഇതിൽ തന്നെ 175800 ഏക്ര വെളിമ്പറമ്പുകളുള്ളതിൽ മുക്കാലും അരംശം രണ്ടും മൂന്നും കൊല്ലങ്ങൾ കൂടുമ്പോൾ മോടൻ മുതലായ പറമ്പുവിളുകൾ വിതപ്പാൻ ഉപയോഗിച്ചുവരുന്നവയാകുന്നു. വസ്തു കൈവശക്കാരുടെ തരഭേദങ്ങളും മുഖ്യമായി ആലോചിക്കേണ്ടതാണ്. പതിവു നിലങ്ങളിൽ നൂററുക്ക $55\frac{3}{10}$ ജന്മികളും ബാക്കി സർക്കാർ കടിയാന്മാരും അനുഭവിച്ചുപോരുന്നു. ഈ ഒടുവിൽ പറഞ്ഞവൎക്ക് വസ്തു കൈവശം വെപ്പാനുള്ള അവകാശം ഇപ്പോൾ സ്ഥിരപ്പെടുത്തിയിരിക്കുന്നു. ജന്മികളും സർക്കാർ കടിയാന്മാരും കൂടി ഈ രാജ്യത്തു 55615 പട്ടയദാരന്മാരുണ്ട്. ഇതിൽ 15499 (നൂററുക്ക $27\frac{4}{5}$) പട്ടയദാരന്മാർ ഒരുറുപ്പികയോ അതിൽ താഴെയോ നികുതി അടക്കുന്നവരും 18015 (നൂററുക്ക $32\frac{3}{10}$) ഒരുറുപ്പിക മുതൽ അഞ്ചുറുപ്പികവരെ നികുതി അടക്കുന്നവരും 13509 (നൂററുക്ക $24\frac{3}{10}$) 5 ക മുതൽ 20 ക വരെ അടക്കുന്നവരും 4035 (നൂററുക്ക $7\frac{1}{5}$) 50 ക മുതൽ മീതെ നികുതി അടക്കുന്നവരുമാകുന്നു. എന്നാൽ 645 (നൂററുക്ക $1\frac{1}{10}$) പട്ടയദാരന്മാർ മാത്രമേ 250 കയ്ക്കു മീതെ നികുതി അടക്കുന്നവരുള്ളൂ. നൂററുക്ക $92\frac{1}{5}$ വീതം പട്ടയദാരന്മാർ 50 കയിൽ താഴെയുള്ളവരാകുന്നു. ഏകദേശം നൂററുക്ക് അറുപതു വീതം അഞ്ചുറുപ്പികയിൽ താഴെയുള്ളവരാകുന്നു; അതായത് അവർ ഏകദേശം ഒരേക്ര നിലമോ അര മുതൽ മുക്കാൽ വരെ ഏക്ര തോട്ടമോ മൂന്നു മുതൽ എട്ടുവരെ ഏക്ര വെളിമ്പറമ്പോ കൈവശമുള്ളവരാകുന്നു.

മേൽപ്രസ്താവിച്ച പ്രകാരം നികുതി പതിഞ്ഞിട്ടുള്ള വസ്തുക്കളിൽ നൂററുക്ക $55\frac{3}{10}$ വീതം വസ്തുവിന്ന് ഉടമസ്ഥന്മാരായ ജന്മികൾ അവരുടെ നിലങ്ങൾ കൃഷിനടക്കുന്നില്ല. അവരുടെ കീഴിൽ ഓരോരോ അവകാശങ്ങളോടു കൂടിയ കടിയാന്മാരെയാണ് അതിന്നു ചുമതലപ്പെടുത്തിയിരിക്കുന്നത്. ആ വക കടിയാന്മാരിലും ചിലർ, അതായതു വലിയ സംഖ്യ കാണം കൊടുത്തു വഹകൾ ചാൎത്തി വാങ്ങീട്ടുള്ള കടിയാന്മാർ കൃഷിക്കു വേണ്ടുന്ന ധനസഹായമാകട്ടേ കൂലിവേലയാകട്ടേ ചെയ്യാതെ ജന്മികളെപ്പോലെ തന്നെ പാട്ടം വാങ്ങി അനുഭവിക്കുന്ന ഒരു താന്നതരം ജന്മികളാണ്. ഇവരിലും താന്ന തരക്കാരാണ് കൃഷി നടക്കുന്ന കടിയാന്മാർ. ഇവർ കൃഷിക്കുവേണ്ട ധനം ഒരുക്കി, കൃഷികൾക്കുണ്ടാകാവുന്ന കാലക്കേടു മുതലായ ദോഷങ്ങളെ ഗണ്യമാക്കാതെ നിരന്തരമായി പ്രയത്നം ചെയ്തു ജന്മികൾക്കും മേലെയുള്ള കടിയാന്മാൎക്കും മിച്ചവാരം, പാട്ടം മുതലായതു കൊടുത്തുവരുന്നു. ഇങ്ങിനെയുള്ള ഒരു കടിയാൻ കൃഷി ചെയ്യുന്ന വഹകളുടെ അളവ് ശരാശരി നോക്കുമ്പോൾ അഞ്ചോ ആറോ ഏക്രയുണ്ടാവും. രണ്ട് ഏക്രയിൽ കുറഞ്ഞോ പത്ത് ഏക്രയിൽ കവിഞ്ഞോ ആവുന്നതല്ല നിശ്ചയം. ജന്മവസ്തുക്കളുടെ കഥ അങ്ങിനെ ഇരിക്കട്ടേ. സർക്കാർവസ്തുക്കളെപ്പററി ആലോചിക്കയാണെങ്കിൽ അമ്പതുറുപ്പിക നികുതി അടക്കുന്ന ഒരു പട്ടയക്കാരൻ അയാളുടെ സ്വന്തം വസ്തുക്കൾ അവനവൻതന്നെ കൃഷി ചെയ്യുന്നതു വളരെ അപൂൎവ്വമാണ്. അവൎക്ക് അവരവരുടെ വസ്തുക്കൾ ഖണ്ഡംഖണ്ഡമാക്കി അന്യന്മാരെ ഏല്പിച്ചു പാട്ടം വാങ്ങി അനുഭവിപ്പാൻ ഒരു പ്രത്യേകവാസന കാണുന്നുണ്ട്. ചെറുതരം പട്ടയക്കാരും ജന്മികളുടെ കൃഷിനടപ്പുകാരായ കടിയാന്മാരും മാത്രമാണ് കൊല്ലംതോറും നിലങ്ങൾ പണി ചെയ്തു വരുന്ന

ത്. ദുർല്ലഭം ചില ജന്മികളും ഉണ്ടാവില്ലെന്നില്ല. ഇവർ കന്നുകാലികൾ, വിത്തു മുതലായതു സമ്പാദിക്കയും നിലം നടന്ന് അതിൽനിന്നുണ്ടാവുന്ന ഗുണദോഷങ്ങളെ അനുഭവിക്കയും ചെയ്യുന്നു. കഴിഞ്ഞ കാനേഷുമാരിക്കണക്കുകൊണ്ടു നിലംനടപ്പുകാരായ കടിയാന്മാരുടെ സംഖ്യ 18,877 ആണെന്നു കാണുന്നുണ്ട്. ഈ സംഖ്യ ഈ രാജ്യത്തുള്ള ജന്മികളുടെ പതിനാലിരട്ടിയാണെന്നു കാണാവുന്നതാണല്ലോ.

ഈ രാജ്യത്തു കൃഷി നടക്കുന്നതിനു യഥാർത്ഥമായി വേണ്ടിവരുന്നതിലധികം ചിലവ് ആ വിഷയത്തിലുണ്ടാവാനുള്ള രണ്ടു കാരണങ്ങൾ ഇവയാണ് — (1) ചില്ലറ ചില്ലറയായി അസംഖ്യം വസ്തുക്കൾ ഒരുവന്റെ കൈവശമായിക്കൊണ്ടുള്ള കിടപ്പ്. (2) വസ്തുവിന്റെ ഉടമാവകാശമില്ലാത്ത കടിയാന്മാരുടെ കൃഷിനടപ്പ്. ഇങ്ങിനെയുള്ള ചില്ലറ ഏനങ്ങളുടേയും കൃഷിനടപ്പുകാരായ കടിയാന്മാരുടേയും താൽകാലികാവസ്ഥയെപ്പററിയും പ്രകൃതത്തിൽ ആലോചിക്കേണ്ടതാകയാൽ ആ സംഗതിയും അല്പം പ്രസ്താവിക്കാം.

വസ്തുകൈവശക്കാരായ കടിയാന്മാരിൽ നൂറുക്ക് അറുപതു വീതം ആളുകൾക്ക് ഒരു ഏക്ര നിലമോ ഏകദേശം അര ഏക്ര അനുഭവം മുതലായ പറമ്പോ മാത്രമേ ശരാശരി നോക്കുന്നതായാൽ കാണുകയുള്ളു. ഇത്രയും കുറവായിട്ടുള്ള നിലംപറമ്പുകളെക്കൊണ്ടു പരിഷ്കൃതമായി കൃഷി നടക്കുവാൻ സാധിക്കുന്നതല്ല. കൃഷിക്കാരന്റെ ആദ്യമായ ഉദ്ദേശം തനിക്കും കുഡുംബങ്ങൾക്കും വേണ്ടതായ നെല്ലു ശേഖരിക്കേണമെന്നായിരിക്കുമല്ലൊ. അതു നിമിത്തം മററു കൃഷികൾ ചെയ്താൽ അധികം ആദായമുണ്ടാവാനിടയുള്ള വസ്തുക്കളെയും നെൽകൃഷിക്കു മാത്രമേ ഉപയോഗിക്കുന്നുള്ളു. കുറച്ചു മാത്രം പറമ്പോ നിലമോ കൈവശമുള്ള സ്ഥിതിക്ക് അതുകളെ നന്നാക്കേണ്ടതിനുള്ള ധനവ്യയം വളരെ കുറയുവാനിടയുണ്ട്. എങ്കിലും കൃഷി നടക്കുന്ന സമ്പ്രദായം പരിഷ്കരിക്കേണമെന്നുള്ള മോഹമോ അതിനുള്ള ശ്രമമോ ഇവക്കില്ല. മാമൂലുമായി കൃഷി നടക്കുന്ന സമ്പ്രദായത്തിൽത്തന്നെ തങ്ങളുടെ നിലംപറമ്പുകൾ കൃഷി ചെയ്യേണമെന്നു മാത്രമേ ഇവർ വിചാരിക്കുന്നുള്ളു. പഴയ നടപടി വിട്ടു നടക്കുവാൻ ഇവക്കു സമ്മതമില്ലെന്നു മാത്രമല്ല പരിഷ്കൃതരീതിയിൽ കൃഷി ചെയ്താൽ ഗുണമുണ്ടാവില്ലെന്നുംകൂടി ഇവർ വിശ്വസിക്കുന്നു. ഇപ്രകാരം ചെയ്യാൻ തന്നെ ഈ കൂട്ടക്കു പണം കടം വാങ്ങേണ്ടതായിട്ടാണ് കാണുന്നത്. വിത്തുവല്ലിക്കു വേണ്ടതായ നെല്ല് നെല്ലായിട്ടും മററു നികുതി മുതലായ ചിലവുകൾക്കു പണമായിട്ടും ആണ് കടം വാങ്ങുക. കൊയ്ത്തു കഴിഞ്ഞ ഉടനെ കടം വീട്ടണം. അതു വീട്ടിയാൽ ശേഷമുള്ള മിച്ചം തങ്ങളുടെ കുഡുംബത്തെ ചിലവിന്നു വളരെ കമ്മിയാണ്. ഇങ്ങിനെ പിറേറ കൊല്ലവും ചെയ്തുവരുന്നു. അതുകൊണ്ട് ഈ കടം ഏടവാട് ഇവരെ ഒരിക്കലും വിടാതെ ബാധിച്ചിരിക്കുന്നു.

വൻതരം കൃഷിക്കാരുടെ സ്ഥിതി ഇതിലും ഭേദമാണെന്നു പറഞ്ഞുകൂടാ. അവർ സാധാരണയായി 5 മുതൽ 6 വരെ ഏക്ര നിലങ്ങൾ കൃഷി ചെയ്യുന്നുണ്ട്. കൃഷി നടന്നു തുടങ്ങുന്നതിന്ന് ആദ്യമായി വേണ്ട വിത്ത് ഇവരുടെ കൈവശമുണ്ടായിരിക്കയില്ല. വല്ലിയും നെല്ലായിട്ടാണല്ലോ കൊടുക്കേണ്ടത്. അതിനാൽ ഇവക്കു നെല്ലു കടം വാങ്ങേണ്ടി വരുന്നു. ഇപ്രകാരമുള്ള നെല്ലുകടങ്ങൾ ഈ രാജ്യത്തു സുലഭമാണ് ഈ

കടത്തിന്നും പലിശയുണ്ട്. 10 പറയ്ക്കു 2 പറ വീതമാണ് പലിശയുടെ നിരക്ക്. കൊയ്ത്തു കഴിഞ്ഞാൽ കടം വീട്ടണമെന്നാണ് നിശ്ചയം. ഇതിൽനിന്നു കൃഷിക്കാരന് 100-ക്ക് 20 വീതം പലിശ 4 മാസത്തേക്ക കൊടുക്കേണ്ടതായി വരുന്നുണ്ടെന്ന കാണാവുന്നതാണ്. ഇവരിൽ മിക്കവരും തങ്ങളുടെ ചിലവിന്നാവശ്യമുള്ള നെല്ലും കടം വാങ്ങാറുണ്ട്. ഇവക്കു വസ്തുക്കൾ ജാമ്യം കൊടുപ്പാനില്ലാത്തതിനാൽ ഈ സന്ധ്യവാസ്ഥകൾക്ക് 18 മുതൽ 24 വരെ പലിശയും കൊടുക്കേണ്ടി വരുന്നു. ഇപ്രകാരമുള്ള അധികപലിശക്ക വിത്തും നെല്ലും കടം വാങ്ങിയാണ് കൃഷി തുടങ്ങുന്നത്. കൊയ്ത്തു കഴിഞ്ഞ ഉടനെ ഈ കടിയാന കടംവീട്ടേണ്ടതിനു പുറമെ 4 മുതൽ 8 വരെ ഇരട്ടി പാട്ടം ജന്മിക്കും കൊടുക്കേണ്ടിവരുന്നു. ഇതുകൾ കഴിച്ചുള്ള മിച്ചം തങ്ങളുടെ ചിലവിന്നു നന്ന കഷ്ടിയാവും. വിത്തും നെല്ലും പിന്നത്തെ പൂവിന്നും കടംവാങ്ങുന്നു. ഇപ്രകാരം കടം തന്നെയാണ് ഇയ്യാളുടെ സ്ഥായിയായ ധനം. ഈ രാജ്യത്തെ എല്ലാ താലൂക്കകളിലേയും കടിയാന്മാരുടെ സ്ഥിതി ഇതുതന്നെയാണ്. കോൾകൃഷിയുള്ള തൃശ്ശിവപേരൂർ താലൂക്കിൽ കോൾപ്പണിയാവശ്യത്തിന്നു വേണ്ടി മാത്രം 100 ക്ക് 18 വീതം പലിശക്ക് ഏകദേശം 30,000 ക. യോളം കടം വാങ്ങി വരുന്നുണ്ട്. 24-ം, 30-ം വിതം പലിശക്ക വാങ്ങാറുള്ളതും അത്ര അപൂർവ്വമല്ല. ഈ രാജ്യത്തുള്ള 100-ക്ക് 70 വീതം വഹകളെ കൃഷി ചെയ്യുന്നത് ഈ സമ്പ്രദായത്തിലാണെന്നു കാണുന്ന സ്ഥിതിക്ക് അതിൽനിന്നുണ്ടാവുന്ന ദോഷത്തിന്റെ വലിപ്പം പ്രത്യക്ഷപ്പെടുന്നതാണല്ലൊ. അതുകൊണ്ട് ഉപദ്രവികളായ ഈ പണക്കച്ചവടക്കാരുടെ ഒരു തുക കാനേഷുമാരിക്കണക്കിൽ പ്രത്യേകം ചേക്കുന്നതിൽ ആക്കും ആശ്ചയ്യപ്പെടുവാനില്ല.

ഇതിന്റെ പരിണാമം ഇപ്രകാരമാണ്:—ചില്ലറ പട്ടയക്കാരും താന്ന തരക്കാരായ കടിയാന്മാരും കൂടിയാണ് രാജ്യത്തെ കൃഷികൾ മുഴുവനും നടക്കുന്നത്. ഇവർ കടത്തിൽ കിടന്നു മുങ്ങുന്നു. 100-ക്ക് 60 പലിശക്ക നെല്ലും 2 പണം പലിശക്ക പണവും ഇവർ കൊല്ലംതോറും കടം വാങ്ങുന്നു. ജന്മിക്ക കൊടുക്കേണ്ട പാട്ടവും കൂടുതലായിരിക്കും. പക്ഷെ കാലക്കേടുള്ളപ്പോൾ ചില ജന്മികൾ പാട്ടത്തിൽ കുറവു ചെയ്തു കൊടുക്കാറില്ലെന്നും ഇല്ല. ഈ രാജ്യത്തെ പ്രജകളിൽ 100-ക്ക് 50-77 വീതം ജനങ്ങൾ ഇപ്രകാരം അധികപലിശയ്ക്കു കടം വാങ്ങി കൃഷി ചെയ്താണ് ഉപജീവനം കഴിക്കുന്നത്. 'മറെറന്തൊരു വ്യവസായവും ഈ സ്ഥിതിയായാൽ അപ്പോൾ നശിച്ചുപോവുന്നതാണ്. പക്ഷെ കൃഷിവ്യവസായം അങ്ങിനെ നശിക്കുന്നതല്ല. ഒരു സമയം കടിയാൻ നശിച്ചു എന്നു വരാവുന്നതാണ്. കൃഷിപ്പണിക്ക് ആദായം കിട്ടാതിരുന്നാൽ അധികം ആദായമുള്ള ഇതരമായ വ്യവസായങ്ങളിൽ ഇവക്കു പ്രവേശിപ്പാൻ സാധിക്കയില്ല. അതിനാൽ ഒന്നുകിൽ പട്ടിണി കിടന്നു മരിക്കയോ അല്ലെങ്കിൽ കടത്തിൽ മുങ്ങി നിത്ര്യയന്മാരായ ധനികന്മാരുടെ അടിമകളായിത്തീരുകയോ ചെയ്യുന്നു.' എന്നു മിസ്റ്റർ ഗ്ലർലേ പറഞ്ഞിട്ടുള്ളത് എത്രയും പരമാത്ഥമാണ്. മേൽപ്പറഞ്ഞ കാരണങ്ങളാൽ ന്യായവും ചുരുങ്ങിയതും ആയ പലിശക്ക് ഇത്തരക്കാക്കാവശ്യമുള്ള പണം കിട്ടുമെന്നു വന്നാൽ ഈ രാജ്യത്തെ സ്ഥിതിക്ക് ഒരു മാററം വരുമെന്നതു നിർവ്വിവാദമാണല്ലോ.

കൊല്ലന്തോറും നടത്തിവരുന്ന കൃഷി

യുടെ സമ്പ്രദായം ഇന്നപ്രകാരമാണെന്നു നാം കണ്ടുവല്ലൊ. കൃഷിവ്യവസായപരിഷ്കാരത്തിന്ന് അധികകാലത്തേക്കു ചുരുങ്ങിയ പലിശക്കു വലുതായ ഒരു മൂലധനം വേണ്ടതാണ്. ഉദ്ദേശം 275 ചതുരശ്രനാഴിക കരംപതിഞ്ഞിട്ടുള്ള പറമ്പുകൾ തരിശായി കിടക്കുന്നുണ്ട്. സൌകൎയ്യമായ വല്ല വിധത്തിലും മൂലധനം ശേഖരിച്ച് ഈ പറമ്പുകളെ കഴിയുന്നേടത്തോളം പറമ്പുകൃഷികളായും നിവൃത്തിയുണ്ടെങ്കിൽ നിലങ്ങളായും തിരിച്ചു കൃഷി ചെയ്യാൻ സാധിച്ചു എന്നു വന്നാൽ കുടിയാന്മാൎക്ക് അതിൽനിന്നുണ്ടാവുന്ന ലാഭത്തിന്നു കയ്യും കണക്കും ഉണ്ടാവുന്നതല്ല. ഒരുപ്പൂ പണിയുന്ന വളരെ നിലങ്ങൾ സ്വല്പമായ ഒരു സംഖ്യ ചിലവു ചെയ്താൽ ഇരുപ്പൂ പണിയുവാൻ സൌകൎയ്യമുള്ളതാക്കിത്തീൎക്കുവാൻ പ്രയാസമില്ല. നിലങ്ങൾ ഉഴുന്നതിന്നേയും വളം ചേൎക്കുന്നതിന്നേയും കൂലിയ്യും വേലയ്യും ആദായസൌകൎയ്യങ്ങൾ വരുത്തുന്നതായ യന്ത്രങ്ങളെ ഉപയോഗിക്കുന്നതിന്നേയും പററി നവീനമായി കണ്ടുപിടിച്ചിട്ടുള്ള ചില ഉപദേശങ്ങളെ നമ്മുടെ കൃഷിനടപ്പുകാർ ധരിക്കേണ്ടതുണ്ട്. പക്ഷെ അതിന്നും കൃഷിക്കാർ ധനസൌകൎയ്യമുള്ളവരും കടം കൊണ്ടു ധനികന്മാരുടെ വലയിൽ പെടാത്തവരും ആയിരിക്കേണ്ടതാണ്. ഇതിനെക്കുറിച്ചധികം വിസ്തരിക്കേണമെന്നില്ല. എന്തെന്നാൽ ചുരുങ്ങിയ പലിശക്കു പണം കിട്ടുന്നതാണെങ്കിൽ കൃഷിക്കാരനു പരിഷ്കാരങ്ങൾക്കു മോഹവും വാസനയും ഉണ്ടാവുന്നതും ആയാൾ അതു നിലമേറുന്നതുമാണ്. കൃഷിപരിഷ്കാരത്തിന്ന് അടിസ്ഥാനമായിട്ടുള്ളതു മൂലധനവും അതില്ലാഞ്ഞാൽ പരിഷ്കാരത്തിന്നു നിവൃത്തി ഇല്ലാത്തതും ആകുന്നു.

ജന്മിയ്യോ ധനവാനായ കുടിയാനോ ചുരുങ്ങിയ പലിശക്കു ധനസഹായം ചെയ്യുവാൻ ഇപ്പോഴും സാധിക്കുന്നതാണ്. വസ്തു ഈടു കാണിച്ചു കടം വാങ്ങുന്ന പണത്തിന്നു സാധാരണയുള്ള പലിശ നൂററുക്കു മുക്കാലും ഒന്നും വീതവും പക്ഷെ കടത്തിന്റെ സംഖ്യയുടെ വലിപ്പം, ഈടു കൊടുത്തിട്ടുള്ള സ്വത്തിന്റെ ബലം ഇതുകൾ അനുസരിച്ചു നൂററുക്ക് അരവീതവും പലിശയും ഈടാക്കാറില്ലെന്നില്ല. എന്നാൽ വസ്തുക്കൾ ഈടു കൊടുക്കുവാൻ ത്രാണി ഇല്ലാത്ത ചെറുതരം കൃഷിവേലക്കാൎക്കു ധനസൌകൎയ്യത്തിന്നു ചെയ്യേണ്ടതായ മാൎഗ്ഗം എന്ത് എന്നാണ് ഇവിടെ ആലോചിക്കാനുള്ളത്. കൃഷി ആവശ്യത്തിന്നു ചുരുങ്ങിയ പലിശക്കു സൎക്കാരിൽനിന്നു ധനസഹായം ചെയ്തുകൊടുക്കുന്ന ഏൎപ്പാടു നടവടിയിൽ വന്നിട്ടു കുറച്ചു കാലമായി. ഇതും നാം ഉദ്ദേശിച്ചിട്ടുള്ള ചെറുതരക്കാൎക്ക് ഉപയോഗിക്കുവാൻ സാധിക്കുന്നില്ല. സൎക്കാരിൽനിന്നു ചെയ്യുന്ന ധനസഹായത്തെ സംബന്ധിച്ച നിബന്ധനകളെ അനുസരിച്ച് ഇവരിൽ മിക്കപേൎക്കും ജാമ്യം കൊടുപ്പാൻ സാധിക്കുന്നില്ല. എന്നുതന്നെയല്ല കൊച്ചിരാജ്യത്തു പരപ്പായി കിടക്കുന്ന ഓരോരോ ചെറുതരം കുടിയാന്മാരോടു പ്രത്യേകം പ്രത്യേകം ആയിട്ടുള്ള ഏടവാട്, വേണ്ടുംവണ്ണം ചെയ്യാൻ സൎക്കാരിന്നും സാധിക്കുന്നതല്ല. സൎക്കാരിൽനിന്നു പണം കൊടുക്കുന്ന കാൎയ്യത്തിൽ വേറെയും അസൌകൎയ്യങ്ങളുണ്ട്. ഇതുകൊണ്ടു കുടിയാന്മാർ അവരവരുടെ നില ഓൎക്കാതെ വീണ്ടും വീണ്ടും ആവശ്യംപോലെ കടം വാങ്ങിപ്പാനും അവരുടെ ധനസ്ഥിതി അതാതു കാലത്ത് ഏതേതു നിലയിൽ ഇരിക്കുന്നു എന്നു ദിനംപ്രതി അന്വേഷിക്കേണ്ടതായ ഒരു വലിയ ചുമതല, ഭാരവാഹികളായ സൎക്കാർ ഉദ്യോഗസ്ഥന്മാൎക്ക് ഉണ്ടാവാനും

ഇടവരുന്നതാണ്. ഇതിന്നും പുറമെ പലിശ ചുരുക്കിയാൽ ഇവർ അധികം കടം വാങ്ങി എന്നും വരാം. അതുകൊണ്ടു കുടിയാന്മാൎക്ക് ആലോചനയില്ലാതെ കടം വാങ്ങുന്നതിന്നുള്ള വാസനയെ നശിപ്പിക്കാനും അവൎക്കു കൊടുത്തിട്ടുള്ള പണം ന്യായമായ വിധത്തിൽ ഉപയോഗിക്കുന്നുണ്ടോ എന്നു പരിശോധിപ്പാനും അവൎക്കു മിതവ്യയം പരിശീലിപ്പാൻ അവരെ ജാഗ്രതപ്പെടുത്തുവാനും വാങ്ങീട്ടുള്ള പണം അവധികളിൽ പ്രകാരം തിരിയെ അടപ്പാൻ നിഷ്കൎഷിപ്പാനും ആയി ഒരു പ്രത്യേക ഏൎപ്പാടു ചെയ്യുന്നത് അത്യാവശ്യമായി വരുന്നുണ്ട്. അതിനാൽ ഈടു കൊടുത്തു പണം വാങ്ങിപ്പാൻ നിവൃത്തി ഇല്ലാത്ത ഇവൎക്കു മൂലധനം വേണ്ടപോലെ മിതമായി ഉപയോഗിപ്പാൻ ശീലം വരുത്തുവാനും തോന്നിയ മാതിരി പണം കടം വാങ്ങുവാനുള്ള വാസനയെ ഇല്ലായ്മ ചെയ്യാനും ഉള്ള മാൎഗ്ഗം എന്താണെന്നാണ് ആലോചിപ്പാനുള്ളത്.

(തുടരും)

# ലക്ഷണശാസ്ത്രം



ഏതെങ്കിലും ഒരു സംഗതിയുടെ സൂക്ഷ്മതത്വത്തെ പറ്റിയുള്ള ആലോചനകൾക്കു പരിപൂൎത്തി വന്നുവെന്ന വിചാരത്തോടുകൂടി ആ സംഗതിതത്വത്തിലുണ്ടാകുന്നതും സംശയസ്പൎശം ലേശംപോലുമില്ലാത്തതും ആയ ഒരുവക ദൃഢനിശ്ചയമാണല്ലോ വാസ്തവമായ വിശ്വാസം. അല്പംപോലും ആലോചനയ്ക്കവസരം കൊടുക്കാതെ തന്നെ ചില സംഗതികളിൽ ഈ മാതിരി നിശ്ചയമുണ്ടാകുന്നതിന്ന് അന്ധവിശ്വാസമെന്നോ മൂഢവിശ്വാസമെന്നോ പറഞ്ഞുവരുന്നു. ഓരോരുത്തരുടേയും ആലോചനാശക്തിയ്ക്കു പരസ്പരം വ്യത്യാസവും താരതമ്യവുമുണ്ടെങ്കിലും ആ വകയിലൊന്നും മനസ്സുവെയ്ക്കാതെ അന്യന്റെ ആലോചനയേയും വിശ്വാസത്തേയും അടിസ്ഥാനപ്പെടുത്തി അതിന്നു പൂൎത്തിവന്നിട്ടുണ്ടെന്നുള്ള ധാരണ നിമിത്തമാണ് പ്രായേണ അന്ധവിശ്വാസമുണ്ടായിത്തീരുന്നത്. ലോകതത്വജ്ഞനായ കാളിദാസൻ—

'സന്തസ്സമീക്ഷ്യാന്യതരൽഭജന്തേ
മൂഢഃപരപ്രത്യയനേയബുദ്ധിഃ'

എന്ന വചനത്താൽ ഈ സംഗതി നല്ലവണ്ണം വെളിപ്പെടുത്തീട്ടുമുണ്ട്. എന്നാൽ ഏതുമാതിരി വിശ്വാസവും അതിന്നനുകൂലമല്ലാത്ത യുക്തികൾ സ്ഫുരിക്കുന്നതോടുകൂടി മുമ്പുണ്ടായിരുന്ന സ്ഥിതിയിൽനിന്നു ഭേദപ്പെടാതിരിക്കയില്ല. അങ്ങിനെ ഭേദപ്പെടുമ്പോൾ വിശ്വസിച്ച തത്വത്തിൽ വീണ്ടും സംശയമുണ്ടായിത്തുടങ്ങുകയും ചെയ്യും. പക്ഷെ ആത്മാഭിമാനം സൎവ്വപ്രാണികളിലും സഹജമെന്നതുപോലെ എപ്പോഴും വ്യാപിച്ചിരിക്കുന്നതുകൊണ്ട് ഏതൊരുവനും തന്റെ വിശ്വാസത്തിന്നു പ്രതികൂലങ്ങളായ യുക്തിക

ളിൽ കൂടിയും പ്രായേണ അനുകൂലതയെ ത്തന്നെയാണ് കണ്ടുവരുന്നത്. അതിനാൽ ഒരു തടസ്ഥന്റെ നിലയിൽനിന്ന് ആലോചിക്കുന്ന അപൂൎവ്വം ചിലൎക്കു മാത്രമേ അവനവന്റെ വിശ്വാസത്തിന്നെതിരായ യുക്തികൾ ഉണ്ടാകയുള്ളൂ. വിശ്വാസത്തിന്റെ യാഥാൎത്ഥ്യത്തിൽ വീണ്ടുമുണ്ടാകുന്ന സംശയം ആ തത്വത്തെപ്പററിയുള്ള ആലോചനകൾക്കു പൂൎത്തി വന്നുവെന്ന വിചാരം തെററാണെന്നു ബോദ്ധ്യപ്പെടുത്തുകയും പിന്നെയും ആലോചന ചെയ്യാൻ മനസ്സിനെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഇതിന്റെ പൎയ്യവസാനം മുമ്പുള്ള വിശ്വാസത്തെ അധികം സ്ഥിരപ്പെടുത്തീട്ടാണെന്നും വരാം. നേരെ വിപരീതമായിട്ടാണെന്നും വരാം. അതുകൊണ്ടു വളരെ അപൂൎവ്വമാണെങ്കിലും ഈ വഴിക്കു് ആസ്തികന്മാർ നാസ്തികന്മാരും നാസ്തികന്മാർ ആസ്തികന്മാരുമായി തീരുന്നതു തീരെ അസംഭവിയല്ലെന്നു വിചാരിക്കാം. അപ്രകാരം തന്നെ അഗാധമായ ആലോചന ചെയ്തു നിൎയ്യുക്തികങ്ങളാണെന്നു വിശ്വസിച്ച വിഷയങ്ങൾ പോലും പിന്നീടു സയുക്തികങ്ങളായി പരിണമിക്കാവുന്നതുമാണ്.

സാധാരണയായി ഫലഭാഗമെന്നു പറഞ്ഞുവരുന്ന പ്രശ്നം, ജാതകം, മുഹൂൎത്തം മുതലായ ജ്യോതിശ്ശാസ്ത്രങ്ങളും പഞ്ചപക്ഷി, ഗൌളിശാസ്ത്രം, ഭൂതലക്ഷണം, സാമുദ്രികം മുതലായ നിമിത്തശാസ്ത്രങ്ങളും കേവലം നിൎയ്യുക്തികങ്ങളാണെന്നു വിശ്വസിക്കുന്നവർ ഇക്കാലത്തു് ഒട്ടും ചുരുക്കമല്ല. പല അവസരങ്ങളിലും ഈ ലേഖകൻ തന്നെ ഇങ്ങിനെ വിശ്വസിക്കുന്നവരിൽ ഒന്നാമനാണെന്നു് അഭിമാനിക്കാറുണ്ട്. എന്നാൽ ഏതെങ്കിലും ഒരു വിഷയത്തിൽ അല്പമായ ആശയോ മനസ്സിന്നു സുഖക്കേടോ ഉണ്ടാകുമ്പോളെല്ലാം ജാതകം എടുത്തു ഗ്രഹസ്ഥിതികളും ഫലങ്ങളും വളരെ ഗോപ്യമായി ഈ ലേഖകൻ ചിന്തിക്കാറുള്ളതുപോലെ മററുള്ള നിൎയ്യുക്തികവിശ്വാസക്കാരും പതിവുണ്ടെന്നറിഞ്ഞതു മുതൽക്കാണ് ഈ അഭിമാനം തുടങ്ങിയത്. ഗുണമായ ഫലം കണ്ടാൽ സമാധാനമുണ്ടാകാറുള്ളതുപോലെ ദോഷഫലം കണ്ടാൽ ഈ ശാസ്ത്രം നിൎയ്യുക്തികമാണെന്നു വെച്ചു സമാധാനമുണ്ടാക്കാറുള്ളതു കൊണ്ടു ഞങ്ങളുടെ സിദ്ധാന്തത്തിൽ വലുതായൊരു തത്വം അടങ്ങീട്ടുണ്ടെന്നു നിൎവ്വിവാദം തന്നെയാണ്. പക്ഷേ യുക്തിശൂന്യമാണെന്നു സ്ഥാപിക്കുന്നതിന്നുള്ള യുക്തികൾ മിക്കതും യുക്തിക്കു പ്രാമാണ്യം തന്നെ അംഗീകരിക്കാതെ—

'അഗ്നിഹോത്രം ത്രയോവേദാ-
സ്ത്രിദണ്ഡം ഭസ്മഗുണ്ഠനം
ബുദ്ധിപൌരുഷഹീനാനാം
ജീവികേതിബൃഹസ്പതിഃ.'

എന്നിങ്ങിനെ വേദപ്രാമാണ്യത്തെ യുക്തികൊണ്ടു ഖണ്ഡിക്കുന്ന ചാൎവ്വാകന്റെ മതത്തോടാണ് യോജിച്ചിരിക്കുന്നത്. അതിനാൽ ദോഷഫലം കാണുമ്പോളുണ്ടാക്കുന്ന സമാധാനംനിമിത്തം പരിപൂൎണ്ണമായ തൃപ്തിയുണ്ടാകുന്നവർ ഞങ്ങളുടെ കൂട്ടത്തിലും ചുരുക്കമാണെന്നേ ഉള്ളു. കാൎയ്യത്തിന്റെ സ്ഥിതി ഇങ്ങിനെയാണെങ്കിലും ജനങ്ങളുടെ ഉപജീവനത്തിന്നു മാൎഗ്ഗാന്തരമില്ലെന്നു കരുതി അനേകം ഗ്രഹനക്ഷത്രങ്ങളേയും അവയുടെ ആകൃതി, പ്രകൃതി, നിറം, പ്രവൃത്തി മുതലായതിന്നുള്ള അതിസൂക്ഷ്മവ്യത്യാസങ്ങളേയും പല വിധം പാരിഭാഷികശബ്ദങ്ങളേയും എന്നുവേണ്ട പറഞ്ഞാലൊടുങ്ങാത്ത വിധം അത്ര അനവധി വിഷയങ്ങൾ കല്പിച്ചുണ്ടാക്കിത്തീൎക്കുവാൻ പുറപ്പെട്ട ആ ശാസ്ത്രകാരന്മാരുടെ ബുദ്ധിവിശേഷത്തേയും

ബുദ്ധിമുട്ടിനേയും പററി പശ്ചാത്തപിക്കുകയും ഈ ശാസ്ത്രനിർമ്മാണത്തിൻെറ ശരിയായ ഉപയോഗം കണ്ടുപിടിച്ച ഞങ്ങളുടെ ബുദ്ധിവിശേഷത്തെ അഭിനന്ദിക്കുകയും വേണ്ടുന്നവെക്കംഗില്ല.

നിഷ്കൃതികങ്ങളാണെന്നു തീച്ചപ്പെടുത്തിയ വിഷയങ്ങളിൽ പിന്നേയും ബാലൻകാരേണ പ്രാമാണ്യം തോന്നിക്കുന്ന ഗ്രഹശക്തി ചെറുപ്പത്തിലെ അഭ്യാസംകൊണ്ടുണ്ടായ സംസ്കാരദോഷമാണെന്നാണ് വെച്ചിട്ടുള്ളത്. ഭൂതങ്ങളോ പിശാചുക്കളോ ഇല്ലെന്നു നല്ല വിശ്വാസമുണ്ടെങ്കിലും അദ്ധരാത്രി മുതലായ അസമയത്ത് ഭയപ്പെടുന്ന സ്ഥലങ്ങളിൽ ഒററയ്ക്കു പെട്ടാൽ പേടിയുണ്ടാകുന്നത് അസാധാരണയല്ലല്ലോ. ആ പേടിക്കു മേൽപ്രകാരമുണ്ടായ സംസ്കാരദോഷമല്ലാതെ മറെറാന്നും കാരണമാവാനും തരമില്ല. ലോകഗതിയറിഞ്ഞിട്ടുള്ള വാല്മീകി, വ്യാസൻ, കാളിദാസൻ മുതലായവർ ഈ ശാസ്ത്രങ്ങൾക്കു പ്രാമാണ്യമുണ്ടെന്ന നിലയിൽ, ജനനകാലത്ത് അഞ്ചു ഗ്രഹങ്ങളുടെ ഉച്ചസ്ഥിതി ഭാഗ്യസൂചകമാണെന്നോ ഗ്രീവാപൃഷ്ഠജാനുക്കൾ നീളം കുറഞ്ഞിരിക്കുന്നത് ഉത്തമപുരുഷലക്ഷണമാണെന്നോ പറഞ്ഞിട്ടുള്ളത് അന്ധപരമ്പരയായി ഈ സംസ്കാരദോഷം അവരിലും വ്യാപിക്കുക നിമിത്തമുണ്ടായ തെററിദ്ധാരണകൊണ്ടാണെന്നു തീച്ചപ്പെടുത്തിയാൽ യാതൊരു വിരോധവും ഞങ്ങൾക്കു തോന്നുന്നില്ല. നേരേ മറിച്ച 'നഹി സവ്വസ്സവ്വം ജാനാതി' എന്ന് അവർതന്നെ പറഞ്ഞിട്ടുള്ള സ്ഥിതിയ്ക്കു ഈ വക വിഷയങ്ങളുടെ സൂക്ഷ്മമായ ഉപയോഗം അവരറിഞ്ഞിട്ടില്ലെന്നു വിശ്വസിപ്പാൻ വഴി കാണുന്നതുമുണ്ട്. ധൂമകേതുവിൻെറ ഉദയം രാജനാശത്തെ സൂചിപ്പിച്ചുവെന്നോ, മനസ്സു വല്ലാതെ വ്യാകുലമായിത്തീന്നപ്പോൾ ചന്ദ്രബിംബം പകുത്തുനോക്കി ഫലം നിണ്ണയിച്ചുവെന്നോ ഷെക്സ്പിയർ, ടെനിസൻ മുടങ്ങിയ മഹാന്മാർ തന്നെ പറഞ്ഞിട്ടുണ്ടെങ്കിലും അതെല്ലാം ലോകവിശ്വാസത്തെ അടിസ്ഥാനപ്പെടുത്തി തങ്ങളുടെ കവിതകളിൽ സ്വഭാവോക്തിക്കു പുഷ്ടി വരുത്തുവാൻ വേണ്ടി അലങ്കാരമായി ഉപയോഗിച്ചിട്ടുള്ളതാണെന്നു വിശ്വസിപ്പാൻ വഴിയുള്ളതാകുന്നു. ഇങ്ങിനെയൊരു തെററിദ്ധാരണ ഭൂഖണ്ഡങ്ങളിൽ മുഴവനും ഒരുപോലെ പരക്കുവാനുള്ള കാരണത്തെപ്പററിയും ഞങ്ങൾ ആലോചിക്കാതിരുന്നിട്ടില്ല. ഇക്കാലത്തോ മുൻകാലങ്ങളിലോ പരിഷ്കൃതസ്ഥിതിയെ പ്രാപിച്ചിട്ടുള്ള സകലമനുഷ്യവർഗ്ഗക്കാരും ഒരേ സ്ഥലത്തു താമസിച്ചിരുന്ന ആര്യന്മാരാണെന്നും മേലിൽ വല്ല വർഗ്ഗക്കാരും പരിഷ്കൃതസ്ഥിതിയിലെത്തുമെങ്കിൽ അവരെ ഇപ്പോൾതന്നെ ആര്യന്മാരുടെ കൂട്ടത്തിൽ കൂട്ടേണ്ട ആവശ്യമില്ലെന്നും ചരിത്രകാരന്മാർ ഇയ്യിടയിൽ തീച്ചപ്പെടുത്തീട്ടുണ്ട്. ആര്യന്മാർ ഓരോ വർഗ്ഗമായിപ്പിരിഞ്ഞ് ഇന്ത്യ, യൂറോപ്പ മുതലായ ഖണ്ഡങ്ങളിലേക്കു പോകുന്നതിനു മുമ്പിൽ തന്നെ ഈ നിഷ്കൃതികശാസ്ത്രങ്ങളുണ്ടായിട്ടുണ്ടെന്നില്ലല്ലോ. ചരിത്രകാരന്മാർ പറയുന്നതിൽ വല്ല യുക്തിഭംഗങ്ങളുമുണ്ടെങ്കിൽ തന്നെ അതിനെപ്പററി വേറെ ഒരാലോചന നടത്തുന്നതല്ലാതെ പ്രകൃതത്തിൽ പ്രസ്താവിക്കുന്നതു നിയമവിരുദ്ധമാണെന്നു നിയമശാസ്ത്രകത്താക്കന്മാക്കും കൂടി സമ്മതിക്കാതെ കഴിയില്ലെന്നാണ് ഞങ്ങളുടെ പക്ഷം. ഇനി ഈ ശാസ്ത്രങ്ങളും മററു ശാസ്ത്രങ്ങളെപ്പോലെ യുക്തിയുക്തങ്ങളാണെന്നു പറയുന്നവരുടെ വഴികൾ എന്തെല്ലാമാണെന്നും അല്പം ആലോചിച്ചുനോക്കാം.

ലോകത്തിലുണ്ടാകുന്ന സകലസംഭവങ്ങളും സംഗതികളും ഒന്നിനോടൊന്നു ബന്ധിച്ചുംകൊണ്ടാണിരിക്കുന്നതെന്നാണ് ഇവർ ഒന്നാമതായി ശാഠ്യം പിടിക്കുന്നത്. എന്നാൽ ഈ ബന്ധങ്ങൾ എന്തെല്ലാമെന്നും ഏതേതെല്ലാം മാതിരിയിലാണെന്നും ഉള്ള ചോദ്യംകൊണ്ടു തന്നെ ഇവരിൽ മിക്ക ആളുകളും മടങ്ങാതിരിക്കില്ല. അഭിജ്ഞന്മാരാണെന്നു നടിക്കുന്ന ചിലർ മാത്രം ആവക ബന്ധങ്ങളിൽ മിക്കതും മാംസചക്ഷുസ്സുകൾക്കു വിഷയങ്ങളല്ലെന്നും, മനസ്സങ്കല്പശക്തികൊണ്ടു മാത്രം അറിയാവുന്നവയാണെന്നും, ഭൂതലക്ഷണാദികൾ ആ സങ്കല്പശക്തിയെ പ്രകാശിപ്പിക്കുന്നുവെന്നും, മറ്റും ചില കുയുക്തികളും വെറും സ്ഥൂലദൃഷ്ടിക്കു ഗോചരങ്ങളല്ലാത്ത വിദ്യുച്ഛക്തി, സ്വനവ്യാപനശക്തി മുതലായതു കണ്ടുപിടിപ്പാൻ എത്രത്തോളം സൂക്ഷ്മജ്ഞാനം ആവശ്യമോ അതിലധികം സൂക്ഷ്മജ്ഞാനം ഉണ്ടായാൽ മാത്രമേ ഈ ശക്തിയുടെ യഥാർത്ഥസ്ഥിതി കണ്ടുപിടിപ്പാൻ കഴികയുള്ളു എന്നും മറ്റും ചില ദൃഷ്ടാന്തങ്ങളും കാണിച്ചു വ്യവഹരിക്കുന്നുണ്ട്. വാസ്തവത്തിൽ അതെല്ലാം അവർ പറയുന്ന ശക്തിക്കു വിദ്യുച്ഛക്തിപോലെ പ്രാബല്യമുണ്ടെന്നു സ്ഥാപിപ്പാനുള്ള ദുരാഗ്രഹമായാൽ ഒരു വൈഷമ്യവുമില്ല. ഏതായാലും നിഷ്കുതികങ്ങളാണെന്നു വിശ്വസിക്കുന്ന ഞങ്ങളുടെ മനസ്സിന്ന് ഈ അഭിപ്രായം ലേശംപോലും യോജിക്കാത്തതാണെന്നു തീർച്ചതന്നെ.

ഫലഭാഗം, ഗൌളിശാസ്ത്രം മുതലായതിനെപ്പറ്റി ഞങ്ങളുടെ വിശ്വാസം ഇന്നവിധത്തിലാണെന്നും അതിന്നുള്ള യുക്തികളും ഏകദേശം പറഞ്ഞു കഴിഞ്ഞു. ഇനി സാമുദ്രികശാസ്ത്രത്തിന്റെ സ്ഥിതിയിലുള്ള വിശേഷസംഗതികളെക്കുറിച്ചും കുറച്ചാലോചിച്ചു നോക്കാം. പ്രശ്നം, ജാതകം മുതലായതു ചിന്തിപ്പാനുള്ള സ്വകാര്യമുറിയിൽ വെച്ചല്ലാതെ ഈ വിഷയത്തെപ്പറ്റി ആലോചിക്കുകപോലും ഞങ്ങൾ പതിവില്ല. എന്തുകൊണ്ടെന്നാൽ ഈ ശാസ്ത്രത്തിന്റെ കർത്താവായ സമുദ്രമഹർഷി ഞങ്ങളുടെ വിശ്വാസം ശരിയല്ലെന്നു വരുത്തുവാൻ വേണ്ടി കല്പിച്ചുകൂട്ടി ഉണ്ടാക്കിയ ഉപായമാണിതെന്നു പലപ്പോഴും പല സംഗതികളെക്കൊണ്ടും ഞങ്ങൾക്കുതന്നെ അനുഭവപ്പെട്ടിരിക്കുന്നു. പുരുഷലക്ഷണം, സ്ത്രീലക്ഷണം, അശ്വലക്ഷണം, ഗജലക്ഷണം, ഗോലക്ഷണം മുതലായതാണല്ലോ ഈ ശാസ്ത്രത്തിൽ പ്രധാനമായി പ്രതിപാദിച്ചിരിക്കുന്നത്. മനസ്സിലുണ്ടാകുന്ന വികാരഭേദങ്ങൾ നിമിത്തവും സ്വഭാവഭേദം നിമിത്തവും ഗുണദോഷാനുഭവത്തിന്റെ സ്ഥിതിഭേദം നിമിത്തവും ഓരോ ജീവിയുടെ ഓരോ അംഗങ്ങൾക്കും അവയിലുള്ള മാംസപേശികൾക്കും നാഡീചക്രം മുതലായതിന്നും അവയുടെ സ്ഥിതിവിശേഷങ്ങളെക്കാണിക്കുന്ന രേഖകൾക്കും ചുഴികൾക്കും ഉണ്ടാകുന്ന വ്യത്യാസം അവലംബിച്ചുകൊണ്ടാണ് ഈ ശാസ്ത്രം നിർമ്മിച്ചിട്ടുള്ളതെന്നു സ്ഥാപിപ്പാൻ തക്ക വിധത്തിൽ കരുതിപ്പാപ്പെട്ടിരിക്കയാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ഇതിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളുടെ സമ്പ്രദായം നോക്കുമ്പോൾ അവയിൽ--

'പഞ്ചദീർഘം ചതുർഹ്രസ്വം
പഞ്ചസൂക്ഷ്മം ഷഡുന്നതം
സപ്തരക്തം ത്രിഗംഭീരം
ത്രിവിശാലം പ്രശസ്യതേ.'

എന്നു തുടങ്ങി കണ്ണ്, മൂക്ക്, മാറ്, വയറു മുതലായ അംഗങ്ങളിൽ ചിലതു നീണ്ടും ചിലതു ചുരുങ്ങിയും ചിലതു താണും ചിലതു പൊങ്ങിയും ചിലതു ചുവന്നും ചിലതു

പാരന്നും ചിലതു കുന്നം കുറഞ്ഞും ഇരിക്കുന്നതു വളരെ വിശേഷമാണെന്നും മറ്റും പറഞ്ഞിട്ടുള്ള ഉത്തമപുരുഷലക്ഷണങ്ങളെപ്പററിയേടത്തോളം ആ ലക്ഷണങ്ങൾ തികഞ്ഞ ശ്രീരാമൻ മുതലായവരെപ്പോലെയുള്ളവരെ ഇക്കാലത്തു കാണാൻ സംഗതിവരാത്തതു നിമിത്തം അതൊന്നും ശരിയല്ലെന്നു പ്രയാസംകൂടാതെ തന്നെ നിഷേധിക്കാം. സാധാരണയായി കണ്ടുവരുന്നതും കുറിക്കുകൊള്ളുന്നതുമായ പല വിധം ലക്ഷണങ്ങൾ പറഞ്ഞുകൂട്ടീട്ടുള്ളതു കാണുമ്പോളാണ് കാര്യം വൈഷമ്യത്തിലായിത്തീരുന്നത്. ചുരുക്കിപ്പറകയാണെങ്കിൽ കണ്ണ്, മൂക്ക് മുതലായ ഓരോ അംഗങ്ങളേക്കൊണ്ടു തന്നെ ഓരോരുത്തരുടെ കായികമായും വാചികമായും മാനസികമായുമുള്ള സകലവ്യാപാരങ്ങളേയും കാണിച്ചുതരുവാൻ ഇവക്കു ലേശം പ്രയാസമില്ല. എന്നുമാത്രമല്ല ആരെങ്കിലും ഈ ശാസ്ത്രസിദ്ധാന്തം ഖണ്ഡിക്കാൻ പുറപ്പെട്ടാൽ, കരയുന്നവനു ദുഃഖമുണ്ടെന്നോ ചിരിക്കുന്നവനു സന്തോഷമുണ്ടെന്നോ സാധാരണ ജനങ്ങൾക്കു മനസ്സിലാവില്ലെന്നു കൂടി അവനെക്കൊണ്ടു പറയിക്കാതെ ഈക്കൂട്ടർ വിട്ടയയ്ക്കുകയുമില്ല. ഇക്കാര്യത്തിൽ ഇവരെടുക്കുന്ന വഴികളെ ഏകദേശം കാണിക്കാം. ഒരുവൻ കരയുകയോ ചിരിക്കുകയോ മററു വല്ല ഗോഷ്ടികളും കാണിക്കുകയോ ചെയ്യുമ്പോൾ അവന്റെ മുഖത്തുള്ള മാംസപേശികൾക്കും അവയോടു ചേർന്ന നാഡികൾക്കും സാധാരണസ്ഥിതിയിൽനിന്നു ചില വികാരങ്ങളുണ്ടാകുന്നു. കണ്ണിലും മററും വെള്ളം വരുന്നതിന്നും ഈ വികാരങ്ങൾ തന്നെയാണ് കാരണം. ഓരോ വികൃതികൾക്കും ആകൃതികൊണ്ടും പ്രകൃതികൊണ്ടും പരസ്പരം വ്യത്യാസമുള്ളതുകൊണ്ടാണ് അവയെ വേർതിരിച്ചറിവാൻ കഴിയുന്നത്. അതുപോലെ തന്നെ ചിലത് ഉഷ്ണവീര്യവും ചിലതു ശീതവീര്യവുമാകയാൽ കരച്ചിൽ സന്താപനവും ചിരി സന്തർപ്പണവുമായിത്തീരുന്നു. ചില വികാരങ്ങളിൽ രണ്ടു ഗുണങ്ങളും കലന്നിട്ടും വരുന്നതാണ്. വാസ്തവം നോക്കുകയാണെങ്കിൽ കരച്ചിലെന്നും ചിരിയെന്നുംമററും പറയുന്നതിന്റെ അർത്ഥംതന്നെ ഈ വക വികാരങ്ങളാകുന്നു. വീണ്ടും വീണ്ടും ദുഃഖമനുഭവിക്കുന്ന ഒരുവന്റെ മാംസപേശികളിൽ ഏതു മാതിരി വികാരം അധികമുണ്ടാകുന്നുവോ ആ മാതിരി വികാരത്തെ ക്ഷണത്തിൽ പ്രാപിപ്പാനുള്ള ഒരു പ്രത്യേകലാഘവവും അവയിലുണ്ടാകാതിരിക്കയില്ല. അതില്ലെങ്കിൽ അഭ്യാസം ദൃഢതയ്ക്കു കാരണമല്ലെന്നു പറയേണ്ടി വരും, ഇപ്രകാരം ഒരഭ്യാസിയുടെ ശരീരത്തിന്നെന്നപോലെ ഈ മാംസപേശികൾക്കു കാഴ്ചയിലും വ്യത്യാസമുണ്ടായിത്തീരുന്നു. അവനെക്കാണുമ്പോൾ വളരെ ദുഃഖം അനുഭവിച്ച ആളാണെന്ന് അപരിചിതന്മാർ പോലും അറികയും ചെയ്യുന്നു. ഒരാളുടെ അംഗങ്ങളിലുള്ള മാംസപേശികൾ മുതലായതിന്ന് ഏതേതു മാതിരിവികാരങ്ങൾ അധികം ആവശ്യമായി വരുന്നുവോ അതാതു വികാരങ്ങളുണ്ടാകുമ്പോൾ വൈഷമ്യം വരാതിരിക്കുന്നതിന്ന് ആ മാംസപേശികളുടെ ഏതേതു വിധത്തിലുള്ള പരസ്പരയോജന യുക്തമായിരിക്കുമോ അതാതു വിധത്തിലുള്ള പരസ്പരയോജനയെയാണ് അവന്റെ കൈകാൽ തുടങ്ങിയ അംഗങ്ങളിലേ രേഖകൾ, ചുഴികൾ, കണ്ണു, മൂക്കു മുതലായതിന്റെ പ്രത്യേകസ്ഥിതിഭേദങ്ങളെക്കൊണ്ടു വെളിപ്പെടുന്നതെന്നാണ് ഇവരുടെ പിന്നത്തെ വാദം. അനുഭവം അനുസരിച്ചു കള്ളക്കണ്ണനാണെന്നും മൂക്കു കണ്ടാൽ തന്നെ ശൂരനാണെന്നും മററും ഞങ്ങൾക്കു തോ

ന്നു പലപ്പോഴും പറയേണ്ടി വരുന്നതു കൊണ്ടു് ഈ സംഗതിയിലും എത്തുപ്പാൻ വഴി കാണുന്നില്ല. എന്നാൽ—

'കനിഷ്ഠായാംഭവേച്ചക്രം
വാണിജ്യേനധനാംഭവേൽ
കനിഷ്ഠാധഃസ്ഥിതാരേഖാ-
സ്സംഖ്യായാവതികാഃ സ്മൃതാഃ
താവതീപുരുഷാണാന്തു
നാരീഭവതിനിശ്ചിതം'

ഇത്യാദിയായി ചെറുവിരലിന്മേൽ ചക്രരേഖയുണ്ടായാൽ കച്ചവടംവഴിയ്ക്കു ധനം സമ്പാദിയ്ക്കുമെന്നും, ചെറുവിരലിന്റെ താഴെ എത്ര വരയുണ്ടോ അത്ര ഭാര്യമാരുണ്ടാവുമെന്നും മററും പറഞ്ഞിട്ടുള്ളതു നോക്കുമ്പോൾ വരാൻ പോകുന്ന സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി മാംസപേശികളുടെ വിന്യാസം മുൻകൂട്ടിത്തന്നെ കഴിച്ചു വെച്ചിരിയ്ക്കുന്നുവെന്നു സിദ്ധാന്തിക്കാതെ ഇവക്കു നിവൃത്തിയില്ല. പക്ഷേ ഇതിലും ഞങ്ങൾക്കു ജയം കിട്ടുവാൻ പ്രയാസമാണു്. ഓരോരോ ബീജങ്ങളിലും അതാതിന്റെ അങ്കുരം മുതലായതു സൂക്ഷ്മരൂപമായി സ്ഥിതി ചെയ്യുന്നുണ്ടെന്നും, ഓരോ വക ബീജങ്ങളുടെ ആകൃതിഭേദത്തിന്നു് ഇതാണു് കാരണമെന്നും സ്ഥൂലദൃഷ്ടിയിൽ പ്രകാശിയ്ക്കുന്നതിന്നുള്ള വിശേഷകാരണങ്ങളും കാലവും ഒത്തു വരുമ്പോൾ അപ്രകാരം പ്രകാശിയ്ക്കുക മാത്രമാണു് ചെയ്യുന്നതെന്നും പ്രകൃതിശാസ്ത്രക്കാർ പരിശോധിച്ചു തീർച്ചപ്പെടുത്തിട്ടുണ്ടു്. അതു പോലെ ഒരു ജീവിയ്ക്കുണ്ടാകുന്ന സകല ഗുണദോഷങ്ങളും സൂക്ഷ്മരൂപമായി എപ്പോഴും ആ ജീവിയിലുണ്ടായിരിയ്ക്കുമെന്നും പ്രത്യേക കാരണങ്ങളുണ്ടാകുമ്പോഴാണു് പ്രകാശിയ്ക്കുന്നതെന്നും യുക്തിയുക്തമായി സ്ഥാപിപ്പാൻ ഇവർ ലേശം മടിക്കാറില്ല. ബീജങ്ങൾക്കുള്ള ആകൃതിഭേദം അങ്കുരാദികൾ സൂക്ഷ്മരൂപങ്ങളായി അവയിലുള്ളതുകൊണ്ടല്ലേന്നോ സൌകര്യത്തിന്നു വേണ്ടി ദൈവം സൃഷ്ടിച്ചതാണെന്നോ പറവാൻ പുറപ്പെട്ടാൽ പ്രകൃതത്തിൽ പറഞ്ഞ ആകൃതിഭേദവും ഗുണദോഷങ്ങൾ തിരിച്ചറിവാൻ സൌകര്യത്തിന്നു വേണ്ടി അദ്ദേഹം തന്നെ സൃഷ്ടിച്ചതാണെന്നുള്ള മറുവടി മുഖത്തടിച്ചപോലെ കിട്ടും.

ഫലം അനുസരിച്ചു നോക്കുകയാണെങ്കിൽ അതും ഇവക്കു തന്നെയാണു് അനുകൂലമായിക്കാണുന്നതു്. ഈ ശാസ്ത്രപ്രകാരം ദുർല്ലക്ഷണമാണെന്നു പറയുന്ന ആന, കുതിര, കാള മുതലായതിനെ വാങ്ങിയാൽ ഫലംകൊണ്ടു് അവ മാത്രമല്ല വാങ്ങിയവനും കൂടി പോത്താവാതിരിക്കയില്ല. അതു പേടിച്ചിട്ടോ എന്തോ ഞങ്ങളും ആ വക വ്യാപാരങ്ങളിൽ പ്രവേശിയ്ക്കുന്ന അവസരങ്ങളിലെല്ലാം ഞങ്ങളുടെ വിശ്വാസത്തെ വകവെയ്ക്കാതെ തന്നെയാണു് ഏർപ്പെട്ടു വരാറുള്ളതു്. ഇങ്ങിനെ നോക്കിയേടത്തെല്ലാം ഇവരുടെ ഉപദ്രവം നേരിട്ടിരിയ്ക്കുന്നതിനാൽ ഈ നിയ്യുക്തികവിശ്വാസം ഉപേക്ഷിപ്പാനാണു് തൽക്കാലം നിശ്ചയിച്ചിരിയ്ക്കുന്നതെന്നു കൂടി പ്രസ്താവിച്ചുകൊണ്ടു് എന്റെ തത്സംബന്ധമായ വിശ്വാസത്തെ ഞാൻ പിൻവലിച്ചു കൊള്ളുന്നു.

മ. ര.

# ബാണയുദ്ധം

ഭാഷാപ്രബന്ധം.

---

എഞ്ചിത്തേകണ്ടപൊഃസനവനവകരുണാ-
ലോകനത്തോടുകൂട
ക്കിഞ്ചിൽകിഞ്ചിൽപൊഴിഞ്ഞീടിനമൃദുഹാ-
കൊണ്ടുരമ്യമ്മുഖാബ്ജം (സിതം
കിഞ്ജല്ക്കംചിൽപയോജത്തിനുമധുമലർമാ-
തെന്നുമോമൽക്കയിൽപ്പെൺ
കൊഞ്ചിക്കൊഞ്ചിക്കളിച്ചീടിനസുമധുരമാ-
കന്ദപോതംമുകുന്ദം.
ചെമ്പോൽപ്പൂമ്പാണഃശാഭാംതടവിനഭവ-
ഭാസമാനേത്രപംഗേ (താ
സംപൂല്ലാഭോഗവന്നോരളവുമമസഖേ
കൌതുകംചൊല്പവല്ലേൻ
തൻപൌത്രംവീണ്ടബാണാവസഥനിഗളി-
ഭോരകായാംമുകുന്ദേ (തം
സമ്പ്രാപ്തേപൌരലോകക്രിയലിനപരമാ-
നന്ദമേസാമ്യമുള്ളു.
കണ്ടോളംപ്രീതിദചക്രാകനകമണിഗൃഹാ-
ലംകൃതാഭംഗികോലും
വണ്ടാർപ്പൂവേണിമാരാനവനവപരസൌ-
ദാമിനീമാനനീയാ
ഉണ്ടായീപണ്ടുമദ്ധ്യേജലധിമണമെഴം
ദ്വാരകാനാമലോകേ
കൊണ്ടാടപ്പെട്ടലാവുംമണിനഗരിമനോ-
ഹാരിണിക്കൈടഭാരേഃ.
ആത്താഭോഗംനിലിമ്പാലയമടിമതൊഴം
കൌശലശ്രീവിലാസം
ചീർത്തീടുംദ്വാരകായാംതിരുമിഴികലയാ
കാത്തുധാത്രീമശേഷാം
പ്രീത്യാമാനിച്ചമമ്മാഹലധരശിനിജ-
ന്മോദവാദ്യാൻഗുണാഢ്യാൻ
സാദ്ധ്ംതൻപുത്രപൌത്രൈരഴകിലുഷിതവാ
ഭാഗ്യഭ്രമായദ്ദനാം (ൻ

ചാരുശ്രീപങ്കജാക്ഷേപകലിരവവനീ-
പാലനേബദ്ധദിക്ഷേ
പാരിച്ചനാളിൽനാളിൽപ്രണയവുമധികാ
നന്ദവാശ്ശപ്രജാനാം
താരിൽതന്വംഗിതൻവീക്ഷണകളിവിളയാ
ടീകനംനീളമമ്മാ
ദാരിദ്ര്യത്തിന്നകപ്പെട്ടിതുശിവശിവദാ-
രിദ്ര്യമെന്നേവിനോദം!
ചിത്രച്ഛായാസുവർണ്ണവ്യതികരമണിഗീ-
തങ്ങളിൽപ്രൌഢരാഗ-
പ്രസ്താവഃമിത്രവൈരംകമൂടവതിഷ്വവ്യ-
ത്തക്ഷയംബാലചന്ദ്രേ
മുഗ്ദ്ധാക്ഷീകേശപാശേകുടിലതപിതൃകാ-
ശ്ശ്വേവുഷോൽസർഗ്ഗമസ്താ
ചിത്രംകേൾക്കൈവളന്തൂധരണിഭരണസം
ക്രീഡിതേപങ്കജാക്ഷേ.
അക്കാലംബാണനാമാബലിതനയശത
ജ്യേഷ്ഠനാംദാനവേന്ദ്രൻ
വിഖ്യാതേപുക്കസൌശോണിതമണിനഗരേ
വിശാലലക്ഷ്മീനിവാസേ
ചൊൽക്കൊണ്ടീടുംഭവാനീരമണവരമദോ
ദ്രിക്തചേതാസ്ത്രിലോകീ-
മൊക്കക്കാൽക്കീഴമർത്താനഖിലഭുവനവി-
സ്താപകാഭോഗശാലി.
പ്രക്ഷോഭംപൂണ്ടൊരുന്നാൾമദനരിപുമയം
താണ്ഡവേചനകാണ്ഡ
മുഷ്ടേറുംദോസ്സഹസ്രപ്രഹതമഹിതവാ-
ദ്യേനപേത്തുംപ്രസാദം.
ദക്ഷാരാതിക്കമേമ്മാതിരുമനസിവള-
ർത്താശ്രുവേണ്ടുംവരൌഘം
കല്ല്യാണ്ടുംകൊണ്ടുവീര്യോദയമിളകിനബാ
ണനസുരനാരുമൊപ്പോ.

വാരംവാരംവരുന്നോരഖിലജനമറി-
ഞ്ഞങ്ങകത്തൂട്ടുകൊണ്ടും
ചൂരക്കോൽകൊണ്ടടിച്ചങ്ങുടനുടനകലേ
നീക്കിയുംപാട്ടുപാടേ
സൈ്വരംകാക്കേണമെന്നാന്നഴകുടയമഹാ
ഗോപുരംദീനവൃത്ത്യാ
ചാരുശ്രീപുഷ്പബാണാരിയുമഴകിതുബാ-
ണാസുന്നാരുമൊവ്വാ.
ഏററംകണ്ഡൂലദോമ്മണ്ഡലദരിദ്ദപയാം
ചെന്നണത്തിച്ചനേരം
മാററാനരണ്ടായ്ത്തരംനിൻകൊടിമരമൊടിയു-
ന്നാളിലെന്നിപ്രകാരം
ഊററംതേടുംപ്രമോദാൽപുരഹരവചനം
കേട്ടുതൻകേതുഭംഗം
കാററത്തന്നുപാക്കുംത്രിഭുവനമണിബാ-
ണാസുരന്നാരുമൊവ്വാ-
തസ്യാത്മജാഭുവനരത്നമുഷാഭിധാനാ
ത്രൈസ്തകഹായനകുരംഗവിലോലനേത്രാ
അന്യേവസിന്ധുതനയാപിനയാഭിരാമാ
കന്യാബഭ്രുവജനനേത്രമനോഹരാംഗീ.
യൂനാംവിലോചനനവീനമഹോത്സവേന
ശൃംഗാരബാലതരുപല്ലവതല്ലജേന
കന്ദപ്പദപ്പശശിനശ്ശരദാഗമേന
തസ്യാശ്ശ്രുഭംവപുരഭൂഷിവയോഗുണേന.
വക്ഷോജാദപനീയമധ്യേസരണൌ
വിന്യസ്യതാതാനവം
ചാഞ്ചല്യംവചനാദപാസ്യസ്വജതാ
നേത്രാഞ്ചലസ്യസ്ഥിരം
സർവ്വഞ്ചാപിവിശേഷവദ്പിദധതാ
തസ്യാസ്സ്വരൂപംപുന-
സ്താരുണ്യാത്ഭുതശില്പിനാസ്യവിഹിത-
സ്സർഗ്ഗാപവാദോവിധേഃ.
ഉത്താളാളകഭഞ്ജനാനികബരീ
ഭാരേഷുശിക്ഷാരസോ
ദന്താനാംപരികർമ്മനിർവിനഹനം
ഭ്രൂചാസ്യയോഗ്യാഗ്രഹഃ
തിയ്യഗ്ലോചനവല്ഗിതാനിവചസാം
ഛേരകോക്തിസംക്രാന്തയഃ
സ്ത്രീണാംഗ്ലായതിശൈശവേപ്രതികലം
കോപ്യേഷകേളിക്രമഃ.
തുംഗരംഗേസ്തനപൂണ്ണകുംഭേ
സന്ദീപ്തബിംബോഷ്ഠമണിപ്രദീപേ
വിതാനിതേകാന്തിപരംപരാഭി.
സ്തതാനലാസ്യംനവയൌവനശ്രീഃ.
* ഉദ്ദംസിതഘണകുംഭം
ഉമ്മജ്ജന്തേണജോവ്വനഗഏണ
കൂളങ്കസരസഭരിതാ
സരസീവതരംഗിതാപവാളംഗീ

നിഖിലയുവതിവംശമുക്താമണിക്കി ത്രിലോകീമഹേളാലലാടാന്തരേ കാന്തിചിന്നുന്ന പുത്തൻനറുഞ്ചിത്രകത്തിന്നു പോൽത്താർ ശരക്ഷോണിപാലേന്ദ്രദോഗ്വ്വസർവ്വസ്വവാസ്സിന്നു സൌന്ദര്യപീയൂഷപാഥോധിമദ്ധ്യേ കളിച്ചീടുമംബാലകല്ലോലമാലൈക്കബാലാശിഖാമഞ്ജരിക്കിങ്ങിനേ ബാണപുത്രിക്ക വാച്ചോരു താരുണ്യലക്ഷ്മീവിലാസങ്ങൾ പോന്നങ്ങിണങ്ങുന്ദശായാം അഹോ വിസ്മയം വിസ്മയം പൂവൽമെയ്വിഭ്രമാഡംബരം കണ്ടിയോടെത്തി വാർകൊണ്ടവാർകൊണ്ടലെക്കൊണ്ടു മണ്ടിച്ച പുത്തൻപനംപൂക്കുലേക്കുക്കലച്ചല്ലലത്താരിനൊട്ടല്പതാഞ്ചേത്തു നാളീകബാണക്ഷമാപാലവീരന്നു നാളീകസംഭൃതിമേളത്തിൽനിമ്മിച്ച നീലത്തഴശ്രീവിലാസം തിരണ്ടഗ്രമൊക്കച്ചുരുണ്ടപ്പുറം കാലൊളം നീണ്ടതിസ്നിഗ്ദ്ധമായ്മദ്ധ്യമദ്ധ്യേ മനോഹാരിപ്പുഷ്പച്ചേമന്തിനല്ലിച്ചകം ചെ

---

* ഉദ്ദ്വശിതസ്തനകുംഭ
മുന്മജ്ജതായൌവനഗജേന
കൂലങ്കഷരസഭരിതാ
സരസീവതരംഗിതാപ്രവാളാംഗീ.
എന്നു സംസ്കൃതം
38 *

നവകം മററുമോരോതരം പുഷ്പദാമങ്ങളുംകൊ
ണ്ടത്ഭുതങ്ങളായ്ത്തീർന്നിരിക്കുന്നു. പായന്ദശാ
യാം ത്രിലോകീതലാലംകൃതിരിട്ടാക്കമോമൽപ്പുത്ര
പ്പൂക്കൾ ചന്തമേറുന്നോരക്കണ്ണാടിമുഖങ്ങളിത്ത
സമ്മോഹനം. ഭംഗിയേറിൽത്തീർത്ത കസ്തൂരി
കാ ചിത്രകൂടങ്ങൾകൊണ്ടും മേളനകംപോളബാ
ലേന്ദുമദ്ധ്യേ നവതോപനാവെട്ടിച്ചമച്ചമ്പിലൊ
പ്പിച്ച ശില്പത്തിൽമിന്നുന്നനില്പോളകശ്രേണി
മമ്മാമുഖാംഭോജലക്ഷ്മിക്കു മേളപ്പിടിപ്പോരു
പിഞ്ഞോരാതപത്രംകണക്കേ നിറംതൂത്തുലോം
മൈന്തർചിത്താന്തകത്തിട്ടവാർ. മല്ലികാ
ബാണഹസ്താജ്ഞലെ. തുള്ളിനോരിന്ദ്രനീലോ
ല്ലസദ്ഭൂലതാവല്ലീവിലാസം കലർന്നോരവർ
ചില്ലിയെന്നും. നടന്നെയ്യൽമോനോഭവന്നാട്ട
കം പാട്ടപാടേമിളൽപാടവാടോപമാടി
ത്തുടങ്ങിഭ്രൂയുഗ്മത്തെ ധാവൽ കരംഗാംഗനാ
വീക്ഷണോല്ലാസമാക്ഷിപ്യ വാസ്സുന്നമായുഗ്മ
വൈഡൂര്യകാന്ത്യ ചാരുത്വലക്ഷ്മീവിലാസോ
ദയൽത്തുകി മാഴ്കിക്കഴ്ഞ്ഞ ജക്കേൾണിചാ
ലർ വിലാസാഢ്യനെയ്തിട്ടഭംഗ്യാവലംകൈ
ത്തലംകൊണ്ടിളക്കുന്നാചാർവാഠകണ്ണക്കൈ
സമുത്തുംഗശൃംഗാരലീലാസുധാപൂരമദ്ധ്യേ
കിടന്നങ്ങുമിങ്ങുംഭ്രമിയ്ക്കുന്ന പാഠീനപോതം
കണക്കേ ചലാ കണ്ണുമുലത്തൊളം ചെന്നു
മ്മിക്കനാംമല്ലർ ചില്ലിയെപ്പൊല്ലുന്നു ചാതൃദ്ധ്യാ
യത്ഥങ്ങളെപ്പേർത്തുമേ സംവദിച്ചിട്ടമോ
മൽകടാക്ഷാന്തമാല്യങ്ങൾ സാപക്ഷ്മാവലീപുഷ്പെ
റീരാക്ഷിതം മാരദിവ്യാസ്ത്രമേററിളംകൾ
കന്മാർ പ്രശോഭിക്കുന്നുപോക്കവന്നു ചെന്താർശ്രീ പാ
കുന്നചാരുളവ്വെട്ടിച്ചോല്ലാവക്ത്രാ തൃത്തങ്ങായ്
ത്തീർത്ത കസ്തൂരികാപത്രികാംകുരശൃംഗാരി
തേഗണ്ഡഭാഗാന്തരേ ചാരുതോൽകടമേലേടി
ഞ്ഞൊരു പോൽകുണ്ഡലോദ്യോതമയ്യാവി
ഴൽകൊണ്ടസൌവർണ്ണകണ്ണാടിതന്നിൽ പ
രക്കുന്നബാലാതപച്ഛായപോലെവിളങ്ങുന്നു
ങ്ങൾ. മയ്യങ്ങാതസ്സിന്ദൂരശോഭാഗുണന്ദൂരമാ

ട്ടിക്കളഞ്ഞൽബൈഴ്‌ലംബ്ലാചഷ്ഴ്ക്കായയാടടങ്ങളെ
ത്തുസന്ധ്യാഘനാഭോഗവൻബ്ലഞ്ചപവൃജ്ജോത്സ്ന
ന്യൂകന്യാശ്രീയാഞ്ഞുഷ്കുഭാവം കലർന്നുല്ലസി
ക്കുന്നദന്താംബരേ വർണ്ണപാകീട്ടമോമൽപ്പ
ത്തുപ്പഞ്ചിരിക്കൊഞ്ഞൽമമ്മാ മുഖാംഭോജശോ
ഭാമണിക്കുട്ടിൽമേവുന്ന നൌസാകിളിപ്പൈ
കിടാവിന്നുൽപ്പെതിരേവാരിന്നുല്ലമാണിക്യപ
ത്രത്തിൽ മാനിച്ചുടൻമുമ്പിൽവെച്ചോരുവ
മ്പാൽകളിത്തിരിസകാശംചകാശേതരാം ശ്രേ
മാളുന്നപൊൽക്കംബുവിന്നേററ മൂഠംകമ്പു
മേകന്നകണ്ഠാന്തരേ കാന്തിയങ്ങുന്നരേഖാ
ത്രയംകാണ്കിലാശ്ചര്യമംഭോജസംഭൂതിതാനു
തമശില്പക്രിയാസാരമൊപ്പേരുമേ ചേർത്തു ന്യ
ക്ഷിച്ചതിത്താക്കയ്യം പാർത്തുകണ്ടത്ഭുതാ
പൂർണ്ണനായ് നാകലോകത്തിലും ഭൂമിലോക
ത്തിലും പാർത്തുകണ്ടാല വഠംകൊത്തപെ
ൺർപൈതലില്ലെന്നു നേരംപ്രലോകാന്തലം
കൊണ്ടു നാനാമഹേള്ളാജനപ്രൌഢിമേളി
ച്ചിതോയെന്നുതന്നോ പുലംവൃംഭേദം. ചേ
ണെഴുംകുന്നിമഞ്ചോടിയും പന്തുനെമൽപ്പുഷ്
രംപതമമൊട്ടും മണിച്ചെപ്പുപോൽക്കംഭമൂർ
ന്നശൃംഗങ്ങളിത്യാദിവസ്തുപ്രകാണ്ഡം ക്ര
ത്താൽജ്ജയിച്ചമ്പിലെങ്ങും പ്രതിദ്വന്ദ്വിമ
റാരുമില്ലാഞ്ഞു തമ്മിൽപ്പിണങ്ങിത്തിമർത്തു
ന്നതിപ്രൌഢികൊണ്ടെന്നവണ്ണം മുലക്കു
ച്ചയ്യം ചാരുപൊട്ടിച്ചപുഷ്ടശ്രിയാ ത്തിങ്ങിവി
ങ്ങിത്തുളോം വട്ടമിട്ടാത്തുദോമ്മൂലക്കുലംകഷാ
ഭോഗമൂഠംകൊണ്ടുനൽകങ്കമച്ചാഞ്ഞണിഞ്ഞ
ഞ്ചിതാലോകമുക്താ കലാപക്കലന്നേററമേ
റംതഴയ്ക്കുന്ന വൈപുല്യഭാരേണ്യനിഷ്ടാത ഭീ
ത്ര്യാപയോജാസനാൻ പൂപുക പൂതമനാചാ
രമൊട്ടാണിതട്ടിക്കിടക്കുന്നപോലെ റമഭോ
ജ്ജംഭതാരുണ്യകംഭീന്ദ്രകുംഭേകണക്കെ. സമ
സ്താംഗമമ്പോട്ട നിമ്മിച്ചലാവണ്യരിങ്ങൊരാ
ളിപോലെമനോജന്മഭൂപാല ലീലാവിഹാരാ
ദ്രിപോലേവിളങ്ങുന്നു. പൂർകൊങ്കയുഗ്മം ചമ

പ്പാൻ വാരകെട്ടുമാഴ്കിക്കൂവലത്തെത്ര്യുമാൽ പെട്ടന്നോരു മദ്ധ്യാംകരത്തിന്നൊത്രന്നായവു ത്തന്മണിയഷ്ടിപോലെ നിറം പെട്ടശ്രോമാവലീശോഭ കണ്ടാലഹോവിസ്മയം വിസ്മയം പെണ്ട കാലാരിഫാലാനലജ്വാല സന്താപഭാരേണ ചെന്താർശരജ്യോതിനാളീ സരോമണ്ഡലേ വീണമുങ്ങാവിധൌ പൊങ്ങിമേൽപ്പൊട്ട കാണായമൂർവലീരൂനമേന്നും ജഗച്ചക്രമൊക്കെജ്ജയിക്കുമ്മാറോജന്മ ഭ്രൂവല്ലപോൽത്തേത്തുടത്തിൽ ചിതത്തോടുയത്തോതുമാറ്റേന്ദ്രാതാധാജപ്രൌഢിയെന്നും പുലമ്പീടുമോക്കുഞ്ചിധൈരമ്യപൊന്മേഖലാദാമസാലേന നാളൊന്നുമിന്നും നിതംബാഖ്യ കന്ദർപ്പസംഗ്രാമവീട്ടിന്നു ഭംഗ്യാ വിളങ്ങുന്നപോൽത്തുണ്ട് കണ്ണക്കേ തടിച്ചോരമൂലംത്തുന്നനന്നായ് മിന്നത്തെത്രയും കാന്തിസൌഭാഗ്യരംഭാ നറുന്തണ്ടുമല്ലാമദം പെട്ട ജംഭാരികാംഭീന്ദ്ര തുമ്പിക്കരപ്രൌഢിയും മുമ്പുമൊളിപ്പിച്ചുതരുപായഞ്ചോരു ലോകത്രയിധൈര്യച്ചോരം പുകഴ്ത്താവതല്ലാക്കുമേ, മാരവീരന്മണിക്കാള മെക്കന്നമിളൽ ക്കാന്തിതോന്നാന്ന ജംഘായുഗത്തിന്മനോജ്ഞാരിതാരിതിയുള്ള പാത്തുകണ്ടോളവും നേത്രമത്യത്ഭുതം മുഗ്ദ്ധമല്ലാക്ഷിമാർനല്ല പുത്തൻമണിമാലപോലേ സദാ മൌലിമേൽ വെച്ചലാളിച്ചമോമൽപ്പാദാന്ദമൃത്യന്നഖശ്രേണിയാം കേസരച്ചാർത്തുകൊണ്ടുല്ലസിക്കുന്ന ബാലാംഗുലീപല്ലവാലംകൃതം പങ്കജപ്പൂഞ്ചൊരന്തോന്നുമയ്യാരതിപ്പെണ്ണു മാനന്ദലീലാവിനോദം മുകുക്കുന്ന പൊന്നിൻപയോജം കണക്കേ ഫലാകാന്തികൊണ്ടാത്തുലോം തോഴപ്പോരുംഗിരാംഭിസ്സരെത്രനന്നമഹാരാജന്നാം മാരവീരന്നുതാനേനടക്കുജ്ജഗജ്ജൈത്രപോന്നിൻ കൊടിക്കുറപോലേ സുരാജ്ഞാസന്താനരൂപാംഭോജശില്പക്രിയാദർപ്പസാമഗ്രിപോലെമണത്തോത്തെശൃംഗാരപങ്കരുഹം തൂമലർത്തൊത്തുലേറ്റുന്നതേൻധാരപോലേ മഹിലോകപ്പണ്ട്യോദയപ്രൌഢിമമ്മാമഹോളാമയി ഭോന്നുമിന്നുന്നപോലെ ജഗദ്ബാസിനാമൽഭുതാനന്ദകൌതുഹലങ്ങളോത്തുന്നു പാർത്തട്ടിലെങ്ങും പുകൾക്കാന്തിയും ചൈത്രവാണിടിനാൾ.

ഇത്ഥന്താരുണ്യലീലാപരിമളവിഭവം
പൂണ്ടശൃംഗാരസിന്ധോ-
ർമ്മദ്ധ്യാദുത്ഥായ പാരിൽ പുകൾ പെരുമ പരാ
ലക്ഷ്മിതാനെന്നപോലേ
മുഗ്ദ്ധാപാംഗപ്രപാതൈർവിലസുമൊരുവിലാ-
സൈന്തന്നോഷാ ചചാ-
ത്തിന്ത്രൈലോക്യപ്രമോദം വിഹൃതിമകൃത
ളത്തിലാളീസമേതാ. (മേ-

മിന്നീടുംപൊന്മലേശം മൂഹരിളകിന്നവാർ
കുണ്ഡലം നീളമണ്ടും
കുന്തളക്കോൺകലുങ്ങും പകലശമഴി-
ഞ്ഞഥ സുസ്മസ്മിതകേശം
മന്ദം കൊഞ്ചുന്ന ചൊല്ലണിന്തരിവള ചിലനാ-
ളോമൽ പന്താട്ടമാറു-
ണ്ടന്നേരം കാണ്കിലെന്തോർ ശരന്നമരി
ക്കൊണ്ടുതണ്ടാപ്രമോദം. (പോടി-

ചേലാഞ്ചലേന ചലിതാർശ്ശലതാപ്രകാ-
(ണ്ഡൈയ്ഡ:
വ്വേണിഭരേണ ചലയാദൃശലയീകൃതേന
ഹേലാഹിത ഭ്രമരക്ക്രമിമണ്ഡലീഭിഃ
മത്രത്രയം രചയതീവ ചിരന്തനത്ഭൂഃ.

അമന്ദമണിനൂപുരകപണിത
തപാരുപാരിക്രമം
ധ്വണജ്ജ്ജണിതമേഖലം സ്ഖലിത
തതാരഹാരച്ഛടം
ചലൽകനകകങ്കണാവലി
വിശേഷവാചാലിതം
മനോഹരതിസൃഭവൽകിമ-
പികന്ദുകക്രീഡിതം

മലർമണമെഴുമുദ്യാനാന്തകേണാബേനോ സഖ്യാ
ലളിതമൃദുനപാദൈശ്ശുപ്ലകീലാവദായന്തീ
കലിതരുചികമ്പിൻകാന്തനോശേരിപോ-
(ലേ

ചിലപൊഴുതൊരുഡോളാകേളികോലുംസ്ത്ര
(ശാംഗീ.

കമലമുഖിസഖീഭിസ്സാകമേകാന്തസ സ്ഥാ
സ്സമധുരനിനദശ്രീമോഹിതാശേഷലോകാ
പ്രമദതരളമോരോനാളിലമ്മാനലീലാം
കിമപിതടവുമല്ലാനോദ്യദ്ദത്താളതാളം.

മനോഹരംകഞ്ചനസ്വാപുമാംസം
കനാവിലാനന്ദതരംഗിതാംഗീ
അന്യൂനരാഗംനിശികണ്ടൊരുന്നാൾ
മനോജലീലാസമയേപുണൎന്നാൾ.

തമഥതരുണാരത്നംപൂണ്ടരാഗാന്ധ ചിത്താ
കമലമുഖികനാവത്താസപദിക്ഷംദശായാം
കിമപിബതവെടിഞ്ഞുംപോകലാനില്ലനി
(ല്ലെ-
ന്നവനൊടുവിലപന്തിഹന്തപെട്ടന്നുണ
(ൎന്നാൾ.

ഉൽക്കണ്ഠാമകമേകലന്നഗതിസാ
തൽകാന്തമത്യാഗ്രഹ-
പ്രക്ഷോഭത്തൊടുനീളനോക്കിവിവശാ
ശയ്യാഗൃഹാഭ്യന്തരേ
ദുഃഖംപൂണ്ടമുമേവസന്തതമസൌ
ചിന്തിച്ചനന്യസ്പൃഹാ
പ്രക്ഷീണാമദനാഗ്നിലീഢസുകമാ-
രാംഗീമയങ്ങിടിനാൾ.

തൻകാമാതങ്കമയ്യോസഖിയൊടുപറവാ-
നംഗ്ഗദ്ധമ്മൂടുവാനും
മംഗല്യാപാംഗിവല്ലാഞ്ഞണിശയനതലേ
വീണപയ്യാകലാംഗീ
തങ്ങീടുംബാഷ്പപൂരംനയനയുഗമട-
ച്ചാശ്രുതസംഗമശ്രീ.
സങ്കല്പാനന്ദമുദ്രാംനിളതമനുഭവി-
ച്ചാശപാസന്തീകിടന്നാൾ.

തസ്യാവൃത്താന്തവുംഭാവവുമടനയഥാ-
പൂൎവ്വമാലോക്യമേന്മേ-
ലുൾത്താപംപൂണ്ടുകേളീസഖിസരസമണ-
ഞ്ഞന്തികേ ചിത്രലേഖാ
ഉത്സംഗേ ചത്തനംഗജ്വലനമുദിതമം-
ഗന്തഃലാടിത്തലോടി-

പ്പൂത്തന്മാധ്വീരസ-ത്തുകിനമൃദ്ധവചസാ
മോദയന്തീബഭാഷേ.

കംപ്രത്യാസീത്സപയമഭിമുഖീ
ദൈവസംപത്തിരേഷാ
സൌഭാഗ്യാന്തസ്സരവികൃതയഃ
കസ്യചോൽഘോഷയന്തി
അസ്മാഭിസ്സംപന്മനസിജരുജ-
ശ്ശണപതോവണ്യമാനാഃ
കസ്യേന്ദ്രതോപഗ്ര്യവമതിയുതാ-
സ്സംപതിഷ്യന്ത്യപാംഗാഃ.

ആരെത്തൊട്ടുത്രിലോക്യാമനുഗ്ഗണതകല-
ന്മമനോജ്ഞാംഗിദൈവം
ചാരുതപാസ്ഥാനമേവൻമനസിനിഴലെട്ടു-
ത്തനപഹന്ധന്യജന്മാ
സ്ത്രീരത്നപ്പൊന്നരിമ്പേതവവിധുരദശാ-
മിദ്ദശിംചേത്തതയ്യോ
നേരത്തെന്നോടിദാനീംപ്രിയസഖിനിഖിലം
ചൊല്ലെടോവൈകിയാതെ.

ഭദ്രേനിൻകോപ്പിതെന്തെന്തഖിലകുലവധൂ
ലോകമമ്പോടു ചാൎത്തും
പുത്തൻമാണിക്യമാലേകഥയകഥയക-
ല്യാണിസന്താപമൂലം
ഉൾത്തിങ്ങുംവ്രീളകൊണ്ടെൻപ്രിയസഖിമ
ടാശ്ശുമുഖാംഗനാനാ.
(തിമ്മ.
മെത്താതൊന്നല്ലിതെന്താർശരനിഗമപര
ബ്ബ്രഹ്മമേചിന്തയേഥാഃ.

തനപീശിഖാമകരികംഷ്ടമിതോമലേനിൻ-
നെന്മേനിവാകമലർകൈതൊഴമംഗരേഖാ
അന്യാദൃശീബത ചമഞ്ഞിതുഘമ്മകാല-
ത്തൊന്നോറവാടുമിളമല്ലികയെന്നപോലെ.

എല്ലാനാളുംവിശേഷാലയിതവസുഖദുഃ-
ഖങ്ങളെങ്കൽപകൎന്നി-
ട്ടല്ലോകീഴിൽക്കഴിഞ്ഞൂഭഗമിനിയുമത-
വ്വണ്ണമേകൈവരേണം
ചൊല്ലീടെന്നോടിദാനീംപ്രസന്നമിത്തുരഹ-
സ്യന്തുലോമെങ്കിലുംകേ-
ളൊല്ലാധന്യേസഖീവഞ്ചനമഖിലമനോ-
ജ്ഞാംഗികല്യാണിനീനാം.

(തുടരും)

# ചില നാട്ടുരാജാക്കന്മാർ

**1 കാശ്മീരം** — പ്രസിദ്ധമായ ഹിമവാൻ രണ്ടു നിരകളായിട്ടാണ് വിന്ധ്യപൎവ്വതത്തിന്റെ വടക്കെഭാഗമായ ഹിന്തുസ്ഥാനത്തിന്റെ വടക്കെ അററത്തു നെടുനീളെ കിടക്കുന്നതു്. ഇതിൽ വടക്കെ നിരയുടെ അടിയിൽ ഇന്ത്യയുടെ വടക്കെപടിഞ്ഞാറു ഭാഗങ്ങളിലായിട്ടാണ് കാശ്മീരരാജ്യം. ഈ രാജ്യത്തിന്റെ നാലുപുറവും ഉയൎന്ന മലകൾ ഉണ്ടു്. ജംബു എന്ന പ്രസിദ്ധമായ ദേശവും ഈ രാജ്യത്തിൽ ചേൎന്നതാണ്. എണ്പതിനായിരം ചതുരശ്രനാഴികയാണ് ഇതിന്റെ വിസ്താരം. ജനങ്ങളിൽ അധികഭാഗവും മഹമ്മദീയരാണെങ്കിലും രാജാവു ഹിന്തുവാണ്.

ഏററവും വിശേഷപ്പെട്ട കാശ്മീർ താഴ്വര ഈ രാജ്യത്തിന്റെ മദ്ധ്യത്തിൽ ജലംനദി എന്ന പേരായ പുഴയുടെ ഇരുവശത്തുമായി ഉണ്ടാകനിമിത്തമാണ് ഈ രാജ്യത്തിന്നു മുഴുവൻ കാശ്മീരമെന്നു പേരുണ്ടായതു്. ഏററവും മനോഹരങ്ങളായ പ്രദേശങ്ങളിലൊന്നാണ് ഈ രാജ്യമെന്നുള്ളതിൽ പക്ഷാന്തരമില്ല. ചുററുമുള്ള മലകളേക്കൊണ്ടും ഈ പ്രദേശത്തിന്നുണ്ടാകുന്ന ഭംഗി ഒന്നു പ്രത്യേകം തന്നെയാണ്. പ്രകൃതിയുടെ വൈചിത്ര്യം കണ്ടു രസിപ്പാൻ ആഗ്രഹമുള്ളവൎക്കു ഇതിലും നല്ലതായ ഒരു സ്ഥലം ലോകത്തിലില്ലെന്നുതന്നെ പറയാം.

ഇവിടത്തെ രാജവംശം ദോഗ്രാരാജപുത്രവംശത്തിൽ പെട്ടതാണ്. ഇപ്പോഴത്തെ മഹാരാജാവായ പ്രതാപസിംഹൻ ൧൮൫൦ മേയിമാസം ൨൩ാം൹-യാണ് ജനിച്ചതു്. ൧൮൮൫ലാണ് മഹാരാജാവായതു്. മഹാരാജപട്ടം കെട്ടി അധികം കഴിയുന്നതിന്നു മുമ്പിൽ ഇദ്ദേഹത്തിന്റെ പേരിൽ ഇന്ത്യാഗവൎമ്മേണ്ടിന്ന് ഏതോ അതൃപ്തിയുണ്ടെന്നുള്ള സംശയം തോന്നുകയാൽ തന്റെ പൂൎണ്ണാധികാരം ൧൮൮൯ മുതൽ ൫ കൊല്ലത്തേക്കു തന്റെ പൂൎണ്ണമനസ്സോടുകൂടി ഇദ്ദേഹം വെച്ചൊഴിഞ്ഞു. അക്കാലത്തു മഹാരാജാവും വേറെ മൂന്നു മെമ്പൎമാരും ചേൎന്ന ഒരു സഭ വഴിക്കാണ് രാജ്യം ഭരിച്ചുപോന്നിരുന്നതു്. ഈ സഭയിൽ മഹാരാജാവു സഭാനാഥനും അദ്ദേഹത്തിന്റെ സഹോദരന്മാരിൽ ഒരാൾ ഉപസഭാനാഥനും മൂന്നാമത്തെ സഹോദരൻ സൎവ്വസൈന്യാധിപനും ആയിരുന്നു. ഈ അഞ്ചു കൊല്ലത്തെ ഭരണവിശേഷം നിമിത്തം ആ കാലത്തിന്നു ശേഷം മഹാരാജാവിന്നു തന്നേ പൂൎണ്ണാധികാരം തിരിയെ ലഭിച്ചു. ഇദ്ദേഹം ശാസ്ത്രോക്തപ്രകാരം ബ്രാഹ്മണരുടെ ഉപദേശം അനുസരിച്ചു രാജ്യം ഭരിച്ചുവരുന്ന ഒരു ഉത്തമമഹാരാജാവാകുന്നു. ആ രാജ്യത്തെ ബ്രാഹ്മണൎക്കു പണ്ഡിതർ എന്നാണ് അവിടങ്ങളിൽ സാധാരണ പറഞ്ഞുവരുന്നതു്. ഇപ്പോൾ ഈ പണ്ഡിതന്മാരുടെ ഉപദേശപ്രകാരം തന്റെ രാജ്യത്തിൽ ഗോഹത്യ ചെയ്യാനോ, ഗോമാംസം കൊണ്ടുവരുവാനോ പാടില്ലെന്നു നിൎബ്ബന്ധിച്ചിട്ടുള്ളതിൽനിന്നു ഇദ്ദേഹത്തിന്റെ ധൎമ്മശാസ്ത്രപ്രതിപത്തി ഊഹിക്കാവുന്നതാണല്ലൊ. കാശ്മീരം എന്നതു കാശ്യപപുരം പോയി കശ്മപുരമായി കാശ്മീരമായതാണത്രേ.

**2 പത്തിയാല** — ശിഖർ രാജ്യങ്ങളിൽ ഏററവും വലിയതും പ്രാധാന്യം ഏറിയതും ആണ് ഈ രാജ്യം. ഡൽഹിയു

ടേയും ശതദ്രു നദിയുടേയും മദ്ധ്യത്തിലാണിത്. വിസ്താരം ൫൯൬൦ ചതുരശ്രനാഴികയാണ്.

ഈ രാജ്യത്തിലെ ഇപ്പോഴത്തെ മഹാരാജാവിന്നു രാജേന്ദ്രസിംഹനെന്നാണു പേർ. ശിഖർ വർഗ്ഗത്തിന്റെ മതസ്ഥാപകൻ നാനാക്ക് ഗുരുവാണെന്നും, അദ്ദേഹത്തിന്റെ പിൻവാഴ്ചക്കാരായി പത്തു ആചാര്യന്മാർ ഇവർക്ക് ഉണ്ടായിരുന്നു എന്നും മഹമ്മദീയരുടെ ഉപദ്രവം നേരിട്ട കാലം മുതല്ക്കു യുദ്ധതന്ത്രത്തിൽ ഇവർ പരിചയിച്ചു നൈപുണ്യം സമ്പാദിച്ചുവെന്നും അതിധീരനെന്നു പ്രസിദ്ധനും പഞ്ചാബിലെ രാജാവുമായ രഞ്ജിതസിംഹന്റെ കാലത്ത് ഈ വർഗ്ഗക്കാരുടെ ശക്തി ഹിന്തുസ്ഥാനത്തിന്റെ വടക്കുപടിഞ്ഞാറു ഭാഗങ്ങളിൽകൂടിയും പ്രബലമായി വ്യാപിച്ചിരുന്നുവെന്നും ചരിത്രപ്രസിദ്ധങ്ങളായ സംഗതികളാണ്. രഞ്ജിതസിംഹൻ പത്തിയാല രാജ്യം പിടിച്ചു പഞ്ചാബിനോടു ചേർക്കുവാൻ ശ്രമിച്ചപ്പോൾ, അക്കാലത്ത് ഈ രാജ്യത്തെ മഹാരാജാവായ അമരസിംഹൻ ഇംഗ്ലീഷുകാരോടു സഹായത്തിന്നാവശ്യപ്പെട്ടു. അന്നു മുതൽക്കാണ് ഈ രാജവംശം ഇംഗ്ലീഷുകാരുടെ ആധിപത്യത്തിൻ കീഴിലായത്.

ഈ വംശത്തിലെ രാജഞിമാർ ധൈര്യത്തിലും രാജ്യഭരണനൈപുണ്യത്തിലും ശ്രുതിപ്പെട്ടവരാണ്. രാജാക്കന്മാരുടെ ഉദാസീനതകൊണ്ടോ മറ്റോ രാജ്യത്തിന്നു ആപത്തു വരുവാൻ വഴിയായ സമയങ്ങളിലെല്ലാം ബുദ്ധിമതികളായ രാജ്ഞിമാർ അവരുടെ അശ്രാന്തപരിശ്രമംകൊണ്ടും പ്രാപ്തികൊണ്ടും രാജ്യത്തെ രക്ഷിച്ചു കീർത്തി സമ്പാദിച്ചിട്ടുണ്ട്. മഹാരാജാവായ രാജേന്ദ്രസിംഹനു ഇപ്പോൾ ഏകദേശം നാല്പതു വയസ്സു പ്രായമാണ്. ചെറുപ്പത്തിൽത്തന്നെ അച്ഛൻ മരിച്ചുപോയതു നിമിത്തം ഇദ്ദേഹത്തിന്നു പ്രായം തികയുന്നതുവരെ ഒരു പ്രത്യേക ആലോചനസംഘത്തിന്റെ കീഴിലായിരുന്നു രാജ്യം ഭരിച്ചിരുന്നത്. പ്രായം തികഞ്ഞ ഉടനെ രാജ്യഭാരം കയ്യേററു ശരിയായി രക്ഷിച്ചുവരുന്നു. ഇദ്ദേഹത്തിന്റെ പട്ടമഹിഷി മിസ്സ് ഫ്ലോറി ബ്രയൻ എന്നു ഒരു ആംഗ്ലേയസ്ത്രീയാണെന്നുള്ളത് ഒരു പ്രത്യേകസംഗതിയാകുന്നു.

3 കപൂർത്തലം — സിന്ധുനദിയുടെ പോഷകനദികളോടു ചേരുന്ന ജലന്ദർ, ബീയാസ് എന്നിവയുടെ നടുവിലുള്ള ഒരു ചെറിയ നാട്ടുരാജ്യമാണിത്. പത്തിയാല രാജ്യത്തിന്റെ വടക്കായി ഹിമവാന്റെ അടിവാരത്തിലാണ് ഈ രാജ്യം. ൬൦൦ ചതുരശ്രനാഴിക വിസ്താരം. ജനസംഖ്യ മൂന്നുലക്ഷത്തിലധികമുണ്ട്. ഇത്ര ചെറിയതാണെങ്കിലും ഈ രാജ്യം വളരെ പ്രസിദ്ധമാണ്. പരിഷ്കാരകാംക്ഷികളും ബുദ്ധിമാന്മാരുമായ രാജാക്കന്മാരുടെ ഭരണസാമർത്ഥ്യമാണ് ആ പ്രസിദ്ധിയ്ക്കു കാരണമെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതാകുന്നു.

കപൂർത്തലരാജവംശം 'അല്ലു' എന്ന ഗ്രാമത്തെ സ്ഥാപിച്ച മഹാനായ സാദവസിംഹന്റെ സന്താനപരമ്പരയാണ്. അതു നിമിത്തം ആ രാജവംശത്തിന്ന് 'അല്ലുവല്ലിയ' എന്ന് ഒരു പ്രത്യേകസ്ഥാനപ്പേരുണ്ട്. ഈ വംശത്തിലെ ആദ്യത്തെ പ്രധാനപുരുഷൻ വലിയ പടനായകന്റെ നിലയിൽ കീർത്തിപ്പെട്ട ജയസിംഹനാണ്. ശിഖരുടെ വകയായ നാണയം ഒന്നാമതായി അടിപ്പിച്ചതും അവരെ യുദ്ധതന്ത്രം പഠിപ്പിച്ചതും കപൂർത്തലപ്പട്ടണം മഹമ്മദീയരിൽനിന്നു കൈവശപ്പെടുത്തിയതും ഈ ജയസിംഹനാകുന്നു. രഞ്ജിതസിംഹന്റെ കാലത്ത് ഈ രാജ്യത്തെ രാജാവ് അദ്ദേഹ

ത്തോടു സഖ്യം ചെയ്തു. ൧൮൪൯-ൽ ൨ാം ശിഖർ യുദ്ധത്തിനു ശേഷം ഇംഗ്ലീഷുകാരുടെ കീഴിലുള്ള നാട്ടുരാജ്യമായിത്തീൎന്നു. വലിയ ശിപ്പായിലഹളക്കാലത്തു രാജദ്രോഹികളെ അമൎച്ച ചെയ്വാൻ മഹാരാജാവു വളരെ സഹായിക്കുക നിമിത്തം ബ്രിട്ടീഷു ഗവൎമ്മേണ്ടിൽനിന്ന് അനേകം സ്ഥാനമാനങ്ങൾ കിട്ടീട്ടുണ്ട്,

ഇപ്പോഴത്തെ മഹാരാജാവിന്നു ജഗത്സിംഹനെന്നാണ് പേർ· വയസ്സമുപ്പത്താറു കഴിഞ്ഞു. ചെറുപ്പത്തിൽ തന്നെ അച്ഛൻ പരലോകം പ്രാപിച്ചതിനാൽ വിദ്യാഭ്യാസം മുതലായതും കൂടി യൂറോപ്യൻ സ്വപ്രഭുക്കന്മാരുടെ അധീനത്തിലാണുണ്ടായിട്ടുള്ളത്. ൧൮൯൦-ൽ രാജ്യഭാരം കയ്യേററു നടത്തിത്തുടങ്ങി. കാൻഗ്രാ ദേശത്തിലെ പ്രബലവൎഗ്ഗത്തിൽ ജനിച്ച ഒരു രാജപുത്രസ്ത്രീയാണ് പട്ടമഹിഷി. മഹാരാജാവിന്നു സ്വഭാഷയ്ക്കു പുറമേ ഇംഗ്ലീഷും ഫ്രഞ്ചും നല്ലവണ്ണം സംസാരിക്കാം. ഇദ്ദേഹത്തിന്റെ ... കൊണ്ടു രാജ്യം ക്രമത്തിൽ പുഷ്ടിയെ പ്രാപിച്ചുവരുന്നുണ്ട്.

4 ബറോഡ — ബോമ്പാ സംസ്ഥാനത്തിൽ ഗുജരാത്ത്, കാത്തിയവാർ, ആൽദ്വീപ് എന്നീ പ്രസിദ്ധസ്ഥലങ്ങളടങ്ങിയ ബറോഡ ഒരു ഒന്നാന്തരം നാട്ടുരാജ്യമാണ്. വിസ്താരം ൮൨൦൦ ചതുരശ്രനാഴികയുണ്ട്. എണ്ണായിരത്തിലധികം സൈന്യങ്ങൾ ഉള്ള രാജ്യമാണിത്. പ്രദേശങ്ങൾ മിക്കതും വളരെ ഫലവത്തായിട്ടുള്ളവയും പരുത്തി ധാരാളമായി വളരുന്നവയുമാണ്.

രാജവംശത്തിന്നു 'ഗേകവാർ' എന്ന ഒരു പ്രത്യേകസ്ഥാനപ്പേരുണ്ട്. പശുപാലകൻ എന്നാണത്രെ ഈ വാക്കിന്റെ അൎത്ഥം. 'ദാമാജി ഗേകവാർ' എന്ന ഒരു പ്രസിദ്ധയോദ്ധാവാണ് ഈ രാജവംശം സ്ഥാപിച്ചത്. 'ബാലാജിറാവു' പേഷ്വയുടെ കാലത്താണ് ഈ ദാമാജി ജീവിച്ചിരുന്നത്. ഗുജരാത്തു രാജ്യം മുഗൾചക്രവൎത്തികളുടെ അധീനത്തിൽനിന്നു മഹാരാഷ്ട്രന്മാരുടെ അധീനത്തിലാക്കിത്തീൎത്തവിരനാണ് ദാമാജി. ൧൮൦൨-ലാണ് ഗേകവാർ ഇംഗ്ലീഷുകാരായി സഖ്യം ചെയ്തത്. അടുത്ത ദൂൎക്കാലത്തു രാജ്യം ഭരിച്ചിരുന്നതു ഗേകവാർ മൽഹാർറാവു എന്ന മഹാരാജാവായിരുന്നു. അദ്ദേഹത്തെ എന്തോ ചില സംശയങ്ങൾ നിമിത്തം ഇന്ത്യാ ഗവൎമ്മേണ്ടു സ്ഥാനഭ്രഷ്ടനാക്കി. അദ്ദേഹത്തിന്റെ പിൻവാഴ്ചക്കാരനാണ് ഇപ്പോഴത്തെ ഗേകവാർ മഹാരാജാവ്.

ഈ മഹാരാജാവ് 'സായാജിറാവു ഗേകവാർ' രാജവംശത്തിൽ പെട്ട ആളാണെങ്കിലും കഴിഞ്ഞ മഹാരാജാവുമായി ഇദ്ദേഹത്തിന്ന് അ... ... ... ഇന്ത്യയിലെ നാട്ടു... ങ്ങളിൽ എല്ലാംകൊണ്ടും ഒന്നാം ... പിടിച്ചിരിക്കുന്ന ഈ പ്രശസ്തരാജ്യം ഭരിച്ചുപോരുന്ന ഇദ്ദേഹം ആദ്യകാലത്തു വളരെ ദരിദ്രനായ ഒരു കൃഷിക്കാരൻ കുട്ടിയായിരുന്നുവെന്നുതന്നെ പറയാം. ഇദ്ദേഹത്തിന്നു പ്രായം തികയുന്നതുവരെ രാജ്യം ഭരിച്ചുവന്നതു പ്രസിദ്ധനായ സർ. ടി. മാധവറാവുവായിരുന്നുവെന്നു പലൎക്കും അറിവുള്ള സംഗതിയാണല്ലോ. മഹാരാജാവു തഞ്ചാവൂർ രാജവംശത്തിൽ നിന്നാണ് വിവാഹം ചെയ്തിട്ടുള്ളത്. ൧൮൮൧-ൽ രാജ്യഭാരം കയ്യേററു. പ്രജകളുടെ ക്ഷേമത്തിൽ ഇത്രത്തോളം താൽപൎയ്യമുള്ള ഒരു മഹാരാജാവ് ഈ രാജവംശത്തിൽ മുമ്പുണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. പരിഷ്കരണകാംക്ഷികളായ നാട്ടുരാജാക്കന്മാരിൽ എററവും പ്രധാനിയാണ് ഈ മഹാരാജാവെന്നുള്ളതിന്നു സംശയമില്ല. ബറോഡ 'വിരാട'മാണത്രേ.

# തത്ത്വാവബോധസപ്തതി

ചോത്താലൊരന്തമണയാത്തവിധത്തിലേറി-
ത്താനെത്തന്നലേറുമുകിൽമാലകൾപാ-
ഞ്ഞിടുന്നു;
നേത്തീടിലുണ്ടിടിയുമൂറ്റൊരുകൊള്ളിയാനും
നോത്തീടുമങ്ങുമഴപെയ്യിലിതെന്തുമായം?
ന്യൂനത്തിനംപ്രതിയുദിച്ചിടുമസ്തമിക്കും,
താരാഗണങ്ങളുമതിൻപടിയാചരിക്കും,
താരേശനാംക്രമമതായ്ക്ഷയവൃദ്ധിയുണ്ടി,
ന്നാരാണിതൊക്കെനിയമിച്ചതിതിൻപ്ര-
(കാരം?
ഗ്രാമങ്ങളുംനദികളുംവനവുംനിറഞ്ഞ
ഭൂമണ്ഡലോരമിതുതാങ്ങുവതാരുപാരം?
ഗോവുംമൃഗങ്ങളുമനേകവിധാണ്ഡജങ്ങൾ
മേവുന്നതാരുടെയശാസനയാലിദാനീം?
തുല്യംമനുഷ്യരുടെദേഹമതാകിലെന്താ-
ണന്യോന്യമായ്വിലസുന്നിഹചിൽപ്രഭാവം;
ഇച്ഛിച്ചപോലെമനതാരുചരിക്കുമെന്നാ-
ലാച്ഛാദനംപുനരതിന്നുമിതാരുനൽകി?
ഈവണ്ണമായുലതുമത്ഭുതശക്തിയോടു
മേവുന്നതോക്കിലിതിനൊക്കെനിയാമക-
(ത്വം
കൈവന്നദിവ്യനതിമാനുഷനായൊരാളു-
ണ്ടെവംമനസ്സിലൊരുബോധമുദിച്ചിടുന്നു.
ഈബോധമാണുസകലത്തിനുമുണ്മയായി
പ്രാബല്യമോടുവിലസുന്നതുബാലഹൃത്തിൽ
ബാല്യകാലമതിനാൽസുഖദായകംതാൻ-
ദൌർബ്ബല്യമേറിടുകിലുംമനുജന്നുദേഹം.
ഘോരായമാർഗ്ഗമതിലാണുമനഃപ്രവൃത്തി
ചേരുന്നതും,കപടമേതുമുദിക്കയില്ല;
നിരേതുമങ്ങുകലരാത്തകൊന്നപാലിൻ-
നേരായബാലഹൃദയംപരിശുദ്ധമത്രേ.
സ്നേഹിച്ചിടുംനിരുപാധികമായിയേതു-
മീഹിച്ചിടുന്നതുമതിൻപടിയാണുപാത്താൽ
ഊഹിച്ചിടാൻപടുതയോ,കപടങ്ങൾചെ-
(യ്യാൻ
മോഹിക്കയോഹൃദി,കിടാങ്ങളിലുള്ളതല്ല.
നിഷ്കല്മഷസ്ഥിതിയിതൊക്കെവെടിഞ്ഞുമ-
(ർത്ത്യൻ
ശുഷ്കങ്ങളായചപലതിൽബഹുമോഹമാന്നു്
ശുഷ്കാന്തിയോടുപണിചെയ്തിഹലോകയാ-
വിഷ്കംഭകംസരസമായിനടിച്ചിടുന്നു. (ത്ര-
വേഷംധരിച്ചപുതുതാസ്വരമിങ്ങരങ്ങിൽ-
ഭോഷൻപുനശ്ചപലയങ്കവുമാടുവാനായ്
കാഷായമാന്നിടുകിലുംകസവുള്ളപട്ടു
ഭേഷായുടുത്തിടുകിലുംനടനൊന്നുതന്നെ.
കൂത്തെന്നൊന്നാളിതുപടിക്കുനടന്നകാലം
കെട്ടിക്കളിച്ചകളിയുംസമയംവ്യഥൈവ;
വീട്ടിൽതിരിച്ചൊടുവിൽവന്നിടുമപ്പിലേച്ചു
കിട്ടാഞ്ഞുകാത്തുകിടവന്നണയുന്നനേരം
മത്സ്യമൊക്കെയുമടങ്ങിമടങ്ങിവീട്ടിൽ-
ക്ഷേമത്തമൊക്കെയുമകന്നുമകന്നുവേണ്ടി
ക്ഷേമത്തിലങ്ങുകഴിയുംകഴയുംദശായാം
രാമാ!നിനക്കുമവനുംനവനീതചോരം-
തക്കംപറഞ്ഞുലകനീശ്വരമാക്കിയിട്ടാൻ
വീക്ഷന്നവന്നൊടുയശേച്ഛമമന്നിടട്ടേ;
കാക്കാലമാന്നിരുളിലങ്ങുഴലുന്നനേരം
പാക്കാനവന്റെവിരുതൊക്കെയുമെങ്ങ-
(പോയോ?
ശല്യംനമുക്കമനതാരിലുദിച്ചിടുമ്പോൾ
കല്യതപമേകിയിരുളിൽതെളിയൊന്നു-
(നൽകാ
ബാല്യത്തിലന്നുവഴികാട്ടിയദീപമൊന്നേ
മൂല്യംകവിഞ്ഞതുതലായ്നിലനില്ക്കയുള്ളൂ
എന്നുള്ളവസ്തുതമനസ്സിലുറച്ചശാന്തി
വന്നീടുമപ്പൊഴതുവഴ്ക്കിലുമൾപ്രദേശേ
മിന്നീടുമങ്ങുലെനാമവിടേക്കുചെന്നു-

ചേർന്നോരപാരതമതത്ത്വമഹാസമുദ്രം
എത്തീടൊലാമവിടയങ്ങുടനേനമുക്ക
പാർത്തീടലാംചെറുകിടാങ്ങൾകടല്പുറത്തു്
തത്തിക്കളിച്ചമരുവുന്നതുമംബുരാശി
വീർത്തൊരുവമ്പൊടുമുഴങ്ങുവതും ഗഭീരം.
പാടിൻപ്രമോദമൊടുപക്ഷികളേ!മനോജ്ഞ-
മാടിൻവിലാസമൊടുമാടുകളേ!നിതാന്തം;
കൂടുന്നകൂട്ടിനിഹഞങ്ങളുമുള്ളലിഞ്ഞു
കൂടുന്നകൂറൊടുകളിച്ചിടുവാൻവരുന്നു.
വേണ്ടാനമുക്കശിശുവായിവളൎന്നനാളി-
ലുണ്ടായിരുന്നപരിതോഷമിതിങ്കലിപ്പോൾ
പണ്ടങ്ങുപോയദിവസങ്ങൾതിരിച്ചുകിട്ടാ-
നിണ്ടൽപ്പെടുന്നതുപയോഗമതുള്ളതാ-
(ണോ?

എന്നാലുമന്നുമനതാരിലുദിച്ചമോദ-
മൊന്നോടെവിസ്മൃതിവരുന്നതശക്യമല്ലേ?
ഒന്നിച്ചിരുന്നുവിളയാടിയകൂട്ടരോടു
പിന്നീടുചേരുമളവിൽപരിതോഷമുണ്ടാം.
ശോകംനമുക്കപലനാളുകമേമുഴുത്തു
പാകംമനസ്സിനുവരുത്തുവതെന്തുപാരിൽ
ചാകുന്നവേളയിലുമെന്തിഹധൈര്യമേക-
മേകാന്തഭക്തിയൊഴികെഭഗവാനിലെ-
(ന്നും?

കാണായിടുംസകലവുംഭഗവദ്വിലാസ-
മാണെന്നുതന്നെമനതാരിലുദിച്ചബോധം
പ്രീണിച്ചിടാമിഹനമുക്കവയെച്ചെറുപ്പം
ഛണ്ണാൻവാണദിവസങ്ങളിലെന്നവണ്ണം.

വാനെത്തിടുംമലകളേ!നിഴൽനൽകിടുന്ന
കാനങ്ങളേ!കമലകാന്തികലൎന്നപൊയ്കേ!
ഞാനിന്നുനിങ്ങളൊരുമിച്ചുവസിച്ചിടുന്നി-
ല്ലെന്നാകിലുംമഹിമനിങ്ങടെയോർമ്മയുണ്ടു.
ചാടിക്കുതിച്ചുചെറുപയ്യനതുല്യമായി-
ട്ടോടുന്നചോലകളെനിക്കുമനോഹരങ്ങൾ;
മോടിക്കുചേരുമരുണോദയരാഗമംഗി
വാടാതെയെന്നുമകമേമമനിന്നിടുന്നു;
മായാമയൻത്രിഭുവനേശ്വരചിത്രകാരൻ
ചായങ്ങളെന്നുമിഹചേർത്തുമനോജ്ഞമായി
പായിച്ചിടുന്നമുകിൽമാലകളാൎക്കുതന്നെ
സായാഹ്നവേളയിലിളക്കുകയില്ലചിത്തം?
പണ്ടുള്ളനാളിലിഹകേളിവളർത്തുവാനാ-
യുണ്ടായതായിനിനവാൎന്നപദാൎത്ഥമെല്ലാം
തണ്ടാരിൽമാതിനുടെകാന്തനണിഞ്ഞിടുന്ന
പണ്ടങ്ങളെന്നുമമബോധമുദിച്ചസത്യം.
അണുതമമപിപുഷ്പംകണ്ണിലേകുന്നുബാഷ്പം
പ്രണയമസൃണമാക്കിച്ചിത്തതാരിന്നെനിക്കു
ക്ഷണമപിഭഗവാനിൽഭക്തിയേറുംപുമാ-
(ന്റിൽ
ത്തൃണമപിവലുതാകുംസച്ചിദാനന്ദമേകം.

---

ഒരുവിധമെഴുതിത്തീർത്തേൻ
ഗുരുകൃപകൊണ്ടിന്നുതത്ത്വബോധമിതു
പെരുവഴിപോകുംജനതതി
കരുമനക്കൂടാതെനോക്കിയാൽകൊള്ളാം.

എം. രാജരാജവൎമ്മതമ്പുരാൻ എം. ഏ., ബി. എൽ.

# കേരളീയഭാഷാശാകുന്തളം

പരിഷ്കരിച്ച ഒന്നാം പതിപ്പ്.

(൩)

യാസൃഷ്ടിഃസ്രഷ്ടുരാദ്യാവഹതിവിധിഹുതം
യാഹവിര്യാചഹോത്രീ
യേദ്വേകാലം വിധത്തഃശ്രുതിവിഷയഗുണാ
യാസ്ഥിതാവ്യാപ്യവിശ്വം
യാമാഹുസ്സർവ്വഭൂതപ്രകൃതിരിതിയയാ
പ്രാണിനഃപ്രാണവന്തഃ
പ്രത്യക്ഷാഭിഃപ്രപന്നസ്തനുഭിരവതുവ-
സ്താഭിരഷ്ടാഭിരീശഃ.

ഇതാണല്ലൊ കാളിദാസന്റെ ശാകുന്തളത്തിൽ നാന്ദിശ്ലോകം. ഇതിന്റെ തർജ്ജമയെപ്പററി ഗുണദോഷനിരൂപണം ചെയ്യുന്നതിനു പുറപ്പെടുമ്പോൾ, ഒന്നാമതായി ചിന്തിക്കേണ്ടതു കാളിദാസൻ ഏതു മതസിദ്ധാന്തത്തെ അനുസരിച്ചിട്ടാണ് ഈശ്വരനെ ധ്യാനിച്ചിരിക്കുന്നത് എന്ന സംഗതിയാകുന്നു. അതിനെ ഗ്രഹിക്കാതെ തർജ്ജമയെ തുലനംചെയ്തു നോക്കുവാൻ സാധിക്കയില്ല. മൂലശ്ലോകത്തിൽ കവി അടക്കീട്ടുള്ള ആശയങ്ങളെല്ലാം അന്യൂനമായി തർജ്ജമയിൽ ഉൾപ്പെടുത്തീട്ടുണ്ടോ എന്നു നിർണ്ണയിപ്പാൻ, മൂലശ്ലോകകർത്താവിന്റെ മനോഗതികളെ അറിഞ്ഞിരിക്കേണ്ടത് ആവശ്യകം തന്നെയാണ്. കാളിദാസൻ ശിവഭക്തനായിരുന്നു എന്നും, അദ്ദേഹം വേദാന്തത്തിൽ അദ്വൈതമതക്കാരനായിരുന്നു എന്നും, അദ്ദേഹത്തിന്റെ കൃതികളിൽ ഈശ്വരപ്രാർത്ഥന ചെയ്തിട്ടുള്ള ശ്ലോകങ്ങളെ നിരൂപണംചെയ്തു പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ശിവനെ അർദ്ധനാരീശ്വരനായും, അഷ്ടമൂർത്തിയായും ഉപാസനം ചെയ്ത്, അദ്ദേഹം തന്റെ പ്രാർത്ഥനകളിൽ ഈശ്വരനെ അപ്രകാരമാണ് സങ്കല്പിച്ചുപോന്നിട്ടുള്ളതെന്നു 'മാളവികാഗ്നിമിത്രം', 'രഘുവംശം', 'കുമാരസംഭവം' എന്ന കൃതികളിൽ ചില ശ്ലോകങ്ങളാൽ വെളിപ്പെട്ടിട്ടുണ്ട്. 'ശാകുന്തള'ത്തിലെ നാന്ദിയിലും, ശിവനെ അഷ്ടമൂർത്തിയായി സങ്കല്പിച്ചിരിക്കുന്നു. ഈ മൂർത്തികളാകട്ടെ, പൃഥ്വീമൂർത്തി, ജലമൂർത്തി, തേജോമൂർത്തി, വായുമൂർത്തി, ആകാശമൂർത്തി, യജമാനമൂർത്തി, ചന്ദ്രമൂർത്തി, സൂര്യമൂർത്തി ഇവയാണ്. ഇവ എട്ടും മനുഷ്യരുടെ സ്ഥൂലദൃഷ്ടിക്കു വിഷയീഭവിക്കുന്നതായ ഭൂമി, വെള്ളം, തീയ്, കാററു മുതലായ പദാർത്ഥങ്ങളല്ലെന്നും, ഇവയുടെ അവ്യാകൃതഭാവങ്ങളാണെന്നും നാം ഓർത്തിരിക്കേണ്ടതാണ്. ഇവക്കു 'തന്ത്രശാസ്ത്ര'ത്തിൽ, ശർവ്വ, ഭവ, രുദ്ര, ഉഗ്ര, ഭീമ, പശുപതി, മഹാദേവ, ഈശാന, എന്നിങ്ങനെ അധിഷ്ഠാനദേവതാനാമങ്ങളും പറയപ്പെട്ടിരിക്കുന്നു. മേല്പറഞ്ഞ എട്ടു മൂർത്തികളായി സങ്കല്പിച്ചിട്ടാണ് കാളിദാസൻ ഈശനെ ആരാധിച്ചിരിക്കുന്നത് എന്നുള്ളതോ ഇരിക്കട്ടെ. നാന്ദിശ്ലോകത്തിൽ ശാസ്ത്രാനുസരണം നാടകകഥയെ സൂചിപ്പിച്ചിരിക്കേണമെന്നു നിർബ്ബന്ധമുണ്ടെന്നുള്ളതിനേയും വിസ്മരിച്ചുകൂടുന്നതല്ലോ. ഇവിടെയാകട്ടെ, ശാകുന്തളത്തിലെ നായികാനായകന്മാരായ ശകുന്തളാദുഷ്ഷന്തന്മാരെപ്പററി സാരമായ സൂചനകളെ കാളിദാസൻ ശ്ലോകാർത്ഥത്തിൽ ഘടിപ്പിച്ചിരിക്കുന്നു എന്നത് അദ്ദേഹം വളരെ കരുതലോടെ ചെയ്തിരിക്കുന്ന പദപ്രയോഗത്താൽ ഗ്രഹിക്കാവുന്നതാണ്. 'സ്രഷ്ടുഃ'—ബ്രഹ്മാവിന്റെ

ആദ്യാസൃഷ്ടിഃയാ'—ആദ്യയായ സൃഷ്ടിയാതൊന്നോ അത്. ഇതാകട്ടെ, മേല്പറഞ്ഞ എട്ടു മൂൎത്തികളിൽ ജലം എന്നു പറയുന്ന അപ് ആണെന്നു ശാസ്ത്രങ്ങൾ ഘോഷിക്കുന്നു. ഈ അൎത്ഥത്തിന്നു പുറമെ, ഭൂലോകത്തിലെ ക്ഷത്രിയരാജവംശങ്ങളിൽ ഒന്നാമത്തേതായി പറയപ്പെട്ടിരിക്കുന്ന ഭരതവംശമെന്നും സൂചിപ്പിച്ചിരിക്കുന്നു. ഈ വംശത്തിന്റെ ജനയിതാവു ദുഷ്ഷന്തനാണെന്താരം· പിന്നെയും, ആദ്യാ എന്നതിന്നു ശ്രേഷ്ഠാ-ഉത്തമാ, എന്നും അൎത്ഥമിരിക്കയാൽ, ബ്രഹ്മാവിന്റെ സൃഷ്ടിയിൽ വെച്ച് ഉത്തമയായ ശകുന്തളയേയും സൂചിപ്പിക്കുന്നു. ('ഒതാസൃഷ്ടിയിവളെന്നത്രേനിനക്കുന്നുഞാൻ'— എന്നു ദുഷന്തൻ വൎണ്ണിച്ചിട്ടുള്ളതു തന്നെമരതെളിവാണല്ലോ.) 'വഹതിവിധിഹുതംയാ ഹവിഃ'—യാവിധിഹുതം ഹവിഃവഹതി—അതാവിതു, വിധിപ്രകാരം നൽകപ്പെടുന്ന ഹവിസ്സിനെ വഹിക്കുന്നതു യാതൊന്നോഅത്. അഷ്ടമൂൎത്തികളിൽ, അഗ്നിയെയാണ് ഇവിടെ അൎത്ഥമാക്കിയിരിക്കുന്നത്; ഇതു കൂടാതെയും, ദുഷ്ഷന്തനാകട്ടെ ശാസ്ത്രോക്തമായ വിധത്തിൽ, തന്റെ പ്രജകളോടു നിലത്തിലെ വിളവിൽ ആറിലൊന്നു (ഹവിസ്സ്)കരം മേടിക്കുന്നതിനാൽ, ദുഷ്ഷന്തനെന്നും; പിന്നെ, ദുഷ്ഷന്തനാൽ ഗാന്ധൎവ്വവിവാഹം വഴിയായി പത്നിയാക്കപ്പെട്ട ശകുന്തള ദുഷ്ഷന്തന്റെ ഹവിസ്സു (ബീജം) എറു ഭരതനെ പെറുകകൊണ്ടു ശകുന്തള എന്നും അൎത്ഥം വിവക്ഷിച്ചിരിക്കുന്നു. 'ഹോത്രി' എന്നത് ഈശന്റെ മറെറാരു രൂപമായ യജമാനമൂൎത്തി എന്ന് അൎത്ഥമാകുന്നതു കൂടാതെ; ഹോതാവായി പലേ യാഗങ്ങളേയും നടത്തുന്ന ദുഷ്ഷന്തൻ എന്നും, ആ യാഗങ്ങളിലൊക്കെ ധൎമ്മപത്നിയുടെ നിലയിൽ ദുഷ്ഷന്തനോടുഭാഗഭാക്കായിരിക്കുന്നശകുന്തള എന്നും സൂചിപ്പിക്കുന്നു. 'യേ ദ്വേകാലം വിധത്തഃ'—കാലത്തെ ഉണ്ടാക്കുന്നവർ രണ്ടും യാവരോ അവർ—എന്നതിൽ, പകലിനേയും രാത്രിയേയും വേറുതിരിക്കുന്ന സൂൎയ്യൻ ചന്ദ്രൻ എന്ന കാലകൎത്താക്കൾ എന്ന അൎത്ഥത്തിന്നും പുറമെ, ഓരോ ദിവസത്തിലും ഓരോ സംവത്സരത്തിലും ഇന്നയിന്ന സമയങ്ങളിൽ ഇന്നയിന്ന പ്രവൃത്തികൾ ചെയ്യണമെന്നു നിശ്ചയം ചെയ്ക ഹേതുവായി കാലത്തിന്റെ അധികൎത്താക്കളായിത്തീൎന്നിരിക്കുന്ന ശകുന്തളാദുഷ്ഷന്തന്മാർ എന്നും അൎത്ഥമാക്കിയിരിക്കുന്നു. ഇതും കൂടാതെ, ശകുന്തളയെ സംബന്ധിച്ചെടത്തോളം അവളുടെ കാലത്തെ അറിയിക്കുന്നവരായ അനസൂയ പ്രിയംവദ എന്നീ രണ്ടു സഖികളെന്നും സൂചിപ്പിക്കുന്നു. ഇവർ രണ്ടാളും, ദുൎവ്വാസസ്സിന്റെ ശാപത്തെ ഗ്രഹിച്ചിട്ടുള്ളവരാകയാൽ, അവർ ശകുന്തളയെ ദുഷ്ഷന്തന്റെ അടുക്കലേക്കു പറഞ്ഞയക്കുന്ന ഘട്ടത്തിൽ, അവളോടു, മുദ്രമോതിരത്തെ ഭദ്രമായി സൂക്ഷിച്ചുകൊള്ളുവാനും ദുഷ്ഷന്തൻ അവളെ ഓൎമ്മിക്കുന്നില്ലെങ്കിൽ ആ അടയാളം തെളിവായി കാണിക്കുവാനും ശട്ടംകെട്ടി അയക്കുന്നതിനാൽ, ശകുന്തളയുടെ കാലകൎത്താക്കൾ ആണ് ഈ സഖിമാർ എന്നു സൂചന. 'ശ്രുതിവിഷയഗുണായാസ്ഥിതാവ്യാപ്യവിശ്വം'—ശ്രുതിവിഷയഗുണമായി വിശ്വത്തെ വ്യാപിച്ചിരിക്കുന്നതു യാതൊന്നോ അത് - ആകാശം എന്നാണ് ഒന്നാമതായ അൎത്ഥം. ഇതിൽ മുമ്പു പറഞ്ഞ എട്ടു മൂൎത്തികളിൽ ഒന്നായ ആകാശമൂൎത്തിയെ വിവക്ഷിക്കുന്നു. എന്നാൽ, വിശ്വത്തെ വ്യാപിക്കുന്നതായ ദുഷ്ഷന്തന്റെ കീൎത്തിയേയും ഇതിൽ സൂചിപ്പിച്ചിരിക്കുന്നു. ദുഷ്ഷന്തനാകട്ടെ, ദേവേന്ദ്രന്റെ ഉററചങ്ങാതികളിലൊരാളാണ്. ദുഷ്ഷന്തന്റെ വീൎയ്യശൌൎയ്യപരാ

ക്രമങ്ങളെപ്പററി മൂന്നു ലോകത്തുള്ളവരും പുകഴ്ത്തി പാടുന്നുണ്ട്.

'സുരനാരികൾ ചാർത്തുമംഗരാഗം
പരിശേഷിച്ചതുകൊണ്ടുനിർജ്ജരന്മാർ
വരകല്പലതാംശുകത്തിലങ്ങേ-
ച്ചരിതംചേർത്തെഴുതുന്നുകീർത്തനങ്ങൾ.'

എന്ന് ഏഴാം അങ്കത്തിൽ മാതലി പറയുന്നതുതന്നെ ഒരു ലക്ഷ്യമാണല്ലോ. പിന്നെയും, ഭരതമഹാരാജാവിൻെറ മാതാവ് എന്നും മററുമുള്ള കീർത്തി ശകുന്തളയ്ക്കുള്ളതും ഇവിടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. 'യാമാഹുസ്സർവ്വഭൂതപ്രകൃതിരിതി'— സർവ്വഭൂതപ്രകൃതി എന്നതിൽ, പ്രകൃതിക്കു പാതിവ്രത്യം എന്നർത്ഥംകൊണ്ടു, പൃഥ്വീമൂർത്തിയെ സൂചിപ്പിച്ചിരിക്കുന്നു. പിന്നെയും, ദുഷ്ഷന്തൻെറ ഭരണത്തിൽ എല്ലാ ഭൂതങ്ങൾ (ജീവജാലങ്ങൾ)ക്കും അവരവരുടെ രക്ഷയ്ക്കു യാതൊരു ഹാനിയും ഉണ്ടാകാതെ, അദ്ദേഹത്തിൻെറ ദയ അനുഭവമാക നിമിത്തം അദ്ദേഹത്തെയും; ഇതിന്നുംപുറമെ, ശകുന്തളയാകട്ടെ തൻെറ ഗർഭപാത്രത്തിൽ കിടക്കുന്ന സന്താനബീജത്തിന്നു പ്രകൃതിയാകയാൽ ശകുന്തളയേയും ഇതിൽ സൂചിപ്പിച്ചിരിക്കുന്നു. 'പ്രാണിനഃ പ്രാണവന്തഃ'— എന്നതിൽ, പ്രാണികൾക്കു പ്രാണനെ നൽകുന്ന വായു എന്നും; ജനങ്ങളുടേയും മററു ജന്തുക്കളുടെയുമൊക്കെ ഹൃദയത്തെ ഉല്ലാസപ്പെടുത്തുകയും അവരുടെ കർത്തവ്യകർമ്മങ്ങളെ ശരിയായി അനുഷ്ഠിക്കാൻ സൌകര്യം ഉണ്ടാക്കുകയും ചെയ്യുന്നദുഷ്ഷന്തൻ എന്നും; തൻെറ ഭർത്താവിൻെറയും പുത്രനായ ഭരതൻെറയും ഹൃദയത്തെ ഉല്ലാസപ്പെടുത്തുന്ന ശകുന്തള എന്നും അർത്ഥമാക്കിയിരിക്കുന്നു. ഇങ്ങനെ, നാന്ദിശ്ലോകത്തിൽ, ഈശ്വരനെ പ്രാർത്ഥിക്ക മാത്രമല്ലാ, കഥാനായികാനായകന്മാരെപ്പററി സൂചനകൾകൂടെ അടക്കുകയും ചെയ്തിരിക്കുന്നു എന്നതിനെ, ഇത്ര സവിസ്തരം പറയേണ്ടി വന്നതു, വായനക്കാർക്കു തർജ്ജമയെ മൂലത്തോട് ഒത്തു നോക്കുവാൻ സൌകര്യമുണ്ടാകുവാനാകുന്നു എന്നു സമാധാനം പറഞ്ഞുകൊള്ളട്ടെ.

ഇനി തർജ്ജമയെ നോക്കാം. തിരസ്കൃതമായിപ്പോയിരിക്കുന്ന 'മണിപ്രവാളശാകുന്തള'ത്തിൽ, വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് എഴുതീട്ടുള്ള തർജ്ജമ,

'ധാതാവാദൌ ചമച്ചോരുദകമഥഹവി-
ർവ്വാഹിയാംവീതിഹോത്രൻ
ഹോതാതാനംഭിനേശൻനിശയുടെപതിയും
നാദലക്ഷ്യംനഭസ്സും
ഭൂതാനാംസഞ്ചയത്തിൻപ്രകൃതിപൃഥിവി-
പ്രാണദൻമാരുതൻതാ- (യും
നേതാഭിർമ്മൂർത്തിഭിസ്ശോഭിതനവതുഭവാ-
ന്മാരെയഷ്ടാഭിരീശൻ.'

എന്നാണല്ലോ. ഇതിനെ ഭേദപ്പെടുത്തി ഇപ്പോൾ 'ഭാഷാശാകുന്തള'ത്തിൽ ചേർത്തിരിക്കുന്ന

'ധാതാവാദൌചമച്ചോരുദക,മഥഹവി-
ർവ്വാഹിയാംവീതിഹോത്രൻ
ഹോതാ,കാലംകുറിക്കുംരവിശശികൾ,ജഗ-
ദ്വ്യാപിഖംനാദലക്ഷ്യം,
ഭൂതാളിക്കാകെയേകപ്രകൃതിപൃഥിവിയും
പ്രാണദൻവായുവുംതാ-
നേതാവദ്വ്യക്തമൂർത്ത്യഷ്ടകനലകടയോൻ
നിങ്ങളെക്കാത്തുകൊൾക.'—

എന്ന ശ്ലോകംകൊണ്ടു, സാധാരണ വായനക്കാർക്ക് അർത്ഥം കുറെയേറെ സുഗമമായിത്തീർന്നിട്ടുണ്ടെന്നു സമ്മതിക്കാതെ കഴികയില്ലാ. 'ഏതാഭിർമ്മൂർത്തിഭി'രിത്യാദിയായ നാലാം പാദത്തിൽ 'കടിച്ചാൽപൊട്ടാത്ത' മട്ടിൽ ചേർത്തിരുന്ന സംസ്കൃതപദങ്ങളിലെ വിഭക്ത്യന്തങ്ങളെയും മററും അഴിച്ചു പിരിച്ചെടുത്തു കളഞ്ഞതുകൊണ്ടുതന്നെ വായ

നക്കാരന്റെ ദൃഷ്ടിയിൽ കുറെ വെളിച്ചം തട്ടീട്ടുണ്ട് എന്നു സന്തോഷിക്കാം. എന്നാൽ, ഈ ഭാഷാശ്ലോകമാകട്ടെ, മുമ്പത്തെ മണിപ്രവാളശ്ലോകമാകട്ടെ, മൂലശ്ലോകത്തിലെ അർത്ഥകല്പനയെയൊക്കെ അന്യൂനമായി വഹിക്കുന്നില്ലാ എന്നു പറഞ്ഞേ തീരൂ. മൂലശ്ലോകത്തിൽ കൊള്ളിച്ചിട്ടുള്ള അർത്ഥങ്ങളിൽ, അഷ്ടമൂർത്തികളെ സംബന്ധിച്ചേടത്തോളമുള്ളതു വന്നിട്ടുണ്ടെന്നു സമ്മതിക്കാം. എന്നാൽ, മററു സൂചനകൾ, തർജ്ജമയിൽ വേണ്ടുംവണ്ണം മാർഗ്ഗമുണ്ടാക്കീട്ടില്ല എന്നു, മുമ്പു വിസ്തരിച്ച വ്യാഖ്യാനത്തെ വെച്ചു നോക്കുമ്പോൾ ഗ്രഹിക്കാവുന്നതാണല്ലോ. കാളിദാസൻ തന്റെ ശ്ലോകത്തിൽ, അഷ്ടമൂർത്തികളെ കുറിപ്പാനായി ഉദകം, വീതിഹോത്രൻ, രവിശശികൾ, പൃഥിവി, വായു ഇത്യാദി പദങ്ങളെ പ്രവേശിപ്പിച്ചിട്ടില്ലാ. അതുനിമിത്തമായി ദുഷ്ഷന്തനെയും ശകുന്തളയേയും പററിയുള്ള സൂചനകൾക്കു യാതൊരു തടസ്ഥവും ഉണ്ടാകുന്നില്ല. എന്നാൽ തർജ്ജമയിൽ ഈ പദങ്ങളുടെ പ്രവേശം, മുൻപറഞ്ഞ സൂചനകളെ ഏറെക്കുറെ തടയുന്നുണ്ടെന്നാണ് ആക്ഷേപം പറവാനുള്ളത്. ബ്രഹ്മാവിന്റെ സൃഷ്ടിയിൽ ആദ്യമായതു യാതൊന്നോ, വിധിപ്രകാരം നൽകപ്പെടുന്ന ഹവിസ്സിനെ വഹിക്കുന്നതു യാതൊന്നോ, ഹോത്രിയായതു യാതൊന്നോ, കാലകർത്താക്കളായവർ രണ്ടു യാവരോ, ശ്രുതിവിഷയഗുണമായി വിശ്വവ്യാപിയായിരിക്കുന്നതു യാതൊന്നോ, സർവ്വഭൂതങ്ങൾക്കും പ്രകൃതിയായിരിക്കുന്നതു യാതൊന്നോ, പ്രാണനുള്ളവയ്ക്കൊക്കെ പ്രാണനെ നൽകുന്നതു യാതൊന്നോ,—ഈ എട്ടു രൂപങ്ങളിലും പ്രകടീകരിക്കുന്നതായ ഈശൻ— എന്നുമാത്രമല്ലാതെ, ആ ഓരോന്നും വെവ്വേറെ ഇന്നതിന്നുത് എന്നു പറയുന്നില്ലാത്തതുകൊണ്ടു, കാളിദാസൻ ഈ ശ്ലോകത്തിന്റെ അർത്ഥകല്പനയെ നിഷ്പ്രതിബന്ധമാക്കിച്ചെയ്തിരിക്കുന്നു. ആ ഓരോന്നിന്നും മുൻ പറഞ്ഞപ്രകാരത്തിൽ മൂന്നു വക അർത്ഥങ്ങളേയും കല്പിക്കാൻ തക്കവണ്ണമാണ് ആ പദങ്ങളുടെ ഘടന.

പക്ഷേ ഈ ന്യൂനത, മലയാളഭാഷയുടെ ദാരിദ്ര്യത്തിന്റെ ഫലമായിരിക്കാം. സംസ്കൃതത്തെപ്പോലെ പദസംസ്കാരമുള്ള ഒരു ഭാഷയിൽനിന്ന് ഒരു ഉത്തമമായ കാവ്യത്തെ, അത്രത്തോളം പദസൌലഭ്യമില്ലാത്ത ഒരു ഭാഷയിലേക്കു പകർത്തുന്നതു, സർ മാണിയർ വില്യംസ് പറഞ്ഞിട്ടുള്ളതുപോലെ, ‘എളുപ്പത്തിൽ വായുവായി പരിണമിക്കശീലമുള്ളതും അശാശ്വതവും ആയ ഒരു ആസവസാരത്തെ ഒരു പാത്രത്തിൽനിന്നു മറെറാന്നിലേക്കു പകരുന്നതിനു ഒപ്പമാകുന്നു’ എന്നു സമ്മതിക്കാം. അതിനാൽ തന്നെയാണല്ലോ സർ മാണിയർ വില്യംസ് ഇംഗ്ലീഷിൽ എഴുതിയ തർജ്ജമയ്ക്കു പലേ ‘കുറവും കുററവും’ പറയാൻ സംഗതി വന്നിട്ടുള്ളത്. അദ്ദേഹവും ഈ നാന്ദിശ്ലോകത്തെ മൂലാർത്ഥത്തിന്നു കുറവുവരുത്താതെ തർജ്ജമ ചെയ്തിട്ടില്ലാ എന്ന് ആക്ഷേപം ഉണ്ടായിട്ടുണ്ട്. ജലം, പൃഥ്വി, അഗ്നി, വായു മുതലായവയുടെ അർത്ഥത്തെ കുറിക്കുന്ന സാധാരണ പദങ്ങൾ പ്രയോഗിക്കനിമിത്തം, കാളിദാസശ്ലോകത്തിലെ വേദാന്തതത്വങ്ങൾക്ക് അപ്രകാശം ഉണ്ടായിപ്പോയിരിക്കുന്നു എന്നും, നായികാനായകന്മാരെപ്പററി സൂചനകൾ ഇല്ലാതായിപ്പോയി എന്നും ആകുന്നു ആക്ഷേപം പറയപ്പെട്ടിരിക്കുന്നത്. കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ശാകുന്തളം മലയാളികൾക്കു ദുർഗ്രഹം ആണെന്നു ന്യൂന

തയെ പരിഹരിപ്പാനായി പുറപ്പെട്ട പി. ജി. രാമയ്യർ അവർകളുടെ തർജ്ജമയും, കാളിദാസശ്ലോകത്തെ അല്പമെങ്കിലും മെച്ചമായ വിധത്തിൽ പ്രതിഫലിപ്പിച്ചിട്ടില്ല. രാമയ്യരവർകളാകട്ടെ,

മുന്നംബ്രഹ്മാവുനിർമ്മിച്ചൊരുജലവടിവായ്
വഹ്നിയായ്ഹോത്രിയായി-
ച്ചന്ദ്രാർക്കന്മാർകളായ് ശ്രുതിവിഷയഗുണം
ചേരുമാകാശമായി
പിന്നെ ബ്ബീജത്തിനെല്ലാംപ്രകൃതിയവനി
ജീവനേകുന്നകാററായ് (യായ്
മിന്നീടുംമൂർത്തിയെട്ടാന്നമരുമൊരുശിവൻ
നിങ്ങളെക്കാത്തിടട്ടെ.

എന്നാണ് മംഗളപ്രാർത്ഥന ചെയ്യുന്നത്. ഇങ്ങനെ തർജ്ജമകർത്താക്കൾക്കു 'കീറാമുട്ടി'യായ്ത്തീർന്നിരിക്കുന്ന ഈ നാന്ദിശ്ലോകത്തിന്നു, മുമ്പ് എടുത്തെഴുതിയ ചില വ്യാഖ്യാനങ്ങൾ ക്ലിഷ്ടകല്പനകളാണെന്ന് ഒരു അഭിപ്രായമുള്ളതിനാലായിരിക്കാം, അഷ്ടമൂർത്തികളുടെ സംഗതിയിൽ മാത്രം തർജ്ജമക്കാർ ശ്രദ്ധവെച്ചത്. ഈ പക്ഷമനുസരിച്ചു നോക്കുന്നതായാൽ, വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ഇപ്പോഴത്തെ, പരിഷ്കരിച്ച ഭാഷാശാകുന്തളത്തിലെ നാന്ദിശ്ലോകം മെച്ചമായിട്ടുണ്ടെന്നു പറയാം. എന്നാൽ അതിനുള്ളിൽ, കാളിദാസനെപ്പോലെ, ഉദകാദിപദങ്ങൾ പ്രയോഗിക്കാതെ തന്നെ കഴിക്കാമായിരുന്നില്ലയൊ എന്നാലോചിക്കേണ്ടിയിരിക്കുന്നു. ശാകുന്തളത്തിന്റെ തർജ്ജമ, ദ്രാവിഡഭാഷകളിൽ ഉണ്ടായിട്ടുള്ളവയിലൊന്നു, ബാസവപ്പ ശാസ്ത്രി അവർകൾ എഴുതീട്ടുള്ള കന്നട തർജ്ജമയാണെന്നു കാണുന്നു; അതിലെ നാന്ദി മൂലത്തോടു ഏറെക്കുറെ യോജിച്ചിരിക്കുന്നു എന്നും കന്നടപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. തിരുവിതാംകൂർ സംസ്ഥാനത്തുനിന്നു ബഹിഷ്കരിക്കപ്പെട്ടതിനാൽ എനിക്കുണ്ടായിട്ടുള്ള പല ലാഭങ്ങളിലൊന്നു തെലുങ്കു, കന്നടം എന്നീ ഭാഷകളെ പരിശീലിക്കാനുള്ള സൌകര്യം ആയിരിക്കയാൽ, ഈ അവസരത്തെ വിനിയോഗിച്ചു ലഭിച്ചുവരുന്ന പരിചയംകൊണ്ടു, ബാസവപ്പശാസ്ത്രികളുടെ തർജ്ജമയിലെ നാന്ദിയെ പകർത്തുവാൻ സാധിച്ചിരിക്കുന്നു എന്നു ചാരിതാർത്ഥ്യപ്പെടുന്നു:—

അവുദുധാതൃസൃഷ്ടിഗെമൊതൽഹുതഹ-
വ്യമനാംപുഡാവുദി-
ന്നാവുദുഹോതൃശബ്ദഗുണമാവുദവാ-
വുവുകാലകർതൃഗൾ
ആവുദുസർവ്വഗക്കസ്വരാവുദുഭൂ-
തകുലപ്രധാനമെം-
ദാവൊഡലെംടരിംദെമെരെവീശനൊഡ്ഡു
ച്ചുഗെനിമ്മഭീഷ്ടമം,

ഈ തർജ്ജമയിലെ പല വാക്കുകളും മലയാളികൾക്കു എളുപ്പം ഗ്രഹിക്കാവുന്നവ തന്നെയാണല്ലൊ. അവയെ തമ്മിൽ ഘടിപ്പിച്ചിരിക്കുന്ന വ്യാകരണസൂത്രങ്ങൾ അറിഞ്ഞിട്ടില്ലെന്നാലും, ഏകദേശം അർത്ഥമെന്തെന്നും മനസ്സിലാക്കാൻ കഴിയും. ഈ തർജ്ജമയിൽ, ഉദകം ഇത്യാദി പദങ്ങളോ അവയ്ക്കു തുല്യമായ കന്നടവാക്കുകളോ പ്രയോഗിച്ചിട്ടില്ലെന്നതാണ് ഈ തർജ്ജമയുടെ പ്രശസ്തിക്കു ആധാരമായിരിക്കുന്നത്. 'യാസൃഷ്ടിഃസ്രഷ്ടുരാദ്യാ'—എന്നതിനെ 'അവുദുധാതൃസൃഷ്ടിഗെമൊതൽ'— എന്നാണല്ലൊ തർജ്ജമ ചെയ്തിരിക്കുന്നത്. ഇതിൽ മൂലത്തിലെപ്പോലെ, ധാതാവിന്റെ സൃഷ്ടിയിൽ ആദ്യമായത് ഇന്നതാണെന്നു പ്രത്യേകമെടുത്തു പറയുന്നില്ല. ഇതിന്നണ്ണം മററു ഭാഗങ്ങളിലും കാൺക. ദ്രാവിഡഭാഷയായ കന്നടത്തിൽ ഇപ്രകാരം തർജ്ജമ ചെയ്യാൻ കഴിയുമെങ്കിൽ, അതിന്റെ സഹോദരഭാഷ

യായ മലയാളത്തിൽ അസാധ്യമെന്നു വരുന്നതു ശോചനീയം തന്നെയാണ്.

ഈ അവസരത്തിൽ, ഭാഷാന്തരപ്രവൃത്തിയെപ്പറ്റി ചില വിമർശനങ്ങൾ ചെയ്യുന്നത് അനുചിതമാകയില്ലെന്നു വിചാരിക്കുന്നു. അങ്ങനെ ചെയ്യേണ്ടി വരുന്നതു, ഭാഷാന്തരം ചെയ്യുന്നവരുടെ മേൽ ചിലർ നിർബ്ബന്ധമായി ചുമത്തി വരുന്ന ചില നിയമങ്ങളെ സ്വീകരിക്കയോ ത്യജിക്കയോ വേണ്ടത് എന്നു വായനക്കാർ ആലോചിക്കുന്നതിലേക്കായിട്ടാകുന്നു.

കെ. രാമകൃഷ്ണപിള്ള (ബി. എ)

---

# ഇൻസ്പെക്ടർ ഗോപാലമേനോൻ

ഡിടക്ടീവ് ഇൻസ്പെക്ടർ ഗോപാലമേനോൻ എന്നു കേട്ടാൽ നടുങ്ങാത്ത ആളുകൾ ഇപ്പോഴും ചുരുക്കമാണ്. ഇദ്ദേഹം പോലീസ്സ് സൈന്യത്തിൽനിന്നു പിരിഞ്ഞിട്ട് അധികം കാലമായിട്ടില്ലാ. സുമാർ ആറടി തികച്ചും പൊക്കമുള്ള ആളാണ്. കൈകൾക്കു മുട്ടുവരെ നീളമുണ്ട്. ശൌര്യമാണ് മുഖത്തു സ്ഥായിയായ രസം. ഇൻസ്പെക്ടർ ഒരു മതിൽക്കെട്ടിന്നു പുറത്തുനിന്ന് അകത്തു കഴിയുന്ന സംഭവങ്ങൾ നോക്കിക്കൊണ്ടു നിന്നതു കണ്ടാൽ അദ്ദേഹത്തിന്റെ ദൃഷ്ടി ചുമരു തുരന്ന് അകത്തേയ്ക്കു പ്രവേശിക്കുന്നുണ്ടോ എന്നു കാണികൾക്കു തോന്നിപ്പോകും.

൧൦൭൭ മകരം ൧൫-ാംനു- കാലത്ത് ഇദ്ദേഹം തന്റെ ആപ്പീസ്സുമുറിയിൽ ഇരുന്നു പ്രസിദ്ധപ്പെട്ട കാട്ടുകളും കലക്കേസ്സിന്റെ നോട്ടുകൾ പരിശോധിച്ചുകൊണ്ടിരിക്കുമ്പോൾ പാറാവുകാരൻ അടുത്തു ചെന്നു ഡാക്ടർ നാണുമേനോൻ കാണ്മാൻ വന്നിട്ടുണ്ട് എന്നറിയിച്ചു. കൂട്ടിക്കൊണ്ടുവരുവാൻ പറഞ്ഞതനുസരിച്ച് ആയാൾ ഡാക്ടരെ അകത്തേയ്ക്കയച്ചു. അന്യോന്യം ഉപചാരം ചെയ്തു രണ്ടാളും ഇരുന്നതിന്റെ ശേഷം:—

ഡാക്ടർ—(അല്പം പരിഭ്രമം നടിച്ച്) എന്റെ അടുത്ത ബന്ധുവായ ഒരു സ്ത്രീയെ പെട്ടന്നു കാണാതായിരിക്കുന്നു. ഇവൾ മരിച്ചുപോയ എന്റെ ഭാര്യയുടെ അനുജത്തിയാണ്. വടക്കേടത്തു ദേവകിക്കുട്ടി എന്നാണ് പേര്.

ഇൻസ്പെക്ടർ—മുഴുവൻ കേൾക്കട്ടെ.

ഡാക്ടർ—കാണാതായിട്ട് ഇപ്പോൾ ഒരു മാസത്തിലധികമായി. കാപ്പിത്തോട്ടക്കാരൻ മിസ്റ്റർ കണ്ണിങ്ങാമിന്റെ ഗുമസ്ഥൻ നാരായണമേനോന്റെ ഭാര്യയാണ്. ൨൫ വയസ്സായി. ൫ അടി ഉയരം കാണും. വെളുത്തിട്ടാണ്. തലമുടി അധികമില്ലാ. ശേഷം ഒക്കെയും ഇതു നോക്കിയാൽ അറിയാം. എന്നു പറഞ്ഞു തന്റെ കയ്യിലുണ്ടായിരുന്ന ഒരു ഛായ മേശപ്പുറത്തു വെച്ചു കൊടുത്തു.

ഇൻസ്പെക്ടർ ഛായ നോക്കീട്ട്—ആ ഭർത്താവിന്നു ഇവരെ കാണാതായതിനെപ്പറ്റി ഒന്നും അറിഞ്ഞുകൂടെ?

ഡാക്ടർ—അറിഞ്ഞുകൂടെന്നാണ് ആയാൾ പറയുന്നത്. വളരെ നിഷ്കർഷിച്ചു ചോദിച്ചിട്ടും എന്നെക്കാളധികമൊന്നും ആയാൾക്കും അറിഞ്ഞുകൂടെന്നു പറഞ്ഞു. എന്നാൽ ഇവളെ കാണാതായതിന്റെ

തലേദിവസം ഇവർ തമ്മിൽ കശപിശ കറെ അധികമുണ്ടായി എന്നും താൻ ആപ്പീസ്സിൽ നിന്ന മടങ്ങിവന്നപ്പോൾ വീട്ടിൽ ഇവളെ കണ്ടില്ലെന്നും ആയാളുടെ വാക്കുകൊണ്ടു തന്നെ വരുന്നുണ്ട്.

ഇൻ—അവർ തമ്മിൽ വലിയ യോജിപ്പായിരുന്നില്ല അല്ലേ? പിന്നെ?

ഡാ—യോജിപ്പില്ലെന്ന മാത്രമല്ലാ, അവളെ ഒരുമാതിരി ദ്രോഹിക്കക്കൂടി ചെയ്യിരുന്നു. വല്ലേടത്തേയ്ക്കും പുറപ്പെട്ടു പൊയ്ക്കളയാം എന്ന് ഇവൾ പലപ്പോഴും പറയാറുണ്ട്. ഞാനാണ് സമാധാനപ്പെടുത്തുക പതിവ്. എന്നാൽ സകല കാര്യവും ആലോചിക്കാറുള്ള എന്നോട് കൂടി ഈ കാര്യം ആലോചിക്കാതെയാണ് ചെയ്തത്. തടസ്ഥം പറയുമെന്ന പേടിച്ചിട്ടായിരിക്കാം.

ഇൻ— ഭർത്താവിനെ ഒന്നുകൂടി നിർബ്ബന്ധിച്ചാൽ ആയാൾ പരമാർത്ഥം മുഴവനും പറയില്ലേ?

ഡാ—പരീക്ഷിച്ചു നോക്കാൻ ആയാളെ കണ്ടെത്തീട്ടവേണ്ടേ? നാലു ദിവസമായി ആയാളെയും കാണാനില്ലാ.

ഇൻ—എന്ത്? (ആലോചന നടിച്ച്) ആയാളെയും കാണാനില്ലേ?

ഡാ—ഇല്ലല്ലൊ. ഞാൻ മിനിഞ്ഞാന്ന രാത്രി അവർ താമസിച്ചിരുന്ന വീട്ടിൽ പോയി. വാതൽ പൂട്ടി കണ്ടതിനാൽ അയൽവീട്ടുകാരോട ചോദിച്ചു. വീട്ടിൽ നിന്ന പോയിട്ടു കുറച്ചു ദിവസമായി എന്നാണ് അവർ പറഞ്ഞത്. ഇന്നലെ കാലത്ത് ആപ്പീസ്സിലന്വേഷിച്ചതിൽ രണ്ടാഴ്ചയായിട്ട് അവിടെയും ചെല്ലാറില്ലെന്ന മിസ്റ്റർ കണ്ണിങ്ങാം പറഞ്ഞു.

ഇൻ—ചാടിപ്പോയ സംഗതിയെപ്പററി നിങ്ങൾ വല്ല പത്രങ്ങളിലും പരസ്യം ചെയ്യുവോ?

ഡാ—ഇല്ലാ നിങ്ങളെ കണ്ടു വിവരം അറിയിച്ചിട്ടു മതി എന്ന വച്ചിട്ടാണ്.

ഇൻസ്പെക്ടർ ഇതെല്ലാം നോട്ടെഴുതതിന്ന ശേഷം ദമ്പതിമാർ താമസിച്ചിരുന്ന സ്ഥലം മുതലായതു ചോദിച്ചറിഞ്ഞു. 'ആട്ടെ ഇപ്പോൾ ഇത്രയും വിവരം മതി, ശേഷം ആവശ്യമുണ്ടെങ്കിൽ ഞാൻ അറിയിച്ചു കൊള്ളാം. വേണ്ടവിധം അന്വേഷണം നടത്താം.' എന്ന പറഞ്ഞുഡാക്കടരെ അയച്ചു.

നാണമേനോൻ പോയതിന്ന ശേഷം നോട്ടെഴുതിട്ടുള്ളതു മുഴവനും ഒരു പരിവൃത്തി വായിച്ചു നോക്കിയ ഇൻസ്പെക്ടർ ഉടനെ കാപ്പി കഴിച്ചു ദമ്പതിമാർ താമസിച്ചിരുന്ന സ്ഥലത്തു ചെന്നു. ഡാക്കടർ പറഞ്ഞ പ്രകാരം തന്നെ വീട് അടച്ചിട്ടിരുന്നതു കണ്ടു. വിളിച്ചുനോക്കി. ആരും തുറന്നില്ല. മതിൽ കയറി അകത്തു കടന്നു. വീട്ടിന്റെ പിൻഭാഗത്തു ചെന്നു ചുററും പരിശോധിക്കുമ്പോൾ 'അവിടെ ആരും ഇല്ലാ' എന്ന് അടുത്ത വീട്ടിൽ കിണററിന്നരികെ മുണ്ടലക്കിക്കൊണ്ടു നിന്നിരുന്ന ഒരു വെളുത്തേടത്തി പറയുന്നതു കേട്ടു. അവളെ വിളിച്ചു ചോദിച്ചപ്പോൾ 'അവർ രണ്ടുപേരും പോയി. വീടു പൂട്ടിയിട്ടിരിക്കയാണ്.' എന്ന് അവൾ വീണ്ടും പറഞ്ഞു.

ഇൻ—അവർ എപ്പോൾ വരുമെന്നറിയാമോ?

സ്ത്രീ—അതിനിക്കറിഞ്ഞുകൂട. രണ്ടാളും മനുഷ്യപ്പററു ലേശം ഇല്ലാത്തവരാണ്. ഞങ്ങളോട യാതൊന്നും സംസാരിക്കതന്നെ പതിവില്ലാ. തമ്മിലുള്ള ലഹളയും അടിയും പാടിയുംകൊണ്ട് അയൽപക്കക്കാർക്ക ഇരിക്കപ്പൊറുതിയില്ല. ശിവ! ശി

വ! ഇങ്ങിനെ ഒരു കൂട്ടരെ ഞാൻ കണ്ടിട്ടില്ലാ.

ഇത്രയും കേട്ടപ്പോൾ ഇവരുടെ വർത്തമാനം കേൾപ്പാൻ രസമുണ്ടെന്നു നടിച്ചുംകൊണ്ട് ഇൻസ്പെക്ടർ വായാടിയായ അവൾക്കു വീണ്ടും പറവാൻ വഴിയുണ്ടാക്കിത്തീർത്തു.

സ്ത്രീ—ആ മേനോൻ വളരെ ദുസ്വഭാവിയാണ്. ആയമ്മയുടെ നടപടിയെപ്പററി അങ്ങോക്കു ലേശം തൃപ്തിയില്ല. അവരുടെ പേരിൽ എപ്പോഴും വിശ്വാസക്കേടേ ഉള്ളൂ. ഇതൊക്കെ അവക്കു മോരു കൊണ്ടുകൊടുക്കുന്ന ഇട്ടിച്ചിരിയമ്മയാണ് എന്നോടു പറഞ്ഞത്. അമ്മ കണ്ടാൽ നല്ല ക്രൂട്ടത്തിലാണ്. തമ്മിൽ കടിപിടികൂടുന്നത് ആരും അറിയില്ലെന്നാണ് നാട്യം. അതല്ലെ ഒരു വാല്യക്കാരനെക്കൂടി ആക്കാതിരിക്കുന്നത്!

ഇൻ—ശരി. അവരാരും ഇവിടെ ഇല്ലാത്ത സ്ഥിതിക്കു ഞാൻ എന്തിനാണ് ഇവിടെ നില്ക്കുന്നത്. ഞാൻ പോണു. ഈ വീട് അവർ വാടകയ്ക്കു വാങ്ങിയിരിക്കയാണെന്നു കേട്ടു. ആരോടാണ് വാങ്ങിയിരിക്കുന്നത് എന്നറിയാമൊ?

സ്ത്രീ—ഒ- വീടു വക്കീൽ കിട്ടപ്പണിക്കരുടെ വകയാണ്.

ഇത്രയും അറിഞ്ഞതിന്നുശേഷം ഇൻസ്പെക്ടർ വക്കീലിൻെറ അടുക്കൽ ചെന്നു. "നിങ്ങടെ വക 'മാനംപൊററ' വഴിയിലുള്ള വീട്ടിൽ താമസിക്കുന്നവർ എവിടെപ്പോയി എന്നറിയാമൊ" എന്നു ചോദിച്ചു.

വക്കീൽ—അവർ വാടക മുറയ്ക്കു തരുന്നവരാണ്. അതുകൊണ്ട് അവരെ ഒഴിപ്പിക്കുന്നതു ഭംഗിയല്ലാ. തല്ക്കാലം നിങ്ങൾക്കു തരുവാൻ നിവൃത്തിയില്ലാ.

ഇൻ—ഇനിക്കു വീടാവശ്യമില്ല. അവിടെ താമസിച്ചിരുന്നവരെ കാണാതായിട്ടു കുറെ ദിവസമായി. എവിടെയാണെന്നറിയാമൊ?

വ— ഇനിക്കറിഞ്ഞുകൂടാ. അവരെവിടെപ്പോയാലും തരക്കേടില്ല. വാടക മുറയ്ക്കു കിട്ടാതായാലേ ഇനിക്കന്വേഷിക്കേണ്ടതുള്ളൂ. മാറി താമസിച്ചാലും വേണ്ടില്ല; ചാടിപ്പോയാലും വേണ്ടില്ല. അവരുടെ സാമാനങ്ങൾ ആ വീട്ടിൽ ധാരാളമുണ്ട്. ഉടൻജപ്തി ചെയ്തു വസൂലാക്കിക്കൊള്ളാം.

ഇൻ—ഞാൻ ഒരു പോലീസ്സ് ഉദ്യോഗസ്ഥനാണ്. ഇവരെ കാണാതായ കാര്യത്തിൽ ചില സംശയങ്ങൾ ഉണ്ട്. അതന്വേഷിപ്പാൻ ആണ് ഞാൻ വന്നിരിക്കുന്നത്. അതിനാൽ ആ വീട് ഒന്നു തുറന്നു കാണിച്ചാൽ നന്ന്.

വ—വാറണ്ടു കൂടാതെ വീടുകൾ ശോധന ചെയ്യാൻ പോലീസ്സിന്ന് അധികാരമില്ലെന്നാണ് ഞാൻ പഠിച്ചിട്ടുള്ള നിയമം. വാറണ്ടുണ്ടൊ?

ഇൻ—എൻെറ സാറെ! ഞാൻ അത് ഈ നിലയിൽ ശോധന ചെയ്യണമെന്നു വിചാരിച്ചല്ലാ വന്നത്. വീടു തുറന്നു കാട്ടിത്തന്നാൽ കൊള്ളാം. അതിലെ സ്വഭാവങ്ങൾ കണ്ടതിന്നുശേഷം പിന്നിടാവശ്യമുണ്ടെങ്കിൽ വാറണ്ടു വാങ്ങി ശോധന ചെയ്തുകൊള്ളാം.

'അങ്ങിനെയാവാം' എന്നു പറഞ്ഞു വക്കീൽ പുറത്തളത്തിൽ തൂക്കിയിട്ടുള്ള കൂട്ടത്താക്കോൽ എടുത്തു പുറപ്പെട്ടു. സ്ഥലത്തു ചെന്നിട്ട് ൧൦ മിനിട്ടിനകം പരിശോധന കഴിച്ച് ഇൻസ്പെക്ടർ പുറത്തിറങ്ങി. മററൊരാൾ ૨ മണിക്കൂറുകൊണ്ടു കണ്ടെത്തുന്നതിലധികം സൂക്ഷ്മസംഗതികൾ ഗോപാലമേനോൻ ഈ ൧൦ മിനിട്ടുകൊണ്ടു ഗ്രഹിച്ചിട്ടുണ്ടായിരുന്നു. കിടക്കുന്ന അകം നിഷ്കർഷിച്ചു പരിശോധിച്ചു നോക്കിട്ടെടുത്തു. ആ അകത്തുള്ള അഴക്കോലിന്മേൽ രണ്ട് ഒന്നരമുണ്ടുകളും, ചുമരിന്മേലുള്ള കണ്ണാടികളുടെ ആണികളിൽ ഒന്നൊ രണ്ടൊ തവണ മാത്രം ഉപയോഗിച്ച രണ്ടു പാവുമുണ്ടുകളും, വിശേഷപ്പെട്ട ૨ പട്ടറവുക്കകളും തൂക്കിയിട്ടുണ്ട്. മേശപ്പുറത്തു പൊട്ടുകുത്തുവാനുള്ള അരിച്ചാന്ത്, കുങ്കുമം, വാൽക്കണ്ണാടി ഇവയും, കണ്ണാടിയുടെ പിന്നിൽ രണ്ടു വാമ്മുടിയും വച്ചിട്ടുണ്ട്. കുളിമുറിയിൽ വകതിതേച്ചിട്ടുള്ള ഒരു സോപ്പുകട്ടയും, കീറി തെ

യ്യാറാക്കിയ ഇഞ്ചയും ഇരിക്കുന്നുണ്ട്. ഇതെല്ലാം ഇൻസ്പെക്ടൎക്കു സംശയം വൎദ്ധിപ്പാനുള്ള പ്രത്യേകകാരണങ്ങളായിരുന്നു. ദിവസംപ്രതി ഉപയോഗമുള്ള ഈവക സാമാനങ്ങളെല്ലാം ഉപേക്ഷിച്ച് ഒരു സ്ത്രീ പെട്ടെന്നു ചാടിപ്പോകുമൊ? ആട്ടെ. അന്വേഷിക്കാം. എന്നു വിചാരിച്ചു വക്കീലിനോടു യാത്ര പറഞ്ഞു പിരിഞ്ഞു.

പിറേറദ്ദിവസം ശോധനവാറണ്ടോടുകൂടി സ്ഥലത്തു ചെന്നു വളരെ നേരം പരിശോധിച്ചു. ഈ പരിശോധനയിലും താൻ മുമ്പു കണ്ടതിലധികം വിവരങ്ങൾ കാണ്മാൻ സാധിച്ചില്ല. എന്നാൽ മേശ തുറന്നു നോക്കിയപ്പോൾ ചെറുതായ ഒരു കപ്പെട്ടി കണ്ടെത്തി. അതു തുറന്നു പരിശോധിച്ചതിൽ ഒരു കൂട്ടം കല്ലുവെച്ച തോടയും, ഒരു പരന്ന നൂലും പതക്കവും, ചെറിയ ഒരു തോൽമടിശ്ശീലയിൽ ൨ മുഴുവൻ ഉറുപ്പികയും, ഒരു അരഉറുപ്പികയും, ൧൦ അരക്കാലും ഇരിക്കുന്നതു കണ്ടു. പണം എണ്ണിനോക്കുന്ന സമയം എന്തെന്നില്ലാതെ ഒരു പ്രസന്നത ഇൻസ്പെക്ടരുടെ മുഖത്തു പെട്ടെന്നു പുറപ്പെട്ടു. 'ഒരു സ്ത്രീ നാടുവിട്ടു പോകുമ്പോൾ അവളുടെ മടിശ്ശീലകൂടി എടുക്കാതെ പോയി എന്നു വരുമൊ?' എന്നു തന്നെത്താൻ മന്ത്രിച്ചു.

പിറേറദ്ദിവസം വൈകുന്നേരം രണ്ടു പൊല്ലീസ്സുകാരോടു കൂടി ഇൻസ്പെക്ടർ പിന്നെയും സ്ഥലത്തെത്തി. ആ ചെറിയ വളപ്പിൽ ചുററും ഒന്നു സഞ്ചരിച്ചതിനുശേഷം ഒന്നുരണ്ടു സ്ഥലത്തു പൊല്ലീസ്സുകാരോടു കിളസ്സുവാൻ പറഞ്ഞു. ആ കിളയുടെ ഫലം വളരെ വിലപിടിച്ചതായിരുന്നു.

പിററന്നാൾ ഡാക്ടർ നാണുമേനെ സ്റ്റേഷ്യനിലേക്ക് ആളയച്ചു വരുത്തി. ഡാക്ടർ 'എന്താ ദേവകിക്കുട്ടിയുടെ കാൎയ്യത്തിൽ വല്ല തുമ്പും ഉണ്ടായൊ' എന്നു ചോദിച്ചുകൊണ്ടാണ് ഇൻസ്പെക്ടരുടെ ആപ്പീസ്സുമുറിയിലേക്കു കടന്നത്.

ഇൻസ്പെക്ടർ— ക്ഷമിക്കു. ഇതാരുടെയാണെന്നറിയാമൊ? എന്ന് ആ തോൽമടിശ്ശീല ചൂണ്ടിക്കാണിച്ചു ചോദിച്ചു.

ഡാക്ടർ—ഓ- ഇനിക്കറിയാം. അതു ദേവകിക്കുട്ടിയുടേതു തന്നെ.

ഇൻ—ഇതു ഞാൻ ആ സ്ത്രീയുടെ ആകപ്പുവെച്ചു കണ്ടതാണ്. കുറെ പണവും ഉണ്ടായിരുന്നു. ഇതു കണ്ടപ്പോൾ ഇനിക്കു മുമ്പുണ്ടായിരുന്ന ചില ഊഹങ്ങൾ അധികം ബലപ്പെടുകയാണുണ്ടായത്. അതുനിമിത്തം ആ വീട്ടിൽ മറെറാരു ഭാഗം കൂടി പരിശോധിപ്പാൻ ഈ സംഗതി എന്നെ പ്രത്യേകം ഉത്സാഹിപ്പിച്ചു. എതായാലും നിങ്ങളുടെ മനസ്സിന്നു സുഖക്കേടായ ഒരു വൎത്തമാനം കേൾപ്പാൻ ഒരുങ്ങിയിരുന്നോളൂ.

ഇതു കേട്ടപ്പോൾ നാണുമേനെൻറ മുഖത്തു ചോരയില്ലാതായി. 'എന്ത്! വല്ല അപായവും സംഭവിച്ചതായി കണ്ടെത്തിയോ' എന്നു പരിഭ്രമത്തോടുകൂടി ചോദിച്ചു. ഈ ചോദ്യത്തിന്നു ഗൌരവമേറിയ ഒരു സംഗതിയാണെന്നു ലേശംപോലും കാണിക്കാതെ സാധാരണനിലയിൽ ഇൻസ്പെക്ടർ ഇങ്ങിനെ മറുവടി പറഞ്ഞു:—'ഞങ്ങൾ പറമ്പിൽ ഒന്നുരണ്ടു സ്ഥലം കിളപ്പിച്ചു. അപ്പോൾ മനുഷ്യൻെറ ചില എല്ലുകൾ കിട്ടി. വീണ്ടും കിളപ്പിച്ചു നോക്കിയപ്പോൾ പിന്നെയും കുറെ എല്ലും ഒരു തലയോടും കണ്ടു. എല്ലാം കൂടി കൂട്ടിവച്ചു നോക്കി. ൫ അടി ഉയരത്തിലുള്ള ഒരു കങ്കാളം ആണെന്നു തീൎച്ചപ്പെട്ടു. തലച്ചോറും മററു ചില പ്രധാന മാംസങ്ങളും ഒരു ദ്രാവകംകൊണ്ടു നശിപ്പിച്ചു കളഞ്ഞതിൻെറ ലക്ഷണങ്ങൾ കാണ്മാനുണ്ട്. കങ്കാളം സ്ത്രീയുടേയൊ പുരുഷൻേറയൊ എന്നറിവാൻ ഉള്ള പ്രത്യേക ചിഹ്നങ്ങൾ അതിലില്ല. എന്നാൽ ആ ചിഹ്നങ്ങൾ കല്പിച്ചുകൂട്ടി നശിപ്പിച്ചിട്ടുള്ളതാണെന്നതിന്നു ധാരാളം തെളിവു കാണുന്നുണ്ട്. എങ്കിലും വലിപ്പംകൊണ്ടും മററും നോക്കിയാൽ ഒരു സ്ത്രീയുടേതാണെന്നു പലവിധത്തിലും ഊഹിക്കാവുന്നതാണ്.'

ഡാക്ടർ—ദൈവമേ! എന്നു പറഞ്ഞു നെററിപിടിച്ചു. അവളെ എന്നുമുതല്ക്കു കാണാതായൊ അന്നു മുതല്ക്കു ഞാൻ സംശയിച്ചു പേടിച്ചിട്ടുള്ള സംഗതിയാണ്.

ത്. അവർ ഇഹലോകം വെടിഞ്ഞു നിശ്ചയം.

ഇൻ—എന്റെയും ഊഹം അങ്ങിനെതന്നെയാണ്. ഈ കേസ്സിൽ ശവം പരിശോധിച്ച് യാതാസ്ഥ തെയ്യാറാക്കുന്നതിലേക്കും മറ്റും നിങ്ങൾ ചില സഹായങ്ങൾ ചെയ്യേണ്ടിവരും. അതിനിടയിൽ കുറ്റക്കാരനെ പിടിപ്പാൻ വേണ്ടുന്ന ശ്രമം ഞാൻ ചെയ്തുകൊള്ളാം.

ഡാക്ടർ—നിങ്ങൾ ഈ കാര്യത്തിൽ ചെയ്യുന്ന ശ്രമം ശരിയായി ഫലിപ്പാൻ ദൈവം സഹായിക്കട്ടെ. കഷ്ടം! സാധുവായ അവൾക്ക് ഇത്രത്തോളം സംഭവിക്കുമെന്നു ഞാൻ വിചാരിച്ചില്ല. കല്യാണം കഴിഞ്ഞതിന്നു ശേഷം ഒരു മിനിട്ടുപോലും സൈപരം കൊടുത്തിട്ടില്ല. മഹാപാപി. എന്നും മറ്റും പറഞ്ഞു വ്യസനിച്ചു. ഇൻസ്പെക്ടർ തന്റെ ജോലികൾ കൃത്യമായി നോക്കുന്നവനും പ്രവൃത്തികൊണ്ടു ക്രൂരനാണെന്നു തോന്നത്തക്കവിധം നിർദ്ദാക്ഷിണ്യം കാണിക്കുന്നവനും ആയിരുന്നു എങ്കിലും മനസ്സിന്നു ലേശം കാഠിന്യമില്ലാതിരുന്നതിനാൽ ഡാക്ടരുടെ വ്യസനം കണ്ടപ്പോൾ അല്പം പ്രകൃതം മാറിയില്ലെന്നില്ല.

ഇത്രത്തോളം കഴിഞ്ഞതിന്നു ശേഷം ഈ കേസ്സിന്റെ സ്വഭാവം ഒന്നു മാറി. ദേവകിക്കുട്ടിയെ കാണാതാവാനുള്ള സംഗതി തിച്ചപ്പെട്ടു. ഇൻസ്പെക്ടർ ഗോപാലമേനോന്റെ അന്വേഷണം ഫലിക്കുന്ന കാര്യത്തിൽ ലേശം വിശ്വാസമില്ലാത്ത ഒരു സംഗതിയിലേക്കു തിരിക്കേണ്ടിവന്നു. ആ സംഗതി കൊലക്കുറ്റക്കാരനായ നാരായണമേനോനെ കണ്ടുപിടിക്കുകയാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലെല്ലോ. നാരായണമേനോനു പിച്ചപ്പെട്ടരുടെ ഹുണ്ടികയായിട്ടാണ് എടവാട്. ഇൻസ്പെക്ടർ അവിടെപ്പോയി നാരായണമേനോന്റെ പേരിൽ വല്ല സംഖ്യയും ചെല്ലുവാനുണ്ടോ എന്ന് അന്വേഷിച്ചതിൽ ൩.൦൦ ഉറുപ്പിക അയാളുടെ വകയായുണ്ടായിരുന്നതു മകരം ൫.ാംനു-തിരിയെ വാങ്ങിക്കൊണ്ടുപോയെന്നറിഞ്ഞു. ഇത്ര വലിയ സംഖ്യ കയ്യാശം ഉണ്ടാകയും പത്തുപന്ത്രണ്ടു ദിവസം മുമ്പു കാണാതാകയും ചെയ്ത ഒരുവനെ എവിടെയാണ് അന്വേഷിക്കേണ്ടത്? എന്നാലും സാമാന്യം മുഖപരിചയമുള്ള ഇയ്യാളെ എവിടെപ്പോയാലും ഒരു കാലത്തു കണ്ടുപിടിക്കാതിരിക്കയില്ല നിശ്ചയംതന്നെ. എന്നിങ്ങനെ പലതും ആലോചിച്ചു. എന്നു മാത്രമല്ല നാരായണമേനോന്റെ ഹുണ്ടികയായിരുന്നു കൊടുത്തിട്ടുള്ള നോട്ടിന്റെ നമ്പ്ര ഇൻസ്പെക്ടർ കുറിച്ചെടുത്ത് എല്ലാ സ്റ്റേഷനിലേക്കും കമ്പി അടിച്ചിട്ടും പത്രം മുഖാന്തരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇയ്യാൾ നോട്ടു മാറുവാൻ തുടങ്ങിയാൽ നിശ്ചയമായും അകപ്പെടുമെന്നുറച്ചുതന്നെ. ഇത്ര ദിവസം കഴിഞ്ഞിട്ടും കണ്ടെത്താത്ത സ്ഥിതിക്ക് ഈ ദിക്കിൽ തന്നെ ഒളിഞ്ഞു നടക്കുകയായിരിക്കണം.

ഇപ്രകാരം യാതൊരു തുമ്പും വാലും കിട്ടാതെ രണ്ടു മൂന്നു ദിവസങ്ങളും കഴിഞ്ഞു. ഒരു ദിവസം സംഗതിവശാൽ മരിച്ച സ്ത്രീയുടെ വക മടിശ്ശീലയും അതിലെ പണവും ഒന്നുകൂടി പരിശോധിക്കണമെന്നു തോന്നി. പത്ത് അരക്കാലുറുപ്പികയിൽ ഒന്നു വളരെ പുതുതായി കണ്ടു. ഈ പത്തും ആദ്യംതന്നെ കണ്ടിട്ടുണ്ടെങ്കിലും അതിന്റെ കൌതുകം നിമിത്തം കയ്യിലെടുത്തു നല്ലവണ്ണം നോക്കി. അതിൽ ൧൯൨൨ എന്ന കൊല്ലം കണ്ടു. ഇൻസ്പെക്ടർ ഒന്നു പരിഭ്രമിച്ചു.

ഈ നാണ്യം ൧൯൨൨ ജനവരി ൧-ാം നു-ക്കു മുമ്പ് ഒരു വഴിയിലും പുറത്തു വരുവാൻ തരമില്ല. സ്ത്രീയെ കൊന്നതു ൧൯൨൧ ഡിസംബ്രിലായിരിക്കണം. എന്തെന്നാൽ ഈ മകരം ൧൫-ാംനു ഡാക്ടർ എന്നെ കണ്ടപ്പോൾ ദേവകിക്കുട്ടിയെ കാണാതായിട്ട് ഒരു മാസത്തിലധികമായി എന്നാണ് പറഞ്ഞത്. അന്വേഷണത്തിൽ ഇതു ശരിയാണെന്നും കാണുന്നുണ്ട്. അതുകൊണ്ട് ഈ നാണ്യം ഈ മടിശ്ശീലയിലിട്ടുള്ളത് ആ സ്ത്രീയല്ല നിശ്ചയംതന്നെ. വേറെ ആരെങ്കിലുമായിരിക്കണം. അതു ആര്? എന്തിന്നു വേണ്ടി ഇട്ടു? ആകപ്പാടെ ഈ കേസ്സ

നിസ്സാരമല്ല. വിചാരിച്ചതിലധികം സംഗതികൾ ഇതിലുണ്ട്. ഏതാണ്ടൊന്ന് ഒളിഞ്ഞു കിടക്കുന്നു. ഇൻസ്പെക്ടൎക്ക രാത്രി ഉറക്കമില്ലാതായി. കേസ്സിന്റെ നേരുവഴികൾ തോന്നിത്തുടങ്ങി. അതൊന്നും ഒടുവിൽ യുക്തിക്കനുസരിച്ചില്ല. ഒരിക്കൽ പെട്ടന്ന് എന്തോ മനസ്സിൽ ഉദിച്ചു. കിടക്കയിൽ നിന്നെണീററു. ഈശ്വര! ഈ വഴിക്കു നിവൃത്തി കിട്ടണേ! എന്നു തന്നെത്താൻ പറഞ്ഞു. കാലത്തു സ്റ്റേഷ്യനിൽ ചെന്ന് എഴുത്തുകളെല്ലാം കഴിച്ചു ഡാക്ടരുടെ വീട്ടിലേക്കു പുറപ്പെട്ടു. അന്വേഷിച്ചതിൽ അദ്ദേഹം ദേഹസൌഖ്യത്തിന്നു വേണ്ടി ബങ്കളൂൎക്ക പോയിരിക്കുന്നുവെന്നും മടങ്ങിവരുവാൻ കുറെ താമസമുണ്ടെന്നും അറിഞ്ഞു മടങ്ങിപ്പോന്നു. സ്റ്റേഷ്യനിൽ എത്തിയപ്പോൾ അവിടെ കാത്തിരുന്നിരുന്ന ഒരാൾ ഇൻസ്പെക്ടരോട് ഇങ്ങിനെ പറഞ്ഞു:—'ഞാൻ ദേവകിയമ്മയെക്കൊന്ന നാരായണമേനോനെപ്പററി ചിലതു പറവാൻ വന്നിരിക്കയാണ്. അബ്ദുൾഹാജി എന്നാണ് എന്റെ പേർ. എനിക്കു വണ്ടിക്കച്ചവടമാണ്. ഈ നാരായണമേനോൻ എന്നോടൊരു വണ്ടി ആവശ്യപ്പെട്ടു. ൩൦൦ ഉറുപ്പിക വില തീൎച്ചയാക്കി. പിറെറ ദിവസം പണം തന്നു വാങ്ങി കൊണ്ടുപോകാമെന്ന് ഏററിരുന്നു. പിന്നേ അദ്ദേഹം വരികയോ ഞാൻ കാണുകയോ ഉണ്ടായിട്ടില്ല. ഈ സംഗതി കേസ്സിലേക്ക് ഉപകരിക്കുമെങ്കിൽ ഇരിക്കട്ടെ.'

ഇതു കേട്ടപ്പോൾ 'ആട്ടെ വളരെ സന്തോഷമായി' എന്ന് ഇൻസ്പെക്ടർ പറഞ്ഞു. അന്നുച്ച തിരിഞ്ഞിട്ട് ഇനിയും വല്ല സംഗതിയും കണ്ടുപിടിപ്പാൻ സാധിക്കുമോ എന്നു പരീക്ഷിപ്പാൻ വീണ്ടും കുററസ്ഥലത്തേക്കു പോയി.

കേസ്സിന്നു സംഭവിച്ചിട്ടുള്ള മാററം ഇൻസ്പെക്ടൎക്ക രസമായിത്തീൎന്നു. ഇപ്പോൾ മുഖ്യമായ ൨ സംഗതികൾ ഇദ്ദേഹം കണ്ടുപിടിച്ചു. ൧ാമതു മടിശ്ശീലയിൽ കണ്ട പുതിയ നാണ്യം ദേവകിക്കുട്ടിയുടെ മരണശേഷമാണ് മടിശ്ശീലയിൽ ഇട്ടത്. ൨. നാരായണമേനോൻ ഹുണ്ടികയിൽ നിന്നു വണ്ടി വാങ്ങാനാണ് ൩൦൦ ക വാങ്ങിയത്. ചാടിപ്പോവേണ്ടാവശ്യത്തിന്നല്ല. ഈ രണ്ടു സംഗതികളും ഇൻസ്പെക്ടരുടെ പുതിയ ആലോചനക്കു വളരെ അനുകൂലങ്ങളായി തീൎന്നിട്ടുണ്ട്.

കുററസ്ഥലത്തെ ഇപ്പോഴത്തെ പരിശോധനയിൽനിന്നു ൩-ാമതൊരു സംഗതി കൂടി കിട്ടി. ഇത് ആ വീട്ടിലുള്ള അടുക്കള പരിശോധിച്ചപ്പോളാണ് കണ്ടുകിട്ടിയത്. അടുപ്പിന്നരികെ കുറെ കടലാസ്സു കത്തിച്ച കരി കിടക്കുന്നതു കണ്ടു. ആ കടലാസ്സിന്റെ ഒരു ചെറിയ കഷ്ണം അഗ്നിക്കു ആഹാരമാകാതെ സ്വല്പം അകലത്തായി കിടക്കുന്നത് എടുത്തു നോക്കിയപ്പോൾ അതു ഒരു നോട്ടിന്റെ അററമാണെന്നു മാത്രമല്ലാ നമ്പ്രിടുന്ന ഭാഗവും കൂടിയായിട്ടും കണ്ടു ഈശ്വരാധീനം തന്നെ എന്നു കരുതി ഇൻസ്പെക്ടർ തന്റെ കീശയിലുള്ള നോട്ടുബുക്കെടുത്തു നോക്കി. അതിൽ നാരായണമേനോനു ഹുണ്ടികയിൽനിന്നു കൊടുത്ത നോട്ടിന്റെ നമ്പ്ര ചേൎത്തിട്ടുണ്ടായിരുന്നു. ആ നമ്പ്രും ഈ തുണ്ടുകടലാസ്സിന്റെ നമ്പ്രും ഒന്ന്! ഇൻസ്പെക്ടർ നിന്ന നിലയിൽ തന്നെ സന്തോഷത്തോടു കൂടി ഒരു ചാട്ടം ചാടി. നോട്ടു കത്തിച്ചു കളഞ്ഞിരിക്കുന്നു. ഇത്ര വളരെ പണം എന്തിനായിട്ടു കത്തിച്ചു! ആരു കത്തിച്ചു?

ഇൻസ്പെക്ടർ ഉടനെ സ്റ്റേഷ്യനിലേക്കു തിരിച്ചു. അവിടെ എത്തിയപ്പോഴേക്കും സൂപ്രണ്ടും വന്നെത്തി. ഈ കൊലക്കേസ്സിന്റെ അന്വേഷണം ഇപ്പോൾ എത്രത്തോളമായി എന്നു ചോദിച്ചു. ഇൻസ്പെക്ടർ ചെയ്തേടത്തോളം അന്വേഷണങ്ങളെപ്പററി സവിസ്തരം സൂപ്രണ്ടിനെ കേൾപ്പിച്ചു. ഒടുവിൽ ഈ ഒരരക്കാലിന്റെ സംഗതി വളരെ പ്രബലപ്പെടുത്തി പറഞ്ഞപ്പോൾ—

സൂപ്ര—ഇതിൽനിന്നു നിങ്ങൾ എന്താണ് അനുമാനിക്കുന്നത്?

ഇൻ—വിശേഷിച്ചൊന്നുമില്ലാ. എന്നെ കുടുക്കാനായി ഒരു കണി വെച്ചിട്ടുണ്ടായിരുന്നു. അതിൽ ഞാൻ പെട്ടേനെ. പ

ക്ഷേ ദൈവഗത്യാ ഈ അരക്കാൽ എന്നെ രക്ഷപ്പെടുത്തി.

സൂപ്ര—എന്ത്? കണിയോ?

ഇൻ—അതേ. ഒരു കണി. ഇപ്പോഴാണ് ഇനിയ്ക്കു കണിയാണെന്നു മനസ്സിലായത്. ഞാൻ കേസ്സ് ആദി മുതൽ പറയാം. കേട്ടോളൂ—അന്വേഷണങ്ങളെക്കൊണ്ടും, ഛായ കൊണ്ടും വളരെ സുന്ദരിയാണെന്നു കാണുന്ന ഈ ദേവകിക്കുട്ടിയ്ക്കു ഒരു ജാരപുരുഷനുണ്ടായിരുന്നു.

സൂപ്ര—ഇതു വാസ്തവമായിരിക്കാം.

ഇൻ—ഭർത്താവു വളരെ കോപിഷ്ഠനും ഉഗ്രകക്കാരനും ആയതിനാൽ ഇവൾക്ക് അവനെ നീക്കം ചെയ്യാതെ നിവൃത്തിയില്ലാതെയായി. ഭർത്താവിനെ പെട്ടെന്നു കാണാതായ സംഗതി പൊല്ലീസ്സിന്റെ അന്വേഷണത്തിൽ പെടേണ്ട കാലമായി എന്നു ഈ അനുരക്തന്മാർ അറിഞ്ഞു. ഇതിൽപ്പെടാതെ കഴിപ്പാനൊ ബുദ്ധിമുട്ടുണ്ട്. അതിനു പുറമെ ശവം എങ്ങിനെയാണ് നശിപ്പിക്കേണ്ടത്. ഇതു വലിയ പ്രയാസമായിട്ടുള്ള മറെറാരു സംഗതിയുമാണ്. ഇതു രണ്ടും സാധിച്ചാൽ കററക്കാർ രക്ഷപ്പെട്ടു. ഇതിലേക്കു വേണ്ടി ഇവർ രണ്ടുപേരും കൂടി ഒരു സൂത്രം ആലോചിച്ചു നിശ്ചയിക്കുന്നു. ഒരു ദിവസം രാത്രി ഭർത്താവായി കല്പിച്ചുകൂട്ടി ഒരു കശപിശയ്ക്കു കാരണം ഭാര്യയുണ്ടാക്കുന്നു. പിറെറ ദിവസം അവൾ വീട്ടിൽനിന്ന് ഒളിച്ചുപോകുന്നു. എട്ടുപത്തു ദിവസത്തേയ്ക്കു യാതൊരന്വേഷണവും ഇല്ലാ. പിന്നെ ജാരൻ പുറത്തു ചാടി ഭർത്താവിന്റെ പെരുമാററങ്ങളെ സൂക്ഷിക്കുന്നു. ഇയ്യാളുടെ വണ്ടി വാങ്ങാനുള്ള നിശ്ചയം, ഉണ്ടികയിൽ നിന്നു പണം വാങ്ങിയ സംഗതി, ഇതെല്ലാം ഇയ്യാൾ അറിയുന്നു. അന്നു രാത്രി ഏകനായി കിടന്നുറങ്ങുന്ന ഈ സാധുവിനെ കഴുത്തിൽ പിടിച്ചു ഞെക്കിയോ മറേറാ കൊല്ലുന്നു. ഈ കലപാതകി മുമ്പെക്കൂട്ടി ആലോചിച്ചു വച്ചിരുന്ന പ്രകാരം ശവം തുണ്ടുതുണ്ടാക്കി മുറിച്ച് അതുകളെ ഒക്കെയും തനിയ്ക്കു സ്വാധീനമുള്ളതായ ദ്രാവകങ്ങളിൽ മുക്കി സൂക്ഷിയ്ക്കുന്നു. ഒരാഴ്ചക്കകം അതുകളിൽ എല്ലു കഴികെ വേറെ യാതൊന്നും ഉണ്ടാവില്ലാ. ഇതുകൾ എടുത്തു പറമ്പിൽ പല സ്ഥലങ്ങളിലായി സ്ഥാപിയ്ക്കുന്നു. ഇതിൽ ആണൊ പെണ്ണൊ എന്നറിവാൻ എളുപ്പമുള്ള എല്ലുകളെ വേറെ എടുത്തു കൊണ്ടുപോയി പ്രത്യേകം നശിപ്പിയ്ക്കുന്നു. ഇനി ഈ ഭർത്താവിനെ കാണാതിരിയ്ക്കുന്നതിന്ന് ഒരു കാരണം എന്താണെന്ന് ആലോചിയ്ക്കുന്നു. സ്ത്രീയുടെ കിടപ്പുമുറിയിൽ സാമാനങ്ങൾ ഒക്കെ അവൾ ചാടിപ്പോയതല്ലെന്ന് ഏവനും തോന്നത്തക്കവണ്ണം ശരിപ്പെടുത്തി വയ്ക്കുന്നു. എല്ലാററിനും ഒടുവിൽ അവളുടെ പെട്ടിക്കകത്തു പൊല്ലീസ്സിന്ന് എളുപ്പത്തിൽ കാണത്തക്കവിധത്തിൽ കറെ ചില്ലറയും ഒരു മടിശ്ശീലയിൽ ഇട്ടു വയ്ക്കുന്നു. ഇപ്രകാരമെല്ലാം ചെയ്തു വച്ചതിന്നു ശേഷം ആ കലപാതകി എന്റെ അടുക്കൽ വന്നു തന്റെ സൂത്രപ്പണികളെക്കൊണ്ട് എന്നെ കണിയിൽ പെടുത്താൻ ഉത്സാഹിക്കുന്നു. ആയാൾ വച്ച കണിയിലേയ്ക്ക് ആയാൾ പണിത വഴിയിൽ കൂടി തന്നെ ഞാനും നടന്നു. അടുത്തു ചെന്നു പെട്ടുപെട്ടില്ലെന്നായപ്പോഴയ്ക്കും ഈ കാണുന്ന അരക്കാൽ എന്നെ രക്ഷപ്പെടുത്തി.

* * * * *

എന്തിനധികം പറയുന്നു? ഡാക്ടർ നാണമേനോനും ദേവകിക്കുട്ടിയും ശിക്ഷാനിയമപ്രകാരം കലക്കററത്തിന്നു കല്പിച്ചിട്ടുള്ള മുഴുവൻശിക്ഷയ്ക്കു പാത്രമായിത്തീൎന്നു. എന്നാൽ ഹൈക്കോടതിയിൽ നിന്നു ദേവകിക്കുട്ടിയുടെ ശിക്ഷ ഏഴു കൊല്ലത്തെ കഠിനതടവു മാത്രമാക്കി വിധി ഭേദപ്പെടുത്തി.

ആർ. പി.

# आंगळेयानां लौकिकाचारः ।

आंगळेयास्तांबूलचर्वणस्य दुराचारतामामनन्ति । अतस्तन्मध्ये जिगमिषुस्तन्न कुर्यात् । अथ चर्वितं तदा दन्तधावनादिकं कृत्वैव तन्निकटं प्रविशेत् । यथा किलाऽस्माकीनपुरातनानां धूमपत्रकृतवर्तिद्वारा धूमपानमतिगर्हितं तथाऽतिगर्हितमांगळेयानां तांबूलचर्वणमित्यवधेयम् ।

सदसि निषण्णो निष्कसनं निष्ठीवनं क्षुतिं तादृशमन्यद्वा न कुर्यात् । यदि पुनरनिवार्यं प्रवर्तते तदा समुत्थाय कुत्रापि कोणे सावधानं गत्वैव कर्तव्यम् । नूनमन्यथापरिहास्यः संपद्येत । एतन्निकटवर्तिना किलावश्यं सदापि सन्धार्यं किमपि मुखमार्जने वसनशकलम् ।

निषण्णो न जृंभेत्, नापि पादौ चालयेत्, न वा तौ संवाहयेत्, न हि ताभ्यां जूकुर्यात्, न विस्तारयेत्, नाप्यासनादिष्वारोपयेत् । गच्छंस्तु समुन्नद्धशिराः किञ्चिदप्यनाकुञ्चितगात्रश्शनैश्शनैरान्दोळयन् भुजयुगळीं मन्दमेव विचरेत् ।

न सभायां सल्लपेत्, नात्मना किमपि जल्पेत्, न वा फूत्कुर्यात् । नोच्चैर्हसेत्, अथच निश्शब्दमेव विहसेत् । हासे च नाऽस्यं हस्तेन संवृणुयात् । जृंभणे तु संवृणुयात् । न हस्ताभ्यां वादयेत् । न ताभ्यां किमपि निर्दिशेत् । न श्रवणयोरवधानं नाटयेत् । न च मध्येजनं पुस्तकं वृत्तान्तपत्रादिकं वा नीचेतरस्वरेणवाचयेत् ।

उचितसन्दर्भप्रयोगकौशल एवाश्लीलं भाषणादिषु प्रवदेत् । सन्दर्भोचितता परं कष्टतरा । न किमप्यात्मनाशपेत् । ("शपे तत्तथे"त्यादिकं न ब्रूयादित्यर्थः)

संभाषणादिष्वपरोक्षं परोक्षं वा तृतीयं न नाममात्रेण निर्दिशेत् । "मिस्ट"रिति "से" रित्यन्यद्वा यथायोग्यं पदं योजयित्वा निर्दिशेत् । न वा पुनराद्यवर्णमात्रेण तन्नाम निर्दिशेत् । य "मिस्टर् जोण्"इत्यस्यस्थाने "मिस्टर् जे"इति

लेख्यवाचिकादिष्वतिकिलावधानमांगळे याः कुर्वते । नखल्वयावदावश्यकं पदं प्रत्ययं व र्णं वा प्रयुञ्जते ।

केषाञ्चिदंगानां नामापि नागूढं कथये नतावदुदरवेदनानिवेदनावसरेषूदरार्थकं तद्भाषी यं "स्टोमक्" इतिपदं प्रयुञ्ज्यात् । "अब्डामे" इतिपदमेव प्रयुञ्ज्तात् । भिषजं प्रति तु "स्टोमक्" इत्यप्यविरुद्धम् । योषितां सन्निधानेष्वीदृशांि यमे परमातिश्रद्धालुना भावितव्यम् ।

स्निग्धादिमरणवार्तां न विस्तरतो ब्रूयात् न सदसि स्त्रियो रुजं निर्दिशेत् । न विरेचनाति सारादीनां नाममात्रमपि कथयेत् । गर्भप्रसवादि वार्तां न वदेत् । ईदृशेषु सर्वत्र मौनमेव शोभनम् ।

न हि मध्येजनं सहस्रवयोभिस्तस्त्रिया नबलाजनमपांगेनेक्षेत न तं प्रतिकिञ्चित् ब्रूयात् । यथासोऽबलाजनः शृणुयात् ।

प्रयाणेष्वभिमुखमागच्छतो मार्गं दत्वैव यायात् । मार्गस्थं न बलात् पातयित्वाससंरंभं यायात् । देहि मे मार्गमितिसविनयमापृच्छन् तदपसरणानन्तरमेव यायात् ।

नेर्ष्याकलुषेण भवितव्यम् । स्वयमनवगतानात्मदोषानुपदिशति कृतज्ञतां प्रकाशयेत् । नात्मानं प्रतिकस्यचिदुक्तौ प्रहेळिकतामनुमिनुयात् । न तावदांगळेयानां वाचि व्यापारे वा वक्रमर्थं कल्पयेत् । तेषु कुत्रापि शंकां न कुर्यादिति संक्षेपः ।

लिखति लेख्यं वाचयति वा परस्मिन् विना तदनुमतिं तदंसेनान्यथावा न पश्येत् । नान्यदीयं पुस्तकादिकमृते तदनुमतिं नामापि वाचयेत् । असाधारणमपि कस्याचिद्वस्त्रधारणं न पौनःपुन्येनेक्षेत ।

# മംഗളോദയം

## ൧൦൮൩

| പുസ്തകം ൧ | മേടമാസം | ലക്കം ൩ |
|---|---|---|


### മംഗളം

വിണ്ണിൽതനപീമണികളഖിലംവന്നുമേന്മേൽതിരക്കും
വണ്ണംവൃന്ദാവനഭുവിമൃദാന്ദൃത്തമാടുന്നകോലം
മിന്നൽച്ചാർത്തിന്നിരയിലൊളിതേടുന്നവാർകൊണ്ടലായർ
പ്പെണ്ണാൾക്കുപുണ്യപ്പെരിമപരമംധാമമേവെൽവുതാക.

## പഴയഭാഷ



സംസ്കാരം വർദ്ധിച്ചുവരുംതോറും സകല വസ്തുക്കളുടേയും ആകൃതിയ്ക്കും പ്രകൃതിയ്ക്കും പല മാററങ്ങളും വന്നു കൂടുന്നതു സാധാരണയാണല്ലൊ. ഭാഷാവിഷയത്തിൽ ചെയ്തിട്ടുള്ളസംസ്കരണം ഏതു വിധത്തിലാണ് പരിണമിച്ചിരിയ്ക്കുന്നതെന്നു പഴയ ഭാഷയും പുതിയ ഭാഷയും തമ്മിൽ തട്ടിച്ചു നോക്കിയാൽ എളുപ്പത്തിലറിയാവുന്നതാണ്.

ഗീർവ്വാണഭാഷയിൽ പ്രാകൃതത്തിന്നും സംസ്കൃതത്തിന്നും ആകൃതികൊണ്ട് എത്രത്തോളം അന്തരമുണ്ടോ മലയാളഭാഷയിലും പഴയതിന്നും പുതിയതിന്നും ഏകദേശം അത്രത്തോളം അന്തരം വന്നിട്ടുണ്ടെന്നു പറയാം.

'കാററാളംകൊണ്ടണിമുലയുഗംകാന്ത
മെപ്പുട്ടുന്നേൽ
കോററുള്ളംപ്പതികൊഴകൊഴക്കൊത്ത
സീൽകാരനാദം
കാറാറാടാട്ടനടവുകലയക്കാണെ-
നോകണ്ടനോങ്ങം
കുററമ്പിൽചെൻറാളിയിലിളച്ചീവി-
ലാസോദയംഞാൻ.

ഇതിലെ കാററാളം, നൃന്മേൽ, കോററ്, കൊഴകൊഴക്ക്, നടവ്, കലയെ, കാണ്മനോ, കൂററ്, ചെൻററ് ഇത്യാദി പദങ്ങൾക്ക് കാൽതാളം, നൃചിന്മേൽ, കോത്തുകൊണ്ടു തന്നെ (കോത്ത വിധത്തിൽ തന്നെ), കൊ

തെ മററുവിധത്തിലുള്ളവ ഒരിക്കലും പ്രബലപ്പെട്ടു വരുവാൻ സാധിക്കുന്നതല്ലെന്നു റെയിഫ്സൻ സൂക്ഷ്മമായി അനുഭവിച്ചറിഞ്ഞിട്ടുണ്ട്. സംഘത്തിന്റെ മൂലധനം നാട്ടുകാരുടെ മര്യാദയാണ്. ധനസഹായം ഇച്ഛിക്കുന്ന കുടിയാനവന്മാർ, തങ്ങൾ വാങ്ങിയ കടത്തെ തിരിയെ കൊടുക്കുന്നവരായിരിക്കും. നമ്മുടെ രാജ്യത്തു പിടിപ്പതും പലിശ കൊടുത്തു കടം വാങ്ങുന്ന നെല്ല്, വിത്തു മുതലായിട്ടുള്ളതു കൃത്യമായും സമയത്തിന്നും തിരിയെ കൊടുക്കുന്ന പതിവുണ്ട്. എല്ലാ കൃഷിക്കാരനും അവനവന്റെ അടുത്ത കൂട്ടുകാരുടെ ഇടയിൽ 'മര്യാദക്കാരനാണ്' എന്ന നാണയത്തിന്ന് അർഹനായിരിക്കും. ഗ്രാമനിവാസികൾക്ക് ഒരുവനിലുള്ള വിശ്വസ്തതക്ക് എത്രത്തോളം പ്രാബല്യമുണ്ടോ അത്രത്തോളമുള്ള ധനം ആയാളോടു രേഖാമൂലം യാതൊരു ലക്ഷ്യവും വാങ്ങാതെ ആയാൾക്കു കടം കൊടുക്കുക പതിവുണ്ട്. പക്ഷേ ഇങ്ങിനെയുള്ള കൊടുത്തുവാങ്ങൽ ചുരുക്കമായ സംഖ്യ മാത്രമായിരിക്കാം. അന്യോന്യം പരിചയവും വിശ്വാസവും ഉള്ളവരും മര്യാദക്കാരും ആയ ഗ്രാമനിവാസികൾ ഒന്നിച്ച് ഒരു 'ക്ലിപ്ത'മല്ലാത്ത കമ്പനിയായി ചേരുകയും അപ്രകാരം ഓരോരുത്തരും തങ്ങളുടെ അയൽക്കാരൻ വരുത്തുന്ന വീഴ്ചകൾക്ക് ഉത്തരവാദിയായിരിക്കയും ചെയ്യുന്നതായാൽ ഈ അന്യോന്യമുള്ള ഏടവാട് എത്രയോ പതിന്മടങ്ങു വർദ്ധിക്കുന്നതാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ പ്രകാരമുള്ള ഒരു യോഗത്തിൽ ആർക്കെങ്കിലും സ്വേച്ഛപോലെ പ്രവേശം കിട്ടുന്നതല്ല. യോഗപ്രവൃത്തകന്മാരുടെ വിശ്വസ്തതയ്ക്കു പാത്രമായിട്ടുള്ളവരെ മാത്രമെ ഓഹരിക്കാരായി ചേർക്കയുള്ളൂ. ഈ യോഗക്ഷേമത്തിന്നു വേണ്ടി ഓരോ മെമ്പർമാരും അവരവർക്കുള്ള സകല സ്ഥാവരജംഗമസ്വത്തുക്കളും പണയപ്പെടുത്തുന്നു. ഇപ്രകാരമാണ് 'റെയിഫ്സൻ' ബാങ്കിന്റെ സമ്പ്രദായം. ഈ ബാങ്കിന്റെ സകല ബാദ്ധ്യതകൾക്കും ഓരോ മെമ്പർമാരും ചുമതലക്കാരായിട്ടുള്ള സ്ഥിതിക്ക് അതിന്ന് അർഹന്മാരല്ലാത്തവർ യോഗത്തിൽ പ്രവേശിക്കാതിരിപ്പാൻ ഓരോരുത്തരും പ്രത്യേകം മനസ്സിരുത്തുന്നതാണ്.

ഈ ഏർപ്പാടു തുടങ്ങുമ്പോൾ ഇതിന്റെ പ്രവർത്തകന്മാരിൽ ഏതാനും ചില ധനികന്മാരും അനേകം പേർ ദരിദ്രന്മാരും ആയിരിക്കാം. ഇവരെല്ലാവരും ഒരേ ദേശക്കാരും അന്യോന്യം ധാരാളം പരിചയമുള്ളവരും ആയിരിക്കും. ഇവരിൽ ആർക്കെല്ലാം പണമാവശ്യമുണ്ടെന്നും, ഓരോരുത്തർ വാങ്ങീട്ടുള്ള പണം വേണ്ടുന്ന വിധത്തിൽ ഉപയോഗിക്കുന്നുണ്ടോ എന്നും മററുമുള്ള സംഗതികൾ എല്ലാവർക്കും അറിയാം. അവിസ്ഥലത്തുള്ളവരാകയാൽ കടം കൊടുത്തിട്ടുള്ള സംഖ്യയ്ക്കു വാങ്ങീട്ടുള്ള ഉടപ്പിന്റെ സ്ഥിതിക്കു വല്ല മാററവും സംഭവിച്ചു എങ്കിൽ എളുപ്പത്തിൽ അറിവാനും വേണ്ടുന്നതു വാങ്ങുകയോ കൊടുത്ത പണം തിരിയെ വാങ്ങുവാൻ ശ്രമിക്കുകയോ ചെയ്യുന്നും വേഗത്തിൽ സാധിക്കുന്നതും ആകുന്നു.

ഈ ബാങ്കിലേക്കുള്ള മൂലധനം ഉണ്ടാവുന്നത് എങ്ങിനെയാണെന്ന് ഇനി ആലോചിക്കാം. കമ്പനി 'ക്ലിപ്ത'മല്ലാത്തവിധത്തിലാണ് ഏർപ്പാടു ചെയ്തിട്ടുള്ളത് എന്നു മുൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഒരു പ്രത്യേക സംഖ്യവരെ കടം കൊടുപ്പാൻ ഓരോരുത്തരും അർഹന്മാരായിരിക്കും. ഈ വിശ്വാസത്തിന്മേൽ ഒരു ധനവാൻ പണമിറക്കുന്നു. കമ്പനിയിൽ ചേർന്നിട്ടുള്ള ഇതരന്മാരും തങ്ങളുടെ ചിലവു കഴിച്ച് ഉണ്ടായേ

ക്കാവുന്ന ആദായവും കമ്പനിയിലേക്കു വേണ്ടി വ്യയം ചെയ്യുന്നു. ആദ്യകാലത്തിൽ പക്ഷെ അധികപലിശ കൊടുത്തു പണം കടം വാങ്ങേണ്ടി വന്നു എന്നും വരാം. എങ്കിലും കാലക്രമം കൊണ്ടു കമ്പനിക്കു പ്രചാരവും ധനപുഷ്ടിയും ഉണ്ടാവുന്തോറും ആദായപലിശക്കു പണം കിട്ടുവാൻ എളുപ്പമായി എന്നു വരും. എന്നുമാത്രമല്ല എതാനും കാലമായിട്ട് ഒരു നല്ല സ്ഥിതിയിൽ നടന്നുവരുന്നതായ ഒരു ബാങ്കിലെ ഓഹരിക്കാർക്കു ചുരുങ്ങിയ സംഖ്യ മാത്രം പലിശവകയ്ക്കു കൊടുക്കേണ്ടതായി വരുന്നതിനാൽ ഈ വകയിൽ ഇവർക്കുണ്ടായേക്കാവുന്ന ആദായം കൂടി ബാങ്കിലേക്കുതന്നെ എറക്കാവുന്നതായിട്ടും വരും.

ബാങ്കിന്റെ ഭരണം എല്ലാ അംഗങ്ങളും ഒത്തൊരുമിച്ചിട്ടാണ്. ഓരോ മെമ്പറും അവനവനുള്ള സർവ്വസ്വവും പൊതുജനോപയോഗത്തിന്നു വേണ്ടി ഈ ഏർപ്പാടിലേക്കായി ഒഴിഞ്ഞിട്ടിരിക്കയാൽ ഇതിന്റെ സകലവിധ നടപടികളിലും ഇവരിൽ ഓരോരുത്തരും മനഃപൂർവ്വമായി പ്രവേശിക്കുന്നതാണ്. (ഈ ബാങ്കിലെ ഓഹരിക്കാരിൽ ഓരോരുത്തരും ഈ ബാങ്കിനെ സംബന്ധിച്ചേടത്തോളം ഇതരന്മാരേക്കാൾ പ്രമാണിയാവാതിരിക്കത്തക്കവിധം ഒരുപോലെ ശ്രദ്ധവെച്ചുകൊണ്ടിരിക്കും) സാധാരണഭരണത്തിന്ന് ഒരു കമ്മിററിയുണ്ടാവും. ഇവർ കടം കിട്ടേണ്ടതിന്നായി വന്നിട്ടുള്ള അപേക്ഷകളെല്ലാം നിഷ്കർഷയായി പരിശോധിക്കും. പ്രയോജനമുള്ള തൊഴിലിലേക്ക് ഉപയോഗിക്കുന്നതിന്നു മാത്രമേ കടം അനുവദിക്കുകയുള്ളു. 'എ' വിത്തു വാങ്ങുവാൻ പണം കടം ചോദിച്ചു എന്നു വിചാരിക്കുക. 'എ'ക്കു 3 ഏക്ര നിലമുണ്ടെന്നും അതിന്നു 20 പറ വിത്തു വേണമെന്നും കമ്മററിക്കാർക്കറിയാം. ഇതിന്നു വേണ്ടതിലധികം പണം 'എ'ക്കു കടം കൊടുക്കുന്നതല്ല. എന്നാൽ ഓഹരിക്കാരിൽ ആരും വേണ്ടതിലധികം പണം ആവശ്യപ്പെടുന്നതും അത്ര സാധാരണയല്ല. അഥവാ വാങ്ങണമെങ്കിൽ അതിന്നുള്ള സകല കാരണവും സവിസ്താരമായി പറഞ്ഞു തന്റെ കൂട്ടുകാരെ ബോദ്ധ്യപ്പെടുത്തേണ്ടതാകയാൽ എടംപുറം കൂടാതെ കടം വാങ്ങാതിരിക്കേണ്ടതിന്ന് ഈ ഏർപ്പാട് ഒരു തക്ക പ്രതിബന്ധവും ആയിത്തീരുന്നു. ഇപ്രകാരമുള്ള മിക്ക യോഗങ്ങളിലും മെമ്പ്രന്മാരിൽ രണ്ടാളെങ്കിലും കടക്കാരനു ജാമ്യം നില്ക്കണമെന്നാണ് നിശ്ചയം. ജാമ്യക്കാരായിരിക്കുന്നവർ കടക്കാരന്റെ സകല അവസ്ഥയും പൂർണ്ണമായി ധരിച്ചിരിക്കേണ്ടവരാകയാൽ വേണ്ടതിലധികം കടം ചോദിപ്പാൻ പിന്നെയും പ്രതിബന്ധമായിത്തീരുന്നു. ജാമ്യക്കാർ എന്നുതന്നെയല്ല കമ്പനിയിലുള്ള മറെറല്ലാവരും കടക്കാരൻ വാങ്ങിക്കൊണ്ടു പോയ പണം എന്തിലേക്കുവേണ്ടിയാണ് ഉപയോഗപ്പെടുത്തുന്നത് എന്നു നിഷ്കർഷയായി പരിശോധിച്ചുകൊണ്ടിരിക്കും. ഫലവത്തായ മാർഗ്ഗങ്ങളിലേക്കു വേണ്ടി പണം ഉപയോഗിക്കുന്നില്ലെന്നു കണ്ടാൽ തൽക്ഷണം തിരിയേ വാങ്ങുവാൻ നടപടി നടത്തി വാങ്ങുന്നതിന്നു പുറമെ ഈ കടക്കാരനായ മെമ്പർക്കു കമ്പനിയിലുള്ള സ്ഥാനം അന്നു മുതൽ ഇല്ലാതാവുന്നതുമാണ്. ഇപ്രകാരമുള്ള ബാങ്കുകളിൽ ഒടുക്കുന്ന പണം ഒരിക്കലും നഷ്ടം വരുന്നതല്ലെന്നു സ്പഷ്ടമാണല്ലോ.

ഈ തരം ബാങ്കുകളിൽ ഇതരബാങ്കുകളിലെന്നപോലെ അത്ര വളരെ കണക്കുകൾ വയ്ക്കാറില്ല. ഭാരവാഹികൾക്കു പ്രതിഫലവുമില്ല. ഭാരവാഹികളാണെന്നുള്ള ഒരു ബഹുമതി മാത്രമേ പ്രതിഫലമായിട്ടു

ഴകൊഴപ്പ് (മസൃണത), നട, വളയുന്ന വിധത്തിൽ, കാണുമോ, കൂത്ത് (നൃത്തം) ചെന്ന് ഇങ്ങിനെ ഛായാപദങ്ങൾ കാണിക്കേണ്ടതാണെന്നു പല ഭാഷാഭിമാനികൾക്കും തോന്നിത്തുടങ്ങീട്ടുണ്ട്. പ്രാകൃതത്തിൽ നിന്നു സംസ്കൃതത്തിലേക്കു മാറുമ്പോളുണ്ടാകുന്നതുപോലെ പഴയ ഭാഷയിൽ നിന്നു പുതിയ ഭാഷയിലേക്കു മാറുമ്പോഴും പദങ്ങൾക്കു പല മറിച്ചിലും തിരിച്ചിലും വരുന്നതാണ്. പോവൃത്, പോവുത്, പോവിത് എന്ന പഴയ ഭാഷാശബ്ദങ്ങളാണ് സംസ്കരണം കൊണ്ടു 'പോവത്' ആയിത്തീൎന്നിരിക്കുന്നത്. ഇങ്ങിനെയുള്ള മാററങ്ങൾ ഗണിച്ചാൽ അവസാനിക്കാത്ത വിധം അത്ര വളരെയുണ്ട്. എന്നാൽ പുതിയ ഭാഷയിൽ മാത്രം പരിചയിച്ചിട്ടുള്ളവൎക്കു പ്രാകൃതഭാഷയായി കണക്കാക്കാവുന്ന പഴയ ഭാഷയിലെ സരസങ്ങളും പ്രൌഢങ്ങളുമായ അനേകം കവിതകളിൽ തീരെ വൈമുഖ്യം കാണുന്നതിന്നുള്ള മുഖ്യകാരണം പഴയ ഭാഷാവ്യാകരണത്തിന്റെ ജ്ഞാനമുണ്ടായാൽ മുഴുവനും നശിക്കാതിരിക്കില്ല. ആ വക സകല ഗ്രന്ഥങ്ങളുടേയും അൎത്ഥം മനസ്സിലാവാൻ പത്തു പഴയ പ്രബന്ധങ്ങൾ മനസ്സിരുത്തി വായിക്കുന്നതിനേക്കാൾ ആ ഭാഷയുടെ സാമാന്യലക്ഷണങ്ങൾ ഒരിക്കൽ ഗ്രഹിക്കുന്നതായിരിക്കും അധികം ഉപകരിക്കുക. അതുകൊണ്ടു താഴെ വിവരിക്കും പ്രകാരം ആ ഭാഷയുടെ ആകൃതിയിലുള്ള ചില നിയമങ്ങളെ ഓൎക്കുന്നത് ആ വക ഗ്രന്ഥങ്ങൾ വായിക്കുന്ന കാൎയ്യത്തിൽ വളരെ ഉപയോഗമുള്ളതായിരിക്കും. ഈ നിയമങ്ങളിൽ മിക്കതും തമിഴിനെ അനുസരിച്ചിട്ടുള്ളതാണെങ്കിലും പഴയ ഭാഷയിലും സാമാന്യമായിട്ടുള്ളതാണ്.

(൧) രണ്ടു സ്വരങ്ങൾ കൂടുമ്പോൾ നടുവിൽ യകാരം വരും. ഉദാഹരണം- വാടാ + ഇത്=വാടായത് (അതു വാടില്ല) സീതയ... (൨) തച്ഛബ്ദാൎത്ഥത്തിലും ഇദംശബ്ദാൎത്ഥത്തിലും ഉപയോഗിക്കുന്ന അ, ഇ എന്ന സ്വരങ്ങളാണ് മുമ്പിലുള്ളതെങ്കിൽ വകാരമാണ് വരിക; അതിന്നു ദ്വിത്വവും ഉണ്ടാകാം. ഉം- അ + അഴക്=അവഴക്, അവ്വഴക്, ഇ + അഴക്=ഇവഴക്, ഇവ്വഴക് (൩) ഉ, ഊ, ഓ ഇവക്കു മേൽ സ്വരം വരുമ്പോൾ നിയമേന വകാരമേ വരുള്ളു. ഉം- വടു + എൻറ=വടുവെൻറ, കണ്ണു + അത്; കാണ്മുവത്, പോവുതോ + എൻറവാറു, പോവുതോവെൻറവാറോ (പോകുമോ എന്നിരിക്കെ) (൪) സ്വരംപരമായാൽ സംവൃതവും സംവൃതവിവൃതവും ലോപിക്കും. ഉം- പോകിൻറുത് + അല്ലോ=പോകിൻറുതല്ലോ (പോകുന്നതല്ലോ)[2] വരികു + ഇല്ല=വരിക്...

൧ ഈ അടയാളം ഒരു വ്യഞ്ജനത്തെ കുറിക്കുവാൻ ഉപയോഗിച്ചിരിക്കുന്നു.

1 പ്രാകൃതത്തിലും മഹ ഉണ എന്ന ദിക്കിൽ മഹയുണ (മമ പുനഃ) എന്നതു പോലെയാണല്ലോ. ഉച്ചാരണസൌകൎയ്യമാണല്ലോ സംബന്ധിക്കുന്ന ബീജം.

2 സംവൃതസ്വരം ഗജഃ, മനഃ എന്നു മുതലായ അനേകം സംസ്കൃതവാക്കുകളിലും ഗകാരദകാരങ്ങളോടു ചേൎന്നിരിക്കുന്നുണ്ട്. 'അ അ' എന്ന പാണിനിസൂത്രംകൊണ്ടു വിധിച്ചിട്ടുമുണ്ട്.

3 വരിക എന്നതിൽ കകാരോത്തരമുള്ള സ്വരത്തെ സംവൃതമായിട്ടല്ല വിവൃതമായി അവസാനിപ്പിക്കണം. ഇതിന്നു പ്രത്യേകലിപി ഇതുവരെ ഉണ്ടായിട്ടില്ല. ഈ സംവൃതവിവൃതം മലയാളഭാഷയിൽത്തന്നെ ക്രിയാവാചകങ്ങളിലേ പ്രായേണ കാണുന്നുള്ളു.

ല്ല(൪) ʻറ, ʻട, എന്ന വ്യഞ്ജനങ്ങളോടു ചേൎന്ന സംവൃതമാണെങ്കിൽ ആ വ്യഞ്ജനങ്ങൾക്ക ദ്വിത്വവും കൂടി വന്നേക്കാം. ഉം- ആറ് + അഴക്=ആററഴക്, നാട്ടകം (൫) വ്യഞ്ജനം പരമായാൽ സംവൃതം ലോപിക്കില്ല. ഉകാരാദേശം വരാം. ഉം- അത് + നൻറ്= അത് നൻറ്, അതു നൻറ് (അതു നന്ന്) (൬)ഹ്രസ്വമായ എകാരത്തിൽ നിന്നു പരങ്ങളായ ക, ച, ത, പ ഇവ ഇരട്ടിയ്ക്കും. ഉം- അതിനെ + കാൺ=അതിനെക്കാൺ, അതിനെച്ചൊല്ലി, പണ്ടെപ്പോലെ മുതലായത് (൭) കിംശബ്ദാൎത്ഥത്തിൽ വരുന്ന എകാരമാണെങ്കിൽ ഞ, ന, മ, വ ഇവയ്ക്കും ദ്വിത്വം വരാം. ഉം എ + ഞാൻ= എഞ്ഞാൻ, എന്നൂൽ എമ്മു", എവ്വഴ. ഭൂ-ഉ · =എഞ്ഞാൻ-(വ്യ)തൽ‍ച്ഛബ്ദാൎത്ഥകങ്ങളായ അ, ഇ എന്നിവയായാലും മേൽപറഞ്ഞ വസ്സു ദ്വിത്വം വരും. ഉം. അ + ഞാൻ=അഞ്ഞാൻ, ഇഞ്ഞാൻ, അക്കടം, ഇക്കലം, അച്ചില, ഇത്തല, അപ്പുലി, ഇന്നരി, അമ്മല, ഇവ്വരി (൮) സമാസത്തിൽ ക, ച, ത, പ ഇവയ്ക്കു ദ്വിത്വം വരും. ഉം-ആനക്കാട്, വാഴാപ്പാടം, പീലിക്കാട മുതലായത് (൯) അ, ആ, ഇ, ഉ എന്നീസ്വരങ്ങളാണെങ്കിൽ സമാസത്തിൽ ചിലപ്പോൾ ക, ച, ത, പ എന്നിവയുടെ അഞ്ചാമക്ഷരങ്ങളായ ങ, ഞ, ന, മ ഇവ നടുവിൽ വന്നുവെന്നും വരും. എന്നാൽ അങ്ങിനെ വരുന്നത് അതാതിൻെറ അഞ്ചാമത്തേതുമാത്രമായിരിയ്ക്കുന്നതാണ്. ഉം- മുള + കൊമ്പ്=മുളങ്ങ്കൊമ്പ്, മാ + തോൽ=മാന്തോൽ (മാവിന്തോൽ) പുളിമ്പഴ, പൂങ്കോഴി, പൂഞ്ചായൽ, പൂന്തേൻ, പൂമ്പൊടി (൧൦) ണകാരത്തിൽ നിന്നു പരമായ തകാരം ടകാരമാകും. ഉം-തൺ + താർ=തണ്ടാർ (തണുത്തതാര്., വെള്ളത്തിലെ പൂവ്, താമര) മൺ + തുത= മണ്ടുത, മണ്ടീട്ടു, കണ്ടിട്ടു (൧൧) ന, മ, ഇവ പരങ്ങളായാൽ ളകാരം ണകാരമാകും. ഉം- വാൾ + നൻറ്=വാൺ നൻറ്, തോൾ + മേൽ=തോണ്മേൽ (൧൨) ണകാരത്തിൽ നിന്നു പരമായ നകാരം ണകാരമാകും. ഉം- കൺ + നില=കണ്ണില, മുൾ + നൻറ്=മുൺ + നൻറ്=മുണ്ണൻറ് (മുള്ളനന്ന്) പുകണ്ണു, (പുകഴ്‌ന്നു) അമിണ്ണു (അമൎന്നു) (൧൩) ണകാരം പരമായാൽ ദീൎഘത്തിൽ നിന്നു പരമായ ണകാരം ലോപിക്കാം. ഉം- വാൾ + നൻറ്=വാൺ + നൻറ്= വാണ്ണൻറ്= വാണൻറ്, നീൾ + നാൾ= നീൺ + നാൾ=നീണ്ണാൾ=നീണാൾ, താൾ + നു=താണ്ണു, താണു. (൧൪) ചിലപ്പോൾ ഹ്രസ്വത്തിൽനിന്നു പരമായ ണകാരവും ലോപിക്കാം. ഉം- അവൾ + നില=അവൺ + നില=അവണ്ണില=അവണില, പുകൾ + നൻറ്=പുകണ്ണൻറ്=പുകണൻറ്, മുൾ + നൻറ്=മുണ്ണൻറ്=മുണൻറ് (൧൫) ക, ച, ത, പ, ഇവ പരങ്ങളായാൽ മകാരം അതാതിൻെറ പഞ്ചമാക്ഷരമാകും. ഉം. മരം + കുരുത്=മരങ്ങുരുത്, മരഞ്ചൊരുത്, മരന്തകം.(൧൬) അതുതന്നെ നകാരം പരമായാൽ നകാരമാകും. ഉം. മരം + നിൻറു=മരന്നിൻറു(൧൭)ഈ മകാരം ചിലപ്പോൾ ലോപിക്കും. ഉം- വട്ടം + കൺ=വട്ടക്കൺ, ചതുരപ്പലക, കലച്ചുക്ക്, ആയിരത്തല (൧൮) യ, ര, ല, ഴ, ള ഇവയിൽനിന്നു പരങ്ങളായ ക, ച, ത, പ ഇവയ്ക്കു ദ്വിത്വം വരും. ഉം- പൊയ് + കതിര=പൊയ്ക്കതിര- നാർ + പട്ട്=നാർപ്പട്ട്, പാല്പിണ്ടി, പാൾക്കൺ, മുൾക്കൊമ്പ് (൧൯) ല, ള, ണ, ന, ഴ ഇവയിൽനിന്നു എന്തെങ്കിലും പരമായാൽ, സംവൃതം വരാം. ഉം- പാൽ + നൻറ്=പാല് നൻറ്, പാലു നൻറ്, തോൾ + നൻറ്=തോള് നൻറ്, തോളു നൻറ്, തേനു നൻറ് (൨൦) ഹ്രസ്വത്തിൽ നിന്നു പരമായല, ള, ʻന, ണ ഇവ സംവൃ

ള്ളൂ. കൊല്ലാവസാനത്തിൽ ആദായം വീതിച്ച ബാലൻസ്ഷീററ് എഴുതാറില്ല. ഉണ്ടാവുന്ന ആദായം വീണ്ടും മൂലധനത്തിലേക്കുതന്നെ ചേക്കുകയാണ്. ഇങ്ങിനെയുള്ള മൂലധനം പൊതുവായ ഗുണത്തിന്നു വേണ്ടി മാത്രമേ ഉപകരിക്കയുള്ളൂ.

ഓഹരിക്കാരെ ചേക്കുന്നതിലുള്ള മുൻകരുതലും ശ്രദ്ധയും, ഓരോരുത്തരുടെ വീഴ്ചകൾക്കും എല്ലാവരും ഉത്തരവാദികളാണെന്നുള്ള നിശ്ചയവും, കടം കൊടുക്കുന്ന കാൎയ്യങ്ങളിൽ നടത്തുന്ന അന്വേഷണങ്ങളുടെ പരിപൂത്തിയും, കൊടുത്ത പണം എന്തിലേക്കു വേണ്ടിയാണ് ഉപയോഗിക്കുന്നത് എന്നുള്ള പരമാൎത്ഥം അറിവാനുള്ള ആസക്തിയും, തിരിയെ കൊടുക്കേണ്ടുന്ന കാൎയ്യത്തിൽ വെച്ചിട്ടുള്ള നിബന്ധനകളും ആണ് റെയിഫ്സൻബാങ്കിൻെറ സൂക്ഷ്മതത്വങ്ങൾ. ഇതിന്നും പുറമെ ഭരണകാൎയ്യം സൌജന്യമായിട്ടാണ് കിടപ്പ്. 'സ്വയം സഹായം സഹായം' എന്നാണ് ഈ യോഗത്തിൻെറ തത്വം.

മേൽ പ്രസ്താവിച്ചതരത്തിലുള്ള നാണയസാഹായികസംഘങ്ങളാണ് നമ്മുടെ രാജ്യത്തും നടപ്പായി വരേണ്ടത്.

ഈ ബാങ്കുകൾ കൊണ്ടു ചെറുതരക്കാരായ കൃഷിക്കാർ മാത്രമല്ല രക്ഷപ്പെടുന്നത്. നാട്ടുപുറങ്ങളിൽ അനേകം ചെറുതരം കൈത്തൊഴിൽക്കാരുണ്ട്. ഇവരുടെ ധനസ്ഥിതിക്കും വലിയ അന്തരമില്ല. നമ്മുടെ രാജ്യത്ത് ഉദ്ദേശം 3000 കുഡുംബങ്ങൾ നെയ്ത്തുവേലകൊണ്ടും, 8500 കുഡുംബങ്ങൾ കയറുപിരി, ചകിരിപ്പണി മുതലായതുകൊണ്ടും, 200 കുഡുംബങ്ങൾ ഓട്ടുപാത്രങ്ങൾ വാൎത്തിട്ടും ഉപജീവനം കഴിച്ചുവരുന്നുണ്ട്. ഇവരെല്ലാവരും അവരവരുടെ തൊഴിലുകളിൽ നിപുണന്മാരാണ്

ഇതിന്നു തൃശ്ശിവപേരൂർ വെച്ച് ഈയ്യിടെ നടത്തിയ പ്രദൎശനം സാക്ഷിയാണ്. ഇവരുടെ ധനസ്ഥിതി വളരെ ശോചനീയമാണ്. ഓരോരോ കാരണങ്ങളാൽ ഇവരും കടത്തിൽ മുങ്ങിയാണ് കിടപ്പ്. കൃഷിക്കാരുടെ കൂട്ടത്തിൽ ഇവൎക്കും ഒരു നാണയസംഘം ആവശ്യമാണ്.

റെയിഫ്സൻ ബാങ്കുകൂടാതെ വേറെ പലതരത്തിലും യൂറോപ്പിൽ അനേകം ബാങ്കുകൾ ഉണ്ട്. എങ്ങിനെയായാലും നമ്മുടെ രാജ്യത്തേയ്ക്കു യോജിച്ചത റെയിഫ്സൻ ബാങ്കുതന്നെയാണ്. യൂറോപ്പ മുതലായ പല രാജ്യങ്ങളിലും നടത്തിവരുന്ന എല്ലാതരം ബാങ്കുകളുടെ നടപടികളും ഇതിനിഷ്പക്ഷയായി സൂക്ഷിച്ചറിഞ്ഞ സർ എഫ്- നിക്കൾസൺ (Sir. F. Nicholson) നമ്മുടെ രാജ്യത്തെക്കനുസരിച്ച ബാങ്കു റെയിഫ്സൻ തന്നെയാണെന്നാണ് എഴുതിയിരിക്കുന്നത്.

1904-ൽ ആണ് ബ്രിട്ടീഷ് ഇന്ത്യയിൽ നാണയസാഹായികസംഘത്തെപ്പററിയ നിയമം നടപ്പായത്. അതിന്നു ശേഷം ബ്രിട്ടീഷ് ഇന്ത്യയിൽ വളരെ സംഘങ്ങൾ ഉണ്ടായിട്ടുണ്ട്- ഗവമ്മേണ്ടിൽനിന്നു ഈവക സംഘങ്ങളിലേക്കു യാതൊരു ധനസഹായവും ചെയ്തുകൊടുക്കുന്നതു ഉചിതമല്ലെന്നു കണ്ടറിഞ്ഞ് അതു നിൎത്തൽ ചെയ്കയാണ് ഉണ്ടായിട്ടുള്ളത്. എങ്കിലും ഗവമ്മേണ്ടിൽനിന്ന് ഈവക സംഘങ്ങൾക്ക് ഒരുതരം ഔദാൎയ്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്. അവരുടെ ഷെയറുകൾ ജപ്തി ചെയ്യാൻ പാടില്ലെന്നും കമ്പനികണക്കിൽ കാണുന്ന വിവരങ്ങൾ കോടതികളിൽ തെളിവായി സ്വീകരിക്കുമെന്നും, സ്റ്റാമ്പാക്ട് പ്രകാരം കെട്ടേണ്ടതായ ഫീ മുതലായത് ഒഴിവാക്കീട്ടുണ്ടെന്നും, റജിസ്ത്രഫീസ്സ് അതു

യനികതി ഇതുകൾ വാങ്ങാൻ പാടില്ലെന്നം ഉള്ളതാണ്.

ഒരു നാണയസഹായികസംഘം വിധിയാംവണ്ണം നമ്മുടെ രാജ്യത്തും ഏൎപ്പെടുത്തുന്നതായാൽകൃഷിക്കാരും കൈത്തൊഴിൽ വ്യവസായക്കാരും ആയി നൂറുക്ക് 80 വീതം പ്രജകളുടെ ധനസ്ഥിതിക്ക വലുതായ അന്തരം വരുന്നതാണ്. ഇപ്രകാരമുള്ള ഒരു സംഘം ഏൎപ്പെടുത്തി വേണ്ടവണ്ണം ഭരിച്ച നടത്തി കൊണ്ടുപോരുവാൻ നമ്മുടെ നാട്ടുകാൎക്ക വാസനയൊ മോഹമോ ഉണ്ടാവില്ല എന്നു ചിലർ പുറപ്പെടുവിക്കുന്ന മിഥ്യാവാദങ്ങളെപ്പററി പ്രസ്താവിച്ചിട്ട് ഇവിടെ ആവശ്യവുമില്ല.

നമ്മുടെ രാജ്യത്തു നാണയം വകയായ സംഘങ്ങൾ 'കുറികൾ' ഒഴികെ വേറെ യാതൊന്നും ഇല്ല. എന്നാൽ 'കുറി' മേൽ പ്രസ്താവിച്ച സംഘങ്ങളെ ഒരുവിധത്തിലും അനുകരിക്കുന്നതുമില്ല. കുറികളുടെ സമ്പ്രദായം എല്ലാവൎക്കും അറിയാമെല്ലൊ. കുറികൾകൊണ്ട് ഒരു സമൂഹത്തിന്ന് ഒന്നിച്ച ഉപകാരമുണ്ടാവുന്നതും കുറവായാണ്. ഒരു സഹായികസംഘത്തിന്റെ നിലനില്പിന്ന് അവശ്യം വേണ്ടതായ രണ്ടു സംഗതികൾ, 1. ദാരിദ്ര്യം, 2. പ്രവേശിപ്പാൻ സൌകൎയ്യമുള്ള ഫലവത്തായ മാൎഗ്ഗങ്ങൾ, ഇതുകളാണെന്നാണ് മിസ്റ്റർ വോൾഫ് പറയുന്നത്. ഇതുകൾ 2-ം നമ്മുടെ ദിക്കിൽ സുലഭമാണ്. ഇതരരാജ്യങ്ങളിലുള്ളപോലെ 'ഗ്രാമസഭകൾ' നമ്മുടെ ദിക്കുകളിലും ഉണ്ടായിരുന്നെങ്കിൽ നാണയസംഘത്തിന്ന് ഒരു മൂലകാരണമായിത്തീരുമായിരുന്നു. ഏതുവിധേനയെങ്കിലും ഗവൎമ്മേണ്ടും നാട്ടുകാരും കൂടി യോജിച്ച പല പരീക്ഷകളും നടത്തി തൃപ്തികരമായവിധത്തിൽ ഒരു നാണയസഹായികസംഘം നമ്മുടെ രാജ്യത്തും ഏൎപ്പെട്ടു കാണ്മാൻ ജഗദീശ്വരൻ കടാക്ഷിക്കട്ടെ.

ലണ്ടൻപട്ടണത്തിന്റെ

# ദാഹനിവൃത്തി



പുരാതനകാലത്തു ലണ്ടൻനിവാസികൾക്ക വെള്ളത്തിന്ന ലേശം ദുൎഭിക്ഷം ഉണ്ടായിരുന്നില്ല. എന്നുമാത്രമല്ല, അക്കാലത്തു ലണ്ടൻരാജ്യത്തിന്ന് അയലായി ചുററുമുണ്ടായിരുന്നതും ഇപ്പോഴത്തെ 'ലണ്ടൻ' എന്നു പറയപ്പെടുന്ന ഭൂലോകതലസ്ഥാനത്തിൽ ഉൾപ്പെടുന്നതും ആയ ഗ്രാമങ്ങളിൽ ജലസൌഖ്യം സുലഭമായിരുന്നു. ബ്രിട്ടീഷ കാഴ്ചബംഗ്ലാവിൽ സൂക്ഷിച്ചിട്ടുള്ള പുരാതനഭൂപടം നോക്കിയാൽ ക്രിസ്താബ്ദം ൧൦൦൦-ാമാണ്ടിൽ ഈ പട്ടണത്തിൽ ഓരോരോ നാമധേയങ്ങളിൽ അസംഖ്യം കിണറുകളും പുഴകളും ഉണ്ടായിരുന്നു എന്നു കാണാം. കാലക്രമേണ ഈ പട്ടണത്തിൽ ജനസംഖ്യ വൎദ്ധിക്കയും തന്നിമിത്തം മുൻ പ്രസ്താവിച്ച ജലാശയങ്ങളിലെ വെള്ളം മാലിന്യപ്പെട

തം ചേൎന്നാൽ ഇരട്ടിയ്ക്കും. ഉം- കൽ + നാല്=കല്ല് നാല്, കല്ലു നാല്. വില്ലു നൻറ്, പൊന്നു കണ്ടു. മുള്ളു നൻറ് (൨൨) ക, ച, പ ഇവ പരങ്ങളായാൽ ലകാരവും ൎനകാരവും റകാരമാകും. റകാരത്തിന്നു ശേഷം അകാരവും ചേരും. ഉം-കൽ + കുളം=കറകുളം. പൊൻ + കണ്ണാടി=പൊറക്കണ്ണാടി. കൽ + ചിറ=കറച്ചിറ. പൊറച്ചില കറപ്പടി. പൊറപ്പു (൨൩) ക,ച,ത, പ ഇവ പരങ്ങളായാൽ ൎനകാരം ലകാരമായിട്ടും വന്നേക്കാം. ഉം-പൊൻ+പൂ=പൊൽപ്പൂ. പൊൽക്കണ്ണാടി. പൊൽച്ചില (൨൪) ല്,ന,റ,ഇവയിൽ നിന്നു തകാരമാണ് പരമെങ്കിൽ ആ തകാരവും ല; ൎന,റ, ഇവയും റകാരമാകും. ഉം-കൽ+തളം=കർ + തളം=കറ്റളം. കോൽ + തേൻ=കോർ + തേൻ=കോറ്റേൻ. കോർ + തീളു=കോററീളു. കാററാളം പൊൻ + താമര=പൊർ + താമര= പൊററാമര. പൊൻ+താർ=പൊററാർ(൨൫)ഞ,ന,മ ഇവ പരങ്ങളായാൽ ലകാരം ൎനകാരമാകും. ഉം-കൽ + നെറി=കന്നെറി. വിൽ+നീളം= വിന്നീളം. നെൽ+മുള=നെന്മുള (൨൬) ഇവയ്ക്കു പുറമേ പ്രയോഗങ്ങളെക്കൊണ്ട് അറിയേണ്ടവയായ ചില പ്രത്യേക സമാസത്തിൽ പലവിധം സന്ധികാൎയ്യങ്ങളും വരുന്നതാണ്. ഉം- പുതിയ+ചൂത്= പുതിച്ചൂത്. പുൽ+ തരി=പുത്തരി. ചെറിയ+അമ്മ=ചിററമ്മ. കറുത്ത+കുവള =കരിങ്കുവള. കരിമുകിൽ. മുടന്ത് +തേങ്ങ=മുടന്തേങ്ങ. കറിയ + കോൽ=കുറുങ്കോൽ. നെടിയ + കമുക്=നെടുങ്കമുക്, നെട്ടക്കമുക്. വലിയ + മല=വന്മല. ഇരട്ട+പത്ത്=ഇരുപത്. മൂൻറ്+ആറ്=മൂവ്വാറ്. മൂൻറ്+കൺ= മുക്കൺ, മുന്നാറ്. പരുത്ത + പുടവ=പരുമ്പുടവ. അഞ്ച് + പത്ത്=അമ്പത്. പത്തു + രണ്ടും=പന്തിരണ്ട്. പന്തിരണ്ട് + അടി=പന്തീരടി. പത്ത് + അടി=പതിററടി. ഇരുപത് + അടി=ഇരുപതീരടി. കുറായ + വാഴക്ക=കുറുവാഴയ്ക്ക. കന്നിൻ + കാൽ=കന്നുകാൽ, കറുകിടാവ്. കറുവാണിയം ഇങ്ങിനെ ഉള്ള ചില വിശേഷങ്ങളുമുണ്ട്. എല്ലാം പ്രായേണ മേൽക്കാണിച്ച നിയമങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു തന്നെയാണ് പഴയ ഭാഷയുടെ ആകൃതിയുടെ സ്ഥിതി.

ഇനി സംസ്കരണം നിമിത്തം വന്നുചേൎന്നിട്ടുള്ള പ്രകൃതി മാററത്തെപ്പററിയാണ് അല്പം ആലോചിപ്പാനുള്ളത്. ഭാഷാശബ്ദങ്ങളെ ശുദ്ധം, ഭാഷാന്തരഭവം, ഭാഷാന്തരസമം ഇങ്ങിനെ മൂന്നായിത്തരം തിരിക്കാവുന്നതാണ്. മുഴം, ഞൊടി, മുതലായതു ശുദ്ധത്തിന്നും തേവർ, പലക മുതലായതു ഭാഷാന്തരഭവത്തിന്നും കാരണം, മൂലം മുതലായതു ഭാഷാന്തരസമത്തിന്നും ഉദാഹരണങ്ങളാകുന്നു. ഇതിൽ ആദ്യത്തെ രണ്ടു തരങ്ങളിലുൾപ്പെട്ട പലതിന്റേയും പ്രകൃതി ഗുണങ്ങൾ സംസ്കരണം നിമിത്തം മാഞ്ഞുപോയ സ്ഥിതിയിലായിട്ടുണ്ട്. ഹാമുനി, മഹാമല, മുതലായ ശബ്ദങ്ങളിലെ ഹകാരം ലോപിച്ചിട്ടുണ്ടാകുന്ന മാമുനി മാമല മുതലായ അല്പം ചില പദങ്ങൾ പുതിയ ഭാഷയിലും വന്നു കൂടീട്ടുണ്ടെങ്കിലും ഹാരം, ഹിതം, കാഹളം, ഹാലാഹലം, മുതലായവയുടെ തൽഭവങ്ങളായ ആരം, കളം, ആലാലം, ഇവയും മമ്മുനി, മമ്മല, മുതലായവയും തീരേ ഇല്ലാതായിരിക്കുന്നു. മടവാർ, വിണ്ടലർ മുതലായതിലെ ടകാരലകാരലോപംകൊണ്ടുണ്ടായ മാവാർ, വിണ്ടാർ തുടങ്ങിയ ശബ്ദങ്ങളും പഴയ ഭാഷയിലേ കാണുന്നുള്ളു. ഒരേ പ്രകൃതിയിൽ നിന്നുണ്ടായ ശബ്ദങ്ങളിൽ തന്നെ ചില രൂപങ്ങൾ നശിച്ചിട്ടുണ്ട്. പൂണ്ടു എന്നതിന്റെ ഭാവിവത്

ളന്നരൂപങ്ങളായ പൂണ്ടൊ, പൂണ്ടാൻ എന്ന പദങ്ങളോ പൂണുക എന്ന ക്രിയാരൂപമോ കാണേണമെങ്കിൽ പഴയ ഭാഷ നോക്കണം. പൂണുനൂൽ എന്നിപ്പോഴും പറയാറുണ്ടെങ്കിലും അതിന്റെ അവയവാൎത്ഥം ഓൎക്കാറില്ല. പഴയ ഭാഷയിൽ സാമാന്യാൎത്ഥത്തിൽ ഉപയോഗിച്ചിരുന്ന പല പദങ്ങളും പ്രത്യേകാൎത്ഥത്തിൽ മാത്രമായിട്ടാണ് പുതിയ ഭാഷയിലെക്കു വന്നിട്ടുള്ളത്.

പട്ടാങ്ങുതൻ പവഴവായ്പ്രതിബിംബമെന്മേ
ലൊട്ടേപകന്നൊളികിളുന്നു കണ്ടവാറെ
എട്ടേങ്ങുമുള്ള പട്ടമത്തെളിതെൾകകേംപാൽ
ചെങ്ങീടകക്ഷമിഹനാരണിനന്ദനാഭ്യാഃ
'ഭാഗ്യേജീവസ്സ്വയമിതിനു
കങ്ങാശപ്രസന്നീസ്ഥിതരവാ

ഇത്യാദികളിൽ ചേരുക, അല്പം എന്ന സാമാന്യാൎത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന കിളരുക, നറുക്ക് എന്നീ പദങ്ങൾക്ക് വിഷവീൎയ്യമുണ്ടാകുന്ന സംയോഗവിശേഷത്തിലും അരി, വിറക് എന്നിവയുടെ അല്പാംശത്തിലും മാത്രമേ ഇക്കാലത്തു സാധാരണ പ്രയോഗമുള്ളൂ. ഇവയെല്ലാം പുറമേ പഴയ ഭാഷയിലുണ്ടായിരുന്ന അനവധി പദങ്ങൾ നിശ്ശേഷം നശിച്ചുപോയതു നിമിത്തം ഭാഷാപ്രകൃതിയിലേ ഗുണങ്ങൾക്കും പ്രയോഗഭംഗിക്കും വലിയ നഷ്ടവും നേരിട്ടിട്ടുണ്ട്. വണ്ടാർകോലക്കുഴലികൾ, തോകപ്പവന്നൻ, കൂൾത്താൻ ചാന്താർ, മുലയിണ, പകയർക്കന്തകൻ, ചെണ്ടാർവെൻറികൊടി, നവരം, വരത്ത്, പറവർ, പൂവില്ലവൻ, ഞാറുപെയ്ത്, വച്ചീടുകിൽ, മുതലായി ഇപ്പോളില്ലാത്ത അസംഖ്യം പദങ്ങളും പ്രയോഗരീതികളും പഴയ ഭാഷയിൽ കാണാവുന്നതാണ്.

അടിമ, കുടിമ, കാരായ്മ, വെള്ളായ്മ, മുതലായ നാമങ്ങളെ ഉണ്ടാക്കുന്നതിനും മററും പഴയ ഭാഷ കാണിക്കുന്ന സ്വാതന്ത്ര്യത്തെ അടിസ്ഥാനപ്പെടുത്തി നല്ലതു നോക്കിത്തിരഞ്ഞെടുത്തു പുതിയ ഭാഷയെ പോഷിപ്പിക്കുന്നതായാൽ അതുകൊണ്ടു ഭാഷക്കു വരുന്ന മാറാത്ത നേർവഴിയ്ക്കു തിരിക്കാവുന്നതാകുന്നു.

# നാണയസാഹായികസംഘം



ഉദ്ദേശം 60 കൊല്ലം മുമ്പു ജൎമ്മനിയിൽ റെയിഫ്സൻ എന്നാളാൽ ആദ്യമായി ഏൎപ്പെടുത്തപ്പെട്ടിട്ടുള്ള 'നാണയസാഹായിക സംഘ'ത്തിന്റെ സമ്പ്രദായങ്ങൾ അനുസരിച്ച് ഇവിടെയും സംഘങ്ങൾ ഏൎപ്പെടുത്തുകയാണ് ഇതിലേക്ക് ഏററവും എളുപ്പമായ വഴി. ചെറുതരം കൃഷിക്കാൎക്കും കൈത്തൊഴിൽക്കാൎക്കും അവസ്ഥാനുസരണം കുറു മൂലധനം സൌകൎയ്യപ്പെടുത്തുന്നതിനു സൎക്കാർസഹായത്തെയോ ധനികന്മാരുടെ ധൎമ്മതല്പരതയെയൊ ആശ്രയിക്കുന്നത് അത്ര ശ്രേഷ്ഠം നല്ലതല്ലെന്നാണ അദ്ദേഹത്തിന്റെ അഭിപ്രായം. തൊഴിൽസംബന്ധമായി നാട്ടുകാൎക്കുണ്ടാകാവുന്ന പരിചയം, ഐക്യം ഇതുകളെ അടിസ്ഥാനപ്പെടുത്തി സ്ഥാപിക്കുന്നതായ ഓരോ ഏൎപ്പാടുകളല്ലാ

കയും ചെയ്തു. അപ്പോൾ ശുദ്ധജലത്തിന്നു ദുർഭിക്ഷം ഭവിച്ചു. കൊല്ലം ൧൬൧൩ മുതല്ക്കുതന്നെ 'ടൈബോറൺ' എന്ന പട്ടണത്തിൽ നിന്നു ശുദ്ധജലം കൊണ്ടുവരുവാൻ തുടങ്ങി. ൧൬൮൦-ാമാണ്ടോടു കൂടി വെള്ളത്തിന്നു തല്ലുംപിടിയുമായി. ഇപ്രകാരമുണ്ടാവുന്ന അടികലശലിൽ ചിലപ്പോൾ മരണം കൂടി സംഭവിക്കാറുള്ളതിനാൽ ജലാശയങ്ങൾക്കരികിൽ യാതൊരു വിധമായ ആയുധങ്ങളോടുകൂടിയും നാട്ടുകാർ സഞ്ചരിച്ചുപോകരുതെന്നു ലോർഡ മേയോർ ഉത്തരവു കൊടുത്തിട്ടുണ്ടായിരുന്നു.

ഒന്നാം ജയിംസ് ചക്രവൎത്തിയുടെ കാലമായപ്പോഴയ്ക്കും മററു സാധനങ്ങളുടെ കൂട്ടത്തിൽ വെള്ളവും ചുമന്നുകൊണ്ടു തെരുവുകൾ തോറും വില്പനയ്ക്കു നടക്കുന്ന വെള്ളക്കച്ചവടക്കാർ സുലഭമായി. പട്ടണത്തിൻെറ ഉടനീളം പ്രവഹിക്കുന്ന തെംസ് എന്ന നദിയിലെ വെള്ളം സംബന്ധിച്ചു പുറപ്പെട്ടിട്ടുള്ള നിയമങ്ങൾ, തീട്ടുരവിളംബരങ്ങൾ മുതലായവ കുറച്ചും മററുമല്ല.

ഈ നൂററാണ്ടിൻെറ ആദിയിൽ പട്ടണത്തിലേക്കു വേണ്ട വെള്ളം മുഴുവനും ശേഖരിച്ചുകൊടുക്കാമെന്നുള്ള നിശ്ചയത്തോടുകൂടി ഉദ്ദേശം ഒമ്പതോ പത്തോ കമ്പനികൾ സ്ഥാപിക്കപ്പെട്ടു. ഇതുകളിൽ പ്രാബല്യമേറിയതു ന്യൂറിവർ കമ്പനിയാണ്. ഇതിൽ ഓഹരി ഒന്നുക്കു ൧,൬൨൦,൦൦൦ പവനാണത്രെ! ഇപ്പോൾ സമ്പ്രദായങ്ങൾ ഒന്നു മാറീട്ടാണ്. മുൻ പറഞ്ഞ എല്ലാ കമ്പനികളും ൪,൭൦,൦൦,൦൦൦ പവൻ കൊടുത്തു ഗവമ്മേണ്ടിൽ നിന്നു വിലക്കു വാങ്ങിച്ചിരിക്കുന്നു. ഈ ഏപ്പാടിനു 'മെട്രോപ്പോളിററൻ വാട്ടർ ബോർഡ്' എന്നാണ് പേർ. എത്രയും ചുരുങ്ങിയ വിലയ്ക്കു ശുദ്ധജലം ശേഖരിച്ചു കൊടുക്കണമെന്നാണ് ഈ ഏപ്പാടിലെ നിശ്ചയം. ആദായത്തിൻെറ സ്ഥിതി അനുസരിച്ചു നിർവാരത്തിന്ന് ഏററക്കുറച്ചിൽ ചെയ്യാറുണ്ട്. ഈ ബോർഡിൽ (സ[illegible]ഭയിൽ) ലണ്ടൻരാജ്യത്തുള്ള മുഖ്യ പ്രദേശങ്ങളിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട നൂറ[illegible] സഭാംഗങ്ങൾ ഉണ്ട്. ഇവർ രാജ്യതന്ത്രത്തിൽ വലിയ പഴക്കവും പഠിപ്പും ചെന്നിട്ടുള്ള വളരെ യോഗ്യന്മാരായിരിക്കും. നിർ[illegible]ഷംപ്രതി കൂടിക്കൊണ്ടുവരുന്ന ലണ്ടൻപട്ടണത്തിലെ ജനങ്ങൾക്ക് എല്ലാവക്കും വെള്ളം എളുപ്പത്തിൽ കിട്ടത്തക്കവണ്ണം ഏപ്പാടുകൾ ചെയ്യേണ്ടതിന്നു വേണ്ടിവരുന്ന മുൻകരുതലുകളോടു കൂടിയാണ് ഈ ബോർഡുകാരുടെ ഇരിപ്പ്. ഈ ബോർഡുകാരുടെ ഏപ്പാടിൽ നിന്നു മാത്രം വെള്ളം ഉപയോഗിച്ചുവരുന്ന ജനങ്ങളുടെ സംഖ്യ യൂറോപ്പിലുള്ള ഇതരരാജ്യങ്ങളുമായി താരതമ്യപ്പെടുത്തുന്നതായാൽ അതു നോർവെ, സ്വീഡൻ ഈ രണ്ടു രാജ്യങ്ങളിലുള്ളതിനൊപ്പവും, ആസ്ത്രേലിയാ, ന്യൂസിലണ്ട് ഈ രണ്ടിലുള്ളതിൽ ൨൦ ലക്ഷം കൂടുതലും, സ്കോട്ട്ലണ്ട്, വെയിത്സ് ഈ രണ്ടും കൂടിയുള്ളതിൽ ൫[illegible] ലക്ഷം കൂടുതലുമാണത്രെ! ഒരു ദിവസം ൨൨,൫൫,൦൦,൦൦,൦൦ ഗാലൻ വെള്ളം ചില[illegible]വുണ്ട്. അതായത് ആളൊന്നുക്ക് ൩൨ ഗാലൻ വെള്ളമാണ്. ഇതിന്നും പുറമെ ലണ്ടൻപട്ടണത്തിൽ ലേശം അപൂർവ്വമല്ലാത്ത തീഭയങ്ങളുണ്ടായാൽ അതുകളെ കെടുത്തുന്നതിന്നു പത്തോ ഇരുപതോ തീക്കെടുത്തിയന്ത്രങ്ങൾക്കു വേണ്ടിവരുന്ന വെള്ളവും ശേഖരിച്ചിരിക്കും. ഇവിടെ ഒരു ദിവസം ഉപയോഗിക്കുന്ന വെള്ളത്തിൻെറ അളവ് ഒന്നുകൂടി വിവരിക്കാം. ഒരാൾ അയാളുടെ ജീ[illegible]കത്തിൽ ഇരട്ടിയിലധികം വെള്ളം ഉപയോഗിച്ചുവരുന്നുണ്ട്. ൪൪൦ അടി പൊക്കവും ൬൬൦ അടി വ്യാസവും ഉള്ളതായ ര

ഒരു പാത്രം നിറച്ച വെള്ളം ശേഖരിച്ചാൽ ഒരു ദിവസത്തെ ആവശ്യത്തിന്നു പക്ഷെ മതിയായേക്കാം. നീർവാരം പിരിക്കുന്നത് ൧൦൦ പാട്ടസ്സു (വെള്ളം കോരുന്നതിന്നുപയോഗിക്കുന്ന പാത്രം) ൨൫ വീതം മാത്രമാണ്. ഇപ്രകാരം പിരിക്കുന്ന സംഖ്യകൊണ്ടു ബോർഡിന്റെ ചിലവു കഴിച്ച ൧൦൦൦ ഗാലൻ വെള്ളത്തിന്മേൽ രണ്ടര മുതൽ മൂവരെ അണ ആദായം ഉണ്ടാകുന്നുണ്ട്.

ഇനി ഇപ്രകാരമുള്ള വെള്ളം എങ്ങിനെ ശേഖരിക്കുന്നു, എവിടെനിന്നു ശേഖരിക്കുന്നു എന്നും മററുമുള്ള സംഗതികളെപ്പററി ആലോചിക്കാം. ഉദ്ദേശം പകുതിയിലധികം മുൻപറഞ്ഞ തെംസ് എന്ന നദിയിൽനിന്നാണ്. ബാക്കി, 'ലീ' എന്ന നദിയിൽനിന്നും, ഉറവുകൾ, അരുവികൾ, കിണറുകൾ ഇതുകളിൽനിന്നും ആകുന്നു. ഇതുകളിൽനിന്നു കുഴൽമാർഗ്ഗമായും മററും കൊണ്ടുവന്നു ശേഖരിക്കുന്നതിന്നു ൯൨ എരികൾ ഉണ്ടാക്കീട്ടുണ്ട്. ഈ വക എരികളിൽ ശേഖരിച്ചിട്ടുള്ള വെള്ളം, പരിശുദ്ധജലമാകേണ്ടതിന്നു വേണ്ടി, ആ ആവശ്യത്തിലേക്കായി നിർമ്മിച്ചിട്ടുള്ള കാരോരോ പ്രദേശങ്ങളിൽ കൂടി പ്രവഹിപ്പിച്ച്, ഒടുവിൽ നിർമ്മലമായ സ്ഥിതിയിൽ പ്രജകൾക്കു വീതിച്ചുകൊടുക്കേണ്ടതിന്നുള്ള ജലാശയങ്ങളിലേക്കു പ്രവേശിപ്പിക്കും. വീതിക്കുന്നതു യന്ത്രങ്ങൾകൊണ്ടാണ്. ഈ യന്ത്രങ്ങൾ നടത്തുന്നതിന്ന് ഒരു കൊല്ലത്തിൽ ൧,൩൪,൦൦൦ ടൺ കല്ക്കരി വീതം വേണ്ടിവരും. ജലം ശുദ്ധി ചെയ്യാൻ വേണ്ടി ഉണ്ടാക്കീട്ടുള്ള പ്രദേശങ്ങളിൽ വിരിച്ചിട്ടുള്ള ഔഷധങ്ങൾ കൂടക്കൂടെ മാററിയിടുക പതിവാണ്.

ജനസംഖ്യ വർദ്ധിച്ചതുകൊണ്ടു കഴിഞ്ഞകൊല്ലത്തിൽ ൭൨ നാഴിക നീളത്തിൽ വെള്ളക്കുഴലുകൾ കൂടുതലായി എപ്പെടുത്തേണ്ടിവന്നിട്ടുണ്ട്. ജനം വർദ്ധിക്കുമ്പോൾ പട്ടണത്തിന്റെ വിസ്താരംകൂടും. അപ്പോൾ വെള്ളക്കുഴലുകൾക്കു നീളം കൂട്ടേണ്ടിവരും. എന്തെന്നാൽ ജനങ്ങൾ എവിടെ താമസിക്കുന്നതായാലും വെള്ളം അവിടെ എത്തിച്ചുകൊടുക്കേണ്ടുന്ന ചുമതല, ഭരവാഹികളായ ബോർഡുകാർക്കുണ്ട്. അതിനാൽ ഇതിലെ അധികാരികൾക്കു സദാസമയത്തും മേലിൽ വരുവാനിടയുള്ളതായ ആവശ്യങ്ങൾ നിവൃത്തിക്കേണ്ടതിന്നുള്ള സകല മുൻകരുതലുകളും ചെയ്തു ഉണച്ചയോടുകൂടി തന്നെ ഇരിക്കേണ്ടിവരുന്നതാണെല്ലോ. ഭൂലോകത്തു മററു യാതൊരധികാരികൾക്കും ഇത്രയും ദീർഘാലോചനക്കിടയില്ലെന്നു തീർച്ചയായും പ്രസ്താവിക്കാവുന്നതാണ്. ഈ വാട്ടർബോർഡിന്റെ ഏർപ്പാടിൽ പണിയുന്ന കൂലിക്കാരുടെ സംഖ്യ ദിനസരി ൭൦൦൦ വീതമുണ്ടാവും. ഈ കൂലിക്കാർ ഇപ്പോൾ ചെയ്യുന്ന വേലകൾ മുഴവനും ലണ്ടനിൽ ഇപ്പോഴുള്ള ൫൦൦൦൦൦൦ പ്രജകളുടെ ഉപയോഗത്തിന്നു വേണ്ടിയല്ലാ. എന്നാൽ അരു ൩൦ കൊല്ലത്തിന്നു ശേഷം ൧൯൨൧-ൽ ഉണ്ടാകാവുന്നതായ ൧൩൦൦൦൦൦൦ ജനങ്ങളുടെ ആവശ്യത്തിന്നു വേണ്ടിവരാവുന്ന വെള്ളം സൌകൎയ്യപ്പെടുത്തേണ്ടതിന്നാണത്രെ. ഇപ്രകാരം കാലാന്തരങ്ങളിൽ മേൽക്കുമേലെ വർദ്ധിക്കാവുന്ന പൊതുജനങ്ങളുടെ ആവശ്യം നിറവേറുന്നതിന്നു ചെയ്യുന്ന പണിത്തരങ്ങളിൽവെച്ച് എററവും വിസ്മയിക്കത്തക്കതായ ഒരു മരാമത്തു നടക്കുന്നുണ്ട്. അത് അന്യോന്യം തൊട്ടുതൊട്ട് അനേകം എരികൾ ഒരു ചങ്ങലയുടെ ആകൃതിക്കനുസരിച്ച പണിതുണ്ടാക്കുന്നതാണ്. ഈ എരികളെല്ലാം പണി തീർന്നാൽ ആദ്യത്തെ എരിയിൽ ശേഖരിക്കുന്ന വെള്ളം അടുത്തതിലേക്കും, അതിൽനിന്നു, തൊട്ടു മററതി

ലേക്കും, ഇങ്ങിനെ ഓരോന്നിലേക്കായി പ്രവേശിപ്പിച്ച് ഒടുവിലത്തെ ഏരിയിൽ എത്തിയാൽ അവിടെനിന്നു ജലം ശുദ്ധിചെയ്യേണ്ടതിന്നുള്ള പ്രദേശങ്ങളിലേക്കു പ്രവഹിപ്പിക്കും. ഇങ്ങിനെ പണിയുന്ന ഏരിച്ചങ്ങലയുടെ ഒരു കണ്ണി (ഒരു ഏരി) പണിയുവാൻ ഉദ്ദേശം അഞ്ചുകൊല്ലത്തിൽ ചുരുങ്ങാതെയുള്ള കാലം വേണമത്രെ. എസ്സെക്സിൽ ചിങ്ഫോർഡ് എന്ന സ്ഥലത്ത് മറൊരു ഏരി പണിയുന്നുണ്ട്. ഇതിൽ ഇപ്പോൾ ൨,000 വേലക്കാർ പണിയുന്നുണ്ട്. 'ലി' നദിയിൽ വെള്ളപ്പൊക്കമുണ്ടായാൽ കവിഞ്ഞൊഴിയുന്ന വെള്ളം നാനാവിധമായി പോകാതിരിപ്പാൻ വേണ്ടിയാണത്രെ ഈ ഏരി പണിയുന്നത്. ഈ ഏരിക്കു ൫ മയിൽ വിസ്താരമുണ്ട്. ഇപ്രകാരമുള്ള ഏരികൾക്കു ഒരു വിശേഷമുണ്ട്. അതെന്തെന്നാൽ ഇതിൽ മഴവെള്ളവും, ചാമ്പിയും മററും നിറക്കുന്ന വെള്ളവും ഒഴികെ മറ്റുവിധത്തിലുള്ള യാതൊരു തരം വെള്ളത്തിന്നും പ്രവേശം കിട്ടാത്ത വിധവും, മേൽപ്രകാരം പെയ്ത്തുവെള്ളവും ഇതരമാർഗ്ഗേണ പ്രവഹിപ്പിച്ചിട്ടുള്ള വെള്ളവും അകത്തുപെട്ടാൽ പുറത്തേക്കു യാതൊരുവിധത്തിലും സ്വതേ പ്രവേശം കിട്ടാത്തമാതിരിയിലുമാണ് ഏരികളുടെ പണിത്തരം. ഏരിയുടെ അടിയിലും ഇപ്രകാരം തന്നെ വെള്ളം വാറിപ്പോകാതിരിപ്പാൻ വേണ്ടുന്ന ഏൎപ്പാടുകൾ ചെയ്തിട്ടുണ്ട്. ഇതുകളുണ്ടാക്കുന്നതു സ്ഥലത്തു കിട്ടുന്ന ഒരുതരം കളിമണ്ണുകൊണ്ടാണ്. ചിങ്ഫോർഡിൽ പണിയുന്ന ഈ ഏരി വരുംകൊല്ലത്തിൽ ഉപയോഗിക്കാറാവും. ഇതിന്റെ പണി തീൎന്നാൽ തങ്ങടെ രാജ്യത്ത് അത്ഭുതകരമായ ഒരു പുതിയ 'തടാകം' കൂടി ഉണ്ടായി എന്നുള്ള അഭിമാനത്തിന്നു പട്ടണവാസികൾക്കു കാരണമായി.

ഈ 'തടാക'ത്തിന്നിരിപ്പിടമായിരു-ന്ന ഭൂമി കുറച്ചു കാലം മുമ്പു കാട്ടുകോഴി, താറാവ് അനേകം തരത്തിലുള്ള വൃക്ഷങ്ങൾ ഇതുകളുടെ സങ്കേതമായിരുന്നു. പിന്നീട് ആ സ്ഥലം കൺട്രാക്ടർമാരുടെ യന്ത്രശാലകളിൽനിന്നും മററും ജനിച്ച മാറൊലികൊണ്ടു നിറയപ്പെട്ട ശബ്ദകോലാഹലങ്ങൾക്കാലയമായിത്തീൎന്നു. എന്നാൽ ഇ-തുടനെ താമര മുതലായ ജലപുഷ്പങ്ങളാൽ നിറയപ്പെട്ടതും മന്ദമാരുതനാൽ ഇളക്കപ്പെടുന്ന തിരമാലകളുടെ കോലാഹലത്താൽ ഏവന്നും കൌതുകം തോന്നിക്കുന്നതും ആയ ഒരു തടാകമാവാനാണ് ഭാവിക്കുന്നത്.

മേൽ പ്രസ്താവിച്ച തരത്തിലുള്ള ശു-ദ്ധിയാനങ്ങളെല്ലാം കഴിച്ച് ഒടുവിൽ ജനങ്ങൾക്കു കിട്ടുന്ന വെള്ളത്തിൽ തീരെ മാലിന്യം ഇല്ലെന്നു വിശ്വസിക്കുന്നത് എങ്ങിനെ? എന്നുള്ള ചോദ്യത്തിന്നു തക്ക സമാധാനം പറയാവുന്നതാണ്. മെട്രോപ്പോളിട്ടൻ വാട്ടർ ബോർഡിന്റെ അദ്ധ്യക്ഷനായ ഡാക്ടർ ഹ്യൂസ്ടൻ എന്ന മഹാ-പുരുഷന്റെ അദ്ധ്യക്ഷതയിൻകീഴിൽ ഒ-സ്ഥലത്തു വെച്ചു നിഷ്കൃഷ്ടയായ പരിശോധനകൾ ദിനംപ്രതി കഴിച്ചതിന്നു ശേഷം മാത്രമെ വെള്ളം വിട്ടുകൊടുക്കാറുള്ളു. ഡാക്ടർ ഹ്യൂസ്ടനെപ്പോലെ വെള്ളത്തിന്റെ ഗുണദോഷം അറിയുന്ന ഒരു ശാസ്ത്രജ്ഞൻ വേറെ ഇപ്പോൾ ഇല്ലെന്നുള്ളതു തീർച്ചയാണ്. സാധാരണ ഒരു കൊല്ലത്തിൽ ൧൩,000 തരത്തിലുള്ള വെള്ളങ്ങൾ ഇ-സ്ഥലത്തുവെച്ചു പരിശോധന നടത്താറുണ്ട്. ഈജിപ്ത് മുതലായ ദൂരദേശങ്ങളിൽ നിന്നു കൂടി ഈ പ്രസിദ്ധനായ ഡാക്ടരുടെ അഭിപ്രായത്തെക്കൂടി അറിഞ്ഞു വെ-ള്ളത്തിന്റെ ഗുണദോഷത്തെ തിട്ടപ്പെടു-

ത്താവുള്ളൂ. പരമാർത്ഥം ആലോചിച്ചാൽ ലണ്ടൻ പട്ടണത്തിന്റെ ആയുസ്സ് ഈ മ ഹാപുരുഷന്റെ കൈവശമാണെന്നു ത ന്നെ പറയാം.

ഇദ്ദേഹം വെള്ളം ശുദ്ധിചെയ്യേണ്ട തിന്നു ഒരു പുതിയ വഴി കണ്ടെത്തിട്ടുണ്ട്. സ്വാതന്ത്ര്യമുള്ള ആശയങ്ങളിലുള്ള വെള്ളം എടുത്തു മറ്റൊരിടത്തു കൊണ്ടുപോയി ശേഖരിച്ചാൽ സ്വല്പദിവസത്തിനുള്ളിൽ അതിലുള്ള സകലവിധ രോഗബീജങ്ങളും താനെ തന്നെ നശിച്ചുപോകുമെന്നാണ് ഇദ്ദേഹം കണ്ടെത്തീട്ടുള്ള ഒരു പുതിയ വഴി.

ഒരു പുഴയിൽനിന്നു കുറെ വെള്ളം എടുത്ത് അതിൽ കൊടാനുകോടി വിഷൂചികാബീജങ്ങൾ കലക്കി. ഒരാഴ്ച കഴിഞ്ഞ് ആ വെള്ളം പരിശോധിച്ചപ്പോൾ അതിൽ കലക്കിയിരുന്ന രോഗബീജങ്ങൾ മിക്കതും ചത്തുപോയിരിക്കുന്നതായി കണ്ടു വത്രേ! അതിനാൽ ശേഖരിച്ചുവെയ്ക്കുന്ന വെള്ളത്തിലുള്ള സകലവിധ ദുഷ്ടബീജങ്ങളെയും നശിപ്പിച്ചു ശുദ്ധിചെയ്യുന്ന ജോലി പ്രകൃതിക്കു വിസ്സീട് അതിൽ വേറെ ബീജങ്ങൾ വന്നു ചേരാതിരിപ്പാൻ വേണ്ടുന്ന പ്രതിബന്ധങ്ങൾ ഉണ്ടാക്കുന്ന ജോലി പ്രജകൾക്കു വിട്ടുകൊടുക്കയാണ് ഇദ്ദേഹം ചെയ്തിട്ടുള്ളത്.

ഇപ്പോൾ ലണ്ടൻ പട്ടണത്തിൽ എതു പ്രദേശത്തു താമസിക്കുന്നവരും, അവർ ൧൦ നിലവരെയുള്ള മാളികയുടെ മുകളിൽ തന്നെയാണെങ്കിലും, അവരവരുടെ അറകളിലും മറ്റും എപ്പാട് ചെയ്തുകൊടുത്തിട്ടുള്ള ഓരൊ ആണികൾ തിരിച്ചാൽ വെള്ളം സുലഭമായി പ്രവഹിക്കുന്നതാണ്. എന്നാൽ ഈ വെള്ളം ശുദ്ധമൊ, അതെവിടെനിന്നു വരുന്നു, ഇതാരാണ് സംരക്ഷണ ചെയ്യുന്നത്, ജലം പരിശുദ്ധമല്ലാതിരുന്നാൽ തദ്ദേശവാസികളായ എഴുപതു ലക്ഷത്തിൽ പുറം പ്രജകൾ എന്തു ചെയ്യും? ആണികൾ തിരിച്ചാൽ വെള്ളം വന്നില്ലെങ്കിൽ എന്താണ് ചെയ്യേണ്ടത്, എന്നും മറ്റുമുള്ള സംഗതികൾ ലണ്ടൻ നിവാസികളുടെ ആലോചനക്കു വിഷയങ്ങളാകുന്നില്ല. ദേശാന്തരങ്ങളിൽ ഓരോരൊ കാലത്തുണ്ടാകുന്നതായ ക്ഷാമം, വെള്ളത്തെ സംബന്ധിച്ചേടത്തോളം ലണ്ടൻ പട്ടണത്തിലും ഉണ്ടാവുക എന്നുള്ള സംഗതി, അതി ഭയങ്കരമായിട്ടുള്ളതാണ്. എന്നാൽ അപ്രകാരമുള്ള ഒരു ക്ഷാമം ഇക്കാലത്തെന്നു തന്നെയല്ലാ ഭാവികാലങ്ങളിൽപോലും ഉണ്ടാകാതിരിക്കത്തക്കവണ്ണം ചെയ്തിട്ടുള്ള ഏപ്പാടുകളെപ്പററി ഒന്നുംതന്നെ ഇവരിൽ മിക്കപേർക്കും അറിഞ്ഞുകൂടാ.

വിസ്തീർണ്ണമുള്ള തെംസ്, ലീ, ഈ നദികളിൽനിന്നും, ഉറവുകൾ, അഗാധമായ കിണറുകൾ, അസംഖ്യങ്ങളായ ചെറുതരം അരുവികൾ, ഇതുകളിൽനിന്നും പുറപ്പെട്ടു കിഴക്കൻപ്രദേശങ്ങളിൽകൂടി വളഞ്ഞു സഞ്ചരിച്ചു നാട്ടുപുറം, പട്ടണം തുടങ്ങിയുള്ള അനേകം സ്ഥലങ്ങൾ കണ്ടു താണ്ടുന്ന ദീർഘമായ ദേശസഞ്ചാരങ്ങളെല്ലാം കഴിച്ചു ഒടുവിൽ എല്ലാ വെള്ളവും ഒരുമിച്ചുകൂടി ഒന്നിച്ചു ലണ്ടൻ പട്ടണത്തിൽ വന്നുചേരുന്നു എന്നുള്ള സംഗതികൾ മുൻപ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഈ കാഴ്ചകൾ മുഴുവനും കാണേണ്ടതിന്നു യൂറോപ്പിൽ ഇക്കാലത്തു സുലഭമായ ഒരു 'ആകാശവിമാന'ത്തിൽ കയറി വടക്കെ അററമായ ഹാഡാംരാജ്യത്തുനിന്നു പുറപ്പെട്ടു പട്ടണങ്ങളും നാട്ടുപുറങ്ങളും എടകലന്നു കിടക്കുന്നതെല്ലാം ലംഘിച്ചു 42½ നാഴിക ദൂരമുള്ള തെക്കെ അതിരായ 'ഖിങ്കസ്റ്റൺ' എന്ന സ്ഥലത്തെത്തി, അവിടെനിന്നു നേരെ പടി

ത്തോട്ട സൺർനാറി എന്ന പട്ടണം വരെ പോന്നു ൩൪ നാഴിക ദൂരത്തുള്ള കിഴക്കെ അതിരായ സൌത്ത്ഫ്ലാററ് എന്ന സ്ഥലത്തെത്തുന്നതായാൽ ലണ്ടൻ പട്ടണത്തിന്റെ ദാഹനിവൃത്തിക്കുള്ള സകല ഏർപ്പാട്കളും കാണാവുന്നതാണ്. എല്ലാ ഭാഗങ്ങളിലും അസംഖ്യം കുഴലുകളിൽക്കൂടി പ്രവഹിച്ചുകൊണ്ടു പ്രധാനമായ ലണ്ടൻ പട്ടണത്തിൽ ചെന്നുചേരുന്ന ഈ വെള്ളത്തിന്റെ സ്ഥിതി കാണുമ്പോൾ അനേകായിരം നാഡികളിൽക്കൂടി രക്തം പ്രവഹിച്ച പ്രധാനാംശമായ ഹൃദയത്തിന്റെ പോഷണത്തിന്നുവേണ്ടി അവിടെ ചെന്നുചേൎന്നുകൊണ്ടിരിക്കുന്നതും, ൪൦ നാഴിക നീളവും, ൩൦ നാഴിക വീതിയും ഉള്ളതും ആയ ഒരു അസാധാരണ മനുഷ്യദേഹം നമ്മുടെ ...യിൽ പതിയുന്നുവോ എന്നുകൂടി ഈ ...നയാത്രയിൽ തോന്നുന്നതാണ്.

ഈ പട്ടണത്തിൽ ഒരു കൊല്ലം... ചിലവിന്നു വേണ്ടതായ വെള്ളം മുഴു... ഒന്നിച്ച് ഒരു ദിക്കിൽ ശേഖരിച്ചുനോക്കു... ഇതു ശേഖരിക്കുന്ന പാത്രത്തിന്നു ൪ ചതുരശ്രനാഴിക വിസ്താരവും ൬൦ അടി താഴ്ച വേണം. അപ്രകാരം ശേഖരിക്കുന്നു...യാൽ ആ പാത്രത്തിൽ ഭൂലോകത്തു ഇപ്പോഴുള്ള എല്ലാ പടക്കപ്പലുകൾക്കും ഒ...ച്ചു സഞ്ചരിപ്പാൻ ലേശംപോലും അസൌകര്യമുണ്ടാവുന്നതല്ലത്രേ.

(ഒരു ഇംഗ്ലീഷു മാസികയിൽനിന്നു)

ആർ. പ്.

# ഒരാശ്ചൎയ്യസംഭവം,



പാരീസ്സ് പട്ടണത്തിൽ താണ ജനങ്ങൾ പാൎത്തുവരുന്ന ഒരു തെരുവിൽത്തിരെ വൃത്തികെട്ട ഒരു മദ്യഷാപ്പുണ്ടായിരുന്നു. പല നാനാവിധങ്ങളെക്കൊണ്ടും ആ ഷാപ്പിൽ വളരെ മാലിന്യം കൂടിയിരുന്നു. അതിൽ മദ്യത്തുള്ളികളും മററും ഉണങ്ങിക്കട്ടിച്ചു ചളിപിടിച്ചുള്ള തിൻമേശകൾ കിടക്കുന്നവയിൽ ഒന്നിന്നരികെ പരന്ത്രീസ്സ് കൂലിക്കാരുടെ ഉടുപ്പാട്ടുകൂടി മൂന്നാളുകൾ ഇരുന്നിരുന്നു.

അതിലൊരുവൻ — ഞാൻ പറയുന്നതിൽ നിങ്ങൾക്കു വിശ്വാസമില്ലെന്നു തോന്നുന്നു. ഇതിൽ ഒരൊററവാക്കും കളവില്ല എനിക്കു ഗനീമറിൽനിന്നു കിട്ടിയ അറിവാണ്. വൎത്തമാനങ്ങൾ അറിവാൻ ഗനീമർ വളരെ സമൎത്ഥനാണ്. രണ്ടുകൊല്ലംമുമ്പെ പൊല്ലീസ്സുകാർ ഷാപ്പിൽ വെച്ചു ചെയ്ത കാൎയ്യം അവൻ പറഞ്ഞപ്പോൾ നമ്മൾ ആദ്യം വിശ്വസിച്ചില്ല ഒടുവിൽ അവൻ പറഞ്ഞതു ഒത്തു. ഇല്ലെ; കാത്തുനോക്കിൻ.

കൂട്ടത്തിൽ ചെറിയ ആളായ ടോപ്പിനാററ്. വൂഹെ! ഇതു വരാൻ പാടില്ലെടോ! നിശ്ചിത കേട്ടത ഗനിമർ പറഞ്ഞിട്ടാണെങ്കിൽ കാൎയ്യം മാറീട്ടായിരിക്കും. കാൎയ്യമൊക്കെ അറിവാൻ അവന്നു സാമൎത്ഥ്യമുണ്ടെങ്കിലും ഈവകയെല്ലാം അറിവാൻ വഴിയില്ല. കബോക്കൻ എന്തു പറയുന്നു

കൂട്ടത്തിൽ നെടിയ ആളായ കമ്പോക്കൻ— നിശ്ചയിച്ചുകൂടാ. പക്ഷെ ശരിയായും ഇരിക്കാം. എങ്ങിനെയാണ് തീച്ചപ്പറയുക. കുറ്റം ഇല്ലാത്തത് ആളുകൾക്ക പറഞ്ഞിട്ടെന്താണ് ആവശ്യം?

വൂഫ്—ആയാൾ വരുന്ന ആഴ്ചയിൽ എത്തും. പക്ഷെ വേഷം മുഴുവൻ മാറീട്ടായിരിക്കും. റഷ്യക്കാരുടെ തമാശ കാണാൻ ആയാൾക്ക വളരെ ഇഷ്ടമാണെന്ന ഗനീമർ എനിക്ക എഴുതീട്ടുണ്ട്. ഉപായത്തിൽ ഉത്സാഹിച്ചാൽ നമുക്ക് എങ്ങിനെയെങ്കിലും കണ്ടുപിടിച്ച വേണ്ടതു ചെയ്യാം. തകരാറാവുന്നതു സൂക്ഷിക്കണം. എതായാലും ഇതു കളവാവാൻ തരമില്ല.

കമ്പോക്കൻ കുറെ ഉറക്കെ—സംശയമില്ല. വളരെ തകരാറുണ്ടായേക്കാം. തോന്ന്യാസികൾക്കും കള്ളന്മാക്കും ആയാളെ നല്ലവണ്ണം പേടിക്കണം.

ജൎമ്മൻകാരനായ ടോപ്പിനററ്— പതുക്കെ പറ- ഇവിടെ നമ്മൾ മാത്രമല്ലെന്നു ഓമ്മവെയ്ക്കണം.

കമ്പോക്കൻ (പതുക്കെ)— പൊല്ലീസ്സുകാരോ ഒററുകാരോ ആരുടേയും രക്ഷയില്ലാതെ ഈ അപകടസ്ഥലമായ പാരീസ്സിൽ വന്നു നമ്മളുടെ എല്ലാവരുടേയും കണ്ണു മറച്ചുപോവാൻ ആയാൾക്ക സാധിക്കുമെന്നു വിചാരമുണ്ടോ?

വൂഫ്—ആയാൾ വേഷം മാറാൻ നല്ല മിടുക്കനാണ്. കാഴ്ചവേല, ബ്രാൻഡ്, കരിവെടി മുതലായ തമാശകൾക്കെല്ലാം പട്ടാളക്കാരന്റെ മാതിരിയിൽ ആയാൾ എത്താറുണ്ട്.

അവർ പിന്നെയും കുറച്ചുനേരം സംസാരിച്ച ശേഷം ഷാപ്പുകാരന്നു പണം കൊടുത്തു ഷാപ്പുവിട്ട പിരിഞ്ഞുപോയി—

* * * * * * *

എം. ഗസ്റ്റീവ് ആഡറൺ എന്നാളുടെ വീട സ്വതവേ തീരെ നിശ്ശബ്ദമാണെങ്കിലും അടുത്തു വരാൻ പോകുന്ന അടിയന്തരത്തെ ഉദ്ദേശിച്ച വലിയ തിരക്കായിരിക്കുന്നു. റഷ്യാ ചക്രവൎത്തിയുടെ എഴുന്നെള്ളത്തും അവിടുത്തെ ബഹുമാനാൎത്ഥം നടത്താൻ പോകുന്ന ആഡംബരവും ഒഴികെ മറെറാരു വിഷയത്തെപ്പററി രാവും പകലും ആളുകളുടെ ഇടയിൽ സംസാരമില്ല.

അടിയന്തരത്തിന്നു അല്പദിവസം മുമ്പെ ഗസ്റ്റീവ ആഡറൻ ഒരു വ്യവഹാരാവശ്യാൎത്ഥം വക്കീലിനെ കാണ്മാൻ പോയി. വക്കീൽ ഗസ്റ്റീവിന്റെ ഉററ സ്നേഹിതനാകകൊണ്ടു ക്ഷണനപ്രകാരം അന്ന് അത്താഴത്തിന്നു ആയാൾ അവിടെ താമസിച്ചു. ഭക്ഷണത്തിന്നു ശേഷവും അവർ വൈനും കുടിച്ച രാജ്യഭരണകാൎയ്യങ്ങളെപ്പററി പലതും സംസാരിച്ചുകൊണ്ട് അധികനേരം ഇരുന്നു. സംസാരവിഷയത്തിലുള്ള അതിശ്രദ്ധകൊണ്ട് ആഡറൻ നേരം പോയതറിഞ്ഞില്ല. സംഗതിവശാൽ ചുമരിന്മേലുള്ള നാഴികമണി ഇടക്കൊന്നു നോക്കിയപ്പോൾ പന്ത്രണ്ടരമണി കഴിഞ്ഞിരിക്കുന്നു.

'ഓ ഹോ!' എന്ന് പറഞ്ഞുകൊണ്ട് ആഡറൻ ബദ്ധപ്പെട്ടു എഴുന്നേററു. 'പോവാൻ വൈകി. എന്റെ ഭാൎയ്യ എന്തോ പരിഭ്രമിച്ചിരിക്കും. നിങ്ങളുടെ വൈൻ വളരെ വിശേഷം. എനി ഇപ്പോൾ വേണ്ട. സലാം. ഈ രാത്രി ഇതേവരെ രസമാക്കിത്തീൎത്തതിൽ ഞാൻ നിങ്ങൾക്ക നന്ദി പറയുന്നു' എന്നു പറഞ്ഞു.

വക്കീൽ—സലാം. ഞാൻ അന്വേഷിച്ചതായി നിങ്ങളുടെ ഭാൎയ്യയോടും പറയണം.

വക്കീലിന്റെ വീട്ടിൽ നിന്നു ബദ്ധപ്പെട്ടിറങ്ങി ആഡറൻ തന്റെ വീട്ടിലേക്ക തിരിച്ചു. പോകുന്ന സമയത്തിലെല്ലാം സ്നേ

ഹിതന്മായി അല്പം മുമ്പു ചെയ്തിരുന്ന സംഭാഷണത്തെപ്പററി ആലോചിച്ചിരുന്നതു കൊണ്ടു വെളിച്ചം കുറഞ്ഞ ഒരു തെരുവിൽ എത്തിച്ചേരുന്നതുവരെ വഴിതെററിയതായി അറിഞ്ഞില്ല.

തനിക്കു പോകേണ്ടുന്ന വഴിക്കു തന്നെ മടങ്ങാൻ തുടങ്ങിയപ്പോൾ ആയാൾക്കു ഒരഭിപ്രായം തോന്നി. കുറെ ദൂരെ വലിയൊരു വീടു തീവെന്തു കിടക്കുന്നുണ്ട്. അതു ചെന്നു നോക്കിയതിന്നു ശേഷം വല്ല ചെറുവഴികളിലും കൂടി വീട്ടിലേക്കുള്ള വഴിക്കു എത്തിച്ചേരാമെന്നു നിശ്ചയിച്ചു. നിചജനങ്ങൾ പാർക്കുന്ന ചില അശുദ്ധത്തെരുവുകളിൽ കൂടെ കടന്നു ഗസ്റ്റീവ് തീവെന്തിട്ടുള്ള എടുപ്പിന്നരികെ എത്തിച്ചേർന്നു.

കത്തിയ വീടു മുഴുവനും നോക്കിക്കണ്ട ശേഷം 'ക്യൂഡിയാററിററ്" വഴിയായി സ്വന്തം വീട്ടിലെത്തിച്ചേരാമെന്നു നിശ്ചയിച്ചു നടന്നു. ആ തെരുവിൽ എത്തിയ ഉടനെ തന്റെ മുമ്പിലായി രണ്ടാളുകൾ ബദ്ധപ്പെട്ടു പോകുന്നതു കണ്ടു. ഒരുത്തൻ നെടിയ ഒരാളാണ്. അവൻ നിരച്ച നിറത്തിലുള്ള കുപ്പായമിട്ടിട്ടുണ്ടു. മറേറവൻ അല്പം ഉയരം കുറയും. കറുത്ത കുപ്പായവും നീണ്ട തൊപ്പിയും ധരിച്ചിട്ടുണ്ടു.

അവർ പോയി തെരുവിന്റെ തലക്കലുള്ള ഒരു വീട്ടിന്റെ വാതിലിന്നു നേരെയെത്തിയപ്പോൾ രണ്ടാളുകൾകൂടി പുറത്തിറങ്ങിവന്നു. ഉടുപ്പുകൾ കണ്ടാൽ അവർ ശുദ്ധ കൂലിക്കാരാണ്. അവർ നിരച്ച കുപ്പായക്കാരനുമായി എന്തൊ സ്വകാര്യം പറഞ്ഞു.

ആ സ്ഥലത്തു നിന്നു ഉടനെ ഒരു കലശലും 'സഹായിക്കണെ' എന്നുള്ള നിലവിളിയും കേട്ടു. മൂന്നാൾകൂടി കറുത്ത കുപ്പായക്കാരനെ പിടിച്ചു അനങ്ങാനയക്കാതെ അകത്തു കൊണ്ടുപോകുന്നു.

നോക്കിയ സമയം ആ ഏകാകിക്കു മൂന്നുപേരുംകൂടി കൊല്ലാൻ തുടങ്ങുകയാണെന്നു ഗസ്റ്റീവ് അറിഞ്ഞു. മുമ്പൊരിക്കിൽവെച്ചു ഇങ്ങിനെയൊരു സങ്കടത്തിൽ താൻ സഹായിച്ചതായി അപ്പോൾ ആയാൾക്ക് ഓൎമ്മ വന്നു. ഗസ്റ്റീവ് ആയുധക്കാരന്ന തെരുവിൽനിന്നു വാതിലിന്നു നേരെ തിരിച്ചു. കൊല്ലപ്പെടുന്ന ആ സാധുവിന്റെ പുറം ചുമരിന്മേൽ പററിച്ചിട്ടുണ്ടെന്നും ആയാൾ കയ്യിലുള്ള വടികൊണ്ടു കഴിയുംപോലെ ശത്രുക്കളെ പ്രഹരിക്കുന്നുണ്ടെന്നും ഉമ്മരത്തുള്ള മങ്ങിയ വെളിച്ചത്തിൽ ഗസ്റ്റീവിന്നു മനസ്സിലായി. അതിക്രമികൾ കഴിയുന്നതെല്ലാം ആയാളെ നോക്കുന്നു. ജയം കിട്ടുന്നില്ല. കൂട്ടത്തിലുള്ള കൂററൻ ആയുധക്കത്തികൊണ്ടു ഒരു വെട്ടു വെട്ടി. ആ വെട്ടു ആയാൾക്കു നല്ലവണ്ണം കൊണ്ടില്ല. രണ്ടാമതു വെട്ടുന്നതിന്നു മുമ്പായി ഗസ്റ്റീവ്, കയ്യിലുള്ള കുണ്ടൻവടി കൊണ്ടു വെട്ടുന്നവന്റെ തലക്കടിച്ചുകഴിഞ്ഞു. അടികൊണ്ടു നിലവിളിച്ചുകൊണ്ടു അവൻ നിലത്തു വീണു.

നിസ്സഹായിയായ ആ വിദേശിയം വിചാരിക്കാത്തതായ ഇങ്ങിനെയൊരു സഹായം കിട്ടിയപ്പോൾ ഉടനെ തിരിഞ്ഞു മററൊരു ശത്രുവിന്റെ മുഖത്തു വടികൊണ്ടൊന്നു പ്രയോഗിച്ചു. അവൻ പ്രാണവേദനയാൽ കണ്ണു കാണാതെ ഒന്നു വട്ടംചുററിയപ്പോഴക്കു ഗസ്റ്റീവിന്റെ ഒരടിയും തലക്കു കൊണ്ടു. കറുത്ത കുപ്പായക്കാരൻ ഒന്നാമത്തെ കള്ളനെ പിടിക്കുന്നതുവരെ രണ്ടാമത്തെവനെ ഗസ്റ്റീവ് അടിച്ചുകൊണ്ടു നിന്നു.

പെട്ടന്നു ആ കൂററൻ എഴുനീററു ആയുധക്കത്തികൊണ്ടു കറുത്ത കുപ്പായക്കാരനെ ഒന്നു വെട്ടി. ആ വെട്ടു ചിളക്കിന്മേ

ണ് കൊണ്ടത്. വിളക്ക മറിഞ്ഞുവീണു. അവിടമെല്ലാം ഇരുട്ടായി. അവിടെ വെച്ച് ആളുകൾ തമ്മിൽ കാണാതെ ഒരു ചോരണ്ടായി. ഗസ്റ്റീവും ആ സാധുമനുഷ്യനും പുറത്തെത്തു കടന്നു. ഘാതകന്മാർ അവരെ പിന്തുടന്നു. ഇവർ അവരെ എതിക്കാൻ തുടങ്ങാതെ ക്ഷണത്തിൽ നടന്നു ശത്രുക്കളിൽ നിന്നു മറഞ്ഞു. തെരുവിൽ മറ്റൊരാറ്റത്തെത്തിയപ്പോഴേയ്ക്കു ചില ബീറുകൺസ്റ്റെബിൾമാരെയും കണ്ടു.

അപരിചിതനായ ആ പുരുഷൻ ഗസ്റ്റീവ് ആഡറന്റെ കൈ മുറുകെ പിടിച്ചു കൊണ്ടു വിദേശീയർ പറയുന്നവിധമുള്ള ഇറിയൻ ഫ്രഞ്ചുഭാഷയിൽ ഇങ്ങിനെ പറഞ്ഞു: 'അങ്ങുന്നേ! ഞാൻ അസംഖ്യം അസംഖ്യം നന്ദി പറയുന്നു, നിങ്ങൾ തന്നെത്താൻ ഉ ണ്ഡിച്ചും എന്റെ ജീവനെ രക്ഷിച്ചു. അല്ലെങ്കിൽ ഇന്നു എന്റെ കാര്യം പരുങ്ങൽ തന്നെയായിരുന്നു. ഇതിന്നു നിങ്ങളോട് ഒരു നന്ദി കാണിക്കേണ്ടതെങ്ങിനെയാണെന്നു ഞാനറിയുന്നില്ല.'

'ഓ, ഛോ- ഇതൊരാശ്ചര്യമോ? ഞാൻ—ഞാൻ ഒരു വയസ്സൻ പട്ടാളക്കാരൻ. എന്റെ മുമ്പാകെ വെച്ച് ഒരാളെ കലപ്പെടുത്തുന്നതിന്നനുവദിക്കയോ? അതുണ്ടാവില്ല. അതു നിക്കട്ടെ. നിങ്ങൾക്ക മുറി എത്രുണ്ടു പററീട്ടുണ്ട്? അതുകൊണ്ടാണ് എനിക്ക പേടി.' എന്നു പറഞ്ഞ് ആഡറൻ ആ വിദേശിയനെ നോക്കിയപ്പോൾ ആയാളുടെ അടിക്കുപ്പായത്തിന്മേൽ ചോരകൊണ്ടു കറുത്ത പാടു കണ്ടു.

വിദേശി—ഇതൊരു വാളിച്ച മാത്രമാണ്. അതിലധികമൊന്നുമില്ല. കള്ളൻ എന്നെ കുത്താൻ പുറപ്പെട്ടപ്പോൾ കയ്യിന്നു ഞാനൊരടിയടിച്ചു. അതിനാൽ അവന്റെ കത്തികൊണ്ട് എന്റെ ചുമലിൽ കുറച്ചു തോലരഞ്ഞിയതേ ഉള്ളു.

ആഡറൻ—എന്നാലും നിങ്ങൾ ഉടനെ ഒരു ഡാക്ടരെ കാണണം. ഒരു ചെറിയ മുറിയായാലും അതെത്രത്തോളം അപായകരമായിത്തീരുമെന്നു ആക്കും നിശ്ചയിക്കാൻ വയ്യ. എന്നാൽ ഇതു എളുപ്പത്തിൽ സാധിക്കത്തക്ക കാര്യവുമാണ്. ഇതിന്റെ അങ്ങേത്തെരുവിൽ ഒരു ഡാക്ടരുണ്ട്. നിങ്ങളെ ഞാൻ കൂട്ടിക്കൊണ്ടു പോവാം.

വിദേ—അതിന്നു ലേശവും ആവശ്യമില്ലെന്നു എനിക്കു തീച്ചയുണ്ട്. തേച്ചു കഴുകാൻ കുറച്ചു വെള്ളവും അല്പം പ്ലാസ്റ്റർ ശീലയും ഒരു ഗ്ലാസ്സു നല്ല ബ്രാണ്ടിയും കിട്ടിയാൽ എന്റെ കാര്യമെല്ലാം നേരെയായി. എനി ഇതിലെ ആദ്യം വരുന്ന വണ്ടി പിടിച്ചു ഞാൻ എന്റെ ഹോട്ടലിലേക്ക പോകയാണ്.

ആഡറൻ—എന്നാൽ നിങ്ങളുടെ ഇഷ്ടം പോലെ. ഇവിടെ അടുത്ത് ഒരു വണ്ടിപ്പേട്ടയുണ്ട്. നമുക്ക അങ്ങോട്ടു പോവാം.

ആ ഇരുണ്ട തെരുവിൽ നിന്നു ഗസ്റ്റീവ് ആഡറൻ ആ മനുഷ്യനെ വെളിച്ചം നല്ലവണ്ണമുള്ള ഒരു വഴിക്ക കൊണ്ടുപോയി. അപ്പോഴാണ് ആഡറൻ മററാളെ നല്ലവണ്ണം കണ്ടത്. ആ മനുഷ്യൻ സാധാരണക്കാരുടെ ഉയരത്തിൽ നിന്നു അല്പം എകന്നുള്ളവനും മിന്നുന്ന തലമുടിയും കറുത്ത കണ്ണുകളുമുള്ളവനുമാണ്. രാത്രി സമയത്തെയ്ക്കു വേണ്ടുന്ന ഉടുപ്പാണ് ധരിച്ചിട്ടുള്ളത്. അന്നത്തെ കലഹം നിമിത്തം അല്പം മാച്ചിൽ തട്ടീട്ടുണ്ടെങ്കിലും ഉടുപ്പുകൾക്ക നിറമുണ്ട്. വിവരങ്ങളറിയേണ്ടതിലേക്ക ആഡറനു ഉൽക്കണ്ഠ കലശലാകയാൽ കാരോ ചോദ്യങ്ങൾ തുടങ്ങി. ആയാൾക്ക ആഡറന്റെ

ചോദ്യങ്ങളിൽ തൃപ്തിയാണുണ്ടായത്. അദ്ദേഹം ഇങ്ങിനെ പറഞ്ഞു:

"പാരീസ്സിലുള്ള കന്നന്മാരുടെ ചണ്ടിതെരുവിൽ സാമാന്യം ഭേദപ്പെട്ട ഒരാളെ രാത്രിയിൽ അസമയത്തു പോക്കറ്റിൽകളൊരുമിച്ചു കാണ്മാൻ ഇടവന്നതിനാൽ നിങ്ങൾക്കു ആശ്ചര്യമുണ്ടായേയ്ക്കാം. ഇതിലെയ്ക്കു കാരണമെന്തെന്നാൽ, ഞാൻ നാടകം കഴിഞ്ഞിട്ടു ഹോട്ടലിലേയ്ക്കു നടന്നു പൊയ്ക്കളയാമെന്നു വെച്ച്, ഇറങ്ങി. വഴി പിഴച്ചു. വഴിയിലൊരുവനോടു 'ഡ്യൂലോവർ' ഹോട്ടലിലേയ്ക്കു വഴി ചോദിച്ചു. അവൻ വഴി പറഞ്ഞുതരുമ്പോഴേയ്ക്കു അതു കേട്ടുംകൊണ്ടു നിരച്ച കുപ്പായമിട്ട ആ കള്ളൻ അടുത്തെത്തി- എന്നെ ഹോട്ടലിൽ കൊണ്ടാക്കാമെന്നേറ്റു. ആ വിദ്വാന്റെ ലൌകികം കണ്ടപ്പോൾ ഞാനതു സമ്മതിച്ചു. അവനൊരുമിച്ചു കുറെ നാഴികനേരം നടന്നു ആ മ്ലേച്ഛതെരുവിലെത്തിയപ്പോഴെയ്ക്കു മററു രണ്ടുപേരെയും കണ്ടെത്തി. അതിലൊരുത്തൻ എന്നോടു 'വിളക്കൊന്നു കത്തിയ്ക്കട്ടെ' എന്നു പറഞ്ഞു. തീപ്പെട്ടിയെടുക്കാനായി ഞാൻ പോക്കററിൽ കയ്യിട്ടപ്പോഴെയ്ക്കും മൂന്നുപേരും കൂടി എന്നെ പിടികൂടിക്കഴിഞ്ഞു. ശേഷമെല്ലാം നിങ്ങൾക്കു വിവരമുണ്ടല്ലൊ. തല്ക്കാലം നിങ്ങടെ ഉചിതസഹായമില്ലായിരുന്നുവെങ്കിൽ എന്റെ കാര്യം തകരാറുമായിരുന്നു."

ആഡാൻ—എനിയ്ക്കു ആശ്ചര്യം തോന്നുന്നു. അവരാരായിരിയ്ക്കും? കവച്ചക്കാരാണെന്നാണു തോന്നുന്നതു. എന്നാൽ ഈ പാരിസ്സിലെ തെരുവുകളിൽ മനുഷ്യർ ജീവനെ നേരേ സൂക്ഷിപ്പാൻ പ്രയാസമായി വരുന്നതു വലിയ പോരായ്മതന്നെ. നമ്മുടെ പോല്ലീസ്സിന്നു എന്തു പിണഞ്ഞുവെന്നു ആലോചിച്ചിട്ടും എനിയ്ക്കറിയുന്നില്ല. ഇങ്ങിനെ ചില സംഭവങ്ങൾ എല്ലാ ദിവസവും ഉണ്ടായിക്കൊണ്ടേ ഇരിയ്ക്കുന്നു.

വിദേശിയൻ—അവിടെ ഒരു വണ്ടി കാണുന്നുണ്ട്. എന്റെ പേരെഴുതിയ കാർഡു താ. നിങ്ങൾ എനിയ്ക്കു ചെയ്തിട്ടുള്ള ഉപകാരം നിമിത്തം ഇവിടംവിട്ടു പോകുന്നതിന്നു മുമ്പായി ഒരിയ്ക്കൽ കൂടി നന്ദി പറവാനായി നിങ്ങളെ കാണുന്നതു സന്തോഷമാണ്.

ആഡാൻ കാർഡു വാങ്ങി. തന്റെ കാർഡ് അങ്ങോട്ടും കൊടുത്തു. അപരിചിതനായ ആ മനുഷ്യൻ ഉടനെ വണ്ടിയിൽ കേറി ദൂരത്തു മറകയും ചെയ്തു. ആഡാൻ തനിയ്ക്കു കിട്ടിയ കാർഡു വായിച്ചു. അതിൽ 'ലോർഡ് ജെയിംസ് പാഡിങ്ടൻ' എന്നായിരുന്നു.

'ആശ്ചര്യം! ഇതെന്തു!' എന്നു ആയാൾ ഉച്ചരിച്ചു. ആഡാൻ പ്രജാഭരണ (Republie) ത്തിൽ സ്ഥിരാഭിപ്രായക്കാരനാകയാൽ പ്രഭുക്കന്മാരെയും മററുമുള്ള ബഹുമാനം കുറയുമെങ്കിലും വിദേശിയനായ ഈ പ്രഭുവിന്റെ മേൽ നിന്ദതോന്നിയില്ല.

ആയാൾ വീട്ടിലെത്തി- ഭാര്യ കാത്തിരിക്കുന്നുണ്ടായിരുന്നു. അവളോടു അന്നത്തെ കഥകളെല്ലാം വൎണ്ണിച്ചു. തന്റെ പ്രാണപ്രിയൻ അന്യരാജ്യക്കാരനായ ഒരു പ്രഭുവിന്റെ ജീവരക്ഷയ്ക്കു വേണ്ടി അപായം അനുഭവിക്കത്തക്ക പ്രവൃത്തികൾ ചെയ്തതിന്മേൽ അവൾ ഒട്ടും അലൌകികം പറഞ്ഞില്ല. അവൾ ഭൎത്താവിന്നു പുതിയ ബ്രാണ്ടിയും വെള്ളവും കൊടുത്തു ക്ഷണത്തിൽ കിടക്കാൻ നിൎബ്ബന്ധിച്ചു.

പിറെറ ദിവസം രാവിലെ ഗസ്റ്റീവ് ആഡാൻ ജെയിംസ്പ്രഭുവിനെ അന്വേഷിപ്പാനായി ഡ്യൂലോവർ ഹോട്ടലിലേക്കു

ചെന്നു. ജെയിംസ് പ്രഭു ആയാളെ സ്വന്തം മുറികളിലേക്കു കൂട്ടിക്കൊണ്ടു പോയി. പാഡിംഗ്ടൻ പ്രഭുവിനെ തനിച്ചൊരു ഇംഗ്ലിഷുകാരന്റെ മോടിയിലാണ് ആഡാൻ കണ്ടത്. തലന്നാളത്തെ മുറി നിമിത്തം തലക്കരികെ പ്ലാസ്റ്റർ ശീലകൊണ്ടൊരു കെട്ടു വിശേഷവിധിയായുണ്ടു. വേറൊരു മുറി കൂടിയുള്ളത് ആദ്യം വിചാരിച്ചതുപോലെ തന്നെ സാരമില്ലാത്തതാണെന്നു അദ്ദേഹം പറഞ്ഞു. പിന്നെ അല്പനേരം സംസാരിച്ചതിന്നുശേഷം 'ഞാനെന്തുവേണ'മെന്നു ജെയിംസ് ചോദിച്ചതിൽ ഇഷ്ടപ്പെടുന്ന പക്ഷം അന്നുരാത്രി അദ്ദേഹത്തിന്റെ ഭക്ഷണം തന്റെ വീട്ടിലാക്കേണമെന്ന് ആഡാൻ ആവശ്യപ്പെട്ടു ജെയിംസ് ആ ക്ഷണത്തെ സ്വീകരിച്ചു. ആഡാൻ യാത്ര പറഞ്ഞിറങ്ങി.

ആറു മണിക്കു ജെയിംസ് പാഡിംങ്ടൻ പ്രഭു ആഡാന്റെ വീട്ടിലെത്തി. ആ വീട്ടുകാരെല്ലാം വലിയൊരു സ്നേഹിതന്റെ നിലയിൽ അദ്ദേഹത്തെ സ്വീകരിച്ചു. ജെയിംസിന്നു വളരെ സന്തോഷമായി. അദ്ദേഹവുമായുള്ള സംസാരത്തിൽ നിന്നു അദ്ദേഹം എല്ലാ രാജ്യങ്ങളിലും സഞ്ചരിച്ചിട്ടുണ്ടെന്നും എല്ലാ തരക്കാരുടെയും സ്വഭാവം അറിഞ്ഞിട്ടുണ്ടെന്നും ആകപ്പാടെ ഒരു മഹാനാണെന്നും മറ്റും ആഡാനും കുഡുംബക്കാൎക്കും തോന്നി. ആരും നിയമത്തെ ലംഘിക്കരുതെന്നും അവനവനെപ്പറ്റി ആൎക്കും മുഷിയാനിടവരുത്തരുതെന്നുമാണ് അദ്ദേഹത്തിന്നു അഭിപ്രായമെന്നും ഇവർ മനസ്സിലാക്കി. ആഡാന്റെ ഭാൎയ്യ 'ജോസേപ്പിൻ' അതിഥിയായ ആ ആശ്ചൎയ്യപുരുഷന്റെ നേരെ അത്യന്തം തൃപ്തിപ്പെട്ടു. പുരുഷന്മാരുടെ യോഗ്യതകളെപ്പറ്റി അവരുടെ അമ്മ അവൾക്കു പറഞ്ഞുകൊടുത്തിട്ടുണ്ട്. ഇംഗ്ലണ്ടിൽ ഒരു പ്രഭുവിന്നു യോഗ്യതയേറിയ ഒരു സ്ഥാനവലിപ്പം, വലിയൊരു രാജധാനി, അനവധി പണം, ഇതെല്ലാം ഉണ്ടായിരിക്കുമെന്നു അവൾക്കറിവുണ്ട്. അതിനാൽ ബുദ്ധിയുള്ള അവൾക്കു അദ്ദേഹത്തെപ്പറ്റി നിന്ദതോന്നാൻ അവകാശമുള്ളതാണോ?

ഭക്ഷണം കഴിച്ചുതുടങ്ങി. ആദ്യത്തിൽ ജെയിംസ് പ്രഭു വളരെ ഉന്മേഷത്തിൽ സംസാരിച്ചിരുന്നുവെങ്കിലും ഏതു വിഷയത്തെപ്പറ്റി പറയുന്നതായാലും അതു വളരെ വിസ്തരിച്ചു വേണ്ടിവരുന്നതാകയാൽ ക്രമേണ കുറെ ബുദ്ധിമുട്ടിലായിത്തുടങ്ങി. അക്കാലത്ത് അവിടങ്ങളിൽ പ്രമാദമായി സംസാരിച്ചുവന്നിരുന്ന റഷ്യാചക്രവൎത്തിയുടെ ആഗമനമായിരുന്നു പ്രധാന വിഷയം. രാജ്യഭരണകാൎയ്യങ്ങളിൽ ഒരു പഴുതെങ്കിലും വിട്ടുകളവാൻ തരമായിരുന്നില്ല.

ആഡാനും ഭാൎയ്യക്കും റഷ്യാചക്രവൎത്തിയെപ്പറ്റിയുള്ള വിവരം വൎത്തമാനപത്രങ്ങളിൽ നിന്നു അറിവുള്ളതിന്നു പുറമെ എത്രയോ അധികം സംഗതികളെ ജെയിംസ് പറഞ്ഞുകൊടുത്തു.

ജെയിംസ് പറയുന്ന കൂട്ടത്തിൽ താൻ സാറിനെ (റഷ്യാചക്രവൎത്തിയെ) നേരിട്ടു കണ്ടിട്ടുണ്ടെന്നും തനിക്കു അദ്ദേഹത്തിൽനിന്നു സമ്മാനം ലഭിച്ചിട്ടുണ്ടെന്നും പ്രസ്താവിച്ചപ്പോൾ ആഡാനും ഭാൎയ്യക്കും വളരെ ബഹുമാനം തോന്നി. അതിന്മേൽ ആ ഇംഗ്ലീഷുകാരൻ പ്രത്യേകം ശ്രദ്ധവെച്ചില്ല. ആഡാനും ഭാൎയ്യയും ജൎമ്മൻകാരെപ്പറ്റി ചീത്ത പറകയാണ് ആദ്യം മുതല്ക്കേ ചെയ്തിരുന്നത്.

ആഡാൻ — ഹാ! ഫ്രഞ്ചുകാരുടെ ജനസ്നേഹവും കോമളസ്വഭാവവും ദുഷ്ടരായ ജൎമ്മൻകാരുടെ ക്രൂരതയും തമ്മിൽ എ

ങ്ങിനെ താരതമ്യപ്പെടുത്തും? അവർ കാട്ടുകോഴിയെപ്പോലെയുള്ള ഒരു കേയിസരെ (ചക്രവൎത്തിയെ) പ്പററി വൎണ്ണിക്കുന്നതു കേൾക്കുമ്പോൾ ഏതു ഫ്രെഞ്ചുകാരനും ദേഷ്യം വന്നു തല തിരിയിക്കുന്നതാണ്.

ആഡ്വാന്റെ ഭാൎയ്യ— അതെ. തല തിരിക്കും. സംശയമില്ല.

ആഡ്വാൻ— അത്രമാത്രമോ? ഭരണവിഷയത്തിൽ കെയിസറിന്റെ ഉള്ളിലുള്ള കാപട്യമാലോചിച്ചാൽ ഫ്രാൻസിൽ അടുത്ത ദിവസം നടക്കാൻ പോകുന്ന അടിയന്തരത്തിന്മേലുള്ള അതൃപ്തിയെക്കാളധികം അതൃപ്തി ഒരു ഫ്രെഞ്ചുകാരന്നുണ്ട്.

ആഡ്വാന്റെ ഈ നേരംപോക്കു കേട്ടപ്പോൾ ഇംഗ്ലിഷുകാരനൊഴിച്ചു മറ്റെല്ലാരും വല്ലാതെ ചിരിച്ചു.

ജെയിംസ്— (അല്പം ഗൌരവത്തോടെ) നിങ്ങൾ ജൎമ്മൻകാരെയും ചക്രവൎത്തിയേയും ഇത്ര കണ്ടു് അധിക്ഷേപിക്കുന്നതെന്താണ്?

ആഡ്വാൻ— ജൎമ്മൻകാർ പെരും കള്ളന്മാർ. 1890-നു ശേഷമുള്ള ഏതൊരു ഫ്രെഞ്ചുകാരനാണ് ജൎമ്മൻകാരെ അധിക്ഷേപിക്കാതിരിക്കുക; അവരുടെ ചക്രവൎത്തി ഒരു നോസ്സനും കള്ളനുമാണ്. നാട്ടുകാർ ചെയ്യുന്ന തെറ്റെല്ലാം ആയാൾക്കാക്കിത്തീൎക്കുന്നു. പക്ഷെ തെറ്റെല്ലാം ആയാളുടെ വക്കൽ തന്നെയാണ്. ആകപ്പാടെ ഒരു വങ്കൻ തന്നെ.

ജെയിംസ്പ്രഭു— പക്ഷെ യഥാൎത്ഥത്തിൽ അദ്ദേഹം നിങ്ങൾ പറയുമ്പോലെയൊരു ദോഷവാനല്ല. വളരെ രാജ്യങ്ങൾ അദ്ദേഹത്തിന്നു ഭരിക്കാനുണ്ടെന്നും പ്രജകൾ മിക്കതും രാജഭക്തന്മാരാണെങ്കിലും മതസ്പൎദ്ധയിലും അരാജകകക്ഷിയിലും പെട്ടവരും അധികമുള്ളതുകൊണ്ടു അദ്ദേഹം നന്നാ ബുദ്ധിമുട്ടുന്നുണ്ടെന്നുമുള്ള കഥ നിങ്ങൾ തീരെ മറന്നിരിക്കുന്നു: അദ്ദേഹം പ്രജാവത്സലനാണ്. പ്രജകളെ നേരെ നടത്താൻ പല ശ്രമങ്ങളും ചെയ്യുവാനുണ്ട്. പക്ഷെ അവരിൽ ചിലൎക്കുള്ള തല്ക്കാലമാററങ്ങൾ നിമിത്തം അദ്ദേഹത്തിന്റെ ആഗ്രഹം മുഴുവനും നിറവേററാൻ സാധിക്കുന്നില്ല എന്നേ ഉള്ളു.

ആഡ്വാൻ— ആയാൾ ചെയ്യുന്ന പ്രസംഗങ്ങളിലും മററും ഇങ്ങിനെയൊക്കെ തന്നെയാണ് വിവരിക്കുന്നത്. ഇതു ശരിയാണെങ്കിൽ തന്നെ ആയാളുടെ ഊററംതാൻ ദൈവശക്തിയുള്ള ഒരാളാണെന്നുള്ള നാട്യം, ഇതുകൾക്കൊന്നിന്നും സമാധാനമില്ല. എന്നും ഓൎമ്മിക്കത്തക്കതായ ഞങ്ങളുടെ കലാപക്കാലത്തു എല്ലാം വെളിച്ചത്തായിട്ടുണ്ട്.

ജെയിംസ്— ഞാൻ അദ്ദേഹത്തെ നേരിട്ടറിയുന്നതുകൊണ്ടു ഒരു കാൎയ്യം നിങ്ങൾക്കു വിശ്വാസമാക്കാൻ ഏതായാലും എനിക്കു കഴിയും. അദ്ദേഹം നന്ദിയുള്ള ഒരാളാണ്. എന്തെങ്കിലും ഒരാൾ ഒരുപകാരം ചെയ്താൽ അതദ്ദേഹം മറക്കില്ല.

ജൎമ്മൻ ചക്രവൎത്തിയെപ്പററി പിന്നെയും ചില 'ആക്ഷേപങ്ങളെ എടുത്തപ്പോൾ താൻ ഈ വിഷയത്തെപ്പററി എനിയൊന്നും പറവാൻ വിചാരിക്കുന്നില്ലെന്നു ഇംഗ്ലീഷുകാരൻ ഉറച്ചുപറകയാൽ ആ വിഷയത്തെ നിൎത്തേണ്ടി വന്നു.

സംഭാഷണം പിന്നെ സൈന്യവിഷയത്തിലേക്കു തിരിഞ്ഞു. ജെയിംസിന്നു മററു കാൎയ്യങ്ങളെപ്പോലെ അതിലും ധാരാളം അറിവുണ്ട്. പരന്ത്രീസ്സു സൈന്യങ്ങളുടെ ഇടയിൽ അടുത്തകാലം നടന്നതായി ചില സ്വകാൎയ്യനടവടികളെക്കുറിച്ചു അദ്ദേഹം വിവരമായി പ്രസംഗിക്കയും ദോഷങ്ങളെ കാ

ണിക്കുകയും ചെയ്തു. പിന്നെ ഫ്രഞ്ച് രാജ്യഭരണത്തെപ്പററി വളരെ പ്രസംഗിച്ചു. ആ രാജ്യത്തിൽ ഭരണാധികൃതന്മാർ നാട്ടുകാരിൽ ചെയ്യുന്ന അനുസരണം, മൎയ്യാദ നടത്തൽ, തിവണ്ടിമാൎഗ്ഗത്തിന്റെ വൎദ്ധന, ഇവയെയെല്ലാം വളരെ ശ്ലാഘിച്ചു. വിദ്യാഭ്യാസകാൎയ്യത്തേയും എടുത്തു ആ ഡിപ്പാർട്ടുമെണ്ടുകാർ വിദ്യാഭ്യാസത്തെ പൊതുവിൽ ഉപയോഗമാക്കിത്തീക്കേണ്ടുന്നതു ഏതു വിധത്തിലാണെന്നും അദ്ദേഹം ഗസ്റ്റീവിനോടു വിവരിച്ചു.

ഭക്ഷണം കഴിഞ്ഞശേഷം ജോസേഫിൻ (ആഡംസിന്റെ ഭാൎയ്യ) വിശേഷമായിട്ടു മൂന്നു പാട്ടുകൾ പാടി. അവയിൽ സംഗതികൾക്കു മാറ്റം ചില ദിക്കിൽ അല്പാല്പം മാററം വരുത്തേണ്ടതായി ജെയിംസ് യുക്തിസഹിതം സ്ഥാപിച്ചു.

എല്ലാംകൂടി ആഡംസും കുഡുംബങ്ങൾക്കും പ്രഭുവിനെപ്പററി വളരെ ബഹുമാനം തോന്നി. അദ്ദേഹത്തിന്നു അറിവും മൎയ്യാദയും അസാമാന്യമായുള്ളതിന്നു പുറമെ ജനങ്ങളുമായി അധികം ഇണക്കമുള്ളാളാണെന്നു കൂടി അവൎക്കു തോന്നി. അവരുടെ അതിഥി പത്തു മണിക്കുശേഷം യാത്രപുറപ്പെട്ടു.

ജെയിംസ് പ്രഭു ആഡംസിന്റെ കൈപിടിച്ചു മാറോടു ചേൎത്തിട്ടു. "മിസ്റ്റർ ആഡംസ്! ബുദ്ധികൊണ്ടു വിചാരിച്ചാൽ അവസാനിക്കാത്തതായ വലിയൊരുപകാരമാണു നിങ്ങൾ എനിക്കു ചെയ്തിട്ടുള്ളതു. ഇതു ഞാൻ ഒരു കാലത്തും മറക്കുന്നതല്ല.

നിങ്ങൾക്കുതന്നെ ഇതിന്റെ വലുപ്പം അത്ര അറിവാൻ കഴിയില്ല. എന്നാൽ ഞാൻ വെടിപ്പായി അറിയുന്നു. ഞാൻ എനി പാരീസ്സിലെക്കു വരുമെന്നോ വരുന്നതായൽ തന്നെ എത്രകൊല്ലം കഴിഞ്ഞിട്ടാണെന്നോ ഉറക്കാൻ തരമില്ലാത്തതിനാൽ വളരെ ഭയമുണ്ടെങ്കിലും നിങ്ങൾക്കു ഞാൻ കടപ്പെട്ടിട്ടുള്ള കഥ ഒരു കാലത്തും മറക്കുന്നതല്ല."

ഇങ്ങിനെ പറഞ്ഞതിന്നു ശേഷം ആ മാന്യദേഹം യാത്ര പറഞ്ഞു പിരിഞ്ഞു.

*    *    *    *    *

മീൻ വിവരിച്ച സംഭവത്തിന്നു ശേഷം കുറച്ചു ദിവസങ്ങൾ കഴിഞ്ഞു. ഷ്യാചക്രവൎത്തിയുടെ ആഗമനോത്സവം നിമിത്തമുള്ള തിരക്കു കലശലായിത്തുടങ്ങി. അതൊരുവിധം ശമിച്ചപ്പോഴേക്കു ഒടുത്തകാലം പാരീസ്സിൽ നടന്ന ആഡംബരത്തിന്നു ജൎമ്മൻ ചക്രവൎത്തി വന്നിരുന്നുവെന്നും പാരീസ്സിലുള്ള പ്രധാനസ്ഥലങ്ങളിലെല്ലാം എത്തീട്ടുണ്ടെന്നും സംസാരമായിത്തീൎന്നു. ഗവൎമ്മെണ്ടുദ്യോഗസ്ഥന്മാർ അതിന്നു എതിരായി പറഞ്ഞിരുന്നു. നമ്മുടെ ഗസ്റ്റീവ് ആഡംസ് ഇതുകേട്ടപ്പോൾ വളരെ പരിഹസിച്ചു.

ചില സ്നേഹിതന്മാർ കൂടിയ ദിക്കിൽനിന്നു ആഡംസ് പറഞ്ഞു. 'കൂട്ടത്തിൽ ഞാനും ആയാളെ കണ്ടിട്ടുണ്ടായിരിക്കും. എന്നാൽ ഞാൻ കൈകൊടുത്തിരുന്നുവെങ്കിൽ വിട്ടുപാവില്ലായിരുന്നു. എന്നു എനിക്കു തീൎച്ച പറയാം'.

ജനശ്രുതി വാസ്തവമായിരുന്നതുകൊണ്ടു ആഡംസിന്റെ ധൈൎയ്യം പറയലിന്നു അടിസ്ഥാനമുണ്ടായിരുന്നില്ല.

അധികദിവസം കഴിഞ്ഞിട്ടില്ല. ആഡംസ് ഒരുച്ച നേരം കടലാസ്സു വായിച്ചുകൊണ്ടിരിക്കുമ്പോൾ ഒരാൾ കാണ്മാൻ വന്നിട്ടുണ്ടെന്നു പറഞ്ഞു ഭൃത്യൻ കാർഡ് കൊടുത്തു. കാർഡിൽ കാണുന്നതു പാരീസ്സിലുള്ള ജൎമ്മൻപ്രതിനിധിയുടെ പേരായിരുന്നു.

"ഇതെന്തു; ജൎമ്മൻ കള്ളന്മാൎക്കു എന്നെ കണ്ടിട്ടെന്തു വേണം? ഏതായാലും

# മംഗളോദയം

## ൧൦൮൩

പുസ്തകം ൩ | ഇടവമാസം | ലക്കം ൧


### മംഗളം

— —

മീനാമപന്നിനരസിംഹമിവണ്ണമെല്ലാം
നാനാതരംവടിവുപൂണ്ടുപിറന്നദൈവം
ദീനംധരാമനുദിനംപരിപാലയന്ത
മാനായർനിന്നുതൊഴുതീശ്വരമാശ്രയാമഃ.

# മലയാളനിഘണ്ടു



"ചേംബേഴ്സ് റെവൻറിയത്ത് സെഞ്ചുറി ഇംഗ്ലീഷ് ഡിക്ഷ്ണറി എന്ന ഇംഗ്ലീഷ് നിഘണ്ടു മലയാളത്തിലേക്കു തൎജ്ജമ ചെയ്യുവാൻ താഴെ പറയുന്നവരോടപേക്ഷിക്കുന്നു:" എന്നുള്ളതു വക്കത്തുവെച്ചുണ്ടായ കഴിഞ്ഞ ഭാഷാപോഷിണിസഭയിലെ ഒരു നിശ്ചയമാകുന്നു. മലയാളഭാഷാഭിവൃദ്ധിക്കു ഈ നിശ്ചയംകൊണ്ടു ഇപ്പോൾ വളരെ പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. വേറൊരുവിധത്തിലുള്ള ഒരു നിഘണ്ടുവിൻെറ സമ്പാദനമാണ് നമ്മുടെ ഭാഷയുടെ ഇപ്പോഴത്തെ സ്ഥിതിക്കു അതിലേറെ ആവശ്യമായിരിക്കുന്നത്. ഒന്നു തൽക്കാലം അനാവശ്യമാകുന്നുവെന്നും മറേറതു അത്യാവശ്യമാകുന്നുവെന്നും ഉള്ള രണ്ടു സംഗതികളെപ്പററി കാരണത്തോടുകൂടി നിരൂപിക്കുവാനാണ് ഇവിടെ ഭാവിക്കുന്നതു.-

ചേംബേഴ്സ് റെവൻറിയത്ത് സെഞ്ചുറി ഇംഗ്ലീഷ് ഡിക്ഷ്ണറി എന്ന ഗ്രന്ഥം വളരെ വിലപിടിച്ച ഒരു നിഘണ്ടുവാണെന്നതിന്നു യാതൊരു വാദവുമില്ല. പക്ഷെ അതിനെ വേണ്ടപോലെ ഉപയോഗിക്കുന്നതിന്നുള്ള യോഗ്യത മലയാളികൾക്കു കുറെ കാലത്തേക്കുണ്ടാകുമോ എന്നാണ്

സാംശയിക്കുന്നത്. എന്തെന്നാൽ സംസ്കൃതഭാഷയിലൊ ഇന്ത്യയിലുള്ള വേറെ ഭാഷകളിലൊ ഇല്ലാത്തവയായ അനേകം നവീനശാസ്ത്രങ്ങളിലെ സാങ്കേതികശബ്ദങ്ങൾ ആ നിഘണ്ടുവിൽ കാണുന്നതാണ്. ആ വക ശാസ്ത്രങ്ങളുടെ സ്വരൂപജ്ഞാനം കൂടാതെ എങ്ങിനെയാണ് തത്സംബന്ധമായിട്ടുള്ള ശബ്ദങ്ങൾക്കു തക്കതായ മലയാളപദങ്ങളെ തൎജ്ജമക്കാരൻ സൃഷ്ടിക്കുന്നത്? എങ്ങിനെയാണ് അവയുടെ അൎത്ഥം ശരിയായി വിവരിച്ചു കാണിക്കുന്നത്? മേൽപറഞ്ഞ ഇംഗ്ലീഷ് നിഘണ്ടു തൎജ്ജമ ചെയ്യുന്നതിനു സദാ ആവശ്യപ്പെട്ടിട്ടുള്ള മഹാന്മാരിൽ പലരും ഇംഗ്ലീഷുഭാഷയിൽ വിദഗ്ദ്ധതാ സമ്പാദിച്ചിട്ടുള്ളവർതന്നെയാണ്. പക്ഷെ അവർ കേൾക്കുകപോലും ചെയ്യാത്ത ശാസ്ത്രങ്ങളേയും മറ്റു വിഷയങ്ങളേയും സംബന്ധിച്ച് അനവധി ശബ്ദങ്ങൾ അതിൽ കാണുന്നതാകുന്നു. ഇക്കാൎയ്യത്തിൽ ആശ്ചൎയ്യപ്പെടുവാനൊന്നുമില്ല. എന്തെന്നാൽ പദങ്ങളുടെ വ്യാപാരം പദാൎത്ഥങ്ങളെ പ്രകാശിപ്പിക്കുകയാണല്ലൊ. മേൽപറഞ്ഞവിധമുള്ള ശാസ്ത്രീയശബ്ദങ്ങളെക്കൊണ്ടു പ്രകാശിപ്പിക്കുന്ന പദാൎത്ഥങ്ങളുടെ സ്വരൂപജ്ഞാനമുണ്ടാകുന്നതിനുള്ള യോഗ്യതയും അപ്രകാരമുള്ള ജ്ഞാനത്തെ അടിസ്ഥാനമാക്കി അസംഖ്യം വലിയ കാൎയ്യങ്ങളെ ചെയ്വാനുള്ള ശക്തിയും, മലയാളിസമുദായത്തിന് അനവധി കാലത്തേക്കുണ്ടാകുന്നതല്ല. അപ്പോൾ ആ അവസ്ഥ സിദ്ധിക്കുന്നതിനു വളരെ മുമ്പുതന്നെ ആ വക ശബ്ദങ്ങളെ മാത്രം റിക്കാൎട്ടാക്കുവാൻ ശ്രമിച്ചിട്ടെന്താണ് പ്രയോജനം. പിന്നെ, നമുക്ക് ഒരുവിധത്തിലും ഒരിക്കലും ഉപയോഗമായിത്തീരാത്ത ആചാരവിഷയമായും മറ്റുമുള്ള അസംഖ്യപദങ്ങളേയും ഭാഷപ്പെടുത്തേണ്ടതായി വരും. അതുകൊണ്ടും വലിയ പ്രയോജനം കാണുന്നില്ല. അതിനും പുറമെ, മേൽപറഞ്ഞ ഇംഗ്ലീഷ് ഡിക്ഷ്ണറി മേലിലും നിലനില്ക്കുന്ന ഒരു ഗ്രന്ഥമാകുന്നു. വേണ്ടിവരുന്നതായാൽ അതിനെ ഭാഷപ്പെടുത്തേണ്ട ഭാരം നമ്മുടെ ഇനിയത്തെ തലമുറക്കായി നീട്ടിവെച്ചാൽ അതുകൊണ്ട് ഒരു വൈഷമ്യവും വരുവാനില്ല. ഭാഷാഭിവൃദ്ധിക്കായിക്കൊണ്ട് ഇപ്പോൾ നാം അവശ്യം ചെയ്യേണ്ടതായ കാൎയ്യങ്ങൾ വേറെ അനവധിയുണ്ടുതാനും. നമ്മുടെ ഭാഷയിൽ ഇപ്പോൾ നാനാവിധമായി കിടക്കുന്നതും കാലം വൈകുന്തോറും നശിച്ചുപോകുന്നതുമായ നമ്മുടെ ഭാഷയിലുള്ള സ്വത്തിനെ നിലനിൎത്തുവാൻ ശ്രമം ചെയ്യുന്നതാണ് നമ്മുടെ ഇപ്പോഴത്തെ ചുമതല.

ഭാഷാപോഷിണിസഭയുടെ മുഖ്യമായ ഉദ്ദേശം നമ്മുടെ ഭാഷയുടെ യോഗക്ഷേമവിചാരമാണ് എന്നു സിദ്ധമാകുന്നുണ്ട്. യോഗമെന്നത് അപ്രാപ്തമായിരിക്കുന്ന അപേക്ഷിതവസ്തുവിന്റെ പ്രാപണമാകുന്നു; ക്ഷേമമെന്നതു സ്ഥിതമായിരിക്കുന്നതിന്റെ പരിപാലനം. യോഗക്ഷേമമെന്ന സമസ്തപദത്തിൽ യോഗശബ്ദമാണ് മുമ്പിട്ടിരിക്കുന്നതെങ്കിലും സ്ഥിതമായിരിക്കുന്നതിന്റെ പരിപാലനത്തെ ചെയ്തുകൊണ്ടു വേണം അപ്രാപ്തമായിരിക്കുന്ന അപേക്ഷിതവസ്തുവിന്റെ ലാഭത്തെ ഇച്ഛിക്കുവാൻ എന്നുള്ളത് എല്ലാവൎക്കും അനുഭവംകൊണ്ടു സിദ്ധമായിട്ടുള്ള സംഗതിയാകുന്നു. നോട്ടക്കുറവുനിമിത്തം പുല്ലുപിടിച്ചു കാടായിക്കിടക്കുന്ന ഒരു തോട്ടത്തെ വളങ്ങൾ ചേൎത്തു വേണ്ടപോലെ രക്ഷിച്ചുകൊണ്ടുവരുന്നതിനു മുമ്പായി പുതിയതായ മറ്റൊരു തോട്ടത്തെ സമ്പാദിക്കുകയാണ് വേണ്ടത് എന്നു നല്ല കൃഷിക്കാരാരും അ

പ്രായപ്പെട്ടതെന്ന തോന്നുന്നില്ല. ഇതിനെ എല്ലാ കാൎയ്യത്തിലും. സൎവ്വത്ര യോജിക്കുന്നതായ ഈ നിയമത്തെ അനുസരിച്ച നോക്കുമ്പോൾ പെരുമ്പുഴ മുതൽ കന്യാകുമാരി വരെയുള്ള മലയാളരാജ്യത്തിൽ പല പ്രദേശങ്ങളിലായി പലവിധം തൊഴിലുകളെ ചെയ്തുകൊണ്ടും പലവിധം ആചാരങ്ങളെ അനുസരിച്ചും വാസം ചെയ്തുവരുന്ന മലയാളികളായ നാനാജാതിക്കാരും ഇപ്പോൾ ഉപയോഗിച്ചുവരുന്ന സകല ശബ്ദങ്ങളേയും, പിന്നെ പ്രയോഗശൈഥില്യം നിമിത്തം ജീൎണ്ണതയെ പ്രാപിച്ചുവരുന്നതായ ശബ്ദങ്ങളേയും, അവക്കും പുറമെ, ഇപ്പോൾ നഷ്ടപ്രായങ്ങളും എങ്കിലും വിദ്വാന്മാരും അവിദ്വാന്മാരുമായ എല്ലാ മലയാളികളുടേയും ഒത്തൊരുമിച്ചുള്ള പ്രയത്നംകൊണ്ടു ലഭിക്കുന്നതക്കവയുമായ ശബ്ദങ്ങളേയും, ശേഖരിച്ച ക്രമപ്പെടുത്തി റിക്കാൎട്ടാക്കി വെക്കേണ്ട കാൎയ്യത്തിലാണ് നാം ഒന്നാമതായി ശ്രമം ചെയ്യേണ്ടത് എന്ന സ്പഷ്ടമാകുന്നുണ്ട്. ഈ അഭിപ്രായം എത്രത്തോളം ഗൌരവമുള്ളതാണെന്ന ചില ഉദാഹരണങ്ങളെക്കൊണ്ടു വായനക്കാരെ ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിക്കാം.

ദേവാലയം എന്ന ശബ്ദത്തിന്ന പൊതുജനങ്ങൾക്ക് ഈശ്വരഭജനത്തിന്നായി പണിചെയ്യപ്പെട്ടിട്ടുള്ള സ്ഥലം എന്നാണ് സാധാരണയായിട്ടൊരൎത്ഥം. അപ്പോൾ ആ ശബ്ദംകൊണ്ടു ഹിന്തുക്കളുടെ ക്ഷേത്രമെന്നും, ക്രിസ്ത്യാനികളുടെ പള്ളിയെന്നും, മുഹമ്മദുകാരുടെ പള്ളിയെന്നും, ജൂതപ്പള്ളി എന്നും മററും കാലംകൊണ്ട് അൎത്ഥം ഗ്രഹിക്കാവുന്നതാണ്. ഇപ്രകാരം സാമാന്യാൎത്ഥത്തെ സൂചിപ്പിക്കുന്നതായ ദേവാലയശബ്ദത്തെ വിട്ട തദപേക്ഷയാ വിശേഷാൎത്ഥത്തെ സൂചിപ്പിക്കുന്നതായ ക്ഷേത്രം എന്ന ശബ്ദത്തെ മാത്രം എടുത്തുകൊണ്ടു തദൎത്ഥജ്ഞാനത്തോടു കൂടി വേറെ എന്തെല്ലാം പദാൎത്ഥങ്ങളുടെ സംബന്ധജ്ഞാനമാണുണ്ടാകുന്നതെന്നും തത്തദ്രൂപമായിട്ടെന്തെല്ലാം ശബ്ദങ്ങളെയാണ് ഉപയോഗിച്ചുവരുന്നതെന്നും സംക്ഷേപമായിട്ട നിരൂപിക്കുക. കുറച്ച പ്രധാനമായ ഒരു ക്ഷേത്രത്തിന്ന് ഒന്നാമതായി ഒരു മതിൽക്കെട്ടും നാലുഭാഗത്തേക്കും ഓരോ ഗോപുരവും ഉണ്ടായിരിക്കും. മതിൽക്കെട്ടിന്നകത്തു നാലുഭാഗത്തും വിസ്താരം ശരിയായിരിക്കുന്ന വിധത്തിൽ മുററങ്ങളുണ്ടായിരിക്കും. അതിന്റെ മദ്ധ്യത്തിലായി നടയ്ക്കുനേരെ കൊടിമരം, വെലിക്കല്പുര, പിന്നെ നാലമ്പലം, നാലമ്പലത്തിന്റെ ചുററും വിളക്കുമാടം എന്നിവയെല്ലാമുണ്ടായിരിക്കും. നാലമ്പലത്തിന്നകത്തു തിരുമുററം; തന്മദ്ധ്യത്തിൽ നടയ്ക്കുനേരെ മണ്ഡപം; അതിന്റെ പിമ്പിലായി ശ്രീകോവിൽ; അതിന്നകത്തു പ്രധാന ദേവപ്രതിഷ്ഠ. ഇവയ്ക്കു പുറമെ തിരുമുററത്തും പിന്നെ നാലമ്പലത്തിന്നു പുറത്തു മതിൽക്കെട്ടിന്നകത്തുള്ള പ്രദിക്ഷണവഴിക്കു സമീപിച്ചും വേറെ ദേവന്മാൎക്കു പ്രത്യേകം ശ്രീകോവിലുകളുമുണ്ടായിരിക്കും. പിന്നെ മതിൽക്കെട്ടിന്നകത്ത് ഒരു ഭാഗത്തൊ അല്ലെങ്കിൽ നാലമ്പലത്തിന്റെ ഒരററത്തൊ കൂത്തമ്പലമുണ്ടായിരിക്കും.

ഇവയിൽ പ്രധാനമായിട്ടുള്ളവയെ മാത്രം എടുക്കുക. പ്രധാനഗോപുരം, നാലമ്പലം, പ്രധാനശ്രീകോവിൽ എന്നിവയുടെ ഓരോ ഭാഗത്തിന്നും പ്രത്യേകം പേരുണ്ട്. കെട്ടിടങ്ങളെ സാമാന്യേന മൂന്ന ഭാഗമായി വിഭജിക്കാം. അസ്തിവാരം മുതൽ തറവരെ ഒരു ഭാഗം, തറ മുതൽ ഉത്തരം വരെയുള്ള ഭിത്തി വേറൊരു ഭാഗം, ഉത്തരം മുതൽ താഴികക്കുടം വരെ മേല്പുര മൂന്നാമത്തെ ഭാഗം. ഇവയിൽ അസ്തിവാ

രം മുതൽ താഴവരെയുള്ള ഭാഗത്ത് ഓരോ പടവുകൾക്കും പ്രത്യേകം പേരുകളുണ്ട്. ഭിത്തിയിന്മേലുള്ള സകല ദ്വാരങ്ങൾക്കും, അതിന്മേൽ പണി ചെയ്യപ്പെട്ടിട്ടുള്ള വിചിത്രശില്പവേലകൾക്കും പ്രത്യേകം പേരുകളുണ്ട്. അപ്രകാരം തന്നെ മേല്പുരയുടെ പല അംഗങ്ങൾക്കും വെവ്വേറെ പേരുകൾ തച്ചന്മാർ കൊടുത്തിട്ടുണ്ട്. ഇനി ക്ഷേത്രാധികാരികളായിട്ടുള്ളവരെ എടുക്കുക. ക്ഷേത്രത്തിലെ ഉടമസ്ഥന്മാരായിട്ട് ഊരാളന്മാരുണ്ടായിരിക്കും. കാര്യവിചാരത്തിന്നു യോഗിയാതിരി, തല്പടയകയ്യാൾ, കോയ്മ, സമുദായം എന്നിങ്ങനെ ഓരോ പേരുകളോടു കൂടിയ ഉദ്യോഗസ്ഥന്മാരും അവരുടെ കീഴിൽ പാട്ടമാളി, പട്ടോലമേനോൻ എന്നിങ്ങനെയുള്ള സ്ഥാനങ്ങളോടുകൂടിയ ഉദ്യോഗസ്ഥന്മാരുമുണ്ടായിരിക്കും. ഇവർക്കെല്ലാവൎക്കും പ്രത്യേകം ജോലികളും അവയ്ക്കു പ്രത്യേകം പേരുകളുമുണ്ട്. പിന്നെ ക്ഷേത്രസംബന്ധമായ വസ്തുക്കളുള്ള പ്രദേശത്തിന്നു ചേരിക്കലം എന്നൊരു ഭാഷ ചില ദിക്കിൽ പറഞ്ഞു വരുന്നുണ്ട്. ആ വക വസ്തുക്കളെ കൃഷി ചെയ്യുന്ന കുടിയാന്മാൎക്കു ക്ഷേത്രസംബന്ധമായ ചില കൃത്യങ്ങളുണ്ട്. അവയ്ക്കും ഓരോരോ ശബ്ദങ്ങൾ ഉപയോഗിച്ചു വരുന്നു. ഇനി ക്ഷേത്രത്തിന്നകത്തു പ്രവൃത്തിയുള്ള ഉദ്യോഗസ്ഥന്മാരെപ്പറ്റി നിരൂപിക്കുക. അവരെ സാമാന്യേന മൂന്നുതരമായി വിഭജിക്കാം. ഒന്നാമത്തു ദൈവികകാൎയ്യങ്ങളെ ചെയ്യുന്ന ബ്രാഹ്മണർ, രണ്ടാമത ആ വക കാൎയ്യങ്ങളെ നിൎവ്വഹിക്കുന്നതിന്നു വേണ്ട പദാൎത്ഥങ്ങളെ ഒരുക്കിക്കൊടുക്കുകയും മററും ചെയ്യുന്ന അമ്പലവാസികൾ, മൂന്നാമത്തു കലശം മുതലായതിന്നു വേണ്ട പല സാമാനങ്ങളേയും ശേഖരിച്ചു കൊടുക്കുന്നതിന്നു അവകാശികളായ ശൂദ്രർ. ഇവരിൽ ദൈവിക കാൎയ്യത്തിൽ മുഖ്യൻ തന്ത്രിയാകുന്നു. ബിംബപ്രതിഷ്ഠ, കലശം, ശുദ്ധി എന്നീ പ്രധാനകാൎയ്യങ്ങളെ ചെയ്യുന്നതാണ് തന്ത്രിയുടെ ജോലി. ഇവയെല്ലാം അനേകം ചടങ്ങുകളോടും അനേകം ഉപകരണങ്ങളോടും അനേകം പരികൎമ്മികളുടെ സഹായത്തോടുംകൂടി നിൎവ്വഹിക്കപ്പെടേണ്ട കാൎയ്യങ്ങളാകുന്നു. അവയ്ക്കോരോന്നിന്നും പ്രത്യേകം പേർ പറഞ്ഞു വരുന്നുണ്ട്. ദൈവികമായ സകല സംശയങ്ങളേയും തീൎക്കുന്നതിന്നുള്ള അധികാരവും തന്ത്രിയ്ക്കാകുന്നു. ഇവയ്ക്കും പുറമെ കൊല്ലംതോറും ക്ഷേത്രത്തിൽ നടക്കുന്ന ഓരോ അടിയന്തരങ്ങൾക്കും തന്ത്രി ചെയ്യേണ്ട കാൎയ്യങ്ങൾ അനവധിയുണ്ട്. അവയ്ക്കും പേരുകൾ കൂടാതെ കഴിയില്ലല്ലോ. തന്ത്രി കഴിഞ്ഞാൽ പിന്നെ മേല്ശാന്തി. ദിവസം പ്രതി നാലും അഞ്ചും നേരം പൂജകൾ നടത്തുന്നതിന്നുള്ള ഭാരം മേല്ശാന്തിയ്ക്കാകുന്നു. അദ്ദേഹത്തിന്നും സഹായികളായിട്ടു വിളക്കുവെപ്പു, നിവേദ്യംവെപ്പു മുതലായ കാൎയ്യങ്ങൾ ചെയ്യുന്നതിന്നു കീഴ്ശാന്തിക്കാരുണ്ടായിരിക്കും. അവരോരോരുത്തൎക്കും പ്രത്യേകമുള്ള ഓരോ ജോലിക്കും അതാതിനെ സംബന്ധിച്ച് അവരവർ ഉപയോഗിക്കുന്ന ഉപകരണങ്ങൾക്കും വേറെ വേറെ വാക്കുകളുണ്ട്. അമ്പലവാസികളിൽതന്നെ പ്രവൃത്തിഭേദങ്ങളെ അനുസരിച്ചു പല ജാതിക്കാരുണ്ട്. അവാന്തരഭേദങ്ങൾ അവരിൽ അനേകം, അവയെ അനുസരിച്ച് ആചാരം മുതലായതിൽ ഈഷൽഭേദങ്ങൾ ഇവയെല്ലാം തിരിച്ചറിയുന്നതിന്നു പ്രത്യേകം പദങ്ങൾ വേണമല്ലോ. ഇങ്ങിനെ ഓരോ എണ്ണങ്ങളേയുമെടുത്തു നിഷ്കൎഷിച്ചു നോക്കുന്നതായാൽ അതാതിനെ സംബന്ധിച്ച് അനവധി ശബ്ദങ്ങളെ ഇപ്പോഴും ഉപയോഗിച്ചു പോരുന്നതായി കാണാം. ക്ഷേത്രാ

ന്ന ഒരു ശബ്ദത്തിന്റെ അൎത്ഥജ്ഞാനത്തോടു ചേൎന്നുകൊണ്ട എത്ര അനവധി പദാൎത്ഥങ്ങളുടെ ജ്ഞാനമാണ ഉണ്ടാകുന്നതെന്നും, അവ ഓരോന്നിനേയും പ്രകാശിപ്പിക്കുന്നതായിട്ട എത്ര അനവധി ശബ്ദങ്ങളാണുള്ളത എന്നും ഇപ്പോൾ വ്യക്തമാകുന്നുണ്ടല്ലൊ. ആ വക വാക്കുകളെയെല്ലാം ശേഖരിച്ച അവയുടെ അൎത്ഥത്തോടുകൂടി ഒരു പുസ്തകമെഴുതുന്നതായാൽ അതു തന്നെ ഒരു ഗ്രേട്ട്ഡിക്ഷ്ണറിയുടെ പകുതിയോളം വലിപ്പമുള്ളതായി തീരുമെന്നു പറയുന്നതിൽ വളരെ അതിശയോക്തി ഉണ്ടെന്നു തോന്നുന്നില്ല. സാമാന്യമായ അൎത്ഥത്തെ പ്രകാശിപ്പിക്കുന്നതായ ദേവാലയം എന്ന ശബ്ദത്തിന്റെ ഒരു വിശേഷാൎത്ഥത്തെ മാത്രം കാണിക്കുന്ന ക്ഷേത്രപദത്തെ സംബന്ധിച്ചു തന്നെ മേൽ പറഞ്ഞപ്രകാരത്തിൽ അസംഖ്യം വാക്കുകളെ ഹിന്തുക്കളായ മലയാളികൾ ഉപയോഗിച്ചുവരുന്നുണ്ട. അപ്രകാരം തന്നെ പള്ളി എന്ന ശബ്ദത്തോടു സംബന്ധപ്പെട്ടതിനെക്കൊണ്ടു മലയാളികളായ ക്രിസ്ത്യാനികൾ ഉപയോഗിച്ചുവരുന്ന പദങ്ങളും അസംഖ്യങ്ങളാകുന്നു. അതുപോലെ തന്നെ മഹമ്മത പള്ളി, ജൂതപ്പള്ളി എന്നിവയെ സംബന്ധിച്ച മലയാളികളായ തത്തന്മതസ്ഥന്മാരും അനേകം പദങ്ങളെ ഉപയോഗിക്കുന്നുണ്ട. ദൈവിക വിഷയമായി അതാതു മതസ്ഥന്മാർ ഉപയോഗിച്ചുവരുന്ന പദങ്ങൾ അവരവരുടെ ഇടയിൽ മാത്രമെ ഇപ്പോൾ നടപ്പുള്ളു. അതു ഹേതുവായിട്ടു ആവക വിഷയങ്ങളുടെ സ്വരൂപജ്ഞാനം അന്യോന്യം ഉണ്ടാകുന്നതിന്ന സഹായിക്കുവാൻ ഒരു വഴിയുമില്ലാതെയാണിപ്പോൾ ഇരിക്കുന്നത.

ഇനി മലയാളത്തിലുള്ള അസംഖ്യാ ജാതിക്കാരിൽ ബ്രാഹ്മണർ എന്നൊരു ജാതിയെ എടുത്ത തത്സംബന്ധമായി എത്ര അനവധി പദങ്ങളെയാണ ഇപ്പോൾ ഉപയോഗിച്ചുവരുന്നത എന്നു വിചാരിക്കുക. മലയാളത്തിൽ ബ്രാഹ്മണജാതിയെ മലയാളബ്രാഹ്മണർ എന്നും പരദേശബ്രാഹ്മണർ എന്നും രണ്ടുവകയായി തിരിക്കാം. ഈ രണ്ടുവകയിലും പല ഉൾപ്പിരിവുകളുമുണ്ട. എങ്കിലും ഇതരജാതികളിൽ നിന്ന ബ്രാഹ്മണജാതിയെ വിശേഷിപ്പിക്കുന്നതിന്ന എല്ലാ ബ്രാഹ്മണൎക്കും ബാധകമായിട്ടുള്ള അനേകം ജാതിധൎമ്മങ്ങളും ആചാരങ്ങളുമുണ്ടായിരിക്കണമല്ലൊ. ആവക ധൎമ്മങ്ങൾക്കും ആചാരങ്ങൾക്കും പ്രത്യേകം ശബ്ദങ്ങൾ കൂടാതെ കഴികയില്ല. പിന്നെ, പരദേശബ്രാഹ്മണരിൽ നിന്നു മലയാളബ്രാഹ്മണരെ വിശേഷിപ്പിക്കുന്നതായ അസംഖ്യം ധൎമ്മങ്ങളും ആചാരങ്ങളുമുണ്ട. അവയ്ക്കെല്ലാം വെവ്വേറെ പേരുകളുമുണ്ട. മലയാളബ്രാഹ്മണരിൽതന്നെ ഒരുനൂറിൽ ചില്വാനം വകഭേദങ്ങളുണ്ടത്രെ. ആ ഒരുനൂറ്റിചില്വാനം വകഭേദങ്ങളെ വേൎതിരിച്ചറിയുന്നതിന്ന അത്രയും സംജ്ഞകൾ കൂടാതെ നിവൃത്തിയില്ലല്ലൊ. കുലം, ആഭിജാത്യം, വേദഭേദം, വേദപാഠാൎഹത, അനൎഹത, പ്രവൃത്തിഭേദം എന്നിങ്ങിനെയുള്ള കാൎയ്യങ്ങളെക്കൊണ്ടാണ മലയാളബ്രാഹ്മണരിൽതന്നെ മേൽപറഞ്ഞ വകഭേദങ്ങൾ ഉണ്ടാവാനിടയായത. അവയ്ക്കെല്ലാറ്റിന്നും വെവ്വേറെ സംജ്ഞകളുണ്ട. പിന്നെ മേൽപറഞ്ഞ വകഭേദങ്ങളെ അനുസരിച്ച ഓരോ വകക്കാൎക്കും ജീവകാലത്തിൽ അവശ്യം ചെയ്യേണ്ടതായി വിധിക്കപ്പെട്ടിട്ടുള്ള ശ്രൌതമായും സ്മാൎത്തമായുമുള്ള വിവിധനിത്യനൈമിത്തിക കൎമ്മാനുഷ്ഠാനങ്ങളിലും, ഓരോ കൂട്ടരുടെ ആചാരവിശേഷങ്ങളിലും ഈഷൽഭേദങ്ങൾ കാണു

ന്നതാകുന്നു അത്രയും വാക്കുകൾ കൂടാതെ ആ വക ഭേദങ്ങളെ തിരിച്ചറിവാൻ കഴിയുന്നതല്ല.

മലയാളബ്രാഹ്മണൻ എന്ന ഒരു ജാതിയിൽത്തന്നെ നൂററിൽചില്വാനം ഭേദങ്ങളുള്ളതായിരിക്കെ മലയാളത്തിലെ ഹിന്ദുസമുദായത്തിൽ ഇപ്പോൾ കാണപ്പെടുന്ന ബ്രാഹ്മണൻ മുതൽ പറയൻ വരെയുള്ള ജാതിഭേദങ്ങളുടേയും അവയിലോരോന്നിലുമുള്ള അവാന്തര വിഭാഗങ്ങളുടേയും ഓരോ തരക്കാൎക്കു പ്രത്യേകമുള്ള നടവടിഭേദങ്ങളുടേയും മററും സംഖ്യയെപ്പററി ആലോചിച്ചു നോക്കുന്നതായാൽ മലയാളി ഹിന്ദുക്കളുടെ ജാതി എന്ന ഒരൊററ എനത്തിൽത്തന്നെ എത്ര വളരെ പദങ്ങളെയാണ് നമ്മുടെ ഭാഷയിൽ ഇപ്പോൾ ഉപയോഗിച്ചുവരുന്നത് എന്ന സംഗതി വായനക്കാൎക്കു ഒരുവിധം ബോദ്ധ്യമാകാതിരിക്കുകയില്ല. അപ്രകാരംതന്നെ ക്രിസ്ത്യാനി മുതലായ ഇതരജാതിക്കാരുടെ പല പിരിവുകളേയും അവയ്യോരോന്നിന്നുമുള്ള ആചാരവിശേഷങ്ങളേയും മററും വേൎതിരിച്ചറിയുന്നതിന്നുപയോഗപ്പെടുത്തിവരുന്ന ശബ്ദസംജ്ഞകളും അസംഖ്യങ്ങളാകുന്നു.

മലയാളികളുടെ ഇടയിൽ നടപ്പുള്ള പലവിധ തൊഴിലുകളെ സംബന്ധിച്ചു എത്ര അനവധി പദങ്ങളാണുള്ളത് എന്നതിനെപ്പററി ഇനി കുറച്ചൊന്നു നിരൂപിക്കുക. തൊഴില് എന്നതിന്നു സ്ഥിരോത്സാഹത്തോടുകൂടി സ്വാൎത്ഥമായോ പരാൎത്ഥമായോ ചെയ്യുന്ന പ്രവൃത്തിവിശേഷം എന്നൎത്ഥം പറയാവുന്നതാണ്. തൊഴിലുതന്നെ അനേകവിധമായിരിക്കുന്നു. അവയിലോരോന്നിലുമുള്ള ഉൾപിരിവുകൾ വളരെ ഉണ്ട്. അവയെ ചെയ്യുവരുന്ന ഓരോരുത്തരും അവരവരുടെ വേലക്കുപയോഗിച്ചുവരുന്ന കരുക്കൾ പലതരം; ഓരോവകക്കാരുടേയും വേലകളുടെ ഫലമായിട്ടുണ്ടായിത്തീരുന്ന പദാൎത്ഥങ്ങൾ അനേകായിരം തരങ്ങളായിട്ടാണിരിക്കുന്നത്. ഇതു കുറച്ചുകൂടി വ്യക്തമാകുന്നതിന്നു 'മരപ്പണി' എന്ന ഒരു തൊഴിലിനെ മാത്രം ഉദാഹരണമായിട്ടെടുത്തു നോക്കുക. മരപ്പണി എന്നുവെച്ചാൽ മരത്തിന്മേൽ ചെയ്യുന്നവേല എന്നും, ആ വേലയുടെ ഫലമായിട്ടുള്ള പണിത്തരങ്ങൾ എന്നും അൎത്ഥമുണ്ട്. ആ വേല ചെയ്യുന്നവൻ മരാശാരി. അവൻ പണിക്കു ഉപയോഗിക്കുന്ന കരുക്കൾ വീതിയുളി, ചെറുളി, നെല്ലുളി, ചിന്തുളി, കൊട്ടുവടി, മട്ടം, മുഴക്കോൽ എന്നിങ്ങിനെ പല പേരുകളോടുകൂടി പലതരമായിരിക്കുന്നു. ചൊവ്വാചെത്തുക, ചതുരംചെത്തുക, പട്ടംചെത്തുക, കോരംകുത്തുക, പൊഴിയ്ക്കുക, ചാത്തുക, ചിന്തുരുതള്ളുക എന്ന ശബ്ദങ്ങൾ അവന്റെ പ്രവൃത്തിവിശേഷങ്ങളെ കാണിക്കുന്നു. കട്ട്ള, ജനല്, തൂണ്, ഉത്തരം, കഴുക്കോൽ, മേശ, കസാറി, മരിക, മുതലായ പദങ്ങൾ അവന്റെ പ്രവൃത്തിയുടെ ഫലമായ വിവിധപദാൎത്ഥങ്ങളുടെ സംജ്ഞകളാകുന്നു. ഈ പറഞ്ഞതെല്ലാം മരപ്പണിയുടെ സാമാന്യമായ ചില ഭേദങ്ങൾ മാത്രമായുള്ളൂ. മരപ്പണിപലതരമാകുന്നു. ഭവനപണി, ഭവനത്തിന്നകത്തുപയോഗപ്പെടുത്തുന്ന പണിത്തരങ്ങൾ, വണ്ടി മുതലായ കരക്കുള്ള വാഹനങ്ങളുടെ പണി, തോണി മുതലായ വെള്ളത്തിലുള്ള വാഹനങ്ങളുടെ പണി, കൃഷിക്കുപയോഗപ്പെടുത്തുന്ന പദാൎത്ഥങ്ങളുടെ പണി, സംഗീതത്തിന്നുപയോഗിച്ചുവരുന്ന യന്ത്രവിശേഷങ്ങളുടെ പണി എന്നിങ്ങിനെ മരപ്പണിയിൽ അവാന്തരഭാഗങ്ങൾ വളരെ ഉണ്ട്. അവ ഓരോന്നിലുമുള്ള ഉൾപ്പിരിവുകളുടെ കണക്കാക്കുവാൻതന്നെ വളരെ പ്രയാസമാകു

ഒരു കെട്ടിടത്തിൽ ചെയ്തിട്ടുള്ള മരപ്പണി എന്നു പറയുമ്പോൾ അതിൽ തൂണ്, കട്ട്ളു; ജനല്, കതവ്, സാക്ഷ, തുലാം, എടയിടുക്ക്, കഴി, തട്ടുപലക, ഉത്തരം, കഴക്കോൽ, പട്ടിക, വാമട, തുവാൽപലക, മോന്തായം എന്നിങ്ങിനെ പല പണിത്തരങ്ങളും ഉൾപ്പെടുന്നതായിട്ടറിയുന്നുണ്ട്. അവയിൽ ഓരൊ എനത്തിൽ തന്നെ പലതരമുണ്ട്. ഉരുണ്ട തൂണ്, ചതുരത്തൂണ്, പട്ടത്തൂണ് എന്നിങ്ങിനെ തൂണു തന്നെ പലതരം; ജനല് എന്ന എനത്തിൽ ഒററ കതവായിട്ടുള്ളത്, നടുത്തണ്ടുള്ളത്, നടുത്തണ്ടില്ലാത്തത് എന്ന വകഭേദങ്ങൾ; കതവ് ചട്ടക്കൂട്ടിയത് ഒരു വക; ചട്ടക്കൂട്ടാത്തതൊരുവക. ഉത്തരം എന്ന എനത്തിൽ മണ്ണുത്തരം, ചിററുത്തരം, വാരുത്തരം എന്നഭേദങ്ങൾ- കഴക്കോൽ എന്ന പണിത്തരത്തിൽ നെടിയത്, കോടി, ചേതിര തുടങ്ങിയ ഭേദങ്ങൾ; ഇപ്രകാരം അനേകം ഉൾപ്പിരിവോടുകൂടിയ ഓരൊ പണിത്തരത്തിന്റെ ഓരൊ ഭാഗങ്ങൾക്കും പ്രത്യേകം പേരുകളുണ്ട്. തൂണിന്റെ അടിക്ക് ഓമ എന്നും മേൽഭാഗത്തിന്നു പോതിര എന്നും പറയുന്നു. കട്ട്ളയുടേതിന്നാകട്ടെ ചേററുപടി കുറുമ്പടി കട്ടിലക്കാലുകൾ. ഇങ്ങിനെ സകല എനങ്ങളുടേയും അംശങ്ങൾക്കും പ്രത്യേകം പേരുകൾ കാണുന്നതാണ്. അതുപോലെ തന്നെ ഒരു കെട്ടിടത്തിന്നകത്തുപയോഗപ്പെടുത്തുന്ന പദാൎത്ഥങ്ങളും പലമാതിരിയായിരിക്കുന്നു എന്നു കാണാം. കസേരി തന്നെ ചാരുകസേരി കയ്യില്ലാത്ത കസേരി കയ്യുള്ള കസേരി എന്നു പലവിധമായിരിക്കുന്നു. മേശത്തരത്തിൽ ചതുരമേശ, വട്ടമേശ, ചാഞ്ഞമേശ എന്ന് വകഭേദങ്ങൾ. പെട്ടിത്തരത്തിൽ എഴുത്തുപെട്ടി, ഉടുപ്പുപെട്ടി, അരിപ്പെട്ടി എന്നുള്ള തരഭേദങ്ങൾ. പിന്നെ മരിക എന്ന എനത്തിൽ പാത്തിമരിക, വട്ടമരിക, വാലുമരിക എന്ന വകഭേദങ്ങൾ. അധികം വിസ്തരിച്ചിട്ടു കാൎയ്യമില്ലല്ലൊ. മരംകൊണ്ടുള്ള പണിത്തരങ്ങളുടെ മുൻ ചെയ്ത പ്രകാരമുള്ള സാമാന്യവിഭാഗങ്ങളിൽ തന്നെ അനേകം അവാന്തരവിഭാഗങ്ങളും അവയിൽ ഓരോന്നിലും അസംഖ്യം തരഭേദങ്ങളും അവയെല്ലാററിന്നും പ്രത്യേകം പേരുകളും ഉണ്ട് എന്നുള്ളത് മേൽകാണിച്ച ഉദാഹരണങ്ങൾകൊണ്ടു തന്നെ വ്യക്തമായിരിക്കുന്നു. ആ വക ശബ്ദങ്ങളിൽ അധികഭാഗവും ആശാരിമാരുടെ ഇടയിൽ മാത്രമേ നടപ്പുള്ളതായികാണുന്നുള്ളു.

ഇങ്ങിനെ മലയാളികളുടെ ഇടയിൽ ഇപ്പോൾ ചെയ്തുവരുന്ന പലപ്രകാരത്തിലുമുള്ള തൊഴിലുകളിൽ ഓരോന്നിനേയും സംബന്ധിച്ച അതാതു തൊഴിലുകാർ ഉപയോഗിച്ചുവരുന്ന ശബ്ദസമൂഹങ്ങളെപ്പററി വിചാരിച്ചുനോക്കുന്നതായാൽ അവയുടെ ആസകലമുള്ള ഒരു കണക്കെടുക്കുവാൻ തീരെ അസാദ്ധ്യമെന്ന നിലയിൽ അപാരമായിട്ടാണ് അവയുടെ കിടപ്പ് എന്നു നമുക്കനുഭവപ്പെടുന്നതാണ്.

കെ. എം.

(തുടരും)

# ശകാരം

മനുഷ്യന്റെ വിശേഷബുദ്ധികൊണ്ടുള്ള പ്രയോജനം ലോകത്തിലുള്ള ഗുണദോഷങ്ങളെ തിരിച്ചറിഞ്ഞു ദോഷം പരിത്യജിച്ചു ഗുണം ഗ്രഹിക്കുകയാണല്ലൊ. ഈ തത്വം മിക്കജനങ്ങളും ധരിച്ചിട്ടുണ്ടായിരിക്കാമെങ്കിലും അതനുസരിച്ചു പ്രവൃത്തിക്കുന്നവർ വളരെ ദുർല്ലഭമെ ഉള്ളു. മറിച്ചു വിപരീതവഴിക്കു തിരിയുന്നതു ജനപ്രവാഹത്തിന്റെ സ്വഭാവംപോലെ കണ്ടും വരുന്നു. ഗുണദോഷങ്ങളുടെ ഗൌരവലാഘവങ്ങളെ അടിസ്ഥാനപ്പെടുത്തീട്ടാണല്ലൊ. ഓരോ വസ്തുക്കളെപ്പറ്റി ഗുണമുള്ളതെന്നും ദോഷമുള്ളതെന്നും നാം സാധാരണയായി പറഞ്ഞുവരാറുള്ളത്. എന്നാൽ ഒരുവൻ വളരെ ഗുണവാനായിരുന്നാലും വല്ല ദോഷലേശമെങ്കിലും അവനുണ്ടെങ്കിൽ അതു കണ്ടുപിടിച്ചൊ ഇല്ലെങ്കിൽ വല്ലതും കെട്ടിച്ചമച്ചൊ കേമമായികൊട്ടിഘോഷിപ്പാനാണ് ജനങ്ങൾക്കൊരു വാസന. ഈ ദോഷഘോഷണത്തെയാണ് നാം ശകാരം എന്നു പറയുന്നത്. ഇതൊരു സാധാരണപ്പേരു മാത്രമാണ്. ഇതിനെത്തന്നെ ഈഷൽഭേദം അനുസരിച്ച് ആക്ഷേപം, പരിഹാസം, നിന്ദ, പുഛം, മുള്ള്, നസ്യം, ഏഷണി എന്നൊക്കെ പല പേരുകളെക്കൊണ്ടും വ്യവഹരിച്ചു വരാറുണ്ട്. അവ ഓരോന്നുതന്നെ പ്രത്യേകം ഓരോ ഉപന്യാസങ്ങളായിട്ടു എഴുതാൻ വകയുള്ളതാണെങ്കിലും ഇവിടെ അവയെയെല്ലാം കൂട്ടി ചുരുക്കത്തിൽ മാത്രം പ്രസ്താവിക്കാം.

നേരിട്ടും മറഞ്ഞുനിന്നിട്ടും ഇതു രണ്ടും കൂടീട്ടും എന്നീ സ്ഥാനഭേദംകൊണ്ട് ഇവയെ മൂന്നാക്കാതിരിക്കാം. മറഞ്ഞു നിന്നിട്ടു അന്യനെപറ്റി മറൊരുവനു ദുർബ്ബോധനം ചെയ്യുന്നതാണ് ഏഷണി. ഇത് അതിഭയങ്കരമായ ഒന്നാണ്. 'അന്യസ്യ ശ്രോത്രമന്യഃ പ്രാണൈർവ്വിയുജ്യതേ' എന്നും മറ്റും ഈ ഏഷണിയുടെ മാഹാത്മ്യത്തെപ്പറ്റിയാണ് ഒരു മഹാകവി വർണ്ണിച്ചിട്ടുള്ളത്. അതിസ്നേഹമുള്ള ഭാര്യാഭർത്താക്കന്മാരുടെ പ്രണയകലഹം മുതൽ അതിഭയങ്കരങ്ങളായ രാജ്യകലഹങ്ങൾ വരെയുള്ള അസ്വാസ്ഥ്യകരങ്ങളായ എല്ലാ അന്തച്ഛിദ്രങ്ങളുടെ ഇടയിലും ഈ ഏഷണി എന്ന വിഷക്കാറ്റ് വീശുന്നുണ്ടായിരിക്കും.

നസ്യവും മുള്ളും എതിരാളിയുടെ നേരിട്ടു പ്രയോഗിക്കുന്ന രണ്ടു ശല്യങ്ങളാണ്. 'പരസ്യനാവമ്മസൃയെപതനതി' എന്നും മറ്റും പറഞ്ഞിട്ടുള്ളത് ഇതിനു രണ്ടിനും ചേരുന്ന ലക്ഷണമാണ്. മുള്ള മർമ്മത്തിൽ കൊള്ളുന്നതാണെങ്കിലും പുറമെ കുറച്ചൊരു സ്നേഹഭാവത്തോടു കൂടീട്ടായിരിക്കും. നസ്യത്തിനു ആ വക ലൌകികമൊന്നുമില്ല. അപരിചിതന്റെ തലയ്ക്കും ചെന്നു കേറും. എന്നു മാത്രമെ ഇവ തമ്മിൽ വ്യത്യാസമുള്ളു. ഇതു രണ്ടും ശീലിക്കുന്നവർക്ക് തരംകിട്ടുമ്പോഴൊക്കെ പ്രയോഗിക്കാതെ വയ്യ. അങ്ങിനെ ഒരു അഭ്യാസസാമർത്ഥ്യം ഉണ്ടായി കാണുന്നുണ്ട്. ജനരഞ്ജനയുടെ പ്രത്യൂഹങ്ങളാണ് ഇതു രണ്ടും എന്നുതന്നെ പറയാം.

ആക്ഷേപം, പരിഹാസം, നിന്ദ, പുഛം ഇവ നാലും നേരിട്ടും മറഞ്ഞുനിന്നിട്ടും ഒരുപോലെ പെരുമാറിക്കാണുന്നവയാണ്. ഇവയിൽ പുഛവും പരിഹാസവും ഹാസ്യ

രസത്തോടു കലൎന്നവയായിരിക്കും. വെറും നേരംപോക്കിനുവേണ്ടി കരുതൽ കൂടാതെ കളിയാക്കുന്നതാണ് പരിഹാസം. കല്പിച്ചുകൂട്ടി ഒരുവനെ ഇടിച്ചു പറയുന്നതാണു പുച്ഛം. ഇതു കളിയാക്കുന്നതിൽനിന്നു കുറെ കവിഞ്ഞിരിക്കും. ഒരു വിഷയത്തിൽ ഇരുവരെ താരതമ്യപ്പെടുത്തുമ്പോൾ ഒരുവനെ ഇടിച്ചു പറയുന്നതിൽ സാധാരണയായി പുച്ഛം സ്ഫുരിച്ചു കാണാം. മനുഷ്യരെ എന്നപോലെ അവരുപയുക്തങ്ങളായ വേഷഭാഷാലങ്കാരാദികളേയും ജനങ്ങൾ പുച്ഛിക്കാറുണ്ട്. പഴമക്കാൎക്കു പുതിയ ഉടുപ്പും നടപ്പും പുച്ഛമാണ്. സംസ്കൃതം, ഇംഗ്ലീഷ് മുതലായ ഉൽകൃഷ്ടഭാഷകളിൽ പാണ്ഡിത്യമുള്ളവർ നികൃഷ്ടനിലയിലെന്നു കരുതി സ്വഭാഷയെ പോലും പുച്ഛിക്കുന്നതു അത്ര ദുൎല്ലഭമല്ല. നാഗരികസമ്പ്രദായത്തിലുള്ള ആഭരണം ധരിക്കുന്ന സ്ത്രീകൾക്കു നാടൻമോടി പുച്ഛമായിരിക്കും. ചിലപ്പോൾ ഈ മാതിരി പുച്ഛത്തിൽനിന്നു പരിഹാസം ശേഷിക്കാറുണ്ട്. അങ്ങിനെയുള്ള ഘട്ടങ്ങളിൽ പുച്ഛവും പരിഹാസവും തിരിച്ചറിവാൻ പ്രയാസമായിരിക്കും. നിന്ദയും ആക്ഷേപവും തമ്മിൽ കുറച്ചു വ്യത്യാസമുള്ളു. ഇതു രണ്ടും ഹാസ്യരസത്തിൽ മാത്രമല്ല മറ്റുള്ള രസങ്ങളിലും ഉപയോഗിക്കുന്ന അധിക്ഷേപങ്ങളാണ്, എന്നാൽ വാക്കുകളെക്കൊണ്ടെന്നപോലെ മറ്റുള്ള ചേഷ്ടകളെക്കൊണ്ടും നിന്ദ ചെയ്തു കാണാറുണ്ട്. പൂജ്യരെ പൂജിക്കായ്ക എന്നുള്ളതിൽ ഉള്ള നിശ്ചേഷ്ടതയും കൂടി നിന്ദയായി പരിണമിക്കുന്നു. ഇവിടെയാണ് ആക്ഷേപവും നിന്ദയും തമ്മിൽ ഭേദം. ആക്ഷേപം കേവലം വാക്കിലെ ഉള്ളൂ. ശാസ്ത്രകാരന്മാരുടെ ഗ്രന്ഥങ്ങളിലും വാഗ്വാദങ്ങളിലും മറ്റും ചെയ്യുന്ന പൂൎവ്വപക്ഷവും ആക്ഷേപത്തിന്റെ കൂട്ടത്തിലാണ് ഗണിച്ചു വരാറുള്ളത്. എങ്കിലും അതു ശാസ്ത്രാൎത്ഥതത്വത്തിന്റെ വിശദീകരണത്തിന്നു മാത്രം വേണ്ടി ചെയ്യുന്നതാണെങ്കിൽ കേവലം ദോഷകരമായ ശകാരത്തിന്റെ കൂട്ടത്തിൽ ഉൾപ്പെടുന്നതല്ല. ഈ പറഞ്ഞ വകഭേദങ്ങളെല്ലാം പരപീഡനം എന്ന സാമാന്യധൎമ്മംകൊണ്ടു നോക്കുമ്പോൾ ഒരുപോലെ ശകാരംതന്നെയാണ്.

രാഗം, ദ്വേഷം, അല്ലെങ്കിൽ സ്വാൎത്ഥം, അസൂയ മുതലായ മലിനമനോവൃത്തികളിൽ നിന്നാണ് ഈ വിധമുള്ള ശകാരത്തിന്റെ ഉത്ഭവം. സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ഇതിൽ ആത്മപ്രശംസയുടെ അംശവും കൂടി അന്തൎഭവിച്ചു കാണാം. ലോകത്തിലുള്ള സകല അനൎത്ഥങ്ങളുടേയും ബീജം ഈ 'ശകാരം' എന്ന മൂന്നക്ഷരത്തിൽ അടങ്ങീട്ടുണ്ടെന്നുതന്നെ പറയാം. അതിനാലാണ് ഇതിനെ നിന്ദ്യമെന്നു കരുതി ത്യാജ്യകോടിയിൽ പ്രവേശിപ്പിച്ചിട്ടുള്ളത്.

എന്നാൽ പലേ അഭിപ്രായക്കാരായ ജനങ്ങളും അനേകം ആവശ്യങ്ങളും വൎദ്ധിച്ചുകൊണ്ടുവരുന്ന ഇക്കാലത്തു ശകാരം തീരെ വൎജ്ജിക്കുക എന്നതു അസാദ്ധ്യം എന്നു തന്നെയല്ല അസംഭാവ്യവും കൂടിയാണ്. പക്ഷെ അതിൽ ഏറക്കുറെ വ്യത്യാസങ്ങളുണ്ട്. ചിലർ വല്ല ആവശ്യവുമുണ്ടെങ്കിൽ ന്യായമായി തന്റെ കാൎയ്യം പറയും. അപ്പോൾ മറെറാരുത്തൻ അതിൽ കുററപ്പെട്ടു എന്നു വന്നേക്കാം. മററു ചിലർ സ്വാൎത്ഥത്തിന്നു വേണ്ടി കുററമൊന്നുമില്ലെങ്കിലും അക്രമമായി അന്യനെ കുററപ്പെടുത്തുന്നു. വേറെ ചിലർ യാതൊരു കാരണമൊ കാൎയ്യലാഭമൊ ഒന്നുമില്ലാതെയും കേവലം ദുഷ്ടവിചാരത്തിന്മേൽ തന്നെ മററുള്ളവരെ കഠിനമായി ശകാരിച്ചുപദ്രവിക്കുന്നു. ചിലര

സികന്മാൎക്ക വിശേഷിച്ചുദ്ദേശമൊന്നുമില്ലെങ്കിലും നേരംപോക്കെല്ലാം പരിഹാസമായിട്ടാണ് കലാശിയ്ക്കുക. ഇങ്ങിനെ പലതരത്തിൽ ജനങ്ങൾ തമ്മിൽ കണ്ടിട്ടും കാണാതെയും കേട്ടിട്ടും കേൾക്കാതെയും അന്യോന്യം ശകാരിച്ചുകൊണ്ടിരിക്കുന്നതു സാധാരണയാണ്.

ഇവരിൽ ആദ്യത്തെ തരക്കാരെ അത്ര ഭയപ്പെടാനില്ല. അവർ ആളും അവസരവും നോക്കി തങ്ങളുടെ കാൎയ്യം തികച്ചും പറയുമ്പോൾ അന്യന്ന വല്ല കുറവും പററുന്നുണ്ടെങ്കിൽതന്നെ അത് ഒരു ന്യായത്തെ ആശ്രയിച്ചായിരിയ്ക്കും. അതുകൊണ്ട് അതിൽനിന്നുണ്ടാവുന്ന അനൎത്ഥത്തിന്ന ഒരതിരുണ്ട്. അകാരണമായി യുദ്ധത്തിന്ന പുറപ്പെടുന്ന മറുകക്ഷിയുടെ മല്ലുസഹിക്കാൻ വയ്യാതാകുമ്പോൾ എത്ര നല്ല സുശീലനും ഒന്ന തിരിഞ്ഞടിക്കാതിരിക്കയില്ല. അതു ലോകസ്വഭാവത്തിൽ ഒരു മൎയ്യാദയാണ്.

രണ്ടാമതു പറഞ്ഞ വകക്കാർ സാമാന്യം ഭയങ്കരന്മാരാണ്. ആകൃതികൊണ്ടു മനുഷ്യരാണെങ്കിലും രാക്ഷസപ്രകൃതികളാണ് ഇവർ എന്നുതന്നെ വേണം പറയാൻ. ഇവൎക്ക ആൾഭേദമൊന്നുമില്ല. സ്വാൎത്ഥം മുഴുത്താൽ പിന്നെയുണ്ടൊ ഈ വക വിവേകം. കേവലം നിൎദ്ദോഷികളായ ആളുകളെക്കുറിച്ചും കളവു, വ്യഭിചാരം മുതലായ അപവാദങ്ങൾ നിൎമ്മിച്ചുണ്ടാക്കി വിളിച്ചുപറവാൻ ഇവൎക്ക യാതൊരു വൈമുഖ്യവുമില്ല. ഈ രാക്ഷസന്മാരുടെ അലച്ചു കേട്ടാൽ നടുങ്ങാത്ത മനുഷ്യരുണ്ടോ. 'വിഷമഹാഹേരിവയസ്യദുൎവ്വചസ്സദുസ്സഹം സന്നിഹിതം സദാമുഖേ' എന്നൊരു മഹാകവി പറഞ്ഞിട്ടുള്ളത് ഈ കൂട്ടരെ ഉദ്ദേശിച്ചാണ. സ്വാൎത്ഥം മനുഷ്യസ്വഭാവമാണെങ്കിലും അതിന്ന പരപീഡനം മനുഷ്യപ്രകൃതിയ്ക്കു പററുന്നതല്ല. അതാണ് ഇവരെ രാക്ഷസപ്രകൃതികളാണെന്നു പറഞ്ഞത്. ഈ വകക്കാൎക്ക മൂന്നാമത്തെ തരക്കാരുടെ അടുക്കൽ മാത്രമെ മടക്കമുള്ളു.

ഫലേഛകൂടാതെ പരോപദ്രവം ചെയ്യുന്ന കൂട്ടരാണല്ലൊ മൂന്നാംതരക്കാർ. 'തന്റെ കണ്ണൊന്നു പൊട്ടിയാലും മറെറവന്റെ ശകുനം പിഴക്കട്ടെ' എന്നു വിചാരിക്കുന്ന കെങ്കേമന്മാരും ഈകൂട്ടത്തിൽ ചേരും. ഇവരുടെ ശകാരത്തിനാണ് എല്ലാററിലും വെച്ചു ഭയങ്കരത്വം. ശത്രുമിത്രാദാസീനാദിഭേദം നോക്കാതെയും ഫലേച്ഛകൂടാതെയും എല്ലാം സമഭാവനയിൽ ഇതിലേക്കു നിവൃത്തിമാൎഗ്ഗം നോക്കുന്ന ഈ കൂട്ടർ നിഷ്കാമകൎമ്മക്കാരായ മഹാത്മാക്കളെപ്പോലെയാണ്, പക്ഷെ അവൎക്ക അഹിംസയാണ്, ഇവൎക്ക ഹിംസയാണ ധൎമ്മം എന്നു മാത്രമെ ഭേദമുള്ളു.

നാലാമതു പറഞ്ഞ പരിഹാസക്കാൎക്ക അന്യനെ ഉപദ്രവിക്കേണമെന്ന ദുൎവ്വിചാരമില്ലാത്തതുകൊണ്ട് അവരിൽനിന്ന തട്ടുന്ന ദോഷം ഒരുവിധം ക്ഷന്തവ്യമാണ്. എങ്കിലും അതു പലപ്പോഴും വിചാരിയാതെ അന്യന്റെ മൎമ്മത്തിൽ തട്ടി പരോപദ്രവമായി കലാശിക്കുക നിമിത്തം അവരവൎക്ക തന്നെ പശ്ചാത്താപത്തിന്ന കാരണമായിതീരാറുള്ളതു പലൎക്കും അനുഭവസിദ്ധമാണ്. ഈ സ്വഭാവം മുളയിൽതന്നെ നുള്ളിക്കളഞ്ഞാൽ മഴു എടുത്തു വെട്ടിയാലും മുറിയാത്ത വിധം വേരുറച്ചു ദുശ്ശീലമായിത്തീരുന്നതാണ്.

ഇത്രയും പറഞ്ഞതുകൊണ്ട് ഏതുവിധത്തിലുള്ള ശകാരവും നാം പരിഹരിക്കേണ്ടതാണെന്നു വന്നുവല്ലൊ. എന്നാൽ ചില ശകാരങ്ങൾ വളരെ ഗുണകരങ്ങളാ

യിട്ട പരിണമിക്കാറുണ്ടെന്നുള്ളതും ഇവിടെ പ്രത്യേകം എടുത്തുപറയാതിരിപ്പാൻ നിവൃത്തിയില്ല. അത്ര വാത്സല്യമുള്ള അച്ഛനമ്മമാരുടെയും ഗുരുക്കന്മാരുടെയും മററും ഹിതോപദേശങ്ങൾ ചിലപ്പോൾ ശകാരരൂപത്തിലായി എന്നും വന്നേക്കാം. അവസ്ഥ വേദത്തെക്കാളധികം പ്രാമാണ്യമുണ്ടെന്നു വിചാരിക്കണം. നിർമ്മത്സരബുദ്ധികളും ഗുണകാംക്ഷികളുമായ സജ്ജനങ്ങൾ ഗുണദോഷം പറഞ്ഞുതരുന്നതിൽ പ്രതിബിംബിക്കുന്ന ശകാരങ്ങൾ ഈശ്വരപ്രതിമകളെപ്പോലെ വന്ദിക്കേണ്ടവയാണ്. വല്ല ഗുണവുമുണ്ടെങ്കിൽ അതു വെളിപ്പെടുത്തി പ്രോത്സാഹിപ്പിച്ചുകൊണ്ടു മെല്ലെ മെല്ലെ ദോഷം പരിഹരിക്കത്തക്കവിധത്തിൽ മൃദുവാക്കി കാണിച്ചുകൊടുക്കുന്നതായാൽ ആ ഉപദേശം, കണ്ട ദോഷം പെട്ടെന്നു തുറന്നു പറയുന്നതിനെക്കാളധികം, മിക്കവാറും എവിടെയും ഫലിക്കാതിരിക്കയില്ലല്ലോ. ഇതാണ് സജ്ജനങ്ങളുടെ ഗുണദോഷവിവേചനത്തിന്റെ സ്വരൂപം.

തന്റെ ദോഷങ്ങളെ അറിഞ്ഞു പശ്ചാത്താപത്തോടുകൂടി താൻതന്നെ സജ്ജനസമക്ഷത്തിൽ വിളിച്ചുപറയുക എന്നതു സകല പാപത്തിന്നും ഒരു പ്രായശ്ചിത്തമായിട്ടാണ് ഗണിച്ചുവരുന്നത്. ഇതിന്നു 'വിളിച്ചുചൊല്ലി പ്രായശ്ചിത്തം' എന്നാണ് പേര്. ഇതു ഹിന്തുക്കളായ നമ്മെപ്പോലെതന്നെ ക്രിസ്തുമതക്കാരും ആദരിച്ചുവരുന്ന ഒന്നാണ്. അവൎക്ക് ഇത് അന്ത്യകാലത്തിൽ അവശ്യകൎത്തവ്യമായിട്ടുള്ള ഒരു കൎമ്മമാണെന്നും കേട്ടിട്ടുണ്ട്. പരദോഷത്തിൽ കണ്ണു പതിക്കുന്നവർ ആത്മദോഷത്തിൽ ദൃഷ്ടിവെക്കുകയും പരിഹാസത്തോടുകൂടി പരദോഷോൽഘോഷണം ചെയ്യുന്നവർ പശ്ചാത്താപത്തോടുകൂടി സ്വാത്മദോഷപ്രഖ്യാപനം ചെയ്യുകയും ആയിരുന്നു ശീലിച്ചിരുന്നതെങ്കിൽ ഈ ലോകം എത്ര നന്നാകുമായിരുന്നു.

ജ്ഞാനേഷ്വാത്മീയദോഷപ്രമിതിരമിതധീ-
ലാളിതായാ കദധ്വ-
വ്യാവൃത്തിം കൎത്തുമീഷ്ടേ മുഹുരപി കലിതാ
ചിത്തശുദ്ധിം പ്രസൂതേ
ത്യക്ത്വൈക്യജ്ഞാസിതേനാപ്യനിശമവിദിതേ
നാത്മദോഷേണ തേനേ-
ത്യാക്ഷേപേ വ്യാദധാതി പ്രമദമിതിയത-
സ്സാ സതാം കാമധേനുഃ.

കാവിൽ അവിഞ്ഞിക്കാട്ട ഭവദാസൻ
ഭട്ടതിരിപ്പാട്.

# സസ്യവൎഗ്ഗങ്ങളുടെ ബുദ്ധിശക്തി



സസ്യവൎഗ്ഗങ്ങൾക്കു ബുദ്ധിയുണ്ടെന്നു പറഞ്ഞാൽ നമ്മുടെ ഇടയിൽ പലക്കും അതിശയം തോന്നുമായിരിക്കാം. ചാറൾസ് ഡാർവിൻ എന്ന മഹാശാസ്ത്രജ്ഞൻ സസ്യവൎഗ്ഗങ്ങൾക്കു ബുദ്ധിയുണ്ടെന്നാണ് സ്ഥാപിച്ചിട്ടുള്ളത്. ഈ സംഗതിയുടെ പരമാൎത്ഥം അറിയേണ്ടതിന്നു നവീനശാസ്ത്രജ്ഞന്മാരും യത്നിക്കയും ഡാർവിന്റെ അഭിപ്രായം ശരിയാണെന്നു കാണുകയും ചെയ്തിട്ടുണ്ട്. ചില സസ്യങ്ങൾക്കു താണ തരം ചില ജീവികളുമായി വളരെ സാമ്യമുണ്ട്. തേരട്ട മുതലായ ജന്തു

കൾ മനുഷ്യരുടെ സ്പൎശംകൊണ്ടും മററും പെട്ടെന്നു ചുരുളുന്നതും തൊട്ടാവാടി മുതലായ പലതരം ചെടികൾ അതേപ്രകാരം തന്നെ സ്പൎശമാത്രത്താൽ തളൎന്നു് ഇലകൾ കൂട്ടുന്നതും നമുക്കു നിത്യപരിചയമല്ലേ.

ഓൎമ്മശക്തി

സസ്യങ്ങൾക്കും മററു ജീവികൾക്കും തമ്മിൽ വളരെ സാമ്യമുണ്ടെന്നു കാണിക്കാവുന്ന പല സംഗതികളുമുണ്ടു്. ഉദാഹരണത്തിന്നായി നമ്മുടെ ദിക്കിൽ സാധാരണ കണ്ടുവരുന്ന 'വട്ടത്തകര' എന്ന ചെടിയുടെ സമ്പ്രദായങ്ങളെ ഒന്നു പരീക്ഷിച്ചു നോക്കുക. ഈ ചെടിയുടെ ഇലകൾ സൂൎയ്യാസ്തമനത്തോടുകൂടി താപ്പു കൂട്ടുന്നതും ഉദയത്തോടു കൂടി മുൻസ്ഥിതിയെ പ്രാപിക്കുന്നതും കാണുന്നില്ലേ. ഈ സ്വഭാവം ഇതര ജീവികളുടെ ഉറക്കത്തോടു ശരിയായുപമിക്കാൻ പാടില്ലെന്നു വരികിലും, ഇതു മററു പല ചെടികളിലും കണ്ടുവരുന്നുണ്ടു്. ഈ ചെടികളുടെ ഇലകളിലുള്ള ഞരമ്പുകളിൽ വെളിച്ചം (സൂൎയ്യന്റെ) തട്ടാതിരിക്കുമ്പോൾ ഇലകൾ ക്ഷീണിക്കുന്നതുകൊണ്ടാണു് താപ്പു കൂട്ടുവാൻ കാരണം. ചട്ടിയിൽ പാകി മുളപ്പിച്ചു വളൎന്ന ഒരു തകരച്ചെടിയെ വെളിച്ചം ലേശം തട്ടാത്തതായ ഒരു ഇരുട്ടറയിൽ കൊണ്ടുപോയി വെക്കുന്നതായാൽ പോലും ആ ചെടിയുടെ ദിനചൎയ്യ, അതായതു താപ്പുകൂട്ടുക, വീണ്ടും യഥാസ്ഥിതി ഇലകൾ വിടൎത്തുക, ഇതുകൾക്കു കുറെ കാലത്തോളം യാതൊരു വ്യത്യാസവും കാണുകയില്ല. സൂൎയ്യരശ്മി ഇലകളിൽ സ്പൎശിപ്പാൻ നിവൃത്തിയില്ലെങ്കിലും ദിനസരി ചെയ്തുവരാറുള്ള പ്രവൃത്തികൾ ഓൎമ്മശക്തികൊണ്ടു ആ ചെടി ചെയ്യുന്നു എന്നു തന്നെയല്ലേ ഈ കാൎയ്യത്തിൽ പറവാൻ നിവൃത്തിയുള്ളു. ഈ പരീക്ഷ കുറച്ചധികം കാലം നിലനിന്നു എങ്കിൽ ചെടിക്കു സാവധാനത്തിൽ അതിന്റെ മല്ലാലാവസ്ഥയെപ്പററി ബോധമുണ്ടാകുന്നതുകൊണ്ടു് ഈ വക ചെടികൾക്കു ഓൎമ്മശക്തിയുണ്ടെന്നുതന്നെ തീൎച്ചയാക്കാം. നാം വളരെനേരം ബോധമില്ലാതെ ഉറങ്ങി പിറേറ ദിവസം കാലത്തു ഉണരുമ്പോൾ പൂൎവ്വസ്മരണയുണ്ടാകുന്നതു ഓൎമ്മശക്തി കൊണ്ടാണെന്നു പ്രത്യേകം പറയേണ്ടതുണ്ടോ? സസ്യവൎഗ്ഗങ്ങളിൽ ഓരോന്നും സൂക്ഷിച്ചാൽ പലവിധമായ ഓരോരൊ സംഗതികൾ നമുക്കു കാണാവുന്നതാണു്. വളൎച്ചക്കു വിരോധം ചെയ്യുന്നതും തീരെ നശിപ്പിച്ചുപോവാനിടയുള്ളതും ആയ ഒരു സ്ഥലത്തു സ്വതേ മുളച്ചു പൊന്തിയ ഒരു ചെടി ഈ വക അപകടങ്ങളിൽനിന്നു രക്ഷപ്പെട്ടു പോരേണ്ടതിന്നു ചെയ്യുന്ന ശ്രമങ്ങൾ അത്യത്ഭുതകരമാണു്. ഇതിന്റെ പരമാൎത്ഥം പരീക്ഷിച്ചറിയേണ്ടതും ആണു്.

സസ്യങ്ങളും കാലാവസ്ഥകളും തമ്മിൽ വളരെ യോജിപ്പാണു്. ഒരു വൃക്ഷം തനിക്കു പൂക്കേണ്ട കാലമായി എന്നു എങ്ങിനെ അറിയുന്നു. കാലാവസ്ഥയാണു് ഇതിന്നു കാരണം എന്നു ചിലർ പറയുന്നുണ്ടെങ്കിലും ഇതുകൊണ്ടു കാരണം മുഴുവനുമാകുന്നില്ലാ. ശീമയിൽ കലശലായ ശൈത്യത്തോടുകൂടാതെ വൎഷകാലം ഉണ്ടാകുന്നുണ്ടു്. പക്ഷെ അതുകൊണ്ടു മാത്രം വൃക്ഷങ്ങൾ തളിൎക്കുന്നില്ല. വൃക്ഷങ്ങൾ വൎഷകാലത്തുള്ള നിദ്രയിൽനിന്നു് ഉണരുന്നതു സൂൎയ്യന്റെ ശക്തികൊണ്ടാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. എങ്കിലും കാവിത്തു മുതലായ കിഴങ്ങുകൾ മണ്ണിന്നടിയിൽ കിടക്കുമ്പോൾ അതുണ്ടാകുന്ന കാലത്തല്ലാതെ പൊടിക്കുന്നില്ലാ വെള്ളത്തിലുണ്ടാകുന്ന ചില സസ്യങ്ങളെപ്പററി ആലോചിക്കുന്നതു ഇതിലും പ്രയാസമായ സംഗതിയാണു്. ഇവ

യിൽ പലതും പ്രത്യേകിച്ച താമര വെള്ളത്തിൽ, അത്യഗാധമായിരുന്നാലും, അടിയിൽ വേരൂന്നിയാണ് നില്ക്കുന്നത്. ഇവ ജലോപരിസ്ഥിതിയെ എങ്ങിനെയാണ് അറിയുന്നത്? ഭാവികാലത്തെ അറിവാൻ ഈ വക ചെടികൾക്ക ഒരു പ്രത്യേകം വാസനയുണ്ടെന്ന തീൎച്ചതന്നെ. ഇവ കാലാവസ്ഥയുടെ ഭേദഗതിയും അറിയുന്നതു എങ്ങിനെ? ഇതുകൾക്ക് എല്ലാം കാരണം ഓൎമ്മശക്തിയാണെന്നേ പറവാൻ തരമുള്ളു.

മാംസഭക്ഷകളായ ചെടികൾ

ശീമയിൽ 'സൺഡ്യൂ' എന്നു പറയുന്ന പുഷ്പങ്ങളുണ്ടാകുന്ന ഒരുവക ചെടികളുണ്ട്. ഇതിന്റെ ഇലയിന്മേൽ ചെറുതരം മുള്ളുകളുണ്ട്. ഈച്ച മുതലായ ചെറുതരം പ്രാണികൾ ആ മുള്ളുകളിൽ തൊട്ടുപോയാൽ തൽക്ഷണം ആ മുള്ളുകൾ കൂടുന്നു. പ്രാണി അതിൽ അകപ്പെട്ടു ആ ചെടിക്കിരയായി തീരുകയും ചെയ്യുന്നു. ഈ ചെടിക്കു സാധനങ്ങളുടെ ഗുണദോഷജ്ഞാനം നല്ലവണ്ണമുണ്ട്. എന്തെന്നാൽ ഈച്ച, പ്രാണി മുതലായവയ്ക്കു പകരം വല്ല ചെറുതരം മരക്കഷണമോ കല്ലോ പുല്ലോ എന്തെങ്കിലും ആ ഇലകളിൽ വച്ചാൽ അവയെ മുള്ളുകളുടെ ഇടയിൽ ഇട്ടു ഇറുക്കുവാൻ നോക്കുന്നതല്ല. ഇതിന്നും പുറമെ ഈ ചെടിക്കു ദൂരത്തിലിരിക്കുന്ന സാധനങ്ങൾകൂടിയും വേറിട്ടറിയാനുള്ള ശക്തിയുണ്ട്. ഒരു ഈച്ചയേയൊ മറ്റൊ പിടിച്ച് അതിനെ ഈ ചെടിയുടെ ഇലകൾക്ക ഉദ്ദേശം ഒരിഞ്ചുവരെ അകലത്തായി വെച്ചാൽ ഒന്നുരണ്ടു മണിക്കൂറിന്നകത്തു ആ ചെടിയുടെ ഇല നീങ്ങി നീങ്ങി ചെന്നു ആ പ്രാണിയെ പിടിച്ച മുള്ളുകളിലിട്ടു ഇറുക്കികൊന്നുതിന്നുന്നതാണ്. ഈ ചെടിയുടെ വൎഗ്ഗത്തിലുൾപ്പെട്ട ഒരു വക ചെടി നമ്മുടെ രാജ്യത്തും ഉണ്ട്. അതിന്നു ഇവിടങ്ങളിൽ തണ്ണീർപുല്ല് എന്നാണ് പറഞ്ഞുവരുന്നത്. ഇതിന്റെ ഇലയുടെ ചുവട്ടിൽ ഒരു മാതിരി പശ തൂങ്ങിയിരിക്കും. ആ പശയിന്മേൽ മുൻപ്രസ്താവിച്ച മാതിരി പ്രാണികൾ പെട്ടാൽ അവ ആ പുല്ലിന്നു ആഹാരമാകുന്നു. ഈ തൂങ്ങിനില്ക്കുന്ന പശയെ ഈ ദിക്കുകളിൽ പലരും എടുത്തു തലപ്പിന്നുവേണ്ടി കണ്ണിൽവയ്ക്കാറുണ്ട്. അമേരിക്കാരാജ്യത്തു 'ഈച്ചക്കെണി' എന്ന അൎത്ഥമായ പേരോടുകൂടിയ ഒരു തരം ചെടിയുണ്ട്. ഈ ചെടിയെ നട്ടുനനച്ച വളൎത്തിയ ഒരു വിദ്വാൻ അതിന്റെ അത്ഭുതകരമായ പ്രവൃത്തികളെ കണ്ട് അമ്പരന്നുപോയിയത്രെ! ഇതിന്റെ ഇലകളിൽ രണ്ടു വരിയായി നീളത്തിൽ തടിച്ച ഞരമ്പുകളുണ്ട്. ഇവ ഒരുമിച്ചുകൂട്ടിയാൽ ഒരു നല്ല കണിയുടെ മട്ടായ തോന്നും. ഈ ഞരമ്പുകൾക്ക മുമ്മൂന്നുവീതം ചെറുതരം ഞരമ്പുകൾ വേറെയുമുണ്ട്. ഈ ഞരമ്പുകൾ തൊട്ടാൽ ഉടനെ തന്നെ ഇലകൾ നിവരുകയും ഞരമ്പുകൾ കൂടുകയും ചെയ്യും. ഇതിനിടയിൽ പെടുന്ന പ്രാണികൾ തീരെ കുടുങ്ങിയും പോകുന്നു. അപ്രകാരം കുടുക്കിൽപ്പെട്ടത്, ആ ചെടിക്കാവശ്യമില്ലാത്ത വല്ല വകയുമായിരുന്നാൽ ഞരമ്പുകൾ ഉടനെ അയഞ്ഞ സാധനം പെട്ടെന്നു കീഴ്പോട്ടു വീഴുന്നു. ആവശ്യമുള്ളവ പെട്ടാൽ ഞരമ്പുകൾ വിടരുന്നതു വളരെ ദിവസം കഴിഞ്ഞിട്ടു മാത്രമാണ്. ഈ സമയത്തിന്നകത്തു പെട്ട സാധനത്തിന്റെ സത്തു മുഴുവനും ചെടി ഭക്ഷണം കഴിക്കയും ചെയ്യുന്നു.

വേരിന്നു കണ്ണുകളുണ്ടെന്നു പറഞ്ഞാൽ പക്ഷെ ചിലർ പരിഹസിച്ചേക്കാം. ഇതിന്റെ പരമാൎത്ഥം പരിശോധിക്കുന്നതു അത്ര എളുപ്പവും രസകരവും അ

ല്ലെന്നു ആശ്ചൎയ്യം തോന്നുകയും ചെയ്യാം. എങ്കിലും വേരുകൾക്കും ഒരു മാതിരി ബുദ്ധി ഉണ്ടെന്നു പല സന്ദൎഭങ്ങളിലും കണ്ടെത്തീട്ടുണ്ട്. നമ്മുടെ തലച്ചോറുപോലെ ജ്ഞാനദ്വാരജ്ഞാനം ചെടികൾക്കും കൊടുക്കുന്നതായ ഒരു സാധനം വേരുകളുടെ അറ്റത്തു ഉണ്ടെന്നു ചാറത്സ് ഡാർവിൻ എന്ന വിദ്വാൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ഡാക്ടർ കാൎപ്പെൻടർ എന്ന സസ്യശാസ്ത്രജ്ഞൻ വേരുകളെ പരിശോധിച്ചതിൽ അദ്ദേഹത്തിന്നു വിവരിക്കുവാൻ തിരെ അസാദ്ധ്യമായ പല സംഗതികളും കണ്ടെത്തീട്ടുണ്ടെന്നു പ്രസ്താവിച്ചിരിക്കുന്നു. സസ്യങ്ങൾക്കു ബുദ്ധിയുണ്ടെന്നു ഈ മഹാപുരുഷൻ വിശ്വസിച്ചിരുന്നില്ല. അദ്ദേഹം വളരെ സാരവത്തായ ഒരു കാൎയ്യം വെളിപ്പെടുത്തീട്ടുണ്ട്. ഈ സംഗതിയിൽ അദ്ദേഹം പ്രസ്താവിച്ചിട്ടുള്ള അഭിപ്രായം തൎജ്ജമചെയ്തു താഴെ ചേൎക്കുന്നു. 'ചേരാലിന്റെ തടിയുടെ പോതലിച്ച്' മുകൾഭാഗത്തുനിന്ന് ഒരു വേര (വേട്) പുറപ്പെടുന്നു. തടിയിന്മേൽനിന്നു വലിച്ചെടുത്ത പോഷകദ്രവ്യം മതിയാകാഞ്ഞിട്ടു കീഴ്പോട്ടു വളൎന്നുവരുന്നു. അത് ഊന്നുന്നതിന്നു നിശ്ചയിച്ച സ്ഥലത്ത് ഒരു വലിയ കരിങ്കല്ലു കിടക്കുന്നു. വേര ശരിക്കു കീഴ്പോട്ടു വരികയാണെങ്കിൽ ആ കല്ലിന്മേൽ ഊന്നേണ്ടിവരുന്നു. പക്ഷെ കല്ലിന്മേൽ തൊടുന്നതിന്നു രണ്ടടി ദൂരം വെച്ചു ആ വേര രണ്ടു ശാഖകളായി തിരിഞ്ഞ് ആ കരിങ്കല്ലിന്റെ ഇരുവശങ്ങളിലും ഊന്നുന്നു.' ഈ സംഗതിയെപ്പറ്റി ആൎക്കും ആക്ഷേപത്തിന്നിടയില്ല. നമ്മുടെ കാടുകളിലുള്ള വൃക്ഷങ്ങൾ പരിശോധിച്ചാൽ ഈ വക ദൃഷ്ടാന്തങ്ങൾ അനേകം ഇന്നും കാണാവുന്നതാണ്. നമ്മുടെ രാജ്യത്തുള്ള പടൎന്നു കയറുന്ന ചില ചെടികൾക്കും ഈ വക സൂത്രങ്ങൾ ധാരാളം ഉണ്ട്. ഈ വക ചെടികളുടെ സമീപത്തു വല്ല ജലാശയങ്ങളും ഉണ്ടെങ്കിൽ വേരുകൾ അങ്ങോട്ടല്ലാതെ തിരിയില്ല. ഉദ്ദേശം 25 ഇംഗ്ലീഷടി ദൂരംവരെ അകലത്തായിരുന്നാലും ആ ജലാശയത്തിലേക്കുതന്നെയാണ് വേരുകളുടെ ഗതി. വേരുകൾക്കു ചില പ്രത്യേക സ്ഥലത്തു കണ്ണുകളുണ്ട്. ഈ കണ്ണുകൾ വേരിന്നകത്തുള്ള തലച്ചോറിന്നറിവുകൊടുക്കുന്നു എന്നു പറഞ്ഞാൽ പക്ഷെ പരിഹാസ്യമായി തോന്നിയേക്കാം. പക്ഷെ മുൻപറഞ്ഞ പേരാലിന്റെ വേര കല്ലു തൊടുന്നതിന്നു മുമ്പു രണ്ടായി തിരിഞ്ഞ സംഗതി ഓൎത്താൽ ഈ കാൎയ്യത്തിൽ സമാധാനമുണ്ടാകുന്നുണ്ട്.

കാവല്ലൂർ

മേൽകാണിച്ച ലക്ഷ്യങ്ങൾകൊണ്ടു സസ്യവൎഗ്ഗത്തിന്നു വേണ്ടുന്ന ഒട്ടുമിക്ക പ്രവൃത്തികൾ ചെയ്യാൻ അവയ്ക്കു സാധിക്കുന്നതാണെന്നു കണ്ടുവല്ലോ. എങ്കിലും ഇവയുടെ നടവടിയെപ്പറ്റി ഒരു പരിപൂൎണ്ണമായ അറിവു സമ്പാദിപ്പാൻ വളരെ ഞെരുക്കമായിട്ടാണ് കാണുന്നത്. സസ്യങ്ങളും ചില പ്രത്യേക പ്രാണികളുമായി വളരെ യോജിപ്പുണ്ടെന്നു കാണിക്കുന്നതിന്നായി ചില സംഗതികൾകൂടി പ്രസ്താവിക്കട്ടെ. നമ്മുടെ രാജ്യത്തുള്ള മാവു, കശുമാവു മുതലായ വൃക്ഷങ്ങളുടെ തൈകളെ പരിശോധിക്കുക. ഈ തൈകളെ ഉറക്കെ ഒന്നു കലുക്കിയാൽ, ഒരു സൈന്യം നീറ് (ഒരുതരം ചുകന്ന ഉറുമ്പുകൾ) പുറപ്പെടുന്നു. ഉടനെതന്നെ കലുക്കിയ കൈകളിൽ പിടികൂടി സൎവ്വാംഗങ്ങളിലും പ്രവേശിച്ചു കടിച്ചു ഞെരുക്കുന്നു. അവ എവിടെനിന്നു വന്നു? ആ ചെറുതടി പരിശോധിച്ചാൽ അവിടെവിടെയായി ചെറുതരം പോടുകൾ കാണും. മറ്റുള്ള ജന്തുക്കളിൽനിന്നു തങ്ങൾക്കുണ്ടാകാവുന്ന ഉപ

ഉറുമ്പുകളെ, തടുക്കുവാൻവേണ്ടി ശേഷി പോരാത്ത തൈകൾ വളർത്തുന്ന കാവല്ക്കാരാകുന്നു ഈ ഉറുമ്പുകൾ. ഈ തൈകളുടെ ഉദ്ദേശം ഉറുമ്പുകൾ നിറവേററുന്നുണ്ട്. ഏതെങ്കിലും തൈക്കളുടെ ഇലകൾക്കു നാശം തട്ടീട്ടുണ്ടെങ്കിൽ അതു കൾക്കു കാവല്ക്കാരായ ഉറുമ്പുകളില്ലെന്നു തീച്ചപ്പെടുത്താം.

---

# ഉപനിഷത്തുകളുടെ ഉൽപത്തി

---

ഇക്കാലത്തു നമ്മുടെ ഇടയിലുള്ള ആളുകൾ കാൎയ്യകാരണ സംബന്ധത്തെപ്പററി ആലോചിക്കുന്നതു സാധാരണയല്ലാത്തതുകൊണ്ടു, ഉപനിഷത്തുകളുടെ ഉൽപത്തി എന്തായിരിക്കുമെന്നു ചിന്തിക്കുന്നതു പ്രപഞ്ചത്തിൻെറ ഉൽപത്തി എന്തായിരിക്കുമെന്നു ചിന്തിക്കുന്നതുപോലെ ദുരവഗാഹമായിരിക്കാം. 'എന്തുകൊണ്ടാണ് ഹാലിയുടെ വാൽനക്ഷത്രം ൭൫ കൊല്ലം കൂടുമ്പോൾ ഒരിക്കൽ ഭൂമിയിൽ പ്രത്യക്ഷമാകുന്നത്?' 'എന്തുകൊണ്ടാണ് കൊള്ളിമീൻ, അല്ലെങ്കിൽ ഉല്ക്കാശിലകൾ, ൧൯ കൊല്ലം കൂടുമ്പോൾ ചിങ്ങമാസത്തിലൊ വൃശ്ചികമാസത്തിലൊ ഭൂമിയിൽ അധികമായി പതിക്കുന്നത്?' 'സായം സന്ധ്യയിൽ വിടരുന്ന പുഷ്പങ്ങൾ പ്രായേണ വെളുത്തതും സുഗന്ധമുള്ളതും ആയിരിക്കുവാൻ വല്ല കാരണവുമുണ്ടോ?' 'പുനൎവ്വിവാഹം നടപ്പുള്ള ജനങ്ങളുടെ ഇടയിൽ വളരെക്കാലം മുമ്പെ മരിച്ചുപോയ പിതാവിൻെറ ആകൃതി, പ്രകൃതിവ്യത്യാസങ്ങൾ മാതാവിനു പിന്നീടുണ്ടാകുന്ന സന്തതികളിൽ ചിലപ്പോഴും കണ്ടുവരുന്നുണ്ട്. ഈ അപ്രകൃതമായ വാസ്തവത്തിന്നു വല്ല കാരണവും ഉണ്ടോ?' ഇങ്ങിനെ ഓരോ നിസൎഗ്ഗകാൎയ്യങ്ങളെപ്പററി കേട്ടിട്ടുള്ളവരും നല്ലവണ്ണം ആലോചിച്ചിട്ടുള്ളവരും അപൂൎവ്വമായ സ്ഥിതിക്ക്, ഉപനിഷത്തുകളുടെ ആദികാരണം എന്തായിരിക്കുമെന്നു പൎയ്യാലോചിക്കുക എന്നു പറയുന്നതു കുറെ സാഹസമായിരിക്കും. അതിരിക്കട്ടെ. ഏററവും പ്രകൃതിസിദ്ധമായ കാൎയ്യങ്ങൾക്കു കൂടി സ്വാഭാവികമല്ലാത്തതും യുക്തിക്കനുസരിക്കാത്തതുമായ കാരണങ്ങൾ കല്പിക്കുന്നതു അത്യാശ്ചൎയ്യമല്ലേ? മസൂരിദീനം പരക്കുമ്പോൾ ജനങ്ങൾ മാരിയമ്മയെ പ്രസാദിപ്പിക്കുവാനൊ കുത്തി വയ്ക്കുവാനൊ ആണ് അധികം ഉത്സാഹിക്കുന്നത്? അതുപോലെതന്നെ മലമ്പനി പിടിപെട്ടാൽ കൊതുവിൻെറ ഉപദ്രവം നീക്കാതെ ഏതെങ്കിലും ക്ഷുദ്രദേവതയുടെ ആരാധനത്തിന്നു പുറപ്പെടും. അപസ്മാരം എന്ന പേരോടുകൂടി അനേകരോഗങ്ങൾ മനുഷ്യരെ ബാധിക്കുമ്പോൾ എല്ലാററിന്നും ഉള്ള ഒറെറൗഷധം മന്ത്രവാദമല്ലേ? ഇപ്രകാരം സകല പ്രാചീനഗ്രന്ഥങ്ങളേയും 'ഋഷിപ്രോക്തം' എന്നു പറഞ്ഞു തള്ളിക്കളയുമ്പോൾ അവയുടെ ഉൽപത്തി പരിണാമങ്ങളെപ്പററി ചിന്തിക്കുന്നതും അലൌകികമായിരിക്കും. എങ്കിലും പ്രസ്തുതവിഷയത്തെപററി ഡ്യൂസൻ, ഷ്രോഡർ മുതലായ ജൎമ്മൻ തത്വജ്ഞാനികളു

ടെ അശ്രാന്തപരിശ്രമംകൊണ്ടു സിദ്ധിച്ചിരിക്കുന്ന ചില തത്വങ്ങളെ ഭാഷ്യകർത്താവും ലോകഗുരുവും ആയ ശങ്കരാചാര്യസ്വാമികളുടെ അനുഗാമികളായ കേരളീയവിദ്വജ്ജനങ്ങൾക്കു ശ്രദ്ധാവഹമാക്കിത്തീർക്കുന്നതു അനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

'ഉപനിഷത്ത്' എന്ന പദം പ്രാചീനഗ്രന്ഥങ്ങളിൽ മൂന്നു അർത്ഥത്തിൽ ഉപയോഗിച്ചു കാണുന്നുണ്ടു്. (൧) ഒരു ഗൂഢമായ വാക്കു; (൨) ഒരു ഗൂഢമായ ഗ്രന്ഥം; (൩) ഒരു ഗൂഢമായ അർത്ഥം.[1]

(൧) 'ന യാചേൽ,' യാചിക്കരുത്[2], സത്യസ്യ 'സത്യം,' ബ്രഹ്മം സത്യത്തിനും സത്യമാണ്[3] 'തദ്വനം,' സർവ്വപ്രാണികളാലും ഭജിക്കത്തക്കതായ വസ്തുവാണ് ബ്രഹ്മം,[4] ഇത്യാദി വാക്യങ്ങളെ പ്രത്യേകിച്ചും 'ഉപനിഷത്ത്' എന്നു പറഞ്ഞുപോന്നു. ബ്രഹ്മത്തെ 'തദ്വനം' എന്ന നാമത്താൽ ചിന്തിക്കേണ്ടതാണെന്നു ഉപദേശിക്കപ്പെട്ടതിന്റെ ശേഷം, ശിഷ്യൻ പിന്നെയും 'ഉപനിഷദം ഭോ ബ്രൂഹി,' ഹേ ഗുരോ! ഉപനിഷത്തിനെ ഉപദേശിച്ചാലും, എന്നു അപേക്ഷിക്കുന്നു, അപ്പോൾ, 'ഉക്താ ത ഉപനിഷൽ,' നിനക്കു ഉപനിഷത്ത് ഉപദേശിക്കപ്പെട്ടു, എന്നു ഗുരു ശിഷ്യനോടു പറയുന്നു.[5]

ഇങ്ങിനെ ഗൂഢമായ വാക്യങ്ങളുടെ കൂട്ടത്തിൽ 'തജ്ജലാനിതി,' അതിൽ ഉണ്ടായി, അതിൽ ലയിച്ചു, അതിനാൽ പാലിക്കപ്പെടുന്നു, എന്നർത്ഥമുള്ള ഛാന്ദോഗ്യോപനിഷദ്വാക്യവും,[6] 'നേതിനേതി', ഇതല്ല, ഇതല്ല, എന്ന ബൃഹദാരണ്യകോപനിഷദ്വാക്യവും,[7] 'അയമാത്മാബ്രഹ്മ', ഈ ആത്മാവ് ബ്രഹ്മമാകുന്നു, എന്ന മാണ്ഡൂക്യോപനിഷദ്വാക്യവും,[8] 'സർവ്വംഖല്വിദം ബ്രഹ്മ,' ഈ കാണുന്ന സകല വസ്തുക്കളും ബ്രഹ്മം തന്നെ, എന്ന ഛാന്ദോഗ്യോപനിഷത്തിലെ വാക്യവും,[9] ഹൃദയാന്തഃസ്ഥനായ ഈ ആത്മാവു താനെയാകുന്നു ബ്രഹ്മം, എന്നർത്ഥമുള്ള മററു വാക്യങ്ങളും ചേർക്കാം.[10]

(൨) ഇപ്പോൾ പ്രചാരമുള്ള ഉപനിഷദ്ഗ്രന്ഥങ്ങളേയും അവയ്ക്കു ആധാരമായിരിക്കുന്ന പ്രാചീനഗ്രന്ഥങ്ങളേയും 'ഉപനിഷത്തുകൾ' എന്നു പറയാറുണ്ടു്. ഇതിനുദാഹരണമായിട്ടു തൈത്തിരീയകഗ്രന്ഥങ്ങളിൽ ഏതെങ്കിലും ഒരു ഭാഗം കഴിയുമ്പോൾ 'ഇതി ഉപനിഷൽ' എന്നു ഉ ഞ്ഞതിരിക്കുന്നതു കണക്കാക്കാം.

(൩) മേൽപറഞ്ഞ രണ്ടർത്ഥങ്ങൾക്കു പുറമെ, ഏതെങ്കിലും ഒരു വൈദികാചാരത്തിനോ വൈദികസമ്പ്രദായത്തിനോ അപ്രത്യക്ഷമായ ഒരു ഗൂഢാർത്ഥം കല്പിക്കുമ്പോൾ അതും 'ഉപനിഷത്ത്' എന്നു തന്നെയാണ് പറഞ്ഞുപോന്നത്. 'യദേവ വിദ്യയാ കരോതി ശ്രദ്ധയോപനിഷദാ തദേവ വീര്യവത്തരം,' യാതൊന്നാണ് ജ്ഞാന

1 ഡ്യൂസന്റെ ഇന്ത്യയിലെ ധർമ്മശാസ്ത്രവും തത്വശാസ്ത്രവും നോക്കുക. ൧൬ാം ഭാഗം

2 കൌശീതകി ഉപനിഷത്തു ൨.൧.൨-

3 ബൃഹദാരണ്യകോപനിഷത്തു ൨-൧,൨൦; ൨.൩.൬

4 കേനോപനിഷത്തു ൩.൧

5 കേനോപനിഷത്തു, ൩.൨ ബ്രഹ്മശ്രീ കൃഷ്ണൻ എമ്പ്രാന്തിരി അവർകളുടെ 'ആത്മവിദ്യ' ൭൧, ൭൨ ഭാഗങ്ങൾ നോക്കുക.

6 ൩.൧൪.൧. സനാതനധർമ്മം ഉപരിഗ്രന്ഥം ൧-ാം അദ്ധ്യായം, ൭-ാംഭാഗം നോക്കുക.

7 ൨-൩-൬

8 ൨

9 ൬-൧-൪; ൮-൬

10 ഛാന്ദോഗ്യോപനിഷത്ത്, ൩, ൧൪-൪

ങ്ങോടും, ശ്രദ്ധയോടും, ഉപനിഷത്തോടും കൂടി ചെയ്യപ്പെടുന്നത് അതാകുന്നു അധികം ഫലപ്രദമായിട്ടുള്ളത്.[11] ഇവിടെ ഉപനിഷത്ത് എന്നു പറഞ്ഞിരിക്കുന്നതു ഉദ്ഗീഥത്തിന്റെ രഹസ്യാർത്ഥമായ പ്രണവത്തെ സൂചിപ്പിച്ചിട്ടാകുന്നു.

മേൽപറഞ്ഞ മൂന്നർത്ഥങ്ങളിൽ 'ഉപനിഷത്ത്' എന്ന പദത്തിനു ആദ്യമായ അർത്ഥം ഏതായിരുന്നു? ഇക്കാൎയ്യത്തെപ്പററി സൂക്ഷ്മമായും ദീൎഘമായും ആലോചിക്കുമ്പോൾ 'ഗൂഢമായ വാക്യം' എന്നായിരുന്നു അതിന്റെ ഏററവും പ്രാചീനമായ അൎത്ഥം എന്നും, 'ഗൂഢമായ ശ്രവണം' എന്ന രണ്ടാമത്തെ അൎത്ഥം ഈ ആദ്യമായ അൎത്ഥത്തിൽനിന്നു പരിണമിച്ചതാണെന്നും 'ഗൂഢാൎത്ഥം' എന്ന മൂന്നാമത്തെ ഉപനിഷൽപദാൎത്ഥം മേൽപറഞ്ഞ രണ്ടു അൎത്ഥങ്ങളിൽ നിന്നുണ്ടായതാണെന്നും കാണാം. മൂന്നാമത്തെ അൎത്ഥത്തെ ആദ്യാൎത്ഥമായി കല്പിക്കുവാൻ ആധുനികന്മാൎക്കു ഒരു വാസനയുണ്ട്; രണ്ടാമത്തെ അൎത്ഥം മാത്രമെ ഉപനിഷൽപദത്തിനു ശരിയായ അൎത്ഥമുള്ളൂ എന്നു പ്രായേണ ഒരു ധാരണയും ഉണ്ട്. എന്നാൽ ഇതു രണ്ടും അത്ര ശരിയാണെന്നു തോന്നുന്നില്ല. ഉപനിഷത്തുകളിൽ പ്രസ്താവിച്ചിരിക്കുന്ന ആത്മതത്വം മുതലായ സിദ്ധാന്തങ്ങൾ പ്രഥമമായി യാജ്ഞവല്ക്യപ്രഭൃതികളായ അപൂൎവ്വം ചില ബ്രാഹ്മണരുടെ ഇടയിലാണ് ഉദിച്ചത് എങ്കിലും, ക്ഷത്രിയന്മാരാണ് ആ സിദ്ധാന്തങ്ങളെ പ്രധാനമായി പോഷിപ്പിച്ചിരുന്നതെന്നും, യജ്ഞാദികൎമ്മങ്ങളിൽ മുങ്ങിക്കിടന്നിരുന്ന ഭൂരിപക്ഷം ബ്രാഹ്മണസമുദായം ഈ ഗൂഢസിദ്ധാന്തങ്ങളെ രാജൎഷികളിൽനിന്നും പഠിച്ചു തങ്ങൾ അനുഷ്ഠിച്ചുപോന്ന കൎമ്മമാൎഗ്ഗത്തിനു ഓരോ ഗൂഢാൎത്ഥം കല്പിച്ചു എന്നും ഓൎക്കുമ്പോൾ മേൽപറഞ്ഞ അൎത്ഥപരിണാമക്രമം അത്ര ക്ലിഷ്ടമല്ലെന്നും അറിയാറാകും. ഈ കാൎയ്യത്തിൽ ഏററവും ആശ്ചൎയ്യകരമായ സംഗതി ബ്രാഹ്മണർ തന്നെ മേൽപറഞ്ഞ ക്ഷത്രിയമാഹാത്മ്യത്തെ സമ്മതിക്കുന്നു എന്നുള്ളതാണ്. ഇതിനെ പററി അദ്ധ്യാപകന്മാരായ ഭൂദേവന്മാൎക്കു വല്ല അസാമഞ്ജസ്യവും തോന്നുവാൻ ഇടയുണ്ടെങ്കിലും, കുറെ വിസ്താരമായി പറയുന്നത് മറ്റൊരവസരത്തിലാവാമെന്നുവെച്ചു തൽക്കാലം നിൎത്തുന്നു.

പള്ളിയിൽ കൃഷ്ണമേനോൻ ബി, ഏ., എൽ. ടി.

# ബാണയുദ്ധം

കന്തകകുമാരാന്തകോദ്യമഗിരാ-
സാദ്ധ്യം ചമൂമണ്ഡലൈ-
ൎല്ലോകോപപ്രസരേണയാദവഭടാ
നിൎവ്യാജവീൎയ്യോൽബണാഃ
ഉഗ്രാധിഷ്ഠിതഗോപുരം ബലിസുത
ശ്രീമൽഭുജാപാലിതം
പ്രക്ഷോഭത്തോടു ചെന്നുശോണിതപുരം
കത്തിത്തകൎത്തീടിനാർ.
ഘോരാത്മാ ബാണനപ്പോൾ നിജമണിനഗ
വൃഷ്ണിഭിഃ ... (൭൦)

11. ഛാന്ദോഗ്യോപനിഷത്ത്, ൧-൧-൧൦

വീരോനിദ്ധ്യായ മേന്മേലിയലിനരഭസോ-
ന്മേഷസമ്മൂഢചേതാഃ
ആത്രുഢാഭോഗമൊന്നിച്ചിളകിന ചതുരം-
ഗേണസൈന്യേനസാകം
പാരിരേഴു നടങ്ങും പരിചു പടപുറ-
പ്പെട്ടിതാശ്ചര്യധാമാ.
ബാണൻതൻഗോപുരം കാത്തരുളിന ഭഗവാ
ഭൂതനാഥസ്തദാനീം (ൻ
മാനം കൈക്കൊണ്ടുലാവും നരകമഥനയു-
ദ്ധോദ്യമം കണ്ടു കാമേഡ
ആനന്ദം പൂണ്ടു ഢക്കൊണ്ടുഴകൊട്ടുപുറമേ
നാടയൻ ക്രോധവേഗം
നാനാവേതാളഭൂതൈസ്സഹ സമരിയയൌ
യോദ്ധുകാമോ മുരാരിം.
കല്യാണവാരിധികൾ തത്ര പരസ്പരം ക-
ണ്ടുള്ളിൽ പ്രരൂഢബഹുമാനമമാരമേശൌ
ഉല്ലാസിതുന്ദബഹുമാനമണിഞ്ഞു നേരേ
ചൊല്ലാർന്ന കേളിസമരായ സമാഗതൌതാം.
ബാണന്തനാസ്ഥയാ സാത്യകിയൊടിനിയ
ഭാണ്ഡനം കൂപകർണ്ണൻ (കം
താനും കൂടിക്കലർന്ന് മുസലധരനൊടും
കൂടയുദ്ധപ്രവീണൌ
നാനാഭൂതങ്ങളോടും ദനുജപതിയൊടും
കൂടയുദ്ധം തുടങ്ങി
ചേണേലും വൃഷ്ണി വീരാവിപുലതരഭുജാ
ഗർവ്വിണോ നിർവ്വിശങ്കം.

തതസ്തദാനീം ഭൂയസ്തരാന്യൂ സമ്പാത നിരന്ധ്രിതദിഗന്തരാൽ പരസ്പരാഘാതവി ഭിന്നവീരയോധഗാത്രവിക്ഷരൽ ക്ഷതജധാരാകരാളിതേ നിരർഗ്ഗളോൽഗച്ഛദുല്ലധൂളീ പാളി സമന്ധകാരദൂരവബോധസ്വപരവിഭാഗേ സങ്കലീഭൂതസൈന്യദ്വയീ സംഹതസിംഹനാദപരിബൃംഹിതേ സംപ്രവൃത്തേ തുമുലസമ്പ്രഹാരകോലാഹലേ കണ്ഡലിതകോദണ്ഡപുംഖിതവിപാഠേ ഗാഢഗാഢബദ്ധനിഷംഗഗോധാംഗുലിത്രേ സമന്തതസ്സംയ കവ്യഷ്ടിമവകീര്യ്യ ധാനുഷ്കസംഘേ അംഗുഷ്ഠമഭിയുജ്യമാനേ പ്രസഭപ്രഹാരഖണ്ഡിതാന്യോന്യപാണിപാദം തത്ഭടോൽവല്ഗിത്രും വല്ഗതി ഖഡ്ഗികദംബേ മുസലമുൽഗരതോമരമുസൃണ്ഡി ഭിണ്ഡിപാലചക്രകുന്ത പ്രാസപരശ്വധാദിവിവിധായുധാസാരേ സർവ്വതോമുഖം പരാപതതി നിശിതഖഡ്ഗനില്ലൂനകന്ധരാഃ കേചന സമരാങ്കണനൃത്യച്ഛാവചകബന്ധപ്രബന്ധപാണിതം രുധിരപാണധാരയാ സമന്തതഃ സ്വാനപി പരാനപി പ്രഹരന്തഃ പ്രേക്ഷകാണാം പ്രകാമമാസ്തൃതാപ്രപന്നാഃ സ്വയമേവ കതിചിന്നിനഃ സമഗ്രഭുജദർപ്പേണ നിർഭയമാക്രാന്ത സമ്മുഖാന്തന്നിഖാതം ത്രു ശൈന്യൈരന്യൈരപി വഞ്ചിതാഃ പ്രപദ്യവീരശയ്യോൽക്ഷിപ്തദേഹം ദേവഭൂയം ഗതാസ്സസംഭ്രമം വിമാനാലംബിനീ ഭിരമരനിതംബിനീഭിഃ സ്വയംവൃതാഃ കരാളകരവാളഖണ്ഡിതായുദ്ധാഃ കതിച ന സ്വജനൈരലക്ഷ്യമാനാഃ പരാവൃത്താഃ കേചിത്തു നിഷ്ഠുരേഷ്ടിപാതനിഷ്പിഷ്ടപാതം നിഷ്പിഷ്ടദേഹാഃ പ്രതിഭടാഗ്രപതിതാസ്സപ്രാണമേവ സഖിഭിരധിരണാങ്കണമാകൃഷ്ടാഃ പുനരന്യേപി സൂദഗ്രമുൽഗരാഭിഘാതചിപിടിത മൂർദ്ധാനസ്സ ബഹളോദ്വാന്തലോഹിതാഃ പരാസവഃ പതിതാഃ കേചി കോപതാമ്രേക്ഷണാഃ ക്ഷണേന സമ്മുഖമേവ ശസ്ത്രപ്രഹാരപാതിത ശത്രുവീരാസ്തദായുധാനി പ്രസഭമുദ്ധൃത്യ വിജയശ്രിയാ സമാശ്ലിഷ്ടാഃ കതിചിദതിചകിതമനസ്സ്വാഢംബരേണ പശ്ചാല്ലംബിനാശ്ലിശിരാഭിരുതാ ഇവ വേപിതാംഗായൽ കിഞ്ചിദാത്മശൌര്യ്യം മിഥ്യാ വികത്ഥമാനാഃ പ്രകടിത പ്രാഗൽഭ്യൈരഭൃമിത്രൈസ്സഹാസമവലോകിതാസ്തത്ര തത്ര സത്രപം നിലീനാഃ കതിചിദധിവക്ഷസ്ഥലമാപുംഖമഗ്നനാരാചാഃ സമരമദ്ധ്യപതിതാസ്സഹർഷമുച്ചൈരവി

...ഗാതാസ്സരസേമദിമാതിഭിഃ ഭിപത്യ തില ശാനികൃത്താഃ കേചന മുഷ്ടാമുഷ്ടി തലാതലി ദന്താദന്തി നഖാനഖി കണ്ഠാകണ്ഠി പ്രഭൃതിമിരധികലോഹിതാ ദാരുണായുധവൃഷ്ടിമദ്ധ്യേന്ന്യയുധ്യന്ത. കചിദപി നിശിതതോമരനികൃത്താനി മുക്താതപത്രാണി വലാകാവലയ ഇവ വലയവിചത്തിതാനി ദിവി സമുദ്ഭ്രമന്ത. കചന മതംഗജാസ്സജവാഭി പതിതവീരയൌ ടൈധരാമൂലഖണ്ഡിതശുണ്ഡാദണ്ഡാശ്ചലിതമേദിനിപതിതത ഇതസ്സാരശ്ലേഷിതം പാണിപാദമഭിപ്ലുന്തസ്സഹസൈവസംസ്ഥിതാഃ. കചിദമന്ദഗദാഭിഘാതൈഃ സ്യന്ദനാനി ഭഞ്ജംഭഞ്ജമരിസംഘാതം ഘാതം ഘാതം ധ്വജഃ ന്ധാൻ ധ്വംസം ധ്വംസം മുഷ്ടിഭിഃ ഭിതോ മട്ടം മട്ടം നിഷ്ഠരരഭസാന്നട്ടം നട്ടം നിർഭയയുദ്ധ്യമാനഗദാധരവിക്രമാട്ടിതാനാം ഭയശകലീകൃതലലിതനം ദ്ദുരോജ്ഝിതപശ്ചാണബന്ധം ദിശി ദിശി ദ്രവതാ മദ്ദിതഘോഷിതാനാം തുരംഗാണാം ഖരതരഖുരതാഡനാത്ഥേന ഭൂരേണ വൃരേണ ച പ്രമാദാകലിതഭിരജനഹാഹാരവേണ ച ബഹളവാദാപ്ലുഷ്ഠിതം കിമത്ര വാക്പ്രപഞ്ചൈരേവമേവ വിശ്രാമം വിനാ വിശവിസ്മാവകപ്രചണ്ഡിമാ സമരോത്സവസ്സമജ്ഞംഭത.

ചിത്രംചിത്രംതദാനീംക്ഷണമഥിതമഹാ
വാഹനംഭഗ്നരഥ-
ച്ഛത്രംധ്വസ്തധ്വജംപാടിതചടുലചതാ.
കംഭയഭ്രാന്തയൌധം
ഉച്ചൈൽകോലാഹലേസങ്കലസമരവിധൌ
വിസ്മയംചൊല്ലവല്ലേ-
ന്നത്സന്നപ്രായമാസീദ്ദരപെരുകിനദ-
പ്പോൽബണംബാണസൈന്യം.
പോരാതേകാൺ ചമത്ത്വശിവശി വദനജ-
പ്രൌഢഃസനാഭടന്മാർ
വാരാന്നിട്ടന്നനാരായണനിശിതശര-
ജ്ഞാലംക്ഷസഃ ഗ്രാമരംഗ
നേരേതേഷാമശേഷാവിബുധപുരചകോ-
രാക്ഷിമാർന്നാലമാസാം
പോരാതേവന്നിതയ്യാകലിതയ്യതിനിവാ-
സാത്ഥമാകാശവീഥി.
അത്യന്തംവിസ്തരാകത്ത്യാകിമിഹമമ സദ്വ
ബാണസേനാനികാമം
ത്രസ്താദ്ദ്രാവദാമോദരനിശിതശരൈ-
രൎദ്ദ്യമാനാസമന്താൽ
മദ്ധ്യേകംഭാണ്ഡനംകമ്പിതധരണിതലെ
ക്കൂപകർണ്ണോപിശക്തൈ-
ർവ്വിദ്ധ്യന്തൌസീരപാണേർമ്മുസലമകളി
പോതതുയ്യുദ്ധഭൂമൌ. (൭൩
വിദ്രാവിതേബാണബലേ തദാനീം
യുദ്ധായസേനാനിയുമൊന്നണഞ്ഞു
പ്രദ്യുമ്നചെയ്യെന്നൊരു ചെന്നൊമ്മല്ലെമെല്ലെ-
ന്നെത്തിരണാത്ഥംട്ടസ്യ കൃഷ്ണധന്വാ:
ത്രൈലോക്യനാഥനയൌരഭസാദ്രണാ
മേലേനിശാതശരവൃഷ്ടിഭിരദ്ദയന്തൌ ( ക്ഷേ
ആലോകയത്സുതനഭട്ടസുമീഷാജ്ഞിശീഷാ-
ലോലാശയൌത്തുമൂലമാഹവമാദധാതാം.
ഉത്സാഹിരൌദ്മിണേയൻകലിതരഭസമെ-
യ്യുന്നനാരാചജാലം
പ്രത്യംഗംകൊണ്ടരണ്ടാത്തിയുമനുകലയൻ
കാർത്തികേയസ്യതാനീം
ഹിതപൊട്ടന്നനികംനിരവധിഗളതാ-
ലോഹിതേനാപ്ലുതാത്മാ
വിത്രാസവ്യാകുലംപ്രാദ്രവദഥനദതോ
ബഹിണാദൈന്യശാലീ.
തൽകാലേകോപശാലീപുരരിപുഭഗവാൻ
പോരിനായ്ക്കൊണ്ടണഞ്ഞു
തൃക്കണ്ണൊക്കച്ചുവത്തിക്കരളവികലയ-
ന്നാതരാജ്യംപിനാകം
അഗ്രേവേതാളഭൂതഞ്ജളുമപിചഭയ-
പ്രദ്രുതംബാണസൈന്യം

പ്രക്ഷോഭാംപൂണ്ടു പാടീനിലവിളിതടവി-
ച്ചുട്ടുമിട്ടാത്തഗർവ്വം.
ശ്രീശാൎങ്ഗംപള്ളിവില്ലങ്ങമിതരഭസമാ-
സ്ഫാലൃനാരാചവൎഷൈ-
രാശാചക്രംനിരുന്ധൻപ്രധനശിരസിതാ-
ജീവനാദോവിരേജേ
ബാ ചായാൾത്തീടവല്ലോൻബലിസുതമഹിത
പ്രാഭവംവിഷ്ണുപാനാ-
മീശാവേതൊയദർത്ഥംകലഹകലവിക്കെ-
ക്കൊണ്ടിതെന്നേവിനോദം.
ഗൗരീകാന്തോനിതാന്തോദ്ധിതരഭസമരാൾ
ബാണപൂൎവ്വാമഹത്യാ
നാരവിവ്യാധ സൃഷ്ടാനവിയജ്വഷരാൻ
വാസുദേവം പരമേവരൽ
ഘോരാചൗരൈഭാരായന്നരമത്ഭുതം
ശാൎങ്ഗപാപപ്രമൃകൈഃ
മാരാരിഃ ഭ്രതരവതാളകരൊജസൃതം
വാരയാമാസമാനീ.
അശക്തവൻവാരയിട്ടുംതദാനീ-
മശേഷശസ്ത്രാസ്ത്രാരിവീര്യം
കൃശാനനാഗാദിമഹാസ്ത്രജാതം
കൃശാനരേതാവിസസൎജ്ജകോപാൽ.
പ്രത്യസ്ത്രൈരസ്ത്രജാലസപദിമുരരിപു
വാരിതേകുന്നവേധി
മധ്യേകേൾക്കായിതപ്പോൾപ്രളയഘനഘന
ഘോഷരംഘോഷഘോഷം (൨൦
സദ്യോവീക്ഷ്യംബഭ്രുവേദിനകരശതകോ-
ടിപ്രഭംധാമപുഞ്ജം
പശ്ചാദഗ്ന്യോത്തമംപാശുപതമഖിലസം-
ഹാരിപോനാവിരാസീൽ.
സൎവ്വേഷുജന്തുഷുതദാഭയവിഹ്വലേഷു
സപൎവ്വാസിനാംദിവിഗണേഷുതഹാനിനാദ
ദ്ദൎവ്വാരവീൎയ്യമഹിമാപുരുഷോത്തമോസ്യ
ദിവ്യംനിജാസ്ത്രമഭിമന്ത്ര്യതിസ്രലോകം
മദ്ധ്യേരോദഃകടാഹംനിറയുമരിയതേ-
ജോഗ്നിതൻജ്വാലജാലൈ-
രത്യുഗ്രൈൎന്ധരകാണ്ഡപ്രളയഘനഗ-
ഭാംവളൎത്തംഗഭാഷാം
ദുഷ്പ്രേക്ഷ്യദിവ്യാസ്ത്രസംഘാനധിഗഗനമധി-
ഗ്ന്നാഗതംമേഘരോദ്ധ്യ.
ഗ്നിഭോദനാംവൈഷ്ണവാസ്ത്രംവിരവിതൊടു
തങ്ങുനിൎത്തീഹരാസ്ത്രം. (൨൧
അസ്ത്രപ്രത്യസ്ത്രജാലപ്രപരനവിഷമേ
സംഗരേജൃംഭണാസ്ത്രം
മദ്ധ്യേമല്ലാരിമന്ത്രിച്ചുള്ളവിളക്കിനസ-
ന്ത്രാസമെന്തോന്നരചാൽവൃ
ഷാങ്കതാപംപൂണ്ടുമണ്ടീടിരിരിരിരിഭന്ത-
പ്രേതവേതാളജാതം
കൃത്താനീകോവിമൂൎഛൻവൃഷഭപരമൃപാ-
ലംബ്യതസ്ഥൌകപാലീ.
സബന്ധുവൎഗ്ഗേസബലേപരാജിതേ
പ്രഭ്രതകോപാദപഹായസാത്വകിം
പ്രഭാവശാലീബലിസൂനരഭ്യഗാ-
ദ്ഗോപാത്തധനപാസരഥീമുരാന്തകം.

# സുദൎശനം

പ്രസന്നസാമ്രാജ്യം ഒരു വലിയ രാജ്യവും അതിന്റെ തലസ്ഥാനപട്ടണമായ പാരിജാതപുരം പരിഷ്കാരകേന്ദ്രസ്ഥാനവുമാണ്. ഭൂമിശാസ്ത്രക്കാർ ഈ രാജ്യത്തെപ്പറ്റിയോ നഗരത്തെപ്പറ്റിയോ പറഞ്ഞിട്ടില്ലെങ്കിൽ അതിന്റെ കാരണം ആ രാജ്യം സ്വൎഗ്ഗമാണെന്നു ഭ്രമിച്ചിട്ടായിരിക്കണം. ഈ നഗരത്തിൽനിന്നാണ് നാഗരികത്വ

ളയിച്ചു പല വഴിയായി ഭൂഗോളത്തിൽ മിക്കതും പ്രവഹിച്ചിട്ടുള്ളത്. അനേകം മഹാരാജാക്കന്മാരുടെ ഭരണത്താൽ ഏററവും ശ്രേയസ്സിന്നാസ്പദമായ ഈ പട്ടണത്തിലുള്ള മഹാക്ഷേത്രങ്ങൾക്കു പ്രത്യേകമായിത്തന്നെ ഒരു ചൈതന്യം അധികമുണ്ട്. കഴിഞ്ഞ ശതാബ്ദത്തിന്റെ ആരംഭകാലത്ത് പാരിജാതപുരത്തിലേ ഒരു വലിയ തെരുവിഥിയുടെ മദ്ധ്യത്തിലായി ഒരു വിഷ്ണുക്ഷേത്രത്തിന്റെ പ്രധാനഗോപുരം മാത്രം നിൽക്കുന്നുണ്ടായിരുന്നു. വിഷ്ണുദ്വേഷികളായ വീരശൈവന്മാർ കുറെക്കാലം മുമ്പുതന്നെ ക്ഷേത്രം മുഴുവനും നശിപ്പിച്ചുകളഞ്ഞിരുന്നു എങ്കിലും ഗോപുരത്തിന്റെ രമ്യതനിമിത്തം അവൎക്കു അതു നശിപ്പിക്കാൻ തോന്നിയില്ല. 'സുദൎശനം' എന്നു പ്രസിദ്ധമായ ഈ ഗോപുരം അത്യുന്നതവും വെണ്മാടമായി പണിചെയ്യിച്ചിട്ടുള്ളതുമാകയാൽ അതിന്റെ മുകളിൽ കയറി നോക്കുന്നവൎക്കു പാരിജാതപുരത്തിലെ സകല വിശേഷങ്ങളും ഒന്നായിക്കാണ്മാൻ കഴിയുന്നതാണ്. സ്ഥലദൌൎല്ലഭ്യത്താൽ ഇക്കാലത്ത് സുദൎശനഗോപുരത്തിൽ ജനങ്ങൾ സ്ഥിരമായി താമസിക്കുന്നുണ്ടെങ്കിലും നൂറുകൊല്ലംമുമ്പെ അത് ഒഴിഞ്ഞു കിടക്കുകയായിരുന്നു.

ഞാൻ ഒരു ദിവസം രാത്രി നിലാവത്തു സുദൎശനഗോപുരം നിൽക്കുന്ന തെരുവിൽക്കൂടി പോകയായിരുന്നു. അപ്പോൾ പെട്ടന്ന് ആ ഗോപുരത്തിനുള്ളിൽനിന്നു ഒരു സ്ത്രീയുടെ ആൎത്തനാദം കേട്ടു. ചെവിയോൎത്തപ്പോൾ ഉയരത്തിലുള്ള സ്ഥലത്തുനിന്നാണ് പുറപ്പെടുന്നതെന്നു തോന്നി. ഉടനെ വാതുക്കൽ ചെന്ന് ഉറക്കെ വിളിച്ചു. ആരും വിളി കേട്ടില്ല. വാതിൽ ഉന്തിനോക്കിയപ്പോൾ തുറന്നതിനാൽ സാക്ഷയിട്ടിരിക്കുമെന്നു കരുതിയതു ശരിയല്ലെന്നു വിചാരിച്ചു സന്തോഷിച്ചു. കെട്ടിടത്തിനകത്തു കടന്നപ്പോൾ അവിടത്തെ കൂരിരുട്ടുകൊണ്ടു യാതൊന്നും കാണ്മാൻ കഴിയാതെ തപ്പിത്തടഞ്ഞു നടന്നു. അല്പം കഴിഞ്ഞപ്പോൾ വിസ്താരം കുറഞ്ഞ ഒരു കോണിപ്പടിയ്ക്കടുത്തെത്തി. സ്ത്രീയുടെ നിലവിളി അപ്പൊഴും കേട്ടിരുന്നു. എന്നാൽ അതു വളരെ താന്നസ്വരത്തിലായിത്തീൎന്നിരിക്കുന്നു. കോണി കയറി ആദ്യത്തെ തട്ടിലെത്തിയപ്പോൾ നിലവിളി തീരെ കേൾക്കാതായി. എങ്കിലും ശബ്ദം പുറപ്പെട്ടിരുന്ന ദിക്കിനെ ലക്ഷ്യമാക്കി പിന്നെയും ഒരു കോണി കയറിച്ചെന്നപ്പോൾ തുറന്നുകിടക്കുന്ന ഒരു വാതിൽ കണ്ടെത്തി. അതു മൂന്നാംതട്ടിലെ ജനവാതിലുകളുടെ വിതാനമാണെന്നു മനസ്സിലായി. അവിടെനിന്നു വീണ്ടും ചെവിയോൎത്തു. നിലവിളി കേട്ടില്ല. ഒരാളുടെ ക്രൂക്കാവലി കേട്ടു. ഞാൻ വളരെ സൂക്ഷിച്ചു മുമ്പോട്ടു ചെന്നു. പെട്ടന്ന് ഒരു മനുഷ്യദേഹത്തിന്മേൽ തടഞ്ഞു. 'അയ്യോ! കള്ളന്മാർ കള്ളന്മാർ!' എന്നു പറഞ്ഞ് ഒരുവൻ നിലവിളികൂട്ടി. ഞാൻ അവന്റെ കണ്ഠത്തിൽ പിടികൂടി. 'ഒരടിപോലും നീങ്ങുകയോ ആരെയെങ്കിലും വിളിക്കുകയൊ ചെയ്തുപോകരുത്' ഞാൻ ഒരു പൊല്ലീസ്സുദ്യോഗസ്ഥനാണ്. എന്റെ കയ്യിൽ വാളാണ് ഓൎത്തുകൊൾക.' എന്നു ഞാൻ പറഞ്ഞു.

'എന്നെക്കൊണ്ടു നിങ്ങൾക്കെന്താണാവശ്യം' എന്ന് ആ മനുഷ്യൻ ഒതുങ്ങിയ കൎക്കശസ്വരത്തിൽ ചോദിച്ചു.

ഞാൻ— എവിടുന്നാണ് ഇവിടെ നിലവിളി കേട്ടത്?

അയാൾ— നിലവിളിയോ? ഇവിടെ ആരും നിലവിളിച്ചിട്ടില്ല. ഞാൻ ഉറക്കത്തിലെങ്ങാനും നിലവിളിച്ചിരിക്കുമോ എന്നു നി

ശ്ചയമില്ല. അതല്ലാതെ ഇവിടെ ആരും ഇല്ല.

ഞാൻ— തനിക്കെന്താണിവിടെ?

അയാൾ—എനിക്കു വേറെ ഒരു താവളവുമില്ല. ഞാൻ കീറത്തുണികൾ പെറുക്കി വിൽക്കുന്ന ഒരു ദരിദ്രനാണ്.

ഞാൻ— താൻ ഒരു വെളിച്ചംകൊണ്ടു വരാമോ?

'ആവാം' എന്നു പറഞ്ഞ് അവൻ ഒരു മഷിപിടിച്ച റാന്തൽ കൊളുത്തി. കറുത്തിരുണ്ടു മെലിഞ്ഞുവളഞ്ഞ ഒരുവന്റെ മുമ്പിലാണ് ഞാൻ നിൽക്കുന്നതെന്നു എനിക്കു മനസ്സിലായി. അയാളുടെ വസ്ത്രങ്ങൾ കീറിപ്പൊളിഞ്ഞിരുന്നു. കിടന്നിരുന്നതു വയ്ക്കോലിലായിരുന്നതിനാൽ ദേഹത്തിൽ അവിടവിടെ വയ്ക്കോൽ തുരുമ്പുകൾ പററിയിരിക്കുന്നുണ്ട്.

ഞാൻ— തനിക്ക് ഈ ഗോപുരത്തിന്റെ എല്ലാ ഭാഗവും നല്ല പരിചയമുണ്ടോ?

അയാൾ— ഇല്ല. ഈ തട്ടിന്റെ മീതെയുള്ള ഭാഗത്ത് ഒരിക്കലും ഞാൻ പോയിട്ടില്ല.

ഞാൻ— ഞാൻ ഈ കെട്ടിടം മുഴുവൻ ഒന്നു പരിശോധിപ്പാൻ പോകുന്നു. താൻ എന്റെ കൂടെ വരണം.

ഉടനെ ഞങ്ങൾ രണ്ടുപേരും സ്ഥലം മുഴുവൻ പരിശോധിച്ചു. നിലവിളി കേട്ടത് ആ കെട്ടിടത്തിൽ നിന്നാണെന്നതിന്ന് ഒരു തെളിവും കണ്ടില്ല. മടങ്ങിവരുമ്പോൾ എന്റെ കാൽ കഠിനമേറിയ ഒരു ചെറിയ സാധനത്തിന്മേൽ പതിച്ചതായി തോന്നി. നോക്കിയപ്പോൾ അതൊരു പതക്കമായിരുന്നു. ഇതു കണ്ടിട്ട് അവൻ അല്പം ആലോചന നടിച്ച്, 'ഇന്നുരാവിലെ ചില സ്ത്രീകൾ ഈ ഗോപുരത്തിനുള്ളു കാണ്മാൻ വന്നിരുന്നു. അവർ ഉള്ളിൽ കടക്കുന്നത് ഞാൻ കണ്ടു' എന്നു പറഞ്ഞു. അവനെ പിടിച്ചു പോലീസ്സിൽ ഏല്പിച്ചാലോ എന്നു ഞാൻ സംശയിച്ചു. പക്ഷെ അതിന്ന് എനിക്കു മതിയായ ന്യായം ഇല്ലെന്നു തോന്നി. അതിനാൽ പതക്കത്തിന്നും നിലവിളിക്കും പരസ്പരസംബന്ധമില്ലെന്നു തീരുമാനിച്ചു മടങ്ങിപ്പോന്നു.

പിററന്നാൾ രാവിലെ മജിസ്ട്രേട്ടിന്റെ അടുക്കൽ ചെന്ന് ഉണ്ടായ സംഗതികളെല്ലാം പറഞ്ഞു. മജിസ്ട്രേട്ട് ഹേഡ്കൺസ്റ്റബിൾ വീരപ്പനെ ആളയച്ചുവരുത്തി ഞങ്ങൾ മൂന്നാളുംകൂടി ഗോപുരത്തിനകത്തു പരിശോധിപ്പാൻ പുറപ്പെട്ടു. ഗോപുരം നില്ക്കുന്ന വീഥിയിലെക്കു ഞങ്ങൾ കടക്കുമ്പോൾ രാത്രിയിൽ ഞാൻ കണ്ട പഴന്തുണിപ്പെറുക്കിയെക്കണ്ടു. അവൻ എന്നെ തിരിച്ചറിഞ്ഞു വന്ദിക്കയും എന്റെ കൂട്ടുകാരെ ലേശം ഭയംകൂടാതെ നോക്കയും ചെയ്തിട്ട് ആ തെരുവിന്റെ ഒററത്തുള്ള കുപ്പയിൽ പഴന്തുണികൾ തിരഞ്ഞു നോക്കിത്തുടങ്ങി. എന്നാൽ ആ പ്രവൃത്തിയിൽ തഴക്കം വരാഞ്ഞാൽ ഉണ്ടാകുന്ന വെറുപ്പോടുകൂടിയാണ് അവൻ അതു ചെയ്യുന്നതെന്നു ഞാൻ സൂക്ഷിച്ചുനോക്കി മനസ്സിലാക്കി. ഞങ്ങൾ ഗോപുരത്തിൽ ചെന്നു കഴിയുന്നിടത്തോളം സൂക്ഷ്മമായി പരിശോധിച്ചു. പരിശോധന നിഷ്ഫലമായി അവസാനിച്ചതിന്നശേഷം തെരുവീഥിയിലെക്കു മടങ്ങി. പഴന്തുണിപ്പെറുക്കി അപ്പോഴും അവിടെത്തന്നെ അതേ ജോലി ചെയ്തുകൊണ്ടു നിന്നിരുന്നു.

മജി— ഓ എന്റെ കൈലേസ്സ് ആ ഗോപുരത്തിൽ ഇട്ടുപോന്നു. ഗോപുരത്തിന്റെ വെണ്മാടത്തിൽ വെച്ചാണ് ഒടുവിൽ ഉപയോഗിച്ചത്.

ഇതു കേട്ടപ്പോൾ വീരപ്പൻ അതെടുത്തുകൊണ്ടു വരുവാൻ പോയി. ഞാനും അ

മജിസ്ട്രേട്ടും പഴണ്ണുന്നിപ്പെറുക്കിയോട് ഓരോ ന്നു ചോദിച്ചുകൊണ്ടു നിന്നു. അര മണിക്കൂറു കഴിഞ്ഞു. വീരപ്പനെ കണ്ടില്ല. ഞങ്ങളെ കാണാതെയോ ഞങ്ങൾ കാണാതെയോ ഗോപുരത്തിൽ നിന്നു പുറത്തു പോവാൻ നിവൃത്തിയുണ്ടായിരുന്നില്ല. ഒടുവിൽ ഞങ്ങൾ ഗോപുരത്തിൽ ചെന്നു വീരപ്പനെ തേടിനോക്കി. അയാളെയും കണ്ടില്ല. ഞങ്ങൾ മടങ്ങി. 'കാണാം കണ്ടുപിടിപ്പാൻ വളരെ പ്രയാസമുള്ള ഒരു രഹസ്യം ഇതിലുണ്ട്. അതിന്ന് ആന്നിയായി നില്ക്കുന്നത് ഈ പഴണ്ണുന്നിപ്പെറുക്കിയാവാനാണ് എളുപ്പം. എന്നാൽ അവനെ പിടിക്കുന്നതിന്ന് ഒരു കാരണവും മതിയാകുന്നതുമില്ല' എന്നു മജിസ്ട്രേട്ട പറഞ്ഞു. ഞങ്ങൾ പിരിഞ്ഞു.

അന്നുരാത്രി ലഹളയുണ്ടാകുമെന്നു വിചാരിച്ചിരുന്ന ഒരു ചേക്കുകളിപ്പുരയിലേക്ക് പോലീസ്സ് ഉടപ്പിടാതെ എനിക്കു പോകേണ്ടിവന്നു. ഏകദേശം പത്തുമണിയായപ്പോൾ എതൊരു മുറിയിൽ നടക്കുന്ന കൃത്യങ്ങളെല്ലാം ഞാൻ വിടാതെ നോക്കിക്കൊണ്ടിരിക്കുമ്പോ അതു മുറിയിലേക്കു നല്ല വസ്ത്രം ധരിച്ച ഒരാൾ കടന്നുവന്നു ശങ്കകൂടാതെ കളി തുടങ്ങി. അയാൾ ചുരുങ്ങിയ സംഖ്യ മാത്രമേ പന്തയം വെച്ചുള്ളു എങ്കിലും എല്ലാം ജയിച്ചെടുത്തു. അയാൾക്ക് നേട്ടം ഉണ്ടായത് കളിയുടെ വശതകൊണ്ടല്ല ഭാഗ്യംകൊണ്ടാണ്. മണി പന്ത്രണ്ടടിച്ചപ്പോൾ അയാൾ കളി നിർത്തി പുറത്തേയ്ക്കു പോയി. എന്നെ അയാൾ കണ്ടില്ല. കണ്ടാൽ അവിടെ നിൽക്കില്ലായിരുന്നു. ചുങ്ങിയത് ഇരുനൂറു പവനോളം നേടി മടിശ്ശീലയിലാക്കി പുറത്തേയ്ക്കു പോയ ആ മനുഷ്യൻ സുദർശനഗോപുരത്തിൽ പാക്കുന്ന പഴണ്ണുന്നിപ്പെറുക്കിയായിരുന്നു. അയാൾ വല്ലാൽ മെത്തയിൽ തന്നെയാണോ കിടക്കുവാൻ പോകുന്നതെന്നറിവാൻ എനിക്ക് അത്യാഗ്രഹമുണ്ടായിരുന്നുവെങ്കിലും തൽക്കാലം ഒരു പ്രത്യേകകല്പനയനുസരിച്ചു പ്രവൃത്തിക്കുന്ന അവസരമാകയാൽ നിവൃത്തിയുണ്ടായില്ല. കളിപ്പുരയിലെ മേലന്വേഷണക്കാരോട് 'അയാൾ പതിവായി കളിക്കുവാൻ വരാറുണ്ടോ' എന്നു ചോദിച്ചതിന്ന് 'അന്ന് ആദ്യമാണ് അവിടെ വന്നത്' എന്നായിരുന്നു ഉത്തരം.

അരുണോദയത്തിനു മുമ്പായി കളിപ്പുര അടച്ചു പൂട്ടി. എനിക്കു സാമാന്യം ക്ഷീണമുണ്ടായിരുന്നുവെങ്കിലും കൂട്ടാക്കാതെ തൽക്ഷണം സുദർശനഗോപുരത്തിലെത്തി. ബദ്ധപ്പെട്ടു കോണിപ്പടി കയറി. ഓടി വന്നതുകൊണ്ടുണ്ടായ കിതപ്പു മാറുവാൻ വേണ്ടി ചുമരിന്മേൽ ചാരി അല്പനേരം വിശ്രമിക്കാമെന്നു കരുതി ചുമരു തപ്പി നോക്കിയപ്പോൾ തണുത്ത ഒരു സാധനത്തിന്മേൽ കൈ മുട്ടി. നോക്കിയപ്പോൾ അതൊരു മനുഷ്യമുഖമാണെന്നു തോന്നി. ഒരു മൃതശരീരത്തിന്റെ മുഖം ആ സ്ഥലത്ത് ആ സമയത്തു തൊട്ടാൽ എവനും ഒന്നു ഞെട്ടാതിരിക്കുമെന്നു തോന്നുന്നില്ല. എന്റെ മനസ്സിലാകട്ടെ മുമ്പു കേട്ട നിലവിളിയും, പതക്കവും, പഴണ്ണുന്നിപ്പെറുക്കിയും, അവന്റെ മറിമായങ്ങളും, ഈ തലയും എല്ലാം കൂടി വല്ലാത്ത പരിഭ്രമമുണ്ടാക്കിത്തീർത്തു. പെട്ടെന്നു കോണിയിറങ്ങി. രണ്ടാമതും സംഗതികളെപ്പററി ആലോചിച്ചപ്പോൾ എന്റെ ഭയത്തെപ്പററി എനിക്കു വല്ലാത്ത ലജ്ജ തോന്നി. ഞാനല്ലാതെ വേറെ ഒരാളും കൂടി ആ കെട്ടിടത്തിൽ നടക്കുന്ന ശബ്ദം കേട്ടപോലെ തോന്നിയതിനാൽ വീണ്ടും കോണി കയറണമെന്നു തീർച്ചയാക്കി. ശവമുഖം വീണ്ടും തൊടാതിരിപ്പാൻ വേണ്ടി ഒഴിഞ്ഞുമാറി കോണി കയറി രണ്ടാം തട്ടിലെ വലിയ

മുറിയിൽ കടന്നു. ആ സമയം അഞ്ചുമണി അടിക്കുന്നതു കേട്ടു.

നേരം നല്ല പ്രകാശമായി. അതാ ആ മുറിയുടെ ഒത്ത നടുവിൽ നല്ല ഉറക്കമാണെന്നു നടിച്ചുംകൊണ്ടു പഴന്തുണിപ്പെറുക്കി വയ്ക്കോലിൽ കിടക്കുന്നു. ഞാൻ അയാളെ ഉണർത്തുവാൻ ഭാവിച്ചപ്പോഴേക്കും ആ മുറിയുടെ തെക്കെ അററത്ത് ഒരു വാതിൽ പതുക്കെ തുറക്കുന്ന ശബ്ദം കേട്ടു. ഗോപുരത്തിന്റെ മേത്തട്ടിലുള്ള മുറികളിലേക്കും വെണ്മാടത്തിലേക്കും കയറുവാനുള്ള അന്തരാളത്തിന്റെ വാതിലാണ് തുറന്നതെന്ന് എനിക്കു മനസ്സിലായി. ഞാൻ നോക്കിയപ്പോൾ ഒരുവന്റെ നിഴൽ കണ്ടു. അയാൾ എന്നെ കണ്ട ഉടൻ പിന്നാക്കം പോയി. ഈ സമയം പഴന്തുണിപ്പെറുക്കി പെട്ടെന്നു എണീററ് ഉൽകണ്ഠയോടെ ചുററും നോക്കുന്നതു കണ്ടു. ഞാൻ ഉടനെ ആ നിഴൽ കണ്ട വാതിൽക്കലേക്കു പാഞ്ഞുചെന്നു. കോണിപ്പടി രണ്ടും മൂന്നും ഒന്നായി ചാടിക്കയറി. ആരോ എന്റെ തലക്കു മീതെയുള്ള കോണി ധൃതിയിൽ കയറുന്നുണ്ടെന്നു തീർച്ചയായി. എന്റെ ഗതി വേഗം വർദ്ധിച്ചു. ഞാൻ കയറിച്ചെന്നതു വെണ്മാടത്തിലായിരുന്നു. അവിടെ ഒരാളെയും കണ്ടതുമില്ല. ഞാൻ ഭഗ്നാശയനായി തന്നെത്താൻ ശപിച്ചു തുടങ്ങി. താഴെയുള്ള മുറിയിൽനിന്നു എന്നെ പരിഹസിക്കുന്ന മട്ടിൽ ആരോ ഉറക്കെച്ചിരിക്കുന്നതു കേട്ടു. എന്താണ് ഞാൻ ചെയ്യേണ്ടതെന്ന് ആലോചിച്ചിട്ടുണ്ടായില്ല. ഞാൻ എന്റെ സങ്കല്പത്താൽ വഞ്ചിതനായോ? ഇല്ല. അയാൾ ഉയരവും സൌന്ദര്യവും ഉള്ള ഒരുത്തനാണ്. തലമുടിയുടേയും മേൽമീശയുടേയും നിറം അല്പം ചെമ്പിച്ചതാണ്. എന്നാൽ അയാളെവിടെപ്പോയി? വെണ്മാടത്തിന്റെ മുകളിൽ കയറിയാൽ കാണാതാകണമെങ്കിൽ ഒന്നുകിൽ കീഴ്പ്പോട്ടു ചാടണം, അല്ലെങ്കിൽ കാററായ്പ്പരിണമിക്കണം. ഇപ്രകാരം വിചാരിച്ച് എനിക്കു വളരെ അത്ഭുതം തോന്നിയെങ്കിലും ആ വെണ്മാടത്തിന്റെ മുകളിൽ എത്തിയപ്പോൾ അവിടെനിന്നുകൊണ്ട് അതിന്റെ നാലു വശത്തും ഉള്ള കൈവരിയുടെ മീതെ എല്ലായിടത്തേക്കും ഒന്നു നോക്കാതിരുന്നില്ല. ഞാൻ അപ്പോൾ നിന്നിരുന്നതു 170 അടി ഉയരത്തിലായിരുന്നു. അവിടെ നിന്നു നോക്കിയപ്പോളാണ് ആ മഹാ നഗരത്തിന്റെ ഗാംഭീര്യം എന്നെ അത്യാശ്ചര്യപ്പെടുത്തിയത്. എന്നാൽ ആകാഴ്ച ഒരു മിനുട്ടു നേരമെങ്കിലും എന്നെ ആശ്വാസപ്പെടുത്തിയില്ല. എന്തുകൊണ്ടെന്നാൽ ആ പഴന്തുണിപ്പെറുക്കി താഴെയുള്ളതുകൊണ്ടു അവനോടു വീണ്ടും ചില ചോദ്യങ്ങൾ ചോദിപ്പാനായിരുന്നു എന്റെ മനസ്സു വ്യാകുലപ്പെട്ടിരുന്നത്. കോണിയിറങ്ങി രണ്ടാം തട്ടിൽ വന്നപ്പോൾ അവൻ വയ്ക്കോലിൽ തന്നെ കിടക്കുന്നുണ്ട്. കണ്ണടച്ചിരുന്നില്ല. ഞാൻ പല ചോദ്യങ്ങളും അവനോടു കുത്തിക്കുത്തി ചോദിച്ചു. അവൻ ചേക്കകളിലു പോയതേ ഇല്ല എന്നു തീർച്ച പറഞ്ഞതുപോലെ തന്നെ മററാരു പ്രാണിയും ആ ഗോപുരത്തിൽ താമസിക്കുന്നതായി അവനറിവില്ലെന്നും ഖണ്ഡിച്ചു പറഞ്ഞു. ഈ സ്ഥിതിക്കു അനന്തരകരണീയമെന്തെന്നു തീർച്ചയാക്കാതെ തന്നെ ഞാൻ ആ മുറിയിൽനിന്നു പതുക്കെപ്പോന്നു. പോരുമ്പോൾ ഭിത്തിയിൽ ശവമുഖം തൂക്കീട്ടുണ്ടോ എന്നു നോക്കി. ഒരു വലിയ ആണി മാത്രമല്ലാതെ യാതൊന്നും അവിടെ കണ്ടില്ല. എല്ലാ സംഗതികളും റിപ്പോർട്ടു ചെയ്യാനായി ഞാൻ മജിസ്ത്രേട്ടുകോടതിയിലേക്കു നടന്നു. മജിസ്ത്രേട്ടിനെക്കണ്ടതിനു ശേ

ഷായും എന്റെ സംശയങ്ങൾക്കു സമാധാനമുണ്ടായില്ല. രാത്രിയിൽ ഉറക്കമൊഴിച്ചതുകൊണ്ടും ക്ഷീണംകൊണ്ടും ഭക്ഷണം കഴിച്ചു കാച്ചുറങ്ങുവാനായി ഞാൻ സ്വഗൃഹത്തിലേക്കു മടങ്ങി.

രണ്ടു മണിയോടു കൂടി ഞാൻ ഉറക്കം ഉണന്നപ്പോൾ അല്പം ഒരു തലവേദനതോന്നുകയാൽ അതു ശമിപ്പാൻ വേണ്ടി കുറെ അധികം നടക്കണമെന്നു നിശ്ചയിച്ചു ആനാവഴിയിൽ കൂടി കാണാപുറത്തു ചെന്നു വസന്തോദ്യാനത്തിൽ ചുററി നടക്കാമെന്നു കരുതീട്ടാണ് ഞാൻ മൂന്നു മണിക്കു സവാരി തുടങ്ങിയത്. കാണാപുറത്ത് അമ്പലത്തിന്റെ സമീപത്തു കൂടി സാവധാനത്തിൽ ലാത്തികൊണ്ടിരിക്കുമ്പോൾ ഒരു വീടിന്റെ പടിക്കൽ രണ്ടാൾ നില്ക്കുന്നതു കണ്ടു. അവരുടെ ആകൃതികൾ എന്റെ ശ്രദ്ധയെ പെട്ടെന്ന് ആകഷിച്ചു. അവരെ തിരിച്ചറിവാൻ എനിക്കു ലേശം പ്രയാസമുണ്ടായിരുന്നില്ല. ഒന്നു പഴഞ്ഞുണിപ്പെരുക്കിയും മറേറതു സുദശ്നഗോപുരത്തിന്റെ രണ്ടാം തട്ടിൽ വെച്ച് ഒരു നിഴലാട്ടം കണ്ട ആ ഉയന്ന സുന്ദരനുമായിരുന്നു. അതിശ്രദ്ധയോടുകൂടി പരസ്പരം സംസാരിച്ചുകൊണ്ടു നില്ക്കുന്ന അവർ അധികം സമീപത്തല്ലാത്ത എന്നെ കണ്ടില്ല. പൊല്ലീസ്സുടുപ്പാകയാൽ സംശയിപ്പാനും വഴിയുണ്ടായിരുന്നില്ല. പഴഞ്ഞുണിപ്പെരുക്കിയുടെ അപ്പോഴത്തെ വേഷം ചേക്കുകളിക്കു വന്നപ്പോൾ ഉണ്ടായിരുന്നതുതന്നെയായിരുന്നു. അയാൾ കുപ്പായക്കീശയിൽനിന്ന് ഒരു കൃത്രിമമാനുഷമുഖം എടുത്തു കൂട്ടുകാരനെ കാണിക്കുന്നതും മററവൻ അതു വാങ്ങി നോക്കി കഷണം കഷണമാക്കിക്കളയുന്നതും ഞാൻ കണ്ടു. അല്പം കഴിഞ്ഞപ്പോൾ മൂന്നാമതൊരാൾ കൂടി അവരുടെ സമീപത്തിൽ ചെന്നു അതു സുദശ്നഗോപുരത്തിലേക്കു കൈലേസ്സെടുപ്പാൻ അയച്ചതിൽ പിന്നെ പല അന്വേഷണങ്ങളും നടത്തിട്ടും അതുവരെ കണ്ടുകിട്ടാത്ത ഫൈറിക്കൺസ്റ്റേബിൾ വീരപ്പനായിരുന്നു. ഇതു കണ്ടപ്പോൾ എനിക്കുണ്ടായ വിസ്മയത്തിന്ന് അതിരില്ലാതായിത്തീന്നു. ഞാൻ ഉദാസീനനെപ്പോലെ ലാത്തിക്കൊണ്ടിരുന്നു. ഉടനെ അവർ മൂന്നാളും വീട്ടിനുള്ളിലേക്കു കടന്നു. ഞാൻ പതുക്കെ അടുത്തു ചെന്നു. വീട്ടിൽ ആരും താമസമില്ലെന്നും അവർ സ്വൈരസല്ലാപത്തിന്നുവേണ്ടി അവിടെ ചെന്നതാണെന്നും അവിടുത്തെ കാവൽക്കാരനായ ഒരു ചെറുക്കൻ പറഞ്ഞു. ഞാൻ അവന്റെ കയ്യിൽ അര ഉറുപ്പിക വെച്ചുകൊടുത്ത് അവരിരിക്കുന്നതിന്റെ അടുത്ത മുറിയിൽ എന്നെ ഇരിപ്പാൻ അനുവദിക്കണമെന്നും അത് അവരറിയരുതെന്നും പറഞ്ഞു. കാവൽക്കാരൻ അപ്രകാരം ചെയ്യാൻ അനുവദിച്ചപ്പോൾ എന്റെ മനസ്സിൽ അതിയായ സന്തോഷമുണ്ടായി. അകത്തു ചെന്നു പരിശോധിച്ചപ്പോൾ രണ്ടു മുറികളുടേയും നടുവിലുള്ള ഭിത്തിമേൽ ഒരു ചെറിയ ദ്വാരവും കൂടി കണ്ടതിനാൽ ദൈവം അനുകൂലമാണെന്നു തീച്ചപ്പെടുത്തി ശ്രദ്ധ വെച്ചു കേട്ടു.

വീരപ്പൻ—ഞാൻ കൃത്യത്തിനു വന്നില്ലേ?

ഉന്നതകായൻ—ഒരു മിനിട്ടു വൈകീട്ടില്ല. നിങ്ങൾ മിണ്ടാതിരുന്നതിന്നുള്ള സമ്മാനം ഇപ്പോൾതന്നെ തരാം.

വീരപ്പൻ—ആ ഗോപുരത്തിന്റെ മുകളിൽ വെച്ച് എന്റെ തലക്കു കിട്ടിയ കൊട്ടിനു 1000 പവൻ അധികമായിട്ടില്ലെന്നു ഞാൻ വിചാരിക്കുന്നു.

ഉന്നത—ആ പെണ്ണും അവളുടെ മുതലും കൈവശമായാൽ അതിലിരട്ടിയും തരു

വാൻ എനിയ്ക്കു മടിയില്ല. ഈ സമത്ഥനായ ലവണന്റെ സഹായത്താൽ—

'ഹാ! ഹാ! പഴന്തുണിപ്പെറുക്കി എന്ന പറയൂ' എന്ന് എന്നെ വഞ്ചിപ്പാനായി ആ വേഷം കെട്ടിയിരുന്ന ആ കള്ളൻ ചിരിച്ചുകൊണ്ടു പറഞ്ഞു. ഉന്നതകായൻ അനേകം ബാങ്ക്നോട്ടുകൾ വീരപ്പനായി നീട്ടിക്കൊണ്ട്—സ്നേഹിതാ! ഇതാ ആയിരം പവൻ. നാം തമ്മിലുള്ള ഉടമ്പടി ഓൎമ്മയുണ്ടല്ലൊ. നിങ്ങൾ വേഗം ഈ നാടു വിട്ടു പോണം. ഞാൻ ആ പെണ്ണിനെ കല്യാണം കഴിച്ചാൽ—

വീര—ഉടനെ ബാക്കി സംഖ്യ ഞാനിരിയ്ക്കുന്നിടത്തു എത്തിച്ചു തരും അല്ലെ?

ഉന്ന—നിശ്ചയമായും. അതിന്നു പുറമെ എന്നാൽ കഴിയുന്ന സഹായങ്ങളും ചെയ്യും.

വീര—ഞാൻ നിങ്ങളെ അധികം ബുദ്ധിമുട്ടിയ്ക്കുന്നില്ല. എന്റെ യാത്ര ഞാനും തീൎച്ചപ്പെടുത്തീട്ടുള്ളതാണ്. എനിയ്ക്കു ബോധം വന്ന ശേഷം ആ അപകടഗുഹയിലാണ് ഞാൻ അകപ്പെട്ടിരിയ്ക്കുന്നതെന്നറിഞ്ഞിട്ടും നിങ്ങളുടെ ഉടമ്പടി സ്വീകരിപ്പാൻ നിങ്ങൾക്കു വളരെ ബുദ്ധിമുട്ടേണ്ടി വന്നിട്ടുള്ളത് ഓൎമ്മയുണ്ടല്ലൊ.

ഉന്ന—നിങ്ങളെ വിശ്വസിപ്പാൻ നല്ല ആളാണെന്നു ഞാൻ സമ്മതിയ്ക്കുന്നു.

വീര—ആ വിശ്വാസം നിങ്ങൾക്കുണ്ടെന്ന് എന്നെ ആ ഗുഹയിൽനിന്നു വിട്ടതുകൊണ്ടു തന്നെ എനിക്കറിയാം. പഴന്തുണിപ്പെറുക്കി ചിരിച്ചുകൊണ്ട്— ആ സാധുപ്പെണ്ണുങ്ങൾ ഇപ്പോൾ എന്തു ചെയ്യുന്നു ആവോ. എത്ര നിലവിളിച്ചാലും അവരുടെ ശബ്ദം പുറത്തുകേൾക്കില്ല.

ഇതിലധികം കേൾപ്പാൻ എനിയ്ക്കു ക്ഷമയുണ്ടായില്ല. ഉടനെ ചെയ്യേണ്ടതു ഞാൻ തീൎച്ചപ്പെടുത്തി. പോല്ലീസ്സ്റ്റേഷനിൽ ചെന്ന് അഞ്ചു കാൻസ്റ്റബിൾമാരെക്കൂട്ടിക്കൊണ്ടു വന്നു. വീരപ്പനും കൂട്ടുകാരും ബന്ധനത്തിലായി. കാൽമണിക്കൂറിന്നുള്ളിൽ മജിസ്ത്രേട്ടിന്റെ മുമ്പിൽ ഹാജരാക്കി. ക്രമേണ താഴേ പറയുന്ന സംഗതികൾ ആ കറക്കാരിൽ നിന്നു വെളിപ്പെട്ടു.

പാരിജാതപുരത്തിലെ 'കണ്ഠീരവവീഥി'യിൽ 'ഭാരതി'അമ്മ എന്നൊരു വിധവയുണ്ട്. ആ സ്ത്രീയ്ക്കു സന്താനമായി ഒരു മകൾ മാത്രമേ ഉള്ളൂ. വിധവയ്ക്കു അനവധി സ്വത്തും പുത്രിയ്ക്കു അസാമാന്യ സൗന്ദൎയ്യവും ഉണ്ട്. ലക്ഷ്മീദാസൻ എന്ന ഒരു പ്രഭു എങ്ങിനെയോ അവരുടെ പരിചയം സമ്പാദിച്ചു. എന്നാൽ അയാളുടെ ധൂൎത്തവൃത്തിയും ഭാരതിഅമ്മ അറിഞ്ഞ ഉടനെ അയാളുടെ പരിചയം തനിയ്ക്കാവശ്യമില്ലെന്ന് ആ സ്ത്രീ മൎയ്യാദപ്രകാരമാണെങ്കിലും സ്ഥിരനിശ്ചയത്തോടുകൂടി അയാളെ അറിയിച്ചു. മേലാൽ തന്റെ ഗൃഹത്തിൽ വരേണ്ടെന്നു പറകയും ചെയ്തു. പ്രഭു പലതും ശ്രമിച്ചിട്ടും വിധവയുടെ നിശ്ചയം ഇളകിയില്ല. ലക്ഷ്മീദാസന് ഏതുവിധം ദുഷ്ടതയും സ്ത്രീവിഷയത്തിൽ പ്രത്യേകിച്ചും ആലോചിച്ചു പ്രവൃത്തിപ്പാൻ നിപുണനായി ലവണൻ എന്നു പേരായ ഒരു ഭൃത്യനുമുണ്ട്. ലക്ഷ്മീദാസൻ സമ്പന്നനായാൽ അതിന്റെ രഹസ്യം തന്റെ കൈവശമിരിയ്ക്കുന്ന കാലത്തോളം തനിയ്ക്കും സമ്പൽസമൃദ്ധി സ്ഥിരമാണെന്ന് അവൻ കണ്ടുവെച്ചിട്ടുമുണ്ട്. കുറച്ചുകാലം മുമ്പു സുദൎശനഗോപുരം വെടിയുണ്ടാക്കുന്ന ഒരു ശാലയായി ഉപയോഗിച്ചിരുന്നു. ലവണൻ ആ തൊഴിൽ എടുത്തു വന്നിരുന്നവനാണ്. അക്കാലത്ത് ആ ഗോപുരത്തിലെ ഒരു ഗൂഢസ്ഥലം യദൃച്ഛയാ അയാൾ കണ്ടെത്തിയിരുന്നു. അതിനെ ഇപ്പോൾ പ്രയോജനകരമാക്കാൻ

ന്നും നിശ്ചയിച്ചു. വൎദ്ധമാനപുരത്തിൽ പാൎക്കുന്ന സഹോദരിയെക്കാണുവാൻ ഭാരതിയമ്മ പോയിട്ടുണ്ടെന്നും പത്തു ദിവസം താമസമുണ്ടെന്നും മകൾ പോയിട്ടില്ലെന്നും ഉള്ള വിവരം പ്രഭുവും ഭൃത്യനും അന്വേഷിച്ചറിഞ്ഞു. എത്ര സൂക്ഷിച്ചു നോക്കിയാലും വ്യാജം മനസ്സിലാക്കുവാൻ കഴിയാത്തതും മെഴുകുകൊണ്ടുണ്ടാക്കിയതുമായ ഒരു കൃത്രിമമുഖം ധരിച്ചു ഒരു കിഴവിയുടെ വേഷമായി ഒരു ദിവസം സന്ധ്യ കഴിഞ്ഞ ഉടനെ ലവണൻ വിധവയുടെ വീട്ടിൽ ചെന്നു. മകൾ ഭാൎഗ്ഗവിയും അവളുടെ പരിചാരികയും മാത്രമെ അവിടെ ഉണ്ടായിരുന്നുള്ളു. ഭാരതിയമ്മ വൎദ്ധമാനപുരത്തു നിന്നു മടങ്ങി വരുംവഴിക്കു പെട്ടെന്നു ഒരു സുഖക്കേടുണ്ടാകയാൽ കാഞ്ചികലെ ഒരു സത്രത്തിൽ കയറിക്കിടക്കുന്നു എന്നും, മകളെ ഉടനെ കൂട്ടിക്കൊണ്ടു വരുവാൻ തന്നെ പറഞ്ഞയച്ചിരിക്കയാണെന്നും ലവണക്കിഴവി അറിയിച്ചു. ഭാൎഗ്ഗവിയും പരിചാരികയും ആ കിഴവിയോടു കൂടി ഉടൻ പുറപ്പെട്ടു. ഒരു ജട്കവണ്ടി ആ കിഴവി തന്നെ കൊണ്ടു ചെന്നിട്ടുണ്ടായിരുന്നു. വണ്ടി അനേകം ഇടവഴികളിലും തെരുവീഥികളിലും ഓടിച്ചു ഒടുവിൽ ഒരു വലിയ പടിവാതിൽക്കൽ നിൎത്തി. ദേഹവും മുഖം മിക്കതും ഒരു വസ്ത്രംകൊണ്ടു മൂടി ഉയരം ഏറിയ ഒരാൾ അവരെ സല്ക്കരിക്കാൻ പടിവാതില്ക്കൽ നിന്നിരുന്നു. വണ്ടിയിലുള്ളവർ ഇറങ്ങിയ ഉടനെ വണ്ടി അതിവേഗം ഓടിച്ചുപോയി. സ്ത്രീകൾ രണ്ടുപേരും ആ അപരിചിതന്മാർകാണിച്ചവഴിയിൽക്കൂടി നടന്നു. ലവണൻ അവരെ കുടുസ്സായും തിരിഞ്ഞുതിരിഞ്ഞുപോകുന്നതായും ഉള്ള ഒരുകോണികയറി ഭാരതിയമ്മ കിടക്കുന്ന മുറിയിലേക്കാണെന്നു പറഞ്ഞു കൊണ്ടുപോയി. സ്ത്രീകൾ ഘോഷിച്ചാൽകൂടാതെ നടക്കില്ലെന്നു ശഠ്യം പിടിച്ചപ്പോൾ ലവണൻ പരിചാരികയേയും പ്രഭു ഭാൎഗ്ഗവിയേയും എടുത്തുകൊണ്ടു കോണി കയറി. ഭിത്തിയിൽ ആണി തറച്ചിട്ടുള്ളതു കണ്ടുവെന്നു മുമ്പു പറഞ്ഞ സ്ഥലത്തെത്തിയപ്പോഴാണ് കിഴവി ലവണനായത്. വെണ്മാടത്തിൽ കയറിയതിനുശേഷം അതിന്റെ മൂലയ്ക്കലുള്ള ഒരു ചെറിയ തറയുടെ സമീപത്തു ചെന്ന് ആ തറയിലെ ഒരു കല്ലിൽ പതിച്ചിട്ടുള്ള ഇരിമ്പുതകിട് ഒന്നമൎത്തി. ഉടനെ ഒരു പിച്ചളമൊട്ടു കണ്ടു. ആ മൊട്ട് അയാൾ പിടിച്ചു തിരിച്ചപ്പോൾ കല്ലുകൊണ്ടു കെട്ടിയ കൈവരിയുടെ ഏതാനും ഭാഗം പിന്നാക്കം ചെരിഞ്ഞു. അവിടെ ഒരു ഒളിവാതിൽ കണ്ടു. ശില്പവിദ്യയുടെ നൈപുണ്യത്താൽ വാതിൽ അടച്ചുമ്പോൾ അതു ബാക്കിയുള്ള കൈവരിയുടെ മുറിച്ചിലില്ലാത്ത ഒരംശമായിട്ടേ തോന്നുള്ളു. ഒളിവാതിൽ തുറന്നു കീഴ്പോട്ടിറങ്ങി ഒരു ചെറിയ മുറിയിലെത്തി. ആ മുറിക്കു ൨ വാരയിലധികം ചതുരമില്ല. ഭാൎഗ്ഗവിക്കു തീരെ ബോധമില്ലാതായിരുന്നു. ലക്ഷ്മീദാസൻ കുറെ വെള്ളം മുഖത്തു തളിച്ചു വീശിയപ്പോഴാണ് ബോധം വന്നത്. ലക്ഷ്മീദാസൻ ഉടനെ ലവണനോടു താൻ കുറച്ചുനേരത്തേയ്ക്ക് ഇവിടുന്നു പോകുന്നതാണ് നല്ലത് എന്നും ഈ പരിചാരികയുടെ നിലവിളി കേട്ടു വല്ലവരും എത്തുന്നതിനെ കാക്കേണ്ടതാണെന്നും പറഞ്ഞു. അപ്രകാരം അയാൾ പുറത്തു പോന്നു വസ്ത്രങ്ങളും മറ്റും വയ്ക്കോലിന്നുള്ളിൽവെച്ചു കിടക്കുമ്പോഴാണു ഞാൻ ആദ്യം അങ്ങോട്ടു ചെന്നത്. ഭിത്തിയിൽ കൃത്രിമമുഖം തൂക്കിട്ടുള്ള കഥ തൽക്കാലം ലവണൻ മറന്നു പോയി. പിറ്റെന്നാൾ ഞാൻ ചെന്നതും പരിഭ്രമിച്ച് ഇറങ്ങിപ്പോന്നതും കണ്ടപ്പോഴാണ് അയാൾക്ക് അത് ഓൎമ്മയുണ്ടായത്. ഉടനെ എടുത്തു മാ

റി. പതക്കം വീണുപോയതു് അവരറിഞ്ഞിട്ടുണ്ടായിരുന്നില്ല. വീരപ്പൻ രണ്ടാമത്തു ഗോപുരത്തിൽ ചെന്നപ്പോൾ പ്രഭുവിനെ കണ്ടുമുട്ടിയതുകൊണ്ടാണു തലയ്ക്കു തട്ടുകൊള്ളേണ്ടതിന്നും ഉടമ്പടി സ്വീകരിക്കേണ്ടതിന്നും കുററത്തിൽ പെടേണ്ടതിന്നും സംഗതിയായതു്.

കുററക്കാരുടെ വായ്മൊഴി റിക്കാട്ടാക്കിയതിന്നു ശേഷം മജിസ്ട്രേട്ടും ഞാനും ചില പൊല്ലീസ്സുകാരും കൂടി ഗോപുരത്തിൽ ചെന്നു് അറയിൽ കിടന്നു കഷ്ടപ്പെട്ടിരുന്ന സ്ത്രീകളെ പുറത്തിറക്കികൊണ്ടു പോന്നു. ഭാരതിയമ്മ വീട്ടിൽ മടങ്ങി വന്നപ്പോൾ മകളേയും ദാസിയേയും കാണാഞ്ഞിട്ടു് അന്വേഷിച്ചു യാതൊരു വിവരവും കിട്ടാതെ വ്യസനിച്ചു കൊണ്ടിരിക്കുമ്പോഴാണു് ഞാൻ അവരെ വീട്ടിൽ കൊണ്ടുചെന്നാക്കി വിവരം ഗ്രഹിപ്പിച്ചതു്. എന്റെ ഇക്കാൎയ്യത്തിലുള്ള ശ്രമം മകൾ പറഞ്ഞു കേട്ടപ്പോൾ ഭാരതിയമ്മയുടെ മുഖത്തു സ്ഫുരിച്ചിരുന്നു സ്നേഹവിശ്വാസ ബഹുമാനവാത്സല്യാദികൾ എന്നെ സാമാന്യത്തിലധികം സന്തോഷിപ്പിച്ചു. അവരെ കൂടെക്കൂടെ ചെന്നു കാണണമെന്നും ഞാൻ അവരുടെ ഉത്തമമിത്രമാണെന്നു കരുതുവാൻ അപേക്ഷയുണ്ടെന്നും എന്നോടു പറഞ്ഞു. ലക്ഷ്മീദാസൻ മുതൽപേർ ഇപ്പോൾ ശിക്ഷ അനുഭവിച്ചു വരുന്നു. ഞാൻ ഭാരതി അമ്മയുടെ വീട്ടിൽ നിത്യനായിത്തീൎന്നിരിക്കുന്നു. ശേഷം ചിന്ത്യം.

കെ. ഗോവിന്ദമേനോൻ

---

# ഫലസിദ്ധി

സകല പ്രവൃത്തികളും ഫലസിദ്ധിക്കു വേണ്ടിയാണെന്നു നിൎവ്വിവാദമായ ഒരു സംഗതിയാണു്. അങ്ങിനെയുള്ള പ്രവൃത്തികളും കൂടാതെ ഒരു സമയവും ഒരുവനേയും കാണുന്നില്ല എന്നുള്ളതിലും വാദമില്ല. ഫലം സിദ്ധിപ്പാനുള്ള മാൎഗ്ഗം ഗ്രഹിപ്പാനുള്ള ചുമതലയും അവരവൎക്കു തന്നെ ഇരിക്കുന്നതാണു്. ഇതിൽ പലവിധത്തിലും പൂൎവ്വാചാൎയ്യന്മാർ ഉദാരമായി വാദിക്കുന്നുണ്ടു്. പലവിധത്തിലും തെററിദ്ധരിപ്പാൻ ധാരാളം മാൎഗ്ഗമുണ്ടെന്നു സധൈൎയ്യം പറയാം. തെററിദ്ധരിപ്പോടുകൂടി പ്രവൃത്തിക്കുന്നവൎക്കു ഫലപ്രാപ്തിയും പ്രായേണ പരുങ്ങലായിക്കലാശിക്കുന്നതാണു് അതുകൊണ്ടു ഫലസിദ്ധിക്കുള്ള മാൎഗ്ഗത്തെയാണു് ഈ ലേഖനത്തിൽ വിഷയമായി സ്വീകരിക്കുന്നതു്.

ചില ആചാൎയ്യന്മാർ ദൈവത്തിങ്കൽ നിന്നാണു ഫലസിദ്ധി എന്നു പറയുന്നു. ഒരുതരം കാൎയ്യം വേണ്ട കാലത്തു കഴിച്ചു വേണ്ടതുപോലെ രക്ഷിച്ചാൽ അവ മുളച്ചു വളൎന്നു പൂത്തു കായ്ക്കുന്നുണ്ടു്. പക്ഷെ എല്ലാബീജവും ഏകദാ മുളച്ചു മുതലായ വികാരത്തെ പ്രാപിക്കുന്നില്ല. എന്നു മാത്രമല്ല ചിലതു മുളക്കുന്ന സമയം മററു ചിലതു മുളച്ചു തുടങ്ങാതെ കാണുന്നു. ചിലതു തീരെ മുളക്കാതെയും കാണാറുണ്ടു്. മുളച്ച കാൎയ്യങ്ങളിൽ തന്നെ ചിലതു മുൻപു വളരുന്നു. ചിലതു പിന്നാലെ വളരുന്നു. ചിലതു ലേശം

വളരാതെ തന്നെ നശിച്ചുപോയിട്ടും കാണു ന്നു. ചിലതു വളൎച്ച് മുഴവനാവാതെ ഏതാ നും വളൎന്നതിന്നു ശേഷം നശിക്കുന്നതും കാ ണാറുണ്ട്. ഇതുപോലെ എല്ലാ വികാരങ്ങ ളിലും പല വ്യത്യാസവും കാണുന്നു എന്നു മാത്രം പോരാ, സൂക്ഷിച്ചുനോക്കിയാൽ ഒന്നു പോലെ മറെറാന്നു കാണുവാൻ പ്രയാസമാ യിട്ടാണു കാണുന്നത്. എല്ലാ കാരണങ്ങളും ഒന്നുപോലെ ശരിയായിരിക്കുമ്പോൾ ഇപ്ര കാരമുള്ള ഫലഭേദം വരുന്നതിന്നു ദൈവമേ വകാരണമെന്നു പറയാതെ സാധിക്കില്ലെ ന്നാണു ഈ മതക്കാരുടെ അഭിപ്രായം.

ദൈവമെന്നു പറയുന്നത് ഈശ്വര നാണെന്നും ഈശ്വരപ്രസാദകോപങ്ങളാ ണെന്നും പൂൎവ്വകൎമ്മങ്ങളാണെന്നും മററും പ ല മതങ്ങളുമുണ്ട്. ഇതിൽ എല്ലാമതക്കാ ൎക്കും അനുകൂലമായി പറയുന്നതാണെങ്കിൽ ദൈവമെന്നു പറയുന്നതു പൌരുഷന്റെ ഏ ടയിൽ തന്നെ അന്തൎഭവിക്കുന്നതാണ്. പൌരുഷം പൌൎവ്വദേഹികമെന്നും ഐഹിക മെന്നും രണ്ടുവിധമുണ്ട്. അതിൽ പൌൎവ്വദേഹികത്തെ ദൈവമെന്നും ഐഹിക ത്തെ പൌരുഷമെന്നും പറയുന്നതാ യാൽ നന്നായിരിക്കാം. പൌൎവ്വവാഹിക പൌരുഷം പുണ്യപാപങ്ങളാണെന്നു വരു മ്പോൾ പുരുഷപ്രയത്നത്തിൽ തന്നെയാ ണ് അന്തൎഭാവം. കൎമ്മംകൊണ്ടുണ്ടാവുന്ന താകകൊണ്ടും പല മാററമുണ്ടാവുന്നതുകൊ ണ്ടും പൌരുഷം തന്നെയാണെന്നു പറ യുന്നതായാൽ യോജിക്കുന്നതാണ്. എല്ലാ കൎമ്മങ്ങളിലും ഫലസിദ്ധിപൎയ്യം ആലോചി ക്കുന്നതായാൽ പുരുഷബുദ്ധി ഗോചരമല്ലാ തെ അതിസൂക്ഷ്മങ്ങളായി അനേകം അംശ ങ്ങളുണ്ടാവാതിരിക്കയില്ലാ. ആ അംശ ത്തിലുണ്ടാവുന്ന തെററുപാടുതന്നെ പ്രതിബ ന്ധിക്കുന്നതാണു താനും. ആ തെററു കൂടാതെ ഫലം സിദ്ധിപ്പാൻ ദൈവമില്ലാഞ്ഞാൽ സാധിക്കാത്തതുകൊണ്ടു ദൈവം കാരണമാ ണെന്നു പറയുന്നതു യുക്തിയുക്തമായിട്ടുള്ള താണ്. അതുകൊണ്ടു ദൈവത്തെ അനുകൂ ലമാക്കണം.

ഇനി ചിലർ വസ്തുസ്വഭാവത്തിൽനി ന്നാണു ഫലസിദ്ധി എന്ന് അഭിപ്രായപ്പെ ടുന്നു. ചില മണ്ണിൽ ചില വിത്തു മൊളക്ക കയില്ല. ചിലതു വളരെ ശക്തിയായി ഫ ലിക്കുന്നു. ഒരു ജാതി വിത്തു നടുന്നതായാൽ മറെറാരു ജാതി വൃക്ഷമുണ്ടാവുന്നില്ല. ആ വൃ ക്ഷത്തിന്റെ സകലാവയവങ്ങളും ആ ജാ തി തന്നെയായിട്ടാണു കാണുന്നത്. അല്ലാ തെ ചിലതെങ്കിലും മാറിക്കാണുന്നില്ലാ. ഇ വ എല്ലാം വസ്തുസ്വഭാവമാണ്. ചിലതു ബീജത്തിന്റേയും ചിലതു മണ്ണിന്റേയും മ ററും കാരണങ്ങളുടെ സ്വഭാവമാണ്. ഇനി ചിലതു കാരണം തുല്യമാണെങ്കിലും അതു കളുടെ സമവായ (ചേൎച്ച)ത്തിന്റെ സ്വ ഭാവമായിട്ടുമുണ്ടു. നാഗദന്തിയും കൊടുവേ ലിയും കാരണംകൊണ്ടും ഗുണംകൊണ്ടും ഒരുപോലെയാണെങ്കിലും സമവായഭേദമു ണ്ട്. നാഗദന്തി വയറിനെ ഏളക്കുന്നതാ ണ്. കൊടുവേലി വയറിനെ കറപ്പിക്കുന്ന താണ്. ഇങ്ങിനെ സ്വഭാവമാലോചിക്കുന്ന തായാൽ വസ്തുഭേദേന സ്വഭാവഭേദമുണ്ട്. അതുപോലെ ഫലത്തിന്നും ഭേദമുണ്ട്. ഇ പ്രകാരമാലോചിച്ചാണ് ഈ മതക്കാർ സ്വ ഭാവവാദികളായിത്തീൎന്നത്. ഈ മതവും ആദരണീയം തന്നെ.

മററുചിലർ കാലമാണു കാരണമെ ന്ന് ഇഛിക്കുന്നു. ചില വിത്തു ചില കാല ത്ത നട്ടാലെ മുളക്കുള്ളൂ ചിലകാലത്തു മാ ത്രമേ ചില വൃക്ഷം പൂക്കുകയുള്ളൂ; കായ്ക്കുകയു ള്ളൂ. മററുള്ള കാലത്തു പൂവ്വാ കായയുമുണ്ടാ വുകയില്ല. ഈ നിയമം വിലവില്ലുന്നതു

കാലശക്തിയാണെന്നു വ്യക്തമാണെല്ലോ. ഈ കാലശക്തിയെപ്പററിയാണ് ജ്യോതിശ്ശാസ്ത്രത്തിലെ ഫലഭാഗമെന്നതും പ്രസിദ്ധമാണല്ലോ. കാലത്തെ പലവിധത്തിലും ഭാഗിക്കുന്നു. രാശി പകൽ രാത്രി ദിവസം പക്ഷം മാസം ഋതു അയനം സംവത്സരം യുഗം മന്വന്തരം മുതലായി പലവിധത്തിലും ഭാഗിക്കുന്നതു ഈ കാലശക്തിയുടെ വ്യത്യാസത്തെ അടിസ്ഥാനപ്പെടുത്തിട്ടാണ് ഈ ശക്തി സൎവ്വത്ര വ്യാപിച്ചാണു കിടക്കുന്നത്. ഇതെല്ലാം കണ്ടിട്ടാണ് ഈ മതം ഉണ്ടായി തീൎന്നത്.

ഇനി ഒരു മതക്കാർ പൌരുഷമാണെന്നു സ്ഥാപിക്കുന്നു. ഇദാനീന്തനമായ പുരുഷപ്രയത്നമാണു പൌരുഷമെന്നു മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ പൌരുഷമില്ലാഞ്ഞാൽ ദൈവമനുകൂലമാവട്ടെ കാലസ്വഭാവത്തിനും വസ്തുസ്വഭാവത്തിനും വിരോധമില്ലാതെയാവട്ടെ എന്തായാലും കാൎയ്യം ഒരിക്കലും ഫലിക്കുന്നില്ലാ. പൌരുഷം വേണ്ടതുപോലെയുണ്ടായാൽ ദൈവവും ഫലിക്കും. ഒരു സമയം ദൈവമനുകൂലമില്ലെങ്കിൽ തന്നെ പൌരുഷം ശക്തിയായിട്ടുണ്ടെങ്കിൽ അതും അനുകൂലമായി വരും. ശക്തിയായ പൌരുഷമുണ്ടായാൽ കാലശക്തിക്കും മാററമുണ്ടാവാം. ശീതകാലമുഷ്ണമാകാം; ഉഷ്ണകാലം ശീതമാകാം. ഇപ്രകാരം വസ്തുസ്വഭാവവും മാറുന്നതാണ്. എന്നു മാത്രമല്ല. പൌരുഷത്തിന്നു ശക്തി പൂൎണ്ണമായാൽ സാധിപ്പാൻ വയ്യാതെ ലോകത്തിലൊന്നുമില്ല എന്നാണ് ഇവരുടെ മതസിദ്ധാന്തം. ഈ പൌരുഷം വേണ്ടതുപോലെയുണ്ടെങ്കിൽ ഇതരകാരണങ്ങൾ അൎത്ഥസിദ്ധമാവുകകൊണ്ടു പൌരുഷം ഒന്നു മാത്രമാണു കാരണമെന്നു ഇവർ ശക്തിയായി അഭിപ്രായപ്പെടുന്നു.

ഇങ്ങിനെ നാലു മതങ്ങളിൽ പ്രത്യേകം ഓരോന്നു നോക്കിയാൽ എല്ലാം ഫലസിദ്ധിയെ പ്രാപിച്ചാണു കിടക്കുന്നത്. ഒരു മതത്തെ മാത്രം വിശ്വസിച്ചു പ്രവൃത്തിപ്പാനും എളുപ്പമുണ്ട്. എന്നാൽ ഫലം സിദ്ധിക്കുക ഇല്ലാ. ദൈവമനുകൂലമാണെന്നു കരുതി വിത്തു വിതക്കാതെ ഇരുന്നാൽ നെല്ലുണ്ടാവുകയില്ലാ. വിതക്കുന്നതും വേണ്ട കാലത്തല്ലാഞ്ഞാൽ ഫലിക്കുകയില്ലാ. വേണ്ട കാലത്തായാലും അതാതു വിത്തിന്നു നല്ലതായ മണ്ണു വെള്ളം മുതലായത് അല്ലാഞ്ഞാലും നെല്ലുണ്ടാവുകയില്ലാ. ഇതെല്ലാമുണ്ടായാലും പുരുഷപ്രയത്നം വേണ്ടതുപോലെയുണ്ടായിരിക്കാഞ്ഞാൽ ഫലം സിദ്ധിപ്പാൻ പ്രയാസം തന്നെ. അതുകൊണ്ടു നാലും കൂടി യോജിച്ചു വന്നാൽ ഫലസിദ്ധി സുലഭമായിക്കാണുന്നതിനാൽ ഈ നാലിന്റെയും സമവായ (ചേൎച്ച) യാണു ഫലസിദ്ധിക്കു കാരണമായി വരുന്നത് എന്നു തീൎച്ചപ്പെടുത്താമല്ലോ. ഓരോന്നു മാത്രമാണ് കാരണമെന്നു പറയുന്ന മതപ്രവൎത്തകന്മാരുടെ അഭിപ്രായം യുക്തമാണെന്നു തോന്നുന്നില്ല. ഇനി നാലു കാരണങ്ങളിൽവെച്ചു പ്രബലമായ കാരണത്തെയാണ് അവരവർ പറയുന്നത്. ദുൎബ്ബലമായ കാരണമാണ് ഇതരങ്ങളെന്നു കരുതി അവർ പറയുന്നില്ല എന്നാണ് മതപ്രവൎത്തകന്മാരുടെ ആശയമെന്നു വ്യാഖ്യാനിക്കുന്ന പക്ഷം അതും വാദഗ്രസ്തമായ സംഗതിയാകയാൽ ഈ ആശയവും നല്ല ഭംഗിയാവുമെന്നു തോന്നുന്നില്ലാ. അതുകൊണ്ടു ദണ്ഡചക്രാദിന്യായേന നാലു കാരണങ്ങളും കൂടി യോജിക്കുകയാണു ഫലസിദ്ധിക്കു കാരണമെന്നു കരുതി യാജ്ഞവല്ക്യയോഗീശ്വരൻ അരുളിച്ചെയ്തിരിക്കുന്നു.

കേചിദ്ദൈവാൽസ്വഭാവാദ്വാകാലാ

ൽ പുരുഷകാരതഃ സംയോഗേകേചിദിച്ഛന്തി പത്ത്യംകുശലബുദ്ധയഃ. എന്നു ഇതിൽ പൂൎവ്വാൎദ്ധംകൊണ്ടു നാലു മതത്തെ ഉപന്യസിച്ചിട്ടു ഉത്തരാൎദ്ധംകൊണ്ടു സ്വമതത്തെ കാണിച്ചതുകൊണ്ടു മതഖണ്ഡനവും അൎത്ഥസിദ്ധമാണല്ലൊ.

ദൈവമാണു പ്രബലമെന്നു കരുതി പൌരുഷത്തിൽ ശ്രമിക്കാത്തവൎക്കായി ഉദാഹരണപൂൎവ്വം പൌരുഷത്തെ ഉത്തരവാക്യംകൊണ്ടു സ്തുതിക്കുന്നു.

യഥാഹ്യേകേന ചക്രേണ രഥസ്യ ന ഗതിൎഭവേൽ തഥാ പുരുഷകാരേണ വിനാ ദൈവം ന സിദ്ധ്യതി. എന്ന പൂൎവ്വവാക്യത്തിൽ ദൈവപൌരുഷങ്ങൾ ഒരുപോലെ ഫലസിദ്ധിക്ക് ഉപയോഗികളാണെന്നു വ്യക്തമായി പറഞ്ഞിട്ടുണ്ട്.

ദൈവേ പുരുഷകാരേ ച കൎമ്മസിദ്ധിൎവ്യവസ്ഥിതാ. എന്നു പൂൎവ്വോത്തരവാക്യങ്ങളിൽ കാലത്തെയും സ്വഭാവത്തെയും തള്ളി ദൈവപൌരുഷങ്ങളെ മാത്രം പറഞ്ഞതു് തന്റെ കൎത്തവ്യാംശം ദൈവത്തിലും പൌരുഷത്തിലുമാണ് അധികമുള്ളത്, അതുപോലെ മററതിലില്ലെന്നു കരുതീട്ടാണ്.

അതുകൊണ്ടു ഫലസിദ്ധിയെ കാംക്ഷിക്കുന്നുവെങ്കിൽ പൌരുഷത്തെ അനുകൂലമാക്കുവാൻ ദൈവത്തെയും ദൈവത്തെ അനുകൂലമാക്കുവാൻ പൌരുഷത്തെയും സ്ഥായിയായി ആശ്രയിക്കേണ്ടതാണ്.

ചെറുകന്നത്തു നീലകണ്ഠൻനമ്പൂതിരി.

# रसिकरत्नम् *

उत्तुंगाबद्धपीनस्तनकभरनमन्मञ्जु-
मध्याकुलाया-
यस्यास्सौभाग्यलक्ष्म्या प्रसभमयमधोऽकारि
पीयूषभानुः ।
उन्मीलत्केसराढ्या चपलकिसलया मुग्ध-
लोलालिमाला
सा वस्सौख्यं विधत्तां तुहिनगिरिभवा कापि
सन्तानवल्ली ॥

अपिच–

प्रेमावेशकषायितं प्रियमुखालोकस्पृहाघूर्णितं
व्यामूढं प्रतियातमर्धपथएवोद्वेललज्जाकुलम् ।
विभ्रत्यानयनाञ्चलं नगपतेःपुत्र्याकथञ्चिद्विभो-
र्विन्यस्तागळसीम्निसांवरणिकीमालाशिवायास्तुवः

(नान्द्यन्ते प्रविश्य)

सूत्रधारः—

स्वेदांबुगर्भमुखमीषदुदञ्चदक्ष-
मुद्रिक्तनिश्वसितमिश्रितमन्दसीत्कम् ।
अन्यादृशांगभवपौरुषमादिमं त-
द्व्रीरायितं दिशतु वः कुशलं वधूनाम् ॥

(इतिपुष्पाञ्जलिं विकीर्य) आदिष्टोऽस्मि सामाजिकै-स्तत्रभवतः कवेरप्रकाशितनाम्नः कस्यचन कृति-मभिनवं रसिकरत्नाभिधानं भाणं प्रयोगपदवी-मवतारयितुमभिलषामइति । तदाधीयतां तत्र तत्र पात्रावधाने यत्नः। (समन्तादवलोक्य सहर्षम्) अये रमणीयोऽयं माधवावतारसमयइति प्रियतरमे-तत् । तथाहि—

* अन्यपुनर्मुद्रणाधिकारादिकं ग्रन्थकर्तुः स्वायत्तम् ॥

सुस्निग्धामधुपूरिताधरदळा: प्रारब्धगुच्छोदया-
नम्रांग्य: प्रियदर्शनं विदधते मुग्धाइवैतालता: ।
आच्छाद्यान्तरहो जरत्यइव ता: पक्वच्छदश्रेणयो
मायान्ति प्रविशन्ति चान्तरळयोगूढं विटेन्द्राइव॥

(नेपथ्येगीयते)

आसन्नदेशमगतेऽपि चिरस्य याते
नाथे कुतूहलवशवै वसन्तवल्ली ।
आकीर्य पुष्पशयनं पुनरुत्सुकत्वा-
दालोलभृंगनयनं परित: करोति ॥

सूत्र—साधूपक्रान्तमेव नर्तकै: (नेपथ्याभिमुखमवलोक्य) अहो—

शिथिलितशिखाभार: किञ्चित्प्रमृष्टविशेषक-
स्सुखमनुभवन् निद्रामर्धावबुद्धमनास्स्वयम् ।
स्मरइव निशारंभे ह्यन्तर्विशन् धृतविग्रह:
पुळकिततनु: पुण्यात्माऽयं समेत्यथ कोयुवा॥

(विभाव्य) अये सुगृहीतमाधवनैपथ्योऽयं सखा-मे रसिकशेखर: (इति निष्कान्त:)

## प्रस्तावना

(तत: प्रवशतिनिद्राववबोधं नाटयन् विट:)

विट:—लीलावचोव्यतिकरे मदनालसाया-
नीविं विमुञ्चति तथाविधमालपन्त्या: ।
अन्येषु च स्वमपि नर्मसु विस्मरन्त्या-
स्तत्तादृशं विजयते चरितं मृगाक्ष्या: ॥

(चक्षुषी प्रमृज्योन्मील्यच) हन्त प्रभातप्रायैव प्रगल्भकामिनीजनमानभंगकरी विभावरी । तथाहि—

किञ्चिन्मीलिततारकातनइतोविच्छिन्नतामिस्रका
म्लायच्चारुसुधाकरारसत्रशादुद्भ्रान्तकोकद्वयी ।
मुग्धाभ्य:प्रथमंरतान्तरदशामाशा स्वयंशिक्षते
चित्रं रागयुतां करोति करैविन्यासै: पुनस्तां रवि:

अपिच—

विश्वासादिवयारुचिर्विनिहिताबह्वौनिशांसादरं
सक्तातेनानिनाय सेयमधुनापत्यौपुनस्संगते ।
अश्रूण्यस्यवियोगजानिशिशिरव्याजात्किरन्ती-[मुहु:
कुर्वाणागणिकायितं प्रियतयातेनापिसंरज्यते ॥

तद्यावदेनमनंगविजयसत्रावभृथमहोत्सववादित्रायमाणमधुरक्रौञ्चनिनदसंकलितभृंगीसंगीतकमुषस्समयमस्यां वेशवाटिकायां रसिकजनसमुचिताचारचातुरीसमायत्तीकृततत्तज्जनचित्तवृत्तिरपनेष्यामि । किञ्च—

प्रत्यूषसंभ्रमवशादयथावनद्ध-
केशांशुकं पतिगृहात्स्वगृहं प्रयान्ती: ।
मन्दाक्षनम्रवदनामदिरेक्षणास्ता-
स्संवीक्ष्य नेत्रयुगळीं सफलीकरोमि ॥

(शीखां बध्वा स्मृतिमभिनीय सहर्षम्) अये सुदिनमद्यमे यदभिनवोन्मिषितयौवनस्य विपाक्षदग्धविषमशरसञ्जीवनैौषधिसारस्य मलयवल्लीसञ्जातस्य कनकमञ्जरीनामधेयस्य- कामिनीजनतिलकस्य तृष्णापिशाचीग्रस्तेन गुरुजनेन "सर्वेगुणा: काञ्चनमाश्रयन्ती"तिन्यायं पुरस्कृत्य पतित्वेन वियमाणोवसुसागरोऽद्यैवतत्पाणिग्रहणं करोतीति श्रुतपूर्वमेवास्माभि: । सा तु मे प्रियसखी प्रथममेव पांसुक्रीडनादिभिरसमुत्पन्नसौहार्दातिरेके सुरूपइति स्वाभाविक्यादिप्रीतिभाजि मत्सुहृदि मकरन्दसारे सुदृढानुरागा गुणपक्षपातिनी । तदुदन्तश्रवणप्रभृति तदवस्थांच तत्सहचरी लीलामञ्जरी मामेवमवदत्—

क्रमश:

# മംഗളോദയം

## ഗ്രന്ഥം

| പുസ്തകം ൩ | മിഥുനമാസം | ലക്കം ൮ |
|---|---|---|


### മാംഗളം

ശ്രീലാസ്യത്തിന്നരംഗമുജ്ജ്വലമണിസ്തോമോല്ലസദ്ദീപികാ-
മാലംതുംബുരുമുഖ്യമാമുനികളാൽസാംഗീതമാംഗല്യകം
നീലക്കൽത്തറയെന്നപോലെവിലസുംവൈകുണ്ഠവക്ഷസ്ഥലം
കാലാരാതിചതുർമ്മുഖാദ്യനിമിഷാലക്ഷ്യംസ്മരിക്കുന്നുഞാൻ.

# ആദിദർശനം



ദർശനം എന്ന വാക്കിന്റെ കാഴ്ചയെന്നാണു താല്പര്യം. ലോകത്തിലുള്ള മിക്ക പദാർത്ഥങ്ങളേയും നാം കണ്ണിന്റെ സഹായത്താൽ കാണുന്നു. കണ്ണുകൊണ്ടുകാണ്മാൻ കഴിയാത്തവയായ സാധനങ്ങളുടെ തത്വങ്ങളെ അറിഞ്ഞാനന്ദിക്കുന്നതിനുള്ള ഒരു ശക്തിവിശേഷം നമ്മിലുണ്ട്. അതിനെയാണു 'ജ്ഞാനശക്തി'യെന്നു വിദ്വാന്മാർ വ്യവഹരിച്ചു വരുന്നത്. ജ്ഞാനശക്തിയുടെ കേന്ദ്രം തലച്ചോറെന്നു പറയപ്പെട്ടു വരുന്ന ബുദ്ധിയായതുകൊണ്ടു ഇതിനെ ബുദ്ധിശക്തിയെന്നും വ്യവഹരിക്കുന്നു. ചക്ഷുരിന്ദ്രിയംകൊണ്ടു കാണ്മാൻ കഴിവില്ലാത്ത പദാർത്ഥങ്ങളുടെ ഉല്പത്തി, ലയം മുതലായവയെ കണ്ടുപിടിക്കുന്നതിന്നു ജ്ഞാനശക്തിയുടെ സഹായം അത്യന്താപേക്ഷിതമായിരിക്കുന്നതുകൊണ്ടു, ജ്ഞാനശക്തിയാൽ കണ്ടുപിടിക്കപ്പെടുന്ന തത്വങ്ങളെ ലോകം വളരെ ആദരിക്കയും ആ വക തത്വദ്രഷ്ടാക്കളെത്തന്നെ ബഹുമാനിക്കയും ചെയ്യുന്നു. ഇങ്ങിനെ ലോകത്തിന്റെ ആരംഭദശ മുതല്ക്കു ഇന്നേവരെ മാംസചക്ഷുസ്സുകൊണ്ടും ജ്ഞാനചക്ഷുസ്സുകൊണ്ടും കണ്ടുപിടിക്കപ്പെട്ടിട്ടുള്ളവയിൽ, കാര്യകാരണഗൌരവമനുസരിച്ച്, ചിലതു നാമമാത്രാവശേഷമായും ചിലതു അതിന്നു

ട്ടത്തും ചിലതു അന്നും ഇന്നും ഒരുപോലെ ആദരണീയമായുമിരിക്കുന്നുണ്ട്. നാൾക്കുനാൾ അഭിവൃദ്ധിയെ പ്രാപിച്ചുംകൊണ്ടു വരുന്ന ഈ ലോകത്തിൽ നവംനവങ്ങളായ അനവധി പദാർത്ഥങ്ങളേയും തത്വാന്വേഷണമാർഗ്ഗങ്ങളേയും കണ്ടുപിടിക്കുന്നതിന്നു, പ്രപഞ്ചത്തിന്റെ ഉത്ഭവസ്ഥിതിലയാദികളെ നിബിഡമായാച്ഛാദിച്ചു കൊണ്ടിരിക്കുന്ന ഒരു ശക്തി ഇടംകൊടുത്തുംകൊണ്ടിരിക്കുന്നു. പ്രപഞ്ചത്തിന്റെ ഉത്ഭവം, സ്ഥിതി, ലയം ഇവയെ സംബന്ധിച്ചുള്ള ചോദ്യങ്ങൾ, ബുദ്ധിശക്തിയെ വികസിപ്പിക്കയും തത്വജ്ഞാനദൃഷ്ടിയെ ഉന്മീലനം ചെയ്യിപ്പിക്കുകയും ചെയ്യുന്നു. തത്വജ്ഞാനത്തിന്റെ പ്രധാനോദ്ദേശ്യം പ്രപഞ്ചത്തിന്റേയും അതിൽ സ്ഥിതി ചെയ്യുന്ന ചരാചരങ്ങളുടേയും സൂക്ഷ്മതത്വഗ്രഹണം തന്നെയാണ്. സകല തത്വജ്ഞാനശാഖയും, പ്രപഞ്ചം പ്രദർശിപ്പിക്കുന്ന വിലാസങ്ങളേയും പ്രാപഞ്ചികപദാർത്ഥങ്ങളുടെ പരമാർത്ഥസ്വഭാവങ്ങളേയും വ്യാഖ്യാനിക്കുന്നതിന്നു മനുഷ്യരാൽ ചെയ്യപ്പെട്ടിട്ടുള്ള പ്രയത്നത്തിന്റെ സ്മാരകസ്തംഭങ്ങളാകുന്നു. ലോകത്തിലുള്ള പരിഷ്കൃതസമുദായങ്ങൾക്കൊക്കെ പരമ്പരാസിദ്ധമായ സമുദായസ്വത്തെന്നപോലെ ഏതാനും തത്വജ്ഞാനസമ്പത്തുണ്ടായിരിക്കും. അതിനെ അവർ ഒരു ദിവ്യനിധിയായും അനശ്വരയശഃപ്രാപ്തിക്കുള്ള ഉത്തമോപകരണമായും അഭിമാനിക്കുന്നു.

തത്വജ്ഞാനശാഖകളെ അപാരമായ തീക്ഷ്ണബുദ്ധി ഉപയോഗിച്ചു പോഷിപ്പിച്ചിട്ടുള്ള ജനസമുദായത്തിൽ ഉന്നതസ്ഥാനത്തെ അർഹിക്കുന്നവർ ഹിന്ദുക്കളും ഗ്രീക്കുകാരുമാകുന്നു. ഐറോപ്യതത്വജ്ഞാനത്തിന്റെ ഉല്പത്തിസ്ഥാനം ഗ്രീക്ക(യവന)തത്വജ്ഞാനമാകുന്നു. കാൻറ, ഹെജൽ തുടങ്ങിയവരുടെ നവീനവിചാരങ്ങളെ മേനി പിടിപ്പിച്ചിട്ടുള്ളതു ഗ്രീക്കതത്വജ്ഞാനമാണ്. ഈ സംഗതിയെ വേറെ ഒരു ഉപന്യാസത്തിൽ വിവരിക്കാം.

ഹൈന്ദവതത്വജ്ഞാനസിദ്ധാന്തങ്ങൾ, മനുഷ്യർക്കു സാദ്ധ്യങ്ങളായ കാര്യങ്ങളെപ്പററി പ്രതിപാദിക്കുന്നവയാണെന്നു കാരണം കൂടാതെ പലരും അന്ധാളിച്ചിട്ടുണ്ട്. ഹൈന്ദവതത്വജ്ഞാനത്തിന്റെ മഹത്വവും കീർത്തിയും, അന്തർദൃഷ്ടിവികാസത്തെ പോഷിപ്പിക്കുന്നതു വഴിക്കുണ്ടാവുന്ന ജ്ഞാനാഭിവൃദ്ധിക്കും അതിന്റെ പ്രത്യക്ഷാനുഭവത്തിന്നുംവേണ്ടി, ജീവിതത്തെ ഉത്തമമാതൃകയാൽ നയിക്കുന്നതിന്നുള്ള മാർഗ്ഗങ്ങളെ പ്രദർശിപ്പിക്കുന്നതിൽ സ്ഥിതി ചെയ്യുന്നു. ഈ സംഗതി മന്ദബുദ്ധികൾക്കറിവാൻ പ്രയാസമാണ്.

പരമാർത്ഥത്തിൽ, എല്ലാ തത്വജ്ഞാനശാഖകളും നാനാപ്രകാരേണയാണെന്നിരിക്കിലും നിർദ്ദേശിക്കുന്ന പ്രാപ്യപദം ഒന്നു തന്നെയാകുന്നു. ദുർഭരമായ ദുഃഖത്തിൽനിന്നു മനുഷ്യരെ രക്ഷിച്ചു, പ്രപഞ്ചതത്വരഹസ്യങ്ങളെ ബോധിപ്പിക്കേണമെന്നുള്ള അവരുടെ ഉദ്ദേശ്യവും വ്യത്യസ്തപ്പെട്ടതായിരിക്കുന്നില്ല. എന്നാൽ, ഒന്നാമതായി പ്രപഞ്ചരഹസ്യങ്ങളെപ്പററി ബുദ്ധിപൂർവ്വം പര്യാലോചിക്കുന്നതിന്നു പരിശ്രമിച്ചിട്ടുള്ളവർ ഹിന്ദുക്കളാകയാലും അവരുടെ യുക്തിയുക്തങ്ങളായ തീർപ്പുകളിൽ കവിഞ്ഞ് ഇതേവരെ ആരും ഒന്നും കണ്ടുപിടിച്ചിട്ടില്ലാത്തതിനാലും ഹൈന്ദവതത്വജ്ഞാനത്തിന്നു സർവ്വോപരി പ്രാചീനത്വവും പ്രധാനത്വവുമുണ്ടെന്നു സമ്മതിക്കാതെ കഴികയില്ല. ഹൈന്ദവതത്വജ്ഞാനം ദുഃഖങ്ങളെ നശിപ്പിക്കുവാനുള്ള ഔഷധങ്ങളേയും അവയെ പ്രയോഗിക്കേണ്ട പ്രകാരങ്ങളേയും സോദാഹരണം

വിധിച്ചിരിക്കുന്നു. പ്രധാനവിഷയങ്ങളിൽ യോജിക്കുന്നുണ്ടെങ്കിലും ഹൈന്ദവതത്വജ്ഞാനവിവിധശാഖകളും, പ്രാപ്യപദത്തെ നിശ്ചയിക്കുന്ന സമ്പ്രദായങ്ങളിലും അവയേ പ്രാപിക്കുവാൻ നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങളിലും ഭേദിച്ചിരിക്കുന്നു. ഇതിന്നു കാരണം തത്വാന്വേഷണരീതികളിലുള്ള വ്യത്യാസമൊ, തത്വാന്വേഷകന്മാരുടെ ബുദ്ധിസംസ്കാരത്തിന്റെ ന്യൂനാതിരേകമോ ആയിരിക്കാനെ തരമുള്ളൂ.

പൂർവ്വഹിന്ദുക്കളുടെ ഇടയിൽ പ്രപഞ്ചതത്വങ്ങളെ അന്വേഷിച്ചറിയുന്നതിന്നു ജീവിതകാലം മുഴുവനും വിനിയോഗിച്ചിട്ടുള്ളവർ പലരുമുണ്ടെങ്കിലും അവരിൽ പ്രധാനികൾ കപിലർ, പതഞ്ജലി, ഗൌതമൻ, കണാദൻ, ജൈമിനി, വ്യാസൻ എന്നിവരാകുന്നു. ഇവർ ഏറിയ കാലം അന്വേഷിച്ചറിഞ്ഞിട്ടുള്ള സിദ്ധാന്തങ്ങളുടേയും അന്വേഷണമാർഗ്ഗങ്ങളുടേയും വിവരണത്തെയാണ് 'ഷഡ്ദർശനങ്ങളെന്നു പറഞ്ഞുവരുന്നത്. ഈ ഷഡ്ദർശനങ്ങൾക്കു പുറമേ ചാർവ്വാകദർശനം, ബൌദ്ധദർശനം, ആർഹതദർശനം, രാമാനുജദർശനം, പൂർണ്ണപ്രജ്ഞദർശനം, നകലീശപാശുപതദർശനം, ശൈവദർശനം, പ്രത്യഭിജ്ഞാദർശനം, രസേശ്വരദർശനം, പാണിനീദർശനം എന്നിങ്ങിനെ പലേ ദർശനങ്ങളുമുണ്ട്. ഇവക്കു ഷഡ്ദർശനങ്ങളെ അപേക്ഷിച്ചു പ്രാബല്യം കുറവാണ്. എങ്കിലും ഷഡ്ദർശനങ്ങളെപ്പറ്റി സാമാന്യമായൊന്നാലോചിച്ചു കഴിഞ്ഞ ശേഷം ഇവയെപ്പറ്റിയും ചുരുക്കത്തിൽ വിവരിക്കേണമെന്നു വിചാരിക്കുന്നുണ്ട്.

ദർശനങ്ങൾ ആദ്യകാലത്ത് ഏതു വിധത്തിൽ പുറപ്പെട്ടുവെന്നറിവാനും അതിന്റെ ക്രമങ്ങളെ മനസ്സിലാക്കുവാനും വളരെ പ്രയാസമായിരിക്കുന്നു. 'ആദ്യത്തെ സൂത്രങ്ങൾ തന്നെയാണൊ ഇപ്പോൾ ദർശനങ്ങളിൽ കാണുന്നതെന്നതിന്നു യാതൊരു തെളിവുമില്ല. ഇപ്പോൾ കാണുന്നവ പുരാതനമെന്നു കരുതുന്നതായാൽതന്നെ ഒന്നു മറ്റൊന്നിൽനിന്നു എത്രകണ്ടു കടം മേടിച്ചിട്ടുണ്ടെന്നു നിജപ്പെടുത്തുവാൻ വിഷമമായിരിക്കുന്നു എന്നു ഡാക്ടർ ഗോൾഡ്സ്റ്റക്കരുടെ അഭിപ്രായത്തെ അഭിജ്ഞന്മാരിൽ പലരും സമ്മതിക്കുന്നു. എങ്കിലും ഇവയിൽവെച്ചു ഏററവും പുരാതനമായിട്ടുള്ളതു സാംഖ്യദർശനമാണെന്ന സംഗതിയിൽ ഭിന്നാഭിപ്രായമുള്ളതായിക്കാണുന്നില്ല. ലോകത്തിലുള്ള വസ്തുക്കളെ ഒന്നാമതായി വകതിരിച്ച്, അവയുടെ സൂക്ഷ്മസ്ഥിതികളെ അന്വേഷിച്ചിട്ടുള്ളതു കപിലനാകുന്നു. തത്വനിരൂപണത്തിന്നൊരുങ്ങുന്ന ഏവനും ഏതെങ്കിലും ഒരുവിധത്തിൽ കപിലാചാർയ്യരേയും അദ്ദേഹത്തിന്റെ സാംഖ്യമതത്തെയും സംബന്ധിച്ചാലോചിക്കാതെ കഴികയില്ല. കപിലസിദ്ധാന്തത്തെ ഇന്ത്യയിൽനിന്നു പിത്തഗോറസ്സ് എന്ന യവനതത്വജ്ഞാനി ഗ്രഹിച്ചു ഗ്രീസ്സിൽ പ്രചരിപ്പിച്ചു. പ്ലേറോ ഇതിനെ ഗ്രീക്കതത്വജ്ഞന്മാരുടെ വഴിക്കഭ്യസിച്ചു. അവിടെനിന്നു, ഗ്നാസ്റ്റിക്സ് മതക്കാർ ഇതിനെ ഇജിപ്തിലെ തലസ്ഥാനനഗരിയായ അലക്സാണ്ട്രിയാവിൽ കൊണ്ടുപോയി. അവിടെനിന്നു യൂറോപ്പിൽ പ്രചരിച്ചു. ഇങ്ങിനെ ലോകത്തിൽ പ്രതിഷ്ഠ ലഭിച്ചിട്ടുള്ള സകല തത്വജ്ഞാനശാഖകളുടേയും പിതാവു കപിലാചാർയ്യരാകുന്നു.

സാംഖ്യമെന്നതിന്നു സംഖ്യയാനപ്പെട്ടതു അതായതു സംഖ്യകൊണ്ടു നിശ്ചയിച്ചതു് എന്നും, വിചാരം ചെയ്തു തീർച്ചപ്പെടുത്തിയതു എന്നും അർത്ഥം പറയാം. സാമ

ഖ്യമതപ്രകാരം * ഇരുപത്തി അഞ്ചു തത്വങ്ങളുടെ ക്രമപരിവൎത്തനംകൊണ്ട് ഇക്കാണുന്നപ്രപഞ്ചത്തിലെ സൎവ്വകാൎയ്യങ്ങളും നിൎവ്വഹിക്കപ്പെടുന്നതായി സിദ്ധാന്തിക്കുന്നതിനാൽ, സാംഖ്യത്തിന്നു സംഖ്യകൊണ്ടു നിശ്ചയിച്ചിരിക്കുന്നതു എന്ന അൎത്ഥത്തെയാണു അധികപക്ഷം സ്വീകരിച്ചിട്ടുള്ളത്. സാംഖ്യം എന്നതിന്നു വിവേചനം എന്ന അൎത്ഥത്തെ സ്ഥാപിച്ചു, പലരും വ്യാഖ്യാനിക്കുന്നുണ്ട്. "സാംഖ്യ"ത്തെ സമാലോചിക്കുക എന്നൎത്ഥമുള്ള ധാതുവിൽനിന്നുൽഭവിക്കുന്നതായി തീൎച്ചപ്പെടുത്തി, ആലോചനാശക്തിയെ അപേക്ഷിച്ചുള്ളസിദ്ധാന്തങ്ങളിൽ അടിസ്ഥാനമായി നില്ക്കുന്ന ശാസ്ത്രമെന്നു അമരസിംഹൻ വിവരിച്ചിരിക്കുന്നു.

സാംഖ്യപ്രകാരം പ്രകൃതിപുരുഷന്മാർ നിത്യന്മാരാകുന്നു. പ്രകൃതിയിൽനിന്നു പുരുഷനെ അസംഗനായറിയുന്നതു തന്നെ മോക്ഷം. പ്രകൃതി ജഡവും പ്രപഞ്ചത്തിന്റെ ആദികാരണസ്വരൂപവുമാകുന്നു. പുരുഷൻ അവികാരിയും ചേതനനും ആത്മസ്വരൂപനുമാകുന്നു. പുരുഷന്റെ സാന്നിധ്യംകൊണ്ടു പ്രകൃതി സമസ്തസൃഷ്ടിവ്യാപാരങ്ങളെയും നിൎവ്വഹിക്കുന്നു. താപത്രയങ്ങളെ (ആദ്ധ്യാത്മികം, ആധിഭൗതികം, ആധിദൈവികം) വിവേകംകൊണ്ടു നശിപ്പിക്കുവാൻ കഴിയും. അവയിൽ നിന്നുരക്ഷപ്പെട്ടു പുരുഷന്റെ സ്വതന്ത്രതയെ ഗ്രഹിക്കുന്നതാണു മനുഷ്യജന്മോദ്ദേശ്യം. താപത്രയത്തെ നശിപ്പിക്കുന്നതിന്നു വൈദികയജ്ഞാദികൾ ഉപകരിക്കയില്ല. അതിന്നു തത്വവിചാരംകൊണ്ടെ സാധിക്കു. ഇതൊക്കെയാണു സാംഖ്യദൎശനസിദ്ധാന്തം.

സാംഖ്യമതസ്ഥാപകനായ കപിലന്റെ ജീവചരിത്രത്തെപ്പററി ഒന്നും തീൎച്ചപ്പെടുത്തുവാൻ തരമില്ല. പലരും പലവിധം പറയുന്നു. ബ്രഹ്മാവിന്റെ പുത്രനാണു കപിലനെന്നു സാംഖ്യകാരികയുടെ വ്യാഖ്യാതാവായ ഗൌഡപാദൻ വിചാരിക്കുന്നു. വേറെ ഒരു വ്യാഖ്യാതാവു ഇദ്ദേഹം വിഷ്ണുവിന്റെ അഞ്ചാമത്തെ അവതാരമാണെന്നു പറഞ്ഞിരിക്കുന്നു. ശ്വേതാശ്വതരോപനിഷത്തിൽ, കപിലമഹൎഷി, സാക്ഷാൽ ശിവന്റെ വക്കൽ നിന്നു ആത്മവിദ്യയെ അഭ്യസിച്ച പ്രകാരം കാണുന്നു. സാംഖ്യമതപ്രതിഷ്ഠാപകനായ കപിലനും, "സിദ്ധാനാം കപിലോമുനിഃ" എന്ന വാക്യംകൊണ്ടു നിൎദ്ദേശിക്കുന്ന കപിലനും ഒന്നാവാൻ തരമില്ലെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെട്ടുകാണുന്നുണ്ട്. ഈ അഭിപ്രായത്തെ ഭാഗവതം ചതുൎത്ഥസ്കന്ധത്തിലുള്ള ദേവഹൂതികപിലോപദേശം സാമാന്യമായി പിന്താങ്ങുന്നുണ്ട്. ഭാഗവതത്തിൽ നിന്നു കപിലന്റെ മാതാവു ദേവഹൂതിയാണെന്നും അദ്ദേഹത്തിന്നു ഒമ്പതു സഹോദരികളുണ്ടായിരുന്നുവെന്നും അറിവു കിട്ടുന്നു. പത്മപുരാണത്തിൽ ഇദ്ദേഹം ഇന്ദ്രപ്രസ്ഥത്തിൽ പാൎത്തിരുന്നതായി പറകപ്പെട്ടിട്ടുണ്ട്. പരമ്പരാശ്രുതങ്ങളായ തെളിവുകൾ, കപിലൻ അജ്മീറിന്നു സമീപമുള്ള പുഷ്കരമെന്ന പുണ്യഭൂമിയിലാണു ജനിച്ചതെന്നും ഗംഗാസഗരമെന്ന ദിക്കിലാണു പാൎത്തിരുന്നത

*25 തത്വങ്ങളാവിതഃ—പ്രകൃതി(പ്രധാനം), പുരുഷൻ, മഹത് (ബുദ്ധി), അഹങ്കാരം. പഞ്ചതന്മാത്രകൾ (ശബ്ദസ്പൎശരൂപരസഗന്ധങ്ങൾ), മനസ്സ്, പഞ്ചജ്ഞാനേന്ദ്രിയങ്ങൾ പഞ്ചകൎമ്മേന്ദ്രിയങ്ങൾ പഞ്ചഭൂതങ്ങൾ.—

ന്നും മനസ്സിലാക്കിത്തരുന്നു. മഹാഭാരതത്തിൽ കപിലനെ പ്രജാപതികളിലൊരുവനായി ഗണിച്ചിരിക്കുന്നു. അയോദ്ധ്യാധിപതിയായിരുന്ന സഗരന്റെ ൬൦൦൦൦ മക്കൾ അശ്വമേധത്തിൽ കളവുപോയ കുതിരയെ തേടിപ്പാതാളത്തിലെത്തിയ സമയത്ത്, കുതിരയെ കപിലരുടെ കയ്യുശം കാണുകയാൽ കപിലരിൽ കളവുകുററം ചുമത്തിയപ്പോൾ, കപിലർ കുപിതനായി അവരെയൊക്കെ ഭസ്മമാക്കിയെന്നു ഒരു കഥ രാമായണത്തിലുണ്ട്. ഇപ്രകാരം ഒന്നിനൊന്നു സംബന്ധമില്ലാതെ പലേ കെട്ടുകഥകളെക്കൊണ്ടും കാടുപിടിച്ചു കിടക്കുന്ന കപിലൻ ബ്രാഹ്മണനായിരിക്കേണമെന്നു ഡാക്ടർ ഡേവീസ് ഊഹിക്കുന്നു. കപിലൻ ബുദ്ധമുനിക്കു എത്രയോമുമ്പു ജീവിച്ചിരുന്ന ഒരു ആളാണ്. കപിലാശ്രമം ഹിമവൽ പ്രദേശങ്ങളിലുള്ള സങ്കേതവനഖണ്ഡത്തിലാണെന്നു ബുദ്ധമതഗ്രന്ഥങ്ങളിൽ കാണുന്നു. കപിലൻ, സങ്കേതരാജാവായ സുജാതന്റെ സമാനകാലീനനാണെന്നു കാണുന്നതുകൊണ്ടു, അദ്ദേഹത്തിന്റെ കാലം ഏകദേശം ക്രി. മു. ൭൦൦-നു മുമ്പാണെന്നു നിശ്ചയിക്കാവുന്നതാണ്.

കപിലൻ, തന്റെ സിദ്ധാന്തങ്ങളെ ൬൦ അദ്ധ്യായത്തിൽ ഒരു ഗ്രന്ഥമെഴുതി അസുരിക്കു പഠിപ്പിച്ചു. അതിനെ അസുരി പഞ്ചശിഖാചാര്യർക്കു പഠിപ്പിച്ചു. (പഞ്ചശിഖനു കാപിലേയൻ എന്ന ഒരു പേരുകൂടിയുണ്ട്) പഞ്ചശിഖൻ കപിലസിദ്ധാന്തത്തെ അടിസ്ഥാനമാക്കി, ൬൦൦൦൦ ശ്ലോകങ്ങളടങ്ങിയ ഒരു ഗ്രന്ഥമുണ്ടാക്കിട്ടുണ്ട്. കപിലസിദ്ധാന്തം ഇന്ത്യയിലൊട്ടും പ്രചരിച്ചതു പഞ്ചശിഖാചാര്യന്റെ കാലത്താണ്. കപിലൻ, അസുരി, പഞ്ചശിഖൻ, ഇവരുടെ ഗ്രന്ഥങ്ങളൊന്നും ഇപ്പോൾ കാണുന്നില്ല. കപിലമതം, ഇന്ത്യയിൽ സർവ്വത്ര പ്രചരിച്ചു തുടങ്ങിയതിൽ പിന്നീടു, മനുസംഹിതതുടങ്ങിയ സ്മൃതികളിലും വിഷ്ണുപുരാണം, ഭാഗവതം മുതലായ പുരാണങ്ങളിലും രാമായണം, ഭാരതം എന്നീ ഇതിഹാസങ്ങളിലും എന്നു വേണ്ട മിക്ക ഹൈന്ദവഗ്രന്ഥങ്ങളിലും അതു സ്ഥാനം പിടിച്ചു സൂര്യസിദ്ധാന്തം മുതലായ ജ്യൌതിഷികഗ്രന്ഥങ്ങളിലും സുശ്രുതം, ചരകം എന്നീ വൈദ്യഗ്രന്ഥങ്ങളിൽകൂടിയും സാംഖ്യസിദ്ധാന്തത്തിന്റെ ഒരു ഛായ കാണാവുന്നതാണ്. നമ്മുടെ നിർഭാഗ്യത്തിനു, പഞ്ചശിഖനുശേഷം കുറെ നൂററാണ്ടുകൾക്കു — (ഈശ്വരകൃഷ്ണന്റെ കാലംവരെ) സാംഖ്യമതാചാര്യന്മാരുടെ ചരിത്രമൊന്നും കിട്ടിട്ടില്ല. ഏകദേശം ക്രിസ്ത്വാബ്ദം അഞ്ചാം നൂററാണ്ടിൽ ഈശ്വരകൃഷ്ണനെന്ന വിദ്വാൻ സാംഖ്യകാരിക എന്ന ഗ്രന്ഥത്തെ നിർമ്മിച്ചു. ഈ ഗ്രന്ഥത്തെയാണു ഇപ്പോൾ സാംഖ്യശാസ്ത്രം അഭ്യസിപ്പാനാഗ്രഹിക്കുന്നവർ സാധാരണ ഉപയോഗിച്ചുവരുന്നത്. ഇപ്പോൾ നിലവിലുള്ളതിൽ, പഴക്കമുള്ള ഗ്രന്ഥം ഇതാണ്. ഇതിൽ ൭൨ ശ്ലോകങ്ങളുണ്ട്. ആറാം നൂററാണ്ടിന്റെ മദ്ധ്യത്തിൽ ഇതിനെ പരമാർത്ഥൻ എന്ന ഒരു പണ്ഡിതൻ ചീനഭാഷയിൽ തർജ്ജമ ചെയ്തിട്ടുണ്ട്. അതിൽ പിന്നെ പ്രസ്തുതഗ്രന്ഥത്തിനു പ്രചുരമായ പ്രചാരവും വിവിധവ്യാഖ്യകളും ഉണ്ടായി. വ്യാഖ്യാനങ്ങളിൽ മുഖ്യമായവ ഗൌഡപാദന്റെ 'സാംഖ്യഭാഷ്യ'വും നാരായണതീർത്ഥന്റെ 'സാംഖ്യചന്ദ്രിക'യും, വാചസ്പതിമിശ്രന്റെ 'തത്വകൌമുദി'യും രാമകൃഷ്ണഭട്ടന്റെ 'സാംഖ്യകൌമുദി'യുമാകുന്നു. സാധാരണ കപിലന്റെ കൃതിയെന്നു പറയുന്ന സാംഖ്യപ്രവചന'ത്തിനു സാംഖ്യസാരം, യോഗവാർത്തികം, ബ്രഹ്മമീമാംസാഭാ

ഷ്യം എന്നീ ഗ്രന്ഥങ്ങളുടെ കൎത്താവായ വിജ്ഞാനഭിക്ഷു ക്രിസ്ത്വാബ്ദം ൧൬-ാം നൂററാണ്ടിൽ സാംഖ്യപ്രവചനഭാഷ്യമെന്ന ഒരു വ്യാഖ്യാനം എഴുതീട്ടുണ്ട്. ഇതിന്നു കപിലഭാഷ്യം, സാംഖ്യഭാഷ്യം എന്നീപ്പേരുകൾ കൂടി നടപ്പുണ്ട്. സാംഖ്യപ്രവചനം, തത്വസമാസം ഇവയുടെ കൎത്താവു കപിലനല്ലെന്നു ചിലർ വാദിക്കുന്നുണ്ട്. ഇതു ശരിയോ ശരികേടോ എന്നു നിൎണ്ണയിപ്പാൻ നിവൃത്തിയില്ല. ശങ്കരാചാൎയ്യർ വേദാന്തഭാഷ്യത്തിൽ സാംഖ്യസിദ്ധാന്തത്തെ ഖണ്ഡിയ്ക്കുന്ന അവസരത്തിൽ ഈശ്വരകൃഷ്ണന്റെ സാംഖ്യകാരികയെപ്പററിയല്ലാതെ സാംഖ്യപ്രവചനത്തെയോ തത്വസമാസത്തെയോ സംബന്ധിച്ച് ഒന്നും പറഞ്ഞിട്ടില്ല. ക്രിസ്ത്വാബ്ദം ൭-ാം നൂററാണ്ടിൽ സാംഖ്യകാരികയ്ക്കു വ്യാഖ്യാനമെഴുതിയ ഗൌഡപാദനും മേല്പറഞ്ഞ രണ്ടു ഗ്രന്ഥങ്ങളെപ്പററി ശബ്ദിച്ചിട്ടില്ല. ഈ കാൎയ്യത്തിൽ സാംഖ്യകാരികയുടെ മറെറാരു വ്യാഖ്യാതാവായ മിഥിലയിലെ വാചസ്പതിമിശ്രനും പത്താം നൂററാണ്ടിൽ മൌനം ദീക്ഷിച്ചിരിക്കയാണ്. ഇതുകൊണ്ടൊക്കെ സാംഖ്യപ്രവചനസൂത്രത്തിന്റെയും തത്വസമാസത്തിന്റെയും കൎത്താവു കപിലനല്ലെന്ന വാദത്തിന്നു തീരെ അടിസ്ഥാനമില്ലാതിരിക്കുന്നില്ലെന്നു നിൎണ്ണയിക്കാം. ഗ്രന്ഥകൎത്താവാരായിരുന്നാലും അതിന്നു അനിരുദ്ധനാൽ എഴുതപ്പെട്ടിട്ടുള്ള ഒരു ടീകകൂടിയുണ്ട്. ഈ അനിരുദ്ധൻ, ൧൫-ാം നൂററാണ്ടിൽ ബുദ്ധമതം സ്വീകരിച്ച അനിരുദ്ധൻ തന്നെയോ എന്നു നിശ്ചയിക്കവയ്യാ.

ക്രി. മു. ഒന്നാം നൂററാണ്ടിൽ അശ്വഘോഷബോധിസത്വനാൽ നിൎമ്മിക്കപ്പെട്ട ബുദ്ധചരിതകാവ്യത്തിൽ കപിലനെത്തന്നെ വിസ്തരിച്ചു പ്രശംസിച്ചിട്ടുണ്ട്.

എം. എൻ. എൻ.

# മലയാളനിഘണ്ടു

(തുടൎച്ച)



ഇനി മലയാളരാജ്യത്താസകലം വ്യാപിച്ചു കാണപ്പെടുന്ന ജന്തുക്കളെയും സസ്യവൎഗ്ഗങ്ങളേയും സംബന്ധിച്ച ശബ്ദസമൂഹങ്ങളെ പററിയാണ് പറയുവാനുള്ളത്. ആരണ്ടു എനങ്ങളിലുമായി അനേകായിരം ജാതിഭേദങ്ങളും അവയിൽ ഓരോന്നിലും പലവക ഭേദങ്ങളും കാണപ്പെടുന്നു. അവയിൽ, എല്ലാററിനുമില്ലെങ്കിലും മിക്കതിന്നും പേരുകളുണ്ട്. പക്ഷെ ആ വക പേരുകളിൽ ചിലതെല്ലാം ചില ജാതിക്കാരുടെ ഇടയിൽ മാത്രമേ നടപ്പുള്ളൂ. അവയെ എല്ലാം ശേഖരിച്ചു ചേൎക്കപ്പെടുത്തുന്നത് ഏററവുമാവശ്യമാകുന്നു. പിന്നെ വൈദ്യശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, മന്ത്രവാദം എന്നിവയെ സാംബന്ധിച്ചു പ്രയോഗിക്കപ്പെടുന്ന ശബ്ദങ്ങളും അസംഖ്യമുണ്ട്. അവയെ എല്ലാം അന്വേഷിച്ചു പിടിച്ചു ചേൎക്കപ്പെടുത്തിവെക്കുന്നതും അത്യാവശ്യം തന്നെയാകുന്നു.

ഇതേവരെ നമ്മുടെ ഇടയിൽ ഓരോ സമുദായത്തിൽ മാത്രം അധികപ്രചാരമുള്ളവയായ പദപ്രയോഗങ്ങളെപ്പററി മാ

ളെ നിരൂപിക്കുകയുണ്ടായുള്ളൂ. അവസ്ഥ പുറമെ, ഊണ്, കളി, ഉറക്കം, നടക്കുക, ഇരിക്കുക, കിടക്കുക എന്നിങ്ങിനെ യാതൊരു ദേശവ്യത്യാസവും കൂടാതെ എല്ലാവരുടെ ഇടയിലും ഒരുപോലെ നടപ്പുള്ള സാധാരണ പദങ്ങളെപ്പററി വിശേഷിച്ചൊന്നും പറയുവാനില്ലായ്കയാൽ അവയെപ്പററി ഇവിടെ പ്രസ്താവിക്കേണ്ടതില്ല.

ഇനി നമ്മുടെ ഇടയിൽ ജീൎണ്ണങ്ങളായി തുടങ്ങിട്ടുള്ള പല ശബ്ദങ്ങളുള്ളതിൽ ചിലതിനെ ഉദാഹരണമായി ചൂണ്ടിക്കാണിക്കാം. സംഘക്കളി, ചാക്യാരക്കൂത്ത്, കഥകളി, കൃഷ്ണാട്ടംകളി മുതലായവയെ രാജാക്കന്മാരും പ്രഭുക്കന്മാരും മററു ജനങ്ങളും മുമ്പേത്തെപ്പോലെ കൊണ്ടാടായ്ക നിമിത്തം ഇപ്പോൾ അവയെ പ്രയോഗിക്കുന്ന ഘട്ടങ്ങൾ വളരെ കുറവായിരിക്കുന്നു. ആ കാരണത്താൽ തന്നെ അതാതിനെ സംബന്ധിച്ചുള്ള അനവധി പദപ്രയോഗങ്ങളും ശിഥിലങ്ങളായിത്തീൎന്നിരിക്കുന്നു. അവയുടെ അൎത്ഥവിചാരംകൊണ്ടു സാമുദായികമായ അനേകം കാൎയ്യങ്ങൾ നമുക്കു മനസ്സിലാകുവാനുള്ളതിനാലും കാലാന്തരംകൊണ്ട് അവ തീരെ നശിച്ചുപോകുന്നതാകയാലും നാം ഇപ്പോൾ തന്നെ അവയെല്ലാം സമ്പാദിച്ചു റിക്കാൎട്ടാക്കി സൂക്ഷിക്കേണ്ടതാകുന്നു.

ഇനി തീരെ നശിച്ചുപോയിട്ടുള്ളവയും നഷ്ടപ്രായങ്ങളായിട്ടുള്ളവയുമായ പല പദസമൂഹങ്ങളുമുള്ളവയെപ്പററി പ്രത്യേകം നിരൂപിക്കേണ്ടതുണ്ട്. ഉദാഹരണത്തിന്നായി അവയിലും ഒന്നുരണ്ടു എണ്ണങ്ങളെ എടുത്തുകാണിക്കാം. പണ്ടു ബ്രാഹ്മണരുടെ രാജ്യഭാരം മുതൽ ഇംഗ്ലീഷുകാർ ആക്രമിക്കുന്നതുവരെ മലയാളരാജ്യം പല രാജാക്കന്മാരും സ്വതന്ത്രന്മാരായിത്തന്നെ ഭരിച്ചിരുന്നുവെന്ന സംഗതി ചരിത്രംകൊണ്ടും അനേകം ഐതിഹ്യങ്ങളെക്കൊണ്ടും നാം അറിയുന്നുണ്ടല്ലോ. ആ കാലങ്ങളിൽ തത്തൽ കാലദേശാവസ്ഥകളെ അനുസരിച്ചുണ്ടായിരുന്ന രാജ്യഭരണസമ്പ്രദായങ്ങൾ ഭരണസൌകൎയ്യാൎത്ഥം രാജ്യത്തെ ഖണ്ഡങ്ങളായി തിരിച്ചിരുന്ന മാതിരികൾ, പ്രജാപരിപാലനത്തിന്നായിക്കൊണ്ട് ഓരോ ഖണ്ഡത്തിലും നിയമിക്കപ്പെട്ടിട്ടുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരുടെ വകഭേദങ്ങൾ, സിവിൽനിയമം ക്രിമിനൽ നിയമം അവയുടെ നടവടിക്രമങ്ങൾ, ശിക്ഷയുടെ സമ്പ്രദായങ്ങൾ, പ്രജകൾ രാജഭോഗമായി കൊടുത്തിരുന്ന അംശങ്ങൾ സൈന്യങ്ങൾ എന്നു തുടങ്ങി നാനാപ്രകാരേണയുള്ള ഏൎപ്പാടുകൾ ഉണ്ടായിരുന്നതായിട്ടും അവയെ ഓരോന്നിനെയും സംബന്ധിച്ച അനവധി കാൎയ്യങ്ങൾ നടപ്പുണ്ടായിരുന്നതായിട്ടും നമുക്കൂഹിക്കാവുന്നതാണ്. അവയുടെ എല്ലാം ശരിയായ ജ്ഞാനം മനുഷ്യൎക്കുണ്ടാകുന്നതു പദപ്രയോഗങ്ങളെക്കൊണ്ടാണല്ലോ. നമ്മുടെ പൂൎവ്വന്മാരുടെ ഉദാസീനതകൊണ്ട് ആ വക പദങ്ങൾ മിക്കതും ഇപ്പോൾ നശിച്ചുപോയിരിക്കുന്നുവെന്നു വളരെ വ്യസനത്തോടുകൂടി പറയേണ്ടിയിരിക്കുന്നു. അവയിൽ അപൂൎവ്വം ചിലതു മുക്കിലും മൂലയിലുമായി ചിന്നിച്ചിതറി കിടക്കുന്നുണ്ട്. ചിലതെല്ലാം ചില തമിഴ്ഗ്രന്ഥങ്ങളിൽ നിന്നു കണ്ടുകിട്ടുന്നതാണ്. ലവലേശം കാലതാമസം കൂടാതെ ഇപ്പോൾ തന്നെ നാം വളരെ പണിപ്പെട്ടു തേടിപ്പിടിച്ച് അവയെ സമ്പാദിച്ചുവെക്കാഞ്ഞാൽ ഇനിയത്തെ തലമുറയാകുമ്പോഴക്കും ഉള്ളതും കൂടി പോകുന്നതാണ്. മേൽപറഞ്ഞ പഴയ ശബ്ദങ്ങളെല്ലാം ഇപ്പോൾ ഉണ്ടായിരുന്നുവെങ്കിൽ ചരിത്രസംബന്ധമായി എത്ര അനവധി തത്വങ്ങൾ നമുക്കു വെളിപ്പെട്ടു കിട്ടുമായിരുന്നു.

നഷ്ടങ്ങളും നഷ്ടപ്രായങ്ങളുമായ പദസമൂഹങ്ങൾക്ക് ഇനി വേറൊരു ഉദാഹരണം പറയാം. മലയാളികളുടെ ഇടയിൽ യുദ്ധമില്ലാതായതോടുകൂടി കളരി എന്ന ഏർപ്പാടു നാശത്തെ പ്രാപിച്ചു. അതോടുകൂടി പലവിധ ആയുധാഭ്യാസങ്ങളും ഇല്ലാതായിത്തീൎന്നു. അപ്പോൾ എതിൎത്തു പൊരുതുന്നതിന്നും തടുക്കുന്നതിന്നും മററുമായി ഉപയോഗപ്പെടുത്തിയിരുന്ന പലമാതിരി ആയുധങ്ങളുടെ പ്രയോഗവിശേഷങ്ങൾ നഷ്ടങ്ങളായിത്തീൎന്നു. പ്രയോഗനാശത്തോടുകൂടി, പ്രയോജനാഭാവം ഹേതുവായിട്ട്, ആവക ആയുധങ്ങൾ തന്നെ മിക്കതും നശിച്ചുപോയി. ആയുധങ്ങൾ നശിച്ചപ്പോൾ അവയെ ഉണ്ടാക്കുക എന്ന തൊഴിലുകൾക്കു നാശം സംഭവിച്ചു. തൊഴിലുകളില്ലാതായതോടുകൂടി അതാതു തൊഴിൽക്കാർ തന്നെ നിൎമ്മാണത്തിന്നായിക്കൊണ്ടുപയോഗിച്ചിരുന്ന കരുക്കളും, അവരുടെ പ്രവൃത്തിവിശേഷങ്ങളും കാലഗതിയെ പ്രാപിച്ചു. അതോടുകൂടി തത്തൽസംബന്ധമായി ജനങ്ങളുടെ ഇടയിൽ നടപ്പുണ്ടായിരുന്ന പദപ്രയോഗങ്ങൾ മിക്കതും നഷ്ടങ്ങളായി ഭവിക്കുകയും ചെയ്തു. അത്രയുമല്ല. യുദ്ധം നിന്നതോടുകൂടി പടനായകന്മാരുടെ സ്ഥാനവ്യത്യാസങ്ങൾ, അവൎക്കുണ്ടായിരുന്ന അധികാരഭേദങ്ങൾ, സൈന്യത്തിന്റെ വ്യൂഹരചനാരീതി, യുദ്ധം ചെയ്യുന്ന ക്രമം, ഭടന്മാരുടെ ഉടുപ്പു സമ്പ്രദായം എന്നിവയെല്ലാം നാശത്തെ പ്രാപിച്ചു. അവയുടെ നാശത്തോടുകൂടി അവയ്ക്കോരോന്നിന്നും ഉപയോഗിച്ചിരുന്ന വാക്കുകളും ക്രമേണ മാഞ്ഞുപോയി. ഇത്രമാത്രംകൊണ്ടുമായില്ല. പടക്കുള്ള പട്ടം വേണ്ടെന്നു വന്നതോടുകൂടി മനുഷ്യശരീരത്തിലുള്ള വിവിധനാഡിഭേദങ്ങളുടേയും ഞരമ്പുകളുടേയും സ്വരൂപജ്ഞാനം, ഞരമ്പു പിണങ്ങിയാൽ അവയെ നേരെയാക്കേണ്ട കൌശലം, മുറിക്കും മററുമുള്ള ചില സിദ്ധൌഷധങ്ങളുടെ ജ്ഞാനം, പിന്നെ വൈദ്യശാസ്ത്രസംബന്ധമായ ശസ്ത്രപ്രയോഗങ്ങൾ എന്നിവ പലതും നശിച്ചുപോയിട്ടുണ്ട്. അവയെല്ലാം പ്രത്യേകമുണ്ടായിരുന്ന വാക്കുകളും ക്രമേണ നാശത്തെ പ്രാപിച്ചു.

ദൈവഗത്യാ കരു ഏർപ്പാടിന്നു നാശം സംഭവിച്ചതോടുകൂടി നമ്മുടെ ഭാഷക്ക് എത്ര വലിയ നഷ്ടമാണ് വന്നുവശായത് എന്ന് ആലോചിച്ചുനോക്കുക. മേൽകാണിച്ച ശബ്ദസമൂഹങ്ങളിൽ മിക്കതും തീരെ നശിച്ചുപോയിരിക്കുന്നു. എങ്കിലും ഇപ്പോൾ കൊണ്ടുപിടിച്ചു ശ്രമിച്ചാൽ ചിലതെല്ലാം കണ്ടുകിട്ടുന്നതാണ്.

അതിനാൽ മേൽ നിരൂപിച്ച പ്രകാരം നാനാപ്രകാരേണ ചാന്നു നിറഞ്ഞു കിടക്കുന്ന നമ്മുടെ ഭാഷയിലെ പദസമൂഹങ്ങളെ ആസകലം ശേഖരിച്ചു ക്രമപ്പെടുത്തി അവയുടെ അൎത്ഥവിചാരം ചെയ്യുവരുമ്പോൾ അതോടുകൂടി ചരിത്രവിഷയമായിട്ടനേകം തത്വങ്ങൾ വെളിപ്പെടുകയും മലയാളത്തിലെ വിവിധ സമുദായങ്ങളുടെ അതാതു കാലത്തുള്ള അവസ്ഥാഭേദങ്ങളുടെ ജ്ഞാനം കുറച്ചൊന്നുണ്ടാകുന്നതിന്നു തരം വരികയും, ചരിത്രഗ്രന്ഥമെഴുതുന്നതിന്നു തന്നെ അത് പലവിധത്തിലും സഹായമായി ഭവിക്കുകയും ചെയ്യുന്നതാണ്.

ഇങ്ങിനെയുള്ള ഒരു നിഘണ്ടു എഴുതുവാൻ ഒരുവനെക്കൊണ്ടൊ പത്തുപേരെക്കൊണ്ടൊ നൂറാളെക്കൊണ്ടൊ സാധിക്കുന്നതല്ല. അത്ര വേഗത്തിൽ സാധിക്കുന്നതുമല്ല. മലയാളത്തിലുള്ള എല്ലാ സമുദായക്കാരും ഒത്തൊരുമിച്ചു ക്ഷമയോടുകൂടി വളരെ കാലം പ്രയത്നം ചെയ്തു സാധിക്കേണ്ട കാര്യമാകുന്നു ഇത്. ഈ വിഷയത്തിൽ നാമെല്ലാവരും എങ്ങിനെയാണ് പ്രയത്നം ചെയ്യേണ്ടത് എന്നതിനെപ്പററി ഈ ലേഖകനു തോന്നിട്ടുള്ള അഭിപ്രായത്തെ ഇവിടെ സംക്ഷേപമായി പ്രസ്താവിക്കാം.* ഒന്നാമതായിട്ടു മലയാളത്തിൽ പലേടങ്ങളിലുമുള്ള വിദ്വാന്മാർ ഒന്നിച്ചുചേർന്നു നമ്മുടെ ഭാഷയിലുള്ള നാനാവിധശബ്ദങ്ങളെയും ശേഖരിക്കുവാനുള്ള മാർഗ്ഗത്തെപ്പററി ചിന്തിക്കണം. ആദ്യം തന്നെ ശബ്ദങ്ങളെ അകാരാദിക്രമത്തിൽ ശേഖരിക്കുക എന്നത് തീരെ അസാദ്ധ്യമാകുന്നു. തുടക്കത്തിങ്കൽ മലയാളരാജ്യത്തുള്ള വിവിധ സമുദായങ്ങളിലും കാണപ്പെടുന്ന ജാതിഭേദങ്ങളേയും തൊഴില്ഭേദങ്ങളേയും അവയിലുള്ള അവാന്തരവിഭാഗങ്ങളേയും മററും അടിസ്ഥാനപ്പെടുത്തിക്കൊണ്ട് തത്തത്സംബന്ധമായി ഉപയോഗിച്ചുവരുന്ന ശബ്ദങ്ങളെ ശേഖരിക്കുവാനെ സാധിക്കുകയുള്ളൂ. അതിലേക്കു സെൻസസ് റിപ്പോർട്ടുകളുടേയും, വേറെ ഗ്രന്ഥങ്ങളുടേയും മററും സഹായത്തോടുകൂടി ഒരു ലിസ്റ്റ് വിദ്വാന്മാരെല്ലാവരും കൂടി ആലോചിച്ച് തയ്യാറാക്കേണ്ടതാകുന്നു. പിന്നെ ആ ലിസ്റ്റിലുള്ള ഓരോ ഇനത്തിലേയും ശബ്ദങ്ങളെ സമ്പാദിക്കുന്നതിനു പല ഫാറങ്ങളും തയ്യാറാക്കി അച്ചടിക്കണം. അതിന്റെ ശേഷം ഈ കാര്യത്തിലേക്കായി മലയാളത്തിൽ എവിടെ എങ്കിലും ഒരു പ്രധാന സംഘം ഏർപ്പെടുത്തേണം. ആ സ്ഥാനം വഹിക്കുന്നതിന്നു കുറെ കാലമായി നിലനിന്നു പോരുന്ന ഭാഷാപോഷിണി സഭ തന്നെയാണ് അധികം നല്ലത്. ര.ഭംഗങ്ങളായി നമ്മുടെ രാജ്യത്തുള്ള എല്ലാ പ്രാധാന സ്ഥലങ്ങളിലും ഉപസഭകൾ ഏർപ്പെടുത്തേണ്ടതാകുന്നു. ആവക സഭകളിലെ പ്രവർത്തകന്മാർ മേൽപറഞ്ഞ ഫാറങ്ങളെ അതാതു ദേശത്ത് കാണപ്പെടുന്ന ഭാഷാഭിമാനികളായിട്ടുള്ളവരെ ഏല്പിച്ച് അവരെക്കൊണ്ട് ഓരോ ഇനത്തിലുള്ള ശബ്ദങ്ങളെയും അവയുടെ ശരിയായ അർത്ഥങ്ങളേയും ശേഖരിപ്പിക്കണം. അപ്രകാരം ശേഖരിക്കപ്പെട്ട ശബ്ദങ്ങളെ എല്ലാ ഉപസഭകളും മാസന്തോറും പ്രധാന സഭയിലേക്ക് അയച്ചുകൊടുക്കണം. പ്രധാനസഭയുടെ അംഗമായി ഒരു മാസികയെ നടത്തണം. അതിൽ മേൽപറഞ്ഞപ്രകാരം വന്നുചേരുന്ന ശബ്ദസമൂഹങ്ങളെ അർത്ഥത്തോടുകൂടി മാസന്തോറും അച്ചടിക്കണം. പ്രതിമാസം വന്നുചേരുന്ന ശബ്ദങ്ങളെ മാസിക വഴിക്ക് അപ്പപ്പോൾ പ്രസിദ്ധം ചെയ്യുന്നതായാൽ ചില ശബ്ദങ്ങൾക്കു കൊടുത്തിട്ടുള്ള അർത്ഥത്തിൽ അഭിപ്രായഭേദമുണ്ടെങ്കിൽ അവയെ പ്രകാശിപ്പിക്കുവാനും, ചിലതിന്നുണ്ടായേക്കാവുന്ന കൂടുതലായ അർത്ഥത്തെ ചൂണ്ടിക്കാണിക്കുവാനും എല്ലാവർക്കും തരം വരുന്നതാണ്. ഇങ്ങിനെ ഒരു കൊല്ലം കഴിയുമ്പോൾ പ്രധാന സഭയിലെ കമ്മിററിക്കാർ അതെ വരെ ശേഖരിക്കപ്പെട്ടിട്ടുള്ള ശബ്ദങ്ങളെ എല്ലാം അകാരാദിമട്ടിൽ ക്രമപ്പെടുത്തുകയും ആ ഒരു കൊല്ലത്തെ പ്രയത്നത്തെപ്പററി ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്ത് അവയെ പ്രസിദ്ധം ചെയ്യേണ്ടതാകുന്നു. ഇങ്ങനെ കുറെ കാലം കഴിഞ്ഞതിന്റെ ശേഷമേ അവയെ എല്ലാം ഒരു നിഘണ്ടുവിന്റെ ആകൃതിയിലാക്കുവാനുള്ള ശ്രമം

തുടങ്ങുവാൻ പാടുള്ളു. ആ ഘട്ടത്തിലാണ് ശബ്ദങ്ങളുടെ ശരിയായ വ്യുല്പത്തിയെ സമ്പാദിപ്പാൻ ഉത്സാഹിക്കേണ്ടത്. അതിന്നു എല്ലാ പ്രധാന ദ്രാവിഡഭാഷകളിലുമുള്ള നിഘണ്ഡുക്കളുടേയും അന്യഗ്രന്ഥങ്ങളുടേയും സഹായം വേണ്ടിവരുന്നതാണ്. ഈ വിധത്തിൽ ഒരു നിഘണ്ഡു സമ്പാദിക്കുന്നതായാൽ അതാണ് നമ്മുടെ ഭാഷയ്ക്കു ഏറ്റവും വില പിടിച്ചതായ ഒരു സ്വത്തായി ഭവിയ്ക്കുക. അതാണ് മലയാളഭാഷയെ സംസാരിയ്ക്കുന്ന നാമെല്ലാവരും ഒന്നൊരുമിച്ചു വേലചെയ്തു ഒന്നാമതായി സാധിക്കേണ്ടതു്. മലയാളഭാഷയുടെ യോഗക്ഷേമത്തെ കാംക്ഷിയ്ക്കുന്ന ഭാഷാഭിമാനികളായിട്ടുള്ളവരുടെ ഏറ്റവും ഗൌരവമായിട്ടുള്ള ആദ്യത്തെ കൃത്യവും അതുതന്നെയാകുന്നു. ഈ കാൎയ്യത്തിലേയ്ക്കു മഹാന്മാരായിട്ടുള്ളവർ സഹോത്സാഹത്തോടുകൂടി ശ്രമം തുടങ്ങുന്നതായാൽ തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ് എന്നീ മൂന്നു ഗവൎമ്മേണ്ടുകളും ദ്രവ്യംകൊണ്ടും മററുപ്രകാരത്തിലും തക്കതായ സഹായങ്ങൾ ചെയ്യുമെന്നു ധാരാളം കരുതാവുന്നതാണ്. വിഷയത്തിന്റെ ഗൌരവത്തേയും ഇനിയും ആ കാൎയ്യത്തിൽ ഉദാസീനത കാണിച്ചാലുള്ള വൈഷമ്യത്തേയുംപററി ആലോചിക്കുന്നതായാൽ ഒരു നിമിഷംപോലും കളയാതെ ആ കാൎയ്യത്തിൽ ഉടനെ പ്രയത്നമാരംഭിയ്ക്കേണ്ടതാണ് എന്നു ഏവനും തോന്നാതിരിയ്ക്കയില്ല. മലയാളികളായിട്ടുള്ളവരെല്ലാവരും കൂടി ചേൎന്നുവേലചെയ്തു സാധിക്കേണ്ടതായ ഇത്രയും തന്നെ ഗൌരവമുള്ള വേറൊരു കാൎയ്യമുള്ളതിനെപ്പററി ഇനി ഒരിക്കൽ പ്രസ്താവിക്കാം.

കെ. എം.

---

# യൂറോപ്പിന്റെ അകാലമരണം

മനുഷ്യരുടെ അഭിപ്രായങ്ങൾ മിക്കസംഗതികളിലും സാധാരണമായി ഭിന്നിച്ചുകൊണ്ടാകുന്നു കാണപ്പെടുന്നതെങ്കിലും ഒരു കാൎയ്യത്തിൽ അവൎക്കു നല്ല യോജിപ്പുണ്ടു്. എല്ലാ നാ



ടുകളിലും വെച്ചു ഏററവും പരിഷ്കാരമേറിയതു ഏതാണെന്നു ചോദിക്കുന്നതായാൽ "യൂറോപ്പ്" എന്നാണ് സകലരും ഏകകണ്ഠമായി ഉത്തരംപറയുന്നതു്. എല്ലാവരുംവാക്കുകൊണ്ടിങ്ങിനെ പറയുന്നുവെന്നു മാത്രമല്ല, സകലരുടേയും പ്രവൃത്തികളും ഈ അഭിപ്രായത്തോടനുസരിച്ചുംകൊണ്ടുതന്നെയാകുന്നു താനും. ഭൂമിയുടെ വല്ല മൂലയിലെങ്കിലും വളരെപ്പണച്ചിലവും ബുദ്ധിമുട്ടും നേരിടത്തക്ക വല്ല ഏൎപ്പാടുമുണ്ടെങ്കിൽ അതിന്റെ തലവനാരെന്നു ചോദിക്കേണ്ടതില്ല. ഒരു വെള്ളക്കാരനായിട്ടേ വരുള്ളൂ. ആരെങ്കിലും വിലപിടിച്ചതും നിൎമ്മിപ്പാൻ പ്രയാസമുള്ളതുമായ വല്ല സാധനവും ആവശ്യമുണ്ടെങ്കിൽ അതെവിടെയാണന്വേഷിക്കേണ്ടതെന്നു സംശയമില്ല- ബിലാത്തിയിൽതന്നെ. അതുപോലെതന്നെ കുട്ടികൾക്കൽകൃഷ്ടവിദ്യാഭ്യാസം ഉണ്ടാക്കിക്കൊടുക്കുന്നമെന്നായ

ഛേദുള്ളവർ അവരെ യൂറോപ്പിൽ അനേകം വിദ്യാലയങ്ങളുള്ളതിൽ ഏതിലെങ്കിലുമയയ്ക്കേണ്ടതെന്നല്ലാതെ വേറെ വല്ല രാജ്യങ്ങളിലേക്കും അയച്ചെങ്കിലോ എന്നു സംശയിക്കുമാറില്ല. ചുരുക്കിപ്പറഞ്ഞാൽ മതിയല്ലോ. ഇപ്പറഞ്ഞ നാട്ടിന്നും പരിഷ്കാരത്തിന്നും തമ്മിൽ കുറെക്കാലമായിക്കണ്ടുവരുന്ന സാഹചര്യം നിമിത്തം 'യൂറോപ്പ്' എന്ന പദത്തിന്നും 'പരിഷ്കാരം' എന്ന പദാർത്ഥത്തിന്നും തമ്മിൽ ലക്ഷണാസംബന്ധം ഉന്നവശമായിരിക്കുന്നു. ഇത്രയും ഊർജ്ജിതത്തെ പ്രാപിച്ചു നിൽക്കുന്ന യൂറോപ്യന്മാരുടെ പരിഷ്കാരവും അതിനെ അപേക്ഷിച്ച് ഇന്ത്യക്കാരായ നമ്മുടെ ഇടയിൽ കാണുന്ന പ്രാകൃതാവസ്ഥയും കൂടിയാലോചിച്ചു നോക്കുന്ന സമയം ചിലർക്ക് യൂറോപ്യന്മാരും ഇന്ത്യക്കാരും രണ്ടു ജാതിയിൽ ചേർന്ന ജീവികളല്ലയോ എന്നു സംശയം തോന്നിയേക്കാം. എന്നാലിതു ചരിത്രപരിചയമില്ലായ്കയാണ്. ചരിത്രമായിപ്പരിചയമുണ്ടാകുമ്പോൾ യൂറോപ്യന്മാരും നോമും ദൈവസൃഷ്ടിയിൽ ഒരുപോലെതന്നെയായിരുന്നുവെന്നും, അവർക്കിപ്പോൾക്കാണുന്ന പരിഷ്കാരമെല്ലാം സംഗതിവശാലുണ്ടായതാണെന്നും, ഈ പരിഷ്കാരമുണ്ടായതിന്നു മുമ്പെ അവരും നൊമ്മെപ്പോലെതന്നെ പ്രാകൃതാവസ്ഥയിലായിരുന്നുവെന്നും സ്പഷ്ടമാകുന്നതാണ്. ഈ വക സംഗതികളെപ്പറ്റി വിവരിക്കുന്നതു വായനക്കാർക്ക് നീരസമാകയില്ലെന്നു പൂർണ്ണമായി വിശ്വസിക്കുന്നു.

യൂറോപ്പുരാജ്യക്കാരുടെ ചരിത്രം തുടങ്ങീട്ട് ഇപ്പോഴേക്കു രണ്ടായിരത്തഞ്ഞൂറിൽപുറം മൂവ്വായിരത്തിലകം സംവത്സരമായിരിക്കുന്നു. ഇതിൽ ഒടുവിൽപ്പെട്ട നാന്നൂറു സംവത്സരം ആധുനികകാലമെന്നും, അതിന്നു മുമ്പ് ഏറെക്കുറെ ആയിരം സംവത്സരം മദ്ധ്യകാലമെന്നും അതിന്നും മുമ്പുള്ള കാലം മുഴുവൻ പുരാതനകാലമെന്നുമാണു ചരിത്രക്കാർ പറഞ്ഞുവരുന്നത്. ഇപ്പോൾ യൂറോപ്യന്മാരുടെ കൂട്ടത്തിൽ പ്രധാനികളെന്നു ഗണിക്കപ്പെടുന്ന ഇംഗ്ലീഷുകാർ, പരിന്ത്രീസ്സുകാർ, ജർമ്മനിക്കാർ മുതലായ വകക്കാർ ആധുനികകാലത്തു പൊങ്ങിവന്നവരാകുന്നു. പുരാതനകാലത്ത് ഇവരുടെ പേരും കൂടിയില്ലായിരുന്നു. അന്നു പഠിപ്പിലും പരിഷ്കാരത്തിലും ശക്തിയിലും പ്രധാനികളായിരുന്നതു യവനന്മാരും റോമകന്മാരുമായിരുന്നു. ഇവരിൽ തന്നെ കാലംകൊണ്ടു മുമ്പുണ്ടായിരുന്നതു യവനന്മാർക്കാണ്. ഇവർക്ക് ശാസ്ത്രങ്ങളിലെല്ലാം അക്കാലാവസ്ഥക്കു നല്ല പാണ്ഡിത്യമുണ്ടായിരുന്നതല്ലാതെ രാജ്യഭരണത്തിലും സമുദായപരിഷ്കരണത്തിലും റോമകന്മാരെപ്പോലെ മിടുക്കുണ്ടായിരുന്നില്ല. റോമകന്മാർക്കാകട്ടെ ശാസ്ത്രവിഷയങ്ങളിൽ യവനന്മാരുടെ പിന്നാലെ നില്ക്കുവാനേ ആദ്യകാലത്തു കോപ്പുണ്ടായിരുന്നുള്ളതാനും. എങ്കിലും രാജ്യഭരണകാര്യത്തിലെ മിടുക്കുകൊണ്ടു റോമകന്മാർക്ക് ശക്തി കയറി വശമായതിനാൽ അവർ ക്രമേണ യവനന്മാരെയെല്ലാം ജയിച്ചു കീഴടക്കി. അതിന്നുശേഷം ഈ രണ്ടു വർഗ്ഗക്കാരും തമ്മിൽ സംസർഗ്ഗത്തിന്നധികം സംഗതി വന്നതുകൊണ്ടു റോമകന്മാർ യവനന്മാരിൽ നിന്നു ശാസ്ത്രങ്ങളെല്ലാം പഠിച്ചു. ഇങ്ങിനെ അധികാരശക്തിയും വിദ്യാബലവും കൂടി റോമകന്മാരുടെ കയ്യിൽ വന്നുചേർന്നു. അതിൽപിന്നെ റോമകന്മാർക്കുണ്ടായ കയററത്തിന്നു ഒന്നുകൂടി ശക്തിവെച്ചു. ഇങ്ങിനെ പുരാതനകാലത്തിന്റെ ഏകദേശം ഒടുവായപ്പോഴേക്ക് അവർ വലിയ പരിഷ്കാരക്കാരായി

ത്തിന്നുവെന്നു മാത്രമല്ല സൎവ്വപ്രകാരത്തിലുമുള്ള പ്രാധാന്യത്തിൽ അവരെപ്പോലെ ഭൂമിയിൽ ആരുമില്ലെന്നുള്ള ദിക്കാവുകയും ചെയ്തു. എങ്കിലും ജന്യമായ സകലത്തേയും ഒരുപോലെ ബാധിക്കുന്നതായ നാശം ഈ റോമകന്മാരുടെ വലിപ്പത്തേയും ബാധിക്കാതിരുന്നില്ല. ലോകനാഥന്മാരെന്നഭിമാനിച്ചിരുന്ന ഈ റോമകന്മാർ വളരെക്കാലം കഴിയുന്നതിന്നു മുമ്പ് ഒരു ജാതി മ്ലേച്ഛന്മാരാൽ തീരെ കീഴടക്കപ്പെട്ടു. ഉൽകൃഷ്ടമായ റോമകശാസനം പ്രബലപ്പെട്ടു നിന്നിടത്തെല്ലാം നികൃഷ്ടമായ മ്ലേച്ഛശാസനം പ്രചരിപ്പാൻ തുടങ്ങി. അതിന്നുശേഷം മുമ്പുണ്ടായിരുന്ന പഠിപ്പും പരിഷ്കാരവും യൂറോപ്പുരാജ്യം തന്നെ വിട്ടുപോകയും ചെയ്തു. ഇങ്ങിനെ പ്രാചീനറോമകപരിഷ്കാരം അസ്തമിച്ചതിന്റെ ശേഷവും ആധുനികന്മാരുടെ നവീനപരിഷ്കാരം ഉദിച്ചതിന്റെ മുമ്പും ഒരായിരം വൎഷത്തോളം യൂറോപ്പാസകലം മരണനിൎവ്വിശേഷമായ ഒരന്ധകാരത്തിലാണു കിടന്നുഴന്നിരുന്നത്. ഈ സ്ഥിതിയെയാണു തലവാചകത്തിൽ കാണുന്ന 'മരണം' എന്ന പദം കൊണ്ടു ഞാൻ കുറിക്കുന്നത്.

റോമകപ്രാഭവത്തിന്റേയും അവരുടെ പരിഷ്കാരത്തിന്റേയും അധഃപതനത്തിന്റെ ഏകകാരണമായി മ്ലേച്ഛന്മാരുടെ ആക്രമത്തെ ചില ചരിത്രക്കാർ പറയുമാറുണ്ട്. എന്നാൽ അത്ര ശരിയല്ലെന്നും അനേക കാരണങ്ങളുള്ളതിലൊന്നാണിതെന്നുമാത്രമെ കരുതുവാൻ തരമുള്ളുവെന്നുമാകുന്നു ഹാലം എന്ന ചരിത്രക്കാരൻ പറയുന്നത്. മ്ലേച്ഛന്മാർ ആ രാജ്യം ആക്രമിച്ചിട്ടില്ലെങ്കിൽ തന്നെ റോമകന്മാരുടെ വലിപ്പം നശിക്കാതെ കഴികയില്ലായിരുന്നുവെന്നു ആയാൾ യുക്തിയുക്തമായി തെളിയിക്കുന്നുണ്ട്. റോമകനാഗരികത്വത്തിന്റെ പരമോച്ചം അഗസ്റ്റസ്സ് സീസർ എന്നു പ്രസിദ്ധനായ ചക്രവൎത്തിയുടെ കാലത്തായിരുന്നു*. ഈ ചക്രവൎത്തി ഇന്ത്യയിലെ വിക്രമാദിത്യൻ, ഭോജൻമുതലായ രാജാക്കന്മാരെപ്പോലെ എല്ലാ വിദ്യകളെയും വൎദ്ധിപ്പിപ്പാൻ എല്ലാ സമയത്തും ശ്രദ്ധവെച്ചിരുന്ന ഒരു മാന്യപുരുഷനായിരുന്നു. ഈ മാന്യന്റെ കാലത്തു സാമ്രാജ്യം വളരെ ഉന്നതിയെ പ്രാപിച്ചുവെന്നു മാത്രമല്ല, ജനങ്ങളുടെ ഇടയിൽ വിദ്യയെത്രത്തോളം വൎദ്ധിക്കാമെന്നു വെച്ചാലത്രത്തോളം വൎദ്ധിക്കുകയും ചെയ്തു. ഒരു നൂറ്റാണ്ടു മുഴുവൻ റോം ആ നിലയിൽ തന്നെ നിന്നു. രണ്ടാമത്തെ നൂറ്റാണ്ടായപ്പോഴക്കു ആഗാമിയായ അധഃപതനത്തിന്റെ ചിഹ്നങ്ങൾ ഓരോന്നായി കണ്ടുതുടങ്ങി. രാജാക്കന്മാൎക്കു ശക്തി കുറഞ്ഞു. ജനങ്ങൾക്കു വിദ്യകളിലുള്ള താല്പൎയ്യം ക്രമേണ കുറഞ്ഞു തുടങ്ങി. നല്ല ഗ്രന്ഥകൎത്താക്കന്മാരില്ലാതായിയെന്നതിരിക്കട്ടെ. മുമ്പുള്ള വിശേഷഗ്രന്ഥങ്ങൾ വായിക്കുന്നവർ തന്നെ ഇല്ലാതായിപ്പോയി. ധനികന്മാരുടെ ആയുസ്സെല്ലാം സുഖവൃത്തികളിൽ ചിലവായിത്തുടങ്ങി. അദ്ധ്യാനശീലം ജനങ്ങളെ വിട്ടുപോയിക്കളഞ്ഞു. സ്വദേശസ്നേഹം തീരെ നശിച്ചു. പൌരുഷവും യുദ്ധസാമൎത്ഥ്യവും പോയി അതിന്റെ സ്ഥാനത്തു സ്ത്രീത്വം വന്നു ജനങ്ങളെ എല്ലാം ബാധിച്ചു. ശത്രുബാധയുണ്ടാകുമ്പോൾ സ്വദേശികൾക്കു പകരം പ്രാകൃതന്മാരായ വിദേശികളെ രാജസൈന്യത്തിൽ ചേൎക്കേണ്ടിവന്നു. സൈന്യത്തിൽ ചേൎത്ത നീചന്മാൎക്കു സ്വതവെ തന്നെ റോമകന്മാരായിട്ടുള്ളവരെപ്പോലെ സ്ഥാനമാനാദികളെല്ലാം കൊടുക്കേണ്ടിയു

* ഇതു ഏകദേശം ക്രിസ്ത്വാബ്ദത്തിന്റെ ആദ്യത്തെ ശതവൎഷത്തിലാണ്.

വന്നു. ഈ നില വന്നപ്പോൾ റോമകന്മാരുടെ ആഭിജാത്യവും കൂടിയില്ലാതായി. റോമകന്മാർ എന്നു പറഞ്ഞാൽ പരിഷ്കൃതന്മാരും പ്രാകൃതന്മാരും, ശൂരന്മാരും, ഭീരുക്കളും, റോമയിലെ സ്വദേശികളും അന്യദേശത്തു നിന്നു വന്നുചേർന്നവരും എല്ലാം കൂടി മിശ്രമായ ഒരു സങ്കരജാതിയായിത്തീരുകയും ചെയ്തു.

മ്ലേച്ഛന്മാരുടെ ആക്രമത്തിന്നു മുമ്പു തന്നെ റോമകസാമ്രാജ്യത്തിന്റെ സ്ഥിതി ഇപ്പറഞ്ഞ പ്രകാരത്തിലായിക്കഴിഞ്ഞിരിയ്ക്കുന്നു. ഈ ആക്രമം താനേ ഒഴുകുന്ന തോണിയ്ക്കു ഒരുന്തും കൂടികൊടുത്താലത്തെപ്പോലെ താനേ വീഴുവാൻ തയ്യാറായ റോമകപ്രാഭവത്തിന്റെ വീഴ്ച്ചയ്ക്കു സഹായമായിത്തീർന്നുവെന്നേയുള്ളൂ. ഈ മ്ലേച്ഛന്മാർ ഇക്കാലത്തു പ്രധാനികളായിക്കരുതപ്പെട്ടു വരുന്ന ഇംഗ്ലീഷുകാർ ഫരിന്ത്രീസ്സുകാർ ജർമ്മനിക്കാർ മുതലായവരുടെ പൂർവ്വന്മാരായിരുന്നു. ഇവരുടെ പരിഷ്കാരസ്ഥിതിയനുസരിച്ചു റോമകന്മാരാണിവർക്കു മ്ലേച്ഛന്മാരെന്നു പേരിട്ടത്. അക്കാലത്തിവർ സ്ഥിരമായ യാതൊരു വാസസ്ഥാനവുമില്ലാതെ നായാട്ടുകൊണ്ടോ അതിപ്രാകൃതമായ വല്ല കൃഷികൊണ്ടൊ ഉപജീവനം കഴിച്ചുകൊണ്ടു നാടെല്ലാം തെണ്ടിനടക്കുന്ന ഒരുവക നീചന്മാരായിരുന്നു. ഇവരുടെ ബുദ്ധിയ്ക്കു പറയത്തക്ക വികാസമൊന്നും വന്നിട്ടുണ്ടായിരുന്നില്ലെന്നു മാത്രമല്ല, അക്ഷരജ്ഞാനം കൂടി ഈ ജാതിക്കാർക്കുണ്ടായിരുന്നില്ല. മനസ്സിന്നു മാർദ്ദവം വരുത്തുന്ന യാതൊരു ചാപ്പും ഇല്ലാതിരുന്നതുകൊണ്ട് ഇവർക്കു മൃഗസാധാരണമായ ഒരുതരം വലിയ ക്രൌര്യവും യുദ്ധഭ്രാന്തും ഉണ്ടായിരുന്നു. ഇതും എതിരാളികളായ റോമകന്മാരുടെ സ്ത്രീഭാവം കൂടിയപ്പോൾ ഇവർക്ക് മററവരെ തോല്പിച്ച് അവരുടെ രാജ്യത്തിന്റെ ഒരു ഭാഗം കീഴടക്കുവാൻ വളരെ എളുപ്പമായിത്തീർന്നു. റോമനഗരം അവർക്കു കീഴടങ്ങിയ രാജ്യത്തിൽ പെട്ടുപോയി. ആ നഗരം നമ്മുടെ കാശിപോലെ പഠിപ്പിന്നു കീർത്തിപ്പെട്ട ഒരു സ്ഥലമായിരുന്നു. അതു നീചന്മാരുടെ കയ്യിൽപ്പെട്ടപ്പോൾ വാനരന്റെ കയ്യിൽപ്പെട്ട രത്നം പോലെ ആയി. അപരിഷ്കൃതചിത്തന്മാരായ അവർക്ക് അതിലെ നാഗരികന്മാരെപ്പററിയും അവരുടെ നാഗരികതയെപ്പററിയും നിന്ദയെ ഉണ്ടായതു്. അതുകൊണ്ടവർ ആ റോമകപരിഷ്കാരം നിലനിൎത്തുവാൻ വേണ്ടി യാതൊരേർപ്പാടും ചെയ്തില്ലെന്നു മാത്രമല്ല, തങ്ങളുടെ കൂട്ടക്കാരും റോമകശാസ്ത്രങ്ങളെ അഭ്യസിയ്ക്കയാകട്ടെ അവരുടെ വിദ്യാലയങ്ങളിൽ പോയി വല്ലതും പഠിയ്ക്കയാകട്ടെ ചെയ്യരുതെന്നു നിയമിയ്ക്കുകയും കൂടിചെയ്തു. ഇതൊടുവിൽ ആ പരിഷ്കാരത്തിന്നു വലിയൊരിടിച്ചിലായിത്തീർന്നു.

ഈ പ്രാചീന പരിഷ്കാരത്തിന്റെ അധഃപതനത്തിന്നു വേറെ ഒരു കാരണം ക്രിസ്തുമതക്കാരുടെ ആവിർഭാവവും അവരുടെ ക്ഷുദ്രമനസ്കതയും ആയിരുന്നു. റോമകസാമ്രാജ്യത്തിന്റെ അത്യുച്ചസ്ഥിതിയും ക്രിസ്തുമതത്തിന്റെ ഉദയവും ഏകദേശം ഒരു കാലത്താണെന്നു പറഞ്ഞുവല്ലൊ- പുതുതായി വല്ലതും ഉണ്ടായാൽ അതെല്ലാവരും നിന്ദിയ്ക്കുക എന്ന സമ്പ്രദായം പണ്ടേയ്ക്കു പണ്ടെ ഉള്ളതാകുന്നു. ഈ സമ്പ്രദായം റോമകന്മാർക്കും ധാരാളമുണ്ടായിരുന്നു. ഇവർ പുതുതായുണ്ടായ ക്രിസ്തുമതത്തെയും അതനുസരിച്ചിരുന്ന ജനങ്ങളെയും ആദ്യകാലങ്ങളിൽ കഠിനമായി നിന്ദിയ്ക്കുകയും ഉപദ്രവിയ്ക്കുകയും ചെയ്തിരുന്നു. അതുകൊണ്ടു ക്രിസ്തുമതക്കാർ റോമകന്മാരുടെയും അവരെ സംബന്ധിച്ച സകല പദാർത്ഥത്തിന്റെയും

നേരെ വലിയ വൈരാഗ്യമായി. ഈ വൈരാഗ്യം അവരെ അത്ര വേഗം വിട്ടുപോയില്ല. കാലക്രമംകൊണ്ടു റോമകന്മാർ ക്രിസ്തുമതത്തിന്റെ ഗുണങ്ങളെല്ലാം ബോദ്ധ്യപ്പെട്ടുവെന്നു മാത്രമല്ല, റോമകചക്രവർത്തികൾ ആ മതം അംഗീകരിക്കുകയും അന്നു രാജ്യമെല്ലാം പരത്തുവാൻ വളരെയത്നിക്കുകയും ചെയ്തു. പിന്നെയും ക്രിസ്തുമതാചാര്യന്മാർക്കു റോമകന്മാരുടെ നേരെയുള്ള വൈരാഗ്യം തീർന്നില്ല. റോമകന്മാരുടെ പഠിപ്പും; പരിഷ്കാരവും, ശാസ്ത്രങ്ങളും എല്ലാം നികൃഷ്ടങ്ങളും ദൈവകല്പിതത്തിന്നു വിരുദ്ധങ്ങളുമാണെന്നവർ വിശ്വസിച്ചു. അതുകൊണ്ടു ക്രിസ്തുമതപ്രകാരം വൈദികവൃത്തിയനുഷ്ഠിക്കുന്നവരാരും റോമകശാസ്ത്രങ്ങളെയും വിദ്യകളെയും അഭ്യസിച്ചുകൂടെന്ന് ആ ആചാര്യന്മാർ തീർച്ചപ്പെടുത്തുകയും ചെയ്തു. അക്കാലത്തു വൈദികന്മാർ മാത്രം വല്ല ശാസ്ത്രാദികളും പഠിച്ചു വശമാകുന്നതല്ലാതെ ലൌകികന്മാർ ആവക കാര്യങ്ങളിൽ അത്ര ശ്രദ്ധവെക്കുക പതിവില്ല. വൈദികന്മാരും ഇപ്പറഞ്ഞ പ്രകാരം ആ പഴയ പരിഷ്കാരത്തെ നിരസിച്ചതുകൊണ്ട് അതിന്റെ അധഃപതനത്തിന്നു കുറെക്കൂടി എളുപ്പമായി.

റോമകഭാഷയായ വിശേഷപ്പെട്ട ലാററിൻ മൃതഭാഷയായതും അതിൽ നിന്നു പല പ്രാകൃതഭാഷകളുമുണ്ടായതും ഇക്കാലത്താണ്. ഇതും റോമകപരിഷ്കാരത്തിന്റെ നാശത്തിന്നു നല്ലൊരു കാരണമായിട്ടാകുന്നു ഗണിക്കപ്പെട്ടിരിക്കുന്നത്. ലാററിൻ നമ്മുടെ ഗൈർവ്വാണിയെപ്പോലെ ഒരു സംസ്കൃതഭാഷയായിരുന്നു. ഇതു റോമകന്മാർ വെട്ടിപ്പിടിച്ച രാജ്യങ്ങളിലെല്ലാം ധാരാളം പ്രചരിക്കുകയും പല ദിക്കുകളിലേയും സ്വഭാഷകളെ തട്ടിനീക്കി അതുകളുടെ സ്ഥാനം കയ്യേറുകയും ചെയ്തു. ഇങ്ങിനെ അതു പല ജാതിക്കാരുടേയും മാതൃഭാഷയായിത്തീർന്നു. എന്നാൽ അതു സംസാരിച്ചിരുന്ന ജനങ്ങൾ തമ്മിൽ ദേശഭേദങ്ങളെ അനുസരിച്ചു പല ഭേദങ്ങളുമുണ്ടായിരുന്നതിനാൽ കാലക്രമേണ ആ ഭാഷയ്ക്കും പല ഭേദങ്ങളും വന്നുകൂടി. ചില ജാതിക്കാരുടെ ഇടയിൽ ലാററിന്റെ സ്വരങ്ങൾ ചിലതെല്ലാം മാറി വ്യഞ്ജനങ്ങളായിത്തീർന്നു. ചില വ്യഞ്ജനങ്ങൾ സ്വരങ്ങളുടെ മട്ടായി. ചില ദിക്കുകളിൽ ഖരവ്യഞ്ജനങ്ങളെല്ലാം മൃദുക്കളായി ഭവിച്ചു. സ്വരങ്ങളുടെ ഹ്രസ്വദീർഘങ്ങൾക്കു നല്ല നിയമമില്ലാതായി. ലാററിൻ വിഭക്തിപ്രധാനമായൊരു ഭാഷയായിരുന്നു. മ്ലേച്ഛന്മാരുടെ മുഖം വഴിക്കു വരുമ്പോഴേക്ക് ഈ വിഭക്തികൾ ഓരോന്നായി കാണാതെ ആയിത്തുടങ്ങി. ഈ വക മാററം ഹേതുവായി നമ്മുടെ സംസ്കൃതമായ ഗൈർവ്വാണിയിൽ നിന്നു പലവിധ പ്രാകൃതങ്ങളുമുണ്ടായതുപോലെ സംസ്കൃതമായ ലാററിനിൽ നിന്നു പലതരം പ്രാകൃതങ്ങളുണ്ടാവാനിടവന്നു. കാലംകൊണ്ട് ഈ വക പ്രാകൃതങ്ങളല്ലാതെ ശുദ്ധ ലാററിൻ ഒരു ദിക്കിലും ഇല്ലാതാകുകയും ചെയ്തു. വില പിടിച്ച റോമകഗ്രന്ഥങ്ങളെല്ലാം ശുദ്ധ ലാററിൻ ഭാഷയിലെഴുതപ്പെട്ടവയായിരുന്നതിനാൽ ലാററിൻ ഭാഷയുടെ പ്രചാരം നിന്നപ്പോൾ ആ വക ഗ്രന്ഥങ്ങളുടെയും പ്രചാരം നിലച്ചു. ഓരോ ദിക്കിൽ കിടന്നിരുന്ന ഗ്രന്ഥസഞ്ചയങ്ങളുടെ മുക്കാലംശവും വിവേകഹീനന്മാരായ മ്ലേച്ഛന്മാർ നശിപ്പിച്ചു. ഇന്നത്തെപ്പോലെ അച്ചടിയന്ത്രങ്ങളും മററുമില്ലാത്തതിനാൽ അന്നു ഗ്രന്ഥങ്ങൾ തന്നെ ചുരുക്കമായിരുന്നു. ഉണ്ടായിരുന്നതു നശിക്കുക എന്നായ്വന്നപ്പോൾ ആ പ്രാചീന റോമകപരിഷ്കാരത്തിന്നു നശിക്കുകയെന്നല്ലാതെ മറെറാരു ഗതിയും ഇല്ലാതായിത്തീരുകയും ചെയ്തു.

മേൽ വിവരിച്ച സംഗതികളെക്കൊണ്ടു പ്രാചീനറോമകപരിഷ്കാരം നശിച്ചതിന്റെ ശേഷം യൂറോപ്പുഖണ്ഡത്തിന്റെ നില വലിയ പങ്കങ്ങളിലായിരുന്നു. വല്ല പഠിപ്പും വിദ്യയുമുണ്ടെങ്കിൽ അതെല്ലാം ക്രിസ്ത്യാനിവൈദികന്മാരുടെ കയ്യിലായിരുന്നു. ഇവരുടെ ഇടയിൽ തന്നെ അതു നന്നെ താണ നിലയിലാണു കിടന്നിരുന്നത്. യാതൊരർത്ഥവുംമനസ്സിലാവാതെ വേദത്തിന്റെവല്ല ഭാഗവുംവായപ്പാഠമാക്കുവാൻസാധിച്ച വൈദികൻ വിദ്വാനായി. ലാററിൻഭാഷയിൽ ചില്ലറ വല്ല ഗ്രന്ഥവും എഴുതാറായാൽ അവന്റെ വലിപ്പം പറയാനില്ല. വേദഭാഷയായ ലാററിൻ തീരെ അറിയാത്ത വൈദികന്മാർ എല്ലാ ദിക്കിലും സുലഭമായിരുന്നു. വല്ല പ്രസംഗവും വേണ്ടിവരുമ്പോൾ അല്പം പഠിച്ച വിദ്വാന്മാരെന്നു പേരു ധരിച്ചിട്ടുള്ള വല്ലവരോടും പറഞ്ഞു വല്ലതും എഴുതിച്ചു വാങ്ങി അർത്ഥം മനസ്സിലാക്കാതെ വായപ്പാഠമാക്കിക്കൊണ്ടു വന്നു ഛർദ്ദിക്കുകയാണിവരുടെ പതിവ്. വൈദികന്മാരുടെ നില ഇങ്ങിനെ ആയാൽ ലൗകികന്മാരുടെ നില പറയേണ്ടതുണ്ടോ? ആയുധാഭ്യാസവും വേണ്ടിയും വേണ്ടാതേയും ഉള്ള യുദ്ധങ്ങളുമല്ലാതെ ഇവക്കു യാതൊരുദ്യോഗവുമുണ്ടായിരുന്നില്ല. യുദ്ധം ചെയ്യാൻ സാമർത്ഥ്യവും യുദ്ധശാസ്ത്രമെന്ന പേരോടുകൂടി നാടെല്ലാം പ്രചരിച്ചിട്ടുണ്ടായിരുന്ന ചില നിയമങ്ങളെപ്പററി വാദിപ്പാനുള്ള കോപ്പും ഉണ്ടായിരുന്നാൽ ഒരുവൻ ലൗകികന്മാരുടെ ഇടയിൽ പൂജ്യനായി. എന്നാൽ വിദ്വാന്മാരെന്നു കീർത്തി സമ്പാദിച്ച ലൗകികന്മാരും ചിലരുണ്ടായിരുന്നില്ലെന്നില്ല. പരിശോധനയിൽ ഇവക്കും വലിയ കോപ്പൊന്നുമുണ്ടായിരുന്നില്ലെന്നു വെളിവാകും. ഇംഗ്ലാണ്ടിലെ രാജാക്കന്മാരിൽ ഒരാളായിരുന്ന ആൽഫ്രെഡ് എന്നാൾ സമകാലീനന്മാരുടെ ഇടയിൽ വിദ്വാനെന്നു പേരുണ്ടായിരുന്ന ഒരു ദേഹമായിരുന്നു. അദ്ദേഹത്തിന്ന് എത്രയും എളുപ്പമായ ഒരു ലാററിൻ ഗ്രന്ഥത്തിന്റെ ചില ഭാഗങ്ങൾ ഇംഗ്ലീഷിലേക്കു ഭാഷാന്തരം ചെയ്യുന്ന കാര്യം വളരെ കൃച്ഛ്രസാദ്ധ്യമായിരുന്നുവത്രെ. മറെറാരാൾ ഒരു പറങ്കി രാജാവായ ഷാർലിമെൻ എന്ന ആളായിരുന്നു. ഇദ്ദേഹം രാജ്യത്തു പഠിപ്പു വർദ്ധിപ്പിക്കുവാൻ വേണ്ടി വളരെ യത്നം ചെയ്ത ഒരു മഹാനാണ്. വിദ്വാനെന്നു സമകാലീനന്മാരുടെ ഇടയിൽ പ്രസിദ്ധനും ആയിരുന്നു. എന്നാൽ അദ്ദേഹത്തിന്ന് ഒരക്ഷരമെങ്കിലും എഴുതുവാൻ അറിഞ്ഞുകൂടായിരുന്നുവെന്ന് അനുമിക്കുവാൻ ധാരാളം ഹേതുക്കൾ കാണുന്നുണ്ടെന്നാണു ഹാലം എന്ന ആൾ പറയുന്നത്.

ഇങ്ങിനെ വിജ്ഞാനസൂര്യൻ അസ്തമിക്കുകയും യൂറോപ്പാസകലം അജ്ഞാനതിമിരം പുറപ്പെട്ടു വ്യാപിക്കുകയും ചെയ്തപ്പോൾ മൂഢവിശ്വാസങ്ങളെന്നു പറയപ്പെടുന്ന ഒരു വക രാത്രിഞ്ചരന്മാർ ജനങ്ങളെ എല്ലാം ചെന്നു ബാധിപ്പാൻ തുടങ്ങി. ഉദാഹരണമായി ചിലതെടുത്തു കാട്ടാം. ഈ ഭൂലോകം മുഴുവൻ നശിക്കുവാൻ പോകുന്നുവെന്നും അതിന്നു കാലം വളരെ അടുത്തിരിക്കുന്നുവെന്നുമുള്ളൊരു വിശ്വാസം ഇവയിലൊന്നായിരുന്നു. അവരുടെ വേദത്തിന്റെ വല്ല ഭാഗവും തെററി വ്യാഖ്യാനിച്ചിട്ടായിരിക്കണം ഇങ്ങിനെ ഒരു വിശ്വാസമുണ്ടായത്. ഉൽപത്തി എന്തെങ്കിലുമാവട്ടെ; ഈ ഒരു വിശ്വാസം ജനങ്ങൾക്കെല്ലാം ഐഹികകാര്യങ്ങളുടെ നേരെ വളരെ വിരക്തിയുണ്ടാക്കിത്തീർത്തു. ഇതുകൊണ്ടു പല കാര്യത്തിന്നും വിഘ്നം നേരിട്ടു. 'കാതൊ' എന്ന പ്ര

സിദ്ധനായ ഒരു മഹാരാജാവുണ്ടായിരുന്നു. അദ്ദേഹം ഒരിക്കൽ ഒരു വലിയ സൈന്യം ശേഖരിച്ചു തന്റെ രാജ്യം ആക്രമിച്ചിരുന്ന ഒരു കൂട്ടം ശത്രുക്കളെ എതൃപ്പാൻ പോകയായിരുന്നു. അതിനിടയിൽ ഒരു സൂര്യഗ്രഹണമുണ്ടായി. അതു കണ്ടപ്പോൾ ഈ ഭൂമി നശിക്കയായി എന്നു രാജാവും സൈന്യവും ഉറച്ചു. യത്നമെല്ലാം നിഷ്ഫലമെന്നു നിശ്ചയിച്ചു സൈന്യമെല്ലാം ആ ക്ഷണത്തിൽ അവിടെ വെച്ചുതന്നെ പിരിച്ചയക്കുകയും ചെയ്തു. മനുഷ്യർ ഗൂഢമായി വല്ല പാപകൎമ്മം ചെയ്കയും അതു സാധാരണ ഉപായങ്ങളെക്കൊണ്ടു തെളിയിപ്പാൻ സാധിക്കാതെ വരികയും ചെയ്താൽ ദൈവസ്ഥലത്തു കൊണ്ടുപോയി പരീക്ഷകളെക്കൊണ്ടു തെളിയിക്കാമെന്നു വേറെ ഒരു മൂഢവിശ്വാസമായിരുന്നു. നമ്മുടെ ഇടയിൽ ഈ വക കാൎയ്യങ്ങളിൽ ശുചീന്ദ്രത്തുപോയി കൈ മുക്കുക, തൃപ്പ്രയാററുകരെപ്പുഴ നീന്തിക്കുക, തുലാസ്സിൽവെച്ചു തൂക്കുക എന്നു മുതലായ പരീക്ഷകൾ ഉണ്ടായിരുന്നതുപോലെ അവൎക്കും പലതുമുണ്ടായിരുന്നു. കുററക്കാരനെന്നു സംശയിക്കപ്പെട്ടവനെക്കൊണ്ടു ചുട്ടു പഴുത്തു കിടക്കുന്ന ഇരുമ്പിൻകട്ട കയ്യിൽ പിടിപ്പിക്കുക, അവനെ അതിശീതമായ വെള്ളത്തിൽ പിടിച്ചിടുക, അവനെക്കൊണ്ടു ദൈവത്തിന്റെ മുമ്പാകെ വെച്ചു ശിട്ടക്കനായ ഒരു യോദ്ധാവുമായി ദ്വന്ദ്വയുദ്ധം ചെയ്യിക്കുക മുതലായവയായിരുന്നു അവരുടെ പരീക്ഷകൾ. ഈ വക പരീക്ഷകളിൽ സൎവ്വജ്ഞനായ ഈശ്വരൻ സ്വയമേവ സത്യം തെളിയിക്കുന്നുവെന്നായിരുന്നു സകലൎക്കും വിശ്വാസമെങ്കിലും ആ ഈശ്വരന്റെ പരിചാരകന്മാരായ പാതിരിമാരുടെ സഹായമുണ്ടെങ്കിൽ ഒരു വലിയ ദുഷ്ടനു ശിഷ്ടനാകുവാനും പ്രകൃത്യാ ശിഷ്ടനായിട്ടുള്ള മറെറാരുവന്നു പെട്ടെന്നു ശിഷ്ടതയെല്ലാം ഇല്ലെന്നു വരുവാനും വളരെ പ്രയാസമില്ലെന്നും ചുരുക്കം ചിലൎക്കു ബോധമുണ്ടായിരുന്നില്ലെന്നില്ല. ഈ ഒടുവിൽ പറഞ്ഞ കൂട്ടക്കാർ ഈ വക പരീക്ഷകൾ വേണ്ടെന്നു വെയ്ക്കുവാൻ വേണ്ടി വളരെ യത്നം ചെയ്തു. എന്നാൽ ഇവരുടെ ഉപദേശങ്ങൾ കടം കമിഴ്ത്തിവെച്ചു വെള്ളം പകൎന്നാലത്തെപ്പോലെ ജനങ്ങളുടെ അകത്ത് ഒട്ടും കടക്കുകയുണ്ടായില്ല. അതുപോലെ തന്നെ 'ഭോഷ്കാകുന്ന മഹീപതികൾ സുതരായുണ്ടായി പണ്ടഞ്ചുപേർ' എന്നു തൊട്ടുള്ള ശ്ലോകത്തിൽ പറയുന്ന രസവാദി, മന്ത്രവാദി, ജ്യോതിഷികൻ എന്നു മുതലായവരുടെ ധാഷ്ട്യംകൊണ്ടു പാറുന്ന വിഡ്ഢിത്വത്തിൽനിന്നു ജനങ്ങളെ രക്ഷിക്കുവാൻ വേണ്ടി യത്നംചെയ്തിരുന്ന മനസ്വികളുടെ ഉത്സാഹങ്ങളും കാലശക്തികൊണ്ടു തീരെ നിഷ്ഫലമായിപ്പോയതേ ഉള്ളൂ. ചുരുക്കിപ്പറയുന്നതായാൽ ആധുനികയൂറോപ്യന്മാർ പലപ്പോഴും ന്യായമായും ചിലപ്പോൾ തീരെ അന്യായമായും ഇന്ത്യക്കാരായ നമ്മുടെ മേൽ ആരോപിക്കുന്ന എല്ലാ മൂഢവിശ്വാസങ്ങളും വിഡ്ഢിത്വങ്ങളും നമ്മേക്കാൾ ഒട്ടും കുറയാതെ മദ്ധ്യകാലത്തു യൂറോപ്യന്മാൎക്കും ഉണ്ടായിരുന്നുവെന്നേ പറയേണ്ടു.

അന്നത്തെ വിദ്യാഭ്യാസത്തിന്റെ നില ആലോചിച്ചു നോക്കിയാൽ ഈ സ്ഥിതിയെപ്പററി വളരെ അത്ഭുതപ്പെടുവാനില്ലെന്നു ബോദ്ധ്യപ്പെടുന്നതാകുന്നു. അക്കാലത്തു സകല വിദ്യകളും വിദ്യാഭ്യാസവും വൈദികന്മാരുടെ അധീനത്തിലായിരുന്നുവെന്നു മുമ്പൊരിക്കൽ പറഞ്ഞുവല്ലോ. ഇവരുടെ വിദ്യാഭ്യാസരീതിയും ഇന്ത്യ ഇംഗ്ലീഷുകാരുടെ അധീനമായതിന്റെ മുമ്പ് ഇവിടെ ഉണ്ടായിരുന്ന വിദ്യാഭ്യാസരീതിയും

തമ്മിൽ ഏതാണ്ടു സാദൃശ്യം കാണാം. ബ്രാഹ്മണരായിരുന്നുവല്ലൊ സകലവിദ്യയുടെയും ഇരിപ്പിടങ്ങൾ. അവൎക്കു വേദത്തിൽ പറഞ്ഞിട്ടുള്ള മതവും വൎണ്ണാശ്രമധൎമ്മങ്ങളും നിലനിൎത്തണമെന്നുമായിരുന്നുവല്ലോ പരമോദ്ദേശ്യം. അതുപോലെ ക്രിസ്ത്യാനിവൈദികന്മാൎക്കു അവരുടെ വേദമതവും ആചാരങ്ങളും നിലനിൎത്തണമെന്നായിരുന്നു പരമോദ്ദേശ്യം. അതുകൊണ്ടു് അന്നത്തെ പഠിപ്പെല്ലാം ആ ഒരു ഉദ്ദേശ്യത്തിന്നു കീഴടങ്ങിക്കൊണ്ടായിരുന്നു. ഐഹികസുഖങ്ങളെല്ലാം അസാരങ്ങളും അല്പസുഖപ്രദങ്ങളും ദുഃഖോദൎക്കങ്ങളുമാണെന്നും അവയിൽ സാരബുദ്ധ്യാ പരിഭ്രമിച്ചു കാലക്ഷേപം ചെയ്യുകയെന്നതു വളരെ അനുചിതമാണെന്നും പരമപുരുഷാൎത്ഥമായിരിപ്പൊരു മോക്ഷത്തെ സാധിപ്പാനായിക്കൊണ്ടു വേണം എല്ലാവരും എല്ലായ്പോഴും യത്നം ചെയ്ക എന്നുമാണവർ ജനങ്ങളെ മുഖ്യമായി ധരിപ്പിക്കുവാൻ ഉത്സാഹിച്ചതു്. ഈ ഉത്സാഹം നല്ലവണ്ണം ഫലിക്കയും ചെയ്തു; എന്തെന്നാൽ ആ ഒരായിരം കൊല്ലത്തോളം ജനങ്ങളെല്ലാം ഇഹലോകസുഖങ്ങളിൽനിന്നു പരാങ്മുഖന്മാരായി പരലോകകാൎയ്യങ്ങളിൽ മാത്രം വലിയ ശ്രദ്ധയുള്ളവരായിത്തീൎന്നു. ജ്ഞാനങ്ങളിൽ വെച്ചു് ഏററവും പ്രധാനമായതു വേദാൎത്ഥജ്ഞാനമെന്നും മറെറല്ലാ ജ്ഞാനവും സാരമില്ലാത്തതെന്നുമാണ് അന്നത്തെ ആളുകളുടെ വിചാരം. ഉൽകൃഷ്ടവിദ്യാഭ്യാസം വേണമെന്നു വിചാരിക്കുന്നവൎക്കു ഏഴു ശാസ്ത്രങ്ങളാണു പഠിക്കേണ്ടവയായിരുന്നതു്. അവ തൎക്കം, വ്യാകരണം, അലങ്കാരം, കണക്കു്, ജ്യോതിശ്ശാസ്ത്രം, ക്ഷേത്രഗണിതം, സംഗീതശാസ്ത്രം എന്നിങ്ങിനെ ഏഴെണ്ണമായിരുന്നു. ഇതെല്ലാം അവർ വേദാംഗങ്ങളുടെ നിലക്കു പഠിച്ചിരുന്നുള്ളൂ. ഇക്കൂട്ടത്തിൽ തൎക്കശാസ്ത്രത്തിന്നു കുറെ അധികം പ്രാധാന്യമുണ്ടായിരുന്നു. അതിൽ തന്നെ വാക്യാൎത്ഥവിചാരത്തിന്നുപകരിക്കുന്ന ഭാഗമാണു് അധികം നിഷ്കൎഷിച്ചു പഠിക്കുക. ശേഷം ഭാഗങ്ങളെല്ലാം കുറെ ഉപരിപ്ലവമായിട്ടേ നോക്കുക പതിവുള്ളൂ. എല്ലാ വിധം യഥാൎത്ഥജ്ഞാനത്തിന്നും പരമോപകാരകമായ അനുമാനലക്ഷണത്തെ അവരത്ര വിലവെച്ചിട്ടുണ്ടായിരുന്നില്ല. സ്വതന്ത്രമായി പരീക്ഷിച്ചു തത്വങ്ങൾ കണ്ടുപിടിക്കുന്ന സമ്പ്രദായം അക്കാലത്തു തീരെ ഇല്ലായിരുന്നു. എല്ലാ കാൎയ്യത്തിലും പൂൎവ്വഗ്രന്ഥങ്ങൾ തന്നെ പ്രമാണം. എല്ലാററിലും മീതെയുള്ള പ്രമാണം വേദവും ആയിരുന്നു. അവയിൽ പറഞ്ഞതെല്ലാം കണ്ണടച്ചു കൈക്കൊള്ളും. അവയിലില്ലാത്തതൊന്നും എത്രതന്നെ തെളിവുണ്ടായാലും വിശ്വസിക്കയുമില്ല. ഇങ്ങിനെ ഒരു ഗതാനുഗതികന്യായം നാടെല്ലാം പരന്നുവശമായി. ഗതാനുഗതികത്വത്തെപ്പോലെ മനുഷ്യരുടെ ബുദ്ധിവികാസം നശിപ്പിക്കുന്ന കാൎയ്യത്തിൽ സാമൎത്ഥ്യമുണ്ടായിട്ടു മറെറാരു ദോഷവുമില്ല. ബുദ്ധിവികാസമില്ലാതായാൽ പിന്നെ അഭിവൃദ്ധിയെന്നുള്ളതു് ഉണ്ടാകുവാൻ പ്രയാസവുമാകുന്നു. ഈ സൎവ്വവ്യാപിയായ ഗതാനുഗതികത്വവും മനോഗതിക്കു സ്വാതന്ത്ര്യമില്ലായ്കയുമാണു് അക്കാലത്തു യൂറോപ്പിൽ കണ്ടിരുന്ന എല്ലാ അജ്ഞാനങ്ങൾക്കും മൂഢവിശ്വാസങ്ങൾക്കും കാരണം. ഇങ്ങിനെ ഉള്ള ഗതാനുഗതികത്വവും മനോഗതിക്കുള്ള ബന്ധനവും ഇന്ത്യക്കാരായ നമ്മുടെ ഇടയിൽ എത്ര കാൎയ്യങ്ങളിലാണു് സ്പഷ്ടമായി ഇപ്പോഴും കാണപ്പെടുന്നതു! ഇ

തിൽനിന്നു നമുക്കു എന്നാണൊരു മോചനം വരിക? ഇതിൽ നിന്നു മോചനം വന്നില്ലെങ്കിൽ അഭിവൃദ്ധിയെന്നതുഎങ്ങിനെയാണുണ്ടാവുക?

മൂഢവിശ്വാസങ്ങളും വിവേകശക്തിയും സാധാരണമായി ഒരുമിച്ചിരിയ്ക്കുന്ന പദാൎത്ഥങ്ങളല്ല. ധൎമ്മാധൎമ്മവിജ്ഞാനം വിവേകശക്തിയുള്ള ദിക്കിലെ കാണുകപതിവുള്ളൂ. അങ്ങിനെ ഇരിക്കെ മുൻപറഞ്ഞ പ്രകാരം മൂഢവിശ്വാസങ്ങൾ ധാരാളമുണ്ടായിരുന്ന മദ്ധ്യകാലത്തു യൂറോപ്പുരാജ്യക്കാരുടെ ഇടയിൽ ധൎമ്മാധൎമ്മങ്ങളുടെ നല്ല നിശ്ചയമുണ്ടായിരിക്കാൻ തരമില്ലെന്നു ഊഹിക്കുവാൻ വളരെ പ്രയാസമില്ലല്ലൊ. വാസ്തവം ഇങ്ങിനെതന്നെയായിരുന്നു എന്നു ചരിത്രം തെളിയിക്കുകയും ചെയ്യുന്നുണ്ടു. ഐഹികചിന്തയെല്ലാം വിട്ടു ദൈവത്തെത്തന്നെ ധ്യാനിച്ചുകൊണ്ടാണിരിയ്ക്കുന്നതെന്നു അഭിമാനിച്ചിരുന്ന സന്ന്യാസിമുതൽ അന്നന്നത്തെ ഉദരപൂരണത്തിൽ മാത്രം ശ്രദ്ധവെച്ചുകൊണ്ടിരുന്ന കൂലിക്കാരൻവരെ സകലജനങ്ങളുടേയും ഇടയിൽ അവരവൎക്കുതക്ക അധൎമ്മങ്ങൾ ധാരാളം കണ്ടുവന്നിരുന്നു. സന്ന്യാസിമാരുടെ അക്കാലത്തു യൂറോപ്പിലെല്ലാം കണ്ടുവന്നിരുന്ന ഒരേൎപ്പാടാണ്. അവയിൽ പുരുഷന്മാരും സ്ത്രീകളും ഒരുപോലെ സന്ന്യസിച്ചു സ്വാമിയാന്മാരായിരിക്കുക പതിവുണ്ട്. എന്നാൽ അക്കൂട്ടത്തിൽ ലൌകികസുഖങ്ങളുടെ നേരെ വൈരാഗ്യംവരുവാൻ തരം വരാത്ത യുവാക്കന്മാരും യുവതികളും സന്ന്യസിച്ചിരിക്കുക പതിവായിരുന്നതിനാൽ ആ വക സന്ന്യാസിമാരുടെ അഭക്ഷ്യഭക്ഷണം, അഗമ്യഗമനം മുതലായ അകൃത്യകരണങ്ങളുടെ വിളനിലങ്ങളായിരുന്നു. പിന്നെ ലൌകികന്മാരുടെ കഥ പറയുവാനുണ്ടോ? അവരുടെ ഇടയിൽ കക്കുക, കവരുക, കള്ളസ്സത്യം ചെയ്യുക, സാധുക്കളെ ഹിംസിക്കുക, സ്ത്രീകളെ ബലാൽക്കാരേണ അവമാനിക്കുക, ഈ വകയെല്ലാം ധാരാളമായിരുന്നു. അന്നു ജനങ്ങൾക്കു ഇന്നത്തെക്കാൾ ഈശ്വരഭയമുണ്ടായിരുന്നു അവസ്ഥക്കു ആ ഭയം വേണ്ടവഴിക്കു തിരിച്ചിരുന്നാൽ ഈ വകസ്സുഭേദമുണ്ടാകുമായിരുന്നു. എന്നാൽ പാതിരിമാർ അതിന്നുസമ്മതിച്ചില്ല. വഴിപാടുകളെക്കൊണ്ടും പ്രായശ്ചിത്തങ്ങളെക്കൊണ്ടും പാപനിവൃത്തിവരുമെന്നു അവർ ജനങ്ങളെവിശ്വസിപ്പിച്ചു. ഒരു മഹാപാപി പെരുവഴിയിൽചെന്നു പത്താളെക്കവൎന്നിട്ടുണ്ടാക്കിയ ദ്രവ്യത്തിന്റെ പത്തിലൊന്നു വല്ല ക്ഷേത്രത്തിലുംവഴിപാടു ചെയ്താൽ അവന്നു പാപമെല്ലാംപോയിഎന്നു ഭേദമുണ്ടാവുകയായി. വല്ല പ്രഭുവും വല്ല സ്ത്രീകളെയും പിടിച്ചു ചാരിത്രഭംഗം വരുത്തുകയൊ വല്ല സാധുക്കളേയും ഹിംസിക്കുകയോ ചെയ്താൽ അതിന്നു പ്രായശ്ചിത്തമായി പാതിരിമാൎക്കൊരു സഹസ്രഭോജനം തന്നെ വിധിയ്ക്കപ്പെട്ടു എന്നുവരാം. വൈദികന്നു ദയതോന്നിയാൽ ഇത്ര വലിയ ചിലവും ബുദ്ധിമുട്ടുംകൂടാതെ കഴിയ്ക്കുവാൻവേണ്ടി അങ്ങിനെ ചിലവാകുന്ന ദ്രവ്യത്തിന്റെ പകുതി ഒരു കൃഷ്ണമായി താൻതന്നെ മാനംവാങ്ങി കഷ്ണിയ്ക്കു സ്വൎഗ്ഗത്തേയ്ക്കുള്ള ശീട്ടുകൊടുക്കുകയായിട്ടും പതിവുണ്ടു്. ഇങ്ങിനെ വഴിപാടുകളെക്കൊണ്ടും പ്രായശ്ചിത്തങ്ങളെക്കൊണ്ടും പാപത്തിന്നു പ്രതിവിധിയുണ്ടെന്നു വന്നപ്പോൾ അധൎമ്മംവളരെ അധികം വൎദ്ധിയ്ക്കുകയാണുണ്ടായത്. പാപികൾക്കു ദൈവശിക്ഷയിൽ നിന്നുതന്നെ ഒഴിയുവാൻ മാൎഗ്ഗമുണ്ടെന്നു വന്നാൽ അതിനേക്കാൾ എത്രയോ ശക്തികുറഞ്ഞ രാജശിക്ഷയെപ്പറ്റി എത്രത്തോളം പേടിയുണ്ടാകും? പല വിധത്തിലും ഒഴിയുവാൻ വഴിയുള്ള ആ ശിക്ഷയെ അവൎക്കു ഒട്ടും തന്നെപേടിയില്ലാതാ

യിപ്പോയി. യൂറോപ്പ് ആകപ്പാടെ അക്കാലത്തു കയ്യു ക്കള്ളവൻ കയ്യേക്കാരൻ എന്ന നിലയിലായിത്തീൎന്നു എന്നു പറഞ്ഞാൽ മതിയല്ലൊ.

തന്നിൽ താണതു തനിക്കിര എന്നുള്ള ഈ മത്സ്യന്യായം മേൽ പറഞ്ഞപ്രകാരം പരക്കെ നടപ്പായപ്പോൾ സാധുക്കൾക്കു കഴിഞ്ഞുകൂടുവാൻ വയ്യാതായിത്തീൎന്നു. സാധുക്കൾക്കു ഇരിക്കപ്പൊറുതിയില്ലാതായാൽ പിന്നത്തെ ഫലം കൃഷികച്ചവടം മുതലായതിന്നു നാശമാകുന്നു. ഇവയെല്ലാം അന്നുതന്നെ താണസ്ഥിതിയിലായിരുന്നു. കൃഷി പരിഷ്കരിക്കുക എന്നു പറഞ്ഞാൽ കാടു നീക്കംചെയ്തു പുതിയതായി കൃഷിസ്ഥലങ്ങളുണ്ടാക്കുക, ഉള്ള കൃഷിസ്ഥലങ്ങളിൽ വളം മുതലായതു നിഷ്കൎഷിച്ചു ചേൎത്തു അനുഭവം വൎദ്ധിപ്പിക്കുക എന്നിവയാണല്ലൊ. ഇതിൽ ആദ്യംപറഞ്ഞതിന്നു അന്നുകട്ടംതരമുണ്ടായിരുന്നില്ല-ഉള്ളകാടുകളെല്ലാം രാജാക്കന്മാൎക്കും നാടുവാഴികൾക്കും വേട്ടയാട്ടത്തിന്നുവേണ്ടി വളൎത്തുകാടുകളാക്കിനിൎത്തുകയായിരുന്നു പതിവു. ആ കാടുകൾ അല്പമെങ്കിലുംനശിപ്പിക്കുകയോ അതിലുള്ള മൃഗങ്ങളെ വല്ലതിനേയും കൊല്ലുകയോ ചെയ്താൽ സാധുക്കളായ കൃഷിക്കാൎക്കു ശിരച്ഛേദമായി. ഇങ്ങിനെയുള്ള കാടുസംബന്ധമായ നിയമങ്ങളെക്കൊണ്ടു കാടു നീക്കംചെയ്യുവാൻ നിവൃത്തിയില്ലാതായി എന്നു മാത്രമല്ല കാട്ടുമൃഗങ്ങളുടെ ഉപദ്രവംകൊണ്ടു ഉള്ള കൃഷിക്കു വലിയ നാശം വരികയും ചെയ്തു. ഉള്ള കൃഷി നന്നാക്കുക എന്നാലതിന്നു ദ്രവ്യം ധാരാളംവേണം. അതന്നു വളരെ കറവായിരുന്നു. കൃഷി ഉടമസ്ഥന്മാർ അടിമകളെക്കൊണ്ടു പണിയെടുപ്പിക്കുകയാണു പതിവു ഇവരെക്കൊണ്ടു ബന്ധിച്ചു പ്രവൃത്തിയെടുപ്പിക്ക എന്നല്ലാതെ സന്തോഷം വഴിക്കു പ്രവൃത്തി നടത്തിക്കുക എന്ന സമ്പ്രദായം അത്ര നടപ്പുണ്ടായിരുന്നതുമില്ല. അതിന്റെ ഫലമായി കൃഷിയുടെ നിഷ്കൎഷ വളരെത്താണുപോകയും നിലങ്ങളിൽനിന്നുള്ള അനുഭവങ്ങൾ കൊല്ലംതോറും കുറഞ്ഞുവരികയുമാണുണ്ടായതു.

കച്ചവടത്തിന്റെ നില ഇതിലും പരുങ്ങലായിരുന്നു. ഒന്നാമതു ഓരോ നാട്ടിലുള്ള ജനങ്ങൾക്കു വേണ്ടുന്ന പദാൎത്ഥങ്ങൾ അവിടവിടെ തന്നെ ഉണ്ടാക്കുക എന്നല്ലാതെ അന്യരാജ്യങ്ങളിൽനിന്നു വരുത്തുക എന്ന സമ്പ്രദായം അന്നത്ര ധാരാളമില്ലായിരുന്നു. അന്നത്തെ ജനങ്ങളുടെ ആവശ്യങ്ങൾ വളരെ ചുരുങ്ങിയവയായിരുന്നതിനാൽ അതന്നു സുകരവുമായിരുന്നു. രണ്ടാമതു ഒരു രാജ്യത്തുനിന്നു മറ്റൊരു രാജ്യത്തിലേക്കു സാമാനംകൊണ്ടു പോകേണമെങ്കിൽ അതിന്നു വളരെ അസൌകൎയ്യവും വിഘ്നങ്ങളും ഉണ്ടായിരുന്നു. മറുരാജ്യത്തുപോയി ചരക്കു തുകപ്പടിയായി വാങ്ങിക്കൊണ്ടു വരുവാൻ തക്ക പണമുള്ളവർ തന്നെ അന്നു ദുൎല്ലഭമാണു. ഉള്ളവൎക്കു വേണ്ടുന്ന സൌകൎയ്യങ്ങളില്ല. അക്കാലത്തു ഇന്നത്തെപ്പോലെ ധാരാളം പെരുവഴികളുണ്ടായിരുന്നില്ല. ഉള്ളവയിൽക്കൂടി യാത്ര ചെയ്യുമ്പോൾ കവൎച്ചക്കാരുടെ ഉപദ്രവം സഹിപ്പാൻ വയ്യാ. സാമാനങ്ങൾ വളരെ പൊയ്പ്പോകമെന്നു തീൎച്ച. പ്രാണൻ കിട്ടുന്ന കാൎയ്യം സംശയം. എങ്കിലും നന്നെ ബുദ്ധിമുട്ടിയാൽ ഇതെല്ലാം ഒഴിഞ്ഞുപോരാം. ഒഴിയുവാൻ തരമില്ലാത്ത വേറെ ചില ഉപദ്രവങ്ങളുണ്ടു. ഒരു പട്ടണത്തിൽനിന്നു മറ്റൊരു പട്ടണത്തിലെത്തേണമെങ്കിൽ അസംഖ്യം നാടുവാഴികളുടെ നാടുകളിൽക്കൂടി പോകേണ്ടിവരും. അതാതതിരുത്തി കടക്കണമെങ്കിൽ

അതാതു നാട്ടുവാഴികൾക്ക കുറെപ്പണം ചുങ്കം കൊടുക്കണം. ഇതു ന്യായവിരുദ്ധമല്ലായ്കയാൽ ഇതിൽനിന്നൊഴിയുവാൻ കച്ചവടക്കാൎക്ക യാതൊരു മാൎഗ്ഗവുമുണ്ടായിരുന്നില്ല. ചുങ്കംകൊണ്ടു മാത്രം തൃപ്തിയാകാത്ത ചില നാട്ടുവാഴികൾ ആൾക്കാരെക്കൂട്ടി തന്റെ നാട്ടിൽകൂടിപ്പോകുന്ന കച്ചവടക്കാരുടെ സാമാനമെല്ലാം പിടിച്ചു പറിക്കയും അവരെത്തന്നെ ബന്ധനത്തിൽ വെയ്ക്കുകയും ധാരാളം പതിവുണ്ടു്. സ്വാതന്ത്ര്യം കിട്ടിയാൽ കൊള്ളാമെന്നാഗ്രഹിക്കുന്ന കച്ചവടക്കാർ അതിന്നു പുതിയതായി പണം കൊടുത്തുകൊള്ളുക എന്നേ നിവൃത്തിയുള്ളൂ. ഈ വക വിഘ്നങ്ങളെക്കൊണ്ടു കരവഴിക്കുള്ള കച്ചവടത്തിന്നു വൎദ്ധിപ്പാൻ മാൎഗ്ഗമൊന്നുമുണ്ടായിരുന്നില്ല. കടൽമാൎഗ്ഗമായുള്ള കച്ചവടത്തിന്നും കവൎച്ചക്കാരിൽനിന്നുള്ള ഉപദ്രവങ്ങളും മററു പല വിഘ്നങ്ങളും ഉണ്ടായിരുന്നു. അതുകൊണ്ടു് അതും വളരെ താണ സ്ഥിതിയിലായിരുന്നു. ഇങ്ങിനെ കൃഷിയും കച്ചവടവും ഒരുപോലെ മുടങ്ങിയപ്പോൾ യൂറോപ്പുഖണ്ഡം മുഴുവൻ വലിയ ദാരിദ്ര്യസമുദ്രത്തിൽ വീണുഴലുക എന്നുള്ള ദിക്കാവുകയും ചെയ്തു.

ഇപ്രകാരം അജ്ഞാനം, മൂഢവിശ്വാസം, ധൎമ്മാധൎമ്മവിവേകമില്ലായ്മ, നീതിന്യായങ്ങളുടെ അഭാവം, മൂഢത്വം, ദാരിദ്ര്യം, ഇതുകളായിരുന്നു മദ്ധ്യകാലത്തു യൂറോപ്പുരാജ്യത്തിന്റെ സ്വഭാവം. ഇവയിൽ മുമ്പേ മുമ്പേ പറഞ്ഞതു് പിന്നെപ്പിന്നെപ്പറഞ്ഞതിന്റെ കാരണമായിരുന്നു എങ്കിലും ഇവയെല്ലാററിന്നും കാരണം ജനങ്ങളുടെ ഗതാനുഗതികത്വവും മനോഗതിക്കു സ്വാതന്ത്ര്യമില്ലായ്കയുമായിരുന്നു. എന്നാൽ ഈ മദ്ധ്യകാലത്തിന്റെ അവസാനമായപ്പോഴയ്ക്കു് ആ രാജ്യക്കാരുടെ സമ്പ്രദായമെല്ലാം ഒന്നു പകൎന്നു വശമായി. അതുവരെയ്ക്കും ഉണ്ടായിരുന്ന ദോഷങ്ങളെല്ലാം ഇല്ലാതായി; അവയുടെ സ്ഥാനത്തു അതാതിന്റെ വിരുദ്ധഗുണങ്ങൾ കാണമാറായിത്തുടങ്ങി. യൂറോപ്പിന്നു ഒരു പുനൎജ്ജന്മം വന്നു എന്നു പറയേണ്ട നിലയിലാവുകയും ചെയ്തു. ഇതെങ്ങിനെയാണുണ്ടായതെന്നു് ഇനിയൊരവസരത്തിൽ വിവരിച്ചുകൊള്ളാം.

കെ. സി. വീരരായൻ രാജാ

---

# അക്രൂർ ചാത്തൻ

---

മറയോർ തൊട്ടു ചണ്ഡാലൻ
വരയും പല ജാതിയിൽ
പറയുന്നുണ്ടു പത്താളെ-
പ്പറയപ്പെണ്ണു പെററതായ്. ൧

അക്രൂർ ചാത്തനെന്നാദ്ധ്യർ
വകവെക്കാത്ത പാടരൻ
പുകൾപേരായെഴും ബുദ്ധി-
ത്തികവാന്നൊരാളതിൽ.

ചേലിയന്നൊരു ശാസ്ത്രങ്ങൾ
ശീലിയാത്തോൻ ദ്വിജാലയേ
വാലിയക്കാരനായ് ബുദ്ധി-
ശാലിയായാൾ വസിച്ചു പോൽ. ൨

ആവനീമട്ട സേവിക്ക-
മവനീദേവപുംഗവൻ
ഭുവനേ കീർത്തി ചീർത്തുള്ളോൻ
ഭവനെസ്സേവ ചെയ്യുവൻ. ൪

അപ്രമേയഗുണം ചേരും
വിപ്രമാന്യപ്രവൃത്തികൾ
അപ്രമാണി വിടാതെല്ലാ-
മത്യപ്രമോദാൽ നടത്തിനാൻ. ൫

അരുണോദയവും കണ്ടു-
ത്തരുണദ്വിജനേകദാ
ഒരു നല്ലാറു ചേരുമ്പോ-
ഴൊരു നല്ലാരുമെത്തിനാൾ. ൬

കാറണിക്കുന്തൽ കെട്ടാതി-
ട്ടാറണഞ്ഞുകൃശോദരി
മാറണിക്കൊങ്കയാൾ മാര-
മാരണം പോലെയുള്ളവൾ. ൭

മുടിയും ധൈര്യമോടന്നാ
മുടിയും മുഖഭംഗിയും
ചൊടിയും കണ്ടവൻ നിന്ന
പടിയേ നിന്നിതന്ധനായ്. ൮

'തമ്പുരാൻ തിണ്ടോലാ'യെന്നായ്
തേൻപുരണ്ടുള്ള വാക്കുകൾ
പിമ്പു രാജീവബാണന്റെ
വമ്പുരച്ചു തിരിച്ചുതേ. ൯

തീണ്ടുന്ന ജാതിയാണെന്നു
കണ്ടുനില്ലാതെ മന്മഥൻ
വേണ്ടുന്നധൈര്യമമ്പെയ്തു
വീണ്ടുനോപ്പിച്ചു വിപ്രനിൽ. ൰

അരുതാത്തവളിൽ കാമ-
വിരുതാലുള്ളിലാഗ്രഹം
വെരുതാസ്തുണ്ടു ഭൂദേവൻ
പെരുതാപമിയന്നുതേ. ൰൧

കണ്ണടച്ചു ദ്വിജൻ വേണ്ടും-
വണ്ണം ധ്യാനിക്കവേ ശിവൻ
തുണ്ണമന്നാധനാരീശൻ
പൂർണ്ണനാരീശനായിതേ. ൰൨

അകത്തുള്ളവരേത്തീരേ-
യകത്തിയൊരു നീചയാൾ
അകത്തുള്ളവളായ്വന്നോ-
രഘത്താൽ മാഴ്കിനാൻ ദ്വിജൻ. ൰൩

പാപമാമീ വിചാരത്തിൻ
വേർ പറിപ്പാൻ കുഴങ്ങുവോൻ
പേർ പരം പാരിൽ നട്ടുള്ളോൻ
താപമേറിത്തളർന്നുതേ. ൰൪

നൂനം പാപമറും തീർത്ഥ-
സ്നാനംകൊണ്ടെന്നു വൈദികൻ
ഊനമറ്റോതിയധാത്രീ-
വാനവൻ പോയതിന്നുടൻ. ൰൫

ചീർത്ത ഭക്തിയൊടും ഭൃത്യൻ
ചാത്തനൊത്തു നടന്നവൻ
തീർത്ഥങ്ങളാടിനാൻ പാപം
നേർത്തകന്മഷനാകുവാൻ. ൰൬

മടുത്തീടാതെ ശുശ്രൂഷ-
യ്ക്കുടുത്തെത്തുന്ന ചാത്തനും
എടുത്താനൊരു കയ്പേറി-
ക്കടുത്തുള്ള ചുരയ്ക്കയേ. ൰൭

തിങ്ങും ഭക്തിയൊടും പാപം
നീങ്ങുന്നതിനു ഭൂസുരൻ
മുങ്ങും തീർത്ഥങ്ങളിൽ ചാത്ത-
നെങ്ങും മുക്കീ ചുരയ്ക്കയേ. ൰൮

പല തീർത്ഥങ്ങളാടിപ്പോർ
പുലരും പൃഥിവീസുരൻ
നിലയറ്റ രസാൽ വീണ്ടും
നിലയത്തിങ്കലെത്തിനാൻ. ൰൯

വ്രതാചാരങ്ങളും വിട്ടീടാ-
തതാന്തം ചെയ്യൊരദ്വിജൻ
ഹതാഘനായി താനെന്നു
കൃതാർത്ഥത കലർന്നതേ. ൧൦

തീർത്ഥസ്നാനത്തിനാൽ ശുദ്ധി-
ചീർത്ത നല്ല ചുരയ്ക്കയേ
ചാത്തനന്നു കറിയ്ക്കായി-
ട്ടാത്തമോദം നുറുക്കിനാൻ. ൧൧

വേട്ടാത്തനപി വിളമ്പീടും
കൂട്ടാനന്നദ്വിജോത്തമൻ
കൂട്ടാൻ വയ്യാതെ കയ്പേറും
മട്ടായ്ക്കണ്ടു കയർത്തുതേ. ൧൨

പതിവിൻപടി ചാത്തൻ ത-
ന്നതിനാലു വെച്ചു ഞാനിത്
ചതിയില്ലവനെന്നായി
മതിനേർമുഖി ചൊല്ലിനാൾ. ൧൩

ചീത്തയായെന്തു കൂട്ടാനു
ചേർത്തതെന്നഥ ഭൂസുരൻ
ചീർത്ത കോപേന ചോദിച്ചേ-
ച്ചാത്തനിങ്ങിനെ ചൊല്ലിനാൻ: ൧൪

‘തീർത്ഥസ്നാനത്തിനാൽ ദോഷം
തീർത്തതെന്നായ് ചുരക്കയേ
ചേർത്തതാണതിലക്കൂട്ടാൻ
ചീത്തയാവുന്നതെങ്ങിനേ? ൧൫

മടിയെന്ന്യേ ഭവാൻ ദോഷം
മുടിയാൻ മുങ്ങുമംബുവിൽ
അടിയൻ മുക്കിനേൻ വേണ്ടും
പടിയെങ്ങും ചുരയ്ക്കയേ. ൧൬

തിരുമേനിക്കഘം തീർത്തു
തരുമംബുക്കളൊന്നിനും
വിരുതില്ലേ ചുരയ്ക്കക്ക-
ള്ളൊരു ദോഷമൊഴിയ്ക്കുവാൻ? ൧൭

മാററിത്തമ്പാറി വമ്പേറു-
മാററിത്തണ്ണീർകളൊന്നുമേ
മാററിത്തച്ചോറിയാക്കയ്പു
മാററിത്തന്നില്ലിതിന്നഹോ!’ ൧൮

ഇതിങ്ങിനെയവൻ ചൊല്ലേ
മതിമാനമ്മഹീസുരൻ
അതിനുള്ളർത്ഥമോർത്തോർത്ത-
ന്നതികുണ്ഠിതമാർന്നതേ. ൧൯

കടുക്കും മാലൊടും ചൊന്നാ-
നൊടുക്കം ചാത്തനോടവൻ
മിടുക്കൻ ചാത്ത! ഹേ! ശാസ്ത്ര-
പടുക്കളിലുമേറെ നീ. ൨൦

നീ താൻ പ്രമാണമിനി ഞാൻ
ചെയ്താപ്പാപം നശിക്കുവാൻ
ഏതാണു വഴിയെന്നായ്നീ-
യോതാനുണ്ടിങ്ങൊരാഗ്രഹം. ൨൧

ചാത്തൻ ചൊന്നാൻ ഭവാനേറെ-
ച്ചീത്തയായുള്ള ചിന്തയാൽ
ചീർത്തപാപം നശിക്കില്ലീ-
തീർത്ഥസ്നാനത്തിനാൽ ദൃഢം. ൨൨

പറയാമൊരുപായം ഞാൻ
മറയോരണിരത്നമേ!
മറയും നൂനമിപ്പാപ-
ക്കറയങ്ങതു ചെയ്കിൽ ൨൩

ദേഹകാന്തികളാൽക്കാമ-
ദേഹദം ചേർത്ത നിചയേ
ലോഹത്താൽ വാർത്തുനാം ഹവ്യ-
വാഹനിൽ ചുട്ടെടുക്കണം. ൨൪

ചുട്ട നന്ന പഴുപ്പിച്ചാ-
മട്ട മിന്നുന്ന വിഗ്രഹം
നാട്ടുകാർ കാൺകവേ ശങ്ക
വിട്ടു താൻ തഴുകീടണം. ൨൫

ചാരക്കം പാപമെല്ലാമി-
പ്പുറയുംപോലെ ചെയ്യുകിൽ
മറയോരെന്നു വേണ്ടാക്കും
മുറയിങ്ങിനെയാണിതിൽ. ൩൬

നേർവഴിക്കവനോതീട്ട-
മേവമുള്ളോരുവാക്കുകൾ
ഭാവഭേദം പെടാതാബ്ദ-
ദേവൻ കേട്ടേവമോതിനാൻ: ൩൭

'നേരു താൻ ചാത്ത! യുക്തിക്കു
ചേരുമിന്നിതു നിർണ്ണയം
ഓരുമ്പൊളിതുതാൻ പാപം
തീരുവാനൊരു കൌശലം. ൩൮

തീർപ്പാൻ പോകുന്ന പാപം നിൻ
തീർപ്പാൽ കാണും പടിയ്ക്കു ഞാൻ
ഏല്പാട ചെയ്തിതിൻ ബുദ്ധി-
ക്കുലുപ്പാനോനേ! ശരിക്കു നീ.' ൩൯

എന്നു വിപ്രേന്ദ്രനോതുമ്പോൾ
നന്നു നന്നെന്നു ചാത്തനും
ചെന്നു ചെയ്യാനതിന്നേല്പാ-
ടൊന്നുമേ കുറവെന്നിയേ. ൪൦

കത്തുന്ന തീയ്യിനേക്കാൾ ചൂ-
ടൊത്തുള്ളാ ലോഹവിഗ്രഹം
എത്തുന്ന നാട്ടുകാർ മാലാ-
ണ്ടൊത്തു നിന്നങ്ങു പാർത്തുതേ. ൪൧

ശിഷ്ടനാം ഭൂസുരന്നംഗം
നഷ്ടമാമിതു പുൽകിയാൽ
ദുഷ്ടൻ താൻ ചാത്തനിക്കാര്യം
കഷ്ടമെന്നായി നാട്ടുകാർ. ൪൨

വെൺചാമരം പൂശി വിശേഷമൻ
ഞൻ ചാരുപ്പേർ ജപിച്ചുടൻ
പഞ്ചാരനേർ മൊഴിപ്പാവ
തഞ്ചാരത്തെത്തി വിപ്രനും. ൪൩

കൂട്ടുവാരോട്ടുറക്കെത്താൻ
കേട്ടരച്ചദ്വിജോത്തമൻ
ഓട്ടുകൊണ്ടുള്ളൊരപ്പാവ-
യോട്ട ചേരാനൊരുങ്ങിനാൻ. ൪൪

അരുതിസ്സാഹസം ചെയ്തീ-
ടരുതെന്നങ്ങു കൂടിയോർ
പെരുതായൊച്ച പൊങ്ങിച്ചു
പുരു താപാല്പരച്ചുതേ. ൪൫

നാട്ടാർ ചെയ്യും തടസ്ഥത്തേ
കൂട്ടാക്കാതേ ധരാസുരൻ
ചുട്ടാളും പാവ പുൽകാൻ മാൽ
വിട്ടാരാൽച്ചെന്നടുത്തുതേ. ൪൬

തൊട്ടു തൊട്ടില്ലയെന്നുള്ള
മട്ടു പോയ് ചേർന്ന വിപ്രനേ
തട്ടും രസാലിടയ്ക്കാക്ക-
യ്യിട്ടു ചാത്തൻ തടുത്തുതേ. ൪൭

മതി, പുൽകേണ്ട, പുൽകീല,
മതിനേർവക്ത്രയേബ്ദ്ഭവാൻ
കൊതിയാർന്നതിനിശ്ശിക്ഷ-
മതിയെന്നോതിനാനവൻ. ൪൮

മതി ചെയ്യുള്ള തെറ്റിന്നു
മതി ശിക്ഷയിതിന്നുതേ
മതി തീർന്നു ഭവൽ പാപ-
മിതിനാലെന്നുമോതിനാൻ. ൪൯

നല്പാരിലാണൊരുകൊതിയ്ക്കിതുശിക്ഷയെന്നു-
ന്നൊല്പാവരുംതെളിവൊടന്നഥസമ്മതിച്ചു
നല്പാവഴിയ്ക്കു ഫലമകത്തുകയില്ല ചാത്ത.
നല്പാതെമറ്റൊരുവനെന്നവനേസ്തുതിച്ചു.

—○○※○○—

# അന്ത്യം നിന്നു

മേടമാസത്തിലെ കറുത്ത വാവ്. നേരം നട്ടപ്പാതിര. ചുററും കൽക്കരി കോരിവാരിയിട്ട പോലെ കൂരിരുട്ടമയം. ഏകദേശം ൨൦൦ കൊല്ലത്തെ പഴക്കമുള്ള ഒരു നാലുകെട്ടുപുരയിൽ വടക്കിനിയുടെ ചവിട്ടുപടിയിൽ അങ്ങുമിങ്ങും പാഞ്ഞു നടന്ന് എലികളെ പിടിപ്പാൻ തക്കം നോക്കുന്ന 'വൃശക'ൻെറ കണ്ണു രണ്ടും കനൽക്കട്ട പോലേ ജ്വലിക്കുന്നു. നടുമുററത്തിൻെറ കിഴക്കേ വക്കത്തായിട്ട് ഒരു കിടക്കയിൽ ഒരു പെൺകുട്ടി കിടന്നിരുന്നു. ൧൭ വയസ്സു പ്രായമായിട്ടുണ്ട്. നല്ല വെളുത്ത നിറമാണെങ്കിലും ദേഹമാസകലം ഒരു നീലച്ഛായ കേറിയിരിക്കുന്നു. കൃശാംഗിയായ ഈ സാധു ഉരുണ്ടും പിരണ്ടും, മുക്കിയും മൂളിയും, മലന്നും ചെരിഞ്ഞും കിടന്നു ഞെരുങ്ങുന്നു. ഒരു ചങ്ങലവട്ട മാത്രം മങ്ങിക്കത്തുന്നുണ്ട്. ഒരു വൃദ്ധ കൈകൊണ്ടു നെററി താങ്ങി തലയ്ക്കലിരിക്കുന്നു. അപ്പോഴയ്ക്കും, ആളയച്ചിട്ടെന്നപോലെ ഉദ്ദേശം നാൽപതു വയസ്സു പ്രായമുള്ള ഒരാൾ അവിടെയ്ക്കു വന്നു. എത്തിച്ചേർന്നപ്പോഴയ്ക്കും 'ഈശ്വരാ! ഇതെന്തു കഥയാണ്?' എന്നു ഉച്ചത്തിലൊന്നു നിലവിളിച്ചു മലച്ചു വീണു കഴിഞ്ഞു. വടക്കേ ഇറയത്തു കിടന്നുറങ്ങിയിരുന്ന ഒരാൾ ഈ ഒച്ച കേട്ടു ഞെട്ടിയുണർന്നു. വേഗം എഴുന്നേററു ചെന്നു 'കാരണവരേ! ഇതെന്താണ്! വ്യസനിക്കാതിരിക്കൂ- കുനിന്മേൽ കുരു എന്നപോലെ അവിടുത്തെ സങ്കടംകൂടി ശേഷമുള്ളവർക്ക് ഇങ്ങിനെ കാണാറായല്ലോ!' എന്നും പറഞ്ഞു വീശുവാൻ തുടങ്ങി. കാരണവരുടെ ഹൃദയം വല്ലാതെ പിടച്ചു തുടങ്ങി. ദേഹമാസകലം വിയർത്തൊലിച്ചു. ഒടുവിൽ ബോധം വന്നപ്പോൾ തൊണ്ടയിടറി ഇങ്ങിനെ പറഞ്ഞു: – 'ജഗദീശ്വരി! തൃക്കൊടിക്കാവിൽ ദുർഗ്ഗേ! അമ്മേ! ഇങ്ങിനെ എന്നെയിട്ടു കഴക്കരുതേ. ഞാൻ പത്തു വയസ്സു മുതൽ ദിവസംതോറും കുളിച്ചു തൊഴുന്നതിൻെറ ഫലം ഇതാണോ! കണ്ടുണ്ണിമേനോ! എൻെറ അമ്മുക്കുട്ടിക്ക് ഇത്രക്ഷണം കൊണ്ട് ഇങ്ങിനെ വരുമെന്നാരറിഞ്ഞു? ഇനി ഞാൻ ജീവിച്ചിരിക്കുന്നതെന്തിനാണ്?' ഇങ്ങിനെ ഓരോന്നു പുലമ്പിക്കൊണ്ടു പതുക്കെപ്പതുക്കെ ഇഴഞ്ഞിഴഞ്ഞു കിടക്കയ്ക്കടുത്തു ചെന്നു. യാതൊന്നും സംസാരിക്കാൻ വയ്യാതായി. കണ്ണീർ നിറഞ്ഞു കാണാനും കഴിയാതായി. കണ്ണീർ തുടച്ചു 'അമ്മുക്കുട്ടീ!' എന്നൊന്നു വിളിച്ചപ്പൊഴക്കും മറഞ്ഞു. വീണു പെൺകുട്ടി ദൈന്യത്തോടേ ഒന്നു നോക്കി. കൈകാൽ കഴഞ്ഞു ദേഹമാസകലം ഒരു വിറയൽ; എററത്താമസിയാതെ മൂന്നു ദീർഘശ്വാസം വലിച്ചു അപാവം മിണ്ടാതായി. തത്സമയം, നാലുപാടും നിന്നിരുന്നവരുടെ തേങ്ങിത്തേങ്ങിയുള്ള നിലവിളിയും, പാതിരക്കുറുക്കൻെറ ഓളിയിടലും, പട്ടികളുടെ കരയും, കാലക്കോഴിയുടെ കുത്തിച്ചുടലും നത്തിൻെറ മൂട്ടക്കരച്ചിലും ഒക്കെപ്പാടെ അതി ഭയങ്കരമായ വിധത്തിൽ ആ രാത്രിയേ ഒന്നിളക്കി മറിച്ചു. കണ്ടുണ്ണിമേനോൻ അപ്പോൾ അവിടെയുണ്ടായിരുന്നതു ഭാഗ്യം. 'കഴിഞ്ഞതിനേപററി വ്യസനിക്കാതിരിക്കു; തലയിലെഴുത്തു മായ്ക്കുവാൻ വയ്യല്ലോ. കരയാതിരിക്കു. വരുന്നതുവരട്ടേ', എന്നിങ്ങിനെ പല സന്ത്വനവാക്കുകളും പറഞ്ഞു കണ്ടുണ്ണിമേനോൻ ഓരോരുത്തരേയും സമാധാനിപ്പിച്ചു.

വം നിലത്തിറക്കി. ഒരു വസ്ത്രം കൊണ്ടു മൂടി, 'മതി വ്യസനിച്ചതു; വരൂ' എന്നും പറഞ്ഞു അവിടെ ഉണ്ടായിരുന്നവരെ വിളിച്ചുംകൊണ്ടു കിഴക്ക പുറത്തേക്ക പോയി.

ആ കാളരാത്രിയുടെ മൂന്ന യാമവും കഴിഞ്ഞു. പ്രഭാതമായി- രണ്ടു പുറവും ഉയൎന്ന് കണ്ടും കന്നും അധികമുള്ള ഒരു ഇടവഴിയിൽക്കൂടി— അല്ലെങ്കിൽ ഊടുവഴിയിൽ കൂടി തപ്പിത്തടഞ്ഞു ഒരാൾ പോകുന്നുണ്ട്. കിഴക്കപുറം പരന്ന കിടക്കുന്ന പാടത്തേക്കാണ പോകുന്നത്. 'എന്റെ ഭഗവതീ! ഇനിക്കിങ്ങിനെ വന്നുവല്ലോ! പുണ്ണിൽ കൊള്ളി വെക്കുന്നല്ലോ! ജഗദീശ്വരീ! അമ്മേ! എന്റെ വേദനതന്നേ സഹിക്കാൻ പാടില്ലാതിരിക്കുമ്പോൾ ഈ ദുഃഖവും ഞാനെങ്ങിനേ സഹിക്കേണ്ടു! ദൈവമേ!' എന്നിങ്ങിനെ പലതും എണ്ണിപ്പെറുക്കിക്കൊണ്ടാണ് പോകുന്നത്. ഒരുവിധത്തിൽ ഊടുവഴിയുടെ അററമെത്തിയപ്പോഴെക്കും തെക്കനിന്നും വടക്കനിന്നും കൂടി ഒരു എട്ടു പത്തു കള്ളന്മാർ വന്നു പിടികൂടിക്കഴിഞ്ഞു 'അയ്യോ! യമകിങ്കരന്മാരോ! അമ്മേ!' എന്നമാത്രം പറഞ്ഞു മോഹാലസ്യപ്പെട്ടു വീണു. അതി ഭീഷണന്മാരായ ആ കൊള്ളക്കാർ ആയാളെ വലിച്ചിഴച്ചു ഒരു പാറയുടെ സമീപമെത്തി. ഒരു ഗുഹയിൽക്കൂടെ അകത്തു കടന്നു അപ്പോഴെക്കും അവരുടെ പ്രമാണി ഗുഹയുടെ ഉള്ളിൽനിന്നും ഉമ്മറത്തെക്കു വന്നു. കൂട്ടാളികൾ കൊണ്ടുവന്ന ആളെ കണ്ടു ഉടനേതന്നെ ഒന്ന നടുങ്ങി. വികാരങ്ങളെല്ലാം അടക്കി, അവരോടു പോയി വേറെ ജോലി നോക്കാൻ കല്പിച്ചയച്ചു. പിന്നെ ആ നിസ്സഹായനായ ആളെ എടുത്തുകൊണ്ടു ഗുഹയുടെ ഒരു മൂലയിലിട്ടിരുന്ന കട്ടിലിൽ കിടത്തി. പാറകൾ പൊങ്ങിതള്ളി ഉണ്ടാക്കിയിരുന്ന ഒരു അകത്തു കടന്ന ഒരു പെട്ടി തുറന്ന എന്തോ ചില ദ്രവ്യങ്ങളെടുത്തുകൊണ്ടു വന്ന ആയാളുടെ മുഖത്തു തളിച്ചു. ഉടനുറങ്ങിയെഴുന്നേററപോലേ കണ്ണു മിഴിച്ച് ഒന്ന നോക്കി. ബോധം വന്ന ആ സാധു വല്ലാതെ ഒന്ന പരിഭ്രമിച്ചു പോയി. താനെവിടേയെന്നറിവാനായി നാലു പുറവും ഒന്ന നോക്കി. ഉന്തിത്തള്ളി നിൽക്കുന്ന ഒരു പാറക്കഷണം കഴിച്ച് എണ്ണയൊഴിച്ചു കത്തിച്ചിരുന്ന വിളക്ക കെട്ടിട്ടില്ല. ഒരു മൂലയിൽ ചില ഇരിമ്പുവാളുകൾ, മുച്ചാൻ വടികൾ മുതലായവയെല്ലാം കാണ്മാനുണ്ട്. പലവിധത്തിലുള്ള ഉടുപ്പുകളും പണങ്ങളും അങ്ങുമിങ്ങും ചിന്നിച്ചിതറിക്കിടക്കുന്നു. ഒരു ഭാഗത്തു തിണ്ണപോലെ ഒരു വലിയ കരിങ്കൽ പൊങ്ങിനിൽക്കുന്നുണ്ട്. ആയാൾ കിടന്നിരുന്ന മുറിയിൽ ഇത്രയേ കാണ്മാനുണ്ടായിരുന്നുള്ളു- ഇതെല്ലാം ഒരു ക്ഷണംകൊണ്ടു കണ്ടു ഒന്ന ഞെട്ടി. അപ്പോഴെക്കും കള്ളരിൽ പ്രമാണി അടുത്തു ചെന്ന് ഇങ്ങിനേ തുടങ്ങി:— 'ഉണ്ണിച്ചാരൻ നായരല്ലേ ഇത്? നേരം വെളുക്കുമ്പോഴെക്കും ഈ കണ്ടേർ ഊടുവഴിയിലും മററും വന്നതെന്തിനാണ്?' തന്റെ പേർ ശരിയായി വിളിച്ചപ്പോൾ അത്ഭുതം ഒന്നുകൂടി കൂടി അയാളുടെ മുഖത്തേക്ക കുറേ നേരം സൂക്ഷിച്ചു നോക്കിക്കൊണ്ടു പെട്ടന്ന 'നമ്മുടെ കണാരപ്പിഷാരടിയോ! എന്റെ അമ്മേ! ഇതെല്ലാം മായയോ ഇന്ദ്രജാലമോ എന്തോ? ഞാൻ ഒന്നും അറിയുന്നില്ല!' എന്നും പറഞ്ഞു പിന്നേയും നോക്കാൻ തുടങ്ങി. അപ്പോൾ കള്ളരിൽ പ്രമാണി തന്റെ ചുവന്ന നിറത്തിലുള്ള വലിയ തലപ്പാവും കൃത്രിമ താടിമീശയും എടുത്തു താഴെ വെച്ചു. ഉണ്ണിച്ചാരൻ നായൎക്കും കണാരപ്പിഷാരടിക്കും അന്യോന്യം മനസ്സിലായി. കുറേ നേരം പതുക്കെപ്പതുക്കെ അവരിരുവരും സം

സാരിച്ചു. നായരുടെ തൊണ്ടയിടറുന്നു. മുറസ്സു കണ്ണീർ ഒഴുകുന്നു. പിഷാരടി സമാധാനപ്പെടുത്തുന്നു. ഈ സംഗതിയെല്ലാം നിമിഷംതോറും കൂടിക്കൂടി വരുന്നു. ഒടുവിൽ-

പിഷാരടി— ഇനി പറഞ്ഞിട്ടെന്താണ കാര്യം- വന്നതെല്ലാം വന്നു- മേലാൽ സൂക്ഷിക്കാം.

ഉ- നാ— എന്റെ പിഷാരടി! അതുകൊണ്ടുമാത്രമായോ! എന്റെ വലത്തു ഭാഗത്തു മുഴുവൻ ഒരു വേദന തുടങ്ങിയിരിക്കുന്നു. ഏഴെട്ടുദിവസമായി- ക്രമത്തിൽ സഹിക്കാൻ വയ്യാതാകുന്നതുമുണ്ട്.

ഇതുംകൂടി കേട്ടപ്പോൾ പിഷാരടി ഒന്നു വല്ലാതായി. 'എട്ടു ദിവസമായോ കാരണവക്കു വേദന തുടങ്ങീട്ട്?

ഉ- നാ— ഉവ്വ്.

പി— എട്ടു ദിവസം മുമ്പ് വല്ല കാപ്പിയോ പലഹാരമോ മറേറാ കഴിക്കയുണ്ടായോ?

ഉ- നാ— ഇതുരണ്ടും ഇനിക്കു പണ്ടേതന്നെ ഇല്ലല്ലോ.

പി— (കുറെ ആലോചിച്ച്) എന്തെങ്കിലും ദ്രവദ്രവ്യം കഴിക്കയുണ്ടായോ?

ഉ- നാ— ഒന്നും കഴിച്ചില്ലെന്നു പറയാൻ വയ്യാ. ഉച്ചക്കു ഉണ്ണാനിരിക്കുമ്പോൾ പച്ച വെള്ളം മാത്രം കുടിക്കയുണ്ടായി.

പി— ആരാണ വെള്ളം തന്നത്?

ഉ- നാ— അനുജൻ ഇടിച്ചാരനാണ്.

പി— എന്തുപാത്രത്തിലാണ്? കിണ്ടിയിൽ തന്നേയോ?

ഉ- നാ— അല്ല- നമ്മുടെ ഒരു പഞ്ചലോഹംകൊണ്ടുള്ള പാത്രം കാണാറില്ലേ? കാലത്തേ നേരം അവിടെ വരാറുള്ളപ്പോൾ നടുമുററത്തിൻെറ ഇറയത്തു തേച്ചു കമത്തിയിരിക്കുന്നതു കാണ്മാൻ വഴിയുണ്ടല്ലോ. അതിലാണ്.

പി— ങ്- ഹാ- അതിലാണോ- ആട്ടേ വെള്ളം അതിലൊഴിച്ചപ്പോൾ വല്ല നിറഭേദവും ഉണ്ടായോ?

ഉ- നാ— ഉവ്വ്, ഏതാണ്ട് ഒരു വെളുപ്പ് മരായ തോന്നി.

എട്ടു ദിവസം മുമ്പാണ് വേദന തുടങ്ങിയതെന്നും അനുജൻ ഇടിച്ചാരനാണ് വെള്ളമൊഴിച്ചു കൊടുത്തതെന്നും കേട്ടപ്പോൾ തന്നേ മിക്കവാറും തീച്ചയായ ഒരു സംഗതിയേപ്പററി ഇത്രയും കൂടി അറിവു വിശേഷമായി കിട്ടിയപ്പോൾ പിഷാരടി അതിനു ശേഷം ഒന്നും ചോദിച്ചില്ല. 'ആട്ടേ, വിദ്യയുണ്ടാക്കാം. കാര്യമെല്ലാം മനസ്സിലായി' എന്നു പതുക്കെ പിറുപിറുത്തുംകൊണ്ടു ഒരു അകത്തേക്കു കടന്നു ഒന്നുരണ്ടു ഗുളികകൾ ഒരു ചെപ്പിൽ നിന്നെടുത്തു കൊണ്ടുവന്നു 'കാരണവര് തൽക്കാലം ഇതു സേവിക്കു' എന്നു പറഞ്ഞു കുറച്ചു വെള്ളത്തിൽ ചാലിച്ചു കൊടുത്തു. തൻെറ വിശ്വാസപാത്രമായ പിഷാരടി കൊടുത്ത മരുന്ന് യാതൊരു ശങ്കയും കൂടാതെ സേവിച്ചു. അതു നന്നായതേ ഉള്ളൂ താനും. കുറെ മുമ്പ് വ്യസനിച്ചിരുന്ന ഒരാളാണെന്നു ഇപ്പോൾ കണ്ടാൽ അറിയില്ല. മുഖത്ത് എന്തോ ഒരു പ്രസന്നത വന്നുദിച്ചു- കരച്ചിലും മാറിപ്പോയി ചിറിയും അഹങ്കാരവുമായി. അമ്മക്കുട്ടിയുടേ മരണസംഗതി തീരേ മറന്നപോലേയായി. ഇങ്ങിനെ കുറച്ചു ദിവസം അവിടെ കൂടി.

നേരം നല്ല സന്ധ്യ. പടിഞ്ഞാറു ദിക്ക് ചോരയണിഞ്ഞു ചെമ്പരത്തിമാല ചാത്തിയ കാളിയേപ്പോലേ ആയിക്കഴിഞ്ഞു. മുറസ്സ് ഇരുട്ടുപിടിക്കുന്നു- തിരുവീട്ടിലെ ഉമ്മറത്ത് വ്രാന്തയിൽ ഒരു ചാരുകസേരയിൽ ഒരാൾ ഇരിക്കുന്നുണ്ടു. തളത്തിൽ കത്തിച്ചു വെച്ചിരിക്കുന്ന നിലവിളക്കിൻെറ; വെളിച്ചം കുറേശ്ശെ പുറത്തേക്കു വരാനും

കൊണ്ടു ഈ ആളേ കാണ്മാൻ പ്രയാസമി ല്ല. ൩൦ വയസ്സു പ്രായം, ഇരുനിറം തെളിഞ്ഞിയ മെയ്യ്, നീണ്ട കയ്യ്, പൊക്കം പാകം, തത്തക്കൊക്കപോലേയുള്ള മൂക്ക്, സപ്പ്ദൃഷ്ടി ഇതിനെയെല്ലാമാണു നമ്മുടെ ഇടിച്ചാരൻ നായരുടേ മാതിരി. അടുത്തു തൊട്ടുകൊണ്ടു തന്നേ ഒരു പുൽപായിൽ ഒരാൾ ഇരിയ്ക്കുന്നുണ്ടു. ഇയ്യാളുടേക്കോലം അതിവിശേഷം! തലയുടേ നടു മുഴുവൻ കഷണ്ടി. നാലു പുറവും ചെമ്പിച്ച രോമം വളൎന്നു നില്ക്കുന്നു. ആ കപ്പാടെ തലയുടേ മട്ട കണ്ടാൽ ചുറ്റും ഉണങ്ങിയ പുല്ലു മുളച്ചിരിയ്ക്കുന്ന ഒരു വെലിക്കല്ലിൻെറ ച്ഛായയാണ്. നെററിയുടെ നടുവിൽ വലിയ ചന്ദനപ്പൊട്ടുണ്ട്. ക്രൂത്ത മുഖവും, മുകളിലത്തേ വരിയിൽ മൂന്നു വിരൽ ഉന്തി നില്ക്കുന്ന പല്ലുകളും ഒരു മക്കടമോന്തയോടു കിടപിടിപ്പാൻ ധാരാളം മതിയാകും. മെയ് നിറയ രോമം- മാറത്ത് രോമത്തിന്മേൽ ചാത്തത്തിന്നു മെഴുകുന്നതുപോലേ കറെ ചന്ദനം വെച്ചു തേയ്ക്കുവാൻ ഉത്സാഹിച്ചിട്ടുള്ളത് കാണ്മാനുണ്ട്. തോൽക്കടം തോൽക്കുന്ന കമ്പയ്ക്കു താഴെ മുഴംകാലിൻെറ പകുതിവരേ എത്തുന്ന ഒരു ജഗന്നാഥൻ മുണ്ടു ചുററിട്ടുണ്ട്. വിസ്ഥിയ്ക്കു താഴെ ഒരു തോൎത്തു മുണ്ടു കോൎത്തുവലിച്ചു മുറുക്കെ കെട്ടിയിരിയ്ക്കുന്നു. വലിയ ഭക്തനും ജ്ഞാനിയുമാണെന്നാണു ഭാവം- കേളികേട്ട തിരുവീട്ടിൽ കൃഷ്ണൻ നായരാശാനാണ് ഈ ദേഹം- ഇടിച്ചാരൻ നായരും കൃഷ്ണൻ നായരാശാനും തമ്മിൽ എന്തോരു വലിയ കാൎയ്യത്തെ പററി ആലോചിയ്ക്കയാണെന്നു തോന്നുന്നു. ഒരാൾ ഒന്നു പറഞ്ഞു ഒരു സപ്പദൃഷ്ടി കാട്ടുമ്പോഴേയ്ക്കും, മററയാൾ കൈകൊണ്ടു താടിചൊറിഞ്ഞു പല്ലിളിച്ചു കാട്ടും. ചുണ്ടാണി വിരലിൻെറ പ്രയോജനം കേമം തന്നേ. ഇടയ്ക്ക് 'ഇപ്പിയ്ക്കും' ഇടയ്ക്കുരുട്ടി മിഴിയ്ക്കും. ഇങ്ങിനേ ഒരോന്നു തമ്മിൽ സ്വകാൎയ്യം പറകയും ഗോഷ്ടി കാണിയ്ക്കയും ചെയ്തുകൊണ്ടിരുന്ന സമയത്തു, 'അമ്മോ! വിശന്നു വലഞ്ഞു. ഇന്നലേ അത്താഴം ഉണ്ടതാണേ! ഇത്തിരി കഞ്ഞിവെള്ളമെങ്കിലും തരണേ!' എന്ന് ഉറക്കേ നിലവിളിച്ചു പറഞ്ഞുകൊണ്ടു ഒരു ഭിക്ഷു അവിടെയ്ക്കു ചെന്നു. 'പോടാ, ഇവിടെ നിന്നു ലഹള കൂട്ടാതെ പോ, അപ്പുറത്തു ചെന്നു വല്ലതുമുണ്ടെങ്കിൽ മേടിച്ചു കഴിച്ചോ' എന്നു ആശാൻ ഉരുട്ടി മിഴിച്ചുംകൊണ്ടു പറഞ്ഞു. ഭിക്ഷു മതിലിൻപടി കടന്നു അപ്പുറത്തേയ്ക്കു പോയി. എന്നാൽ മതിലിൻെറ അപ്പുറത്തു ഒളിച്ചുനിന്നതേയുള്ളു ഭ്രാന്തയുടേ അററവും മതിലും തൊട്ടായിരുന്നതുകൊണ്ടും ഇക്കാളിഅമ്മയും മററും കിണററിങ്കരെ കുട്ടികളേ കളിപ്പിച്ചു തോൎത്തിയ്ക്കയായിരുന്നതുകൊണ്ടും ആരും അറിയാതെ തന്നേ, ആശാൻേറയും നായരുടേയും സംഭാഷണം മുഴുവനും പതുങ്ങിനിന്നു കേൾപ്പാൻ കഴിഞ്ഞു.

ഇ- നാ— 'എന്താ, ആശാൻ! ആ ഒരു സൊല്ല തീൎന്നുലോ. അല്ലേ. നമ്മുടെ സ്വകാൎയ്യങ്ങൾ അവൾ മാത്രമേ അറിഞ്ഞിട്ടുണ്ടായിരുന്നുള്ളു. നമ്മുടേ ശ്രമം കൂടാതെതന്നേ അതും കഴിഞ്ഞില്ലേ. പക്ഷേ ഒരു പേടി. അവൾ വല്ലവരോടും പറഞ്ഞിട്ടുണ്ടായിരിയ്ക്കുമോ?'

ആ- (ചുണ്ട്കൊണ്ടു അനുസ്വാരമെഴുതി) പറഞ്ഞാൽ തന്നേ എന്താണ്. കണ്ടുണ്ണി മേനവും പിഷാരടിയ്ക്കും കാരണവൎക്കും കൊടുത്തു കഴിഞ്ഞില്ലേ. ഇനി കുഞ്ഞി അമ്മയും മക്കളുമല്ലേ ഉള്ളു?

ഇ- നാ— അല്ലാ, ഏടത്തി അമ്മേടെ കാൎയ്യവും ഇന്നലേ തന്നേ കഴിച്ചിരിയ്ക്കുന്നു. ആശാൻ അറിഞ്ഞില്ലെന്നുണ്ടോ?

ആ:—(ചുണ്ടു വിടൎത്തിപ്പൊളിച്ച്) ഛേ! അതു ഞാനറിഞ്ഞില്ല. വിശേഷം!!

ഇ- നാ— പോരല്ലോ. ആയില്ലല്ലോ. ഇനി ആ ചെക്കനുണ്ട്- രാമൻ- അവനു വയസ്സു നാലേ ആയുള്ളുവെങ്കിലും ബുദ്ധി തന്റേടം. അവന്റെ കാൎയ്യമാണു വിഷമം.

ആ:— (താടി ചൊറിഞ്ഞു, മോന്ത കുളക്കടക്കപോലെയാക്കി, ആലോചന നടിച്ചും കൊണ്ടു)

അതിനൊരു വിദ്യ ചെയ്യാം- ആട്ടെ- ആ തള്ളയേയും പിള്ളരേയും നമുക്ക് നിലവറയിൽക്കൊണ്ടുപോയിടാം- പിന്നത്തെ കാൎയ്യം പിന്നെയാകാം. നാളെത്തന്നേ കഴിക്കണം. വെറുതെ വൈകിക്കണ്ട.

ഇ- നാ:— കണാരപ്പിഷാരടിയുടേ കാലം കഴിഞ്ഞുപോയി. മരിച്ചിരിക്കണം.

ആ:— കാരണവരുടേയും മററും കാലം എന്നേക്കാകും?

ഇ- ന:— നാളെക്ക് പതിനാറായി ദിവസം ജ്യേഷ്ഠനും കണ്ടുണ്ണിമേനും കൊടുത്തിട്ട- രണ്ടും നാളെ ഉച്ചക്കു കഴിയും. ഏടത്തി അമ്മേടെം അങ്ങിനെ തന്നേ—

ആ:— ആവൂ! നാളെത്തേതോടുകൂടി ഒക്ക കഴിയുമല്ലോ. പിന്നെ മണ്ണിയഞ്ചിറ തറവാടും തിരുവിടും ഒന്നായി. അവിടുത്തേ ആണ്ടേളവ് അയ്യായിരപ്പറയും എന്റെ ഉടപ്പിറന്നവൾ ഇക്കാലിക്കും മക്കൾക്ക മായല്ലോ. വെറുതേ അല്ലാ ഞാൻ ദിവസേന രണ്ടുനേരം കുളിച്ചു പട്ടടത്ത് ഭഗവൽഗീത പാരായണം ചെയ്യുന്നത്.

ഇങ്ങിനെ പറഞ്ഞവസാനിച്ചപ്പോഴെക്കും ഭിക്ഷു മതിലിൻപടി കടന്നു മുററത്തെത്തി ഒന്നു തേട്ടി, യശമാന്നേ! സന്തോഷായി! എന്നും പറഞ്ഞു നടന്നു. അവർ ഉണ്ണാൻ അകത്തേക്കും പോയി.

'മണിയഞ്ചിറ' തറവാട ഇന്നും ഇന്നലേയുമുള്ളതല്ല. കാരണവന്മാരെല്ലാരും കീൎത്തി കേട്ടവരുമാണ്. ഉണ്ണിച്ചാരൻ നായൎക്ക് കാരണവസ്ഥാനം കിട്ടീട്ടു കൊല്ലം മൂന്നേ ആയുള്ളു. ദാനവും ധൎമ്മവും അതികേമം. അയൽവക്കക്കാൎക്കെല്ലാം ബഹുപ്രീതി. ഒരു ധൎമ്മപുത്രൻ തന്നെ. നര കേറി- നിറുകയിൽ ഒരു ഉറുപ്പികവട്ടം കുടുമയുള്ളത് കാക്കക്കൊക്കപോലെ കെട്ടിവെച്ച് തുമ്പ് ചെവിയുടെ ഇടയിൽ തിരുകുകയാണ് പതിവ്. സംസാരിക്കുന്നതിന്നിടക്കു തലയാട്ടുമ്പോൾ കുടുക്കൻ കവിളത്ത് വന്നടിക്കും. തോൎത്തുമുണ്ടാണ് സാധാരണ ചുററാറുള്ളത്. വലത്തെക്കയ്യിന്റെ മോതിരവിരലിന്മേൽ മൂന്നു ഒഴുക്കൻ മോതിരമുണ്ടു. ഇങ്ങിനേയുള്ള ഒരു രൂപം കാണാതായിട്ടു ദിവസം ആറു കഴിഞ്ഞു. കുടിയാന്മാരും അയൽവക്കക്കാരും എല്ലായ്പ്പോഴും അന്വേഷിക്കുന്നതുമുണ്ടു. നട്ടുച്ചനേരത്തു കാരണവരേ തിരഞ്ഞ നടന്നു വിശന്നു വലഞ്ഞു കണ്ടുണ്ണിമേനോന്റെ വരവായി. വഴിയിൽ ഒരു ഭിക്ഷുവും മുട്ടിയെത്തി.

ഭി— യശമാന്നേ! ഈ സാധുവിനു രണ്ടു പൈസ്സ കൊടുക്കിൻ.

ക- മേ— പോടാ- നിനക്ക പൈസ്സ! 'പുഴുക്കു കളിവിളയാട്ടം എലിക്കു പ്രാണവേദന' എന്നു പറഞ്ഞപോലെ ഇവിടെ എന്തൊക്കെയോ കഴിഞ്ഞുകൂടുന്നു നീ എന്തറിയും? പോ, എന്നും പറഞ്ഞു നടന്നു.

ഭി— യശമാന്നേ! അയ്യോ! അങ്ങിനെ പറയല്ലേ! അവിടെക്ക് എന്താണാവോ വ്യസനം?

ക- മേ— (ദേഷ്യപ്പെട്ട്) 'നിനക്കതറിഞ്ഞിട്ടു എന്താ കാൎയ്യം? നീ വിചാരിച്ചാൽ എന്റെ വ്യസനം മാററുവാൻ സാധിക്കുമോ?

ഭി— പക്ഷേ സാധിച്ചെന്നും വരും യശ

മാന്നേ! ഞാൻ പലരുടേയും വ്യസനം മാററീട്ടുള്ളവനാണേ.

ക. മേ— ഇല്ലെങ്കിൽ നിൻെറ തുടയിന്മേൽ ഒരു പന്ത്രണ്ടടി അടിക്കട്ടേ. സമ്മതമാണോ?'

ഭി— യശമാനൻെറ ഇഷ്ടംപോലേ.

ക. മേ— 'എന്നാൽ നടക്ക്- വാ.' എന്നും പറഞ്ഞു വേഗം നടന്നു തുടങ്ങി. മണിയഞ്ചിാ എത്തി. കണ്ണുണ്ണിമേനോൻ അകത്തു പോയി കാലും മുഖവും കഴുകി ഉണ്ണാനിരുന്നു. ചോറു ചെന്നില്ല. ഇത്തിരി വാരിത്തിന്നു, ക്ഷണനം കൈ കഴുകി തോർത്തിയുംകൊണ്ടു ഇറയത്തേയ്ക്കു വന്നു ഭിക്ഷു അവിടെ ഇരിപ്പാണ്.

ക. മേ— എടാ! എൻെറ വ്യസനം മാററത്തക്കവണ്ണം നിനക്കെന്തു വിദ്യയാണ് അറിവുള്ളത്.

ഭി— എനിക്ക് വൈദ്യം അറിയാം യശമാന്നേ! പിന്നെ ജ്യോത്സ്യവും കുറേശ്ശേ.

ക. മേ— 'ഉവ്വോ! എന്നാൽ എനിക്ക വയററിൽ ഒരു വേദന. മാററാമോ?

ഭി— എത്ര നാളായി അതുവോ തുടങ്ങീട്ട്?

ക. മേ— പതിന്നാല് നാളായി.

ഭി— 'ഓ- ആട്ടേ. ഞാൻ നോക്കാം' എന്നും പറഞ്ഞു കുറെ പൈ പ്പുകളും പൊതികളും തുറന്നു ഒരു ഗുളിക കൊടുത്തു. 'ഇത് വെള്ളത്തിൽ ചാലിച്ചു സേവിക്കിൻ'എന്നും പറഞ്ഞു. കണ്ണുണ്ണിമേനോൻ അപ്രകാരം ചെയ്തു. പത്തു മിനിട്ടിനകത്ത് വേദന നിന്നു.

ക. മേ— എയ്! ഭിക്ഷു ചില്ലാനക്കാരനല്ലല്ലോ. ആട്ടേ, നിങ്ങൾക്ക ജ്യോത്സ്യം അറിയാമെന്നു പറഞ്ഞില്ലേ. ഇനി അതു കുറച്ചു നോക്കട്ടേ.'

ഭി— ഓ- അങ്ങിനെയാകാമെല്ലോ.

ക. മേ— ഇവിടെനിന്നു ഒരാൾ പോയിട്ടു ഇന്നേയ്ക്കു എട്ടു ദിവസമായി. അയാൾ ഇപ്പോൾ എവിടേയാണെന്നു പറയാമോ?

ഭി— അയ്യേ! അതൊക്കെ അറിഞ്ഞു വയ്യ!

ക. മേ— പിന്നെ 'അയാളെപ്പററി നിനക്കെന്താണ് അറിയുക?

ഭി— മരിച്ചുവോ ഇല്ലയോ എന്നു പറയാം.

ക. മേ— ഉവ്വോ. എന്നാൽ അതു പറ.

ഭി— (കുറെ ഗ്രന്ഥങ്ങളും മററും അഴിച്ചുനോക്കി വളരെ ആലോചന നടിച്ച്) മരിച്ചിട്ടില്ല.

ക. മേ— ഇത്രതന്നേനിനക്കറിഞ്ഞുകൂടു?

ഭി— യശമാന്നേ! ഇനിക്ക് വല്ലതും തരണേ! ഞാൻ പോട്ടേ.

കാര്യസ്ഥൻ വേഗം അകത്തുനിന്ന് ക ഒരു ത്രുപയും ഒരു മുണ്ടും എടുത്തുകൊണ്ടുവന്നു കൊടുത്ത് 'ഉം- പൊയ്ക്കോ' എന്നും പറഞ്ഞു അകത്തേയ്ക്കു പോയി. ഭിക്ഷു പുറത്തേയ്ക്കു പോയില്ല. അവിടെത്തന്നെ ചുററിപ്പററിക്കുടിയതേയുള്ളൂ.

എഴര നാഴിക വെളുപ്പാൻ കാലമായപ്പോൾ പാറകളുടെ ഇടയിലുള്ള ഒരു ഗുഹയിൽ ഒരു വിളക്ക് മങ്ങിക്കത്തുന്നു. മൂന്നു പുറത്തും പരന്നുകിടക്കുന്ന പാടങ്ങളുടേ വരമ്പുകളിൽനിന്നും കുളക്കോഴികളുടേ ശബ്ദം കേൾപ്പാറാണ്ട്. പാറയുടെ കിഴക്കുഭാഗം തൊട്ടുകിടക്കുന്ന കുററിക്കാട്ടിൽനിന്നും പുറപ്പെടുന്ന ഓരിവെട്ടുകൾ നിലച്ചിട്ടില്ല. ഒരു വലിയ തലപ്പാവും, കണംകാലിൽ തടവുന്ന കുപ്പായവും മുച്ചാൻവടിയും നീണ്ട മീശയും ആയി ഒരാൾ ഗുഹയുടെ ഉമ്മറത്ത് ഉലാത്തുന്നുണ്ട്, നടത്തത്തിൻെറ മട്ടുകൊണ്ടു എന്തോ ഒരു അസ്വാസ്ഥ്യമുള്ളതുപോലെ തോന്നുന്നു. എന്താണ്ടൊക്കെ പിറുപിറുക്കയും ചെയ്യുന്നുണ്ട്. അപ്പോഴയ്ക്കും പടിഞ്ഞാറുനിന്നും ഒരു കാൽപെരുമാററം കേട്ടു തിരിഞ്ഞുനിന്നു നോക്കി 'ആരാണത്?' എന്നു ചോദിച്ചു. 'ശങ്കിയ്ക്കണ്ടാ- ഞാൻ തന്നെയാണ്, കാരണവരേ!'

'അല്ലാ! എത്ര കാലമായി പോയിട്ട്? എന്തൊക്കെയാണ് അവിടത്തെ വർത്തമാനങ്ങൾ? ഇനിക്ക ഈ കൊള്ളക്കാരൻെറ വേഷം മതിയായി' എന്നും പറഞ്ഞു കാരണവർ വേഷമെല്ലാം അഴിച്ചുവെച്ചു. കണാര

പ്പിഷാരടി തന്റെ കാവിവസ്ത്രവും, നരച്ച താടിയും, വലിയ തലേക്കെട്ടും, ഭാണ്ഡവും, പിരിയൻവടിയും താഴെ വെച്ചു. പഴയ വേഷമെടുത്തു രണ്ടു പേരും ഗ്രഹസ്ഥകുത്തു കടന്നു കൽത്തറ വിലിരുന്നു.

പി— ഞാൻ വർത്തമാനങ്ങളെല്ലാം പറഞ്ഞാൽ കാരണവർ വല്ലാതെ വ്യസനിക്കും. അതില്ലെന്നു തീർച്ചയുണ്ടോ?

ഉ- നാ— തീർച്ചയുണ്ട്. വ്യസനിച്ചിട്ടെന്താ കാര്യം?

പി— അങ്ങിനെ പറയൂ.

ഉ- നാ— എന്നാൽ വർത്തമാനങ്ങൾ തുടങ്ങൂ.

ഇടിച്ചാരൻനായരുടേയും ആശാന്റേയും സംഭാഷണത്തിന്റെ സാരം മുഴുവൻ പിഷാരടി പറഞ്ഞപ്പോഴേയ്ക്കും തന്നെ കാരണവര് വല്ലാതായി. എങ്കിലും വ്യസനമെല്ലാം അടക്കി 'എന്റെ പിഷാരടി! ഇനി എന്താ വേണ്ടത്?' എന്നു ചോദിച്ചു.

പി— കാരണവരേ! കഴിഞ്ഞില്ല. വ്യസനിക്കാതിരിക്കു. വർത്തമാനം ഇനിയുമുണ്ട്.

ഉ. നാ— എന്നാൽ കേൾക്കട്ടെ.

പി— പിറേറന്നാൾ കണ്ടുണ്ണിമേനോനെക്കണ്ടു ഒരു മരുന്നു കൊടുത്ത് അദ്ദേഹത്തിന്റെ മരണം മൂന്നു നാളെയ്ക്കു നീട്ടി. അത്രയെ ആവുള്ളു.

ഉ- നാ— പാവം കണ്ടുണ്ണിമേനോൻ. ൧൦ കൊല്ലമായി അവിടുത്തെ മുഖ്യാറ് കാര്യസ്ഥനായിട്ട്. മൂന്നു ദിവസമല്ലേ ഉള്ളു ഇനി! ആട്ടേ, നമ്മുടെ കുഞ്ഞിയേയും കുട്ടികളേയും കണ്ടില്ലേ?

പി— 'എന്റെ കാരണവരേ! അവരുടെ കഥയൊന്നും പറയണ്ട.

ഇതു കേട്ടപ്പോഴേയ്ക്കും മൂപ്പര് തേങ്ങിത്തേങ്ങിക്കരഞ്ഞുതുടങ്ങി. 'അയ്യോ എന്റെ രാമൻകുട്ടീ! പാവം നാലു വയസ്സ്! അവന്റെ കഥയെന്താണ്!' എന്നും മററും പറഞ്ഞു. കരച്ചിൽ മുറയ്ക്കു കൂടിത്തുടങ്ങി.

പി— കാരണവരേ! ഞാൻ പറഞ്ഞില്ലേ കരയരുതെന്ന്. ഇതാണല്ലോ തരക്കേട്, ഇങ്ങിനേയായാൽ ഞാനിനിയൊന്നും പറയില്ല.

ഉ. നാ— അയ്യോ! പിഷാരടി! ദ്വേഷ്യപ്പെടണ്ട; ഞാനേതെങ്കിലും ഇങ്ങിനെയായി. എന്തായാലും അവരുടെ കഥ കേൾക്കട്ടേ.

പി— കരയരുത്.

ഉ. നാ— ഇല്ല.

പി— ഞാൻ ഇന്നലെ മണിയഞ്ചിന് വീട്ടുവിട്ടില്ല. ആരും കാണാതെ നമ്മുടെ കാരണവന്മാരെ കുടിവെച്ചിട്ടുള്ള കോണിച്ചോട്ടറയിൽ ചെന്നു പതുങ്ങിയിരുന്നു. നേരം രാത്രിയായി. നിലാവസ്തമിച്ചു. പാതിരയായി. ആരോ വന്നു തളത്തിന്റെ വാതിൽ ചവുട്ടിപ്പൊളിക്കുന്ന ഒച്ച കേട്ട് എന്റെ തുട വിറച്ചുതുടങ്ങി.

ഉ. നാ— ഈശ്വരാ! കള്ളന്മാരോ! ഇനി അതും കൂടിയേ വേണ്ടു.

പി— കള്ളന്മാരാണെങ്കിൽ ഭേദമല്ലേ. നമ്മുടെ ആ പുഷ്ക്കരൻ ഇല്ലേ ഇടിച്ചാരൻ. അവനുണ്ട് ഒരു പത്തു പന്ത്രണ്ടു മാപ്പിളമാരോടുകൂടേ മൂട്ടും പന്തവുമായിക്കടന്നുവരുന്നു. 'എവിടേയാണ് അവറ്റ' എന്നും പറഞ്ഞു എടനാഴിയിലേക്കു കടന്നു. പിന്നെ ഞാൻ ഒന്നും കണ്ടില്ല. കുഞ്ഞി അമ്മയുടേയും കുട്ടികളുടേയും കരച്ചിൽ കേട്ടു. അപ്പോൾ—

ഉ. നാ— 'അയ്യോ! കള്ളൻ കാര്യം പററിച്ചല്ലോ' എന്നു നിലവിളിച്ചു മാറത്ത് ഒരടി അടിച്ചു ഇരുന്ന ഇരുപ്പിൽനിന്നും മലൻ്റു വീണ് ഉരുണ്ടു പിരണ്ട് വിലപിച്ചുതുടങ്ങി. പിഷാരടി ഒരു വിധത്തിൽ സമാധാനപ്പെടുത്തി. 'ഞാനിനിയൊന്നും പറയില്ല.' എന്നു പറഞ്ഞു.

ഉ. നാ—വേണ്ട പിഷാരടി പറയേണ്ട. ഇനിക്ക് സഹിക്കവയ്യേ! അമ്മേ! ഈശ്വരാ! എന്റെ അമ്മുക്കുട്ടിയും പോയി. ഇവരിങ്ങിനേയുമായി. ഞാൻ എന്തു ചെയ്യേണ്ടു.

പി— കാരണവരേ! ആട്ടേ, അമ്മുക്കുട്ടി മരിച്ചിട്ടില്ലെന്നു വരുത്തിയാലോ, വ്യസനിക്കാതിരിയ്ക്കുമോ?

ഉ. നാ— പിഷാരടി അസംബന്ധം പറയാതിരിക്കൂ. മരിച്ചുപോയ ആൾ മരിച്ചിട്ടില്ലെന്നു വരുത്തുക! എന്താ ഇത്! കുട്ടിക്കളിയല്ലേ!

പി— എന്റെ കാരണവരേ! കാൎയ്യം മനസ്സിലാക്കണം. കുട്ടിയേ വിഷം തീണ്ടിയതല്ലേ. വിഷം തീണ്ടിയാൽ ഉടനെ മരിക്കയും മറെറാന്നും ചെയ്യില്ല. മരിച്ചപോലെയാകും. അത്രയേ ഉള്ളൂ.

ഉ. നാ— (കുറച്ചു നേരം മിണ്ടാതിരുന്നിട്ട്. പിന്നെ) 'അയ്യോ! ഈശ്വരാ! എന്നാൽ അവളേ ജീവനോടേ കുഴിച്ചിട്ടുവല്ലോ. ഇതാരറിഞ്ഞു.

പി— വ്യസനിക്കണ്ട; കുഴിച്ചിട്ടിട്ടുമില്ല.

ഉ. നാ— ഉവ്വ് പിഷാരടി! അവളെ പണ്ടങ്ങളെല്ലാം അണിയിച്ചു തന്നെ കുഴിച്ചിടുവാൻ ഞാൻ പറഞ്ഞപോലെ അവളെ കൊണ്ടുപോയത് ഞാൻ കണ്ടിരിക്കുന്നു.

പി— അതു ശരി. പിന്നെ ഉണ്ടായതു അറിയാമോ?

ഉ. നാ— ഇല്ല. നിശ്ചയമുണ്ടെങ്കിൽ പറയൂ.

പി— എന്നാൽ പറയാം. കേട്ടോളൂ. കാരണവർ പറഞ്ഞപോലെ കുട്ടിയെ കൊണ്ടുപോകുംവഴിക്കു പണ്ടങ്ങൾ തട്ടിപ്പറിപ്പാൻ കുറെ കള്ളന്മാർ കടന്നു പിടികൂടി. കൂടെ ഉണ്ടായിരുന്ന ആളുകളെല്ലാം ഇട്ടേച്ചോടി. കള്ളന്മാരേ സമാധാനിപ്പിച്ചു പണ്ടങ്ങൾ പങ്കുവെച്ചു കൊടുത്തയപ്പാനായിട്ടന്നു ഞാൻ ഈ വേഷം കെട്ടിയതാണ്. അമ്മുക്കുട്ടിയുടേ ശരീരം കിട്ടാനായിട്ടാണ ഞാൻ ഇത്രയൊക്കെ ബുദ്ധിമുട്ടിയത്. പിന്നെ ഞാൻ അതു എന്റെ ഒരു ശിഷ്യന്റെ പക്കൽ വിഷമിറക്കാൻ ഏല്പിച്ചയച്ചിട്ടുണ്ട്. അവനു കഴിഞ്ഞില്ലെങ്കിൽ പ്രസിദ്ധവൈദ്യനായ 'ശങ്കരഗുരുക്കൾ'കളെക്കൊണ്ടു ചികിത്സിപ്പിക്കയും ചെയ്യും. അതിനാൽ അമ്മുക്കുട്ടി തീൎച്ചയായും ജീവിക്കും. അതു വിചാരിച്ചു വ്യസനിക്കണ്ട.

ഇതു കേട്ടപ്പോൾ മൂപ്പരുടെ വ്യസനം പകുതി ശമിച്ചു. എഴുന്നേററിരുന്നു. ഉടനേ പിഷാരടി ഒരു മരുന്നെടുത്തു കൊണ്ടുവന്നു നായരേക്കൊണ്ടു കഴിപ്പിച്ചു. ആയാൾ കറുപ്പു തിന്നപോലെ ഉന്മാദചിത്തനായിത്തീൎന്നു.

കാരണവരെ പണ്ടത്തെ മാതിരി ആക്കിയുംവെച്ചു പിഷാരടി ഒന്നുംകൂടി ഒരു സൎക്കീട്ടാരംഭിച്ചു. രണ്ടു ദിവസം കഴിഞ്ഞു. മൂന്നാം ദിവസം മടങ്ങിയെത്തി. ഉച്ചതിരിഞ്ഞു. ഉണിച്ചാരൻനായരും താനും രണ്ടു വലിയ കുപ്പായമെടുത്തിട്ടു. പിഷാരടി ഒരു ഇരിമ്പുകട്ടാരമെടുത്തു കുപ്പായത്തിനുള്ളിൽ ഒളിപ്പിച്ചു. ഇരുവരും പുറപ്പെട്ടു. ഊടുവഴികളിൽക്കൂടേ ചുററിത്തിരിഞ്ഞു 'മണിയഞ്ചിറ' എത്തി. അവിടത്തേ കഥയെന്താണ്. കാരണവർ ഇപ്പോൾ ഇടിച്ചാരൻനായരാണ്. ഇക്കൊല്ലി അമ്മയും ആശാനും മററും കൂടി മുകളിൽ വടക്കേ മച്ചിൽ ശീട്ടുകളി കൊണ്ടുപിടിച്ചിരിക്കയാണ്. വാല്യക്കാർ അടുക്കളയിൽ കാപ്പിയും പലഹാരവും ഉണ്ടാക്കുക തിരക്ക്. കിഴക്കേപുറത്തിറയത്താരുമില്ല. നല്ല തരം. പാട്ടരാശി തുടങ്ങി. തക്കം നന്നെന്നുറച്ചു ഉണിച്ചാരൻനായരും പിഷാരടിയും അകത്തു കടന്നുകൂടി. ഒരു ഗൂഢമാൎഗ്ഗത്തിൽ കൂടെ നിലാറയിൽച്ചെന്നു. ചെന്നു ചേരുന്ന മൂലയിൽ തന്നേ രണ്ടു വലിയ ചരക്കുകൾ ചാരിവെച്ചിട്ടുണ്ട്. പിന്നിൽ ചെന്നു പതുങ്ങിയിരിപ്പായി. അതു ഒരു നരകം തന്നെ. തെക്കേ പടിഞ്ഞാറു മുക്കിൽ ഒരു ഇരുമ്പു കുററി തറച്ചിട്ടുണ്ട്. അതിന്മേൽ കയ്യും കാലും കൂട്ടിക്കെട്ടിയിട്ടിട്ടുള്ള ഒരാൾ കിടന്നു പിടയുന്നുണ്ട്. നോക്കിയപ്പോൾ അതു കാൎയ്യസ്ഥൻ കണ്ടുണ്ണിമേനോനാണ്. വടക്കേ പടിഞ്ഞാറു മൂലയിൽ ഒരു വലിയ ഇരുമ്പഴിക്കൂടുണ്ട്. ചെമ്പും ചരക്കും വെച്ചിരുന്നതാണ്. അതിലുണ്ട് ഒരു സ്ത്രീയും മൂന്നു കുട്ടികളും കണ്ണീരും കയ്യുമായിക്കിടക്കുന്നു. അപ്പോഴേക്കും ആരോ പടിഞ്ഞാറെ ചുമരിലുള്ള ഒരു വാതിൽ തള്ളിത്തുറന്നതും വാതു

ൽ ഒന്നു ഉറക്കെക്കരഞ്ഞതും കേട്ടു. നോക്കിയപ്പോൾ ഇടിച്ചാരന്റെ പുറപ്പാടാണ്. വയറു തിരുമ്മിയുംകൊണ്ട് ആശാൻ പിന്നാലെയുമുണ്ട്. കടന്ന ഉടനേ 'എടാ, രാമാ! നേരു പറ. രണ്ടു ദിവസം മുമ്പ് ഇവിടെ ആരെങ്കിലും വന്നുവോ?' എന്നു ചോദിച്ചു. അപ്പോഴേക്കും ആശാൻ ചാടിക്കടന്നു കണ്ണുരുട്ടി ചൂണ്ടുവിരൽപ്രയോഗത്തോടുകൂടേ കടിച്ചു മുറിച്ചുംകൊണ്ടു 'എടാ, കരങ്ങേ! കാര്യം മനസ്സിലായോ, നേരു പറഞ്ഞോ, മനസ്സിലായോ, ഇല്ലെങ്കിൽ നിന്റെ മൂക്കറക്കും മനസ്സിലായോ' എന്നു ചോദിച്ചു. കുട്ടി ഒരു ആട്ടു കൊടുത്തപ്പോൾ മിണ്ടാതെ നില്പായി.

രാമൻകുട്ടി— ഇനിക്ക് ഇളയച്ഛനെ കാണണ്ടാ. ഞാൻ ഒന്നും മിണ്ടുകയും ഇല്ല. എന്റെ അച്ഛന്റെ അന്തകനല്ലേ. എന്നും പറഞ്ഞു കണ്ണു പൊത്തി,

ഇ. നാ— നിന്റെ കണ്ണു ഞാൻ കുത്തും. നേര് പറഞ്ഞോ.

ഇങ്ങിനെ പലതും പറഞ്ഞിട്ടും കുട്ടിയുടെ പക്കൽനിന്നും സൂക്ഷ്മവർത്തമാനമൊന്നും കിട്ടിയില്ല. ഇടിച്ചാരൻ ദേഷ്യപ്പെട്ടു കയ്യിലുണ്ടായിരുന്ന കത്തികൊണ്ടു ആ ബാലന്റെ കണ്ണുരണ്ടും ചൂന്നെടുത്തു. കുട്ടി കിടന്നു പിടഞ്ഞു. ഇടിച്ചാരന്റെ മനസ്സ് കരിമ്പാറതന്നെ. ഇതു കണ്ടപ്പോഴെയ്ക്കും ഉണ്ണിച്ചാരൻനായക്കു സഹിച്ചില്ല. ഉടനെ ചാടി എഴുന്നേറ്റു ചരക്കു മറിച്ചിട്ടു. പിഷാരടിയും ഓടിയെത്തി. ഇടിച്ചാരനെക്കടന്നു പിടികൂടി. ആശാൻ ഓടിക്കളഞ്ഞു. പിഷാരടിയ്ക്കു ബലം അധികമുണ്ടായിരുന്നതിനാൽ ഇടിച്ചാരൻ കുടുങ്ങി, കണ്ടുണ്ണിമേനോന്റെ ചങ്ങലയഴിച്ചു അവന്റെ കയ്യും കാലും കൂട്ടിക്കെട്ടിയിട്ടു. കുപ്പായത്തിന്റെ അടിയിൽ നിന്നും കട്ടാരമെടുത്ത് അവന്റെ ചങ്കിൽ കുത്തിനിർത്തി. ചോര കുടുകുടെച്ചാടി. കിടന്നു പിടഞ്ഞു. കുഞ്ഞിയേയും കുട്ടികളേയും സമാധാനിപ്പിച്ചിരുന്ന ഉണ്ണിച്ചാരൻനായരു ഇതു കണ്ടു ഇടിച്ചാരനെ രക്ഷിയ്ക്കുവാൻ ഓടിയടുത്തു. പിഷാരടി ഒരു തള്ളു കൊടുത്തപ്പോൾ നാലു കോൽ ദൂരെ ചെന്നു വീണു. പിന്നെ പിഷാരടി പറഞ്ഞുതുടങ്ങി. 'നിങ്ങളെല്ലാരും കേൾപ്പിൻ. നമുക്കാർക്കും ഇനി ഏറെത്താമസമില്ല. ഈ കള്ളക്കഴുവേറി എന്റെ മരുന്നുപെട്ടിയിൽ പേരെഴുതി വെച്ചിരുന്ന വിഷം മോഷ്ടിച്ചെടുത്തു. ഞാൻ ഒരു ദിവസം കാലത്തു പെട്ടി ഇവിടെ വെച്ചു കുളിക്കാൻ പോയ ലാക്കിലാണ്. അതുകൊണ്ട് ഈ പണിയൊക്കെ പറ്റിച്ചു. അപ്പോൾ തന്നെ എന്നെയും വിഷം തീറ്റിയിരിക്കുന്നു. മറിമരുന്നിന്റെ ശക്തികൊണ്ടു എന്റെ മരണം ഇതുവരെ നീട്ടി. ഇനി വയ്യാ. മൂന്നു ദിവസം മുമ്പു നിങ്ങൾക്കെല്ലാവർക്കും ഞാൻ തന്ന മരുന്നിന്റെ ബലവും ഇപ്പോൾ ശമിയ്ക്കും. ഈ കള്ളന്റെ ഭാര്യയ്ക്കും മക്കൾക്കും ആ കാട്ടുകള്ളനായ ആശാനും ഞാൻ രണ്ടു ദിവസം മുമ്പു ഭിക്ഷുവേഷത്തിൽ ചെന്നു ചുക്കുവെള്ളത്തിൽ ആരും കാണാതെ വിഷമിട്ടുകൊടുത്തിട്ടുണ്ട്. ഇവരുടെ കഥയും ഇപ്പോൾ കഴിയും. അന്നു ആ വെള്ളം കുടിക്കാതിരുന്ന ഈ ദുഷ്ടന്റെ കഥ ഇങ്ങിനെയും കഴിയട്ടെ.' ഉത്രയും പറഞ്ഞപ്പോഴേക്കും ദിക്കുകളിൽനിന്നു 'അയ്യോ' എന്നു ഒരു നാലഞ്ചു നിലവിളി കേട്ടതും തട്ടൊന്നു കുലുങ്ങിയതും പിഷാരടി നിന്ന നിലയിൽ തന്നെ വീണതും ഒരുമിച്ചു കഴിഞ്ഞു. നെല്ലറയിൽ ഉണ്ടായിരുന്ന എല്ലാവരുടെ കാര്യവും മുറയ്ക്കു കഴിഞ്ഞു. ഇടിച്ചാരൻ മാത്രം പ്രാണവേദനയും അനുഭവിച്ചു കിടന്നു പിടഞ്ഞു തല തല്ലി നിലവിളിച്ചലറി സന്ധ്യമയങ്ങുന്നവരെ ആ കിടപ്പിൽ കിടന്നിട്ടാണു മരിച്ചത്,

പിറ്റെന്നാൾ പിഷാരടിയുടെ ശിഷ്യന്റെയും വിഷമിറങ്ങി സുഖപ്പെട്ട അമ്മുക്കുട്ടിയുടെയും വരവായി. ആധി വ്യാധിയായിത്തീന്ന് അമ്മുക്കുട്ടി മരിച്ചുപോയെന്ന് ഇയ്യിടെ കേട്ടു. ഇങ്ങിനെ മണിയഞ്ചിറ തറവാടു നശിച്ചുപോയതിനാൽ സ്വത്തുക്കളെല്ലാം സർക്കാരിലേയ്ക്കടങ്ങിയിരിയ്ക്കാം.

പി. എസ്സ്. എൻ

# മംഗളോദയം
## മാസിക

പുസ്തകം ൩ | കർക്കടകമാസം | ലക്കം ൯

### മംഗളം

വിജയക്കൊടി വിശ്വമംഗളാനാം
ത്രിദിവപ്പൊൽക്കുടതൻ പളിങ്ങുതണ്ട്
നാമർക്കെങ്ങളിലംബികാമണാളൻ
തിരുനട്ടത്തിലെടുത്ത ദണ്ഡപാദഃ.

ലീലാതിലകം

# ഭാഷാശാകുന്തളം*



ലോകത്തിൽ അനശ്വരമായുള്ള യശസ്സ് ക്രിയകളേക്കാൾ വാക്കുകളെക്കൊണ്ടാണ് അധികസൌകര്യത്തോടുകൂടി ലഭിക്കപ്പെടുന്നത് എന്നുള്ളതു നിരാക്ഷേപമായ ഒരു വാസ്തവമാകുന്നു. ഓരോ ദേശത്ത് ഓരോ കാലങ്ങളിൽ ഓരോ അപദാനങ്ങളെക്കൊണ്ടു പ്രസിദ്ധന്മാരായി ഭവിച്ചിട്ടുള്ള മഹാന്മാരെക്കുറിച്ചു സാധാരണജനങ്ങൾക്ക് എത്രമാത്രം കേട്ടറിവുണ്ടായിരിക്കുമോ അതിൽ വളരെ അധികമായി ഒരു ദേശത്തിൽ ഒരു കാലത്ത് ഒരു സൽകാവ്യത്തെ നിർമ്മിച്ചിട്ടുള്ള കവിയെക്കുറിച്ചു കേട്ടറിവുണ്ടായിരിക്കുമെന്നുള്ളതിനു സംശയമില്ല. വിക്രമാദിത്യന്റെയോ ഭോജന്റെയോ കാലത്തു രാജ്യതന്ത്രനിപുണന്മാരായ മന്ത്രിമാരോ പരാക്രമശാലികളായ സേനാനായകന്മാരോ തപശ്ശക്തിയുള്ള യോഗികളോ ആയി ആരെല്ലാമോ ഉണ്ടായിരുന്നിരിക്കാം; എന്നാൽ അങ്ങനെ പ്രസിദ്ധന്മാരായവരിൽ ഒരാളുടെ എങ്കിലും പേരിനെ നാം ഇപ്പോൾ അറിയുന്നുണ്ടോ? അതിന്റെവണ്ണം തന്നെ ഇംഗ്ലണ്ടിലെ വിഖ്യാതയായ എലിസബേ

* ബി. വി. ബുക്കുഡിപ്പോ ഉടമസ്ഥന്റെ അനുവാദപ്രകാരം.

ള്ളൂ മഹാരാജ്ഞിയുടെ കാലത്തുണ്ടായിരുന്ന മന്ത്രിമാരെയും സേനാനികളെയും മററു യോഗ്യന്മാരേയും കുറിച്ച് അധികമായ അറിവ് എത്ര ആളുകൾക്കുണ്ടായിരിക്കും? എങ്കിലും സംസ്കൃതത്തിലും ഇംഗ്ലീഷിലും സാമാന്യവ്യുല്പത്തി ഉള്ളവരിൽ കാളിദാസന്റെയും ഷേക്സ്പീയരുടേയും പേരു കേട്ടിട്ടില്ലാത്തവർ ആരും ഉണ്ടായിരിക്കയില്ലെന്നുള്ളതു നിർവിവാദം തന്നെ. ഈ മഹാന്മാർ ജീവിച്ചിരുന്ന കാലത്ത് ഇവരേക്കാൾ ഉന്നതസ്ഥിതിയിൽ ഇരുന്നവരും അധികം മാന്യതയും പ്രസിദ്ധിയും ഉള്ളവരും ആയി അനേകം ആളുകൾ ഉണ്ടായിരിക്കയും, ഇവർ അന്നു കേവലം അപ്രശസ്തന്മാരും ഇവരേക്കാൾ ഉൽകൃഷ്ടാവസ്ഥയിൽ ഇരുന്ന വല്ലവരേയും ആശ്രയിച്ചു കാലക്ഷേപം ചെയ്തിരുന്നവരും തങ്ങൾക്കു ലോകത്തിൽ എന്നെന്നേക്കും നിലയില്ക്കുന്നതായി ഉണ്ടാകാൻ പോകുന്ന കീർത്തിയെക്കുറിച്ചു യാതൊരു വിചാരവും ആശംസയും ഇല്ലാത്തവരും ആയിരിക്കയും ചെയ്തിരുന്നിരിക്കാമെന്നുള്ളത് അസംഭാവ്യമല്ല. എന്നാൽ ഓരോ യുദ്ധങ്ങളിൽ ജയങ്ങളെ പ്രാപിക്കയും ഓരോ രാജ്യങ്ങളെ സ്വാധീനപ്പെടുത്തുകയും മററും ചെയ്തിട്ടുള്ളവരുടെ അത്ഭുതകർമ്മങ്ങൾ കാലക്രമേണ കേവലം വിസ്മൃതപ്രായങ്ങളായി പോയിരിക്കുമ്പോഴും അവരുടെ സമാനകാലീനന്മാരായ കവികളുടെ വാക്കുകൾ ഉത്ഭവിച്ച കാലത്ത് അവയ്ക്കു ഉണ്ടായിരിക്കാവുന്നതിലും അധികമായി ഉത്തരോത്തരം വർദ്ധിച്ചു വരുന്ന പ്രാശസ്ത്യത്തോടുകൂടി ദേശാന്തരങ്ങളിലും പ്രഖ്യാതിയെ പ്രാപിച്ചു കാണുന്നതുകൊണ്ടു കവികളേപ്പോലെ സ്ഥായിയായും ഉപര്യുപരി പുഷ്ടിയെ പ്രാപിച്ചു വരുന്നതായും ഉള്ള യശസ്സു മററുള്ളവരാൽ സമ്പാദിക്കുവാൻ ശക്യമല്ലെന്നുള്ളതു തീർച്ചതന്നെ. എന്നാൽ ഏതെങ്കിലും ഒരു കാവ്യം നിർമ്മിച്ചിട്ടുള്ള എല്ലാ കവികളുടേയും യശസ്സു ചിരന്തനമായി ലോകത്തിൽ നിലനില്ക്കുമെന്നു നിശ്ചയിക്കാൻ പാടില്ല.

'വിചിത്രാ ഏവ കവയഃ വിചിത്രാണ്യേവ കാവ്യാനി'

എന്നു ഒരു മഹാനായ ആലങ്കാരികൻ പറഞ്ഞിട്ടുള്ളതിനെ നാം ഓർക്കണം.

എല്ലാവരും യശസ്സിനെ ആഗ്രഹിച്ചു തന്നെ ആയിരിക്കാം കാവ്യരചനയിൽ ഉദ്യോഗിക്കുന്നത്. എങ്കിലും അനപലപനീയമായ ഗുണവിശേഷംകൊണ്ടു സഹൃദയന്മാർക്കു ഹൃദയംഗമമായിത്തീർന്നു കാലക്രമത്താൽ സ്ഥേയസിയായ പ്രതിഷ്ഠയെ പ്രാപിച്ചു വന്നിട്ടുള്ള ഒരു കൃതിയുടെ കർത്താവിന്റെ കവിയശഃപ്രാർത്ഥിതാ മാത്രമേ സർവ്വഥാ സഫലമായി ഭവിക്കൂ. അപ്രകാരമുള്ള ഒരു കൃതിയായ ശാകുന്തളനാടകത്തിന്റെ കർത്താവായ കാളിദാസന്റെ പേർ എത്തിട്ടില്ലാത്ത ദേശം ഏതൽക്കാലത്തിൽ ഒന്നും തന്നെ ഭൂമണ്ഡലത്തിൽ ഇല്ല. അദ്ദേഹത്തിനെ അതിശയിക്കുന്ന ഒരു കവി ഇല്ലെന്നു സഹൃദയന്മാർ ഐകകണ്ഠ്യേന സമ്മതിക്കുന്നതാണ്. ശ്രീഹർഷൻ, ഭവഭൂതി, മാഘൻ മുതലായ മഹാകവികളിൽ രുചിഭേദത്താൽ പ്രത്യേകം പക്ഷപാതികളായ വിദ്വാന്മാർ ചിലരില്ലെന്നില്ല; എന്നാൽ അതുപോലെ അവരുടെ കൃതികളെ എല്ലാ വ്യത്യാസം കൂടാതെ അഭിനന്ദിക്കുന്നതിൽ സംശയിക്കുന്നവരായ നല്ല വ്യുൽപന്നന്മാരും ചിലരുണ്ടായിരിക്കും. പക്ഷേ കാളിദാസന്റെ വാക്കിനുള്ള അകൃത്രിമമായ മാധുര്യത്തെ ആസ്വദിച്ചു രസിക്കാത്തവരും അതിനുള്ള അസാധാരണസാരസ്യത്തെക്കുറിച്ചു അല്പമെങ്കിലും വിസംവദിക്കുന്നവരും ആയി ഈ ദേശത്തിലും അതിലുമെങ്ങും

ദേശാന്തരങ്ങളിലും അഭിജ്ഞന്മാരിൽ ആരുംതന്നെ ഉണ്ടായിരിക്കയില്ല.

സംസ്കൃതഭാഷയിൽ സാഹിത്യത്തിന്റെ ക്രമേണ ഉപര്യുപരി പരിഷ്കാരം വർദ്ധിച്ചുവന്ന് ആയതു പരമകാഷ്ഠയെ പ്രാപിച്ചു നമുക്ക് ഇപ്പോൾ പ്രത്യക്ഷീഭവിച്ചിരിക്കുന്നതു കാളിദാസകൃതികളിലാണെന്നുള്ളത് അനുഭവൈകവേദ്യമാകുന്നു. അതിൽ അർവാചീനന്മാരായ കവികൾ (പ്രാചീനന്മാരിലും ചിലരുണ്ടായിരുന്നിരിക്കാം.) ശബ്ദങ്ങൾക്കും അർത്ഥങ്ങൾക്കും അനേകവിധങ്ങളായ വൈചിത്ര്യങ്ങളെ കല്പിച്ചു ഭാഷയ്ക്ക് ഒരു സമ്പ്രദായഭേദത്തെ വരുത്തുകയും വളരെ പുഷ്ടിയുണ്ടാകയും ചെയ്തിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. എങ്കിലും അതൊക്കെയും കേവലം പരിഷ്കാരത്തെ തന്നെ ഗണിക്കപ്പെടാവുന്നതാണോ എന്നു വളരെ ശങ്കിക്കേണ്ടിയിരിക്കുന്നു. വേദങ്ങളിലെ രീതിയിൽനിന്നു പുരാണങ്ങളിലെ രീതിക്കും പുരാണങ്ങളിലെ രീതിയിൽനിന്നു കാളിദാസകൃതികളിലെ രീതിക്കും എങ്ങനെ പരിഷ്കാരം ഉത്തരോത്തരം സ്പഷ്ടമായി കാണപ്പെടുന്നോ അതുപോലെ തന്നെ കാളിദാസകൃതികളിലെ രീതിയിൽനിന്നും ശ്രീഹർഷാദികൃതികളിലെ രീതിക്കു നാം കാണുന്ന ഭേദത്തെ പരിഷ്കാരമെന്നു തീർച്ചപ്പെടുത്താൻ പാടുള്ളതാണോ? കാളിദാസൻ 'രഘുവംശാ'ദികാവ്യനിർമ്മാണത്തിൽ ഉദ്യോഗിച്ചതിന്റെ ഉദ്ദേശ്യം 'മന്ദഃ കവിയശഃ പ്രാർത്ഥീ' എന്ന് അദ്ദേഹം തന്റെ വാക്കാൽ തന്നെ പ്രതിപാദിച്ചിട്ടുള്ളതുപോലെ കവിയശസ്സിനെ സമ്പാദിക്കണമെന്നു കൂടിയും ആയിരുന്നിരിക്കാമെങ്കിലും അതിന് ഔപയികമായി തന്നാൽ വിവക്ഷിതമായ വിഷയത്തെ ലളിതമായും സരസമായും ലൌകികവ്യവഹാരരീതിയെ അനുസരിച്ചും ഹൃദയംഗമമാക്കി പ്രതിപാദിക്കണമെന്നു മാത്രമല്ലാതെ തന്റെ പാടവപ്രകടനം ചെയ്യണമെന്നുള്ള വിചാരം അദ്ദേഹത്തിനുണ്ടായിരുന്നില്ലെന്നുള്ളത് അദ്ദേഹത്തിന്റെ കൃതികളായ 'രഘുവംശാ'ദികളിലെ ഏതു ഭാഗം നോക്കിയാലും സ്പഷ്ടമായി അറിയാവുന്നതാണ്. അതുപോലെതന്നെ 'നൈഷധം', 'മാഘം', 'കിരാതാർജ്ജുനീയം' മുതലായ കാവ്യങ്ങളിലെ ഏതു ഭാഗം നോക്കിയാലും അവയുടെ കർത്താക്കന്മാർക്ക് ഒരു വാസ്തവകഥയെ വിവരിക്കണമെന്നുള്ള ഉദ്ദേശ്യത്തേക്കാൾ തങ്ങളുടെ കവിതാചാതുര്യത്തെ പ്രകാശിപ്പിക്കണമെന്നുള്ള വിചാരം ഒന്നുതന്നെയാണ് മുൻപിട്ടു നിന്നിരുന്നതെന്നു നിർവിവാദമായി പ്രത്യക്ഷീഭവിക്കുന്നതാണ്. അവർ വിവക്ഷിതമായ വിഷയത്തെ തങ്ങൾക്കു ശബ്ദത്തിലും അർത്ഥത്തിലും കല്പിക്കാൻ കഴിയുന്ന വൈചിത്ര്യത്തെ പ്രദർശിപ്പിക്കുന്നതിന് ഒരു ഉപായമായിട്ടു മാത്രമേ കരുതിയിരുന്നുള്ളു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ഇതരകവികൃതികളേക്കാൾ സർവഥാ ഉൽകൃഷ്ടകളെന്ന് അഭ്യുപഗതകളായ കാളിദാസകൃതികളിൽവച്ച് അകൃത്രിമമായ രാമണീയകംകൊണ്ടും സ്വാഭാവികരസപുഷ്ടികൊണ്ടും കഥാമാധുര്യംകൊണ്ടും സന്ദർഭസാരസ്യംകൊണ്ടും ശ്രേഷ്ഠതമമായ 'ശാകുന്തളം' ലോകത്തിൽ മുഴുവനും അറിയപ്പെട്ടിട്ടുള്ളതും നാനാദേശീയന്മാരായ സകല പണ്ഡിതന്മാരാലും സവിസ്മയം അഭിനന്ദിക്കപ്പെട്ടിട്ടുള്ളതും ആകുന്നു. ജർമ്മനിയിലെ മഹാകവിയായ ഗീഥിയുടെ പ്രസിദ്ധമായ ഒരു പദ്യത്തിലെ താൽപര്യത്തെ ഇവിടെ എഴുതുന്നു: 'സംവത്സരാരംഭത്തിലെ പുഷ്പങ്ങളും സംവത്സരാവസാനത്തിലെ ഫലങ്ങളും, ആത്മാവിനെ മോഹത്തേയും ആനന്ദപാരവശ്യത്തേയും നിർവൃതിയേയും സന്തൃപ്തിയേയും ജനിപ്പി

ക്കുന്നതായ സകലവും എന്നു വേണ്ട, ഭൂലോകവും സ്വർല്ലോകവും കൂടിയും ഒരു നാമത്തിൽ യോജിപ്പിക്കപ്പെടണമെങ്കിൽ 'ശാകുന്തളം' എന്നു പറഞ്ഞാൽ മതി; അതിൽ എല്ലാം അന്തർഭവിച്ചിരിക്കുന്നു.'

'കവിതാ കാളിദാസസ്യ തത്ര ശാകുന്തളം മതം
ശാകുന്തളേ ചതുർത്ഥോങ്കസ്തത്ര ശ്ലോകചതുഷ്ടയം.'

എന്നു് ഒരു പ്രസിദ്ധശ്ലോകം ഉണ്ടു്. കാളിദാസന്റെ അസാധാരണകവിത്വത്തെക്കുറിച്ചു് ഏതദ്ദേശത്തിലെ പ്രാചീനകവികളിൽ എത്ര പേർ ശ്ലാഘിച്ചിട്ടുണ്ടെന്നുള്ളതിന്നു് അവധിയില്ല.

'പുരാ കവീനാം ഗണനാപ്രസംഗേ
കനിഷ്ഠികാധിഷ്ഠിതകാളിദാസം
അദ്യാപി തത്തുല്യകവേരഭാവാ-
ദനാമികാ സാർത്ഥവതീ ബഭൂവ.'

എന്നു് ഒരു ശ്ലോകം കേട്ടിട്ടുണ്ടു്.

മഹാകവിയായ ബാണൻ—

'നിർഗ്ഗതാസു ന വാ കസ്യ കാളിദാസസ്യ സൂക്തിഷു
പ്രീതിർമ്മധുരസാർദ്രാസു മഞ്ജരീഷ്വിവ ജായതേ.

പ്രസിദ്ധനായ ഗോവർദ്ധനാചാര്യർ—

'സാകൂതമധുരകോമളവിലാസിനീകണ്ഠകൂജിതപ്രായേ (ശി
ശിക്ഷാസമയേപി മുദേ രതലീലാകാളിദാസോക്തീ'

പ്രസന്നരാഘവത്തിൽ ജയദേവൻ—

'യസ്യാശ്ചോരശ്ചികുരനികരഃ കർണ്ണപൂരോ മയൂരോ
ഭാസോ ഹാസഃ കവികുലഗുരുഃ കാളിദാസോ വിലാസഃ
ഹർഷോ ഹർഷോ ഹൃദയവസതിഃ പഞ്ചബാണസ്തു ബാണഃ (ഞ്ഞ
കേഷാം നൈഷാ കഥയ കവിതാകാമിനീ കൌതുകായ.'

അലക്സാണ്ഡർ വാൺഹംബോൾട്ട് എന്ന യൂറോപ്യപണ്ഡിതൻ കാളിദാസനേക്കുറിച്ചിപ്രകാരം എഴുതിയിരിക്കുന്നു: "പ്രസിദ്ധശാകുന്തളകർത്താവായ കാളിദാസൻ ശൃംഗാരരസത്തെ പ്രതിപാദിക്കുന്നതിൽ അദ്വിതീയനായ ഒരു മഹാകവിയാകുന്നു. അദ്ദേഹം വർജിൽ, ഹൊറേസ് ഇവരുടെ സമാനകാലീനനും ആയിരുന്നു. മാനുഷികവികാരങ്ങളെ പ്രദർശിപ്പിക്കുന്നതിലുള്ള അദ്വിതീയവിശേഷവും കല്പനാശക്തിയുടെ പുഷ്ടിയും കൊണ്ടു് അദ്ദേഹത്തിനു സകലജാതികളിലുമുള്ള കവികളുടെ ഇടയിൽ ഉന്നതമായ ഒരു സ്ഥാനം കല്പിക്കപ്പെട്ടിട്ടുണ്ടു്."

എന്നാൽ ഇത്ര പ്രഖ്യാതനായ ഒരു മഹാകവിയുടെ ചരിത്രത്തെക്കുറിച്ചു നമുക്കു പ്രാമാണികമായ ഒരറിവും ഇല്ലാത്തതു് എത്ര ശോചനീയയായ ഒരു സംഗതി ആകുന്നു. അദ്ദേഹത്തിന്റെ സമാനകാലീനന്മാരായ വിദ്വാന്മാരിൽ ഒരാൾക്കു ബാസ്വലിനു ജാൺസന്റെ ചരിത്രം എഴുതണമെന്നു തോന്നിയതുപോലെ, കാളിദാസന്റെ ഒരു ചരിത്രവും എഴുതണമെന്നു തോന്നുകയും ബാസ്വൽ, ജാൺസനെ നമുക്കു് എങ്ങനെ പ്രത്യക്ഷീകരിച്ചു തന്നിരിക്കുന്നുവോ അതുപോലെ കാളിദാസനേക്കുറിച്ചുള്ള സകലവിവരങ്ങളേയും സവിസ്തരമായി ആയാൾ എഴുതി നമ്മെ അറിയിക്കുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു. കാളിദാസമഹാകവി ഏതു ദിക്കിൽ ജനിച്ചു എന്നും, അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ ഏതു സ്ഥിതിയിൽ ഇരുന്നു എന്നും, അദ്ദേഹത്തിന്റെ വിദ്യാഭ്യാസം എങ്ങനെയെല്ലാമായിരുന്നു എന്നും, അദ്ദേഹം കാലക്ഷേപം ചെയ്തുവന്നതു് ഏതുവിധത്തിലായിരുന്നു എന്നും, അദ്ദേഹത്തിനു് ആരോടെല്ലാം സഹവാസമുണ്ടായിരുന്നു എന്നും മററും വാസ്തവമായി വിവരണംചെയ്യുന്ന ഒരു ഗ്രന്ഥമുണ്ടായിരുന്നെങ്കിൽ അതിനെ സകലവിദ്വാന്മാരും എത്ര ഉത്സാഹത്തോടു കൂടി വായിക്കുമായിരുന്നു! എന്നാൽ ഇപ്രകാരം ഇംഗ്ലീഷുസമ്പ്രദായത്തിൽ എഴുതപ്പെട്ട ചരിത്രം ഇല്ലെങ്കിലും കാളിദാസനെക്കുറിച്ചു് ഈ

ഷൾഭേദങ്ങളോടു കൂടിയ അനേകവിധങ്ങളായ ഐതിഹ്യങ്ങൾ ഉണ്ട്. അവയുടെ പ്രാമാണ്യത്തെക്കുറിച്ചു സന്ദേഹിക്കേണ്ടിയിരിക്കുന്നു. എങ്കിലും അവയിൽ നിന്നു ചില സാംഗതികളെ ഇവിടെ സാംക്ഷേപമായി പ്രസ്താവിക്കാം.

ഒരു വിദുഷിയായ കന്യ തന്നെ വിവാഹം ചെയ്യുന്നതിനായി പിതാവിനാൽ ക്ഷണിച്ചുവരുത്തപ്പെട്ട സകലവിദ്വാന്മാരേയും വാദത്തിൽ തോല്പിച്ചതിനാൽ ലജ്ജിതന്മാരായി പിന്നീട് ആരും വരാതായതിന്റെ ശേഷം പിതാവ് ഇനി വാദപരീക്ഷ കൂടാതെതന്നെ യോഗ്യന്മാക്കാക്കെങ്കിലും പുത്രിയെ കൊടുക്കുന്നമെന്നു നിശ്ചയിച്ചു പിന്നെയും ആളയച്ചു. എന്നാൽ യോഗ്യന്മാർ കന്യയും പൂർവ്വപരിഭവം നിമിത്തം ചെല്ലാതിരുന്നതിനാൽ ദൂതന്മാർ വിഷമിച്ച് ഇനി ഒരു മൂഢനെത്തന്നെ കൊണ്ടുപോകണമെന്നു വെച്ചു നോക്കി നടക്കുമ്പോൾ ഒരു സുഭഗാകൃതിയായ ഉഷ്ട്രപാലൻ (അജപാലൻ എന്നും കേൾവിയുണ്ട്.) തന്റെ ഒട്ടകത്തിനു തീറ്റിക്കായി വൃക്ഷത്തിൽ കയറി താൻ നിന്നിരുന്ന ശാഖയുടെ മൂലത്തെത്തന്നെ വെട്ടുന്നതു കണ്ട് അവനെ മൂഢനെന്നു നിശ്ചയിച്ചു നല്ല വസ്ത്രവും ധരിപ്പിച്ച് ഒന്നും സംസാരിക്കരുതെന്നും പറഞ്ഞുറപ്പിച്ചു കൂട്ടിച്ചുകൊണ്ടുപോയി. വിവാഹമണ്ഡപത്തിന്റെ മുൻപിൽ കെട്ടിയിരുന്ന തിരശ്ശീലയിൽ രാവണന്റെ ചിത്രത്തെ കണ്ട് ആ മൂഢൻ 'ദശ ഭഭഭണൊ രാഭണൊ' എന്നു പറഞ്ഞപ്പോൾ അപശബ്ദമെന്ന് ആ സ്ത്രീ ആക്ഷേപിക്കയും അവളോടു മത്സരികളായ ചില വിദ്വാന്മാർ,

'കംഭകർണ്ണഭകാരോസ്തിഭകാരോസ്തിവിഭീഷണേ
രാക്ഷസാനാംകുലശ്രേഷ്ഠോരാഭണോദശകന്ധരഃ.'

എന്നു സമാധാനം പറഞ്ഞ് അതിനു സാധുത്വം സാധിക്കയും ചെയ്തു.

വിവാഹാനന്തരം ശയനഗൃഹത്തിൽ ചെന്നു 'മന്മഥകഥാഗന്ധം ഗ്രഹിച്ചിട്ടില്ലാത്ത' ആ വിരസൻ മൃഷ്ടാശനജന്യമായ സൌഹിത്യം കൊണ്ട് ഉടനെ ഗാഢനിദ്രയെ പ്രാപിച്ച് സ്വപ്നത്തിൽ 'ഉഷ്ട്രാ ഉഷ്ട്രാ! ഉട്രാ ഉട്രാ!' എന്നിങ്ങിനെ ബഹുശഃ വിളിച്ചു പറയുന്നതു കേട്ടിട്ടു സമീപത്തിരുന്ന വിദുഷിയായ വധു അന്ധാളിച്ചപ്പോൾ ചില വിദ്വാന്മാർ അവന്റെ പരമാർത്ഥത്തെ അവളോടു പറഞ്ഞു. ഈ പ്രകൃത്തിൽ ചേർന്ന്

'ഉഷ്ട്രലുമ്പതിഷംവാരംവാ
തഷ്ടതാവിപുലനിതംബാ.'

എന്ന ഒരു ശ്ലോകം കേട്ടിട്ടുണ്ട്. (ഭാര്യ താംബൂലദാനം ചെയ്തപ്പോൾ സ്വാഭാവമുഖനായ ആ അജപാലൻ തന്റെ മുഖത്തിൽ ആട്ടുകൾ വിഷ്ഠാവിസർജ്ജനം ചെയ്യുന്നു എന്നുള്ള വിചാരത്തോടു കൂടി 'ഥൂ ഥൂ' എന്നു നിഷ്ഠീവനം ചെയ്തു എന്നും ഒരു പ്രവാദം ഉണ്ട്) ഏതായാലും അനക്ഷരകുക്ഷിയായ ഭർത്താവിനെ ആ സ്ത്രീ തിരസ്കരിച്ചതിന്റെ ശേഷം ആയാൾ നിർവിണ്ണനായി ഭദ്രകാളിയെ സേവിക്കുന്നതിനു സമീപത്ത് ഒരു വനാന്തർഗ്ഗതമായ ക്ഷേത്രത്തിൽ അദ്ധരാത്രിയിൽ ചെന്നുചേർന്നപ്പോൾ ദേവി പുറമേ സഞ്ചരിക്കാൻ പോയിരിക്കയായിരുന്നു. അവൻ ക്ഷേത്രത്തിനകത്തു കടന്നു വാതിൽ സാക്ഷയിട്ടു കുറെ കഴിഞ്ഞപ്പോൾ ദേവി തിരിച്ചു വന്നു വാതിലടച്ചിരിക്കുന്നതു കണ്ട്, 'ആരാണകത്ത്?' എന്നും അവൻ ധൃഷ്ടതയോടു കൂടി അകത്തിരുന്നുകൊണ്ട് 'ആരാണ് പുറത്ത്?' എന്നും ചോദിച്ചതിന്റെ ശേഷം ദേവി എങ്ങിനെയെങ്കിലും മനുഷ്യസഞ്ചാരം തുടങ്ങുന്നതിനു മുമ്പിൽ അകത്തു കടക്കണമല്ലൊ എന്നുള്ള ഉൽക്കണ്ഠ നിമി

ത്തം താൻ കാളിയാണ് എന്നുള്ള പരമാൎത്ഥത്തെ പറഞ്ഞു. അപ്പോൾ അവൻ വാതിൽ തുറക്കാതെ അകത്തുതന്നെ ഇരുന്നുകൊണ്ട് എന്നാൽ 'ഞാൻ ദാസനാണ്' എന്നു പറഞ്ഞതു കേട്ടു ദേവി സന്തോഷിച്ച് 'കാളിദാസാ! നീ എന്തിനാണ് എന്റെ ക്ഷേത്രത്തിൽ കടന്നിരിക്കുന്നത്? നിനക്ക് എന്താണ് അപേക്ഷയുള്ളത്?' എന്നു ചോദിക്കയും, കാളിദാസൻ 'എനിക്കു വിദ്യയുണ്ടാക്കിത്തന്നല്ലാതെ ഞാൻ വാതിൽ തുറക്കുന്നതല്ല' എന്നു ശാഠ്യം പിടിച്ചതിനാൽ വാതിലിന്റെ ഇടയിൽ കൂടി നാക്കു പുറത്തേക്കു നീട്ടുന്നതിനു ദേവി നിയോഗിച്ചതിൻവണ്ണം അദ്ദേഹം ചെയ്കയും തന്റെ ഛുരികാഗ്രം കൊണ്ടു ദേവി അതിൽ വിദ്യാപ്രദമായ ചിന്താമണിമന്ത്രത്തെ എഴുതുകയും ചെയ്തു. ഉടനെ കാളിദാസൻ മഹാകവിയായിത്തീൎന്നു, വാതിൽ തുറന്നു ദേവിയെ നമസ്കരിച്ചു സ്തുതിച്ചു.

'സൌന്ദൎയ്യവിഭ്രമഭുവോ ഭുവനാധിപത്യ-
സമ്പത്തികല്പതരവസ്ത്രിപുരേ ജയന്തി।
ഏതേ കവിത്വകുമുദപ്രകരാവബോധ-
പൂൎണ്ണേന്ദവസ്ത്വയി ജഗജ്ജനനി! പ്രണാമാഃ.'

ഇത്യാദിയായി ഏതാനും ശ്ലോകങ്ങൾ അടങ്ങീട്ടുള്ള സ്തവം അപ്പോൾ കാളിദാസനാൽ നിൎമ്മിക്കപ്പെട്ടതാണെന്നു കേട്ടിട്ടുണ്ട്.

ഇപ്രകാരം അനുഗ്രഹകവിയായിത്തീൎന്ന് അദ്ദേഹം തിരിയെ വന്നു ഭാൎയ്യയെ കണ്ടപ്പോൾ 'അസ്തി കശ്ചിദ്വാഗ്വിശേഷഃ?' എന്ന് അവൾ ചോദിച്ചു എന്നും, അനന്തരം അദ്ദേഹം ആ ചോദ്യത്തിലെ പദത്രയത്തെ ആദിയിൽ ചേൎത്ത് 'അസ്ത്യുത്തരസ്യാം ദിശി ദേവതാത്മാ' ഇത്യാദിയായി 'കുമാരസംഭവത്തേയും', 'കശ്ചിൽ കാന്താവിരഹഗുരുണാ സ്വാധികാരപ്രമത്തഃ' ഇത്യാദിയായി 'മേഘസന്ദേശ'ത്തേയും, 'വാഗൎത്ഥാവിവ സമ്പൃക്തൌ' ഇത്യാദിയായി 'രഘുവംശ'ത്തേയും നിൎമ്മിച്ചു എന്നും പ്രസിദ്ധിയുണ്ട്.

'ഭോജചരിത്രം' എന്ന കൃതിയിൽ കാളിദാസനെക്കുറിച്ച് അനേകകഥകൾ ഉള്ളവറ്റ് എത്രമാത്രം പ്രാമാണ്യം കല്പിക്കപ്പെടാമെന്നു നിശ്ചയിക്കാൻ പാടില്ലാത്തതിനാലും ഈ ഉപന്യാസം അധികവിസ്തരമായിത്തീരുന്നതാണെന്നുള്ള ശങ്കയാലും അവയെ ഇവിടെ വിവരിക്കുന്നില്ല.

കാളിദാസന്റെ കാലം ഖണ്ഡിതമായി ഇതുവരെയും നിൎണ്ണയിക്കപ്പെട്ടിട്ടില്ല. വിക്രമാദിത്യന്റെ സദസ്യന്മാരായിട്ടുണ്ടായിരുന്ന കവികളുടെ കൂട്ടത്തിൽ കാളിദാസന്റെ പേരും കൂടി ചേൎത്ത്,

'ധന്വന്തരിക്ഷപണകാമരസിംഹശങ്കു-
വേതാളഭട്ടഘടകൎപ്പരകാളിദാസാഃ
ഖ്യാതോ വരാഹമിഹിരോ നൃപതേസ്സഭായാം
രത്നാനി വൈ വരരുചിൎന്നവ വിക്രമസ്യ.'

എന്ന് ഒരു ശ്ലോകം ഉള്ളതിനെ പ്രമാണീകരിച്ചു കാളിദാസനെ വിക്രമാദിത്യനോടു സമാനകാലീനനാക്കി ചിലർ വ്യവഹരിക്കുന്നുണ്ട്. എന്നാൽ ഈ ശ്ലോകത്തിന്റെ പ്രാമാണികതയെക്കുറിച്ചുതന്നെ മറ്റു ചിലൎക്കു വിപ്രതിപത്തിയുള്ളതായി കാണുന്നു. മേൽ പറഞ്ഞ ശ്ലോകം 'വിക്രമചരിത'ത്തിൽ ഉള്ളതെന്നാണ് പറയപ്പെടുന്നത്. എന്നാൽ റാത്ത് എന്ന യൂറോപ്യപണ്ഡിതൻ 'വിക്രമചരിത'ത്തെക്കുറിച്ചു വിവരിച്ച് ഫവ്വർമ അക്ടോബർമാസത്തെ 'ഏഷ്യാറ്റിക്ജർനലി'ൽ എഴുതീട്ടുള്ളതിൽ ഇതിനെക്കുറിച്ചു യാതൊന്നും പറഞ്ഞിട്ടില്ല. ഇതുകൂടാതെയും 'സിംഹാസനദ്വാത്രിംശിക' പ്രസിദ്ധപ്പെടുത്തീട്ടുള്ളതിൽ ഒന്നിലും ഈ ശ്ലോകം കണ്ടിട്ടില്ല. ഇതു 'ജ്യോതിൎവ്വിദാഭരണം' എന്നും 'നവരത്നം' എന്നും രണ്ടു ഗ്രന്ഥങ്ങളിൽ ഉ

ളതെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിനെ പ്രമാണീകരിക്കുന്നു എങ്കിൽ കാളിദാസൻ ക്രിസ്തുവർഷത്തിന് ഒന്നു സംവത്സരം മുൻപിൽ ജീവിച്ചിരുന്നിരിക്കണം.

എന്നാൽ ഇതിൽപറയുന്ന വിക്രമൻ വിക്രമാബ്ദത്തെ പ്രവർത്തിപ്പിച്ച പ്രസിദ്ധനായ വിക്രമാദിത്യൻ തന്നെയോ എന്നു നിശ്ചയിക്കാൻ പാടില്ല. പ്രസിദ്ധവിക്രമാദിത്യന്റെ വാശ്യന്മാരായ അനേക രാജാക്കന്മാർ ഈ സഞ്ജകൊണ്ടു വ്യവഹരിക്കപ്പെട്ടവരായിരുന്നതായി കാണുന്നുണ്ട്. മേൽ പറഞ്ഞ ശ്ലോകത്തിൽ പ്രഖ്യാപിതനായിരിക്കുന്ന വിക്രമൻ മാളവദേശാധിപതിയായി ധാര എന്നും ഉജ്ജയിനി എന്നും ഉള്ള നഗരങ്ങളിൽ വസിച്ചിരുന്ന ഭോജൻ തന്നെയാണെന്നു ഫെബർലിൻ മുതലായ ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ ഭോജൻ ക്രിസ്തുവർഷം ൧൦൪൦—൧൦൯൦ ഇടക്കു ജീവിച്ചിരുന്നതായി അനേകലക്ഷ്യങ്ങൾ ഉണ്ട്. എന്നാൽ കാളിദാസൻ ഭോജനോടു സമാനകാലീനനായിരുന്നു എന്നുള്ള ഐതിഹ്യം നമ്മുടെ ഇടയിൽ എത്രമാത്രം പ്രബലമായിരിക്കുന്നോ അതുപോലെതന്നെ യൂറോപ്യന്മാരുടെ ഇടയിൽ കാളിദാസൻ വിക്രമാദിത്യന്റെ കാലത്തു ജീവിച്ചിരുന്നു എന്നുള്ള ബോധം സാധാരണമായിരിക്കുന്നു. കാളിദാസൻ, ഭവഭൂതി, ദണ്ഡി, ചോരൻ, മയൂരൻ, ബാണൻ, മാഘൻ, ഭാരവി, എന്നു വേണ്ടാ, പ്രസിദ്ധകവികളായി അറിയപ്പെട്ടിട്ടുള്ളവരെ ഒക്കെയും ഭോജന്റെ സമാനകാലീനന്മാരായി ഗണിച്ച് അനേക കഥകൾ 'ഭോജചരിത്രത്തിൽ' കാണുന്നുണ്ട്. എന്നാൽ സർ മാണിയർ വില്യംസ് മുതലായ വിദ്വാന്മാർ കാളിദാസൻ, ഭവഭൂതിയേക്കാൾ ൧൦൦൦-ൽ ചില്വാനം വത്സരം മുമ്പിൽ ജീവിച്ചിരുന്നതായിട്ടാണ് പറയുന്നത്. അവരുടെ മതത്തിൽ 'ധന്വന്തരിക്ഷപണക' ത്യാദി ശ്ലോകത്തിന്റെ പ്രാമാണ്യത്തെക്കുറിച്ച വിപ്രപത്തിയുള്ളതായി തോന്നുന്നില്ല. എന്നാൽ വിക്രമൻ എന്നും ഭോജൻ എന്നും ഉള്ള നാമധേയങ്ങൾ മറ്റു രാജാക്കന്മാർക്കും ഉണ്ടായിരുന്നതായി പറയപ്പെടുന്നതുപോലെ കാളിദാസൻ എന്നുള്ള പേർ മറ്റു കവികൾക്കും ഉണ്ടായിരുന്നു എന്നു വരരുതോ? ധന്വന്തരിക്ഷപണകാദികളോടുകൂടി വിക്രമാദിത്യസദസ്യന്മാരത്തങ്ങളിൽ ഒന്നായി പറയപ്പെട്ടിരിക്കുന്ന കാളിദാസൻ വേറെ തന്നെ ആയിരിക്കാം.

'നളോദയം' എന്ന യമകകാവ്യം കാളിദാസകൃതിയെന്നാണ് അതിനാൽ കാണുന്നത്. എന്നാൽ 'രഘുവംശാ'ദി കാവ്യങ്ങളുടേയും 'ശാകുന്തള'ാദി നാടകങ്ങളുടേയും കർത്താവായ കാളിദാസൻ 'നളോദയ'ത്തെപ്പോലെ കേവലം ശബ്ദാലങ്കാരപ്രധാനമായ ഒരു കാവ്യത്തെ നിർമ്മിക്കുന്നതിൽ പ്രയത്നം ചെയ്തിരിക്കുമെന്നു വിശ്വസിക്കുന്നതു വളരെ പ്രയാസപ്പെട്ടു വേണ്ടിയിരിക്കുന്നു. 'ഭാഗവതസിദ്ധാന്തചന്ദ്രിക' എന്ന ഒരു നിബന്ധത്തിൽ 'രഘുവംശ'കർത്താവും 'നളോദയ'കർത്താവും ഒരാൾ തന്നെ എന്നായിട്ടു പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ആയതു സഹൃദയന്മാർക്കു കട്ടുംതന്നെ ഹൃദയംഗമമായിരിക്കുന്നില്ല. അതുകൊണ്ടു 'നളോദയ'കർത്താവു വിക്രമാദിത്യസദസ്യനായി പറയപ്പെട്ടിട്ടുള്ള കാളിദാസനോ വേറെ തന്നെ തന്നാമകനായ ഒരു കവിയോ ആയിരിക്കാമെന്നാണ് എനിക്കു തോന്നുന്നതു്.

കാളിദാസനാൽ 'കുമാരസംഭവം,' 'മേഘസന്ദേശം,' 'രഘുവംശം' ഈ കാവ്യത്രയം നിർമ്മിക്കപ്പെട്ടതിന്റെശേഷം 'സ്മൃതിചന്ദ്രിക' എന്ന വേദോക്തകർമ്മപ്രതിപാദകമായ ഒരു ഗ്രന്ഥവും 'ജ്യോതിർവിദാഭരണം' എ

ന്നു മേൽ പ്രസ്താവിക്കപ്പെട്ട ഒരു ജ്യോതിഷ ഗ്രന്ഥവും ഉണ്ടാക്കപ്പെട്ടു എന്നും തദനന്തരമാണ് 'മാളവികാഗ്നിമിത്രീയം,' 'വിക്രമോർവ്വശീയം,' 'ശാകുന്തളം' ഈ നാടകത്രയം ഉണ്ടാക്കപ്പെട്ടതെന്നും 'ജ്യോതിർവ്വിദാഭരണ'ത്തിൽ തന്നെ ശേഷാദ്ധ്യായത്തിൽ താഴെ കാണിച്ചിട്ടുള്ള ഭാഗങ്ങളെക്കൊണ്ട് ഊഹിക്കാവുന്നതായിരിക്കുന്നു.

'ഇത്യേതദ്ധ്യനാകൃതിരിയം സതി മാളവേന്ദ്ര
ശ്രീവിക്രമാർക്കനൃപരാജവരേ സമാസീൽ,'
'ശങ്ക്വാദിപണ്ഡിതവരാഃ കവയസ്ത്വനേകേ
ജ്യോതിർവ്വിദസ്സമഭവംശ്ച വരാഹപൂർവ്വാഃ,'
'ശ്രീവിക്രമസ്യ ബുധസംസദി പൂജ്യബുദ്ധേഃ
തേഷാമഹം നൃപസഖഃ കില കാളിദാസഃ'
'കാവ്യത്രയം സുമതികൃദ്രഘുവംശപൂർവ്വം
ജാതം യതഃ ഖലു കിയച്ഛ്രുതികർമ്മവാദഃ
ജ്യോതിർവ്വിദാഭരണകാലവിധാനശാസ്ത്രം
ശ്രീകാളിദാസകവിതോ ഹി തതോ ബഭൂവ'.

ഇവയെ പ്രമാണീകരിച്ച് 'രഘുവംശാ'ദികാവ്യത്രയത്തിൻെറയും 'ശാകുന്തളാ'ദി നാടകത്രയത്തിൻെറയും കർത്താവായ കാളിദാസൻതന്നെയാണ് 'ജ്യോതിർവ്വിദാഭരണം,' 'സ്മൃതിചന്ദ്രിക' ഈ ഗ്രന്ഥങ്ങളെ ഉണ്ടാക്കിയതെന്നു തീച്ചപ്പെടുത്താൻ എനിക്കു വളരെ ശങ്കയായിരിക്കുന്നു. കാളിദാസൻെറ സമാനകാലീനന്മാരായ വിദ്വാന്മാരിൽ ഒരാൾ തൻെറ ഗ്രന്ഥത്തിനു മഹാകവിത്വത്താൽ അതിപ്രസിദ്ധിയേ ആ കാലത്തിൽ തന്നെ പ്രാപിച്ചവരുന്ന ഒരാളുടെ പേരുവെച്ചാൽ അധികപ്രഖ്യാതി ഉണ്ടാകുമെന്നു വെച്ച് ഇങ്ങനെ ഒക്കെയും ചേർത്ത് എഴുതി ഉണ്ടാക്കിയതായി വരരുതോ? കാളിദാസൻെറ പദ്യങ്ങളുടേയും മേൽകാണിക്കപ്പെട്ടവയുടെയും ശയ്യക്ക് എത്രമാത്രം വ്യത്യാസം ഉണ്ടെന്നു സഹൃദയന്മാക്കു സ്പഷ്ടമായി അറിയാറുന്നതാണ്. കുമാരസംഭവത്തിൻെറ ഉത്തരഭാഗമായി എഴു സർഗ്ഗങ്ങൾ കാളിദാസകൃതങ്ങൾ എന്നു ചിലർ വ്യവഹരിക്കുന്നതും പ്രാമാദികമെന്നാണ് എൻെറ അഭിപ്രായം. അതുപോലെ 'മാളവികാഗ്നിമിത്രീയം' കാളിദാസകൃതമല്ലെന്നു ചിലർ അഭിപ്രായപ്പെടുന്നതിനു മതിയായ കാരണം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

കാളിദാസൻെറ കവിതയോടു സാമ്യം ഉള്ളതായി മറെറാരുത്തൻെറ കവിതയും ഇല്ലെന്നു തീർച്ചയായി പറയാം. 'അഭിനവകാളിദാസൻ' എന്ന പേരിനെ ജഗന്നാഥപണ്ഡിതൻ 'വിശ്വഗുണാദശ'കാരൻ മുതലായ ചില കവികൾക്കു കൊടുത്തിട്ടുള്ളത് എത്രത്തോളം ന്യായമാണെന്നു സഹൃദയന്മാർ തീർച്ചപ്പെടുത്തട്ടെ. കാളിദാസൻെറ കാവ്യത്രയത്തിലും നാടകത്രയത്തിലും സഹൃദയന്മാർക്കു സ്പഷ്ടോപലബ്ധമായ ഒരു രസവിശേഷം ഉണ്ട്. എന്നാൽ ഇതു സാധാരണപണ്ഡിതന്മാരുടെ ചവണത്തിൽ അനുഭവഗോചരീഭവിക്കുന്നതല്ല.

വളരെ നാൾ ഞാൻ കാളിദാസൻെറ കവിതയുടെ അസാധാരണരസവിശേഷത്തെ അറിയാതെ ആദ്യം പഠിച്ച കാവ്യമായ 'കിരാതാർജ്ജുനീയ'ത്തേയും ആദ്യം പഠിച്ച നാടകമായ 'അനർഘരാഘവ'ത്തേയും സർവ്വോൽകൃഷ്ടമായി വിചാരിച്ചുവന്നു. എന്നു മാത്രമല്ലാ, മൌഢ്യത്താൽ 'രഘുവംശ'ത്തെ ഒരു നിസ്സാരകാവ്യമെന്ന് അനാദരിക്കകൂടിയും ചെയ്തിരുന്നു. ഇങ്ങനെ കുറെനാൾ കഴിഞ്ഞതിൻെറ ശേഷം സഹൃദയാഗ്രഗണ്യനായ എൻെറ ജ്യേഷ്ഠൻ പ്രസംഗവശാൽ ഒരിക്കൽ കാളിദാസൻെറ കൃതികളെ വളരെ ശ്ലാഘിക്കയും അവയിൽനിന്നു ചില ശ്ലോകങ്ങളെ ചൊല്ലി അവയുടെ രസപുഷ്ടിയെ പ്രതിപാദിക്കയും ചെയ്തു കേട്ട

[illegible]ക്കാണ് എനിക്കു കാളിദാസകൃതി[illegible]ളിൽ ഒരു അഭിരുചി ജനിച്ചതു്.

'ഇ[illegible]ശ്രുതപാരദൃശാം
[illegible]സ്സുകശാകുന്തളം പ്രത്യക്ഷമാം
[illegible]ന്യാന്തരമിത്യയം മേ
[illegible]പരീവാദനവാവതാരഃ'.

ഈ ശ്ലോകമാണ് എന്റെ മനസ്സിനെ ആദ്യമായി കാളിദാസകൃതികളിലേക്ക് ആവർജ്ജിപ്പിച്ചതു്. അവയെ പിന്നെ തൃഷ്ണയോടുകൂടി ബഹുശഃ പരിശീലിച്ചേടത്തോളം അവയുടെ രസവിശേഷം എനിക്കു സവിശേഷം അനുഭവഗോചരമായിത്തീർന്നിട്ടുണ്ടു.

കാളിദാസകൃതിയിൽ വെച്ച് സർവ്വസമ്മതമായ ഉൽക്കർഷത്തോടു കൂടിയ 'ശാകുന്തള'ത്തെ വായിച്ച് ഓരോ അവസരങ്ങളിൽ മാനസികങ്ങളും ദൈഹികങ്ങളും ആയ ക്ലേശങ്ങളെ വിസ്മരിക്കാൻ എനിക്കു സംഗതിയായതിനു വേണ്ടി, യശോമാത്രശരീരശേഷനെങ്കിലും സ്വസാഹിത്യങ്ങളിൽ പ്രതിഫലിച്ച്, എന്നും അനശ്വരമായിരിക്കുന്ന ആത്മാവോടുകൂടിയ ആ മഹാനുഭാവന് ഏതു വിധത്തിലാണ് ഒരു പ്രത്യുപകാരം ചെയ്യാൻ കഴിയുന്നതെന്നു പലപ്പോഴും ആലോചിച്ചതിൽ ഈ നാടകരത്നത്തിന്റെ രാമണീയകത്തെ സംസ്കൃതപരിചയമില്ലാത്ത കേരളീയന്മാരെ ഗ്രഹിപ്പിക്കുന്നതിന് ഇതിനെ ഭാഷാന്തരീകരിക്കുന്നതിനേക്കാൾ അധികമായി ഒന്നും ചെയ്യാനില്ലെന്നു തോന്നിയതിനാലാണ് ഞാൻ ഇതിനായി ഉദ്യമിച്ചതു്. ആരംഭിച്ചപ്പോൾ പൂർണ്ണമായി ഫലിപ്പിക്കാമെന്നുള്ള നിശ്ചയം എത്രയും ശിഥിലമായിട്ടേ എനിക്കുണ്ടായിരുന്നുള്ളു. ആദ്യമായി 'വിദ്യാവിലാസിനി'യിൽ ചേർക്കുന്നതിന് അപ്പപ്പോൾ തർജ്ജമ ചെയ്ത് അയച്ചിരുന്നതിനെ സഹൃദയന്മാർ അഭിനന്ദിച്ചു തുടങ്ങിയതിനാൽ പ്രോത്സാഹിതനായിത്തന്നെ അതിനെ ഞാൻ പൂരിപ്പിച്ചു. അതിൽനിന്നും അല്പം ചില പരിഷ്കാരങ്ങളോടുകൂടി സാംപൂടമായി കേരളവിലാസം അച്ചുകൂടത്തിൽ അച്ചടിപ്പിച്ചതിനെ നാടുനീങ്ങിയ വിശാഖം തിരുനാൾ മഹാരാജാവിനു സമർപ്പിച്ചപ്പോൾ തിരുമനസ്സുകൊണ്ട് ഇപ്രകാരം ഒരു തിരുവെഴുത്തയച്ചിരുന്നു- 'ഇതു മലയാളത്തിൽ ഒരു ഉൽകൃഷ്ടകൃതിയായി എന്നെന്നേക്കും നിലനില്ക്കുമെന്ന് എനിക്കു നിശ്ചയമുണ്ടു്.'

എന്റെ കൃതികളിൽ ഒന്നുംതന്നെ നിർദ്ദോഷമാണെന്ന് എനിക്ക് അശേഷം വിശ്വാസം ഇല്ലെങ്കിലും സഹൃദയന്മാർ പലരും അഭിനന്ദിക്കുമ്പോൾ അവയിൽ വല്ലതും ചില ഗുണംകൂടി ഉണ്ടായിരിക്കാമെന്നു വിചാരിക്കാറുണ്ട്. എന്നാൽ എന്റെ ഈ 'ഭാഷാശാകുന്തള'ത്തിന് അനിതരസാധാരണമായ ഒരു വിശേഷം ഉള്ളതിനെ ആരും സമ്മതിക്കാതിരിക്കയില്ല. അതു കാളിദാസഗ്രഥിതവസ്തു എന്നുള്ളതു മാത്രമല്ലാതെ മറ്റൊന്നുമല്ല. പിന്നെ വേണമെങ്കിൽ ആദ്യമായി ഒരു സംസ്കൃതനാടകം മലയാളത്തിൽ ആക്കപ്പെട്ടിട്ടുള്ളത് ഇതാണ് എന്നുംകൂടി ഒരു വിശേഷം ഇതിനു പറയാം. ഇത്രയും മാത്രമല്ലാതെ കവിതാഗുണംകൊണ്ട് ഇതിന് ഒരു വിശേഷം ഉള്ളതായി ഞാൻ വിചാരിക്കുന്നില്ല.

എനിക്കു ബാല്യം മുതൽ തന്നെ സംസ്കൃതത്തിൽ കവനം ചെയ്തു പരിചയിച്ച് ആ ഭാഷ അധികം സ്വാധീനപ്പെട്ടിരുന്നതുകൊണ്ട് ഈ തർജ്ജമയിൽ സംസ്കൃതപദപ്രയോഗങ്ങൾ അല്പം ബഹുലീഭവിച്ചിട്ടുണ്ടെന്നുള്ളതിനെ ഞാൻ സമ്മതിക്കുന്നു. ഇത് ഒരു ന്യൂനതയെന്നു വിചാരിക്കുന്ന പക്ഷം പ്രാചീനന്മാരും അർവാചീനന്മാരും ആയ

ഭാഷാസുകവികളിൽ പലരുടെ കൃതികളിലും ഇതിന്റെ താദവസ്ഥ്യം ഉണ്ട്. ഭാഷയുടെ രീതിയിലും ഔത്തരാഹന്മാൎക്ക് അഭംഗി എന്നു തോന്നുന്ന പ്രയോഗങ്ങൾ ഇതിൽ ഉണ്ടായിരിക്കാം. എന്നാൽ എന്തെല്ലാം വൈകല്യങ്ങൾ ഉണ്ടെങ്കിലും ഇപ്പോൾ ഈ 'കേരളീയഭാഷാശാകുന്തളം' മലയാളികൾക്കെല്ലാം പ്രേമാസ്പദമായി ഭവിച്ചിട്ടുണ്ടെന്നുള്ളതിന് അനേകനാടകസംഘക്കാർ ഇതിനെ പഠിച്ചു രംഗത്തിൽ പ്രയോഗിക്കയും അനവധി ജനങ്ങൾ അതുകണ്ടു രസിക്കയും ചെയ്തു വരുന്നതു തന്നെ മതിയായ തെളിവായിരിക്കുന്നു.

൧൦൭൪ മകരം ൨൪-ാനു- മദ്രാസ്സിൽ വച്ച് ഈ പരിഭാഷയുടെ മൂലമായ 'അഭിജ്ഞാനശാകുന്തളം'ത്തെത്തന്നെ ഒരു സംഘക്കാർ അഭിനയിച്ചു ഞാൻ ഇദംപ്രഥമമായി കണ്ടപ്പോൾ എന്റെ തൎജ്ജമയെ മലയാളികളിൽ വല്ലവരും രംഗത്തിൽ പ്രയോഗിച്ചാൽ കൊള്ളാമായിരുന്നു എന്നുള്ള ആഗ്രഹം സ്വാഭാവികമായി എന്റെ മനസ്സിൽ അങ്കുരിച്ചു എങ്കിലും അത് ഫലിക്കുമെന്നുള്ള വിചാരം അപ്പോൾ എനിക്ക് അശേഷം ഇല്ലായിരുന്നു. എന്നാൽ ഇപ്പോൾ ആ ആഗ്രഹം എന്റെ പ്രത്യക്ഷമായ ഒ തിലംഘലിച്ച് ബഹുധാ ഫലിച്ചിരിക്കുന്നതിൽ വച്ച് എന്റെ ശ്രമത്തിനു സാഫല്യ സിദ്ധിച്ചതിനാലുള്ള പൂൎണ്ണകൃതാൎത്ഥതയോടും, ആറാം പതിപ്പ് ആവശ്യപ്പെടത്തക്കവണ്ണം കേരളീയജനങ്ങൾ എന്റെ കൃതിയെ ആദരിക്കുന്നതിനാൽ അവരെക്കുറിച്ചുള്ള അവ്യാജകൃതജ്ഞതയോടുംകൂടി ഇതിനെ നിൎമ്മത്സരന്മാരായ സഹൃദയന്മാരുടെ മുൻപാകെ സമൎപ്പിച്ചു കൊള്ളുന്നു.

കേരളവൎമ്മ സി. എസ്സ്. ഐ. വലിയ കോയിത്തമ്പുരാൻ.

# നാലാശ്രമങ്ങൾ.



ഹിന്തുശാസ്ത്രങ്ങളിൽ അല്പമെങ്കിലും പരിചയമുള്ളവർ ഹിന്തുമതത്തിൽ പ്രധാനമായി ഗണിച്ചിട്ടുള്ള നാലാശ്രമങ്ങളെപ്പറ്റി കേട്ടിരിപ്പാനിടയുണ്ട്. അവ ബ്രഹ്മചര്യം, ഗാൎഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്നിവയാകുന്നു. ഇവയിൽ ഓരോന്നും ഒന്നിനൊന്നു വിരോധമാവാത്ത വിധത്തിൽ ജീവിതത്തിലെ ഓരോ ദശാവിശേഷങ്ങളിൽ അനുഷ്ഠിക്കേണ്ടവയാണെന്നു നിശ്ചയിച്ചിരിക്കുന്നു. ഒരു മനുഷ്യന്റെ ജീവിതം ഇന്ന കാലത്ത് ഇന്ന വിധത്തിലാണ് വേണ്ടതെന്നും, അവസാനത്തിൽ എത്തേണ്ടതായ 'സിദ്ധി' ഇന്നതാണെന്നും അതാതിന്റെ പൂൎവ്വാപരസംബന്ധത്തോടു കൂടി മനസ്സിലാകേണമെങ്കിൽ ഈ ആശ്രമധൎമ്മങ്ങളെപ്പറ്റി ഒരു സ്വതന്ത്രജ്ഞാനം ഉണ്ടാവാതെ കഴിയുന്നതല്ല.

മനുഷ്യജന്മം സിദ്ധിച്ചാൽ കുറച്ചു പ്രായം ചെന്നു തന്റേടം വരുന്നതുവരെ രക്ഷിതാക്കന്മാരുടെ ഇച്ഛയ്ക്കൊത്തു കഴിയേണ്ടതാകയാൽ അത്രയും കാലം ഒരു ചുമതലയില്ലാത്ത ജീവിതമായതുകൊണ്ട് അ

നാലാം ആശ്രമങ്ങളുടെ ആവശ്യം നേരി
ട്ടില്ല. അൻേറടം വയസ്സുന്നതോടുകൂടി കാ
ലവിധത്തിലുള്ള മനോവികാരങ്ങളും സ്വാ
തന്ത്ര്യവാസനയും ഉണ്ടായിത്തുടങ്ങുന്നു. ഇ
തിന്നു കാരണം ബുദ്ധിയുടെ വളൎച്ച്യാണെ
ന്നു വിചാരിക്കാം. വളൎന്നു വരുന്ന ഒരു വ
സ്തുവിനെ നേർവഴിക്കു തിരിക്കേണ്ടതു വള
ൎച്ച്യുടെ ആരംഭത്തിലാണ്. മനുഷ്യൎക്കു സു
ഖത്തിന്നും ദുഃഖത്തിന്നും മൂലകാരണം ബു
ദ്ധിയായതുകൊണ്ടു സുഖേച്ഛുകൾ അതി
നെ പരിഷ്കരിച്ചു നന്നാക്കേണ്ടത് അത്യ
ന്താപേക്ഷിതമാകുന്നു. അതിനാൽ ഈ കാ
ലം ബുദ്ധിക്കു സംസ്കാരം വരുത്തുവാനായി
ഉപയോഗിക്കുന്നു. ബുദ്ധിയുടെ സംസ്കാരം
വിദ്യാഭ്യാസത്തെ ആശ്രയിച്ചിട്ടാണിരിക്കു
ന്നത്. അഭ്യാസകാലത്തു മനസ്സിന്നു ലേ
ശംപോലും പതറിച്ച വരാതിരുന്നാൽ മാത്ര
മെ വിദ്യ വേണ്ടതുപോലെ സ്വാധീനപ്പെടു
കയുമുള്ളൂ. അതുകൊണ്ടാണ് ആ കാലത്തു
ബ്രഹ്മചര്യത്തെ അനുഷ്ഠിക്കേണമെന്നു വി
ധിച്ചിരിക്കുന്നത്. ബ്രഹ്മചര്യം എന്നതിന്ന്
ഇന്ദ്രിയങ്ങളെ ഒതുക്കിയിരിക്കുക എന്നേ അ
ൎത്ഥമുള്ളൂ. വിദ്യാഭ്യാസത്തിന്നായിട്ടുള്ള കാലം
നേത്രാനന്ദകരങ്ങളായ കാഴ്ചകളിലോ, ശ്രോ
ത്രേന്ദ്രിയത്തിന്നു തൃപ്തി വരുത്തുന്ന സംഗീത
ത്തിലോ, രസനേന്ദ്രിയത്തെ രസിപ്പിക്കുന്ന
ഭോജ്യങ്ങളിലോ മറ്റോ ഭ്രമിച്ചു പോയാൽ
അതു വളരെ അനൎത്ഥമായിപ്പരിണമിക്കു
വാനിടയുണ്ട്. ആപാതത്തിൽത്തന്നെ
മോഹജനകങ്ങളായ സ്ത്രീസുഖം മുതലായവ
യുടെ സ്പൎശംപോലും അനുണ്ടായിപ്പോ
യാൽ വലിയ വിഷമത്തിലായിത്തീരും. ഇ
തെല്ലാം ഉദ്ദേശിച്ചിട്ടാണ് ബ്രഹ്മചാരിയുടെ
വ്രതങ്ങളെ വളരെ നിഷ്ഠയോടുകൂടി വിധി
ച്ചിരിക്കുന്നത്. ഒരു ബ്രഹ്മചാരിക്കു വലിയ
ഉത്സവങ്ങളിലോ ജനക്കൂട്ടം അധികമുള്ള സ
മാജങ്ങളിലോ ചേരുകയാവട്ടെ സ്ത്രീദൎശനം
മുതലായവ ചെയ്യുകയാവട്ടെ പാടുള്ളതല്ല;
നിത്യകൎമ്മങ്ങൾ ചെയ്തുകഴിഞ്ഞാൽ ഗുരുസ
വിധത്തിലിരുന്നു തന്റെ പാഠങ്ങൾ അ
ഭ്യസിക്കുകയും അനുസന്ധാനം ചെയ്കയും
വേണം. ഗുരുസവിധത്തിലിരുന്ന് എ
ന്നു പ്രത്യേകം പറഞ്ഞത് എന്തിനാകുന്നു?
ബ്രഹ്മചാരിയുടെ കാലം, ബുദ്ധിയുടെ പ്ര
സരിപ്പ് വലിയ തള്ളിച്ചയിലെത്തുന്ന ഒരു
ദശാവിശേഷമാകയാൽ, എത്രതന്നെ നി
ൎബ്ബന്ധവും നിബന്ധനകളുമുണ്ടെങ്കിലും, മ
തിയായ ഒരു ശാസിതാവിനെ ഭയപ്പെടാ
നില്ലെങ്കിൽ, ആയാൾ സ്വതന്ത്രമായി പ്ര
വൎത്തിച്ചേയ്ക്കും. സ്വച്ഛന്ദവൃത്തി പ്രകൃതദശ
യിൽ ജീവിതത്തിന്റെ ശത്രുവായതുകൊ
ണ്ട് അതു പാടില്ലതാനും. ഇതാകുന്നു പ
ണ്ടത്തെ ഗുരുകുലവാസത്തിൽനിന്നു സിദ്ധി
ക്കുന്ന ഒരു വലിയ ഗുണം. ചുരുക്കിപ്പറയു
ന്നതായാൽ, ബ്രഹ്മചര്യത്തിന്റെ ഉദ്ദേശം,
മനുഷ്യരുടെ ബുദ്ധിക്കു വികാസം വരുത്തു
കയും ഇന്ദ്രിയചാപല്യത്തെ ഒതുക്കുകയും
ചെയ്ത്, വിദ്യാഭ്യാസംകൊണ്ടു പിന്നീടു സം
സാരരണാങ്കണത്തിൽ കടന്നു പയറുവാ
നുള്ള സാമഗ്രികളും ആയുധങ്ങളും സമ്പാ
ദിക്കുകയാകുന്നു.

ബ്രഹ്മചര്യം കഴിഞ്ഞാൽ ആ മനു
ഷ്യൻ സംസാരസുഖങ്ങളെ അനുഭവിക്കു
വാൻ അധികാരിയാകുന്നു. ഇതേവരെയും ഒ
രു വിദ്യാൎത്ഥിയെന്നോ ബാലനെന്നോ പറ
യാമായിരുന്ന ഈ മനുഷ്യൻ ഇപ്പോൾ വി
ദ്വാനും യുവാവും ആയിത്തീൎന്നിരിക്കുന്നു.
ഇയാൾ 'പുരുഷദശയിലെത്തി'യെന്നോ
'ഒത്തയാളായി'യെന്നോ പറഞ്ഞാൽ മാത്രം
പോരാ; പ്രായം തികഞ്ഞു സ്വതന്ത്രനാ
യി തരുണവയസ്സിലെത്തിയിരിക്കുന്നതു
കൊണ്ടു തനിക്കൊത്ത ഒരാളെ കൂട്ടിന്നു

കൊടുക്കേണ്ട ഭാരം കൂടി ഉണ്ട്. ഇൗയാൾ ജീവിതകാലത്തെ മുഖ്യമായ ഒരു ഭാഗമെന്നും 'സൎവ്വോപകാരക്ഷമമായ ആശ്രമം' എന്നും അഭിജ്ഞന്മാർ പറയുന്ന ഗൃഹസ്ഥാശ്രമത്തിലേയ്ക്കു പകൎന്നിരിക്കുന്നു. ഇൗ ആശ്രമം മററുള്ളവയെക്കാൾ പ്രധാനമായതു്, ഇതു മററുള്ളവൎക്കുപകാരം ചെയ്യാൻ ഉപയോഗിക്കുന്നതുകൊണ്ടാണ്. പുരുഷാൎത്ഥങ്ങളിൽ ധൎമ്മാൎത്ഥകാമങ്ങൾ മൂന്നും ഇൗ കാലത്താണനുഭവിക്കേണ്ടതു്. ധൎമ്മംകൊണ്ടു ചിത്തശുദ്ധിയും അൎത്ഥത്താൽ ദാനാദി സൽകൎമ്മങ്ങളും കാമംകൊണ്ടു പ്രജോൽപാദനവും ആണ് ഉദ്ദേശിക്കപ്പെടുന്നതു്. ഇൗ മൂന്നും 'മോക്ഷം' എന്ന അന്ത്യപുരുഷാൎത്ഥത്തിന്നു ഉപകരിക്കുന്നു. ഒരു ഗൃഹസ്ഥന്റെ ചുമതലകൾ എത്രമാത്രം വലിയവയാണെന്നു ആലോചിച്ചു നോക്കുംതോറും ഇൗ ആശ്രമത്തിന്റെ പ്രാധാന്യം പ്രത്യക്ഷപ്പെടുന്നതാണ്. ഗൃഹസ്ഥന്റെ നടവടി ഇന്നിന്ന വിധത്തിലായിരിക്കേണമെന്നു ധൎമ്മശാസ്ത്രങ്ങളിൽ വിധിച്ചിട്ടുള്ളതു പകൎത്തുന്നതിനേക്കാൾ, ആയാളുടെ ജീവിതത്തിൽ സംഭവിക്കാവുന്ന സംഗതികളെ ആലോചിക്കുന്നതാണ് ഗൃഹസ്ഥാശ്രമത്തിന്റെ ശ്രേഷ്ഠത വെളിപ്പെടുത്തുവാൻ അധികം എളുപ്പം. ഒരു ഗൃഹസ്ഥനു 'തൻകാൎയ്യം' മാത്രം നോക്കിയാൽ പോരാ; ആയാൾക്കു ഭാൎയ്യ, മക്കൾ, ഗൃഹം, ഉപകരണങ്ങൾ എന്നുള്ള അനേകം വിചാരങ്ങളും ഭാരങ്ങളും ഉണ്ടായിരിക്കും. കുടുംബരക്ഷണത്തിന്നാണെങ്കിൽ ഒന്നാമതു പണമാണ് വേണ്ടതു്. അതു് അദ്ധ്വാനിച്ചേ സമ്പാദിക്കാൻ കഴികയുള്ളൂ. മൎയ്യാദയായി സമ്പാദിക്കുന്നതല്ലാതെ അന്യായം പ്രവൎത്തിച്ചാൽ നാട്ടിലെന്നല്ലാ, കാട്ടിലായാലും കഴിഞ്ഞുകൂടുവാൻ ഞെരുക്കം. കുടുംബപതിയായിട്ടിരിക്കുമ്പോൾ തറവാട്ടു പാരമ്പൎയ്യം രക്ഷിച്ചും, നാലാളുകൾ നടക്കുന്നതുപോലെ വേണമെന്നു വിചാരിച്ചും ദാനധൎമ്മങ്ങളും മാനമൎയ്യാദകളും ഒഴിച്ചുവിടുവാൻ തരമില്ല. ഇതെല്ലാം ശരിയായി നിൎവ്വഹിക്കേണമെങ്കിൽ പല മനോധൎമ്മക്കാരായ പലരായിട്ടും എടവിടാതെ ഇടപഴകേണ്ടിവരികയും നിരന്തരം മനസ്സിൽ ഓരോ കരുതലുകൾ ഉണ്ടായിരിക്കേണ്ടിവരികയും ചെയ്യും. ക്ഷമ, വിവേകം മുതലായ സൽഗുണങ്ങളെക്കൊണ്ടു കാമം, ക്രോധം മുതലായ ദുൎഗ്ഗുണങ്ങളെ ഒതുക്കിനിൎത്തണം. എന്നാലേ ഗൃഹസ്ഥധൎമ്മം വേണ്ടപോലെ അനുഷ്ഠിക്കുവാൻ കഴികയുള്ളൂ. ചുമതലകൾ പലതുമുള്ളതുകൊണ്ടു വിചാരങ്ങളും പലതുമുണ്ടായിരിക്കും. എല്ലാം വിചാരിച്ചതുപോലെ സാധിച്ചുവെന്നുവരികയുമില്ല. അപ്പോൾ വലിയ പ്രതിബന്ധങ്ങളോടെതിൎത്തുനിന്നു പൊരുതുവാനും ഉദ്ദിഷ്ടകാൎയ്യങ്ങൾ സാധിക്കുവാനുമുള്ള പ്രയാസം വിചാരിച്ചാലററമില്ലാത്തതാണ്. എന്നാൽ ഗൃഹസ്ഥൻ അതിലെല്ലാം ഒതുക്കമായും അടക്കമായും പ്രവൎത്തിക്കണം; താനൊന്നിലും ബദ്ധനാകയും അരുതു്. എങ്ങിനെയെങ്കിലും തന്റെ കാലം കഴിയണം, പിന്നെ വരുന്നതു വരട്ടെ എന്നുവിചാരിച്ചു സമാധാനപ്പെടുവാനും ഗൃഹസ്ഥനു വഴിയില്ല. എന്തുകൊണ്ടെന്നാൽ, തന്റെ കാലം കഴിഞ്ഞാൽ കുടുംബങ്ങൾക്കു ബുദ്ധിമുട്ടുകൂടാതെ കഴിഞ്ഞുകൂടുവാനുള്ള വക താനായിട്ടു സമ്പാദിച്ചു വെക്കണമെന്നുള്ള ആശാബന്ധവും അതു ചെയ്യേണ്ടതാണെന്നുള്ള കൃത്യബോധവും ഗൃഹസ്ഥനെ സദാസമയവും അലട്ടിക്കൊണ്ടിരിക്കും. ഇങ്ങിനെ, 'കയ്യും കാലും കെട്ടി മുമ്പുംപിമ്പും മറിയുവാൻ' ഗൃഹസ്ഥാശ്രമം മനുഷ്യരെ നിൎബ്ബന്ധിക്കുന്നു.

ഗൃഹസ്ഥാശ്രമത്തിൽ കുറെ കാലം

ഇങ്ങനെ സംസാരസുഖങ്ങളെല്ലാം അനുഭവിച്ചുകഴിഞ്ഞാൽ എപ്പോഴിലും ഒരു വിരക്തി സിദ്ധിക്കുന്നതു മനുഷ്യപ്രകൃതിയാണ്. വിഷയസുഖങ്ങളെല്ലാം അനുഭവിച്ചു കഴിഞ്ഞു; ലോകത്തിൽ തനിക്കുള്ള കടപ്പാടുകളൊക്കെ മിക്കതും നിറവേററുകയും ചെയ്തു; എന്നിങ്ങിനെ ഈ കാലത്തു ഗൃഹസ്ഥൻ നിവൃത്തി വിചാരിക്കുന്നു. ഈ കാലത്ത് അയാൾ തന്റെ ഭാരങ്ങളെല്ലാം സന്താനങ്ങളെ ഏല്പിച്ചു വിരക്തിയെ ദൃഢീകരിപ്പാൻ പ്രയത്നം ചെയ്യണം. ആ പ്രയത്നകാലത്തെ 'വാനപ്രസ്ഥാശ്രമം' എന്നു പറഞ്ഞുവരുന്നു. വാനപ്രസ്ഥം എന്നതിന്നു കാട്ടിൽ പോയി തപസ്സുചെയ്യുക എന്നാണർത്ഥമെങ്കിലും വിജനത്തിലിരുന്നു ചിത്തശുദ്ധി വരുത്തുക എന്നതാൽപര്യമുള്ളു. ചിത്തശുദ്ധി വരേണമെങ്കിൽ കാമക്രോധാദിസമ്പർക്കം കൂടാതെ മനസ്സ് എപ്പോഴും ഏകാഗ്രമായിട്ടിരിക്കണം. അതിന്ന് ഈശ്വരധ്യാനത്തോളം നല്ലതു മറെറാന്നുമില്ല. എപ്പോഴും ഈശ്വര! എന്നുള്ള വിചാരമുണ്ടായാൽ ഇന്ദ്രിയങ്ങൾക്കു മറെറാന്നിൽ പ്രവേശം വരികയില്ല. ഒരു കാമുകൻ തന്റെ സർവ്വവിചാരങ്ങളിലും മനോഗതയായ കാമിനിയെ കാണുന്നതുപോലെ ശുദ്ധമനസ്സായി ഈശ്വരധ്യാനം ചെയ്യുന്നവർ കാണുന്നതെല്ലാം ഈശ്വരനെ മാത്രമായിരിക്കും.

'യാ പ്രീതിരവിവേകാനാം വിഷയേഷ്വനപായിനീ
ത്വാമനുസ്മരതഃ സാ മേ ഹൃദയാന്മാപസർപ്പതു'

എന്നാണ് ഒരു വിരക്തൻ പ്രാർത്ഥിക്കുന്നത്. യഥാർത്ഥസ്നേഹം, പരിശുദ്ധവിചാരം എന്നിവയല്ലാതെ മറെറാരു വിഷയത്തിനും ആയാളുടെ മനസ്സിൽ പ്രവേശിപ്പാൻ പാടില്ല. ഇതാണ് വാനപ്രസ്ഥന്റെ പരമലക്ഷ്യം.

പൂർണ്ണമായ വിരക്തി വന്നുകഴിഞ്ഞാൽ സംസാരത്തിലുള്ള ബന്ധം വേർപെടുന്നു. ആ ബന്ധം വേർപെടുത്തുന്ന ക്രിയയ്ക്കു 'സംന്യാസം=എടുത്ത സാധനത്തെ തിരിയെ വെയ്ക്കുക' എന്നർത്ഥമാകുന്നു. ഇത്രയും കഴിഞ്ഞാൽ ആയാളെ യതി എന്നോ, സംന്യാസാശ്രമി എന്നോ, സ്വാമിയാർ എന്നോ പറയുന്നു. ഈ അവസ്ഥയിലും പല അനുഷ്ഠാനങ്ങൾ ചെയ്യേണ്ടതുണ്ട്. അതൊക്കെയും നിവൃത്തിമാർഗ്ഗപരങ്ങളാകുന്നു. ഒരു സംന്യാസിയുടെ അവസ്ഥ അല്പം ഊഹിച്ചുനോക്കുക. അദ്ദേഹം പരിശുദ്ധനാകുന്നു; സർവ്വസംഗങ്ങളേയും പരിത്യജിച്ചു. ആരെന്തു പറഞ്ഞാലും പരിഭവമില്ല; പരിഭവിച്ചിട്ടു ഒന്നും ലഭിക്കേണ്ടതുമില്ല. ബ്രഹ്മപ്രളയം തന്നെ വന്നാലും ആ മനുഷ്യന്നു കുലുക്കമില്ല; ആരോടും ഒരു കടപ്പാടും ഇല്ല. ഇരുന്നാലും ശരി, നടന്നാലും ശരി; മരിച്ചാലും ശരി, മരിയ്ക്കാഞ്ഞാലും ശരി; ആയാൾക്കൊരു വിരോധവുമില്ല. ആയാൾ ജീവന്മുക്തൻ, സ്വതന്ത്രൻ, സർവ്വജ്ഞൻ, ബ്രഹ്മസ്വരൂപൻ. ഈ സ്ഥിതി വളരെ മാഹാത്മ്യമുള്ളതാകുന്നു.

ഇത്രയും പറഞ്ഞതുകൊണ്ട് ആശ്രമങ്ങളെപ്പററി ഏതാണ്ടു മനസ്സിലായിരിക്കുമല്ലോ. എന്നാൽ ഇനിയും ചിലതു ധരിച്ചിരിക്കേണ്ടതുണ്ട്. ഈ ആശ്രമങ്ങൾ നാലും ഒന്നിനു ശേഷം മറെറാന്ന് എന്ന ക്രമത്തിൽ ചങ്ങലക്കണ്ണികൾപോലെ ഘടിപ്പിയ്ക്കപ്പെട്ടവയും, ഒന്നു വിടുത്തികളഞ്ഞാൽ മററുള്ളവ കൊണ്ടു പ്രയോജനമില്ലാതെ വരുന്നവയുമാണ്. ബ്രഹ്മചര്യം കൂടാതെ ഗൃഹസ്ഥവൃത്തികൾ ശരിയായി നിർവ്വഹിപ്പാൻ അസാദ്ധ്യമാണ്. ഗൃഹസ്ഥാശ്രമത്തിലുള്ള മനോവികാരങ്ങൾ അനുഭവിച്ചുതീരാതെ വിരക്തിയുണ്ടാവുന്നതും ദുർല്ലഭംതന്നെ. ദൃഢവിരക്തിയില്ലാത്തവന്ന് എന്തു സംന്യാസമാണ്?

അവൻ എന്തിനെയാണ് സംന്യസിക്കുന്നത്? 'ബാലസംന്യാസി' എന്നും മററും പേർ പറഞ്ഞു സംന്യാസം വാങ്ങി (ഇതു കൊള്ളക്കൊടുക്കലല്ല കൊള്ളുന്ന സാധനമല്ല) 'രുദ്രാക്ഷമാല കഴുത്തിലും മറെറാന്നു മനസ്സിലും' എന്ന മട്ടിൽ സ്വാമിയാന്മാരാവുന്നതുകൊണ്ട് അവക്കും മററുള്ളവക്കും ഉപദ്രവമേ സംഭവിക്കുയുള്ളു. അവർ തീച്ചയായും ലോകവഞ്ചകന്മാരായിരിക്കും. 'സംന്യാസം' എന്നതിൻെറ അത്ഥംതന്നെ അവക്കറിഞ്ഞുകൂട. ഇങ്ങിനെയല്ലാതെ വരുന്നത് ഒരു വിലക്ഷണപ്രകൃതികൊണ്ടു മാത്രമായിരിക്കും. ബാല്യത്തിൽ തന്നെ യഥാത്ഥവൈരാഗ്യം വന്നിട്ടുള്ള സിദ്ധന്മാർ എത്രയോ അപൂവ്വമാണ്.

ഇപ്പറഞ്ഞ നാലാശ്രമങ്ങളിൽ ഓരോന്നിലും അനുഷ്ഠിക്കുന്ന വിധികളുടെ തത്വം അടുത്ത ആശ്രമത്തിലേക്കു വേണ്ടുന്ന സാമഗ്രികൾ സമ്പാദിക്കുകയാണ്. ബ്രഹ്മചാരിയായി പഠിച്ച വിദ്വാനാകുന്നു ഗൃഹസ്ഥാശ്രമത്തിലെ ജീവിതയുദ്ധത്തിൽ ജയം നേടുവാനാകുന്നു. ഗൃഹസ്ഥാശ്രമിയായി സംസാരത്തിൽ പെരുമാറുന്നതുകൊണ്ടു വിഷയങ്ങളിൽ വിരക്തി സിദ്ധിക്കുന്നു. വാനപ്രസ്ഥാ വിരക്തിയെ ദൃഢീകരിക്കുന്നു. വിരക്തനായിട്ടുള്ള ആത്മാവിൻെറ ഫലം സവ്വസംഗരാഹിത്യമാകുന്നു. ഇത്രയും ആയാൽ അവൻ മോക്ഷത്തിന്നധികാരിയാകുന്നു. ഇതിൽ മോക്ഷത്തെ ഒടുവിലെ കക്ഷ്യയായിപ്പറഞ്ഞതിനാൽ അതാണ് മനുഷ്യജന്മത്തിൻെറ പരമോദ്ദേശമെന്നു സിദ്ധിക്കുന്നു. മററുള്ളവ കേവലം ഗൌണം=ഉപായഭൂതമാകുന്നു.

കെ. വി. എം.

—ഠഠഠ—

# ധമ്മവ്യാധൻ*



ഗുണവാനായ പുരുഷന്നു ജാതികൊണ്ടു മാത്രം ന്യൂനത കല്പിച്ചുകൂടെന്നു തെളിയിപ്പാനുള്ള ഒരു വലുതായ ലക്ഷ്യമാണു ധമ്മവ്യാധൻെറ ചരിത്രം. ജനനം എവിടെയായിരുന്നാലും വേണ്ടതില്ല പുരുഷൻെറ ഗുണഗണങ്ങളാണു യഥാത്ഥമായ ശ്രേഷ്ഠതയുടെനിമിത്തമെന്നു പരസ്യമാക്കിയതു ധമ്മവ്യാധനാണ്. കാട്ടാളവഗ്ഗത്തിൽ ജനിച്ചിട്ടും അക്കാലത്തുള്ളവരുടെ ബഹുമാനാതിരേകംമൂലം അദ്ദേഹം 'ധമ്മവ്യാധ'നെന്ന അനിതരസാധാരണമായ പേരിന്നു പാത്രമായിതീൎന്നു. വ്യാധന്മാരുടെ വൃത്തി പ്രാണിഹിംസാബഹുലമാണ്. എങ്കിലും ആ മഹാത്മാവിന്നു പാപലേപം ഉണ്ടായില്ല. ഉത്തമബ്രാഹ്മണകുലത്തിൽ ജനിച്ച ഒരു തപസ്വിക്കു തത്വോപദേശം ചെയ്വാൻ തക്കവണ്ണമുള്ള ജ്ഞാനസമ്പത്ത് അദ്ദേഹത്തിന്നുണ്ടായിരുന്നു.

ഐഹികജീവിതത്തിലുള്ള എല്ലാ വ്യാപാരങ്ങളും ഏറക്കുറെ ദോഷസങ്കീൎണ്ണങ്ങളാണെന്നു, 'ദോഷം കമ്മത്തിലുണ്ടെന്നും തീയിൽ പുക കണക്കിനേ' എന്നുള്ള ഭഗവദ്വചനംകൊണ്ടു സ്പഷ്ടമാകുന്നു. അതി

* പകപ്പവകാശം സ്വായത്തം.

നാൽ അവരവർ സ്വതഃസിദ്ധമായ കർമ്മങ്ങളെ ശരിയായി അനുഷ്ഠിക്കുന്നതാണു ശ്രേയോമാർഗ്ഗം എന്നുള്ള തത്ത്വവും വ്യാധചരിത്രത്തിൽ നിന്നു വെളിവാകുന്നുണ്ട്.

ധർമ്മവ്യാധനു മാതാപിതാക്കന്മാർ ഈശ്വരന്മാർ തന്നെയായിരുന്നു. അവരുടെ ശുശ്രൂഷണം ഒന്നുമാത്രംകൊണ്ട് അദ്ദേഹത്തിന് എല്ലാ പുണ്യകർമ്മങ്ങളുടേയും ഫലങ്ങൾ സിദ്ധിച്ചു. അതുകൊണ്ടു മാതാപിതാക്കന്മാരുടെ ശുശ്രൂഷ എല്ലാ യോഗ്യതകൾക്കും കാരണമാണെന്നു കൂടി വ്യാധചരിത്രത്തിൽനിന്നു പഠിക്കാവുന്നതാണ്.

വ്യാധന്റെ നിവാസം, കർമ്മയോഗത്തിൽ ഒന്നാം ക്ലാസ്സ് സർട്ടിഫിക്കറ്റു സമ്പാദിച്ച ജനകനാൽ പാലിക്കപ്പെട്ട മിഥിലാപുരിയിലായിരുന്നു. വനത്തിൽ തപസ്സ് ചെയ്തുകൊണ്ടിരുന്ന കൗശികനെന്നു പേരായ ബ്രാഹ്മണന്റെ മേൽ ഒരു വലാകാപക്ഷി പുരീഷോത്സർഗ്ഗം ചെയ്തപ്പോൾ അദ്ദേഹം കോപിച്ചു കണ്ണുകളെ മിഴിച്ച മാത്രത്തിൽ പക്ഷി ഭസ്മാവശേഷമായി പതിച്ചതിനെക്കണ്ടു, താൻ സിദ്ധനായിക്കഴിഞ്ഞു എന്നുള്ള അഹംഭാവത്തോടെ അദ്ദേഹം സമീപത്തിലുള്ള ഗ്രാമത്തിൽ ഭിക്ഷാടനത്തിനായി ചെല്ലുകയും പതിവ്രതയായ ഒരു ഗൃഹിണി ഭർത്തൃശുശ്രൂഷണവ്യാപൃതയായിരിക്കയാൽ തൽഗൃഹത്തിൽ ഭിക്ഷ കിട്ടുവാൻ താമസം നേരിട്ടപ്പോൾ അദ്ദേഹം കോപിക്കയും ചെയ്തു. അപ്പോൾ ഗൃഹിണി പറഞ്ഞ മറുവടി ഇങ്ങിനെയായിരുന്നു: 'ഞാൻ വലാകയല്ല. അങ്ങയുടെ കോപംകൊണ്ടു ഞാൻ ഭയപ്പെടുകയില്ല. ഞാൻ ബ്രാഹ്മണരുടെ മാഹാത്മ്യത്തെ നല്ലവണ്ണം അറിയുന്നുണ്ട്. എന്നാൽ ഭർത്തൃശുശ്രൂഷണമാണു സ്ത്രീകളുടെ സ്വധർമ്മം. ഞാൻ അതിനെ ശരിയായി അനുഷ്ഠിച്ചു വരുന്നു. 'ദൈവതങ്ങളിലൊക്കേയും ഭർത്താവെൻപരദൈവത'മെന്നാണ് എന്റെ ഭാവന. പതിശുശ്രൂഷകൊണ്ട് എനിക്കു നിർമ്മലമായ ജ്ഞാനം സിദ്ധിച്ചിരിക്കുന്നു. അതുകൊണ്ടല്ലേ അങ്ങുന്നു കാട്ടിൽ വെച്ചു വലാകയെച്ചുട്ട കഥ ഞാൻ അറിഞ്ഞത്.' അവൾ ഇങ്ങിനെ കൂടിപ്പറകയുണ്ടായി: 'അങ്ങുന്ന് സിദ്ധനായി പോയി എന്നുള്ള അഹങ്കാരത്താൽ ദൂഷിതനായിരിക്കുന്നു. അങ്ങേക്കു ശമം വന്നിട്ടില്ല. അങ്ങുന്ന് ശരിയായ ബ്രാഹ്മണധർമ്മത്തെ അറിഞ്ഞിട്ടില്ലെന്നാണു ഞാൻ വിചാരിക്കുന്നത്.

'ക്രോധമോഹങ്ങൾ വിട്ടോനാം
ബ്രാഹ്മണൻ ദേവസമ്മതൻ
ഇങ്ങു സത്യങ്ങൾ ചെയ്യുന്നോൻ
ഗുരുപ്രീതിവരുത്തുവോൻ.
ഹിംസിക്കിലും ഹിംസിയാത്തോൻ
ബ്രാഹ്മണൻ ദേവസമ്മതൻ
ജിതേന്ദ്രിയൻ ധർമ്മപരൻ
സ്വാധ്യായനിരതൻ ശുചി.
കാമക്രോധങ്ങൾ വെന്നുള്ളോൻ
ബ്രാഹ്മണൻ ദേവസമ്മതൻ.'

എന്നാണു ബ്രാഹ്മണലക്ഷണം. ആകട്ടെ, മിഥിലാപുരിയിൽ ധർമ്മവ്യാധനെന്നു പേരായ ഒരു മഹാത്മാവുണ്ട്. അദ്ദേഹത്തിന്റെ അടുക്കെ ചെന്നാൽ അദ്ദേഹം അങ്ങക്കു ധർമ്മോപദേശം ചെയ്യും.' ബ്രാഹ്മണൻ ഇതെല്ലാം കേട്ടു വിസ്മയാക്രാന്തനായി പതിവ്രതാവാക്യത്തെ സ്വീകരിച്ചു വ്യാധനെ കാണ്മാൻ വേണ്ടി മിഥിലാപുരത്തേക്കു പോയി.

മിഥിലയിലെത്തിയപ്പോൾ ധർമ്മവ്യാധൻ മാംസം വില്ക്കുന്നതിൽ ജാഗരൂകനായിരിക്കയായിരുന്നു. ബ്രാഹ്മണനെക്കണ്ട ഉടനെ വ്യാധൻ വന്ദിക്കയും, 'പതിവ്രതാവാക്യത്തെ കൈക്കൊണ്ട് എന്നെക്കാണ്മാൻ വന്ന അങ്ങേക്കു സ്വാഗതം' എന്നു

പറകയും ചെയ്തു. ഇതു കേട്ടപ്പോൾ ബ്രാഹ്മണന്റെ വിസ്മയം ഇരട്ടിച്ചു.

ഉചിതജ്ഞനായ ധർമ്മവ്യാധൻ മാംസശാലയെ വിട്ടു ബ്രാഹ്മണനെ സ്വഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടു പോയി ഉപചരിച്ചു. ബ്രാഹ്മണനു് ഒന്നാമതായി ജനിച്ചിരുന്ന സംശയം ധർമ്മമർമ്മത്തെ അറിഞ്ഞിട്ടുള്ള ഒരുവൻ ഹിംസയ്ക്കു നിമിത്തമായി തീരുന്നതു ശരിയാണോ എന്നായിരുന്നു. ബ്രാഹ്മണന്റെ ഈ സന്ദേഹത്തെ വ്യാധൻ വളരെ യുക്തിയുക്തമായി മറുവടി പറഞ്ഞു സമാധാനിച്ചു. ലോകത്തിൽ ഹിംസയില്ലാത്തതായി യാതൊരു കർമ്മവും ഇല്ല. നാം ചെയ്യുന്ന കർമ്മങ്ങളെല്ലാം ഏറക്കുറെ പാപം കലർന്നവയാകുന്നു. സസ്യാദികൾക്കും ജീവനുള്ളതിനാൽ കൃഷി മുതലായ പ്രവൃത്തികളിലും ഹിംസാദോഷമുണ്ടു്. അതുകൊണ്ടു സ്വധർമ്മത്തെ ശരിയായി അനുഷ്ഠിക്കുന്നതാണു് ലൌകികജീവിതത്തിൽ ഉത്തമമായ രീതിയെന്നും, 'അച്ഛൻ മുത്തച്ഛന്മാർ ചെയ്ത കുലധർമ്മമായ മാംസവിക്രയം തനിക്കു ഒഴിച്ചുകൂടാത്തതാണെന്നും വ്യാധൻ വിശദമായി പറഞ്ഞിരിക്കുന്നു. വ്യാധന്റെ സ്വധർമ്മനിഷ്ഠ ഈ സമാധാനത്തിൽനിന്നു നന്നായി തെളിയുന്നുണ്ടു്.

വ്യാധൻ ബ്രാഹ്മണനു സദ്വൃത്തിയെ സ്സാധിക്കുന്ന പല തത്വങ്ങളേയും ഉപദേശിക്കുന്നു. യജ്ഞം, ദാനം, തപസ്സു്, സത്യം, സ്വാധ്യായം എന്നിവ ശിഷ്ടാചാരത്തിന്റെ [illegible]ങ്ങളാണെന്നു വ്യാധൻ പറയുന്നു.

'ക്രോധമി[illegible]മാത്സര്യമില്ലായ്മയെന്നിയേ
ആർജ്ജവ[illegible]ശിഷ്ടാചാരർക്കുളോർക്കുക.
അഹിം[illegible]ആനൃശംസ്യമാർജ്ജവം
അദ്രോ[illegible]ല്ലായ്മയും ക്ഷാന്തിശമംദമം
[illegible] (കർ
കാമക്രോ[illegible]വിജിതാത്മക്കൾ ലോകസാക്ഷി
താൻചെയ്യുകർമ്മദോഷങ്ങളറിയില്ലറിവാനവൻ'

എന്നു തുടങ്ങിയുള്ള വ്യാധവചനങ്ങൾ എത്രമാത്രം ശ്രദ്ധേയങ്ങളാണെന്നു പറഞ്ഞറിയിപ്പാൻ പ്രയാസമാണു്. ഇങ്ങിനെ എടുത്തു പറഞ്ഞു തുടങ്ങുന്നതായാൽ ഭാരതത്തിലെ പത്തദ്ധ്യായങ്ങൾ മുഴുവനും പകർത്തേണ്ടി വരും.

അഹിംസയെ എല്ലാററിലും ഉപരിയായി അദ്ദേഹം ഗണിക്കുന്നു. താൻ ചെയ്യുന്ന ഹിംസ പാപമാണെന്നു തനിക്കു നല്ല ബോധമുണ്ടെങ്കിലും പ്രാരബ്ധകർമ്മാഗതമായ അതിനെ ഉപേക്ഷിപ്പാൻ തനിക്കു നിവൃത്തിയില്ലെന്നു വെച്ചാണു് അദ്ദേഹം അതിനെ അനുഷ്ഠിച്ചുപോന്നതു്. എന്നാൽ അദ്ദേഹം ഹിംസാബഹുലമായ വൃത്തിധർമ്മത്തെ അനുഷ്ഠിച്ചിരുന്നതു സ്വശരീരപോഷണാർത്ഥമല്ലായിരുന്നു. വയോവൃദ്ധന്മാരായ മാതാപിതാക്കന്മാരുടെ പരിപാലനത്തിന്നു വേണ്ടിയാണു് അദ്ദേഹം ആ പ്രവൃത്തി ചെയ്തതു്. മാതാപിതാക്കന്മാരെ പ്രതിദിനം ശുശ്രൂഷിക്കുന്നതിൽ വ്യാധനുണ്ടായിരുന്ന ശ്രദ്ധ അവർണ്ണ്യമാകുന്നു.

ബ്രാഹ്മണനുമായി കുറെ നേരം സംഭാഷണം ചെയ്തതിന്നു ശേഷം വ്യാധൻ ആ അതിഥിയെ മാതാപിതാക്കന്മാരുടെ അടുക്കലേയ്ക്കു കൂട്ടിക്കൊണ്ടുപോകയുണ്ടായി. വ്യാധനു് അവരുടെ നേരെയുള്ള ഭക്തിവിശേഷത്തെ ബ്രാഹ്മണൻ പ്രത്യക്ഷമായി കണ്ടു. അതുമല്ല; തനിക്കു മാതാപിതാക്കന്മാർ തന്നെയാണു് ഈശ്വരന്മാർ എന്നും അവർക്കു വേണ്ടിയാണു് താൻ ജീവിതത്തെ ധരിക്കുന്നതെന്നും അവരുടെ ശുശ്രൂഷയാണു് തന്റെ ജ്ഞാനസിദ്ധിക്കു കാരണമെന്നും വ്യാധൻ സ്പഷ്ടമായി പറകയും ചെയ്തു. ഈ അവസരത്തിൽ വെച്ചു വ്യാധൻ ബ്രാഹ്മണന്റെ ഒരു പിഴയെ ചൂണ്ടിക്കാണിച്ചി

ള്ളതും ഇവിടെ പ്രസ്താവയോഗ്യമാകുന്നു. ബ്രാഹ്മണൻ മാതാപിതാക്കന്മാരെ ഉപേക്ഷിച്ചു തപസ്സിന്നായി പോയതുകൊണ്ടാണു് അദ്ദേഹത്തിന്നു തത്വജ്ഞാനം സിദ്ധിക്കാത്തതെന്നു വ്യാധൻ എടുത്തു കാണിച്ചു, 'മാതാപിതാക്കൾ തൻവൃദ്ധ ശുശ്രൂഷ ചെയ്യുവാൻ മടിയെന്നിയെ' എന്നുപദേശിക്കുകയും ചെയ്തു.

മോക്ഷധർമ്മം, യോഗാഭ്യാസം മുതലായ വിഷയങ്ങളെപ്പററിയും വ്യാധൻ വളരെ വിസ്താരമായി ഉപദേശം കൊടുത്തു. ബ്രാഹ്മണനു പ്രശാന്തനും തത്വജ്ഞാനിയുമായ വ്യാധനിൽ അമിതമായ ബഹുമാനം ഉണ്ടായിവരികയും ചെയ്തു. ഈ വ്യാധനെപ്പോലെയുള്ള സാത്വികന്മാരാണു് യഥാർത്ഥമായ ബ്രാഹ്മണവ്യപദേശത്തിന്നർഹതയുള്ളവരെന്നു് ആ ശുദ്ധാത്മാവിന്നു ബോദ്ധ്യമാവുകയും,

'പാതിത്യമാംവികർമ്മങ്ങൾ ചെയ്തീടുന്നോരു ബ്രാഹ്മണൻ
ദാംഭികൻ ദുഷ്കൃതി ശൂദ്രൻ തന്നെപ്പോലെയാകുന്നു.
ശൂദ്രൻസത്യംദമംധർമ്മമിവനിത്യം നടത്തുകിൽ
അവൻബ്രാഹ്മണനെന്നുപക്ഷം വൃത്തിയാൽ ദ്വിജനാം
(ക്രമേ.'

എന്നു സസന്തോഷം വ്യാധനെ അഭിനന്ദിക്കുകയും ചെയ്തു.

പുരാണകാലങ്ങളിൽ ജാതികൊണ്ടുള്ള ശ്രൈഷ്ഠ്യത്തെക്കാൾ ഗുണംകൊണ്ടുള്ള ശ്രൈഷ്ഠ്യം അധികം വിലമതിക്കപ്പെട്ടിരുന്നു. ഗുണങ്ങളുടെ താരതമ്യത്തെ അടിസ്ഥാനപ്പെടുത്തിയാണു് ജാതിവിഭാഗം ഉണ്ടായിട്ടുള്ളതെന്നുകൂടി കാണിപ്പാൻ വ്യാധചരിതംപോലെ മഹാഭാരതത്തിൽ ഇനിയും പല പ്രഘട്ടകങ്ങളും ഉണ്ടു്. ധർമ്മവ്യാധന്റെ കീർത്തി ആര്യന്മാരുടെ സമുദായത്തിൽ ലബ്ധപ്രതിഷ്ഠമായി തീർന്നിരിക്കുന്നു. ശൂദ്രന്മാൎക്കും ബ്രഹ്മവിദ്യയിൽ അധികാരം ഉണ്ടാവാൻ വിരോധമുണ്ടോ എന്നുള്ള ആലോചനയിൽ ഉണ്ടെന്നുള്ള പൂർവ്വപക്ഷത്തിലേക്കു സാധകമായി വിദുരൻ, ധർമ്മവ്യാധൻ എന്നിവരെ ശ്രീശങ്കരാചാര്യസ്വാമികൾ സാക്ഷിപ്പെടുത്തിയിരിക്കുന്നു. അവരെ സ്സാക്ഷികൊടുത്തിട്ടും ആ കേസ്സിൽ ശൂദ്രന്മാൎക്കു മുഴവൻ ഗുണം കിട്ടിയില്ലെന്നുള്ള അംശം പ്രകൃതോപയോഗിയല്ലാത്തതിനാൽ അതിനെപ്പററി വിസ്തരിക്കുന്നില്ല. മഹാഭാരതം വനപർവ്വത്തിൽ ഇരുനൂററി ആറാമത്തെ അദ്ധ്യായം മുതല്ക്കു പത്തദ്ധ്യായങ്ങളിൽ വ്യാധചരിതവും വ്യാധോപദേശവും വ്യാസമഹർഷിയാൽ വിസ്തരിക്കപ്പെട്ടിരിക്കുന്നു*.

എ- എസ്സ്.

---

# ബാണയുദ്ധം.

പാടേതൽസൈന്യകളഞ്ഞു റിപുമനകലിതേ
കാർമ്മുകാനാംകദംബേ
ഗാഢാകൃഷ്ടേ തൊടുത്തപ്പവിഴനിരകളും-
ഞെട്ടുന്നകൈകൊണ്ടുശങ്കം
പ്രൌഢാത്മാബാണനപ്പോളതിരഭസമണ-
ഞ്ഞംബുജാക്ഷംത്രിലോകീ-
മൂഢാരതംപ്രവിധ്യവ്യതനുതസമരേ
വിക്രമംവിശ്വഭീമം.

* ഈ ലേഖനത്തിൽ എടുത്തുചേർത്തിട്ടുള്ള പദ്യശകലങ്ങൾക്കായി ഞാൻ കേരളവ്യാസരായ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലേക്കു കടപ്പെട്ടിരിക്കുന്നു.

ബാണൻതൻദോസ്സഹസ്രാപ്രകടിതമദമെ-
ത്തുന്നബാണങ്ങൾകാണ-
ക്കാണക്കൊണ്ടങ്ങുമിങ്ങുംവപുഷിതലമുകൾ
ക്കൊണ്ടുകോപാകുലാത്മാ
മാറീനാരായണൻതന്നുടലിൽഞെട്ടഞെട-
ക്കൊള്ളുമാറസ്ത്രശസ്ത്രൈ-
രേനംത്രൈലോക്യശത്രുംപ്രഥനശിരസിവി-
വ്യാധനിർവ്യാജധാമാ.

നാരാചാസ്ത്രാങ്ങ്മുക്താഃകതിചനശകലീ-
ചക്രിരേ ചാപസംഘാൻ
വാരാളുംകേതുദണ്ഡാൻകതിചനസരഥാൻ
ജ്വല്ലരന്ത്യേത്തുരംഗാൻ
ദാരോമുക്താതപത്രാണ്യധിരണമപരേ
വിസ്മയംചൊല്ലവല്ലേൻ
വീരോഗീർവ്വാണവൈരീപരവശതയൊട-
ന്നേരമൊന്നംവലഞ്ഞാൻ.

ശസ്ത്രാസാരഭയംകരേഥസമരേ
ബാണസ്യമാതാസ്വയം
നഗ്നാമുക്തശിരോരുഹാപ്രരുദതീ
മാറത്തലച്ചങ്ങിനെ
പുത്രപ്രാണരിരക്ഷയാസപദിപോ-
ന്നഭ്യാഗതാകോട്ടവീ
പശ്ചാൽകൃത്യതമച്യുതസ്യപുരതോ
മുന്നിട്ടുനിന്നീടിനാൾ.

നഗ്നാംവിലോക്യഭഗവാനഥതാംവിരൂപാം
മുക്താരണാദനുജവൈരിപരാങ്മുഖോഭൂൽ
ലബ്ധ്വാതദന്തരമസൌവിരഥോവിധനുഃ
സദ്യോജഗാമബലിസൂനുപുരാന്തരാളം.

തസ്മിൻകാലേ മുക്തവിമോഹപ്രകചിതമനസാ പുരരിപുതന്നാൽ നിർമ്മിതമുഗ്രം ത്രിശിരോജ്വരമതു സമരാങ്കണമുവിവന്നാദരായാം ഝടിതിപനിച്ചുവിറച്ചുവിറച്ചു സമുജ്ഝിതശസ്ത്രം കയ്യുംകാലും കോച്ചിവലിച്ചു യദുപ്രവരന്മാരങ്ങോടിങ്ങോടവനിയിൽ വീണു, ഘോരാനപ്പടവേപഥുഭാരാ ദുജ്ഝിതമൂത്രപുരീഷമൊരോദിശി കൊമ്പുംകുത്തിത്തുമ്പിക്കൈക്കൊണ്ടവനീതലത്തിലടിച്ചുമദിച്ചും കതിരപ്പടകൾവിറച്ചുവിറച്ചു മുഖങ്ങളിലെങ്ങുംനുരയുംതള്ളി കൈകാലാശ്രുതങ്ങൾ നിരന്തരമലറിക്കൊണ്ടുനിലത്തുമലച്ചും ബഹുവിധമേവംനിജസൈന്യങ്ങൾ നിരർഗ്ഗളപീഡസഹിയാതാഞ്ഞു വശംകെട്ടടന്നേ വലയുന്നതുകണ്ടതിധീരാത്മാ നാരായണനും ധന്യംജ്വരവരമന്യംനിർമ്മിച്ചഥശൈവജ്വരമഴകിലയച്ചളവിരുവരുമെത്തി ജ്വരവീരൌതൌപിംഗലകേശൌ ഭംഗുരദംഷ്ട്രാരോചിസ്സംവൃതലംബശ്മശ്രൂ ഭയാനകവദനൌ ദീർഘമലീമസലോമശദേഹൌ തീപ്പിതർചിതറുംവട്ടക്കണ്ണുകൾ വളരെമിഴിച്ചുപല്ലുകൾകൊണ്ടുകടിച്ചുകടിച്ചും തമ്മിലടിച്ചും വമ്പുനടിച്ചും പിടിപെട്ടടനോധരണിയിൽ വീണും പാദപ്രഹൃതികൾസഹസാചെയ്തും വിരവിലെഴുന്നീറ്റുടലിൽപാഞ്ഞും പാണികൾകൊണ്ടുകുമച്ചുകുമച്ചും കൊടിയനഖാഗ്രാന്നടലിൽപാച്ചിയുമിടിരവപടുതരമലറിക്കൊണ്ടും പലതരമേവംവിജിഗീഷാംപൂണ്ടിരുവരുമധികംപോരാടുമ്പോൾ മൌകുന്ദജ്വരമേറ്റരശക്തിപൊറുക്കരുതാഞ്ഞു വെറണ്ടുവിഷാദീശൈവജ്വരമുടനഭയാർത്ഥിചെന്നുഖിലാധീശ്വരചരണേവീണു നമസ്കൃതിചെയ്തുപുകണ്ണുതുടങ്ങീ; ജയജയമുരഹരനിഖിലചരാചരനായകനേജയ പാലാഴിയിലപ്പാമ്പണതന്മേൽ നിദ്രാമുദ്രാംപൂണ്ടവനേജയ ധരണീഭാരംകളവാനായിട്ടാണ്ടവനായ്പോന്നുപിറന്നവനേജയ നിഖിലജഗത്തിനുമിത്തായ്മേവിന നിരുപമവൈഭവമുള്ളവനേജയജയ ധാതൃജനാർദ്ദനശങ്കരമൂർത്ത്യാ ജഗതീസൃഷ്ടിസ്ഥിതിസംഹാര ക്രീഡനകലവികലനവനേജയ പരചിന്മയനായ്മുനിജനഹൃദയേ പരിചിതനായപരമ്പൊരുളേജയ സകലജഗത്ത്രയരക്ഷാദീക്ഷാ പകലിരവിയലിനഭഗവാനേജയ പങ്കജമാതിൻകൊങ്കയിലിഴ

ശ്രീകൌസ്തുഭാലംകൃതനേജയ ശരണാഗ
തജനശരണമിയാവും കരുണാവിഹരണശ്ര
മജയജയ നിത്യനിരാമയനാരായണജയ
ഭക്താനുഗ്രഹപാരായണജയ വിഷ്ണുപനായ
കപാലയപാലയ ദുഷ്ടവിനാശനപാലയ
പാലയ. നിർമ്മലനേജയ ചിന്മയനേജയ
നിർഗ്ഗുണനേജയ ദുർഗ്രഹനേജയ നിസ്ത്വേഗ
തിമമ നിസ്ത്വേഗതിമമ ഭവദീയജ്ഞാരപാദ്ര
ശ്രാഹം കാക്കലിതല്ലോനാഥാവിണേൻ കാ
രുണ്യാകരകാത്തരുളിമ്മാമെന്നിവണ്ണം മഹി
തസ്തുതികൾ ചെവിക്കൊണ്ടുഗ്ര സാമോദാ
മോദമോദരനാ ഗിരിശജ്ഞരമൂടനഭയംനാ
ല്പ്പരിപാലിച്ചു സദിചമവാദീൽ.

മാഹേശജ്ഞരവീരദത്തമഭയം
പ്രീതോസ്മിതേസർവ്വതോ
ലോകേസഞ്ചരമജ്ജ്വരേണാസ്യാദ്
കൂടിക്കലെന്നങ്ങിനേ
യേകേചിത്തുപഠന്തിമംഗലകഥാ-
മേനാംപ്രശൃണ്വന്തിവാ
തേഷാംകാപിഭയംകദാപിദപിന
ഭാവ്യാംയുവാഭ്യാംഭവേൽ.

ഇതീരിതശ്ശൂലധരജ്വരോയം
പ്രസേദുഷാപങ്കജലോചനേന
കൃതാഞ്ജലിസ്തേനസമേത്യസഖ്യാ
ഗതോയഥേഷ്ടംമധുഭിജ്ജ്വരേണ.

ബാണോപിസ്വപാദധനപാന്തകമൂപരതസ-
ന്നാഹമാകർണ്ണ്യകോപാ-
ന്നാക്രന്ദോഥവാഹംപരമിരിവരിലേ-
കോത്രശേഷിച്ചതെന്നേ
സേനാചക്രേണസാകംപുനരപിയുതചാ-
പോരഥീബദ്ധതൂണോ
മാനീനിഗ്ഗത്യയോദ്ധുംമുരഹരനൊടുയു-
ദ്ധാങ്കണേചെന്നണഞ്ഞാൻ.
വില്ലിൻകൂട്ടംകുലച്ചങ്ങിടിരവപടുശി-
ഞ്ജാനിനാദങ്ങൾചെയ്താൻ
കല്യാത്മാസിംഹനാദൈരലകഘിലമിള-
ക്കീടിനാനന്നുവേണ്ട
ഉല്ലാസീബാണജാലൈരുടനുടനുദിതൈ-
രാശ്ശരാദേവന്താരാളം
നിശ്ശേഷീകൃത്യവൃഷ്ണിപ്രവരബലമസൌ
താഡയാമാസമമ്മേൽ.
ത്രൈലോക്യസ്വാമിനാരായണനമരനുഭവി-
ച്ചൊട്ടുനേരംതദാനീം
ചൊല്ലാന്നിട്ടുന്നയുദ്ധോത്സവമഴകിലൊട്.
ക്കീടവാനദ്ഭുതാത്മാ
മേലേമേലേശരൌഘാനതിരഭസമമു-
ഷ്യസ്യതാബാഹുദണ്ഡാൻ
ലീലാശാലീമുറിച്ചുസമംശിരസിച-
ക്രേണശക്രാനുജന്മാ. (ണെണ

തസ്മിൻക്ഷണേദ്ധൃഗൃഹീതശരാസനാ
രുദ്യോതമാനകനകാംഗദകങ്കണാദ്യൈഃ
ബാധാംഗുലിത്രരുചിരൈരചിരേണപൂർണ്ണാ
യുദ്ധാവനീബലിതനുജഭുജാകദംബൈഃ.

ബാണൻതൻബാഹുദണ്ഡനാരകമഥനച-
ക്രേണസഞ്ഛിദ്യമാനേ
ചേണാന്നിട്ടുപ്രസാദപ്രണയസുരഭില-
സ്മേരവക്ത്രാംബുജന്മാ
താനേമെല്ലാടുചെന്നപ്പൊടനടുവിൽമുദാ
സാത്മജോമാരവൈരി
പാണൌചേർത്താത്മപാണിംമുരരിപുവൊടു
രാനാശ്ലിഷ്യോദേവമൂചേ.
ലക്ഷ്മീമാതിൻകടാക്ഷഭ്രമരവിഹരണാ-
രാമമേഞ്ഞാനറിഞ്ഞേൻ-
നിക്ഷോണീഭാരശാന്ത്യൈവിരചിതയദുവം-
ശാവതാരംഭവന്തം
സഖ്യംവിസ്തൃത്യനമ്മാൽകൃതമിതുകലഹം
പ്രീതയേതേവിചാരേ
മൃത്യ്വാത്മൻനൂനമല്പ്പാതടവുമഹിതദ-
കതാനകമ്പസ്സുപാരാ.
അത്യന്തംമൽപ്രിയോസൌബലിസുതനര-
വിന്ദാക്ഷഭക്താഗ്രണീമേ

വിദ്വേഷം വെച്ചു പാലിച്ചരുളുക ഭഗവൻ
മാമകം ദൈത്യമേനം
ഉദ്യദ്വീരവ്രണാങ്കാസ്സകലയദുവരാ.
സ്സന്തു സംബാധശൂന്യാഃ
പ്രദ്യുമ്നസ്സാംബസൗകുമാരോപി ചസുചിരമുഭൌ
നന്ദതാം മൈത്രഭാജൌ.
ബാണോയം ദാനവോനാമിരിവരിലുമഭേ-
ദോല്ലസൽഭക്തിമാനായ്
വാണീടട്ടെ നൂനമദ്യപ്രഭൃതി വിനയവാൻ
വിശ്വലോകോപകാരീ
മാനിച്ചേവം ബ്രുവാണം മദനരിപുമസൗ
മാധവോപി പ്രസാദീ
ചേണെത്തീടും വിനീത്യാമുദ്ഗഹസിതമനോ
ജ്ഞാനനോവാചചൈവം.
ഗൌരീവക്ഷോജപൂർണ്ണോദയപരിമളമേ
ഭക്തലോകക്കുവേണ്ടി
സൈ്വരം ദാസ്യക്രിയസ്സും പരമൊരുമടിയി
ല്ലാതകാരുണ്യരാശേ
നേരെത്താതോരുനിന്നെത്തെളിവിനൊടി-
ഹകാണ്മാനകപ്പെട്ടതോക്കും-
നേരം മത്ഭാഗ്യമത്രേ കരുതുമളവു നാ-
മാശ്രുവാസ്താവകീനാഃ.
പ്രഹ്ളാദൻതൻ പ്രപൌത്രോനഖലു ബതമ

യാചേപ്യേഷ വധ്യസ്തഥാപി
പ്രക്രാന്തോയം ഭുജാച്ഛേദനവിധിരസുര.
സ്യാസ്യദർപ്പോപശാന്ത്യൈ
ചൊൽക്കൊള്ളും പാഷ്ദോയം ഭവതുതവ.
ഭോശിഷ്ടബാഹാ ചതുഷ്കോ
മൽക്കാരുണ്യശ്രിയാ ബഹുലതുപരമേകത്ര
ച്ചിൽ ഭയോ വിശ്വലോകേ.
വാണീമേവം വിധാം കേട്ടതിമുദിതഹൃദാ
മോദിതോ ഭ്രതഭർത്താ
ബാണനസ്ത്രാനിരുദ്ധം തെളിവൊടു സവധൂ-
ന്താം മുകുന്ദാഗ്രഭാഗേ
താനേകേത്യാപണിഞ്ഞരുളുതമൊരുതി
മൽക്കാഴ്ചയാസ്സുച്ചനിന്നു
നാനാവേതാളവൃന്ദപ്രസ്ഥകൃതനജകലം
വിശ്വനാഥൌവപൃകണ്ണു.
ഇത്ഥം പത്നീസമേതം തെളിവൊടുനിജപൌ
ത്രം ഗൃഹീത്വാ സാക്ഷാൽ
പൊൽത്താർമാതിൻമണാളൻപുരമഥനുപാമന്ത്ര്യ സൈന്യേന സാകം
ഗത്വാ സൗരാജധാനീം ബഹുവിധവിഭവാലംകൃതാം സത്യഭാമാ-
രമിണ്യാദ്യാഭിരൊച്ചേർന്നഴകിലുഷിതവാൻ
വിശ്വരക്ഷോദിതാത്മാ.

സമാപ്തം.

---

# ബൊമ്പായിലെ കമ്മിട്ടം*

നാമെല്ലാവരും ദിനംപ്രതി കണ്ടും പെരുമാറിയും വരുന്ന ഉറുപ്പിക എന്ന നാണയം ഉണ്ടാകുന്ന സമ്പ്രദായം, അതുണ്ടാക്കുന്ന സ്ഥലം, ഇതുകളെ പറ്റി ചുരുങ്ങിയ ഒരു വിവരം മാത്രമേ ഈ ലേഖനം കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളൂ.



ബ്രിട്ടീഷ് ഇണ്ട്യയിൽ ഈ ആവശ്യത്തിലെയ്ക്ക് രണ്ടു കമ്മിട്ടങ്ങൾ ഉണ്ട്. അതിൽ ഒന്നു ബോമ്പായിലും മറ്റൊന്നു കല്ക്കട്ടായിലും ആണ്. ഇതിൽ വച്ചു പ്രാധാന്യം ബൊമ്പായിലുള്ളതിന്നാണ്. ഈ കമ്മിട്ടത്തിന്നു പയോഗിക്കുന്ന കെട്ടിടം, ആദിയിൽ മേജർ. ജോൺ ഹാക്കിൻസ് എന്ന ഇഞ്ചിനീയരാണു പണിചെയ്യിച്ചത്. ഉദ്ദേശം 150 കൊല്ലത്തിൽ പരം പഴക്കമുണ്ട്. കാലാനുസരണം അവിടവിടെയായി ചില ഭാ

* കമ്മിട്ടം = നാണ്യം നിർമ്മിക്കുന്ന ശാല, നാണ്യനിർമ്മാണം.

...ങ്ങൾ നീക്കപ്പെടാവുന്നതാണെന്നുള്ളാതെ 19,20 ഈ നൂററാണ്ടുകളിൽ പരക്കെ വർദ്ധിച്ചുവന്ന പരിഷ്കാരത്തിന്റെ ആധിക്യത്താൽ പുരാതനമായ കെട്ടിടത്തിന്നു ബാധിപ്പാൻ ആ ദീർഘദർശിയായ ഇഞ്ചിനിയർ ഇട കൊടുത്തിട്ടില്ലാ. 20-ാം നൂററാണ്ടിന്റെ ആദികാണ്ഡം, മോടികൊണ്ടും തെളിയുന്ന നാനാകാരമായ കെട്ടിടങ്ങൾ ഈ പട്ടണത്തിൽ ഉണ്ടെങ്കിലും ഗംഭീരവും, പഴമ, കൌതുകം തുടങ്ങിയുള്ള യോഗ്യതകൾ കൊണ്ടു കാണികളെ വിസ്മയിപ്പിക്കുന്ന ഈ ബോംബാ പട്ടണത്തിലുള്ള ടൌൺഹാളും പ്രസ്തുത കെട്ടിടവും മാത്രമാണത്രേ! ഇവ രണ്ടും ഒരേ കാലത്തു പണിതവയും ആണ്.

നാനാരാജ്യങ്ങളിൽ ഉപയോഗിച്ചു വന്നിരുന്നതും കാലാന്തരത്തിൽ തേഞ്ഞു നടപ്പില്ലാതെ 'കള്ളൻ' എന്ന പേർ സമ്പാദിച്ചതും ആയ പഴയ വെള്ളിനാണയങ്ങളും, ഇതര രാജ്യങ്ങളിൽ നിന്നു വില്പനയ്ക്കായി ഇറക്കുമതി ചെയ്ത കട്ടിവെള്ളികളും, കിട്ടിയേടത്തോളം വില കൊടുത്തു വാങ്ങി ശേഖരിക്കുകയാണു രൂപയുടെ നിർമ്മാണത്തിൽ ആദ്യമായി ചെയ്യുന്നത്. ഈ വെള്ളികളുടെ നന്മ പരിശോധിപ്പാൻ ഒരു പ്രത്യേകം അധികാരിയുണ്ട്. ആയാൾ വേണ്ടുംവണ്ണം പരിശോധിച്ചു തൃപ്തിപ്പെട്ടതിന്റെ ശേഷം വെള്ളി ഒരു കിടാരത്തിൽ ഇട്ട് ഉരുക്കുന്നു. ഉരുക്കി എടുത്ത ആ വെള്ളി ഒന്നു കൂടി നിഷ്കർഷിച്ചു കറ കളഞ്ഞതിന്നു ശേഷം നൂററിൽ 91 ഭാഗം വെള്ളിയും 9 ഭാഗം ചെമ്പും കൂടി വീണ്ടും ഉരുക്കുന്നു. ഈ ഉരുക്കിയ ലോഹം ഉരുക്കിയ പാടേതന്നെ നീളത്തിൽ ചതുരാകൃതിയിലുള്ള ഓരോ 'മൂശ'കളിൽ ഒഴിച്ചു നീണ്ട വെള്ളത്തടികൾ ആക്കി തീർക്കുന്നു. ഈ വെള്ളിക്കട്ടികളെല്ലാം കെട്ടിടത്തിനുള്ളിൽ തന്നെ ഒരു ദിക്കിൽ ശേഖരിക്കുന്നു. ഇപ്രകാരം വാർത്തെടുത്തിട്ടുള്ള തടികളുടെ ചെനച്ചു നില്ക്കുന്ന തുമ്പുപുളുക്കങ്ങളും രാകിക്കളഞ്ഞു വൃത്തിയാക്കി മറെറാരിടത്തു കൂട്ടിയിരിക്കുന്നതും കാണാം. ഇപ്രകാരം അടുക്കിവെച്ചിരിക്കുന്ന വെള്ളികളുടെ കാഴ്ച വളരെ കൌതുകമുള്ളതായിരുന്നു. ആദ്യം തോന്നുകയില്ലെങ്കിലും ഇവയാണ ഉറുപ്പികയുടെ ബീജം എന്നറിഞ്ഞാൽ ഇതുകൾക്കു താനേതന്നെ രമണീയത ഉണ്ടായിത്തീരുകയും ചെയ്യുന്നു. എന്നു തന്നെയല്ല, ഉരുക്കിയ കിടാരത്തിൽ നിന്നു 'മൂശ'യിലേക്കു യന്ത്രവഴി പാലുപോലെ പകർന്നൊഴുകുന്ന ആ ദ്രവദ്രവ്യത്തിന്റെ കാഴ്ച വളരെ കൌതുകമുള്ളതായിരിക്കുമെന്ന് ആലോചിച്ചാൽ അറിയാവുന്നതാണ്. ഈ വെള്ളിത്തടികൾ ക്രമത്തിൽ മറെറാരിടത്തേക്കു സ്ഥലംമാററി അവിടെ വെച്ചിട്ടുള്ള ഒരു യന്ത്രത്തിലേക്കു തള്ളുന്നു. അതേയന്ത്രത്തിന്റെ മറെറാരു ഭാഗത്തുകൂടി അനേകം വെള്ളിത്തകിടുകൾ (ഉറുപ്പികയുടെ കനത്തിലുള്ള) വീണുകൊണ്ടേ ഇരിക്കുന്നു. പക്ഷേ കാണികൾക്ക് ഇത് ഒരു 'കൺകെട്ടാ'ണെന്നു തോന്നുമായിരിക്കാം. എന്നാൽ വാസ്തവത്തിൽ തള്ളുന്ന തടികളെ ചീന്തി തകിടാക്കുകയാണ് ഈ യന്ത്രത്തിന്റെ ജോലി. തകിടുകൾ ക്രമത്തിലെടുത്തു കഴുകി വെടിപ്പുവരുത്തി ഓരോ തകിടിൽനിന്നും ഉറുപ്പികയുടെ വട്ടത്തിൽ ഓരോ കഷണം യന്ത്രശക്തികൊണ്ടു ചൂന്നെടുത്തു മറെറാരു ത്രപയോടൊപ്പിച്ചു കനം പരിശോധിക്കുന്നു. ഈ പരിശോധനയിൽ തൃപ്തികരമായി കണ്ട തകിടുകളെല്ലാം മറെറാരിടത്തയച്ച് മുൻപ്രസ്താവിച്ച പ്രകാരം ഓരോന്നും വൃത്താകാരമായ കഷണങ്ങളാക്കിത്തീർക്കുന്നു. ചൂന്നെടുത്തു ബാക്കിയുണ്ടാകുന്ന തകിടുകളുടെ കണ്ട

ങ്ങൾ വീണ്ടും ഉരുക്കുന്ന കിടാരത്തിലേക്കു തന്നെ അയയ്ക്കുകയും ചെയ്യുന്നു. ഇപ്രകാരം വൃത്താകാരമാക്കിത്തീർത്ത വെള്ളിക്കഷണങ്ങൾക്ക് അകലത്തുനിന്നു നോക്കിയാൽ ഉറുപ്പികയുടെ ആകൃതി തോന്നുമെങ്കിലും വാസ്തവത്തിൽ ഉറുപ്പികയായി ആരും വിലവെക്കാറില്ലാത്തതുകൊണ്ടായിരിക്കാം കമ്മിട്ടജ്ജോലിക്കാർ ഇതിനെ, 'ബ്ലാങ്ക്സ്' (ബ്ലാങ്കി എന്നു നമ്മളും പറയാറുണ്ടല്ലോ) എന്നു പറഞ്ഞുവരുന്നത്. ഈ 'ബ്ലാങ്കി'കളെല്ലാം മറ്റൊരു യന്ത്രത്തിലിട്ട് പുറ്റുകുന്നതോടുകൂടി ഇതുകളുടെ അറ്റംകഴിഞ്ഞ് വക്കുകൾ അല്പം തടിച്ച് ആകമാനം സമ്പ്രദായം ഒന്നു മാറിക്കാണുന്നു. യന്ത്രത്തിന്റെ ഒരു മുഖത്തുകൂടി കോരിക്കോരി ഇടുന്ന 'ബ്ലാങ്കി'കൾ ഒക്കെയും മറ്റൊരു മുഖത്തിൽനിന്ന് ആകൃതിമാറ്റത്തോടെ പ്രവഹിക്കുന്നതു കാണേണ്ടതായ മറ്റൊരു കാഴ്ചയാണ്. ചെപ്പിടിവിദ്യക്കാർ ആകാശത്തിൽ നിന്നും മാറും അനവധി ഉറുപ്പിക വീഴ്ത്തുന്ന വിദ്യ വായനക്കാർ കണ്ടിട്ടുണ്ടായിരിക്കാം. എന്നാൽ ഇവരുടെ 'കയ്യടക്കം' നമ്മുടെ യന്ത്രത്തിനോട് ഒരിക്കലും കിടപിടിക്കയില്ലെന്നു തീർച്ചതന്നെ. യന്ത്രത്തിൽനിന്നു നിരന്തരമായി പ്രവഹിക്കുന്ന ലോഹക്കണ്ടങ്ങൾ അരികിൽ വെച്ചിരിക്കുന്ന ഒരു മരപ്പെട്ടിയിലേക്കാണു വീഴുന്നത്. ആ പെട്ടിയുടെ അരികെ തന്നെ കറുത്തിരുണ്ട നിറത്തിൽ കീറിപ്പൊളിഞ്ഞ വസ്ത്രം ധരിച്ച്, 'നമുക്കു സമരാവർ' എന്ന നാട്യത്തിൽ നിശ്ചഞ്ചലനായി ഒരു കടവയറനായ ചെറുക്കൻ സാധാരണയായി നില്ക്കുന്നുണ്ടായിരിക്കും. നിറയുന്ന പെട്ടി മാറി ഒഴിഞ്ഞ പെട്ടി യഥാസ്ഥാനത്തു വെച്ചുകൊടുക്കുക മാത്രമാണ് ഈ ചെറുക്കന്റെ ജോലി. എണ്ണം പിടിപ്പിച്ച ഈ 'ബ്ലാങ്കി'കൾ തൂക്കം നോക്കുകയാണ് പിന്നത്തെ ജോലി. അതിസൂക്ഷ്മമായ വ്യത്യാസത്തെ (ഒരു ഗ്രെയിന്റെ തൂക്കത്തിന്റെ 200-ൽ ഒരംശംപോലും) പ്രത്യക്ഷത്തിൽ അറിയിക്കുന്ന ഒരു തുലാസ്സുകൊണ്ടാണ് തൂക്കുന്നത്. 108 ഗ്രെയിൻ ആണ് ഒരുറുപ്പികയുടെ തൂക്കം. തൂക്കം നോക്കുവാനായി തുലാസ്സിൽ കയറുന്ന 'ബ്ലാങ്കു'കൾ എല്ലാം തൂക്കി 'കൃത്യം' 'ജാസ്തി' 'കമ്മി' ഇങ്ങിനെ മൂന്നു തരത്തിലായി ഭാഗിച്ച് ഓരോരോ സ്ഥാനത്തു സ്ഥാപിക്കുകകൂടി ഈ തൂക്കുന്ന യന്ത്രം കഴിച്ചുവക്കും. അതല്ലാതെ വെറുംതൂക്കം നോക്കുക മാത്രമല്ല. 'കമ്മി' എന്നതിൽ പെട്ട 'ബ്ലാങ്കു'കൾ ഉരുക്കുന്ന സ്ഥലത്തേക്കു തന്നെ പിന്നെയും അയക്കും. 'ജാസ്തി' എന്നുകാണുന്നവ രാകി ശരിപ്പെടുത്തി 'കൃത്യ'ക്കാരൊന്നിച്ചു ദ്രവം വരുത്തുന്ന ആലയിലേക്കയക്കും. ഈ ആലയിൽ ഇ[illegible] നിന്നാൽ 'ബ്ലാങ്കി'കൾ കൃഷ്ണവർണ്ണങ്ങളായി തീരും. പിന്നീട് ഗന്ധകദ്രാവകത്തിലിട്ടു മുക്കി നിറം വരുത്തുന്നു. നിറം വരുത്തിയവയെ എല്ലാം ചക്രവർത്തിയുടെ ഛായ, കൊല്ലം മുതലായ മുദ്രകൾ അടിക്കുന്നതിന്നായി മറ്റൊരു യന്ത്രത്തിലേക്കു പ്രവേശിപ്പിക്കുന്നു. ആ യന്ത്രത്തിൽ പ്രവേശിച്ച ഉടനെ ഒരടികൊണ്ട് ഇരുഭാഗത്തെ മുദ്രകളും എന്നിന്മേൽ വക്കുകളും ഒന്നിച്ചു വീണ് ബ്ലാങ്കികൾ ഉറുപ്പികയുടെ ആകൃതിയിലായി പരിണമിക്കുന്നു. ഇപ്രകാരം 7½ ലക്ഷം ഉറുപ്പിക വീതം സാധാരണയായി ദിവസത്തിൽ നിരന്തരം ബോംബെ കമ്മിട്ടത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു; കമ്മിട്ടത്തിൽ ഉപജീവനക്കാർ 700 പേർ ഉണ്ട്.

ഉറുപ്പികയുടെ സൃഷ്ടി ഇങ്ങിനെ ഒരു മാതിരി കഴിഞ്ഞു. എന്നാൽ അതിനെ പുറത്തു സഞ്ചരിക്കാൻ വിടുന്നതിന്നു മുമ്പ് ഒരു കാര്യംകൂടി ചെയ്യാനുണ്ട്. സൃഷ്ടി കഴി

ന്നു വീഴുന്ന ഉറുപ്പികകൾ ഒന്നൊന്നായി എടുത്ത് അതുകളുടെ മുദ്രകൾ മാത്രം പരിശോധിച്ചു നോക്കുന്ന കരുതരം വേലക്കാരുണ്ട്. അവരുടെ നോട്ടം കഴിഞ്ഞാൽ അവക്ക് നല്ലതാണെന്നു തോന്നിയ ഉറുപ്പികകളെല്ലാം എറിഞ്ഞു ശബ്ദം പരിശോധിക്കാനായി ആ ജോലിക്കാരായ ചെറിയ കുട്ടികളെ ഏല്പിക്കുന്നു. നാണ്യനിൎമ്മാണത്തിൽ യന്ത്രം ഉപകരിക്കാത്ത പണി ഇതൊന്നു മാത്രമാണ്! ഈ കുട്ടികൾ ഈ പ്രവൃത്തിയിൽ അതിവിദഗ്ദ്ധന്മാരുമാണ്. കുട്ടികൾ വരിവരിയായി നിരന്നിരിക്കും. അവരുടെ മുമ്പിൽ ഒട്ടത്തിൽ ഓരോ കല്ലും ഉണ്ടായിരിക്കും. ഈ കല്ലിന്മേലാണ കുട്ടികൾ ഉറുപ്പിക എറിയുന്നത്. എറുകളുടെ ആധിക്യം നിമിത്തം കല്ലുകളുടെ നടു കുഴിഞ്ഞിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഇപ്രകാരം അനേകം കുട്ടികൾ നിരന്തരമായി കല്ലിന്മേൽ എറിയുന്ന ഉറുപ്പികകളുടെ കലകലശബ്ദംകൊണ്ടു കെട്ടിടമൊട്ടുക്ക് മാറൊലികൊണ്ടു നിറഞ്ഞിരിക്കും. ഈ ശബ്ദകോലാഹലത്തിനിടയിൽ, സംഗീതരസികന്മാർ അപശ്രുതി അറിയുന്നപോലെ, കള്ളഉറുപ്പികയുടെ ശബ്ദം ഈ ചെറിയ മിടുക്കന്മാർ പെട്ടെന്ന് അറിയുന്നു. എന്നുമാത്രമല്ല അപശ്രുതി ഉണ്ടാക്കിയ ഉറുപ്പികക്ക് ഉടനെ സ്ഥാനഭ്രംശം വരുത്തുകയും ചെയ്യുമത്രെ!. ശബ്ദം നോക്കി കഴിഞ്ഞാൽ ഉറുപ്പിക പെട്ടികളിൽ നിറച്ചുകെട്ടി അയക്കുകയും ചെയ്യുന്നു.

ആർ. പി.

# സരോജബാല*



ട്ടാൻ കോട്ട ശിവാജിക്കധീനമായപ്പോൾ അദ്ദേഹം അവിടെ ഒരു ദുൎഗ്ഗാക്ഷേത്രം സ്ഥാപിച്ച് ജനാൎദ്ദനദേവനെന്നു പേരുള്ള ഒരു ബ്രാഹ്മണനെ അതിലെ പൂജകനായി നിയമിച്ചിരുന്നു. വന്ദ്യനായ ഈ ആചാൎയ്യന്റെ ജ്യേഷ്ഠപുത്രിയായിരുന്നു സരോജബാല. ജനാൎദ്ദനദേവന്റെ ഭാൎയ്യ മരിച്ചതിൽ പിന്നീട് അവൾ അദ്ദേഹത്തിനു അവലംബവും ജീവിതസൎവ്വസ്വവുമായിരുന്നു. വൃദ്ധനായ സ്വപിതാവിനെ അവൾ വേണ്ടപോലെ പരിചരിച്ചു പോന്നിരുന്നു. ക്ഷേത്രത്തിനു ചുറ്റുമുണ്ടായിരുന്ന ചെറിയ പൂന്തോപ്പിൽ നിന്നും ആചാൎയ്യനുവേണ്ടി അവൾ പലപ്പോഴും പുഷ്പങ്ങൾ ശേഖരിക്കാറുണ്ടായിരുന്നു.

ഒരു ദിവസം അവൾ അതിവേഗത്തിൽ പൂവറുത്തു നില്ക്കയായിരുന്നു. രഘുനാഥനെന്നു പേരുള്ള സുകുമാരശരീരനായ ഒരു ഹവൽദാർ ആ സമയം അവിടെ ചെന്നു ചേൎന്നു. മഹമ്മദന്മാരുമായി പൊരുതുന്നതിന് ജഗദംബയായ ദുൎഗ്ഗയുടെ അനുവാദം വാങ്ങുന്നതിനായി ശിവാജിയാൽ ജനാൎദ്ദനദേവന്റെ വസതിയിലേയ്ക്കയയ്ക്കപ്പെട്ടിരുന്ന ഒരു സാദിഭടനായിരുന്നു അയാൾ. യദൃച്ഛയാ അയാളുടെ നോട്ടം സരോജയിൽ പതിച്ചു. പതിമ്മൂന്നു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന അവൾ ഒരു സൌന്ദൎയ്യമ

* സി. എച്ച്. സി. മാഗസിനിൽ നിന്നും, ചുരുക്കപ്പെട്ടത്. ലേഖകനിൽ.

ള്ള പെൺകുട്ടിയായിരുന്നു. കറുത്തു് കാലോളം നീണ്ടു ചുരുണ്ടുകിടക്കുന്ന തലമുടി, രോജാപുഷ്പത്തിന്റെ മനോഹരമായ വർണ്ണത്തെ വഹിക്കുന്ന കവിൾത്തടങ്ങൾ, പേടിച്ചോടുന്ന മാൻപേടയുടേതുപോലെ മനോജ്ഞമായ നേത്രങ്ങൾ, വളഞ്ഞ പുരികങ്ങൾ, വിസ്താരമായ നെററിത്തടം, ലളിതവും പാടലവുമായ അധരങ്ങൾ, മൃദുമൃണാളങ്ങൾ പോലുള്ളതും തങ്കക്കാപ്പിട്ടലങ്കരിച്ചിരിക്കുന്നതുമായ കയ്ത്തണ്ടുകൾ, ഹിമശ്വേതമായ കഴുത്തിൽ ചുററിക്കിടക്കുന്ന വിലയേറിയ മുത്തുമാല, സായന്തനസൂര്യന്റെ കിരണങ്ങൾ തട്ടി പതിവിലും പത്തിരട്ടി പകിട്ടുകൂടിയ മുഖം, ഇവയെല്ലാം രഘുവിന്റെ ദൃഷ്ടിയെ കുറേനേരം ആകർഷിക്കയും അയാളുടെ മനസ്സിനെ വശീകരിക്കയും ചെയ്തു. അന്യനായ ഒരു പഥികന്റെ കടക്കണ്ണുകൾക്കു താൻ ലാക്കാണെന്നുള്ളത് ഏതുമറിയാതെ സരോജ പതിവുപോലെ പൂവറുത്തുകൊണ്ടു പൊയ്ക്കളഞ്ഞു. ചെറിയൊരു പൂക്കൂട്ടയിൽ പുഷ്പം വഹിച്ചുകൊണ്ടു ദേവാലയത്തിലേക്കു പോകുന്ന വഴിയിൽ അവൾ രഘുവിനെയും കാണാനിടയായി. അവരുടെ നോട്ടങ്ങൾ തമ്മിലിടഞ്ഞു. ജനാർദ്ദനാചാര്യനോടു പറയാനുള്ള സന്ദേശം പറഞ്ഞുതീർന്നപ്പോൾ അദ്ദേഹം രഘുവിനെ അന്നു രാത്രി അവിടെ താമസിച്ചു പോവാൻ ക്ഷണിച്ചു. ഭക്ഷണസാധനങ്ങൾ വിളമ്പിയതു സരോജയായിരുന്നു. ഊണിന്റെ കാര്യത്തിലും ഗൌരവമേറിയ ചില വിചാരങ്ങൾ രഘുവിനെ ക്ഷോഭിപ്പിച്ചു. കഷ്ടിച്ചു മൂന്നാലുരുള അകത്താക്കിയ ശേഷം അയാൾ കിടക്കാനുള്ള മുറിയിലേക്കു പോയി. ഉറക്കം വരാത്തതിനാൽ ഉദ്യാനത്തിലിറങ്ങി അങ്ങോട്ടുമിങ്ങോട്ടും നടക്കാൻ തുടങ്ങി. സരോജ കഴുത്തിലണിഞ്ഞിരുന്നതാണെന്നയാൾക്കു തോന്നിയ ഒരു മുത്തുമാല അവിടെ ഒരു ദിക്കിൽ കിടക്കുന്നതായി രഘു കാണുകയുണ്ടായി. അതൊരു ശുഭസൂചകമാണെന്നു നിനച്ചു് കയ്യിലെടുത്തു ആചാര്യന്റെ അനുഗ്രഹം വാങ്ങിക്കൊണ്ടു പിറേറന്നു രാവിലെ രഘുനാഥൻ പോവാനൊരുങ്ങി. എന്നാൽ സരോജയെ മുഖതാവിൽ കണ്ടു് ആ മാല അവളെ ഏല്പിക്കുന്നതിന് അയാൾ തീരുമാനിച്ചിരുന്നു. രഘു അവളെ പൂന്തോട്ടത്തിൽ കണ്ടുമുട്ടി. മതിയായ ഉപചാരവാക്കുകളോടുകൂടി അയാൾ ആ മാല അവളെ ഏല്പിച്ചു.

ഇടറിയ സ്വരത്തിൽ അവൾ പറഞ്ഞു:— 'നിങ്ങൾ ചെയ്ത ഉപകാരത്തിനു വന്ദനം. ഇനി എപ്പോഴെങ്കിലും ഈ പ്രദേശങ്ങളിൽ വരുമ്പോൾ ഇവിടെക്കൂടി വന്നുകണ്ടുപോവാൻ മടിക്കയില്ലെന്നു വിശ്വസിക്കുന്നു', രഘുനാഥൻ മറുപടി പറഞ്ഞു:— 'ഇനി എന്നെങ്കിലും ഇവിടെ വരാൻ എനിക്കു സാധിക്കുമോ എന്നു് ജഗദീശ്വരനു മാത്രമേ അറിയാവൂ. എന്നാൽ ഭവതിയുടെ ഔദാര്യം, സാധുപ്രകൃതം, എല്ലാററിലും ഉപരി മനോഹരമായ ഈ മുഖം ഇവയെല്ലാം എന്നെന്നും എന്റെ മനസ്സിൽ നിന്നും മായുന്നതല്ല'.

സരോജയ്ക്കു സംസാരിക്കാൻ വയ്യാ. മുത്തു പോലുള്ള മൂന്നാലു കണ്ണീർകണങ്ങൾ അവളുടെ കവിൾപ്പൂക്കളിൽ പൊടിഞ്ഞു. രഘു അവിടെ നിന്നും തിരിച്ചു. കണ്ണെത്തുന്നേടം വരെ, ക്രമേണ മാഞ്ഞുപോകുന്ന ആ അശ്വാരൂഢന്റെ രൂപത്തെ അവൾ സൂക്ഷിച്ചു നോക്കി. അതുമുതൽ വലുതായ ഒരു മാററം അവളിൽ സംഭവിച്ചു. പൂവറുക്കാൻ പോകുന്ന സമയത്തെല്ലാം ഹൃദയംഗമങ്ങളായ ദിവാസ്വപ്നങ്ങളിൽ അവൾ മഗ്നയായിരുന്നു. രഘുനാഥൻ പല യുദ്ധങ്ങളിലും വിജയിയായെന്നും, അയാൾ ഒരു വെള്ളക്ക

മിപ്പുറത്തു കയറി തന്റെ അടുക്കലേയ്ക്കു വരുന്നുവെന്നും സരോജയ്ക്കു തോന്നിയിരുന്നു. താനും രഘുവുമായുള്ള വിവാഹത്തിനു സ്വപിതാവു് അനുവാദം നൽകിയെന്നും, ആ അടിയന്തിരം നടക്കയാണെന്നും അവൾ വിചാരിച്ചു. കണക്കില്ലാത്ത ഇത്തരം മനോരാജ്യങ്ങൾ അവളെ സന്തോഷിപ്പിച്ചിരുന്നുവെങ്കിലും അവയെല്ലാം വെറും കിനാവുകൾ മാത്രമായിരുന്നു. ദിവസങ്ങളും മാസങ്ങളും കഴിഞ്ഞു. ജനാർദ്ദനദേവനെ കൂട്ടിക്കൊണ്ടു ചെല്ലണമെന്നുള്ള ശിവാജിയുടെ കല്പന നിറവേററാനായി രഘുനാഥൻ ഒരു ദിവസം കോട്ടയിൽ വന്നെത്തി. രഘുവിനെ അനുഗമിക്കുന്നതിൽ സരോജയ്ക്കു് അതിരററ സന്തോഷമുണ്ടായിരുന്നു. ആ രാത്രിയിലത്തെ സംഭാഷണത്തിനിടയിൽ രഘുനാഥൻ തന്റെ കുലമഹിമയേപ്പററിയും ഓരോന്നു സംസാരിച്ചു. ആ വൃദ്ധാചാര്യൻ എല്ലാം ശാന്തതയോടെ കേട്ടിട്ടു് ഇപ്രകാരം പറഞ്ഞു:—'രഘു! ഞാൻ നിങ്ങളുടെ കുടുംബത്തെപ്പററി അറിയും. സരോജയും ഒരു നല്ല ക്ഷത്രിയവംശത്തിൽ ജനിച്ചവളാണ്. ഈ യുദ്ധം മംഗളമായി അവസാനിച്ചാൽ നിങ്ങൾ ദമ്പതികളായിത്തീരണം.'

കുരുടനു കണ്ണു തെളിഞ്ഞാൽ രഘുവിന്റത്ര സന്തോഷമുണ്ടാവില്ല. ഈ സംഭാഷണമെല്ലാം സരോജയും കേട്ടു. അവൾക്കു പരസ്പരമൊന്നും സംസാരിക്കാൻ സാധിച്ചില്ല. പിറേറന്നാൾ പ്രഭാതത്തിൽ അവർ മൂവരും യാത്ര പുറപ്പെട്ടു. സരോജയോടു സംസാരിക്കുന്നതിനു വേണ്ട ധൈര്യം തലേന്നാൾ രാത്രികൊണ്ടു രഘുനാഥൻ സമ്പാദിച്ചു.

'ദേവീ! ഞാൻ പോകുന്നു. നാളെ നിങ്ങൾ രാജഗൃഹത്തിലും ഞാൻ പടക്കളത്തിലുമായിരിക്കും.'

സരോജയിതു കേട്ടു. അവളുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. 'സർവ്വശക്തനായ ദൈവം അങ്ങേ രക്ഷിയ്ക്കട്ടെ.' എന്നവൾ പറഞ്ഞു.

രഘു പറഞ്ഞു:—'ഈ പാവപ്പെട്ട ഭടനെ ദേവി മറക്കയില്ലല്ലോ.'

ഓരോന്നു വിചാരിച്ചുകൊണ്ടിരുന്ന ആ പെൺകുട്ടി അതിനിടയിൽ പതുക്കെ പറഞ്ഞു:—'ഹാ! അതെനിയ്ക്കു സാധ്യമോ!'

ആരംഗസീബുമായുള്ള യുദ്ധത്തിൽ ജയസിംഹൻ ശിവാജിയെ സഹായിക്കാമെന്നു വാഗ്ദാനം ചെയ്തു. രഘുനാഥൻ യുവാവാണെങ്കിലും ഒരു ധീരഭടനായിരുന്നു. അയാൾ എപ്പോഴും ശിവാജിയെ അനുഗമിച്ചിരുന്നു. ഷയിസ്തഖാനുമായുണ്ടായ പോരിൽ രഘുനാഥൻ ശിവാജിയുടെ പ്രാണരക്ഷ ചെയ്തു. താൻ പല അവസരങ്ങളിലും അനേകം ധീരകൃത്യങ്ങൾ പ്രവർത്തിച്ചു. ശിവാജി അയാളിൽ വളരെ ദയവു ഭാവിച്ചുവന്നിരുന്നു. ബഹുമാനസൂചകമായി വിശേഷപ്പെട്ട ഒരു ഖഡ്ഗം അദ്ദേഹം രഘുവിനു സമ്മാനിച്ചു. ജയസിംഹനും ശിവാജിയും ബീജപ്പൂർ രാജാവിനോടു നേരിട്ടു. ജനാർദ്ദനദേവൻ, സരോജബാല, രഘുനാഥൻ ഇവരെല്ലാം ശിവാജിയുടെ പാളയത്തിൽ തന്നെയായിരുന്നു താമസം. രാത്രികാലങ്ങളിൽ അയാൾ ആചാര്യനേയും പുത്രിയേയും ചെന്നു കാണുകയും, പടനിലത്തിലെ പലവിധ സംഭവങ്ങളെ പറഞ്ഞു കേൾപ്പിക്കയും പതിവായിരുന്നു. ബലത്ത കോട്ടമതിൽ കെട്ടി ഉറപ്പിച്ചിട്ടുണ്ടായിരുന്ന 'ഓർമൻഡൽ' പ്രാകാരത്തെ രാത്രികാലത്തു നിരോധിച്ചു കൈവശപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നു. ആ വേലയ്ക്കു നിയമിച്ചിട്ടുണ്ടായിരുന്നവരെല്ലാം യാത്ര തുടങ്ങി. ഇതിൽ ചേരേണ്ടിയിരുന്ന രഘുനാഥനാകട്ടെ അല്പം വൈകീട്ടു മാത്രമേ ആ കൂട്ടത്തിൽ ചെ

ന്നുചേൎന്നുള്ളു. കോട്ട ശിവാജിക്കധീനമായി. ആ ദുൎഗ്ഗത്തെ ആദ്യം അതിലംഘിച്ചതു രഘുനാഥൻതന്നെയായിരുന്നു. അവിടെ ഉണ്ടായിരുന്ന അഫ്ഘാന്മാരിൽ ചിലരെല്ലാം ബന്ധനസ്ഥരായി. ഏതാനും പേർ ഓടിക്കളഞ്ഞു. ശേഷിച്ചവർ കാലവശരായി. ശിവാജിയുടെ പക്ഷത്തിലും പലരും മരിച്ചു. അടുത്ത ദിവസം ഒരു 'ദർബാർ' ഉണ്ടായി. ജയസിംഹനും ഹാജരുണ്ടായിരുന്നു. തലേന്നാൾ രാത്രിയിൽ തടവിൽ വെച്ചിരുന്ന അഫ്ഘാൻമാരെയെല്ലാം സ്വതന്ത്രരാക്കി വിടുന്നതിനും പ്രാകാരരക്ഷകനെ തന്റെ മുമ്പിൽ കൊണ്ടുവരുന്നതിനും ശിവാജി ആജ്ഞാപിച്ചു. കയ്യും കാലിനും വിലങ്ങോടുകൂടി വന്ന അയാളുടെ ബന്ധനമെല്ലാം സ്വകരങ്ങളാൽ ശിവാജി വേർപെടുത്തി. അയാളെ ആശ്ലേഷം ചെയ്തിട്ടു 'നിങ്ങൾക്കിഷ്ടമുള്ള മറേറതു ദിക്കിലേക്കും പൊയ്ക്കൊള്ളുന്നതിൽ വിരോധമില്ല.' എന്നദ്ദേഹം കല്പിച്ചു.

ശിവാജിയുടെ ഉദാരവും ദയാപുരസ്സരവുമായ ഈ പ്രവൃത്തി ആ കോട്ടകാവൽക്കാരനെ സവിശേഷം വശീകരിച്ചു. അയാൾ പറഞ്ഞു: 'ശിവാജി! അവിടത്തെ ദയാപൂൎവമായ ഈ പ്രവൃത്തിക്കു ഞാൻ കടപ്പെട്ടുപോയിരിക്കുന്നു. നിങ്ങൾക്കു കഴിഞ്ഞ രാത്രിയിൽ അനേകം പടയാളികൾ നഷ്ടപ്പെട്ടു. അങ്ങേടെ സേനയിൽ തന്നെയുള്ള ഒരു ഭടനിൽ നിന്നു ലഭിച്ച രഹസ്യമായ അറിവിനാലത്രെ എനിക്കിതിനു സാധിച്ചതു്. ഞാൻ ഒരുങ്ങിയിരിക്കയായിരുന്നു. അയാളുടെ പേരു ഞാൻ പറയുന്നില്ല. എന്നാൽ നിങ്ങളുടെ ആളുകളെല്ലാം വിശ്വസ്തഭക്തന്മാരല്ല.'

ഇത്രയും പറഞ്ഞിട്ടു അയാൾ അവിടെനിന്നും കടന്നുപോയി. ശിവാജിയുടെ കോപം ജ്വലിച്ചു. അദ്ദേഹത്തിന്റെ മുഖം ചുവന്നു. ദേഹം വിറച്ചു. അടുത്തുനിന്നിരുന്ന ഭടന്മാർ നിശ്വാസരഹിതന്മാരായി നിന്നു.

ശിവാജിയെ സമാധാനപ്പെടുത്താനായി ജയസിംഹൻ ഭടന്മാരോടിങ്ങനെ ചോദിച്ചു: 'ഇന്നലെ രാത്രി നിങ്ങളിലാരെങ്കിലും ഹാജരാകാതിരിക്കയോ താമസിച്ചുവരികയോ ഉണ്ടായോ? ഈ നില്ക്കുന്നവരെല്ലാം വിശ്വസ്തഭൃത്യന്മാരാണെന്നു ശിവാജിക്കു ബോധമുണ്ടു്. ഒരു രാജദ്രോഹിക്കുവേണ്ടി ആ വിശ്വാസത്തെ നിങ്ങൾ ഇല്ലായ്മ ചെയ്യരുതു്. പക്ഷെ കഴിഞ്ഞ യുദ്ധത്തിൽ മരിച്ചുപോയ ആളാണെങ്കിലും അയാളുടെ പേരു പറയണം. അഥവാ ഇപ്പോഴും അവൻ ജീവിക്കുന്നുണ്ടെങ്കിൽ ഇവിടെ കൂട്ടിക്കൊണ്ടുവരിക.'

ചന്ദ്രരായരെന്നു പേരുള്ള ഒരു ഭടൻ മുൻപോട്ടു വന്നു പറഞ്ഞു: 'ഒരു ഹവൽദാർ ഇന്നലെ രാത്രി ഞങ്ങളോടുകൂടി ചേരുകയുണ്ടായി.'

ശിവാജി ഗൎജ്ജിച്ചു: 'അവന്റെ പേരു പറ; ഇനിയും അയാൾ ജീവിച്ചിരിക്കുന്നോ?'

സൂചിപോലും താഴത്തു വീഴുന്ന ശബ്ദം കൂടി കേൾക്കത്തക്കവണ്ണം ഒരു ഗാഢമായ നിശ്ശബ്ദത അവിടെയെല്ലാം പരന്നു. ഒടുവിൽ ആ ദ്രോഹിയുടെ പേരു പറയപ്പെട്ടു. 'രഘുനാഥഹവൽദാർ.'

'എടാ! വഞ്ചക!' ശിവാജി കോപത്തോടുകൂടി പറഞ്ഞു. 'രഘുനാഥന്റെ യശസ്സിനെ ഈ വാക്കുകൾ മലിനപ്പെടുത്താൻ കഴികയില്ല. എനിക്കയാളെ അറിയാം. അയാളുടെ ധൈൎയ്യം ഞാൻ കണ്ടിട്ടുണ്ടു്. ഈ കളവു പറഞ്ഞതിനുള്ള പ്രതിഫലം ഇതാ തന്നേക്കാം.'

ശിവാജി തൻെറ വാളൂരി ചന്ദ്രരായടെ ശിരച്ഛേദം ചെയ്യുവാനോങ്ങി. തൽക്ഷണം രഘുനാഥൻ മുമ്പോട്ടു വന്നു പറഞ്ഞു: 'അതു ശരിയാണ്. ഇന്നലെ രാത്രി ഞാനല്പം വൈകിപ്പോയി. ചന്ദ്രരായരെ ഉപദ്രവിക്കരുതു്.'

'രഘുനാഥ!' ഇടിവെട്ടുംവണ്ണം ശിവാജി ഉച്ചരിച്ചു. 'നിന്നാൽ ഈ കോട്ട ഇന്നധീനമാക്കപ്പെട്ടു. നീ ഒരു രാജദ്രോഹിയുമാണോ?'

രഘു പ്രതിവചിച്ചു: 'പ്രഭോ! ഈ നീചമായ കററത്തെക്കുറിച്ചു യാതൊന്നും എനിക്കറിയവയ്യ.'

ഉജ്ജ്വലിക്കുന്ന ക്രോധത്തോടുകൂടി ശിവാജി തൻെറ ഖഡ്ഗംകൊണ്ടു രഘുവിനെ മാഞ്ഞി വെട്ടാൻ തുടങ്ങി. രഘുവാകട്ടെ, ഒരു കല്ലുപോലെ അനക്കമില്ലാതെയും സമാധാനത്തോടു കൂടിയും നിന്നതേയുള്ളു. വേഗത്തിൽ ശിവാജിയുടെ കയ്യു കേറിപ്പിടിച്ചുകൊണ്ടു ജയസിംഹൻ പറഞ്ഞു: 'ശിവാജി! ഞാനെൻെറ ജീവിതം മുഴുവൻ യുദ്ധത്തിൽ കഴിച്ചിട്ടുണ്ട്. രഘുവിൻെറ മുഖഭാവം കൊണ്ടു് അയാളൊരു നിരപരാധിയാണെന്നു ഞാനറിയുന്നു. ധീരനായ ഒരു യോദ്ധാവിനെ കൊല്ലുന്നതിനു വേണ്ടി നിങ്ങൾ പശ്ചാത്തപിക്കാനിടയാകും. അങ്ങയിൽ നിന്നു് ഇയാളുടെ ജീവനെ ഞാൻ യാചിക്കുന്നു.'

ശിവാജിക്കു നിരസിക്കാൻ കഴികയില്ല. വാളു വെച്ചു വല്ലടിക്കിലും പൊയ്ക്കൊള്ളുന്നതിനദ്ദേഹം രഘുവിനോയാജ്ഞാപിച്ചു. ഈ വർത്തമാനം കാട്ടുതീപോലെ നാടെങ്ങും പരന്നു. സരോജയും ഇതു കേട്ടു. എന്നാൽ രഘുനാഥൻ ഈ വിധത്തിലൊരു കൃത്യം ചെയ്യുമെന്നു് അവൾ തീരെ വിശ്വസിച്ചില്ല. അവളുടെ മനോജ്ഞമായ ആശാലത അടിച്ചോടിക്കപ്പെട്ടുവെങ്കിലും രഘുവിൻെറ രക്ഷയ്ക്കായി അവൾ പ്രാർത്ഥിച്ചുവന്നിരുന്നു.

ഈ സംഭവത്തിനുശേഷം വളരെനാൾ കഴിഞ്ഞൊരു ദിവസം, ഓരോ മനോരാജ്യങ്ങളിൽ മുഴുകിയ സരോജബാല ഒരു പുൽതകിടിയിന്മേൽ ഇരിക്കുമ്പോൾ ജട പിടിച്ച ശ്മശ്രുവും കേശവും വളർത്തിയ ഒരു സാധു അവളുടെ സമീപത്തേക്കു വന്നുചേർന്നു. അവൾ അവിചാരിതമായി ആയാളാൽ ആകർഷിക്കപ്പെടുകയും 'നിങ്ങൾക്കു് എന്നിൽനിന്നെന്തെങ്കിലും അറിയണമൊ?' എന്നു് ആ സാധു അവളോടു ചോദിക്കയുമുണ്ടായി.

'എനിക്കു നിന്നെ അറിയാമെന്നു തോന്നുന്നു.' അയാൾ പറഞ്ഞു. 'ലോകരൊരു രാജദ്രോഹിയെന്നു വിളിക്കുന്ന ഒരു ഭടനെക്കുറിച്ചു തനിക്കു ചിലതു ചോദിക്കാനുണ്ട്, ഇല്ലേ?'

കോപത്തെ കാണിക്കുന്ന സ്വരത്തിൽ സരോജ പറഞ്ഞു:- 'നിങ്ങളൊരു സൂത്രക്കാരനും മായാവിയുമായിരിക്കാം. രഘു ഒരു സ്വാമിദ്രോഹിയായിരിക്കുന്ന കാര്യം അസാദ്ധ്യമാണ്.' ആ 'ഭടനും നിനക്കും തമ്മിൽ അതിരററ അനുരാഗബന്ധമുണ്ടെന്നു തോന്നുന്നു.' സാധു പറഞ്ഞു. 'അയാളെ ഇനിയെപ്പോഴെങ്കിലും ഞാൻ കണ്ടാൽ നിനക്കുവേണ്ടി എന്തെങ്കിലും പറയാനുണ്ടോ?'

'അപ്പോൾ നിങ്ങളുദ്ദേഹത്തെ ഒരിക്കൽ കണ്ടിരിക്കുന്നു.' സരോജ പ്രതിവചിച്ചു. 'താൻ ഇനി എന്തു ചെയ്യാൻ പോകുന്നുവെന്നു അയാൾ നിങ്ങളോടു പറകയുണ്ടായോ?'

സാധു:— 'ഉവ്വ് അയാളെ ഞാൻ കണ്ടിട്ടുണ്ട്. തൻെറ നിരപരാധിത്വത്തെ തെളിയിപ്പാനൊ ജീവത്യാഗം ചെയ്യാനൊ അയാൾ നിശ്ചയിച്ചിരിക്കുന്നു.

അവൾ—'സരോജ ഒരു രാജപുത്രകന്യയാണെന്നും ആജീവനാന്തം അവൾ രഘുവിന്റെ സ്തുതികൾ പാടുകയും അദ്ദേഹം ഒരു നിരപരാധിയാണെന്നു നിശ്ചയം ചെയ്യുമെന്നും അവിടെ പറക തന്നെ.'

സന്ധ്യ—'തന്റെ നിരപരാധിത്വത്തെ തെളിയിക്കാനുള്ള അയാളുടെ ശ്രമം വിഫലമാകാനേ മാർഗ്ഗം കാണുന്നുള്ളൂ.'

സരോജ— 'സാരമില്ല. തന്റെ സൽക്കീർത്തിയിലുള്ള കളങ്കത്തെ സ്വഖഡ്ഗം കൊണ്ടു മാർജ്ജനം ചെയ്യണമെന്നദ്ദേഹത്തോടു പറയണം. ഞാൻ ഇപ്പോഴും എപ്പോഴും രഘുവിന്റെ തന്നെ ആയിരിക്കും. അതിരിക്കട്ടെ നിങ്ങളുടെ പേരെന്നോടു പറയാമോ?'

'സേതുപതിഗോസ്വാമി' എന്നായിരുന്നു ഉത്തരം.

ഡൽഹിയിലെ ജയിലിൽ കുടുങ്ങിക്കിടന്ന ശിവാജിയേയും സേതുപതി ചെന്നു കണ്ടു. അദ്ദേഹത്തിന്റെ രക്ഷക്കു അയാൾ വഴി കരുതീട്ടുണ്ടായിരുന്നു. അപ്പോൾ ഡൽഹിയിലുണ്ടായിരുന്ന തന്റെ സേനകൾ അരംഗസീബിന്റെ ആജ്ഞയ്ക്കധീനമാവേണ്ടി വരുമെന്നുവെച്ച് ശിവാജി അതിനു സമ്മതിച്ചിരുന്നില്ല. ഒടുക്കം അദ്ദേഹം സാംബജിയോടുകൂടി തടവിൽനിന്നു ചാടിയപ്പോൾ ഉപയോഗിച്ച കുതിര അവിടെ നിന്നിരുന്ന ഒരു അശ്വഭടനാൽ കൊടുക്കപ്പെട്ടതായിരുന്നു. ശിവാജി ഒളിച്ചോടിപ്പോകുന്ന വഴിയിൽ മൂന്നു കുതിരപ്പടയാളികൾ എതിരെ വരികയും തങ്ങൾക്കു ഡൽഹിയിലേക്കു വഴി കാണിച്ചു കൊടുക്കണമെന്നയാളോടാവശ്യപ്പെടുകയും ചെയ്തു. ശിവാജിയുടെ സ്ഥിതി അപകടത്തിലായി. അങ്ങോട്ടുവരുന്നില്ലെന്നദ്ദേഹം പറഞ്ഞു. ഉത്തരം പറഞ്ഞ ശബ്ദം കേട്ടപ്പോൾ, ഭടന്മാരിൽ ഒരാൾ, മറേറ കുതിരക്കാരൻ ഇന്നാരെന്നറിഞ്ഞു. അയാൾ ശിവാജിയോടെതിർത്തു. അദ്ദേഹം നിരായുധനായിരുന്നു എങ്കിലും മുഷ്ടികൊണ്ടുള്ള ഒരിടിയാൽ എതിരാളിയെ താഴെ തള്ളിയിട്ടു. പിന്നീടുണ്ടായിരുന്ന ആ രണ്ടു ഭടന്മാരും, മററൊരശ്വഭടനാൽ അയക്കപ്പെട്ടതും ശിവാജിയുടെ സമീപത്തു കൂടി ചീറിക്കൊണ്ടു കടന്നുപോയതുമായ ഉണ്ടകളാൽ ഉടൻതന്നെ ഹതരായി. ആ അശ്വഭടൻ ചെയ്ത വിലയററ സഹായങ്ങൾക്കായി അയാളോടു നന്ദിപറഞ്ഞിട്ടു തിരിച്ചപ്പോൾ അതു സേതുപതിഗോസ്വാമി വേഷം മാറി വന്നതാണെന്നു ശിവാജിക്കു തോന്നുകയും തന്നിമിത്തം അദ്ദേഹം അത്യാശ്ചര്യഭരിതനായ്ത്തീരുകയും ചെയ്തു.

ആ ഭടൻ ശിവാജിയുടെ പാദങ്ങളിൽ സാഷ്ടാംഗനമസ്കാരം ചെയ്തിട്ടിങ്ങനെ പറഞ്ഞു: 'സ്വാമിൻ! ഞാനൊരശ്വഭടനോ ഗോസ്വാമിയോ അല്ല. എന്നാൽ അവിടത്തെ പഴയ വിശ്വസ്തഭൃത്യൻ രഘുനാഥനാണ്. ഞാൻ അവിടത്തെ ഭക്തിയോടുകൂടി സേവിച്ചിരുന്നു. ഇനി എപ്പോഴും അങ്ങനെ തന്നെ ചെയ്കയും ചെയ്യും.'

ശിവാജി രഘുനാഥനെ സ്വകരങ്ങളാൽ അടുക്കൽ പിടിച്ചുനിർത്തി ഗാഢമായിരുന്ന് ആശ്ലേഷം ചെയ്തിട്ടു പറഞ്ഞു. 'രഘു! എന്റെ മുമ്പത്തെ ആലോചനക്കുറവിനെക്കുറിച്ചു ഞാൻ ലജ്ജിക്കുന്നു. പരിന്നീടുണ്ടായ അന്വേഷണത്തിൽ നീ പരിശുദ്ധനാണെന്നനിക്കു മനസ്സിലാകുയും നിന്നക്കവമാനത്തിനിടയാക്കിയതിനേക്കുറിച്ചുള്ള ഓർമ്മ എനിക്കു ഏററവും ദുസ്സഹമായ്ത്തീരുകയും ചെയ്തു. ഭക്തിവിശ്വാസങ്ങളോടുകൂടിയുള്ള എന്റെ സേവയ്ക്കു ഞാൻ പ്രതിഫലം തരും.'

സരോജയുടെ ആരോഗ്യവും പ്രസന്നതയും ക്ഷയിച്ചുതുടങ്ങി. ഈ കാര്യമറിഞ്ഞ് ജനാർദ്ദനദേവൻ യോഗ്യനായ ഒരു വരനെ അവൾക്കുവേണ്ടി തിരക്കിയിരുന്നു. ഇതറിഞ്ഞ സരോജ തനിക്കു് ഒന്നു പഠിക്കാനേ മോഹമുള്ളു എന്നും വിവാഹം വേണ്ടെന്നും അദ്ദേഹത്തോടു പറഞ്ഞു.

ആചാര്യൻ ഒരു യോഗ്യപുരുഷനെ തിരഞ്ഞെടുത്തു. കല്യാണദിനവും തീർച്ചപ്പെടുത്തി. വിവാഹസമയം വന്നുചേർന്നു. സരോജയെ അവിടെയെങ്ങും കാണ്മാനില്ല. ഗ്രാമത്തിലെ ഒരു ജമിന്ദാരുടെ ഗൃഹത്തിൽ അവൾ അഭയം പ്രാപിക്കയും അദ്ദേഹത്തിനരികെവച്ചും വീട്ടുവേലചെയ്തും കാലക്ഷേപം ചെയ്കയും ചെയ്തിരുന്നു. അങ്ങനെ ഇരിക്കെ ഒരു ദിവസം രഘുനാഥൻ ശിവാജിയുടെ ഒരു ഉദ്യോഗസ്ഥനാണെന്നുള്ള ശുഭവർത്തമാനം അവളുടെ കർണ്ണങ്ങളിൽ അമൃതവർഷംപോലെ ആപതിച്ചു.

ജമിന്ദാരുടെ ചെറിയ പെൺകുട്ടിയുമായി ഒരു ദിവസം തെരുവിൽക്കൂടി നടന്നുപോകുമ്പോൾ സേതുപതി തന്റെ അടുക്കലേക്കു വരുന്നതു സരോജ കണ്ടു. അവൾ അദ്ദേഹത്തിന്റെ അടുത്തുചെന്ന് അഭിവാദ്യം ചെയ്തിട്ടു പറഞ്ഞു: 'രഘുവിൽ തന്നെ പ്രേമത്തോടുകൂടി വർത്തിക്കനിമിത്തം ഞാനെന്റെ വീട്ടിൽനിന്നും ഓടിപ്പോരേണ്ടിവന്നു, ഇപ്പോഴും അദ്ദേഹത്തെ കാണ്മാനായി കാത്തിരിക്കുന്നു'.

സാധുവിന്റെ നേത്രങ്ങൾ അശ്രുപൂർണ്ണങ്ങളായി. അയാൾ ഇത്രമാത്രം പറഞ്ഞു 'രഘു ഇവിടെ പ്രത്യക്ഷമായി വരികയാണെങ്കിൽ തന്നെ നീ അദ്ദേഹത്തെ അറിയുമോ എന്നു് ചോദിച്ചുകൊണ്ടുവരാനായി ആ മാന്യനെന്നോടു പറഞ്ഞിരിക്കുന്നു.' ഉടൻതന്നെ തന്റെ സമീപവാസിയുടെ പരമാർത്ഥം സരോജയ്ക്കു മനസ്സിലാകയും അവൾ മോഹാലസ്യപ്പെട്ടു് അയാളുടെ കയ്ത്തലത്തിൽ പതിക്കയും ചെയ്തു.

ശിവാജി രഘുനാഥനെ വളരെ ഒക്കെ ബഹുമാനിച്ചു. ഓർമൻഡൽകോട്ടസൂക്ഷിപ്പുകാരന്റെ മരണാനന്തരം അയാളുടെ റിക്കാട്ടുകളിൽനിന്നും ചന്ദ്രരായരായിരുന്നു സ്വാമിദ്രോഹം ചെയ്തതെന്നു വെളിപ്പെടുകയും അയാളെ ശിവാജി കൊലയ്ക്കു വിധിക്കയും ചെയ്തു. എന്നാൽ രായർക്കു മാപ്പുകൊടുക്കണമെന്നു രഘുനാഥൻ ശിവാജിയോടു് അപേക്ഷിച്ചു. രഘുനാഥൻ തന്നെ രക്ഷിച്ചു എന്നുള്ള അപമാനം സഹിക്കവയ്യാതെ ചന്ദ്രരായർ ഒടുക്കം ആത്മഹത്യ ചെയ്തുകളഞ്ഞു.

സരോജാരഘുനാഥന്മാർ ഭാര്യാഭർത്താക്കന്മാരായിത്തീർന്നു് ചിരകാലം സന്തോഷസൌഭാഗ്യങ്ങളോടുകൂടി വസിച്ചിരുന്നു എന്നിനി വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

അമ്പലപ്പുഴ മഹാദേവശർമ്മാ.

# ഞങ്ങളുടെ വായനശാല.

(1) ശ്ലേഷമാല — (ഗ്രന്ഥകൎത്താവ് മരുത്തൂർ കരുണാകരമേനോനവർകൾ.)

പ്രകൃതിയിലുള്ള ഭാവങ്ങളെ വൎണ്ണിച്ചു തന്മയത്വം വരുത്തി രസിപ്പിക്കുന്നതാണ് കവിത. ശബ്ദസാദൃശ്യം പിടിച്ചു വിസദൃശങ്ങളായ അൎത്ഥങ്ങളെപ്പോലും ഒന്നിച്ചു കാണിക്കുന്നത് ഒരുമാതിരി 'ചെപ്പടിവിദ്യ'യാണ്. ഇവയിൽ ഏതിനെയാണ് സഹൃദയന്മാർ അഭിനന്ദിക്കുന്നതെന്നുള്ള സംഗതി രഘുവംശപ്രണേതാവായ കാളിദാസന്റെയും, വാസവദത്താകൎത്താവായ 'സുബന്ധു'വിന്റെയും യശസ്സിന്റെ താരതമ്യംകൊണ്ടു തന്നെ തെളിയുന്നുണ്ട്. മലയാളഭാഷായോഷസ്സു കിട്ടിയ ഈ പുതിയ മാലയിൽ 'വാസന' വിളയാടുന്നുണ്ട്. സംസ്കൃതകവികൾ പലപ്പോഴും ഉപയോഗിച്ചു പഴക്കം തട്ടിയ പല ശ്ലേഷപുഷ്പങ്ങളും ഇടയ്ക്കിടയ്ക്കു കുത്തിത്തുടത്തി ചമച്ചിട്ടുള്ള ഈ മാല പഴക്കക്കേറും പറഞ്ഞു തള്ളാതിരിപ്പാൻ കേരളഭാഷയോടു ഞങ്ങൾ ശിപാൎശ ചെയ്യുന്നു.

(2) ഭാഷാഭൂഷണം — (രണ്ടാം പതിപ്പ്. ബി. വി. ബുക്കുഡിപ്പോ, തിരുവനന്തപുരം. വില 1 ക. 4 ണ.)

സാഹിത്യലോകത്തിൽ പ്രഖ്യാതിയും പ്രതിഷ്ഠയും സമ്പാദിച്ചിട്ടുള്ള ഈ വിശിഷ്ടഗ്രന്ഥത്തെപ്പററി ഇപ്പോൾ ഒരു നിരൂപണം ചെയ്യേണ്ടുന്ന ആവശ്യമില്ല. ഗ്രന്ഥകൎത്താവായ കേരളപാണിനി, ഗദ്യമെഴുതുന്നതിൽ ബാലന്മാരെ സഹായിപ്പാനായി ഒരു പുതിയ പുസ്തകം ചമയ്ക്കുന്നതായി ഒന്നാം പതിപ്പിന്റെ മുഖവുരയിൽ പ്രസ്താവിച്ചിരിക്കുന്നതു ഭാഷാഭിമാനികൾക്കു സന്തോഷഹേതു തന്നെ. അച്ചടി നന്നായിട്ടുണ്ട്.

☞ അഭിപ്രായത്തിന്നായി അയച്ചുതന്നിട്ടുള്ള പല പുസ്തകങ്ങളും സംഗതിവശാൽ നിൎത്തിവെക്കേണ്ടിവന്നിട്ടുണ്ട്. അടുത്ത അവസരത്തിൽ അവയെ നിരൂപിക്കുന്നതാണെന്നു പുസ്തകപ്രേഷകന്മാരെ അറിയിച്ചുകൊള്ളുന്നു.

# ग्रन्थनिरूपणम् ।

(१) श्रीगुरुवायुपुरेशस्तवम् । (प्रणेता महामहिमा श्री केरलवर्मा, बि. वि. बुक्डिप्पो, तिरुवनन्तपुरं, मूल्यं न ज्ञायते) ।

महामहिम्नः केरलकालिदासस्य कवितासारस्यनिरूपणे नास्माकं संरम्भः कथञ्चिदपि फलेग्रहिरिति यत्सत्यं जानीमहे । पुस्तकप्रेषकेष्वाधमर्ण्यपरिहारावश्यकतया, सरसकाव्यास्वादनकौतुकेन च प्रवर्त्यमानाः परं किमपि लिलिखिषामः । नाम्नैव ज्ञाप्यते स्तवस्यामुष्य विषयः समेषाम् । प्रणेतृमहाभागानां रक्तवाताभिभवः स्तवरत्नमिदमङ्कुरयामासेति लोकोत्तरैव महामहिम्नां परिपाटी । यदे-

यादेशमापदोऽपि लोकोपकारं फलन्ति । इ-दंस्तवप्रणयनानुपदमेव प्रसन्नेन भगवता श-मनायि तत्रभवतां वातरोगबाधेत्यपरमिदं विलसितं वातालयेशस्य भगवतो भक्तवात्स-ल्यस्य । नानावृत्तैः सङ्कलितेऽक्षरमालास्तुति-रूपे प्रकृतकाव्ये प्रणेतुः परिचयपचेलिमा रच-नाशैली नैसर्गिकी कल्पनाशक्तिश्च प्रकाशतेतमाम्। सर्वेष्वेव पद्येषु तृतीयपादः खकारेणानुक्रम्यते । यमकानुप्रासादयश्च सुलभतया समुपयुक्ता दृश्य-न्ते। अवकाशविरलतया नादर्सीयानि पद्यानि वाचकानामुपहारीकर्तुं प्रभवामः । 'स्तवभि-तिनामकरणं कैरळीलिपिमुद्रणस्यानुरूपम् । यदीदं स्तवरत्नं देवनागरलिपिभिर्मुद्रापितमभ-विष्यदुपाकरिष्यन्तेतरदेशीया अप्यनेनेति नः प्रतिभाति । परिशोधकप्रमादा'ददभ्रक-रुणानिधि'रपि भगवा'नभद्रकरुणानिधिः' कृ-त इति खिद्यामहे ॥

(२) **स्तवमञ्जरी** । (प्रणेता, श्रीमान् मानवि-क्रमकविराजः, विज्ञानचिन्तामणिमुद्राशाला, पट्टाम्पि, मूल्यं ४ कलाः)

केरळकालिदासकाव्यपरिशीलनानन्तर-मेव केरळभोजराजकवितामास्वादयितुमस्त्येव प्रमोदातिरेकः । नानाविषयकाणि स्तोत्राण्यत्र समुल्लसन्ति । कवितामाधुरी प्रथितचरीति न तत्रापि वक्तव्यं वर्तते । 'शय्यायामधिशेते' 'आद्रियेयमनवरतं' 'श्रृणुश्व सावधानमतिः' इत्यादयः प्रयोगा निरर्गळगळद्रसलहरीनिम-ग्ना न प्रकाशेरन्नेव । निरङ्कुशा हि कवयः । मुद्रापणमपि समीचीनमेवास्ते । अत्र पुनः श्लोके बलीयसा मुद्रापणप्रमादेन कृतं पदमि-त्यूहामहे ॥

"दुष्टैस्तैर्धार्तराष्ट्रैः कुटिलपटुतया
हन्त दुर्वाससं तं
नासाग्रन्यस्तकोपं सपदि सकपटो-
द्बोधनं चोदयद्भिः ।
धर्मिष्ठान् धर्मजादीन् पुनरृजुमतिषु
क्लिश्यमानेषु तेषु
द्रौपद्यभ्यर्थितो यस्तदभयमदिशत्
कृष्ण! तस्मै नमस्ते ॥

क्लिष्टार्थप्रतीतिकलुषा एवंविधा रच-नक्रमाः कोमलकाव्यकलनचणान्नास्मात् सर-सकवेराविर्भवन्तीति विश्वसिमो वयम् ॥

# सौत्रान्तिकमतम् ।

पुरातने किल काले भारतमिदं वर्षम-नेकेषां तत्त्वदर्शिनामावासभूतमासीदिति ब-हुभिरवगम्यते प्रकारैः । उच्चावचाश्च दर्शन-सरणयो भारतवर्षे सत्तामविन्दन्त । विमर्श-कानां च सर्वतोमुखमासीदालोचनमित्येतदेव भिन्नाभिन्नानां दर्शनप्रकाराणामुत्पत्तौ निदानम् । दार्शनिकानाञ्चैतेषां प्रमाणपरिगणनायां भव-ति सुमहानभिप्रायभेदः । केचित् प्रत्यक्षमेकमे-व प्रमाणं मन्यन्ते । अपरे पुनः प्रत्यक्षानु-माने द्वे एव प्रमाणे इत्यामनन्ति । प्रत्यक्षानु-मानागमाः प्रमाणानीति गणयन्तीतरे । एवम-न्यान्येषु विलसत्सु दर्शनाभ्युपगमेषु, नेदं विस्म-

धावहमस्माकं, यत् सौत्रान्तिका अनुमानमेकमेव प्रमाणमाभणन्तीति ॥

आगमादीनामनुमानेऽन्तर्भावो बहुभिरुपपादितचर एवेति न तत्र किंचिदपूर्वं नामास्ति । चेष्टाप्रभृतीनामनुमानत्वाङ्गीकारे विलक्षणचेष्टात्मकस्य शब्दप्रयोगस्याप्यवश्यंभावी तत्कोटिप्रवेश इति प्रबलतर एवावलोक्यते शब्दस्यानुमानान्तर्भावसाधको युक्तिवादः । प्रत्यक्षस्य पुनः समैरप्यैकण्ठ्येनाङ्गीक्रियमाणस्य स्वतःसिद्धप्रमाणभावस्यानुमानेऽन्तर्भावकथनमुन्मत्तप्रलापसमकक्ष्यामवगाहेतेति प्रथमतः प्रतिभासेत मनीषाशालिनाम् । आपाततोऽसमञ्जसेऽप्यत्र मते किमस्ति तत्त्वकणिकापि वेति परीक्षणं नास्थाने भवितेति मन्यामहे । विनैव पक्षपातं सर्वतोऽपि सारग्रहणं हि सरळहृदयानां स्वभावसिद्धम् ॥

भूतले घटोऽस्तीति चक्षुषा गृह्यमाणे घटे, घटविषयकं यदुत्पद्यते ज्ञानं तत् प्रत्यक्षमेवेति सार्वजनीनमेतत् । कथमस्य ज्ञानस्यानुमानेऽन्तर्भावः? अत्रेदं सौत्रान्तिकानामुपपादनम् । यथा वयं धूमेन वह्निमनुमिनुमहे, एवमेव चक्षुःसंयोगजनितेन घटप्रतिबिम्बेन बहिः सन्तं घटमनुमिनुमहे । चक्षुषः कलशेन सह संयोगे चक्षुरिन्द्रिये कश्चिदुत्पद्यते विकारः, स च घटमनुमापयति । पूर्वपरिचयादत्रापि व्याप्तिग्रह उपपद्यत एव । व्याप्तिस्मरणादिकं तु शतपत्रपत्रदलनन्यायेन समुत्पद्यमानं न पार्थक्येन परिलक्ष्यत इति सुशकमुपपादनमस्मन्मतस्येति । घटोऽस्ति, पटोऽस्तीत्यादीनां व्यवहाराणां व्यवहर्तुर्मन्यस्युदितः कश्चिद्विकारविशेष इत्यर्थ एव तात्पर्यम् । सजातीयविकारजनने सति सजातीयव्यवहारस्यापि प्रवृत्तिः । न हि विकारमन्तरा कंचित् पदार्थं सन्तमसन्तं वा ज्ञातुं शक्तिरस्माकमस्ति । विकारेण तु वयमनुमिनुमहे कश्चिदस्ति घटो नाम यः सजातीयं विकारं जनयतीति । मानसप्रत्यक्षस्थलेऽपि मनसस्तदधिष्ठानवस्तुनो वा विकारैः सुखदुःखादीनामनुमानमेव, न पुनः प्रत्यक्षं नाम किंचित् ज्ञानमन्यदस्तीति तदीयः सिद्धान्तः । सर्वत्र ज्ञानोत्पत्तावेकान्ततया किमपि प्राप्तं वर्तत इति कृत्वा ज्ञानानामनुमानरूपत्वं संपिपादयिषन्ति सौत्रान्तिकमतानुयायिनः ॥

इदं तु किमपि ते प्रष्टव्याः पण्डितमानिनः । किं विद्यमान एव चक्षुःसंयोगादिरज्ञात एवानुमापकः, आहोस्वित् ज्ञातः सन्ननुमापक इति । दृष्टानुसारेण कल्पयद्भिरर्थजातं ज्ञातस्यैवानुमापकत्वमङ्गीकरणीयम् । तथैव धूमादीनामनुमापकत्वावगमात् । तर्हि भोश्चक्षुःसंयोगस्य विकारविशेषस्य वानुमापकत्वसंपत्तये ज्ञानमवश्यमपेक्ष्यत इत्यभ्युपगन्तव्यतामापन्ने तत्ज्ञानमप्यनुमितिरूपमेव परिकलयन् कदा वा भवान् मोक्ष्यतेऽनवस्थागर्तपतनात्? । सर्वत्राप्यनुमितेः प्रागपेक्ष्यते लिङ्गज्ञानम् । अतोऽन्ततः कस्यचिल्लिङ्गज्ञानस्य स्वतः संपद्यमानता स्वीकरणीया । तदेव च ज्ञानं तदानीं प्रत्यक्षपदभाजनं भविष्यतीति तत्करणस्यान्यस्य कल्पनीयतया कथमङ्ग कथयस्यनुमानमेकमेव प्रमाणमिति । अनवस्थापरिहाराय चरममात्मनोऽपि वा वेदान्तिनामिव स्वप्रकाशतास्वीकारे स आत्मा प्राथमिकवृत्तिदशायां प्रत्यक्षचैतन्यरूपइति कथमनुमानमेकं प्रमाणमिति वचनमुपपद्यते । सर्वथा सौत्रान्तिकमतमालोचनायां सिकताकूपसदृशमेव पर्यवस्यतीति निशितमतीनां निगमनमिति विस्तरः परस्तात् ॥

# മംഗളോദയം

## ൧൦൮൭

| | | |
|---|---|---|
| പുസ്തകം ൩ | ചിങ്ങമാസം | ലക്കം ൧ |

### മംഗളം

പൊരുളിനുമരുളിന്നും മൂലമാം മൂലമന്ത്ര-
പ്പൊരുളു തിരയുമൎത്ഥം നിൎഗ്ഗുണം നിത്യമുക്തം
ഇരുളുകളെയകറ്റും പൂൎണ്ണവിജ്ഞാനതേജ-
സ്സുരുളുക പരമാനന്ദാളിതാദ്വൈതബോധം.

കെ. വാസുദേവൻ മൂസ്സത്

# ശബ്ദാൎത്ഥസംബന്ധം.



ഒരു വസ്തുവിനേയൊ മനോഗതത്തേയൊ അറിയിപ്പാനായി പുറപ്പെടുവിക്കുന്ന നാദമാണു ശബ്ദം. ശബ്ദം കേൾക്കുമ്പോൾ മനസ്സിലുദിക്കുന്ന ബോധത്തിന്റെ വിഷയമായി തീരുന്നതാണ് അൎത്ഥം, നമ്മുടെ വ്യവഹാരങ്ങളെല്ലാം നടക്കുന്നതു ശബ്ദങ്ങളുടെ സഹായംകൊണ്ടാണ്. എന്നാൽ ശബ്ദം കേൾക്കുമ്പോൾ അൎത്ഥത്തിന്റെ ബോധം ഉണ്ടാകുന്നതുകൊണ്ട്, ശബ്ദാൎത്ഥങ്ങൾക്കു തമ്മിൽ ഒരു സംബന്ധമുള്ളതായി വിചാരിക്കേണ്ടിയിരിക്കുന്നു. ഈ സംബന്ധജ്ഞാനമില്ലാതെ പോയാൽ ശബ്ദത്തിൽനിന്ന് അൎത്ഥജ്ഞാനമുണ്ടാകുന്നതല്ല. ഈ അംശത്തെ മനസ്സിലാക്കുവാൻ ഉദാഹരണത്തിന്റെ അപേക്ഷ തന്നെ ഉണ്ടെന്നു തോന്നുന്നില്ല. ഒരാൾക്ക് ഒരു ഭാഷ അറിഞ്ഞുകൂടെന്നു പറയുന്നതിന്റെ അൎത്ഥം, അയാൾക്ക് ആ ഭാഷയിലെ ശബ്ദങ്ങളുടേയും അതുകളുടെ അൎത്ഥങ്ങളുടേയും സംബന്ധജ്ഞാനമില്ലെന്നാകുന്നു. ഇങ്ങിനെ അൎത്ഥബോധത്തിന്നുതകുന്നതായ ശ

ബ്ദാർത്ഥസംബന്ധത്തിന്റെ സ്വരൂപത്തെപ്പറ്റി ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ പല അഭിപ്രായഭേദങ്ങളുമുണ്ട്.

എന്നുതന്നെയല്ല, ശബ്ദത്തിന്റെ സ്വരൂപത്തെപ്പറ്റിയും ഹിന്ദുശാസ്ത്രകാരന്മാരിൽ പലരും പല സിദ്ധാന്തങ്ങളേയും പുറപ്പെടുവിച്ചിരിക്കുന്നു. വർണ്ണങ്ങൾക്ക് ഉൽപത്തി, നാശം എന്നീ അവസ്ഥാവിശേഷങ്ങൾ ഇല്ലാത്തതുകൊണ്ട് അവ നിത്യങ്ങളാണെന്നും, നമ്മുടെ പ്രയത്നംകൊണ്ടുണ്ടാകുന്ന കണ്ഠതാല്വാദിസംയോഗം മുമ്പുതന്നെ സത്തുക്കളായിരിക്കുന്ന വർണ്ണങ്ങളെ, ദീപം ഘടത്തെയെന്നപോലെ, അഭിവ്യക്തമാക്കുന്നതേയുള്ളൂവെന്നുമാണ് ചിലരുടെ (1) സിദ്ധാന്തം. അക്ഷരങ്ങളിലുള്ള പ്രത്യഭിജ്ഞയെ— മുമ്പു കേട്ടിട്ടുള്ള ക എന്നക്ഷരവും ഇപ്പോൾ കേൾക്കുന്ന ക എന്നക്ഷരവും ഒന്നുതന്നെയാണെന്നുള്ള അഭേദജ്ഞാനത്തെ— ഇവർ ഇതിലേയ്ക്കു സാധകമായി അവലംബിക്കുന്നു. മുമ്പു കേട്ട കകാരവും ഇപ്പോൾ കേൾക്കുന്ന കകാരവും ഒന്നുതന്നെയാണ് എന്നുള്ള പ്രത്യഭിജ്ഞകൊണ്ടു രണ്ടിന്നും സജാതീയത്വം മാത്രമേ സിദ്ധിക്കുന്നുള്ളൂവെന്നും, അക്ഷരവ്യക്തികൾ അനിത്യങ്ങൾ തന്നെയാണെന്നും മററു ചിലർ (2) വാദിക്കുന്നു. അക്ഷരങ്ങൾ ഉണ്ടാകുന്നതായും നശിക്കുന്നതായും തോന്നുന്നതുകൊണ്ട് അവ അനിത്യങ്ങളാണെന്ന് ഇക്കൂട്ടർ പറയുന്നു.

അതിരിക്കട്ടെ. ശബ്ദാർത്ഥസംബന്ധത്തിന്റെ സ്വരൂപത്തെപ്പറ്റിയും പല മതഭേദങ്ങളും ഉള്ളതായി കാണുന്നു. ഇന്ന പദത്തിന്ന് ഇന്ന അർത്ഥമാണെന്ന് അനാദിയായ ഈശ്വരസങ്കേതമുണ്ടെന്നു ചിലർ പറയുന്നു. ഇത് ഏററവും സുഗമമായ സമാധാനമാണെങ്കിലും ആലോചനാശക്തിയുള്ളവൎക്കു തൃപ്തികരമാകുമെന്നു തോന്നുന്നില്ല. നമ്മുടെ സങ്കേതംകൊണ്ടുതന്നെ പദങ്ങൾക്ക് അർത്ഥബോധകത്വം വരുന്നുണ്ടെന്നുള്ള കാര്യം അനുഭവസിദ്ധമായിരിക്കയാൽ അർത്ഥങ്ങളെ ജ്ഞപ്തിപ്പെടുത്തുവാനായി ഈശ്വരനെ ക്ഷണിക്കേണമെന്നില്ലെന്നു സ്ഥാപിക്കുന്ന വേറൊരു പക്ഷക്കാരുമുണ്ട്. ഈ പക്ഷം നമ്മുടെ നിത്യാനുഭവത്തിന്ന് അധികം യോജിച്ചിരിക്കുന്നു. ഇദാനീന്തനന്മാരുടെ സങ്കേതംകൊണ്ടുണ്ടാകുന്ന ശബ്ദങ്ങളുടെ സംഖ്യ ഇത്രയാണെന്നു കണക്കാക്കുവാൻ പ്രയാസമാകത്തക്കവിധം അത്ര വളരെ ശബ്ദരാശികൾ, ജീവിച്ചിരിക്കുന്ന ഭാഷകളിൽ ഇന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. അവയുടെ പ്രവർത്തകനായി ഈശ്വരനെസ്സങ്കല്പിക്കുന്നതുകൊണ്ട് ഫലമൊന്നും കിട്ടുവാനില്ല.

ശബ്ദത്തിന്നും അർത്ഥത്തിന്നും തമ്മിൽ അഭേദമാണു സംബന്ധമെന്ന് ഒരു പക്ഷക്കാർ പറയുന്നു. (3) പാമരന്മാർ ശബ്ദത്തെയും അർത്ഥത്തെയും തിരിച്ചറിയുന്നില്ല. എന്നുതന്നെയല്ല, 'ഇതു പശുവാണ്' 'ഇതു അശ്വമാണ്' എന്നുള്ള അഭേദവ്യവഹാരവും കണ്ടു വരുന്നുണ്ട്. അതുകൊണ്ടു, ശബ്ദാർത്ഥങ്ങൾക്കു വ്യവഹാരദശയിൽ കല്പിതമായ അഭേദം ഉണ്ടെന്നാണ് ഇവരുടെ അഭിപ്രായം. കല്പിതമായ അഭേദമുണ്ടെങ്കിലും വാസ്തവത്തിൽ ഭേദമുണ്ടെന്ന് ഇവൎക്കും സമ്മതിക്കാതെ കഴിയുന്നതല്ല. തീ എന്നു പറയുമ്പോൾ പുളകാത്തതുകൊണ്ടു, ശബ്ദാർത്ഥ

(1) മീമാംസകന്മാർ ഈ മതത്തെ സ്ഥാപിക്കുന്നു. വൈയാകരണന്മാൎക്കും ഇതു സമ്മതമാണ്.

(2) നൈയായികന്മാർ ഈ മതക്കാരാണ്.

(3) ഇതു വൈയാകരണന്മാരുടെ മതമാണ്.

ങ്ങൾക്ക വാസ്തവത്തിൽ ഭേദമുണ്ടെന്ന സമ്മതിക്കേണ്ടിവരും.

എങ്ങിനെയായാലും ശബ്ദാൎത്ഥങ്ങൾക്ക തമ്മിൽ ഒരു സംബന്ധമുണ്ടെന്ന സ്വീകരിപ്പാൻ എല്ലാവരും നിൎബ്ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ സംബന്ധത്തെ ശാസ്ത്രജ്ഞന്മാർ ശക്തി എന്ന പേരുകൊണ്ടു നിൎദ്ദേശിച്ചുവരുന്നു. ഏതു ശബ്ദത്തിന്ന് ഏതൎത്ഥത്തിൽ ശക്തിയൊ അത് ആ ശബ്ദത്തിന്റെ ശക്യമാകുന്നു; ആ പദം ആ അൎത്ഥത്തിൽ ശക്തവുമാണ്.

ആദികാലത്തുണ്ടായ വ്യവഹാരങ്ങളുടേയും പ്രവൎത്തകന്മാർ മനുഷ്യരാണെന്ന കല്പിക്കുന്നതാണ് നമ്മുടെ അനുഭവത്തിന്നും യുക്തിക്കും യോജിച്ചിരിക്കുന്നത്. എന്നാൽ, ഓരൊ ഭാഷയിലുമുള്ള ഓരൊ ശബ്ദങ്ങൾക്കും അതാതുകളുടെ അൎത്ഥങ്ങൾക്കുമുള്ള സംബന്ധം എങ്ങിനെയാണ് ഉണ്ടായതെന്ന ചിന്തിച്ചുനോക്കുമ്പോൾ, ശരിയായ ഒരു നിയാമകം കണ്ടെത്തുവാൻ വളരെ കഠിനമായിരിക്കുന്നു. ഒന്നിന്ന് ഒരു പേരുകൊടുപ്പാനും, മറ്റൊന്നിന്നു മറ്റൊരു പേരു കല്പിപ്പാനും ഇച്ഛാമാത്രമാണ് നിമിത്തമെന്ന വിചാരിപ്പാൻ പാടുണ്ടോ? ഓരൊ വസ്തുക്കളുടെ അവബോധത്തിന്നു ഓരോ വിധത്തിലുള്ള ശബ്ദത്തെ പുറപ്പെടുവിപ്പാൻ ഒരു ശക്തിവിശേഷം ഉണ്ടെന്നും വന്നുകൂടയോ? ദുഃഖം രോദനത്തേയും മോദം ഹസിതത്തേയും ഉണ്ടാക്കുന്നതുപോലെ, ഓരോ വസ്തുക്കളുടെ ബോധവും ഓരോ വിധത്തിലുള്ള ശബ്ദങ്ങളെ ഉൽഭവിപ്പിക്കുന്നുവെന്നു വരാവുന്നതാണ്. എന്നാൽ മനുഷ്യപ്രകൃതി ഏകരൂപമായിരിക്കെ, ഒരു വസ്തുവിന്നു തന്നെ പല ഭാഷയിലുള്ള പേരുകൾ പല വിധത്തിലായി വരുവാനുള്ള കാരണം ഏതാണെന്നും പൂൎവ്വപക്ഷമുണ്ടാകുന്നു. ആദികാലത്തു ഭാഷകൾക്കെല്ലാം ഐകരൂപ്യമുണ്ടായിരുന്നുവെന്നും, പിന്നീടു ദേശകാലാവസ്ഥാദികളുടെ മിശ്രണംകൊണ്ടു വൈരൂപ്യം വന്നതാണെന്നും ഊഹിപ്പാൻ വഴിയുണ്ട്. ഏതായാലും ഈ വിഷയം ഭാഷാശാസ്ത്രത്തിൽ പരിശ്രമിക്കുന്നവരുടെ ശ്രദ്ധയെ പ്രത്യേകം ആകൎഷിക്കേണ്ടതാണ്. ഈ അംശത്തിൽ ശരിയായ ഒരു സിദ്ധാന്തം ഇതുവരെ കിട്ടീട്ടുള്ളതായി അറിയുന്നില്ല.

പണ്ടുകാലത്തുണ്ടായിരുന്ന പണ്ഡിതന്മാരുടെ ഇടയിൽ, പദത്തിന്നും അൎത്ഥത്തിന്നും തമ്മിൽ പ്രകൃതിസിദ്ധമായ സംബന്ധമുണ്ടെന്നും ഇല്ലെന്നും വിവാദമുണ്ടായിരുന്നു. ഈ സംഗതിയെപ്പററി ബ്ലെയർ എന്ന പാശ്ചാത്യസാഹിത്യപണ്ഡിതൻ ഇങ്ങിനെ പറഞ്ഞിരിക്കുന്നു. സ്റ്റൊയിക്ക തത്വദൎശികളും പ്ലാറേറാണിക്ക തത്വദൎശികളും തമ്മിൽ, പദങ്ങൾ യദൃച്ഛാകല്പിതങ്ങളായ ചിഹ്നങ്ങൾ മാത്രമാണൊ, ഉത ഓരേ വസ്തുക്കൾക്ക ഓരേ പേരു കൊടുപ്പാൻ പ്രകൃതിയിൽ വല്ല കാരണവുമുണ്ടൊ എന്നു വലുതായ വിവാദമുണ്ടായിരുന്നു. പ്ലാറേറാവിനെ അനുസരിച്ചിരുന്നവർ ഇതിൽ രണ്ടാമതു പറഞ്ഞ പക്ഷത്തെയാണ് അനുകൂലിച്ചിരുന്നത്. ഇംഗ്ലീഷ ഭാഷയിൽ പല ശബ്ദങ്ങളിലും ഈ സംബന്ധമുണ്ടെന്നു വിചാരിപ്പാനുള്ള വഴികളെ ബ്ലെയർ എടുത്തു കാണിച്ചിട്ടുമുണ്ട്. * ദ്രാവിഡഭാഷകളിലും അങ്ങിനെ വല്ല അടിസ്ഥാനതത്വങ്ങളും ഉണ്ടൊ എന്നു പരിശോധിച്ചു നോക്കുന്നതു നമ്മുടെ ചുമതലയാണ്.

പദശക്തിയെ അവയവശക്തി എ

* Lectures on Rhetoric and Belles Lettres Lec 6.

ന്നും, സമുദായശക്തി എന്നും രണ്ടു വിധത്തിൽ വിഭജിച്ചിരിക്കുന്നു. പദത്തിന്റെ ഓരോ ഭാഗങ്ങളുടെ അൎത്ഥം കൂടിച്ചേൎന്നു് ഒരൎത്ഥമായി തോന്നുന്ന പദങ്ങളിൽ അവയവശക്തിയാകുന്നു. 'ആനക്കാരൻ' 'കുതിരക്കാരൻ' 'മിടുക്കൻ' 'തടിയൻ' മുതലായ ശബ്ദങ്ങളെ ഈ ജാതിയിലുൾപ്പെടുത്താം. ആന, മിടുക്കു മുതലായ പ്രകൃതികളുടേയും കാരൻ, അൻ തുടങ്ങിയുള്ള പ്രത്യയങ്ങളുടേയും അൎത്ഥങ്ങൾ കൂടിച്ചേൎന്നു് ആനയെ നോക്കുന്നവൻ, മിടുക്കുള്ളവൻ എന്നു തുടങ്ങിയുള്ള അൎത്ഥങ്ങൾ ഉണ്ടാകുന്നു. അവയവങ്ങളുടെ ശക്തി കൂടാതെ മൊത്തത്തിൽ ഒരൎത്ഥത്തെ ബോധിപ്പിക്കുന്ന പദങ്ങളിൽ സമുദായശക്തിയാണു്. മാടു്, കോഴി മുതലായ പദങ്ങളെ സമുദായശക്തങ്ങളാണെന്നു പറയാം. അവയവശക്തിയെ യോഗം എന്നും സമുദായശക്തിയെ രൂഢി എന്നും പറഞ്ഞുവരുന്നു.

എന്നാൽ, ഇപ്പോൾ നാം കേവലംസമുദായശക്തങ്ങളാണെന്നു വിചാരിച്ചു വരുന്ന പല ശബ്ദങ്ങളിലും അവയവശക്തി കൂടി ഉള്ളതായി കാണുന്നു. മീൻ, ആഴി മുതലായ ശബ്ദങ്ങൾ നക്ഷത്രം, സമുദ്രം മുതലായ അൎത്ഥങ്ങളിൽ രൂഢങ്ങളായി വിചാരിക്കപ്പെടുന്നുണ്ടല്ലോ. മിന്നുന്നതു മീൻ, ആഴമുള്ളതു് ആഴി എന്നു തുടങ്ങിയുള്ള അവയവാൎത്ഥങ്ങൾ അവയ്ക്കുണ്ടെന്നു കല്പിക്കാവുന്നതാണു്. ഇങ്ങിനെ അവയവാൎത്ഥം കൂടി അനുഭവിക്കുന്ന രൂഢപദങ്ങളെ 'യോഗരൂഢം' എന്നൊരു പ്രത്യേകജാതിയായി ചിലർ വിഭജിച്ചിട്ടുണ്ടു്. രൂഢങ്ങളായ ചില പദങ്ങളിൽ അവയവാൎത്ഥാനുഗമം കാണുന്നതുകൊണ്ടു് എല്ലാ രൂഢപദങ്ങളിലും അവയവാൎത്ഥം ഉണ്ടായിട്ടുള്ളതായി ഊഹിക്കാവുന്നതാണു്. അതുകൾ കാലപ്പഴക്കത്താൽ അറിവാൻ പാടില്ലാത്ത നിലയിൽ ആയിപ്പോയതാണെന്നു വരുവാൻ വഴിയുണ്ടു്. ഇത്തരം ശബ്ദങ്ങളെ കഴിയുന്നേടത്തോളം കണ്ടുപിടിപ്പാനും ഭാഷാനിപുണന്മാർ ഉദ്യമിക്കേണ്ടതാണു്. മററു വ്യാകരണാചാൎയ്യന്മാർ കേവലരൂഢങ്ങളാണെന്നു ഗണിച്ചിട്ടുള്ള സംസ്കൃതശബ്ദങ്ങളിൽ തന്നെ അവയവാൎത്ഥത്തെ പ്രദൎശിപ്പിപ്പാൻ ശാകടായനമഹൎഷി(1) ചെയ്തിട്ടുള്ള പരിശ്രമം ഏററവും ഫലിച്ചുകാണുന്നതു് ഈ മാൎഗ്ഗത്തിൽ പ്രവേശിക്കുന്നവൎക്കു ധൈൎയ്യത്തെ ഉണ്ടാക്കാതിരിക്കയില്ല.

കാലംകൊണ്ടു യോഗാൎത്ഥം വിസ്മൃതമായിപ്പോകുന്നുവെന്നുള്ളതിലേയ്ക്കു് ഒരുദാഹരണം എടുത്തു കാണിക്കാം. 'തത്താ' എന്ന പദം ഇപ്പോൾ യഥാൎത്ഥസത്രൂപമെന്നു അൎത്ഥത്തിൽ സാധാരണയായി പ്രയോഗിക്കപ്പെടുന്നു. ഈ പദത്തിൽ അവയവാൎത്ഥം ഉള്ളതായി പലരും ധരിച്ചിട്ടുണ്ടാവില്ല. ഇതിന്റെ ഉൽപത്തി എങ്ങിനെയാണെന്നു പരിശോധിച്ചുനോക്കിയാൽ ഇതിൽ അവയവാൎത്ഥം ഉണ്ടായിരുന്നതായി കാണാവുന്നതാണു്. തൽ-ത്വം എന്നുള്ളവയുടെ മേളനംകൊണ്ടാണു് തത്ത്വം എന്ന ശബ്ദം ഉണ്ടാകുന്നതു്. തൽ എന്ന പദത്തിനു പരോക്ഷവസ്തു എന്നൎത്ഥം. (2) അപ്പോൾ തത്ത്വം എന്ന പദത്തിനു പരോക്ഷമായ്വു എന്നുള്ളവസ്ഥ എന്നൎത്ഥം വരുന്നു. ഈ പദത്തിന്റെ ഉൽപത്തി അദ്വൈതദൎശനത്തിൽ നിന്നാണു്. ജീവന്റെ ബ്രഹ്മഭാവത്തെയാണു് ആദിയിൽ തത്ത്വം എന്ന പദം ബോധിപ്പിച്ചിരുന്നതു്. ബ്രഹ്മം പരോക്ഷവസ്തുവാകയാൽ പരോക്ഷവാചക

(1) ഇദ്ദേഹമാണു് ഉണാദിസൂത്രങ്ങളെ നിൎമ്മിച്ചിട്ടുള്ളതു്.

(2) തദിതി പരോക്ഷേ വിജാനീയാൽ

ത്വംശബ്ദത്താൽ നിർദ്ദേശിക്കപ്പെട്ടിരുന്ന ബ്രഹ്മഭാവമാണ് ജീവാത്മാവിന്റെ യഥാർത്ഥസ്വരൂപം. (1) ഇങ്ങിനെ ജീവന്റെ യഥാർത്ഥസ്വരൂപം എന്നർത്ഥത്തിൽ പ്രയോഗിക്കപ്പെട്ടിരുന്ന തത്ത്വശബ്ദം കാലക്രമംകൊണ്ടു യഥാർത്ഥസ്വരൂപം എന്ന അർത്ഥത്തിൽ രൂഢമായി തീർന്നു.

പദങ്ങൾക്ക പ്രയോഗവൈചിത്ര്യംകൊണ്ട് അർത്ഥം വിശാലമായി വരുന്നതിന്നു നല്ല സംഗതി കൂടി മേൽവിവരിച്ച ഉദാഹരണത്തിൽ നിന്നു വെളിവാകുന്നുണ്ട്. ഈ ആശയത്തിലേയ്ക്കു മറ്റൊരു ദൃഷ്ടാന്തം കൂടി എടുത്തു കാണിയ്ക്കാം. പത്രം എന്ന ശബ്ദം ഇപ്പോൾ കടലാസ്സ് എന്നർത്ഥത്തിൽ രൂഢമായിരിക്കുന്നു. ഈ അർത്ഥത്തിന്റെ ആവിർഭാവത്തെപ്പറ്റി ആലോചിക്കുക. പത്രം എന്നതിന്ന് ആദിയിൽ ഉണ്ടായിരുന്ന അർത്ഥം, ഇല എന്നു മാത്രമാണ്. പ്രാചീനകാലത്തിൽ പല ഇലകളേയും എഴുതുവാനായി ഉപയോഗിച്ചിരുന്നു. പനയോല ഇന്നും എഴുതുവാൻ ഉപയോഗിച്ചുവരുന്നുണ്ടല്ലോ. അതുനിമിത്തം എഴുതീട്ടുള്ള ഇലകളെ പത്രം എന്നു വ്യവഹരിച്ചുവരികയും, കാലക്രമത്തിൽ കടലാസ്സ് ഓലയുടെ സ്ഥാനത്തെ ആരോഹണം ചെയ്തപ്പോൾ അതിന്നു 'പത്രം' എന്ന പേരും അവകാശവഴിയ്ക്കു സിദ്ധിയ്ക്കയും ചെയ്തു. ഇപ്പോൾ പത്രം എന്നു ഇല, കടലാസ്സ് ഇതുകളിൽ രണ്ടിലും ശക്തമായി തീർന്നിരിക്കുന്നു.

ലക്ഷണയെന്ന പേരായ ഒരു ശബ്ദാർത്ഥസംബന്ധം കൂടിയുണ്ട്. ഒരു വാക്യത്തിലുള്ള രണ്ടു പദങ്ങളുടെ ശക്യാർത്ഥങ്ങൾ തമ്മിൽ അന്വയിക്കാതെ വരുമ്പോഴാണ് ഈ സംബന്ധംകൊണ്ടു തോന്നുന്ന അർത്ഥം സാധാരണയായി സ്വീകരിക്കപ്പെടുന്നത്. സാദൃശ്യം, സാമീപ്യം മുതലായ സംബന്ധങ്ങൾ നിമിത്തം രണ്ടു ഭിന്നവസ്തുക്കളെ ഒന്നായിസ്സങ്കല്പിച്ചു വ്യവഹരിക്കുന്നേടത്തെല്ലാം സംബന്ധം ലക്ഷണയാകുന്നു. ലക്ഷണയെ ആശ്രയിച്ച് ഭാഷയിൽ പല ജാതി പ്രയോഗങ്ങൾ ഉണ്ടായിവന്നിട്ടുണ്ട്. 'ചേനത്തണ്ടൻ' 'തെങ്ങോലവരിയൻ' തുടങ്ങിയുള്ളവ ലക്ഷണാമൂലകങ്ങളാണെന്നു പറയാവുന്നതാണ്.

വ്യഞ്ജനയെന്ന പേരായ ഒരു ശബ്ദാർത്ഥസംബന്ധം കൂടി, സ്വീകരിക്കേണ്ടതാണെന്നും അല്ലെന്നും ശാസ്ത്രകാരന്മാരുടെ വർഗ്ഗത്തിൽ വലുതായ വ്യവഹാരം നടന്നിട്ടുണ്ട്. അതിനെപ്പറ്റി വിസ്തരിച്ചുതുടങ്ങുന്നതായാൽ ഈ ലേഖനം അനാവശ്യമായി വളരെ ദീർഘിപ്പാനിടയാകുമെന്നു വിചാരിച്ച്, അതിൽ നിന്നു പിൻവലിക്കുന്നു. എന്നാൽ വ്യഞ്ജനയുടെ സ്വരൂപം ഇന്നതാണെന്നു കാണിക്കുന്നത് അപ്രകൃതമാവാൻ പാടുള്ളതല്ല. വാക്യാർത്ഥം മനസ്സിലായതിന്റെ ശേഷം അതിന്നപരിയായി തോന്നുന്ന ഓരോ അർത്ഥവിശേഷങ്ങൾ വ്യഞ്ജനയുടെ മിടുക്കിനാൽ സ്ഫുരിക്കുന്നവയാണ്. ഇങ്ങിനെ തോന്നുന്ന അർത്ഥത്തെത്തന്നെയാണ് ധ്വനിയെന്നു വ്യപദേശിക്കുന്നത്. ധ്വനിപ്രധാനമായ കാവ്യത്തെ ആലങ്കാരികന്മാർ ഉത്തമമായി ഗണിക്കുന്നു. വാക്കു കുറഞ്ഞും അർത്ഥം നിറഞ്ഞും വരേണമെങ്കിൽ വ്യഞ്ജനയുടെ സഹായമല്ലാതെ മറ്റൊരു മാർഗ്ഗമില്ല. സഹൃദയന്മാർക്ക് അനുഭവസിദ്ധമായ ഈ വ്യഞ്ജനയേയും ശബ്ദാർത്ഥസംബന്ധങ്ങളുടെ കൂട്ടത്തിൽ കണക്കാക്കുന്നതു തന്നെയാണ് യുക്തമായിട്ടുള്ളത്.

(1) തൽ ത്വമസി ശ്വേതകേതോ? (ഛാന്ദോഗ്യോപനിഷൽ)

# വൊള്ള.



നമ്പൂരിമാരോ നായന്മാരോ മലയാളത്തിൽ മുമ്പിട്ടു കടന്നു കൂടിയതെന്നുള്ള വാദം തീൎച്ചപ്പെടുത്തുവാനൊ, ഇവർ ഏതെല്ലാം ദിക്കുകളിൽനിന്നു വന്നവരായിരിക്കുമെന്നാലോചിപ്പാനോ ഇപ്പോൾ ആവശ്യമില്ല. പണ്ടേ തന്നെ മലയാളികളെന്നു പറയപ്പെടുന്ന ഈ വൎഗ്ഗക്കാർ, വിശേഷിച്ചും നമ്പൂരിമാർ മലയാളത്തിന്റെ കിഴക്കെ അതൃത്തിയിലുള്ള സഹ്യാദ്രിയുടെ പല ഭാഗങ്ങളായ ആരുവാമൊഴി, പാലക്കാട്ടുകാനം, വയനാട്ടുപരപ്പ് എന്നീ പ്രദേശങ്ങൾവഴിക്കു പടിഞ്ഞാട്ടിറങ്ങിയും, വടക്കതിരായ ചന്ദ്രഗിരിപ്പുഴ വഴിക്കു തെക്കോട്ടിറങ്ങിയും പ്രവേശിച്ചവരാണെന്നും ഓരോ നദീതിരങ്ങൾ നോക്കി സ്ഥലം പിടിച്ചു കൂടിയതാണെന്നും ഇപ്പോഴത്തെ നില കണ്ടാൽത്തന്നെ ഊഹിപ്പാൻ പ്രയാസമില്ല. തെക്കർ ആരുവാമൊഴിവഴിക്കു വന്നവരും മദ്ധ്യമലയാളികൾ പാലക്കാട്ടുകാനത്തിൽകൂടി കടന്നവരും വടക്കർ വയനാട്ടു പരപ്പിൽ നിന്നിറങ്ങിയവരും മറ്റു ചിലർ പുഴകടന്നു പ്രവേശിച്ചവരുമായിരിക്കാമെങ്കിലും കാലാന്തരംകൊണ്ടു സമ്മിശ്രസ്ഥിതിയിലായിത്തീൎന്നിട്ടുണ്ടെന്നും മറ്റും പറഞ്ഞു വിഷയം പരത്തുവാനും ഒരുങ്ങുന്നില്ല. മൂന്നുസഹസ്രാബ്ദത്തിലധികം സംവത്സരങ്ങൾ കഴിഞ്ഞിട്ടുണ്ട് ഇവരിവിടെ വന്നുകൂടീട്ടെന്നു പറയാതെ കഴികയില്ല.

നമ്പൂരിമാരുടെ വഴിക്കുവഴിയുള്ള കേരളപ്രവേശവും, അങ്ങുമിങ്ങുമായി കാടു വെട്ടിത്തെളിയിച്ചു സ്ഥലം പിടിച്ചു കൂടലും, ക്രമേണ തരംതിരിഞ്ഞു യോഗം പിരിഞ്ഞു പാൎക്കുന്ന മട്ടിൽ ഗ്രാമങ്ങൾ വിഭജിക്കലും, അനേകം പ്രസിദ്ധക്ഷേത്രങ്ങൾ പ്രതിഷ്ഠിക്കലും, പരിഷ്കരിച്ചു ഭരണവ്യവസ്ഥകളേർപ്പെടുത്തലും, ജൈനബൌദ്ധാദിമതാന്തരക്കാരുടെ കലച്ചിലും, പല ജാതിജനാന്തരങ്ങളുടെ ആഗമനവും, നമ്പൂരിമാരുടെ ഗ്രാമഭരണശൈഥില്യവും, നാലുകഴകവ്യവസ്ഥയും, അവതമ്മിൽ അന്തഃഛിദ്രവും, പെരുമാക്കന്മാരെ ഭരണമേല്പിക്കലും, യഹൂദ്രക്രിസ്തവാദികളുടെ വരവും, ഓരോ നാടുവാഴിപ്രഭുക്കന്മാർ രാജ്യഭരണം കൈവശപ്പെട്ടതും, മഹമ്മദുമതക്കാർ കടന്നുകൂടിയതും, ക്രമേണ പാശ്ചാത്യവ്യാപാരികളുടെ പുറപ്പാടും, ഇന്നു കാണുന്ന മാതിരി സൎവ്വസാമ്രാജ്യം ഇംഗ്ലീഷുരാജാവിന്നു സിദ്ധിച്ചതും, മറ്റും ചുരുങ്ങിയ കാലത്തിന്നുള്ളി [illegible]ക്കാവുന്ന ചരിത്രകാൎയ്യങ്ങളല്ലെന്നു പറയേണ്ടതില്ലല്ലൊ. നമ്മുടെ പ്രകൃതവിഷയം വളരെ പഴക്കം പിടിച്ചു തുടങ്ങേണ്ടതാകുന്നു.

മലയാളം മുപ്പത്തിരണ്ടു ഗ്രാമങ്ങളായി വിഭജിച്ചിട്ടുള്ളതിൽ പ്രസിദ്ധപ്പെട്ട ചില ഗ്രാമങ്ങൾ ഭാരതപ്പുഴയുടെ ഇരുഭാഗങ്ങളിലുമായിട്ടാണല്ലൊ ഇന്നും കണ്ടുവരുന്നത്. ഇവയിലുള്ള നമ്പൂരിമാർ പാലക്കാട്ടുകാനം വഴിക്കു കടന്നുകൂടിയവരായിരിക്കണം. ഈ ഗ്രാമങ്ങളിൽ എല്ലാംകൊണ്ടും പ്രാധാന്യം വഹിച്ചിരുന്നതു പന്നിയൂർ, ശുകപുരം എന്നു രണ്ടു ഗ്രാമങ്ങളാണെന്നു പ്രസിദ്ധമാണല്ലൊ. മറ്റു ചില ഗ്രാമങ്ങൾ ഇവയ്ക്കടുത്തുണ്ടെങ്കിലും അവയെല്ലാം ഇതു രണ്ടിന്നും കീഴടങ്ങി നിന്നിരുന്നതേ ഉള്ളൂ.

ശുകപുരം ഗ്രാമസങ്കേതഭൂമി കിഴക്കും, പന്നിയൂർ സങ്കേതം പടിഞ്ഞാറുമായി പുഴയുടെ ഇരുഭാഗങ്ങളിലുമായി പരന്നു കിടന്നിരുന്നു എന്നത് ഇന്നത്തെ ഭൂസ്ഥിതി കണ്ടാൽ ഊഹിപ്പാൻ പ്രയാസമില്ല. ഇതിൽ പന്നിയൂർ ഗ്രാമം ഇപ്പോൾ ഛിന്നഭിന്നമായ വിധം ഉടഞ്ഞും ഇടിഞ്ഞും കിഴിഞ്ഞും ക്ഷയിച്ചുപോയ കൂട്ടത്തിലാണ് നില്ക്കുന്നതെങ്കിലും, പണ്ടത്തെക്കാലത്തു കേരളത്തിൽ സർവ്വപ്രാധാന്യം ഈ ഗ്രാമത്തിന്നായിരുന്നു എന്നു ചരിത്രദൃഷ്ടികൊണ്ടു നോക്കിയാൽ പ്രത്യക്ഷപ്പെടുന്നതാകുന്നു.

ഉദ്ദേശം മൂവ്വായിരം സംവത്സരങ്ങൾക്കു മുമ്പ്, ഈ പന്നിയൂർ ഗ്രാമത്തിൽ വെള്ള എന്നൊരു നമ്പൂരിഗൃഹമുണ്ടായിരുന്നു. ആംഗിരസഗോത്രത്തിൽ ഗൌതമപ്രവരത്തിൽ ആശ്വലായനഗൃഹ്യസൂത്രം സ്വീകരിച്ച ഋഗ്വേദികളായ ഈ ഗൃഹത്തിലെ നമ്പൂരിമാർ, ചെം, പാ, മുരി, വെള്ള, കല, മേ, മാ, കല്യ എന്നുള്ള അഷ്ടഗൃഹത്തിലാഢ്യന്മാരുടെ 'താണ്ട'ത്തിൽപ്പെട്ട വെള്ളഗൃഹക്കാരാണ്. ഇവർ അന്നുമുതൽ ഇന്നുവരെ നമ്പൂരിവർഗ്ഗത്തിൽ പ്രാധാന്യം വഹിച്ചുവരുന്നവരാണെന്നു, നമ്പൂരിവകതിരിവുകാർക്കറിയാൻ ഇത്ര പറഞ്ഞാൽ മതി. അഷ്ടഗൃഹക്കാരിൽ ആദ്യത്തെ നാലും ഏഴാമത്തേതും എന്നഞ്ചു ഗൃഹം പന്നിയൂരും, ബാക്കി മൂന്നു ഗൃഹം ശുകപുരത്തുമായിരുന്നു എന്നുള്ളതുകൊണ്ടു തന്നെ പന്നിയൂർ ഗ്രാമത്തിന്റെ സർവ്വോൽകൃഷ്ടതയും സ്പഷ്ടമാകുമല്ലൊ.

തിരുനാവായിൽപ്പുഴയുടെ തെക്കേക്കര (തിരുശ്ശേരിക്കോട്ട) മുതൽ കോട്ടപ്പടി (പുന്നത്തൂർക്കോട്ട) വരെ ഈ വെള്ളഗൃഹക്കാരുടെ സങ്കേതഭൂമിയായിരുന്നു. ഇതിന്നകത്തു മററു പല യോഗ്യരുടെ ഇല്ലങ്ങളുമുണ്ടെങ്കിലും അവരൊക്കെ ഇവരുടെ കീഴിൽ നിന്നിരുന്നു. ഇന്നു കൊച്ചിരാജ്യത്തുൾപ്പെട്ട തലപ്പിള്ളിത്താലൂക്കിൽ അധികം ഭാഗവും ഇവരുടെ അധികാരത്തിന്നകത്തായിരുന്നു പെട്ടുകിടന്നിരുന്നത്. അവിടെ വെള്ളക്കാട് എന്നൊരു ക്ഷേത്രം ഇന്നും കാണാം. അത് ഈ വെള്ളഗൃഹക്കാരുടെ കേവലം കുലദേവതാലയം മാത്രമായിരുന്നു. ഇപ്പോൾ ആ ക്ഷേത്രം ഒരുമാതിരി ഊരാണ്മക്ഷേത്രമായിത്തീർന്നിട്ടുണ്ട്. ഈ ഗൃഹക്കാരല്ലാത്തവരും ഊരാളന്മാരായി കൂടീട്ടുണ്ട്. എങ്കിലും ഇതിന്റെ സൂക്ഷ്മചരിത്രം അന്വേഷിച്ചാൽ ഉടമസ്ഥന്മാർ വെള്ളഗൃഹക്കാർ മാത്രമായിരുന്നു എന്നു കാണ്മാൻ പ്രയാസമുണ്ടെന്നു തോന്നുന്നില്ല.

ഈ വെള്ളഗൃഹം വെള്ള, മാവഞ്ചേരി എന്നു രണ്ടായിപ്പിരിഞ്ഞു. മാവഞ്ചേരിയാണ് വെള്ളഗൃഹത്തിലെ ജ്യേഷ്ഠസന്താനശാഖ. അതുകൊണ്ടു പല സാമുദായികാധികാരങ്ങളും ഈ ശാഖയിലേയ്ക്കാണൊതുങ്ങിനിന്നിരുന്നത്. പിന്നീടു മാവഞ്ചേരിയും രണ്ടായിത്തിരിഞ്ഞു. അതിൽ ജ്യേഷ്ഠവംശം കക്കാട്ടുവർഗ്ഗമായിത്തീർന്നു. ഈ വിഭാഗങ്ങൾ നമ്പൂരിമാരുടെ ഗ്രാമഭരണകാലത്തുതന്നെ കഴിഞ്ഞിരുന്നു; എന്നു വെച്ചാൽ മലയാളത്തിൽ പെരുമാക്കന്മാരുടെ ഭരണം തുടങ്ങുന്നതിന്നും, ഈ കേരളം നാലു കഴകമായിത്തിരിച്ചു നാലെടത്തും ഓരോ രക്ഷാപുരുഷന്മാരെ അല്ലെങ്കിൽ പാൾനമ്പിമാരെ, മറെറാരു പേരു പറകയാണെങ്കിൽ തളിയാതിരിമാരെ മുമ്മൂന്നു വർഷത്തേയ്ക്കായി അവരോധിച്ചു വന്നിരുന്നതിന്നും, തിരുനാവായിൽ വെച്ചു മഹാജനസഭ കൂടിയിരുന്നതിന്നും, അവിടെ മാമാങ്കമഹോത്സവം ആരംഭിച്ചതിന്നും മുമ്പെ കഴിഞ്ഞിരു

ന്നു എന്നു താല്പൎയ്യം. ഇപ്പറഞ്ഞ പല വലിയ ഏൎപ്പാടുകൾക്കെല്ലാം ഈ വെള്ളഗൃഹത്തിൽ മാവഞ്ചേരിവൎഗ്ഗത്തിൽ കക്കാട്ടു ശാഖക്കാർ ആദ്യവസാനമായിരുന്നു എന്നതിന്നു പല ലക്ഷ്യങ്ങളുമുണ്ടു്. അവൎക്കു മാമാങ്കം നടന്നിരുന്ന കാലത്തെല്ലാം ചില ഭാരവാഹിത്വങ്ങളുണ്ടായിരുന്നതുതന്നെ ഇതിന്റെ ശാശ്വതസൂചകമാണു് എന്നു മാത്രമേ ഇപ്പോൾ പറയുന്നുള്ളു.

മാമാങ്കമഹോത്സവവും നടത്തി, മഹാജനസഭയും ഏൎപ്പെടുത്തി, മലയാളഗ്രാമങ്ങളുടെ അന്തശ്ഛിദ്രങ്ങളും മററും അമൎത്തി, നാലു കഴകങ്ങളായി മലയാളം തിരിച്ചു നിൎത്തി, അവയിൽ ഓരോ വാൾനമ്പിമാരെ രക്ഷകന്മാരായി മൂന്നു സംവത്സരത്തേക്കു തിരഞ്ഞെടുപ്പാൻ അതാതു കഴകത്തിലുള്ള ജനസംഘത്തെ (കഴക്കൂട്ടത്തെ) അധികാരപ്പെടുത്തി വന്നിരുന്നതായി സൂചിപ്പിച്ചുവല്ലോ. പയ്യന്നൂർ, പന്നിയൂർ, പറവൂർ, ചെങ്ങന്നൂർ എന്നിങ്ങിനെയാണു് നാലു കഴകം തിരിച്ചിരുന്നതു് എന്നു കേരളചരിത്രം വായിച്ചിട്ടുള്ളവൎക്കൊക്കെയും അറിയുവാനിടയുണ്ടു്. ചെങ്ങന്നൂർകഴകത്തിൽ വഞ്ഞിപ്പുഴപ്പണ്ടാരത്തിൽനിന്നും മററു പല പോററിബ്രാഹ്മണവീരപുരുഷന്മാരും, പറവൂർ കഴകത്തിൽ കാഞ്ഞൂരു, കിരാങ്ങാട്ടു, കരിങ്ങമ്പിള്ളി മുതലായ വീരനമ്പൂരിപ്പാടന്മാരും, പയ്യന്നൂർ കഴകത്തിൽ താഴക്കാട്ടു മനയ്ക്കൽ അമ്മാമന്മാർ തിരുമുമ്പിൽനിന്നും, പെരുഞ്ചെല്ലൂർ ഗ്രാമത്തിൽ 'നാല്ക്കൂർ' എന്നുകൂടി സ്ഥാനപ്പേരുള്ള കരുമത്തൂർ മനയ്ക്കൽനമ്പൂരിപ്പാടും മററും മാറിമാറി വാൾനമ്പിസ്ഥാനത്തേക്കു വരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും, പന്നിയൂർ കഴകത്തിൽ വെള്ളഗൃഹക്കാരെ വിട്ടു മറെറാരേടത്തേക്കും രക്ഷാപുരുഷസ്ഥാനം കൈമാറിക്കേറുവാൻ സംഗതിയായിട്ടില്ല. സ്ഥിരമായിത്തന്നെ വളരെക്കാലത്തേക്കു കക്കാട്ടു മനക്കാർ ഈ സ്ഥാനം സൎവ്വസ്വമാംവണ്ണം വഹിച്ചുവന്നു. ഇതാണു യോഗ്യത. ഓരോ കഴകങ്ങളിലുമുള്ള കഴക്കൂട്ടങ്ങളിൽ വെച്ചു മൂന്നു സംവത്സരകാലത്തേക്കു മാത്രം രക്ഷാപുരുഷന്മാരായിട്ടു വരോധിക്കപ്പെട്ടിരുന്ന വാൾനമ്പിമാർ, അല്ലെങ്കിൽ തളിയാതിരിമാർ അവരവരുടെ ചുരുങ്ങിയ ഭരണകാലത്തിന്നുള്ളിൽ 'രക്ഷാഭോഗം' എന്ന സമ്പാദ്യത്തിന്നു പുറമെ തിരുമുൽക്കാഴ്ച അല്ലെങ്കിൽ കയ്ക്കൂലികൂടി വാങ്ങിയും പണം നേടി, മററു കഴകങ്ങളിലും പരരാജ്യത്തും ഭൂസ്വത്തു സമ്പാദിക്കുക എന്നൊരക്രമം ചെയ്തുതുടങ്ങി. മേൽപ്പറഞ്ഞ നമ്പൂരിപ്പാടന്മാൎക്കു പാണ്ടിച്ചേരിവിലും പാലക്കാട്ടുകാനത്തുവിലും കൊടകിലും മററും ഇന്നും കാണാവുന്ന ഭൂസ്വത്തുകൾ ആ വക സമ്പാദ്യത്തിന്റെ അവശേഷങ്ങളാണെന്നുതന്നെ പറയാം. മററു മൂന്നു കഴകങ്ങളിലുള്ള വാൾനമ്പിമാരും ഈ വക അക്രമങ്ങൾ ചെയ്തിരുന്നകാലത്തുപോലും സ്ഥിരപ്രതിഷ്ഠന്മാരായ വെള്ളഗൃഹക്കാർ അല്ലെങ്കിൽ കക്കാട്ടുമനക്കാർ, ധൎമ്മനിഷ്ഠവിടാതെതന്നെ ഭരിച്ചു പോന്നിരുന്നു. ഈ വിധം വാണിരുന്ന പന്നിയൂർ കഴകത്തിലെ വാൾനമ്പിക്കു നമ്പിയാതിരിപ്പാടെന്ന ബഹുമാനപ്പേരും പറഞ്ഞുവരുമാറുണ്ടായിരുന്നു. പേരിന്നു മാത്രമായിട്ടെങ്കിലും ഈ നമ്പിയാതിരിസ്ഥാനം കക്കാട്ടു വംശത്തിന്റെ പിരിഞ്ഞുകിഴിഞ്ഞു ചാഞ്ഞുനില്ക്കുന്ന ഒരു ശാഖയിൽ ഇന്നും കാണ്മാനില്ലെന്നില്ല.

കക്കാട്ടു മനക്കാർ വളരെ നിഷ്കൎഷയോടു കൂടിത്തന്നെ പന്നിയൂർ കഴകം ഭരിച്ചു വന്നിരുന്ന കാലത്തും അവിടെ ഒരു വലിയ അന്തശ്ഛിദ്രത്തിന്റെ മൊള പൊട്ടു

ടിപ്പാപ്പെട്ട്. ശുകപുരം ഗ്രാമത്തിൽത്ത ന്നയാണ് ഇതിന്റെ ബീജം കണ്ടുതുടങ്ങി യത്. പന്നിയൂരും ചൊവ്വരവും തമ്മിലുള്ള കിടമത്സരം ഭാവികാലത്തേയ്ക്കു വലിയ ആ പൽക്കരമായിത്തീരുന്നതാണെന്നു കണ്ടു ദീ ർഘദർശികളായ അന്നത്തെ ജനസമുദായ പ്രതിനിധികൾ മഹാജനസഭയിൽ വെച്ചു ണ്ടായ സകലഗ്രാമയോഗസമ്മതപ്രകാരം ചില പരിഹാരങ്ങൾ ചെയ്തുവെച്ചു. കിടമ ത്സരം ക്രമത്സരമാക്കിപ്പരിണമിപ്പിച്ചു. സ കലഗ്രാമജനങ്ങൾക്കും മേലധികാരികളാ യിട്ടു പന്നിയൂരും ചൊവ്വരത്തും വെവ്വേറെ രണ്ടു തമ്പുരാക്കന്മാരെ നിശ്ചയിച്ചുവരോ ധിച്ചു. പന്നിയൂർഗ്രാമത്തിൽ, മാത്തൂർ ഗ്ര ഹത്തിൽ 'കയ്യാഞ്ചേരി' മനയ്ക്കൽ തമ്പുരാക്ക ളും ശുകപുരം ഗ്രാമത്തിൽ, കലുക്കമില്ലാ വൂർ ഗ്രഹത്തിന്റെ രണ്ടാം ശാഖയായ പു ലപ്പോഗ്രഹത്തിൽ 'ആഴ്‌വാഞ്ചേരി' മന യ്ക്കൽ തമ്പുരാക്കളും നാലുകഴകത്തിലെ ര ക്ഷാപുരുഷന്മാരുടെയും മേലധികാരികളാ യിത്തീർന്നു. മലയാളികൾ മുഴുവനും പന്നി യൂർക്കൂറായും ചൊവ്വരംക്കൂറായും ഏതിലെ ങ്കിലും ഒന്നിൽ ചേർന്നു നില്പാനും തീർച്ചപ്പെടു ത്തി. ഈ തമ്പുരാക്കന്മാരിൽത്തന്നെ പ ന്നിയൂർ ഗ്രാമത്തിലെ തമ്പുരാക്കൾ ചൊവ്വ രം കൂറിലും, ചൊവ്വരം ഗ്രാമത്തിലെ തമ്പു രാക്കൾ പന്നിയൂർ കൂറിലും നിന്നുകൊണ്ടു സകലമലയാളികൾക്കും യഥേഷ്ടം ഏതു കൂ റിലെങ്കിലും ചേർന്നു നില്പാനുള്ള സ്വാത ന്ത്ര്യവും കൊടുത്തു. ഇരുകൂറുകാക്കും ഉടു പ്പ്, കുറി, കറി, കണക്ക മുതലായവയിൽ ചില പ്രത്യേക ചിഹ്നങ്ങളും വ്യവസ്ഥപ്പെ ടുത്തി കൂറുമത്സരം ഭൂഷണമാക്കിക്കല്പിയ്ക്കുയും ചെയ്തു. എന്നാൽ മഹാജനസഭയുടെ പര ദേവതാസ്ഥാനം പന്നിയൂർ വരാഹമൂർത്തി യ്ക്കായിരുന്നതിനാൽ, ആ ഗ്രാമപരദേവത യെ എല്ലാ മലയാളികളും സേവിച്ചുകൊ ള്ളേണമെന്നുള്ള നിയമം വിശേഷിച്ചും ദൃ ഢീകരിയ്ക്കാതിരുന്നില്ല. ഈ വക വ്യവസ്ഥ കളിൽ ലേശമ്പോലും സ്വാർത്ഥം നോക്കാ തെ സാമുദായികക്ഷേമത്തെ മാത്രം പ്രമാ ണിച്ചു പ്രയത്നിച്ച കൂട്ടരിൽ പന്നിയൂർ വാഴുന്നമ്പി മുമ്പിട്ടു നിന്നിരുന്നു എന്നു പ റയേണ്ടതില്ലല്ലൊ. ഇങ്ങിനെ ശുകപുരത്തു കാർ എതിർത്തുരച്ചു നോക്കിയപ്പോഴും ശ്വേ തവരാഹപ്രസാദപ്രാസാദമുള്ള വെള്ളഗ്ര ഹക്കാർ യശസ്സുകൊണ്ടു വീണ്ടും വെളു ത്തതേ ഉള്ളൂ.


ഇപ്പറഞ്ഞ കാലങ്ങൾക്കുള്ളിൽ മല യാളത്തിൽ ജൈനമതം വ്യാപിച്ചിരുന്നതി നും പുറമെ ബുദ്ധമതവും കടന്നുകൂടിത്തുട ങ്ങി. എന്നുമാത്രമല്ല, പടർന്നുപിടിപ്പാനും ആരംഭിച്ചിരുന്നു. മലയാളബ്രാഹ്മണരിൽ ത്തന്നെ പലരും ഈ മതാന്തരങ്ങളിൽ പ്ര വേശിപ്പാനിടയായി. സമുദായനേതാക്കൾ ഈ മതവ്യാമിശ്രണദോഷത്തെ ഭയപ്പെട്ടി ട്ടു, മതാന്തരപ്രവിഷ്ടന്മാരെ മഹാജനസഭ യിൽ അംഗങ്ങളാക്കിക്കൂടാ എന്നും പരദേ ശികളെ മേലാൽ മലയാളത്തിൽകടത്തി പാർപ്പിയ്ക്കുവാൻ ഭൂമിയുടമസ്ഥന്മാരാരും സ്ഥ ലം കൊടുത്തുപോകരുതെന്നും വരാഹമൂ ർത്തിയുടെ ശാസനമെന്ന നിലയിൽ മഹാ ജനസഭയിൽ തീർച്ചപ്പെടുത്തി. മലയാളിക ളായ മതാന്തരപ്രവിഷ്ടന്മാർക്ക് കേവലം അതിഥിനിലയിൽ സഭാസ്ഥലങ്ങളിൽ പ്ര വേശം കൊടുത്തുവരികയുംചെയ്തു. അതുചി തമായിരുന്നുതാനും. മാറുള്ളവക്കിതുകൊ ണ്ടു വലിയ ഗുണം സിദ്ധിച്ചു. പതിനെട്ടു സംഘങ്ങളിലുമായി മുപ്പത്താറായിരം നമ്പൂ രിമാർ തന്നെ യോധന്മാരായി നിന്നിരുന്നു എന്നു പറഞ്ഞുവരുന്ന അക്കാലത്തു മലയാ ളത്തിൽ ആയുധവിദ്യ, വൈദ്യശാസ്ത്രം,

ജ്യോതിഷവിദ്യ, തൎക്കശാസ്ത്രം, ഭാൎഗ്ഗവസ്മൃതി മുതലായ ധൎമ്മശാസ്ത്രം, യോഗവിദ്യ, മന്ത്രവാദം എന്നീവക ശാസ്ത്രങ്ങൾക്കായിരുന്നു അധികം പ്രചാരവും ഉപയോഗവും ഉണ്ടായിരുന്നതു്. ഇവയ്ക്കു ജൈനാദിമതാന്തരക്കാരുടെ തുടരെത്തുടരെയുള്ള പ്രവേശം കൊണ്ടു വിശേഷിച്ചും അഭിവൃദ്ധി വന്നുകൊണ്ടിരുന്നതിനാൽ ഈ വൎഗ്ഗക്കാരുടെ പ്രവേശനിഷേധം അഭ്യുദയകാംക്ഷികളായ പലൎക്കും വൈരസ്യത്തിന്നും ഇച്ഛാഭംഗത്തിന്നും ഇടയാക്കിത്തീൎത്തു. അതിന്റെ സമാധാനത്തിന്നും ജനരഞ്ജനത്തിന്നും വേണ്ടിയായിരിക്കണം മതാന്തരപ്രവിഷ്ടന്മാരായ മലയാളികൾക്കു, വിശേഷിച്ചു പണ്ഡിതന്മാൎക്കു മഹാജനസഭയിലും മറ്റു സഭാമഠങ്ങളിലും മാന്യനിലയിൽ പ്രവേശം അനുവദിച്ചുകൊടുത്തതു്. ഇതുകൊണ്ടു മേൽപറഞ്ഞ ശാസ്ത്രങ്ങൾക്കും മറ്റും പരിപുഷ്ടി വിടാതെ വൎദ്ധിച്ചുവരികയും ചെയ്തു. അന്നുതന്നെയും പന്നിയൂർക്കാർ അന്യരാജ്യക്കാരുടെ സംസൎഗ്ഗംകൊണ്ടുണ്ടാവുന്ന ഗുണങ്ങളെക്കണ്ടുവെച്ചിരുന്നു. ഈ നോട്ടം പന്നിയൂർ വാൾനമ്പിച്ചുഭൂതികളുടെ ദീൎഘദൃഷ്ടിയിൽപ്പെട്ടവയായിരുന്നു. ഈ ഒരു കാഴ്ചതന്നെയാണ് പിന്നീടു പെരുമാക്കന്മാരുടെ അവരോധത്തിന്നും അടിസ്ഥാനം. കാലാന്തരത്തിൽ വലിയ എളക്കത്തിന്നു കാരണമായി വരാഹമൂൎത്തിയെ ചുട്ടുപൊട്ടിച്ച ദുഷ്കൎമ്മത്തിന്നും ഇതിന്റെ പരിണാമംതന്നെ മൂലം. ആ കഥ ഇരിക്കട്ടെ.

വെള്ളഗ്രഹത്തിന്റെ ഉയൎന്നു നില്ക്കുന്ന വലിയ ശാഖയായ കക്കാട്ടുമന കാലംകൊണ്ടു പല ചില്ലികളായിത്തിരിഞ്ഞു വശമായി. അതിൽ ജ്യേഷ്ഠവംശം പന്നിയൂർ കഴകത്തിലെ രക്ഷാപുരുഷസ്ഥാനം കൈവിടാതെ വഹിച്ചും വന്നു. എന്നുമാത്രമല്ല, അതിന്നു വേണ്ടതായ ധൎമ്മശാസ്ത്രാദി പല ശാസ്ത്രങ്ങളിലും പാണ്ഡിത്യം സമ്പാദിച്ചു സഭാമഠത്തിൽ ഭട്ടതിരിയായി അവരോധിക്കപ്പെടുകയും കൂടി ചെയ്തുവന്നിരുന്നതിനാൽ, കക്കാട്ടു ഭട്ടതിരിപ്പാടന്മാർ എന്ന പേരും കൂടി സ്ഥിരപ്പെടുത്തി. മറെറാരു ശാഖ, കക്കാട്ടു നമ്പൂരിപ്പാട് എന്ന നിലയിൽത്തന്നെ പ്രസിദ്ധപ്പെട്ടു. അതും പിന്നു വേർതിരിഞ്ഞു. ഒരു തിരിവ്, കക്കാട്ടുകിൎ നമ്പൂരിപ്പാടായിത്തീൎന്നു. കിഴക്കോട്ടു മാറിപ്പാൎത്ത മറെറാരു തിരിവ്, കക്കാട്ടു കിഴക്കേടത്തു നമ്പൂരിപ്പാടായി കലാശിച്ചു. ഇതിൽനിന്നു മറെറാരുൾപ്പിരിവുണ്ടായി. അതാണ് അഷ്ടവൈദ്യന്മാരിൽ അതിപ്രസിദ്ധനായ കുട്ടഞ്ചേരി മൂസ്സിന്റെ ഗ്രഹം. ഇതുപോലെ അഷ്ടാംഗമായ വൈദ്യശാസ്ത്രം അഭ്യസിച്ചു ചികിത്സ കുലധൎമ്മമായി സ്വീകരിച്ചു ജനസമുദായത്തിന്റെ ജീവരക്ഷയ്ക്കു സന്നദ്ധന്മാരായിട്ടു 'അഷ്ടവൈദ്യന്മാർ' എന്നു പറയപ്പെടുന്ന നമ്പൂരിമാർ മലയാളത്തിൽ പതിനെട്ടു സംഘത്തിലും ഓരോരുത്തർ എന്ന നിലയിൽ പതിനെട്ടില്ലക്കാരുണ്ടായിരുന്നു എന്നും, അവരിൽ പല കുലക്കാരും കുററി മുടിഞ്ഞു് ഇന്നുള്ള അഷ്ടവൈദ്യന്മാരുടെ ഗ്രഹങ്ങളിലേയ്ക്കു ലയിച്ചുപോയി എന്നും, ഉള്ള പ്രസക്താനുപ്രസക്തപ്രസംഗം നില്ക്കട്ടെ. കുട്ടഞ്ചേരി മൂസ്സൊഴിയെ മറ്റുള്ള കക്കാട്ടു നമ്പൂരിപ്പാട്ടു വൎഗ്ഗക്കാരൊക്കെത്തമ്മിൽ ഇന്നും പുലസംബന്ധം തീരെ വിട്ടിട്ടില്ല. കക്കാട്ടു നമ്പൂരിപ്പാട്ടുതന്നെ പിന്നെയും ഒന്നുംകൂടിപ്പിരിഞ്ഞു. അതിൽ ജ്യേഷ്ഠശാഖ തിരുവില്വാമലക്ഷേത്രത്തിലെ മേൽക്കോയ്മസ്ഥാനം വഹിച്ചിരുന്നതുകൊണ്ടു തിരുവില്വാമല കക്കാട്ടു നമ്പൂരിപ്പാടെന്നും, പാക്ഷ കാട്ടിൽ നമ്പൂരിപ്പാടെന്നും പേരെടുത്തു. ഇനി, കക്കാട്ടു ഭട്ടതിരിപ്പാട്ടു വൎഗ്ഗത്തെപ്പററി വളരെപ്പറയാനുണ്ടു്. അതു പിന്നെയാവാം. (തുടരും.)

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

# തുൎക്കിസ്ത്രീകളുടെ കാലക്ഷേപം



ഒരു തുൎക്കിസ്ത്രീ ഒരു ഫ്രഞ്ച് പത്രികയ്ക്കു തങ്ങളുടെ സുഖദുഃഖങ്ങളെ വൎണ്ണിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു: ഞങ്ങളിൽ ആരെങ്കിലും ബുദ്ധിശാലിനികളായും വിവേകിനികളായും ജനിച്ചാൽ, അവൎക്കു ജീവകാലം മുഴുവനും കാരാഗൃഹമാണു ഗതി. 'ഹാരം'* എന്നു വെച്ചാൽ തോട്ടം, കുളം മുതലായതുകൾ ഉള്ള വലിയ കാരാഗൃഹമെന്നാണ് അൎത്ഥം. ഇക്കാലത്തു ഞങ്ങളിൽ മിക്കവൎക്കും വായിപ്പാൻ അറിയാം. എങ്കിലും വായിച്ചിട്ടോ എഴുതീട്ടോ കാലം കഴിക്കാമെന്നു വെച്ചാൽ പഠിക്കുന്ന വിഷയത്തെപ്പററി ആരോടാണു ചോദിക്കുന്നത്? നല്ല വിഷയങ്ങളെപ്പററി ആരോടാണു സംസാരിക്കേണ്ടത്? പുരുഷന്മാരെ ഞങ്ങൾക്കു കാണ്മാൻ കൂടി സാധിക്കയില്ല. ഞങ്ങൾ ഒന്നിച്ചുള്ള മററു സ്ത്രീകൾക്കാണെങ്കിൽ പഠിപ്പുകൊണ്ടുള്ള ജ്ഞാനം വളരെ കുറവാണ്. മുൻകാലങ്ങളിൽ ഞങ്ങൾക്ക് അന്യരാജ്യങ്ങളിൽ പോയി പഠിക്കുവാനും സാധിച്ചിട്ടില്ല. ഞങ്ങളെ പഠിപ്പിക്കുവാനായി അന്യരാജ്യത്തു നിന്നു വന്നിട്ടുണ്ടായിരുന്ന സ്ത്രീകളും ബുദ്ധിഗുണം കുറഞ്ഞവരായിരുന്നു.

ഞങ്ങളുടെ ഭൎത്താക്കന്മാരാണെങ്കിൽ, സാമാന്യമായി സ്ത്രീകൾക്കു സംസാരിക്കേണ്ടതായ സ്വൎണ്ണം, വസ്ത്രം മുതലായതുകൾ ഒഴിച്ച് അന്യവിഷയങ്ങളെപ്പററി സംസാരിച്ചാൽ അതു ഹാസ്യമായി വിചാരിക്കുകയും, അങ്ങിനെ സംസാരിക്കുന്നതു 'കണ്ടിലിരിക്കും തവളക്കുഞ്ഞിനു കുന്നിനുമീതെ പറപ്പാൻ മോഹം' എന്നപോലെ അധികപ്രസംഗമായിട്ടുള്ളതാണെന്നു കരുതുകയും ചെയ്യും. അതിന്നു പുറമെ നമ്മുടെ ഹാരങ്ങളിൽ അന്തഃപുരത്തിൽ കുട്ടികളുടെ ഉപദ്രവംകൊണ്ടും, അടിമകളുടെ അവലക്ഷണംകൊണ്ടും അവൎക്ക് അവിടം വിട്ടുപോയാൽ മതി എന്നാണു വിചാരം.

അവൎക്കു പുറത്തുപോയി ആനന്ദിക്കുവാൻ എത്രയൊ വഴികൾ ഉണ്ട്. തങ്ങളുടെ ഉദ്യോഗനിയമങ്ങൾ, യൂറോപ്യന്മാരുടെ വിരുന്നുകൾ, നാടകങ്ങൾ മുതലായ പല തമാശകളും ഉണ്ട്. അവകളിൽ ഒന്നിലും ഞങ്ങൾക്കു ചേരുവാൻ നിവൃത്തിയില്ല.

എന്നാൽ, ഞങ്ങൾ ഈ ക്ഷണത്തിൽ യുറോപ്യസ്ത്രീകളെപ്പോലെ യഥേഷ്ടം നടക്കണമെന്നു പറയുന്നില്ല. എന്തെന്നാൽ ഞങ്ങൾ മുഹമ്മദീയരാണ്. മുഹമ്മദുമതവിഷയത്തിൽ ഞങ്ങൾക്കു പൂൎണ്ണഭക്തിയുള്ളതിനാൽ, മതസംബന്ധമായി ഏൎപ്പെട്ടിട്ടുള്ള പഴയ ആചാരങ്ങളെ അടിയോടെ പറിച്ചുകളഞ്ഞ് ഇന്നേദിവസം മുതൽ സ്വേച്ഛാനുസരണം പ്രവൎത്തിക്കുന്നതു ഞങ്ങൾക്കു സമ്മതമില്ല.

എന്നാൽ, ഈ പറഞ്ഞ ഉപദ്രവങ്ങളെക്കൊണ്ടു ഞങ്ങൾ കേവലം അടിമകളെപ്പോലെ കഷ്ടപ്പാടനുഭവിക്കുന്നുണ്ടെന്നുള്ളതിന്നു യാതൊരു സംശയവും ഇല്ല. ഞ

* Harem = മുഹമ്മദീയസ്ത്രീകളുടെ ഇരിപ്പിടം.

ങ്ങൾ മുഖം മൂടാതെ പുറത്തു വരാൻ പാടില്ലെന്നുള്ള നിശ്ചയത്തിന്റെ കാരണം ഞങ്ങളുടെ നബിയുടെ കാലത്തു നടന്ന ഒരു സംഭവമാണ്. ഞങ്ങളുടെ പരമഗുരുവായ ശ്രീ മുഹമ്മദു നബി ആദ്യം തന്റെ മതത്തെ പ്രബലപ്പെടുത്തി വരുമ്പോൾ സ്ത്രീകളെ 'ഘോഷ'കളാക്കണമെന്നു സ്വപ്നത്തിലും വിചാരിച്ചിരുന്നില്ല. എന്നാൽ ഒരു ദിവസം അദ്ദേഹം ഒരു സ്നേഹിതന്റെ ഭാര്യയെ കണ്ടപ്പോൾ അവളുടെ സൌന്ദര്യാതിരേകത്തിൽ മയങ്ങി അവളെ ഭർത്താവിൽ നിന്നു വേർപിരിച്ചു തന്റെ വശത്താക്കി സുഖിച്ചു. അക്കാലത്തു താൻ ചെയ്തതുപോലെ മററുള്ളവരും ചെയ്വാൻ തുടങ്ങിയാൽ വളരെ അനർത്ഥങ്ങൾ ഉണ്ടാവാനിടയുണ്ടെന്ന് അദ്ദേഹത്തിന്നു തോന്നിയതിനാൽ ഉടനെ മുഹമ്മദീയസ്ത്രീകൾ ഇനി പുറത്തു പോകുന്നതായാൽ മുഖം മാച്ചാതെ പോവാൻ പാടില്ലെന്നു വിധിച്ചു. അതിനാൽ തന്റെ പ്രിയതമയെ മററാക്കും കാണ്മാൻ കഴിയാത്തതിനാൽ ആ വക അനർത്ഥങ്ങൾക്കു വഴിയില്ലാതായി. അന്നുമുതൽ മുഹമ്മദീയസ്ത്രീകൾക്കു സ്വാതന്ത്ര്യവും കുറവായി.

ഞങ്ങളുടെ ഇടയിൽ സ്വയംവരം ഉണ്ടെന്നു പറയുന്നതു വാസ്തവം തന്നെ. എന്നാൽ നടപ്പ് ഇപ്രകാരമാണ്. ഒരു പുരുഷൻ വിവാഹത്തിന്നായി ഞങ്ങളുടെ വീട്ടിൽ വന്നാൽ ഞങ്ങൾ ഒളിച്ചുനിന്ന് അയാളെ കാണാം. അങ്ങിനെ കാണുന്നതുകൊണ്ട് കയ്യ്, കാല് മുതലായ അംഗങ്ങൾക്കു വല്ല കുറവും ഉണ്ടെങ്കിൽ അറിയുന്നതല്ലാതെ ബുദ്ധി, വിനയം മുതലായ സൽഗുണങ്ങളെപ്പററി ഒന്നും അറിവാൻ കഴികയില്ല. അവക്കും ഞങ്ങളെപ്പററി ഒന്നും അറിവാൻ സാധിക്കില്ല. വിവാഹം കഴിക്കുന്ന ദിവസം ഭർത്താവിന്നു ഭാര്യയെ ബോദ്ധ്യമായിട്ടില്ലെങ്കിൽ അന്നുമുതൽ വലിയ കഷ്ടപ്പാടു തന്നെ. തൊട്ടതെല്ലാം കുററം, ഒടുവിൽ ഉപേക്ഷിക്കും. ഇങ്ങിനെ എത്രയോ കല്യാണങ്ങൾ അവസാനിക്കുന്നു.

എന്നാലും ഞങ്ങളിൽ ആരും വിവാഹം കഴിക്കാതെയിരിക്കാറില്ല. ഞങ്ങൾ തടവിൽ ഇരിക്കുന്നതിന്നും മേലെയായിട്ടൊന്നും ഉണ്ടെന്നു തോന്നുന്നില്ല. ഭർത്താക്കന്മാർ നല്ലവരാണെങ്കിൽ ഞങ്ങളുടെ സഖികൾ ഞങ്ങളെ സ്തുതിക്കും. കല്യാണം കഴിക്കുന്ന സ്ത്രീ തന്റെ ഭർത്താവായ പുരുഷൻ ആദ്യം തന്നെ സ്വീകരിക്കുവാൻ വരുമ്പോൾ, അതിന്നുമുമ്പ് അയാളെ കാണാതെയും അയാളെപ്പററി യാതൊരറിവും തനിക്കില്ലാതെയും ഇരുന്നിട്ടും അവൾ നിലംവരെ താണു സലാം ചെയ്ത് അയാളുടെ അടിമയാവണം. ആ സമയത്ത് അവളെ പീഡിപ്പിക്കുന്ന ഭയം, ലജ്ജ മുതലായവയെ വർണ്ണിക്കുവാൻ കൂടി കഴിയുന്നതല്ല.

ഇങ്ങിനെ പുരുഷന്മാരുടെ ആഗ്രഹത്തെ സാധിപ്പിക്കുവാൻ വേണ്ടി ഞങ്ങൾ ജനിച്ചിട്ടുള്ളതുകൊണ്ട്, ഞങ്ങൾക്കു പഠിപ്പു മുതലായതുകൾ ഉണ്ടാകുന്നതിനേക്കാൾ ഇല്ലാതിരിക്കുന്നതാണ് ഉത്തമം എന്നു വിചാരിച്ചാണ് ഞങ്ങളെ ഈ സ്ഥിതിയിൽ ഇരുത്തീട്ടുള്ളത്. ഞങ്ങൾ ഇപ്പോൾ ആഗ്രഹിക്കുന്നതു ഞങ്ങളുടെ കുട്ടികളെ നല്ലവണ്ണം വളർത്തിക്കൊണ്ടു വരുവാനുള്ള വിദ്യാഭ്യാസമാണ്. മറെറല്ലാം കാലക്രമംകൊണ്ടു സമ്പാദിക്കാവുന്നതാണ്.

വി. എം. എൻ.

# നാരായണാഷ്ടകം.

ഓങ്കാരാബ്ജമരന്ദമേ! മുനിമനോ-
ഭൃംഗവ്രജങ്ങൾക്കനൽ-
പ്പൂങ്കാവേ! പുരുഷാശനപ്പരിഷയാം
വേനല്ക്കാലപ്രദമേ!
തേൻകാൽക്കുപ്പിനവാണി! മാർക്കോരുമുടി-
ക്കപ്പായപ്പൂമങ്കയാൾ
താൻകാമിച്ചവളൊത്തപുണ്യതരുവിൻ-
കായേ! വണങ്ങുന്നു ഞാൻ.

നന്നായിട്ടുഭജിച്ചിട്ടൈഹികസുഖം
നിസ്സാരമെന്നെങ്കിലും
തന്നാൽത്തന്നു; ജഗത്തിലീയൊരുനില-
യ്ക്കുണ്ടീശ്വരന്മാർപലർ;
എന്നാലെൻതിരുമേനിയോപടുദയാ-
വേശാൽപ്പരാനന്ദമാ-
കുന്നാത്മാവിനെയുംസ്വഭക്തനുകൊടു-
ത്തീടുന്നവല്ലോഹരേ!

മോഹംചേതസി! വിശ്വമോഹനതനോ!
നിന്മായനിർമ്മിക്കയാൽ
ദേഹംനിത്യമിതെന്നുറച്ചു, ദയിതാ-
പുത്രാദിവസ്തുക്കളിൽ
സ്നേഹംമൂത്തനിശംകിടന്നുഴലുമീ
മട്ടൊക്കെമാറിക്രമാൽ
സോഹംബുദ്ധിഭവിക്കണംമമഭവൽ-
കാരുണ്യപൂരത്തിനാൽ.

നാൾതോറുംനളിനാക്ഷ! നാന്മറമുഖ-
സ്തോത്രൈകധാതാവിനും,
നേർതോന്നുംമുനികൾക്കുമുഗ്രരുമായ്
മേവുന്നസർവ്വജ്ഞരാം
ചേതോമോഹമിടയ്ക്കിടയ്ക്കരുൾവതാ-
യാരുംഗ്രഹിക്കാത്തതാ-
മേതൊന്നിന്മറിമായമാണു, ചകിലി-
ക്കാണുന്നാകോപ്പൊക്കെയും.

രാജാവിന്നുമകിഞ്ചനന്നു, മറിവു-
ള്ളോർക്കുംമഹാമൂഢരാം,
പൂജാർഹദ്വിജനുംവെറുംപറയനും,
സ്വസ്ഥന്നുമസ്വസ്ഥനും
ശ്രീജനേ! ദൃഢമെന്മഹാക്ലേശമായൊരുപോ-
ലുന്നിച്ചുകാണുന്നു; നി-
ർവ്യാജാശ്ചര്യവിധായകംമഹമഹോ! നിൻ-
മായാവിലാസോദയം.

യന്താവാണുലകത്തിനാസകലമെ-
ന്നാലുംകിരീടിക്കുനീ
യന്താവായി, യമാത്മജൻപറകയാൽ-
ക്കൈക്കൊണ്ടുഭൃത്യത്തെയും;
ചെന്താർമാനിനിതൻവിലാസനിലമേ!
ഭക്തക്കുഭവത്തിനാ-
യെന്താണാചരിയാത്തതാത്തകരുണൻ
ഭക്താനുരക്തൻഭവാൻ?

ഞാനന്തംനിൻതിരുനാമമൊന്നുതന്നായ-
പ്പേരാക്കിനാരായണ!
സ്വാന്തത്തിൽബ്ഭയമോടുരച്ചതുവശാൽ-
പ്പാപംനശിച്ചാദ്വിജൻ,
ശാന്തന്മാരണയുന്നശാശ്വതപദം
പ്രാപിച്ചുപോൽപ്പണ്ടു, ത-
ന്ത്രാന്തശ്രദ്ധമുരുക്കഴിക്കുമവനോ
പിന്നെക്കഥിക്കേണമോ?

യക്ഷാധീശ്വരപട്ടമോ, മഹിതമാം
സ്വാരാജ്യസാമ്രാജ്യമോ,
ത്ര്യക്ഷാദിത്രിദശാധികാരനിലയോ
വേണ്ടാനമുക്കെൻവിഭോ!
ലക്ഷാദിത്യസമാനമായൊരനഘ-
ജ്യോതിസ്സുചിന്നുന്നനി-
ന്നക്ഷാമാത്ഭുതചിത്സ്വരൂപമകമേ
കാണായ്‌വരേണംസദാ.

വള്ളത്തോൾ നാരായണമേനോൻ.

# മാമലക്കൊററന്റെ പഴമ്പോര്

മോഹമില്ലാത്തവൎക്ക് ഇഹലോകവാസം പ്രയാസമാണെന്ന് ആരോ പണ്ടു പറഞ്ഞതായികേട്ടിട്ടുണ്ട്. അനേകായിരത്തിൽ ഒന്നോ രണ്ടോ പേർ ഈ പ്രയാസം അനുഭവിക്കുന്നുണ്ടോ എന്നുള്ളത് അനുമാനം കൊണ്ടറിയേണ്ടതായിട്ടാണിരിക്കുന്നതെങ്കിലും, ഇജ്ജന്മത്തിലെന്നല്ല ഇനി ഉണ്ടാകുന്നതായാൽ ആറേഴ് ജന്മങ്ങളിൽ കൂടി ഈ പ്രയാസമനുഭവിക്കാതിരിപ്പാനുള്ള മുൻ കരുതലോടുകൂടിയാണു മനുഷ്യർ 'മാമലക്കൊററ'നായി വാഴുന്നതു്. അന്നു പെരുമൂററത്തു വീടരിൽ മൂപ്പുറ അംഗീകരിച്ചു പോരുന്ന സ്ഥാനപ്പേരാണു മാമലക്കൊററൻ. മിത്രപ്രസാദൻ എന്ന മലനാട്ടരചൻ വേട്ടയാടുവാൻ കാട്ടിൽ കേറി ഒററതിരിഞ്ഞു് ഒളിയിരിക്കുമ്പോൾ ഒററാനമുട്ടിയെത്തുകയും, അരചൻ പ്രയോഗിച്ച ആയുധം വഴുതുകയും, ചെയ്തു. ആന നേരെ പാഞ്ഞുകുത്താൻ കുനിഞ്ഞ സമയം ചീറിപ്പാഞ്ഞു കേറുന്ന ഒരു അൎദ്ധചന്ദ്രായുധം കൊമ്പന്റെ കൊമ്പുരണ്ടും തുമ്പിയും അറുവീഴ്ത്തി. അമ്പിന്റെ പിമ്പ് ആയുധപാണിയായ ഒരു വേട്ടക്കുട്ടിയും രാജസന്നിധിയിലെത്തി. രാജാവിന്റെ പ്രാണരക്ഷ ചെയ്തതു പരദേവതയുടെ സന്നിധാനത്തിൽ ആയുധാഭ്യാസം അരങ്ങേറുവാൻ ഗുരുനാഥനൊന്നിച്ചു വന്ന പെരുമൂററത്തെ ഒരു ചെറുപുരുഷനായിരുന്നു. തന്റെ പ്രാണരക്ഷ ചെയ്ത വീരബാഹുവിനു മഹാരാജാവു കല്പിച്ചു കൊടുത്തതാണു മുക്കാതം മന്നും മാമലക്കൊററൻ എന്ന സ്ഥാനപ്പേരും. അരങ്ങേറം കഴിഞ്ഞ് ആദ്യമായി കിട്ടിയ മന്നും മാനവും ശിഷ്യൻ ഗുരുദക്ഷിണ ചെയ്തു. പരദേവതയുടെ പ്രസാദംകൊണ്ടു നേടിയ സ്ഥാനമാനങ്ങൾ ആയുധാഭ്യാസികൾക്കു പൊതുസ്വത്തായി നിലനിൎത്തുന്നതാണെന്ന് ആ ഗുരുനാഥനും ദൈവസന്നിധിയിൽ വെച്ചു. സമയം ചെയ്തു ഗുരുനാഥന്റെ കാലപ്പിറെ ശിഷ്യരിൽ അദ്വിതീയൻ മാമലക്കൊററനായി വാണു. ഇതാണു പെരുമൂററത്തു സ്ഥാനത്തിന്റെ അസ്ഥിവാരപ്പടവ്.

ധനുൎവ്വേദപാരാവാരപാരംഗതന്മാരായ പലരും പിന്നീട് ആ സ്ഥാനം വാണിട്ടുണ്ട്. കാലക്രമംകൊണ്ട് ആയുധാഭ്യാസം പൊതുജനക്ഷേമത്തിന്ന് അത്യാവശ്യമല്ലാതേയും പണ്ഡിതന്മാരെ പ്രോത്സാഹിപ്പിപ്പാൻ ചുമതലപ്പെട്ടവർ ഉദാസീനന്മാരായും വന്നതു മുതൽ അടവും തടവും എയ്ത്തും വീശും ചവിട്ടും ചാട്ടവും എന്നു വേണ്ട പതിനെട്ടടവും പമ്പരപ്പാച്ചിലും സദാ ഖി പയററിപ്പോന്നിരുന്ന ആ സ്ഥാനത്തു കെടാവിളക്കിനു പകരം അന്തിത്തിരി കാട്ടം പോലെ മാമലക്കൊററൻ 'ആയുധം തൊടുക' എന്നതു സ്ഥാനത്തെ ആണ്ടുവിശേഷമായി പരിണമിച്ചു. സമയം ചെയ്തു വെച്ച സമുദായസ്വത്തു പെരുമൂററത്തു താവഴിമൂപ്പന്മാരുടെ മേനി പുലൎത്തുവാനുമായി തീൎന്നു. ഇടശ്ശേരിക്കൽ പടുതിരിവെളിച്ചംപോലെ ആയുധാഭ്യാസിയും ആലോചനക്കാരനുമായ ഒരാൾ മാമലക്കൊററനായിട്ടുണ്ട്. അദ്ദേഹം ചില ശിഷ്യരെ സമ്പാദിച്ച് അഭ്യസിപ്പിക്കുകയും അവരിൽ ഒരാൾ അഭ്യാസനൈപുണ്യംകൊണ്ടു ഗുരുനാഥനു കണ്ണിലുണ്ണിയായി തീരുകയും ചെ

ശ്ശ. മൂപ്പുമുറ അനുസരിച്ചു മാമലക്കൊററനാവാൻ അടുത്ത അവകാശികളായി ശിഷ്യരിൽ തന്നെ രണ്ടു ജ്യേഷ്ഠാനുജന്മാർ ഉണ്ടായിരുന്നതുകൊണ്ടു യഥാവിധി ശിഷ്യരിൽ അദ്വിതീയനെ സ്ഥാനത്തു വാഴിച്ചാൽ കൊള്ളാമെന്നുള്ള ഗുരുനാഥന്റെ ഇംഗിതം വ്യംഗ്യമായിട്ടല്ലാതെ വെളിപ്പെട്ടിരുന്നില്ല. പക്ഷെ ഗുരു പക്ഷപാതിയാണെന്നു അവകാശികൾ ഇരുപേൎക്കും തോന്നിത്തുടങ്ങി. ജ്യേഷ്ഠാനുജന്മാർ തമ്മിൽ സ്പൎദ്ധേച്ഛ വിച്ചാതായി. അനുജൻ മുൻവഴിക്കു മോഹിക്കുന്നുണ്ടെന്നു ജ്യേഷ്ഠൻ ശങ്കിച്ചു. മററു ശിഷ്യൎക്കു ഉപദേശിക്കാത്ത ഒരു മൎമ്മപ്രയോഗം അയാൾ ഗുരുനാഥനോട് അപേക്ഷിച്ച് ഉപദേശം വാങ്ങി. അനുജനും ആലോചന പോയത് ഈവഴിക്കുതന്നെയായി. ഇരുവരും പരസ്പരം അറിയാത്ത ഓരോ മൎമ്മം ഗ്രഹിച്ചതിന്നുശേഷം ഗുരുനാഥന്റെ ദീൎഘായുസ്സു കണ്ടു ക്ഷമയില്ലാതായി. സ്ഥാനത്ത് ആശ്ചൎയ്യകരമുണ്ടായിരുന്ന ഒരു അനദ്ധ്യായദിവസം കള്ളന്മാർ കേറി കൈമുതലെല്ലാം കൊള്ളയിട്ടു. ആ കലാപത്തിൽ മാമലക്കൊററനും പ്രധാനശിഷ്യനും കൊല്ലപ്പെടുകയോ കൊള്ളക്കാർ കൊണ്ടുപോകയോ ചെയ്തതെന്നറിവാൻ തരമില്ലാത്തവിധം ഇരുവരേയും കാണാതായി. അന്വേഷണംകൊണ്ടു തുമ്പൊന്നും ഉണ്ടാകാതെ കേസ്സു നിലവിലിരിക്കുന്ന കാലത്തു മൎമ്മഗ്രാഹികൾ തമ്മിൽ സ്ഥാനാരോഹണത്തെപ്പററി വലിയ വഴക്കു വീണു! വാക്കേററം വിട്ടുകയ്യേററത്തിൽ കടന്നു. മൎമ്മപ്രയോഗത്തിന്നു രണ്ടുപേരും ഇറങ്ങിത്തുടങ്ങി. ഗുരു നുള്ളിക്കൊട്ടിയ മൎമ്മത്തു കൊട്ടുകൊള്ളാഞ്ഞത് ആയുധാഭ്യാസത്താൽ തഴക്കം ചോരാത്തതുകൊണ്ടാണെന്ന് അവൎക്ക് അപ്പോൾ തോന്നി. എണ്ണത്തിൽ തൊട്ടാൽ മണ്ണു കപ്പുന്ന മൎമ്മംകിട്ടാതെ കെട്ടിമറിഞ്ഞു മുഷ്ടിപ്രയോഗം ചെയ്യുമ്പോൾ കേട്ടുകേൾപ്പിച്ചു സ്ഥാനത്തെ കാൎയ്യസ്ഥനും പ്രമാണികളും ചെന്നെത്തി വഴക്കൊരുവിധം കലാശിപ്പിച്ചു. പഴപടിച്ചു മൂത്തപ്പനെ സ്ഥാനത്തു വാഴിച്ചു. ആ മാമലക്കൊററനും ഇളങ്കൊററനും കൊല്ലം തികച്ചു വാഴാനിടവരാതെ സ്ഥാനപ്പുരുഷൎക്കു ക്ഷയം പിടിച്ചുമരിച്ചു. ഗുരു ഉപദേശിച്ചതും ഫലിച്ചു.

അതിന്നുശേഷമാണു പടലിലൊടുക്കത്തെ മാന്നിപോലെ അകന്ന താവഴിയിലെ അവസാനപുരുഷനായ മാനച്ചൻ സ്ഥാനം കയറിയത്, അരിഷ്ടിച്ച് അരവയർ അത്താഴം മാത്രം കഴിച്ചാലും മേനിവിടാത്ത തൊണ്ടന്മാൎക്ക് ഉദരഭരണത്തിന്നു സ്വാതന്ത്ര്യമെന്നല്ല വിചാരിക്കാത്ത സ്ഥാനപ്പെരുമക്കൂടിവന്നുചേരുമ്പോൾ ഉള്ളിലുണങ്ങിക്കിടക്കുന്ന പലതരം മോഹബീജങ്ങൾ പുതുമഴ കൊണ്ടകപ്പയിലെ വിത്തെന്നപോലെപൊട്ടിപ്പൊടിച്ചു തട്ടിത്തഴച്ച് അടക്കവിട്ട് അടക്കാമരം കടന്നക്ക് ഒതുക്കിയാലൊതുങ്ങാതെ മാനക്കുന്നിലേക്കു മേനിപാഞ്ഞു ചാടിക്കയറി നാലടിചെന്നാൽ കാലിടറി ഒന്നിച്ചുസി വീഴുന്നത് ആ ധംബാരഭ്രാന്തുകൊണ്ടോ അഭ്യാസക്കുറവുകൊണ്ടോ എന്നു മനംകൊണ്ടുകാണാത്ത മാനച്ചൻ സ്ഥാനത്തു വന്ന് ആകപ്പാടെ നോക്കിയതിൽ ഇനി മഹാരാജാവാകുന്നതിന്നുകൂടെ ആളും പണവും പോരാത്ത കോട്ടം മാത്രമാണെന്നു കണ്ടു ന്യൂനത പരിഹരിപ്പാൻ ദീൎഘാലോചന ചെയ്യുന്നുണ്ട്, പടപുറപ്പാടിൽ നായകസ്ഥാനം മററാൎക്കും വിട്ടുകൊടുപ്പാൻ മാനച്ചനു സമ്മതമില്ല, പക്ഷെ ഇരുമ്പോക്കിടക്കുന്ന സ്ഥാനത്തെ പടക്കോപ്പുകൾ ചാണയ്ക്കുവെയ്ക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗം കൊല്ലന്റെ അനുഭവം നിറുത്തിയതിന്നുള്ള കാര

ണാം ഗ്രന്ഥവരിനോക്കി കണ്ടുപിടിപ്പാൻ നീട്ടിവെച്ചിരിക്കുന്നു. ഇങ്ങിനെ ഒന്നുരണ്ടുകാര്യങ്ങൾ സൌകര്യക്കുറവുകൊണ്ടു ആലോചനയിൽ പെട്ടു കിടക്കുന്നുണ്ടെങ്കിലും മാമലക്കൊററനോട് ആചാരം പറയേണമെന്ന് ആദ്യമെ പെരുന്തടി പെരുവാ പാടീട്ടുണ്ട്. അർത്ഥഗ്രഹണത്തിനു സൌകര്യമുള്ളപദങ്ങളോടു "പെരു" കൂട്ടിപ്പിടിച്ചാൽ കൊററനോടുള്ള ആചാരവാക്കു മുക്കാലും ഒപ്പിക്കാം. ബാക്കി ചില വിജാതീയവാക്കുകൾ അർത്ഥസ്യ പന്നകൊണ്ട് അറിയേണ്ടതായിട്ടാണിരിക്കുന്നത്. മററുള്ളവർ പറയുമ്പോലെ കൊററൻ തന്നെപ്പററി താൻതന്നെ ആചാരം പറയുന്നതുകൊണ്ട് ആ പെരുന്തടിയെ പെരുമ്പൂജിക്കുന്ന ഞാനും യഥാസ്ഥാനം ആചരിക്കുന്നത് അപ്രകൃതമാവാനിടയില്ല. പരദേവതയുടെ അരേഅരുളാൽ സ്ഥാനത്തേക്കു തെരുപ്പറക്കുന്നതു പെരുമ്പല്ലക്കിൽ വേണമെന്നാണ് കൊററന്റെ സിദ്ധാന്തം, മൂടിപ്പാപ്പെരുമ്പല്ലക്കിൽ പെരുമൂട്ടുന്നാൻ പലക ചിലത്തിട്ടു വേണമെന്ന് അമാലന്മാർ പെരുമനമേററി. പല്ലക്കു മലത്തിവെച്ചാൽ ഉള്ളിൽ കടന്നുകൂടാമെന്നായി കൊററൻ. അതും മതിയാവില്ലെന്ന് അമാലന്മാർ പെരുമനമേററിയതു കൊററൻ കൂട്ടാക്കിയില്ല. പല്ലക്കു മലത്തിവെപ്പിച്ചു മൂടിയിൽ കൊററൻ പെരുമൂട്ടുന്നി. അമാലന്മാർ പല്ലക്കു തോളിൽകൊണ്ടു. തണ്ടൊന്നു തിരിഞ്ഞു. പല്ലക്കൊന്നു ചരിഞ്ഞു. പെരുന്തടി വൻകരണം മറിഞ്ഞു. ചവിട്ടിത്തെററി ഒററപ്പെരുങ്കാലിൽ നിന്നു. പിന്നീടു രണ്ടു മൂന്നു ദിവസം പെരുങ്കാൽ വീങ്ങിക്കിടക്കേണ്ടിവന്നതുകൊണ്ടു ഗൌരവമായ സാംഗതികളെപ്പററി പെരുമനമിരുത്താൻ കൊററനിടയായില്ല. മാനച്ചന്റെ കാലിൽ മന്തില്ല. പെരുങ്കാൽ ആചാരവാക്കാണ്. കൊള്ളയിലാണു മാമലക്കൊററൻ തന്റെ പിൻഗാമികളായ മമ്മഗ്രാഹികളേയും മാനച്ചനേയും പററി കാര്യസ്ഥനോടു പറഞ്ഞിട്ടുള്ള പതനത്തിൽനിന്നു പതിന്മടങ്ങു താഴത്താണു മാനച്ചൻ നില്ക്കുന്നതെന്നു കണ്ടു കാര്യസ്ഥൻ കാരണംകൂടാതെ മാനച്ചനായി കൂടിക്കാഴ്ച പതിവില്ല. കാലുളുക്കിക്കിടക്കുന്നതിനിടയ്ക്കു ഒരു ദിവസം കൊററൻ കാര്യസ്ഥനെ വിളിച്ചു, "പഴമചാലിക്കേണ്ടവനല്ലേനാം. ഒരുഗ്രന്ഥംനോക്കിക്കളയാം" എന്നു പെരുവാ പാടി. കാര്യസ്ഥന്റെ ചൊല്പടിക്കു ശേവകന്മാർ ചെന്നു പൊട്ടിപ്പൊടിഞ്ഞ കുറെ ഗ്രന്ഥം വാരിക്കൊണ്ടുവന്നു. കാര്യസ്ഥൻ കേടുകാഞ്ഞ രണ്ടെണ്ണം എടുത്തു കൊററന്റെ പെരുമുമ്പിൽ വെച്ചു. കൊററൻ ഗ്രന്ഥമഴിച്ച് അക്ഷരം തപ്പിപ്പിടിച്ചപ്പോൾകണ്ടതു "കുരിയാററപ്പാട്ടും" മറെറാന്നു "ഭിമൻകഥയു"മാണ്. ഇവ രണ്ടും സ്ഥാനത്തെത്തും മുമ്പു പുള്ളി പാടിക്കളിച്ചവയാണെന്നു കാര്യസ്ഥൻ അറിഞ്ഞിട്ടില്ല. ഗ്രന്ഥവരിക്കു പകരം ആ ഗ്രന്ഥങ്ങൾ കാര്യസ്ഥൻ കൊടുത്തതു തന്നെ കല്പിച്ചുകൂട്ടി അപമാനിപ്പാനാണെന്നു കരുതി കൊററൻ കോപാന്ധനായി കാര്യസ്ഥന്റെ നേക്കു രണ്ടു മുക്രതാങ്ങി.

കാര്യസ്ഥൻ—പെരുന്തൊണ്ട കീറിയതു എന്താണാവോ?

കൊററൻ—ആ! ഹാ! കൂശ്മാററപ്പാട്ടോ നാം പെരുവാ പാടിയത? ഗ്രന്ഥവരിയല്ലേ?

കാര്യ—തൽക്കാലം നോക്കേണ്ടതു ഗ്രന്ഥവരിയല്ലെന്നാണ് അടിയാരുടെ പുത്തിയിൽ തോററം.

കൊററൻ—അതു നാം നിശ്ചയിപ്പാനുള്ളതാണ്. എററെ മൂത്താൽ വിത്തിനാക.

കാര്യ—മൂപ്പുള്ളതുകൊണ്ടാണ് അടിയാർ പെരുമനമേറുന്നത്. പെരുന്തൊണ്ട

കീറിയതു മാനമാണു (മരിച്ച) പെരുന്തടികളുടെ ആവേശംപോലെ തോന്നുന്നു.

കൊററൻ— ഥാനപ്പെരുമ താനെ വന്നുചേരുവാൻ നാം അവകാശിയല്ലേ?

കാര്യ—പെരുന്തടി പെരുന്തൊണ്ടു കീറിയതു പെരുമയോ പെരുമ്പാടോ എന്ന് അടിയാരുടെ മനം പതറുന്നു. അടുത്ത കാലത്തു മറെറാരാൾ കൊററനാവാനില്ലല്ലോ.

കൊററൻ—നമുക്കു ചെറുപ്പമല്ലേ! ഇപ്പോൾ തന്നെ എളുപ്പം കണ്ടു വെക്കേണ്ട കാര്യമുണ്ടോ? മൂപ്പായാൽ നീണ്ടായുസ്സുണ്ടാകുമെന്നല്ലേ പഴമ?

കാര്യ— മാനമാണു രണ്ടു പെരുന്തടികളും ചെറുവയസ്സു കാഞ്ഞവരായിരുന്നു. ഇരുവരും കൊല്ലം തികച്ചു വാണില്ല. കാരണം കൂടാതെ പെരുന്തൊണ്ടു കീറിത്തുടങ്ങി. പിന്നെ അധികം താമസം വേണ്ടിവന്നിട്ടില്ല. പെരുമ്പാടു പകരുന്നതാണെന്നും വൈദ്യന്മാർ പറഞ്ഞിട്ടുണ്ട്. പെരുമനം പതറരുത്. അടിയാരുടെ ഉശ്ശങ്കയാണ്.

കൊററൻ—നാം ചുമച്ചതല്ല. ശുണ്ഠി എടുത്തതാണ്. മറിച്ചു ധരിക്കേണ്ട. നമ്മുടെ ശരീരപ്രകൃതിക്കു ക്ഷയം വരില്ല.

മരിച്ചവരുടെ ദീനം പകരുന്നതാണെന്നും ഒച്ചയ്ക്കു സാദൃശ്യം കാണുന്നുണ്ടെന്നും കാര്യസ്ഥൻ പറഞ്ഞപ്പോൾ, പുള്ളിയുടെ ഉള്ളൊന്നാന്തി. മുക്ര താങ്ങിയതു ശുണ്ഠിയോ ചുമയോ എന്നു സംശയമായി. ആളില്ലാത്ത തരം നോക്കി രണ്ടാമതും തൊണ്ടക്കീറി പരീക്ഷിക്കേണമെന്നും, ഇനി കാര്യസ്ഥനോടല്ല ആരോടും കോപിക്കില്ലെന്നും കൊററൻ തീർച്ചയാക്കി.

കാര്യ—രണ്ടായാലും പെരുന്തൊണ്ടു കീറിയത് അടിയാർ കണ്ടിതം തന്നെ. ഗ്രന്ഥവരി നേരമ്പോക്കാവാനിടപോരല്ലോ എന്നടിയാർ വിചാരിച്ചു. മൂലപ്പെരുമ്പെട്ടകത്തിലെ സൂക്ഷിപ്പ് അടിയാരോടു പെരുവാപാടുമെന്നറിഞ്ഞില്ല. (1)

കൊററൻ—ആ പെട്ടിയിൽ ഗ്രന്ഥമില്ല. കുറെ മുറിഞ്ഞ വാളും പൊളിഞ്ഞ പരിചയും കിടപ്പുണ്ട്. പക്ഷെ പണ്ടാരപ്പെരുമ്പെട്ടിയിലായിരിക്കും. അതു തുറക്കാനും തൽക്കാലം തരമില്ലല്ലോ. സ്ഥാനപ്പിഴ പററീട്ടുണ്ടെന്നു തന്നെ നമുക്കും പക്ഷം. എന്തായാലും ഗ്രന്ഥവരി നോക്കി അതു തീർത്തിട്ടു മതി മറെറാരാലോചന.

കാര്യ—സ്ഥാനപ്പിഴയ്ക്ക് ഇടയാകുമെന്നു കൊള്ളയിലാണു പെരുന്തടിയും പെരുവാപാടീട്ടുണ്ട്. കാരണം പരദേവതയുടെ കോപമാണെന്നും ഗ്രന്ഥവരി നോക്കിക്കണ്ടുപിടിച്ചു ആ ഗ്രന്ഥം അടിയാരെ കാട്ടിയതുമില്ല.

കാര്യസ്ഥനു കൂടി കണ്ടുകൂടാത്തതാണു ഗ്രന്ഥവരിയെന്നു കേട്ടപ്പോൾ കൊററൻ 'എന്നാൽ അതു കണ്ടുപിടിക്കണമല്ലോ' എന്നു പെരുവാപാടി പെരുങ്കാൽ ഏല്ച്ചുവെച്ചു പെരുമറിയിൽ തെരുപ്പാന്നു തുടങ്ങി. ഉത്തരക്കൂട്ടിലും പെട്ടിച്ചോട്ടിലും കുന്തിച്ചും കുനിഞ്ഞും പെരുങ്കയ്യിട്ടു തപ്പി. ചിതൽപ്പുററിന്നും മാറാലയ്ക്കും സ്ഥാനഭ്രംശം വന്നു. അവസാനം ഓവായുടെ മുകളിലുള്ള എലിമടയിൽ തിരുകിവെച്ചിരുന്ന ഒരു ഗ്രന്ഥം വലിച്ചെടുത്തു. ഗ്രന്ഥം കണ്ടപ്പോൾ കൊററൻ പല്ലിളിച്ചു. കോവസ്സുക്കു പാകം പിടിച്ച കൂട്ടത്തിൽ ഇരുവരി തേഞ്ഞുകുന്ന കറിപ്പല്ലിളിച്ചതു, ഗ്രന്ഥത്തിൻെറ കരണ്ട ഭാ

(1) ഗ്രന്ഥവരി പുറത്തു കാട്ടാറില്ല.

ഗത്തോട സാദൃശ്യപ്പെടുത്തുവാനല്ലെങ്കിൽ വിലപിടിച്ച വസ്തു ഏലിമടയിൽ തിരുകിയ തന്റെ ബുദ്ധിമോശത്തെ പ്രത്യക്ഷപ്പെടുത്തിയതായിരിക്കും. കൊററൻ ഗ്രന്ഥത്തിന്റെ മുറിച്ചരട്ട വേർപെടുത്തി. ഉതന്റെ വീണ്ണു നീക്കി കരണ്ട ഭാഗം തള്ളി കണ്ടെക്ഷരങ്ങൾ കൊററനും കരണ്ടു തുടങ്ങി. പക്ഷെ ഈ അക്ഷരത്തിന്നേശിയില്ല. തിരിച്ചും മറിച്ചും നോക്കീട്ടൊന്നും മനസ്സിലാകാതെ, 'ഇതെന്തു തലയിലെഴുത്താണെ' എന്നായി കൊററൻ. കോലെഴുത്തായിരിക്കുമെന്നു കാര്യസ്ഥൻ പറഞ്ഞു.

കൊററൻ—കോലുകൊണ്ടു ഗ്രന്ഥത്തിൽ വരച്ചാൽ വായിക്കാൻ പാടില്ലാത്തതു കുററമാണൊ? മേലിൽ സ്ഥാനം വക ഗ്രന്ഥങ്ങൾ കോലുകൊണ്ട് എഴുതിപ്പോകരുതെന്നു നാം ചെരുവാപാടിയിരിക്കുന്നു, കണ്ണക്കെഴുത്തും കോലുകൊണ്ടാണെങ്കിൽ അതും മാററണം.

ഈ കട്ടത്തരവു കേട്ടപ്പോൾ പൊട്ടിയ ചിരി കാര്യസ്ഥൻ ചുമച്ച് ഒതുക്കി. 'കാര്യസ്ഥനു കോലെഴുത്തറിയാമെങ്കിൽ ഇതു വായിപ്പാൻ നാം അനുവദിച്ചു.' എന്നു പറഞ്ഞു ഗ്രന്ഥം നീക്കി വെച്ചു. ആയാൾ വായിച്ചത്:—

'നാലൊന്നൊഴിഞ്ഞ മൂക്കാതം മന്നിനുടമയായി നല്ലാർ പിള്ളയിലച്ചിവൂറു നാട്ടാർ വരിച്ച മാമലക്കൊററൻ തലമുറതിരിയും നാളിൽ മൂലപ്പണിക്കരും മൂപ്പാണ്ടവരുമൊത്തു മലമുകളാളും മലമൂർത്തിതന്റെ സന്നിധാനത്തെത്തി പഴമ്പോരാടി കൊല്ലം കോലെടുത്ത് അടിയാവെച്ച് അടിനമ്പിട്ടാചരിച്ചു പോരു.'

കൊററൻ—നാം പെരുമനാം വെക്കുന്നുണ്ട്. കേട്ടേടംകൊണ്ടു തന്നെ നമുക്കൊരു സ്വപ്നദ്ധ്യാനമുണ്ടായി, ആരു വർഗ്ഗം കാര്യം വായിപ്പിച്ചിട്ടുണ്ടെന്നു ഗുരുനാഥൻ പറഞ്ഞിട്ടുള്ളതു വെറുതെയല്ല, പരദേവതയെ പ്രസാദിപ്പിക്കണംഎന്നല്ലെ വായിച്ചതിന്റെ താൽപര്യം?

കാര്യ—പെരുമനം വഴതില്ല. ഗ്രന്ഥത്തിൽ കണ്ടതു വേണ്ടെന്നു വെച്ചതുകൊണ്ടായിരിക്കും മൂർവാഴ്ചക്കാരായ രണ്ടു പെരുന്തടികളും അല്പായുസ്സായി മാനമാണ്ടത്.

കൊററൻ— കാര്യസ്ഥൻ മറിച്ചു കരുതണ്ട. സ്ഥാനപ്പിഴ വരുത്തിവെച്ച ആ രണ്ടു പേരും 'മാനമാണ്ടു' എന്നല്ല പറയേണ്ടത്, 'മരിച്ചു' എന്നുതന്നെ പറയണം. ആട്ടെ ഗ്രന്ഥവരി എപ്പോഴെങ്കിലും പിഴച്ചു കണ്ടിട്ടുണ്ടോ? ചിലപ്പോൾ പാറും ഇല്ലെ?

കാര്യ—പഴമൊഴിയിൽ പിഴവുണ്ടെങ്കിൽ പശുവിൻപാൽ കയ്ക്കുമെന്നാണ് നിശ്ചയം. ഒരിക്കലും പിഴ വരില്ല. അടിയാർ വായിച്ചതു മുഴുമിക്കട്ടെ.

കൊററൻ— അതുവേണ്ട, കണ്ടതിനു വേണ്ടതു ചെയ്തിട്ടു പിന്നെക്കാണാം. അറിഞ്ഞുകൊണ്ട് അല്പായുസ്സാകുന്നതു കഷ്ടമല്ലെ. അടുത്ത നല്ലദിവസം നോക്കി ഈ അടിയന്തരം നടത്തണം. അരെഅരക്കാൽ സ്ഥാനത്തു വേണ്ട ഒരുക്കങ്ങൾക്കു കാര്യസ്ഥർ തന്നെ ചുമതലക്കാരൻ, ഇവിടെ നാം ഉണ്ടല്ലൊ.

കാര്യ—ആണ്ടടിയന്തരം അടുത്തും പഴമ്പോരാട്ടം പണ്ടെ മുടങ്ങിക്കിടപ്പുമാണ്, അരെഅരക്കാൽ സ്ഥാനത്തു ചെയ്യേണ്ട അടിയന്തരത്തെപ്പററി പലതും പരീക്ഷിക്കേണ്ടതുണ്ട്,

കൊററൻ—പരീക്ഷിക്കാൻ പലതുമില്ല. ഒന്നുമാത്രം. അതു നാം ഇന്നു കഴിക്കാം.

ധാരക്കായി കൊണ്ടുവന്ന പാലും അകത്തിരുപ്പുണ്ടല്ലൊ. ധാരപിന്നെ മതി.

കാൎയ്യ—പഴമ്പോരിൽ പെരുമനമിരുത്തിആണ്ടടിയന്തരം വേണ്ടെന്നുവെയ്ക്കുന്നില്ലല്ലൊ.

കൊററൻ—അടിയന്തരം ഒന്നും മുടക്കുന്നില്ല. മാനപ്പൻ സ്ഥാനത്തു വന്നതു മൌനം ഭിക്ഷിക്കാനല്ല; മാനം നേടാനാണ്. ആണ്ടടിയന്തരത്തിന്നു വലിയ ചടങ്ങു വല്ലതുമുണ്ടൊ?

കാൎയ്യ—ചടങ്ങധികമില്ല. വില്ലു കലക്കണം, അമ്പ് എയ്യണം. പിന്നെ ഒക്കെ കണ്ടക്കണ്ട്.

കൊററൻ—എത്ര വില്ലു കലക്കേണമെന്നു കണക്കില്ലേ? ഉണ്ടെങ്കിൽ അതിന്നു വല്ല ഏൎപ്പാടും ചെയ്തിട്ടുണ്ടൊ?

കാൎയ്യ—ഒരു വില്ലു കലച്ചാൽ മതി. ആയതു് കലക്കാനുള്ള ഏൎപ്പാടു മറെറാരാൾക്കുപാടില്ല.

കൊററൻ—കൊല്ലന്തോറും വില്ലു കലക്കാറുണ്ടൊ? അതോ വെറും വാക്കൊ? വില്ലു കലക്കാനുള്ള ശ്രമം എപ്പോൾ തുടങ്ങും?

കാൎയ്യ—രണ്ടുനാലു പന്തീരാണ്ടിന്നകത്ത്, അല്ലായുസ്സായി മാനമാണ്ട പെരുംതടികളുടെ കാലത്തു മാത്രമെ ആ ക്രിയ മുടങ്ങീട്ടുള്ളു. കുറെ കാലെ ശ്രമിച്ചാൽ വിരോധമില്ല.

കൊററൻ—നമ്മെ കാലെക്കൂടി പെരുമനമോറാഞ്ഞതു നന്നായില്ല. ആട്ടെ· അതു നാം ഇന്നുതന്നെ ശ്രമിക്കാം. പഴമ്പോരാലോചന കഴിച്ചു തീൎപ്പു നാം നാളെ പെരുവാപാടും. കാൎയ്യസ്ഥനു പോകാം.

പഴമ്പോരാലോചനയ്ക്കു പാലിൻെറ ആവശ്യം കാൎയ്യസ്ഥനു മനസ്സിലായില്ല. ഈ ഗൂഢകൎമ്മം അറിവാനായി കാൎയ്യസ്ഥൻ കൊററനറിയാതെ പെരുമാടം ചുററിപ്പററിനിന്നു. കൊററൻ അകത്തെയ്ക്കു തെരുപ്പറന്നു വില്ലിൻെറ പഴമ്പാത്ത്യകൾ പലതും ചെത്തിനോക്കി. ഒന്നും പച്ചയല്ല. 'കാൎയ്യസ്ഥർ നമ്മെ ചതിച്ചു, എന്തെങ്കിലുമാവട്ടെ' എന്നു പറഞ്ഞു കൊററൻ ഒരു ഞാണഴിഞ്ഞ വില്ലെടുത്തു നടുമുററത്തിറങ്ങി നിന്നു. 'കാലംപോയി, കലക്കമൊ ആവൊ? എൻെറ പരദേവതെ! അപമാനം വരുത്തരുതെ!' എന്നുപറഞ്ഞു കലക്കാനുള്ള വില്ലു കഴിച്ചിടൽ കഴിച്ചു. മണലായതുകൊണ്ടു കുഴി കുത്താൻ കൊററനുപ്രയാസമുണ്ടായില്ല. ഈ അത്ഭുതകൎമ്മം കണ്ട കാൎയ്യസ്ഥൻ പൊട്ടിച്ചിരിച്ചതു കൊററൻ കേട്ടിട്ടില്ലെങ്കിൽ അതു ധ്യാനശക്തികൊണ്ടായിരിക്കും. ആണ്ടടിയന്തരത്തിന്നുള്ള ആയുധസംസ്കാരം കഴിച്ച് കൊററൻ പെരുമുറിയിലേയ്ക്കു വീണ്ടും തെരുപ്പറന്നു. കിഴക്കോട്ടു തിരിഞ്ഞിരുന്നു പെരുമൂട്ടുന്നി, പാൽപാത്രവുംഗ്രന്ഥവും അടുപ്പിച്ചുവെച്ചു. 'കാൎയ്യസ്ഥൻ വായിച്ചതും നാം കേട്ടതുമായ ഗ്രന്ഥവരിയിൽ പിഴവുണ്ടൊ എന്നുള്ള പരമാൎത്ഥം പാലുകൊണ്ടറിയട്ടെ' എന്നു കണ്ണടച്ചു പെരുവാപാടി കാപ്പറപ്പാലും പെരുവയറൊട്ടിക്കുന്നതു കാൎയ്യസ്ഥൻ കണ്ടു. പച്ചപ്പാലൊ പഞ്ചസാര ചേൎത്തതൊ എന്നൊന്നും കൊററൻ ആലോചിച്ചതെയില്ല. ധാരാളം കണ്ടുപരിചയവും കൂടക്കൂടെ തൊണ്ട നനവാൻ മാത്രം സ്വാധീനവുമുള്ള ആ സാധനം ഒത്തതിനു മൂന്നിടങ്ങഴിയോളം അകത്തു ചെന്നപ്പോൾ 'പെരുവയറൊട്ടി'എന്നാചാരം പറഞ്ഞുവെങ്കിലും കൊററൻ കമ്പതടവിക്കൊണ്ടു 'കയ്യേഷം ഇല്ല. ഗ്രന്ഥവരി സത്യംതന്നെ'എന്നു് അഭിപ്രായപ്പെടുന്നതും കാൎയ്യസ്ഥൻ കേട്ടു.

കലയ്ക്കാൻ കഴിച്ചിട്ട വില്ലും, പഴഞ്ചൊല്ലിൽ പതിരു നോക്കാൻ അത്യാൎത്തി പിടിച്ചു കുടിച്ച പാലും പഴമ്പോരാട്ടത്തിന്നു

സഹായിക്കുന്നതല്ലെന്നു കരുതി കാര്യസ്ഥൻ കഷ്ടംവെച്ചുപോയി. പാലിന്റെ അമിട്ടാറ മാമലക്കോററൻ അത്താഴം വേണ്ടെന്നു പെരുവാ പാടി പെരുമുറിയിൽ മലന്നു കണ്ണടച്ചു. പെരുന്തൊണ്ടക്കിരി പരീക്ഷിക്കേണമെന്നുള്ള ഓൎമ്മ ഉറക്കത്തിൽ വെളിപ്പെട്ടു. ശേഖക്കാർ മുക്ര കേട്ട് എത്തിച്ചു നോക്കി ഉറക്കപ്പിച്ചാണെന്നൂഹിച്ചു.

പഴമ്പോരാട്ടത്തിന്നു കാലവിളംബം പാടില്ലെന്ന് അല്ലായുസ്സിനെ ഭയന്നു കൊററൻ കാര്യസ്ഥനെ അറിവിച്ചു. പഴമ്പോരിന്നുള്ള ചടങ്ങു ഗ്രന്ഥവരിയിൽ കാണാത്തതുകൊണ്ട് അത് ആചരിക്കേണ്ടും ക്രമത്തെപ്പററി കൊററനും കാര്യസ്ഥനും തമ്മിൽ അഭിപ്രായഭേദം വന്നു. കൊററന്റെ പെരുങ്കുറി അനുസരിച്ചു നാലുമൂലപണിക്കരും നാട്ടാരിൽ മൂത്തവരും എത്തി. വേട്ടയാടി കാട്ടാനയുടെ കൊമ്പും തുമ്പിയും എഴുന്നുറിച്ചു പരദേവതയുടെ തിരുമുമ്പിൽവെച്ചു കമ്പിടുകയാണ് 'കൊല്ലും കോലെടുത്തടി കമ്പിടുക' എന്നുള്ള കാര്യസ്ഥന്റെ വ്യാഖ്യാനം കൊററനെപ്പോലെ പഴമക്കാരും കൈക്കൊണ്ടില്ല. സ്ഥാനത്ത് ആണ്ടടിയന്തരം നടത്തുന്നതുപോലെ പഴമക്കാരോടുകൂടി മാമലക്കൊററൻ പെരുമ്പണ്ടാരപ്പെട്ടിയൊന്നിച്ച് അരേന്നരയ്ക്കാൽ സ്ഥാനത്തെത്തി ആയുധപാണികളായി പരദേവതയെ വലംവെച്ചു വന്നാൽ മതിയെന്നു കൊററനും കൂട്ടകാരും തീൎച്ചപ്പെടുത്തി. പഴമ്പോരിന്നു മുമ്പു സ്ഥാനത്തുവെച്ച് ഒരു പെരുന്തീൻ വേണ്ടതാണെന്നു പഴമക്കാർ കൊററനെ പെരുമനമേററി. സദ്യക്കു വകയില്ലെന്നായി കാര്യസ്ഥൻ. നാട്ടുകാർ നടത്തട്ടെ എന്നു കൊററൻ പെരുവാ പാടി. പെരുമ്പണ്ടാരപ്പെട്ടിയിൽനിന്നു ചിലവിടേണ്ട അടിയന്തരമാണു പഴമ്പോരെന്നു പഴമക്കാർ. പെട്ടിയിൽ പണമില്ലെങ്കിലോ എന്നു കാര്യസ്ഥൻ. പെരുന്തീനിന്റെ കാര്യമാകകൊണ്ട് ഇപ്പോൾ തന്നെ പെട്ടി തുറക്കാൻ വിരോധമില്ലെന്നായി കൊററനും കൂട്ടകാരും. ആണ്ടടിയന്തരത്തിന്നല്ലെങ്കിൽ അരെഅരയ്ക്കാൽ സ്ഥാനത്തു ചെന്നേ പെട്ടി തുറന്നുകൂട എന്നും, താക്കോലുകളിലൊന്നു വേടക്കാരന്റെ കൈവശമാണെന്നും പറഞ്ഞു കാര്യസ്ഥൻ പെട്ടി തുറപ്പിച്ചില്ല. പെരുന്തീന്നു പഴമക്കാക്കെത്ത പടിസ്ഥാനത്തുനിന്നു കഴിപ്പാനും തീൎച്ചപ്പെട്ടു. കാര്യസ്ഥനെ പരദേവതയുടെ സങ്കേതസ്ഥാനത്തേക്ക് ഒരുങ്ങുവാനയച്ചു.

പഴമ്പോരാട്ടം കൊണ്ടാടിയവർ അന്നില്ലെങ്കിലും പ്രാധാന്യം പഴമക്കാൎക്കാണെന്നഭിമാനിച്ചു കിഴവപ്പരിഷകൾ പലരും സ്ഥാനത്തു വന്നു കേറിത്തുടങ്ങി. വടി കുത്തിപ്പിടിച്ചു വന്ന പടുകിഴവന്മാർ കൊക്രക്കരച്ചു മുക്കും മൂലയും പററിയിരുന്നു ചവച്ചുന്നു. മറെറാരു മുത്തൻ മടപ്പിള്ളിയിലെത്തി വറുത്തുപ്പേരി ചിലതു പൊടിപ്പിച്ചുതുടങ്ങി. പഴമ്പോരാണെന്നാണ് പറയുന്നത്. പഴകൊണ്ട് എന്തുണ്ടാക്കിയാലും പോരെന്നാണു പരദേവതയുടെ അരുളപ്പാട് എന്നു പറഞ്ഞു പഴവും ചക്കപ്പഴവും വറുക്കാനേല്പിച്ചു. വയോധികന്മാർ ചിലർ അരികറികളുടെ വേവു നോക്കാനടുത്തു കൂടി. 'ഒരു തിളകൂടി' എന്നുള്ള അഭിപ്രായം ചോറു മത്തളപ്രായമായിട്ടും പുള്ളികൾ വിടുന്നില്ല. 'കറിച്ചുവട്ടിൽ തീ മുറുക, കഷണം വെന്തു മലക്കണം' എന്നായി മറെറാരു കിഴവൻ. ഇങ്ങിനെ വേവിന്റെ കാര്യത്തിൽ വയോധികന്മാരുടെ ആത്യവസാനം അധികമായപ്പോൾ വിരക മതിയാവില്ലെന്നായി ദേഹണ്ണക്കാർ. ശക്കര ഉപ്പേരിക്കു വറവു കഴിച്ചു

വെച്ചിട്ടുള്ളത് പൊടിച്ചിട്ട ശക്കര പുരട്ട ണോ പുരട്ട് പൊടിച്ചാൽ മതിയോ എന്നു ചില കിഴവന്മാർ ഇരുന്നാലോചിക്കുന്നു. രു രമണമായുണർന്ന നല്ല ശക്കര പുരട്ടി പ്പെട്ടുവരുന്നുകൊണ്ടു പിന്നെ പൊടിക്കാനേ സാധിച്ചുള്ളു എന്തിനു വിസ്തരിക്കുന്നു? സ പ്പ്ര പൊടിപൊടിച്ചു കൊഴപ്പോട്ട കൂടിക്ക ഴിഞ്ഞു

കാര്യസ്ഥൻ കാട്ടിൽ ചെന്നു കാണേണ്ടവരെ കണ്ടു കാര്യങ്ങളെല്ലാം കരുതിക്കൂട്ടിപ്പോന്നപ്പോൾ സത്രരംഗത്തിൽ പ്രവേശം കഴിഞ്ഞ പല വയോധികവേഷങ്ങളും വിശ്രമിക്കുന്നതു കണ്ടു. നിറവയറേററി മലച്ചു കിടക്കുന്നവരിൽ ചിലർ വളുസക്കളെ കൈത്തണ്ടുകൊണ്ടു നിത്തിയിരിക്കുന്നു. കാലു രണ്ടും നീട്ടി കൈ പിന്നാക്കം കുത്തി മലച്ചിരിക്കുന്ന പടുകിഴവന്മാരുടെ മടിയിലെക്കു വീണ്ടെടിയ വസ്തിയെ എററിപ്പൊക്കി യഥാസ്ഥാനത്താക്കാൻ പണിപ്പെട്ട പാറാതെ പരസഹായം ആവശ്യപ്പെട്ടപ്പോലെ ചുററും നോക്കി കിതക്കുന്നു. കുത്തി നടക്കാനുള്ള കൈവിണ്ടിമേൽ വയറേററി നിർത്തിയ ചില പടുതടികളെ ചെരിച്ചിട്ടിട്ടുണ്ട്. വിവിധവിഭവങ്ങളെ ചലിച്ചുവാരി പെരുവയറൊട്ടിച്ച മാമലക്കൊററൻെറ ദേഹം നനവു തട്ടാത്തവിധം കളഭം പൂശി കനം പിടിപ്പിച്ചിട്ടുണ്ടെങ്കിലും, ഉരുതപമുള്ള സാധനങ്ങളുടെ ആമച്ചുകൊണ്ട് ഉള്ളിൽ കിടക്കുന്ന ജലാംശങ്ങൾ ഞെങ്ങിത്തുറിച്ച രോമകൂപങ്ങളിൽക്കൂടിപ്പുറത്തേക്കു പുറപ്പെട്ടപ്പോൾ വിശറിയുടെ ശക്തി വീണ്ടും ഉള്ളിലേക്കുമത്തുന്നു.

കാര്യസ്ഥൻ ഈ വയോധികായോധനഘോഷം കണ്ടു തലകുലുക്കികൊണ്ട് 'ഇനി അരേരരക്കുസ്ഥാനത്തേക്കു തെരുപ്പറുക്കാൻ വൈകിക്കുരുതെന്നു കൊററനെ പെരുമനമേററി. ഇരിക്കുന്ന കിഴവർ ഞെരുങ്ങപ്പിടിച്ചെഴുനീററു. ഉറങ്ങുന്നവരെ ചിലർ വിളിച്ചുണർത്തി. ഉറക്കം കളഞ്ഞ കുററത്തിന്നു കൈവീണ്ടി കഷണ്ടിക്കു തട്ടിയപ്പോൾ കശപിശയായി. കണ്ണിൽ തട്ടി തൊണ്ണ പൊട്ടി എന്നല്ലാതെ പല്ലുപോയി എന്നാരും പറഞ്ഞില്ല. 'പഴമ്പോർ പരദേവതയുടെ തിരുമ്പിൽ ചെന്നിട്ട്' എന്നു പറഞ്ഞ് ഒരു ഫലിതക്കാരൻ വൃദ്ധൻ ആ ലഹള ഒതുക്കി. കാതംവഴി നടപ്പാൻ ക്ലുസലുള്ളവരാരും പുറപ്പെടരുതെന്നു കാര്യസ്ഥൻ വിളിച്ചുപറഞ്ഞു. പഴമ്പോരും വിസ്തരിച്ചു വേണം. പഴമക്കാരാരും പിൻവലിക്കരുതെന്നു കൊററൻ എത്തുത്തു പെരുവാപാടി. പഴമക്കാർ പുറപ്പാടായി. നനമുണ്ടു മടക്കി കഷണ്ടി മറച്ചിട്ട് ഉടുത്ത വസ്ത്രത്തിൻെറ ഇടം വലം അരഞ്ഞാൾച്ചരടിൻെറ ഇടയിലൂടെക്കു കേററിത്തിരുകി കക്ഷത്തിൽ 'തിമ്മാൻ പൊതി'യുമായി കായബലമുള്ള വയോധികന്മാർ മുന്നണിനിരന്നു. ഇടക്കെ മലത്തി മുതുക്കേററി കയ്യിട്ടുക്കിലോലക്കുട തിരുകി വടികുത്തി നടക്കുന്ന പടുകിഴവന്മാർ കൊടക്കൽ തിരുകിയ മുറുക്കാൻപൊതിയിൽ കൺകോണിട്ടുകൊണ്ടു പിന്നണി ചേർന്നു. നാലു മൂലപണിക്കരും നാട്ടാരിൽ മുമ്പരും പെരുമ്പണ്ടാരപ്പെട്ടിയൊന്നിച്ചുമാമലക്കൊററനും പിന്നിൽ കൂടി. ആയുധപ്പൊട്ടുകൾ കെട്ടിച്ചുമപ്പിച്ചുകൊണ്ടു കാര്യസ്ഥനും പുറപ്പെട്ടു. ഈ വയോധികായോധനമഹായോഗം നടന്നുഴന്നു നിശാമുഖത്തിൽ സങ്കേതസ്ഥാനത്തെത്തി. കരിങ്കാർകൊണ്ട് ആശാമുഖംപോലെ പെരുങ്കാടുകണ്ടു പഴമ്പോരാളികളുടെ മുഖവും കറുത്തു. വേട്ടക്കാട്ടിലെത്തളിച്ചു കേറുന്ന കാട്ടാനക്കൂട്ടത്തെ വിട്ടുവന്ന വേടക്കരചൻ കാററടിച്ചു ചിന്നിച്ചിതറിയ കന്നക്കാർ വിട്ടുകണ്ട നിശാനാഥനെപ്പോ

ലെ പ്രത്യക്ഷനായി. പഴമ്പോരാളികൾ അരങ്ങരക്കാൽ സ്ഥാനത്ത് ആൽത്തറ കേറിയപ്പോൾ വേടക്കുരചൻ ചെന്നു തിണ്ടലകന്നുനിന്നു. കാഴ്ചയ്ക്കു കൌതുകമുള്ള നിറം; നീണ്ടുനിവിന്ന് ഒതുങ്ങി പൊങ്ങിയ ദേഹം. അതാതവയവങ്ങളുടെ താഴ്ചയും പൊക്കവും കണ്ടാൽ ശരീരായാസം ധാരാളം ഉണ്ടായിട്ടുള്ളവനാണെന്നു തോന്നും. നരച്ചുനീണ്ട തലമുടി നിറുകയിൽ തുത്തു കെട്ടി വെച്ചിരിക്കുന്നു. മാറു മറിഞ്ഞു കിടക്കുന്ന വെള്ളത്താടിയിലെ ചില കററിരോമങ്ങൾ വ്യവസ്ഥ വിട്ടു ചരിക്കുന്നുണ്ടെങ്കിലും മാറു രോമങ്ങളൊന്നിച്ചു കാററു തട്ടി കാട്ടിലേയ്ക്കാഞ്ഞു നില്ക്കുന്നതു കണ്ടാൽ മാമലക്കൊററന്റെ വേട്ടസ്ഥാനം കാട്ടിക്കൊടുക്കുന്നുവൊ എന്നു തോന്നും. ദണ്ഡിൽ പുറം നീണ്ട വില്ലും അർദ്ധചന്ദ്രായുധവും കയ്യിൽ ധരിച്ചിട്ടുണ്ട്. അരയിൽ ചുമന്ന വസ്ത്രം. ഇടത്തുവശത്ത് ഉറയിലിട്ടിരിക്കുന്ന മറെറാരായുധം മുട്ടമറിഞ്ഞു കിടക്കുന്നു. വേടക്കുരചനെ ആകപ്പാടെ കണ്ടാൽ വേട്ടയ്ക്കൊരുമകൻ പ്രത്യക്ഷപ്പെട്ടതാണെന്നു പറയാം.

വേടക്കുരചൻ— മാമലക്കൊററനെന്തിയെങ്കിൽ പെരുമ്പണ്ടാരപ്പെട്ടി തുറക്കാം.

കൊററൻ—വേടൻ നമ്മോട് ആചാരം പറയേണ്ടവനല്ലേ?

കാര്യസ്ഥൻ—കാട്ടുകൂട്ടങ്ങൾക്കു വകതിരി കുറയും.

വേടക്കുരചൻ—ആചാരം പറവാൻ മാത്രമല്ല അതു നടത്താനും ചുമതലപ്പെട്ടവനാണ്. കാട്ടാനക്കൂട്ടത്തെ ആട്ടിത്തെളിച്ചിറക്കിക്കഴിഞ്ഞു. ഒററാനേ വിട്ടാട്ടുവാൻ പെട്ടി തുറന്നിട്ടു വേണം.

കൊററൻ—കാട്ടാനകളെ ആട്ടിവിട്ടതു നന്നായി, പഴമക്കാർ കണ്ടാൽ ഭയപ്പെടും. നമുക്കോ നല്ല സ്വഭാവമാവില്ല. പക്ഷെ ഒററാനെക്കൂടി ഓടിച്ചിട്ടു മതി പെട്ടി തുറക്കാൻ.

വേടൻ—അതല്ല നടവടി. പെട്ടി വേഗം തുറക്കണം. ഒററാനെ പിന്തുടരുന്നതിനുണ്ടു കട്ടി മാത്രമേയുള്ളു.

പെട്ടി തുറന്നപ്പോൾ കണ്ടതു വേടൻ ധരിച്ചിട്ടുള്ളതുപോലെ ഞാണഴിഞ്ഞ വില്ലും രണ്ടാനക്കൊമ്പും മാത്രം. പൊന്നും പണവും കാണാഞ്ഞിട്ടു കൊററൻ കുണ്ഠിതനായി. പെട്ടിയിൽ പണമില്ല. ഇനി അടിയറ വെയ്ക്കുന്നത് എങ്ങിനെയാണ് എന്നു കാര്യസ്ഥനോടു ചോദിച്ചു. പൊന്നും പണവും അടിയറ വെയ്ക്കുന്നമെന്നു ഗ്രന്ഥവരിയിൽ കണ്ടില്ല.

വേടൻ—മാമലക്കൊററനാവാൻ പരദേവതയ്ക്കടിയറ വെയ്ക്കുന്നതു പൊന്നും പണവുമല്ല. വേട്ടയാടി കൊല്ലുന്ന കലഭകൊമ്പന്റെ കൊമ്പും തുമ്പിയുമാണ്.

കൊററൻ—ഓഹോ! അതു നാം ധരിച്ചില്ല. കാര്യസ്ഥൻ അതിനേപ്പറ്റി ചെയ്തിട്ടില്ലേ?

കാര്യസ്ഥൻ— ഏപ്പാട് വേടക്കുരചനാണ് ചെയ്യേണ്ടത്. ധരിച്ചില്ലെന്നു പെരുവാപാടരുത്. സ്ഥാനത്തു വെച്ച് അടിയാർ പെരുമനമേററിട്ടുണ്ട്. പഴമ്പോരിന്നു പെരുന്തടിയ്ക്കുള്ള അമ്പും വില്ലുമാണ് ഈ കാണുന്നത്.

കൊററൻ—കാര്യസ്ഥൻ പറഞ്ഞതും വേടൻ പറയുന്നതും ഒരുപോലെയല്ല. കൊമ്പും തുമ്പിയും ഒത്താലൊത്തു. പരദേവതയുടെ തിരുമുമ്പിൽ അടിയറയ്ക്കുള്ളതു കടംപറഞ്ഞു പ്രാർത്ഥിച്ചു കൊള്ളാം. പഴമ്പോർ നടക്കട്ടെ. വേടൻ ഒററാനെ വിട്ടാട്ടാൻ അമാന്തിക്കരുത്.

വേടക്കുരചൻ അമ്പും വില്ലും വെച്ചു പോയി. കൊററൻ ചെന്ന് അതെടുക്കാൻ

നോക്കി. ഒററക്കൈക്കൊത്തുങ്ങുന്നില്ല. രണ്ടു കൈകൊണ്ടും താങ്ങിപ്പൊന്തിച്ചു കൊണ്ടുവന്നു. പഴമക്കാർ പലരുംകൂടി ആനക്കൊമ്പുകൾ ഭേസി. ചിലർ പഴവില്ലു ചുമന്നു. അർദ്ധചന്ദ്രായുധം മററൊരു കിഴവൻ കയ്യിലാക്കി. പടക്കിഴവന്മാർ ആയുധപ്പൊട്ടുകളോരോന്നെടുക്കാൻ തുടങ്ങി. എണ്ണം തികയാത്തതുകൊണ്ട് ചിലതിരട്ടിക്കേണ്ടിവന്നു. താങ്ങുറസ്സാതെ കൊററൻ ഇട്ടെറിഞ്ഞ പൂവില്ല് കാൎയ്യസ്ഥൻ സജ്ജമാക്കി അർദ്ധചന്ദ്രായുധം ധരിച്ചുനിന്നു. കൊററനു പിന്നെ കിട്ടിയതൊരു പരിചപൊട്ടാണ്. എല്ലാവരും ആൽത്തറ ചുററി പഴമ്പോരാചരിച്ചുതുടങ്ങി. നൂററൊന്നു വലം വെക്കാനാണ് ആദ്യം നിശ്ചയിച്ചത്. ആനക്കൊമ്പു ചുമക്കുന്നവർ 'കനം സഹിച്ചുകൂട, പ്രദക്ഷിണം കുറച്ചാലൊ' എന്നു മന്ത്രിച്ചുതുടങ്ങി. വില്ലേററി നൂററൊന്നു ചുററുക പ്രയാസംതന്നെയെന്നു കോദണ്ഡധാരികൾ പിറുപിറുത്തു. ആയുധപ്പൊടികൾ കനമില്ലെങ്കിലും നൂററൊന്നുവട്ടം ഈ പോംവഴിയിൽകൂടി ചുററുക ഞെരുക്കം തന്നെ എന്നായി മററുള്ളവർ. ആൽത്തറയൊ അശ്ശീക്കുററൻ. ഇരുപത്തൊന്നു വട്ടം ചുററാൻ വയ്യാത്ത മട്ടാണ് കാണുന്നതെന്നു പരിചമുറിപ്പരികൾ പറഞ്ഞു. പഴമ്പോരാടുന്നതിനിടയ്ക്ക് ഇത്തരം വയ്യാപാട്ടുകൊണ്ട് ജയഭേരി അടിക്കുമ്പോൾ കാട്ടാനയുടെ ചിന്നംവിളി പൊരാളികളുടെ ചെവിട്ടിൽ തറച്ചു. പഴമ്പോരാട്ടം പെട്ടെന്നു നിന്നു. പുള്ളികൾ ആയുധംവെച്ചുമ്പാന്നു നോക്കുമ്പോൾ വേട്ടക്കരചനെ ആട്ടിപ്പായിച്ചുകൊണ്ടുള്ള ഒരു കുലകൊമ്പന്റെ വരവ് ആൽത്തറയ്ക്കലെ കണ്ടു. വയ്യാപ്പാട്ടുവിട്ടു ശ്യോ പാട്ടായി. തടിമിടുക്കുള്ളവർ മരക്കൊമ്പു പററി. പടക്കിഴവന്മാർ ശയനപ്രദക്ഷിണം തുടങ്ങി. ചിലർ ആൽത്തറ കേറി. പരിചപൊട്ടുകളഞ്ഞു മാറച്ചുനോടിച്ചെന്നു കാൎയ്യസ്ഥനെ പിടിച്ചു പിടുത്തം കൊററനൊററക്ക ചാവില്ലെന്നുള്ളുറപ്പുകൊടുത്തു. ആന ആൽത്തറയ്ക്കടുത്തപ്പോൾ പെട്ടെന്നു പിന്തിരിഞ്ഞൊന്നു പിരണ്ടു. രണനിപുണന്മാർ അന്തർവ്വാഹിനിയായ പുളിവെള്ളംകൊണ്ട് അരരക്കാ സ്ഥാനം വട്ടം ചുററി പുണ്യാഹം കഴിച്ചു. ആനവെട്ടിത്തിരിഞ്ഞപ്പോൾ വേട്ടക്കരചൻ വിട്ടുമാറി ആൽത്തറക്കെത്തി. ആന പിന്തിരിഞ്ഞ സമയം ആയുധപാണിയായ ഒരു യുവാവ് ചിവട്ടിചാടി കൊമ്പനെ പമ്പണഞ്ഞു. ആനയുടെ പോക്കും ലാക്കും കണ്ടു തഞ്ചംതരം നോക്കി ഇടംവലം കേറിമാറുന്ന വേട്ടക്കുട്ടി അമ്പുവിട്ടു കൊമ്പനെ വട്ടം ചുററിച്ചുതുടങ്ങി. പഴമ്പോരാളിയും സൈന്യവും നീട്ടിവെച്ചു നിലവിളിച്ചു തുടങ്ങി. വേട്ടക്കരചൻ ആൽത്തറ കേറി കൊററനെ പിടുത്തം വിടുത്തി നേക്ക് നിൎത്തി. 'താതനെ തപിപ്പിപ്പാനൊ കാട്ടിലെക്കിഴച്ചെത്തിച്ചു. മാമലക്കൊററൻെറ പഴമ്പോർ ആൽത്തറ ചുററുകയല്ല, അമ്പെയ്തു കൊമ്പന്റെ കൊമ്പു മുറിക്കണം. ആ കൊമ്പാണ് 'കൊല്ലംകൊൽ' അതാണ് പരദേവതയ്ക്കടിയറ വെക്കേണ്ടത്. വില്ലെടുക്കു. നടക്കു. കുട്ടി വിട്ടുമാറിയാൽ ആന ആളപായം വരുത്തും.

വേട്ടക്കരചൻെറ ധൃതിയോടും ചൊടിയോടും കൂടിയ ശാസന കേട്ടപ്പോൾ അടുത്തു നില്ക്കുന്ന ചില പഴമക്കാർ 'പരദേവതേ കൊള്ളയിലാണു പെരുന്തടിയാണല്ലൊ ഈ ചെറുവാപാട്ടുന്നരു,'' എന്നു നിലവിളിച്ചു.

വേടൻ— ആളാരെങ്കിലുമാവട്ടെ. അസ്ത്രം തൊടുക്കു. കുട്ടി ക്ഷീണിക്കാരു. എന്നു വീണ്ടും കല്പിച്ചു.

കൊററനൊന്നും മിണ്ടാതെ കാൎയ്യസ്ഥ

നെയും വേട്ടക്കരചനേയുംനോക്കിനില്ക്കുന്ന തേയുള്ളു. ഈ നില പന്തിയാവില്ലെന്നായി കാര്യസ്ഥൻ.

വേടൻ— ആരംഭിച്ച പഴമ്പോർ അവസാനിപ്പിക്കാത്ത കൊററനെ പരദേവതക്ക ബലികൊടുക്കേണ്ട ചുമതലക്കാരനാണ് ഞാൻ.

പഴമക്കാർ—അതെ കൊള്ളയിൽ പെട്ട പെരുന്തടിതന്നെ. അയ്യോ! കിഴവന്മാരെ കഴക്കരുതെ! ആടിയാരൊ കാപ്പാററണെ. ദുരഭിമാനി മാനച്ചൻ നശിക്കട്ടെ.

മാനച്ചൻ— അമ്പും വില്ലും കൂട്ടിപ്പിടിക്കാത്തവനാനയെ കൊല്ലുവാൻ പോന്നവനല്ല. ഞാൻ തിരിച്ചുപൊക്കോളാം.

വേടൻ—പഴമ്പോരാടത്തവൻ കൊററനല്ല. കൊമ്പറക്കുന്നവൻ സ്ഥാനമേറും.

പഴമക്കാർ—മാമലക്കൊററൻ ഇനി മററൊരാളല്ല. അയ്യോ ആന വരുന്നു, രക്ഷിക്കണേ. വില്ലാളിയെ കാണുന്നില്ല.

ഇതു കേട്ടപാതി വേട്ടക്കരചൻ കാര്യസ്ഥനോടു വില്ലും ശരവും വാങ്ങി ആൽത്തറ വിട്ടു ചാടി, ചോടൊററപ്പിച്ച് അമ്പു തൊടുത്തു വിട്ടു. അതിനിടയിൽ ഇടത്തുവശത്തുനിന്നു മറെറാരമ്പു പാഞ്ഞുകേറി കൊമ്പന്റെ കൊമ്പും തുമ്പിയും അററുവീഴ്ത്തിക്കഴിഞ്ഞതുകൊണ്ടു വേട്ടക്കരചൻ വിട്ട ബാണം മുന്നമ്പുപോയ പഴതിൽക്കൂടി കടന്ന് ആനയുടെ അമരക്കടമുറിച്ചു. ആന വീണപ്പോൾ ആയുധപാണിയായ യുവാവ് ആൽത്തറക്കെത്തി.

കാര്യ—മിടുക്കൻ ഒററക്ക പററിച്ചു ഇല്ലെ.

വേട്ടകുട്ടി— താമസം അധികമായപ്പോൾ അമ്പൊടുങ്ങി തടുക്കാൻ പ്രയാസം തോന്നി അർദ്ധചന്ദ്രം പ്രയോഗിച്ചതാണ്. സാഹസം പൊറുക്കണം.

പഴമക്കാർ—കുട്ടി ദീർഘായുസ്സായിരിക്കട്ടെ. മാനച്ചൻ നശിക്കട്ടെ.

'വേട്ടക്കരചനായ പഴയ മാമലക്കൊററൻ നന്നായി, സന്ദർഭോചിതമായ പ്രവൃത്തി കൊണ്ട് മാമലക്കൊററനാവാൻ സംഗതി വരട്ടെ. കൊമ്പു രണ്ടും അററതത്ത്വത്തിലായി.

കാര്യ—പഴമക്കാക്ക് ഈ യുവാവിനെ മനസ്സിലായില്ലെന്നുണ്ടോ. ഈ പെരുന്തടിയുടെ പ്രധാന ശിഷ്യനാണ്. അന്നു കൊള്ളയിൽ പെട്ട കുട്ടിയാണ്.

പഴമക്കാർ— കൂട്ടരെ മരക്കൊമ്പു വിട്ടിറങ്ങാം, രക്ഷാപുരുഷൻ പ്രത്യക്ഷപ്പെട്ടു.

പഴയകൊററൻ— ആഞ്ചാരു കൊല്ലത്തെ അഭ്യാസം. പരദേവത ഫലവത്താക്കി തന്നു.

കാര്യസ്ഥൻ— ഇനി കൊല്ലം കോപെട്ടത്തിയറ വെച്ചടി കമ്പിടുകയല്ലേ. ഇനി താമസിക്കേണ്ട നിലാവു വീഴാറായി.

പഴമക്കാരും പഴക്കൊററനും ശിഷ്യനും ആന ചരിഞ്ഞ സ്ഥലത്തേക്ക തിരിച്ചു. കൊമ്പും തുമ്പിയുംകൊണ്ട് ആരേരക്കാൽ സ്ഥാനത്തേക്ക തിരിച്ചെത്തിയപ്പോൾ മാനച്ചൻ മൌനിയായി ആൽത്തറയിൽ ഇരിക്കുന്നു. എല്ലാവരും അടിയറവെച്ചടികമ്പിട്ട ശേഷം കൊള്ളക്കാർ കൊണ്ടുപോയ മുതൽ തിരിച്ചെത്തിപ്പാൻ പഴമക്കാരും സഹായിച്ചാൽ നന്ന് എന്നു പഴയകൊററൻ പറഞ്ഞു.

പഴമക്കാർ—ആല്ലാ പെരുന്തടിക്കതും സാധിച്ചുവൊ.

പഴയകൊ— കൊള്ളക്കാർ വേറെയില്ല. ഞങ്ങൾ തന്നെയാണ്. അഭ്യാസനിപുണന്മാർ അനുഭവിക്കേണ്ടതായ സമുദായസമ്പത്ത് ആ വഴിക്ക നിലനിത്തുവാൻ വേണ്ടി ഈ പണി എടുത്തതാണ്. കാ

ഷ്യസ്ഥാനം ശിഷ്യനും ജ്ഞാനമാണ് കൊള്ളട്ടെ എന്നും ഇപ്പോൾ തിരിച്ചുകൊണ്ടുപോവാൻ ശ്രമിക്കുന്നതും. മുതൽ കളിപ്പിച്ചിട്ടുള്ള സ്ഥലത്തേയ്ക്ക് കന്നു കേറിമറിയണം. പഴമക്കാർക്ക് പേടിയില്ലെങ്കിൽ കൂടെ വരാം. അടിയങ്ങൾക്കിനി അന്തകനെക്കൂടി പേടിയില്ല എന്നു പഴമക്കാർ പറഞ്ഞു. മാനച്ചൻ മൗനം വിടാതിരിപ്പുണ്ട്. മറ്റുള്ളവർ മുതലെളിപ്പിച്ചിട്ടുള്ള ഗുഹാമുഖത്തിൽ ചെന്നു നിന്നു. കൊടാരം ശിഷ്യനും മുതലെല്ലാം പുറത്തെക്കെടുത്തുകൊടുത്തു. പഴമക്കാരൊന്നിച്ചു പഴങ്കൊററൻ തിരിച്ച് ആൽത്തായ്ക്കത്തിയപ്പോൾ മാനച്ചനെ കാണാനില്ല. അങ്ങടിയന്തരത്തിനു കലശ്ശാൻ കഴിച്ചിട്ടുവില്ലു കലച്ചുവോ എന്നു നോക്കാൻകൂടി മാനച്ചൻ സ്ഥാനത്തേയ്ക്കു തെരപ്പുറന്നിട്ടില്ല. പഴങ്കൊററൻ മാനമാളും മുമ്പു തന്നെ ശിഷ്യനെ സ്ഥാനം വാഴിച്ചു വാനപ്രസ്ഥം തന്നെ അവലംബിക്കുകയും ചെയ്തു.

എം. നാരായണപ്പൊതുവാൾ

# ശനി.

അപാരമായ ദിഗന്തരത്തിൽ അനവരതം പ്രകാശിച്ചുകൊണ്ടിരിക്കുന്ന കോടാനുകോടി ജ്യോതിശ്ശകലങ്ങളെ പ്രതിദിനം കണ്ടുകൊണ്ടിരിക്കുന്ന മനുഷ്യർക്ക്, അവയുടെ സ്വരൂപത്തെപ്പററി എന്തെങ്കിലും അറിഞ്ഞാൽ കൊള്ളാമെന്നുള്ള ആഗ്രഹം ഇന്നു കാലത്താണുണ്ടായതെന്നു പറവാൻ ആർക്കും സാധിക്കുന്നതല്ല. അനാദികാലം മുതല്ക്കു തന്നെ, അസംഖ്യം ആളുകൾ ജ്യോതിർമ്മണ്ഡലത്തിലെ ആശ്ചര്യങ്ങളെ കണ്ടുകുറിക്കുന്നതിനു മാത്രമായി ആയുഷ്കാലത്തെ മുഴുവൻ വിനിയോഗിച്ചു കഴിഞ്ഞിട്ടും, ഇന്നേക്കുവരെയുള്ള പ്രയത്നംകൊണ്ടു ജ്യോതിർമ്മണ്ഡലത്തെപ്പററി എത്രയോ അസമ്പൂർണ്ണമായ അറിവു മാത്രമേ നമുക്കുണ്ടായിട്ടുള്ളുവെന്നു പറഞ്ഞാൽ ജ്യോതിശ്ശാസ്ത്രത്തിൻെറ ഗഹനതയെപ്പററി സാമാന്യമായി ആലോചിപ്പാൻ കഴിയുന്നതാണല്ലോ.


ഇന്ത്യാരാജ്യത്തിൽ വസിച്ചിരുന്ന പണ്ടുകാലത്തെ ആര്യന്മാർ ജ്യോതിശ്ശാസ്ത്രവിഷയത്തിൽ വലുതായ പരിശ്രമം ചെയ്കയും, വിലയേറിയ പല ഗ്രന്ഥങ്ങളേയും നിർമ്മിക്കയും ചെയ്തിട്ടുണ്ട്. അവർ ഗ്രഹങ്ങളുടെ സ്വഭാവത്തേയും ഗതിഭേദത്തേയും നല്ലവണ്ണം അറിഞ്ഞിട്ടുണ്ടായിരുന്നു. സൂര്യൻ തുടങ്ങിയുള്ള ഏഴ് തേജോഗ്രഹങ്ങളും*, രാഹു, കേതു എന്ന തമോഗ്രഹങ്ങളും കൂടി ഒമ്പതു ഗ്രഹങ്ങളെ ഇന്ത്യാക്കാരായ ജ്യൗതിഷികന്മാർ ഗണിച്ചുവെച്ചിരിക്കുന്നു. പാശ്ചാത്യന്മാരുടെ സിദ്ധാന്തപ്രകാരം സൂര്യനും ചന്ദ്രനും ഗ്രഹങ്ങൾ തന്നെയാണെന്നു പറഞ്ഞുകൂടാ. സൂര്യൻ ഉറച്ചിരിക്കുന്ന കേന്ദ്രഗോളമാണെന്നാണ് അവർ സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ പാശ്ചാത്യന്മാർ നമ്മുടെ അധിവാസമായ ഭൂമിയെ ചലിച്ചുകൊണ്ടിരിക്കുന്ന ഒരു ഗ്രഹമായി കണക്കാക്കിവരുന്നുണ്ട്. ചന്ദ്രനെ ഭൂമിയുടെ ഉപഗ്രഹമാ

* സൂര്യൻ, ചന്ദ്രൻ, കുജൻ, ബുധൻ, ബൃഹസ്പതി, ശുക്രൻ, ശനി എന്നവ.

യിട്ടാണ് അവർ വെച്ചിട്ടുള്ളത്. രാഹു, കേതു എന്നു പറയുന്ന ഛായാഗ്രഹങ്ങളെ അവർ ഗ്രഹങ്ങളുടെ കൂട്ടത്തിൽ കണക്കാക്കീട്ടില്ല. മറ്റുള്ള അഞ്ചു ഗ്രഹങ്ങളെ അവരും ആ നിലയിൽ തന്നെയാണു വിചാരിച്ചുവരുന്നത്. ഈ അഞ്ചു ഗ്രഹങ്ങൾക്കും പുറമെ, അടുത്ത കാലത്തിൽ, അതിദൂരത്തിൽ കിടക്കുന്ന പരമാണുവിനെപ്പോലും പർവ്വതത്തോടു തുല്യമാക്കിക്കാണിച്ചുതരുന്ന ദൂരദർശിനികളുടെ സഹായംകൊണ്ട്, നെപ്ത്യൂൺ, യൂറാനസ്സ് എന്നു രണ്ടു പുതിയ ഗ്രഹങ്ങളെക്കൂടി പാശ്ചാത്യന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. ഗ്രഹങ്ങളുടെ പരിഗണനയിലും മറ്റും പൌരസ്ത്യന്മാർക്കും പാശ്ചാത്യന്മാർക്കും തമ്മിൽ ഇങ്ങിനെയുള്ള പല വ്യത്യാസങ്ങളും കാണുന്നുണ്ടെങ്കിലും, പ്രസ്താവത്തിലിരിക്കുന്ന ശനിയുടെ വിഷയത്തിൽ അവരുടെ അഭിപ്രായങ്ങളിൽ ചിലത് ഏതാണ്ടു യോജിച്ചതന്നെയാണിരിക്കുന്നത്.

നവഗ്രഹങ്ങളിൽ വെച്ച്, ഭൂമിയായിട്ട് ഏറ്റവും അകന്നു നില്ക്കുന്നതു ശനിയാണെന്നു നമ്മുടെ പ്രാചീനന്മാർ കണ്ടുവെച്ചിട്ടുള്ളതിനെ* നവീനന്മാരും സമ്മതിക്കുന്നു. ശനിക്കു [കു]ജൻ, ബുധൻ, ശുക്രൻ എന്നീ ഗ്രഹങ്ങളെക്കാൾ വളരെ അധികം വലിപ്പമുണ്ടായിരുന്നിട്ടും അവയെക്കാൾ പ്രകാശം കുറയുവാനുള്ള കാരണം ശനിയുടെ സഞ്ചാരമാർഗ്ഗത്തിന്റെ ദൂരസ്ഥിതി തന്നെയാണ്. സൂര്യനിൽനിന്നു സുമാർ 87 കോടി നാഴിക അകലെ ശനി മഹത്തായ വൃത്തത്തിൽ പര്യടനം ചെയ്യുന്നു. ചില സമയത്തു ശനി സൂര്യനിൽനിന്നു 92 കോടി നാഴികയോളം ദൂരെ അകന്നുപോകുന്നതുമുണ്ട്. പരിമാണത്തിലും പ്രകാശത്തിലും ബൃഹസ്പതി ശനിയെ മുന്തിനില്ക്കുന്നുണ്ടെങ്കിലും, ശനിയുടെ വലയങ്ങളും ഉപഗ്രഹങ്ങളും കൂടുമ്പോൾ ആ ഗ്രഹത്തിനു ഉവാകുന്ന ആശ്ചര്യകരമായ രാമണീയകത്തിൽ ബൃഹസ്പതി തന്നെ കിടപിടിക്കുന്നതല്ല.

വെറും കണ്ണുകൾക്കു ശനി ഒരു വലിയ നക്ഷത്രം പോലെ മാത്രം തോന്നുന്നതാണ്. എന്നാൽ സൂക്ഷിച്ചു നോക്കിയാൽ കുറെ നേരം കൊണ്ടു ചലനമുണ്ടെന്നറിവാൻകഴിയും. സഞ്ചാരമാർഗ്ഗത്തിന്റെ അതിദൂരസ്ഥിതി നിമിത്തം ശനിയുടെ ശീഘ്രതരമായ ഗമനം തന്നെ നമുക്കു വളരെ മന്ദമായി കാണുന്നു. ഇതു തന്നെയായിരിക്കാം പ്രകൃതഗ്രഹത്തിനു 'ശനൈശ്ചരൻ', 'മന്ദൻ', 'പംഗു' എന്നു തുടങ്ങിയുള്ള പേരുകൾ കൊടുപ്പാൻ കാരണമായിതീർന്നത്. ശനിയുടെ ഒരു ദിവസത്തെ സാധാരണഗതി 'രത്നം' — പരല്പേരുപ്രകാരം




1. ശനി, 2. വലയം, 3. ഭൂമി.

* 'ഭൂമേഃ പിണ്ഡഃ ശശാങ്കജ്ഞകവിരവികുജേജ്യാർക്കിനക്ഷത്രകക്ഷാവൃത്തൈർവൃത്തോ വൃതഃ സൻ മൃദനിലസലിലവ്യോമതേജോമയോയം' എന്ന ശ്ലോകത്തിൽ ഭാസ്കരാചാര്യർ ഗ്രഹങ്ങളുടെ ദൂരത്തെ അടിസ്ഥാനമാക്കി അവയെ ക്രമത്തിൽ പറഞ്ഞിരിക്കുന്നു.

രണ്ടു കലകൾ* — മാത്രമാണെന്നു നമ്മുടെ ജ്യൌതിഷികന്മാർ പറഞ്ഞുവരുന്നു. ഒരു പ്രദക്ഷിണം പൂർത്തിയാക്കുവാൻ ശനിക്കു് ഇരുപത്തൊമ്പതു വൎഷവും അഞ്ചു മാസവും പതിനേഴു ദിവസവും വേണ്ടിവരുന്നതാണ്. ഒരു സെക്കണ്ടിൽ സുമാർ 6 നാഴിക വീതം പ്രസ്തുതഗ്രഹം അതിന്റെ പദ്ധതിയിൽ സഞ്ചരിക്കുന്നുണ്ടെന്നു പാശ്ചാത്യന്മാർ കണ്ടു കണക്കാക്കിയിരിക്കുന്നു.

ശനിഗോളത്തിന്റെ ധ്രുവങ്ങളിൽക്കൂടി കടന്നുപോകുന്ന വൃത്തത്തിന്റെ വ്യാസം 68000 നാഴികയും, മദ്ധ്യരേഖയിൽ കൂടി കടന്നുപോകുന്ന വൃത്തത്തിന്റെ വ്യാസം 74000 നാഴികയുമാകുന്നു. ശനി കേവലം ഉരുണ്ടിട്ടല്ലെന്നും, അണ്ഡാകാരത്തിലാണെന്നും ഈ വ്യാസങ്ങളുടെ വ്യത്യാസത്തിൽ നിന്നു തെളിയുന്നുണ്ട്. ശനിക്കു് അതിന്റെ അച്ചുതണ്ടിന്മേൽ ഒരു പ്രാവശ്യം തിരിയുവാൻ 10 മണിക്കൂറും 14 മിനുട്ടും 23 സെക്കണ്ടും മാത്രമേ വേണ്ടിവരുന്നുള്ളുവെന്നു പറഞ്ഞാൽ, അതിന്റെ ഭ്രമണവേഗം 24 മണിക്കൂറുകൊണ്ടു് ഒരിക്കൽ തിരിയുന്ന ഭൂഗോളത്തിന്റെ ഭ്രമണവേഗത്തെക്കാൾ ഇരട്ടിയിലധികം തീവ്രമായിരിക്കുന്നുവെന്നു വേറെ പറയേണ്ടതില്ലല്ലോ.

ആകർഷണശക്തിയെ അടിസ്ഥാനപ്പെടുത്തി ഗ്രഹങ്ങളുടെ കനം അറിവാനുള്ള കൌശലം പാശ്ചാത്യന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. അപ്രകാരമുള്ള പരിശോധനയിൽ ഇത്രയും വലുതായ പ്രസ്തുതഗോളത്തിന്റെ കനക്കുറവു കാണുമ്പോൾ അതിൽ ഭൂമിയിലുള്ളപോലെ യാതൊരു ഘനദ്രവ്യവും ഇല്ലെന്നു തന്നെ അനുമാനിക്കേണ്ടിയിരിക്കുന്നു. ഭൂഗോളത്തിലെ അണുക്കളുടെ തിണ്മ പ്രകൃതഗ്രഹത്തിലെ തിണ്മയെക്കാൾ എട്ടിരട്ടി അധികമാണെന്നു കണക്കാക്കിയിരിക്കുന്നു. ശനിഗോളത്തിലെ അണുസഞ്ചയത്തിന്റെ തിണ്മ സാധാരണ ജലത്തിലുള്ളതിനെക്കാൾ കുറഞ്ഞതും, ശനിയുടെ വലിപ്പത്തിലുള്ള ഒരു ജലഗോളം ശനിയെക്കാൾ വളരെ അധികം കനം തൂങ്ങുന്നതും ആകുന്നു. ഒരേ പരിമാണത്തിലുള്ള രണ്ടു വസ്തുക്കളുടെ കനം വ്യത്യാസപ്പെടുവാനുള്ള കാരണം അവയിലെ അണുക്കളുടെ തിണ്മയിലുള്ള കൂടുതൽ കുറവാണെന്ന തത്വത്തെ അവലംബിച്ചുകൊണ്ടാണു മുൻപറഞ്ഞപ്രകാരം ഊഹിച്ചിട്ടുള്ളത്. ഈ തത്വം നമുക്കു് അനുഭവമുള്ളതാണല്ലോ. കണ്ടാൽ വലിപ്പത്തിൽ വ്യത്യാസമില്ലാത്ത പഞ്ഞി, കല്ലു്, ഇരുമ്പു്, പൊൻ ഇവയുടെ കനത്തിന്നു വലുതായ അന്തരം വരുവാൻ, അവയുടെ അണുസംയോഗത്തിലുള്ള തിണ്മയും അയവും അല്ലാതെ മറ്റൊരു കാരണവും ഇല്ല. അണുസംയോഗത്തിന്റെ തിണ്മയിലുള്ള ഏറ്റക്കുറവ് ആകർഷണശക്തിക്കു ഭേദഗതി വരുത്തുന്നതാണ്. അതുകൊണ്ടാണ് ആകർഷണശക്തി ഗുരുത്വത്തിന്റെയും അണുസംയോഗസ്വഭാവത്തിന്റെയും അനുമാപകമായി തീരുന്നതും.

ദൂരദർശിനിയിൽ കൂടെ നോക്കുമ്പോൾ ശനിഗോളത്തിൽ കാണാവുന്നതായ, ഘനദ്രവ്യംപോലെയുള്ള പദാൎത്ഥം ഒരു ഘനദ്രവ്യമല്ലെന്നും, അതു മേഘപടലമായിരിപ്പാനാണ് അധികം സംഗതി കാണുന്നതെന്നും ഇപ്പോൾ വിചാരിച്ചുവരുന്നു. ഈ ഗോളത്തിലെ അണുസഞ്ചയത്തിന്റെ ആധിക്യം നിമിത്തം അതു് ഇപ്പോഴും ചുട്ടുപഴുത്തുകൊണ്ടുതന്നെ ഇരിക്കുന്നുവെന്നും വരാവുന്നതാണ്. ഗോളത്തിന്റെ വസ്തുതത്വം മുഴുവൻ ഗ്രഹിപ്പാൻ ഇതുവരെ സാധിച്ചിട്ടി

* രാശിയുടെ 1800-ൽ ഒരു ഭാഗമാകുന്നു കല.

ല്ലാത്ത സ്ഥിതിക്ക്, മേൽവിവരിച്ച ഊഹങ്ങളിൽ തെററില്ലെന്നു തെളിയിക്കപ്പെടുവാൻ ഇപ്പോൾ സാധിക്കുന്നതല്ല.

ശനിഗോളത്തിന്ന് അസാമാന്യതയേയും രാമണീയകത്തേയും ഉണ്ടാക്കുന്നത് അതിനെ ചുററിക്കൊണ്ടിരിക്കുന്ന വലയങ്ങളാണെന്നു മുമ്പു പ്രസ്താവിച്ചുവല്ലൊ. ഈ വലയങ്ങളെ പ്രാചീനന്മാർ കണ്ടിരുന്നുവൊ എന്നുള്ള സംഗതി വളരെ സംശയഗ്രസ്തമാണ്.

ഗലീലിയൊ എന്ന ജ്യോതിശ്ശാസ്ത്രപണ്ഡിതൻ ഒന്നാമതായി ദൂരദർശിനിയുടെ സഹായംകൊണ്ടു ശനിയുടെ 'വലയം' കണ്ടുപിടിച്ചു. ആദ്യം കണ്ടെത്തിയ വലയം പിന്നീടു മറഞ്ഞുപോകയാൽ അതിന്റെ സ്വഭാവത്തെപ്പററി അദ്ദേഹത്തിന്നു പല സംശയങ്ങളുമുണ്ടായി. എങ്കിലും അതു വീണ്ടും കാണ്മാൻ അദ്ദേഹത്തിന്നു സംഗതിവരികയും, അതു മറയലും തെളിയലുമുള്ള വസ്തുവാണെന്ന് അദ്ദേഹം തീരുമാനിക്കയും ചെയ്തു. ചിലപ്പോൾ ചുററുമുള്ള വലയങ്ങൾ സൂൎയ്യരശ്മിയിൽ മറയുന്നതുകൊണ്ട് അദൃശ്യമായിത്തീരുന്നുവെന്ന് പിൻകാലത്തുണ്ടായവർ മനസ്സിലാക്കിയിരിക്കുന്നു.

ശനിഗോളത്തിന്റെ ഭ്രമണത്തോടൊരുമിച്ച് ഈ 'വലയവും' ഭ്രമിക്കുന്നുണ്ടെന്നും, ഈ വലയത്തിന്റെ ആവിൎഭാവതിരോധാനങ്ങൾ ഇന്നകാലങ്ങളിൽ ഉണ്ടാകുന്നുവെന്നും ഹൈഗൻസ് എന്ന പണ്ഡിതൻ കണ്ടുപിടിച്ചു. കാസിനി എന്ന പണ്ഡിതൻ വലയത്തിന്റെ മദ്ധ്യത്തിൽ കൃഷ്ണവൎണ്ണമായ ഒരു രേഖയുള്ളതായി കണ്ടറിഞ്ഞു. ആ രേഖ വലയത്തെ പിളൎന്നുകൊണ്ടിരിക്കുന്ന ഛിദ്രമാണെന്നും, ശനിയെ ചുററിക്കൊണ്ടിരിക്കുന്ന വസ്തു ഒരു വലയമല്ല വലയങ്ങളാണെന്നും, അവയിൽ തന്നെ ഉള്ളിലുള്ളതു പുറമെയുള്ളതിനേക്കാൾ അധികം വിശാലമാണെന്നും പിൻകാലത്തുണ്ടായ പണ്ഡിതന്മാർ പരിശോധിച്ചറിഞ്ഞിരിക്കുന്നു.

എന്നാൽ നമുക്കു കൃഷ്ണവൎണ്ണമായി കാണുന്നതു വലയത്തിലുള്ള പ്രകാശം കുറഞ്ഞ ഒരു ഭാഗം തന്നെയായിരിപ്പാനിടയുള്ളതുകൊണ്ട് അതു വലയത്തെ വിഭജിക്കുന്ന ഛിദ്രമാണെന്നു തീൎച്ചപ്പെടുത്തുവാൻ പാടുള്ളതല്ല എന്നൊരഭിപ്രായമുണ്ട്. ഇതിന്റെ സൂക്ഷ്മസ്ഥിതി അറിയേണമെങ്കിൽ ശനിയുടെ സഞ്ചാരം ഭൂമിയുടേയും ഒരു ചെറുനക്ഷത്രത്തിന്റേയും നടുവിൽ കൂടെയായി വരുന്ന സമയത്തു വലയത്തിലുള്ള കൃഷ്ണമായ ഭാഗത്തിൽകൂടെ നക്ഷത്രം കാണ്മാൻ കഴിയുമൊ എന്നു പരിശോധിക്കതന്നെ വേണ്ടിവരും. അങ്ങിനെ വരുമ്പോൾ നക്ഷത്രം കാണുന്നുണ്ടെങ്കിൽ അതു ഒരു ഛിദ്രം തന്നെയാണെന്നു തീരുമാനിപ്പാൻ കഴിയുന്നതാണ്. അതിസൂക്ഷ്മഗ്രാഹികളായ ദൂരദർശിനികളുള്ളതുകൊണ്ട് ഈ സംഗതി പരീക്ഷിച്ചറിയുന്നകാൎയ്യം ഇക്കാലത്തുള്ളവൎക്ക് അസാദ്ധ്യമല്ലതാനും.

വേർതിരിഞ്ഞു കാണുന്ന വലയങ്ങളിൽ പുറമെയുള്ളതു, മങ്ങിയ ഒരു രേഖകൊണ്ടു ഭാഗിക്കപ്പെട്ടപോലെ കാണുന്നുണ്ട്. മഴക്കാറിന്റെ ശല്യമില്ലാതെ തെളിഞ്ഞിരിക്കുന്ന രാത്രിയിൽ ഒന്നാന്തരം ദൂരദർശിനി വെച്ചു നോക്കി പരീക്ഷിച്ചാലേ ഈ രേഖ കാണ്മാൻപോലും സാധിക്കുന്നുള്ളു. ഈ രേഖ ഒരു ഛിദ്രമായിരിപ്പാൻ വഴിയില്ലെന്നാണ് അഭിജ്ഞന്മാരുടെ അഭിപ്രായം.

മുൻപറഞ്ഞ രണ്ടു വലയങ്ങൾ കൂടാതെ, അവകളുടെ ഉള്ളിലായി മൂന്നാമതൊ

ള വലയംകൂടിയുണ്ടെന്ന്, 1850-ാമത്തു ക്രിസ്ത്വബ്ദത്തിൽ ചില ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കണ്ടിരിക്കുന്നു. ഈഷൽപ്രകാശമുള്ള ഈ വലയത്തെ 'ഇരുണ്ടവലയം' എന്നു പറഞ്ഞുവരുന്നു. മററുള്ള വലയങ്ങളോളം വ്യക്തമല്ലാത്തതുകൊണ്ടു ഇതിനെ മുമ്പുണ്ടായിട്ടുള്ള പരീക്ഷകന്മാർ കാണാത്തതായിരിക്കാം.

ചന്ദ്രൻ ഭൂമിയെ ചുററുന്നതുപോലെ ശനിയെ ചുററുന്ന എട്ടു ഉപഗ്രഹങ്ങൾ ഉണ്ട്. മറെറാരു ഗ്രഹത്തിന്നും ഇത്ര അധികം പരിവാരങ്ങളില്ലാത്തതുകൊണ്ട് ഈ അംശത്തിൽ ശനി അനുപമനായി നില്ക്കുന്നു. ഗംഭീരാകൃതിയായ ബൃഹസ്പതിക്കുതന്നെ നാലു ഉപഗ്രഹങ്ങൾ മാത്രമെ ഉള്ളൂ. അവയിലൊന്നെങ്കിലും, ശനിയുടെ ഉപഗ്രഹങ്ങളിൽവെച്ച് പ്രാധാന്യം വഹിക്കുന്ന 'ടൈററൻ'നോടു കിടപിടിക്കുന്നതുമല്ല. നമ്മുടെ ഗ്രഹം വലിപ്പത്തിൽ രണ്ടാമത്തതാണെങ്കിലും മററു സാംഗതികളിൽ അദ്വിതീയം തന്നെയാണ്.

—⁂—

# ആരോഗ്യം—മനഃശുദ്ധി



നിങ്ങൾ വിലയേറിയ ഔഷധങ്ങൾ ക്രമം തെററാതെ സേവിക്കുന്നുണ്ടെന്നു വന്നാലും, പ്രസിദ്ധന്മാരായ ആയിരം വൈദ്യന്മാർ നിങ്ങളെ ചുററിക്കൂടിയിരിക്കുന്നുണ്ടെന്നു വന്നാലും, നിങ്ങളുടെ ഹൃദയം പരിശുദ്ധമായിരിക്കുന്നില്ലെങ്കിൽ നിങ്ങൾ ഒരിക്കലും അരോഗികളായിത്തീരുന്നതല്ല. സങ്കല്പാത്മകമായ ഈ ലോകത്തിൽ എത്രയും തുച്ഛമായി കിടക്കുന്ന നിങ്ങളുടെ ഈ ശരീരം നിങ്ങളുടെ മനസ്സങ്കല്പത്തിൽനിന്നുത്ഭവിച്ച് മനസ്സങ്കല്പപ്രകാരം വളൎന്നു വരുന്നുവെന്ന തത്വം നിങ്ങൾ പ്രതിനിമിഷം സ്മരിക്കണം.

നിങ്ങൾ ആരോഗ്യത്തെ കാംക്ഷിക്കുന്നുണ്ടെങ്കിൽ നിങ്ങളുടെ ഹൃദയം പരിശുദ്ധമായിരിക്കട്ടെ. ശരീരം മനസ്സിന്റെ ഭൃത്യനാണ്. ആലോചനയോടുകൂടിത്തന്നെയൊ, സ്വതഃബാധാഹിതമായോ ഹൃദയത്തിൽനിന്ന് അപ്പഃപ്പോഴുണ്ടാകുന്ന ആജ്ഞകൾക്ക് ശരീരം കീഴ്പ്പെടാതെ കഴികയില്ല. മലിനങ്ങളായ വിചാരങ്ങളാണ്— അതായത് അസന്തുഷ്ടി, അതൃപ്തി, അസൂയ മുതലായ മനോവ്യാപാരങ്ങളാണ്—ശരീരത്തെ വ്യാധിഗ്രസ്തമാക്കിത്തീക്കുന്നത്. നിങ്ങളുടെ വിചാരങ്ങൾ പ്രേമസമ്മിളിതങ്ങളും നിൎമ്മലങ്ങളുമാണെങ്കിൽ നിങ്ങളുടെ വെറും നിഴലിനേക്കൂടി വ്യാധി ഭയപ്പെടുന്നതാണ്.

ആരോഗ്യവും വ്യാധിയും അവരവരുടെ വിചാരങ്ങളുടെ ഫലങ്ങളാണ് എന്നു നിങ്ങൾ നിങ്ങളെത്തന്നെ പരിശോധിച്ചാൽ അനുഭവപ്പെടും. വ്യാധിസംബന്ധമായ ഒരുവന്റെ വിചാരങ്ങൾ— അതു തന്നെപ്പററിയായാലും അന്യനെപ്പററിയായാലും—തന്റെ ശരീരത്തെത്തന്നെ വ്യാ

ധിബാധിതമാക്കുന്നു. ഒരു വെടിയുണ്ട ഒരു ജീവിയെ എത്ര വേഗത്തിൽ കൊല്ലുമോ അത്രയും വേഗത്തിൽ ഒരു മനുഷ്യന്റെ ശരീരത്തെ നശിപ്പിക്കുന്നതിന്നു് ഭയവിചാരങ്ങൾക്കു് ശക്തിയുണ്ടു്. മനസ്സിൽ അപ്പപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന ഭയങ്ങളും, അവയെപ്പററിയ വിചാരങ്ങളും ഒരു മനുഷ്യനെ പതുക്കെപ്പതുക്കെ കൊന്നുകൊണ്ടുവരുന്നു. മനോവ്യാകുലത ശരീരത്തെ താറുമാറാക്കി വ്യാധിയെ വിളിച്ചുവരുത്തുന്നു. നിങ്ങളെപ്പററിയ വിചാരങ്ങൾ നിങ്ങളെ സംബന്ധിക്കുന്നതുപോലെതന്നെ അന്യനെപ്പററിയ വിചാരങ്ങൾ അന്യനെ സംബന്ധിക്കുമെന്നു് നിങ്ങൾ ഭ്രമിക്കേണ്ട. അതിന്നു തക്കവണ്ണം മനശ്ശക്തി സിദ്ധിക്കുന്നതുവരെ ആ വക വിചാരങ്ങളും നിങ്ങളെതന്നെയേ സംബന്ധിക്കയുള്ളു. അന്യനെ അടിക്കുകയാണെന്നുവെച്ചു് നിങ്ങളുടെ ദേഹത്തിൽ അടിക്കുന്നതായാൽ വേദനയുണ്ടാകുന്നതാർക്കാണു്? ആരെപ്പററിയായാലും വിചാരിക്കുന്നതു് നിങ്ങളുടെ ഹൃദയത്തിലാകയാൽ അതിന്റെ ഫലം നിങ്ങൾക്കുതന്നെയാണു്.

ബലം, പരിശുദ്ധി, സന്തോഷം തുടങ്ങിയ സദ്വൃത്തിവിശേഷങ്ങൾ മനസ്സിൽ അല്ലെങ്കിൽ മാനസപ്രപഞ്ചത്തിലുണ്ടാകുമ്പോൾ ശരീരത്തിൽ ബലവും സൌന്ദര്യവുമുദിക്കുന്നു. ശരീരം വളരത്തക്കതും വിരിയത്തക്കതുമായ ഒരു യന്ത്രമാണു്. ഈ യന്ത്രം, മനസ്സിൽ എന്തെല്ലാം വിചാരങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവോ അവയ്ക്കനുരൂപമായി ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുന്നു. അവ്യവസ്ഥിതങ്ങളും അനിശ്ചിതങ്ങളുമായ ദുർവ്വിചാരങ്ങൾ ശരീരത്തെ അടിക്കടി പീഡിപ്പിച്ചുകൊണ്ടിരിക്കും. വിചാരങ്ങൾ അസ്ഥിരങ്ങളും അബലങ്ങളും ആണെങ്കിൽ അവ ഫലിക്കുന്നതിന്നു കുറെ താമസം വേണ്ടിവന്നേക്കാം.

മനുഷ്യൻ, തന്റെ ഹൃദയത്തിൽ എത്രകാലത്തോളം അശുദ്ധവിചാരങ്ങളെ ജനിപ്പിച്ചുകൊണ്ടിരിക്കുന്നുവോ അത്രത്തോളം അവന്റെ ശരീരത്തിലെ രക്തം വിഷസമ്മിശ്രമായിരിക്കും. ശുദ്ധഹൃദയത്തിൽനിന്നാണു് ശുദ്ധശരീരവും ശുദ്ധജീവിതവും ഉണ്ടാകുന്നതു്. ജീവിതം, ശരീരം, കർമ്മം എന്നിവ വിചാരത്തിൽനിന്നൊഴുകുന്നവയാണു്. ഇവയുടെ ഉത്ഭവസ്ഥാനത്തെ പരിശുദ്ധമാക്കിയാലല്ലാതെ ഇവ എങ്ങിനെ നിർമ്മലങ്ങളാവും? വിചാരങ്ങളെ ക്രമപ്പെടുത്താത്തപക്ഷം കേവലം ഭക്ഷണവ്യവസ്ഥകൊണ്ടു മാത്രം ഒരുവൻ ആരോഗിയാകയില്ല. അവന്റെ ഹൃദയം നിർമ്മലമാണെങ്കിൽ, അവന്റെ എല്ലാ ബാഹ്യകർമ്മങ്ങളും ആദരണീയങ്ങളും ആരോഗ്യകരങ്ങളുമായിട്ടേ ഇരിക്കയുള്ളു. നിങ്ങളുടെ എല്ലാ പഴക്കവഴക്കങ്ങളും ഇപ്പോഴുള്ളതോ കഴിഞ്ഞുപോയതോ ആയ വിചാരങ്ങളുടെ ഫലമാകുന്നു.

നിങ്ങൾ നിങ്ങളുടെ ശരീരത്തെ പാലിക്കുവാൻ മോഹിക്കുന്നുണ്ടെങ്കിൽ, നിങ്ങളുടെ ഹൃദയത്തെ പരിപാലിക്കുവിൻ! നിങ്ങൾ നിങ്ങളുടെ ശരീരത്തെ നല്ലനിലയിൽ കൊണ്ടുവരേണമെന്നാഗ്രഹിക്കുന്നുണ്ടെങ്കിൽ നിങ്ങളുടെ മനസ്സിനെ നല്ലനിലയിലാക്കുവിൻ! മനസ്സിലുണ്ടാകുന്ന നാനാവിധ ദുർഗ്ഗുണങ്ങൾ ആരോഗ്യത്തേയും സൌന്ദര്യത്തേയും ഒന്നായി വിഴുങ്ങിക്കളയുന്നു. ഒരുവന്റെ അസുന്ദരഗാത്രം അവനറിയാതെയുണ്ടായിട്ടുള്ളതല്ല; അവന്റെ ദുർവ്വിചാരങ്ങൾ പണിചെയ്തതാണു്. എത്രയോ കള്ളന്മാരും കപടന്മാരുമായ ചെറുപ്പക്കാരെ ഞാൻ കണ്ടിട്ടുണ്ടു്. അവർ ബാലിശന്മാരാ

യിരുന്നാലും കേട്ടുകേൾവി നേടിയ ഒരുവക ഭയങ്കരസന്താനങ്ങളെപ്പോലെയാണ് അവർ കാണപ്പെട്ടത്. എത്രയോ നിഷ്കപടന്മാരായ വൃദ്ധന്മാരെ ഞാൻ കണ്ടിട്ടുണ്ട്. അവരുടെ മുഖത്തിൽ ആകർഷണീയമായ സൌന്ദര്യം വിലസുന്നുണ്ടായിരുന്നു.

നിങ്ങൾ നിങ്ങളുടെ വീട്ടിനുള്ളിൽ കാററും വെളിച്ചവും വേണ്ടവണ്ണം പ്രവേശിപ്പാൻ അനുവദിച്ചാലല്ലാതെ എങ്ങനെ അവിടം ആരോഗ്യകരവും നിവാസോചിതവുമായ ഒരു പാർപ്പിടമായി തീരുകയില്ലയോ, അതുപോലെതന്നെ സന്തോഷം, സംതൃപ്തി, സദുദ്ദേശ്യം, ശാന്തി എന്നീ ഗുണങ്ങളോടുകൂടിയ വിചാരങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ പ്രവേശിപ്പാൻ അനുവദിച്ചാലല്ലാതെ നിങ്ങളുടെ ദേഹം ആരോഗ്യപൂർണ്ണമായോ നിങ്ങളുടെ മുഖം ശാന്തിയും സന്തുഷ്ടിയും വിലസുന്നതായോ തീരുകയില്ല.

മുഖത്തിൽ വാർദ്ധക്യത്താലുണ്ടായ രേഖകളേയും സന്താപത്താലുണ്ടായ രേഖകളേയും മററു പല ദുർഗ്ഗുണങ്ങളാലുണ്ടായ രേഖകളേയും പരിശുദ്ധധീരവിചാരങ്ങളാലുണ്ടായ രേഖകളേയും തിരിച്ചറിയുന്നതിന്നു പ്രയാസമില്ലാ. സദാചാരത്തിൽ നിന്നോ ഉത്തമവിചാരങ്ങളിൽ നിന്നോ ഭ്രംശിക്കാതെ ജീവിതം നയിച്ചവർ വാർദ്ധക്യകാലത്തിൽ അസ്തമനസൂര്യനെപ്പോലെ ശാന്തി, സമാധാനം, സൌന്ദര്യം എന്നീ ഗുണങ്ങളാൽ പരിപൂർണ്ണന്മാരായിക്കാണാം. ഞാൻ ഒരു മഹാശയനെ അദ്ദേഹത്തിന്റെ മരണക്കിടക്കയിൽ വെച്ചു കാണുകയുണ്ടായി. അദ്ദേഹം വയസ്സുകൊണ്ടല്ലാതെ ദേഹസ്ഥിതികൊണ്ടു വൃദ്ധനായിരുന്നില്ല. അദ്ദേഹത്തിന്റെ ശവശരീരം കൂടി സചേതനമാണോ എന്നു സംശയിക്കത്തക്കതായിരുന്നു. അദ്ദേഹം ഒട്ടും പീഡ കൂടാതെ സമാധാനപൂർവ്വം ദേഹത്തെ ഉപേക്ഷിച്ചു.

ഉത്സാഹത്തോടുകൂടിയ വിശുദ്ധവിചാരംപോലെ വ്യാധിയെ നീക്കിക്കളയുന്നതിന്നു സാമർത്ഥ്യമുള്ള വൈദ്യൻ വേറെയില്ല. ആധിയെ നീക്കിക്കളയുന്നതിന്നു സദുദ്ദേശ്യത്തോളം പടുതയുള്ള സമാശ്വാസകാരി വേറെയില്ല. ഒരുവനുണ്ടാകുന്ന ദുർവ്വിചാരങ്ങൾ അവനെത്തന്നെ ബന്ധനസ്ഥനാക്കുന്നു. എല്ലാവരെയും നല്ലവരായിക്കാണുകയും എല്ലാവർക്കും നന്മ കരുതുകയും എല്ലാവരോടും നിഷ്കപടം പെരുമാറുകയും ചെയ്യുന്ന ശീലം മോക്ഷകവാടത്തെ തുറന്നുകൊടുക്കുന്നു. അത്തരക്കാരന്റെ ജീവിതം ക്ലേശഹീനമാകുന്നു.

കുന്നത്തു ജനാർദ്ദനമേനോൻ.

# ഞങ്ങളുടെ വായനശാല.

കൃഷിശാസ്ത്രം—(ഗ്രന്ഥകർത്താവ് എൻ. കന്തൻ പിള്ള എം. എ., ബി. എസ്‌സി. പി എച്ച്. ഡി, അവർകൾ, ബി. വി. ബുക്കുഡിപ്പോ തിരുവനന്തപുരം).

ഗതാനുഗതികന്യായേന വിദ്യാഭ്യാസം ചെയ്തു തൊഴിലു കിട്ടാതെ തിരിയുന്ന ചെറുപ്പക്കാർ കൃഷി, ശില്പം മുതലായ മാർഗ്ഗങ്ങളിലേർപ്പെടുന്നതായാൽ, പരാശ്രയം കൂടാതെ പണം നേടുവാനും, നാട്ടിന്നു നന്മ വരുത്തുവാനും കഴിയുന്നതാണെന്ന് ഇനിയെങ്കിലും അറിഞ്ഞാൽ കൊള്ളാമായിരുന്നു. ഇന്ത്യാഭൂമിയുടെ ഫലസമൃദ്ധി ലോകപ്രസിദ്ധമാണ്. വേണ്ടതുപോലെ വേലയെടുത്താൽ മതിയായ പ്രതിഫലം കൊടുപ്പാനുള്ള ശക്തി ഇപ്പോഴും ഇന്ത്യാഭൂമിക്ക് ഇല്ലാതായിട്ടില്ല. കാലംകൊണ്ടു ചില മാററങ്ങൾ വന്നിട്ടുള്ളതിൽ വല്ല ദോഷാംശങ്ങളുമുണ്ടെങ്കിൽ, അവയ്ക്കു പല പരിഹാരങ്ങ

ളും കണ്ടെത്തീട്ടുണ്ട്; കണ്ടുവരുന്നതുമുണ്ട്. കാടു കുറഞ്ഞുപോയതുകൊണ്ടു വളത്തിന്നു തോല് കിട്ടുവാൻ പ്രയാസമായിട്ടുണ്ടെങ്കിൽ, അതിന്നു പകരം കൃത്രിമവളങ്ങൾ വളരെ ഉണ്ടായിട്ടുമുണ്ട്. അവയെ അറിഞ്ഞുപയോഗിക്കേണ്ടുന്ന ചുമതല തൊഴില്ക്കാൎക്കുതന്നെയാണ്. ഇങ്ങിനെ പലതും എടുത്തു പറവാനുണ്ടാകും. നമ്മുടെ കൃഷിക്കാർ പുതുതായി യാതൊന്നും അറിവാൻ ശ്രമിക്കാതെ 'കാലക്കേടു' എന്നു കുററം പറഞ്ഞുകൊണ്ടും കൃഷി നന്നാവാൻ കുട്ടിച്ചാത്തന്മാരെ സേവിച്ചുകൊണ്ടുമാണ് ഇപ്പോഴും കാലം കഴിക്കുന്നത്. കൃഷി പരിചയംകൊണ്ടു മാത്രം അറിയേണ്ടതാണെന്നും, അതിന്നൊരു ശാസ്ത്രം ഇല്ലെന്നും വാദിക്കുന്നവരുണ്ടെങ്കിൽ അവരോടു ലോകചരിത്രം പഠിപ്പാൻ പറയുകയേ നിവൃത്തിയുള്ളു. ഓരോ വിഷയങ്ങളിലുമുള്ള അനേകം സാമാന്യതത്വങ്ങളെ കണ്ടറിഞ്ഞു രേഖപ്പെടുത്തുമ്പോൾ അതൊരു ശാസ്ത്രമായിത്തീരുന്നു. ശാസ്ത്രങ്ങളെല്ലാം കാലക്രമംകൊണ്ടുണ്ടാകുന്നവയാണ്. വൈദ്യം, ജ്യോതിഷം, വ്യാകരണം എന്നിവയും സൃഷ്ടിയിൽതന്നെ, ഇപ്പോൾ കാണുന്നമാതിരി വാൎത്തുവെച്ചവയല്ല. അവയെല്ലാം കാലംകൊണ്ടു വികസിച്ചുവന്നവയാണ്. കാരണവന്മാരുടെ പഴമൊഴി കാണാപ്പാഠം പഠിച്ചു കാൎയ്യം നടത്തുന്നവൎക്കു പുതുതായ തത്വങ്ങൾ കണ്ടുപിടിപ്പാൻ സംഗതിവരാത്തതുകൊണ്ടായിരിക്കും നമുക്കു നല്ലൊരു കൃഷിശാസ്ത്രം ഇതിന്നുമുമ്പെ ഉണ്ടാവാതിരുന്നത്. ശാസ്ത്രം മാത്രം പഠിച്ചതുകൊണ്ടു കൎമ്മകൌശലം സിദ്ധിക്കാതിരിക്കുന്നതു ശാസ്ത്രത്തിന്നൊരു ന്യൂനതയാണെങ്കിൽ ആ ന്യൂനത മിക്കതും എല്ലാ ശാസ്ത്രങ്ങൾക്കുമുള്ളതുതന്നെയാണ്.

പ്രകൃതഗ്രന്ഥകൎത്താവിന്റെ പരിശ്രമം സന്ദൎഭോചിതവും അത്യന്തം ഉപകാരപ്രദവുമായിരിക്കുമെന്നു ഞങ്ങൾ ആദരമായി അഭിനന്ദിക്കുന്നു. വിഷയങ്ങളുടെ വിഭാഗവും പ്രതിപാദനക്രമവും വൃത്തിയായിട്ടുണ്ടെന്നുള്ളതിലധികം പ്രശംസനീയമായിരിക്കുന്നതു ഭാഷയുടെ ലാളിത്യമാണ്. മലയാളഭാഷയിൽ ഒരു ശാസ്ത്രഗ്രന്ഥം എഴുതുവാൻ തുനിഞ്ഞിട്ടുള്ളവൎക്കു മാത്രമേ ആ ഭാഷയിലെ ശബ്ദദാരിദ്ര്യംകൊണ്ടുള്ള ക്ലേശം അറിവാൻ പാടുള്ളു. നടപ്പില്ലാത്ത അസംഖ്യം പദങ്ങളെ കെട്ടിച്ചമക്കാതെ കൃഷിശാസ്ത്രം ഈ മട്ടിൽ എഴുതിത്തീൎത്തതു ഗ്രന്ഥകൎത്താവിന്നൊരു വലിയ മെച്ചംതന്നെയാണ്. വിദ്യാൎത്ഥികൾക്കു പാഠ്യപുസ്തകമാകത്തക്കവണ്ണം ക്രമപ്പെടുത്തി, കൃഷിശാസ്ത്രത്തെ മൂന്നു ഭാഗങ്ങളായി വേർതിരിച്ചിരിക്കുന്നു. വിഷയങ്ങളെ കാണിച്ചു മനസ്സിലാക്കുവാൻ പടങ്ങൾ ചേൎത്തിട്ടുള്ളതും ചില പദങ്ങളുടെ അൎത്ഥം വിവരിപ്പാൻ 'ഗ്ലോസറി' കൊടുത്തിട്ടുള്ളതും അദ്ധ്യേതാക്കൾക്കും അദ്ധ്യാപകന്മാൎക്കും വളരെ ഉപകരിക്കുന്നതാണ്. ചുരുക്കിപ്പറയുന്നതായാൽ കൃഷിശാസ്ത്രം മലയാളഭാഷക്കു കിട്ടീട്ടുള്ള രത്നങ്ങളിലൊന്നാണെന്നു നിസ്സംശയമായി പറയാവുന്നതാണ്. പാശ്ചാത്യശാസ്ത്രജ്ഞന്മാരായ നവീനപണ്ഡിതന്മാർ ഇമ്മാതിരി ഗ്രന്ഥങ്ങളെയാണു നിൎമ്മിക്കേണ്ടത്.

---

# बौद्धवस्तुवादः।

अस्ति प्रकारद्वयं दार्शनिकानां सिद्धान्तसरणौ, बाह्यवस्तुवादो बौद्धवस्तुवादश्चेति। सर्वा एव शास्त्रसरणयः प्रकारयोरनयोरन्यतरमाश्रित्य प्रवृत्ता इति सूक्ष्मेक्षिकाशालिनां विदितचरमिदं विश्वेषाम्। बाह्यवस्तुवादः समस्तमेव वस्तुजातं बहिरवतिष्ठमानमाकलयति। अस्माभिरनुक्षणमनुभूयमानाः पदार्था बहिरासीना आस्माकीनमनुभवमङ्कुरयन्तीति

तेषां सिद्धान्तः । न हि कश्चिदपि पुमाननुन्मत्तः पदार्थं बहिरसन्तं ग्रहीतुं पारयति । गगनकुसुममपश्यमिति न कोऽपि प्रकृतिस्थः पुरुषः प्रत्येतीति पदार्थज्ञानं प्रति पदार्थानां बहिर्देशसत्ता समपेक्षितेति मन्यन्ते बाह्यवस्तुवादिनः । दार्शनिकानां मध्ये च नैयायिकाः सर्वत्रापि बाह्यवस्तुवादपक्षपातं सुदृढमवलम्बमाना अवलोक्यन्ते । अविद्यमानवस्तुविषये शब्दस्याप्यप्रवृत्तिमाचक्षाणा नैयायिका हि "मृगतृष्णाम्भसि स्नातः खपुष्पकृतशेखरः । एष वन्ध्यासुतो याति शशशृङ्गधनुर्धरः" इत्यादौ योग्यताज्ञानविरहादन्वयबोध एव नोत्पद्यत इति समुदर्घोषकार्षुः । एतादृशेषु प्रदेशेषु विशकलितानां पदार्थानां स्मृतिमात्रं केवलमङ्गीक्रियते नैयायिकधुरन्धरैः । विशकलिततया समधिगतानां क्रोडीकरणाय शक्नोति चेतनाशक्तिरिति तैरप्यकामैरभ्युपगन्तव्यं भवेत् ॥

अपरे पुनरनुभवानुरोधादन्यथा कल्पयन्ति । मृगतृष्णाम्भसीत्यादिपद्येष्वपि चमत्कारविशेषोदयादितरवाक्यजन्यबोधादेतद्वाक्योदितान्वयबोधस्य वैजात्यानवगमाच्चेदमपि वाक्यमर्थबोधं जनयत्येवेति मतान्तरावलम्बिनो मन्यन्ते । अमी पुनरन्वयबोधे योग्यताज्ञानस्यायोग्यताज्ञानविरहस्य वा कारणतां निराकुर्वन्ति । सर्वेषामपि ज्ञानानां विषयसापेक्षत्वमिति नियमं समर्थयितुं बौद्धं पदार्थमपि स्वीकुर्वन्त्येतन्मतानुयायिनः । अननुभूतचराणामपि पदार्थानां स्वप्नादावनुभवदर्शनेन बौद्धपदार्थाङ्गीकार आवश्यक इति चैतन्मतानुयायिनां वाचोयुक्तिः । किं च घटादिकं वस्तु निर्मातुकामः पुरुषः प्रथमं संकल्पयति कम्बुग्रीवादिविशिष्टं व्यक्तिविशेषम् । अतो बहिरुत्पत्तेः पूर्वमपि मानसं वस्त्वस्तीत्यायाति । बहिरसतोऽपि शशशृङ्गादेर्मानसी सत्ताऽभ्युपगम्यत इति शशशृङ्गादिपदानामर्थबोधहेतुता न व्याहन्यते । 'शब्दज्ञानानुपाती वस्तुशून्यो विकल्प' इति प्रतिपादयन् भगवान् पतञ्जलिरप्यत्र साहाय्यमादधाति । शून्यवस्तुविषयेऽपि शब्दस्य ज्ञानोत्पादनपाटवमस्तीति, तज्जन्यं ज्ञानं विकल्पव्यपदेशार्हमिति च पूर्वोक्तवाक्यनिष्कर्षः । बहिरसतामपि वस्तूनां बौद्धसत्तायां स्वीक्रियमाणायां किमु वक्तव्यं बहिः सतामपि सास्तीति । अतः सर्वोऽपि प्रपञ्चो बुद्धिमारुह्य चकास्तीति बौद्धवस्तुवादिनां राद्धान्तः । बौद्धस्यैव प्रपञ्चस्य सुखदुःखहेतुत्वमप्युपपद्यमानमवलोक्यते । असत्यपि पुरस्तात्पन्नगे, वेणावुरगभ्रान्त्या बिभेति जनता कम्पते च पलायते च । जीवत्यपि तनुजे मृत इति मृषावार्तामधिगत्य मुह्यतो मातापितरौ । वस्तुतो मृतेऽपि वा वार्तामविदित्वा मोदमानौ वर्तेते । एवमालोच्यमाने मानसस्यैव वस्तुसत्त्वस्य सुखदुःखहेतुता सम्भावितेति पर्यवस्यति ॥

अपि चानुभवव्यतिरेकेण सत्तां नाम निरूपयितुं न शक्यते शक्रपुरोहितेनापि । यद्यदानुभूयते तत्तदा वर्तते । जाग्रति स्वप्ने चानुभवस्यानुवर्तनादस्ति वस्तुजातस्योच्चावचस्य सत्ता । सुषुप्तौ पुनर्विज्ञानस्यैव विलयनान्नास्ति कश्चिदपि वस्तुव्यवहारः । अतोऽपि ज्ञानाधीनसत्ताकमेव समस्तं चराचरात्मकं जगत् । अज्ञानि वस्तूनि पुनरान्तरं विज्ञानं जनयितुमुपकुर्वन्तीति न तेषामेकान्तापलापप्रसङ्गशङ्काप्येतन्मते ॥

अन्ये तु दार्शनिका अस्मादपि मतात्पदमेकं पुरतो विन्यस्यन्ति, विस्मापयन्ति च लौकिकानपलापेन बाह्यवस्तूनाम् । प्रथते हि तेषां मतं विज्ञानवादनाम्ना । विज्ञानवादिनः किल सौगता बौद्धसत्तातिरिक्तां बाह्यसत्तां गगनकुसुमसोदरीमेव प्रतिपादयन्ति । न हि विज्ञानादन्यदस्ति किमपि वस्तुस्वरूपम् । विषयाः सर्वेऽपि विज्ञानानुरक्ततया भासमाना

ज्ञानधर्मा एव । अथ कथमेतन्मते ज्ञानवैचित्र्यमुपपादयितुं शक्यमिति मा नाम भ्राम्यन्तु मनीषिणः । सर्वस्यापि ज्ञानस्य स्वप्नज्ञानसमानधर्मतया तथाविधज्ञानकारणभूता वासनाविचित्रतैव ज्ञानवैजात्यं प्रयुङ्क्ते । विज्ञानवैचित्र्यप्रयुक्तं 'वासनावैविध्यं वासनावैविध्यप्रयुक्तं च विज्ञानवैचित्र्यमिति कथं वैतादृशमुपपादनं कृतमतीनामादरणीयं स्यादिति तु न साम्प्रतमुदञ्चयितुम् । एतादृशान्योन्याश्रयदोषोन्मुक्तं न किमपि मतमद्यावधि कृतावतारं पश्यामः पृथवीतले । प्रपञ्चमिथ्यात्ववादिनोऽपि वेदान्तिनश्चरमोपपादनाय बीजाङ्कुरवदनादित्वमेव समाधानमुद्भावयन्ति । कथमन्यथा तन्मतेऽपि पूर्वानुभवजन्यसंस्कारसापेक्षस्य प्रपञ्चभ्रमस्योपपादनं संघटेत। भ्रमो वासनामपेक्षत इत्यविवादम्। न हि सर्पवासनां विना सर्पभ्रान्तिरुदेति कदाचिदपि। तथा प्रपञ्चभ्रान्तिजनने प्रपञ्चवासना बीजभावं भजत एव । अतः पूर्वोक्तरीत्यान्योन्याश्रयः प्रतिष्ठितेष्वपि मतान्तरेषु सुतरां जागर्ति । अनादिनि च वासनावैचित्र्ये परिकल्प्यमाने विज्ञानवैचित्र्यस्य सूपपादतया किमिति वृथा बाह्यं वस्तु कल्पयामः? इति सौगता निगदन्ति ॥

एवं बौद्धवस्तुवादः क्रमेणोद्गतिमवाप्य बाह्यवस्तुसत्तानिषेधायापि प्रवर्तते स्म सौगतसमये । अनुभवैकशरणानां लौकिकानामिदमतीव विस्मयं जनयेद्बौद्धवस्तुवादस्येतिवृत्तम्। स्वामिनमुपजीव्य समृद्धिं प्राप्तवतः किङ्करस्य स्वामिसमुन्मूलनोद्यम इवावभासते बाह्यवस्तुसत्तामपेक्ष्य लब्धात्मनो विज्ञानस्य तदुन्मूलनविजृम्भितमस्मादृशां यथाश्रुतग्राहिणाम् । वस्तुतस्तु विज्ञानं वा विषयो वा तदुभयमपि वा सत्यस्वरूपमित्येतत् को वेद? । एतादृशविषयविमर्श एव काकदन्तपरीक्षणप्रयास इवावभासते लौकिकानामस्मद्विधानामिति साधारणा भणन्ति ॥

अनुभवानुरोधेन बौद्धोऽपि प्रपञ्चः स्वीकरणीयश्चेदास्तां नाम । बाह्यस्य प्रपञ्चस्यापलपनाय प्रवर्तमानाः सौगताः कथं वा स्युरवधेयवचनाः । समस्तापि जनता स्वप्नज्ञानानां जागरितज्ञानानां च वैजात्यं स्वत एवानुभवति । स्वाप्नं विज्ञानमनन्तरक्षण एव बाध्यते, न तथा जागरितज्ञानं बाध्यमानं दृश्यते । स्वप्नो विरुद्धानप्यर्थान् प्रकाशयतीति बुद्धाविति संमन्यते समस्तैः । बाह्यप्रपञ्चे केवलमपलप्यमाने कस्य केन विरोधः?। सर्वमपि मानसं विज्ञानमेकजातीयमेव तदा परिणमेदिति मिथ्यातथ्यविवेकलोपः कथं वार्यताम्? । किं च गगनकुसुमज्ञानमुद्यानकुसुमज्ञानं च समानधर्मैवेति प्रलपतः पण्डितमानिन उन्मादचिकित्सा यदि विधीयते भिषग्वरैस्तर्हि को विसंवदेत?। अतो बुद्धिमात्रकल्पितानां बहिरुपलभ्यमानानां च वस्तूनां किमपि वैलक्षण्यमूरीकरणीयमेव ॥

अत एवाद्वैतवादिनो व्यावहारिकसत्ताविलक्षणां प्रातिभासिकीं सत्तामभ्युपागमन् । शशशृङ्गादीनां तु शुक्तिरजतादिभ्योऽपि वैलक्षण्यं सम्पादनीयमिति तेषां प्रातिभासिकसत्ता न स्वीक्रियते । तद्विषये विकल्पमात्रमङ्गीकुर्वन्ति वेदान्तिनः । साहसिकैरिह सौगतैः प्रवर्तितं बौद्धवस्तुवादं शतशः शकलयन्ति शङ्करभगवत्पादा 'नाभाव उपलब्धे' रित्यस्मिन् वैयासिकेऽधिकरणे । संक्षिप्तेनानेन विवरणेन येषां विषयेऽत्र जिज्ञासा समुन्मिषति न च शाम्यति ते भगवतां पादमूलमेवोपसर्पन्तु । मार्गप्रदर्शनमात्रेण चरितार्था वयमल्पमेधसः ॥

൧൦൮൭ കന്നി

# മംഗളോദയം

സാഹിത്യം മുതലായ
വിശിഷ്ടവിഷയങ്ങളെ പ്രതിപാദിക്കുന്ന
ഒരു മാസിക

പുസ്തകം 3
ലക്കം 11

## വിഷയങ്ങൾ

[illegible] യോഗശാസ്ത്രം
[illegible] വെള്ള (തുടർച്ച)
[illegible] ഹിന്തുക്കളുടെ സത്യനിഷ്ഠ
[illegible] വട്ടത്തലെ നായർ
[illegible] രോഗകാരണങ്ങളായ ജീവികൾ
[illegible] കമ്പിത്തപ്പാലും രാജകീയരഹസ്യവും
[illegible] വിശ്വനാഥനായകൻ
[illegible] അഭിജ്ഞാനശാകുന്തളം
[illegible] പലവക
३६६ विद्वच्छिरोमणिविरुदे

കേരളകല്പദ്രുമം അച്ചുക്കൂടം
മംഗളോദയം കമ്പനി, ക്ലിപ്തം
തൃശ്ശിവപേരൂർ.

വരിസംഖ്യ
2—8—0

# കേരളത്തിന്റെ ശുക്രദശ!

മലയാളം, ഇംഗ്ലീഷ, ദേവനാഗരം, ഗ്രന്ഥം ഈ അക്ഷരങ്ങളിൽ എഴുത്ത്, അച്ചടിപ്പണിയും വൃത്തിയായി കൃത്യസമയത്തിന്ന ചുരുങ്ങിയ നിരക്കിൽ ചെയ്തുകൊടുക്കും. സ്വതപ്രസ്സുകളും ടൈപ്പുകളും ഉപയോഗിക്കുന്നതിനാൽ അച്ചടിപ്പിഴകൾ ഇല്ലാത്തതിലും ഭംഗിയുള്ളതുമാണെന്നു എളുപ്പത്തിൽ ബോദ്ധ്യമാവും. രശീതികൾ, നോട്ടീസുകൾ, ഫാറങ്ങൾ മുതലായവ വില്ലം കുറവായി [illegible] പ്രസിദ്ധപ്പെട്ടിരിക്കുന്നു. തമിഴിൽ ഉള്ള ഫാറങ്ങളും മററും ആവശ്യംപോലെ [illegible] കൊടുക്കുന്നതാണ്. അനേകമാതിരി വിശേഷപ്പെട്ട ബൈന്റ്‌വേലകൾ പ്രത്യേകം [illegible] ഉപയോഗിച്ചു ചെയ്തുകൊടുപ്പാൻ എപ്പോഴും തയ്യാർ. [illegible] പ്രസ്സുകൾക്കു അക്ഷരങ്ങൾ വാർത്തുകൊടുക്കുന്നതുമുണ്ട്.

തുഞ്ചത്തെഴുത്തച്ഛന്റെ കാലം മുതൽ ഇന്നുവരെയും മലയാളഭാഷയിൽ ഉണ്ടായിട്ടുള്ള കിളിപ്പാട്ട, തുള്ളൽ, പാന, കുറത്തിപ്പാട്ട, കമ്പർ, കൈകൊട്ടിക്കളി മുതലായ പാട്ടുകൾ, ശാസ്ത്രങ്ങൾ, കാവ്യങ്ങൾ, നാടകങ്ങൾ, നോവലുകൾ മുതലായ ഗ്രന്ഥങ്ങൾ എന്തുവേണ്ടാ എല്ലാതരം പുസ്തകങ്ങളും, കാട്ടെ വില്പാനുണ്ട്. പുറമെ, ഇംഗ്ലീഷ സംസ്കൃതം ഈ ഭാഷകളിലുള്ള പല പ്രധാന പുസ്തകങ്ങളും വില്പാനുണ്ട്. താഴെ ചേർത്തിട്ടുള്ളതു ഏതാനും സ്ക്കൂൾപുസ്തകങ്ങളുടെ വിവരം മാത്രമാകുന്നു. അധികവിവരം വിലവിവരപട്ടികയിൽ കാണാം. ആവശ്യക്കാർക്ക വി. പി. ലവും അയച്ചുകൊടുക്കാം. സ്റ്റേഷനറിയിൽപ്പെട്ട സ്ലേറ്റുകൾ, ലട്ടർപേപ്പർ, പേന, കാർഡ, പെൻസിൽ, ഫൌണ്ടൻപേൻ, [illegible] മുതലായ സാധനങ്ങൾ ധാരാളമായി വിലക്കുറവായി എപ്പോഴും ഉണ്ട്. [illegible] മററും ഇവിടെ നിന്നു വാങ്ങുന്നതു ലാഭം.

അധികം എഴുതീട്ടാവശ്യമില്ലല്ലൊ. അച്ചടിവേലകളേയും പുസ്തകങ്ങളേയും സംബന്ധിച്ചു സാധനങ്ങളും ആവശ്യമുള്ളവർ അടിയിൽ കാണുന്ന മേൽവിലാസത്തിൽ എഴുതിയാൽ മതി.

## സ്കൂൾപുസ്തകങ്ങൾ

കൊച്ചിരാജ്യത്തെ സ്കൂളുകളിൽ പാഠപുസ്തകങ്ങളായി സ്വീകരിച്ചിട്ടുള്ള താഴെ പറയുന്ന പുസ്തകങ്ങൾ ഈ ആപ്പീസ്സിൽ വില്പാൻ തെയ്യാറുണ്ട. ആവശ്യമുള്ളവർ താഴെ എഴുതുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ വി. പി ആയി അയച്ചുകൊടുക്കുന്നതാണ്.

| | പുസ്തകവിവരം | | വിലവിവരം |
|---|---|---|---|
| 1 | ഗദ്യമാലിക 1-ം 2-ം ഭാഗങ്ങൾ | ... | ... 1—1—0 വീതം |
| 2 | പദ്യപാഠാവലി 1-ാം ഭാഗം | ... | ... 0—1—[illegible] |
| 3 | ടി | 2-ാം ഭാഗം ... ... | ... 0—1—9 |
| 4 | ടി | 3-ാം ഭാഗം ... ... | ... 0—[illegible]—0 |
| 5 | ടി | 4-ാം ഭാഗം ... | ... 0—2—9 |
| 6 | നീതിമാല | 1 2-ാം ഭാഗങ്ങൾ കൂടിയ 1 ാം പുസ്തകം | 0—1—6 |
| 7 | ടി | 4. ാം ഭാഗം അടങ്ങിയ 2 ാം പുസ്തകം | 0—3—6 |
| 8 | കൊച്ചിരാജ്യവിവരണ | | 0—5—0 |

മാനേജർ,

മംഗളോദയംകമ്പനി, ലിമററഡ്, തൃശ്ശിവപേരൂർ.

---

# ആരോഗ്യസ്തവം

---

വിശിഷ്ടകവിയായ ബ്രഹ്മശ്രീ നടുവത്ത് അച്ഛൻനമ്പൂരി അവർകൾ ഒരു [illegible] മിക്കുവാനായി പ്രാർത്ഥിച്ചു, [illegible] ചില പദ്യങ്ങൾകൂടി നിർമ്മിച്ചിട്ടുള്ള ഈ നവീനമലയാളകവിത വില്പനക്കു തയ്യാറായിരിക്കുന്നു. വില ഒരു അണ മാത്രം—തപാൽക്കൂലി പുറമെ ആവശ്യക്കാർക്ക വി. പി. യായി അയക്കുന്നതാണ്.

മംഗളോദയം കമ്പനി മാനേജർ, തൃശ്ശിവപേരൂർ

# മംഗളോദയം

## ൧൦൮൬

| | | |
|---|---|---|
| പുസ്തകം ൩ | ചിങ്ങമാസം | ലക്കം ൧൨ |



### മംഗളം

നല്ലാറ്, തിങ്കളും, പാമ്പു, നഞ്ഞു, ചുടലച്ചാരം, കനൽക്കട്ടയെ-
ന്നല്ലാതോൽ, തലയോടി, തൊക്കെയൊരുപോലുള്ളൊരു പ്രീതിയോടേന്തുമവൻ
നല്ലാർതാനുടൽപാതിയെങ്കിലുമനംഗാരാതിയാസ്തായയെ-
ന്നല്ലാകെക്കളയുന്നസൂക്ഷ്മനഴലിങ്ങാററട്ടെയോഗേശ്വരൻ.

—oo:0:oo—

# യോഗശാസ്ത്രം

ഈ ലോകത്തിലുള്ള, എല്ലാ പ്രാണികളും സുഖത്തിന്നായി പ്രയത്നിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ സുഖം സിദ്ധിക്കുന്നവർ എത്രയുണ്ട്? വളരെ അപൂർവ്വം. കൊട്ടാരത്തിൽ വാഴുന്ന രാജാധിരാജ കുടിലിൽ കിടക്കുന്ന ഭിക്ഷുവിന്നും മനസ്സുഖമില്ലായ്ക എന്നൊരംശം സമാനമായി കണ്ടുവരുന്നുണ്ട്. നവംനവമായി അനേകം സുഖസാമഗ്രികളെ നിർമ്മിക്കുന്ന പുതിയ പ്രകൃതിതത്വശാസ്ത്രം പ്രാണികളുടെ യഥാർത്ഥസുഖത്തെ പൂർത്തിയാക്കുവാൻ എത്രത്തോളം ഉപകരിച്ചിട്ടുണ്ടെന്നാലോചിക്കുമ്പോൾ ആ ശാസ്ത്രത്തിന്നു നമ്മുടെ ദൃഷ്ടിയിൽ വളരെ ലാഘവം വന്നുചേരുന്നു. പ്രകൃതിതത്വശാസ്ത്രത്തിന്നു വികാസവും പരിഷ്കാരവും കൂടിവരുന്തോറും ലോകത്തിൽ ആപത്തുകളും അനർത്ഥങ്ങളും കിടമത്സരവും കലഹവും വർദ്ധിച്ചാണു വരുന്നതെന്ന സംഗതി മാച്ചാൽ മായാത്ത വസ്തുസ്ഥിതിയാകുന്നു. വിദ്യുച്ഛക്തിയും ആകാശയാനങ്ങളും ഒരു കാലത്തും മനുഷ്യന്നു യഥാർത്ഥസുഖം നല്കുന്നതല്ല. എന്നുതന്നെയല്ല, ജഡമായ പ്രകൃതിയിലുള്ള ഏതൊരു ശക്തിക്കും, മനുഷ്യന്നു പരിപൂർണ്ണമായ സുഖമുണ്ടാക്കുവാൻ കഴിയുന്നതല്ല. സുഖം എ



നുത് ആത്മധർമ്മമാകുന്നു. നമ്മുടെ അന്തര്യാമിയായ പരമാത്മാവ് ആനന്ദസമുദ്രമായിരിക്കുന്നുവെന്നുള്ളതറിയാതെ, നാം സുഖത്തിന്നായി അങ്ങുമിങ്ങും അലഞ്ഞുനടക്കുന്നു. മൃഗതൃഷ്ണയിൽ ജലഭ്രാന്തിപിടിച്ചോടുന്ന മാൻകുട്ടിപോലെ ജഡമായ പ്രകൃതിയിൽ സുഖം കണ്ടെത്തുവാൻ പ്രാണിവർഗ്ഗം പാഞ്ഞു കുഴങ്ങുന്നു. അന്തഃകരണത്തിന്റെ വികാരങ്ങളിലൊന്നായ കാമത്തെ ജയിച്ചുകഴിഞ്ഞാൽ ആത്മാവിലുള്ള പരമാനന്ദം താനെ തെളിഞ്ഞുവരുന്നതാണ്. എന്നാൽ അന്തഃകരണവികാരങ്ങളെ അടക്കിയൊതുക്കുവാൻ എന്താണുപായം? ആ ഉപായത്തെ ജനങ്ങൾക്കു പരക്കെ ഉപദേശിപ്പാനാണു യോഗശാസ്ത്രം ഉണ്ടായിട്ടുള്ളത്.

ചരകം വഴിക്ക്(1) ദേഹദാർഢ്യോപായവും വ്യാകരണമഹാഭാഷ്യം വഴിയായി വചശ്ശുദ്ധിമാർഗ്ഗവും ഉപദേശിച്ചു ലോകത്തെ അനുഗ്രഹിച്ച പതഞ്ജലിമഹർഷി മനോമാലിന്യത്തിന്നു മൂലച്ഛേദം വരുത്തുവാനായി യോഗശാസ്ത്രത്തെയും പ്രചരിപ്പിച്ചു. ആ മഹാത്മാവാണ് യോഗശാസ്ത്രത്തിന്റെ മൂലസൂത്രങ്ങളായ യോഗസൂത്രങ്ങളെ നിർമ്മിച്ചത്. യോഗസൂത്രങ്ങൾക്കു വേദവ്യാസൻ ഒരു ഭാഷ്യവും ഉണ്ടാക്കി. പിൻകാലത്തുണ്ടായ യോഗശാസ്ത്രഗ്രന്ഥങ്ങളെല്ലാം യോഗസൂത്രങ്ങളുടെ താൽപര്യത്തെ വിസ്തരിച്ചു വിശദമാക്കിയെഴുതപ്പെട്ടവയാണ്. ആറു ദർശനങ്ങളിലൊന്നായ യോഗശാസ്ത്രം വളരെ പുരാതനകാലത്തുണ്ടായതാണെന്ന് അതിന്റെ ഉൽപത്തിചരിത്രത്തിൽ നിന്നുതന്നെ വെളിവാകുന്നുണ്ടല്ലോ. മഹാഭാരതം വ്യാസനാൽ നിർമ്മിക്കപ്പെട്ടതല്ലെന്നും, അതു പലരുംകൂടി ചമച്ചുണ്ടാക്കിയ കെട്ടുകഥയാണെന്നും വാദിക്കുന്ന ചില ചരിത്രപണ്ഡിതന്മാർ യോഗസൂത്രങ്ങളെ അടുത്തകാലത്തിൽ പെടുത്തി വ്യവഹരിക്കുന്നതുകൊണ്ട്, അവരുടെ വാദങ്ങൾ ഈ വിഷയത്തിലും അശ്രദ്ധേയങ്ങളാണെന്ന് ഒന്നുകൂടി ദൃഢീഭവിക്കുന്നുവെന്നല്ലാതെ അവരുടെ വാദം യോഗസൂത്രങ്ങളുടെ പഴമയെ ലവലേശം ബാധിക്കുന്നതല്ല.

യോഗശാസ്ത്രത്തെ സേശ്വരസാംഖ്യം എന്നുകൂടി പറഞ്ഞുവരാറുള്ളതുകൊണ്ടു സാംഖ്യത്തിലെ സിദ്ധാന്തങ്ങൾ മിക്കതും യോഗശാസ്ത്രപ്രവർത്തകന്നു സമ്മതമാണെന്നു സിദ്ധിക്കുന്നു. യോഗസൂത്രങ്ങളിൽ മൂലതത്വങ്ങളുടെ പരിഗണനം തുടങ്ങിയുള്ള പ്രധാനവിഷയങ്ങളെ വിട്ടുകാണുന്നതും മേല്പറഞ്ഞ ഊഹത്തെ സഹായിക്കുന്നുണ്ട്. ആ വക അംശങ്ങളിൽ സാംഖ്യന്മാരുടെ സിദ്ധാന്തം തന്നെയാണു യോഗക്കാരനും സ്വീകരിച്ചിട്ടുള്ളത്. പ്രപഞ്ചത്തിന്റെ നിയന്താവും നിഗ്രഹാനുഗ്രഹശക്തനുമായ ഈശ്വരനെ അംഗീകരിക്കുന്നുവെന്നുള്ള അംശത്തിൽ മാത്രമെ യോഗികൾ സാംഖ്യന്മാരിൽനിന്നു വേർതിരിഞ്ഞു നില്ക്കുന്നുള്ളു. വാർത്തികകാരനായ കാത്യായനന്റെ ഖണ്ഡനങ്ങളിൽനിന്നു പാണിനീയത്തെ പരിപാലിപ്പാൻ കനിഞ്ഞുതുനിഞ്ഞ മഹാത്മാവു നിരീശ്വരതാപവാദംകൊണ്ടു നിഹതപ്രചാരമായ സാംഖ്യദർശനത്തെ സംരക്ഷിപ്പാൻ കുറച്ചൊരു രൂപഭേദം വരുത്തി യോഗശാസ്ത്രമെന്നു പേരിട്ടു പുതുക്കിയതാണെന്നു വിചാരിപ്പാൻ ധാരാളം വഴിയുണ്ട്. മനോനിഗ്രഹംകൂടാതെ തത്വജ്ഞാനം സിദ്ധിക്കുന്നതല്ലെന്നുള്ള സംഗതിയുടെ പ്രതിപാദനം യോഗസൂത്രങ്ങളിൽ ഇദംപ്രഥമമായി പുറപ്പെട്ടതുതന്നെയാണ്.

പുരുഷനും പ്രകൃതിയും അനാദിയടി

(1) ചരകം നിർമ്മിച്ചിട്ടുള്ളത ആദിശേഷന്റെ മറെറാരവതാരമായ ചരകമഹർഷിയാണെന്നു ചിലർ വാദിക്കുന്നുണ്ട്-

ണ്. പുരുഷൻ നിർഗ്ഗുണനും സ്വപ്രകാശസ്വരൂപിയുമാകുന്നു; നേരെമറിച്ച് പ്രകൃതി സത്വം, രജസ്സ്, തമസ്സ് എന്നീ ഗുണങ്ങളോടുകൂടിയതും ജഡവുമാകുന്നു. പുരുഷനു പ്രകൃതിസംയോഗത്തിൽ ബന്ധമുണ്ടാകുന്നു. പ്രകൃതിപുരുഷന്മാരെ വേർതിരിച്ചറിയുമ്പോൾ മോക്ഷമുളവാകുന്നു എന്നു തുടങ്ങിയുള്ള സാംഖ്യസിദ്ധാന്തങ്ങളെല്ലാം യോഗശാസ്ത്രത്തിലും സ്വീകരിക്കപ്പെട്ടിരിക്കുന്നു. ആത്മാവു ശരീരന്തോറും ഭിന്നനാണെന്നതന്നെയാണു യോഗശാസ്ത്രസിദ്ധാന്തവും. അതുകൊണ്ടു യോഗശാസ്ത്രവും ദ്വൈതദർശനങ്ങളുടെ കൂട്ടത്തിൽ പെട്ടതാണ്.

എന്നാൽ ജ്ഞാനസ്വരൂപിയായ പുരുഷനു ബന്ധം ചിത്തവൃത്തിസംയോഗത്താലുണ്ടായതാകകൊണ്ടു ചിത്തവൃത്തികളെ ഒതുക്കിയാൽ പുരുഷനു മോക്ഷം സിദ്ധിക്കുമെന്നു യോഗശാസ്ത്രം സ്ഥാപിക്കുന്നു. ചിത്തവൃത്തികളെ ഒതുക്കുവാനുള്ള ഉപായങ്ങളെ പ്രതിപാദിക്കുന്നതിലാണു യോഗസൂത്രങ്ങളുടെ അധികം ഭാഗവും വിനിയോഗിക്കപ്പെട്ടിരിക്കുന്നത്. യോഗം എന്ന ശബ്ദത്തിനു പല അർത്ഥങ്ങളിലും പ്രയോഗം കാണുന്നുണ്ടെങ്കിലും യോഗശാസ്ത്രത്തിൽ അതിനു ചിത്തവൃത്തിനിരോധം എന്ന പാരിഭാഷികാർത്ഥമാണു നിർണ്ണയിച്ചിട്ടുള്ളത് (1) ചിത്തവൃത്തികളെ ഒതുക്കിക്കഴിഞ്ഞാൽ നിർവ്വികല്പമായ സമാധിയുണ്ടാകയും, ജീവാത്മാവിനു പരമാത്മാവിനോട് ഐക്യം വരികയും ചെയ്യുന്നു. ജീവപരന്മാരുടെ ഐക്യമാകുന്ന യോഗത്തിനുതകുന്ന ഉപയോഗങ്ങളെ ഉപദേശിക്കുന്നതിനാലും യോഗശാസ്ത്രം എന്ന പേരിന്ന് അന്വർത്ഥത പറയാവുന്നതാണ്. സൂത്രങ്ങളുടെ പുറപ്പാടോടുകൂടിയാണു യോഗം ഒരു പ്രത്യേകശാസ്ത്രമായി തിരിഞ്ഞുകണ്ടു തുടങ്ങിയതെന്നിരുന്നാലും അതിന്റെ ബീജശകലങ്ങൾ ഉപനിഷത്തുകളിൽ അവിടവിടെയായി ചിന്നിച്ചിതറികിടക്കുന്നുണ്ടെന്നു കണ്ടെത്തുവാൻ സ്ഥൂലദൃക്കുകളുടെ പരിശോധനം തന്നെ മതിയാകുന്നതാണ്.(1)

യോഗസൂത്രങ്ങളെ **സമാധിപാദം**, സാധനപാദം, വിഭൂതിപാദം, കൈവല്യപാദം, എന്നിങ്ങിനെ നാലായി വിഭജിച്ചിട്ടുള്ളതിൽ, സമാധിപാദത്തിൽ നിർവ്വികല്പമായ സമാധിയുടെ സ്വരൂപം, ഉപായം എന്നിവയും, സാധനപാദത്തിൽ യോഗം ശീലിപ്പാനാഗ്രഹിക്കുന്ന ആരുരുക്ഷുക്കൾ അനുഷ്ഠിക്കേണ്ടതായ യമം മുതലായ സാധനങ്ങളുടെ സ്വരൂപവും, വിഭൂതിപാദത്തിൽ യോഗാഭ്യാസത്താലുണ്ടാകുന്ന ഐശ്വര്യങ്ങളുടെ സ്വഭാവവും, നാലാമത്തേതായ കൈവല്യപാദത്തിൽ മോക്ഷാവസ്ഥയുടെ ലക്ഷണവും പ്രധാനമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

വിഷയങ്ങളാകുന്ന വൃക്ഷശാഖകളിൽ ചാടിയോടിക്കൊണ്ടിരിക്കുന്ന മനോവാനരനെ പിടിച്ചു പാട്ടിലാക്കുവാൻ അഭ്യാസം വൈരാഗ്യം എന്ന രണ്ടു സൂത്രങ്ങളല്ലാതെ മറ്റൊരുപായവുമില്ലെന്നു യോഗസൂത്രകാരൻ ചുരുക്കിപ്പറഞ്ഞിട്ടുള്ള സംഗതിയെത്തന്നെയാണു ഭഗവൽഗീതയിൽ

ചഞ്ചലം ഹി മനഃ കൃഷ്ണ പ്രമാഥി ബലവദ്ദൃഢം
തസ്യാഹം നിഗ്രഹം മന്യേ വായോരിവ സുദുഷ്കരം

എന്ന അർജ്ജുനാക്ഷേപത്തിന്റെ ഉത്തരമായി

അഭ്യാസേന തു കൌന്തേയ വൈരാഗ്യേണ ച ഗൃഹ്യതേ

എന്നു തുടങ്ങിയുള്ള ഭഗവദ്വചനം വിശദമാക്കി പറയുന്നത്. അഭ്യാസം എന്നതു ചി

(1). യോഗശ്ചിത്തവൃത്തിനിരോധഃ (യോഗസൂത്രം) പാ 1- സൂ 2

1 കഠോപനിഷത്തിലെ ഒന്നാമദ്ധ്യായവും ശ്വേതാശ്വതരോപനിഷത്തിലെ രണ്ടാമദ്ധ്യായവും നോക്കുക

ത്തത്തിന്ന് ഐകാഗ്ര്യം വരുത്തുവാനുള്ള യത്നമാകുന്നു. ചിത്തത്തെ ഏതെങ്കിലും ഒരു വിഷയത്തിൽ സ്ഥിരമാക്കി കുറെ നേരത്തേക്കു നിൎത്തുവാൻ ആദ്യത്തിൽ ശീലിക്കുക, പിന്നെ സമയത്തെ ദീൎഘിപ്പിക്കുക ഇങ്ങിനെ അഭ്യസിച്ച ക്രമത്തിൽ ഐകാഗ്ര്യം സമ്പാദിച്ചാൽ ചിത്തം നമുക്കു സ്വാധീനമായി തീരും. അപ്പോൾ അഭിമതമായ വിഷയത്തിൽ ചിത്തത്തെ നിലനിൎത്തുവാൻ ക്ലേശലേശമെങ്കിലും ഇല്ലാതാകും. പിന്നെ വിഷയങ്ങളിൽ നിന്നു പിന്തിരിഞ്ഞ് ആത്മസ്വരൂപത്തെ അനുസന്ധാനം ചെയ്വാനും നിൎവ്വികല്പസമാധിയിലേക്കു കയറിച്ചെല്ലുവാനും വളരെ എളുപ്പമുണ്ടാകും. വൈരാഗ്യം എന്നതു ദൃഷ്ടങ്ങളായ ഭോഗങ്ങളിലും, ശ്രുതിമൂലമായി അറിവാൻ കഴിയുന്ന സ്വൎഗ്ഗാദികളിലും ആസക്തിയില്ലായ്ക തന്നെ. ഈ വൈരാഗ്യം ആദ്ധ്യാത്മികജ്ഞാനത്തിന്നുള്ള പ്രധാന സഹകാരിയാകുന്നു, അല്ലമെങ്കിലും വൈരാഗ്യം വരാത്തവൎക്ക് ആദ്ധ്യാത്മികവിഷയങ്ങളിൽ അഭിമുഖ്യം തന്നെ ഉണ്ടാകുന്നതല്ല.

അതുപോലെതന്നെ ക്ലേശം, കൎമ്മം, വിപാകം, ആശയം (1) എന്നീ ജീവധൎമ്മങ്ങളില്ലാത്തവനും പരമകാരുണികനുമായ ഈശ്വരന്റെ ധ്യാനവും സമാധിസിദ്ധിക്കു വേണ്ട മുഖ്യസാധനമായി ഗണിക്കപ്പെട്ടിരിക്കുന്നു. ഈശ്വരവാചകമായ പ്രണവത്തെ അൎത്ഥാനുസന്ധാനത്തോടുകൂടി ജപിക്കുന്നതു തന്നെയാണ് ഈശ്വരധ്യാനം. ധ്യാനശക്തികൊണ്ടു തദാകാരത്വം തന്നെ വരുന്നതാകയാൽ ഇടമുറിയാതെയുള്ള ഈശ്വരധ്യാനം ഐക്യസിദ്ധിക്കു കാരണമായി തീരുന്നതാണ്. നിൎവ്വികല്പമായ സമാധിയിൽ ബാഹ്യവിഷയങ്ങളുടെ സ്മരണം തന്നെ ഉണ്ടാകുന്നതല്ല. കേവലമായ തത്വം മാത്രം ആ ദശയിൽ പ്രകാശിക്കുന്നു. ആ ദശാവിശേഷം വാക്കുകളെക്കൊണ്ടു വിവരിപ്പാൻ കഴിയാത്തതാകുന്നു. ആ ദശയിലെത്തിട്ടുള്ളവർ ജീവന്മുക്തന്മാരാണെന്നു തന്നെ പറയാം.

യമം, നിയമം മുതലായ അഷ്ടാംഗങ്ങൾ (2) ആരുരുക്ഷുക്കൾക്ക് അനുഷ്ഠിപ്പാനുള്ളവയാണ്. ഈ അഷ്ടാംഗങ്ങളിൽ അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചൎയ്യം, ശൌചം, സന്തോഷം, സ്വാധ്യായം ഇത്യാദികളായ സദാചാരത്തിന്റെ കാതലുകളെല്ലാം അടങ്ങിയിരിക്കുന്നതുകൊണ്ടു സദാചാരപ്രതിഷ്ഠയും യോഗശാസ്ത്രത്തിന്റെ പരമോദ്ദേശ്യങ്ങളിലൊന്നാണെന്നു സ്പഷ്ടമാകുന്നു. ചുരുക്കിപ്പറയുന്നതായാൽ സാത്വികവൃത്തിയെ പ്രബലപ്പെടുത്തി ചിത്തശുദ്ധിയുണ്ടാക്കുന്ന സാമഗ്രികളെല്ലാം അഷ്ടാംഗങ്ങളിൽ അന്തൎഭവിച്ചിട്ടുണ്ടെന്നുതന്നെ പറയേണ്ടി വരും.

യോഗാഭ്യാസംകൊണ്ടു മോക്ഷത്തിന്നുപുറമെ അവാന്തരഫലങ്ങളായ പല ഐശ്വൎയ്യങ്ങളേയും പ്രാപിപ്പാൻ കഴിയുന്നതാണ്. അണിമ, മഹിമ തുടങ്ങിയുള്ള പ്രസിദ്ധങ്ങളായ അഷ്ടൈശ്വൎയ്യങ്ങൾ യോഗത്തി

---

ക്ലേശം = അവിദ്യ, അസ്മിതരാഗം, ദ്വേഷം, അഭിനിവേശം എന്നിവ. കൎമ്മം = പുണ്യപാപങ്ങൾ വിപാകം = ജനനം, ജീവധാരണം, ഭോഗം എന്നികൎമ്മഫലങ്ങൾ ആശയം = വാസന 2 യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നിവ. ഇവയിൽ ആദ്യത്തെ അഞ്ചെണ്ണം ബഹിരംഗസാധനവും ബാക്കിയുള്ളവ അന്തരംഗസാധനവുമാകുന്നു, സാധനങ്ങളുടെ കൂട്ടത്തിൽ പറയുന്ന സമാധി സവികല്പവുമാകുന്നു.

ന്റെ ഫലങ്ങളാകുന്നു. എത്രയെങ്കിലും അകലെ കിടക്കുന്ന വിഷയങ്ങളെ ഗ്രഹിക്കുക, വരുവാൻ പോകുന്നതോ കഴിഞ്ഞതോ ആയ കാൎയ്യങ്ങളെ അറിയുക, ഒരെ സമയത്ത് അനേകം ശരീരങ്ങളെടുക്കുക എന്നു തുടങ്ങിയുള്ള ആശ്ചൎയ്യകൎമ്മങ്ങളെല്ലാം യോഗികൾക്കു അപേക്ഷ്യമായി ചെയ്യുവാൻ കഴിയും. പക്ഷെ നിൎവ്വികല്പസമാധിയിലുള്ള പരമാനന്ദം കണ്ടിട്ടുള്ള യോഗിക്ക് ഇവ കേവലം നിസ്സാരങ്ങളായി പോകുന്നതിനാൽ അവർ ഇതുകളിൽ ശ്രദ്ധ വെക്കുന്നതല്ല. ഇന്നു നാട്ടിലെങ്ങും പടന്നു പിടിച്ചുവരുന്ന ബ്രഹ്മവിദ്യാമതത്തിന്റെ* പ്രതിഷ്ഠാപകന്മാർ അനുഷ്ഠിക്കാമെന്നു ധാടി പറയുന്ന ജാലപ്രയോഗങ്ങളിൽ പലതും യോഗശാസ്ത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള ഐശ്വൎയ്യങ്ങളുടെ പൊട്ടും പൊടികളും മാത്രമാണ്. അവയെ നമ്മുടെ ദൃഷ്ടിയിൽ പെടുത്തുവാനുംകൂടി പാശ്ചാത്യന്മാരുടെ പരിശ്രമം ആവശ്യകമായി വന്നിരിക്കുന്നു. നോക്കു നമ്മുടെ അലസതാവിലാസം!

എന്നാൽ ഉപനിഷദ്വാക്യങ്ങളെക്കൊണ്ടുതന്നെ അദ്വിതീയനായ പരമാത്മാവിന്റെ ജ്ഞാനവും അതിൻവഴിക്കു മോക്ഷവും സിദ്ധിക്കുന്നതാകയാൽ യോഗംകൊണ്ടെന്തു ഫലമാണെന്നൊരു ചോദ്യമുണ്ടായേക്കാം. ഈ ചോദ്യത്തിനും യോഗികൾ സമാധാനം പറഞ്ഞുവെച്ചിട്ടുണ്ട്. ഉപനിഷത്തുകളിൽ നിന്നുണ്ടാകുന്ന ആത്മജ്ഞാനം പരോക്ഷമാകുന്നു. കാശിയെന്നൊരു നഗരിയുണ്ടെന്നു ദൂരത്തിരുന്നു കേൾക്കുന്നപോലെ ആത്മാവ് അദ്വിതീയനാണെന്ന് ഉപനിഷത്തുകളിൽനിന്നു നാം കേട്ടറിയുന്നതെയുള്ളു. ഇങ്ങിനെ ശബ്ദത്തിൽനിന്നു ജനിക്കുന്ന ജ്ഞാനം സാക്ഷാൽകാരമെന്നുപേരിന്നൎഹതയുള്ളതല്ല. ആത്മസാക്ഷാൽകാരം ഉണ്ടായാലല്ലാതെ സംസാരനിവൃത്തി വരികയില്ലെന്നുള്ളതിലേക്ക് ഉപനിഷദ്വാക്യം കടുകട്ടിയാക്കി വെച്ചിട്ടുള്ള വെറും വിദ്വാന്മാർ ദൃഷ്ടാന്തമായിരിക്കുന്നുണ്ടല്ലൊ. സാക്ഷാൽകാരത്തിന്നുള്ള രാജമാൎഗ്ഗമാണു യോഗാഭ്യാസം. ആത്മാവിന്റെ ശ്രവണത്തിന്നു ശേഷം മനനം, ധ്യാനം എന്നിവയും അപരിഹരണീയങ്ങളാണെന്നു ഘോഷിക്കുന്ന ഉപനിഷദ്വചനവും (1) ഈ പറഞ്ഞ സിദ്ധാന്തത്തിന്നനുകൂലിക്കുന്നുണ്ട്. ആത്മസാക്ഷാൽകാരാവസ്ഥയിലെത്തീട്ടില്ലാത്തവൎക്ക് യോഗംകൊണ്ടു ദുഃഖത്തിന്റെ മൂലനാശം വരുന്നതുമല്ല. അടക്കംവെച്ച ഭ്രമം കഴിഞ്ഞുപോകാതെ ഇടക്കിടക്കു ബാധിക്കുന്നതുപോലെ അടക്കംകൊണ്ടു മാത്രം ഒതുങ്ങി നില്ക്കുന്ന ചിത്തവൃത്തികൾ വീണ്ടും ബാധിക്കാതിരിക്കേണമെങ്കിൽ അജ്ഞാനത്തിന്റെ വേരറുക്കുന്ന ജ്ഞാനത്തിന്നു പ്രതിഷ്ഠ കിട്ടുകതന്നെ വേണം.

യോഗം അനുഷ്ഠാനപദ്ധതി കാണിച്ചു തരുന്ന ഒരു ശാസ്ത്രമാണ്. മററുള്ള ശാസ്ത്രങ്ങൾ പ്രതിജ്ഞ ചെയ്തുപോയിട്ടുള്ള തത്വങ്ങൾ ശരിയാണെന്നു ബോദ്ധ്യപ്പെടുന്നതു യോഗാഭ്യാസംകൊണ്ടു മാത്രമാകുന്നു. ഹിന്തുക്കളുടെ ശാസ്ത്രങ്ങളെല്ലാം ആകാശത്തിൽ മാളിക കെട്ടുന്നവയാണെന്ന് അനുഷ്ഠാനപരത്വം അഭിമാനിച്ചു വരുന്നവർ പുറപ്പെടുവിക്കുന്ന മിഥ്യാപവാദം ഈ ശാസ്ത്രത്തിന്ന് ഒട്ടും തട്ടുകയില്ലതന്നെ.

യോഗം ശീലിക്കുന്നവൎക്കു പല വിഘ്നങ്ങളും ഭ്രംശങ്ങളും നേരിടുവാനെളുപ്പമാണ്.

* (Theoroply·)

(1) ആത്മാവാരെ ദ്രഷ്ടവ്യഃ ശ്രോതവ്യോ മന്തവ്യോ നിദിധ്യാസിതവ്യഃ (ബൃഹദാരണ്യകോപനിഷൽ)

എങ്കിലും അവയൊന്നും വകവെക്കാതെ ഉറച്ചു പുറപ്പെട്ടാൽ കാലക്രമത്തിൽ മനോനിഗ്രഹവും ദുഃഖനിവൃത്തിയും കിട്ടാതിരിക്കയില്ല. ഇടക്കുണ്ടാകാവുന്ന ഭ്രംശങ്ങൾ യോഗിക്ക് അധോഗതി വരുത്തുകയില്ലെന്നും, യോഗഭ്രഷ്ടർ ജന്മാന്തരത്തിലും പൂൎവ്വവാസനകൊണ്ടു യോഗിയായി തീൎന്നു സിദ്ധി സമ്പാദിപ്പാനിട വരുന്നതാണെന്നും ഭഗവാൻ അൎജ്ജുനനുപദേശിക്കുന്നു.(2) അതുകൊണ്ടു യോഗമാൎഗ്ഗം അപായം കുറഞ്ഞതും, യോഗസാധനങ്ങളായ യമാദികൾ കായക്ലേശം കൂടാതെ അനുഷ്ഠിപ്പാൻ സാധിക്കുന്നതിനാൽ സുഖസാദ്ധ്യവും കൂടിയാണെന്നു വരുന്നു. യോഗം ശരീരത്തിന്നു വളരെ ക്ലേശമുണ്ടാക്കുന്നതാണെന്നും, അതിൽ പലതരം അപായങ്ങൾ നേരിടുവാനെളുപ്പമാണെന്നും പൊതുവിൽ ഒരു ധാരണയുണ്ടാവാനിടവന്നതു 'ഹഠയോഗം' എന്നു പറയുന്ന അൎവ്വാചീനസൃഷ്ടിയുടെ അപകടത്താം നിമിത്തമാണ്. രാജയോഗം പ്രകൃതിയെ ബലാൽകാരേണ നിഗ്രഹിപ്പാനുപദേശിക്കയോ കായക്ലേശത്തെ വിധിക്കുകയോ ചെയ്യുന്നില്ല. നേരേ മറിച്ച് രാജയോഗം കായക്ലേശത്തെ നിഷേധിക്കുകയാണു ചെയ്യുന്നത്. ഐഹികങ്ങളായ ഐശ്വൎയ്യഭാസങ്ങളെക്കൊണ്ടു പൃഥഗ്ജനങ്ങളുടെ കണ്ണിൽ പൊടിയിടുവാൻ മാത്രമായി ചിലർ നിൎമ്മിച്ചുവെച്ചിട്ടുള്ള കുമാൎഗ്ഗങ്ങളിൽ അനൎത്ഥങ്ങളുണ്ടാകുന്നതു സ്വാഭാവികവുമാണല്ലോ.

ആത്മജ്ഞാനം മാത്രമാണു മോക്ഷസാധനമെന്നു വാദിക്കുന്ന വേദാന്തികളും യോഗശാസ്ത്രത്തിൽ പറയുന്ന സമാധിസിദ്ധിമാൎഗ്ഗങ്ങളെ അഭിനന്ദിച്ചു കൈക്കൊള്ളുന്നതേയുള്ളു (1) ശാരീരകമീമാംസയിൽ പ്രതിപക്ഷികളെ ഖണ്ഡിക്കുന്ന ഘട്ടത്തിൽ 'ഏതേന യോഗഃ പ്രത്യുക്തഃ'(2) എന്ന സൂത്രംകൊണ്ടു യോഗമതത്തേയും നിരാകരിക്കുന്ന വ്യാസമഹൎഷിക്കു യോഗശാസ്ത്രസിദ്ധാന്തങ്ങളെ അടിയോടെ തള്ളിക്കളയേണമെന്നു താല്പൎയ്യമുള്ളതായി വിചാരിപ്പാൻ യാതൊരു ന്യായവും കാണുന്നില്ല. സാംഖ്യന്മാർ പുറപ്പെടുവിച്ചിട്ടുള്ളതും, യോഗികൾ ആരാഞ്ഞു നോക്കാതെ കൈക്കൊണ്ടിട്ടുള്ളതുമായ പ്രധാനകാരണവാദത്തെ—പ്രകൃതി സ്വതന്ത്രമായി ജഗത്തിനെ ഉൽപാദിപ്പിക്കുന്നുവെന്ന മതത്തെ—വേരറുത്തുവിടേണമെന്നേ വ്യാസൻ വിചാരിക്കുന്നുള്ളുവെന്നു ഭാഷ്യകാരൻ തുടങ്ങിയുള്ളവർ തുറന്നു പറഞ്ഞിട്ടുമുണ്ട്. യോഗസിദ്ധാന്തങ്ങളിൽ തനിക്കു തീരെ വിസമ്മതമുണ്ടായിരുന്നുവെങ്കിൽ വ്യാസൻ യോഗസൂത്രങ്ങൾക്കു ഭാഷ്യം നിൎമ്മിപ്പാൻതന്നെ തുനിയുമായിരുന്നില്ല.

അനേകം ശതാബ്ദങ്ങൾക്കു മുമ്പുതന്നെ ആദ്ധ്യാത്മികതത്വങ്ങളെ പരിശോധിച്ചറിഞ്ഞു കാലാന്തരത്തിലും നീക്കത്തുക്കം വരാത്ത വിധം അവയെ രേഖപ്പെടുത്തി മനുഷ്യൎക്കു യഥാൎത്ഥസുഖം സിദ്ധിപ്പാനുള്ള രാജമാൎഗ്ഗങ്ങളെ നിൎമ്മിച്ചു സംസ്കരിച്ചുവെച്ച മഹാനുഭാവന്മാരായ നമ്മുടെ പൂൎവ്വപുരുഷന്മാർ അപരിഷ്കൃതന്മാരാണെന്നു ആലോചനയില്ലാതെ പറയുന്ന ഇന്നത്തെ പരിഷ്കാരികളോട് എന്താണു പറവാനുള്ളത്? അഥവാ ഈ വകക്കാരെ എന്തിന്നു കുറ്റപ്പെടുത്തുന്നു? ഈ അൎദ്ധബുദ്ധികളുണ്ടോ ആ മഹാത്മാക്കളുടെ മാഹാത്മ്യമറിയുന്നു?

---

2 ഭഗവൽഗീത ആറാം അദ്ധ്യായം നോക്കുക

1 ബ്രഹ്മസൂത്രഭാഷ്യം 4 അദ്ധ്യായം 1 പാദം 6, 7 അധികരണങ്ങൾ നോക്കുക. 2 ബ്രഹ്മസൂത്രം അ 2 പാ 1 സൂ 3

# വെള്ള

(തുടൎച്ച)

വെള്ള ഗൃഹത്തിലെ മറവഞ്ചേരിവൎഗ്ഗം ഇക്കാലംകൊണ്ടും പിന്നീടുമായി വീണ്ടും പലതായിപ്പിരിഞ്ഞുവന്നു. തെക്കേടത്തു, വടക്കേടത്ത്, നടുവിൽപ്പാട്ട്, മേൽപ്പത്തൂർ എന്നിങ്ങനെ ചില മനകൾ ഉണ്ടായിവന്നു. ഇവയിലുള്ള നമ്പൂതിരിപ്പാടന്മാരെല്ലാം പഠിച്ച പണ്ഡിതന്മാരായി വളരെക്കാലം സഭാമഠത്തിൽ ഭട്ടതിരിപ്പാടന്മാരായവരോധിക്കപ്പെടുകയാൽ ഇവൎക്കു ഭട്ടതിരിസ്ഥാനം കലമുദ്രയായിത്തീൎന്നു. വേറെയും, മറവഞ്ചേരിമനയ്ക്കു തെക്കേടം, വടക്കേടം, വാരാണസി എന്നും മററും ചില വിഭാഗങ്ങളുണ്ടായി തീൎന്നു. ഇവയിൽ പെട്ടവർ നമ്പൂതിരിപ്പാടന്മാരായിത്തന്നെ പേരെടുത്തതെയുള്ളൂ. ഈ മറവഞ്ചേരി വൎഗ്ഗക്കാൎക്കു 'വെള്ളക്കാട്ട്' എന്ന മൂലഗൃഹദേവാലയത്തിന്നു പുറമെ, ചന്ദനക്കാവ് എന്നൊരു ഭഗവതിക്ഷേത്രവും പ്രത്യേകപരദേവതാലയമായിട്ടുണ്ട്. കാലാന്തരംകൊണ്ട് ഈ ക്ഷേത്രവും ഇവരുടെ തനതുകൈവശം വിട്ടു മററു ചില ഊരാളന്മാരുടെ ആക്രമണത്തിന്നധീനമാകാതിരുന്നില്ല. കല്പകമില്ലാവ്വർ ഗൃഹത്തിന്റെ മൂന്നാം ശാഖയിൽപ്പെട്ടവരെന്നു പറയപ്പെടുന്ന പാക്കം, പാഴിയോട് എന്നീ മനക്കാരായ ഭട്ടതിരിപ്പാടന്മാർ ചന്ദനക്കാവു കൈവശത്തിലകപ്പെടുത്തിക്കൊണ്ടാണിപ്പോൾ കഴിയുന്നത്. ഈ മറവഞ്ചേരി വൎഗ്ഗക്കാരുടെ മാഹാത്മ്യം പറയുകയാണെങ്കിൽ പലതുമുണ്ട്. വളരെ ദീൎഘകാലത്തെ അകലം പിടിയ്ക്കാതെ മുന്നൂമുന്നൂറി ചില വൎഷം സംവത്സരത്തിന്നിങ്ങോട്ടു നോക്കിയാൽത്തന്നെ, ഇവരിൽ മേൽപ്പത്തൂർ മനക്കൽ നാരായണഭട്ടതിരിപ്പാട് എന്നൊരാളുടെ കഥമാത്രം എഴുതുകയാണെങ്കിൽ കൂടി ഒരു ചെറിയ പുസ്തകത്തിന്നു വകയാവും. അദ്ദേഹം സാഹിത്യവിഷയത്തിൽ ചെയ്തിട്ടുള്ള പരിശ്രമത്തിന്റെ ഫലങ്ങളായ ചില പുസ്തകങ്ങൾ മാത്രം വായിച്ചാൽക്കൂടി ഒരുവന്ന് ഇന്നു സംസ്കൃതഭാഷയിൽ നല്ല വ്യുല്പന്നനാവാൻ സാധിക്കും; വൈയാകരണനാവാൻ കഴിയും; സരസകവിധൎമ്മം പരിചയിപ്പാൻ പാറും; പരമഭക്തനായി പരഗതി നേടുവാനും കൂടും എന്നു മാത്രം പറഞ്ഞു നിൎത്തുവാനെ ഇപ്പോൾ തരമുള്ളൂ. ഈ മന ഇപ്പോൾ മറവഞ്ചേരിത്തെക്കേടം എന്ന മനയിൽ ലയിക്കത്തക്കവിധം കുററിമുടിഞ്ഞുപോയിരിക്കുന്നു. തെക്കേടത്തു ഭട്ടതിരിപ്പാട്ടിലെ വംശം, അമ്പലപ്പുഴ രാജാവിന്റെ സ്ഥാനം വഹിച്ചുവരുന്നു. തിരുവിതാംകൂർ മഹാരാജാവ് ആ രാജ്യം പിടിച്ചടക്കിയകാലത്ത് ആ സ്ഥാനം കല്പിച്ചുകൊടുത്തതാണെന്നും മററും ഐതിഹ്യമുണ്ട്. അതിപ്രസിദ്ധനായ നടുവിൽപാട്ടു ഭട്ടതിരിപ്പാട്ടിലെ ജ്യേഷ്ഠിത്തങ്ങൾ കേൾക്കാത്ത മലയാളികൾ കുറയും എന്നു പറയേണ്ടതില്ലല്ലൊ. ആ മനയും കുററിമുടിഞ്ഞു തെക്കേടത്തു മനയിലെക്കൊതുങ്ങി. വടക്കേടത്തു ഭട്ടതിരിപ്പാട്ടിലെ മനയും അങ്ങിനെതന്നെ തെക്കേടത്തു ഭട്ടതിരിപ്പാടുതന്നെയും ഇപ്പോൾ കക്കാട്ടു നമ്പൂതിരിപ്പാട്ടിലെ മനക്കൽനിന്നു ദത്തെടുക്കപ്പെട്ടാണിരിക്കുന്നത്.

അതുകൊണ്ടു മുൻപറഞ്ഞ കക്കാട്ടു ശാഖക്കാരുമായി പുലസംബന്ധവും വിട്ടാതെനില്ക്കുന്നു.

പന്നിയൂർ കഴകത്തിൽ വാൾനമ്പിസ്ഥാനം ലഭിച്ചുവന്നിരുന്ന കക്കാട്ടുഭട്ടതിരിപ്പാട്ടിലെ സ്ഥിതിയാണല്ലോ സൎവ്വോന്നതമായി നില്ക്കുന്നതു്. ഈ നമ്പിയാതിരിപ്പാട്ടിലെ മേലന്വേഷണത്തിൽ തിരുനാവായിൽ വെച്ചു പന്തിരാണ്ടുതോറും നടത്തിവന്നിരുന്ന മാമാങ്കമഹോത്സവമദ്ധ്യത്തിൽ ഏൎപ്പെട്ടുകഴിയുന്ന മഹാ ജനസഭയിൽ പലപല വ്യവസ്ഥകളും ചെയ്തുവന്നിരുന്നു. എല്ലാ മലയാളികളും മുമ്പിൽ കുടുമ മുണ്ഡിക്കുളി, വെള്ളവസ്ത്രം മുതലായിട്ടുള്ള കേരളാചാരചിഹ്നങ്ങളെ സ്വീകരിച്ചു വരുന്നതും, പന്തീരാണ്ടുകൂടുമ്പോൾ ജന്മികുടിയാന്മാർ തമ്മിൽ അവകാശം സ്ഥിരപ്പെടുത്തി പൊളിച്ചെഴുത്തു കഴിച്ചുവരുന്നതും, പലജാതിക്കാൎക്കും പരസ്പരാപേക്ഷാനടവടികൾ കാണുന്നതും, മറ്റുപലതും അന്നത്തെ മഹാ ജനസഭാനിശ്ചയങ്ങളുടെ നിലനില്പിന്റെ ലക്ഷ്യങ്ങളാകുന്നു.

ഇങ്ങിനെയൊക്കെയാണെങ്കിലും ഗ്രാമകലഹങ്ങൾ പുറപ്പെട്ടു. അതു കഴകവ്യവസ്ഥകൊണ്ടു ശമിച്ചു. വീണ്ടും ശുകപുരവും പന്നിയൂരും തമ്മിൽ മത്സരം ജനിച്ചു. തമ്പുരാക്കൾമാരുടെ അവരോധംകൊണ്ടു് അതും ഒരുവിധം നശിച്ചു. പിന്നെയും നാലു കഴകക്കാർ തമ്മിൽ കിടമത്സരം ഉണ്ടായിത്തുടങ്ങി. ഇതിന്നും, മഹാ ജനസഭയിൽ സമാധാനമാൎഗ്ഗം കണ്ടുപിടിച്ചു. ഇരുകൂറിലേയും തമ്പുരാക്കൾമാർപോലും ഭിന്നിച്ചുപോയ ഈ കലക്കിന്റെ സമാധാനമാൎഗ്ഗം മലയാളത്തിൽ ഒരു വലിയ മാററത്തിന്നു കാരണമായി തീൎന്നു. നമ്പൂതിരിമാരുടെ സ്വാതന്ത്ര്യാധികാരത്തിന്നു് ഇവിടെ വെച്ചാണ് ഒരു ഭംഗം സംഭവിപ്പാനിടയായതു്, ഇക്കാലത്താണു പെരുമാക്കന്മാരുടെ അവരോധത്തിന്റെ ഉത്ഭവം. കേരളത്തിന്റെ സൎവ്വാധിപത്യം വഹിക്കുന്ന ഒരു ക്ഷത്രിയ (കോവിൽ) രാജാവിനെ പരദേശത്തുനിന്നുകൊണ്ടു വന്നു മലയാളിയാക്കി പന്തിരാണ്ടേയ്ക്കു മാത്രം അവരോധിക്കുകയായിരുന്നു ആ നിശ്ചയത്തിന്റെ സ്വരൂപം. ഇപ്രകാരം ആദ്യത്തെ പെരുമാളെ അവരോധിച്ചകാലത്തെ കലിവൎഷസംഖ്യ 'ഭൂമിൎഭൂപം' എന്നാണു്. ഭൂമികൊടുത്തു എന്നൎത്ഥത്തിലുള്ള ഈ സംഖ്യ പ്രകാരം കലിവൎഷം ൩൪൪൪ ആകയാൽ ഇന്നേയ്ക്കു് രണ്ടായിരത്തിരുപത്തിനാലു സംവത്സരം മുമ്പാണു് ഈ അവരോധം കഴിഞ്ഞതെന്നു സ്പഷ്ടമാകുന്നു. ഈ അവരോധത്തോടു കൂടിയാണു് മലയാളത്തിൽ ഇന്നുള്ള ക്ഷത്രിയകുലങ്ങൾ കടന്നുകൂടിത്തുടങ്ങിയതു്. ഇക്കാൎയ്യത്തിൽ, കക്കാട്ടുഭട്ടതിരിപ്പാടായ പന്നിയൂർവാൾനമ്പി, പ്രവൎത്തകന്മാരിൽ ഒന്നാമനായിരുന്നു എന്നു മാത്രമല്ലാ, ഇങ്ങിനെ പന്തിരാണ്ടുതോറും വന്നുകൂടുന്ന ക്ഷത്രിയൎക്കു കുടിയിരിപ്പാൻ സ്വന്തം ഭൂമിയിൽ വന്നേരിനാടു് എന്നൊരംശം വിട്ടുകൊടുത്തതും ഈ മഹാനുഭാവൻ തന്നെയാണു്. മലയാളത്തിൽ ഇന്നുള്ള സകല ക്ഷത്രിയൎക്കും ഈ വന്നേരിനാടു മൂലസ്ഥാനമാണു്. കക്കാട്ടു ഭട്ടതിരിപ്പാടു ജന്മിയുടെ നിലയിലും കൂടി മാന്യനുമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

പെരുമാക്കന്മാരെ അവരോധിക്കുന്നതിന്നു്, മുമ്പവരോധിക്കപ്പെട്ട രണ്ടു തമ്പുരാക്കൾമാരോടുകൂടി നാലു കഴകത്തിലെ വാൾനമ്പിമാരായ തളിയാതിരിമാരും ഒത്തൊരുമിച്ചു മാമാങ്കമഹാജനയോഗത്തിൽ വെച്ചു 'പെരുമാളായി വാഴ്ക' എന്നു വിളിച്ചുപറയുകയാണു പതിവ്. 'ധൎമ്മാചാൎയ്യേഷ്ഠാം ഭവതി

നൃപതിന്നായകോ രാജ്യചക്ഷുഃ' എന്നു ശുകസന്ദേശത്തിൽ പറഞ്ഞിട്ടുള്ളത് ഈ പെരുമാളുവരോധക്രമത്തെക്കുറിച്ചാകുന്നു. ഈ വരോധത്തോടു കൂടി പെരുമാക്കന്മാർ മഹാജനസഭയിൽ വെച്ചു നാട്ടുകാരിൽ ഓരോ വൎഗ്ഗക്കാൎക്കും ചില വാഗ്ദത്തങ്ങൾ ചെയ്തുകൊടുക്കണം എന്നും പതിവുണ്ട്. ഈ വക സത്യങ്ങൾക്കുപോലും ലംഘനം വരുത്തി സ്വാതന്ത്ര്യം പ്രവൎത്തിച്ചിരുന്ന ആറാമത്തെപ്പെരുമാളായ ചോളപ്പെരുമാളെക്കൊണ്ടു പലൎക്കും സങ്കടത്തിന്നിടയായി. അക്കാലത്തു തളിയാതിരിമാരുടെ ഊൎജ്ജിതം പെരുമാളുടെ പ്രഭുശക്തിക്കു കീഴടങ്ങി നിന്നിരുന്നതിനാൽ ഇവരുടെ ഐകമത്യം കൊണ്ടും പറയത്തക്ക ഫലമൊന്നുമുണ്ടായില്ല. തമ്പുരാക്കളുടേയും മററുപല മഹാബ്രാഹ്മണരുടേയും ഒരു ഗൂഢസദസ്സിൽ വെച്ച്, ഈ പെരുമാളെ എങ്ങിനെയെങ്കിലും ഇല്ലായ്മചെയ്യേണ്ടതിന്നുള്ള ഭാരം പന്നിയൂർ വാൾനമ്പിയായ കക്കാട്ടു ഭട്ടതിരിപ്പാടുതന്നെ കയ്യേൽക്കേണ്ടിവന്നു. അദ്ദേഹം ആ വീരപ്പെരുമാളെ ഗത്യന്തരമില്ലാഞ്ഞിട്ടു ചതിയിൽ വെട്ടിക്കൊന്നു 'ചത്തോനില്ല' എന്ന കലിവൎഷസംഖ്യാകാലത്ത് ഇല്ലായ്മചെയ്കയും ചെയ്തു. തമ്പുരാക്കൾ മുതലായ മഹാബ്രാഹ്മണർ പൂൎവ്വാധികം ആദരിച്ചു എങ്കിലും, 'വഞ്ചനയാൽ വീരഹത്യ മഹാപാതകവും കുറവുമാണ്' എന്നുള്ള വിചാരത്തിന്മേൽ കക്കാട്ടു ഭട്ടതിരിപ്പാടായ ഈ വാൾനമ്പി സ്വയം ഇടഞ്ഞു 'നമ്പിടി'യായി വേറെ പിരിഞ്ഞിരുന്നതെ ഉള്ളൂ. ഇങ്ങിനെ കക്കാട്ടു ഭട്ടതിരിപ്പാട്ടിലെ കുലവും രണ്ടായി തിരിഞ്ഞതിൽ ജ്യേഷ്ഠവംശം നമ്പിടിനിലയിൽ വാൾനമ്പിസ്ഥാനവും വഹിച്ചുവന്നു. ഈ ചരിത്രത്തിന്റെ സൂചനകൾ ഇന്നും കക്കാട്ടുകാരണവപ്പാട്ടിലെ സ്ഥാനാരോഹണത്തിലുള്ള ചടങ്ങുകൾകൊണ്ടു വ്യക്തമാകുന്നുണ്ട്. ഈ നമ്പിടിയായ കക്കാട്ടുവംശം കാലാന്തരംകൊണ്ട് എലിയങ്ങാടെന്നും, ആയനിക്കുറെന്നും രണ്ടായിത്തിരിഞ്ഞു. അതിൽ വാൾനമ്പിസ്ഥാനം അല്ലെങ്കിൽ നമ്പിയാതിരിപ്പാടുസ്ഥാനം എലിയങ്ങാട്ടേക്കും, കക്കാട്ടു കാരണവപ്പാടുസ്ഥാനം ആയനിക്കുററിലേക്കും സ്ഥിരപ്പെട്ടു. വളരെക്കാലം ഈ സ്ഥാനം രണ്ടും കാരണവപ്പാട്ടിലേക്കായിരുന്നു എങ്കിലും, കാലാന്തരംകൊണ്ടു വന്നുകൂടി വൎദ്ധിച്ചുനിന്നിരുന്നതായ 'ഏറാട്ടുപെരുമ്പടപ്പ്' മത്സരത്തിൽ ഇവർ തിരിഞ്ഞ് ഓരോ ഭാഗത്തു പങ്കുകൊള്ളുകയാൽ, ഇങ്ങിനെ സ്ഥാനവും കൂടി പങ്കിടുവാൻ എളുപ്പത്തിൽ സംഗതിയായിത്തീൎന്നു. ഇതിൽ എലിയങ്ങാട്ടുവൎഗ്ഗക്കാർ ഇന്നും സാമൂതിരിപ്പാട്ടിലെക്കീഴിൽ 'മാലിഖാൻ' വാങ്ങി വരുന്നതും, ആയനിക്കുറുകാർ കൊച്ചിരാജാവിന്റെ പ്രത്യേകം ആപ്തനിലയിൽ അനുഭവം പററിവരുന്നതും ഇതിന്നു സൂചകങ്ങളാണെന്നു നിസ്സംശയം പറയാം. ഈ എലിയങ്ങാട്ടുകക്ഷിയും ആയനിക്കുറുകക്ഷിയും തമ്മിൽ പലപല കലഹങ്ങൾ നടത്തിയതായും പ്രസിദ്ധിയുണ്ട്. ഇവർ ഇരുവൎഗ്ഗക്കാരും ക്രമേണ പല ശാഖകളായിപ്പിരിഞ്ഞിട്ടുണ്ട്. എലിയങ്ങാട്ടുവൎഗ്ഗം, എലിയങ്ങാട്, പുന്നത്തൂർ, മണക്കുളം, ചിററഞ്ഞൂർ എന്നിങ്ങിനെ വേർതിരിഞ്ഞു. ആയനിക്കുറുവൎഗ്ഗം, ചെറളയം, കുമരപുരം, ആനായ്ക്കൽ എന്നും മററുമായും പിരിഞ്ഞു. ഇവരെല്ലാം ഒരുപോലെ പല സംബന്ധമുള്ളവരായും, മരുമക്കത്തായസമ്പ്രദായം അനുവൎത്തിക്കുന്നവരായും, ജാതിയിൽ അന്തരാളക്കാരായും കഴിഞ്ഞുവരുന്നു. ഇവരെ വന്നേരിനമ്പിയാതിരിവംശക്കാരെന്നും, തലപ്പിള്ളിരാജവംശക്കാരെന്നും

ഏറാട്ടു പെരുമ്പടപ്പുകൂറനുസരിച്ചു പറഞ്ഞും വരുന്നു.

കക്കാട്ടു ഭട്ടതിരിപ്പാട്ടിലെ പൂൎവ്വഗൃഹത്തിലുള്ള അനുജസന്താനശാഖ കക്കാട്ടു ഭട്ടതിരിപ്പാടായിത്തന്നെ കഴിഞ്ഞുവന്നു. വെള്ളഗൃഹക്കാരുടെ മൂലഗൃഹദേവതാലയമായ വെള്ളക്കാട്ടമ്പലത്തിൽ ഊരാണ്മ കക്കാട്ടുഭട്ടതിരിപ്പാട്ടിലെ രണ്ടു വംശശാഖകൾക്കും ഉണ്ടായിരുന്നു. അതിൽ കക്കാട്ടു കാരണവപ്പാട്ടിലെ ഊരാണ്മയാണ് പാഴിക്കോട്ടു ഭട്ടതിരിപ്പാട്ടിലേക്കു കൈവശപ്പെട്ടു കാണുന്നത്. കക്കാട്ടു ഭട്ടതിരിപ്പാട്ടിലെശേഷം കുറിമുടിഞ്ഞപ്പോൾ ആ സ്ഥാനം മേഴത്തോൾ ഗൃഹത്തിൽ ചേൎന്ന കൂടല്ലൂർ കോടനാട്ടുമനയ്ക്കലേക്കു കൊച്ചിരാജാവിന്റെ തീട്ടൂരപ്രകാരം സിദ്ധിച്ചു. ഇപ്പോഴും കോടനാട്ടു നമ്പൂതിരിപ്പാടു വെള്ളക്കാട്ടുദേശത്തു കക്കാട്ടു ഭട്ടതിരിപ്പാടായിത്തന്നെ കഴിഞ്ഞുവരുന്നു.

ഈ വിധം പല ശാഖകളായിപ്പിരിഞ്ഞ വെള്ളഗൃഹത്തിന്റെ സ്ഥിതിക്കു ഒരു വലിയ മാററം സംഭവിച്ചതായ ഒരു കഥ പറയുവാനുണ്ടു്, അതിന്നു ചെറിയതായ ഒരു പീഠികകൂടി പറഞ്ഞുവെക്കേണ്ടിവന്നിരിക്കുന്നു. മുൻപറഞ്ഞുവെച്ചപ്രകാരം അവരോധിക്കപ്പെട്ടിരുന്ന പെരുമാക്കന്മാരുടെ ഭരണകാലം 'തൃണവൽ'സമാനം ൧൨ സംവത്സരമായിരുന്നു. അതിന്നകത്തു പല മാററങ്ങളും സംഭവിച്ചിട്ടുണ്ടു്. തിരുനാവായിൽ വെച്ചു മാമാങ്കകാലത്തു പന്തീരാണ്ടു കൂടുമ്പോൾ മാത്രം കൂടിയിരുന്ന മഹാജനസഭ, പെരുമാക്കന്മാർ വാണിരുന്ന കൊടുങ്ങല്ലൂർ പട്ടണത്തിന്നടുത്തു വടക്കുഭാഗത്തായി തൃക്കണാമതിലകത്തു സ്ഥിരപ്രതിഷ്ഠമായി നിന്നുംകൊണ്ടു രാജ്യഭരണകാൎയ്യത്തിൽ സൎവ്വദാ സഹായിച്ചുവന്നു. ജൈനബൌദ്ധമതക്കാൎക്കും ഈ സഭയിൽ യഥേഷ്ടം പ്രവേശം അനുവദിച്ചുകൊടുത്തിരുന്നതുകൊണ്ടു് അവൎക്കും ഇതു പല സൌകൎയ്യത്തിന്നും ഇടയാക്കിയിരുന്നു. മണിമേഖല (ചിലപ്പതികാരം) ഗ്രന്ഥകാരനായ ഏളങ്കോടികൾ മുതലായ ബുദ്ധമതസിദ്ധന്മാൎക്കും ഈ സ്ഥലം പാണ്ഡിത്യപ്രസാധകമായിരുന്നു. ഈ സഭയിലെ മഹാജനനിശ്ചയപ്രകാരം ക്രിസ്ത്വബ്ദത്തിന്റെ ആരംഭകാലത്തു യഹൂദന്മാൎക്കും, ക്രിസ്ത്വബ്ദം ൫൨-ാമാണ്ടു കാലത്തു സെന്തോമാസ്സു മുതലായ ക്രിസ്തുമതപ്രസംഗികാചാൎയ്യന്മാൎക്കും മലയാളത്തിൽ കടന്നുകൂടുവാനും മതം പ്രചരിപ്പിക്കുവാനും സംഗതിയായിത്തീൎന്നു. ഇടക്കൊരു പെരുമാൾ ബുദ്ധമതത്തിൽ പ്രവേശിച്ചു പള്ളിവാണതുകൊണ്ടു ഈ സഭാജനങ്ങളെ മുഴുവനും ബുദ്ധമതത്തിൽ ചേൎപ്പാൻ ശ്രമിച്ചതു നിമിത്തം, പതിനെട്ടു സംഘം ചേൎന്ന സഭായോഗം പട്ടണം വിട്ടു കിഴക്കോട്ടു മാറിപ്പാൎത്തു 'തൃക്കാരിയൂർ' മഹാദേവനെ 'നാലുപാദം' എന്ന മന്ത്രംകൊണ്ടു 'കണ്ണ'മിരുന്നു ഭജിച്ചു കലാശം പള്ളിവാണപ്പെരുമാളെത്തന്നെ സ്ഥാനഭ്രഷ്ടനാക്കി ചിലവിന്നും കൊടുത്തിരുത്തി. എല്ലാ സംഘക്കാരും ഒന്നുപോലെ ഇന്നും അനുഷ്ഠിച്ചുവരുന്ന നാലുപാദം എന്ന സേവാക്രമം ഇതിന്നു മതിയായ ലക്ഷ്യമാകുന്നു. ഹരിശ്ചന്ദ്രപ്പെരുമാൾ എന്ന മറെറാരു മഹാൻ ബുദ്ധമതത്തിന്നടവു തട്ടത്തക്കവിധം കുമാരിലഭട്ടാചാൎയ്യരുടെ മീമാംസാശാസ്ത്രസിദ്ധാന്തത്തിന്നു മലയാളത്തിൽ പ്രചാരം വരുത്തി നമ്പൂതിരിമാരുടെ വൈദികമതത്തെ ശാശ്വതമാകുംവണ്ണം രക്ഷിച്ചു. “യേഷാം വംശേ സമജനി ഹരിശ്ചന്ദ്രനാമാ നരേന്ദ്രഃ പ്രത്യാപത്തിഃ പതഗ യദുപജ്ഞാ ച കൌമാരിലാനാം” എന്നിങ്ങനെ കോട്ടയത്തു രാജാക്കന്മാരുടെ കുലപ്രതിഷ്ഠാപകനായ ആ പെരുമാളെപ്പ

റി ഉദ്ദണ്ഡശാസ്ത്രികൾ പ്രശംസിക്കുന്നു. ഈ മീമാംസാസിദ്ധാന്തം ബൗദ്ധമതക്കാരോടു പൊരുതുന്നതിന്നു നമ്പൂതിരിമാൎക്കു നല്ലൊരായുധമായിത്തീൎന്നു. ഈ വിഷയത്തിൽ വെള്ളഗ്രാമക്കാരായ ഭട്ടതിരിപ്പാടന്മാർ പാടുപെട്ടു പഠിച്ചു പാണ്ഡിത്യം കാണിച്ചുവെന്നുള്ളതിന്നു അവരുടെ കുലമുദ്രയായ ഭട്ടതിരിപ്പാടുസ്ഥാനം തന്നെ ലക്ഷ്യമാകുന്നു. പാണ്ഡിത്യവിഷയത്തിൽ പന്നിയൂർ കഴകത്തിലുള്ള നമ്പൂതിരിമാർ മുമ്പിട്ടുനിന്നിരുന്നു. അതിലും വിശേഷിച്ചു പ്രാഭാകരം എന്ന പുതിയ മീമാംസാപ്രസ്ഥാനത്തിന്റെ പ്രവൎത്തകന്മാരായ ചൊവ്വരത്തുകാർ മെച്ചം നേടിയിരുന്നു. പ്രഭുത്വം പന്നിയൂർ ഗ്രാമക്കാൎക്കും പാണ്ഡിത്യം ചൊവ്വരം ഗ്രാമക്കാൎക്കും ഏറുമെന്നു പറയത്തക്ക നിലയിലായിവന്നു. ഇവർ തമ്മിൽ വീണ്ടും മത്സരവും ക്രമേണ വൎദ്ധിക്കാതിരുന്നില്ല. ഭാസ്കരരവിവൎമ്മകുലശേഖരപ്പെരുമാളുടെ മുപ്പത്താറു സംവത്സരകാലത്തെ രാജ്യഭരണത്തിലായിരുന്നു പെരുമാൾഭരണത്തിന്റെ ഉച്ചനില. അതോടുകൂടിത്തന്നെ പെരുമാക്കന്മാരെ അവരോധിക്കുന്ന സമ്പ്രദായവും അസ്തമിച്ചു. 'ത്രിഭാഗഃ' എന്ന കലിവൎഷകാലത്താണു ഇതവസാനിച്ചത്. ൩൪൪-ാം കലിവൎഷമായ ഈ സംവത്സരത്തിൽ തന്നെയാണു മേഴത്തോളഗ്നിഹോത്രിയുടെ ജനനവും. അന്നു നാടുവാണിരുന്ന ഏടപ്രഭുക്കൾക്കു പൂൎണ്ണാധികാരത്തോടുകൂടി ഭൂമി വിഭജിച്ചുകൊടുത്തതായ ഈ കാലനിലയിൽ, തമ്പുരാക്കന്മാരോടുകൂടിയ തളിയാതിരിമാൎക്കുണ്ടായിരുന്ന പെരുമാളവരോധാധികാരവും നിന്നുപോയി എന്നു പറയേണ്ടതില്ലല്ലോ. എന്നാൽ കുക്കാട്ടുകാൎക്കുണ്ടായിരുന്ന പഴയ വാൾനമ്പിസ്ഥാനത്തെ അനുസരിച്ചു, തിരുനാവായിൽ മാമാങ്കം നിൎവ്വഹിപ്പാനുള്ള മുമ്പും കയ്യും മാത്രം നശിച്ചില്ല. അതു മാമാങ്കമഹോത്സവം നടന്നിരുന്ന കാലം മുഴുവനും നിലനിന്നിരുന്നു. ശുകപുരം ഗ്രാമക്കാരനായ മേഴത്തോളഗ്നിഹോത്രി മലയാളികളുടെ ഇടയിലും യാഗം ചെയ്യുന്ന സമ്പ്രദായം നടപ്പാക്കിയതോടുകൂടി മീമാംസാശാസ്ത്രത്തിന്നു വീണ്ടും പ്രകാശവും പ്രചാരവും സിദ്ധിച്ചു. മലയാളത്തിൽ പ്രധാനപ്പെട്ട ഗ്രാമങ്ങളിലുള്ള യോഗ്യരായ നമ്പൂതിരിമാരിൽ പലരും യാഗം ചെയ്തുവന്നു. എന്നുമാത്രമല്ല, ഇതിന്നു ഒരുകാലത്തും ഉടവുതട്ടരുതെന്നുള്ള വിചാരത്താൽ ഉത്തമഗ്രാമങ്ങളിലെല്ലാം വെവ്വേറെ കൎമ്മികൾക്കു സഭാമഠങ്ങളും അവയ്ക്കു വളരെ സ്വത്തും ഉറപ്പിച്ചു. ഈ മഠങ്ങളും സ്വത്തും ഇന്നും നശിച്ചുപോകാതെ നില്ക്കുന്നതുമുണ്ട്. ഈ വക വ്യവസ്ഥകളിൽ പന്നിയൂർ ഗ്രാമക്കാൎക്കു 'മുമ്പും കയ്യും' ഉണ്ടായിരുന്നു എന്നും പ്രസിദ്ധമാണ്. വെള്ളഗ്രാമക്കാർ ഇവയ്ക്കൊക്കെ ഏററവും അനുകൂലിച്ചിരുന്നു എന്നല്ലാതെ സ്വയം അഗ്നിഹോത്രികളായിരുന്നുവൊ എന്നു സംശയമാണ്. സാധാരണയായി ആഢ്യന്മാരായ നമ്പൂതിരിപ്പാടന്മാർ യാഗം ചെയ്യിക്കുമെന്നല്ലാതെ ചെയ്യുക പതിവില്ല; കേവലം ഭട്ടവൃത്തിയെ മാത്രം പ്രമാണിച്ചു വരികയേയുള്ളൂ. ഇക്കൂട്ടത്തിൽ വെള്ളഗ്രാമക്കാരും നിന്നതായി വിചാരിപ്പാനാണു ന്യായം.

കൎമ്മികളുടെ ഇടയിൽ പന്നിയൂർ ഗ്രാമക്കാൎക്കുണ്ടായിരുന്ന 'മുമ്പും കയ്യും' അധികം കാലം നിലനില്പാൻ സംഗതിയായില്ല. അപ്പോഴേക്കും ആ ഗ്രാമത്തിന്നു ഒരു വലിയ ആപത്തുവന്നു പിടിപെട്ടു. പന്നിയൂർക്കാർ ചിലർ, പാണ്ഡിത്യത്തിൽ മുമ്പിട്ടു നില്ക്കുന്ന ചൊവ്വരത്തുകാരോടു മത്സരം നിമിത്തം പരദേശത്തു പോയി പഠിച്ചതും,

ഗ്രന്ഥനായ പട്ടരെ മലയാളത്തിൽ കു ടികേററിപ്പാൎപ്പിപ്പാൻ ശ്രമിച്ചതും, വരാഹ മൂൎത്തിയുടെ പഴയ ശാസനത്തിന്നു വിരോ ധമായി കേരളാചാരം സ്വീകരിക്കാത്ത അ ദ്ദേഹത്തെ ഇവിടെ പാൎപ്പിച്ചാലുണ്ടാകുന്ന ദൈവകോപത്തെ ഭയപ്പെട്ടുകൊണ്ടു് ആ ഗ്രാമപരദൈവമായ വരാഹമൂൎത്തിയുടെ ചൈതന്യം ക്ഷയിപ്പിപ്പാൻ പുറപ്പെട്ടതും ഒ ടുവിൽ വരാഹമൂൎത്തിയെത്തന്നെ ചുട്ടുപൊ ട്ടിച്ചതും പ്രസിദ്ധമായ ഐതിഹ്യമാണ ല്ലൊ. 'ചിത്തചലനം' എന്ന കലി വൎഷ കാലത്താണ് ഈ മഹാസാഹസദുഷ്കൎമ്മം നടത്തിയതു്. ഈ ദുഷ്കൎമ്മത്തിന്നു പന്നി യൂർഗ്രാമത്തിലെ ചില അടുത്ത ഊരാളപ്ര മാണികുടുംബക്കാർ തന്നെ കരുങ്ങിപ്പാൎപ്പെ ട്ടിരുന്നതിനാൽ മററുള്ളവൎക്കു് അതു തടുക്ക വാൻ സാധിച്ചില്ല. സജ്ജനങ്ങളായ പ ലക്കും അഹിതവും വിരുദ്ധവും ആയിരു ന്നു താനും. ഇതില്ലായ്മചെയ്വാൻ കഴികയി ല്ലെന്നു വന്നപ്പോൾ ദുഷ്ടന്മാരുടെ ദുസ്സ്വാത ന്ത്ര്യം നടക്കുന്ന ഈ ഗ്രാമം തന്നെ വിട്ടൊ ഴിഞ്ഞു പോകുവാൻ അധികപക്ഷം ആളു കളും തീൎച്ചപ്പെടുത്തി. ഓരോ വൎഗ്ഗക്കാർ കൂ ട്ടംകൂട്ടമായി കുടിവിട്ടിറങ്ങിപ്പോകയും ചെ യ്തു. ഇക്കൂട്ടത്തിൽ പന്നിയൂർഗ്രാമത്തിലുള്ള അഷ്ടഗൃഹത്തിലുൾപ്പെട്ട അഞ്ചു ഗൃഹക്കാ രും ഒഴിഞ്ഞു പോയി. മാത്തൂർഗൃഹക്കാർ തമ്പുരാക്കന്മാരോടും കൂടി ഓടിപ്പോയി പെരു മനം ഗ്രാമത്തിൽ ചേൎന്നു. ചെമ്മങ്ങാട്ടു ഗൃ ഹക്കാർ ചൊവ്വരത്തു തന്നെ ചേൎന്നു. പാ ഴൂർ ഗൃഹക്കാർ മൂഴിക്കുളം ഗ്രാമത്തു പോയി കൂടി. മുരിങ്ങോത്തിൽ ഗൃഹക്കാർ വെന നാട്ടുഗ്രാമത്തിൽ ചെന്നു് അഭയം പ്രാപി ച്ചു. വെള്ളഗൃഹക്കാരും പലവഴിക്കു തിരി ഞ്ഞുപോയി. കക്കാട്ടു വൎഗ്ഗക്കാരും മാവു ഞ്ചേരിവൎഗ്ഗക്കാരും ചൊവ്വരത്തേക്കു ചെന്നു കൊണ്ടു നിന്നു സ്വദേശം വിടാതെ കഴിച്ചു കൂട്ടിയതേയുള്ളു. പൂൎവ്വമുള്ള വെള്ളവൎഗ്ഗത്തി ലും ഇക്കാലത്തു വളരെ മനകളുണ്ടായിരു ന്നു. അവയെപ്പററി ഇതുവരെ ഒന്നും പറ ഞ്ഞിട്ടുമില്ലല്ലൊ. ഇവരിൽ അല്പം ചിലർ സഹജമായ മാത്സൎയ്യം നിമിത്തം ചൊവ്വര ത്തു ചേരുവാൻ മടികൊണ്ടൊ, വരാഹമൂ ൎത്തിയിൽ ചെയ്ത ദുഷ്പ്രവൃത്തിനിന്നുളവിച്ചു വിന്നതുകൊണ്ടൊ, കേവലം ഉദാസീനത കൊണ്ടൊ എന്തൊ പന്നിയൂർഗ്രാമത്തിൽ തന്നെ ഇളകാതെ കൂടി. വെള്ള, തിരുമ ശ്ശേരി (കോട്ടയിലെ രാജാവു്) എന്നിങ്ങിനെ യുള്ളവർ ഈവിധം പന്നിയൂർഗ്രാമം വിടാ ത്ത വകയിൽ പെട്ടവരാണു്. ഇവരിൽ ഭൂരിപക്ഷം നൂറില്ലത്തിൽ താഴെ മനക്കാർ നാടുവിട്ടോടിപ്പോയി പറവൂർ ഗ്രാമത്തിൽ ചെന്നു ചേരുകയാണു ചെയ്തതു്. ഇവരെ യാണു് ഇന്നും പ്രധാനമായി വെള്ളഗൃഹ ക്കാരായി ഗണിച്ചു വരുന്നതു്. ഇതുപോ ലെ മററനേകം നമ്പൂതിരി കുടുംബങ്ങൾ നാടുവിട്ടോടിപ്പോയി അങ്ങുമിങ്ങും അല ഞ്ഞുലഞ്ഞു നടന്നു തെക്കും വടക്കും കണ്ട ഗ്രാമങ്ങളെ ചെന്നു ശരണം പ്രാപിച്ചിട്ടു ണ്ടു്. ഇരിങ്ങാലക്കുട, പെരുമനം, ചൊവ്വാ എന്നിവയിലും മററുപല ഗ്രാമങ്ങളിലുമാ യി കടന്നുകൂടികഴിച്ചുകൂട്ടുക എന്നായി തീ ൎന്നു. പ്രസിദ്ധപ്പെട്ട പന്നിയൂർ ഗ്രാമക്കാരാ യ നമ്പൂതിരിമാരുടെ സ്ഥിതി നോക്കു. അ ക്കാലത്തു നമ്പൂതിരിമാരുടെ എടയിൽ ഉ ണ്ടായ ഒരു ഭൂകമ്പം എല്ലാം കൂടി മലയാ ളത്തിലൊരിളക്കം എന്നേ പറയേണ്ടു.

(തുടരും).

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ

# ഹിന്ദുക്കളുടെ സത്യനിഷ്ഠ

മനുഷ്യർ ന്യായമായ ആത്മാഭിമാനത്തിന്നു ഹേതുവായ പൂർവ്വസ്മരണയെ ഉപേക്ഷിക്കുന്നതു തീർച്ചയായും വലിയ കഷ്ടമാണ്. ആത്മാഭിമാനം ഉത്സാഹത്തെയും, സന്തോഷത്തെയും വർദ്ധിപ്പിക്കുന്നതാണല്ലോ, തന്റെ പ്രപിതാമഹൻ പോലും ശ്രേഷ്ഠനായിരുന്നു എന്നു കേൾക്കുമ്പോൾ അല്പമെങ്കിലും കുണ്ഠിതം ഇല്ലാതെ ഒരുവൻ ഉണ്ടോ എന്നു സംശയമാണ്. നേരെ മറിച്ച്, അയാൾ ശിഷ്ടനായിരുന്നു എന്നാണു കേട്ടതെങ്കിൽ, അവന്റെ അപ്പോഴത്തെ മുഖപ്രസാദവും കാണേണ്ടതുതന്നെ. കേൾവി നേരായാലും പൊളിയായാലും, ഫലത്തിൽ വ്യത്യാസമില്ല. ഇങ്ങിനെയുള്ള ഒരു വെറും കേൾവിയിൽ പോലും നമുക്കു യഥാവസ്ഥാരസനീരസങ്ങൾ ഉത്ഭവിക്കുകയാണെങ്കിൽ, അവ ഗാഢമായി നമ്മുടെ ഹൃദയത്തിൽ പതിയത്തക്കവണ്ണം, നമ്മുടെ പൂർവ്വചരിത്രത്തെ ഒരാൾ നിർവ്യാജമായി തെളിയിക്കുന്നതിൽ നിന്നു നമ്മുടെ ഭാവിജീവിതത്തിൽ ഉണ്ടാകാവുന്ന മാററം നിസ്സാരമെന്നു വെച്ചു തള്ളുവാൻ പാടുള്ളതല്ല. കുറച്ചു കാലം മുമ്പു എത്രയോ മാന്യനായ ഒരാൾ 'കഴ്സൻപ്രഭു' എത്രയും മാന്യമായ ഒരു സ്ഥലത്തുവെച്ചു പ്രാചീനഹിന്ദുക്കളുടെ സത്യനിഷ്ഠയെ ആക്ഷേപിച്ചു പറഞ്ഞ ഘട്ടമാണ് ഇപ്പോൾ എന്റെ ഓർമ്മയിൽ ഇരിക്കുന്നത്. തന്റെ ബ്രിട്ടീഷ് ഇന്ത്യാ ചരിത്രത്തിൽ, ഹിന്ദുക്കളെ ദുഷിച്ചു പറയുന്നിടത്തു 'ബ്രാഹ്മണൻ എന്നു പറഞ്ഞാൽ പൊളികളുടെ ഒരു കൂട്' എന്ന് അർത്ഥമാണെന്നു വിവരിച്ചിരിക്കുന്ന 'മിൽ' എന്ന പാശ്ചാത്യസഹോദരനെ അദ്ദേഹം അനുവർത്തിച്ചത് ഒരു വിധത്തിൽ യുക്തമായിരിക്കാം. എന്നാൽ ഒരു രാജപ്രതിനിധിയുടെ നിലയിൽ വിചാരിക്കുമ്പോൾ അദ്ദേഹത്തിന്റെ ആ അഭിപ്രായപ്രകടനം തീരെ അയുക്തമാണെന്നു പറയേണ്ടതില്ലല്ലോ. ഇത്തരം അയഥാർത്ഥവാദങ്ങൾ കൊണ്ടു നിരാശപ്പെട്ടിരിക്കാനിടയുള്ള യുവാക്കന്മാർ തങ്ങളുടെ പൂർവ്വികന്മാരുടെ ഓരോ സൽഗുണങ്ങളെ അറികയും, അനുസ്മരിക്കയും ചെയ്യുന്നതുകൊണ്ടു വളരെ പ്രയോജനമുണ്ടാവാനുണ്ട്. ഹിന്ദുക്കളുടെ സത്യനിഷ്ഠയെപററി പ്രസ്താവിപ്പാൻ പുറപ്പെട്ടതിൽ എനിക്ക് ഈ ഉദ്ദേശം ഇവിടെ വ്യക്തമായല്ലോ.

ഹിന്ദുക്കൾ സർവ്വോപരി വിശ്വസിക്കയും, സ്നേഹിക്കയും, ബഹുമാനിക്കയും ചെയ്തിരുന്ന പ്രമാണം 'സത്യമേവ ജയതി നാനൃതം' (സത്യംതന്നെ ജയിക്കുന്നു. അസത്യമല്ല) എന്നുള്ളതായിരുന്നു. അവരുടെ എല്ലാ ധർമ്മശാസനങ്ങളിലും സത്യം പരായണം എന്ന വാക്യം മുന്നിട്ടു നില്ക്കുന്നു. ആയിരം അശ്വമേധയാഗത്തിന്റെ ഫലവും, സത്യവും കൂടെ തൂക്കി നോക്കിയാൽ സത്യത്തിന്റെ ഭാഗം അധികം കനം തൂങ്ങുമെന്ന് അവർ വിശ്വസിച്ചു വന്നു. 'അസത്യം പറയുന്നതിനാൽ ഒരുവൻ അശുദ്ധനായി ഭവിക്കുന്നു.' * എന്നാണ് അവർ സിദ്ധാന്തിച്ചിരുന്നത്. ഒരു കുഴിയുടെ മുകളിൽ വെച്ചിരിക്കുന്ന വാളിന്റെ വായ്ത്തലയിൽ നക്കുമ്പോലെ അസത്യവാദം അത്ര ആപൽ

* ശതപഥബ്രാഹ്മണം (3 1) 2 11

കരമാണെന്നു തൈത്തരീയാരണ്യകത്തിൽ പറഞ്ഞിരിക്കുന്നു. ശതപഥബ്രാഹ്മണത്തിൽ ഒരാൾ മറ്റൊരാളോടു 'യാഗാഗ്നിയെ ജ്വലിപ്പിക്കണം' എന്നു പറയുമ്പോൾ 'സംസാരിക്കരുത്' എന്നാണല്ലൊ ഇപ്പോൾ അങ്ങുപദേശിച്ചത്' എന്നാണ് അതിന്നു ഇതരൻ ഉത്തരം പറയുന്നത്. എത്രതന്നെ മനസ്സിരുത്തിയാലും 'സംസാര'ത്തിൽ അസത്യസംഗം കൂടാതെ കഴിപ്പാൻ പ്രയാസമാണെന്നുള്ള തത്വമാണ് ഇതിൽ അന്തർഭവിച്ചിട്ടുള്ളത്. ഇതുകൊണ്ടാണല്ലൊ ഇന്ത്യാരാജ്യത്തിൽ നിവൃത്തി നിരതന്മാരായ അത്ര വളരെ മുനീശ്വരന്മാർ ഉണ്ടാകുവാൻ ഇടവന്നത്. 'സത്യായമിതഭാഷിണാം' എന്നു കാളിദാസമഹാകവി രഘുവംശരാജാക്കന്മാരെ വർണ്ണിച്ചിട്ടുള്ളതിന്റെ അർത്ഥവും മറ്റൊന്നുമല്ല.

മനഃപൂർവ്വമല്ലാതെ ചെയ്തുപോയ വാഗ്ദാനങ്ങളെപോലും നിറവേറ്റുവാൻ നിർബ്ബന്ധിതന്മാരെന്നു തോന്നത്തക്കവണ്ണം പ്രാചീനഹിന്തുക്കൾ അത്ര വളരെ സത്യനിഷ്ഠയുള്ളവരായിരുന്നു. ദൃഷ്ടാന്തത്തിന്നു ദശരഥൻ, ഹരിശ്ചന്ദ്രൻ, ഭീഷ്മർ മുതലായ പലരുടെയും ചരിത്രങ്ങളുണ്ടല്ലൊ. തന്റെ പ്രിയതമയായ കൈകേയി ആവശ്യപ്പെട്ടതെന്നു സ്വപ്നേപി താൻ വിചാരിക്കാത്ത രണ്ടു വരങ്ങളാണ് ദശരഥൻ സത്യഭംഗഭയംകൊണ്ടു മാത്രം അവൾക്കു കൊടുത്തത്. 'ചണ്ഡാലികളെ വിവാഹം ചെയ്യുന്നതിന്നുപകരം, രാജ്യമാസകലം തരുവാൻ കല്പിച്ചാലും വിരോധമില്ലാ അങ്ങിനെ ചെയ്യാം' എന്നു പറഞ്ഞു ഹരിശ്ചന്ദ്രൻ നിശ്ചയമായും തന്റെ അടുത്ത ഭാവിയെക്കുറിച്ച് ഒന്നും വിചാരിച്ചിട്ടുണ്ടായിരുന്നില്ല. ഒരുവന്റെ ധനം, സ്വാതന്ത്ര്യം ജീവിതം എന്നിവയുടെ രക്ഷ, ഒരൊററ അസത്യവചനത്തെ മാത്രം അവലംബിച്ചിരുന്നിട്ടും സത്യത്തെ ഉപേക്ഷിക്കാത്ത അനവധി കേസ്സുകൾ (ഇന്ത്യയിൽ) താൻ കണ്ടിട്ടുണ്ടെന്നു കർണ്ണൽ സ്ലീമൻ പറഞ്ഞതിൽ എന്താണുള്ളത്?

ഹിന്തുക്കളുടെ സാമുദായികമായ പ്രത്യേകസ്വഭാവങ്ങളെ വിവരിപ്പാൻ ശ്രമിച്ചിട്ടുള്ള ഏതു വിദേശീയനും ഹിന്തുക്കളുടെ സത്യനിഷ്ഠയെ പ്രത്യേകം ശ്ലാഘിക്കാതിരുന്നിട്ടില്ല. ചന്ദ്രഗുപ്തന്റെ അരമനയിൽ ഗ്രീഷ്യൻസ്ഥാനാപതിയായിരുന്ന 'മെഗാസ്തനിസ്സ്' ഹിന്തുക്കളുടെ ഇടയിൽ മോഷണം വളരെ കുറവായിരുന്നു എന്നും, അവർ സത്യത്തേയും സൽഗുണങ്ങളേയും ബഹുമാനിച്ചിരുന്നു എന്നും പറയുന്നു. 'എപ്പിക്കാറിറസ്സിന്റെ ശിഷ്യനായ ആര്യൻ, ഒരേടത്തു 'ഹിന്തുക്കളുടെമേൽ അസത്യവാദം ഒരിക്കലും ചുമത്തായിരുന്നില്ല' എന്നു പ്രസ്താവിച്ചിട്ടുണ്ട്. ചൈനായിലെ ബുദ്ധമതതീർത്ഥസേവികളിൽവെച്ച് ഏററവും കീർത്തിമാനും, ക്രിസ്താബ്ദം ഏഴാം നൂററാണ്ടിൽ ഇന്ത്യയെ സന്ദർശിച്ച ദേഹവുമായ ഹിയോൺസാങ്ങ് ഹിന്തുക്കളെ കുറിച്ച് ഇങ്ങിനെയാണു പറഞ്ഞിരിക്കുന്നത്. 'അവരുടെ രാജ്യഭരണത്തിന്റെ വിശേഷവിധിയായ ഗുണം ആർജ്ജവമാണ്.' ഇഡ്രിസ്സ് എന്ന പണ്ഡിതൻ പതിനൊന്നാംനൂററാണ്ടിൽ എഴുതിയ തന്റെ ഭൂമിശാസ്ത്രത്തിൽ മുഹമ്മദീയാക്രമികൾക്ക് ഇന്ത്യയെക്കുറിച്ചുണ്ടായ അഭിപ്രായം ഇങ്ങിനെ ചുരുക്കി എഴുതിയിരിക്കുന്നു. 'ഇന്ത്യക്കാർ സ്വതവേ നീതിതല്പരന്മാരും, യാതൊരു പ്രവൃത്തിയിലും ആ ഗുണത്തിൽനിന്നു വ്യതിചലിക്കാത്തവരും ആണ്. അവരുടെ നിഷ്കാപട്യം മര്യാദ, സത്യനിഷ്ഠ എന്നിതുകൾ സുപ്രസിദ്ധങ്ങളാണ്. നാലുപുറത്തുനിന്നും ഇവരുടെ രാജ്യ

ർത്തുക്കു വിദേശീയർ കൂട്ടംകൂട്ടമായി വരുത്തുകവണ്ണം ഇവർ ആ വക ഗുണങ്ങൾക്കു അത്ര വളരെ കീർത്തിപ്പെട്ടിരുന്നു.' പതിമൂന്നാം നൂററാണ്ടിൽ 'മാർക്കോപോളോ' എന്ന ദേശസഞ്ചാരി താഴെ പറയുന്ന സംഗതിക്ക് സാക്ഷിയായി നിൽക്കുന്നു. 'ഇവർ (ഹിന്തുക്കൾ) ലോകത്തിൽവെച്ച് ഏററവും നല്ല കച്ചവടക്കാരും ഏററവും സത്യമുള്ളവരുമാണ്' 'ഫ്രയർ ജോർഡാനസ്സ്' 'ആയിനി അക്ബറി'യുടെ കർത്താവായ അബൂൽഫാസൽ തുടങ്ങിയ പല മതസ്ഥന്മാരും ഇങ്ങിനെതന്നെ പറഞ്ഞിട്ടുണ്ട്. ചുരുക്കിപറകയാണെങ്കിൽ ഇന്ത്യയെ സന്ദർശിച്ചിട്ടുള്ള വിദേശസഞ്ചാരികളിൽ ആരുംതന്നെ ഇന്ത്യക്കാരുടെ മേൽ അസത്യവാദം എന്ന കുററം ഒരിക്കലും ആരോപിച്ചിട്ടില്ലെന്നു മാത്രമല്ല, അവരുടെ സാമുദായികഗുണങ്ങളിൽ മുമ്പിട്ടുനിൽക്കുന്ന സത്യതല്പരതയെ എല്ലാവരും കാണുകയും, പ്രത്യേകം ശ്ലാഘിക്കയും ചെയ്തിട്ടുമുണ്ട്.

പ്രായേണ മനുഷ്യരുടെ എല്ലാ ഗുണങ്ങൾക്കും പ്രതികൂലസംഗതികളുടെ നിരന്തരസമ്മർദ്ദം നിമിത്തം കാലാന്തരത്തിൽ ക്ഷയമോ നാശംതന്നെയോ സംഭവിച്ചുകൂടെന്നില്ല. ഈദൃശയാരവസ്ഥ ഹിന്തുക്കളെ സംബന്ധിച്ച മാത്രം മറെറാരു വിധത്തിലാകാൻ മാർഗ്ഗമില്ലല്ലൊ. അതുകൊണ്ടു ഹിന്തുക്കളുടെ സത്യനിഷ്ഠക്കും പൂർവ്വസ്ഥിതിയിൽ നിന്നു ഇപ്പോൾ വല്ല ഹാനിയും സംഭവിച്ചിട്ടുണ്ടെങ്കിൽ അതൊരത്ഭുതമല്ല. സത്യമോചനം എന്ന ഈ ദുരാചാരം ഈ രാജ്യങ്ങളിൽ എന്നപോലെ തന്നെ ഇന്ത്യയിലും വേരൂന്നുവാൻ പല കാരണങ്ങളുമുണ്ടായിട്ടുണ്ട്. 'ഇംഗ്ലീഷുകാർ ഇന്ത്യയെ സ്വാധീനപ്പെടുത്തുകയും മനുഷ്യവർഗ്ഗത്തെ പൊതുവേ സംബന്ധിക്കുന്ന പ്രമാണങ്ങൾ വീണ്ടും ഇന്ത്യയിൽ ആദരിക്കപ്പെടുകയും ചെയ്തുവരെ, മുഹമ്മദീയാക്രമികൾ ചെയ്ത ക്രൂരകൃത്യങ്ങളെ ആലോചിച്ചാൽ, ഹിന്തുക്കൾ പിശാചുക്കളായിതീരാതെ അത്ര ഭയങ്കരമായ ഒരു പാതാളത്തെ അതിലംഘിച്ചത് അത്യത്ഭുതം' എന്നാണ് പണ്ഡിതശ്രേഷ്ഠനായ മാക്സ്മുള്ളർ പറയുന്നത്.

കെ. എൻ.

# വടതലെ നായർ

വിട്ടവിസ്തികളായ്ശൂദ്രരെ
നെട്ടനിളെപ്പാരിൽവിപ്രരോക്കംനാൾ
വട്ടതലെനായർപിറന്നാൻ
പട്ടമതിപറിപെററപന്തിരുകുലത്തിൽ.

അരിയൊരുമായാമരവേർ
കരിയുംമാറുള്ളയോഗശിഖിതേടി
പെരിയപരബ്രഹ്മത്തെ-
ശ്ശരിയെനിനച്ചനുവാണിതൊരുവിപ്രൻ.

ഭൂവിൽപ്രഥിതയശസ്സെഴ-
മാവിപ്രവരൻെറദാസനായ്നായർ
ആവിർമ്മോദംവാണാ-
നാവിലനിലവിട്ടൊരുള്ളമാനുള്ളോൻ.

പരിചാര്യകളാൽവേണ്ടും
പരിചിൽപൃഥിവീസുരേന്ദ്രനാശ്ശൂദ്രൻ
പരിതോഷംപരമേററി-
പ്പരിശോഭിച്ചാൻവിനീതിവാസ്സേ...ം.

പെരികെത്തെളിവാന്നാരണ-
നരികെവിളിച്ചവനെനിത്തിയൊരുനാളിൽ
തിരിയുംപടിബുധവരനി-
ത്തിരിയോതീനല്ലശൂദ്രകുലധൎമ്മം,
കേൾക്കകനിന്നുടെജാതി-
ക്കാക്കവിധിച്ചുള്ളനല്ലധൎമ്മത്തെ
നോക്കുനടക്കുകിലതുതവ
മോക്ഷംവിപ്രത്വമേഴജന്മത്താൽ.
വൎണ്ണാശ്രമധൎമ്മത്തിനു
കൎണ്ണായ്ത്തവവിപ്രസേവതാനല്ലോ
തിൎണ്ണനതുനീശരിയാം
വൎണ്ണംചെയ്യുന്നതെത്രയുംയുക്തം.
തിരിയേണംവാക്കുകളി-
ത്തിരിയേതെങ്കിലുമവസ്ഥപിഴവേണം
ശരിയേനീതെററുകളൊരു
തരിയേല്ക്കാത്തുള്ളമൊഴികളോതായ്ക.
ജ്ഞാനത്തിൽകൊതിവിട്ടു-
ജ്ഞാനത്തൊടുമീനിലസ്ഥവാണാൽനീ
ഥാനത്തിൽപ്പോയ്ച്ചേൎന്നിട്ടു-
വാനത്താൽവരാത്തനല്ലവഴികാണും.
ഭാരതമതിലുംമററും
പാരംവെളിവായ്പറഞ്ഞൊരിധൎമ്മം
ആരാൽക്കനിവോടരുളിയൊ-
രാരണനവരനോടുനായരുരചെയ്തു.
‘മേനിചടച്ചുംപടിതിരു-
മേനിയിടച്ചിടെയിരുന്നനാൾതോറും
ധ്യാനിപ്പതെന്തു,വിപ്രനു
വാനിനുവേറിട്ടെളുപ്പവഴിയില്ലേ?’
അതിനാരണനരുൾചെയ്താൻ
‘കൊതിമമനാകത്തിലല്ല,മോക്ഷത്തിൽ;
അതിനുപരബ്രഹ്മത്തെ-
പ്പതിവായിവനുള്ളനിത്തിയോക്കുന്നു.’
നായർപറഞ്ഞാ‘നടിയൻ
കായക്ലേശത്തിലിത്രപാടില്ലാ
ആയതിനാൽമോക്ഷപ്രദ-
മായബ്രഹ്മസ്വരൂപമിവനോക്കാം,
പാട്ടിൽക്കനിവിനൊടെന്തൊരു
മട്ടിലതെന്നരുളുകെ’ന്നവൻചൊൽകെ
പൊട്ടിച്ചിരിച്ചുരച്ചാൻ
നാട്ടിൽപ്പുകൾനീളെവീശിവിലസുന്നോൻ.
‘ഓത്തിലൊളിപ്പൊരതിന്നൊരു
പോത്തിൻവടിവാണ്‌നീയതിനിമേലിൽ
ഓൎത്തിടുകെ’ന്നുപറഞ്ഞാ-
ക്കീൎത്തിപുലൎത്തുംദ്വിജൻഗൃഹംപൂക്കാൻ.
മറയാപ്പുകൾവിളനിലമാ-
മറയോനഥകാലമൊട്ടുചെന്നൊരുനാൾ
കറയകലുന്നോനെങ്ങോ
കുറയകലെപ്പോയ്ഗൃഹത്തിൽവന്നെത്തി.
പിടിയാത്തനായർപതിവും-
പടിയങ്ങിനെപിന്നിലായടുത്തുള്ളാൻ
പടിവാതൽവിട്ടു,ബുധര-
പ്പടിവാഴുന്നോൻഗൃഹാങ്കണംചേൎന്നാൻ.
മാറാപ്പുകൾളവിനിറയും-
മാറാപ്പുണ്യംപുലൎന്നവിപ്രേന്ദ്രൻ
മാറാപ്പെഴുമടിയാൻപര-
മാരാൽപ്പറയുന്നവാക്കിതഥകേട്ടു:—
‘നന്നുനിനച്ചാൽനീപോ-
ത്തെന്നുജനംചൊൽവതോററവുംയുക്തം
ന്നിന്നുമിഴിക്കാതിനിനീ
യൊന്നുചെരിച്ചാലുമാശുകൊമ്പുകളേ.’
അന്തികളുവിനിന്നായവ-
നെന്തിതുകമ്പംകഥിപ്പതെന്നറിവാൻ
പിന്തിരിയുംദ്വിജനോടായ്
പന്തിയിലാപ്പാദജൻചിരിച്ചോതി:—
‘ഓത്തിലൊളിച്ചുകിടപ്പൊരു
പോത്തിനുമേബുദ്ധികാണുകെന്നുമോശം
പോത്തിതുകൊമ്പുചെരിച്ചുക-
ടത്തീടാതിപ്പടിയ്ക്കൽനില്ക്കുന്നു.
അരുളിയവിധമടിയൻഹൃദി
കരുതിദ്ധ്യാനിച്ചുകണ്ടുവേണ്ടപ്പോൾ
വരുമാറാക്കിയപോത്തിതി-
നൊരുപടിനേരേകടക്കുവാൻവയ്യാ.

മറയുടെമുരടിൽപ്പതിവായ്
മറയുമിതിന്നിത്രബുദ്ധിയില്ലേന്നോ?
പറയണ'മെന്നുപറഞ്ഞാ-
പ്പറയപ്പെണ്ണിൽപ്പിറന്നവൻനിന്നു.
നോക്കീട്ടൊരുപോത്തിനെയാ-
ദ്ദിക്കിൽക്കാണാഞ്ഞുകോപമൊടു വിപ്രൻ
'പോക്കിരി! നീ ബ്രഹ്മത്തിനെ
നേക്കിഫകളിയാക്കയോയിതെ'ന്നായീ.
പിടയാതതിന്നേതുംവില
പിടിയാനപടിസ്സപാത്തൊരശ്ശൂദ്രൻ
അടിയനുള്ളടൽതൊട്ടാ-
പ്പടിയുടെനേക്കൊന്നുനോക്കുകെന്നോതി.
അതുപോലെനോക്കിയപ്പോ-
ഴതുപാത്തുള്ള ഭക്തിഭാരമൊടുവിപ്രൻ
മൃതുകണിമാറാപ്പെഴമൊരു
മൃതുപോത്താപ്പടികടപ്പതായ്ക്കണ്ടു.
'ശിവനേ! ബ്രഹ്മവുമിങ്ങിനെ
യിവനുടെമാറാപ്പെട്ടുകകെന്നായാൽ
ഭുവനപ്രഥിതഗുണംപെട-
മിവനൊടുഞാൻചെയ്തതെററിനില്ലററം.
എന്നോത്തവനെവണങ്ങി-
ട്ടന്നോത്തിൽകേളികേട്ടകേമൻ
ഒന്നോതി'നീപൊറുക്കണ-
മിന്നോളംഞാൻപിഴച്ചപിഴയെല്ലാം.'
അതിനഥനായരച്ചാൻ
'മതിയിച്ചാപല്യമരുതുദാസങ്കൽ
ക്ഷിതിസുര! മമചാനേറു-
ന്നതിനുള്ളൊരുവഴിയടച്ചുകെട്ടരുതേ.'
ചിരിച്ചേവം ചൊല്ലുന്നവനെയതുനാൾ
    തൊട്ടുഗുരുവായ്
വരിച്ചേറെന്നുകൃത്യാവിപുലഗുണനവാ-
    രാശിവിപ്രാധവൻ
മരിച്ചാൽമോക്ഷംകൈവരുവതിനുവേ
    ണ്ടുംവിധമവൻ
സ്മരിച്ചാൻപോത്തിൽച്ചേർത്താളിവിലെഴ-
    മോത്തിൻപൊരുളിനെ.

കണ്ടൂർ നാരായണമേനോൻ ബി- എ-

# രോഗകാരണങ്ങളായ ജീവികൾ*



ആകൃതിയിൽ വലിപ്പവും, പ്രകൃതിയിൽ ചാപല്യവും പ്രത്യക്ഷമായി കാണിക്കുന്ന സസ്യമൃഗാദിവർഗ്ഗങ്ങളെ നമുക്കു കണ്ടും കേട്ടും പരിചയമാകുന്നു. എങ്കിലും, വലിപ്പത്തിൽ എത്രയോ കുറഞ്ഞവയും, ദോഷം ചെയ്വാൻ എത്രയോ ശക്തിയുള്ളവയും ആയ ഒരു കൂട്ടം സൂക്ഷ്മജീവികളെപ്പററി വളരെ ആളുകൾ ധരിച്ചിട്ടുണ്ടായിരിക്കയില്ല. നമുക്കു വെറും കണ്ണുകൾകൊണ്ടു ഇവയെ കാണുവാൻ കൂടി സാധിക്കുന്നതല്ല. ചക്ഷുരിന്ദ്രിയത്തിന്നു സൂക്ഷ്മവസ്തുക്കളെക്കാണ്മാനുള്ള ശക്തി ആറിരട്ടിച്ചുണ്ടായിരുന്നു എങ്കിൽ ഇവയിൽ ചിലതിനെ കഷ്ടിച്ചു കാണാമായിരുന്നു: നാം ശ്വസിക്കുന്ന വായുവിൽ ഈ ജീവികൾ അനേകായിരക്കണക്കായി സഞ്ചരിക്കുന്നുണ്ടെന്നു പറഞ്ഞാൽ, അതു വിശ്വാസയോഗ്യമോ എന്നുകൂടി സംശയിക്കാനിടയുള്ളതാണ്. എന്നാൽ കണ്ണുകൊണ്ടു കാണ്മാൻ പാ

* [illegible] ക്കുന്നതാണ്.

ടില്ലാത്ത അസംഖ്യം സൂക്ഷ്മവസ്തുക്കളെ ശാസ്ത്രജ്ഞന്മാർ ഭൂതക്കണ്ണാടികൊണ്ടു കണ്ടുപിടിച്ചതോടുകൂടി അവരുടെ ദൃഷ്ടി ഈ ജീവവർഗ്ഗങ്ങളിലും എത്തിയിരിക്കുന്നു എന്നു മാത്രമല്ല, ഇവയെപ്പററി ഒരു ശാസ്ത്രവും അടുത്ത കാലത്തിന്നുള്ളിൽ വെളിപ്പെട്ടുത്തിയിരിക്കുന്നു. 'സൂക്ഷ്മബീജങ്ങൾ' അല്ലെങ്കിൽ 'സൂക്ഷ്മജീവികൾ' എന്ന ധാത്വർത്ഥത്തോടുകൂടിയ 'മൈക്രോബ്സ്' (Microbes) എന്ന ഇംഗ്ലീഷുനാമംകൊണ്ടാണ് ശാസ്ത്രജ്ഞന്മാർ ഇവയെ വ്യപദേശിക്കുന്നത്.

'ബാധാഗോഷ്ഠി' എന്നു പറഞ്ഞാൽ, ധാരാളമായി സർവ്വസമ്മതമായി കണ്ടറിയാത്ത ഒരുകൂട്ടം ദുർദ്ദേവത മനുഷ്യരെ ആക്രമിക്കുമ്പോൾ അവരിൽ പ്രത്യക്ഷമാകുന്ന ചില വികൃതഗോഷ്ഠികളെയാണ് ജനങ്ങളിൽ മിക്കവരും ധരിക്കുന്നത്. മനുഷ്യശരീരത്തിലേക്കുള്ള അസ്പഷ്ടമായ പ്രവേശനംകൊണ്ടു ഈ ദുശ്ചേഷ്ടിതങ്ങൾക്കു പൈശാചികത്വം കല്പിച്ചില്ലെങ്കിൽ, 'ബാധ' എന്ന സംജ്ഞ ഇതിലും ഉചിതമായ ഒരു സംഗതിക്കു യോജിക്കുമായിരുന്നു. വാസ്തവത്തിൽ പടന്നുപിടിക്കുന്ന വ്യാധികൾക്കു 'ബാധ' എന്നു ധാരാളം പറയുന്നുണ്ട്. ഇങ്ങിനെ പകരുന്ന വ്യാധികൾ മേൽപ്രസ്താവിച്ച ജീവികൾ ഉണ്ടാക്കുന്നവയാണെന്നാണ് ശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുന്നത്. ജലദോഷം എന്നോ, നീർവീഴ്ച എന്നോ, വേണ്ട കഷ്ടകാലം എന്നോ, അസംഗതിയായി വരുന്നവയെന്നു നാം ഇപ്പോൾ വിചാരിക്കുന്ന മിക്ക രോഗങ്ങളും, മേൽപറഞ്ഞ ജീവികൾ ശരീരത്തെ ബാധിക്കുന്നതുകൊണ്ടുണ്ടാകുന്നവയാണെന്നു സൂക്ഷ്മമായും കണ്ടറിഞ്ഞിരിക്കുന്നു.

'ബാധ' എന്നു പറയുന്ന സാംക്രമികരോഗങ്ങളും, പകരുന്ന വ്യാധികളും തമ്മിൽ അല്പം വ്യത്യാസമുണ്ട്. മുമ്പിൽ പ്രസ്താവിച്ച ചെറിയ ജീവികൾ ശരീരത്തിൽ പ്രവേശിച്ചുണ്ടാക്കുന്ന രോഗങ്ങൾക്കു 'ബാധ' എന്നു പറയാം. എന്നാൽ എല്ലാ ബാധകളും പകർച്ചവ്യാധികളല്ല. നടപ്പുദീനം ഒരു ബാധയാകുന്നു എങ്കിലും, അങ്ങനെയുള്ള ദീനക്കാരനെ തൊട്ടു എന്നുള്ള ഏക സംഗതികൊണ്ടുമാത്രം തൊട്ടവന്ന് ആ ദീനം ബാധിച്ചോളണം എന്നില്ല. വസൂരി, നേരെ മറിച്ചു, സ്പർശംകൊണ്ടു വളരെ വേഗത്തിൽ പകരാവുന്ന ഒരു ദീനമാകുന്നു. അതുകൊണ്ടു നടപ്പുദീനം ഒരു ബാധയായിട്ടും, വസൂരി ഒരു പകർച്ചവ്യാധിയായിട്ടും ധരിക്കേണ്ടതാകുന്നു.

രോഗകാരണങ്ങളായ ഈ ജീവികളിൽ മിക്കവയും സസ്യവർഗ്ഗത്തിൽ പെട്ടവയാണ്. താണതരം ജന്തുവർഗ്ഗത്തിൽപെട്ട വകക്കാരും ഇല്ലെന്നില്ല. ആകൃതിയിൽ എത്രയോ ലഘുവായിരുന്നാലും ജീവികളാകകൊണ്ടു മററുള്ള സസ്യമൃഗാദികളെപ്പോലെ തന്നെ ഇവയും ജീവധർമ്മങ്ങളാകുന്ന ആഹാരവിഹാരങ്ങൾ അനുഷ്ഠിച്ചുപോരുന്നുണ്ടെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. സ്വഭാവംകൊണ്ടു ജീവനുള്ള ധാതുക്കളിൽ മാത്രമെ ഇവയിൽ ചില വകക്കാർക്കു വസിപ്പാൻ ത്രാണിയുള്ളൂ. മററു ചില വകക്കാർ ചത്തു ചീഞ്ഞഴിഞ്ഞു പോരുന്ന ശവശരീരങ്ങളിൽ മാത്രമേ ജീവിക്കുന്നുള്ളൂ. അവയുടെ സൂക്ഷ്മമായ ആകൃതിയും, മനുഷ്യന്റെ ശരീരത്തിൽ പ്രവേശിപ്പാൻ അവയ്ക്കുള്ള സാമർത്ഥ്യവും, പ്രവേശിച്ചു കഴിഞ്ഞാൽ പിന്നെ ഉണ്ടാക്കിത്തീർക്കുന്ന മാരണവും, എല്ലാം കൂടി ആലോചിച്ചു നോക്കുമ്പോൾ ദേഹിവർഗ്ഗത്തിന്ന് ഒരു ശത്രുസൈന്യത്തെ കൌശലത്തോടുകൂടി നിർമ്മിക്കേണമെന്നുള്ള ഏകോദ്ദേശത്തോടുകൂടിയോ

ഈശ്വരൻ ഇവരെ നിൎമ്മിച്ചത് എന്നു സംശയം തോന്നിപ്പോകും.

അണുപ്രായമായ ഈ ജീവികൾ, മനുഷ്യശരീരത്തിൽ കടന്നുകൂടുന്നതു പല മാൎഗ്ഗമായിട്ടാണ്. മുറി, ഒരപ്പിൽ മുതലായ യാദൃച്ഛികസംഭവങ്ങൾ അവക്കു രക്തത്തിൽ കടന്നുകൂടുവാൻ തക്കതായ ഒരു വഴിയാണ്. ശ്വാസം വലിക്കുന്ന കുഴലിൽ കൂടിയും അവ ഉള്ളിൽ കടന്നുവീഴുന്നു. നാം കഴിക്കുന്ന ഭക്ഷണപദാൎത്ഥങ്ങളിൽ കലൎന്നു ആ മാൎഗ്ഗമായും അവ ശരീരത്തിൽ പ്രവേശിക്കുന്നുണ്ട്. വസൂരി, അഞ്ചാംപനി മുതലായ രോഗങ്ങളെ ഉണ്ടാക്കുന്ന വൎഗ്ഗക്കാർ പക്ഷെ, ശ്വാസം വഴിക്കായിരിക്കാം ഉള്ളിൽ കടക്കുന്നത്. നടപ്പുദീനത്തെ ഉണ്ടാക്കുന്ന ജീവി ഭക്ഷണദ്രവ്യങ്ങളിൽക്കൂടി മാത്രമാണ് മനുഷ്യരെ ബാധിക്കുന്നത്. ജാത്യാ തന്നെ തങ്ങളുടെ ആവാസസ്ഥാനങ്ങളെപ്പററി അത്ര ശ്രദ്ധയില്ലാത്ത ഈച്ചകളും, ഉറുമ്പുകളും ഭക്ഷണസാധനങ്ങളെ അശുചിയാക്കിത്തീൎക്കുവാൻ എത്ര ഉത്സാഹിക്കുന്നുണ്ടെന്നു നമുക്കെല്ലാവൎക്കും നിത്യപരിചയമാണല്ലോ.

ഈ സൂക്ഷ്മബീജങ്ങൾ ശരീരത്തിൽ പ്രവേശിച്ചാൽ ഉടനെതന്നെ രോഗചിഹ്നങ്ങൾ പ്രത്യക്ഷമാകുന്നില്ല. അല്പകാലം നിശ്ചേതനമെന്നു തോന്നത്തക്ക വിധത്തിൽ അവ അവിടെ കിടക്കുന്നു. ഈ കാലത്തിന്ന് അവയുടെ 'ചയകാല'മെന്നാണ് പേർ പറയുന്നത്. ചയകാലത്തിന്റെ ഏറക്കുറച്ചിൽ പല സംഗതികളേയും ആശ്രയിച്ചിരിക്കുന്നു, ഓരോ ജീവികളുടെ സ്വാഭാവികമായ ശക്തിപോലെയും, സമ്പ്രദായഭേദംപോലെയും, ഈ സമയം ഒന്നോ രണ്ടോ മണിക്കൂറു മുതൽ നാലാഴ്ചവരെ നീണ്ടു എന്നു വരാം. അസംഖ്യം സൂക്ഷ്മബീജങ്ങൾ ഒരേസമയത്തു ശരീരത്തിൽ പ്രവേശിപ്പാൻ ഇടയായാൽ അവയുടെ ചയകാലം എത്രയോ കുറച്ചായിട്ടും കണ്ടുവരുന്നുണ്ട്. എന്നു മാത്രമല്ല, അവ പ്രവേശിക്കുന്ന ശരീരത്തിന്റെ ആരോഗ്യാവസ്ഥയും, ആക്രമശക്തിക്ക് ഏറക്കുറച്ചിൽ ചെയ്യുമെന്നു വേറെ ചില സംഗതികളെക്കൊണ്ടു ഊഹിക്കേണ്ടിയിരിക്കുന്നു.

താരതമ്യപ്പെടുത്തി നോക്കുമ്പോൾ, എത്രയോ വലുതായിരിക്കുന്ന മനുഷ്യശരീരത്തിൽ സൂക്ഷ്മങ്ങളായ കുറെ ജീവികൾ പ്രവേശിച്ചു എന്നുള്ളതുകൊണ്ട് ആ മനുഷ്യൻ രോഗപീഡിതനായി വരേണമെന്നുണ്ടോ? പത്തോ ആയിരമോ അണുപ്രായങ്ങളായ ഒരുതരം താണ സസ്യങ്ങൾ ശരീരത്തിൽ കുടിയേറിപ്പാൎത്ത് അവയുടെ ആയുഷ്കാലം കഴിച്ചുകൂട്ടി അന്തരിച്ചുപോകയായിരുന്നു എങ്കിൽ നമുക്കു വിശേഷമായി ഒന്നും തോന്നുകയില്ലായിരുന്നു. എന്നാൽ പ്രവേശിച്ച ഉടനെ സകല ജീവവൎഗ്ഗങ്ങളുടേയും ജന്മസാഫല്യംപോലെ വിചാരിക്കപ്പെടുന്ന ഉത്പാദനശക്തിയെ അവ പ്രകടിക്കുന്നതുകൊണ്ടാകുന്നു ഈ ഉപദ്രവമൊക്കെ നേരിടുന്നത്. പിടിയാന വളരെ കാലം കൂടുമ്പോൾ ഏക സന്താനത്തെ മാത്രമെ പ്രസവിക്കുന്നുള്ളു. മനുഷ്യർ എത്രതന്നെ ഉപദ്രവികളായിരുന്നാലും, രണ്ടോ മൂന്നോ സന്തതികളെ ഒരിക്കൽ പ്രസവിക്കുന്നതു എത്രയോ അപൂൎവ്വമാണ്. എന്നാൽ ഉപദ്രവത്തിന്നു മാത്രം ഒരുമ്പെട്ടിരിക്കുന്ന ഈ ജീവവൎഗ്ഗം പര്‍മണിക്കൂറിന്നിടയിൽ ലക്ഷോപലക്ഷമായിട്ടാണ് വൎദ്ധിക്കുന്നത്. അങ്ങിനെ പെരുത്തു വൎദ്ധിക്കുന്നതോടുകൂടി ഒരു വിഷദ്രവ്യത്തെയും അവ നിൎമ്മിക്കുന്നുണ്ട്. ഈ വിഷവസ്തു ശരീരത്തിൽ വ്യാപിക്കുന്നതാകുന്നു, രോഗത്തിന്നു കാരണമായി വരുന്നത്.

ശരീരത്തിൽ ഏതെങ്കിലും ഒരു ഭാഗ

ത്തു സ്വരൂപിച്ചു വൎദ്ധിക്കയോ, അല്ലെങ്കിൽ രക്തക്കുഴലുകൾ വഴിയായി ദേഹമാസകലം വ്യാപിക്കയോ ചെയ്തു് അവ രോഗത്തെ ഉണ്ടാക്കിത്തീൎക്കുന്നുണ്ടു്. കുരു മുതലായ പഴുപ്പുകൾ അവ ഒരു സ്ഥലത്തു സ്വരൂപിക്കുന്നതു കൊണ്ടുണ്ടാകുന്നതാണു്. ന്യൂമോണിയ (Pneumonia) എന്നു പറയുന്ന ദീനത്തിൽ അവയുടെ മുഖ്യമായ ആവാസം ശ്വാസകോശങ്ങളിലാണു്. ടൈഫോയ്ഡ (Typhoid) എന്നു പറയുന്ന രോഗത്തിൽ അവയുടെ ഉഗ്രത മുഴുവൻ പക്വാശയത്തിലാണു് പ്രത്യക്ഷമായി കാണുന്നതു് എങ്കിലും, ക്രമേണ, ഈ ജീവികൾ ദേഹം ആസകലം വ്യാപിക്കയും ചെയ്യുന്നുണ്ടു്.

മിക്കാല്യം സാംക്രമികരോഗങ്ങളുടെ പ്രാഥമികചിഹ്നം ജ്വരമാകുന്നു. എന്നാൽ ചിലപ്പോൾ ശരീരത്തിലെക്കുള്ള ഇവയുടെ പ്രവേശനം തീരെ നിഷ്ഫലമായിട്ടും കണ്ടുവരുന്നുണ്ടു്. ശരീരത്തിന്നു ഇവയെ നശിപ്പിക്കുവാനുള്ള ഒരു ശക്തി സ്വാഭാവികമായി സിദ്ധിച്ചിട്ടുണ്ടു്. ദേഹം എത്രയും ആരോഗ്യത്തോടുകൂടി ഇരിക്കുന്നുവോ അത്രയും ഈ ജീവികളുടെ ആക്രമം നിഷ്ഫലമായി വരുന്നു. ശരീരത്തിൽ പ്രവേശിക്കുമ്പോൾ തന്നെ രക്തത്തിലുള്ള ചില വസ്തുക്കൾ ഈ വൎഗ്ഗക്കാരോടു യുദ്ധം വെട്ടി നില്ക്കുന്നു. രക്തത്തിലുള്ള മററു ചില അംശങ്ങൾ ഇവ നിൎമ്മിക്കുന്നതായ വിഷവസ്തുവിനെ നശിപ്പിക്കാനും ഉത്സാഹിക്കുന്നു. ആരോഗ്യം വൎദ്ധിച്ചിരിക്കുന്ന കാലത്തു രക്തത്തിന്നുള്ള മേൽപറഞ്ഞ ശക്തി ഇവയെ ജയിപ്പാൻ വേണ്ടേടത്തോളം ഉണ്ടായിരിക്കും. എന്നാൽ ശരീരം ക്ഷയിച്ചിരിക്കുമ്പോൾ ഈ ശക്തി വളരെ കുറയുകയും, അതുകൊണ്ടു ദേഹം രോഗത്തിന്നധീനമായി വരികയും ചെയ്യുന്നു.

വിവിധങ്ങളായ ബാധകളെ തടുക്കുവാൻ ജന്തുക്കൾക്കുള്ള ശക്തി പലപ്രകാരത്തിലാണു്. ചിലരുടെ ദേഹപ്രകൃതിക്കു ചില ദീനങ്ങൾ പിടിപെടുവാൻ ഒരു 'വാസന'യുണ്ടെന്നാണു പറയുന്നതു്. മാതാപിതാക്കന്മാരിൽ ആരെങ്കിലും ക്ഷയരോഗിയായിരുന്നാൽ ഉണ്ടാവുന്ന സന്തതികളുടെ ശരീരപ്രകൃതിക്കു് ആ രോഗം ബാധിപ്പാൻ ഒരു 'വാസന'യുണ്ടെന്നു ശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുന്നു. മനുഷ്യവൎഗ്ഗത്തിൽ തന്നെ പ്രത്യേകം ചില ജാതിക്കാരുടെ ദേഹപ്രകൃതിക്കു് പ്രത്യേകം ചില ദീനങ്ങൾ പിടിക്കുവാൻ ഒരു 'വാസന'യുണ്ടത്രെ. ഇതരന്മാൎക്കു ക്ഷയരോഗത്തിന്നുള്ള വാസന മററുള്ളവരെക്കാൾ തുലോം അധികമാണു്. വാസനയുണ്ടായാലും ഇല്ലെങ്കിലും, പട്ടിണികൊണ്ടോ ക്ഷീണംകൊണ്ടോ ദേഹനക്ഷയംകൊണ്ടോ ശരീരത്തിന്റെ ബലം നശിച്ചുവരുന്ന അവസ്ഥാന്തരങ്ങളിൽ, ആരോഗ്യകാലങ്ങളിൽ കടക്കുവാൻ പ്രയാസമായ ഈ ജീവികൾ മനുഷ്യന്നു് ആജന്മസിദ്ധമായ ജാതിഭേദവും, വംശശുദ്ധിയും ഗണ്യമാക്കാതെ തരം പോലെ ക്ഷയിച്ച ശരീരത്തിൽ വന്നുകൂടുമെന്നു നിസ്സംശയമായും പറയാം.

എന്നാൽ ചില രോഗങ്ങൾ തീരെ ബാധിക്കാതിരിപ്പാൻ ചിലൎക്കു് ഒരു ശക്തിയുണ്ടെന്നു ശാസ്ത്രം ഘോഷിക്കുന്നു. രോഗം പിടിപെടുവാനുള്ള പല സന്ദൎഭങ്ങളിലും പെരുമാറി, അരോഗദൃഢഗാത്രന്മാരായി ജയിച്ചു് പോന്ന ജനങ്ങൾ വളരെയുണ്ടു്. രോഗബാധയിൽ നിന്നു നിവൃത്തി പലപ്രകാരമാകാം. ചില രോഗങ്ങൾ ഒരുത്തന്റെ ആയുഷ്കാലത്തിൽ ഒരിക്കലെയുണ്ടാകയുള്ളു. മററു ചിലതു പാരമ്പൎയ്യമായി അനുഭവമാണെങ്കിലും സന്താനങ്ങളിൽ ഉഗ്രത കുറഞ്ഞു ഒടുവിൽ ഒരു കാലത്തു ആന്ത

വാദിക്കാരെ തീരെ ബാധിക്കാതെയും വരാം. കുത്തിവെക്കുന്നതുകൊണ്ടും ചില രോഗങ്ങളിൽനിന്നു കുറെ കാലത്തേക്കെങ്കിലും നിവാരണം സിദ്ധിക്കുന്നതാണ്.

മേൽപ്രസ്താവിച്ച സംഗതികളെക്കൊണ്ടു വൃത്തിയും, ശുദ്ധിയും, ശരീരശക്തിയും രോഗത്തിൽനിന്നു രക്ഷപെടുവാൻ എത്രമാത്രം ആവശ്യകങ്ങളായ സംഗതികളാകുന്നു എന്നു സ്പഷ്ടമാകുന്നു. കഴിച്ചാൽ മാറാത്തതായ ചില രോഗങ്ങൾ മനുഷ്യരെ ചിലപ്പോൾ ആക്രമിക്കുന്നില്ലെന്നു പറഞ്ഞുകൂടാ. എങ്കിലും ശുദ്ധിയും, വൃത്തിയും, ശക്തിയും പരിപാലിക്കേണ്ടുന്ന ധൎമ്മങ്ങളാണെന്നു ജനങ്ങൾക്കു ബോദ്ധ്യമുണ്ടായിരുന്നു എങ്കിൽ ഈ ലോകത്തിൽ രോഗികളുടെ സംഖ്യ എത്രയും കുറയുമായിരുന്നു.

എ. രാമപ്പൊതുവാൾ, ബി. എ., എൽ. എം. എസ്സ്.

## കമ്പിത്തപ്പാലും
# രാജകീയരഹസ്യവും

ഗവൎമ്മെണ്ടിനെസ്സംബന്ധിച്ചുള്ള സ



കാൎയ്യവൎത്തമാനങ്ങളെ ദൂരത്തിലിരിക്കുന്ന ഉദ്യോഗസ്ഥന്മാർ കമ്പിമൂലം അറിയിച്ചുകൊടുക്കുമ്പോൾ, അവയെ മറ്റുള്ളവർ അറിയാതെ കഴിപ്പാൻ വല്ലതായ മുൻകരുതലുകൾ ചെയ്യാതിരുന്നാൽ, കാൎയ്യങ്ങൾ തലകീഴമറിഞ്ഞുപോകുവാൻ വളരെ എളുപ്പമാണ്. യുദ്ധം നടക്കുമ്പോഴും മറ്റും യുദ്ധക്രമത്തിന്റെ ആലോചനകൾ ശത്രുപക്ഷക്കാരുടെ കയ്യിലകപ്പെട്ടാൽ വന്നുകൂടാവുന്ന ആപത്തുകളെ കണക്കാക്കുവാൻപോലും സാധിക്കുന്നതല്ല. അതുകൊണ്ടു യുദ്ധകപ്പലുകൾ തമ്മിൽ വൎത്തമാനങ്ങൾ അറിയിക്കുമ്പോൾ ഇക്കാൎയ്യത്തിൽ പ്രത്യേകം ശ്രദ്ധ വെക്കേണ്ടിയിരിക്കുന്നു. അധികൃതന്മാർ ഈ വക വൈഷമ്യങ്ങൾക്കു പല പരിഹാരങ്ങളും കണ്ടുപിടിച്ചുവെച്ചിട്ടുണ്ട്.

ദൂരത്തിലിരിക്കുന്ന ഉദ്യോഗസ്ഥന്മാർ സാധാരണയായി കമ്പിയടിക്കുന്നത് ഒരു പ്രത്യേകരീതിയിലാണ്. വൎത്തമാനം അറിയിക്കുന്നാൾക്കും അറിയേണ്ടാൾക്കും മാത്രം മനസ്സിലായിട്ടുള്ള സങ്കേതങ്ങളെ അവലംബിച്ചുകൊണ്ടാണ് അവർ ഇക്കാൎയ്യം നിൎവ്വഹിക്കുന്നത്. ഇന്നവിധം കമ്പിയടിച്ചാൽ ഇന്ന താല്പൎയ്യമാണെന്ന് ഒരു പ്രത്യേക സങ്കേതം ചെയ്തിട്ടുണ്ടാകും. ആ സങ്കേതം ഇതരന്മാൎക്ക് അറിവാൻ കഴിയുന്നതുമല്ല. പറഞ്ഞതു മനസ്സിലാക്കുവാൻ മാത്രം കഴിയുന്ന ഇതരജനങ്ങൾക്കു കമ്പിയുടെ താല്പൎയ്യത്തിൽ അണുമാത്രമെങ്കിലും അവഗാഹമുണ്ടാകയില്ല. 'പാലക്കാട്ടേക്കു വഴി ഏതാണ്?' എന്നു ചോദിക്കേണ്ടദിക്കിൽ, 'പാണ്ടൻകാളക്കു പല്ലെത്ര?' എന്നാണു ചോദ്യമെങ്കിൽ മറ്റുള്ളവൎക്ക് എങ്ങിനെയാണ് മനസ്സിലാവുക! എന്നാൽ ഈ ജാതി സങ്കേതങ്ങളിൽ യാതൊരു നിയമവും ഉണ്ടായിരിക്കയില്ലെന്നു പറഞ്ഞുകൂടാ. അതിലുള്ള നിയമം കണ്ടുപിടിപ്പാൻ അശക്യമാക്കുവാനായി അതിനെ പാടുള്ളേടത്തോളം ഗഹനമാക്കിത്തീൎത്തിട്ടുണ്ടാവും. എങ്കിലും

വളരെ പ്രയത്നം ചെയ്താൽ ചിലപ്പോൾ ത്താൽപക്ഷം കണ്ടുപിടിപ്പാൻ സാധിച്ചുവെന്നു വന്നേക്കാം. പക്ഷെ, അതു കണ്ടെത്തുവാനുള്ള ശ്രമം സഫലമാകുമ്പോഴക്ക് അറിഞ്ഞിട്ടുള്ള ആവശ്യം മറുകര കടക്കമെന്നുള്ളു. മേല്പറഞ്ഞ ശ്രമത്തെ എട്ടോ പത്തോ അക്ഷരങ്ങളുള്ള അക്ഷരപ്പൂട്ടു തുറന്നു പെട്ടിയിൽനിന്നു പണം മോഷ്ടിക്കാനുള്ള ശ്രമത്തോട് ഏകദേശം ഉപമിക്കാവുന്നതാണ്. പൂട്ടു തുറക്കുമ്പോഴക്കു നേരം പുലന്നുവെന്നു വരുവാനായിരിക്കും അധികം എളുപ്പം. ഒരു സങ്കേതത്തെ ധരിച്ചുവെച്ചു ഫലം സമ്പാദിക്കുന്നതിന്നുമുമ്പായി ആ സങ്കേതത്തിൽ ചില ഭേദഗതികൾ വരുത്തിക്കളയുന്നതിനാൽ അതിനെ രണ്ടാമതൊരു പ്രാവശ്യം പരീക്ഷിപ്പാൻ സാധിക്കുന്നതുമല്ല. നല്ല രാജ്യതന്ത്രനിപുണന്മാർ ഒരു സങ്കേതത്തെത്തന്നെ അധികകാലത്തേക്കു മാറാതെ വെച്ചുകൊണ്ടിരിക്കയില്ല. ഏതു സങ്കേതഭാഷയേയും വായിച്ചു മനസ്സിലാക്കുവാൻ തനിക്കു ശക്തിയുണ്ടെന്നഭിമാനിക്കുന്ന ഒരു കെങ്കേമനുണ്ട്. ഇയാളുടെ പേർ മാർസിനി എന്നാണ്.

ഒരു കാലത്തു ബ്രിട്ടീഷു ഗവർമ്മെണ്ടുകാർ ഉപയോഗിച്ചിരുന്ന സങ്കേതഭാഷ, എഴുതി അറിയിക്കുന്നവർക്കും അറിയുന്നവർക്കും ഉണ്ടാകുന്ന പ്രയത്നത്തിന്റെ അവസ്ഥക്കനുസരിച്ച് കഠിനമായിരുന്നില്ല. എ-ക്കു പകരം ബി, ബിക്കു പകരം സി ഇങ്ങിനെ വാക്കുകളെ രചിക്കുകയായിരുന്നു ആ ഭാഷയുടെ രീതി. ഈ രീതി എഴുതിയുണ്ടാക്കുന്നവർക്കു വായിക്കുന്നവർക്കും ബുദ്ധിമുട്ടുണ്ടാക്കിത്തീർക്കുന്നുവെന്നല്ലാതെ ഇതിന്നു വലുതായ ദുർഗ്രാഹ്യതയുണ്ടെന്നു പറവാൻ പാടുള്ളതല്ല. വാക്കുകൾക്കു പകരം ചില അക്കങ്ങളെ ഉപയോഗപ്പെടുത്തുന്ന ഒരു സങ്കേതഭാഷ നടപ്പിലുണ്ടായിരുന്നു. ഈ ഭാഷ വായിച്ചു മനസ്സിലാക്കേണമെങ്കിൽ ഒരു സങ്കേതപുസ്തകത്തിന്റെ സഹായം ഒഴിച്ചുകൂടാത്തതാകുന്നു. ആ പുസ്തകം നോക്കി ഏത് അക്കംകൊണ്ടേതു വാക്കു ഗ്രഹിക്കേണമെന്നു മനസ്സിലാക്കുകല്ലാതെ അവയെ മുഴുവൻ ഓർമ്മയിൽവെച്ചു കാര്യം ധരിപ്പാനുള്ള ശക്തി സാധാരണ മനുഷ്യർക്ക് ഉണ്ടാവാത്തതാണ്. സങ്കേതത്തിലുള്ള സൂത്രപ്രയോഗങ്ങളെ ധാരണയിൽ വെച്ചു വായിച്ചറിവാൻ കഴിയുന്ന സങ്കേതഭാഷയാണ് ഉത്തമമായി ഗണിക്കപ്പെടുന്നത്.

യുദ്ധക്കപ്പലുകൾ തമ്മിൽ കാര്യങ്ങൾ അറിയിപ്പാനായി സങ്കേതപുസ്തകങ്ങളെയാണ് ഇതുവരെ ഉപയോഗിച്ചിരുന്നത്. അവക്ക് അന്യോന്യം അറിയിക്കേണ്ട സംഗതികൾ വളരെ കുറച്ചുമാത്രമെ ഉണ്ടാകയുള്ളു. അതുകൊണ്ടു പുസ്തകം വെക്കുന്നതാണ് അവക്കു സുകരമായിരിക്കുക. ഈ പുസ്തകങ്ങളെ ഭദ്രമായി സൂക്ഷിക്കേണ്ടതു ചുമതല കപ്പലിലെ തലയാളിക്കാണ്. സൈന്യത്തിലുള്ള വല്യ ഉദ്യോഗസ്ഥന്മാർക്കും കമ്പിയടിക്കേണ്ടിവരുമ്പോൾ അവർ, അടിക്കേണ്ട സംഗതിയെ സാധാരണ വാചകങ്ങളിൽ എഴുതി സങ്കേതപുസ്തകസൂക്ഷിപ്പുകാരന്റെ കയ്യിൽ കൊടുക്കും. എഴുതി കൊടുത്തിട്ടുള്ള വാക്കുകൾക്ക് അനുരൂപങ്ങളായ സങ്കേതശബ്ദങ്ങളെ ആയാൾ പുസ്തകത്തിൽനിന്നു തിരഞ്ഞു കുറിച്ചെടുത്തു കൊടികാട്ടുന്ന ആളുടെ പക്കൽ ഏല്പിച്ചു കൊടുക്കും. ആയാൾ ആ വാക്കുകളെ കൊടികാട്ടി മറ്റുള്ളവരെ അറിയിക്കയും ചെയ്യും.

ഈ സങ്കേതപുസ്തകം സൂക്ഷിക്കുന്ന കാര്യത്തിൽ വളരെ ജാഗ്രത ചെയ്യാറുണ്ട്. പുസ്തകം ശത്രുപക്ഷക്കാരുടെ കയ്യിലകപ്പെടാ

ത്തെ ഭദ്രമായി സൂക്ഷിപ്പാൻ കപ്പലിലെ തലയാളി ചുമതലപ്പെട്ടിരിക്കുന്നു. ശത്രുക്കൾ തങ്ങളുടെ കപ്പൽ പിടിച്ചടക്കുവാൻ ഇടയാകുമെന്നു തോന്നിയാൽ പുസ്തകം സമുദ്രത്തിലേക്കു എറിഞ്ഞുകളയേണമെന്നാണു നിശ്ചയം. അങ്ങിനെ എറിയപ്പെടുന്ന പുസ്തകം വേഗം വെള്ളത്തിൽ ആണ്ടുപോകുന്നതിന്നായി അതിന്റെ ചട്ടകളെ കനമുള്ള ലോഹംകൊണ്ടു നിൎമ്മിച്ചിട്ടുമുണ്ടാകും. ഒരു നൂറു കൊല്ലങ്ങൾക്കിപ്പുറം ബ്രിട്ടീഷു നാവികസൈന്യത്തിലെ സങ്കേതപുസ്തകം മറ്റുള്ളവൎക്കു കിട്ടുവാനിടവന്നിട്ടില്ലെന്നുള്ള സംഗതി അതിലെ ഉദ്യോഗസ്ഥന്മാൎക്കു അഭിമാനഹേതുവായിരിക്കുന്നു. ഒരിക്കൽ മദ്യപാനം ചെയ്തു തന്റേടമില്ലാതായ ഒരു പുസ്തകസൂക്ഷിപ്പുകാരൻ പുസ്തകം കടലിൽ കളഞ്ഞുവെങ്കിലും, അതിനെ സൈന്യത്തിലെ വളരെ ആളുകൾകൂടി മുങ്ങിത്തപ്പി വീണ്ടും കൈവശമാക്കുകയാൽ അത്തവണ പുസ്തകം മാറാതെ തന്നെ കഴിഞ്ഞുകൂടി. ഒരു പുസ്തകം മാറുന്നതായാൽ അതിന്നു വളരെ അദ്ധ്വാനവും ചിലവും വേണ്ടിവരുന്നതാണു.

കമ്പിയില്ലാക്കമ്പി കണ്ടുപിടിച്ചതോടുകൂടി യുദ്ധക്കപ്പലുകളിൽ വെക്കുന്ന പുസ്തകങ്ങളുടെ ആവശ്യം കുറഞ്ഞു തുടങ്ങിയിരിക്കുന്നു. കമ്പിയില്ലാക്കമ്പിമൂലം വൎത്തമാനം അറിയിക്കുമ്പോൾ ആരെ അറിയിക്കേണ്ടുമെന്നുദ്ദേശിക്കുന്നുവോ ആയാൾക്കല്ലാതെ മറ്റൊരാൾക്കും അതറിവാൻ പാടില്ലാത്ത വിധത്തിലാണു കമ്പിയില്ലാക്കമ്പിയുടെ നിൎമ്മാണം. അതുകൊണ്ടു വൎത്തമാനം രഹസ്യമാക്കിത്തീൎപ്പാൻവേണ്ടി ഭാഷ മാറുക തുടങ്ങിയുള്ള കൌശലപ്രയോഗങ്ങളൊന്നും കൂടാതെ കഴിപ്പാൻ സാധിക്കുന്നതാണു. ഇങ്ങിനെ നേരിട്ടറിയിപ്പാൻ സൌകൎയ്യം കിട്ടുന്നതുകൊണ്ടു വളരെ ഗുണങ്ങളുണ്ടു. വൎത്തമാനം അറിയിപ്പാൻ അധികം താമസം നേരിടുകയില്ലെന്നുള്ളതു അവയിൽ പ്രധാനമായിട്ടുള്ള ഒന്നാകുന്നു. ഒരു മിനിട്ടു നേരത്തിന്റെ അന്തരംകൊണ്ടു കാൎയ്യങ്ങൾ തലകീഴ്മറിയുവാൻ തക്കവണ്ണം അത്ര അതിവേഗത്തിൽ ലോകചക്രം തിരിഞ്ഞുകൊണ്ടിരിക്കുന്ന ഈ ഇരുപതാം നൂറ്റാണ്ടിൽ മേല്പറഞ്ഞ ഗുണം എത്രമാത്രം അമൂല്യമായിരിക്കുന്നു. ഇതിന്നും പുറമെ പുസ്തകം സൂക്ഷിപ്പാനുള്ള ബുദ്ധിമുട്ടുകളും കരുതലുകളും മേലിൽ വേണ്ടിവരികയില്ലെന്നുള്ള അംശവും ആശാസ്യമായ ഒന്നുതന്നെയാണു. പാശ്ചാത്യലോകം പുതിയ പുതിയ കല്പനാകൌശലങ്ങളെക്കൊണ്ടു ലോകത്തെ വിസ്മയിപ്പിച്ചുകൊണ്ടിരിക്കുന്ന കഥയെ നാം അറിഞ്ഞഭിനന്ദിപ്പാൻപോലും അശക്തന്മാരായിരിക്കുന്നതിൽപരം അനുശോചനീയമായിട്ടെന്താണുള്ളതു?

# വിശ്വനാഥനായകൻ



തങ്ങളുടെ സ്വന്തപരിശ്രമംകൊണ്ടു പ്രസിദ്ധി നേടി ഇന്ത്യയിൽ പലേടങ്ങളിലുമായി ഓരോ രാജ്യങ്ങൾ സ്ഥാപിച്ച പ്രഗത്ഭ പുരുഷന്മാരുടെ കൂട്ടത്തിൽ മധുരയിലെ നായകവംശസ്ഥാപകനായ വിശ്വനാഥൻ ഒരു ഉൽകൃഷ്ടസ്ഥാനത്തിന്നു അൎഹനാകുന്നു. സൈന്യങ്ങളുടെ ചാപല്യം നിമിത്തവും പ്രജകൾക്കു രാജാക്കന്മാരുടെ നേരെയുള്ള രാജനിഷ്ഠ

യുടെ ശൈഥില്യംകൊണ്ടും രാജാക്കന്മാരുടെ ദൌർബ്ബല്യംകൊണ്ടും ഇന്ത്യാചരിത്രത്തിലെ മദ്ധ്യകാലീനരാജവംശങ്ങൾ ഏറെവും അസ്ഥിരങ്ങളും ക്ഷണഭംഗുരങ്ങളും ആയിരുന്നു എന്ന് എല്ലാവക്കും അറിയാവുന്ന സംഗതിയാണ്. രാജവംശങ്ങളുടെ ഉന്നതിയും അധോഗതിയും നിത്യസംഭവമായിരുന്ന കാലത്ത് ഒരു പുതിയ രാജവംശത്തിന്റെ സംസ്ഥാപനത്തെപ്പററി ഒരു പ്രത്യേകവിശേഷത്തോടുകൂടി വിചാരിപ്പാനില്ലെങ്കിലും വിശ്വനാഥന്റെ അനന്യസാധാരണങ്ങളായ അത്ഭുതകൃത്യങ്ങൾ ഗുണാഗുണജ്ഞന്മാരായ ചരിത്രകാരന്മാരുടെ ശ്രദ്ധയെ ആകർഷിക്കത്തക്കതായ ഒരു പ്രത്യേകവിശേഷമുണ്ടെന്നു നിസ്സംശയം പറയാം. വിശ്വനാഥനോളം യോഗ്യതയില്ലാത്തവർ പലരും തങ്ങളുടെ പരാക്രമംകൊണ്ടോ, അല്ലെങ്കിൽ പ്രബലന്മാരായ പാർശ്വജനങ്ങളുടെ സഹായംകൊണ്ടോ രാജാക്കന്മാരായിത്തീർന്നിട്ടുണ്ടെങ്കിലും അവക്കാക്കും വിശ്വനാഥനെപ്പോലെ തങ്ങളുടെ പ്രവൃത്തിയുടെ സ്മാരകചിഹ്നങ്ങൾ നിലനിൎത്തുവാൻ സാധിച്ചിട്ടില്ല. തന്റെ കൃത്യങ്ങൾകൊണ്ടു തന്റെ കീഴിലുള്ള സൈന്യങ്ങളുടെ നിരതിശയമായ പ്രീതി സമ്പാദിക്കാൻ കഴിഞ്ഞ ഒരു യോദ്ധാവാണെന്നു കാണിച്ചതിന്നു പുറമെ ജനങ്ങളുടെ സ്വഭാവത്തെപ്പററി നല്ല പരിജ്ഞാനവും രാജ്യകാൎയ്യവിഷയങ്ങളിൽ അസാമാന്യമായ നൈപുണ്യവും മഹത്തായ ഏൎപ്പാടുകൾ ചെയ്യുന്നതിൽ നല്ല സാമൎത്ഥ്യവും തനിക്കുണ്ടെന്നു വിശ്വനാഥൻ തെളിയിച്ചു. കാലോചിതമായ കാൎയ്യങ്ങളും ആവശ്യങ്ങളും അദ്ദേഹം ശരിയായി അറിഞ്ഞ് അവയെ നിറവേററാനുള്ള ഉപായങ്ങളും വഴികളും കണ്ടുപിടിച്ചു, താറുമാറായി കിടന്നിരുന്ന കാൎയ്യങ്ങളെ ലേശം ചാഞ്ചല്യം കൂടാതെ വ്യവസ്ഥപ്പെടുത്തി. പ്രതാപമെല്ലാം നശിച്ചു രാജാക്കന്മാരെന്ന പേരു മാത്രം ശേഷിച്ച പാണ്ഡ്യരാജാക്കന്മാരുടെ കീഴിലുണ്ടായിരുന്ന സാമന്തന്മാർ അവക്ക കീഴടങ്ങാതെയും അവരെ ധിക്കരിച്ചും സ്വതന്ത്രരാജാക്കന്മാരെപ്പോലെ തങ്ങളുടെ രാജ്യം വാണിരുന്നു. ഇപ്രകാരം പലെ ചെറുരാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്ന മധുരാരാജ്യത്തെ തന്റെ ഏകശാസനയിൻ കീഴിലാക്കി വിശ്വനാഥൻ അതിനെ ഒരു പ്രബലരാജ്യമാക്കിത്തീൎത്തു. മധുരാരാജ്യത്തിലുണ്ടായിരുന്ന ചെറുരാജ്യങ്ങളെല്ലാം ഒന്നാക്കിച്ചേൎത്ത് അതിനെ നല്ല സ്ഥിതിയിൽ വരുത്തുവാൻ വിശ്വനാഥൻ ചെയ്ത പ്രയത്നങ്ങളുടെ പരിപൂൎത്തിനിമിത്തം രാജ്യപരിവൎത്തനങ്ങൾ സൎവ്വസാധാരണമായിരുന്ന ആ കാലത്തുകൂടി അദ്ദേഹത്തിന്റെ പിന്തുടൎച്ചക്കാരിൽ വളരെ പേർ കൊള്ളരുതാത്തവരായിരുന്നിട്ടും അദ്ദേഹം സ്ഥാപിച്ച രാജ്യം ഇരുനൂറുകൊല്ലത്തോളം നിലനിന്നുപോന്നു.

ക്രിസ്ത്വബ്ദം 1530 മുതൽ 1567 വരെ വിജയനഗരത്തിൽ ചക്രവൎത്തികളായി വാണിരുന്ന അച്യുതരായന്റെയും സദാശിവരായന്റെയും സേനാപതിയുടെ നിലയിൽ വളരെ പ്രസിദ്ധി നേടിയവനും തന്റെ സാമൎത്ഥ്യംകൊണ്ടും പരിശ്രമംകൊണ്ടും വിജയനഗരം രാജ്യത്തിലെ പ്രഭുക്കന്മാരുടെ ഇടയിൽവെച്ചു പ്രധാനിയായിത്തീൎന്നവനും ആയ നാഗപ്പനായഡുവാണ് വിശ്വനാഥന്റെ അച്ഛൻ. ചക്രവൎത്തിയുടെ അധീനത്തിലുള്ള 40000 കുതിരപ്പടയാളികളുടെയും 4000 ആനപ്പടയാളികളുടെയും 10000 ഒട്ടകപ്പടയാളികളുടെയും നേതാവായിരുന്നതിന്നു പുറമെ നാഗപ്പനു സ്വന്തമായി 6000 കുതിരപ്പടയാളികളും 20000 കാലാൾ പടയും ഉണ്ടായിരുന്നു. നാഗപ്പന്റെ സ്വന്ത

സൈന്യത്തിന്റെ ചിലവിലെക്കു വിജയനഗര ചക്രവൎത്തികളുടെ കീഴിലുള്ള പണ്ണക്കാരായ പ്രഭുക്കന്മാരോടും ജന്മികളോടും കരം പ്രത്യേകിച്ചു പിരിക്കാൻ ഗവൎമ്മെണ്ടു നാഗപ്പനെ അധികാരപ്പെടുത്തിയിരുന്നു. പരമാൎത്ഥകഷേച്ഛുവും മഹാശൂരനുമായ നാഗപ്പനായകൻ വിജയനഗരസാമ്രാജ്യത്തെ അതിന്റെ ശത്രുക്കളിൽ നിന്നു പലപ്പോഴും രക്ഷിച്ചുപോന്നു. വളരെ സ്വത്തുള്ള തന്റെ കുഡുംബത്തെയും അതിന്റെ യശസ്സിനെയും നിലനിൎത്തുന്നതിനു നാഗപ്പനു സന്താനം ഉണ്ടായില്ല. അയാൾ വളരെ നേൎച്ചകളും വ്രതാനുഷ്ഠാനാദികളും പ്രാൎത്ഥനകളും കഴിച്ചിട്ടും സന്തതിയുണ്ടാവാതെ ഒടുക്കം നാഗപ്പൻ കാശിയിൽപോയി വിശ്വനാഥസ്വാമിയെ വളരെ ഭക്തിയോടുകൂടി സേവിച്ചു. സ്വാമിയുടെ കൃപാകടാക്ഷംകൊണ്ടു നാഗപ്പനു് ഒരു പുത്രൻ ഉണ്ടായി. ആ കുട്ടിക്കു് അയാൾ വിശ്വനാഥസ്വാമിയുടെ പേരുതന്നെ ഇട്ടു. ക്രിസ്ത്വബ്ദം 1510-ാമാണ്ടിനടുത്താണു് വിശ്വനാഥന്റെ ജനനം. വിശ്വനാഥൻ തന്റെ അച്ഛന്റെ കീഴിൽതന്നെ ആയുധാഭ്യാസം മുതലായതു ശീലിച്ചു. വിജയനഗരത്തെ പലപ്പോഴും ആക്രമിച്ചിരുന്ന മുസല്മാന്മാരോടു യുദ്ധം ചെയ്തു് അവരെ തോല്പിച്ചു ചെറുപ്പത്തിൽ തന്നെ വിശ്വനാഥൻ പ്രസിദ്ധനായിത്തീൎന്നു. കാലക്രമംകൊണ്ടു വിശ്വനാഥൻ തന്റെ അച്ഛന്റെ കീൎത്തിക്കു തുല്യമായ കീൎത്തി സമ്പാദിക്കുകയും ചക്രവൎത്തിയുടെ ഒരു സൈന്യവിഭാഗത്തിന്റെ നേതാവായിത്തീരുകയും ചെയ്തു.

ക്രിസ്ത്വബ്ദം 1550-ാമാണ്ടിന്നടുത്ത കാലത്തു ദക്ഷിണഇന്ത്യയിൽ ഉണ്ടായ ഒരു കാൎയ്യം നിമിത്തം വിശ്വനാഥന്റെ യോഗ്യതാപൂൎവ്വാധികമായിത്തീരുകയും കാലാന്തരത്തിൽ അദ്ദേഹത്തിനു രാജാവു് എന്ന സ്ഥാനം ലഭിച്ചില്ലെങ്കിലും രാജയോഗമായ പദവി സിദ്ധിക്കുകയും ചെയ്തു. ആ കാലത്തു ചോളരാജ്യം വാണിരുന്ന വീരശേഖരൻ ദുൎബ്ബലനും ചപലഹൃദയനുമായ ചന്ദ്രശേഖരപാണ്ഡ്യരാജാവിന്റെ രാജ്യത്തെ ആക്രമിക്കുകയും അദ്ദേഹത്തിന്റെ രാജധാനിയെയും രാജ്യത്തിന്റെ അധികഭാഗത്തെയും പിടിച്ചടക്കുകയും ചെയ്തു. പാണ്ഡ്യരാജാവു ചോളരാജാവിന്റെ അക്രമമായ പ്രവൃത്തിയെപ്പറ്റി തങ്ങൾ രണ്ടുപേരുടെയും അധിപതിയായ സദാശിവരായന്റെ അടുക്കൽ ചെന്നു് ആവലാതി പറഞ്ഞു. ചോളരാജാവിനു തക്കതായ ശിക്ഷകൊടുത്തു പാണ്ഡ്യരാജാവിന്റെ രാജ്യം തിരിയെ കൊടുപ്പിക്കാനായി സദാശിവരായൻ ഉടനെ തന്റെ സേനാപതിയായ നാഗപ്പനായകനെ അയച്ചു. നാഗപ്പൻ തഞ്ചാവൂർ പട്ടണത്തെ ആക്രമിക്കുകയും ചോളരാജ്യത്തിൽ പലേടങ്ങളിലും നാശം വരുത്തി ചോളരാജാവിനെ വലിയ കഷ്ടസ്ഥിതിയിലാക്കുകയും ചെയ്തതിനാൽ അദ്ദേഹം നാഗപ്പനു കീഴടങ്ങി. നാഗപ്പൻ ഏൎപ്പെട്ട കാൎയ്യം മിക്കതും സഫലമായി. ചന്ദ്രശേഖരപാണ്ഡ്യനു രാജ്യം മടക്കിക്കൊടുക്കേണ്ട കൃത്യം മാത്രം ബാക്കിയുണ്ടായിരുന്നു. യാതൊരു രക്ഷയും ഇല്ലാത്ത സുപ്രസിദ്ധമായ മധുരാപട്ടണത്തെ കണ്ട മാത്രയിൽതന്നെ അതിനെ തന്റെ സ്വന്തരാജ്യം ആക്കാനുള്ള മോഹം നാഗപ്പന്റെ മനസ്സിൽ ജനിച്ചു. വിജയനഗരം വളരെ ദൂരത്തായിരുന്നതിനാലും തന്റെ കീഴിലുള്ള അനവധി സൈന്യങ്ങൾ നാഗപ്പന്റെ നേരെ വളരെ ഭയഭക്തിയുള്ളവരായിരുന്നതിനാലും വിജയനഗരം പ്രഭുക്കൾ തമ്മിലുള്ള അന്തഃഛിദ്രംകൊണ്ടും മത്സരംകൊണ്ടും സദാശിവരായനു സ്വന്തരാജ്യത്തിൽതന്നെ വളരെ ബുദ്ധിമുട്ടുകൾ ഉ-

ണ്ടായിരുന്നതിനാലും നാഗപ്പൻ ഈ അവസരത്തിൽ ചക്രവർത്തിയുടെ നേരെയുള്ള രാജഭക്തി വെടിഞ്ഞ് ഒരു രാജദ്രോഹിയായിത്തീൎന്ന് നിസ്സഹായനായ പാണ്ഡ്യരാജാവിനെ തടവിലാക്കി താൻതന്നെ മധുരയിലെ രാജാവായി വാണു. ശാന്തമായി ധൈൎയ്യത്തോടുകൂടി ചക്രവർത്തിയുടെ ആക്രമണത്തെ പ്രതീക്ഷിച്ചുംകൊണ്ടു നാഗപ്പൻ മധുരയിൽ താമസിച്ചു.

തന്റെ സേനാധിപന്റെ വിജയത്തെയും അയാളുടെ രാജദ്രോഹകരമായ പ്രവൃത്തിയേയും പററി സദാശിവരായന്ന് അറിവു കിട്ടിയപ്പോൾ, താൻ നാഗപ്പനു ചെയ്തിട്ടുള്ള ഉപകാരങ്ങളെല്ലാം അയാൾ വിസ്മരിച്ചു തന്റെ നേരെ ഇത്ര നന്ദികേടോടും അവമതിയോടുംകൂടി പ്രവൃത്തിച്ചതിനെപ്പററി ചക്രവർത്തിക്കു വളരെ സുഖക്കേടു തോന്നി. നാഗപ്പനെപ്പോലെ മററുള്ളവരും പ്രവൃത്തിക്കാതിരിപ്പാൻ വേണ്ടി ചക്രവർത്തി ഉടനെതന്നെ തന്റെ അമാത്യന്മാരെയും പ്രഭുക്കന്മാരെയും സേനാധിപന്മാരെയും ആളയച്ചു വരുത്തി ഒരു സഭ കൂടി. അതിൽ വെച്ചു നാഗപ്പന്റെ പ്രവൃത്തികൊണ്ടു സാമ്രാജ്യത്തിന്നു വരാൻ പോകുന്ന ആപത്തുകളെ സവിസ്താരം പ്രതിപാദിച്ചതിന്റെ ശേഷം അദ്ദേഹം അവിടെ കൂടിയിരുന്ന അനേകം പേരിൽ ആരെങ്കിലും ഈ രാജദ്രോഹിയുടെ ധിക്കാരത്തിന്നു തക്കതായ പ്രതിക്രിയ ചെയ്തു അവന്റെ തല ജയഭേരിയോടുകൂടി രാജധാനിയിലേക്കു കൊണ്ടുവരാൻ കഴിയുമോ എന്നു വളരെ സംരംഭത്തോടുകൂടി ചോദിച്ചു. ചക്രവർത്തിയുടെ സൈന്യങ്ങളോടു പട പൊരുതി വളരെ കാലം എതിർത്തു നില്പാനുള്ള സാമൎത്ഥ്യവും ശൌൎയ്യവും ദ്രവ്യസാമഗ്രിയും നാഗപ്പനുണ്ടെന്നു സഭയിലുണ്ടായിരുന്ന എല്ലാവൎക്കും നല്ലപോലെ അറിവുണ്ടായിരുന്നതുകൊണ്ടു അവിടെ കൂടിയിരുന്നവരിൽ ആൎക്കും ചക്രവർത്തിയുടെ ചോദ്യത്തിന്നു തക്ക മറുവടിപറവാനും ധൈൎയ്യമുണ്ടായില്ല. ഒടുക്കം അവിടെ കൂടിയിരുന്നവരുടെ ഇടയിൽനിന്നു ശ്രീമാനും രാജത്വമുള്ളവനും നവയൌവനയുക്തനും ദൃഢഗാത്രനും ഒരു യോദ്ധാവിനെപ്പോലെ തോന്നപ്പെടുന്നവനും കാണികളുടെ വിസ്മയത്തിന്നു പാത്രീഭൂതനും ആയ ഒരാൾ എഴുന്നേററുനിന്നു. ആ ആൾ വിശ്വനാഥനായിരുന്നു. അദ്ദേഹം തന്റെ അച്ഛന്റെ വിശ്വാസവഞ്ചനയേയും സ്വാമിദ്രോഹത്തേയും പററി ഗൌരവമായി അധിക്ഷേപിക്കയും താൻ ആജീവനാന്തം ചക്രവർത്തിയുടെ നേരെ ഭക്തിയോടും വണക്കത്തോടുംകൂടി അനുവൎത്തിക്കുന്നതാണെന്നു ശപഥം ചെയ്തതിന്റെ ശേഷം അച്ഛന്റെ നേരെ യുദ്ധത്തിന്നായി തന്നെ അയക്കേണമെന്നു വിശ്വനാഥൻ ഗാഢാഭിലാഷത്തോടുകൂടി ചക്രവർത്തിയോടു പ്രാൎത്ഥിക്കയും ചെയ്തു. ചക്രവർത്തിക്കു ആദ്യം അയാളെപ്പററി സംശയമുണ്ടായി എങ്കിലും അയാളുടെ സധൈൎയ്യമായും സരളമായുമുള്ള നടവടിയേയും അയാൾ വാഗ്ഗൌരവത്തോടും നിൎബ്ബന്ധത്തോടും കൂടി ചെയ്ത പ്രാൎത്ഥനയേയും അയാളുടെ പ്രസിദ്ധിയേയും വഴിപോലെ ആലോചിച്ചപ്പോൾ അയാൾ വിശ്വാസയോഗ്യനാണെന്നും തന്റെ വിശ്വാസം അസ്ഥാനത്തിലാവില്ലെന്നും ചക്രവർത്തിക്കു ബോദ്ധ്യമായി.

ഇപ്രകാരം ആൎക്കുവേണ്ടി നാഗപ്പൻ തന്റെ വിശ്വാസ്യതയെ ബലി കഴിച്ചും മനസ്സാക്ഷിയെ ദൂരെക്കളഞ്ഞും അന്യായമായും അത്രമേൽ കഷ്ടകരമായുമുള്ള ജീവിതയാത്ര ആരംഭിച്ചുവോ, ആ ആൾതന്നെ, ദൈവദുൎവ്വിധിനിമിത്തം നാഗപ്പന്റെ ഉ

ദ്ദേശങ്ങളെ നിറവേറ്റുന്നതിന്നു മുഖ്യപ്രതിബന്ധമായി തീൎന്നു. വിശ്വനാഥൻ അതിവേഗത്തിൽ ചക്രവൎത്തിയുടെ സൈന്യങ്ങളോടുകൂടി കൎണ്ണാടകരാജ്യം കടന്നു മധുരയിലെ അതൃത്തിയിലെത്തി നാഗപ്പന്റെ സൈന്യത്തോട് എതിൎത്തു, ന്യായവും സത്യവും വിശ്വനാഥന്റെ ഭാഗത്തായിരുന്നതുകൊണ്ടും അയാളുടെ വ്യൂഹരചനയുടെ വിശേഷംകൊണ്ടും പരാക്രമംകൊണ്ടും വിശ്വനാഥൻ യുദ്ധത്തിൽ വിജയിയായി ഭവിച്ചു നാഗപ്പൻ തടവുകാരനാക്കപ്പെടുകയും അയാളുടെ സൈന്യങ്ങളിൽ മിക്കവരും വിശ്വനാഥന്റെ സൈന്യങ്ങളോടു യോജിക്കുകയും ബാക്കിയുള്ളവർ പോൎക്കളത്തിൽ നിന്നു ഓടിപ്പോവുകയും ചെയ്തു. ഈ സംഭവങ്ങൾക്കെല്ലാം കാരണഭൂതനായ ചന്ദ്രശേഖരപാണ്ഡ്യനെ ജേതാവായ വിശ്വനാഥൻ വളരെ ആഘോഷത്തോടുകൂടി മധുരയിലെ രാജാവാക്കി വാഴിച്ചു. വിശ്വനാഥന്റെ യുദ്ധോദ്യമം ഇത്ര ജയഘോഷത്തോടുകൂടി കലാശിച്ചതുകൊണ്ടു ചക്രവൎത്തിക്ക് അയാളുടെ നേരെ അളവററ സംതൃപ്തിയുണ്ടായി. ചക്രവൎത്തിക്കു തന്നെപ്പററിയുള്ള നല്ല അഭിപ്രായത്തെ വിശ്വനാഥൻ വഴിപോലെ ഉപയോഗിക്കാതിരുന്നില്ല. തന്റെ അച്ഛന്റെ ജീവനെ എങ്ങിനെയാണ് രക്ഷിക്കേണ്ടത് എന്നായിരുന്നു അയാളുടെ മുഖ്യമായ ആഗ്രഹം. അച്ഛൻ കുററക്കാരനാണെങ്കിലും മകന്റെ സ്വാമിഭക്തി വിചാരിച്ച് അച്ഛന്നു മാപ്പു കൊടുത്താൽ കൊള്ളാമെന്നു വിശ്വനാഥൻ നിരങ്കുശനായ ചക്രവൎത്തിയോട് അപേക്ഷിച്ചു. തന്റെ അച്ഛന്റെ പൂൎവ്വചരിത്രത്തെയും അച്ഛൻ മുമ്പു ചക്രവൎത്തിക്കു വേണ്ടി ചെയ്തിട്ടുള്ള പ്രവൃത്തികളെയും വിശ്വനാഥൻ സവിസ്തരമായി പ്രതിപാദിച്ചു. അച്ഛനെ രാജദ്രോഹകുററത്തിന്നു ശിക്ഷിക്കുന്നതായാൽ അതു തന്റെ യശസ്സിന്നു ഹാനികരമായി തീരുന്നതാണെന്നും തന്റെ സ്വാമിഭക്തിയെപ്പററി മഹാലോകർ ശ്ലാഘിക്കുമെങ്കിലും പിതൃഘാതിയാണെന്നുള്ള ദൂഷണം അവർ തന്റെ മേൽ ആരോപിക്കുന്നതാണെന്നും അദ്ദേഹം ചക്രവൎത്തിയോടു പറഞ്ഞു. ആരുടെ നേരെയും അതിയായ പക കരുതാത്ത ചക്രവൎത്തി, നാഗപ്പനെ ശിക്ഷിക്കുന്നതിനേക്കാൾ അധികം ഗുണം അവനു മാപ്പു കൊടുക്കുന്നതാണെന്നു തീൎച്ചയാക്കി അപ്രകാരം ചെയ്തു. നാഗപ്പൻ അന്നു മുതല്ക്കു രാജ്യകാൎയ്യങ്ങളിൽനിന്നു വിരമിച്ചു. തന്റെ പുത്രന്റെ യോഗ്യതയിലുള്ള അഭിമാനത്തോടുകൂടി ജീവകാലം കഴിച്ചുകൂട്ടി.

വിശ്വനാഥൻ ഒരേ അവസരത്തിൽ തന്നെ തന്റെ രാജഭക്തിയും പിതൃഭക്തിയും പ്രദൎശിപ്പിച്ചതിന്റെ ശേഷം മധുരയിൽ ചെന്നു ചന്ദ്രശേഖരപാണ്ഡ്യന്റെ രാജ്യകാൎയ്യങ്ങളെ ക്രമപ്പെടുത്തി നല്ല സ്ഥിതിയിലാക്കാൻ ; അദ്ദേഹത്തെ സഹായിക്കേണമെന്നു ചക്രവൎത്തി വിശ്വനാഥനോടു കല്പിച്ചു. ശരിയായി നീതിന്യായം ചെയ്യാതിരുന്നതുകൊണ്ടും ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നു തന്റെ പ്രജകളെ രക്ഷിപ്പാൻ കഴിയാതിരുന്നതുകൊണ്ടും ചന്ദ്രശേഖരപാണ്ഡ്യന്റെ നേരെ അദ്ദേഹത്തിന്റെ പ്രജകൾക്കു ലേശം തൃപ്തിയോ സ്നേഹമോ ഉണ്ടായിരുന്നില്ല. അതിന്നുപുറമെ അദ്ദേഹത്തിന്റെ അനൗരസത്വം നിമിത്തം ജനങ്ങളുടെ ഇടയിൽ അസംതൃപ്തിയും പ്രകൃതിക്ഷോഭവും വൎദ്ധിച്ചു വന്നതിനാൽ അദ്ദേഹത്തിന്നു സ്ഥാനഭ്രംശം കൂടി വരുമോ എന്നു സംശയിക്കേണ്ടി വന്നു. ജനങ്ങളെ വശീകരിക്കത്തക്കതായ ഔദാൎയ്യം, വീൎയ്യം, ക്ഷമ മുതലായ അനേക സൽഗുണങ്ങൾ വിശ്വനാഥ

ന്നുണ്ടായിരുന്നു. പാണ്ഡ്യരാജാവിങ്കൽ പ്രത്യക്ഷമായി കാണപ്പെട്ടിരുന്ന ദുർഗ്ഗുണങ്ങളുടെ സാന്നിദ്ധ്യം നിമിത്തം വിശ്വനാഥന്റെ സൽഗ്ഗുണങ്ങൾ ശതഗുണങ്ങളായി പ്രകാശിച്ചു. സൽഗ്ഗുണസമ്പന്നനായ വിശ്വനാഥന്റെ സമ്പർക്കത്താൽ ചന്ദ്രശേഖരപാണ്ഡ്യന്റെ സ്വഭാവത്തിന്നു ചില ഗുണകരമായ മാററങ്ങൾ ഉണ്ടാകാതിരുന്നില്ല. പാണ്ഡ്യരാജാവിന്റെ രക്ഷിതാവും ഉപകർത്താവുമായ വിശ്വനാഥൻ താനറിയാതെതന്നേ ക്രമത്തിൽ അദ്ദേഹത്തിന്റെ മേലദ്ധ്യക്ഷനും ശാസിതാവുമായിത്തീൎന്നു. രാജ്യവാസികളുടെ ക്ഷേമത്തിന്നുവേണ്ടി അനന്യമനസ്സോടുകൂടി പ്രവൃത്തിച്ചുപോന്നിരുന്ന വിശ്വനാഥൻ വിജ്ഞന്മാരുടെ ആദരാതിശയത്തിന്നും ബഹുജനങ്ങളുടെ പ്രീതിക്കും പാത്രമായി ഭവിച്ചു. രാജ്യകാൎയ്യസംബന്ധമായ ഏൎപ്പാടുകളിലെല്ലാം അദ്ദേഹത്തിന്റെ ബുദ്ധിസാമൎത്ഥ്യം കാണപ്പെട്ടിരുന്നു. അല്പകാലത്തിന്നുള്ളിൽ മധുരാരാജ്യവാസികൾ നല്ല രാജ്യഭരണത്തിന്റെയും തന്നിമിത്തം രാജ്യത്തിലുണ്ടായ സമാധാനത്തിന്റെയും പൂൎണ്ണഫലം അനുഭവിച്ചു.

ഈ കാലത്തു ചന്ദ്രശേഖരപാണ്ഡ്യൻ കാലഗതിയെ പ്രാപിക്കുകയും ക്രിസ്ത്വബ്ദം 1552-ാമാണ്ടിൽ വീരപാണ്ഡ്യൻ എന്നുപേരായ അദ്ദേഹത്തിന്റെ ബാലനായ പുത്രൻ മധുരയിലെ രാജാവാവുകയും ചെയ്തു. വീരപാണ്ഡ്യനും ഉടനെതന്നെ അന്തരിച്ചുപോയതിനാൽ മധുരരാജ്യം വാഴാൻ അവകാശികൾ ഇല്ലാതെ വന്നു.

(തുടരും)

കെ. കുഞ്ഞുണ്ണിനായർ ബി. എ., ബി. എൽ.

# അഭിജ്ഞാനശാകുന്തളം

## (പരിഷ്കരിച്ച പതിപ്പ്)

ഈ പുസ്തകം അഭിപ്രായത്തിന്നു കിട്ടീട്ടു മാസം ഒന്നുരണ്ടല്ല സംവത്സരംതന്നെ അധികം കൊണ്ട് ഒന്നെന്നു നമ്മുടെ ഗണിതപ്രകാരം കണക്കാക്കാറായിട്ടുണ്ട്. ഇക്കാലത്തിന്നുള്ളിൽ ഈ പുസ്തകത്തിന്റെ രണ്ടാം പതിപ്പിന്നും കൂടി പ്രചാരം വന്നിരിക്കുന്നു. അഭിപ്രായം പറവാൻ ഇത്ര വളരെ താമസം നേരിട്ടതിൽ ഞങ്ങൾക്കു രണ്ടുവാക്കു പറവാനുണ്ട്. ഈ പുസ്തകത്തിന്റെ അരങ്ങേററത്തോടുകൂടി പത്രങ്ങളിൽ വാക്കലഹകോലാഹലവും കണ്ടു തുടങ്ങിയതിനാൽ പല പണ്ഡിതകേസരികളുടേയും അഭിപ്രായങ്ങളെ അറിഞ്ഞുകൊണ്ടു സ്വാഭിപ്രായം പറയുന്നതായിരിക്കും അധികം യുക്തമെന്നു കരുതി കുറെക്കാലം ഞങ്ങൾ ക്ഷമയോടെ പ്രതീക്ഷിച്ചു. പൊതുവിലുള്ള അഭിപ്രായങ്ങളെ അറിഞ്ഞു ഗുണദോഷങ്ങളെ നിരൂപിക്കുകയാണല്ലൊ പത്രാധിപന്മാരുടെ സ്വധൎമ്മം. എന്നാൽ പലരുടേയും വാദങ്ങളിൽ വിഷയങ്ങളുടെ ഗുണദോഷങ്ങളെക്കാളധികം പക്ഷപാതത്തിന്നു പ്രാധാന്യം കൊടുത്തു കണ്ടുതുടങ്ങിയപ്പോൾ ഞങ്ങളുടെ പ്രതീക്ഷണം നിഷ്പ്രയോജനമാണെന്നു ഞങ്ങൾക്കു ബോദ്ധ്യമായി. ഇങ്ങിനെ വൃഥാ കാലതാമസം വന്നുപോയതിൽ വ്യസനിപ്പാനെ നിവൃത്തിയുള്ളു.

മൂലത്തിന്റെ അൎത്ഥത്തിന്ന് എററ

ക്കാവു വരാതേയും ജീവനായ രസത്തിന്നു ഹാനി തട്ടാതേയും പ്രതിപാദ്യവസ്തുവിനെ മറ്റൊരു ഭാഷയിലേക്കു പകൎത്തുന്ന കാൎയ്യം കേവലം എളുപ്പമായിട്ടുള്ളതല്ല. അതിലും വിശേഷിച്ചു പരിപൂൎണ്ണനിലയിലെത്തിട്ടുള്ള ഗൈൎവ്വാണിയിലെ സരസകാവ്യങ്ങളെ ശൈശവാവസ്ഥയിൽ കിടന്നു കളിക്കുന്ന കൈരളിയിൽ ഭാഷപ്പെടുത്തുമ്പോൾ വാക്കിന്നും വസ്തുവിന്നും കോട്ടംകൂടാതെ കഴിച്ചുകൂട്ടുവാൻ ചില്ലറക്കാൎക്കൊന്നും കഴിയുന്നതല്ല. സംസ്കൃതകൃതികളുടെ സാരസ്യവും സാരള്യവും അധികമാകുന്ന തോതനുസരിച്ചു് അവയെ ഭാഷാന്തരപ്പെടുത്തുവാനുള്ള വൈഷമ്യം വൎദ്ധിച്ചുവരുന്നതാണു്.

കാളിദാസകൃതികളെ ഭാഷാന്തരപ്പെടുത്തി തന്മയത്വം വരുത്തുവാൻ സാധിച്ചിട്ടുള്ളവൎക്കു തൎജ്ജമക്കാരുടെ കളരിയിൽ സ്വൎഗ്ഗീയമായ മറ്റൊരു മാന്യസ്ഥാനമുണ്ടാവാൻ വകയില്ല. കാളിദാസകവിതയെപ്പറ്റി ഒരൈതിഹ്യം പറഞ്ഞുകേട്ടിട്ടുള്ളതു് ഇതിലേക്കു സാധകമായിരിക്കുന്നതാണു്. കാളിദാസൻ രഘുവംശം നിൎമ്മിച്ചു ഭോജസഭയിൽ കൊണ്ടുചെന്നു രാജാവിനെ വായിച്ചുകേൾപ്പിക്കുന്നതിന്നിടയിൽ, അഞ്ചാംസൎഗ്ഗത്തിലെ,

> അഥോപരിഷ്ടാൽ ഭ്രമരൈൎഭ്രമൽഭിഃ
> പ്രാക്സൂചിതാന്തസ്സലിലപ്രവേശഃ ।
> നിൎദ്ധൗതദാനാമലഗണ്ഡഭിത്തി-
> ൎവ്വന്യസ്സരിത്തോ ഗജ ഉന്മമജ്ജ ॥

എന്ന ശ്ലോകം ചൊല്ലിക്കേൾപ്പിച്ചപ്പോൾ സഭയിലുണ്ടായിരുന്ന കവിവരന്മാർ 'സരിത്തോഗജ' എന്ന രചന സുഖമായിട്ടില്ലെന്നും 'സരിത്തഃ' എന്ന പാഠം മാറേണ്ടതാണെന്നും അഭിപ്രായപ്പെട്ടു കാളിദാസൻ ഉടനെ മാറ്റിക്കൊള്ളുവാൻ സമ്മതിച്ചു. ഒരു കവി 'വന്യസ്തടിന്യാ' എന്നു മാറ്റി. തടിനീശബ്ദത്തിന്നു സരിച്ഛബ്ദത്തെപ്പോലെ പ്രവാഹവേഗത്തെ ദ്യോതിപ്പിപ്പാൻ ശക്തിയില്ലെന്നായി മറ്റൊരു രസികൻ. പ്രവാഹത്തിന്നു ശക്തിയില്ലെങ്കിൽ കാട്ടാനയുടെ കപോലങ്ങൾ പെട്ടെന്നു നിൎദ്ധൗതങ്ങളാകുന്നതെങ്ങിനെ? എന്നാൽ പ്രവാഹംകൂടി പ്രയോഗിച്ചുകളയാമെന്നുവെച്ചു് 'പ്രവാഹനിൎദ്ധൗതമദാൎദ്രഗണ്ഡോ വന്യസ്തടിന്യാ ഗജ ഉന്മമജ്ജ' എന്നു മറ്റൊരു കവി മാറ്റി. ഇപ്പോൾ ഭിത്തിപോയി. 'ഭിത്തി'യാണു ഗജത്തിന്റെ ഗംഭീരാകൃതിയെ ദ്യോതിപ്പിക്കുന്നതു്. എന്നാലതുംവേണ്ട 'പ്രവാഹനിൎദ്ധൗതകപോലഭിത്തിഃ' എന്നാക്കിക്കളയാം. അപ്പോൾ മദം പോകും. മദം പൂൎവ്വാൎദ്ധത്തിൽ ചേൎക്കാം. ഇങ്ങിനെ മാറ്റി മാറ്റി 'വാഗൎത്ഥാവിവ' എന്നതുവരെ ഉടച്ചുവാൎത്തപ്പോൾ, 'തരക്കേടില്ല. അതു നിങ്ങളുടെ രഘുവംശം. എന്റെ രഘുവംശം മുമ്പിലത്തേപ്പോലെ തന്നെ ഇരിക്കട്ടെ' എന്നു കാളിദാസൻ മറുവടി പറഞ്ഞുവെന്നു കേട്ടിട്ടുണ്ടു്. പദം മാറിവെക്കുമ്പോൾകൂടി അൎത്ഥത്തെ നടവുതട്ടുന്ന കൃതിയെ ശ്ലോകത്തിന്നു ശ്ലോകമായി ഭാഷാന്തരീകരിപ്പാൻ എത്ര പ്രയാസമുണ്ടെന്നു് ഊഹിക്കാവുന്നതാണല്ലോ.

എന്നാൽ കാളിദാസകൃതികളിൽ വ്യാഖ്യാതാക്കന്മാർ വലിച്ചിഴച്ചുകൊണ്ടുവന്നു ചേൎത്തിട്ടുള്ള വ്യംഗ്യാൎത്ഥങ്ങൾ മുഴുവനും തൎജ്ജമയിൽ വരുത്തുവാൻ സാധിക്കാത്തതുകൊണ്ടു തൎജ്ജമക്കു ന്യൂനത കല്പിപ്പാൻ പാടുള്ളതല്ല. 'ദിവസാഃ പരിണാമരമണീയാഃ' എന്നു പ്രയോഗിച്ചിട്ടുള്ളതു കഥാവസ്തുവിന്റെ കലാശം മംഗളമായിട്ടാണെന്നു സൂചിപ്പിപ്പാൻ വേണ്ടിയാണെന്നും, 'പ്രാഗന്തരിക്ഷഗമനാൽ സ്വമപത്യജാതം' എന്നതുകൊണ്ടു രാജാവിന്റെ സ്വൎഗ്ഗഗമനംകൂടി ധ്വനിക്കുന്നുണ്ടെ

ന്നും മററും പറയുന്നതു കവിയുടെ വിവക്ഷയിൽനിന്നു കടന്നുപോകുന്നുവെന്നാണു ഞങ്ങൾക്കു തോന്നുന്നത്. ഈ മാതിരി വ്യംഗ്യാർത്ഥങ്ങളെ സ്ഫുരിപ്പിപ്പാൻ മറെറാരു ഭാഷക്കു ശക്തിയുണ്ടാകുന്നതുമല്ല. വാച്യത്തെ പ്രധാനമാക്കിവെച്ചുംകൊണ്ടു രസഭംഗം വരാതെ തർജ്ജമചെയ്യാൻ മാത്രമെ നിപുണനായ തർജ്ജമക്കാരനുപോലും സാധിക്കയുള്ളൂ.

ഒരു ഗ്രന്ഥത്തിന്ന് ഒരേഭാഷയിൽ പല തർജ്ജമകളും ഉണ്ടാകുന്നതു സാധാരണയാണ്. ശാകുന്തളം മലയാളത്തിൽ തന്നെ ഒന്നിലധികം പ്രാവശ്യം തർജ്ജമചെയ്തിട്ടുണ്ട്. എന്നാൽ, സാഹിത്യരംഗത്തിൽ പ്രവേശിച്ച കാലം മുതല്ക്കു പണ്ഡിതപാമരഭേദംകൂടാതെ കേരളീയരെയാസകലം ആഹ്ലാദിപ്പിച്ചുവന്നിരുന്ന കേരളകാളിദാസശാകുന്തളത്തിന്നു 'വേഷംമാറി' പുറപ്പെടേണ്ടിവരുവാനുള്ള കാരണമെന്താണെന്നും, ഇപ്പോഴത്തെ 'പരിഷ്കാരം' എത്രത്തോളം നന്നായിട്ടുണ്ടെന്നുമാണ് ഇനി ആലോചിപ്പാനുള്ളത്. ആദ്യത്തെ തർജ്ജമയിൽ സംസ്കൃതപ്രയോഗം കുറെ അധികമായിട്ടുണ്ടെന്നുള്ള ന്യൂനത ഗ്രന്ഥകർത്താവിന്നുതന്നെ സമ്മതമായിട്ടുള്ളതാണ്.

ശശികമുദാന്യേവ ചിനോം
ത്യശിശിരദീധിതിസരോരുഹാണ്യേവ
വശികരികൾ പാപരിഗ്രഹ
ഭ്രശിതംമിതരണവിമുഖതാപ്രഥിതാ

എന്നു തുടങ്ങിയുള്ള ശ്ലോകങ്ങൾ മൂലത്തെക്കാൾ അധികം അസ്പഷ്ടാർത്ഥങ്ങളായിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ഭാഷാകൃതികളിൽ സംസ്കൃതാധിക്യം ദോഷമാണെന്നുള്ള പൊതുജനാഭിപ്രായത്തിന്നു കാലക്രമത്തിൽ, കരുത്തു കൂടിക്കൊണ്ടാണ് വരുന്നത്. ആ സ്ഥിതിക്ക്, അർത്ഥത്തിന്നും രസത്തിന്നും ഹാനി വരുത്താതെ സംസ്കൃതപ്രയോഗങ്ങൾ കുറവു വരുത്തുവാൻ സാധിക്കുമെങ്കിൽ അതിന്നു ശ്രമിക്കുന്നത് അനാവശ്യമാകയില്ല. അതിന്നു കാലഥരണം കൂടാതെ പ്രവർത്തിച്ചതിൽ ഞങ്ങൾ ഗ്രന്ഥകാരനെ അഭിനന്ദിക്കുന്നു.

പുതിയ ശാകുന്തളത്തെ പഴയതുമായി താരതമ്യപ്പെടുത്തി നോക്കിയതിൽ അധികഭാഗവും പുതിയ പരിഷ്കാരം നന്നായിട്ടാണു ഞങ്ങൾക്കു തോന്നിയത്. പുതിയ പതിപ്പിൽ സംസ്കൃതപ്രയോഗം' വളരെ കുറഞ്ഞിട്ടുണ്ടെന്നു താഴെ കാണിക്കുന്ന ഉദാഹരണത്തിൽ നിന്നുതന്നെ തെളിയുന്നതാണ്.

വമതു സൌഹൃതശനം ഹിമച്ഛലന രശ്മിഭി
സ്ഫുടമപ്യനംശ വളർവൽ സുമാശ്ശുഗാൻ വിമുഞ്ചസി
(പഴയ തർജ്ജമ)

എരിക്കുന്നൽ പനിയുൾക്കൊണ്ടിന്ദുവംശുച്ചയത്താൽ
ചൊരിയുമരിയ ഖഡ്ഗംപോലെ പൂവമ്പനീയും
(പരിഷ്കരണം)

'അന്തഃകീരങ്ങൾ' എന്നു പഴയശ്ലോകത്തിന്നും, 'പോടിൽപാത്ത' എന്ന പുതിയ ശ്ലോകത്തിന്നും തമ്മിൽ ഭാഷാശുദ്ധികൊണ്ടുള്ള വ്യത്യാസം ചില്ലറയല്ല. ആദ്യത്തെ തർജ്ജമയിൽ സംസ്കൃതപ്രാചുര്യം ബാധിച്ചിട്ടില്ലാത്ത ശ്ലോകങ്ങളെ അങ്ങിനെതന്നെ ചേർത്തിട്ടുണ്ടെന്നുള്ളതിലേക്കു 'നാലുകെട്ടിലധികാരമുദ്രയായ്' തുടങ്ങിയുള്ള പദ്യങ്ങൾ ദൃഷ്ടാന്തങ്ങളാകുന്നു. 'കഃ പൌരവേ' എന്ന ശ്ലോകത്തിന്റെ തർജ്ജമയിൽ 'ആരിവൻ' എന്നാദ്യം പ്രയോഗിച്ചതുകൊണ്ട് ഔചിത്യത്തിന്നു പുഷ്ടി വന്നിട്ടുണ്ടെങ്കിലും 'ധൃഷ്ടനായ്' എന്നവസാനിച്ചതു ശബ്ദഗുണത്തിന്നനുഗുണമായിട്ടില്ല. 'തപസ്വികന്യാസു' എന്നതിനെ 'ഒരു തപസ്വികന്യയിൽ' എന്നാക്കി പ്രത്യേകപക്ഷപാതം കാണിച്ചതും ഉചിതമായില്ല. ഇങ്ങനെ നി

ശ്ലേഷിച്ചു നോക്കുന്നതായാൽ പലേടത്തും മെച്ചം നേടീട്ടുള്ളതിന്നു ചിലേടത്തു ചില്ല റനഷ്ടങ്ങൾ പററിട്ടുള്ളതായി കാണാം. 'കണ്ണനാളമഴകിൽ' എന്ന വാക്യത്തിന്നിടയിൽ 'ശരംവിട്ടു' പോലെങ്കിലും വസ്തുവിന്നു ഹാനി വരാതെ കഴിഞ്ഞു കൂടീട്ടുണ്ട്. ഇതും ചില്ലറനഷ്ടങ്ങളുടെ കൂട്ടത്തിലൊന്നെന്നെ വിചാരിപ്പാനുള്ളു. ആകക്കൂടി നോക്കുന്നതായാൽ പുതിയ ശാകുന്തളം പഴയതിനെക്കാളധികം ഭാഷയായിട്ടുണ്ടെന്നു തന്നെയാണ് പറയേണ്ടത്.

---

# പലവക

---

അഭിപ്രായത്തിന്നായി അയച്ചുതന്ന സാഹിത്യസാഹ്യം, സഞ്ജീവിനി, ഉദയഭാനു (ഒന്നാംഭാഗം) എന്നീ പുസ്തകങ്ങൾ നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു. അഭിപ്രായം അടുത്തതിൽ.

* * * * *

ബ്രഹ്മസ്വം മഠത്തിലെ (തൃശ്ശൂർ)ഭരണത്തിലും മററുമുള്ള കുഴപ്പങ്ങൾ തീർപ്പാൻ വേണ്ടുന്ന വഴികളാലോചിപ്പാനായി ഇക്കഴിഞ്ഞ ചിങ്ങം 2-ാംനു- ടി. മഠത്തിൽവെച്ച് അകവൂർ മനക്കൽ വലിയഫൻ നമ്പൂതിരിപ്പാട്ടിലെ അഗ്രാസനാധിപത്യത്തിൽ ഒരു സഭ കൂടുകയുണ്ടായി. പ്രധാനപ്പെട്ട പല കേരളബ്രാഹ്മണരും ഇതിൽ ഹാജരായിരുന്നു. മഠത്തിൻെറ ഇപ്പോഴത്തെ നിലയേയും പരിഷ്കരിക്കേണ്ട മാറ്റങ്ങളേയും വിശദമായി വിവരിക്കുന്ന ഒരു റിപ്പോർട്ട തയ്യാറാക്കുന്നതിലെക്കായി ഒരു കമ്മിററിയെ നിയമിക്കേണ്ടതാണെന്നു തീരുമാനിക്കയും യോഗ്യന്മാരായ പല ആളുകളേയും കമ്മിററിയിലെ അംഗങ്ങളായി തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.

* * * * *

ബയസ്കോപ്പ് ഒരു വിനോദമായിട്ടാണല്ലൊ നാമിപ്പോൾ വിചാരിച്ചു വരുന്നത്. ഇതു കച്ചവടം, വിദ്യാഭ്യാസം മുതലായ ആവശ്യങ്ങളിലേക്കും ഉപകരിക്കുന്നതാണ്. കച്ചവടക്കാർ സാമാനങ്ങളെ പ്രത്യക്ഷത്തിൽ കാണിച്ചു പരസ്യം ചെയ്വാനും, അദ്ധ്യാപകന്മാർ ചരിത്രം, ഭൂമിശാസ്ത്രം മുതലായവ പഠിപ്പിക്കുമ്പോൾ ഓരോ ദിക്കുകളേയും മററും കണ്ണിന്നുനേരെ കാണിച്ചുകൊടുത്തു മനസ്സിലാക്കുവാനും ബയസ്കോപ്പിനെ ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു.

* * * * *

തുളസിക്കു കൃമികളേയും, രോഗത്തെ ഉണ്ടാക്കുന്ന അണുപ്രാണികളേയും നശിപ്പിപ്പാൻ അസാമാന്യമായ ശക്തിയുണ്ടെന്നു പാശ്ചാത്യന്മാർ പരീക്ഷിച്ചറിഞ്ഞു തൃപ്തിപ്പെട്ടിരിക്കുന്നു. തുളസി ധരിക്കേണമെന്നു തുടങ്ങിയുള്ള നമ്മുടെ പഴയ ഏർപ്പാടുകൾ നിരർത്ഥകങ്ങളാണെന്നു കണ്ണടച്ചു പറയുന്ന പരിഷ്കാരികൾ ഇനിയെങ്കിലും അവയുടെ വിലയറിഞ്ഞു തുടങ്ങുമായിരിക്കുമെന്നു വിചാരിക്കാം.

* * * * *

# विद्वच्छिरोमणिविरुदे।

"सर्वः कान्तमात्मानं पश्यतीति" कथयति कविशिखामणिः । सत्यमेवंविध एवावलोक्यते सकलोऽपि लोकः । तदिदमात्मनः कान्तत्वदर्शनमितरेषु केवलमसतीमपि विकृततां दर्शयति कदाचनेति हन्त शोचनीयमेवैतत् । आत्मनः सर्वोत्कृष्टतामभिमन्यमानो न परेषां गुणगणान् गृह्णाति । एवमात्माभिमानिता परावज्ञामपि कालेन कलयति । ईदृशीमात्माभिमानितां किंचिदिव विश्लथय्य परैः सह सम्यगारचितपरिचयः परेषामपि गुणानुरूपं पदमनुमन्येत । एतावता कालेन देशभाषाप्रचारणमनास्थारसकलुषितेन लोचनाञ्चलेन कटाक्षितवन्तः पाश्चात्त्यपण्डिता अपीदानीं देशभाषासु विशिष्य च तासां जननीपदकृताभिषेकायां सुरसरस्वत्यां सौहार्दमसृणं नेत्रकोणमर्पयन्तीति मोमुदीतितमां हृदयमस्माकम् । भारतीयस्य जनसामान्यस्य विनयाधानमनपेक्ष्य देशभाषामशक्यसंसाधनमेव पर्यवस्येत् । आङ्गलभाषाभ्यासायावश्यमपेक्ष्यमाणं परिश्रमं धनव्ययं च कथं नाम सहतां दारिद्र्यपरिपीड्यमानो भारतीयसमुदायः? । देशभाषापोषणेनैव जनसामान्यस्य दूरीकरणीयमज्ञानतिमिरम् ॥

विद्याभ्यासाधिकृतानां स्वदेशभाषापरिपोषणौत्सुक्यं सुतरामभिव्यनक्ति सन्निहितकाले मद्रपुरसर्वकलाशालया समुररीकृतो विद्वच्छिरोमणिपरीक्षानिर्वहणविनिर्णयः। १९१५ तमक्रैस्तववर्षादारभ्य प्रतिवर्षं परीक्षाद्वयमिदं निर्वर्त्येत । विद्वत्परीक्षायां प्रवेशमभिलाषद्भिः संस्कृतद्राविडान्ध्रकर्णाटककेरळभाषास्वन्यतमं भाषाद्वितयमभ्यसनीयं भवेत् । तयोरेका प्रधानतयापरा पुनरङ्गतया समभ्युपगन्तव्या । प्रधानभाषायां पाटवप्रकटनमप्यधिकमपेक्ष्यते परीक्षोत्तरणाय । तामेतामुत्तीर्णवन्तो विद्वद्विरुदेन संमान्येरन् सर्वकलाशालया ॥

शिरोमणिपरीक्षा पुनः केवलं संस्कृतभाषायां न्यायवेदान्तादिशास्त्रेषु च निपुणतामात्मनो विषयीकरोति । तस्याश्चत्वारोऽत्रान्तरविशेषाः कल्पिताः । वेदशिरोमणिर्वेदान्तशिरोमणिर्न्यायशिरोमणिर्व्याकरणशिरोमणिरिति च यथाक्रमं चत्वारि विरुदानि तत्तद्विषयपरीक्षोत्तीर्णानां वितरणीयतया निरणायिषत । विद्वच्छिरोमणिपरीक्षयोरन्यतरस्यां प्रविविक्षुभिराङ्गलभाषायां प्राथमिकपरीक्षापि समुत्तरणीयेति सनिर्बन्धं निरचायीति यत्सत्यमिदमत्यन्तोचितमाकलयामः । आङ्गलपरीक्षायां तद्भाषामात्रविजय एव निर्बन्धेऽस्मिन्नन्तर्भवतीति युक्तरूपमेतत् । कालोचितया रीत्या विद्याभ्यासं प्रचारयितुं लोकोपकारमपि बहुधा विधातुमनधीताङ्गलभाषाः प्रायेण न

प्रभवन्तीति प्रत्यक्षोऽयमंशः प्रज्ञावताम् । शते परमेकोऽनधीत्यापि तां लोकव्यवहारपाटवं संपादयतीत्येतावता सर्वस्याप्याङ्गलभाषाविज्ञानमनावश्यकमिति प्रत्यवस्थानमस्थान एव भविता । अतः कतिपयैर्विद्याप्रचारकैः कालानुरूपं प्रवर्तितुमीहमानैः समधिगन्तव्याङ्गलभाषेति निःसंशयं वयमभिप्रेमः । कालक्रमेण तामनपेक्ष्य कर्तव्यानि निर्वर्तयितुं पारयिष्यामश्चेत्तदा काममेनां हातुमपि प्रभविष्यामः। असाधारणमनीषाशालिनां पुनरनायासेन तस्यामपि नैपुण्यं सुसंपादमेव संजायेत । प्राथमिकपरीक्षामनुत्तीर्णा अपि परीक्षाप्रवर्तकसङ्घस्य प्रत्येकानुमत्या प्रवेशं प्राप्नुयुः । आङ्गल्यां परीक्षोत्तरणं विना शिरोमणिपरीक्षादिषु प्रवेशमभिलषद्भिरप्यवश्यमाङ्गलभाषाज्ञानं संपादनीयमेव स्यादिति विषयस्वभावविमर्शने स्पष्टं प्रतीयते । यतः पाश्चात्त्यपरिपाट्या प्रवर्तमानानि भाषातारतम्यशास्त्रा*दिमानि विषयपट्टिकायां प्रवेशितानि। न्यायशिरोमणिपरीक्षायां पाश्चात्त्यानां न्यायशास्त्रे परिचयोऽपरिहरणीयतया निर्णीतः । भाषाचरित्रादिविषयेऽपि परीक्षकाणां तृप्तिमाधातुं पाश्चात्त्यसरणिरवलम्बनीया भवेदिति मन्यामहे । सर्वथा परीक्षास्वेतासु समुत्तितीर्षन्तः संपादयेयुराङ्गलभाषापरिचयमपीति शुभोदर्का तादृशां संस्कृतपण्डितानां संपत्तिरित्यत्र को विप्रतिपद्येत?। अनधीताङ्गलभाषाः संस्कृतपण्डिता न यावदर्हमुपकुर्वन्ति जनसमुदायस्येति बलीयसी दुष्प्रथा न केवलं निर्मूलेति च वयमाशंसमहे । आङ्गलभाषाविषयिणीमनभिरुचिमितोऽपि वा त्यजन्तु संस्कृतपण्डिताः ॥

शिरोमणिपरीक्षायां वेदं विषयमङ्गीकुर्वाणैः श्रौत, धर्मशास्त्र, पूर्वमीमांसासु प्रत्येकं पाटवमासादनीयं, पाश्चात्यसरण्या भाषातारतम्यपरीक्षणनैपुणी, मततारतम्यविमर्शनवैदुषी च विशेषतः संपादनीये । वैदिकग्रन्थसमुच्चयानुसार्यार्यपुरातनचरितमपि पठितव्यमेव । वेदान्तमादददानैर्योगसांख्ययोर्दाक्षिणात्यवेदान्तसरणित्रयस्य*च सामान्यज्ञानं त्रयाणामन्यतमे निपुणतातिशयश्च प्रकाशनीयः। पाश्चात्त्यानां विमर्शनसरणिमनुसृत्य वेदान्तयोगयोः सात्त्विकमानसतत्त्वानि सम्यगवगन्तव्यानि । न्यायं स्वीकुर्वतां तर्कशास्त्रे पूर्वमीमांसायां चोत्कृष्टतमं वैचक्षण्यमपेक्ष्यते । पाश्चात्त्यपौरस्त्यन्यायशास्त्रयोस्तारतम्यविज्ञानं व्युत्पत्तिवादवैदग्ध्यं चात्यावश्यकम् । वैयाकरणशिरोमणिपदं लिप्समानैर्महाभाष्यहरिकारिकादिषु कूलंकषं विज्ञानं भाषातारतम्यशास्त्रनैपुण्यं विमर्शनपरिपाटीतत्त्ववैदुष्यं च संपादनीयतया निरणायिषत । शिरोमणिपरीक्षासु सर्वास्वपि समनुरूपविषयेषूपन्यासलेखनं चापरिहरणीयमिति समुल्लसति नियमः । विषयविभागक्रमः सर्वतोऽपि रमणीयतम एवावलोक्यते। तत्तद्वर्षपरीक्षाप्रविविक्षुभिरध्येतव्यो ग्रन्थसमुदयः संवत्सरचतुष्टयात् प्रागेव प्रकाश्येत सर्वकलाशालया । आदिमपरीक्षाप्रविविक्षूणां पाठ्यपुस्तकविषय आस्माकीनमभिप्रायमवसरान्तरे प्रकटयिष्यामः ॥

---

* Comparative Philology

* द्वैतं, विशिष्टाद्वैतं, अद्वैतम् ।

विद्वत्परीक्षाविषयेषु च प्रधानभाषायां व्याकरणच्छन्दःशास्त्रसाहित्यकला अध्येतव्यकोटावन्तरभाविषत । भाषासाहित्यचरित्रे भाषान्तरीकरणे च नैपुण्यमासादितवत एव विद्वत्परीक्षातरणं सुकरतामियात् । अप्रधानभाषायां पुनः सामान्यज्ञानमपि परीक्षोत्तरणाय पर्याप्नुयात् । यद्यपि विद्वत्परीक्षा शिरोमणिपरीक्षायाः कनीयसी गुणगुणैः, तथापि देशभाषापरिपोषणाय सा नितरामुपकरिष्यतीति तत्परीक्षाप्रवर्तनमनुमोदनीयमेव देशभाषाभिमानिभिः। कालक्रमेण देशभाषायां गैर्वाण्यां च सुशिक्षिता विद्वदग्रेसरा इदानीन्तनानां भाषापण्डितवेषधारिणां स्थानमधिरोक्ष्यन्तीति समाश्वसितुमस्त्येवावकाशः ॥

अयमेवान्तरायः स्वदेशभाषाभिवृद्धेर्भारतीयानां, यदधीतदेश्यभाषाः पण्डिताग्रगण्या अपि वृत्तिनिर्वहणाय क्लेशमनुभवन्तीति। एवं स्थिते देश्यभाषाभ्यसनपरिणामे कथंकारं वा मेधाविनो युवानः स्वदेशभाषाभ्यसनप्रयासेनायुष्कालमतिवाहयितुं प्रवर्तेरन्? । अतो वृत्तिनिर्वहणमार्गोऽपि यदा नाम सुलभो भविष्यति देश्यभाषापण्डितानां तदाप्रभृत्येव तासामप्रतिहतः प्रचारः समुदेष्यति। वस्तुस्थितिरियमधिकृतानामवगतचरीति च विश्वस्यतेऽस्माभिः । विद्वांसः शिरोमणयश्च यथोचितं वृत्तिमार्गवितरणेनाप्युपकृता भविष्यन्तीति चास्माकमस्ति बलीयसी प्रत्याशा ॥

परीक्षाप्रवर्तकसङ्घेन समुररीकृते विद्यालये चतस्रः समाः समधीतवतामेव विद्यार्थिनां परीक्षाप्रवेशः सामान्यतोऽनुमन्यते साम्प्रतिकेन नियमेन । तादृशाश्च विद्यालयाः केरळेषु नैतावतापि सत्तामलभन्त । नचिरेण द्वित्राः पाठशाला बिरुदपरीक्षाविषयाध्यापनायानुमतिमधिकृतानां प्राप्स्यन्तीति परमिदानीं जानीमहे । पाठशालास्वनधीतवतामप्यतीतपञ्चविंशवयस्कानां परीक्षाप्रवेशाय प्रत्येकानुमतिः सुलभैव भविष्यति । सर्वथापि विद्वच्छिरोमणिपरीक्षयोः प्रवर्तनं प्राप्तकालमत्यावश्यकं च नः प्रतिभाति । वृथैव कालं क्षिपन्तः कतिकति वर्तन्ते निशितमतयो युवानः केरळीयेषु?। तेऽमी शुभोदर्कमवसरमेनं मा स्म हासिषुरिति सानुरोधं बोधयामो वयम् । "विवक्षितं ह्यनुक्तमनुतापं जनयति" त्येतत्कविकुलतिलकवचनमेवास्मानियत्पर्यन्तमुपन्यसितुं मुखरयतीति विदाङ्कुर्वन्तु वाचकमहाशयाः॥

# മംഗളോദയം

## ൧൦൮൭

| പുസ്തകം ൯ | തുലാമാസം | ലക്കം ൧൨ |
| --- | --- | --- |


### മംഗളം

കഞ്ജബാണരിപു കാട്ടകരേറി-
ക്കുഞ്ജരാകൃതിയെടുത്തൊരുനേരം
മഞ്ജുളാംഗി മലമാതിലുദിച്ചാ-
ക്കുഞ്ഞിനുള്ള കുടവസ്തിസഹായം.

# റബ്ബർകൃഷി



ഒരു രാജ്യത്തിൻെറ ധനസമൃദ്ധി ആ രാജ്യക്കാരുടെ പരിശ്രമത്തെ ആശ്രയിച്ചാണിരിക്കുന്നത്. പരിശ്രമത്തെ ഉൽപാദകമെന്നും പ്രസാരകമെന്നും രണ്ടായി വേർതിരിക്കാവുന്നതാണ്. അതിൽ ഉൽപാദകമാണു പ്രസാരകത്തെക്കാൾ പ്രധാനമായിട്ടുള്ളത്. ഉൽപത്തിക്കു ശേഷമാണല്ലൊ പ്രസാരണം ആവശ്യമായി വരുന്നത്. എന്നാൽ ചില രാജ്യക്കാൎക്കു പ്രകൃതിസഹായംകൊണ്ട്, ഉൽപാദകമായ പരിശ്രമത്തിലേൎപ്പെടുവാൻ സൌകൎയ്യം അധികം സിദ്ധിച്ചുകാണുന്നുണ്ട്. ഇന്ത്യാരാജ്യം എല്ലാത്തരം കൃഷികൾക്കും അനുകൂലമാവാനുള്ള കാരണം പ്രകൃതിദേവിയുടെ അനുഗ്രഹം തന്നെയാണ്. ഹിമവാൻ തുടങ്ങി കന്യാകുമാരിവരെ പരന്നുകിടക്കുന്ന ഭാരതഭൂമിയിൽ പലപ്രകാരത്തിലുമുള്ള ശീതോഷ്ണസ്ഥിതികൾ കണ്ടുവരുന്നതുകൊണ്ട് ഈ ഭൂമിയിൽ മിക്കതും എല്ലാത്തരം കൃഷികളും അഭിവൃദ്ധിയായി വരുന്നുണ്ടെന്നുതന്നെ പറയാം. ഇന്ത്യക്കാരിൽ മൂന്നിൽ രണ്ടുഭാഗം ആളുകൾക്കു കൃഷി ഉപജീവനമാൎഗ്ഗമായി തീരുവാനുള്ള മുഖ്യകാരണവും പ്രകൃതിസിദ്ധമായ ഭൂമിഗുണം തന്നെയാണ്.

ഇന്ത്യയുടെ ദക്ഷിണകോണത്തിൽ കിടക്കുന്ന കേരളരാജ്യം കൃഷിവിഷയത്തിൽ പണ്ടെതന്നെ പ്രസിദ്ധി സമ്പാദിച്ചിട്ടുള്ളതാണ്. പരന്ത്രീസ്സുകാർ, ഡച്ചുകാർ മുതലായ മററു രാജ്യക്കാർ കേരളത്തിൽ കാലെടുത്തുവെച്ചതുതന്നെ കൃഷിജന്യങ്ങളായ പദാർത്ഥങ്ങളെ സ്വദേശത്തു കൊണ്ടുപോയി കച്ചവടം ചെയ്യാനായിട്ടാണെന്നുള്ളതു ചരിത്രപ്രസിദ്ധമായ സംഗതിയാകുന്നു. ധാന്യങ്ങൾ, തെങ്ങു, കുരുമുളക്, വാഴ എന്നീ കൃഷികൾ കേരളത്തിൽ വളരെക്കാലമായി വേരൂന്നി വർദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും, പാശ്ചാത്യന്മാർ കൊണ്ടുവന്നിട്ടുള്ള കാപ്പി, ചായ, റബ്ബർ മുതലായ പദാർത്ഥങ്ങൾ മുക്കിലും മൂലയിലും സ്ഥലംപിടിച്ചു കാലക്രമത്തിൽ പ്രതിഷ്ഠ സമ്പാദിച്ചുതുടങ്ങിയിരിക്കുന്നു. അന്യരാജ്യക്കാരുടെ പ്രവേശത്തിനുമുമ്പു പ്രയോജനാപേക്ഷയില്ലാത്തതുകൊണ്ടു പാഴായിക്കിടന്നിരുന്ന മലമ്പ്രദേശങ്ങളും കൂടി അസാമാന്യമായ ഫലപുഷ്ടികൊണ്ടു രാജ്യത്തിന്റെ ധനസമൃദ്ധിയെ പോഷിപ്പിക്കുന്നതിൽ പങ്കുകൂടിവരുന്നതു് ഒരുവിധം സന്തോഷഹേതുതന്നെയാണ്. എന്നാൽ നാട്ടുകാരുടെ ഔദാസീന്യം നിമിത്തം ലാഭത്തിലധികം ഭാഗവും അന്യരാജ്യക്കാരുടെ ഭണ്ഡാരത്തിൽ ചെന്നുചേരുവാനിടയാകുന്നുവെന്നുള്ള സംഗതി നമുക്കു് ഒരുവിധത്തിലും ഗുണകരമായിട്ടുള്ളതല്ല. ഇപ്പോൾ നമ്മുടെ നാട്ടിലുള്ള മലങ്കൃഷികൾ മിക്കതും യൂറോപ്യന്മാരുടെ അധീനത്തിലാണിരിക്കുന്നതു്. നാട്ടുകാർക്കു പുതിയ വ്യവസായങ്ങളിലേപ്പെടുവാൻ വലിയ വൈമുഖ്യവും കണ്ടുവരുന്നുണ്ടു്.

ഈ ദോഷത്തിന്നൊരു പരിഹാരമായി കൊച്ചിരാജ്യത്തിലെ നിവാസികൾക്കു റബ്ബർകൃഷിചെയ്യാൻ കൊച്ചിഗവർമ്മെണ്ടിൽനിന്നു താണനിരക്കിന്നു് ആയിരം ഏക്രസ്ഥലം ഈയിടയിൽ അനുവദിച്ചുകൊടുത്തിരിക്കുന്നു. നാട്ടുകാരെ വ്യവസായവിഷയത്തിൽ പ്രോത്സാഹിപ്പിപ്പാനായി ഗവർമ്മെണ്ടിൽനിന്നു ചെയ്തിട്ടുള്ള ഈ ഉത്തമകൃത്യം ഫലവത്താകേണമെങ്കിൽ, നാട്ടുകാരുടെ ഐകമത്യാപൂർവ്വകമായ പ്രവൃത്തിയാണ് അത്യാവശ്യമായിരിക്കുന്നതു്. ഇക്കാര്യത്തിൽ കൊച്ചിരാജ്യക്കാരായ ധനവാന്മാർ ഉത്സാഹത്തോടുകൂടി പ്രവർത്തിക്കുമെന്നു തന്നെയാണു ഞങ്ങൾ ഇപ്പോൾ വിശ്വസിക്കുന്നതും. അതുകൊണ്ടു് ഈയവസരത്തിൽ കൊച്ചിയിലെ റബ്ബർകൃഷിയെപ്പററിയുള്ള ചില വിവരങ്ങൾ ചേർക്കുന്നതു യുക്തമായിരിക്കുമെന്നു വിചാരിക്കുന്നു.

*കൊച്ചിരാജ്യത്തിലെ കാടുകളിൽ റബ്ബർകൃഷി തുടങ്ങിയതു് 1905-ലാണ്. റബ്ബർ കൃഷിക്കായി 8000 ഏക്രസ്ഥലം ഗവർമ്മെണ്ടിൽനിന്നു പതിച്ചുകൊടുത്തു കഴിഞ്ഞിട്ടുണ്ടു്. അതിൽ 5000 ഏക്രയോളം സ്ഥലം മാത്രമെ ഇപ്പോൾ കൃഷിചെയ്തു തീർന്നിട്ടുള്ളു. പാലപ്പിള്ളി, വെള്ളാനിക്കര എന്നീ സ്ഥലങ്ങളിലുള്ള റബ്ബർതോട്ടങ്ങളാണു പ്രധാനമായി ഗണിക്കേണ്ടതു്. മേല്പറഞ്ഞ തോട്ടങ്ങളിൽ റബ്ബർചെടികളുടെ വളർച്ച വളരെ തൃപ്തികരമായിരിക്കുന്നുവെന്നും, അവിടങ്ങളിലെ ഭൂമി റബ്ബർകൃഷിക്കു വളരെ പിടിത്തമുള്ളതാണെന്നും അറിയുന്നു. പാലപ്പിള്ളിയിൽ അഞ്ചുകൊല്ലത്തെമാത്രം വളർച്ചയായിട്ടുള്ള മരങ്ങളിൽനിന്നു റബ്ബർ എടുത്തു

* തൃശ്ശിവപേരൂർ ഹൈസ്കൂളിൽവെച്ചു കൂടിയ റബ്ബർസമാജത്തിൽ വായിച്ച ഉപന്യാസത്തിന്റെ സാരം.


ഉടങ്ങീട്ടുണ്ട്. ഈ മരങ്ങളുടെ വിളവു സാമാന്യം നല്ലനിലയിലാണു കാണുന്നതും. വെള്ളാനിക്കരത്തോട്ടത്തിലും റബ്ബർ എടുത്തു തുടങ്ങിയിരിക്കുന്നു. ഇവിടെ ഏക്രക്കു 151 ചെടികൾ വീതം 1000 ഏക്ര സ്ഥലം കൃഷിചെയ്തിട്ടുമുണ്ട്. ഇവിടെ റബ്ബർ ഉണ്ടാക്കാനുള്ള യന്ത്രശാലയും നിർമ്മിച്ചു കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ റബ്ബർ ധാരാളമായി ഉണ്ടാക്കിവരുന്നതുമുണ്ട്. പാലപ്പിള്ളിയിൽ റബ്ബർചെടികളുടെ വളച്ച് മറെറല്ലാ ദിക്കിലെക്കാളും അധികം തൃപ്തികരമായിരിക്കുന്നുവെന്നാണു കൃഷിനിപുണന്മാർ അഭിപ്രായപ്പെടുന്നത്. അടുത്തകാലത്ത് എല്ലാ രാജ്യക്കാരും കൂടിച്ചേർന്നു നടത്തിയ പ്രദർശനത്തിൽ* പല ദിക്കുകളിൽനിന്നും കൊണ്ടുവന്നിരുന്ന റബ്ബറുകളിൽവെച്ച് ഒന്നാന്തരമായി കണ്ടത് പാലപ്പിള്ളിയിലെ മുപ്പിള്ളിമലഞ്ചെരിവു റബ്ബർകമ്പനിക്കാരുടെ റബ്ബറായിരുന്നു. വാണിയമ്പാറയിൽ ഇപ്പോൾ കൃഷിചെയ്വാനനുവദിച്ചിട്ടുള്ള ഭൂമിക്കടുത്തിരിക്കുന്ന വെള്ളാനിക്കരയിലെ ഭൂമിയും മുപ്പിള്ളിമലഞ്ചെരിവുഭൂമിയിൽനിന്ന് ഒട്ടും ഗുണം കുറഞ്ഞതല്ല. വാണിയമ്പാറയിലെ ഭൂമിയും മുപ്പിള്ളി, വെള്ളാനിക്കര എന്നീ സ്ഥലങ്ങളിലെ ഭൂമിയെക്കാൾ അധികം മെച്ചമുള്ളതല്ലെങ്കിലും അതിലൊട്ടും താണുപോകുന്നതല്ലെന്നുതന്നെ വിചാരിക്കാം. കൊച്ചിയിലെ റബ്ബർതോട്ടങ്ങൾ സർക്കാർപാതകൾ തീവണ്ടിവഴികൾ വളരെ അടുത്തിരിക്കുന്നുവെന്നുള്ള പ്രത്യേകഗുണം മറേറാരൊ ദിക്കുകളിലെ തോട്ടങ്ങൾക്കു കിട്ടീട്ടില്ലാത്ത ഒന്നാണ്. ഇപ്പോൾ കൃഷിചെയ്വാനുദ്ദേശിക്കുന്ന സ്ഥലം സർക്കാർപാതക്കു വളരെ അടുത്താണിരിക്കുന്നത്. അതുകൊണ്ട് ഈ സ്ഥലത്തെക്കുള്ള ഗതാഗതസൌകര്യം പണമിറക്കുന്നവർക്ക് ഉത്സാഹഹേതുവായി തീരുന്നതുമാണ്.

അടുത്തു മററു ചില റബ്ബർതോട്ടങ്ങളുള്ളതുകൊണ്ടു വാണിയമ്പാറയിൽ കൃഷിചെയ്വാൻ പുറപ്പെടുന്നവർക്കു പല ഗുണങ്ങളും സിദ്ധിപ്പാനുണ്ട്. കൃഷിവിഷയത്തിൽ പഠിപ്പും പരിചയവുമുള്ള അയൽതോട്ടക്കാരിൽനിന്നു വേണ്ടപ്പെട്ട ഉപദേശങ്ങളും സഹായങ്ങളും സഹകരണവും ഇവർക്കു കിട്ടുന്നതാണ്. റബ്ബർകൃഷിയിൽ വളരെക്കാലമായി പരിചയിച്ചിട്ടുള്ള മിസ്റ്റർ റൂസ്ഡിനോമ്മൻ എന്ന അയൽതോട്ടക്കാരൻ വേണ്ടപ്പെട്ട സഹായങ്ങൾ ചെയ്വാനൊരുക്കമാണെന്നു പറഞ്ഞിട്ടുള്ളതുതന്നെ വാണിയമ്പാറ റബ്ബർകൃഷിയിലേർപ്പെടുന്നവർക്കു വളരെ സമാധാനകരമായിരിക്കും. മലയം, ജാവ, സിലോൺ മുതലായ പ്രദേശങ്ങളിൽ റബ്ബർകൃഷി വളരെ അധികം പടർന്നുപിടിച്ചു പുഷ്ടിയാവുകയും, അവിടങ്ങളിലെ കൃഷിക്കാർക്ക് ഈ നാട്ടിലെ കൃഷിക്കാരെക്കാൾ അധികം പ്രതിഷ്ഠ കിട്ടുകയും ചെയ്തിട്ടുണ്ടെങ്കിലും, കൊച്ചിയിലുണ്ടാകുന്ന റബ്ബറിന്റെ ഗുണാധിക്യം നിമിത്തം ഇവിടത്തെ റബ്ബർകൃഷി വളരെ ഫലവത്തായി തീരുമെന്നാണു മിസ്റ്റർ നോമ്മന്റെ ആന്തരമായ അഭിപ്രായം.

ഇപ്പോൾ ഈ രാജ്യത്തിലുള്ള റബ്ബർകൃഷി മുഴുവനും അന്യരാജ്യക്കാരുടെ അധീനത്തിലാണിരിക്കുന്നത്. ഈ രാജ്യത്തിൽ നാട്ടുകാരുടെ വകയായി ഒരു റബ്ബർതോട്ടമെങ്കിലും ഉണ്ടെന്നു പറവാൻ നിവൃത്തിയില്ല. എന്നാൽ നാട്ടുകാർ റബ്ബർകൃഷിയുടെ ഗുണങ്ങളറിഞ്ഞുതുടങ്ങിയാൽ അവർ അതിലിറങ്ങുകയും അതിനെ വർദ്ധിപ്പിക്കുകയും ചെയ്യുമെന്നു വിശ്വസിക്കാവുന്നതാണ്.

* Inter-national Exhibition

നാട്ടുകാൎക്കു റബ്ബർകൃഷിയിൽ പ്രവേശിപ്പാനുള്ള തരം ഇപ്പോഴത്തെപ്പോലെ ഇനിയുണ്ടാകുമൊ എന്നു സംശയമാണു്. ഏക്രക്കു ൪൫ ക വീതം സാധാരണവിലയുള്ള ഇക്കാലത്തു് ഏക്രക്കു ൨൦ ക വീതം താണനിരക്കിനു വിശാലമായ ഒരു കൃഷിസ്ഥലം നാട്ടുകാരുടെ അഭ്യുദയത്തെമാത്രം ഉദ്ദേശിച്ചു ഗവൎമ്മേണ്ടിൽനിന്നു് അനുവദിച്ചുകൊടുത്തിരിക്കുന്നു. ഇങ്ങനെ അനുവദിച്ചിട്ടുള്ള സ്ഥലം ൧൦൦൦ ഏക്ര വിസ്താരമുള്ളതും ഇപ്പോൾ കാടായിക്കിടക്കുന്നതുമാണു്. കാടു വെട്ടിത്തെളിച്ചു ചെടികൾ നടുവാനുള്ള ചിലവു് വെട്ടിനീക്കുവാനുള്ള കാടു്, ഭൂമിയുടെ സ്വഭാവം, കൂലിയുടെ നിരക്കു് ഇതുകളുടെ താരതമ്യംപോലെ അല്പാല്പം വ്യത്യാസപ്പെട്ടു കാണുന്നുണ്ടു്. എന്നാൽ തെക്കെ ഇന്ത്യയിൽ റബ്ബർകൃഷി ചെയ്തിട്ടുള്ള പലരുടേയും കണക്കുകൾ പരിശോധിച്ചതിൽ, ഒരേക്ര സ്ഥലം കാടുവെട്ടുത്തെളിച്ചു ചെടികൾ നട്ടു്, അഞ്ചുകൊല്ലം



റബ്ബർച്ചെടി.

കഴിയുന്നതുവരെ നോക്കി രക്ഷിപ്പാൻ ൨൨൦ കയിൽ കവിയാതേയും ൨൫൦ കയിൽ കൂടാതേയുമുള്ള സംഖ്യ വേണ്ടിവരുന്നതായെന്നു കാണുന്നിരിക്കുന്നു. അഞ്ചുകൊല്ലം കഴിഞ്ഞാൽ റബ്ബർ എടുത്തു തുടങ്ങാം. പിന്നെ മരങ്ങൾ നോക്കി രക്ഷിപ്പാനുള്ള ചിലവു വരവിൽ നിന്നെടുത്തു നടത്തുവാൻ സാധിക്കുന്നതുമാണ്. മേല്പറഞ്ഞ കണക്കുകളിൽ ഏക്രക്കു സുമാർ ൪൫ ക വീതം ഭൂമിവില കൂടി ഉൾപ്പെട്ടിട്ടുണ്ടു്, ഈ നാട്ടുകാൎക്കു

ഏക്രക്ക് ൨൦ ക വീതം വിലക്കു ഭൂമി കിട്ടീട്ടുള്ളതുകൊണ്ടും, കാടുവെട്ടിക്കിട്ടുന്ന മരം മുതലായവയുടെ വില ഭൂമിയുടെ വിലയിലെക്കു വകയാക്കുവാൻ തരമുള്ളതുകൊണ്ടും ഒരേക്ര സ്ഥലം കൃഷിചെയ്യാൻ സുമാർ ൨൦൦ ക യിലധികം വേണ്ടിവരികയില്ലെന്നു ഗണിക്കാവുന്നതാണ്. ഈ സംഖ്യയിൽ കാടുവെട്ടിത്തെളിക്കുക, കൃഷിസാമഗ്രികൾ ശേഖരിക്കുക, പുര പണിയിക്കുക, ശമ്പളം കൊടുക്കുക മുതലായി സകലത്തിന്നും വേണ്ട ചിലവുകൾ മുഴുവനും ഒതുങ്ങുന്നതാണ്. ഈ തുകയിൽ പകുതിയോളം ഒന്നാമത്തെ കൊല്ലത്തിൽ ചിലവുചെയ്യേണ്ടിവരുന്നതാകയാൽ മൂലധനത്തിൽ പകുതി ആദ്യത്തെ കൊല്ലംതന്നെ പിരിച്ചെടുക്കേണ്ടിവരും.

സാധാരണയായി ൫൦൦൦ ഏക്ര വിസ്താരമുള്ള ഒരു ഭൂമി കൃഷിചെയ്തുകഴിവാൻ മൂന്നു സംവത്സരം വേണ്ടിവരും. ഈ കണക്കിൽ കൊല്ലത്തിൽ ൬൦൦൦൦ ചെടി നടുക എന്നാണു കൂട്ടിയിരിക്കുന്നത്. ആദ്യത്തെ കൊല്ലം നട്ടിട്ടുള്ള ചെടികളിൽ നിന്ന് ആറാമത്തെ കൊല്ലം റബ്ബറെടുപ്പാൻ കഴിയും. ഇങ്ങിനെതന്നെ രണ്ടാംകൊല്ലം വെച്ച ചെടികളിൽനിന്ന് ഏഴാം കൊല്ലവും, മൂന്നാംകൊല്ലം വെച്ച ചെടികളിൽനിന്ന് എട്ടാംകൊല്ലവും റബ്ബർ എടുത്തുതുടങ്ങാവുന്നതാണ്. എന്നാൽ രണ്ടുകൊല്ലംകൊണ്ടുതന്നെ ആയിരം ഏക്രസ്ഥലം കൃഷിചെയ്യുന്ന കാര്യം ഒട്ടും അസാദ്ധ്യമല്ല. പത്താംകൊല്ലം തികയുന്നതുവരെ ഒരു മരത്തിൽ നിന്നു കൊല്ലത്തിൽ ഒരു റാത്തൽ കണ്ട് ഉണങ്ങിയ റബ്ബർ കിട്ടുമെന്നു കാണുന്നു. ഒരു റാത്തൽ ഉണങ്ങിയ റബ്ബറിന്ന് ൫ ഷില്ലിങ്ങ് — മൂന്നേമുക്കാൽ ക — വിലയുണ്ട്. എന്നാൽ റബ്ബർ മരത്തിൽനിന്നെടുത്തു വില്പനയുള്ള മാതിരിയിലാക്കുവാനും, വില്പനസ്ഥലത്തെത്തിപ്പാനും കൂടി റാത്തൽ ഒന്നുക്ക് സുമാർ ഒന്നേമുക്കാൽ ക വീതം ചിലവുചെയ്യേണ്ടിവന്നേക്കാം. ഈ ചിലവു തള്ളിനാക്കിയാൽ മരത്തിന്നു ൨ ക പ്രകാരം അററ ആദായം കിട്ടുന്നതാണെന്നു വരുന്നു. അങ്ങിനെയാകുമ്പോൾ ൫൦൦൦ ഏക്ര വിസ്താരമുള്ള തോട്ടത്തിൽനിന്നു സുമാർ മൂന്നുലക്ഷം ഉറുപ്പിക അററ ആദായമായി കിട്ടുന്നതാണ്. അത്യാവശ്യച്ചിലവുകളിലെക്കു നീക്കിവെപ്പാനും, വിലയിച്ചുള്ള ഏററക്കുറവുകൾ ശരിപ്പെടുത്തുവാനുമായി ഒരു ലക്ഷം ഉറുപ്പികകൂടിക്കിഴിച്ചുചെയ്താൽ തന്നെ രണ്ടുലക്ഷം ഉറുപ്പിക ആദായമുണ്ടാകുമെന്നുള്ളതിന്നു സംശയമില്ല. പത്താംകൊല്ലം കഴിഞ്ഞാൽ ഈ ആദായം രണ്ടോ നാലൊ ഇരട്ടിക്കുന്നതാണ്. ഒരു മരത്തിൽ നിന്നു കൊല്ലത്തിൽ പത്തു മുതൽ പതിനഞ്ചുവരെ റാത്തൽ റബ്ബർ കിട്ടിവരുന്നുണ്ടെന്നു വിശ്വാസയോഗ്യങ്ങളായ കണക്കുകൾകൊണ്ടു കാണുന്നു. മരങ്ങളുടെ വളച്ചയും സാധനത്തിന്റെ വിലയും സാധാരണനിലയിലായാൽതന്നെ പത്താംകൊല്ലം പൂർത്തിയാകുന്നതിന്നു മുമ്പായി ചിലവുചെയ്തിട്ടുള്ള പണം മുഴുവനും അരപ്പണം പലിശയോടുകൂടി വീണ്ടെടുപ്പാൻ കഴിയുന്നതാണ്. ഒരു മരത്തിൽ നിന്ന് ൩൦ കൊല്ലത്തിലധികം കാലം റബ്ബറെടുപ്പാൻ കഴിയുമെന്നും അനുഭവംകൊണ്ടറിവാനിടയായിട്ടുണ്ട്. ഈ കണക്കിന്നു സാധാരണയായി വിചാരിക്കുന്നതായാൽതന്നെ ഈ വ്യവസായത്തിൽനിന്നുള്ള ധനലാഭം സ്പൃഹണീയമാണെന്നു തന്നെയല്ല ഹൃദയാകർഷകം കൂടിയാണെന്നു നിസ്സംശയമായി പറയാം.

ഇനി റബ്ബറിന്റെ ഉപയോഗത്തെപ്പററിയാണ് ആലോചിപ്പാനുള്ളത്. മൈ

ട്ടാർകാർ മുതലായ താനെ പോകുന്ന വാഹനങ്ങളും യന്ത്രോപകരണങ്ങളും വർദ്ധിക്കുന്നതോടുകൂടി പാരാറബ്ബറി* ന്റെ ഉപയോഗം വളരെ അധികമായി വരുന്നുണ്ട്. ലോകത്തിൽ അധികം രാജ്യങ്ങളിലും എല്ലാത്തരം വാഹനങ്ങൾക്കും റബ്ബർ ഉപയോഗിച്ചുതുടങ്ങിയിരിക്കുന്ന സ്ഥിതിക്ക് റബ്ബറിന്റെ ആവശ്യം എത്രത്തോളം വർദ്ധിക്കുമെന്നു മുൻകൂട്ടി ഗണിപ്പാൻപോലും സാധിക്കുന്നതല്ല. പന്ത്, ബൂട്സ്, വസ്ത്രങ്ങൾ മുതലായതുണ്ടാക്കുവാൻ റബ്ബർ ഉപയോഗിക്കാറുണ്ടെന്നു നമുക്കറിയാമല്ലോ. യൂറോപ്പിൽ പല ദിക്കുകളിലും പുര മേയുവാനും റബ്ബർ ഉപയോഗിച്ചുവരുന്നുണ്ട്. അതുകൊണ്ട് അടുത്ത കാലത്തൊന്നും റബ്ബറിന്റെ ആവശ്യമൊ വിലയൊ കുറഞ്ഞുപോകയില്ലെന്നു ദൃഢമായി വിശ്വസിക്കാം. റബ്ബറിന്റെ ഉൽപത്തി അധികമാകനിമിത്തം വില ഇടിയുന്നതായാൽതന്നെ കൂലിച്ചിലവും കയററി അയപ്പാനുള്ള ചിലവും കുറഞ്ഞിരിക്കുന്ന കൃഷിയുടമസ്ഥന്മാൎക്കു വേഗത്തിൽ നഷ്ടം പററുകയില്ല. ഈ സംഗതിയാലോചിക്കുമ്പോഴും വാണിയമ്പാറയിലെ റബ്ബർകൃഷിയുടെ സ്ഥിതി വളരെ അനുകൂലനിലയിലാണു കാണുന്നത്.

തെങ്ങിൽനിന്നുണ്ടാകുന്ന സാധനങ്ങൾ മാത്രമാണ് ഇപ്പോൾ ഈ നാട്ടിൽനിന്ന് അന്യരാജ്യങ്ങളിലേക്കു വ്യാപാരത്തിന്നായി കയററി അയക്കുന്നത്. ഇപ്പോൾ അല്പാല്പമായി ആരംഭിച്ചുതുടങ്ങിയിരിക്കുന്ന റബ്ബർകൃഷിയും റബ്ബർകയററുമതിയും ക്രമത്തിൽ വൎദ്ധിച്ചുവരുവാൻ മാൎഗ്ഗമുണ്ട്. തെങ്ങുകൃഷിയുടെ കാൎയ്യത്തിൽ ഉൽപാദകമായ തൊഴിൽ മുഴുവനും നാട്ടുകാരുടേതായിട്ടാണിരിക്കുന്നത്. പ്രസാരണത്തിനുതകുന്ന കാൎയ്യങ്ങൾ നടത്തിവരുന്നത് അന്യരാജ്യക്കാരാണ്. ഇപ്പോൾ റബ്ബറിന്റെ കാൎയ്യത്തിൽ ഈ രണ്ടു ജാതി തൊഴിലുകളും, അന്യരാജ്യക്കാർ നടത്തിവരുന്നു. നമ്മുടെ രാജ്യത്തുള്ള വിശാലങ്ങളും ഫലപുഷ്ടിയുള്ളവയുമായ മലപ്രദേശങ്ങളെ കരസ്ഥമാക്കി വലിയ യന്ത്രശാലകളേയും നിൎമ്മിച്ചു ബഹുധാടിയിൽ പ്രവൃത്തി നടത്തുന്ന വ്യവസായശീലന്മാരായ അന്യരാജ്യക്കാരെ നാം മാതൃകയാക്കി പ്രവൎത്തിക്കേണ്ടതല്ലെ? അതിദൂരത്തിൽനിന്നു മൂലധനം കൊണ്ടുവന്ന് ഇവിടെ കൃഷിചെയ്യുന്ന ഉത്സാഹികളായ അന്യരാജ്യക്കാൎക്കു റബ്ബർകൃഷിയിൽനിന്നു കിട്ടിവരുന്ന ഫലം ഈ നാട്ടുകാരായ പണക്കാരുടെ ദുൎഗ്ഗുണങ്ങളെ ദൂരീകരിക്കേണ്ടതാണ്, അവൎക്കുള്ള ധൈൎയ്യവും, സ്ഥൈൎയ്യവും ഈ നാട്ടുകാൎക്കില്ലായിരിക്കാം, എങ്കിലും, അവരുടെ പ്രവൃത്തിയിൽനിന്നു ഒരു പാഠം നമ്മൾ പഠിക്കേണ്ടതാണ്.

നാട്ടുകാരെ ഒരുമിച്ചുകൂട്ടി വ്യവസായങ്ങളിൽ പ്രവേശിപ്പിച്ചു രാജ്യത്തിന്ന് അഭ്യുദയം വരുത്തുവാനായി ശ്രമിക്കുന്ന ഗവൎമ്മെണ്ടിൽനിന്നു കല്പിച്ചുണ്ടാക്കിയ ഈ അഭ്യുദയമാൎഗ്ഗംകൊണ്ടുണ്ടാകാവുന്ന ഗുണങ്ങളെ അനുഭവിപ്പാൻ വേണ്ട സാമൎത്ഥ്യം നാട്ടുകാൎക്കുണ്ടാകുമെന്നു വിശ്വസിക്കാവുന്നതാണ്. ഗവൎമ്മെണ്ടിൽനിന്നു ചെയ്തിട്ടുള്ള ഈ സഹായം, പ്രജകളുടെ അഭ്യുദയത്തെ

* പാരാറബ്ബറെന്നും സീരാറബ്ബറെന്നും റബ്ബറിൽ രണ്ടുജാതിയുണ്ട്. സീരാറബ്ബർ പാരാറബ്ബറോളം നന്നായിരിക്കയില്ല. റബ്ബർവൎഗ്ഗത്തിൽ ഏററവും നല്ലതു പാരാറബ്ബറാണ്. ഇതുതന്നെയാണു നമ്മുടെ മലതോട്ടങ്ങളിൽ അധികമായി കൃഷിചെയ്യപ്പെടുന്നത്. റബ്ബർകൃഷിയെപ്പററിയുള്ള അധികവിവരം ഡാക്ടർ കന്തൎവിള്ള അവൎകളുടെ കൃഷിശാസ്ത്രത്തിൽ പ്രതിപാദിച്ചിട്ടുള്ളതിൽനിന്നു ഗ്രഹിക്കാവുന്നതാണ്.

മം. പ.

മാത്രം ഉദ്ദേശിച്ച ഗവൎമ്മേണ്ടിൽനിന്നു കുറെക്കാലമായി ആലോചനാപൂൎവ്വം ചെയ്തുവരുന്ന കാൎയ്യങ്ങളിൽവെച്ചു പ്രധാനമായ ഒന്നാണെന്നു് എല്ലാവൎക്കും അറിയാവുന്നതാണു്. ഇങ്ങനെയൊരു നൽകാൎയ്യം ചെയ്തതുകൊണ്ടുള്ള ചാരിതാൎത്ഥ്യം ഗവൎമ്മേണ്ടിനു സിദ്ധിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും, അതിനെ സഫലമാക്കുവാനും അതിൻവഴിക്കു തങ്ങൾക്കഭ്യുദയം നേടുവാനും വേണ്ടപ്പെട്ട ശ്രമങ്ങൾ ചെയ്യേണ്ട ചുമതല നാട്ടുകാൎക്കു തന്നെയാണിരിക്കുന്നതു്.

കാൎയ്യങ്ങൾ നടത്തുന്നതിലും മററും യൂറോപ്യന്മാരെ അനുകരിച്ചാൽമാത്രമെ യഥാൎത്ഥമായ പരിഷ്കാരവും അഭ്യുദയവും ഉണ്ടാകയുള്ളു. അന്യരാജ്യക്കാരുടെ സംസൎഗ്ഗംകൊണ്ടു നാട്ടുകാരുടെയിടയിൽ വ്യാപിച്ചുവരുന്ന ഉൽകൃഷ്ടജീവിതരീതിയെ നിലനിൎത്തിക്കൊണ്ടുപോവാൻ നാട്ടുകാർ ആഗ്രഹിക്കുന്നുണ്ടാകണം. എന്നാൽ യൂറോപ്യന്മാരുടെ നടവടികളേയും സമ്പ്രദായങ്ങളേയും അനുകരിക്കുന്ന നാട്ടുകാർ അവരുടെ ആഭ്യന്തരപരിഷ്കാരവും, അവരുടെ സംപത്തിന്നെല്ലാം ഹേതുവായ ജ്ഞാനാഭിവൃദ്ധിയും തങ്ങൾക്കുണ്ടാവാൻ അധികം ശ്രദ്ധവെക്കേണ്ടതാണു്. പാശ്ചാത്ത്യവിദ്യാഭ്യാസം പല കാൎയ്യങ്ങളിലും ഉണൎച്ചയുണ്ടാക്കീട്ടുണ്ടു്. പാശ്ചാത്ത്യചരിത്രം പല കാൎയ്യങ്ങളിലും മാതൃകകാട്ടിത്തന്നിട്ടുമുണ്ടു്. എങ്കിലും നാട്ടുകാർ അനുഷ്ഠാനത്തിൽ പാശ്ചാത്ത്യന്മാരെ അനുകരിച്ചുകാണാത്തതു ഭാഗ്യദോഷമെന്നേ വിചാരിപ്പാൻ തരമുള്ളു.

കൊച്ചിക്കാർ തങ്ങൾക്കു സിദ്ധിച്ചിട്ടുള്ള ഈ അഭ്യുദയമാൎഗ്ഗം വിട്ടുകളയുന്നതു് ഒരു പ്രകാരത്തിലും ഉചിതമല്ല. പണമിടപെട്ടുള്ള വൻകാൎയ്യങ്ങളെ മനസ്സിരുത്തി പഠിക്കേണ്ട സമയം വന്നിരിക്കുന്നു. പലരും കൂടിച്ചേൎന്നുള്ള കമ്പനികളുടെ നടത്തിപ്പിന്നും നിലനില്പിന്നും വലിയ ധനശാസ്ത്രനൈപുണ്യവും ആലോചനാശക്തിയും അത്യാവശ്യമാണു്. ആ മാതിരി വലിയ കാൎയ്യങ്ങളിലേൎപ്പെട്ടാൽ മാത്രമെ അതിൽ പരിചയവും,ജീവിതം സഫലമാണെന്നുള്ള ബോധവും ദൃഢമാകയുള്ളു. വാണിയമ്പാറ റബ്ബർകമ്പനിയുടെ സാഫല്യം മാറുള്ള വ്യവസായങ്ങളിൽ പ്രവേശിക്കുന്നതിന്നു് ഒരുത്തമദൃഷ്ടാന്തമായിത്തീരുന്നതുമാണു്.

—∞∞—

# വെള്ളാള.

(തുടൎച്ച)



പറവൂർഗ്രാമത്തിൽ ചെന്നു ചേൎന്ന വെള്ളഗൃഹക്കാർ അധികം മനക്കാരുണ്ടായിരുന്നുവെന്നു പറഞ്ഞുവല്ലൊ. ഇതിൽ ഒരു വ്യത്യാസമുണ്ടു്. ഒരു മനമാത്രമെ പറവൂർ ഗ്രാമത്തിൽ" ചെന്നുചേൎന്നുള്ളു. അവിടെ വെച്ചാണു് അധികം മനകളായി പിരിഞ്ഞതു്, എന്നാണു സൂക്ഷ്മാന്വേഷണംകൊണ്ടു കാണുന്നതു്. എന്നു തന്നെയല്ല, ഈ വെള്ളഗൃഹത്തിനു് ഇവിടെവെച്ചു സന്തതിവിച്ഛേദം വരികയും, ആ സ്ഥാനത്തു ഭാൎഗ്ഗവഗോ

ത്രത്തിൽ വീതഹവ്യപ്രവരത്തിലുൾപ്പെട്ട കല്ലൂർമനയിലെ ഒരു നമ്പൂതിരിപ്പാട്ട വേട്ടിരിക്കുകയും ചെയ്തുവെന്നും, ആ വംശവൎണ്ണനയിൽ വേർതിരിഞ്ഞ വെള്ളഗൃഹക്കാർ വെള്ളാങ്ങല്ലൂക്കാരായിത്തീൎന്നുവെന്നും ഇപ്പോഴത്തെ ഇവരുടെ ഗോത്രസ്ഥിതികൊണ്ടും തെളിയുന്നു. ഇവർ എല്ലാംകൊണ്ടും വളരെ യോഗ്യന്മാരായി വൎദ്ധിച്ചു പറവൂർഗ്രാമത്തിൽ തലവന്മാരായി തീരുകയും ചെയ്തു.

പെരുമാക്കന്മാരെ അവരോധിക്കുന്ന സമ്പ്രദായം നിന്നതിന്നു ശേഷം, മലയാളത്തിലെ രാജ്യഭാരം പല നാടുവാഴികളിലുമായി വിഭജിക്കപ്പെട്ടിരുന്നുവെങ്കിലും പഴയപടി മാമാങ്കമഹോത്സവം നടന്നുവന്നിരുന്നു. ഓരോരോ പെരുമാക്കന്മാരുടെ കാലത്ത് അവരുടെ കേരളീയസന്താനങ്ങളായ സാമന്തവീരന്മാരെ ഓരോ നാട്ടുപുറങ്ങളിലെ ഭരണാധികാരികളാക്കിവെച്ചിരുന്നു. അക്കൂട്ടത്തിൽ ഒരാളായിരുന്നു വെള്ളാട്ടരെരാജാവായ വള്ളുവക്കോനാതിരി. തിരുനാവായ മാമാങ്കം നടക്കുന്ന പ്രദേശവും മററും ആ രാജാവിന്റെ അധികാരാതൃത്തിയിൽപ്പെട്ടിരുന്നതിനാൽ, പെരുമാക്കന്മാരെ അവരോധിച്ചാൽ നിറുത്തിവന്നിരുന്ന സ്ഥാനത്ത് ഈ രാജാവു നില്ക്കുക പതിവായിരുന്നു. എന്നാൽ ഒടുവിലെപ്പെരുമാളുടെ മരുമക്കത്തായസന്താനമായ പെരുമ്പടപ്പിൽസ്വരൂപത്തിലെ മൂത്തകോവിൽ, പെരുമാൾ ധരിച്ചിരുന്ന കിരീടം ധരിച്ചുവന്നാൽ അവിടത്തെക്ക് ഈ സ്ഥാനം ഒഴിഞ്ഞുകൊടുത്തും വന്നിരുന്നു. ആദ്യത്തെപ്പെരുമാളുടെ സാമന്തസന്താനമായിരുന്ന ഏറനാട്ടിലെസ്സാമന്തരാജാവിന്റെ (സാമൂരിയുടെ) അഭ്യുദയം വെള്ളുക്കനാരിയുടെ ഈ നിലയ്ക്കു മാററം പററിച്ചു. പുതിയതായി മലയാളത്തിൽ കടൽവഴിക്കു വന്നിറങ്ങിയ ഒരുവക കച്ചവടക്കാരായ മഹമ്മദീയവീരന്മാരുടെ സഹായത്തോടുകൂടിയാണു സാമൂരി മാമാങ്കമാന്യസ്ഥാനം കയ്ക്കലാക്കിയത്. ഈ രാജവീരൻ മുഹമ്മദുമതക്കാരോടു ചേൎന്ന് (സിദ്ധസംഗഃ) എന്ന ൩൭൯൭ കലിവൎഷകാലത്താണ് ഈ നില കൈവശപ്പെടുത്തിയത്. അന്നുമുതൽക്കാണു സാമൂരി കുന്നലക്കോനാതിരിയായി തീൎന്നത്. അവിടത്തെ ഊൎജ്ജിതം, പന്നിയൂർഗ്രാമത്തിൽ നില്ക്കുന്ന ശേഷിച്ച നമ്പൂതിരിമാരെത്താഴ്ത്തിവിട്ടതോടുകൂടി പ്രബലന്മാരായ പന്നിയൂർഗ്രാമക്കാരോടു മത്സരിച്ചുനിന്നിരുന്ന ശുകപുരംഗ്രാമക്കാർ വിശേഷിച്ചും നന്ദിപൂൎവ്വം കൊണ്ടാടുവാനിടയായി. ഈസ്സാമൂരിപ്പാട്ട പന്നിയൂർഗ്രാമക്കാരെ താഴ്ത്തുക എന്നൊരു വ്യാജേന പന്നിയൂർക്കൂറിനെ ഉയൎത്തുകയാണു ചെയ്തത്. പന്നിയൂർ കൂറുകാരുടെ തലവനായിത്തീൎന്ന സാമൂതിരിപ്പാട്ടിലെ സ്ഥാനാരോഹണത്തിൽ ശുകപുരംഗ്രാമക്കാരായ ആഴ്വാഞ്ചേരിത്തമ്പുരാക്കൾ, കലക്കണ്ടത്തൂർ ഗൃഹത്തിൽ തലവനായ വരിക്കാശ്ശേരി നമ്പൂതിരിപ്പാട്ട മുതലായ മഹാബ്രാഹ്മണന്മാർ ഇന്നും ചെയ്തുവരുന്ന നടവടികൾ ഈ രഞ്ജനയുടെ ലക്ഷ്യങ്ങളാകുന്നു. ഇതുപോലെ പെരുവനം ഗ്രാമക്കാരായ തെക്കിനിയേടത്തു കിരാങ്ങാട്ട നമ്പൂതിരിപ്പാട്, ചിറവൂരവണാവുനമ്പൂതിരിപ്പാട്ട മുതലായ ബ്രാഹ്മണവീരന്മാരും, സാമൂതിരിപ്പാട്ടിലെ സ്ഥാനത്തെ ആദരിക്കുക പതിവായിത്തീൎന്നു. പന്നിയൂർഗ്രാമം വിട്ടു പെരുവനത്തെക്കു ചേൎന്നവരായ മാത്തൂർഗൃഹക്കാരിൽ പൂമുള്ളിനമ്പൂതിരിപ്പാട്ടും കയ്യഞ്ചേരിത്തമ്പുരാക്കളും മററും പ്രത്യേകിച്ചും അഭിനന്ദിച്ചുവന്നു. പന്നിയൂർക്കൂറിലെ നേതാവാകയാൽ പന്നിയൂർ ഗ്രാമം വിടാത്തവരും, നാട്ടിൽ പ്രമാണികളുമായ കോതേരിശ്ശൂൽ നമ്പൂതിരിപ്പാട്ട മുതലായവർ

സാമൂതിരിപ്പാട്ടിലെപ്പേരിൽ, ഗ്രാമക്കാരെ തരം താഴ്ത്തിയതുപോലും വകവെക്കാതെ, ഏററവും നന്ദിതന്നെയാണു കാണിച്ചുവന്നിരുന്നതെന്നുള്ളതിന്നും ഇന്നത്തെ നടപടിതന്നെ ലക്ഷ്യമായിരിക്കും.

'പെരുമാക്കന്മാരുടെ അവരോധക്രമം നിന്നതിന്റെശേഷം പെരുമാളായി വാണത് ഏറാട്ടപെരുമ്പടപ്പ്' എന്നു കേരളചരിത്രത്തിൽ പറയുന്നു. വന്നേരിനാട്ടിൽ വൃക്ഷൈതസ്ഥൽക്ഷേത്രത്തിൽവെച്ചു പെരുമാളുടെ പഴയ കിരീടം ധരിച്ചു മാമാങ്കത്തിന്നു വരുന്ന പെരുമ്പടപ്പുമൂത്തകോവിലല്ല മാമാങ്കത്തിലെ മാന്യസ്ഥാനം സാമൂതിരിപ്പാട്ടം കഴിഞ്ഞുകൊടുക്കും എന്നായിരുന്നു അന്നത്തെ സ്വത്ര്യമര്യാദ. പക്ഷെ കിരീടംവെക്കാനിടയാകാത്തവിധം പന്നിയൂർക്കൂറുകാരും അവരുടെ നേതാവായ സാമൂതിരിപ്പാട്ടും കൌശലം നോക്കും. ചൊവ്വരംക്കൂററിലെത്തലവനായ പെരുമ്പടപ്പുമൂപ്പിലെ കിരീടം ധരിപ്പിച്ചു വാഴിപ്പാൻ ആ ക്കൂറുകാരും കൊണ്ടുപിടിച്ചു പ്രയത്നിക്കും. ഇങ്ങിനെയായിരുന്നു അക്കാലത്തെ സ്ഥിതി.

ഈ വിഷയത്തിൽ പന്നിയൂർഗ്രാമം വിടാത്ത വെള്ളഗൃഹക്കാർ വിശേഷിച്ചും തിരുവിശ്ശേരിക്കോട്ടയിലെ രാജാവായ നമ്പൂതിരിപ്പാട്, സാമൂതിരിപ്പാട്ടിലെക്കു സർവ്വാത്മനാ സഹായിച്ചു. സ്വന്തം ഭൂമിയായിരുന്ന പൊന്നാനി എന്ന സ്ഥലം സാമൂതിരിപ്പാട്ടിലേക്കു വിട്ടുകൊടുത്തു. ആ സ്ഥലം മഹമ്മദീയരുടെ ഒരു പ്രധാനസ്ഥാനമാക്കി ഒരു വലിയ പള്ളി സ്ഥാപിച്ചതും മററും സാമൂതിരിപ്പാട്ടിലെ പിന്നീട്ടുള്ള കൌശലമായിരുന്നു. കക്കാട്ടുവര്‍ഗ്ഗത്തിൽ നമ്പിടിമാരായിത്തീർന്ന നമ്പിയാതിരിവംശക്കാർ സാമൂതിരിപ്പാട്ടിലെപ്പക്ഷത്തിൽ പ്രത്യേകിച്ചും തലവന്മാരായിനിന്നിരുന്നുവെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. കുന്നലക്കോനാതിരിയുടെ സ്ഥാനാരോഹണത്തിന്നുമുമ്പായിത്തന്നെ പുന്നത്തൂർനമ്പിയാതിരി ചെയ്തുവരുമാറുള്ള കൃത്യങ്ങൾ ഇന്നും ഇതിന്നു ലക്ഷ്യങ്ങളാകുന്നു. ഇവിടെയുള്ള വെള്ളഗൃഹക്കാരുടെ നില ഇങ്ങിനെ ഇരിക്കട്ടെ.

ഇനി പറവൂർഗ്രാമത്തിൽ ചേർന്നവരെപ്പററി നോക്കുക. അവർ അവിടെ ഗ്രാമപ്രാമാണ്യംപോലും വഹിച്ചുവന്നിരുന്നു എന്നു പറഞ്ഞുവെച്ചിട്ടുണ്ടല്ലോ. അങ്ങിനെ ഏറിയോരു കാലം കഴിഞ്ഞുവന്നു. പറവൂർ വാഴുന്നമ്പിയായിരുന്ന ഒരു ബ്രാഹ്മണകുലക്കാർ ക്രമേണ നമ്പിയാതിരിസ്ഥാനം എന്നല്ല രാജാവെന്ന നിലയും വഹിച്ചുവന്നിരുന്നു. ഉദ്ദേശം എഴുനൂറായ്മ്പതു കൊല്ലത്തിന്നുമുമ്പു ഒരു പറവൂർ രാജാവ് ആഭിജാത്യവിരുദ്ധങ്ങളായ ചില നടവടികൾ നടത്തിയതിൽവെച്ചു ഗ്രാമത്തിലുള്ള ഉത്തമബ്രാഹ്മണർ കൂടിക്കഴിയുവാൻ മടിച്ചതുനിമിത്തം അവൎക്കു പല കഷ്ടപ്പാടുകളും അനുഭവിക്കേണ്ടിവന്നു. പലരും ആ ഗ്രാമം വിട്ടൊഴിഞ്ഞുപോയി. ആ കൂട്ടത്തിൽ ഈ വെള്ളഗൃഹക്കാർ ആ ഗ്രാമവും വെടിഞ്ഞൊഴിഞ്ഞു. ഇവരിൽ ചിലർ മൂഴിക്കളം ഗ്രാമത്തിന്നും കിഴക്ക് കിടങ്ങൂർ എന്ന സ്ഥലത്തു ചെന്നുകൂടി. ഇന്നും അവിടെയുള്ള ആയ്ക്കമ്പിള്ളി, കയ്പിള്ളി എന്നീ മനക്കാരായ ഭട്ടതിരിപ്പാടന്മാർ ഈ കൂട്ടത്തിൽപെട്ടവരാണ്. ആയ്ക്കമ്പിള്ളിമനയുടെ ഒരു ശാഖ വെള്ളുവനാട്ടുതാലൂക്കിൽ 'വെള്ളിനേഴി' എന്ന ദേശത്തും ഇപ്പോൾ പാൎത്തുവരുന്നുണ്ട്.

ഈ വെള്ളഗൃഹത്തിലെ അധികം മനക്കാർ ഇരിങ്ങാലക്കുടഗ്രാമത്തിന്റെ സങ്കേതഭൂമിയിൽപെട്ട കരുമപ്പട്ടണ (കരുപ്പടന്ന) ത്തിന്റെ അടുത്തു വടക്കുവശം ചെന്നുകൂടുകയാണു ചെയ്തതു്. ഇവർ അറുപതി

ലധികം മനക്കാരുണ്ടായിരുന്നുവെന്നു പ്രസിദ്ധിയുണ്ട്. ഈ സ്ഥലത്തിന്നു വെള്ളാങ്ങല്ലൂർ എന്നാണിന്നും പേർ പറയുന്നത്. ഈ വെള്ളാങ്ങല്ലൂക്കാർ വളരെ പ്രസിദ്ധികേട്ടവരായിരുന്നു. 'വെള്ള' എന്നു പറഞ്ഞാൽ വെള്ളാങ്ങല്ലൂക്കാർമാത്രമാണെന്നുപോലും പലരും ധരിക്കത്തക്ക നിലയിൽ ഇവർ മാന്യസ്ഥാനം വഹിച്ചുവന്നിരുന്നു. ശ്രീശങ്കരാചാര്യസ്വാമികളുടെ കാലശേഷം കൊല്ലവഷാരംഭത്തോടുകൂടി നമ്പൂരിമാരിൽ പലരും സന്യാസാശ്രമം സ്വീകരിച്ചുവന്നിരുന്നുവല്ലൊ. ആ കൂട്ടത്തിൽ ഈ വെള്ളാങ്ങല്ലൂക്കാരും സന്യസിച്ചിട്ടുണ്ട്. തിരുനാവായയോഗമുണ്ടായതിന്നു മുമ്പുണ്ടായ തൃശ്ശൂർയോഗത്തിന്റെ സ്ഥാപകനായ ഒരു പുലാശ്ശേരി യോഗിയാതിരിപ്പാട്ടിലെക്കാലത്തു ജീവിച്ചിരുന്ന പ്രസിദ്ധപ്പെട്ട വില്വമംഗലത്തു സ്വാമിയാന്മാർ വെള്ളാങ്ങല്ലൂക്കാരിലുൾപ്പെട്ടവരായിരുന്നു. ഈ ദേശത്തിന്റെ കിഴക്കെ ഭാഗം ഇന്നു 'പുത്തഞ്ചിറ' എന്നു പറയുന്ന സ്ഥലമാണ് ആ ശ്രീകൃഷ്ണഭക്തശിരോമണികളായ സ്വാമിയാന്മാരുടെ ജന്മഭൂമി. ആ ഇല്ലപ്പറമ്പും അതോടടുത്തുതന്നെ അവരുടെ ഒരു ക്ഷേത്രവും ഇവരുടെ ഓയാദിയായ 'മേച്ചേരി'മനയ്ക്കൽനമ്പൂരിപ്പാട്ടിലെ അധീനത്തിൽ നില്ക്കുന്നു.

തൃക്കണാമതിലകത്തുകാരും ഇരിങ്ങാലക്കുടഗ്രാമക്കാരും തമ്മിൽ കലഹമുണ്ടായ കാലത്ത് ഇവർ ഇരിങ്ങാലക്കുടക്കാരോടു യോജിച്ചാണു നിന്നിരുന്നത്. ആ ഗ്രാമക്കാർ ജയിച്ചു മതിലകം ക്ഷയിച്ചതിന്റെ ശേഷം ഈ വെള്ളാങ്ങല്ലൂക്കാരെ അവർ പ്രധാനപ്പെട്ട സ്വന്തം ഓത്തമ്പലങ്ങളിൽ ഒരുത്തുകൊടുത്തു ബ്രാഹ്മമാനിക്കുകയും കൂട്ടത്തിൽ ചേക്കുകയും ചെയ്തുവന്നു. ആ ഒരു ബ്രാഹ്മമാനത്തെ ആദരിപ്പാൻ വേണ്ടിയൊ മററു വല്ല കാരണത്താലൊ എന്തൊ ഇവരിൽ ചില മനക്കാർ (കുറിശ്ശിവഴ്ശക്കാർ) ചാരണം മാറി ഉപനയിച്ചു യജുഃവ്വേദികളായി കാണപ്പെടുന്നുണ്ട്. ഇരിങ്ങാലക്കുടക്കാരിൽ പ്രമാണികളെപ്പോലെ ബാധൂലകഗൃഹ്യസൂത്രവും സ്വീകരിച്ചുവരുന്നു. ഇവക്കു ഭിന്നഗോത്രന്മാരായ മറവഞ്ചേരിശ്ശാഖക്കാരുമായി'വേളിപെൺകൊട'കളും നടന്നുവരുന്നു. ഇരിങ്ങാലക്കുടഗ്രാമക്കാരുടെ ചില വിശേഷനിശ്ചയങ്ങളൊന്നും ഇവർ സ്വീകരിച്ചിട്ടില്ല. പെരുവനംഗ്രാമക്കാരുടെ ഇടയിലും ഇവർ വേദപ്രയോഗം ചെയ്തുവരുമാറുണ്ട്. തളിപ്പറമ്പു (പെരുഞ്ചെല്ലൂർ) മുതലായ മററു മാന്യസ്ഥലങ്ങളിലും ഇവക്കു പ്രവേശം അപ്രതിഷിദ്ധമാകുന്നു.

ഇപ്പോൾ ഈ യാജ്ഞന്മാരായ വെള്ളാങ്ങല്ലൂക്കാരുടെ മനകൾ മൂന്നു മാത്രമായി ശേഷിച്ചിരിക്കുന്നു. അക്കരക്കുറിശ്ശി, എളകുറിശ്ശി, വാഴപ്പിള്ളി എന്നിങ്ങിനെയാണു മൂന്നു മനയുള്ളത്. ഇതിൽ എളകുറിശ്ശിയും വാഴപ്പിള്ളിയും തമ്മിൽ മാത്രം മൂന്നു പുലബന്ധം വിട്ടിട്ടില്ല. അക്കരക്കുറിശ്ശിമനയ്ക്കും മഠത്തിൽമന എന്നൊരു ഓയാദഗൃഹം കഴിഞ്ഞ നൂററാണ്ടിന്റെ ഒടുവരെ ഉണ്ടായിരുന്നു. ആ സ്ഥാനം ഇപ്പോൾ പാഴൂർഗ്ഗ്രാമത്തിൽ തളിയിൽനമ്പൂരിപ്പാട്ടിലെയ്ക്കു കൊച്ചിരാജാവിന്റെ തീട്ടൂരപ്രകാരം സിദ്ധിച്ചിരിക്കുന്നു. ഈ മൂന്നു മനക്കാരായ യജുർവ്വേദിനമ്പൂരിപ്പാടന്മാരിൽ വാഴപ്പിള്ളിമനക്കാക്കു വില്വമംഗലത്തുമനക്കലെ ഭൂസ്വത്തിന്റെ ചില അംശങ്ങളും സിദ്ധിച്ചുകാണുന്നുണ്ട്. അതുകൊണ്ട് ആ മനയോട് ഇവക്കൊരടുപ്പം അധികമുണ്ടായിരുന്നതായി ഊഹിക്കാം. ഇന്നും ഉദേപദിയായിത്തന്നെ ഇരിക്കുന്ന മേച്ചേരിമനക്കലെ നമ്പൂരിപ്പാട് വില്വമംഗലത്തു സ്വാമിയാരുടെ യോഗീശ്വര

പൃജയും മററും ചെയ്തുവരുന്നതുകൊണ്ട് അധികം അടുപ്പം ആ മനക്കാൎക്കായിരുന്നു എന്നും ഊഹിക്കണം. അല്ലെങ്കിൽ ആ വംശം മുടിയുന്ന കാലത്ത് ഇവർ ഇരുമനക്കാരും ഒരെവിധം തന്നെ അടുത്തുനിന്നവരാണെന്നും വിചാരിക്കാം. പിന്നീടായിരിക്കാം ഒരു വകക്കാർ യാജുഷന്മാരായിത്തിരിഞ്ഞതു്.

ഋഗ്വേദികളായിത്തന്നെ നില്ക്കുന്ന വെള്ളാങ്ങല്ലൂക്കാരിൽ മേച്ചേരിമനക്കൽ നമ്പൂരിപ്പാടുമാത്രമെ ഇപ്പോൾ ശേഷിപ്പുള്ളു. ആ മനയ്ക്കലെക്ക് ഇന്നും അഞ്ചുമൂൎത്തിമംഗലംമഹാക്ഷേത്രത്തിലെ ഊരായ്മ നിലനിന്നുവരുന്നുണ്ട്. വെള്ളാങ്ങല്ലൂർ ഭട്ടതിരിപ്പാട് എന്നു വേറിട്ടൊരു മനക്കാർ ഉണ്ടായിരുന്നു. ആ സ്ഥാനം കലക്കണ്ടത്തൂർ ഓട്ടൂർ മനയ്ക്കലേക്കു കൊച്ചിരാജാവിന്റെ തീട്ടൂരപ്രകാരം കൈമാറിനില്ക്കുന്നു. ശേഷം മനകളെല്ലാം കാലംകൊണ്ടു നശിച്ചുപോയി മറഞ്ഞുമിരിക്കുന്നു.

ഈ വിധമുള്ള വെള്ളാങ്ങല്ലൂക്കാൎക്ക്, (വെള്ളഗൃഹക്കാൎക്ക്) പണ്ടെ ഉണ്ടായിരുന്നതായ ക്ഷത്രിയപക്ഷപാതം ഇന്നും വെളിപ്പെടുന്നുണ്ട്. പ്രധാനപ്പെട്ട ചില ക്ഷത്രിയകുലങ്ങളിൽ ക്ഷത്രിയരെ ഉപനയിക്കുന്ന കൎമ്മം ഇവർ ഇന്നും അനുഷ്ഠിച്ചുവരുന്നു. വെള്ളാങ്ങല്ലൂർഭട്ടതിരിക്കായിരുന്നു പെരുമ്പടപ്പുരാജവംശക്കാരെ ഉപനയനം കഴിപ്പാനുള്ള ഗുരുത്വം. ഇതു് ഇന്നും ഓട്ടൂരുമനയ്ക്കൽ നമ്പൂരിപ്പാടു നിൎവ്വഹിച്ചുവരുന്നു. മേച്ചേരി മനയ്ക്കൽനമ്പൂരിപ്പാടായിരുന്നു കൊടുങ്ങല്ലൂർരാജാക്കന്മാരെ ഉപനയിച്ചിരുന്നത്. അതു് ഇന്നും ഈ വഴിക്ക് എളങ്കറിശ്ശിമനയ്ക്കൽനമ്പൂരിപ്പാടു കഴിച്ചുകൂട്ടിപ്പോരുന്നു. വെള്ളാങ്ങല്ലൂർ വെള്ളഗൃഹക്കാരുടെ നില ഇങ്ങിനെയെല്ലാമാകുന്നു.

നമ്പിടി, കക്കാട്, മറവഞ്ചേരി, പന്നിയൂർ വെള്ള, കിടങ്ങൂർ, വെള്ളാങ്ങല്ലൂർ എന്നിങ്ങിനെ ആറു വഴിക്കു പടൎന്നുകിടക്കുന്ന വെള്ളഗൃഹത്തിന്റെ ഒരു ചുരുങ്ങിയ സ്വരൂപം ഇത്രമാത്രം. കേരളചരിത്രത്തിന്റെ ഉള്ളിൽക്കടന്നുനോക്കിയാൽ എതെല്ലാം കാലത്ത്, എതെല്ലാം ദിക്കിൽ, എതെല്ലാം വേഷത്തിൽ ഈ വെള്ളഗൃഹക്കാരുടെ തലകൾ കാണാം. നോക്കു.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

# പുനൎജ്ജന്മം.

(അനുമാനം)



അത്യത്ഭുതങ്ങളായകാൎയ്യങ്ങൾ കൂടി നിത്യപരിചയംകൊണ്ടു നിസ്സാരങ്ങളായി തീരുന്നുണ്ട്. ഓരോ നിമിഷത്തിലും എത്ര വളരെ പ്രാണികളാണു ജനിക്കുന്നത്? എത്രയാണു മരിക്കുന്നത്? സൂക്ഷ്മമായാലോചിക്കുന്നതായാൽ പ്രാണികളുടെ ജനനമരണങ്ങളോളം ആശ്ചൎയ്യകരമായ മറെറാരു സംഗതി ലോകത്തിലുണ്ടോ എന്നുതന്നെ സം

ശയമാണ്. എങ്കിലും അവ നിത്യപരിചയംകൊണ്ടു സാധാരണമായിതീരുകയും അവയുടെ തത്വം കണ്ടെത്തുവാനുള്ള കൌതുകം ക്രമത്തിൽ മന്ദീഭവിക്കയും ചെയ്യുന്നു. അതിപരിചയംകൊണ്ട് അഗണ്യമാക്കിവെച്ചിട്ടുള്ള ജനനമരണങ്ങൾതന്നെ—പ്രത്യേകിച്ചും മരണം—നാമറിയാതെ നമ്മുടെ ഹൃദയത്തെ ബാധിക്കുന്ന ചില ഘട്ടങ്ങൾ ജീവിതകാലത്തിൽ പലപ്പോഴും സംഭവിക്കാറുണ്ട്. ആ വക സമയങ്ങളിൽ 'മരണാനന്തരം പ്രാണികളുടെ അവസ്ഥ എന്താണ്?' എന്നുള്ള ജിജ്ഞാസക്കു ജീവനുണ്ടാകയും അതിന്നൊരു സമാധാനം കാണുന്നതുവരെ മനസ്സിന്നു സ്വാസ്ഥ്യമില്ലാതാവുകയും ചെയ്യുക പതിവാണ്. ഈ ജിജ്ഞാസ ഇന്നും ഇന്നലെയും ഉണ്ടായതല്ല. ഈ ജിജ്ഞാസക്കു മനുഷ്യരുടെ വിശേഷബുദ്ധികളോളംതന്നെ കാലപ്പഴക്കമുണ്ടെന്നുതന്നെ പറയാവുന്നതാണ്. ഈ ജിജ്ഞാസയിൽനിന്നാണു മതത്തിന്റെ ഉൽപത്തിയെന്നു സ്വാമിവിവേകാനന്ദൻ പറഞ്ഞിരിക്കുന്നു. എല്ലാ മതങ്ങളിലും പ്രാണികളുടെ മരണാനന്തരദശയെപ്പററി എന്തെങ്കിലും ഒരു പ്രകാരത്തിൽ പ്രതിപാദിച്ചുകാണുന്നതുകൊണ്ട് ഈ വിഷയം മതപ്രവർത്തകന്മാരുടെ ശ്രദ്ധക്കു പ്രത്യേകം പാത്രീഭവിച്ചിരുന്നുവെന്നുള്ളതു നിസ്സംശയംതന്നെ.

പ്രാണികളുടെ മരണാനന്തരദശയെപ്പററി ശരിയായ ജ്ഞാനം ഇന്നെവരെ ഉണ്ടാവുക കഴിഞ്ഞിട്ടില്ലെന്നുതന്നെ പറയാവുന്നതാണ്. പൌരസ്ത്യന്മാർ പണ്ടുകാലത്തെ ഈ വിഷയത്തെപ്പററി പല വിമർശനങ്ങളും വിവാദങ്ങളും നടത്തീട്ടുള്ളതായി ദർശനഗ്രന്ഥങ്ങളിൽ നിന്നറിവാൻ കഴിയുന്നുണ്ട്. മൃത്യുനചികേതസ്സംവാദരൂപമായ കഠോപനിഷത്തിൽ ഈ വിഷയത്തിന്നു വളരെ പ്രാധാന്യം കല്പിച്ചുകാണുന്നു. നചികേതസ്സു മൃത്യുവിനോടു ചോദിച്ച മൂന്നു ചോദ്യങ്ങളിൽ ഒന്നു മരണാനന്തരസ്ഥിതിയെപ്പററിയാകുന്നു. മരണാനന്തരദശയെപ്പററി അന്നും അഭിപ്രായഭേദമുണ്ടായിരുന്നുവെന്നു നചികേതസ്സിന്റെ ചോദ്യത്തിൽനിന്നു വെളിവാകുന്നുണ്ട്. 'മനുഷ്യൻ മരിച്ചാൽ പിന്നെയും അവൻ ഉണ്ടെന്നു ചിലരും ഇല്ലെന്നു മററു ചിലരും പറയുന്നു. ഇതിന്റെ തത്വം അറിഞ്ഞാൽകൊള്ളാമായിരുന്നു(1)' എന്നാണു നചികേതസ്സിന്റെ പ്രശ്നം. ഇത്രയും ഗഹനമായ ഒരു വിഷയത്തെ ചെറുതായ ഒരുപന്യാസംകൊണ്ടു നിരൂപണം ചെയ്വാൻ സാധിക്കുന്നതല്ലെങ്കിലും അതിന്റെ ചില ഭാഗങ്ങളെ പ്രതിപാദിക്കുകയാണ് ഈ ഉപന്യാസത്തിന്റെ ഉദ്ദേശം.

മരണാനന്തരദശയെപ്പററി സാധാരണന്മാൎക്കു പ്രത്യക്ഷമുണ്ടാവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു മററുള്ള പ്രമാണങ്ങൾ ഇതിനെപ്പററി എന്തു പറയുന്നുവെന്നാണു പരിശോധിക്കേണ്ടിയിരിക്കുന്നത്. ശേഷിച്ചിരിക്കുന്ന രണ്ടു പ്രബലപ്രമാണങ്ങളിൽതന്നെ ശബ്ദപ്രമാണം മററുള്ളവരുടെ അനുഭവങ്ങളെ രേഖപ്പെടുത്തിയതാണെന്നെ സാമാന്യമായി വിചാരിപ്പാൻ വഴി കാണുന്നുള്ളു. എന്നാൽ മരണാനന്തരം പ്രാണികൾക്കു പുനൎജ്ജന്മമുണ്ടെന്നു തീൎച്ചയായി പറയുന്ന പ്രമാണങ്ങൾ, അസാധാരണമായ ജ്ഞാനശക്തി സിദ്ധിച്ചിട്ടുള്ളവരുടെ പ്രത്യക്ഷാനുഭവത്തിൽനിന്നു ജനിച്ചതൊ അത

---

(1) യേയം പ്രേതേ വിചികിത്സാ മനുഷ്യേ അസ്തീത്യേകേ നായമസ്തീതി ചൈകേ. ഏതദ്വിദ്യാമനുശിഷ്ടസ്ത്വയാഹം വരാണാമേഷ വരസ്തൃതീയഃ (കഠോപനിഷൽ 1, 1, 20.)

ല്ലെങ്കിൽ സാധാരണമായ അനുമാനത്തിൽനിന്നു പുറപ്പെട്ടതൊ, എന്നുള്ള കാൎയ്യം എളുപ്പത്തിൽ തിൎച്ചയാക്കുവാൻ കഴിയുന്നതല്ല. അതുകൊണ്ടു ശബ്ദപ്രമാണത്തേയും തൽക്കാലം നിൎത്തിവെച്ച് അനുമാനം— യുക്തി— ഈ വിഷയത്തിൽ ഏതു വഴിക്കാണു പോകുന്നതെന്നു പരിശോധിക്കുകതന്നെ.

പ്രാണികളുടെ ശരീരം ഏതെല്ലാം തത്വങ്ങളടങ്ങിയതാണെന്നും, ആ തത്വങ്ങൾ മരണകാലത്ത് ഏതെല്ലാം വിധത്തിൽ രൂപഭേദം പ്രാപിക്കുന്നുവെന്നുമാണ് ഈ വിഷയത്തിൽ മുഖ്യമായി ആലോചിക്കേണ്ടിയിരിക്കുന്നത്. മരണകാലത്തും നശിക്കാതെ ഒരു വസ്തു ശേഷിച്ചിരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്നു പിന്നേയും ശരീരപരിഗ്രഹമുണ്ടാകുന്നുണ്ടോ? ഈ ചോദ്യങ്ങൾക്കു സമാധാനം കണ്ടെത്തുവാൻ കഴിഞ്ഞാൽ പ്രകൃതവിഷയത്തെപ്പററി നിശ്ചിതമായ ഒരഭിപ്രായം പുറപ്പെടുവിപ്പാൻ കഴിയുന്നതാണ്.

പാഞ്ചഭൌതികമായ ശരീരത്തിന്നു പ്രതിക്ഷണം മാററം വന്നുകൊണ്ടിരിക്കുന്നുവെന്നുള്ളതു നിൎവ്വിവാദമാണ്. ബാല്യം, കൌമാരം, യൌവനം തുടങ്ങിയുള്ള അവസ്ഥാഭേദങ്ങളിൽ ശരീരത്തിന്നു മാററം വരുന്നുണ്ടെന്നുള്ളതു സ്ഥൂലദൃഷ്ടികൾക്കുപോലും അറിവാൻ കഴിയുന്നുണ്ടല്ലൊ. ഇങ്ങിനെ ഭൌതികമായ ശരീരം മാറുന്നുണ്ടെങ്കിലും 'ഞാൻ' എന്നുള്ള ഏകതാപ്രതീതി പ്രാണികൾക്ക് എല്ലാ അവസ്ഥകളിലും അനുഭവിച്ചുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ നമ്മുടെ പൂൎവ്വാനുഭവങ്ങളും മാറും നശിച്ചുപോകാതെ സ്ഥായിയായി നില്ക്കുന്നുണ്ട്. ഭൌതികമായ ശരീരം ഇളകാതെയിരിക്കുമ്പോഴും സ്വപ്നാദ്യവസ്ഥകളിൽ നമ്മുടെ അന്തൎഭാഗത്തിൽ പല വ്യാപാരങ്ങളും നടന്നുവരുന്നതായി നമുക്കറിയാവുന്നതാണ്. ഈ സംഗതികളെക്കൊണ്ടാലോചിക്കുമ്പോൾ ശരീരവ്യതിരിക്തമായ ഒരു വസ്തു ശരീരത്തിനുള്ളിൽ പാൎത്തുവരുന്നുണ്ടെന്നുതന്നെ തീരുമാനിക്കേണ്ടിയിരിക്കുന്നു. ഇതിനെ ആത്മാവെന്നൊ ജീവനെന്നൊ പറയുന്നതിന്നു വിരോധമില്ല. നാശം കൂടാതെ എല്ലായ്പോഴും അനുവൎത്തിച്ചുനില്ക്കുന്ന ഈ വസ്തു ഭൌതികശരീരം നശിക്കുമ്പോഴും നശിക്കുന്നില്ലെന്നു വിചാരിപ്പാൻ ചില കാരണങ്ങളുണ്ട്.

ജനനാൽ തന്നെ പ്രാണികളിൽ കണ്ടുവരുന്ന ഇഷ്ടാനിഷ്ടജ്ഞാനം, പ്രത്യേകവിഷയപ്രവേശം എന്നിവക്കു യാതൊരു കാരണവുമില്ലെന്നു പറവാൻ നിൎവ്വാഹമില്ല. ഇപ്പോൾ കാണുന്ന ശരീരത്തിൽ ആ വക സംഗതികളെ ഉപപാദിക്കുന്ന സംഭവങ്ങളൊന്നും ഉണ്ടായിട്ടില്ലെന്നു നാം പ്രത്യക്ഷമായറിയുന്നുണ്ട്. ഈ വിധമുള്ള ഇഷ്ടാനിഷ്ടജ്ഞാനം മുമ്പുണ്ടായിട്ടുള്ള അനുഭവത്തിന്റെ സന്താനമായ സ്മരണമാണെന്നുതന്നെ കല്പിക്കേണ്ടിവരും. മുമ്പൊരു അനുഭവം ഉണ്ടെന്നു വരുമ്പോൾ ജന്മാന്തരം സിദ്ധിക്കുന്നു. ഒരു കാൎയ്യം പരിചയംകൊണ്ടു നമുക്കെളുപ്പമായിതീരുന്നു. അപ്പോൾ നമ്മുടെ മനസ്സിന്ന് ആ കാൎയ്യത്തിൽ പ്രവേശിപ്പാൻ ക്ലേശമില്ലാതേയുമാകുന്നു. ഈ എളുപ്പത്തെ വാസനയെന്നു പറഞ്ഞുവരുന്നു. ജന്മനാ ചിലൎക്കു ചില പ്രത്യേകവിഷയങ്ങളിൽ വാസനയുണ്ടാകുന്നതു പൂൎവ്വജന്മപരിചയംകൊണ്ടല്ലെങ്കിൽ പിന്നെ എന്താണതിന്നു കാരണം? ഇങ്ങിനെ ആലോചിച്ചുനോക്കുമ്പോൾ ജന്മാന്തരീയങ്ങളായ അനുഭവങ്ങളെ ശേഖരിച്ചുവെച്ചിട്ടുള്ള ഒരു വസ്തുവാണു വീണ്ടും ജനിക്കുന്നതെന്നു വന്നുകൂടുന്നു.

അത്ഭുതമല്ല; ലോകത്തിൽ ജനിച്ചിട്ടുള്ള ലക്ഷോപലക്ഷം ജീവികളുടെ സുഖദുഃഖങ്ങൾ ലക്ഷോപലക്ഷം പ്രകാരത്തിലായി കാണുന്നു. ചിലരുടെ ജീവിതം സുഖമയമായും മററു ചിലരുടെ ജീവിതം ദുഃഖസങ്കുലമായും കണ്ടുവരുന്നു. ചിലർ ജനനത്തിൽതന്നെ കുബേരന്മാരാണ്; വേറെ ചിലർ ആജന്മതഃ കുചേലന്മാരുമാണ്. ഈ വിധമുള്ള ഫലവൈഷമ്യങ്ങൾ എങ്ങിനെ ഉണ്ടാകുന്നു? കർമ്മങ്ങളുടെ വ്യത്യാസംകൊണ്ടു ഫലത്തിന്നും വ്യത്യാസം വരാറുണ്ടെന്നുള്ള സംഗതി പല കാര്യങ്ങളിലും പ്രത്യക്ഷമായിരിക്കുന്നുണ്ട്. അതുകൊണ്ട് ജന്മസിദ്ധങ്ങളായ അവസ്ഥാഭേദങ്ങൾ ജന്മാന്തരകർമ്മത്തിന്റെ പരിണാമങ്ങളാണെന്നു കല്പിക്കുന്നതിൽ യാതൊരു യുക്തിഭംഗവും ഇല്ല. എന്നാൽ ഫലവൈഷമ്യത്തിന്നുള്ള കാരണം കർമ്മവൈചിത്ര്യമാണെന്നു പറയുമ്പോൾ തൽക്കാലം സമാധാനം വരുന്നുണ്ടെങ്കിലും ഗാഢമായി നിരൂപിച്ചു നോക്കുന്നതായാൽ ഈ സമാധാനത്തിന്റെ ശൈഥില്യം വെളിവാകുന്നതാണ്. നമ്മുടെ ചോദ്യം ഒരു പടവുകൂടി കയറിച്ചെല്ലുമ്പോൾ ഈ സമാധാനത്തിന്നടിയുറപ്പുപോരാതെ വരും. ജന്മാന്തരത്തിലെ കർമ്മവൈചിത്ര്യത്തിന്നെന്താണു കാരണം? അതിന്നു മുമ്പിലത്തെ ജന്മത്തിലെ കർമ്മവൈചിത്ര്യം. ഇതിന്നെവിടെയാണവസാനം? ജന്മമോ കർമ്മമോ ആദിയിലുണ്ടായത് എന്നുള്ള വിവാദം 'അണ്ടിയോ മൂത്തത്, മാവോ മൂത്തത്'' എന്നുള്ള വാദംപോലെ ഒരു തീരാവഴക്കുതന്നെയാണ്. പക്ഷെ നമ്മുടെ ചോദ്യം ഒരു തീരാവഴക്കിൽ കലാശിച്ചതുകൊണ്ടു ചോദ്യം നിസ്സാരമാണെന്നോ സമാധാനം ബാഹ്ലരസികനായിരിക്കുന്നുവെന്നോ പറവാൻ പാടില്ല. അതുകൊണ്ട് ഈ സമാധാനം പൃഥഗ്ജനങ്ങൾക്കു പിടിച്ചുപോയിട്ടുണ്ടെങ്കിലും വിമർശകന്മാരുടെ ദൃഷ്ടിയിൽ പുനർവ്വിചാരണ നടത്തേണ്ട സംഗതിയായിരിക്കയെ ഉള്ളു. ഏതായാലും കർമ്മവൈചിത്ര്യവാദത്തേയും പുനർജ്ജന്മത്തിന്റെ സാധകയുക്തിയായി ഗണിക്കാമെന്നുതന്നെ വെക്കുക. മേല്പറഞ്ഞ യുക്തികളെക്കൊണ്ടു പ്രാണികൾക്കു പുനർജ്ജന്മം എന്നൊരവസ്ഥയുണ്ടെന്നു സിദ്ധിക്കുന്നു. ഇനി ഈ അനുമാനത്തിന്നു വല്ല ബാധകയുക്തികളും ഉണ്ടോ എന്നാണാലോചിപ്പാനുള്ളത്.

പുനർജ്ജന്മം ഉണ്ടെന്നു സിദ്ധാന്തിക്കുന്ന മതക്കാരെല്ലാം ശരീരവ്യതിരിക്തമായ ആത്മതത്വത്തെ അംഗീകരിക്കുന്നവരാണ്. എന്നാൽ ചില ദാർശനികന്മാർ ഈ അംശത്തിൽതന്നെ വിവാദം പുറപ്പെടുവിക്കുന്നു. ഇവരുടെ അഭിപ്രായത്തിൽ ശരീരംതന്നെയാണ് ആത്മാവെന്നു പറയപ്പെടുന്നതും. രസരക്താദികളായ ധാതുക്കൾ പ്രത്യേകം അചേതനങ്ങളാണെങ്കിൽതന്നെ അവയുടെ സംയോഗത്തിൽ ചൈതന്യമുണ്ടായിവരുന്നുവെന്നു വിചാരിപ്പാൻ വിരോധമില്ല. പ്രത്യേകം തീപ്പിടിക്കാത്ത ചില വസ്തുക്കളെ കൂട്ടിച്ചേർക്കുമ്പോൾ തീയുണ്ടാകുന്നതായി നാം കാണുന്നുണ്ട്. അതുപോലെതന്നെ ശരീരധാതുക്കളുടെ സംയോഗവിശേഷത്തിൽ ചൈതന്യമുണ്ടാകുന്നുവെന്നു പറഞ്ഞുകൂടയോ? ആ സംയോഗം മരണകാലത്തിൽ നശിച്ചുപോകുന്നതുകൊണ്ടു മരണാനന്തരം അതാതു ഭൂതങ്ങൾ അതാതുകളിൽ ലയിച്ചു കഴിഞ്ഞാൽ പിന്നെയൊന്നും ശേഷിച്ചിരിക്കുന്നില്ലെന്ന് ഇവർ വാദിക്കുന്നു. ചില ഔഷധങ്ങൾ സേവിക്കുമ്പോൾ ബുദ്ധി വർദ്ധിക്കുന്നു. മററു ചില ഔഷധങ്ങൾ വിസ്മൃതിക്കു കാരണമായി തീരുന്നു. ഇങ്ങി

ന്നെതന്നെ ആഹാരഭേദംകൊണ്ടും ദേശഭേദംകൊണ്ടും ബുദ്ധിസ്വഭാവത്തിന്നു ഭേദഗതി കണ്ടുവരുന്നതുകൊണ്ടു ചൈതന്യം ശരീരത്തെ ആശ്രയിച്ചിരിക്കുന്നതാണെന്നു വരാവുന്നതാണ്. ശരീരത്തിന്റെ ബലാബലങ്ങൾ ബുദ്ധിയേയും സംബന്ധിക്കുന്നതുകൊണ്ടും ചൈതന്യം ദേഹധൎമ്മമാണെന്നു വാദിക്കാം. ഈവക കാരണങ്ങളെ ശരീരാത്മവാദികൾ സ്വപക്ഷം സ്ഥാപിപ്പാനായി കൊണ്ടുവരുന്നു. പുതിയ പ്രകൃതിതത്വശാസ്ത്രവും ശരീരാത്മവാദികൾക്കു സഹായമായിട്ടാണു കാണുന്നത്. ജ്ഞാനം തലച്ചോറിനെ ആശ്രയിച്ചിരിക്കുന്നുവെന്നാണ് ആ ശാസ്ത്രം പറയുന്നത്. ശരീരാതിരിക്തമായ ആത്മാവു തന്നെ ഇല്ലെന്നു വരുന്നതായാൽ എതിനാണ് പിന്നെ പുനൎജ്ജന്മം?

ജന്മനാ കണ്ടുവരുന്ന ഇഷ്ടാനിഷ്ടജ്ഞാനവും വാസനാഗതിയും ഇവരുടെ മതത്തിൽ യോജിക്കുന്നതെങ്ങിനെയാണെന്നൊരു നല്ല പൂൎവ്വപക്ഷം ഈ വകക്കാരോടു ചോദിക്കാവുന്നതാണ്. അതിന്നും ഇവർ ചില സമാധാനങ്ങൾ പറയുന്നുണ്ട്. അയസ്കാന്തത്തിന്ന് ഇരിമ്പിനെ ആകൎഷിപ്പാൻ ശക്തിയുള്ളതുപോലെ ശരീരത്തിന്ന് ഇഷ്ടവസ്തുക്കളുടെ നേരെ പ്രവൎത്തിപ്പാൻ സ്വതസ്സിദ്ധമായ ശക്തിയുണ്ട്. എന്നുതന്നെയല്ല പൈതൃകങ്ങളായ അനുഭവങ്ങൾ ധാതുക്കൾവഴിയായി സന്താനങ്ങളിൽ സംക്രമിക്കുന്നതുകൊണ്ടു മാതാപിതാക്കളുടെ ഇഷ്ടാനിഷ്ടജ്ഞാനം സന്തതികൾക്കും ജന്മനാ കിട്ടുന്നു. എന്നാൽ പ്രകൃത്യാ കണ്ടുവരുന്ന കാൎയ്യങ്ങളിൽ മാത്രമെ ഈ നിയമമുള്ളുവെന്ന് ഈ മതക്കാൎക്കും പറയേണ്ടിവരുന്നതാണ്. ആ വക കാൎയ്യങ്ങളിൽമാത്രമെ ജന്മാന്തരസംസ്കാരം സ്മരണത്തെ ജനിപ്പിക്കുന്നുള്ളുവെന്നു മറ്റെ മതക്കാൎക്കും പറയേണ്ടിവരുന്നതുകൊണ്ട് ഇതൊരപജയമായി വകവെച്ചുകൂടാ. മാതാപിതാക്കളുടെ വാസനയിൽനിന്നു വ്യത്യസ്തങ്ങളായ വാസനകൾ സന്തതികൾക്കു കാണുന്നുണ്ടെങ്കിൽ, അതിന്ന് ഉൽപാദനകാലത്തിലെ ആഹാരാദിഭേദവും മനോഗതിയുടെ വ്യത്യാസവും തന്നെ കാരണമായിരിക്കുന്നതാണ്. ചുരുക്കിപ്പറയുന്നതായാൽ ഇവരുടെ മതത്തിൽ പുത്രൻ പിതാവിന്റെ ജന്മാന്തരമാണെന്നു പറയാവുന്നതാണ്. ആകൃതിയിലും പ്രകൃതിയും പിതാപുത്രന്മാൎക്കു സാദൃശ്യമുണ്ടായിട്ടാണധികം കാണുന്നതെന്നുള്ള സംഗതിയും ഈയവസരത്തിൽ സ്മരിക്കേണ്ടതായിരിക്കുന്നു.

എന്നാൽ സുഖദുഃഖങ്ങൾ പലപ്രകാരത്തിലായി കാണുന്നതിന്നെന്താണുപപത്തി? ജന്മാന്തരമുണ്ടെന്നു സ്ഥാപിക്കുന്നവർ ഈ ചോദ്യത്തിന്നു പറയുന്ന സമാധാനം തന്നെ തൃപ്തികരമല്ലാതെയാണിരിക്കുന്നത്. അവരുടെ മതപ്രകാരം കൎമ്മം അനാദിയാണല്ലൊ. അനാദി എന്നു വെച്ചാൽ കാരണമില്ലാത്തത് എന്നൎത്ഥം. കൎമ്മം കാരണമില്ലാത്തതാണെന്നു പറയാമെങ്കിൽ സുഖദുഃഖങ്ങൾ യാദൃച്ഛികങ്ങളാണെന്നു പറവാനെന്തു വിരോധമാണ്? ശരീരാത്മവാദികളുടെ മതത്തിൽ പിതാവിന്റെ കൎമ്മങ്ങൾ പുത്രന്റെ സുഖദുഃഖങ്ങൾക്കു കാരണമാണെന്നും പറവാൻ കഴിയും. പിതാവു പ്രയത്നം ചെയ്തു സമ്പാദിച്ചിട്ടുള്ള ധനം പുത്രൻ അനുഭവിക്കുന്നുണ്ട്. പിതാവിന്റെ അപത്ഥ്യാചരണംകൊണ്ടുണ്ടാകുന്ന രോഗങ്ങൾ പുത്രനേയും ബാധിക്കുന്നു. ഈവിധം എല്ലാകാൎയ്യങ്ങളും ഉപപാദിക്കാമെന്നവർ പറയും. ഈവക ചാൎവ്വാകവാദങ്ങൾ ശിഷ്ടന്മാരാരും അംഗീകരിക്കാത്തവയാണെങ്കിലും നിഷ്പക്ഷപാതമായി വിചാരിക്കുമ്പോൾ അ

വയെപ്പററിയും ആലോചിക്കേണ്ടതാണല്ലൊ.

വാസ്തവം പറയുന്നതായാൽ രണ്ടു പക്ഷക്കാരുടെ സമാധാനവും കേവലം നിർദ്ദോഷമൊ മുഴുവൻ തൃപ്തികരമൊ ആകുന്നില്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. യുക്തി രണ്ടു ഭാഗത്തെക്കും സഹായിക്കുന്നുണ്ടു്. അതുകൊണ്ടു സാമാന്യബുദ്ധിക്കു് അഗോചരങ്ങളായ വിഷയങ്ങളിൽ യുക്തിയെമാത്രം അവലംബിച്ചാൽ യാതൊരു തീരുമാനവും കിട്ടാതെ സംശയാത്മാവായി കിടന്നു കളിപ്പാനെ നിവൃത്തിയുള്ളു. യുക്തിക്കു് ഒരവസാനവും ഇല്ല. മനുഷ്യബുദ്ധിയുടെ താരതമ്യംപോലെ യുക്തികളും ശാഖോപശാഖയായി പരന്നുപോകുന്നതാണ്. ഈ വക പരോക്ഷകാര്യങ്ങളിൽ യുക്തിയെമാത്രം ശരണമാക്കരുതെന്നു പ്രാമാണികന്മാർ പറയുന്നു. 'അചിന്ത്യാഃ ഖലു യേ ഭാവാ ന താംസ്തർക്കേണ യോജയേൽ' എന്നും, 'തസ്മാച്ഛാസ്ത്രം പ്രമാണം തേ കാര്യാകാര്യവിനിശ്ചയേ' എന്നും ലോകഹിതത്തിന്നായി ഉപദേശിച്ചിട്ടുള്ള മഹാന്മാരുടെ വചനത്തെ പ്രമാണിച്ചു് ഈ വക കാര്യങ്ങളിൽ 'പരപ്രത്യയനേയബുദ്ധിത്വ'മവലംബിക്കുന്നതാണു ഭൂഷണമെന്നു വിദ്വാന്മാർ അഭിപ്രായപ്പെടുന്നു. അലൌകികവിഷയങ്ങളെപ്പോലും കരതലാമലകംപോലെ കാണ്മാനുള്ള ശക്തിയുണ്ടായാൽമാത്രമെ മതതത്വങ്ങളുടെ യാഥാർത്ഥ്യം വെളിവാകയുള്ളു. ആത്മജ്ഞാനം വാക്സാമർത്ഥ്യംകൊണ്ടോ ശാസ്ത്രപാണ്ഡിത്യംകൊണ്ടോ ഉണ്ടാകുന്നതല്ല. അതു് അനുഭവമാത്രഗമ്യമായ ഒന്നാകുന്നുവെന്നല്ലെ നചികേതസ്സിന്റെ ചോദ്യത്തിന്നുത്തരമായ ഈ ഉപനിഷദ്വാക്യത്തിന്റെ താല്പര്യം?

നായമാത്മാ പ്രവചനേന ലഭ്യോ
ന മേധയാ ന ബഹുനാ ശ്രുതേന
യമേവൈഷ വൃണുതേ തേന ലഭ്യ-
സ്തസ്യൈഷ ആത്മാ വിവൃണുതേ തനൂം സ്വാം

(കഠ, 1, 2, 22)

എ. ബി.

---

# രൂപാവരി



പണ്ടു മുഗളചക്രവർത്തികളുടെ വാഴ്ചകാലത്തു ഹിന്തുമതത്തിൽതന്നെ ജീവിച്ചിരിക്കേണമെന്നാഗ്രഹമുള്ളവരെല്ലാം 'ജസിയാ' എന്ന പേരായ ഒരു പ്രത്യേകനികുതി കൊടുക്കേണമെന്നും, അതു കൊടുപ്പാൻ നിവൃത്തിയോ മനസ്സോ ഇല്ലാത്തവരെല്ലാം ഇസ്ലാം മതം വിശ്വസിച്ചു കൊള്ളേണമെന്നും ഒരു ക്രൂരനിയമമുണ്ടായിരുന്നു. ഇതുരണ്ടും ചെയ്യാത്തവരെ(ഹിന്തുക്കളെ)മുഗളന്മാർ നിർബ്ബന്ധിച്ചു തങ്ങളുടെ മതത്തിൽ ചേർക്കുകയോ ഹിംസിക്കുകയോ ചെയ്തു വന്നിരുന്നതായും കേട്ടിട്ടുണ്ടു്. എന്നാൽ തെക്കെ ഇന്ത്യയിൽ—വിശേഷിച്ചു മലയാളത്തിൽ—മുഗളന്മാരുടെ പ്രതാപം അത്ര ബാധിച്ചിട്ടില്ലായിരുന്നതുകൊണ്ടു ജസിയയുടെ സ്വാദു നമുക്കനുഭവിക്കേണ്ടതായി വന്നിട്ടുണ്ടായിരുന്നില്ല. ഈ ഭാഗ്യം അങ്ങിനെ നിലനിന്നുപോന്ന കാലത്താണ് ടിപ്പുവിന്റെ അച്ഛനായ ഹൈദരാലി മലബാറിനെ ആക്രമിച്ചതു്.

അന്നത്തെ സാമൂതിരിപ്പാടുതമ്പുരാന്റെ അപനയം നിമിത്തം നെടിയിരുപ്പുസ്വരൂപത്തിൽ വന്നുചേൎന്നുകൊണ്ടിരുന്ന അഹിഭയം* തന്നെയാണ് വാസ്തവത്തിൽ ഹൈദരുക്കു കിട്ടിയ പഴുതു മുഴുവനും. ഹൈദരാലിയുടെ ആക്രമത്തെ തടുത്തു നില്പാൻ തനിക്കു കഴിവില്ലെന്നു കണ്ടു് ആ സാമൂതിരിപ്പാട്ടുതമ്പുരാൻ മരുന്നറയ്ക്കുള്ളിലിരുന്നു തീ വെച്ചു തന്നെത്താൻ യഥാൎത്ഥമായി തീപ്പെട്ടുപോകയും ചെയ്തു. ജിതകാശിയായ ഹൈദർ തനിക്കു സിദ്ധിച്ച ഈ പുതുരാജ്യത്തിൽ രാജാവായി വാണിരിക്കേണമെന്നാഗ്രഹിച്ചില്ല. തന്റെ സ്വരാജ്യമായ മൈസൂരിന്റെ അയൽരാജ്യമായ മലയാളത്തിന്റെ ഒരു വലിയ ഭാഗം അരാജകമാക്കിത്തീൎത്താൽ അവിടെനിന്നു തന്നെ എതിൎക്കത്തക്കതായ ഒരു ശത്രു പുറപ്പെടാതിരിക്കുമെന്നുള്ള ഒരു സംഗതിയെയാണ് ഇക്കാൎയ്യത്തിൽ ഹൈദർ ഒരു ലാഭമായി കണ്ടതു്.

ഹൈദരാലി പ്രകൃത്യാ ഒരു മതദ്വേഷിയായിരുന്നില്ല. എങ്കിലും മലയാളത്തിലെ പ്രത്യേകാചാരങ്ങളും അന്യമതക്കാരുടെ നേരെയുള്ള അനിതരസാധാരണമായ വെറുപ്പുശട്ടങ്ങളും കണ്ടപ്പോൾ അയാളുടെ മനസ്സിൽ പുതുതായി ഒരു മതദ്വേഷം ജനിച്ചുപോയി. താൻ പുതുതായി ജയിച്ചു കൈവശപ്പെടുത്തിയ മലയാളക്കരയിൽ താമസിക്കുന്ന സകലഹിന്തുക്കളും ഗ്രഹം തോറും ഓരോ ത്രപവീതം ഒരു വരി കൊടുക്കണമെന്നു കല്പിക്കുകയും, അതു നിൎബ്ബന്ധമായി പിരിച്ചുതുടങ്ങുകയും ചെയ്തു. ഇതിനു 'ത്രപാവരി' എന്നു പേർ പറഞ്ഞുവന്നു. ന്യായമായിട്ടുള്ളതാണെങ്കിൽതന്നെ പുതുതായി ഒരു കരം ചുമത്തുന്നതിൽ ജനങ്ങൾ പിരുപിരുക്കുന്നതു് അന്നും ഇന്നും സാധാരണയാണ്. ഇങ്ങിനെ മതദ്വേഷമായി നിശ്ചയിക്കപ്പെട്ട ത്രപാവരിയെക്കുറിച്ചു്— അതും പുതിയ രാജാവിനാൽ നിശ്ചയിക്കപ്പെട്ടതിനെക്കുറിച്ചു്— ജനങ്ങളുടെ ഇടയിൽ ഉണ്ടാകാവുന്ന സങ്കടവും ആവലാതിയും ഇത്രയെന്നു പറയേണമെന്നില്ലല്ലൊ. താഴെ എഴുതുന്ന ശ്ലോകം ആ കാലത്തു് ഒരു നമ്പൂതിരിയാൽ ഉണ്ടാക്കപ്പെട്ടതാണെന്നു വേളനാഴി അപ്പുൎന്നമ്പൂതിരി അവൎകൾ എന്നോടു പറകയുണ്ടായിട്ടുണ്ടു്. ഈ ശ്ലോകത്തിൽനിന്നു ത്രപാവരിയുടെ ഏതാണ്ടു സ്വഭാവവും നിൎബ്ബന്ധവും, അതിനെക്കുറിച്ചു മലയാളികളുടെ ഹൃദയത്തിലുണ്ടായിരുന്ന സങ്കടവും ഹൈദരെക്കുറിച്ചുള്ള വെറുപ്പും അറിയാവുന്നതാകയാൽ അതിനെ താഴെ കാണിക്കുന്നു:—

'ത്രപായതാരചലസിന്ധുപനാട്ടിലെന്നു
ത്രപായതില്ലതിനുമുമ്പു വരിക്കു വന്നു
ത്രപായ താ ഝടിതിയെന്നു പറഞ്ഞ മൃത്യു-
ത്രപായ തേ നരകമസ്തു നബാവനാമ്നേ.'*

ഹൈദരെ ഇന്നാട്ടുകാർ 'നബാവു്' എന്നാണ് പറഞ്ഞുവന്നിരുന്നതു് എന്നും ഇതിൽനിന്നു കാണാവുന്നതാണ്. നമ്മുടെ ഭാഗ്യവശാൽ, ഇങ്ങിനെ ത്രപാവരി പിരിച്ചുകൊണ്ടിരുന്ന ഹൈദൎക്കു, 'തോന്നി

---

* തന്റെ പക്ഷക്കാരിൽനിന്നുള്ള ഭയം.

* അചലസിന്ധുപനാട്ടിൽ= കുന്നലക്കോനാതിരിയുടെ രാജ്യത്തു് ത്രപായതാരർ = പ്രമാണിയാര് എന്നു ത്രപായതില്ല= മനസ്സിലായും കഴിഞ്ഞില്ല. അതിനു മുമ്പെ വരിക്കുന്നവനു, ഝടിതി ത്രപായ = ഉറുപ്പിക താ എന്നു പറഞ്ഞ, മൃത്യുത്രപായ=മൃത്യുസ്വരൂപിയായും,' നബാവനാമ്നേ=നബാവു് എന്നു പേരുള്ളവനായ തേ=നിനക്കു് നരകമസ്തു=നരകവാസം ഭവിക്കട്ടെ എന്നാണൎത്ഥം നിശ്ചയിച്ചിട്ടുള്ളതു്.

മം- പ-

ക്കാരന്റെ മകനെപ്പോലെ ഹൈദരെ നന്നാക്കിവെച്ച മകൻ ടിപ്പുവിന്നോ നമ്മെ ഏറനാൾ ഭരിപ്പാൻ സംഗതിവന്നില്ലെന്നു മാത്രമല്ല, യാതൊരു മതദ്വേഷവും കൂടാതെ നിഷ്പക്ഷപാതമായി രാജ്യപരിപാലനം ചെയ്യുന്ന ബ്രിട്ടീഷുചക്രവൎത്തിയുടെ കീഴിലിരിപ്പാനിടയായി എന്നുള്ളതു സൌകൎയ്യത്തിൽ നമുക്കാശ്വാസം തന്നെയാണ്. ഇങ്ങിനെ അല്ലായിരുന്നു എങ്കിൽ ഇപ്പോൾ മലയാളത്തിൽ ഹിന്ദുമതം നാമമാത്രംപോലുമില്ലാത്ത നിലയിലായിപ്പോകുമായിരുന്നു എന്നു നാം കണ്ടറിഞ്ഞാശ്വസിക്കേണ്ടതാകുന്നു.

ടി. സി. പരമേശ്വരൻ മൂസ്സത്.

---

കൊച്ചി

# വലിയശക്തൻതമ്പുരാൻ

ഭക്തലോകപരിപാലകൻമഹാ-
ശക്തനെന്നുപുകളാണ്ടതമ്പുരാൻ
മുക്തശങ്കമൊരുനാളെടുത്തൊര-
വ്യക്തകൎമ്മമിവനൊട്ടുചൊല്ലിടാം. ൧

മന്നനന്നുയുവരാജനെങ്കിലും
മന്നശേഷമനിശംകുലുക്കിനാൻ
പന്നഗേശനുടെപോതമാകിലും
ചെന്നെതിൎക്കിലതുഭീതിദായകം. ൨

താണകൂട്ടരിലനേകചോരര-
ക്ഷീണമന്നുകടുകൊള്ളചെയ്കയാൽ
പ്രാണനിൽകൊതിയെഴുന്നലോകർമാ-
പ്രാണമെന്നുമുഴുവൻപറഞ്ഞിടാ. ൩

അപ്രമേയഭയമാൎന്നമേകവോ-
രപ്രദേശമതിലുണ്ടുപാൎക്കിൽ
വിപ്രഗേഹമതിപൂതമായതൊ-
ന്നപ്പയിൽത്തുളസിയെന്നപോലവേ. ൪

അദ്ധരാസുരനികേതനത്തില-
ന്നാൾരാവിലൊരുചോരനാൎന്നുടൻ
ബദ്ധവൈരമൊരുഗോവിനെപ്രമാ-
ദോദ്ധതൻബതപിടിച്ചറുത്തുപോൽ. ൫

പ്രാണനററപശുവിൻ്റെശോണിതം
ചാണമെന്നുഷസിയോൎത്തുദാസിയാൾ
പാണികൊണ്ടുടനെടുത്തനേരമാ-
ഘ്രാണമൊട്ടുപിടിയാഞ്ഞുനോക്കിനാൾ. ൬

പ്രേതനാഥനതിഥീകരിച്ചൊരാ-
ക്കാതലായപശുവിൻ്റെമസ്തകം
വീതദേഹമരികത്തുഗോചരീ-
ഭൂതമായിമിഴികൾക്കുതൽക്ഷണം. ൭

'ചാത്തനെക്ഷതകഴിച്ചിതെൻ്റെക-
ഞ്ചാത്തലിങ്ങൊടെഴുന്നെള്ളുവേഗമെ'
ഇത്തരംചിലതുസംഭ്രമംകല-
ൎന്നത്തലോടുമുരചെയ്തുദാസിയും. ൮

എന്നുകേട്ടുളവിലാത്തലുംജവാൽ
ചെന്നുനോക്കിയവനീസുരേന്ദ്രനും
ഒന്നുമോൎത്തുവതിനാവതെന്നിയെ
നിന്നുപോയുടൽതരിച്ചുതൽക്ഷണം. ൯

---

* ഭാരതവിലാസം സഭയിൽ വായിച്ചത്.

അന്തിക സ്ഥരെവിളിച്ച കാട്ടിഹാ!
പന്തിയല്ലിതുപരക്കമിന്നിമേൽ
എന്തിതിന്നൊരുനിവൃത്തിയെന്നകം
വെന്തിരിക്കുമളവേകനോതിനാൻ. ൮൦

'നാടടച്ചുവഴിപോലെ കാക്കവാൻ
മാടഭൂവരനുണന്നിരിക്കവെ
കൂടലത്തലവ൪ മൂലമേൽ ക്കമി.
യ്യാടലിന്നൊരുനിവൃത്തിയില്ലയോ? ൮൧

ഇന്നുതന്നെതിരുമേനിപോയ്ന്റപാ-
ലേന്ദ്രഃപാടിതറിയിച്ചപോരണം'
എന്നുകേട്ടമറയോനതിന്നുറ-
ച്ചന്നുതന്നെയവിടുന്നിറങ്ങിനാൻ.

വിഷ്ണുപേശപരസമീപമാന്നുതൽ- ൮൨
കഷ്ടവാൎത്തയറിയിച്ചനേരമേ
'ദിഷ്ടദോഷമിതുപാക്കിലെത്രയോ
കഷ്ട'മെന്നരുളിമാടഭൂവരൻ.

വിട്ടപോകിലിതുവിട്ടപോംന്റപൻ ൮൩
കിട്ടിടാംവഴിചടഞ്ഞുകൂടിയാൽ
ട്ടമില്ലതിനു പാ മെന്നൊര-
ഞ്ചെട്ടനാളവിടെവാണുഭൂസുരൻ.

ഇതുരോകതിയിലനാസ്ഥവെച്ചുയോ ൮൪
ാതുപൊത്തിടുവനെന്നുറക്കയോ?
ഇതുവെന്തറികവയ്യപിന്നെയ-
ന്നതുമൊന്നുമരുളീലതമ്പുരാൻ.

ശനാശമറിയിച്ചകൃഷ്ണനോ- ൮൫
ടൂയംമനമിടിഞ്ഞവൻപടി
ന്നിന്നഥതിരിച്ചഭൂസുരൻ
പംവ്യസനകോപവിഹ്വലൻ.

ഭവികേൾക്കമിളയക്ഷിതീശനോ- ൮൬
ശേഷമറിയിച്ചപോരണം
ഭാവിയാരറിയുമെന്നതോത്തുകൊ-
ണ്ടാവിശിഷ്ടഗൃഹമാന്നതൽക്ഷണം. ൮൭

ശങ്കരാഖ്യനവനീസുരൻപരാ-
ശങ്കയോടുമടിക്കുപ്പിനിന്നുടൻ
വങ്കരൾക്കുമലിവാന്നിടുംവിധം
സങ്കടംതിരുമനസ്സുണത്തിനാൻ. ൮൮

'വിഷ്ണുപേശനെയുണത്തിയില്ലയോ?
ശിഷ്ടനെന്തരുളി'യെന്നുമന്നവൻ
'വിഷ്ണുപാധിപതിയെൻറദാസിപോൽ
കഷ്ടമെന്നരുളി'യെന്നുഭൂസുരൻ ൮൯

'വാണുകൊൾകിവിടെരണ്ടുനാൾവഴി-
ക്ഷീണമൊക്കയുമകന്നുപോയിടാം'
നാണമാന്നിദമുരച്ചകാശ്യപീ-
പ്രാണനായകനകത്തുപൂകിനാൻ. ൯൦

'എട്ടനാളവിടെവാണുസങ്കട-
പ്പെട്ടഞാനതുവൃഥാവിലല്ലയോ?
കിട്ടുമോയിവിടെവല്ലതുംഗുണം
വിട്ടപോവതിനുമാവതല്ലമേ. ൯൧

സ്സൂര്യനന്ധതമസംകെടുത്തുവാ-
നാര്യനല്ലിവിടെയെന്നിരിക്കവെ
ശൌര്യമോടൊരുമിനുങ്ങമിന്നിയാൽ
കാര്യമെന്തുപരിഹാസമെന്നിയേ? ൯൨

കക്കശൻന്റപനിരിക്കെമംഗളോ-
ദക്കകാമനിതിനുദ്യമിക്കുമോ?
തക്കമററുസുപനിദ്രകാപ്പവൻ
ശക്കരപ്പൊതിതലയ്ക്കുവെക്കുമോ?' ൯൩

ഏവമൊക്കനിരുപിച്ചവിപ്രനാ-
ണ്ടുവലാരിയൊരുമിച്ചരണ്ടുനാൾ
ആവസിക്കുമളവുഴിപൻമഹാ-
ദേവനെത്തൊഴുവതിന്നിറങ്ങിനാൻ. ൯൪

'ഈശനെത്തൊഴുവതിന്നുദിപ്പതു-
ണ്ടാശയെങ്കിലൊരുമിച്ചുപോരിക
ക്ലേശമില്ലപഥി'യെന്നു ഭൂസുരാ-
ധീശനേയുമഥകൊണ്ടുപോയ്നൃപൻ. ൧൫

ഒട്ടുചെന്നളവുകണ്ണമഞ്ചിടും
കെട്ടുകേട്ടുവഴിയോടടുത്തുതാൻ
നട്ടപാമരമതിന്നുമോളിലാ-
യിട്ടുവെച്ചിതൊരുമർത്ത്യനെച്ചിലർ ൧൬

മൂർച്ചവാളിലുമിവക്കിതിക്ഷണാൽ
തീർച്ചയാക്കമൊരുമട്ടുരണ്ടുപേർ
ഈർച്ചവാൾത്തലയിൽവെച്ചുശോണിത-
ച്ചോർച്ചവാച്ചുശിവരാമശങ്കര! ൧൭

അമ്പകന്നൊരുകലുക്കമേശിടാ-
തമ്പലത്തിലെഴുനെള്ളിമന്നവൻ
'അമ്പടാകഠിന'മെന്നുമെയ്തരി-
ച്ചമ്പരന്നുപരമന്തണേന്ദ്രനും. ൧൮

കോവിദൻനൃപതിക്കുസലെന്നിയേ
കോവിൽനിന്നുതിരിയെഗ്ഗമിക്കവെ
മെയ്വിറച്ചൊരുവിധേനവിപ്രന-
ന്നീവിധംതിരുമനസ്സുണർത്തിനാൻ: ൧൯

'കന്നുകൊണ്ടുമിതുമട്ടുമർത്ത്യരെ-
ക്കൊന്നുകേട്ടൊരറിവില്ലിതേവരെ
ഇന്നുകണ്ടുതവകല്പനാവശാ-
ലെന്നുവന്നിടുകിലെന്തൊരക്രമം! ൨൦

പക്ഷപാതമിയലാതെദുഷ്ടരെ-
ശ്ശിക്ഷചെയ്യുവതുധർമ്മമെങ്കിലും
മൽക്ഷമാരമണ! മർത്ത്യനെപ്പിടി-
ച്ചുക്ഷമംതറച്ചൊളിപ്പതക്രമം! ൨൧

താവകീനഭടരന്തികത്തിൽവെ-
ച്ചീവിധംകഠിനമാചരിക്കവെ
ഭാവഭേദമൃമെഴാത്തതെന്തഹോ!
ഭൂവലാന്തക! സഹിക്കവയ്യമേ. ൨൨


ഇല്ലത്തുള്ളൊരുദാസിപോലെയിവനും
ചൊല്ലീടുകിൽഭംഗിയാ-
വില്ലെന്നോർത്തിതുവേണ്ടിവന്നു,യിവനാ-
ണന്നത്തെഗാഘാതകൻ
ഇല്ലത്തെസ്സ്വഗമിച്ചുകൊൾകയിനിമേൽ
പേടിക്കവേണ്ടെന്നര-
ച്ചുല്ലൽപാടൊഴിവാക്കിവിപ്രനെയയ-
ച്ചാനന്ദഭൂനായകൻ. ൨൩

ഒന്നാം സർഗ്ഗം കഴിഞ്ഞു.

പി. കെ. നാരായണൻനമ്പീശൻ.

---

# ലോകഗതി.*



ഏകദേശം ഒരു നൂററാണ്ടിന്നിടക്ക് ഈ ലോകത്തിൽ കണ്ടുവന്നിട്ടുള്ള നൂതനസമ്പ്രദായങ്ങളെപ്പററി ചെറുതായ ഈ പ്രബന്ധത്തിൽ എഴുതിത്തീർപ്പാൻ എത്രയോ പ്രയാസമാണ്. നൂറു സംവത്സരങ്ങൾക്കു മുമ്പു നമ്മുടെ നാട്ടിൽ ജീവിച്ചിരുന്ന ജനങ്ങൾക്കു സ്വപ്നത്തിലുംകൂടി വിചാരിപ്പാൻ പാടില്ലാത്ത അഭ്യുദയം നമുക്കിപ്പോൾ നി

* പകപ്പവകാശം ലേഖകന്നിരിക്കുന്നതാണ്.

ത്യപരിചയമായി വന്നിട്ടുണ്ട്. ശാസ്ത്രജ്ഞന്മാർ പ്രകൃതിയിലെ ഗൂഢശക്തികളെക്കണ്ടുപിടിച്ച്, അവയെ മനുഷ്യരുടെ സൌകര്യത്തിന്ന് ഉപയോഗിക്കത്തക്കവണ്ണം സ്വാധീനമാക്കുകയാലാകുന്നു നമുക്കുംകൂടി അതിന്റെ ഫലം അനുഭവിപ്പാൻ സംഗതി വന്നത്. ടിപ്പുവിന്റെ പടവെട്ടുകാലത്ത്, ആക്രമികളുടെ ക്രൂരതയിൽനിന്നു രക്ഷ പ്രാപിക്കേണമെന്നോ, തങ്ങളുടെ ജീവകാലം വളരെ അരിഷ്ടംകൂടാതെ കഴിച്ചുകൂട്ടി പോരേണമെന്നോ അല്ലാതെ ആ കാലത്തു ജീവിച്ചിരുന്നവൎക്ക വിശേഷവിധിയായി ലോകപരിഷ്കാരരീതികളെപ്പററി ഒരു വിചാരവും ഉണ്ടായിരുന്നുവെന്നു തോന്നുന്നില്ല. എന്നാൽ ആ മാതിരി കലക്കങ്ങളിൽനിന്നു തീരെ ഭയമില്ലാത്ത ഈ കാലത്ത് സൌകര്യത്തിന്നു വേണ്ടുന്ന സകലനൂതനസമ്പ്രദായങ്ങളേയും ജനങ്ങൾ ദീക്ഷിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് ക്രമത്തിൽ അഭ്യുദയം ഉണ്ടായിവരുന്നുണ്ട്. ദേശത്തിന്നും കാലത്തിന്നും അനുസരിച്ചാകുന്നു ശാസ്ത്രത്തിന്നു സമ്പൂൎണ്ണതയുണ്ടാകുന്നതെന്നുള്ള തത്വം ഇതിൽനിന്നു സ്പഷ്ടമാകുന്നു.

കഴിഞ്ഞ നൂറുകൊല്ലത്തിനിടക്ക ലോകത്തിൽ അപ്പോഴപ്പോഴായിട്ടു യുദ്ധങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, ആ യുദ്ധങ്ങൾ പൊതുവിൽ ജനങ്ങളുടെ സമാധാനത്തെ പണ്ടത്തെപ്പോലെ ഉപദ്രവിക്കുന്ന സമ്പ്രദായത്തിലല്ലായിരുന്നു. അതുകൊണ്ടു ശാസ്ത്രജ്ഞാനം ക്രമേണ വൎദ്ധിച്ചുവന്നു. എന്നുമാത്രമല്ല, ഈ യുദ്ധങ്ങൾതന്നെ ജനങ്ങൾക്ക് അന്യരാജ്യങ്ങളിലെ പ്രകൃതിസ്വഭാവങ്ങൾ പഠിക്കുവാൻ ഇടയാക്കിത്തീൎത്തിട്ടുമുണ്ട്. ട്രാൻസ്‌വാൾ എന്നരാജ്യത്തെ യുദ്ധം കഴിഞ്ഞശേഷംമാത്രമാണ് ആഫ്രിക്കയെന്ന 'അന്ധകാരഭൂഖണ്ഡ'ത്തിലെ ആ ഭാഗത്തെപ്പററി നമുക്ക് ഇത്രത്തോളം അറിവു സിദ്ധിച്ചത്. ലോകത്തിലെ പ്രബലങ്ങളായ സാമ്രാജ്യങ്ങളോട് ഒപ്പം പിടിക്കേണമെന്നുള്ള ഏകോദ്ദേശത്തിന്മേലാണ ജപ്പാൻകാർ റഷ്യസാമ്രാജ്യമായി യുദ്ധം ചെയ്തത്. അവൎക്ക അല്പകാലംകൊണ്ടു സിദ്ധിച്ച മാഹാത്മ്യവും ഈ ഉദ്ദേശംകൊണ്ടുള്ള പ്രയത്നത്തിന്റെ ഫലംതന്നെയാകുന്നു.

കാലചക്രത്തിൽ ഒരു നൂററാണ്ട് എത്രയോ നിസ്സാരമായ ഒരു നിമിഷംപോലെയാണെങ്കിലും, ഭൂലോകത്തുണ്ടായിരിക്കുന്ന മാററങ്ങൾ നോക്കുമ്പോൾ കഴിഞ്ഞ നൂറുകൊല്ലം എത്രയോ ശ്രേഷ്ഠമായിതന്നെ വിചാരിക്കണം. ഇതിന്നു ദൃഷ്ടാന്തം നമുക്ക തന്നെ പ്രത്യക്ഷമാണല്ലോ. മേൽപറഞ്ഞ കാലത്തു ജീവിച്ചിരുന്ന നമ്മുടെ അടുത്ത പൂൎവ്വീകന്മാരിൽ ഒരുവൻ പെട്ടെന്നു നമ്മുടെ മുമ്പിൽ ജീവിച്ചുവന്നുവെന്നുതന്നെ വിചാരിക്കുക. അദ്ദേഹത്തിന്നു തന്റെ സ്വന്തരാജ്യം തിരിച്ചറിവാൻതന്നെ സാധിക്കുമെന്നു തോന്നുന്നില്ല. നാം അവരുടെ സന്തതികളാണെന്നു പറഞ്ഞാൽ അദ്ദേഹം വിശ്വസിക്കയില്ല. തനിക്കറിവാൻ പ്രയാസമായ വിഷയങ്ങളെ അമാനുഷമായി കരുതിയിരുന്ന അദ്ദേഹം, ചവിട്ടുവണ്ടിയും തീവണ്ടിയും വല്ല ദുൎദ്ദേവതകളുടെ പ്രയോഗമല്ലെ എന്നുകൂടി സംശയിച്ചുപോകും. അദ്ദേഹത്തിന്നു പരിചയമുള്ള സാധനങ്ങൾ എത്രയോ അപൂൎവ്വങ്ങളായി തുടങ്ങി. തറവാട്ടെഴുത്തശ്ശൻ പോയി സൎവ്വകലാശാലയായി. മന്ത്രവാദികൾ ചില മുക്കിലും മൂലക്കലും കിടന്നു ചുററുന്നതേയുള്ളു. കണിയാർപണിക്കൻ അപൂൎവ്വമായിട്ടെ പട്ടണങ്ങളിൽ പ്രവേശിക്കുന്നുള്ളു. പണ്ടു ദിവാൻജിയെപ്പോലെ തന്നെ പ്രബലനായി വിചാരിച്ചുപോന്ന നാട്ടുകാൎയ്യസ്ഥന് ഇപ്പോൾ സ്വന്തംവീട്ടിൽമാത്ര

മെ മിവാനായി വാഴുവാൻ സാധിക്കയുള്ളു. എന്നുമാത്രമല്ല, പരമ്പരയായി പാശ്ചം നടിച്ച പാളവിശറിയുംകൊണ്ട് ഒരു ഗണ്യം കൂടാതെ ഓരോ താവാട്ടിൽ കയറിച്ചെല്ലുന്ന ആ വൃദ്ധൻസ്വാമിയേയും ഇപ്പോൾ തീരെ കാണ്മാനില്ല. പാളയക്കാലത്ത് ഇറങ്ങിയിരുന്നിരുന്ന കല്ലറയുടെ സ്ഥാനത്ത് പരിഷ്കാരമട്ടിൽ ഒരു ബങ്കളാവാണു കാണുന്നത്. ഊടുവഴികൾപോയി രാജപാതകൾ നാടെങ്ങും നിറഞ്ഞുതുടങ്ങി. കഷ്ടങ്ങളുള്ളവൻ തന്റെ കാര്യങ്ങൾ കാട്ടിയാൽ നീതിന്യായക്കോടതികൾ കയറേണ്ടുന്ന നിലയായി. മീവട്ടിക്കൊള്ളയും കുറഞ്ഞു. രാജ്യനിവാസികൾക്ക് ആകപ്പാടെ വന്നുകൂടിയ ശ്രേയസ്സ് ഇന്നപ്രകാരമെന്നു പറവാൻ പ്രയാസം.

'ഇതും പോരാ' എന്നു സദാ അതൃപ്തി കാണിക്കുന്ന മനുഷ്യസ്വഭാവത്തിനു മേല്പറഞ്ഞ ഫലസിദ്ധികൊണ്ട് ഒട്ടും മതിയായിട്ടില്ല. ഇതുവരെ അസാദ്ധ്യമാണെന്നു വിചാരിച്ചുപോന്ന സംഗതികളെ സാദ്ധ്യമാക്കേണ്ടുന്നതിലേക്കു വേണ്ടുന്ന ഉത്സാഹം നൂതനമായ പല യന്ത്രങ്ങളും മറ്റും കണ്ടുപിടിപ്പാൻ ഇടയാക്കിത്തീർത്തു. ആവിയന്ത്രങ്ങൾ ചെയ്യുന്ന പ്രവൃത്തികൾ നമുക്കു പരിചയമുള്ളവയാണല്ലോ. ആവിയെക്കൊണ്ടു സാധിക്കാത്ത ജോലികൾ വിദ്യുച്ഛക്തികൊണ്ടു സാധിപ്പിച്ചുതുടങ്ങി. കമ്പിവർത്തമാനങ്ങൾ അറിവാൻ കമ്പി ആവശ്യമില്ലെന്നു ദൃഷ്ടാന്തപ്പെടുത്തിക്കാണിക്കുന്ന പുതിയ ഒരു സൂത്രം വളരെ പ്രദേശങ്ങളിൽ ഇപ്പോൾ നടപ്പായിരിക്കുന്നു. ഒരാകൃതിയെ കടലാസ്സിൽ ആക്കുവാൻ സാദ്ധ്യമാണ്; എന്നാൽ ഒരാളുടെ ശബ്ദത്തെ അതേമാതിരി പുറപ്പെടുവിക്കുന്ന ഒരു യന്ത്രത്തിലാക്കാമെന്ന് ഇരുപതു കൊല്ലത്തിന്നുമുമ്പിൽ നമുക്കാർക്കെങ്കിലും വിശ്വാസമുണ്ടായിരുന്നുവോ? അതും ഇപ്പോൾ സാദ്ധ്യമാണല്ലോ. കാലക്രമേണ യന്ത്രങ്ങൾക്കു ചെയ്യാവുന്ന പ്രവൃത്തികൾ എന്തെല്ലാം മാതിരിയായിരിക്കുമെന്ന് നമുക്ക് ഒരിക്കലും പറഞ്ഞുകൂടാ.

ഉറച്ച ഭൂമിയിൽ വഴിയാത്ര നികൃഷ്ടമെന്നു കരുതീട്ടോ എന്നു സംശയം തോന്നത്തക്കവിധത്തിൽ, ആകാശസഞ്ചാരം ചെയ്യുവാനും ജനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തങ്ങൾ അധിവസിക്കുന്ന ഭൂമിവിട്ട് കുജൻ എന്ന ഗ്രഹത്തിലെ സമ്പ്രദായങ്ങളറിവാനാണു ചിലർ ഉദ്യമിക്കുന്നത്. ആകാശസഞ്ചാരം സാധാരണയായി വരുന്ന കാലത്തു പക്ഷെ ഇവർ വേറെ ഗ്രഹങ്ങളിൽ സുഖമെടുക്കുവാൻ വേണ്ടി പോയിത്താമസിക്കില്ലെന്നും കൂടി പറഞ്ഞുകൂടാ. ഇപ്പോഴത്തെ വെള്ളക്കാർ രാമരാവണയുദ്ധകാലത്തുണ്ടായിരുന്ന വാനരത്താന്മാരുടെ സന്തതികളാണെന്നു സംശയം തോന്നീട്ടുള്ള ചിലക്ക്, പുരാതനകാലത്തിൽ ദിവ്യന്മാരായ വാനരന്മാർക്കു മാത്രം സാധിച്ചിരുന്ന ചില കാര്യങ്ങൾ ഇപ്പോൾ ഇവർക്കും സാധിക്കുന്നതുകൊണ്ടു വാനരപാരമ്പര്യം വാസ്തവമാണെന്നു സിദ്ധാന്തിക്കുവാൻകൂടി ഒരു വഴിയായിത്തീന്നു!

ഐഹികവിഷയങ്ങളിൽ ഇത്ര അഭ്യുദയമുണ്ടെങ്കിലും, ആദ്ധ്യാത്മവിഷയങ്ങൾ ഇപ്പോഴും അഗാധമായിട്ടാണു കിടക്കുന്നത്. ആ വിഷയത്തിലും പ്രാചീനവിശ്വാസങ്ങൾ ഒന്നു ഭേദപ്പെട്ടു എന്നുള്ളതിന്നു സംശയമില്ല. നാസ്തികന്മാരും ആസ്തികന്മാരുമായിട്ടുള്ള യുദ്ധം ഇപ്പോഴും ശമിച്ചിട്ടില്ല. ദൈവികമായി സങ്കല്പിക്കുന്ന കാര്യങ്ങളെ പ്രകൃതിപരിണാമമായി സമർത്ഥിപ്പിക്കുവാനാണു പ്രകൃതിതത്വശാസ്ത്രജ്ഞന്മാർ ശ്രമിക്കുന്നത്. മതവിശ്വാസങ്ങൾ ഭിന്നഭിന്നമായിരിക്കുന്നു. ഹിന്ദു എന്നും ക്രിസ്ത്യാനി എന്നും മ

റും മതത്തെ അടിസ്ഥാനമാക്കീട്ടുള്ള സംഘങ്ങൾ ഇപ്പോഴും നടപ്പുണ്ടെങ്കിലും, ആന്തരമായ വിശ്വാസം ഓരോരുത്തൎക്കു് ഓരോവിധമായിട്ടാണു കണ്ടുവരുന്നതു്. ആദികാരണം ഈശ്വരനാണെന്നും അല്ല ശാശ്വതമായ പ്രകൃതിയാണെന്നും ലോകം ഈശ്വരസ്സൃഷ്ടിയാണെന്നും അല്ല പല പരിണാമംകൊണ്ടുണ്ടായതാണെന്നും നാനാവിധമായി പലരും ഘോഷിക്കുന്നുണ്ടെങ്കിലും അനന്തകോടിദൈവങ്ങളെ ഇപ്പോൾ ആരും വിശ്വസിക്കുന്നില്ല. ആദികാരണം എന്തായാലും അതു് അനാദിയായ ഒരു ചൈതന്യമാണെന്നു പ്രകൃതിശാസ്ത്രജ്ഞന്മാരും ആത്മതത്ത്വദൎശികളും ഒരുപോലെ സമ്മതിക്കുന്നുണ്ടു്.

ഇതിന്റെ അവസാനം എന്താണു്? ലോകത്തിന്റെ ഭാവി എങ്ങിനെ എന്നാണു കരുതേണ്ടതു്. ഇപ്പോഴത്തെ സമ്പ്രദായത്തിൽ ഉപരി ഉപരിയായി വൎദ്ധിച്ചുവരികയാണെങ്കിൽ ഒരഞ്ഞൂറു കൊല്ലങ്ങൾക്കിടക്കു ലോകത്തിൽ എന്തെല്ലാം മാററങ്ങൾ വന്നു സംഭവിക്കാം! ബ്രഹ്മപ്രളയം അടുത്ത കാലത്തുണ്ടാകയില്ലെന്നു വിചാരിക്കുന്ന പക്ഷം അഞ്ചുനൂറാണ്ടിന്നിടക്കു് ഉണ്ടാകാവുന്ന മാററങ്ങളെപ്പററി നമുക്കല്പം ആലോചിച്ചുനോക്കാം.

എഡിസൻ എന്ന മഹാശാസ്ത്രജ്ഞൻ ഈ സംഗതിയെപ്പററി പറഞ്ഞിട്ടുണ്ടു്. മററു ലോഹങ്ങളെ സ്വൎണ്ണമാക്കാമെന്നു രസതന്ത്രവാദികൾ വാദിക്കുന്നതു നമുക്കു പുച്ഛമായിരുന്നു. ഇതു സാദ്ധ്യമാണെന്നു് അദ്ദേഹം പറയുന്നു. എന്നുമാത്രമല്ല; സ്വൎണ്ണം ഏററവും സുലഭത്തിൽ ഉണ്ടാക്കാവുന്ന ഒരു ലോഹമാകുന്നു എന്നാണു് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. കൈത്തൊഴിലുകൾ ക്രമേണ ക്ഷയിച്ചു്, ആ മാതിരിയിലുള്ള ജോലി മുഴുവൻ കാലക്രമേണ യന്ത്രംകൊണ്ടുമാത്രം ചെയ്യാറാകുമത്രെ. വിദ്യുച്ഛക്തികൊണ്ടു കണ്ടുപിടിക്കാവുന്ന ചില യന്ത്രങ്ങൾ ലോകത്തിന്നു നിൎമ്മൂലനാശം വരുത്തുവാൻ ശക്തിയുള്ളവയായിത്തീരുകയും അതുകൊണ്ടു യുദ്ധം ലോകത്തിൽ അസാദ്ധ്യമായി വരികയും ചെയ്യും. ദാരിദ്ര്യവും അരിഷ്ടവും ക്രമേണ നീങ്ങിവരികയും ലോകമാസകലം പരിപൂൎണ്ണസന്തുഷ്ടിയോടുകൂടി വാഴുകയും ചെയ്യുമത്രെ. ഇതെല്ലാം അഞ്ഞൂറു സംവത്സരങ്ങൾക്കിടക്കു സംഭവിക്കാമൊ എന്നെങ്ങിനെ പറയാം? എഡിസന്റെ പല യന്ത്രങ്ങളും നാട്ടുകാൎക്കു പരിചയമുള്ളതാകകൊണ്ടു് അദ്ദേഹം പറയുന്ന കാൎയ്യങ്ങൾ തീരെ നിസ്സാരമാക്കിത്തള്ളിക്കളയേണ്ടവയല്ലെന്നു പ്രത്യേകം പറയേണമെന്നില്ലല്ലോ.

ഉപയോഗിക്കാത്ത അവയവങ്ങൾ ക്രമേണ ക്ഷയിച്ചു വരികയും, ഉപയോഗിക്കുന്ന അവയവങ്ങൾക്കു ബലം കൂടിവരികയും ചെയ്യുമെന്നുള്ള സിദ്ധാന്തപ്രകാരം അഞ്ചുനൂറാണ്ടിന്നിടക്കു മനുഷ്യരുടെ ആകൃതിക്കുകൂടി വ്യത്യാസം വന്നാൽ അത്ഭുതപ്പെടുവാനില്ല. കൈകാലുകളുടെ ഉപയോഗം കുറഞ്ഞും തലയുടെ ഉപയോഗം കൂടിയുമാണു കാണുന്നതു്. അതുകൊണ്ടു മുൻ പ്രസ്താവിച്ച കാലത്തിനിടക്കു്, ആകാശത്തിൽ ബസ്സുകളാവു പണിയിച്ചു്, അവിടെത്താമസം ഗതാഗതവും ചെയ്തു്, വിദ്യുച്ഛക്തിയെ തിപ്പെട്ടിയായി കരുതി, കാലും കയ്യും ശോഷിച്ചു തല വളരെ വലുതായ ഒരു കൂട്ടം ജനങ്ങൾ നമ്മുടെ പാരമ്പൎയ്യവും ഹാസ്യമായി പറഞ്ഞുകൊണ്ടു പക്ഷികളെപ്പോലെ വായുമണ്ഡലം ആവാസമാക്കി യഥേഷ്ടം അവിടെ സഞ്ചരിക്കുന്നുവെങ്കിൽ അതിലും അത്ഭുതപ്പെടുവാൻ യാതൊന്നുമില്ല. ആ കാലത്തു കുജലോകത്തിൽ പോയി താമസിച്ചുവ

ന്നവർ ഇപ്പോൾ ശീമയിൽ പോയിവന്നവരെപ്പോലെതന്നെ ധാരാളമാകുമെന്നു തോന്നുന്നു.

ഇനി ആയുസ്സിന്റെ കാൎയ്യത്തെപ്പററി മാത്രമെ ആലോചിപ്പാനുള്ളു. പരിഷ്കാരം വൎദ്ധിക്കുന്നതോടുകൂടി രോഗങ്ങളും വൎദ്ധിക്കുന്നുണ്ടെന്നു ചിലർ പറയുന്നു. എന്നാൽ രോഗകാരണങ്ങളെപ്പററിയുള്ള ജ്ഞാനം പണ്ടത്തെക്കാൾ ഇപ്പോൾ തുലോം അധികമാണു്. രോഗത്തിനുള്ള പ്രതിവിധിയും കണ്ടുപിടിക്കുവാൻ എളുപ്പമായിതീൎന്നു. അസാദ്ധ്യമെന്നു വിചാരിച്ചിരുന്ന അസംഖ്യം വ്യാധികൾ ശസ്ത്രക്രിയകൊണ്ടു സാദ്ധ്യമായി കാണുന്നു. ദേവകൾ മുതലായ ദിവ്യന്മാർ മാത്രം ഉപയോഗിച്ചിരുന്ന വിമാനം ഇപ്പോൾ മനുഷ്യൎക്കും ഉപയോഗിപ്പാൻ ഇടയായ സ്ഥിതിക്കു് അവരുടെ 'അമൃതും' നമുക്കു സിദ്ധിക്കില്ലെന്നു വിചാരിപ്പാൻ പാടില്ല. 'എൽസായിർ' എന്നൊരു ദിവ്യൗഷധം അഫ്രിക്കയിലെ വനപ്രദേശങ്ങളിൽനിന്നു് അപൂൎവ്വമായി കിട്ടുന്നുണ്ടെന്നും അതു സേവിക്കുന്നവൎക്കു യൌവനാരോഗ്യത്തോടുകൂടി വളരെക്കാലം ജീവിച്ചിരിക്കാൻ സാധിക്കുമെന്നും ഒരു ഇംഗ്ലീഷുപത്രം പ്രസ്താവിക്കുന്നു. ഈ മരുന്നിന്റെ വൎത്തമാനം കേട്ടു് ആയുഷ്കാമികളായ വൃദ്ധന്മാർ ഭ്രമിച്ചു പോകേണ്ട. എന്തുകൊണ്ടെന്നാൽ ഇതു വാസ്തവമാണെങ്കിൽതന്നെ എളുപ്പത്തിൽ സമ്പാദിക്കാവുന്ന ഒരു മരുന്നല്ല. രാഗദ്വേഷാദികൾ നശിക്കുന്ന കാലത്തുമാത്രമെ ഈ ഔഷധം മനുഷ്യൎക്കു് ഒരനുഗ്രഹമായി വരികയുള്ളു. ആ കാലംവരെ ഞാനും വായനക്കാരിൽ ആരും ജീവിച്ചിരിക്കുമെന്നു തീരെ വിശ്വസിക്കുന്നില്ല.

എ. രാമപ്പൊതുവാൾ-

ബി ഏ. എൽ. എം., എസ്സ്.

# വിശ്വനാഥനായകൻ

(തുടൎച്ച)



ഈ ഘട്ടത്തിൽ വിശ്വനാഥന്റെ സൎവ്വസമ്മതമായ യോഗ്യതയും, ഒടുവിലത്തെ രണ്ടു രാജാക്കന്മാരുടെ നേരെയുള്ള അദ്ദേഹത്തിന്റെ ആദരവോടും വിശ്വസ്തതയോടും കൂടിയ നടവടിയും, അദ്ദേഹം മന്ത്രിയായിരുന്ന കാലത്തു ജനക്ഷേമത്തിനുവേണ്ടി ചെയ്ത പല പ്രവൃത്തികളും അദ്ദേഹത്തിനെ ഏററവും അനുകൂലിച്ചു. ജനങ്ങളുടെ ഇടയിൽ ഇപ്പോഴും പറഞ്ഞുപോരുന്നു് ഒരു ഐതിഹ്യം വിശ്വസിക്കുന്നതാണെങ്കിൽ—അതിൽ പറയുന്ന സംഗതികൾ വളരെ അസംഭവവും അവിശ്വാസ്യവും അല്ലാത്തതുകൊണ്ടു് അതിനെ വിശ്വസിക്കുന്നതിൽ വളരെ അയുക്തിയുണ്ടെന്നു തോന്നുന്നില്ല—മധുരയിലുള്ള ബ്രാഹ്മണരും, ശൂദ്രരും, സൈനികന്മാരും, നഗരവാസികളും, പുരോഹിതന്മാരും, കച്ചവടക്കാരും, മററുള്ള എല്ലാ ജനങ്ങളും ഏകോപിച്ചു വിശ്വനാഥനെ മധുരാരാജാവായി വാഴിക്കേണമെന്നു തങ്ങളുടെ ചക്രവൎത്തിയായ സദാശിവരായനോടു് അപേക്ഷിച്ചുവെന്നു തന്നെ പറയണം. സച്ചരിതനും യഥാൎത്ഥമായ യോഗ്യതകൊണ്ടു ഉ

ജപദവിക്ക് അൎഹനായ വിശ്വനാഥനെ രാജാവാക്കി വാഴിക്കുന്നത് ഏററവും ഉചിതമാണെന്നും, വിശ്വനാഥൻ എപ്പോഴും തനിക്ക് അനുകൂലിയും വിശ്വസ്തനും ആയിരിക്കുമെന്നും ചക്രവൎത്തിക്കു ബോദ്ധ്യമായതുകൊണ്ടു വിശ്വനാഥനെ രാജാവാക്കി വാഴിക്കാൻ ചക്രവൎത്തി അനുവാദം കൊടുത്തു. ശകാബ്ദം 1481-ൽ രൌദ്രിവൎഷം കാൎത്തികമാസം 15-ാംനു- (ക്രിസ്ത്വാബ്ദം 1559-ാമാണ്ടിൽ) വിശ്വനാഥന്റെ പട്ടാഭിഷേകമഹോത്സവം കൊണ്ടാടാൻ തീൎച്ചയാക്കി. കാശിയിൽനിന്നു കൊണ്ടുവന്ന ഗംഗാജലത്തിൽ കുളിച്ചു ശുദ്ധനായതിന്റെശേഷം വിജയനഗരചക്രവൎത്തികളുടെ കുലദേവതയായ ദുൎഗ്ഗാഭഗവതിയുടെ മുമ്പിൽവെച്ച്, ഈ ആവശ്യത്തിന്നുവേണ്ടി ചക്രവൎത്തി പ്രത്യേകമായി അയച്ചിരുന്ന വിശിഷ്ടബ്രാഹ്മണരാൽ വിശ്വനാഥൻ അഭിഷേകം ചെയ്യപ്പെട്ടു. അഭിഷേകസമയത്തു വേദോച്ചാരണംകൊണ്ടും, ഭാഗവതോത്തമന്മാരുടെ ആശീൎവ്വാദംകൊണ്ടും, സേനകളുടെ ജയശബ്ദംകൊണ്ടും, രാജ്യാഭിഷേകമഹോത്സവം കൊണ്ടാടാൻ വന്ന ജനങ്ങളുടെ ആൎപ്പുവിളികൊണ്ടും രാജധാനിയെല്ലാം മുഴങ്ങി. ഈ പട്ടാഭിഷേകം നടത്തിയത് ഒരു രാജപ്രതിനിധിയുടെ നിലയിൽമാത്രമായിരുന്നു. വിശ്വനാഥനോ അദ്ദേഹത്തിന്റെ പിന്തുടൎച്ചക്കാരോ രാജാവ് എന്ന സ്ഥാനം എടുത്തില്ല. അവർ എപ്പോഴും നായകൻ (രാജപ്രതിനിധി) എന്ന സ്ഥാനംമാത്രമെ എടുത്തുള്ളു. മധുരയിലെ നായകന്മാർ യഥാൎത്ഥത്തിൽ രാജാവിന്നുള്ള അധികാരങ്ങളെല്ലാം നടത്തിയിരുന്നതുകൊണ്ടു പൊതുജനങ്ങളെ സംബന്ധിച്ചേടത്തോളം അവർ രാജാക്കന്മാർതന്നെ ആയിരുന്നു.

വിശ്വനാഥൻ മധുരയിലെ നായകനായി വാണുതുടങ്ങിയതുമുതൽക്ക് അദ്ദേഹത്തിന്റെ പ്രജകൾക്കു പൂൎവ്വാധികമായ ക്ഷേമവും അഭ്യുദയവും ഉണ്ടായി. അരാജകത്വംകൊണ്ടും രാജാക്കന്മാരുടെ ദുൎന്നയംകൊണ്ടും ജനങ്ങൾ കഷ്ടപ്പെട്ടിരുന്ന കാലം അവസാനിച്ചു. അന്യരാജ്യക്കാരുടെ ആക്രമണംകൊണ്ടുള്ള ഉപദ്രവവും, നികുതി പിരിക്കുന്നവരെക്കൊണ്ടുള്ള കഠിനദ്രോഹവും ഇല്ലാതായി. മധുരാരാജ്യം മുഴവനും ജനങ്ങൾക്ക് ആശ്വാസവും മനസ്സമാധാനവും ഉണ്ടായി. സ്വല്പകാലത്തിന്നുള്ളിൽ ഇതിന്റെ ഫലമെല്ലാം രാജ്യമാസകലം കാണപ്പെട്ടു. ജാത്യാചാരപ്രകാരമുള്ള തങ്ങളുടെ ജോലികൾ വിട്ട് ഉൾനാടുകളിൽപോയി കാലക്ഷേപം ചെയ്തിരുന്ന അനേകായിരം കൃഷിക്കാരും നെയ്ത്തുകാരും കച്ചവടക്കാരും മടങ്ങിവന്നു തങ്ങളുടെ ജോലികളിൽ വീണ്ടും ഏൎപ്പെട്ടു. കാടുകൾ വെട്ടിനീക്കി വളരെ സ്ഥലം കൃഷിക്കുപയോഗമുള്ളതാക്കിതീൎക്കപ്പെട്ടു. വളരെ ജനങ്ങൾ കൈത്തൊഴിൽവേലകളിൽ ഏൎപ്പെട്ടു. വളരെ ബ്രാഹ്മണർ മധുരയിൽവന്ന് അഗ്രഹാരങ്ങളും ഊരുകളും കെട്ടി താമസം തുടങ്ങി. മുമ്പ് ഇടിഞ്ഞുപൊളിഞ്ഞ കുടിലുകൾ ഉണ്ടായിരുന്ന സ്ഥലങ്ങളിൽ പ്രൌഢങ്ങളായ കെട്ടിടങ്ങൾ നിൎമ്മിക്കപ്പെട്ടു. മുമ്പു തരിശായിക്കിടന്നിരുന്ന സ്ഥലങ്ങൾ നൂറുമേനി വിളയുന്ന വയലുകളായിത്തീൎന്നു. രാജ്യത്തിലെല്ലാം സമാധാനമുണ്ടായതുകൊണ്ടു കൈവേലത്തൊഴിലുകളും കച്ചവടവും വൎദ്ധിച്ചുവന്നു. വിശ്വനാഥന്റെ വാഴ്ചയുടെ തുടക്കത്തിൽ തങ്ങൾ വിശ്വനാഥനു ചെയ്ത സഹായങ്ങൾക്കും മററും തക്കതായ പ്രതിഫലം കിട്ടണമെന്നു പലരും അദ്ദേഹത്തിനെ ബുദ്ധിമുട്ടിച്ചു. ദൂരദേശത്തുള്ള തങ്ങളുടെ 'നാടും നഗരവുമൊക്കെ'യുപേക്ഷിച്ച് ഏററവും സ്വാമിഭക്ത

യോടുകൂടി വിശ്വനാഥന്നുവേണ്ടി യുദ്ധം ചെയ്ത സൈനികന്മാർ തങ്ങൾക്ക് എന്നെന്നേക്കും കഴിഞ്ഞുകൂടുവാനുള്ള ഭൂസ്വത്തും ധാരാളം പണവും ഉദ്യോഗങ്ങളും കിട്ടുമെന്നു വിചാരിച്ചു. മുമ്പിലത്തെ രാജാക്കന്മാരായിരുന്ന പാണ്ഡ്യന്മാരുടെ ചില ബന്ധുക്കളുടേയും അവരുടെ ചില അനൌരസപുത്രന്മാരുടേയും ദുഷ്പ്രേരണനിമിത്തം പ്രകൃത്യാ മുരാളന്മാരായ കള്ളജാതിക്കാരും മറവജാതിക്കാരും വിശ്വനാഥന്റെ നേരെ ലഹളക്കൊരുങ്ങി എങ്കിലും കുശാഗ്രബുദ്ധിയും രാജ്യതന്ത്രനിപുണനും ആയ വിശ്വനാഥൻ തന്റെ സൈന്യങ്ങളുടെ ആവശ്യങ്ങളെല്ലാം സാധിപ്പിച്ചുകൊടുപ്പാൻ ഒരുവഴി കണ്ടുപിടിക്കുകയും, തന്റെ രണശൂരത്വംകൊണ്ടു മറവജാതിക്കാരുടേയും മററും ലഹള നിഷ്പ്രയാസം ഒതുക്കാൻ അദ്ദേഹത്തിന്നു സാധ്യമാവുകയും ചെയ്തു. വിശ്വനാഥന് ആര്യനായകൻ എന്നു പേരായ ഒരു മന്ത്രി ഉണ്ടായിരുന്നു. അയാൾ വളരെ സമർത്ഥനും, ഏററവും സ്വാമിഭക്തിയുള്ളവനും, വിവേകിയും, രാജ്യകാര്യങ്ങളെ സംബന്ധിച്ചുള്ള ഓരോ ഏൎപ്പാടുകൾ ചെയ്യുന്നതിൽ നല്ല സമർത്ഥനും ആയിരുന്നു. ഈ മന്ത്രിയുടെ സഹായത്തോടുകൂടി വിശ്വനാഥൻ മധുരാരാജ്യത്തെ 72 അംശങ്ങളായി വിഭജിച്ച് ഓരോ അംശത്തെ ഓരോ പ്രഭുക്കന്മാരെ ഏല്പിച്ചുകൊടുത്തു. ഇവരെ 'പൊളിഗാർ' എന്നായിരുന്നു വിളിച്ചിരുന്നത്. ഈ പ്രഭുക്കന്മാർ ഒരു നിശ്ചിതസംഖ്യ കപ്പംകൊടുക്കേണമെന്നും, രാജാവു യുദ്ധത്തിന്നുപോകുമ്പോഴെല്ലാം അവർ യുദ്ധസന്നാഹങ്ങളോടുകൂടി രാജാവിന്റെമുമ്പിൽ ഹാജരാവേണമെന്നും, അവരെ ഏല്പിച്ചുകൊടുത്തിട്ടുള്ള രാജ്യങ്ങളിൽ ഗ്രാമങ്ങൾ സ്ഥാപിച്ചും ക്ഷേത്രങ്ങൾ നിൎമ്മിച്ചും കൃഷിയുടെ ഉപയോഗത്തിന്നും മററും വേണ്ടി അണകൾ, തോടുകൾ, ജലാശയങ്ങൾ മുതലായവ നിൎമ്മിച്ചും ജാഗരൂകന്മാരായ നഗരപാലന്മാരേയും ഗ്രാമപാലന്മാരേയും നിശ്ചയിച്ചും പ്രജകൾക്ക് ക്ഷേമകരമാവുംവണ്ണം നീതിന്യായപരിപാലനം ചെയ്ത് അവരെ രക്ഷിക്കേണ്ടതാണെന്നും ഒരു നിയമം ഏൎപ്പെടുത്തി. വിശ്വനാഥന്റെ സേനകളുടെ നേതാക്കന്മാരായിരുന്ന തെലുങ്കരും കൎണ്ണാടകന്മാരും ഈ ചെറുരാജ്യങ്ങളുടെ പ്രഭുക്കന്മാരായിത്തീൎന്നു. തങ്ങളുടെ രാജ്യത്തിന്നുള്ളിൽ അവൎക്കു രാജാവിന്നുള്ള അധികാരങ്ങളെല്ലാം ഉണ്ടായിരുന്നു. ഈ പോളിഗാർമാരുടെ വംശങ്ങളിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥവരികൾ നാം വിശ്വസിക്കുന്നതാണെങ്കിൽ, ഇവരെല്ലാം ഭാഷാപോഷണതല്പരന്മാരും പരിഷ്കാരികളും പ്രജാക്ഷേമതല്പരന്മാരും ആയിരുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എങ്കിലും വിശ്വനാഥന്റെ ഈ ഏൎപ്പാടിന്നു ഗൌരവമുള്ള പല ന്യൂനതകളും ഉണ്ടായിരുന്നു. ഈ നൂതനപ്രഭുക്കന്മാർ വിശ്വനാഥന്റെ നേരെ അനുസരണയോടും ഭക്തിയോടും നന്ദിയോടും കൂടി പെരുമാറിയിരുന്നെങ്കിലും, അദ്ദേഹത്തിന്റെ പിന്തുടൎച്ചക്കാരുടെനേരെ അവർ അതേമാതിരി ആദരവോടുകൂടി ആചരിച്ചുവരുമെന്നു വിചാരിപ്പാൻ പാടില്ല; ഈ പൊളിഗാർമാരെ വേണ്ടപോലെ അമൎച്ചചെയ്യാൻ കഴിയാതിരുന്ന ദുൎബ്ബലന്മാരും കൊള്ളരുതാത്തവരും ആയ രാജാക്കന്മാരുടെനേരെ ഇവർ പല സന്ദൎഭങ്ങളിലും ധിക്കാരത്തോടുകൂടി പ്രവൎത്തിച്ചതായി ചരിത്രത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ഈ ഏൎപ്പാടിന്റെ സ്വഭാവംകൊണ്ടു പൊളിഗാർമാരും രാജാക്കന്മാരും തമ്മിൽ ഐക്യം ഉണ്ടാവുന്നതിന്നുപകരം അവർ തമ്മിൽ മത്സരത്തിന്നും ഛിദ്രത്തിന്നും ഇടയായി. ഇതുനിമിത്തം രാജശക്തിക്കും പൌരുഷത്തിന്നും ക്ഷ

റവുവന്നു. മധുരരാജ്യത്തിന്റെ നിലനില്പിന്നും ക്ഷേമത്തിന്നും അന്യരാജ്യത്തിൽനിന്നു വരുന്ന ശത്രുക്കളെക്കാൾ അധികം ഈ പോളിഗാർമാർ പ്രതിബന്ധമായിത്തീൎന്നു. ഈ വക ന്യൂനതകളെല്ലാം ഉണ്ടായിരുന്നിട്ടും വിശ്വനാഥന്റേയും അദ്ദേഹത്തിന്റെ മന്ത്രിയുടേയും ബുദ്ധിസാമൎത്ഥ്യംകൊണ്ടുണ്ടായ ഈ ഏൎപ്പാട് ഇരുനൂറു കൊല്ലത്തോളം യാതൊരു ഹാനിയും കൂടാതെ നിലനിന്നുപോന്നത് ഓൎക്കുമ്പോൾ അവരുടെ യോഗ്യതയെപ്പററി ആൎക്കാണു ബഹുമാനം തോന്നാത്തത്?

മേൽവിവരിച്ചപ്രകാരം വിശ്വനാഥൻ തന്റെ സൈനികന്മാരെ തൃപ്തിപ്പെടുത്തിയതിന്റെശേഷം 'പഞ്ചപാണ്ഡ്യന്മാ'രെന്നു പേരും പറഞ്ഞു ലഹളക്കൊരുമ്പെട്ടിരുന്ന ചില രാജപ്രതിരോധികളെ ഒതുക്കുവാൻ ഉത്സാഹിച്ചു. ഇവർ എന്തുകൊണ്ടാണ് തങ്ങളെ 'പഞ്ചപാണ്ഡ്യന്മാ'രെന്നു വിളിച്ചിരുന്നത് എന്നതിന്റെ സൂക്ഷ്മം ഇതുവരെ അറിയാൻ കഴിഞ്ഞിട്ടില്ല. ഇവർ തിരുനെൽവേലിജില്ലക്കാരായിരുന്നു. വിശ്വനാഥന്റെ സാമോപായം ഇവരുടെനേരെ ഫലിച്ചില്ല. വിശ്വനാഥന്റെ സൈനികന്മാരോട് ഏററുപൊരുതുവാൻ അദ്ദേഹത്തിന്റെ എതിരാളികൾ ശക്തന്മാരായില്ല. വിശ്വനാഥനും സൈന്യവും തിരുനെൽവേലിക്കടുത്തായി തമ്പടിച്ചു പാൎത്തു. വിശ്വനാഥന്റെ സൈന്യത്തോട് ഏററു യുദ്ധം ചെയ്താൽ തങ്ങൾക്കു തോല്മ നിശ്ചയം എന്ന് 'പഞ്ചപാണ്ഡ്യന്മാൎക്കു ബോദ്ധ്യമായതുകൊണ്ടു വിശ്വനാഥനും തങ്ങളും തമ്മിൽ ദ്വന്ദ്വയുദ്ധം ചെയ്ത് അതിൽ ആർ ജയിക്കുന്നുവോ ആയാൾ യുദ്ധത്തിൽ ജയിച്ചതായി വിചാരിക്കേണമെന്നുള്ള തങ്ങളുടെ ആശയം അവർ വിശ്വനാഥനെ അറിയിച്ചു.

വിശ്വനാഥൻ അവരുടെ അഭിപ്രായപ്രകാരം ചെയ്വാൻ സമ്മതിച്ചു. ഇരുസൈന്യങ്ങളുടേയും മദ്ധ്യയുള്ള വിശാലമായ രംഗഭൂമിയിൽവെച്ചു വിശ്വനാഥനും അദ്ദേഹത്തിന്റെ എതിരാളികളായ 'പഞ്ചപാണ്ഡ്യന്മാ'രുംകൂടി ദ്വന്ദ്വയുദ്ധം ചെയ്തു. ദ്വന്ദ്വയുദ്ധത്തിൽ വിശ്വനാഥൻ പഞ്ചപാണ്ഡ്യന്മാരെ തോല്പിക്കുകയും അവരുടെ പ്രധാനിയെ കൊല്ലുകയും ചെയ്തു. ബാക്കിയുള്ളവർ ആയുധംവെച്ചു വിശ്വനാഥന്നു കീഴടങ്ങി. അവർ തങ്ങളുടെ ആധിപത്യം നടത്തി കഷ്ടത്തിലാക്കിയിരുന്ന പ്രദേശങ്ങളെ വിശ്വനാഥൻ തന്റെ രാജ്യത്തോടു കൂട്ടിച്ചേൎത്തു. ഇങ്ങിനെ തന്റെ ശത്രുക്കളെ തോല്പിച്ചു രാജ്യത്തിലെങ്ങും സമാധാനം ഉണ്ടാക്കിയതിന്റെശേഷം തന്റെ പ്രജകളുടെ ഇടയിലുള്ള സകലജാതിക്കാൎക്കും ഒരുപോലെ ക്ഷേമംവരുത്തത്തക്കതായ പ്രവൃത്തികളിൽ വിശ്വനാഥൻ ബദ്ധശ്രദ്ധനായിത്തീൎന്നു. ബ്രാഹ്മണരുടെ ക്ഷേത്രങ്ങൾക്കും അഗ്രഹാരങ്ങൾക്കും ധാരാളം സ്വത്തുക്കൾ നീക്കികൊടുത്തതിന്നുപുറമെ വേദജ്ഞന്മാരും വിദ്വാന്മാരും ആയ ബ്രാഹ്മണൎക്ക് അദ്ദേഹം ലോഭംകൂടാതെ ദ്രവ്യം കൊടുത്തു. വിശ്വനാഥന്റെ പ്രജാക്ഷേമതല്പരതയും പൊതുജനങ്ങളുടെ നേരെയുള്ള ദയയും ദാക്ഷിണ്യവും കണ്ടു പ്രജകൾക്ക് അദ്ദേഹത്തിന്റെ നേരെ പ്രീതിയുണ്ടായി. കൃഷിപ്രധാനമായ ഒരു രാജ്യത്തിന്റെ അഭ്യുദയം ജലസൗകൎയ്യത്തെ ആശ്രയിച്ചിരിക്കുന്നതാണെന്നു കണ്ടു വിശ്വനാഥൻ വൈഗാനദിയിൽ പെരിയണ എന്നും ചിന്നണ എന്നും രണ്ട് അണകൾ കെട്ടി വെള്ളം തിരിച്ച് ആ വെള്ളം വലിയ തോട്ടുചാലുകളിൽക്കൂടി കൊണ്ടുവന്നു മധുരയുടെ ചുററുമുള്ള വരണ്ടു കിടക്കുന്ന വയലുകളിലേക്ക് ഉപയോഗിക്കത്തക്കതാക്കിത്തീ

ത്തു. വീടില്ലാതെ അലഞ്ഞു നടന്നിരുന്ന അനേകായിരം ജനങ്ങൾക്കു പാൎക്കാൻ സ്ഥലങ്ങളും കൃഷി ചെയ്വാൻ നിലങ്ങളും കൊടുത്ത് വിശ്വനാഥൻ അവരെയെല്ലാം സുഖികളാക്കിത്തീൎത്തു. അദ്ദേഹത്തിന്റെ ഈ ഔദാൎയ്യകൃത്യം അന്യരാജ്യക്കാരുടെ ആക്രമംകൊണ്ടും യുദ്ധങ്ങൾകൊണ്ടും ജനങ്ങൾക്കു പരക്കെ നേരിട്ടിരുന്ന കഷ്ടപ്പാടുകളെ വളരെ ലഘുവാക്കിത്തീൎത്തു. ശ്രീരംഗം, രാമേശ്വരം മുതലായ പുണ്യസ്ഥലങ്ങളിലേക്കു പോയിരുന്ന അനേകം തീൎത്ഥയാത്രക്കാൎക്കു നല്ല വഴികൾ ഇല്ലാത്ത നിമിത്തം കാട്ടുവഴികളിൽക്കൂടി സഞ്ചരിക്കേണ്ടിവന്നിരുന്നതുകൊണ്ടും, കവൎച്ചക്കാരുടെ ഉപദ്രവംകൊണ്ടും, വഴിയമ്പലങ്ങളോ സത്രങ്ങളോ ഇല്ലാതിരുന്നതുകൊണ്ടും, രാജാക്കന്മാർ തമ്മിലുണ്ടായിരുന്ന യുദ്ധങ്ങൾകൊണ്ടുള്ള ബുദ്ധിമുട്ടുകൾകൊണ്ടും വളരെ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടി വന്നിരുന്നു. ഈ കഷ്ടപ്പാടുകൾ ഇല്ലായ്മ ചെയ്വാൻവേണ്ടി വിശ്വനാഥൻ വല്ലം എന്ന കോട്ടയെ തഞ്ചാവൂർ രാജാവിന്നു കൊടുത്ത് അതിന്നു പകരം തൃശ്ശിനാപ്പള്ളി പട്ടണം വാങ്ങി. താൻ മധുരയിൽ ചെയ്തപോലെ തൃശ്ശിനാപ്പള്ളിയിലും ഇടിഞ്ഞുപൊളിഞ്ഞു കിടന്നിരുന്ന കോട്ടയെ പുതുതായി പണി ചെയ്യിച്ചു. അതിന്റെ നാലുപുറവും വളരെ ഉറപ്പോടുകൂടി രണ്ടുവരി മതിലുകളും തീൎപ്പിച്ചു. മതിലുകളെ ചുററിയിരുന്ന കിടങ്ങുകളിലേക്കു കാവേരിയിലെ വെള്ളം കൊണ്ടുവന്നു നിറപ്പിച്ചു. പട്ടണത്തിലെ തെരുവീഥികളെല്ലാം നല്ല സ്ഥിതിയിലാക്കി. കാവേരിയുടെ തീരങ്ങളിലുണ്ടായിരുന്ന വങ്കാടുകളെല്ലാം വെട്ടി നീക്കി വഴിയാത്ര സുഗമമാക്കി ചെയ്തു. വഴിയാത്രക്കാരുടേയും മററും ദേഹരക്ഷക്കും സ്വത്തിന്റെ രക്ഷക്കുംവേണ്ടി ശ്രീരംഗത്തേക്കു പോകുന്ന വഴിയിൽ ജാഗ്രതയോടുകൂടിയ പൊല്ലീസ്സുകാരെ നിൎത്താൻ ചട്ടംചെയ്തു. ഏററവും ഗുണകരങ്ങളായ ഈ ഏൎപ്പാടുകളുടെ ഫലമായി തൃശ്ശിനാപ്പള്ളി പട്ടണം മുമ്പിലത്തെക്കാൾ നൂറുമടങ്ങു ഐശ്വൎയ്യമുള്ളതും സമൃദ്ധിയുള്ളതും ആയ നഗരമായി തീൎന്നു. തൃശ്ശിനാപ്പള്ളി ദക്ഷിണഇന്ത്യയിലെ പട്ടണങ്ങളിൽവെച്ച് ഏററവും പ്രാധാന്യവും മുഖ്യതയും ഉള്ള പട്ടണമായിത്തീൎന്നു.

ഇപ്രകാരം ഇടവിടാതെ ചെയ്ത അദ്ധ്വാനംനിമിത്തം അരോഗദൃഢഗാത്രനായിരുന്ന വിശ്വനാഥന്റെ ആരോഗ്യത്തിന്നു കൂടി കോട്ടം തട്ടി. അദ്ദേഹം 56-ാമത്തെ വയസ്സിൽ പരലോകം പ്രാപിച്ചു. അദ്ദേഹം തന്റെ നടവടിയുടെ ഗുണംകൊണ്ടു തന്റെ പ്രജകളുടെ പ്രീതി സമ്പാദിക്കുകയും അദ്ദേഹത്തിന്റെ മരണം അവൎക്ക് അപാരമായ വ്യസനത്തിന്നു കാരണമായി തിരുകയും ചെയ്തു. അദ്ദേഹം അസാമാന്യനായ ഒരു രാജ്യതന്ത്രനിപുണനും സൽഗുണസമ്പന്നനും മഹാനുഭാവനും ആയിരുന്നു. ധീരനും ചൊടിയുള്ളവനും ഔദാൎയ്യനിധിയും നയജ്ഞനും ആയ വിശ്വനാഥന് അദ്ദേഹത്തിന്റെ ഗുണഗണങ്ങൾകൊണ്ടും സാമൎത്ഥ്യംകൊണ്ടും തന്റെ പ്രജകളുടെ പ്രേമഭാജനമായി തീരാനും മധുരാരാജ്യത്തിന്റെ ചരിത്രത്തിൽ എന്നെന്നേക്കും മാഞ്ഞുപോകാത്ത വിധത്തിലുള്ള ഒരു പ്രധാനസ്ഥാനം ലഭിക്കാനും കഴിഞ്ഞു. ഈ മാന്യപുരുഷന്റെ സ്മാരകമായി മധുരയിലെ സുന്ദരേശ്വരക്ഷേത്രത്തിലുള്ള വസന്തമണ്ഡപത്തിൽ അദ്ദേഹത്തിന്റെ ഒരു പ്രതിമ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ആ പ്രതിമയെ അനേകം ജനങ്ങൾ ഇന്നും വന്ദിച്ചുപോരുന്നുണ്ട്. വിശ്വനാഥനെപ്പോലെയുള്ള മഹാന്മാരെ ഉദ്ദേശിച്ചായിരിക്കണം കവി താഴെ എഴുതുന്ന ശ്ലോകം നിൎമ്മിച്ചിട്ടുള്ളത്.

സ ജാതോ യേന ജാതേന
യാതിവംശസ്സമുന്നതിം
പരിവൎത്തിനി സംസാരേ
മൃതഃ കോ വാ ന ജായതേ

കെ. കുഞ്ഞുണ്ണിനായർ ബി. ഏ. ബി. എൽ.

# പലവക

അഭിപ്രായത്തിന്നായി അയച്ചുതന്ന 'ലഘുപാണിനീയം' കൈപ്പറ്റിയിരിക്കുന്നു. സ്ഥലച്ചുരുക്കത്താൽ ഇത്തവണ പുസ്തകാഭിപ്രായങ്ങൾ നിൎത്തിവെക്കേണ്ടിവന്നതു് അടുത്ത അവസരത്തിൽ ചേൎക്കുന്നതാണു്.

* * * * *

മണിക്കൂറിന്നു 7½ നാഴിക വീതം ഓടുന്ന തീവണ്ടിയിൽ കയറി യാത്രചെയ്യുന്നതായാൽ സൂൎയ്യഗോളത്തിൽ ഒരു ചുറ്റെത്തുവാൻ 5 കൊല്ലം വേണ്ടിവരുന്നതാണു്. ഭൂഗോളം ചുറ്റിവരുവാൻ 15 ദിവസമേ വേണ്ടിവരികയുള്ളു.

* * * * *

മനോനുകൂലങ്ങളായ ജ്ഞാനങ്ങളുടെ ആധിക്യമാണു സുഖത്തെ നല്കുന്നതു്. പ്രയത്നിച്ചു കിട്ടിയതുകൊണ്ടു ദിവസവൃത്തി കഴിച്ചിരിക്കുന്ന കൎഷകനും ജ്ഞാനിക്കും തൃപ്തി സമമായാലും സുഖം ഒപ്പമാണെന്നു പറഞ്ഞുകൂടാ. ഒരു ചെറിയ പാത്രവും വലിയ പാത്രവും ഒപ്പം നിറഞ്ഞിരുന്നാലും അവകളിൽ അടങ്ങീട്ടുള്ള സാധനം ഒപ്പമാകയില്ലല്ലോ.

* * * * *

കെ. എം. എന്ന പണ്ഡിതന്റെ പരിഭാഷയോടുകൂടിയ ഭഗവൽഗീതയുടെ രണ്ടാംപതിപ്പു ഞങ്ങൾ സസന്തോഷം സ്വീകരിച്ചിരിക്കുന്നു. രണ്ടാംപതിപ്പു മാസികാരൂപമായിട്ടാണു പ്രസിദ്ധപ്പെടുത്തിവരുന്നതു്. രണ്ടാംപതിപ്പിൽ പറയത്തക്ക ഭേദഗതികൾ ചെയ്തിട്ടില്ല. ലബ്ധപ്രതിഷ്ഠമായ ഗ്രന്ഥത്തെപ്പറ്റി ഇപ്പോൾ ഒരഭിപ്രായം പറഞ്ഞിട്ടാവശ്യം കാണുന്നില്ല. പരിശ്രമശീലനായ ഗ്രന്ഥകൎത്താവു മലയാളഭാഷക്കു ചെയ്തുവരുന്ന സഹായങ്ങൾ അമൂല്യങ്ങളാണെന്നുമാത്രം തൽക്കാലം പറഞ്ഞുകൊള്ളുന്നു. വരിക്കാരായി ചേരുവാൻ വിചാരിക്കുന്നവർ ഭാരതവിലാസം അച്ചുക്കൂടം മാനേജരോടു് (തൃശ്ശിവപേരൂർ) ആവശ്യപ്പെടേണ്ടതാണു്.

* * * * *

ഭാരതവിലാസം അച്ചുക്കൂടക്കാർ പ്രസിദ്ധപ്പെടുത്തുന്ന ഒരു പുതിയ 'ത്രൈമാസികപത്ര'മാണു പാരമേശ്വരീവ്യാഖ്യാനത്തോടുകൂടിയ അമരകോശം. ഇതും ഞങ്ങൾ വായിച്ചുനോക്കി. പാരമേശ്വരി എല്ലാ പദങ്ങളുടേയും അവയവാൎത്ഥങ്ങളെ വിശദപ്പെടുത്തുകയും, പാഠഭേദങ്ങൾ, മേദിനി മുതലായവയിൽ പറഞ്ഞിട്ടുള്ള അൎത്ഥവിശേഷങ്ങൾ എന്നിവയെ വിസ്തരിച്ചു പ്രതിപാദിക്കയും ചെയ്യുന്ന ഒരു വിസ്തീൎണ്ണമായ വിവരണമാണു്. അമരത്തിന്റെ അവയവാൎത്ഥങ്ങളെ വിശദമാക്കുന്ന ഒരു ഭാഷാവ്യാഖ്യാനം അത്യാവശ്യമായിട്ടുള്ളതാണെന്നുള്ളതിൽ രണ്ടു പക്ഷത്തിന്നിടയില്ല. പൎയ്യായങ്ങളാണെന്നുവെച്ചു വിഷവും അമൃതവും ഒരുപോലെ ഉപയോഗിച്ചാൽ വൈഷമ്യമുണ്ടെന്നു മനസ്സിലാക്കിക്കൊടുപ്പാനും, ദേഹവും തനുവും പൎയ്യായമാണെങ്കിലും അവയുടെ തൂക്കം ഒപ്പമല്ലെന്നറിയിപ്പാനും അവയവാൎത്ഥവിവരണം അത്യാവശ്യമാണു്. കണ്ടേടത്തോളംകൊണ്ടു് ഈ വ്യാഖ്യാനം നന്നായിട്ടുണ്ടെന്നുതന്നെയാണു ഞങ്ങളുടെ അഭിപ്രായം. ഒരു ഗ്രന്ഥത്തിന്റെ നിലയിൽ നിരൂപണംചെയ്യാൻ ഗ്രന്ഥം പൂൎത്തിയായിട്ടുവേണമല്ലോ. വ്യാഖ്യാതാവായ പരമേശ്വരൻമൂസ്സതവർകളുടെ പരിശ്രമം മലയാളികൾ അറിഞ്ഞു സഫലമാക്കേണ്ടതാണു്.

* * * * *

# भाषैकीकरणम्।

कति कति हि महानुभावा मेधाविनः कालेन कबळिताः? । तादृशैर्महात्मभिर्लोकोपकारमेव मनसि समाकलयद्भिरतिचिरपरिश्रमेण सम्पादितानि विज्ञानानि पुनर्नास्माकमलभ्यानि संवृत्तानि । किमत्र कारणम्? साहितीसंज्ञकेन सुमहता भागधेयेन समनुगृहीता मनुष्यजातिरितीदमेकमेव विज्ञानपरिपालने सौकर्यं ददाति मनुष्यलोकाय । भाषानामकमिदं महार्घं रत्नं न प्राकाशिष्यत चेत्तमोमय एवाभविष्यन्नरलोकस्य परिणामः । अनादेरनेहसः प्रभृति परःकोटिभिः पण्डितप्रकाण्डैः संचितानि विज्ञानधनानि भाषाकोशागार एव निराबाधं निक्षिप्तानि ।

एकमेव भाषारत्नं भानुबिम्बमिव समस्तं लोकं प्रकाशयितुमलं भवति यदि तदा पुनः कीदृशी स्याल्लोकस्योद्गतिरित्येतदपि विचिन्त्यमानमतिक्रामति मतिमतामपि मनोगोचरभूमिम् । सकलेऽपि लोकालोकान्तःपातिनि भूमण्डले यदि केवलमेका भाषा प्रचरिष्यति तदा नूनं सकलोऽपि मनुष्यवर्गः सोदर्यभावेन सुखमेधिष्यत एवेत्यपि वक्तुं शक्यते । "प्रतियोजनं भाषा भिद्यत" इति किलोल्लसति लोकवादः । तदेवं सति वस्तुस्वभावे किमनेनाशक्यकार्ये मनोरथसोपानरचनेनेति परिहसेयुः परीक्षका अपीति यत्सत्यमिदमाकलयाम्येव । परं तु भाषाभेदनिर्मूलनेन सम्पादनीयः सकललोकव्यापी सुखसौकर्यभूमा केवलमशक्यप्रायेऽपि वस्तुनि जनामिमं वाचालयति ।

सकला अपि भाषा विलेखितुं काचिदेका लिपिः कल्पनीयेति मन्यत एकलिपिविस्तारिणी परिषत् । नूनमनेन मार्गेण भाषाभ्यसनप्रयासो मुद्रापणक्लेशश्च सुतरां लघूक्रियेतेति काममभ्युपगच्छामि । भाषायाः पुनरेकत्वे सम्पादिते कियती भवेत्सौकरीति किञ्चिदालोच्यताम् । एकस्यां भाषायामवतीर्णेन ग्रन्थेन समस्तोऽपि जनसमुदायस्तदानीमुपकृतः स्यात् । तत्तद्भाषासु बहूनां ग्रन्थजातानां निर्माणाय विवर्त्तनाय च परःसहस्रं पण्डिताग्रेसराः परिक्लिश्यन्त इदानीम् । तेषां पृथक्पृथङ्मुद्रापणाय परोलक्षं प्रयस्यन्ति मानवाः । सुमहान् विनियुज्यते च धनराशिः । केवलमेकभाषामये जगति सम्पन्ने सर्वमिदं काकदन्तपरीक्षणसदृक्षमेव परिणंस्यति । कितः परमाशास्यं नामान्यत् । एकस्य प्रयासेन समस्तो जनसमुदाय उपकरिष्यत इति तादृशे काले कियती भवेल्लोकस्याभिवृद्धिरिति चक्षुषी निमील्य संचिन्तयन्तु वाचकमहाभागाः ।

एकस्मिन् राज्येऽपि वा यत्रोपलभ्यते भाषैक्यं तद्राज्यवासिनां सुमहानभ्युदयः समवलोक्यतेऽस्माभिः। अत्र च निदर्शनमाङ्गलेयसमुदाय एव । तेषां सकलविधमपि विज्ञानजातं राज्यव्यापिन्या भाषाया एकत्वेनैव सुशकप्रचारं

क्रियते। तेन च समृद्धिमेति तेषां समुदायः। पुरोगामितां चाकलयति सकलेष्वपि कृत्यजातेषु। सत्येवं राज्यमात्रभाषैक्यगुणातिरेके लोककुटुम्बकस्य भाषैक्यं क्रियते गुणातिशयाय सम्पद्येतेत्येतदालोच्यतां सहृदयाग्रेसरैः। कियच्च तदानीमन्योन्यव्यवहारादिनिर्वहणलाघवं समुत्पद्येत? कियांश्च कलहः परस्परहृदयानवगममूलकः समुन्मूल्येत?।

आस्तामेतत्। एकस्मिन् राज्ये निवसतामपि भारतीयानां नास्ति काचिदेका भाषेत्येतदतीव मनस्तुदति मनीषावतां भारतीयानाम्। भारतीयानामुद्गतिप्रतिबन्धकेष्विदमेव प्राथम्यमावहति, यदेतेषां नास्ति काचिदेका भाषा व्यवहारक्षमेति। हिमवतः सानुषु निवसन्तः किमप्यन्यदाचरन्ति। सेतोः सन्निधिमावसन्तोऽन्यदेव किमपि कलयन्ति। न हि भारतीया अन्योन्यमवबोधयन्ति स्वेषामुद्यमसरणिम्। न चास्ति तेषामेकं सामान्यं शरव्यम्। यदेत एकाग्रेण हृदयेनानुविध्येयुः। सर्वस्यास्य दशाविशेषस्य बीजं भाषाभेद एवेति को न संमन्येत मनीषी?। एवंविधमवस्थाविशेषं परावर्त्तयितुमभिलषन्ति कतिपये महोत्साहा देशाभिमानिनः। तेष्वपि बहवो बहुभिः प्रकारैरभिप्रयन्ति। केचन हिन्दीभाषां साम्प्रतमेव बहुषु प्रदेशेषु सिद्धप्रचारां समग्रेऽपि भारते प्रचारणीयां मन्यन्ते। मनोरथवशंवदाः केचिदितरे गीर्वाणगिरां प्रचारमावश्यकमामनन्ति। यद्यपि गाढालोचनामन्तरेण विषयेऽस्मिन् विनिश्चितः कश्चिदाशयो न शक्यते प्रकाशयितुम्।

इदं पुनरधुना मे मनसि वर्त्तते। गैर्वाणी किल भारतीयानां मातृभाषेति सर्वसम्मतोऽयं विषयः। गैर्वाण्यां कतिपयानपि वा पदसार्थानविदन्तो नोपलभ्येरन्नशिक्षिताक्षरेष्वपि भारतीयेषु। अतो गैर्वाणी तस्याः संनिकृष्टतमा वा काचन भाषैव भारतीयानां साधारण्येन सुगमा स्वादीयसी च भवेदिति नैसर्गिकमेतत्। तत्रापि बहुतरव्याकरणनियमजालजटिला जनसामान्यस्य दुरुत्तरा च गैर्वाणी नार्हति प्रथमं प्रवेशम्। चक्रनेमिक्रमानुसारिणी हि लोकगतिः। कदाचन काले सर्वत्र प्रचरितापि गैर्वाणी यया यया विधया क्रमेणाधोगतिमवापत्तादृशीभिरेव कक्षाभिः प्रातिलोम्येन पुनरुन्नतिं सा प्रापयितव्या। न ह्येकपद एव पातालतलमधिवसन् स्वर्गसभामारोढुं प्रभवेत्। पालीहिन्दुस्थानीप्रभृतयो भाषा गैर्वाण्याः सन्निकृष्टतमा इति ता एव गैर्वाण्याः प्रथमपतनभूमिरित्यनुमातुं शक्यते। ताश्च भारतीयानां सर्वसाधारण्येन सुगमाश्च भविष्यन्ति। अतः कार्यसिद्धिमीहमानैः प्रथमं तादृशीनामन्यतमा लघीयसी काचिदाश्रयणीया प्रचारणाय। आशामोदकखादनेनापि ये तृप्तिमनुभवन्ति मनोरथमहासौधनिवासिनो महानुभावास्तेऽमी गैर्वाणीप्रथमप्रचारणमर्कटमुष्टिं मा स्म नाम परिहासिषुः। येषां पुनरिदं मदीयमाशयप्रकाशनमेवाशामोदकखादनप्रायं प्रतिभाति तेऽपि मा स्म मां परिहासिषुः। "आत्यन्तिकासिद्धिविलम्बसिध्द्योः कार्यस्य कार्यस्य शुभा विभाती"तीदं महाकविसुभाषितमेव मादृशां समाधानस्थानम्। अथवा तथ्यमाह महाकविशिखामणि"र्मनोरथानामतटाः प्रपाता" इति॥

कोकिलः।

# गुरुवायुपुरेशाष्टकम् ।

अज्ञानाय विचारयन्ति सुधियो
युक्ता विवेकादिभि-
र्द्वैयभ्रान्तिनिरासिने श्रुतिशिरां-
स्यद्वैतवादीन्यलम् ।
चित्तालम्बिमलापनोदनपरान्
धर्मांश्च संचिन्वते
देवं तं गुरुवायुगेहनिलयं
तेजोमयं भावये ॥ १ ॥

यत्राध्यस्तमिदं जगत् स्थिरचरं
शुक्लं च रक्तं तथा
कृष्णं सत्यवदुल्लसत्यविदुषां
चेतस्युदञ्चन्मले ।
यत्पादाम्बुजसेवया च विदुषां
नैतत् प्रमादास्पदं
देवं तं ......... भावये ॥ २ ॥

यद्भासा स्थिरजङ्गमं जगदिदं
चित्रं विभातं तथा
यं भान्तं ह्यनुभाति सर्वमपि तद्-
भास्वत्सहस्रोपमम् ।
वेदान्तार्थविचारनिर्मलधियो
ध्यायन्ति यं योगिनो
देवं तं ......... भावये ॥ ३ ॥

अंहोऽनुज्ञानिमण्डलोडितकथा
यस्येह संसारिणां
संसारभ्रमरोगभेषजमिति
प्रोक्ता विशुद्धाशयैः ।
यामापीय सकृत्कयाथुतनय-
ज्येष्ठाः परं पेदिरे
देवं तं ......... भावये ॥ ४ ॥

स्वान्ते यं रमणीयमूर्तिमपरे
कृत्वा रमन्ते चिरं
यः काळाम्बुदनीलकोमळतनु-
स्तान् रञ्जयत्यन्वहम् ।
यद्भीत्या पवते मरुत्तपति यद्-
भीत्या च तिग्मद्युति-
र्देवं तं गुरुवायुगेहनिलयं
तेजोमयं भावये ॥ ५ ॥

मायेयं प्रळयावसानसमये
येनेक्षिता स्रक्ष्यता
रूपं नाम च वाङ्मयं भ्रमिकरं
संभाव्य सर्वं जगत् ।
आविर्भावयति प्रतीतगगनो-
त्फुल्लप्रसूनायितं
देवं तं ......... भावये ॥ ६ ॥

जिज्ञासीत जगज्जनिस्थितिलया
यस्मात्परस्माद्विभो-
स्तद्ब्रह्मेति हि घोषयन्त्युपनिष-
च्छ्रेण्यः समुद्दिश्य यम् ।
स्फायद्बुद्ध्युपरूढदृश्यनिवह-
द्रष्टारमब्जेक्षणं
देवं तं ......... भावये ॥ ७ ॥

व्योम्नः कुड्यघटाद्युपाधिकलितः
शब्दश्च तत्प्रत्ययो
यद्वत्तद्वदखण्डसत्सुखचिदा-
कारस्य यस्यात्मनः ।
शब्दप्रत्ययभाक्त्वमौपनिषदं
विज्ञायते योगिभि-
र्देवं तं ......... भावये ॥ ८ ॥

वेङ्कटसुब्रह्मण्यक्षोणीदेवो मुरारिगुणनिरतः ।
अकरोदष्टकमिष्टप्राप्त्यै शिष्टेष्टकारि सुरतरुवत् ॥

# വിഷയാനുക്രമണിക.


൧ അകവൂർ ചാത്തൻ ൨൫൬
൨ അന്യം നിന്നു ൨൬൨
പി. എസ്സ്. എൻ.
൩ അഭിജ്ഞാനശാകുന്തളം (പരിഷ്കരിച്ച പതിപ്പ്) ൩൬൭
൪ അയനചലനം ൧൮,൪൮
കെ. വി.
൫ ആദിദർശനം ൨൩൭
എം. എൻ. എൻ.
൬ ആരോഗ്യം—മനഃശുദ്ധി ൩൨൯
കുന്നത്തു ജനാർദ്ദനമേനോൻ.
൭ ഇൻസ്പെക്ടർ ഗോപാലമേനോൻ ൧൬൫
ആർ. ചി.
൮ ഇരട്ടപെറാ കുട്ടികൾ ൧൨൯
മിസ്സ്. എ. എൻ. പി.
൯ ഉപനിഷത്തുകളുടെ ഉൽപത്തി ൨൧൯
പള്ളിയിൽ കൃഷ്ണമേനോൻ ബി. എ. എൽ, ടി.
൧൦ ഒരാശ്ചര്യസംഭവം ൧൮൬
വേലപ്പാത്തു നാരായണനമ്പി.
൧൧ ഒരു കഥ ൨൬
എ. കെ. പി.
൧൨ കമ്പിത്തപാലും, രാജകീയരഥസ്യവും ൩൫൫
൧൩ കാമദഹനം ൧൩,൫൦,൯൯,൧൧൩
൧൪ കേരളീയഭാഷാശാകുന്തളം ൧൦൦,൧൧൯,൧൬൦
കെ. രാമകൃഷ്ണപിള്ള ബി. എ.
൧൫ കേളികേട്ട നമ്പൂതിരിമാർ ൪൨
കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.
൧൬ കൊച്ചി വലിയ ശക്തൻതമ്പുരാൻ ൩൮൬
പി. കെ. നാരായണൻനമ്പീശൻ.
൧൭ ചരിത്രസാമഗ്രികൾ ൫൨,൧൦൮
കെ. എം.
൧൮ ചില നാട്ടുരാജാക്കന്മാർ ൧൫൫
൧൯ ചില ന്യായങ്ങൾ ൬൩
൨൦ ചില പുണ്യക്ഷേത്രങ്ങൾ ൧൬
൨൧ ജൈനസിദ്ധാന്തം (അനേകാന്തവാദം) ൧൧൬
കെ. വി. എം.
൨൨ ഞങ്ങളുടെ വായനശാല ൬൬, ൧൩൮,൨൦൨,൨൯൮,൩൩൧
൨൩ തത്വാവബോധസമ്പത്തി ൮൬, ൧൨൩, ൧൫൮
എം. രാജരാജവർമ്മ തമ്പുരാൻ എം. എ. ബി. എൽ.
൨൪ ഇക്കിസ്ത്രീകളുടെ കാലക്ഷേപം ൩൧൧
വി. എം. എൻ.
൨൫ ധർമ്മവ്യാധൻ ൨൮൭
എ. എസ്സ്.
൨൬ നമ്പൂതിരിയോഗക്ഷേമസഭ ൩൩
൨൭ നാണയസാഹായികസംഘം ൧൩൯, ൧൭
൨൮ നാരായണാഷ്ടകം ൩൧൩
വള്ളത്തോൾ നാരായണമേനോൻ
൨൯ നാലാശ്രമങ്ങൾ ൨൭൮
കെ. വി. എം.
൩൦ പരിണാമം ൧൦൫
എ. കൃഷ്ണൻ എമ്പ്രാന്തിരി
൩൧ പലവക ൧൦൩,൩൬൫,൩൯൭
൩൨ പഴയ ഭാഷ ൧൭൩
൩൩ പുനർജ്ജന്മം ൩൭൯
എ. ബി.
൩൪ പ്രസ്താവന ൧
൩൫ ഫലസിദ്ധി ൦൩൨
ചെറുകുന്നത്തു നീലകണ്ഠൻനമ്പൂതിരി
൩൬ ബാണയുദ്ധം ൧൫൦,൧൯൫,൨൨൧ ൨൮൫
൩൭ ബൊമ്പായിലെ കമ്മിട്ടം ൨൮൮
ആർ. ചി.
൩൮ ബ്രഹ്മരക്ഷസ്സ് ൨൪
കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ

൩൯ ഭാവന ൬൯
ഏ. കെ. പി.

൪൦ ഭാഷാശാകുന്തളം ൨൬൯
കേരളവർമ്മാ സി. എസ്സ്. ഐ. വലിയ കോയിത്തമ്പുരാൻ

൪൧ മലയാളനിഘണ്ടു ൨൦൫, ൨൪൨
കെ. എം.

൪൨ മലയാളഭാഷ ൩

൪൩ മഹാമഹോപാദ്ധ്യായന്മാർ ൭൩, ൧൨൪

൪൪ മാമലക്കോററന്റെ പഴമ്പോര് ൩൧൪
എ. നാരായണപ്പൊതുവാൾ

൪൫ യുവജനം ൩൫
വി. കോമൻമേനോൻ

൪൬ യൂറോപ്പിന്റെ അകാലമരണം ൨൪൬
കെ. സി. വീരരായൻ രാജാ

൪൭ യോഗശാസ്ത്രം ൩൩൫

൪൮ യോഗിയാതിരിപ്പാട് ൫൭

൪൯ രസകരമായ ഒരു മതവിശ്വാസം ൧൯൮
ജെ. പി. എം.

൫൦ രൂപാവലി ൩൮൪
ടി. സി. പരമേശ്വരൻ മൂസ്സത്

൫൧ രോഗകാരണങ്ങളായ ജീവികൾ ൩൫൧
എ. രാമപ്പൊതുവാൾ ബി. ഏ. എൽ. എം. എസ്സ്

൫൨ ലക്ഷണശാസ്ത്രം ൧൪൪
മ. ര.

൫൩ ലണ്ടൻ പട്ടണത്തിന്റെ ദാഹനിവൃത്തി ൧൮൧
ആർ. പി.

൫൪ ലോകഗതി ൩൮൮
എ. രാമപ്പൊതുവാൾ ബി. ഏ. എൽ, എം. എസ്സ്.

൫൫ ലോകരഹസ്യം ൭
കെ. കുഞ്ഞുണ്ണിനായർ ബി. ഏ, ബി. എൽ.

൫൬ വട്ടതലെ നായർ ൩൪൯
കണ്ടൂർ നാരായണമേനോൻ ബി. ഏ.

൫൭ വിദ്വൽസംഭാവനാബിൽ ൯൭
ചെറുകുന്നത്തു നീലകണ്ഠൻ നമ്പൂതിരി

൫൮ വിശ്വനാഥനായകൻ ൩൫൭, ൩൯൨
കെ. കുഞ്ഞുണ്ണിനായർ ബി. ഏ, ബി. എൽ.

൫൯ വെള്ള ൩൦൬, ൩൪൧, ൩൭൫
കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

൬൦ ശകാരം ൨൧൨
കാവിൽ അവിട്ടത്തിക്കാട്ട് ദേവദാസൻഭട്ടതിരിപ്പാട്

൬൧ ശനി ൩൨൫

൬൨ ശബ്ദാർത്ഥസംബന്ധം ൩൦൧

൬൩ ശോകകൈരലം ൭
കെ. സി. വീരരായൻ രാജാ

൬൪ സരോജബാല ൨൯൧
അമ്പലപ്പുഴെ മഹാദേവശർമ്മാ

൬൫ സസ്യവർഗ്ഗങ്ങളുടെ ബുദ്ധിശക്തി ൨൧൫

൬൬ സ്വദേശം ൨൨൪
കെ. ഗോവിന്ദമേനോൻ

൬൭ സുന്ദരി ൮൮
വി. എം. എൻ.

൬൮ ഹിന്തുക്കളുടെ സത്യനിഷ്ഠ ൩൪൭
കെ. എൻ.

൬൯ ഹിന്തുമതത്തിന്റെ ആധുനികാവസ്ഥ ൧൯, ൬൦
ശീരവള്ളി വി. നാരായണൻ നമ്പൂതിരി

൭൦ റബ്ബർകൃഷി ൩൬൯

## संस्कृतलेखनविषयाः ।

१ आङ्गलेयानां लौकिकाचारः १७२
२ ऋग्वेदप्राथम्यम् २०३
३ गुरुवायुपुरेशाष्टकम् ४००
४ गुरुवायुपुरेशभुजङ्गस्तोत्रम् ६७
५ ग्रन्थनिरूपणम् २९८
६ तप्तमुद्राधारणम् १०४
७ बौद्धवस्तुवादः ३३२
८ भाषैकीकरणम् ३९८
९ मङ्गलपत्रार्पणम् ३४
१० रसिकरत्नम् २३५
११ विद्वच्छिरोमणिबिरुदे ३६६
१२ सामवेदप्राथम्यम् १३७
१३ सौत्रान्तिकमतम् २९९